@ ഗ്രന്ഥപ്പുര& @പുസ്തകപ്പുര
https://t.me/grandhappura
https://t.me/pusthakappura





**എസ്.കെ. പൊറ്റെക്കാട്ട്**
**(1913-1982)**

1913 മാർച്ച് 14-ന് കോഴിക്കോട്ട് ജനിച്ചു. യാത്രാവിവരണ ഗ്രന്ഥകാരൻ, നോവലിസ്റ്റ്, കഥാകൃത്ത്. 1949-ൽ കപ്പൽമാർഗ്ഗം ആദ്യത്തെ വിദേശയാത്ര നടത്തി. യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ദക്ഷിണേഷ്യ, പൂർവേഷ്യ എന്നിവിടങ്ങളിലെ മിക്ക രാജ്യങ്ങളും പല തവണ സന്ദർശിക്കുകയും ഓരോ സ്ഥലത്തെയും സാമാന്യജനങ്ങളുമായി ഇടപഴകുകയുംചെയ്തു. *ഒരു തെരുവിന്റെ കഥയ്ക്ക്* കേരള സാഹിത്യ അക്കാദമി അവാർഡ് (1962), *ഒരു ദേശത്തിന്റെ കഥയ്ക്ക്* സാഹിത്യ അക്കാദമി അവാർഡും (1973) ജ്ഞാനപീഠപുരസ്കാരവും (1980). കാലിക്കറ്റ് യൂനിവേഴ്സിറ്റി ഡോക്ടറേറ്റ് നല്കി ആദരിച്ചു. 1982 ഓഗസ്റ്റ് 6-ന് അന്തരിച്ചു. *നാടൻപ്രേമം, വിഷകന്യക* (നോവൽ) എന്നിവ മറ്റു പ്രധാന കൃതികൾ.

ഡീസീ ജന്മശതാബ്ദി
**അവസാനിക്കാത്ത ജീവിതത്തിന്റെ ആദ്യത്തെ നൂറ് വർഷങ്ങൾ**
DC KIZHAKEMURI 1914 1999

# ഒരു ദേശത്തിന്റെ കഥ

🌸🌸🌸🌸🌸🌸🌸🌸🌸
@ ഗ്രന്ഥപ്പുര& @പുസ്തകപ്പുര
https://t.me/grandhappura
https://t.me/pusthakappura

എസ്.കെ. പൊറ്റെക്കാട്ട്

# ഒരു ദേശത്തിന്റെ കഥ

1973–ലെ സാഹിത്യ അക്കാദമി അവാർഡും
1980–ലെ ജ്ഞാനപീഠ പുരസ്കാരവും ലഭിച്ച കൃതി

ഡി സി ബുക്സ്

MALAYALAM LANGUAGE
Oru Desathinte Katha

LITERATURE /NOVEL

*by* S.K. Pottekkatt

Rights Reserved

First Published 1971
First DCB Edition March 1996
23rd impression August 2014

PUBLISHERS

DC Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com , 9846133336

DISTRIBUTORS

D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA

Pottekkatt, S.K.

Oru desathinte katha/S.K. Pottekkatt.

568p., 21cm.
ISBN 81-7130-570-9
1. Malayalam novel. I. Title.
8M3*—dc22
(*This is local variation of DDC Number for Malayalam literature: Oru desathinte katha).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-7130-570-9

464/14-15-Sl.No. 13840-dcb 1677-(23)2000-9082-08-14-Spb. 18.1-p en-r(t)sh-d(t) sk

സമർപ്പണം

ശൈശവ കൗമാര യൗവനാരംഭ കാലങ്ങളിൽ എനിക്കു ജീവിതത്തിലെ നാനാതരം നേരുകളും നെറികേടുകളും നേരമ്പോക്കുകളും വിസ്മയങ്ങളും ധർമ്മതത്ത്വങ്ങളും വിഡ്ഢിത്തങ്ങളും വിഷാദസത്യങ്ങളും വെളിപ്പെടുത്തിത്തന്നവരും ഈ നോവലിനുവേണ്ടി ആത്മബലിയർപ്പിച്ചവരുമായ 'അതിരാണിപ്പാട'ത്തെ മൺമറഞ്ഞ മനുഷ്യർക്ക്.

'ചന്ദ്രകാന്തം'
കോഴിക്കോട്—4

എസ്. കെ. പൊറ്റെക്കാട്ട്

# സംഭരണി

ശ്രീധരൻ, റോഡരുകിലെ ആ മൂലയിലേക്കു മിഴിച്ചു നോക്കി. വെള്ളച്ചായം പൂശിയ ഒരു കൂറ്റൻ പെട്രോൾ ടാങ്ക് ആകാശത്തിൽ പൊങ്ങി നിൽക്കുന്നു. CAPACITY 10,000 GALLONS (ഉള്ളടക്കം പതിനായിരം ഗ്യാലൻ) എന്ന് ടാങ്കിന്റെ വീർത്ത പള്ളയിൽ വലിയ കറുത്ത ലിപികളിൽ കുറിച്ചു വെച്ചിട്ടുണ്ട്.

അമ്മുക്കുട്ടിയുടെ ഓലപ്പുര നിന്നിരുന്ന മൂലയാണത്: തന്റെ യൗവനാരംഭത്തിലെ കടിഞ്ഞൂല്പ്രണയഭാജനമായിരുന്ന അമ്മുക്കുട്ടി.

മുക്കോണാകൃതിയിലായിരുന്ന ആ പുരയിടത്തിന്റെ വേലിക്കരികെ വലിയൊരു ബദാംമരവും മുരുക്കമരവും നിന്നിരുന്നത് വ്യക്തമായി ഓർക്കുന്നു. അവ മുറിച്ചുപോയി. വേലിയുടെ സ്ഥാനത്ത് വെള്ളവലിച്ച വലിയൊരു കന്മതിലാണു കാണുന്നത്. നീണ്ടു കൂർത്ത ഇലകളും ചെറിയ ചുവന്ന പൂക്കളുമുള്ള പുതിയൊരുജാതി ചെടി മതിലിന്റെ കടയ്ക്കൽ നട്ടു വളർത്തിയിരിക്കുന്നു.

ആ ചെടിയുടെ പൂവ് അമ്മുക്കുട്ടിയുടെ മൂക്കുത്തിയിലെ ചുവന്ന കല്ലിനെ അനുസ്മരിപ്പിക്കുന്നു.

മുപ്പത്തഞ്ചു കൊല്ലം മുമ്പാണ് ശ്രീധരൻ ആ ദേശത്തോടു വിടവാങ്ങി നാടുവിട്ടത്. മുപ്പത്തഞ്ചു കൊല്ലംകൊണ്ട് എന്തൊക്കെ മാറ്റങ്ങൾ! മാറ്റങ്ങളുടെ ഒരു മഹായുദ്ധംതന്നെ അവിടെ നടന്നിട്ടുണ്ട്.

പ്രേമകവിതയെഴുതാൻ തനിക്കു പ്രചോദനം നൽകിയത് അമ്മുക്കുട്ടിയാണ്. അവൾ ജീവിച്ചിരിക്കുമ്പോഴല്ലാ—മരിച്ചതിനുശേഷം!

അമ്മുക്കുട്ടിയുടെ ആങ്ങളച്ചെറുക്കൻ ആ നോട്ടുപുസ്തകം തന്റെ കൈയിൽ കൊണ്ടുവന്നു തന്നെ ആ സായാഹ്നം ഇപ്പോഴും ഓർക്കുന്നു.

"അമ്മുക്കുട്ട്യേടത്തി ഈ ബുക്ക് നിങ്ങൾക്ക് തരാൻ എന്നെ സ്വകാര്യമായി ഏല്പിച്ചതാണ്." ആ ചെറുക്കൻ പറഞ്ഞു.

നോട്ടുപുസ്തകം വാങ്ങി ഏടുകൾ മറിച്ചുനോക്കി: നിറയെ കവിതകളാണ്. അസാരം ഇടത്തോട്ടു ചെരിഞ്ഞു ചെറിയ കയ്യടയിൽ വയലറ്റ് മഷികൊണ്ട് എഴുതിക്കൂട്ടിയ കവിതകൾ —ഗീതകങ്ങൾ.

"നിന്റെ അമ്മുക്കുട്ടി ഏടത്തി ഇപ്പോൾ ഏതു സ്കൂളിലാണ്?" മൂന്നു കൊല്ലം മുമ്പത്തെ സ്മരണ പുതുക്കി നേരിയൊരാനന്ദമുള്ളിലൊതുക്കിക്കൊണ്ടു ചോദിച്ചു.

ചെറുക്കൻ കണ്ണിൽ വെള്ളം നിറച്ചുകൊണ്ടു പറഞ്ഞു:

"അമ്മുട്ടേ്യടത്തി മരിച്ചുപോയി."

മരിച്ചു!—മനസ്സിലൊരിടിത്തീ വീണു.

"ഒരാഴ്ചയായി—ക്ഷയരോഗമായിരുന്നു—" ചെറുക്കൻ മിഴികൾ തുടച്ചു ദൂരെ നോക്കിക്കൊണ്ടു പറഞ്ഞു....

അന്നു രാത്രി മുഴുവൻ ആ കവിതകൾ ആവർത്തിച്ചു വായിച്ചു. പേരില്ലാക്കവിതകൾ —പ്രാണൻ പിടയ്ക്കുന്ന പ്രണയഗീതകങ്ങൾ—അകൃത്രിമങ്ങളായ ആത്മാലാപങ്ങൾ.

ചുറ്റുപാടും കൂരിരുട്ടാ, ണടച്ചിട്ട
ചെറ്റപ്പുരയ്ക്കകത്തൊറ്റയ്ക്കിരിപ്പു ഞാൻ—
പാതവക്കത്തെത്തളിർമാവിൽനിന്നതാ
പാതിരാക്കോകിലംപോലും പറന്നുപോയ്,
ലോകം മുഴുവൻ മയങ്ങി മരവിച്ചൊ
രേകാന്തതമാത്രമുണ്ടെന്റെ കൂടവേ;
അന്ധകാരത്തിൽ പ്രതിദ്ധ്വനിക്കുന്നപോൽ
ഹന്ത തോന്നുന്നിതെൻ ശോകാന്തചിന്തകൾ.
ആരാദ്ധ്യകാമുകാ, നിന്നെയും കാത്തുകാ
ത്തീ രാത്രിയിത്രയും തള്ളിക്കഴിച്ചു ഞാൻ,
ഇല്ലാ—വരില്ല നീ, നീഹാരസിക്തമാം
പുല്ലണിപ്പാതയിലൂടെ പതുക്കവേ—
ഇല്ലാ—വരില്ല നീയെന്നോലവാതിലിൽ
മെല്ലവേ മുട്ടിയെൻ പേർ വിളിച്ചീടുവാൻ—
ഇല്ലാ—വരില്ല നീ, യെൻമുടിക്കെട്ടിലെ
മുല്ലതൻ സൗരഭമൊക്കെയും വാർന്നുപോയ്
ഓമനേയെന്നു വിളിക്കില്ലയെന്നെ നീ
—വ്യാമോഹമാണു മൽ പ്രേമമാർദ്രചിന്തകൾ.
ഹാ, മേഘമാണെന്നറിഞ്ഞുകഴിഞ്ഞു ഞാൻ
മാമക മൂകപ്രണയപ്രതീക്ഷകൾ.
എങ്കിലും ദേവ, നിൻ പ്രേമമെന്നെങ്കിലു
മെൻ കുടിൽ കാഞ്ചനക്കൊട്ടാരമാക്കിടാം
കണ്ണുനീർകൊണ്ടു നിൻ കാലടിപ്പാടുക
ളന്നു ഞാൻ പാടേ കഴുകിപ്പറഞ്ഞിടും:
'ഇന്നു ഞാൻ ധന്യയായ്—പൂർണ്ണമെൻ ജീവിതം
പൊന്നുഷസ്താരയെക്കാളുമേ മീതെയായ്
നാഥാ, നീ ചുംബിച്ചെട്ടുത്താലുമെന്നുയിർ
നാളത്തെ നൈരാശ്യമേൽക്കാതിരിക്കുവാൻ'
.......................................................................

ആ നോട്ടുപുസ്തകത്തിലെ ഒരു കവിത ശ്രീധരന്റെ കരളിൽ മുഴങ്ങി.

അമ്മുക്കുട്ടിയെ ആദ്യമായി കണ്ടുമുട്ടിയ ആ സായംകാലം:

കോളേജുപഠിത്തം മിക്കവാറും നിറുത്തി, മുനിസിപ്പൽ ലൈബ്രറിയിലെ പുസ്തകങ്ങൾ മാത്രം കൂട്ടുകാരായി കഴിയുന്ന കാലം.

റെയിൽപ്പാതയ്ക്കരികിലെ വിശാലമായ മൈതാനിയിലൂടെയാണ് നിത്യവും ലൈബ്രറിയിൽനിന്നു വീട്ടിലേക്കു മടങ്ങുക. അന്ന് അവിടെ എത്തിയപ്പോൾ പെട്ടെന്ന് കാറ്റും മഴയും വന്നു. ചെരിഞ്ഞുകുത്തി ചീറിപ്പുളയുന്ന കാറ്റ്; വെള്ളിമുള്ളുകൾപോലെ ചിതറിത്തെറിക്കുന്ന മഴത്തുള്ളികൾ.

ഒരുപാടു പുസ്തകങ്ങൾ ഒരു കൈകൊണ്ട് മാറത്ത് ഒതുക്കിപ്പിടിച്ച് മറ്റേ കൈയിൽ നിവർത്തിപ്പിടിച്ച കൊച്ചുകുടയാൽ മഴക്കാറിനെ തടുത്തുകൊണ്ട് സാരിചുറ്റിയൊരു രൂപം ആ മൈതാനത്തിലൂടെ അടിവെച്ചടിവെച്ചങ്ങനെ നീങ്ങുന്നുണ്ടായിരുന്നു. ചേലയുടെ കീഴ്ഭാഗം മഴനനഞ്ഞു കണങ്കാലിൽ ഒട്ടിപ്പിടിച്ചിരുന്നതിനാൽ വളരെ ക്ലേശിച്ചുകൊണ്ടാണ് നടത്തം. കാറ്റു പെട്ടെന്നു തിരിഞ്ഞടിച്ചു. ആ കൊച്ചുകുട അവളുടെ കൈയിൽനിന്ന് ഒരു പട്ടംപോലെ ആകാശത്തിലേക്കു പൊങ്ങിപ്പോയി.

പുസ്തകക്കെട്ടു രണ്ടു കൈകൊണ്ടും പൊത്തിപ്പിടിച്ച് അവൾ മേലോട്ടു നോക്കി. കുട വായുവിൽ ഒന്നു രണ്ടു കുട്ടിക്കരണം മറിഞ്ഞു പത്തിരുപതു വാര ദൂരെ നിലത്തു തലകുത്തിവീണു. പിന്നെയും അവിടെനിന്നു രണ്ടു മലക്കം മറിഞ്ഞു ചെറിയൊരു തെരുപ്പറക്കലും കഴിച്ച്, നിരങ്ങി, മൈതാനമൂലയിലൂടെ കൽക്കരിക്കുമ്പാരത്തിൽ തങ്ങിനിൽപ്പായി.

ശ്രീധരൻ ഓടിച്ചെന്നു കൽക്കരിക്കുനയിൽനിന്നു കുട പൊക്കിയെടുത്തു. കസർത്തുകൾക്കിടയിൽ കുടയുടെ വാരിയെല്ലുകൾ നാലഞ്ചെണ്ണം ഒടിഞ്ഞു പോയിരുന്നു.

തന്റെ പുതിയ കുട അവളുടെ നേർക്കു നീട്ടിക്കൊണ്ടു ശ്രീധരൻ പറഞ്ഞു: "ഇതെടുത്തോളൂ—മഴ നനയണ്ട."

അവൾ മടിച്ചു; ശങ്കിച്ചു. പിന്നെ ശ്രീധരന്റെ മുഖത്തേക്കൊന്നു നോക്കി. കുട വാങ്ങി, വീണ്ടും ശങ്കിച്ചു നില്പായി—

"കുട നാളെ കിട്ടിയാൽ മതി." ശ്രീധരൻ അവളെ ആകപ്പാടെയൊന്നു നോക്കി ആത്മഗതമെന്നപോലെ പറഞ്ഞു.

അവൾ മുഖവും താഴ്ത്തി നടന്നു.

ആ പെൺകുട്ടിയെ മുമ്പു കണ്ട പരിചയമില്ല. മാന്തളിർനിറമുള്ളൊരു കൃശഗാത്രി. ചോരത്തുടിപ്പുള്ള ചുണ്ടുകൾ. അസാരം ചെമ്പിച്ചതെങ്കിലും അഴകുള്ള മിഴികൾ. കാതിൽ ചെറിയ വട്ടക്കമ്മലും മൂക്കിന്റെ അറ്റത്തു ചുവന്ന കല്ലുവച്ച മൂക്കുത്തിയും കാലിൽ പാദസരവുമുണ്ട്. തനി നാടൻ പെൺകിടാവ്. ഒരു ബുക്ക് ഷെൽഫിൽ കൊള്ളാവുന്നതിലധികം പാഠപുസ്തകങ്ങളും റഫ് നോട്ടുകളും ഡ്രോയിങ്ബുക്കുകളും മറ്റും അവൾ മാറത്തു പേറിയിട്ടുണ്ടായിരുന്നു.

ട്രെയിനിങ് വിദ്യാർത്ഥിനിയായിരിക്കണം.

കാറ്റടിച്ച് എല്ലൊടിച്ച അവളുടെ ശീലക്കുട മടക്കി തലയ്ക്കു മീതെ പിടിച്ചുകൊണ്ട് ശ്രീധരൻ നടന്നു. ആ പോക്കു കാണാൻ അവിടെ ആളുണ്ടാവാഞ്ഞതു ഭാഗ്യം!

മഴ ശമിച്ചപ്പോൾ കുട ചുരുട്ടി കക്ഷത്തിൽ വെച്ചു.

ആ കുടയുടെ പിടി കശുവണ്ടിയുടെ ആകൃതിയിലാണ്. കശുമാങ്ങയിൽ കാണാറുള്ളതുപോലെ ചില പുള്ളിക്കുത്തുകൾ അവളുടെ കവിളിൽ കണ്ടതും ഓർത്തു.

ശ്രീധരൻ വീട്ടിലേക്കല്ല പോയത്—അച്ഛന്റെവക ചോദ്യങ്ങളുണ്ടാകും: ഈ പെൺകുട ആരുടേതാണ്? എങ്ങനെ നിന്റെ കൈയിൽ വന്നു? നിന്റെ കുട എവിടെ? എന്നെല്ലാം—അച്ഛനോട് ഒരിക്കലും കളവു പറഞ്ഞിട്ടില്ല. അച്ഛൻ സത്യത്തിന്റെ മൂർത്തീകരണമാണ്.

നേരെ തെരുവിലേക്കാണു പോയത്. തെരുവുമൂലയിൽ കുട റിപ്പെയർ ചെയ്യുന്ന കോങ്കണ്ണൻമാപ്പിളയുടെ അടുത്തേക്ക്.

കുട റിപ്പെയർചെയ്തു പിറ്റേന്നു രാവിലെ വാങ്ങിക്കൊള്ളാമെന്നും പറഞ്ഞ് കുട മാപ്പിളയെ ഏൽപ്പിച്ചു വീട്ടിലേക്കു നടന്നു.

പിറ്റേന്നു രാവിലെ ഒമ്പതുമണിക്കു റിപ്പെയർചെയ്തു കിട്ടിയ കുടയുമായി റെയിൽവേമൈതാനിയിൽ കാത്തുനിന്നു.

അവൾ എത്തിയപ്പോൾ കുടകൾ കൈമാറി.

ശ്രീധരൻ സങ്കോചത്തോടെ ചോദിച്ചു: "പേരെന്താണ്?"

"അമ്മുക്കുട്ടി."

"ട്രെയിനിങ് വിദ്യാർത്ഥിനിയാണോ?"

"അതെ."

"എവിടെയാണു താമസിക്കുന്നത്?"

അവൾ സ്ഥലം പറഞ്ഞു.

"ആ വീട്ടുടമസ്ഥന്റെ ആരെങ്കിലുമാണോ?"

"ഭാര്യയുടെ അനിയത്തി......"

.....................................................

ശ്രീധരൻ ഓർത്തു. ജീവിതത്തിൽ തങ്ങളിരുവരും തമ്മിൽ നടത്തിയ സംഭാഷണം അത്രമാത്രമാണ്.

ഒരാകസ്മികസംഭവം പിന്നെ അവളുമായുള്ള സന്ദർശനത്തിനു വഴിമുടക്കി.... മാസങ്ങൾക്കുശേഷം അവളുടെ വീട്ടിനടുത്തുകൂടി ചിലപ്പോഴെല്ലാം പോയിട്ടുണ്ട്. വഴിക്കുവെച്ചും കണ്ടിട്ടുണ്ട്—പക്ഷേ, എന്തുകൊണ്ടോ പിന്നീട് എന്തെങ്കിലും സംസാരിക്കാനുള്ള ധൈര്യം കിട്ടിയില്ല—നാണം—പേടി... ആരെങ്കിലും അറിഞ്ഞുപോയാൽ?...

അങ്ങനെ ക്രമേണ അറിയാതെ അകന്നു. മിക്കവാറും മറന്നു...പിന്നെ മൂന്നു കൊല്ലം കഴിഞ്ഞു. അപ്പോഴാണ് അവളുടെ കൊച്ചാങ്ങള അവളുടെ കവിതാപുസ്തകം തന്റെ കൈയിലേല്പിക്കുന്നത്—

അവളെന്തിന് ഈ ലോകത്തിൽ പിറന്നു? കനത്ത പുസ്തകഭാരവുമേന്തി കുറച്ചുകാലം ട്രെയിനിങ് സ്കൂളിൽ പോകാനും ആരുമറിയാതെ ദുഃഖഗീതങ്ങൾ രചിച്ചു തന്നെ കരയിപ്പിക്കാനുംവേണ്ടി മാത്രമോ?

പരലോകത്തിരിക്കുന്ന അവൾക്ക് ശ്രീധരൻ എത്രയോ പ്രേമഗാനങ്ങൾ എഴുതി

അഗ്നിയിൽ ഹോമിച്ചിട്ടുണ്ട്! അനശ്വരപ്രേമമെന്താണെന്ന് ശ്രീധരനനുഭവപ്പെട്ടിട്ടുണ്ട്!

പരലോകത്തേക്കു പറന്നുപോയ ആ പൂങ്കുയിൽ പാർത്തിരുന്ന സ്ഥലത്താണ് പതിനായിരം ഗ്യാലൻ സ്നേഹസംഭരണി പൊങ്ങിനിൽക്കുന്നത്.

അമ്മുക്കുട്ടി മാത്രമല്ല, തന്റെ കൗമാരത്തിനും പ്രാരംഭയൗവനത്തിനും പല പ്രകാരത്തിൽ വിരുന്നൂട്ടിയ എത്രയോ വ്യക്തികൾ ഇവിടെ മറഞ്ഞു പോയിട്ടുണ്ട്! അരനൂറ്റാണ്ടിനപ്പുറത്തെ ആ ജീവിതമണ്ഡലത്തിന്റെ ചെത്തവും ചൂരും ഒന്നു പ്രത്യേകമായിരുന്നു. താൻ പിറന്നു വളർന്ന ദേശത്തോടും ഇവിടെ ജീവിതനാടകമാടി മരണത്തിന്റെ അണിയറയിലേക്കു പിൻവാങ്ങിയ മനുഷ്യജീവികളോടും തനിക്കുള്ള കടപ്പാടിനെപ്പറ്റി ശ്രീധരൻ അനുസ്മരിച്ചു... അവരുടെ കഥ തന്റെയും ജീവിതകഥയായിരിക്കും.

# ഉള്ളടക്കം

ഒന്ന്

1. ഒരു രജിസ്റ്റർകത്ത്
2. പുതിയ ബന്ധുക്കൾ
3. കുഞ്ഞപ്പ
4. പട്ടാളക്കാരൻ
5. പിറന്നാൾസദ്യയും പട്ടാളക്കഥയും
6. ഇലഞ്ഞിപ്പൊയിലിൽ
7. തുർക്കിപ്പട്ടാളം
8. അപ്പാണ്യം, പൂരത്തറ, പെണ്പട
9. വീണ്ടും ഇലഞ്ഞിപ്പൊയിലിൽ
10. പെയിന്റർ കുഞ്ഞപ്പ
11. അറിവിന്റെ ഉറവിടങ്ങൾ
12. കിട്ടൻറൈറ്റർ
13. ജഗള
14 ആകാശത്തിലെ ശത്രു
15. ആയിശ്ശ
16. പെണ്ണും പൊന്നും പോലീസും
17. എല്ലിൻകൂടും ഇലഞ്ഞിപ്പ◌ൂമാലയും
18. കുരങ്ങും കുർക്കാസും
19. വേണുഗോപാലൻ
20. അപ്പുവിന്റെ കൃഷിവളപ്പിൽ
21. ലഹള അടങ്ങുന്നു
22. മരണവണ്ടി

രണ്ട്

1. സത്യം ബ്രൂയാൽ
2. അതിരാണിപ്പാടത്തെ മാറ്റങ്ങൾ
3. പരദേശയാത്ര
4. പ്രൈവറ്റ് ബുക്കും കസവുവേഷ്ടിയും

5. കത്തിപ്പടരുന്നൊരു തറവാടും തെക്കുനിന്നു വന്നവരും
6. അദ്ഭുതനക്ഷത്രം
7. മദ്യവും മഹിളയും
8. ഒരു നിധിയുടെ കഥ
9. കുറുമാറ്റങ്ങൾ
10. വിദ്യാലയത്തിലും വീട്ടിലും
11. പരീക്ഷകൾ
12. യക്ഷി

മൂന്ന്
1. ജ്വലവും സ്വർണ്ണവും
2. കിണറും കലണ്ടറും
3. ചീത്തവാർത്തകൾ
4. “കോര്മീനാ”
5. പുതിയ ശത്രു
6. നികുതിയും കവിതയും
7. ജയമോഹനൻ
8. മദനോത്സവം
9. തിരിച്ചുവരവ്
10. ഇബ്രാഹിം എന്ന കാഥികൻ
11. ആൽത്തറസന്ന്യാസി
12. അണ്ഡകടാഹം
13. പാഞ്ചി
14. തിരിച്ചുവരവ്—ഒന്നുകൂടി
15. കയ്പും പുളിയും എരിവും മധുരവും
16. കോൺഗ്രസ് വളണ്ടിയർ കുഞ്ഞപ്പ
17. കേളഞ്ചേരിയിലെ സർപ്പം
18. രണ്ടു നാടകങ്ങൾ
19. അമ്മുക്കുട്ടി
20. പൊന്നമ്മ
21. കറുപ്പും വെളുപ്പും
22. രഥയാത്ര
23. പുതിയ പ്രേമലേഖനം

24. ഭാഗ്യശാലികൾ
25. ലഹരിയിൽ
26. വനവാസം
27. കാലത്തിന്റെ ഒളിയമ്പുകൾ
28. പരലോകത്തുനിന്ന്
29. പ്രശ്നങ്ങൾ
30. അച്ഛനും അന്തരിച്ചു
31. അതിരാണിപ്പാടമേ, വിട!

മർമ്മരങ്ങൾ

മർമ്മരങ്ങൾ I
മർമ്മരങ്ങൾ II
മർമ്മരങ്ങൾ III
മർമ്മരങ്ങൾ IV
മർമ്മരങ്ങൾ V
മർമ്മരങ്ങൾ VI
മർമ്മരങ്ങൾ VII
മർമ്മരങ്ങൾ VIII
മർമ്മരങ്ങൾ IX
മർമ്മരങ്ങൾ X

# ഒന്ന്

# 1. ഒരു രജിസ്റ്റർകത്ത്

“എന്റെ ജ്യേഷ്ഠനും തറവാട്ടിൽക്കാരണവരുമായ ചേനക്കോത്ത് കേളുക്കുട്ടി എന്നവരെ എത്രയും വണക്കത്തോടുകൂടി മുഖ്യഅനന്തരവൻ ചേനക്കോത്ത് കൃഷ്ണൻ അറിയിക്കുന്നത്:

എന്റെ ആദ്യത്തെ ഭാര്യ മരിച്ചതിനുശേഷം രണ്ടാമതു കല്യാണം ചെയ്യാൻ നിശ്ചയിച്ച് കഴിഞ്ഞകൊല്ലത്തിൽ കഞ്ഞികുടി അടിയന്തിരം കഴിച്ചുവെച്ചതല്ലാതെ ഇതുവരെ ആ സ്ത്രീയെ കല്യാണം ചെയ്തുകൊണ്ടു വരേണ്ടതിലേക്കു യാതൊരു ശ്രമവും കാരണവരായ നിങ്ങൾ ഇതുവരെ ചെയ്തുകണ്ടില്ല. പ്രായാധിക്യത്തിലുള്ള എന്റെ അമ്മയുടെയും ചെറിയ കുട്ടികളുടെയും രക്ഷയ്ക്കുപോലും ആരും ഇല്ലാത്തതുകൊണ്ട് ഞാൻ കഠിനസങ്കടത്തിലും ഉപദ്രവത്തിലും അകപ്പെട്ടിരിക്കുന്നു. കല്യാണത്തിനു ചുരുങ്ങിയപക്ഷം 75 ക. (എഴുപത്തഞ്ചുറുപ്പിക)യോളം വേണ്ടിവരുന്നത് ചെയ്യാൻ എന്നാൽ അസാദ്ധ്യമായിവന്നതുകൊണ്ട് നമ്മളുടെ കീഴ് നടപടി പ്രകാരം അതുചെയ്യാനുള്ള ബാദ്ധ്യത കാരണവരായ നിങ്ങളിൽ ഇരിക്കുന്നതുകൊണ്ട് ഉടനെ ഈ അടിയന്തിരം നിങ്ങൾ നിവൃത്തിച്ചുതരാത്ത ഭാഗം ഇന്നുമുതൽ 15 ദിവസത്തിനുശേഷം മേൽപ്പറഞ്ഞ സംഖ്യ ആരോടെങ്കിലും കടം വാങ്ങി അടിയന്തിരം ഞാൻ നിവൃത്തിക്കുന്നതാണെന്നും മേല്പറഞ്ഞ സംഖ്യ ഞാൻ വാങ്ങുന്ന കടക്കാർക്കോ എനിക്കോ തരുവാൻ നിങ്ങൾ ഉത്തരവാദിയായിരിക്കുമെന്നും നിങ്ങളെ ഈ നോട്ടീസുമൂലം അറിയിച്ചിരിക്കുന്നു.

എന്ന്, 1912 ഫെബ്രുവരി 21—ാംനു ചേനക്കോത്ത് കൃഷ്ണൻ”

(ഒപ്പ്)

ആ പഴയ പട്ടണത്തിലെ പേരുകേട്ട നാലു തറവാടുകളിലൊന്നായിരുന്നു കൃഷ്ണൻമാസ്റ്ററുടെ തറവാടായ ചേനക്കോത്ത്.

കൃഷ്ണൻമാസ്റ്ററുടെ മരിച്ചുപോയ അച്ഛൻ കുഞ്ഞപ്പുവിനു ജോലി ബ്രിട്ടീഷ് ഗവർമ്മേണ്ട് സർവ്വീസിലായിരുന്നു; എച്ച്. എം. എസ്. കസ്റ്റംസിൽ ഒരു ശിപായി. അത് അക്കാലത്ത് അസൂയാവഹമായ ഒരു ജോലിയായിരുന്നു. സർക്കാർ മുദ്രാങ്കിതമായ കാക്കിയുടുപ്പും മാസശമ്പളവും കപ്പലിൽനിന്നുള്ള ഇറക്കുമതിച്ചരക്കുകൾ ഇത്തിരിശ്ശെ ഇസ്കിവെയ്ക്കാനും, കക്ഷികളിൽ നിന്നു തരംപോലെ കോഴപറ്റാനുമുള്ള പഴുതുകളും.

വെളുത്തു തടിച്ചു ഭീമാകാരനായ ഒരസാധാരണ മനുഷ്യനായിരുന്നു കുഞ്ഞപ്പു. കുഞ്ഞപ്പുവിന്റെ പേർസണാലിറ്റിയും തറവാട്ടുമഹിമയും കണക്കിലെടുത്തുകൊണ്ടാണത്രെ വെള്ളക്കാരൻസായിപ്പ് അയാൾക്ക് കസ്റ്റംസ് കാവലുദ്യോഗം ക്ലിപ്തിച്ചുകൊടുത്തത്.

അമിതമായ മദ്യപാനവും പരനാരീസേവയും കുഞ്ഞപ്പുവിന്റെ സ്വകാര്യ

ജീവിതത്തിന്റെ ബാലൻസ് തെറ്റിച്ചിരുന്നു. കണ്ടാൽ കൊള്ളാവുന്ന പെണ്ണുങ്ങൾ—കന്യകകളും വിവാഹിതകളും വിധവകളും വൃദ്ധകന്യകകളുമെല്ലാം ഒരുപോലെ—കുഞ്ഞപ്പുവിന്റെ കാമവിക്രിയകൾക്കു കരുക്കളായിത്തീർന്നു. കൂട്ടുകാരായി വേറെ ചില പോക്കിരികളുമുണ്ടായിരുന്നു. ഈ മുഷ്കരപ്പരിഷയെ നേരിടാൻ അപ്രദേശത്ത് ആർക്കും ധൈര്യമുണ്ടായിരുന്നില്ല.

അങ്ങനെയിരിക്കെ തറവാട്ടിൽ കുടുംബകലഹങ്ങൾ തലപൊക്കിത്തുടങ്ങി. മരിച്ച വല്യച്ഛന്റെ മകനും മകളും ഇളയച്ഛന്റെ മകനും ഒറ്റക്കെട്ടായി നിന്ന്, ആ മക്കത്തായത്തറവാട്ടിലെ കാരണവരായ തന്നെ വിഷം തന്നു കൊല്ലാൻ ഗൂഢാലോചന നടത്തുകയാണെന്ന് ഒരു സംശയം കുഞ്ഞപ്പുവിന്റെ ജീവിതത്തെ കൂടുതൽ കലുഷമാക്കിത്തീർത്തു. വീട്ടിനു പുറത്തും അകത്തും ശത്രുക്കൾ! കുഞ്ഞപ്പു ഒരുഗ്രരക്ഷസ്സായി മാറി.

വീട്ടിലെ വൈരികളായ സഹോദരസഹോദരികളുടെ വിഷപ്രയോഗപരിപാടി—അതു വാസ്തവമായിരുന്നുവെങ്കിൽ—ഫലത്തിൽ വരാനിടയാകുന്നതിനുമുമ്പ് ഒരു ദിവസം രാവിലെ കുഞ്ഞപ്പുവിന്റെ ശവം ഒരൊഴിഞ്ഞ പറമ്പിലെ കിണറ്റിൽ കാണപ്പെട്ടു. തലേന്നാൾ രാത്രി ആരോ റാക്കു കുടിപ്പിച്ചു ബോധം കെടുത്തി കിണറ്റിലെടുത്തിട്ടു കൊന്നതാണത്രെ!

കുഞ്ഞപ്പുവിന്റെ അപമൃത്യുവിനുശേഷം ചേനക്കോത്തു തറവാട്ടിന്റെ കാരണവസ്ഥാനം കുഞ്ഞപ്പുവിന്റെ ജ്യേഷ്ഠന്റെ മകനായ കേളുക്കുട്ടിക്കു കിട്ടി.

കേളുക്കുട്ടിക്ക് ഒരു പെങ്ങളുണ്ടായിരുന്നു. കുങ്കി—വിരൂപിണിയായൊരു വൃദ്ധകന്യക. തറവാട്ടുഭരണം വാസ്തവത്തിൽ കുങ്കിയുടെ കൈയിലായിരുന്നു. കുങ്കിയുടെ ചില കാമുകപ്പോക്കിരിക്കിങ്കരന്മാരാണ്, കുഞ്ഞപ്പുവിനെ കുടിപ്പിച്ചു ബോധം കെടുത്തി കിണറ്റിൽ വലിച്ചിട്ടു കൊന്നത്.

പിതാവിന്റെ മരണശേഷം കൃഷ്ണൻമാസ്റ്റർക്ക് ആ തറവാട് ഒരു ശത്രുക്കളമായിട്ടാണനുഭവപ്പെട്ടത്. സ്വതവേ ശാന്തശീലനും സത്യധർമ്മങ്ങൾ തന്റെ തത്ത്വശാസ്ത്രമായി സ്വീകരിച്ചവനുമായ മാസ്റ്റർ എല്ലാം സഹിച്ചുകൊണ്ട് ഒമ്പതുകൊല്ലം അവിടെ കഴിച്ചുകൂട്ടി. ഇതിനിടെ വിവാഹംകഴിച്ചു. രണ്ടുമൂന്നു സന്താനങ്ങളുമുണ്ടായി.

തറവാട്ടിലെ താമസം ആപച്ഛങ്കാകുലമായിത്തീർന്നു. അച്ഛനു കൊടുക്കാനിടയാവാതെപോയ വിഷം മകനു് അവിടെത്തന്നെ കരുതിവെച്ചിട്ടുണ്ടെന്ന ഒരു അശരീരി അവിടെ സദാ മുഴങ്ങുന്നതായിത്തോന്നി. മൂന്നുനാലു കൊല്ലം മുമ്പുമുതൽക്കുതന്നെ കൃഷ്ണൻമാസ്റ്ററുടെയും കുടുംബത്തിന്റെയും വെപ്പും തീനും ആ വീട്ടിൽ വേറെയായിരുന്നു.

കൃഷ്ണൻമാസ്റ്റർ തന്റെ അമ്മയെയും ഭാര്യയെയും മക്കളെയും കൂട്ടി തറവാട്ടുവകയായ വേറൊരു പറമ്പിലെ വീട്ടിലേക്കു താമസം മാറ്റി.

രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ, കൃഷ്ണൻമാസ്റ്റർ, തറവാട്ടിൽ കാരണവരായ കേളുക്കുട്ടിക്ക് ഇപ്രകാരം ഒരു രജിസ്റ്റർനോട്ടീസ് അയച്ചു:

“താങ്കൾ ഏകദേശം പന്ത്രണ്ടു കൊല്ലത്തോളമായി തറവാട്ടുകാര്യങ്ങൾ നോക്കിവരുന്നത്. നമ്മുടെ ഭാഗിക്കാത്തതായ തറവാട്ടിൽ രണ്ടു താവഴിയുള്ളതിൽ ഒരു

താവഴിക്കുള്ള എനിക്കും എന്റെ കീഴിലുള്ള മറ്റു മെമ്പറന്മാർക്കും നിങ്ങൾ യാതൊരുവിധമായ ചെലവുകളോ സഹായങ്ങളോ ഇതുവരെ തരുന്നതോ ചെയ്യുന്നതോ ഇല്ല. തറവാട്ടുവക ആദായങ്ങൾ മുഴുവനും നിങ്ങളും നിങ്ങളുടെ താവഴിയും അനുഭവിച്ചു പറമ്പുകളുടെ പാട്ടം മുതലായവ കൊടുക്കാതെ നിറുത്തിവെച്ചും, ചില ഇളകുന്ന മുതലുകൾ വിറ്റും, പറമ്പുകൾ വേണ്ടപോലെ രക്ഷചെയ്യാതെ നശിപ്പിച്ചും, ചില ഇടപാടുകൾ ഏതു സംഗതികൊണ്ടാണോ എന്നറിഞ്ഞില്ല, കാലഹരണപ്പെടുത്തിയും മറ്റും പലവിധ കാര്യങ്ങൾ ഞങ്ങളെ തോല്പിക്കാൻ ചെയ്തും, തറവാട്ടു സ്വത്തുക്കൾ ഒരുവിധം നശിപ്പാനായിത്തുടങ്ങിയല്ലോ. എന്റെ അച്ഛനു സുഖക്കേടുവരാൻ സംഗതിവന്നതിനുശേഷം എന്നെയും മറ്റും പല പ്രകാരത്തിലും ഉപദ്രവിച്ചും പല സമയങ്ങളിൽ എന്നെ അടിച്ചു പരിക്കേൽപ്പിച്ചും മറ്റും ചെയ്തുകൊണ്ടും, മദ്യപിക്കുന്ന മനുഷ്യനാകകൊണ്ട് വല്ലതും ചെയ്ത് എന്റെ ജീവഹാനി വരുത്തിക്കളയും എന്നുള്ള സംശയംകൊണ്ടും ഞാൻ ഉടനെ വേറെ താമസമാക്കിയതാണെന്നു നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ട് ഇന്നുമുതൽ 4—ാം തീയതിക്കുള്ളിൽ എനിക്കും എന്റെ കീഴിലുള്ള മറ്റു മെമ്പർമാർക്കും തറവാട്ടിൽനിന്നു വരേണ്ടതായ ആദായം തരാത്തപക്ഷം വ്യവഹാരം കൊടുക്കുന്നതാണെന്നും അതിനാലുണ്ടാകുന്ന സകല നഷ്ടങ്ങൾക്കും നിങ്ങൾ ഉത്തരവാദികളാണെന്നും ഈ നോട്ടീസ് മൂലവും അറിയിച്ചിരിക്കുന്നു. ഇതിനുമുമ്പയച്ച രജിസ്റ്റർനോട്ടീസുകളും ഓർക്കുന്നും ഉണ്ടല്ലോ.

എന്ന്, ചേനക്കോത്ത് കൃഷ്ണൻ (ഒപ്പ്)

ഈ രജിസ്റ്റർനോട്ടീസ് അനുജൻ ചാത്തുക്കുട്ടിക്കും മറ്റു നിങ്ങളുടെ താവഴിക്കുള്ള അംഗങ്ങൾക്കും കാണിക്കേണ്ടതും ആകുന്നു.”

തറവാടു ഭാഗിക്കണമെന്ന ഭീഷണി മുഴങ്ങുന്ന ഈ കത്ത്, കാരണവരായ കേളുക്കുട്ടിയെ ഇളക്കുവാൻ പര്യാപ്തമായില്ല. “കൊഞ്ചൻ തുള്ളിയാൽ ചട്ടിയിലോളം എന്ന് അവനോടു പറഞ്ഞേക്ക്.” ക്ഷുരകൻ രാമൻ വഴിയായി അങ്ങനെയൊരു മറുപടിയാണ് ആ രജിസ്റ്റർകത്തിനു കാരണവനിൽ നിന്ന് അനന്തിരവൻ കൃഷ്ണനു കിട്ടിയത്.

കൃഷ്ണൻമാസ്റ്റർ വ്യവഹാരത്തിനൊന്നും പോയില്ല. ക്ഷമയോടെ കാത്തിരുന്നു.

രണ്ടുകൊല്ലം പിന്നേയും കഴിഞ്ഞു. കൃഷ്ണൻമാസ്റ്റർക്ക് ഒരു സന്താനവുംകൂടി ഉണ്ടായി. ഒരു പെൺകുട്ടി. പക്ഷേ, ആ ഓമനസന്താനം ആറു മാസം കഴിയുന്നതിനുമുമ്പു മരിച്ചു. അതു കഴിഞ്ഞ് ആറുമാസം ചെല്ലുന്നതിനുമുമ്പ്, വിഷജ്വരം പിടിപെട്ട് ഭാര്യയും മരിച്ചു.

കിഴവിയായ അമ്മയെയും നിത്യരോഗത്താൽ അവശനായിക്കിടക്കുന്ന കൊച്ചുമകനെയും ശുശ്രൂഷിക്കാൻ വീട്ടിൽ ഒരു പെണ്ണിന്റെ ആവശ്യം ഒഴിച്ചുകൂടാതായിത്തോന്നിയപ്പോൾ കൃഷ്ണൻമാസ്റ്റർ പുനർവിവാഹം ചെയ്യാൻ തീരുമാനിച്ചു. ഇതു വളരെ ന്യായമായ ഒരാവശ്യംതന്നെയാണ്. തറവാട്ടിലെ കാരണവർ കണ്ടറിഞ്ഞു നിവൃത്തിച്ചുകൊടുക്കേണ്ട ഒരു കാര്യമാണ്. പക്ഷേ, വിഷം കൊടുക്കുന്ന കാര്യത്തിൽ പ്രദർശിപ്പിച്ച താൽപര്യം, അനന്തിരവന് ഒരു രണ്ടാംഭാര്യയെ കണ്ടുപിടിച്ചു വിവാഹം കഴിപ്പിക്കുന്നതിൽ കാരണവർ കാണിച്ചില്ല. കല്യാണച്ചെലവിനെപ്പറ്റി ഓർത്തിട്ടായിരിക്കാം. അതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് തന്റെ ആവശ്യങ്ങളും അവകാശങ്ങളും

ഓർമ്മിപ്പിച്ചുകൊണ്ട് കൃഷ്ണൻമാസ്റ്റർ, കാരണവർക്ക്, ആദ്യം പറഞ്ഞ രജിസ്റ്റർകത്ത് അയച്ചത്.

# 2. പുതിയ ബന്ധുക്കൾ

രജിസ്റ്റര്കത്തിന് കേളുക്കുട്ടിക്കാരണവർ എന്തെങ്കിലും മറുപടി അയച്ചുവോ എന്നറിഞ്ഞുകൂട. കാരണവർ ആ കത്ത് കുപ്പയിലേക്ക് എറിഞ്ഞുകളഞ്ഞു എന്നു വിചാരിക്കാനേ ന്യായം കാണുന്നുള്ളൂ.

പട്ടണത്തിലെ ഒരു യൂറോപ്യൻ സ്കൂളിലെ അദ്ധ്യാപകനായിരുന്നു കൃഷ്ണൻമാസ്റ്റർ. പട്ടണത്തിൽനിന്നു ലഭിക്കാവുന്ന ഏറ്റവും ഉയർന്ന ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുപുറമേ ഷോർട്ട്ഹാന്റ് പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റും കരസ്ഥമാക്കിയിരുന്നു. അക്കാലത്തു മലബാറിൽ ഷോർട്ട്ഹാന്റ് പരീക്ഷ പാസ്സായവർ വളരെ ചുരുക്കമായിരുന്നു. ഈ ക്വാളിഫിക്കേഷൻ കാരണം ഉത്തരേന്ത്യയിലെ ഒരു യൂറോപ്യൻകമ്പനി 150 ക. ശമ്പളമുള്ള ഒരു ജോലിക്കു വിളിച്ചുവെങ്കിലും ഭാര്യയെയും കുട്ടികളെയും പിരിഞ്ഞ് വിദൂരസ്ഥലത്തേക്കു പോകാനിഷ്ടപ്പെടാതെ കൃഷ്ണൻമാസ്റ്റർ ആ ഓഫർ നിരസിച്ചുകളഞ്ഞു. 15 ക. ശമ്പളത്തിൽ യൂറോപ്യൻ സ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിക്കുയും ചെയ്തു.

ഇരുപതുകൊല്ലം മുമ്പാണത്. അതിനുശേഷം എന്തെല്ലാം സംഭവങ്ങളുണ്ടായി! ആദ്യവിവാഹം കഴിഞ്ഞു. രണ്ടു സന്താനങ്ങൾ ജനിച്ചു. ആയവസരത്തിൽ തറവാട്ടിൽ കാരണവരായിരുന്ന അച്ഛൻ മരിച്ചു. കുടുംബകലഹം, തറവാട്ടിൽനിന്ന് ഒന്നും കിട്ടുന്നില്ലെന്നു മാത്രമല്ല, ജീവാപായ ശങ്കയും. സത്യവും ധർമ്മവുമാണ് തന്റെ തത്ത്വശാസ്ത്രം. അതൊന്നും കാരണവരായ ആ രാക്ഷസനോടു ഫലിക്കുന്നില്ല. ആ ഘട്ടത്തിൽ രോഗിയായൊരു സന്താനത്തെയും വേറെ രണ്ടെണ്ണത്തെയും ഇട്ടേച്ചുകൊണ്ട് ഭാര്യയും പരലോകത്തേക്കു പോയി.

തറവാടുമായുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിച്ച് രണ്ടാം വിവാഹം കഴിച്ചു പുതിയൊരു ജീവിതം തുടങ്ങാൻപോവുകയാണ്.

പട്ടണത്തിൽ പിറന്നുവളർന്ന്, ഇംഗ്ലീഷ് വിദ്യാഭ്യാസം നേടി, യൂറേഷ്യൻ യൂറോപ്യൻ സായിപ്പുമാരുമായി ഇടപഴകിപ്പോന്ന ഒരു മാന്യനാണെങ്കിലും, കൃഷ്ണൻമാസ്റ്റർ, നാട്ടിൻപുറങ്ങളോടും നാടൻസംസ്കാരങ്ങളോടും ഒരു പ്രത്യേക താൽപര്യം പുലർത്തിപ്പോന്നിരുന്നു. പട്ടണത്തിൽനിന്ന് ആറേഴു മൈൽ കിഴക്കു ശുദ്ധനാട്ടിൻപുറത്തെ ഒരു പുരാതന കർഷകകുടുംബത്തിലെ നവവിധവയായൊരു യുവതിയെ കൃഷ്ണൻ മാസ്റ്റർ തന്റെ പുനർവിവാഹത്തിനു തെരഞ്ഞെടുത്തു.

തറവാട്ടുവക സ്ഥലത്തുനിന്ന് ഒഴിഞ്ഞ് സ്വന്തമായി ഒരു പറമ്പും പുരയും വാങ്ങി വിവാഹംകഴിച്ചുകൂടണമെന്ന് കൃഷ്ണൻമാസ്റ്റർ തീരുമാനിച്ചുകഴിഞ്ഞിരുന്നു. അങ്ങനെ സ്ഥലം വാങ്ങാനുള്ള അന്വേഷണമായി.

പട്ടണത്തിന്റെ തെക്കുപടിഞ്ഞാറുഭാഗത്ത് അതിരാണിപ്പാടം എന്നു വിളിച്ചുവരുന്ന ഒരു മൂലയിൽ വയൽ നികത്തിയെടുത്തുണ്ടാക്കിയ ഒരു പറമ്പും അതിൽ ഒരു ഓലപ്പുരയും കണ്ടെത്തി. ഒരു മാപ്പിള (മുസ്ലിം) കുടുംബത്തിന്റേതായിരുന്ന ആ പറമ്പും ചമയങ്ങളും

കൃഷ്ണൻമാസ്റ്റർ താമസിയാതെ വാങ്ങി.

ഒരു വലിയ ചതുപ്പുനിലം കാലക്രമേണ ഉർന്നുണ്ടായ ഒരു കുടിപാർപ്പു കേന്ദ്രമാണ് അതിരാണിപ്പാടം. പുരാതനകാലത്ത് ഒരു ചെറിയ പുഴ അതിലൂടെ ഒരു മൈൽ പടിഞ്ഞാറുള്ള സമുദ്രത്തിലേക്ക് ഒഴുകിച്ചേർന്നിരുന്നു. ശതാബ്ദങ്ങൾക്കിടയിൽ ആ പുഴ വറ്റി, ചളികെട്ടി മൂടി വലിയൊരു തോടായിത്തീർന്നു. ആ ഭാഗത്തിന് പുഴവക്കത്ത് എന്നാണ് ഇപ്പോഴും പറഞ്ഞു വരുന്നത്. ആ തോടും ക്രമേണ ഉർന്നുഉർന്ന് അവിടമെല്ലാം ചതുപ്പുനിലങ്ങളായിത്തീർന്നു. ആ ചതുപ്പുനിലങ്ങളും ഉർന്നു തുടങ്ങിയപ്പോൾ ആ പാടങ്ങളിൽ മനുഷ്യൻ പ്രവേശിച്ചു. പ്രയത്നത്തിന്റെ പാടുകൾ തെളിഞ്ഞു. അവിടെ കരിമ്പിൻതോട്ടങ്ങളും, എള്ള്, തുവര തുടങ്ങിയ ധാന്യങ്ങൾ വിളയുന്ന കളങ്ങളും, വേലികെട്ടിയ വളപ്പുകളും ഉണ്ടായിവന്നു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ആ കൃഷിക്കളങ്ങൾ മാഞ്ഞ് അവിടെ പുതിയ പാർപ്പിടങ്ങൾ പൊങ്ങിവന്നു. പഴയ വയൽവരമ്പുകളിൽ തെങ്ങിൻതൈകൾ അണിനിരന്നു. എള്ളു വിളഞ്ഞിരുന്ന വയലുകളിൽ കള്ളുചെത്തുന്ന തെങ്ങുകളാണ് നില കൊള്ളുന്നത്. ഓലപ്പുരകളുടെ കോലങ്ങളെ ചീനവേലികളും, പറമ്പുകളുടെ അതിരുകളെ മൈലാഞ്ചിച്ചെടികളും മറച്ചുപിടിക്കുന്നു.

പഴയ ചതുപ്പുനിലത്തിന്റെ പ്രകൃതം പിന്നേയും അവിടെ ഒളിഞ്ഞു കിടന്നിരുന്നു. പുതിയ പറമ്പുകൾ ഉയർത്തിയെടുക്കാൻ മണ്ണുകുഴിച്ച ചാലുകൾ ഇടവഴികളായിത്തീർന്നു. കടുത്ത വേനൽക്കാലത്തുപോലും ആ ഇടവഴികളിൽ മീൻചോരയുടെ നിറത്തിലുള്ള കെടുനീർ കെട്ടിനിന്നിരുന്നു. മഴക്കാലത്ത് ആ ഇടവഴികളെല്ലാം മഞ്ഞവെള്ളം കുത്തിയൊലിക്കുന്ന തോടുകളായി മാറും. അരമൈൽ അകലെയുള്ള പുഴയിലെ ഏട്ട, ചെമ്മീൻ മുതലായ മത്സ്യങ്ങൾ ഈ തോടുകളിലേക്കു വിരുന്നുവരും. ഇടവഴികൾക്കിരു ഭാഗത്തുമുള്ള പറമ്പുകളിലേക്കു ഗതാഗതം തരപ്പെടുത്തുന്നതിനു താൽക്കാലികമായിട്ട തെങ്ങിൻതടിപ്പാലങ്ങൾ ചിലപ്പോൾ വെള്ളത്തിന്റെ ഉഗ്രമായ കുത്തിയൊഴുക്കിൽപ്പെട്ട്, പുഴയിലേക്കും പിന്നെ കടലിലേക്കും ഒഴുകിപ്പോയെന്നും വരാം. കടൽ ക്ഷോഭിക്കുമ്പോൾ തിരമാലകളുടെ ഗർജ്ജനം അതിരാണിപ്പാടത്തു കേൾക്കാം.

അതിരാണിപ്പാടത്തു കുടിയേറിപ്പാർത്തവർ ധനികരല്ല. പരമദരിദ്രരുമല്ല. അവരിലധികമാളുകളും പുഴക്കരയിലെ തടിമരപ്പാണ്ടികശാലകളിൽ ഈർച്ചപ്പണിക്കാരായ തൊഴിലാളികളും അവരുടെ കുടുംബങ്ങളുമാണ്. അവർ പരമ്പരയാ ചെയ്തുവരുന്ന തൊഴിലാണിത്. മരക്കറയും വിയർപ്പും ഇഴുകിപ്പിടിച്ച് ഊറയ്ക്കിട്ട തോലുപോലെയായ നാറുന്ന കുപ്പായവും മുറിമുണ്ടും ധരിച്ച് ഈ തൊഴിലാളികൾ ഒറ്റയായും സംഘമായും രാവിലെ പുഴക്കരയിലെ പാണ്ടികശാലകളിലേക്കു നീങ്ങുന്നതു കാണാം.

അവിടത്തെ കൊച്ചുപറമ്പുകളെല്ലാം അവരുടെ പൂർവ്വികർ സ്വന്തം പ്രയത്നംകൊണ്ടു കിളച്ചുയർത്തി രൂപംകൊടുത്ത സ്ഥാവരസ്വത്തുക്കളാണ്—അധികവും ചെറ്റപ്പുരകളാണ്. കൂലിപ്പുരയിൽ പാർക്കുന്നവർ ആരുമില്ല. ആരാന്റെ പുരയിൽ വാടകയ്ക്കു പാർക്കുന്ന ഏർപ്പാടും അക്കൂട്ടർക്കു പരിചിതമായിരുന്നില്ല.

"മൊയ്തുമാപ്പിളയുടെ പറമ്പും പുരയും ആരോ വാങ്ങിയിരിക്കുന്നു." അതിരാണിപ്പാടത്ത് ആ വാർത്ത പരന്നു.

"ആരാണ് ആ പറമ്പും പുരയും വാങ്ങിയത്?" ഈർച്ചക്കാരൻ രാമൻ ദാമുറൈട്ടരോടു ചോദിച്ചു.

“ഒരു മാസ്റ്ററാണപോലും—പഠിപ്പും പാസ്സുമുള്ള ഒരു മാസ്റ്റർ.”

“മാപ്പിളയാണോ?”

“അല്ല—നമ്മളെ ആളുതന്നെ.”

അക്കൂട്ടർക്കു സമാധാനമായി. അതിരാണിപ്പാടത്ത് ഒരൊറ്റ മാപ്പിളക്കുടുംബമേ ഉണ്ടായിരുന്നുള്ളൂ. മൊയ്തുമാപ്പിള—ഇപ്പോൾ അവിടെ മാന്യനായൊരു ഹിന്ദുമാസ്റ്റർ വരാൻപോകുന്നു. നല്ല വർത്തമാനം.

ഒരു ഞായറാഴ്ച വൈകുന്നേരം അവർ ആ മാസ്റ്ററെ അടുത്തു കാണുകയും ചെയ്തു. അയാൾ താൻ വാങ്ങിയ പറമ്പിൽ വേലികെട്ടിക്കാൻ വന്നിരിക്കയായിരുന്നു.

കഴുത്തുമൂടുന്ന ഒരു കറുത്ത കോട്ടും തലയിൽ കറുത്ത തൊപ്പിയും ധരിച്ച്, കണ്ണടവെച്ച വെളുത്തു കുറിയൊരു മനുഷ്യൻ. കുടയും ചെരിപ്പുമുണ്ട്. നെറ്റിയിൽ ഒരു ചന്ദനപ്പൊട്ടും.

നവാഗതനെ അവർക്കു നന്നേ ബോധിച്ചു.

പറമ്പിനു ചുറ്റും കൗതുകത്തോടെ കൂട്ടംകൂടി നിൽക്കുന്ന ദേശക്കാരെ നോക്കി മാസ്റ്റർ ലോഹ്യഭാവത്തിൽ ഒന്നു ചിരിച്ചു; കുശലപ്രശ്നംചെയ്തു. സംഭാഷണം ആരംഭിച്ചപ്പോൾ ആ മാസ്റ്ററോട് അവർക്കൊരു മമത തോന്നി.

മാസ്റ്റർ ആ പ്രദേശത്തെപ്പറ്റി അവരോടു പല കാര്യങ്ങളും ചോദിച്ചു മനസ്സിലാക്കിക്കൊണ്ടിരുന്നു. അയാളുടെ വടിവൊത്ത ഭാഷയിലുള്ള ചോദ്യങ്ങൾക്ക് അവർ ഒറ്റവാക്കിൽ ഉത്തരംകൊടുത്തു. സംഭാഷണങ്ങൾക്കിടയിൽ മാസ്റ്റർ തന്റെ സ്വന്തം ചരിത്രവും അവരെ കേൾപ്പിച്ചു: “കൃഷ്ണൻ എന്നാണു പേര്. കേട്ടോ, ഏട്ടനുമായി കത്തിക്കുത്തുണ്ടാക്കുന്നതിനുമുമ്പു തറവാട്ടിൽ നിന്നു കെട്ടുംകെട്ടിയിറങ്ങാൻ തീർച്ചയാക്കിയിരിക്കയാണ്. ‘കല്ലുകണ്ടേടം കൈക്കോട്ടു നിറുത്തുക’ എന്നല്ലേ പഴമൊഴി? ഇനി ഞങ്ങളുടെ ജീവിതം ഇവിടെ നിങ്ങളുടെ ഇടയിലാണ്—ഞങ്ങളുടെ പുതിയ ബന്ധുക്കളാണു നിങ്ങളെല്ലാവരും...എന്റെ ഈ പറമ്പു തരക്കേടില്ല. പക്ഷേ, പുര മഹാമോശം. അതൊന്നു പുതുക്കിപ്പണിയണം. കല്യാണവും മഴയും കഴിയട്ടെ...” മാസ്റ്റർ ചിരിച്ചുകൊണ്ടു പറഞ്ഞു.

മാസ്റ്റർ അങ്ങനെ പലതും സംസാരിച്ചു. പിന്നെ പെട്ടെന്നു കോട്ടിന്റെ മേൽക്കീശയിൽനിന്ന് ഒരു വെള്ളിവാച്ചെടുത്തു കൈയിൽവെച്ചു സമയം പരിശോധിച്ചു.

അവർ ആ സാധനത്തെ അത്ഭുതത്തോടെ മിഴിച്ചുനോക്കി. അവരിൽ പലരും സമയം നോക്കുന്ന ‘കെടി’ കാണുന്നത് ആദ്യമായിട്ടാണ്.

“മണി എത്രായി?” ഒരു കൂനൻകിഴവൻ മുഖവും നെഞ്ചും മുന്നോട്ടുന്തിക്കൊണ്ടു ചോദിച്ചു.

“ആറടിച്ച് അഞ്ചുമിനിറ്റ് കഴിഞ്ഞു.” മാസ്റ്റർ ‘കെടി’ കീശയിൽ നിക്ഷേപിച്ചുകൊണ്ടു പറഞ്ഞു: “ആറരമണിക്ക് എനിക്കു മാർട്ടിൻ സായ്പിന്റെ ബംഗ്ലാവിൽ ട്യൂഷൻ പഠിപ്പിക്കാനെത്തണം.”

മാസ്റ്റർ കുടയും കക്ഷത്തിൽ വെച്ച് അവരോടു യാത്ര പറഞ്ഞു നടന്നു.

“മാട്ടറ് മേലോട്ടു നോക്കീട്ടാണു നടക്ക്ണു.” കൂനൻവേലുവിന്റെ ഭാര്യ കോച്ചിയുടെ നിരീക്ഷണം. അവൾ ചായിപ്പിന്റെ ഓലവാതിൽ മറഞ്ഞുനിന്ന് എല്ലാം കാണുകയും കേൾക്കുകയും ചെയ്തിരുന്നു.

“എഴുത്തുപള്ളീലെ പണിക്കരെക്കാളും പഠിപ്പുണ്ടോ ഇയ്യാക്ക്?” പറങ്ങോടന്റെ പെമ്പിറന്നോൾ പെരിച്ചിക്കൊരു സംശയം. “പോടീ പൊണ്ണത്തീ—എഴുത്തുപള്ളീലെ പണിക്കര് ഹരിശ്രീയും അമരകോശോം പഠിപ്പിക്കുന്ന ആളാണ്. ഇമ്മാഷ്ടറ് ഇങ്കിരീസാണ്. ഏ. ബി. സി. ഡി. കാസീന്ന ബീഡി—കെളവന്റെ താടിക്കു തീപ്പിടിച്ച്........”

പറങ്ങോടന്റെ ഫലിതം കേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു.

# 3. കുഞ്ഞപ്പു

കൃഷ്ണൻമാസ്റ്ററുടെ പുതിയ വിവാഹാദിയനന്തരത്തിൽ സംബന്ധിക്കാനോ, അതു കാണാനോ അതിരാണിപ്പാടത്തുകാർക്കു ഭാഗ്യമുണ്ടായില്ല. ആഘോഷപൂർവ്വമല്ലെങ്കിലും ആ വൈവാഹികകർമ്മം നടന്നത് കൃഷ്ണൻമാസ്റ്ററുടെ തറവാട്ടിൽവെച്ചുതന്നെയായിരുന്നു. തറവാട്ടിൽനിന്നു സ്വമേധയാ പിരിഞ്ഞുപോകാൻ തീരുമാനിച്ചതൊക്കെ വാസ്തവംതന്നെ. എന്നാൽ, തന്റെ ആഭിജാത്യവും അന്തസ്സും പണയം കൊടുക്കാൻ കൃഷ്ണൻമാസ്റ്ററുടെ അഭിമാനം സമ്മതിച്ചില്ല.

വിവാഹംകഴിഞ്ഞതിന്റെ പിറ്റത്തെ ആഴ്ചയിൽത്തന്നെ, കൃഷ്ണൻമാസ്റ്ററും പുതിയ ഭാര്യയും കുടുംബവും അതിരാണിപ്പാടത്തെ പുരയിലേക്കു താമസം മാറ്റി.

മാസ്റ്ററുടെ കുടുംബത്തെക്കാണാൻ, അതിരാണിപ്പാടത്തെ സ്ത്രീജനങ്ങൾ കന്നിപ്പറമ്പിലേക്കു വന്നു തുടങ്ങി. കല്യാണപ്പെണ്ണിനെ കാണുന്നതിലായിരുന്നു, അവർക്കു കൂടുതൽ താൽപര്യവും തിടുക്കവും.

കുട്ടിമാളുവിനെ അവർക്കു ബോധിച്ചു. വെളുത്തു കുറുതായി നല്ല അഴകുള്ളൊരു പെണ്ണ്. രണ്ടാംവിവാഹമാണെങ്കിലും പുതുപ്പെണ്ണിന്റെ നാണവും ഒതുക്കവും മുഖത്തു കാണാമായിരുന്നു. കാതിൽ വലിയ തോട. കഴുത്തിൽ നാഗപടത്താലി മാല. കൈകളിൽ ചുവന്ന കല്ലുപതിച്ച കനത്ത കാപ്പുകൾ. മൂക്കിന്മേൽ നേർത്ത മണിച്ചങ്ങലകൾ തൂങ്ങിയാടുന്ന ചന്ദ്രക്കല മൂക്കുത്തി. പിൻകഴുത്തിനുമീതെ കൊട്ടത്തേങ്ങയുടെ മട്ടിലുള്ള തലമുടിക്കെട്ടിൽ, തേങ്ങാമൊത്തിയുടെ ആകൃതിയിലും വലുപ്പത്തിലുമുള്ള പൊൻ മുടിപ്പൂവ്. കൈവിരലുകളിൽ എമ്പാടും മോതിരങ്ങൾ... കുട്ടിമാളുവിന്റെ ഭാരിച്ച സ്വർണ്ണപ്പണ്ടങ്ങൾ കണ്ടപ്പോൾ അതിരാണിപ്പാടത്തെ പെണ്ണുങ്ങൾക്ക് അതിശയവും അസാരം അസൂയയും തോന്നി.

മാസ്റ്ററുടെ അമ്മ വെഞ്ചാമരത്തലമുടിയും സദാ വിറയ്ക്കുന്ന മുഖവുമുള്ള എഴുപതു ചെന്നൊരു കിഴവിയാണ്. മാസ്റ്ററുടെ മൂത്തമകൻ കുഞ്ഞപ്പു, കറുത്തു കുറുതായൊരു ബാല്യക്കാരനാണ്. കുരങ്ങിന്റെ മുഖം. രണ്ടാമത്തെ മകൻ ഗോപാലൻ, വെളുത്തുമെലിഞ്ഞൊരു കോമളനാണ്. പത്തുപതിനെട്ടു പ്രായം കാണും. കുടുമനീട്ടി, വലത്തെ ചെവിക്കുമീതെ കെട്ടിവെച്ചിരിക്കുന്നു. കാതിൽ, സ്വർണ്ണക്കടുക്കനുമുണ്ട്. മൂന്നാമത്തെ മകൻ പിള്ളവാതവും അർശസ്സും ബാധിച്ചു കിടക്കുന്ന ഏഴുവയസ്സുള്ളൊരു ബാലനാണ്.

ആ കിഴവിത്തള്ളയെയും, സദാ പായിൽ മലമൂത്രവിസർജ്ജനംചെയ്തു കിടക്കുന്ന ദണ്ണക്കാരൻ ചെക്കനെയും ശുശ്രൂഷിക്കേണ്ട ചുമതല ഇനിമേൽ കുട്ടിമാളുവിന്റേതാണ്. വെറുപ്പും പിറുപിറുപ്പും കൂടാതെ അവളതു നിറവേറ്റുമോ? അതിരാണിപ്പാടത്തുകാർ അന്യോന്യം പറഞ്ഞു: കണ്ടുതന്നെ അറിയണം.

എന്നാൽ, തങ്ങളുടെ സംശയം അസ്ഥാനത്താണെന്ന് കാലക്രമേണ അവർക്കു മനസ്സിലായി. കുട്ടിമാളു സ്വന്തം മാതാവിനോടെന്നപോലെ ഭക്ത്യാദരങ്ങളോടെ

വൃദ്ധയായ അമ്മായിയമ്മയോടും, സ്വന്തം പുത്രനോടെന്നപോലെ വാത്സല്യസഹതാപങ്ങളോടെ രോഗിയായ രാഘവനോടും പെരുമാറി. അയൽപക്കക്കാരോടും അവൾ അടുത്തിണങ്ങി. അവരുടെ കഷ്ടപ്പാടുകളും ആവശ്യങ്ങളും കണ്ടറിഞ്ഞ് അവരെ അവൾ സന്ദർഭംപോലെ സഹായിക്കുകയും ചെയ്തു.

മാറിൽ മുണ്ടു മാത്രം പുതച്ചു പരിചയിച്ച തന്റെ പുതിയ ഉൾനാടൻ പെണ്ണിനെ, കൃഷ്ണൻമാസ്റ്റർ വീട്ടിൽനിന്നു റവുക്കയിടുവിപ്പിച്ചു. പുറത്തു പോകുമ്പോൾ ധരിക്കാൻ, കൈയിന്റെ അറ്റത്തും കഴുത്തിലും നിറയെ ഫ്രിൽ പിടിപ്പിച്ച ചുവന്ന പട്ടുജാക്കറ്റും തയ്പിച്ചുകൊടുത്തു.

നാട്ടിൻപുറത്തെ വിശാലാന്തരീക്ഷത്തിലും കാർഷികസുഭിക്ഷതയിലും ചെറുപ്പന്നേതന്നെ ഇടപഴകിപ്പോന്ന ആ ഗ്രാമീണതരുണിക്ക് പട്ടണമൂലയിലെ വൃത്തികെട്ട പരിസരവും കുടുസ്സായ ജീവിതവും തുടക്കത്തിൽ കർക്കശമായിത്തോന്നി. ഉണ്ണാൻ നെല്ലരിയില്ല; ചാക്കരിയാണ്. കുളിക്കാൻ പുഴയോ കുളമോ ഇല്ല. കുടിക്കാനുള്ള വെള്ളം അടുത്ത പറമ്പിലെ കിണറ്റിൽനിന്നു കോരിക്കൊണ്ടുവന്നു ശേഖരിക്കണം. പച്ചക്കറികളും വിറകും വിലകൊടുത്തു വാങ്ങണം. മോരും തൈരും കിട്ടുകയില്ല. പുലർച്ചയ്ക്കുമുമ്പ് കോഴിയുടെ കൂകലല്ല കേൾക്കുക; അരമൈൽ ദൂരെ കമ്പനികളിൽനിന്നുള്ള ചൂളംവിളികൾ—ഇടവിട്ട് പല ഈണത്തിലും. വെളുപ്പിനു കണികാണുന്നതു തൊഴുത്തിലെ പശുക്കളെയല്ല, തൊട്ടടുത്ത പറമ്പിന്റെ മൂലയിൽ മലവിസർജനത്തിനിരിക്കുന്ന നഗ്നപൃഷ്ഠങ്ങളെയാണ്.

കൊയ്ത്തും മെതിയും നോക്കിനിൽക്കാനും പുത്തൻവൈക്കോലിന്റെ ഗന്ധമേൽക്കാനും കിളികളുടെ പാട്ടുകേൾക്കാനും കുട്ടിമാളു അന്തരാ കൊതിച്ചു.

എന്നാലും പുതിയ പരിസരങ്ങളോടും പുതിയ ജീവിതചര്യകളോടും അവൾ ക്രമേണ പൊരുത്തപ്പെട്ടുതുടങ്ങി.

കുട്ടിമാളുവിന്റെ പുതിയ ജീവിതപാതയിലെ ഒരു കള്ളിമുള്ളായിരുന്നു ഭർത്താവിന്റെ മൂത്തമകനായ കുഞ്ഞപ്പു.

കുഞ്ഞപ്പു വല്ലാത്തൊരു സൃഷ്ടിയായിരുന്നു.

ആദ്യസന്താനമായിരുന്നതിനാൽ അച്ഛനും അമ്മയും അതിലാളനയോടെ വളർത്തി അവനെ വഷളാക്കി. തന്റെ പേരുകാരനായ മുത്തച്ഛൻ കുഞ്ഞപ്പുവിന്റെ എല്ലാ ദുർഗ്ഗുണങ്ങളും അവനും കിട്ടിയിട്ടുണ്ടായിരുന്നു. മുത്തച്ഛന്റെ ശൗര്യമോ തലയെടുപ്പോ കുഞ്ഞപ്പുവിന്റെ അടുത്തുകൂടി പോയതുമില്ല. ചെറുപ്പത്തിൽ എഴുത്തുപള്ളിയിൽ ചേർത്തു. എന്നാൽ മിക്ക ദിവസങ്ങളിലും അവിടെ എത്തുകയില്ല. പിള്ളരുമായി ആട്ടക്കളം കളിച്ചും പുഴക്കരയിൽ ചെന്നിരുന്നു ചൂണ്ടലിട്ടു മീൻപിടിച്ചും നേരം പോക്കി വീട്ടിലേക്കു മടങ്ങും. കുറേദിവസം കഴിയുമ്പോൾ അച്ഛൻ ഇതറിയും. പഞ്ചാരവാക്കു പറഞ്ഞും അവന് ഏറ്റവും ഇഷ്ടമുള്ള തൊണ്ടിയലുവാ വാങ്ങിക്കൊടുത്തും അച്ഛൻ അവനെ ഉന്തിത്തള്ളി എഴുത്തുപള്ളിയിൽ കൊണ്ടുചെന്നാക്കും. എഴുത്തച്ഛൻ ഒരു ദുർവ്വാസാവായിരുന്നു. വികൃതികളിച്ചാലും പാഠം തെറ്റിച്ചൊല്ലിയാലും ചൂരൽകൊണ്ടു നല്ല പെട വെച്ചുകൊടുക്കും. അടി കിട്ടിയാൽ കുഞ്ഞപ്പു പിന്നേയും പഴയ പരിപാടി തുടങ്ങും. കൃഷ്ണൻമാസ്റ്റർ പിന്നേയും പുതിയ കുപ്പായം തുന്നിച്ചു തരാമെന്നും മറ്റും പറഞ്ഞു പ്രലോഭിപ്പിച്ച് അവനെ എഴുത്തുപള്ളിയിലേക്കെഴുന്നള്ളിക്കും. അങ്ങനെ മൂന്നുനാലു

കൊല്ലം കഴിഞ്ഞു. കുഞ്ഞപ്പുവിന്റെ ഒഴിഞ്ഞ പോക്കുവരവുകളും എഴുത്തച്ഛന്റെ പ്രഹരപരിപാടിയും മുറയ്ക്കു നടന്നുകൊണ്ടുമിരുന്നു.

ഒരു ദിവസം ഏതോ ഒരു കുസൃതിക്കാരൻ ചങ്ങാതി കുഞ്ഞപ്പുവിന് ഒരു വിദ്യ ഉപദേശിച്ചുകൊടുത്തു. ചൂരൽവടിയിൽ മൂത്രമൊഴിച്ചു വെയിലത്തു വെച്ചുണക്കിയെടുത്താൽ ആ വടികൊണ്ടടിക്കുമ്പോൾ വടി പൊട്ടിച്ചിതറിപ്പോകുമെന്ന്. കുഞ്ഞപ്പു പിറ്റേന്നു രാവിലെ പതിവിലും നേരത്തെ പള്ളിക്കൂടത്തിലെത്തി. മേശയിൽനിന്ന് എഴുത്തച്ഛന്റെ ചൂരൽ തപ്പിയെടുത്ത് ഒരു മൂലയിൽ ചെന്നിരുന്നു മൂത്രമൊഴിക്കുന്ന മുഹൂർത്തത്തിൽ, കിട്ടി, പുറത്ത് ഒരുക്കൻപ്രഹരം. കുഞ്ഞപ്പു ചാടിയെണീറ്റു തിരിഞ്ഞുനോക്കിയപ്പോൾ എഴുത്തച്ഛന്റെ വിശ്വരൂപം! കൊടുത്തു ആ മൂത്രച്ചൂരൽകൊണ്ടു തന്നെ ഗുരുനാഥന്റെ നെഞ്ചത്തു മൂന്നുനാലു പെട. (സ്ലേറ്റും പുസ്തകവും വലിച്ചെറിഞ്ഞ് അന്നു പോന്നതാണ്. പിന്നെ എഴുത്തുപള്ളിയിൽ ചവിട്ടിയിട്ടില്ല.)

കൃഷ്ണൻമാസ്റ്റർ ഈ സംഭവം അറിഞ്ഞപ്പോൾ പുത്രവാത്സല്യം പുറത്തെറിഞ്ഞു. കുഞ്ഞപ്പുവിനെ പിടിച്ചു തൂണിനോടു കെട്ടിയിട്ടു മുണ്ടഴിച്ച് അവന്റെ തുടയിലും ചന്തിയിലും കാഞ്ഞിരവടികൊണ്ട് ഒരു നൂറു പ്രഹരം പാസ്സാക്കിക്കൊടുത്തു.

അന്നു വൈകുന്നേരം കുഞ്ഞപ്പു വീടുവിട്ട് ഒളിച്ചോടിപ്പോയി. എവിടെയൊക്കെയോ തെണ്ടിത്തിരിഞ്ഞു. വിശപ്പു സഹിക്കാതായപ്പോൾ പിറ്റേന്നു വൈകുന്നേരം വാലും ചുരുട്ടി നായയെപ്പോലെ വീട്ടിലേക്കുതന്നെ മടങ്ങി വന്നു.

അതാണ് കുഞ്ഞപ്പുവിന്റെ പൂർവ്വചരിത്രം.

കുഞ്ഞപ്പു ജോലിക്കൊന്നും പോകാതെ ഇപ്പോഴും അങ്ങനെ അലഞ്ഞു നടക്കുകയാണ്. 'കുലത്തിൽ പിറന്ന കുരങ്ങ്' എന്ന മുദ്രകുത്തി കുഞ്ഞപ്പുവിനെ കൃഷ്ണൻമാസ്റ്റർ മരം കേറാൻ വിട്ടിരിക്കയാണ്.

കന്നിപ്പറമ്പിൽ കുടിപാർക്കാൻ വന്ന ദിവസം തന്നെ കുഞ്ഞപ്പുവിന്റെ ഒരു കലാപ്രകടനമുണ്ടായി. മാക്കോത കള്ളുചെത്തുന്ന തെങ്ങിന്റെ കുരലിൽ പ്രതിഷ്ഠിച്ച മാട്ടയ്ക്കു സൂത്രം പിടിച്ച് ഒരേറു വെച്ചുകൊടുത്തു. മാട്ട പൊട്ടി അതിനകത്തെ മദ്യം ധാരയായി താഴോട്ടു പതിച്ചു. മ്ലേപോട്ടു നോക്കി വായും പിളർന്നു നിൽക്കുന്ന കുഞ്ഞപ്പു ആ അമൃതധാര കിട്ടിയിടത്തോളം ആസ്വദിച്ചു.

കുഞ്ഞപ്പു ഒരു കല്ലേറു വിദഗ്ദ്ധനാണ്. പൊക്കത്തിൽ നിൽക്കുന്ന മാവിലെ മാമ്പഴക്കുലയിൽ നടുവിലത്തെ മാങ്ങയിൽത്തന്നെ സൂത്രം പിടിച്ച് എറിഞ്ഞുവീഴ്ത്തിക്കളയും. തരംകിട്ടിയാൽ തെങ്ങിന്മേൽനിന്നു തേങ്ങയും എറിഞ്ഞിടും—പെറുക്കിക്കൊണ്ടുപോയി വിൽക്കാൻ. ഇടതുകൈ പൊക്കി അർജ്ജുനനൃത്തത്തിലെന്നപോലെ വലത്തോട്ട് അൽപം ആഞ്ഞുനിൽക്കുന്ന കുഞ്ഞപ്പുവിന്റെ വലംകൈയിലെ ഉരുളൻകല്ല് 'ഭ്രൂം്ംം്ംം' എന്നൊരു ഗംഭീര മൂളലോടെ വായുവിലൂടെ പൊങ്ങി ലക്ഷ്യത്തിലേൽക്കുന്നത് ഒരത്ഭുതദൃശ്യം തന്നെയായിരുന്നു.

കുഞ്ഞപ്പുവിന്റെ മറ്റൊരു കലാവിദ്യ വായിൽ വിരലുകൾ കുത്തിത്തിരുകിക്കൊണ്ടുള്ള വിസിലടിയാണ്. കാതു തുളയ്ക്കുന്ന ആ ചൂളംവിളി ഒന്നൊന്നരമൈൽ ദൂരം കേൾക്കും.

മൂപ്പരുടെ പ്രിയപ്പെട്ട വിനോദം ഞണ്ടുപിടുത്തമാണ്. ഒരു തെങ്ങോലപ്പാന്തത്തിന്റെ അറ്റത്ത് ഇര കോർത്തുകെട്ടി, വെള്ളത്തിൽ താഴ്ത്തിയിട്ട്, പുഴക്കരയിൽ അട്ടിയിട്ട

മരത്തടികളുടെ മീതെ, ഞണ്ടിനെ ധ്യാനിച്ചുകൊണ്ടു മണിക്കൂറുകളോളം അങ്ങനെ കുത്തിയിരിക്കും. കുഞ്ഞപ്പുവിനെ ശാന്തനായി കാണുന്നത് ഈ സന്ദർഭത്തിൽ മാത്രമാണ്.

കൃഷ്ണൻമാസ്റ്ററുടെ രണ്ടാമത്തെ മകൻ ഗോപാലൻ പ്രായേണ ശാന്തശീലനാണ്. ബുദ്ധിസാമർത്ഥ്യവുമുണ്ട്. എന്നാൽ, സ്കൂൾവിദ്യാഭ്യാസത്തോട് എന്തോ ഒരു വിരക്തി. എട്ടാംതരംവരെ പഠിച്ചു. പിന്നെ അച്ഛൻ എത്ര തന്നെ നിർബന്ധിച്ചിട്ടും സ്കൂളിൽ പോയില്ല. മക്കളെ വിദ്യാഭ്യാസം ചെയ്യിച്ച് ഉയർന്നനിലയ്ക്കെത്തിക്കണം എന്ന കൃഷ്ണൻമാസ്റ്ററുടെ മോഹനസ്വപ്നം മങ്ങി. കൃഷ്ണൻമാസ്റ്റർ ഗോപാലനെ, പുഴക്കരയിലെ കുഞ്ഞാണ്ടിമുതലാളിയുടെ മരപ്പാണ്ടികശാലയിൽ മരക്കണക്കു പരിശീലിപ്പിക്കാൻ കൊണ്ടുചെന്നാക്കിയിരിക്കയാണ്.

ചെറിയ മകൻ രാഘവൻ, രണ്ടുമൂന്നു കൊല്ലമായി ബാലാരിഷ്ട ബാധിച്ച് അവശനിലയിൽ കിടക്കുന്നു. പല ചികിത്സകളും ചെയ്തുനോക്കി. രോഗം പഴയ നിലയിൽത്തന്നെ. കുട്ടിമാളുവിന്റെ സ്നേഹശുശ്രൂഷകൾ മാത്രമാണ് കുഞ്ഞിന് ഒരു ആശ്വാസം.

വീട്ടുവേലയിൽ കുട്ടിമാളുവിനെ സഹായിക്കാൻ അവളുടെ അച്ഛൻ നാട്ടിൻപുറത്തുനിന്ന് ഒരു വാല്യക്കാരിയെ അയച്ചുകൊടുത്തു.

കുട്ടിമാളുവിന് ഓക്കാനവും ഛർദ്ദിയും തുടങ്ങിയപ്പോൾ കൃഷ്ണൻമാസ്റ്റർക്ക് ഉള്ളിൽ ആനന്ദവും, രാഘവന്റെ സ്ഥിതിയോർത്തപ്പോൾ വിഷാദവും അങ്കുരിച്ചു. മൂന്നുനാലുമാസം കഴിഞ്ഞാൽ കുട്ടിമാളുവിനെ പ്രസവത്തിനു വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോകും. പിന്നെ രാഘവനെ നോക്കി ശുശ്രൂഷിക്കാനാരാണ്?

നാലുമാസം കഴിഞ്ഞു. കുട്ടിമാളുവിനെ പ്രസവത്തിന് ഇലഞ്ഞിപ്പൊയിലിലേക്കു കൂട്ടിക്കൊണ്ടുപോയി.

ഭാര്യയുടെ അഭാവത്തിൽ രാഘവനെ ശുശ്രൂഷിക്കാനും, വീട്ടുകാര്യങ്ങൾ നോക്കിനടത്താനും, കൃഷ്ണൻമാസ്റ്റർ തന്റെ ഒരകന്ന ചാർച്ചയിൽപ്പെട്ട പെങ്ങളായ ചിരുതക്കുട്ടിയെ കൂട്ടിക്കൊണ്ടുവന്നു. നാലുപ്രാവശ്യം വിവാഹംകഴിച്ച് നാലുപ്രാവശ്യവും വിധവയായി അഞ്ചാമത്തെ ഇരയും കാത്തു പുരയിലിരിക്കുന്ന, പ്രസവിക്കാത്ത ഒരു മുപ്പതുകാരിയായിരുന്നു ചിരുതക്കുട്ടി.

ഹൈസ്കൂളിലെ സമയം കഴിഞ്ഞാൽ കൃഷ്ണൻമാസ്റ്റർക്ക് രണ്ടുമൂന്നു സ്ഥലങ്ങളിൽ ട്യൂഷൻ പഠിപ്പിക്കാനുണ്ടായിരുന്നു. റെയിൽവേജോലിക്കാരായ ചട്ടക്കാരുടെ (ആംഗ്ലോ ഇന്ത്യക്കാർ) ബംഗ്ലാവുകളിൽ. അതെല്ലാം കഴിഞ്ഞു വീട്ടിലെത്തുമ്പോൾ രാത്രി മണി ഒമ്പതായിട്ടുണ്ടാവും.

വീട്ടിൽ വന്നുകേറിയ ഉടനെ കേൾക്കുന്നത് കുഞ്ഞപ്പുവിനെപ്പറ്റിയുള്ള ചിരുതക്കുട്ടിയുടെ പരാതികളായിരിക്കും. കുട്ടിമാളുവിന്റെ പെട്ടി കള്ളത്താക്കോലിട്ടു തുറക്കാൻ നോക്കി, ചോറിനു കൂട്ടാൻ പച്ചക്കറി മാത്രമേ ഉള്ളുവെന്നു കേട്ടപ്പോൾ മുറ്റത്തു കൊത്തിപ്പെറുക്കി നടന്നിരുന്ന കോഴിയെ എറിഞ്ഞുകൊന്ന് ഉടൻ കറിവെച്ചുകൊടുപ്പാൻ കൽപിച്ചു എന്നും മറ്റുമുള്ള ആക്ഷേപങ്ങളായിരിക്കും. എന്നാൽ, വിളിച്ചു ചോദിക്കാനോ ശാസിക്കാനോ പ്രതിയെ നാലയൽപക്കത്തു തിരഞ്ഞാലും കണ്ടുകിട്ടുകയുമില്ല.

കൃഷ്ണൻമാസ്റ്റർ വലിയ ഈശ്വരഭക്തനാണ്. പുലർച്ചെ ഉണർന്നെഴുന്നേറ്റിരുന്ന് സംസ്കൃതകീർത്തനങ്ങൾ ചൊല്ലും. പിന്നെ കുളിയും ജപവും ധ്യാനവും

കഴിഞ്ഞെഴുന്നേൽക്കുമ്പോൾ മിക്ക സമയത്തും അയൽപക്കക്കാരാരെങ്കിലും താടിയും ചൊറിഞ്ഞുകൊണ്ടു കോലായിൽ കാത്തുനിൽക്കുന്നുണ്ടാവും; ഹർജി എഴുതിക്കാൻ—അലെ്ലങ്കിൽ എന്തെങ്കിലും കാര്യത്തെപ്പറ്റി വിദഗ്ദ്ധോപദേശം തേടാൻ. (നിരക്ഷരരും പാവങ്ങളുമായ അതിരാണിപ്പാടത്തെ ബഹുജനം കൃഷ്ണൻമാസ്റ്ററിൽ സർവ്വജ്ഞനായ ഒരു ഉപദേഷ്ടാവിനെ കണ്ടെത്തിയിരുന്നു.) കൂട്ടത്തിൽ അവർ അൽപം നേരമ്പോക്കിന്റെ മട്ടില് മാസ്റ്ററുടെ മൂത്തമകന്റെ ചില വിക്രിയകളെപ്പറ്റിയും പറയും. കുഞ്ഞപ്പു രാത്രി തെങ്ങില് കയറി കള്ളു കട്ടുകുടിച്ചു. പെണ്ണുങ്ങളെ നോക്കി തോന്ന്യാസപ്പാട്ടു പാടി. ചൂളം വിളിച്ചു. അങ്ങനെ തുടങ്ങിയ ആക്ഷേപങ്ങൾ. അതു കേൾക്കുമ്പോൾ കൃഷ്ണൻമാസ്റ്ററുടെ അഭിമാനബോധം മങ്ങും. സ്വന്തം മകനെ പറഞ്ഞു നന്നാക്കാൻ കഴിയാത്ത മനുഷ്യനാണോ മറ്റുള്ളവർക്ക് ഉപദേശംകൊടുക്കുന്നത് എന്നോർക്കുമ്പോൾ മാസ്റ്ററുടെ മനസ്സു കുഴയും...കുഞ്ഞപ്പു അപ്പോൾ പുഴക്കരയിലെ മരത്തടിപ്പുറത്തു മുണ്ടുംമടക്കിക്കുത്തിയിരുന്നു ഞണ്ടുപിടുത്തം നടത്തുകയായിരിക്കും.

മൂന്നുമാസം കഴിഞ്ഞു.

ഒരു ദിവസം ആ സന്തോഷവാർത്തയുംകൊണ്ട് ഇലഞ്ഞിപ്പൊയിലിൽ നിന്ന് ആൾ വന്നു. സന്ദേശവാഹകനായ 'ചുണ്ടിന്മേൽ പാണ്ടുള്ള' ചെക്കു അറിയിച്ചു: "ഇന്നു പുലർച്ചയ്ക്കാണു പെറ്റത്. അലമ്പലൊന്നുമുണ്ടായില്ല, ആൺകുട്ടിയാണ്."

കൃഷ്ണൻമാസ്റ്റർ ഉടനെ പഞ്ചാംഗം എടുത്തുകൊണ്ടുവന്നു നിവർത്തി പരിശോധിച്ചു. മീനം 1—ാം തീയതി രോഹിണി നക്ഷത്രം.

പിതാവ് ഒരു കോടിമുണ്ടും കാല്വറുപ്പികയും ചെക്കുവിനു സമ്മാനിച്ചു.

പിന്നേയും മൂന്നുമാസം കഴിഞ്ഞു.

കുട്ടിമാളു കുഞ്ഞിനേയുംകൊണ്ട് കന്നിപ്പറമ്പിൽ വിലസി.

കുഞ്ഞിനു ശ്രീധരൻ എന്നു പേരു വിളിച്ചു.

## 4. പട്ടാളക്കാരൻ

അമ്മാള്വമ്മന്റെ ഉക്കത്തിര്ന്ന് നോക്കി.
വല്യതള്ളക്കോഴീം മക്കളും കൊത്തിപ്പെർക്കി തിന്ന്ണ്. വല്യകോഴിക്ക് ഒരു പാമ്പ്നെ കിട്ടി. കോഴീന്റെ തൊള്ളേല് പാമ്പ് കെടന്നു പെടക്ക്ന്ന്.

ദ് കണ്ടോ് അമ്മാള്വമ്മേ, കോഴീന്റെ തൊള്ളേല് പാമ്പ്. അത് പാമ്പല്ലാ, ചീതരാ, കുരുടിയാണ്—കുരുടി.

ഇന്നാളൊരേസം മരത്തിന്റെ ചോട്ട്ക്കൂടി ഒരു സാതനങ്ങനെ പോകണ്. അമ്മാള്വമ്മ പറഞ്ഞു—പാമ്പാണ് പാമ്പ്!

അതിന് കാല് കാണ്ന്നില്ലലേ്ലാ. പിന്നെങ്ങനാണ് അത് പോണത്?

ചോദിച്ചതു കേട്ട് അമ്മാള്വമ്മ ചിരിച്ചു. അമ്മാള്വമ്മ ചിരിക്കുന്നത് കാണാൻ നല്ല ച്ചേലുണ്ട്—മൂപ്പത്തിക്ക് തൊള്ളേല് ഒരു പല്ലൂല്യ—റവറിന്റെ പന്ത് കീറ്യ പോ്ലുണ്ട് അമ്മാള്വമ്മന്റെ തൊള്ള. അമ്മാള്വമ്മ ചീതരന്റെ കാല്മ്മലൈ വെള്ളിത്തണ്ട തൊട്ടുഴിഞ്ഞു. ന്ന്ട്ട് പറഞ്ഞു, ന്റെ ചീതരൻകുട്ടിക്ക് രണ്ട് കാലലേ്ല ള്ളൂ. പാമ്പ്ന്ന് ആയിരം കാലുണ്ട്. മണ്ണിന്റെ തരിപോലെള്ള ന്ന്റ്ക്കാച്ചിക്കാല്.

(അമ്പടാ ആയിരം കാ്ലുള്ള പാമ്പേ—നീ എവടെക്കാണെടാ പോകുന്നത്—പാമ്പ് കേക്കാതെ പതുക്കെ വിളിച്ചുചോദിച്ചു.)

തള്ളക്കോഴി പ്പം പിടിച്ച് തിന്ന്ന്ന സാതനം കുരുടി ആണ് പോലെ — പാമ്പിന്റെ കുട്ട്യാണോ കുരുടി?

ചോദിച്ചതു കേട്ട് അമ്മാള്വമ്മ അതാ പിന്നേം ചിരിക്കിന്ന്.

മോനേ, കുരുടി കണ്ണ് കാണാത്ത വലെ്യാര് പുയ്യാണ്.

ങ്ഹാ! തള്ളക്കോഴി പുയ്യിനെ മിണങ്ങ്ന്ന്—മുയ്മനും മിണ്ങ്ങാൻ കയ്യിന്നില്ല—കോയിന്റെ തൊള്ളേന്ന് പുയുന്റെ ഒരറ്റം തൂങ്ങിക്കെടന്ന് പെടക്ക്ന്ന്—കോഴി തല താത്തിപ്പിടിച്ച് ചുണ്ട് അങ്ങോട്ടും ങ്ങോട്ടും ആട്ട്ന്ന്... നല്ല രസം—പെട്ക്കെടാ കുരുടി അങ്ങനെ പെടക്ക്—കളിയെടാ കോഴി അങ്ങനെ കളി!

ഈ തമാശ അമ്മനെ ഒന്നു വിളിച്ചു കാട്ടിക്കൊടുത്താലോ? വേണ്ട—അമ്മാള്വമ്മന്റെ ഉക്കത്ത് കേറി ഇരിക്ക്ന്നത് അമ്മ കാണും. അമ്മ ചീത്ത പറയും. ചെക്കൻ വല്താ്യിലേ്യ—എന്തിനാ തള്ളേ, ഓനെ ഉക്കത്ത് പേറി നടക്ക്ന്നത് എന്നു ചോദിച്ച് അമ്മാള്വമ്മനെ അമ്മ ചീത്തപറയും... അമ്മാള്വമ്മയ്ക്കു ചീതരനെ ഉക്കത്ത് എടുത്ത് നടക്കാൻ വല്യഷ്ടാണ്—അമ്മാള്വമ്മന്റെ ഉക്കത്ത് കേറി ഇര്ന്ന് അങ്ങനെ സവാരിചെയ്യാൻ ചീതരന്നും ഷ്ടാണ്...അമ്മാള്വമ്മന്റെ അമ്മിഞ്ഞ പള്ളമ്മലോളം തൂങ്ങിക്കെടക്ക്ന്ന്—അമ്മാള്വമ്മ അമ്മിഞ്ഞ കെട്ടിപ്പൊതിഞ്ഞിട്ടില്ല. ചീതരന്റമ്മ അമ്മിഞ്ഞ എപ്പള്ളും കെട്ടിപ്പൊതിഞ്ഞുവെക്കും—അത് ഒരു കുപ്പായോംണ്ട്—റൗക്ക—

"ള്ളാഹ്ലാ ആ് ആ..............

ചെക്കോർത്ത്—ഒരു പാട്ടലേ്ല അക്കേക്ക്ന്നത്?

എവ്ട്ന്നാണ് ആ പാട്ട്?

നാല് പൊറത്തും നോക്കി. മേലോട്ടും നോക്കി.

തെങ്ങ്ന്റെ കൊരലിലും മാനത്തും ഒക്കെ മഞ്ഞപ്പൊടി വാരി വെതറിട്ടിരിക്ക്ന്ന്.

ദൈവംതമ്പുരാന്റെ പണിയാണ്!

"ള്ഹാഹിലാാാ.......... പാട്ട് പിന്നേം കേക്ക്ന്ന്.

ആരാണ് പാട്ട് പാട്ന്നത് അമ്മാള്വമേ?

കണ്ണുപൊട്ടൻ പട്ടാണ്യാണ് മോനേ—അമ്മാള്വമ്മ നെരത്ത്മ്മലേക്ക് ചൂണ്ടിക്കാണിച്ചു.

പട്ടാണീന്ന് കേട്ടപ്പം ഒന്നു പേടിച്ചു. പട്ടാണി കുട്ട്യേളെ പിടിക്കുന്ന് അമ്മ പറഞ്ഞിട്ടുണ്ട്. പിന്നെ മിണ്ടീല.

ന്നാലും ആ പാട്ട് കേക്കാനൊരു രസം. നെരത്ത്മ്മേലേക്ക് നോക്കി—ഒന്നും കാണ്ന്നില്ല. വേലിമ്മലൊക്കെ വല്യ മൈലാഞ്ചിക്കാടാണ്.

(എവ്ട്ന്നോ വര്ന്ന ഉമ്മച്ചിക്കുട്ട്യോള് വേലകൊണ്ടുപോകും. കുത്തിപ്പിഞ്ഞ് നകത്ത്മ്മലും ഉള്ളകൈയ്യിലും ഒക്കെ തേക്കാന്നാണ് പോലെ—അമ്മാള്വമ്മ പറഞ്ഞതാണേയ്—)

പാട്ട് ഒറക്കെ കേക്ക്ന്ന്—ക്ളീംച്ച്ലീംന്നൊരു മൂളിക്കിലുക്കോം... ചീതരന്ന് പാട്ട്കാരനെ കാണണം —അമ്മാള്വമ്മന്റെ പള്ളക്ക് കുത്തി ഒറക്കെ പറഞ്ഞു.

അമ്മാള്വമ്മ വേലിമ്മലെ മൈലാഞ്ചിപ്പീലി നീക്കിപ്പിടിച്ചുതന്നു. വേലീന്റെ എടേക്കൂടി പാത്തുനോക്കി. ങ്ഹാ! പാട്ട്കാരനെ കണ്ടുപോയ്! അമ്മാള്വമ്മന്റെ പള്ളമ്മല് ഒരു കുത്തുകൊടുത്തു—പിന്നേം നോക്കി.

പാട്ട്കാരൻ വല്യ ഒരാളാണ്—നീണ്ട വെള്ളക്കുപ്പായം (അങ്ങനത്തെ ഒരു കുപ്പായം ചീതരനുംണ്ട്)! തലേല് ഒരു ചൊകന്ന തൊപ്പീം (ചീതരന്റച്ഛന്റെ തൊപ്പി കറ്ത്ത തൊപ്യാണ്) കൈയിലൊരു വടീം. വടീമ്മല് ചെലങ്ക കെട്ടീട്ടുണ്ട്—ആ ചെലങ്കവടി നെലത്ത് കുത്ത്മ്പളാണ് ക്ളീം ച്ച്ലീം ക്ളീം ച്ച്ലീം എന്ന ഒച്ച.

"ലാഹ്ളാഹ്ല്ലാ ാ ാ ാ ാ ാ....." പാട്ടു കേട്ടാല് സങ്കടം തോന്നും. പര്ന്തിന്റെ കരച്ച്ല് പോലെ.........

വീർപ്പടക്കിപ്പിടിച്ചു നോക്കി.

അയാളെന്താണു പാടുന്നത് അമ്മാള്വമ്മേ?

അത് മാപ്പളമ്മാരെ പാട്ടാണ് ചീതരാ.

എന്ത്നാ അയാളങ്ങനെ പാട്ന്നത്?

പാട്ടു പാട്യാല് ആളോള് അയാക്ക് പൈസ കൊടുക്കും.

എന്ത്നാ അയാക്ക് പൈസ?

അയാള് കണ്ണുപൊട്ടനാണു മോനേ—അയാക്ക് ഒന്നും കാണാൻ കയ്യൂല.

പാവം പട്ടാണി! അയാക്ക് ഒന്നും കാണാൻ കയ്യൂല.

തള്ളക്കോഴി കുരുടീനെ മിണ്ങ്ങ്ന്നതും തെങ്ങിന്റെ കൊരലിലും മാനത്തും ദൈവംതമ്പുരാൻ മഞ്ഞപ്പൊടി വിതറ്ന്നതും ഒന്നും കാണാൻ കയ്യൂല. അമ്മാള്വമ്മന്റെ ഉക്കത്തിരിക്ക്ന്ന ചീതരനേം അയാക്ക് കാണാൻ കയ്യൂല.

അയാളെ കണ്ണ് എവടെപ്പോയി അമ്മാള്വമ്മേ?

പൊട്ടിപ്പോയി മോനേ.

എങ്ങനെ പൊട്ടിപ്പോയി?

കുരിപ്പ്ണ്ടായിട്ട് പൊട്ട്യേതാവും.

എന്താണ് കുരിപ്പ്?

അതൊര് ചീത്ത ദണ്ണാണ്. മേത്തോക്കെ ചീഞ്ഞ കുരു പൊന്തും. കുരു കണ്ണിൽ പൊന്തിയാല് കണ്ണു പൊട്ടിപ്പോകും.

കണ്ണ് പൊട്ട്യാല് പിന്നെ ഒരിക്കലും കാണൂലേ?

ഉത്തരമില്ല.

അമ്മാള്വമ്മന്റെ മൊകത്തേക്ക് നോക്കി.

അമ്മാള്വമ്മന്റെ കണ്ണീന്ന് കണ്ണീരൊലിക്ക്ന്ന്.

അമ്മാള്വമ്മക്കു കരയാനും അറിയാം.

എന്തിനാ അമ്മാള്വമ്മേ കരയുന്നത്?

ന്റെ കോവാലൻ—ഹ്ങ് ഹ്ങ് ഈങ്.....

കോവാലനെവടെപ്പോയി?

ന്റെ കോവാലൻ ചത്തുപോയി മോനേ. ഹ്ങ് ഹ്ങ്......

കുരിപ്പ്ണ്ടായിട്ടാണ് ചത്തത്—ഹ്ങ് ഹ്ങ് ഈ.....

ന്റെ ചീതരങ്കുട്ട്യേപ്പോലെത്തന്നെണ്ടായിരുന്നു കോവാലൻ.

അമ്മാള്വമ്മ കരയിന്നതു കണ്ടപ്പം ചീതരനും കരച്ചില്വന്നു.

ചീതരൻ ഉറക്കെ കരഞ്ഞു.

“അമ്മാളുഅമ്മേ.........” ശ്രീധരന്റെ അമ്മ വിളിക്കുന്നു.

അമ്മാളുഅമ്മ ഉടനെ ശ്രീധരനെ ഒക്കത്തുനിന്നു താഴെ ഇറക്കിവച്ചു. കണ്ണും മുഖവും തുടച്ചു.

ശ്രീധരൻ അപ്പോഴും എന്തിനെന്നറിയാതെ തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടിരുന്നു.

“അമ്മാളുഅമ്മേ, എന്തിനാണു കുഞ്ഞിനെ കരയിക്കുന്നത്?” ശ്രീധരന്റെ അമ്മ അടുക്കളയിൽനിന്നു വിളിച്ചുചോദിച്ചു.

അമ്മാളുഅമ്മയുടെ സങ്കടം പോയി, പരിഭ്രമമായി. “ന്റെ മോൻ കരേണ്ട.” തള്ള ശ്രീധരനെ ആശ്വസിപ്പിക്കാൻ ആവുന്നതും ശ്രമിച്ചു. ശ്രീധരനു കരച്ചിൽ ഒതുക്കാൻ കഴിഞ്ഞില്ല. അവൻ വിതുമ്മിവിതുമ്മിക്കരഞ്ഞു......

“കരയണ്ടാ. അതാ, നോക്ക്, ഒരു പട്ടാളക്കാരൻ!”

അമ്മാളുഅമ്മ പടിക്കലേക്കു ചൂണ്ടിക്കാണിച്ചു.

ശ്രീധരൻ ജനിച്ചിട്ട് അഞ്ചാറുകൊല്ലം കഴിഞ്ഞിരിക്കുന്നു.

അവൻ അമ്മയുടെ മടിയിൽ ചാഞ്ഞ് അമ്മിഞ്ഞ നുണഞ്ഞുകൊണ്ടു മിഴികൾ ചിമ്മിയും തുറന്നും സ്വയം അദ്ഭുതങ്ങൾ പ്രകടിപ്പിക്കുമ്പോൾ—പായിൽ കിടന്നു. ശൈശവത്തിന്റെ അവ്യക്തസ്വപ്നങ്ങളിലാറാടി കൈകാലുകളിളക്കിക്കളിക്കുമ്പോൾ—മുട്ടിട്ടിഴയുമ്പോൾ—പിച്ചവെച്ചു നടക്കുമ്പോൾ—പ്രകൃതിയിലെ സൃഷ്ടികളെയും

പ്രതിഭാസങ്ങളെയും കൗതുകത്തോടെ വീക്ഷിച്ചു. ഞഞ്ഞം മിഞ്ഞം മൊഴിയുമ്പോൾ.........
കന്നിപ്പറമ്പിലും അതിരാണിപ്പാടത്തും ദേശത്തിലും, ഇന്ത്യയിലും ലോകത്തിലും പല പ്രധാനസംഭവങ്ങളും നടക്കുന്നുണ്ടായിരുന്നു. കൃഷ്ണൻ മാസ്റ്ററുടെ മകൻ രാഘവൻ രോഗത്തിൽ അലിഞ്ഞലിഞ്ഞ് ഒടുവിൽ മൺകുഴിയിൽ മറഞ്ഞു. ഒന്നാം ലോകമഹായുദ്ധം പൊട്ടി. ദേശത്തിലെ പ്രമുഖ തറവാടായ കേളഞ്ചേരിയിലെ കാരണവർ കേളുമേലാൻ അന്തരിച്ചു. മകൻ ചന്തുക്കുട്ടിമേലാൻ കാരണവരായി. ഇന്ത്യൻ ഭരണപരിഷ്കാരത്തിന്റെ പേരിൽ മോൺടേഗ്—ചെംസ്ഫോർഡ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി. കൃഷ്ണൻമാസ്റ്ററുടെ വൃദ്ധയായ മാതാവ് ഇഹലോകവാസംവെടിഞ്ഞു. ആനിബസൻറ് മദാമ്മ ദേശത്തിൽ വന്നു പ്രസംഗിച്ചു.......കുഞ്ഞപ്പു പട്ടാളത്തിൽച്ചേർന്നു. പല യുദ്ധരംഗങ്ങളും കണ്ട് ഒടുവിൽ കടലും കടന്ന് അറേബ്യയിലെ മെസൊപ്പൊട്ടേമ്യായിലെത്തി......

കുഞ്ഞപ്പു, യുദ്ധവും കഴിഞ്ഞു മിലിട്രിയിൽനിന്നും പിരിഞ്ഞു വീട്ടിലേക്കു മടങ്ങിവരുന്ന വരവാണ് അമ്മാളുഅമ്മ ശ്രീധരന്റെ ശ്രദ്ധയിൽപ്പെടുത്തിയത്.

പടിക്കൽനിന്ന് പ്ഠാ പ്ഠാ ശബ്ദവും കുലുക്കങ്ങളും കേട്ടു ശ്രീധരന്റെ അമ്മ അടുക്കളയിൽനിന്നു കോലായിലേക്കു വന്ന് ഒന്നെത്തിനോക്കി. കനത്തെ ബൂട്ട്സ്, പ്ധാപ്ഠാപ്ധാ എന്നു നിലത്തു ചവിട്ടി ഒച്ചപ്പെടുത്തിക്കൊണ്ട്, കാക്കിയുടുപ്പും കോളാമ്പിത്തൊപ്പിയും ധരിച്ച ഒരുത്തൻ കൈയിൽ ചെറിയൊരു ചൂരൽവടിയും വീശിക്കൊണ്ടു പടികേറിവരുന്നു. തലയിലും തോളത്തും കൈയിലും എടുക്കപ്പേറെ ചുമടുകളുമായി രണ്ടു റെയിൽവേ കൂലിപ്പോർട്ടർമാരും പിന്നാലെ നീങ്ങുന്നു.

കുഞ്ഞപ്പു ആൾ വളരെ മാറിയിട്ടുണ്ട്! കുറേക്കൂടി കറുത്തു ചീർത്തിരിക്കുന്നു. മൂക്കിന്റെ താഴെ ഒരുക്കൻ കൊമ്പൻമീശയും കാണുന്നു.

മാരിവില്ലിന്റെ വർണ്ണത്തിലുള്ള പട്ടുനാടയിൽ കെട്ടിത്തൂക്കിയ ഓവർസീസ് സൈനികസേവനചിഹ്നങ്ങളായ മെഡലുകൾ കുപ്പായത്തിന്റെ മാറിൽ മിന്നുന്നു.

പെട്ടിഭാണ്ഡങ്ങളും, കെട്ട്കൊട്ടകിറ്റ്സഞ്ചികളും മറ്റും കോലായിൽ നിക്ഷേപിച്ച് പോർട്ടർമാർ നിവർന്നുനിന്നു നെടുവീർപ്പയച്ച് നെറ്റിയിലെ വിയർപ്പുതുടച്ചു. പ്രതീക്ഷയോടെ നോക്കി. കുഞ്ഞപ്പു കാക്കിക്കളസത്തിന്റെ ആസനക്കീശയിൽ തപ്പി. മെക്കപള്ളിയുടെ ചിത്രം പതിച്ച ഒരു ചെറിയ തുകൽ സഞ്ചി പുറത്തെടുത്തു തുറന്ന് അതിൽനിന്നു വിക്ടോറിയാ മഹാറാണിയുടെ തലയുള്ള വെള്ളിയുറുപ്പികകൾ നുള്ളിയെടുത്ത് ഓരോ നാണ്യം ഓരോ പോർട്ടറുടെ കൈയിലേക്കും ഇട്ടുകൊടുത്തു.

പട്ടാളക്കാരനെ കണ്ടു പേടിച്ച ശ്രീധരൻ അമ്മയുടെ പിറകിൽ പതുങ്ങി നിന്നു.

കുഞ്ഞപ്പു സാമാനക്കൂമ്പാരത്തിൽനിന്ന് ഒരു സഞ്ചി തിരഞ്ഞെടുത്ത് അതിൽനിന്നു ചെറിയൊരു ടിൻപെട്ടി നീക്കി കൈയിൽ പൊക്കിപ്പിടിച്ച് 'ശ്രീധരാ!' എന്നൊരു വിളി.

ശ്രീധരൻ പിറകിൽനിന്ന് അമ്മയുടെ കാലുകൾ കെട്ടിപ്പിടിച്ച് ഒളിച്ചു കളഞ്ഞു.

"ചെല്ല് മോനേ, ചെല്ല്—വലേ്യട്ടനാണ്." അമ്മ പിറകിൽനിന്നു ശ്രീധരനെ പിടിച്ചു മുമ്പോട്ടു തള്ളി: "മിഠായിയാണ്; വാങ്ങിക്കോ."

അമ്മയുടെ അനുനയവും മിഠായിയെന്നു കേട്ടപ്പോഴുണ്ടായ കൊതിയും ശ്രീധരനെ ഇളക്കി. അവൻ അൽപം ലജ്ജയോടെ മുഖം താഴ്ത്തി കൈനീട്ടി വലേ്യട്ടന്റെ കൈയിൽനിന്നു മിഠായിപ്പെട്ടി വാങ്ങി.

"എടാ, നീ വലുതായിപ്പോയലേ്ലാ!" വലേ്യട്ടൻ ശ്രീധരന്റെ മുഖം പിടിച്ചുയർത്തി

ചെള്ളയിൽ വാത്സല്യത്തോടെ ഒന്നു തലോടി.

പട്ടാളത്തിൽപ്പോയ കുഞ്ഞപ്പു വന്നിരിക്കുന്നു എന്ന വാർത്ത അല്പനേരംകൊണ്ട് അതിരാണിപ്പാടത്തു മുഴുവൻ ഒരിളക്കം സൃഷ്ടിച്ചു. കുഞ്ഞപ്പുവിനെ കാണാൻ കിഴവികളും കുട്ടികളും കന്നിപ്പറമ്പിൽ മണ്ടിയെത്തി. ചെറുപ്പക്കാരികൾ വേലിക്കൽ വന്നു നിന്ന് എന്തിവലിഞ്ഞു നോക്കി.

കോലായിൽ കൂട്ടിയിട്ട ലഗേജുകളിൽ ചിലവയ്ക്ക് അധികം വലുപ്പവും കനവും സംഭാവനചെയ്തത് ഭക്ഷണടിന്നുകളായിരുന്നു. മിലിട്രി ക്യാൻറീനിൽനിന്നു കിട്ടിയ റേഷനിൽപ്പെട്ട സകല ഭക്ഷണടിന്നുകളും കുഞ്ഞപ്പു കടലും കടത്തി കൂടെ കൊണ്ടുവന്നിട്ടുണ്ട്. പല്ലക്കട്ടി, വെണ്ണ, ഒലിവെണ്ണയിൽ സൂക്ഷിച്ച മത്തി—അങ്ങനെ പല ഭക്ഷ്യവസ്തുക്കളും. ആ തുത്തനാക ടിന്നുകളിൽ പലതിന്റെയും ഉള്ളടക്കം പഴകി നാറി പഴുത്തുതുടങ്ങിയിരുന്നു. ആ തീൻടിന്നുകൾ ഓരോന്നും തുറക്കുമ്പോൾ പുറപ്പെട്ട നാറ്റംകാരണം കന്നിപ്പറമ്പിന്റെ ഒരു വിളിപ്പാടു ചുറ്റുമുള്ള ആളുകൾക്കു മൂക്കുപൊത്തി നടക്കേണ്ടിവന്നു. നാറ്റം ഒരിക്കൽ തുറന്നു വിട്ടാൽ, പിന്നെ പിടിച്ചൊതുക്കാൻ സാദ്ധ്യമല്ലല്ലോ. കുഞ്ഞപ്പുവിനു മൂന്നു മാസത്തേക്കു തിന്നാനും, അതിരാണിപ്പാടത്തെ ആളുകളെ മൂന്നുമാസത്തേക്കു മൂക്കുപൊത്തി നടത്തിക്കാനുമുള്ള വഹ ആ വിദേശടിന്നുകളിൽ നിക്ഷേപിക്കപ്പെട്ടിരുന്നു.

# 5. പിറന്നാൾസദ്യയും പട്ടാളക്കഥയും

ദേശം മുഴുവനും ഇളകിയിരിക്കുന്നു. സംഭവം: കേളഞ്ചേരി ചന്തുക്കുട്ടി മേലാന്റെ പിറന്നാളാഘോഷം.

സാധുക്കൾക്ക് അന്നദാനം; സാധാരണക്കാർക്കു സദ്യ; ബ്രാഹ്മണർക്ക് ഊട്ടും ദക്ഷിണയും.

സർവ്വാണിസദ്യയ്ക്കു വെച്ചൊരുക്കിയ ചോറ് മുറ്റത്തെ മൂലയിൽ വെള്ളാരം കുന്നുപോലെ പൊങ്ങിനില്ക്കുന്നു. കറികൾ തയ്യാറാക്കി ഒഴിച്ചു വെച്ചിരിക്കുന്നത് പ്രത്യേകം പണിയുണ്ടാക്കിയ രണ്ടു വലിയ തോണികളിലാണ്. (ചുറ്റുപാടും കോട്ടപോലെ കെട്ടിയുയർത്തിയ കന്മതിലുകളോടുകൂടിയ കേളഞ്ചേരിയിലേക്ക് ഈ തോണികൾ കടത്തിക്കൊണ്ടുവന്നത് പടിഞ്ഞാറുഭാഗത്തെ മതിൽ കുറച്ചുപൊളിച്ച് അവിടെ പുതുതായി തീർത്ത ആനവാതിലിലൂടെയാണ്.)

ചോറും കറികൾക്കും പുറമേ, ഇലമൂടിപ്പപ്പടം, ശർക്കരഉപ്പേരി, പൂവൻപഴം തുടങ്ങിയ വിശിഷ്ടവിഭവങ്ങളും, സർവ്വാണിസദ്യയിലെ ഇലകളിൽ വിളമ്പിക്കൊടുക്കും. പെണ്ണുങ്ങളും കുട്ടികളും ഇരിക്കുന്ന പന്തിയിലാണ് ഏറ്റവുമധികം തിരക്ക്. വലുപ്പച്ചെറുപ്പം നോക്കാതെ ഓരോ കുട്ടിക്കും വെവ്വേറെ ഇല വെച്ചിട്ടുണ്ടായിരിക്കും. ചോറും കറിയും വിഭവങ്ങളും വിളമ്പിക്കിട്ടിയാൽ അത് അവർക്കു മുണ്ടിൽ പൊതിഞ്ഞുകെട്ടി പുരയിലേക്കു കൊണ്ടുപോകാം.

വിളമ്പുകാരുടെ പിറകേ ഒരു കൈയിൽ ഒരു ചെമ്പുപാത്രവും മറ്റേ കൈയിൽ ഒരു കുഴിയലുമായി ഒരു വിദ്വാൻ നീങ്ങുന്നുണ്ടാവും. ഇലയിൽ എല്ലാം വിളമ്പിക്കഴിഞ്ഞാൽ, അയാൾ കുഴിയൽകൊണ്ട് ചെമ്പുപാത്രത്തിലെ എളെള്ളണ്ണ കുറച്ചു മുക്കിയെടുത്ത് ഇലയുടെ അവകാശിയായ സ്ത്രീയുടെ മൂർദ്ധാവിൽ ഒഴിച്ചുകൊടുക്കും. സദ്യ വാങ്ങിയ പെണ്ണുങ്ങൾ അതു പുരയിൽ കൊണ്ടുപോയി നിക്ഷേപിച്ച് പിന്നെയും സദ്യ തട്ടാൻ വന്നിരിക്കയാണെങ്കിൽ കണ്ടുപിടിക്കാനുള്ള ഒരു സൂത്രംകൂടിയാണ് ഈ എണ്ണദാനം.

കൗശലക്കാരികളായ ചില കെളവികളുണ്ട്: കാൽമുട്ടു പൊക്കിവച്ച് തോർത്തുമുണ്ടുകൊണ്ടുമൂടി പെട്ടെന്ന് ഒരു കുട്ടിയെ സൃഷ്ടിച്ച് അതിന്റെ മുമ്പിലും ഒരില പ്രതിഷ്ഠിച്ചു കാത്തിരിക്കും. വെളിച്ചപ്പാടുകളെപ്പോലെ ചുമലും തലയും കുലുക്കി വെപ്രാളത്തോടെ നിരങ്ങുന്ന വിളമ്പുകാർ അതൊന്നും പൊരുളിക്കയില്ല. അവരുടെ കണ്ണും കൈയും മുമ്പിലെ ഇലയിൽ മാത്രമായിരിക്കും.

ദേശത്ത് ഇന്നു സ്വന്തം വീട്ടിൽ ഭക്ഷണം പാകംചെയ്യുന്നവർ അധികമുണ്ടായിരിക്കയില്ല. മാന്യഗൃഹങ്ങളിലെ സ്ത്രീകളും കുട്ടികളും പിറന്നാൾ സദ്യയുണ്ണാൻ പോകാറില്ല. സദ്യയിലെ പ്രധാന വിഭവങ്ങൾ കേളഞ്ചേരിയിൽ നിന്ന്, അവർക്കു പ്രത്യേകം കൊടുത്തയയ്ക്കുകയാണു പതിവ്.

സാധുക്കൾക്കു രണ്ടുമൂന്നു ദിവസത്തേക്കുള്ള കോളാണ്. മിച്ചംവന്ന ചോറ് അവർ വെയിലത്തുണക്കി സൂക്ഷിക്കും.

പിറന്നാൾദിവസം ഉച്ചകഴിഞ്ഞാലും ചിലപ്പോൾ ആളുകൾ കേളഞ്ചേരിയിൽനിന്നു ചോറും കെട്ടിക്കൊണ്ടു പോകുന്നതു കാണാം. ദേശത്തിലെ ഏറ്റവും പുരാതനവും പ്രസിദ്ധവുമായ തറവാടാണ് കേളഞ്ചേരി. തലമുറകളായി ഐശ്വര്യത്തിലും പ്രതാപത്തിലും പുലർന്നുവരുന്ന ആ തറവാട്ടിലെ കാരണവർ ദേശത്തിലെ കിരീടംവയ്ക്കാത്ത രാജാവാണ് എന്നുതന്നെ പറയാം.

കേളഞ്ചേരിയിലെ പഴയ കാരണവന്മാർ തെക്കുകിഴക്കേഷ്യൻ രാജ്യങ്ങളുമായും ചീനയുമായും കപ്പൽവ്യാപാരം നടത്തിയിരുന്നു. വിദേശസ്വർണ്ണനാണയങ്ങളും ചീനഭരണികളും കേളഞ്ചേരിയിലെ നിലയറകളിൽ നിക്ഷേപിക്കപ്പെട്ടിരുന്നു. കടൽക്കരയിലെ മിക്ക സ്ഥലങ്ങളും, ദേശത്തും പരിസരങ്ങളിലുമുള്ള മിക്ക പറമ്പുകളും കുടിയിടങ്ങളും പാടങ്ങളും, അങ്ങാടിയിലെ പീടികകളും, പാണ്ടികശാലകളും കേളഞ്ചേരിക്കാരുടെ ജന്മസ്വത്തുക്കളാണ്. ഇവ കൂടാതെ കിഴക്കൻഭാഗങ്ങളിൽ അവർക്ക് അനേകം മലകളും കാടുകളുമുണ്ട്.

പന്ത്രണ്ടുകൊല്ലം കൂടുമ്പോഴാണല്ലോ ആധാരങ്ങളുടെ പൊളിച്ചെഴുത്ത്. കേളഞ്ചേരിക്കാർക്കു ദിവസേന പൊളിച്ചെഴുത്താധാരം രജിസ്റ്റർ ചെയ്യാനുണ്ടായിരിക്കുമത്രേ. അത്രയേറെ നമ്പർ സ്വത്തുക്കളുടെ അധിപരാണവർ.

സ്ഥലത്തെ രാജകുടുംബം പണ്ടുകാലംമുതല്ക്കേ കേളഞ്ചേരിക്കാരുമായി മമതയിലാണ് കഴിഞ്ഞുകൂടിയിരുന്നത്. നൂറ്റാണ്ടിനുമുമ്പ് രാജാവു തിരുമനസ്സുകൊണ്ട് കേളഞ്ചേരിക്കാരണവർക്കു കല്പിച്ചുകൊടുത്ത സ്ഥാനപ്പേരാണ് 'മേലാൻ'. ഈ സ്ഥാനപ്പേർ, തറവാട്ടിലെ കാരണവന്മാർക്കു പിന്തുടർച്ചാവകാശമായി ലഭിക്കുകയും ചെയ്തു.

കേളുമേലാന്റെ കാലമായപ്പോഴേക്കും, കേളഞ്ചേരിയുടെ ഐശ്വര്യം മൂർദ്ധന്യദശയിലെത്തി. പൂർവ്വാർജിതസമ്പത്തുകൾക്കു പുറമേ, എണ്ണമറ്റ ജന്മസ്ഥലങ്ങളിൽനിന്നുള്ള പാട്ടം, വാരം തൊട്ട വരുമാനങ്ങളും, കടൽ വ്യാപാരത്തിൽനിന്നുള്ള ലാഭവും കേളഞ്ചേരിക്കാരണവരുടെ കുബേരത്വത്തിനു കൊഴുപ്പുകൂട്ടിക്കൊണ്ടിരുന്നു. പണ്ടത്തെ കാരണവന്മാർ ചെയ്തതുപോലെ സ്വന്തമായി വ്യാപാരക്കപ്പൽ വെക്കാനുള്ളൊരാലോചനയും കേളുമേലാൻ പുലർത്തിക്കൊണ്ടുവന്നു. എന്നാൽ, അതു നടപ്പിൽവരുത്താൻ കഴിയുന്നതിനുമുമ്പ് അദ്ദേഹം ഇഹലോകവാസംവെടിഞ്ഞു.

കേളുമേലാന്റെ മരണത്തിനുശേഷം, മകൻ ചന്തുക്കുട്ടിമേലാൻ തറവാട്ടിൽ കാരണവരായി.

ചന്തുക്കുട്ടിമേലാന് രാമൻ, കുഞ്ഞിക്കേളു, ശങ്കരൻ എന്നീ മൂന്നു പുത്രന്മാരും മാധവി എന്നൊരു പുത്രിയുമാണുള്ളത്. രാമനു മുപ്പതും, കുഞ്ഞിക്കേളുവിന് ഇരുപത്തിനാലും, ശങ്കരനു പതിനഞ്ചും പ്രായമുണ്ട്. മാധവി മധുരപ്പതിനേഴിലെത്തിയിരിക്കയാണ്.

തറവാട്ടിൽ കാരണവരായതിനുശേഷം ചന്തുക്കുട്ടിമേലാൻ രണ്ടാമതായി ആഘോഷിക്കുന്ന പിറന്നാളാണിത്.

കേളഞ്ചേരിയിലെ പിറന്നാൾസദ്യകൾ അങ്ങനെ പൊടിപൂരമായി നടന്നു കൊണ്ടിരിക്കെ, കന്നിപ്പറമ്പിൽ കുഞ്ഞപ്പു, വീട്ടിന്റെ കോലായിലിരുന്ന് തന്റെ പട്ടാളത്തീൻടിന്നുകളിലെ മത്തിയും കൊഴപ്പും വെണ്ണയും മറ്റും വടിച്ചു നക്കുകയായിരുന്നു. കുഞ്ഞപ്പുവിന്റെ തീറ്റയിലെ ആസ്വാദന ഗോഷ്ടികൾ കൊതിയോടെ നോക്കി

തരംപോലെ തലയും വാലും ആട്ടിക്കൊണ്ട് അയൽ വീട്ടിലെ ചെത്തലപ്പട്ടിയും മുറ്റത്തു സ്ഥലം പിടിച്ചിരുന്നു.

സന്ധ്യകഴിഞ്ഞാൽ കുഞ്ഞപ്പുവിനെ പതിവായി കാണുക ഏതെങ്കിലും അയൽവീടുകളിലായിരിക്കും. മിക്കപ്പോഴും മരക്കൊത്തൻ വേലപ്പന്റെ പുരയിൽ.

കസേര, മേശ, കട്ടിൽ മുതലായ മരസ്സാമാനങ്ങൾ ഉണ്ടാക്കിച്ച് വില്ക്കുന്ന ആളാണ് വേലപ്പൻ. വാതംപിടിച്ച് വലതുകാൽ തീരെ സ്വാധീനമില്ലാതായ വേലപ്പൻ പുരയിൽനിന്നു പുറത്തിറങ്ങാറില്ല. അതിരാണിപ്പാടത്തുകാർ വേലപ്പനെ 'മരക്കൊത്തൻ' എന്നാണു വിളിക്കുക. വേലപ്പനു കിസ്സ പറഞ്ഞിരിക്കാൻ എപ്പോഴും ആരെങ്കിലും അരികത്തു വേണം. പകൽ ആശാരിമാർ ഉണ്ടായിരിക്കും. രാത്രിയിലാണു വിഷമം. ഈ വിഷമം പരിഹരിക്കാൻ ചെത്തുകാരായ മാക്കോത, പറങ്ങോടൻ, ഈർച്ചക്കാരായ വേലു, കറപ്പൻ ഇവരെല്ലാം സന്ധ്യകഴിഞ്ഞാൽ മരക്കൊത്തന്റെ പുരയിലെത്തിക്കൊള്ളും. എന്നാൽ, ഈയിടെയായി അവിടെനിന്ന് ഒരാളുടെ സ്വരം മാത്രമേ കേൾക്കാറുള്ളൂ. എക്സ്ട്രിലിടിരിക്കാരൻ കുഞ്ഞപ്പുവിന്റെ സ്വരം. കുഞ്ഞപ്പുവിന്റെ കൈയിൽ പട്ടാളക്കഥകളുടെ വലിയൊരു ഭാണ്ഡമുണ്ട്. കുഞ്ഞപ്പുവിന്റെ സ്വന്തം വീരസാഹസികകഥകൾ അവരെല്ലാവരും ആർത്തിയോടും അദ്ഭുതത്തോടുംകൂടി ശ്രദ്ധിച്ചാസ്വദിക്കുകയും ചെയ്യും.

മരക്കൊത്തൻ വില്ക്കാൻ തയ്യാറാക്കിവെച്ച പുതിയൊരു പ്ലാന്തടിക്കസേരയിൽ സുഖമായി ഇരുന്ന് ഒരു ബീഡിയും വലിച്ചുകൊണ്ട് കുഞ്ഞപ്പു ഒരു കഥ പറയുകയാണ്:

(രംഗം: മെസൊപ്പൊട്ടേമ്യായിലെ ബസ്ര. പൊരിവറുത്ത ചട്ടിയിലെ മണലുപോലെ പൊള്ളുന്ന മരുഭൂമിയിലൊരിടത്ത് കുഞ്ഞപ്പുവിന്റെ പട്ടാള സംഘം ക്യാമ്പടിച്ചിരിക്കയാണ്.)

"ഞങ്ങൾ ട്രഞ്ച് കുഴിച്ചുകൊണ്ടിരിക്കയാണ്...."

"എന്തുട്ടാടാ അത്? ത്തിരിഞ്ച്?" ചെത്തുകാരൻ പറങ്ങോടന്റെ ചോദ്യം.

"കുഞ്ഞപ്പു പറഞ്ഞുതരാം." (ചെറിയ കുട്ടികളെപ്പോലെയാണ് കുഞ്ഞപ്പുവിന്റെ വർത്തമാനംപറച്ചിൽ, 'ഞാൻ' എന്നു പറയുകയില്ല. എപ്പോഴും 'കുഞ്ഞപ്പു'വാണ്—കുഞ്ഞപ്പു അതു ചെയ്തു, കുഞ്ഞപ്പു ഇതു ചെയ്തു എന്നിങ്ങനെയാണ് പ്രയോഗം.) "അത്, കുണ്ടാണ്—കുണ്ട്; നീണ്ട കുണ്ട്. ആകാശത്തീന്നു ബോംബേറുണ്ടാകുമ്പം ഒളിച്ചിരിക്കാനുണ്ടാക്കിയ പാതാളക്കുണ്ട്—മനസ്സിലായോ?"

മനസ്സിലായി എന്ന മട്ടിൽ എല്ലാവരും തലയാട്ടി.

കുഞ്ഞപ്പു കഥ തുടർന്നു: "അപ്പോൾ അതാ കേൾക്കുന്നു ആകാശത്തീന്ന് ഒരു മൂളക്കം!"

കുഞ്ഞപ്പുവിന്റെ ചങ്കിൽനിന്നു ഭയങ്കരമായൊരു ഹുങ്കാരം പൊങ്ങി. ഹ് റ് ങ് ഹ് റ് ങ് ങ...ആ—ഹുങ്കാരത്തോടെ അവൻ തന്റെ ജന്മനാ ചുവന്ന ദൃഷ്ടികൾ രണ്ടും മ്ലേപോട്ടു നയിച്ചപ്പോൾ മാക്കോതയും പറങ്ങോടനും വേലുവും കറപ്പനും മരക്കൊത്തനും ഓർക്കാതെ മ്ലേപോട്ടു നോക്കിപ്പോയി.

ശത്രുവിമാനങ്ങളുടെ വരവാണ്. ജർമ്മൻവിമാനങ്ങൾ! എല്ലാവരും ട്രഞ്ചിലേക്കോടി രക്ഷപ്പെടാൻ ഓർഡർ കിട്ടി.

കുഞ്ഞപ്പു ട്രഞ്ചിലേക്ക് എടുത്തൊരു ചാട്ടം! കമിഴ്ന്നൊരു കിടത്തം!

പ്ഠെ! ഒരു പൊട്ടൽ. തുടർന്ന്, പ് ഠ പ് ഠ പ് ഠ പ്പ ഠെ തുരുതുതെ പൊട്ടൽ—ആയിരം കതിനകൾക്ക് ഒരുമിച്ച തീക്കൊടുത്തോണം........ ജർമ്മൻബോംബുകളുടെ പൊട്ടൽ.....

പിന്നെ കുഞ്ഞപ്പുവിന് ഒന്നും ഓർമ്മയില്ല.....ഓർമ്മവന്നപ്പോൾ എന്താ സ്ഥിതി? കുഴിച്ചിട്ടോണം കിടക്കുന്ന കുഞ്ഞപ്പു മണ്ണിനടിയിൽ! ഒരു ബോംബ് വീണത് കുഞ്ഞപ്പുവിന്റെ മൂക്കിനു തൊട്ടു മുമ്പിലാണ്. കുണ്ടെല്ലാം ഇടിഞ്ഞ് കുഞ്ഞപ്പു മണ്ണിൽ മൂടിപ്പോയിരിക്കുന്നു.

തുരപ്പനെപ്പോലെ മണ്ണു മാന്തിനീക്കി പുറത്തുവന്ന്, കുഞ്ഞപ്പു നാലു ഭാഗത്തേക്കും നോക്കി. ഒരു ജീവിയെയും കാണുന്നില്ല. ചുടുകാടുപോലെ കിടക്കുന്നു. ചുറ്റുപാടും തീക്കത്തുന്നപോലത്തെ വെയിൽ.

അപ്പോൾ ദൂരെ ഒരു നിഴൽക്കൂട്ടം കണ്ടു. നെറ്റിമേൽ കൈ ചെരിച്ചു പിടിച്ച് കുഞ്ഞപ്പു സൂക്ഷിച്ചുനോക്കി. മനസ്സിലായി. കുഞ്ഞപ്പുവിന്റെ റജിമെന്റിലെ പട്ടാളക്കാരാണ്. ബോംബേറിൽ മുറിവുപറ്റിയവരെയും ചത്തവരെയുമെല്ലാം പെറുക്കിയെടുത്ത് ഒരുന്തുവണ്ടിയിലിട്ടു കൊണ്ടുപോവുകയാണ്. മണ്ണിൽ മൂടിക്കിടന്നിരുന്നതിനാൽ കുഞ്ഞപ്പുവിനെ അക്കൂട്ടർക്കു പിടികിട്ടാതെപോയതാണ്.

കുഞ്ഞപ്പു നീങ്ങാൻ നോക്കി. കഴിയുന്നില്ല. കാലിലെവിടെയോ മുറി പറ്റിയിട്ടുണ്ട് എന്നൊരു ശങ്ക. പരിശോധിക്കാൻ നേരമില്ല. ആ പട്ടാളക്കാർ ദൃഷ്ടിയിൽനിന്നു മറഞ്ഞുകഴിഞ്ഞാൽ പിന്നെ കുഞ്ഞപ്പുവിന്റെ ഗതിയെന്ത്? പൊരിവെയിലത്തെ മണ്ണിൽ പാറ്റയെപ്പോലെ കരിഞ്ഞു ചാവും; അത്രതന്നെ.

എന്തുചെയ്യും?

“എന്തുചെയ്യും?” കുഞ്ഞപ്പു ആ ചോദ്യം, ഉഗ്രമായി ഒന്നാവർത്തിച്ച് മുമ്പിലിരിക്കുന്ന ഓരോരുത്തന്റെയും മുഖത്തേക്കു മാറിമാറി തുറിച്ചുനോക്കി.

എന്തുചെയ്യും? ചെത്തുകാരൻ പറങ്ങോടൻ ഈർച്ചക്കാരൻ കറപ്പന്റെ മുഖത്തേക്കു നോക്കി. കറപ്പൻ മരക്കൊത്തന്റെ മുഖത്തേക്കു നോക്കി. മരക്കൊത്തൻ തന്റെ ജീവനുള്ള ഇടതുകാൽ വിറപ്പിച്ചു താടി ചൊറിഞ്ഞുകൊണ്ട് ഗാഢമായി ആലോചിച്ചു: എന്തുചെയ്യും.

വേലു മൂക്കിൽ വിരലിട്ടു തിരിച്ചു കീഴ്പോട്ടു നോക്കി ചിന്തിച്ചു: എന്തുചെയ്യും?

മാക്കോത മുഞ്ഞി ചുളിച്ചു മെല്ലെ കരയുന്നു. (മാക്കോത കള്ളു കുടിച്ചിട്ടുണ്ട്. കുടിച്ചാൽ അവന്റെ മുഖത്തു കരുണരസമാണ്.) എരിപൊരിക്കൊള്ളുന്ന മണൽക്കാട്ടിൽ ഒറ്റയ്ക്കു പെട്ടുപോയ കുഞ്ഞപ്പുവിന്റെ നിസ്സഹായതയോർത്തപ്പോൾ മൂപ്പർ കരഞ്ഞുപോയി.

കുഞ്ഞപ്പു തനിയെയൊന്നു ചിരിച്ചു. എല്ലാവരുടേയും മുഖത്തേക്കും പിന്നെ അടുക്കളവാതില്ക്കലേക്കും ഒന്നു നോക്കി. (മരക്കൊത്തന്റെ ചെറുപ്പക്കാരിയായ ഭാര്യ വള്ളിക്കുട്ടി കുഞ്ഞപ്പുവിന്റെ പട്ടാളവീരസ്യകഥകൾ കൗതുകത്തോടെ ശ്രദ്ധിച്ചുകൊണ്ട് അടുക്കളവാതിലിന്റെ മറവിൽ നില്ക്കുന്നുണ്ടായിരുന്നു.)

കുഞ്ഞപ്പു പെട്ടെന്നു മുഖം തിരിച്ച് വായിൽ വിരലുകൾ കടത്തി ഒരു വിസിലടി!

കാലു വിറപ്പിക്കുന്ന മരക്കൊത്തനെയും കരയുന്ന മാക്കോതയെയും മൂക്കിൽ വിരലിട്ടു തിരിക്കുന്ന വേലുവിനേയും ആ വിസിൽനാദം ഉണർത്തി. ആ ചൂളംവിളി അതിരാണിപ്പാടം മുഴുവനും അലയടിച്ചു. നാക്കിനടിയിൽ ഓരോ കൈയിലെയും ഈരണ്ടു വിരലുകൾ തിരുകി കുഞ്ഞപ്പു ഉദ്ഭവിപ്പിക്കുന്ന ആ അദ്ഭുതകരമായ ചൂളംവിളി അതിരാണിപ്പാടത്തുകാരുടെ

കാതുകളെ കോൾമയിർക്കൊള്ളിച്ചിട്ട് കൊല്ലങ്ങൾ മൂന്നുനാലു കഴിഞ്ഞിരിക്കുന്നു.

"കൂട്ടരേ!" കുഞ്ഞപ്പു കസേരയിൽ നിവർന്നിരുന്നു: "അപ്പോൾ കുഞ്ഞപ്പു അതാണു ചെയ്തത്—ഒരു വിസിലടി പാസ്സാക്കിക്കൊടുത്തു."

കുഞ്ഞപ്പുവിന്റെ ആദ്യത്തെ വിസിലടി ആ പട്ടാളസംഘം ശ്രദ്ധിച്ചില്ല. കുഞ്ഞപ്പു രണ്ടാമതും കൊടുത്തു, ആദ്യത്തേതിനേക്കാൻ ഉഗ്രവും ദീർഘവുമായ ഒരു ചൂളം. അതു ഫലിച്ചു. പട്ടാളസംഘത്തിന്റെ ചലനം നിലച്ചു. കുഞ്ഞപ്പു രണ്ടു കൈയും പൊക്കി ഉയരത്തിൽ മൂന്നുനാലു ചാട്ടംചാടി, തന്റെ പൊസിഷൻ അറിയിച്ചുകൊടുത്തു.

കുറച്ചുകഴിഞ്ഞപ്പോൾ ആറേഴു പട്ടാളക്കാരും ഒരു സ്റ്റ്രെച്ചറും കുഞ്ഞപ്പുവിന്റെ നേർക്കു നീങ്ങിവരുന്നുണ്ടായിരുന്നു.

"എന്താണ്ട്രാ ആ കുന്ത്രാണം?" കറപ്പന്റെ ചോദ്യം.

കുഞ്ഞപ്പു വിവരിച്ചുകൊടുത്തു: "മുറിയേറ്റ പട്ടാളക്കാരെ കിടത്തി തൂക്കിപ്പിടിച്ചുകൊണ്ടുപോകാനുള്ള ഒരു ശീലക്കട്ടിലാണ് സ്റ്റ്രെച്ചർ."

"ആങ്—അങ്ങനത്തെ ഒന്ന് ആസ്പത്രീല് കണ്ടിട്ടുണ്ട്." പറങ്ങോടൻ പറഞ്ഞു.

കുഞ്ഞപ്പു കഥ തുടർന്നു: "ആ പട്ടാളസംഘം അടുത്തെത്തിയപ്പോൾ കുഞ്ഞപ്പു അതിശയിച്ചുപോയി. പട്ടാളക്കാരുടെ മുമ്പിൽ വരുന്നത് ആരാണ്?...."

ആരാണ്? ആരാണു മുമ്പിൽ? വേലുവിനും പറങ്ങോടനും മരക്കൊത്തനും അറിയാനുള്ളൊരു വേവലാതി.

കുഞ്ഞപ്പു മരക്കൊത്തനോട് ഒരു ബീഡി ആവശ്യപ്പെട്ടു. മരക്കൊത്തൻ തന്റെ കാലും വലിച്ചിഴച്ചുപോയി ബീഡി എടുത്തുകൊണ്ടുവരാൻ കുറച്ചു സമയം പിടിക്കുമെന്നു കണ്ടറിഞ്ഞ വേലു, മൂക്കിൽനിന്നു വിരലുവലിച്ചു മടിയിൽ നിന്നൊരു ബീഡിയെടുത്തു കുഞ്ഞപ്പുവിനു സമ്മാനിച്ചു.

ബീഡി വലിച്ചു പുകവിട്ടുകൊണ്ടു കുഞ്ഞപ്പു പിന്നെയും കുറച്ചുനേരം കൂട്ടുകാരുടെ ജിജ്ഞാസയെ ഊതിവീർപ്പിച്ചു.

"പറ; ആരായിരുന്നു മുന്നിൽ?" വേലു ഉറ്റ ചങ്ങാതിയുടെമട്ടിൽ നയത്തിൽ പതുക്കെ ഒരന്വേഷണം.

കുഞ്ഞപ്പു കസേരയിൽനിന്നു മുന്നോട്ട് ആഞ്ഞ് കഴുത്തു നീട്ടി ഏറ്റവും ഗൗരവമായൊരു സ്വകാര്യം പറയുന്നതുപോലെ മന്ത്രിച്ചു.

"അതാരായിരുന്നുവെന്നോ? ഓസി—സാക്ഷാൽ ഓ. സി......"

"ആരാണ്ട്രാ ആ ജന്തുക്കടേയ്ൻ?" കറപ്പന്റെ ചോദ്യം.

"ഓസി എന്നു പറഞ്ഞാൽ കമ്മാൻഡിങ് ആഫീസർ. പട്ടാള സംഘത്തിന്റെ സർവ്വാധികാരിയായ മൂപ്പൻസായ്പ്." അങ്ങനെ ഓ.സി.യുടെ ഭാഷ്യം പറഞ്ഞുകൊടുത്ത് കുഞ്ഞപ്പു മൂക്കു ചുളിച്ചുകൊണ്ട് അടുക്കളയുടെ നേർക്കു നോക്കി: "എന്താണൊരു കരിഞ്ഞ മണം?"

അപ്പോൾ എല്ലാവരും മൂക്കു വിടർത്തി നാറ്റിനോക്കി. നേരാണ്. ഒരു കരിഞ്ഞ മണം വരുന്നുണ്ട്. അടുക്കളയിൽനിന്നാണ്.

കുഞ്ഞപ്പുവിന്റെ കഥയിൽ ലയിച്ചുനിന്നിരുന്ന വള്ളിക്കുട്ടി അടുപ്പത്തു വച്ച മീൻകൂട്ടാന്റെ കാര്യം മറന്നുപോയി. ചട്ടിയിലെ കൂട്ടാൻ വെന്ത് അടി വറ്റി

കരിഞ്ഞുതുടങ്ങിയിരിക്കുന്നു.

അതറിഞ്ഞപ്പോൾ മരക്കൊത്തനു കലികേറി: "കുത്തിച്ചിമോളേ! ആണുങ്ങള് വർത്തമാനം പറഞ്ഞിരിക്കുമ്പോ ഓലെ ചിറീലേക്കും നോക്കിനിന്നു കൂട്ടാനൊക്കെ."

മരക്കൊത്തൻ കൈയിൽകിട്ടിയ വസ്തു (അത് ഇരുമ്പാണിപ്പൊതിയാണെന്നോർക്കാതെ) അടുക്കളവാതിലിനുനേർക്കു വലിച്ചൊരേറു കൊടുത്തു.

പൊതിയിലുണ്ടായിരുന്ന ഇരുമ്പാണികൾ, ബോംബിൽനിന്നും ചില്ലുകൾപോലെ കോലായിൽ ചിതറിവീണു.

"ബോംബു പൊട്ടിയാൽ ഇങ്ങനെത്തന്നെ ഒരു കരിഞ്ഞ നാറ്റമുണ്ടാകും." കുഞ്ഞപ്പു മരക്കൊത്തന്റെ ശ്രദ്ധ വീണ്ടും യുദ്ധരംഗത്തേക്കു പിടിച്ചുവലിച്ചു.

"എന്നിട്ട് ആ ജന്തുക്കുട്ട്യേനെ കണ്ടപ്പോ കുഞ്ഞപ്പു എന്തുചെയ്തു?" പറങ്ങോടൻ അക്ഷമയോടെ ചോദിച്ചു.

കുഞ്ഞപ്പു കസേരയിൽനിന്നും താഴെ ചാടി, അറ്റൻഷനായി നിന്ന് ഒരു സല്യൂട്ട്. (ഓ. സി. യെ മുന്നിൽ കണ്ടപ്പോഴുണ്ടായ ആക്ഷൻ!)

അപ്പോൾ ഓ. സി. കുഞ്ഞപ്പുവിനെ അടിമുതൽ മുടിവരെ ഒന്നു നോക്കി. പിന്നെ രണ്ടടി മുന്നോട്ടുവെച്ചു കുഞ്ഞപ്പുവിനു ഷേയ്ക്ക് ഹാൻഡ് കൊടുത്ത്, തലകുലുക്കിക്കൊണ്ട് സകലരും കേൾക്കെ ഉറക്കെ ഹിന്ദുസ്ഥാനിയിൽ ഒരു പ്രഖ്യാപനം:

"തുംക്കു വീ. സി. മിൽനേക്കു ഹം റെക്കമെൻഡ് കരേംഗാ."

"ന്ന്ച്ചാലോ?" മരക്കൊത്തന്റെ ചോദ്യം.

"കുഞ്ഞപ്പുവിനു വി. സി. കിട്ടാൻ മൂപ്പൻസായ്പ് മേലധികാരത്തിലേക്കു ശുപാർശചെയ്യുമെന്ന്."

കുഞ്ഞപ്പു വീണ്ടും കസേരയിൽ കയറി ഗമയിൽ ഇരുന്നു.

"അതെന്തു കരിപ്പാണ്ട്ര്രാ ആ വീശി!" വേലുവിന്റെ ചോദ്യം. കുഞ്ഞപ്പുവിന്റെ ഭാഷ്യം: വി. സി. എന്നു പറഞ്ഞാൽ വിക്ടോറിയ ക്രോസ്സ്—ഒരു മിലിട്ടറിക്കാരനു കിട്ടാവുന്ന ഏറ്റവും വലിയ വീരമുദ്ര—യുദ്ധത്തിൽ ശത്രുക്കളിൽനിന്നു പിടിച്ചെടുത്ത പീരങ്കിയുടെ ഇരുമ്പുകൊണ്ടാണ് അതുണ്ടാക്കുന്നത്. (കുഞ്ഞപ്പു താഴെക്കിടന്ന ഇരുമ്പാണി രണ്ടെണ്ണം പെറുക്കിയെടുത്ത് ഒരു കുരിശുണ്ടാക്കി വി. സി. മുദ്രയുടെ ആകൃതി അവർക്കു കാട്ടിക്കൊടുത്തു.)

"ഈ വി. സി. ക്കു ശുപാർശചെയ്യുമെന്ന് ആരാണു പറയുന്നത്?"

കുഞ്ഞപ്പു കൂട്ടുകാരെ ഒന്നു പരീക്ഷിക്കാനെന്നപോലെ ഒരു ചോദ്യം.

"ഓ. സി." മരക്കൊത്തൻ ഉത്തരം പറഞ്ഞു.

"ശരി; ആരോടാണ് ഓ. സി. ഇതു പറയുന്നത്?"

ചോദ്യം പറങ്ങോടനോടാണ്.

" കുഞ്ഞപ്പുവിനോട്." പറങ്ങോടന്റെ മറുപടി.

"ലാൻസ് നായ്ക്ക് കുഞ്ഞപ്പുവിനോട്." കുഞ്ഞപ്പു പറങ്ങോടന്റെ തെറ്റുതിരുത്തിക്കൊടുത്തു.

കുറച്ചുനേരത്തെ നിശ്ശബ്ദത—

ഓ. സി. യുടെ വി. സി. പ്രഖ്യാപനം കേട്ടതും കുഞ്ഞപ്പു മോഹാലസ്യപ്പെട്ടു വീണതും ഒപ്പം കഴിഞ്ഞുവതേ്ര.

“നീയെന്തിനാടോ പോതംകെട്ടു വീണത്? കറപ്പന്റെ ചോദ്യം—കുഞ്ഞപ്പു ഉറക്കെ ഒരു ചിരി ചിരിച്ചു.

“കുട്ടരേ, അത് കുഞ്ഞപ്പുവിന്റെ ഒരു ഹിക്ക്മത്താണ്—ബോധക്കേടുണ്ടായിട്ടല്ല. കുഞ്ഞപ്പുവിന് സ്റ്റ്രെച്ചറിൽ ഒരു സവാരി കിട്ടും. ബോംബേറിന്റെ ഒരു ഷോക്ക് തട്ടിയെന്നും പറഞ്ഞ് കുറേ ദിവസം മിലിട്രിഡോക്ടരുടെ ചികിത്സയിൽ സുഖമായി കൂടാം—ഒന്നാംതരം തീൻ—കുടിക്കാൻ ബ്രാണ്ടിയും കിട്ടും....”

“അമ്പടാ വീരാ!” വേലു മടിയിൽത്തപ്പി ഒരു ബീഡികുട്ടിയെടുത്ത് കുഞ്ഞപ്പുവിനു സമ്മാനിച്ചു.

# 6. ഇലഞ്ഞിപ്പൊയിലിൽ

തമ്മില് ഒരു ഫർലോങ്ങിലേറെ അകലത്തിൽ കിഴക്കുപടിഞ്ഞാറായി ഏതാണ്ടു സമരേഖയിൽ സ്ഥിതിചെയ്യുന്ന രണ്ടു വലിയ കുന്നുകൾക്കിടയിൽ വ്യാപിച്ചുകിടക്കുന്ന ഒരു കൊച്ചു കാർഷികസാമ്രാജ്യമാണ് ഇലഞ്ഞിപ്പൊയിൽ.

പറമ്പിനോടഭിമുഖമായ കുന്നിൻപാർശ്വങ്ങൾ മുക്കാൽ ഭാഗവും വെട്ടി ശരിപ്പെടുത്തി പടവുകണ്ടങ്ങളായി തിരിച്ചിരിക്കുന്നു. 'ഒന്നാംകണ്ടം', 'രണ്ടാംകണ്ടം' അങ്ങനെ കണ്ടങ്ങളെ നമ്പറിട്ടാണു വിളിക്കുന്നത്. ആറാംകണ്ടത്തിനു മുകളിൽ കുന്നിന്റെ ഉച്ചിയിലോളം വൃക്ഷനിബിഡമായ കാടുകളാണ്.

ഇടയ്ക്കു 'പാറക്കണ്ടം' എന്നൊരു കണ്ടവും നമ്പറിൽ പെടാതെ കിടക്കുന്നുണ്ട്.

ഈ കണ്ടങ്ങൾക്കെല്ലാം അനേകം ഉപഖണ്ഡങ്ങളുമുണ്ട്. മദ്ധ്യത്തിലെ താണനിലത്തിലാണ് ഇലഞ്ഞിപ്പൊയിൽ തറവാട്. അധികം വലിപ്പമില്ലാത്ത പുല്ലുമേഞ്ഞ വീട്. വടക്കുഭാഗത്തെ തേങ്ങാക്കൂട് വീടിന്റെ വലിയൊരു ഭാഗം കൈവശപ്പെടുത്തിയിരിക്കുന്നു. ചാണകം മെഴുകി വൃത്തിയാക്കിയ വിശാലമായ മുറ്റത്തിനപ്പുറം വലിയൊരു ആലയുണ്ട്. പനമ്പാത്തികൾകൊണ്ടു വേർതിരിച്ച ആലയുടെ അറകളിൽ പശുക്കളും കാളകളും അയവിറക്കിക്കഴിയുന്നു. മുറ്റത്തിന്റെ ഒരു മൂലയിൽ രണ്ടുമൂന്നു വൈക്കോൽക്കുണ്ടുകളും പൊങ്ങിനില്ക്കുന്നു.

വീട്ടിന്റെ മണ്ഡലത്തിലും പടിപടിയായുള്ള പറമ്പുകളിലും തെങ്ങ്, മാവ്, പിലാവ്, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും, അഞ്ചാറു കുടപ്പനകളും വളർന്നുനില്ക്കുന്നു. മുറ്റത്തിനെതിർവശത്ത് നൂറ്റാണ്ടു പ്രായംചെന്ന ഒരിലഞ്ഞിമരം, ശാഖോപശാഖകളായി ആകാശത്തിലേക്കു വളർന്ന്, പറമ്പിലും മുറ്റത്തും നിത്യവും പുഷ്പവൃഷ്ടിചെയ്തുകൊണ്ടു നിലകൊള്ളുന്നു.

കണ്ടങ്ങളിൽ നിറയെ കൃഷിചെയ്തിട്ടുണ്ട്: പയർ, വെണ്ട, വഴുതിന, ചേമ്പ് തുടങ്ങിയ നാനാതരം പച്ചക്കറികൾ. പാതിവിടർത്തിയ പച്ചപ്പട്ടു കുടകൾ പല നിരകളിലായി കുത്തിനിർത്തിയപോലെ കാണുന്ന കണ്ടങ്ങളിൽ ചേനക്കൃഷിയാണ്. ചില പറമ്പുകളുടെ മൂലകളിൽ പച്ചപ്പട്ടുതോരണങ്ങൾ തൂക്കിയപോലെ കാണുന്നത് കയർകെട്ടി വളർത്തിയ കാവിത്തു (കാച്ചിൽ) വള്ളികളാണ്. ചില കണ്ടങ്ങളിൽ കയ്പപ്പന്തലുകൾ പൊന്തിനിൽക്കുന്നു. മറ്റൊരു പറമ്പിലെ കൊടിതോരണങ്ങൾ വെറ്റിലക്കൃഷിയുടേതാണ്. മിക്ക മരങ്ങളിലും മുളകുവള്ളികൾ പടർത്തിയിട്ടുണ്ട്. ഒന്നുരണ്ടു വലിയ കണ്ടങ്ങളിൽ ചാമോടൻനെല്ലും കൃഷിചെയ്തിരിക്കുന്നു.

പാറക്കണ്ടത്തിൽ ഒരു വലിയ കൂടാരം പൊങ്ങിക്കാണുന്നു. നൂൽവല കൊണ്ടുള്ള ഈ കൂടാരത്തിനകത്താണ് കൊപ്പരക്കളം. നാളികേരം വെട്ടി ഉണക്കാൻ പരത്തിയിട്ട കൊപ്പരക്കളത്തിൽ കാക്കകളുടേയും മറ്റു കിളികളുടേയും കൈയേറ്റം തടുക്കാനാണ് ഈ വലക്കൂടാരം.

ഇലഞ്ഞിപ്പൊയിലിന്റെ കിഴക്കുഭാഗം വിശാലമായ നെൽ വയലുകളാണ്.

നെൽവയലുകളുടെ ഒരുവശത്തു കൊറ്റികളും ചിലപ്പോൾ വിദേശങ്ങളിൽനിന്നു വിരുന്നുവന്ന എരണ്ടപ്പക്ഷികളും വിഹരിക്കുന്ന വലിയൊരു ചാലി(വെള്ളം നിറഞ്ഞ താണ പ്രദേശം)യാണ്. ഈ സ്ഥലങ്ങളെല്ലാം ഇലഞ്ഞിപ്പൊയിലിനോടു ചേർന്നതാണ്.

ശ്രീധരനെ മുത്തച്ഛൻ ഇടയ്ക്കിടെ ഇലഞ്ഞിപ്പൊയിലിലേക്കു പാർക്കാൻ കൂടെക്കൊണ്ടുപോകും. ഇലഞ്ഞിപ്പൊയിലിൽ പോയി പാർക്കാൻ ശ്രീധരന് എന്തൊരുത്സാഹമാണ്! ശ്രീധരന്റെ അമ്മ പറയും: “അങ്ങോട്ടു പോവാ എന്നു കേട്ടാൽ കുഞ്ഞനു കഞ്ഞീം വേണ്ട, ചോറും വേണ്ട; ഉറക്കോംല്യ.” പരമാർത്ഥമാണ്. ശ്രീധരനെസംബന്ധിച്ചിടത്തോളം ഇലഞ്ഞിപ്പൊയിൽ പുതിയൊരു മായാലോകമായിരുന്നു. അതിരാണിപ്പാടത്തെ ചെളിത്തോടുകളും ഓടിക്കളിക്കാനിടമില്ലാത്ത ഇടുങ്ങിയ പറമ്പുകളും വിട്ടു വിശാലസുന്ദരമായൊരു ലോകത്ത് സ്വച്ഛന്ദം വിഹരിക്കാം. എന്തൊരു മാറ്റം! പച്ചക്കറിത്തോപ്പുകളിലൂടെ ചുറ്റിനടക്കാം. നിറപ്പകിട്ടാർന്ന പാപ്പാത്തികളുടെയും തുമ്പികളുടെയും പിന്നാലെ നൃത്തംവെച്ചു നീങ്ങാം. കിളികളുടെ പാട്ടുകൾ കേൾക്കാം. ചക്കയും മാങ്ങയും തിന്നു മടുക്കാം. പാറക്കണ്ടത്തിലെ കൊപ്പരക്കളത്തിൽ ചെന്നാൽ കാവൽക്കാരൻ കേളൻ ശ്രീധരനു കൊപ്പരക്കഷ്ണം അടർത്തിക്കൊടുക്കും. വെയിലേറ്റു പാതിയുണങ്ങിയ കൊപ്പരക്കഷ്ണത്തിന് എന്തൊരു കൊതിപ്പിക്കുന്ന ഗന്ധമാണ്! വായിലിട്ടു ചവയ്ക്കാൻ എന്തൊരു സ്വാദാണ്! മുത്തച്ഛൻ കാളകൾക്കു പൊതി കൊടുക്കുമ്പോൾ അരികെ ചെന്നിരിക്കും. പുഴുങ്ങിയ മുതിരയും മറ്റുചില പദാർത്ഥങ്ങളും ഒരു വൈക്കോൽപ്പൊതിയിലാക്കി ചുരുട്ടി മുത്തച്ഛൻ കാളയുടെ വായ പിടിച്ച് അതിൽ തിരുകിക്കൊടുക്കുന്നതും കാള താഴത്തെ അണ്ണി ചക്കാട്ടുംപോലെ തിരിച്ചു തിൻ ചവയ്ക്കുന്നതും അദ്ഭുതത്തോടെ നോക്കിയിരിക്കും. കാളകൾക്ക് മൈലൻ, ചോപ്പൻ, പുള്ളി, കണ്ണപ്പൻ എന്നെല്ലാമാണു പേരുകൾ. കാളകളെ തീറ്റുമ്പോൾ മുത്തച്ഛൻ ശ്രീധരനോടു പല തമാശകളും പറയും. ചിലപ്പോൾ ശ്രീധരൻ തരത്തിൽ ചോദിക്കും: “മുത്തച്ഛാ, ഇനിയൊരു പൊതി ഞാൻ കൊടുക്കട്ടേ?” “വേണ്ട മോനെ, വേണ്ട.” മുത്തച്ഛൻ തലയാട്ടിപ്പറയും: “നിന്റെ അഞ്ചുവിരലും വെണ്ടക്കായ തിന്നുംപോലെ കണ്ണപ്പൻ ചവച്ചുതിന്നുകളയും.” “ഇല്ല മുത്തച്ഛാ, മുത്തച്ഛൻ കൊടുക്കുംപോലെ എനിക്കും കൊടുക്കാനറിയാം.” അങ്ങനെ ശ്രീധരന്റെ നിർബന്ധം മൂക്കുമ്പോൾ മുത്തച്ഛൻ ഇത്തിരി മുതിരയും ഇത്തിരി വൈക്കോലുംകൊണ്ട് ഒരു കുഞ്ഞിപ്പൊതിയുണ്ടാക്കി ശ്രീധരന്റെ കൈയിൽ കൊടുക്കും. എന്നിട്ട് മൂരിയുടെ വായ പിളർത്തിപ്പിടിച്ചു വെക്കും. മുതിര അരച്ച അമ്മിപോലെയുള്ള മൂരിയുടെ നാക്കും ചക്കുപോലുള്ള വായും നല്ലപോലെ ഒന്നു നോക്കി, ശ്രീധരൻ ആ കുഞ്ഞിപ്പൊതി അതിലേക്കിട്ടു കൊടുക്കും. കണ്ണപ്പൻ ഇപ്പോൾ വായിൽ ചവയ്ക്കുന്നത് ശ്രീധരന്റെ പൊതിയാണ് എന്നോർക്കുമ്പോൾ ശ്രീധരന് എന്തൊരഭിമാനമാണെന്നോ!

മൂരിവണ്ടിക്കാരൻ തെയ്യന്റെ മകൻ അപ്പുവിന്റെകൂടെ ശ്രീധരൻ ചിലപ്പോൾ ആറാംകണ്ടത്തിനപ്പുറത്തെ കാട്ടിലേക്കു പോകും. അവിടെ തെച്ചിപ്പഴവും ഞാറയ്ക്കയും സമൃദ്ധിയായുണ്ട്. ഇഷ്ടംപോലെ പറിച്ചു തിന്നാം. പഴം പറിച്ചു തിന്നുന്നതിനുമുമ്പ് അപ്പുവിനു പരിശോധിക്കണം. ഇതു തിന്നണ്ട; അപ്പു വിലക്കും. ഇതു പാമ്പു കൊത്തിയ പഴമാണ്, വിഷം. കാട്ടിൽ ധാരാളം പാമ്പുകളുണ്ട്. അതാണൊരു പേടി. വേലിക്കരികിലെ പടർപ്പിലൂടെ ഒന്ന് ഇഴഞ്ഞുപോകുന്നതും ഒരിക്കൽ കണ്ടു. പുല്ലാഞ്ഞി മൂർഖനാണെന്ന്

അപ്പു പറഞ്ഞു.

അപ്പു മരത്തിന്റെ മുകളിൽ കയറിനിന്ന് നാലുപാടുമുള്ള കാഴ്ചകൾ നോക്കി രസിക്കും. ചിലതെല്ലാം ശ്രീധരനും പറഞ്ഞുകൊടുക്കും. അതാ, അക്കാണുന്നത് ചെറുമക്കളുടെ ചുടലയാണ്; അപ്പു ദൂരെ ചൂണ്ടിക്കാണിക്കും. ശ്രീധരനും അതൊന്നു കാണണം. പക്ഷേ, മരത്തിൽ കേറാൻ വശമില്ല. അപ്പു താഴെയിറങ്ങി ചുമലും കുനിച്ചു നിന്നുകൊടുക്കും. എന്റെ തോളിൽ ചവുട്ടി നിന്ന് നോക്ക്. ശ്രീധരൻ അപ്പുവിന്റെ ചുമലിൽ ചവുട്ടിനിന്ന് മരത്തിന്മേൽ പറ്റിപ്പിടിച്ചു കയറിനോക്കും. കുന്നിനപ്പുറത്തു കാട്ടുചമ്പകമരങ്ങൾ ചിതറിക്കിടക്കുന്ന ഒരു വെളിമ്പറമ്പ്—അവിടെയാണ് ചെറുമച്ചുടല. അപ്പു ഒരിക്കൽ അതിനടുത്തു പോയി നോക്കിയിട്ടുണ്ടത്രെ. ചത്ത ചെറുമികളുടെ കല്ലുമാലകളും ഓട്ടുവളകളും അവിടെ വലിച്ചെറിഞ്ഞിട്ടതു കണ്ടുവെന്നും അപ്പു ശ്രീധരനോടു പറഞ്ഞു.

'ചുണ്ടിന്മേൽപ്പാണ്ടുള്ള' ചെക്കുവും അപ്പുവും മൂരികളെ കുളിപ്പിക്കാൻ പുഴയിലേക്കു കൊണ്ടുപോകുമ്പോൾ ചിലപ്പോൾ ശ്രീധരനും അവരുടെ കൂടെ പോകും. വടക്കേക്കുന്നിന്റെ മറുവശത്താണു പുഴ. വയലിലൂടെ തോടും കടന്നു ചുറ്റിപ്പോകണം. കുന്നിനെച്ചുറ്റി ഒഴുകുന്ന പുഴയ്ക്കു വളവിൽ വലിയൊരു കയമുണ്ട്—ചെകുത്താൻകയമെന്നു വിളിക്കും. കയത്തിനടുക്കൽ ഒരു കൂറ്റൻ പാറയുമുണ്ട്. ആ കയത്തിനടുക്കൽ നേരമല്ലാത്തനേരത്ത് ഒരാളും പോവുകയില്ല. അവിടെ പകലും കുളികളുണ്ടാകും—പണ്ടുകാലത്തു നാട്ടുവാഴിത്തമ്പുരാൻ ശിക്ഷകൽപ്പിച്ചു കുറ്റവാളികളെ കഴുത്തുവെട്ടിക്കൊന്നിരുന്നത് ആ പാറമേൽവെച്ചായിരുന്നു. അപ്പു പറയും: "ശിക്ഷവിധിച്ച ആളെ പാറപ്പുറത്തു കേറ്റി നിർത്തും. എന്നിട്ട് ആരാച്ചാർ വാൾ വീശി, ഒരൊറ്റ വെട്ട്. തലസൈ!—ചെയിത്താൻകയത്തിൽ—" കയത്തിലെ വെള്ളം ഓരോ നേരത്തും, ഓരോ നിറമായിരിക്കും. ചിലപ്പോൾ കടും ചോരയുടെ നിറം—ചിലപ്പോൾ നീലം കലക്കിയപോലെ—മറ്റുചിലപ്പോൾ മഞ്ഞൾ കലക്കിയപോലെ. അതെല്ലാം ചെകുത്താന്മാരുടെ മായാവിദ്യയാണെന്ന് അപ്പു പറയും.

മൂരികളെ തേച്ചുകുളിപ്പിച്ചുകഴിഞ്ഞാൽ അപ്പു അവയെ അക്കരയ്ക്കു നീന്തിക്കും—പിന്നെ അവിടുന്നിങ്ങോട്ടും—അതിനുശേഷം അപ്പുവിനും ഒരു കുളിയുണ്ട്; വെള്ളത്തിലേക്ക് ഒരൊറ്റച്ചാട്ടം—പിന്നെ അപ്പുവിനെ കാണുകയില്ല. ശ്രീധരൻ പരിഭ്രമത്തോടെ വീർപ്പടക്കി പുഴയിലേക്കു നോക്കി നിൽക്കുന്നു. അപ്പുവിന് എന്തുപറ്റി? പെട്ടെന്ന് അവൻ അക്കരെയുള്ള പാറക്കെട്ടിനരികെ പൊങ്ങും. എന്നിട്ടു പാറമേൽ കേറിനിന്ന് ഉറക്കെ ഒരു കൂക്കുവിളി. മൂക്കു പൊത്തിപ്പിടിച്ചുകൊണ്ട് പാറപ്പുറത്തുനിന്നു പിന്നെയും വെള്ളത്തിലേക്ക് ഒരു ചാട്ടം. മുങ്ങാംകുഴിയിട്ടുകൊണ്ട് ഇക്കരെ വന്നു പൊങ്ങും. അപ്പു മലർന്നുകിടന്നു നീന്തും. അങ്ങനെ നീന്തിക്കൊണ്ടിരിക്കെ വായിൽ കൈവിരലിട്ടു പല്ലുതേക്കും—പുഴയിൽനിന്നു വെള്ളം മുക്കി വായിലാക്കി കുലുക്കുഴിയും. അപ്പുവിന്റെ അഭ്യാസങ്ങൾ കണ്ട് ശ്രീധരൻ അദ്ഭുതത്തോടെ കൈകൊട്ടി ഹൈയ് ഹൈയ് എന്ന് ആർത്തുവിളിച്ച് അഭിനന്ദനം പാസ്സാക്കും.

അപ്പോഴൊന്നും ചെക്കുവിനെ അവിടെയെങ്ങും കാണുകയില്ല. ചെക്കു എവിടെപ്പോയി? ശ്രീധരൻ അപ്പുവിനോടു ചോദിക്കും. 'അറിഞ്ഞുകൂടാ' എന്ന് അപ്പു കണ്ണുചിമ്മിക്കാണിക്കും.

ഒരു ദിവസം ചെക്കുവിനെക്കൂടാതെയാണ് അപ്പുവും ശ്രീധരനും മൂരികളെയുംകൊണ്ടു

പുഴയിലേക്കു പോയത്. അന്ന് അപ്പു ശ്രീധരനോടു സൗകര്യമായിപ്പറഞ്ഞു: "ഞാൻ നിനക്ക് ഒരു സംഗതി കാട്ടിത്തന്നാൽ നീ ആരോടും പറയൂല എന്ന് ഈശ്വരനെപ്പിടിച്ച് ആണയിടണം."

"ഈശ്വരനാണ ആരോടും പറയൂല." ശ്രീധരൻ സത്യം ചെയ്തു—പുഴക്കരയിലെ ഒരു പാറയുടെ അരികിലേക്ക് അപ്പു നടന്നു. പിന്നാലെ ശ്രീധരനും. പാറയുടെ പിറകിലെ പൂഴിമണ്ണിൽ ഒരിടത്ത് അപ്പു മാന്തിക്കുഴിച്ച് ഒരു സാധനം പുറത്തെടുത്തു. ഒരു വലിയ കുപ്പി, കുപ്പി അടച്ചിരുന്ന മൂളിയിലകൊണ്ടുള്ള തിരുക്കടപ്പ് കടിച്ചുവലിച്ചെടുത്തു. കുപ്പി വായിൽ ചെരിച്ചു പിടിച്ച് അതിലുണ്ടായിരുന്ന വെള്ളം മൂന്നുനാലിറക്കു കുടിച്ചു. പിന്നെ പുഴയിൽനിന്നും ഒരുകുടന്ന വെള്ളം മുക്കി കുപ്പിയിലൊഴിച്ചു പഴയപോലെ നിറച്ച്, തിരുക്ക് അമർത്തി അവിടെത്തന്നെ കുഴിച്ചിട്ടു.

"ചെക്കു അമ്മാമന്റെ റാക്കാണ്." അപ്പു ചുണ്ടു തുടച്ചുകൊണ്ടു പറഞ്ഞു. (അപ്പുവിന്റെ ഒരകന്ന കുടുംബക്കാരനാണു ചെക്കു.) ശ്രീധരന് ഒന്നും മനസ്സിലായില്ല. അപ്പു വിവരിച്ചു പറഞ്ഞുകൊടുത്തു: കുന്നിൻചെരിവിലെ വലിയൊരു കുഴിയിൽവെച്ച് ചെക്കു ഉച്ചനേരത്തു പനങ്കള്ളുകൊണ്ടു റാക്കു കാച്ചും. വാറ്റിയെടുത്തു കള്ളച്ചാരായം കുപ്പിയിൽ നിറച്ചു കുപ്പികൾ പുഴക്കരയിലെ ആ പാറയുടെ പിറകിലെ പൂഴിമണ്ണിൽ കുഴിച്ചിടും. സന്ധ്യകഴിഞ്ഞാൽ വന്നു മാന്തിയെടുത്ത് ആവശ്യക്കാർക്കു കൊണ്ടുപോയി വിൽക്കും.

അന്നു മൂരികളെ കുളിപ്പിച്ചു മടങ്ങുമ്പോൾ അപ്പുവിനു നല്ല അമല്. അവൻ ആനന്ദത്തോടെ ചില തോന്ന്യാസപ്പാട്ടുകൾ പാടി:

"ചേനപ്പറമ്പിലെയുണ്ണൂലിയമ്മയും
പാണൻ കണാരനും ചിറ്റമായി.
കഞ്ഞിക്കലത്തിനു താടിവന്നു പിന്നെ
കൊമ്പൻമരത്തിനു മീശവന്നു....."

അപ്പു വഴിക്കരികെ കണ്ട അപ്പയും തുമ്പയുമെല്ലാം പറിച്ചു വായിലിട്ടു ചവച്ചുകൊണ്ടിരുന്നു, റാക്കിന്റെ നാറ്റം പോക്കാൻ.

കിഴക്കേ ചാലിയിൽ എരണ്ടകൾ കൂട്ടത്തോടെ പറന്നുവീഴും. അവ വെള്ളത്തിൽ പൊങ്ങിക്കിടന്നു ഞണ്ടുകളെയും മീനുകളെയും പരതി നീങ്ങുന്നതു കൗതുകകരമായൊരു കാഴ്ചയാണ്. മനുഷ്യരെ അടുത്തു കണ്ടാൽ അവ കൂട്ടത്തോടെ പറന്നുകളയും. എരണ്ടകളെ പിടിക്കുന്ന വിദ്യ അപ്പുവിനറിയാം. അവൻ ഒരു പഴയ മൺകലത്തിൽ രണ്ടു ദ്വാരങ്ങളുണ്ടാക്കി കലം തലയിൽ കമിഴ്ത്തി മൂടി മെല്ലെ വെള്ളത്തിലിറങ്ങി കഴുത്തുവരെ മുങ്ങും. തല മൂടിയ കലം മാത്രമേ വെളിക്കു കാണുകയുള്ളൂ. അടുത്തേക്ക് ഒഴുകിവരുന്ന കലത്തിനടിയിൽ അപ്പു എന്നൊരു വിരുതനുണ്ടെന്ന കഥ പാവം എരണ്ടകൾക്കു മനസ്സിലാവുകയില്ല. എരണ്ടയുടെ അടുത്തെത്തിയാൽ അപ്പു വെള്ളത്തിൽ നിന്നു കൈപൊക്കി തരത്തിൽ ഒരൊറ്റപ്പിടുത്തം. നടന്നതെന്താണെന്ന് അടുത്തുള്ള എരണ്ടകൾപോലും അറിയുകയില്ല. അത്ര വിദക്ദ്ധമായിട്ടാണ് അപ്പുവിന്റെ കൈയും കലാശവും. ചിലപ്പോൾ അപ്പു ഒരൊറ്റദിവസംകൊണ്ടു പത്തും പതിനഞ്ചും എരണ്ടകളെ കബൂലാക്കും.

ചെറുപുഴക്കളേയും മറ്റും കൊത്തിപ്പെറുക്കിത്തിന്നാൻ പറമ്പിൽ വിരുന്നു വരുന്ന കൗതുകമുള്ളൊരു പക്ഷിയാണ് കൊത്തിൾ (കൊത്തളൻ). ഒരിക്കൽ അപ്പു

ഈർക്കിലുകൾകൊണ്ടൊരു സൂത്രക്കൂടുണ്ടാക്കി ഉള്ളിൽ ഒരു വലിയ കുടപ്പുഴുവിനെ കോർത്തുകെട്ടി ഒരു കൊത്തിളിനെ ആകർഷിച്ചു വരുത്തി പിടിച്ച് ശ്രീധരനു സമ്മാനിച്ചു. തലയിലും കൊക്കിലും മേടയിലും കാലിലും ജുവലുകളിലുമെല്ലാംകൂടി ഒമ്പതു നിറമുള്ള ആ അദ്ഭുതകരമായ പക്ഷിയെ ശ്രീധരൻ വാത്സല്യത്തോടെ പരിശോധിച്ചുകൊണ്ടിരിക്കെ അപ്പു ഓടിവന്ന് അറിയിച്ചു: "ശ്രീധരന്റെ അച്ഛനുണ്ട് വന്നിട്ട്."

അച്ഛനെ കാണുന്നതു ശ്രീധരനു സന്തോഷമാണ്. ദ്വീപിൽനിന്നു വരുന്ന തൊണ്ടിയലുവയും, അറബികൾ പത്തേമ്മാരിയിൽ കൊണ്ടുവരുന്ന കാരക്ക (ഈത്തപ്പഴം)യും, പട്ടണപ്പലഹാരങ്ങളായ ലഡ്ഡുവും ജിലേബിയും അലുവയും മറ്റും അച്ഛൻ തിന്നാൻ കൊണ്ടുവരും. എന്നാൽ, തന്നെ പടിഞ്ഞാട്ടു (പട്ടണത്തിലേക്ക്) കൂട്ടിക്കൊണ്ടുപോവാനാണ് അച്ഛൻ വന്നിരിക്കുന്നത് എന്നോർക്കുമ്പോൾ ശ്രീധരനു കരച്ചിൽവരും. പോണ്ട എന്ന് അപ്പുവും ശ്രീധരനെ സ്വകാര്യമായി ഉപദേശിക്കും: പനന്തത്തയെ പിടിച്ചു തരാം—കാട്ടിൽ പോയി ചെമ്പോത്തിന്റെ കൂടു കാട്ടിത്തരാം. അങ്ങനെ അപ്പു പലതും പറഞ്ഞു പ്രലോഭിപ്പിക്കും. കൊടുവേലി എന്ന അദ്ഭുതമൂലികയെപ്പറ്റി അപ്പു പറയും. അതിന് ഇരുമ്പു വെള്ളമാക്കാനുള്ള ശക്തിയുണ്ട്—കാട്ടിലെ മരത്തിൽ ചെമ്പോത്തിന്റെ കൂടു കണ്ടുപിടിച്ച് ചെമ്പോത്തിൻ കുഞ്ഞിന്റെ കാലിൽ ഒരിരുമ്പുചങ്ങല കെട്ടിയിടണം. തള്ളപ്പക്ഷി വരുമ്പോൾ ഇരുമ്പുചങ്ങലയിൽ കിടക്കുന്ന കുഞ്ഞിനെ കാണും. ഉടനെ പറന്നുപോയി കാട്ടിൽനിന്നു കൊടുവേലിവേര് കൊത്തിക്കൊണ്ടു വരും. ആ മരുന്നു ചങ്ങലയിൽ തൊടേണ്ട താമസം, ഇരുമ്പുചങ്ങല വെള്ളമായിപ്പോകും—പിറ്റേന്ന് ആ കൂട്ടിൽ നോക്കിയാൽ കൊടുവേലിവേര് അവിടെ കിടക്കുന്നതു കാണാം. അതു കൈക്കലാക്കിയാൽ പിന്നെ മനസ്സിൽ വിചാരിച്ചത് എല്ലാം സാധിക്കും. കാട്ടിൽ കയറിയാൽ അപ്പു എല്ലാ മരങ്ങളുടേയും മുകളിൽ കയറി നോക്കും—ചെമ്പോത്തിന്റെ കൂടു കണ്ടുപിടിക്കാൻ.

ശ്രീധരൻ ഇലഞ്ഞിപ്പൊയിലിൽ പാർക്കുന്നതിൽ അപ്പുവിനും കാര്യമുണ്ടായിരുന്നു: ശ്രീധരനു തിന്നാൻ കിട്ടുന്ന പലഹാരങ്ങളെല്ലാം അവനും തട്ടാം.

അച്ഛൻ തിരിയെ പുറപ്പെടാറായാൽ ശ്രീധരൻ എവിടെയെങ്കിലും പോയി ഒളിച്ചുകളയും. കൃഷ്ണൻമാസ്റ്റർ മകനെ ദേഷ്യപ്പെട്ടു വിളിക്കും. അപ്പോൾ മുത്തച്ഛൻ സമാധാനിപ്പിക്കും: "കുഞ്ഞൻ നാലഞ്ചുദിവസംകൂടി ഇവിടെ പാർക്കട്ടെ—അവനെ ചെക്കുവിന്റെ കൂടെ അങ്ങോട്ടു പറഞ്ഞയയ്ക്കാം."

ശ്രീധരന്റെ അച്ഛൻ വഴങ്ങും. യാത്ര പറയുമ്പോൾ അച്ഛൻ അവനെ അരികെ വിളിച്ച് മൂർദ്ധാവിൽ ഒരു കിസ് കൊടുക്കും.

അങ്ങനെ ആനന്ദവും അദ്ഭുതങ്ങളും വിനോദങ്ങളും ഇടകലർന്ന ഇലഞ്ഞിപ്പൊയിലിലെ ദിവസങ്ങൾ കുറെക്കൂടി ശ്രീധരന്റേതായിത്തീരും.

രണ്ടു മച്ചിത്തേങ്ങകൾ കോർത്തുകെട്ടി ഇലഞ്ഞിപ്പൊയിലിലെ കുളത്തിലിട്ട് ശ്രീധരനെ അതിൽ കിടത്തി അപ്പു അവനെ നീന്താൻ പഠിപ്പിച്ചു.

അഞ്ചാറുദിവസങ്ങൾ പോകുന്നതറിയുകയില്ല. ശ്രീധരനെ പടിഞ്ഞാട്ടു കൊണ്ടുപോകാൻ ഒരു വൈകുന്നേരം ചെക്കു ഒരുങ്ങി വരും. "ചെക്ക്വമ്മാമന്റെ നാഭിക്കു താഴെ രണ്ടു റാക്കുകുപ്പികൾ കെട്ടിത്തൂക്കിയിട്ടിട്ടുണ്ട്." അപ്പു സ്വകാര്യമായി ശ്രീധരനോട് ആ രഹസ്യം പറയും.

ചെക്കുവിന്റെ കൂടെ പടിഞ്ഞാട്ടു പോകുന്നത് ശ്രീധരന് സന്തോഷമുള്ളൊരു കാര്യമാണ്. ശ്രീധരൻ നടന്നു കാലുകഴയ്ക്കുമ്പോൾ ചെക്കു അവനെ ചുമലിലെടുത്ത് അവനു പല കഥകളും പറഞ്ഞുകൊടുക്കും. ഇട്ടിച്ചിരക്കുട്ടിയുടെ കഥ കേട്ട ശ്രീധരൻ കരഞ്ഞുപോയിട്ടുണ്ട്.

"ഇട്ടിച്ചിരക്കുട്ട്യേ—പച്ചപ്പയറൊത്തോ, ഒത്തോ—ഒത്തോ?' എന്നു പാടുന്ന കിളിയുടെ സങ്കടകഥയാണ്.

അമ്മയില്ലാത്ത പാവം പെൺകുട്ടിയാണ് കുഞ്ഞിമാളു. അച്ഛൻ രണ്ടാം കല്യാണം കഴിച്ച ഇട്ടിച്ചിരക്കുട്ടി മഹാദുഷ്ടത്തിയായിരുന്നു. അവൾ പുരയിലെ സകല പണിയും കുഞ്ഞിമാളുവിനെക്കൊണ്ടു ചെയ്യിക്കും. ദൂരെ പുഴയിൽനിന്നു വെള്ളം കൊണ്ടുവരണം. കാട്ടിൽപ്പോയി വിറകു ശേഖരിക്കണം. മുറ്റമടിക്കണം. അടുക്കളയിലെ എല്ലാ പണിയും ചെയ്യണം. ഒരു ചെറിയ കുറ്റം എവിടെയെങ്കിലും കണ്ടാൽ ഇളയമ്മ അവളെ കഠിനമായി ശിക്ഷിക്കും. മുറ്റമടിച്ചേടത്ത് ഒരീർക്കിൽക്കൊടിയോ ഉണക്കിലയോ കണ്ടാൽ ഇട്ടിച്ചിരക്കുട്ടി കുറ്റിച്ചൂലുകൊണ്ട് കുഞ്ഞിമാളുവിന്റെ മുഖത്തു തല്ലും. കൂട്ടാനിൽ ഇത്തിരി ഉപ്പ് ഏറിപ്പോയാൽ കൂട്ടാൻകലം അങ്ങനെത്തന്നെ അവളുടെ തലയിൽ മറിക്കും. പുരയിലെ എല്ലാ പണിയും കുഞ്ഞിമാളുവിനെ ഏൽപ്പിച്ച് ഇട്ടിച്ചിരക്കുട്ടി അയൽവീടുകളിൽ പോയി നാട്ടുവർത്തമാനം പറഞ്ഞിരിക്കും.

ഒരു ദിവസം ഉച്ചയ്ക്ക് ഇട്ടിച്ചിരക്കുട്ടി അരനാഴി പച്ചപ്പയർ അളന്ന് അതു വറുത്തുവയ്ക്കാൻ കുഞ്ഞിമാളുവിനെ ഏൽപ്പിച്ച് അടുത്ത വീട്ടിലേക്കു വർത്തമാനം പറഞ്ഞിരിക്കാൻ പോയി. വൈകുന്നേരത്താണ് അവൾ മടങ്ങി വന്നത്. "പയറു വറുത്തുവെച്ചോ?" എന്നു കുഞ്ഞിമാളുവിനോടു ചോദിച്ചു. കുഞ്ഞിമാളു പയർ വറുത്തു മുറത്തിൽ വെച്ചതു കാട്ടിക്കൊടുത്തു. ഇട്ടിച്ചിരക്കുട്ടി പയർ വീണ്ടും അളന്നു നോക്കി. ഉഴക്കു പയറേയുള്ളു!

"എടീ! ഇത് ഉഴക്കു പയറല്ലേയുള്ളു? ഞാൻ നിനക്ക് അരനാഴിപ്പയർ വറുക്കാൻ തന്നിട്ടില്ലേ കള്ളത്തീ? പകുതി നീ തിന്നു. ഇല്ലേ?" എന്നു പറഞ്ഞുകൊണ്ട് ഇട്ടിച്ചിരക്കുട്ടി കുഞ്ഞിമാളുവിന്റെ തലയ്ക്ക് അമ്മിക്കുട്ടികൊണ്ട് ഒരടി വെച്ചുകൊടുത്തു. കുഞ്ഞിമാളു തലയോടു പൊട്ടിത്തകർന്ന് അപ്പോൾത്തന്നെ ചത്തുപോയി.

ചത്ത കുഞ്ഞിമാളു ഒരു കിളിയായി ജനിച്ചു. ഒരു ദിവസം ഇട്ടിച്ചിരക്കുട്ടി അരനാഴിപ്പയറെടുത്തു വറുത്തു! വറുത്തുവെച്ചപ്പോൾ കുറവുതോന്നി. അളന്നുനോക്കി. ഉഴക്കുപയർ!

കിളിയായിത്തീർന്ന കുഞ്ഞിമാളു അപ്പോൾ മുറ്റത്തെ മാവിൽ വന്നിരുന്ന് ഇങ്ങനെ പാടി; " ഇട്ടിച്ചിരക്കുട്ട്യേ, പച്ചപ്പയറൊത്തോ, ഒത്തോ—ഒത്തോ?"

# 7. തുർക്കിപ്പട്ടാളം

നേരം രാത്രി ഒമ്പതുമണി. കോരൻബട്ട്ളറുടെ പുരയിലെ കോലായിൽ ഒരു പഴയ പീഞ്ഞപ്പെട്ടിപ്പുറത്തു കേറിയിരുന്നു കഥ പറയുകയാണ്, കുഞ്ഞപ്പു.

ഗൃഹനാഥനായ കോരൻബട്ട്ളർ മൂക്കറ്റം കുടിച്ച്, കോലായിലെ മൂലയിലിട്ടൊരു കട്ടിലിൽ, തന്റെ കള്ളുഭരണിപോലുള്ള കുമ്പയും പ്രദർശിപ്പിച്ചുകൊണ്ടു ബോധമില്ലാതെ മലർന്നു കിടക്കുന്നു. ചെത്തുകാരൻ കുളൂസ് പറങ്ങോടനും, പെരിക്കാലൻ അയ്യപ്പനും, ആധാരമെഴുത്ത് ആണ്ടിയും താഴെ, കോലായത്തിണ്ടിൽ കാലും തൂക്കിയിട്ടിരുന്ന് കുഞ്ഞപ്പുവിന്റെ പട്ടാളക്കഥ ശ്രദ്ധിക്കുന്നു. അടുക്കളെ വാതിൽക്കലുമുണ്ട് മൂന്നുനാലു വിനീത ശ്രോതാക്കൾ: ബട്ട്ളറുടെ ഭാര്യ കുഞ്ഞമ്മു, മകൾ തിരുമാല, അകന്ന ചാർച്ചയിലെ മരുമക്കളായ ജാനുവും കല്യാണിയും.

ആധാരമെഴുത്ത് ആണ്ടി അവിടെ എത്തിപ്പെട്ടതിൽ കുഞ്ഞപ്പുവിന് അൽപം ക്ഷീണമുണ്ട്. കുഞ്ഞപ്പു പറയുന്നതെല്ലാം മറ്റുള്ളവർ, മിണ്ടാതെ വിഴുങ്ങിക്കൊള്ളും. ആണ്ടി അങ്ങനെയല്ല. ഓർക്കാപ്പുറത്തു ചില മുട്ടാപ്പോക്കു ചോദ്യങ്ങൾ ഉരുട്ടിക്കൊണ്ടു വരും. കുഞ്ഞപ്പു കുഴങ്ങിപ്പോകും. അതിനാൽ വളരെ കരുതലോടുകൂടിയാണ് തന്റെ കൊമ്പൻമീശ പിടിച്ചു തിരുമ്മിക്കൊണ്ട് കുഞ്ഞപ്പു കഥ പറയുന്നത്.

കഥാരംഗം, അറേബ്യയിലെ ബസ്ര തന്നെ. മരുഭൂമിയിലെ ഒരു മൂലയിൽ വെച്ചു തുർക്കികളുമായി നടത്തിയ ഭയങ്കരമായൊരു പോരാട്ടത്തിനുശേഷം കുഞ്ഞപ്പുവിന്റെ പട്ടാളസ്ക്വാഡ്രനു പിന്തിരിയേണ്ടിവന്നു. കാരണം, വെടിക്കോപ്പുകളെല്ലാം തീർന്നുപോയി. തുർക്കിപ്പട്ടാളം ഒരു സൂത്രം പ്രയോഗിച്ച് ബ്രിട്ടീഷിന്ത്യൻ പട്ടാളക്കാരെ പറ്റിച്ചുകളഞ്ഞു.

തുർക്കിപ്പട്ടാളം അവരുടെ ക്യാമ്പിനു മുമ്പിൽ ഒരു ഡജൻ തോക്കുകാരെ അണിനിരത്തിയത് കുഞ്ഞപ്പുവിന്റെ പട്ടാളക്യാപ്റ്റൻ കുഴൽക്കണ്ണാടിയിലൂടെ കണ്ടു. പെട്ടെന്ന് ആക്രമിക്കണം. വെടിവയ്ക്കാൻ ക്യാപ്റ്റന്റെ കല്പന കിട്ടി. ഇന്ത്യൻപട്ടാളം തുരുതുരെ വെടിവെച്ചു. പത്തുറൗണ്ടു കാച്ചിയിട്ടും തുർക്കിപ്പട്ടാള അണിയിലെ എണ്ണം കുറയുന്നില്ല. പിന്നെയും വെച്ചു കൊടുത്തു ഒരു പത്തു റൗണ്ട്. തുർക്കി ഭടന്മാർ വെടിയേറ്റു കുഴുങ്ങുന്നു. എന്നാൽ ആൾ പിന്നെയും അവിടെത്തന്നെ. നിർത്താതെ വെടി തുടരാൻ ക്യാപ്റ്റന്റെ ഓർഡർ—ചത്തുവീണ തുർക്കിപ്പട്ടാളക്കാരുടെ സ്ഥാനത്ത് പുതിയ ഭടന്മാർ വന്നു നിൽക്കുകയാണെന്നാണ് ക്യാപ്റ്റൻ കരുതിയിരുന്നത്. അവരെയെല്ലാം വെടിവച്ചു വീഴ്ത്തി ക്യാമ്പ് കൈയേറാമെന്നായിരുന്നു ക്യാപ്റ്റന്റെ പ്ലാൻ. എന്നാൽ ഇന്ത്യൻ പട്ടാളസംഘത്തിന്റെ വെടിക്കോപ്പെല്ലാം തീർന്നു. തുർക്കിപ്പട്ടാളഅണിയിലെ പന്ത്രണ്ടും അങ്ങനെത്തന്നെ നിൽക്കുന്നു. എന്തായിരുന്നു അവരുടെ സൂത്രം?

"എന്തായിരുന്നു ആ സൂത്രം?" ആണ്ടിയുടെ ചോദ്യം.

കുഞ്ഞപ്പു ആണ്ടിയോട് ഒരു ബീഡി ആവശ്യപ്പെട്ടു. ആണ്ടി കുളൂസ് പറങ്ങോടനോട് ഒരു ബീഡി ചോദിച്ചുവാങ്ങി കുഞ്ഞപ്പുവിനു ദാനം ചെയ്തു.

ആരുടെ കൈയിലുമില്ല തീപ്പെട്ടി.

"കുറച്ചു തീ." അടുക്കളയുടെനേർക്കു നോക്കി കുഞ്ഞപ്പു വിളിച്ചു പറഞ്ഞു.

"ഈ അറബ്യളുണ്ടല്ലോ—വല്യ മന്ത്രവാദ്യേളാണ്. ഉറുക്കു ജപിച്ചു കൈയിൽ കെട്ടീട്ടുണ്ടാവും പഹേര്, വെടികൊണ്ടാച്ചാവൂല." അറബികളെക്കുറിച്ച് നല്ലപോലെ അറിയുന്നമട്ടിൽ പെരിക്കാലൻ അയ്യപ്പൻ അഭിപ്രായപ്പെട്ടു.

കൈയിൽ പുകയുന്ന വലിയൊരു തീക്കൊള്ളിയുമായി കറുത്തു തടിച്ചൊരു പെണ്ണ്—കല്യാണി—കോലായിലേക്കു വന്ന് എല്ലാവരേയും ഒന്നു നോക്കി തന്റെ കോന്ത്രമ്പല്ലുകൾ മുഴുവനും വെളിക്കുകാട്ടി ഒന്നു ചിരിച്ച്, തീക്കൊള്ളി കുഞ്ഞപ്പുവിന്റെ കൈയിലേക്കു നീട്ടി. കുഞ്ഞപ്പു കൊള്ളി വാങ്ങി, ബീഡിക്കു തീപ്പറ്റിച്ചു. കൊള്ളി തിരികെക്കൊടുക്കുന്ന തക്കത്തിൽ വിരൽകൊണ്ട് ഒന്നു ചൊറിഞ്ഞു.

ആണ്ടി ആരും കാണാതെ തന്റെ അരക്കെട്ടിൽനിന്ന് ഒരു ബീഡി നുള്ളിയെടുത്ത് കല്യാണിയോടു കൊള്ളി വാങ്ങി തീപ്പിടിപ്പിച്ചു വലിച്ചുകൊണ്ട് ആലോചനയായി: എന്തായിരുന്നു ആ സൂത്രം?

കുളൂസ് പറങ്ങോടൻ കൈക്കുകെട്ടിയ വെള്ളി റിസ്റ്റുവാച്ച് അഴിച്ച് വൈൻഡ് ചെയ്തു. (ദിവസം പലപ്രാവശ്യവും അവൻ തരംപോലെ ആ വാച്ച് അഴിച്ചു വൈൻഡ് ചെയ്യും.)

തുർക്കികളുടെ മൃതസഞ്ജീവനിസൂത്രം ആലോചിച്ചിട്ട് ആർക്കും പിടികിട്ടിയില്ല. അടുക്കളയിലുള്ളവരും തമ്മിൽത്തമ്മിൽ കുശുകുശുക്കുന്നുണ്ടായിരുന്നു.

കുഞ്ഞപ്പു ബീഡിവലിച്ച്, മുഖം താഴ്ത്തി, മൂക്കിൽക്കൂടി പുക തള്ളിവിട്ടുകൊണ്ട് (അപ്പോൾ കുഞ്ഞപ്പുവിന്റെ മുഖം തീപ്പിടിച്ച ഒരു പോർവിമാനം മൂക്കുകുത്തി വീഴുംപോലെ തോന്നിയിരുന്നു.) ആ സൂത്രം വിവരിച്ചു കൊടുത്തു: "തുർക്കി അണിയിലെ പട്ടാളക്കാർ പന്ത്രണ്ടും, ശരിക്കുള്ള പട്ടാളക്കാരായിരുന്നില്ല—പട്ടാളഉടുപ്പിട്ടുവിച്ച റബ്ബർപ്പാവകളായിരുന്നു. വെടിയേറ്റാൽ ഒന്നു കുലുങ്ങും; അത്രതന്നെ. ക്യാപ്റ്റന് ഒടുവിലാണ് തുർക്കികളുടെ ഈ സൂത്രം മനസ്സിലായത്. അപ്പോഴേക്കും വെടിക്കോപ്പുകളെല്ലാം കലാശിച്ചിരുന്നു. പിന്നെ പിന്തിരിഞ്ഞോടുകയേ ഗതിയുള്ളൂ."

അതുകേട്ടപ്പോൾ പെരിക്കാലൻ അയ്യപ്പൻ ഭയങ്കരമായൊരു ചിരിചിരിച്ചു. കോരൻ ബട്ട്ളറുടെ പുരയുടെ മോന്തായം കുലുങ്ങിപ്പോയി.

അങ്ങനെ കുഞ്ഞപ്പുവിന്റെ പട്ടാളസംഘം മരുഭൂമിയിലൂടെ മരണപ്പാച്ചിൽ പാഞ്ഞു. രാത്രിയിൽ, മരുഭൂമിയുടെ മറ്റൊരു കോണിൽ ക്യാമ്പടിച്ചു കൂടി.

അപ്പോൾ ആണ്ടിയുടെ ഒരു കൂർത്ത ചോദ്യം: "രാത്രിയിലെന്തിനാണു ക്യാമ്പടിച്ചുകൂടിയത്? ശത്രുക്കൾ കാണാതെ, സുഖമായി ഒളിച്ചോടാൻ പറ്റിയ അവസരം രാത്രിയിലല്ലേ?"

കുഞ്ഞപ്പു ആണ്ടിയെ ഉഗ്രമായൊന്നു നോക്കി: "രാത്രിയിൽ അവിടെ പാർക്കാനല്ല തമ്പടിച്ചത്. കഥ മുഴുവനും കേട്ടിട്ട് സംശയം ചോദിച്ചാൽ മതി; കേട്ടോ—ഇതു കള്ളാധാരമെഴുത്തല്ല; യുദ്ധമാണ്, യുദ്ധം! ജർമ്മൻ വാർ —തരംപോലെ പല അടവുകളും പ്രയോഗിക്കേണ്ടിവരും."

ആണ്ടി അടങ്ങി.

കുഞ്ഞപ്പു കഥ തുടർന്നു: "ക്യാപ്റ്റൻ പട്ടാളക്കാരെയെല്ലാം വിളിച്ചു മുമ്പിൽ അണിനിരത്തി, കൈയിൽ വലിയൊരു മാപ്പും നിവർത്തിപ്പിടിച്ചു പരിശോധിച്ചുകൊണ്ട്

ഇങ്ങനെ ഒരു ലക്ചർ തന്നു: നമ്മളിപ്പോൾ വന്നുപെട്ടിരിക്കുന്നത് ശത്രുക്കളുടെ താവളത്തിനടുത്ത് എവിടെയോ ആണ്. തുർക്കികളുടെ ക്യാമ്പുകൾ ഈ പ്രദേശത്തുണ്ടായിരിക്കും എന്നു കരുതേണ്ടിയിരിക്കുന്നു. നമ്മൾ അവരുടെ മുമ്പിൽ ചെന്നുപെട്ടാൽ പെട്ടതുതന്നെ. തീപ്പെട്ടിക്കോലിലെ മരുന്നുപോലും നമ്മുടെ കൈവശമില്ല. അതിനാൽ ഇനി മുമ്പോട്ടു നീങ്ങണമെങ്കിൽ വഴിക്കു ശത്രുക്കൾ എവിടെയെങ്കിലും ക്യാമ്പടിച്ചിട്ടുണ്ടോ എന്നു ഗൂഢമായി പരിശോധിക്കണം. അതിന് ഒരു ചാരൻ പോകണം. ആരു പോകും?"

ആരും അനങ്ങുന്ന മട്ടില്ല.

അപ്പോൾ കുഞ്ഞപ്പു നാലഞ്ചടി മുന്നോട്ടു നീങ്ങി ക്യാപ്റ്റനെ നോക്കി അറ്റൻഷനായി നിന്ന് ഒരു സല്യൂട്ടടിച്ചു: തയ്യാർ!

"ശരി." ക്യാപ്റ്റൻ അഭിനന്ദിച്ചുകൊണ്ട് തലകുലുക്കി: "നീ പോകുമോ?"

"ഹുസൂർ." കുഞ്ഞപ്പു തലകുനിച്ചു.

"ശരി, ഉടൻ പോ."

കുഞ്ഞപ്പു ഒരു നിമിഷം താമസിച്ചില്ല. കൈയും വീശി നേരേ മരുഭൂമിയിലേക്ക് ഒരു നടത്തം വെച്ചുകൊടുത്തു.

"ഠേരോ!' ക്യാപ്റ്റൻ വിളിച്ചുണർത്തി.

കുഞ്ഞപ്പു തിരിഞ്ഞുനോക്കി.

"വിഡ്ഢീ! തോക്കെടുക്കാതെയാണോ പോകുന്നത്?"

"ഉണ്ടയില്ലാത്ത തോക്ക് എന്തിനാണു സേർ? അതു വെറും ഭാരം."

ഇപ്പോൾ വിഡ്ഢിയായതു വെള്ളക്കാരൻ സായിപ്പ്.

"വെരി ഗുഡ്—യൂ ആർ ഏ ക്ളവർ ഗൈ." (കുഞ്ഞപ്പു മഹാസമർത്ഥൻ തന്നെയാണ്.)

അതുകേട്ടപ്പോൾ കുഞ്ഞപ്പു അറ്റൻഷനായി നിന്നുകൊണ്ടു കൊടുത്തു ക്യാപ്റ്റൻ സായിപ്പിന് ഒരു സല്യൂട്ടുകൂടി.

"ശരി, പൊയ്ക്കോ. നിന്റെ ദൗത്യം വിജയിക്കട്ടെ!" സായിപ്പിന്റെ ആശംസ.

ചുടുകാടുപോലെ കിടക്കുന്ന മരുപ്പരപ്പിലൂടെ ഒറ്റയ്ക്കു നിരായുധനായി നീങ്ങുകയാണ്, കുഞ്ഞപ്പു. ഒരിടത്തും ഒച്ചയും അനക്കവുമില്ല. ആകാശത്തിലെ നക്ഷത്രങ്ങളുടെ അരണ്ട വെളിച്ചം നരച്ച മരുഭൂമിയിൽ പരന്നിട്ടുണ്ട്. കുഞ്ഞപ്പു ഒരു തന്നാരപ്പാട്ടും പാടിക്കൊണ്ടു നടന്നു.

"തെക്കും വടക്കും തിരിയോ മരുഭൂമീല്? നീ എങ്ങോട്ടുച്ചിട്ടാ നടന്നത്?"

ഇടങ്കോലിട്ടുകൊണ്ട് ആണ്ടിയുടെ ചോദ്യം.

അതുകേട്ടു കുഞ്ഞപ്പു തനിയെ ചിരിച്ചു. ആണ്ടി ചോദിച്ചത് അർത്ഥവത്താണെന്ന ഭാവത്തിൽ തലയാട്ടി. പിന്നെ ഗൗരവത്തോടെ ഇങ്ങനെ പറഞ്ഞു: "മരുഭൂമിയിലെ പട്ടാളക്കാരൻ ജീവനോടൊപ്പം മൂന്നു സാധനങ്ങൾ എപ്പോഴും കൂടെ കൊണ്ടുനടക്കണം. തോക്ക്, തണ്ണീർബോട്ടിൽ, തവുക്ക (വടക്കുനോക്കി). ഇവയിൽ തോക്കും തണ്ണീർബോട്ടിലും കുഞ്ഞപ്പുവിന്റെ കൈയിലുണ്ടായിരുന്നില്ല. എന്നാൽ തവുക്ക് കീശയിലുണ്ടായിരുന്നു. അത് ഇപ്പോഴും കുഞ്ഞപ്പുവിന്റെ കീശയിലുണ്ട്."

കുഞ്ഞപ്പ കീശയിൽനിന്ന് ഒരു സാധനം പുറത്തെടുത്ത് എല്ലാവർക്കും കാട്ടിക്കൊടുത്തു: തവുക്ക!

ആണ്ടി ആ സാധനം മുമ്പു കണ്ടിട്ടുണ്ട്. കുളൂസ് പറങ്ങോടനും പെരിക്കാലൻ അയ്യപ്പനും അതു കൈയിൽ വാങ്ങി കൗതുകത്തോടെ പരിശോധിച്ചു. എന്തൊരദ്ഭുതം! എങ്ങോട്ടു തിരിഞ്ഞിരുന്നാലും തവുക്കയുടെ വാലു വടക്കോട്ട്.

ആ വടക്കുനോക്കിയന്ത്രം കൈമാറി ഒടുവിൽ അട്ടുക്കളയിലെത്തി.

(കുഞ്ഞപ്പുവിനു തവുക്കയോടുള്ള കൗതുകം ഒരിക്കലും വിട്ടുമാറിയിരുന്നില്ല. അവൻ വെറുതെയിരിക്കുമ്പോൾ കീശയിൽനിന്ന് ആ യന്ത്രമെടുത്തു കൈയിൽ വച്ച് പല ദിക്കിലേക്കും തിരിഞ്ഞ് അതിൻ്റെ സൂചി ചലിക്കുന്നതും നോക്കി വിനോദിക്കും.)

കുഞ്ഞപ്പു കഥ തുടർന്നു:

മരുഭൂമിയിലൂടെ നേരെ വടക്കോട്ട് രണ്ടുമൂന്നു മൈൽ നടന്നുകാണും. അപ്പോൾ ഒരു കറുത്ത വട്ടം കുഞ്ഞപ്പുവിൻ്റെ ദൃഷ്ടിയിൽപ്പെട്ടു. സൂക്ഷിച്ചു നോക്കി: കരിമ്പാറക്കെട്ടുകളല്ല. ശത്രുക്കളുടെ ക്യാമ്പായിരിക്കണം. കുഞ്ഞപ്പു കുറച്ചുകൂടി നീങ്ങി. നൂറുവാര അടുത്തെത്തി. ശത്രുക്കളുടെ കൂടാരംതന്നെ.

കുഞ്ഞപ്പു നിലത്തു പൂഴിമണ്ണിൽ കമഴ്ന്നുകിടന്നു മുന്നോട്ടു ഞാഞ്ഞൂലിനെപ്പോലെ ഇഴഞ്ഞ് ക്യാമ്പിൻ്റെ അമ്പതുവാര അടുത്തെത്തി. അവിടെ ഒരു വലിയ പാറക്കെട്ടുണ്ടായിരുന്നു. ആ പാറക്കെട്ടിനു പിറകിൽ മറഞ്ഞു നിന്ന് കുഞ്ഞപ്പു മുമ്പിലെ രംഗം നല്ലപോലെ നിരീക്ഷിച്ചു.

തമ്പ് നിശ്ശബ്ദം. പട്ടാളക്കാർ അകത്തുകിടന്നുറങ്ങുകയായിരിക്കും. തമ്പിൻ്റെ വാതിൽക്കൽ ഒരുത്തൻ തോക്കും ചുമലിൽ വച്ചു പാറാവു നിൽക്കുന്നു. അവൻ്റെ തലയിൽ ഒരു തുർക്കിത്തൊപ്പിയും. തുർക്കിപ്പട്ടാളക്യാമ്പ്! ദൗത്യം വിജയിച്ചു.

എന്നാൽ തുർക്കികളെ അവിടെ അങ്ങനെ വിട്ടേച്ചു പോകുന്നതു ശരിയല്ല എന്നു കുഞ്ഞപ്പുവിനു തോന്നി. കുഞ്ഞപ്പു മനസ്സിൽ പ്ലാനിട്ടു; പാറാവുകാരൻ തുർക്കിപ്പന്നിയെ ആദ്യം ശരിപ്പെടുത്തണം, പിന്നെ....

കുഞ്ഞപ്പു കുനിഞ്ഞുനിന്നു മണ്ണിൽ പരതി, തിരഞ്ഞ സാധനം കിട്ടി. ഒരു ചെറിയ പാറക്കല്ല്.

ആ ഉരുളൻകല്ലിൻ്റെ ഒരു വശം കത്തിയുടെ വായ്ത്തലപോലെ മൂർച്ചയുണ്ടായിരുന്നു.

കുഞ്ഞപ്പു പാറക്കെട്ടിൻ്റെ മറവിൽ ആഞ്ഞുനിന്ന് ഉന്നം പിടിച്ചു; തുർക്കിപ്പന്നിയുടെ തൊപ്പിക്കു താഴെ, ചെവിക്കും ചുമലിനും നടുക്ക്, കഴുത്തിലെ മർമ്മസ്ഥാനം—കർണ്ണനാഡി—അതാണ് ഉന്നം. 'നായിൻ്റെ മോനേ, ഇതാ നിനക്കൊരു സമ്മാനം' എന്നു പല്ലു ഞെരിച്ചു പറഞ്ഞുകൊണ്ട്, ഠം എന്നൊരേറ്.

ഏറ് മർമ്മത്തിൽത്തന്നെ കൊണ്ടു. കീ എന്നൊരു നേരിയ കരച്ചിൽ പോലും പുറപ്പെടുവിക്കാതെ, തുർക്കിപ്പന്നിയും അവൻ്റെ തോക്കും കുന്തവും തൊപ്പിയും പ്ഥാ എന്നു താഴെപ്പതിച്ചു. കുഞ്ഞപ്പു അവൻ്റെ നേർക്കു മിന്നൽ പോലെ ഒരു ചാട്ടംചാടി. ഉടൻ തുർക്കിയുടെ തോക്കിൽനിന്നും ബയണറ്റ് ഊരിയെടുത്ത് അതുകൊണ്ട് അവൻ്റെ കഴുത്തിൽ തുടരെത്തുടരെ മൂന്നു നാലു കുത്തു പാസ്സാക്കിക്കൊടുത്തു. തുർക്കിപ്പന്നി രണ്ടു മൂന്നുപിടഞ്ഞു. പിന്നെ ക്ലോസ്.

പാറാവുകാരൻ പന്നി സിദ്ധികൂടിയെന്നുറപ്പുവരുത്തിയതിനുശേഷം കുഞ്ഞപ്പു

തുർക്കിയുടെ തൊപ്പിയെടുത്തു തലയിൽ ചാർത്തി, തോക്കും കൈവശപ്പെടുത്തി തമ്പിനുള്ളിലേക്കു കടന്നു.

എന്തിനാണ് തുർക്കിയുടെ തൊപ്പിയെടുത്തിട്ടത്?—കുഞ്ഞപ്പുതന്നെ വിവരിച്ചു. തുർക്കിത്തൊപ്പി തലയിൽ ചാർത്തിയത്, തമാശയ്ക്കുവേണ്ടിയല്ല. അപ്പോൾ പട്ടാളക്കാർ ആരെങ്കിലും ഉണർന്നാൽ തന്നെക്കണ്ടു പെട്ടെന്നു ശത്രുവാണെന്നു മനസ്സിലാക്കരുത് എന്നൊരു മുൻകരുതലായിരുന്നു അത്. പാറാവുനിൽക്കുന്ന പുള്ളിയാണ് കടന്നുവന്നതെന്നു കരുതി അവർ അവരുടെ പാട്ടിന് ഉറങ്ങിക്കൊള്ളും.

കുഞ്ഞപ്പു തമ്പിനകത്തു കടന്ന് ആകപ്പാടെ ഒന്നുനോക്കി. ഒരു പാനീസ് (ലാന്തർ) തമ്പിന്റെ മൂലയിൽ കത്തിച്ചു തൂക്കിയിട്ടിരിക്കുന്നു. തുർക്കിപ്പട്ടാളക്കാർ തലങ്ങും വിലങ്ങും കിടന്നുറങ്ങുകയാണ്. ചിലർ കൂർക്കം വലിക്കുന്നു. മറ്റൊരു മൂലയിൽ തോക്കുകളും കുന്തങ്ങളും തിരകളും കൂട്ടിയിട്ടിരിക്കുന്നു.

അവയെല്ലാം അവടെ ഇരിക്കട്ടെ. തിന്നാൻ വല്ലതുമുണ്ടോ എന്നായി കുഞ്ഞപ്പുവിന്റെ നോട്ടം. ഒരു പരിശോധന നടത്തി: വേറൊരു മൂലയിൽ ഒരു വലിയ ചെമ്പുപാത്രം ഈത്തപ്പനയോലപ്പായ് കൊണ്ടു മൂടി വെച്ചിരിക്കുന്നു. തുറന്നുനോക്കി. എന്താ കഥ!

കുഞ്ഞപ്പു നാക്കു നീട്ടി ചുണ്ടു നനച്ചുകാണിച്ചു. പൊരിച്ചകോഴികൾ! അട്ടിയാക്കിവച്ചിരിക്കുന്നു. പഹയർക്കു രാവിലെ ശാപ്പിടാനുള്ള വഹ ഒരുക്കി വച്ചിരിക്കയാണ്.

കുഞ്ഞപ്പു അവിടെത്തന്നെയിരുന്നു. രണ്ടു കോഴിയെ മുഴുവനും തട്ടിവിട്ടു. തോൽസഞ്ചിയിൽ നിറച്ചു തൂക്കിയിട്ടിരുന്ന തണ്ണീരും എടുത്തു കുടിച്ച്, ഓർക്കാതെ ഒരേമ്പക്കംവിട്ടു. അബദ്ധം. ഏമ്പക്കം കേട്ട് ആരും ഉണർന്നില്ല. ഭാഗ്യം!

പിന്നെ എണീറ്റുനിന്ന് ആലോചിച്ചു. തോക്കുകൾ ആവശ്യമില്ല. ഒന്നാന്തരം ജർമ്മൻതോക്കുകളാണെങ്കിലും ഇപ്പോൾ വേണ്ടതു തിരകളാണ്. മാല കോർത്തിട്ടിരിക്കുന്ന തിരകൾ വാരിയെടുത്തു കഴുത്തിലിട്ടു. കാർട്രിഡ്ജ് മാലകളുടെ കനംകൊണ്ടു കഴുത്തു കുനിഞ്ഞുപോയി.

ചെമ്പുപാത്രത്തിൽനിന്നു പൊരിച്ച കോഴി രണ്ടെണ്ണമെടുത്തു ട്രൗസർ പോക്കറ്റിൽ കുത്തിനിറച്ചു.

പാനീസ്സിനു താഴെ ഒരു മണ്ണെണ്ണടിൻ കണ്ടു. കുറച്ചു തുണിശീല വേണം. തുർക്കിക്കൊടിക്കൂറകൾ ഒരിടത്തു കൂട്ടിവച്ചിരിക്കുന്നു. അവ വാരിയെടുത്തു മണ്ണെണ്ണയിൽ മുക്കി തയ്യാറാക്കി മുറിയിൽ മുഴുവനും വിതറിയിട്ടു.

പാനീസ്സിന്റെ തിരിയിൽനിന്നു തീപ്പറ്റിച്ച് ഒരു ശീലക്കഷണവും കൈയിൽ ഒതുക്കിപ്പിടിച്ചു പുറത്തുകടന്ന്, തമ്പിനു തീ കൊളുത്തി കുഞ്ഞപ്പു ഒരോട്ടം വെച്ചുകൊടുത്തു.

നൂറുവാര ദൂരയെത്തിയപ്പോൾ ഒന്നു തിരിഞ്ഞുനോക്കി. ആകാശത്തിൽ ചുകന്ന വെളിച്ചം. തുർക്കിപ്പട്ടാളക്യാമ്പു കത്തിജ്ജ്വലിക്കുന്ന കാഴ്ച!

തുർക്കിപ്പന്നികൾ അതിനകത്തുകിടന്നു വെന്തുചാവുന്ന കാഴ്ചയോർത്തപ്പോൾ കുഞ്ഞപ്പു പൊട്ടിച്ചിരിച്ചുപോയി.

അപ്പോൾ ബട്ട്ളറുടെ അടുക്കളയിൽനിന്നൊരു കൂക്കിവിളി. തുടർന്നു മൂന്നുനാലു ചെകുത്താൻ കൂക്കി. പെരിക്കാലൻ അയ്യപ്പനും കള്ളസ് പറങ്ങോടനും ആധാരമെഴുത്ത്

ആണ്ടിയും അടുക്കളയിലേക്കു പാഞ്ഞു —പിന്നാലെ കുഞ്ഞപ്പുവും.

“കല്യാണിക്ക് അപസ്മാരമിളകിയതാണ്.” പെരിക്കാലൻ അയ്യപ്പൻ വിളിച്ചുപറഞ്ഞു.

അവർ കട്ടിലിൽ കിടക്കുന്ന കോരൻ ബട്ട്ളറെ വിളിച്ചുണർത്താൻ നോക്കി. ബട്ട്ളർ ചത്ത കാളയെപ്പോലെ കിടക്കുകയാണ്. ഒരു പ്രതികരണവുമില്ല.

കല്യാണി അടുക്കളനിലത്തു മലർന്നുകിടന്നു ക്രുക്കിവിളിക്കുന്നു.

പെരിക്കാലൻ അയ്യപ്പൻ, വൈദ്യൻ മണ്ണാൻ ശങ്കരനെ അന്വേഷിച്ചുകൊണ്ട് അവന്റെ പുരയിലേക്ക് ഓടി.

## 8. അപ്പാണ്യം, പുരത്തറ, പെണ്പട

അതിരാണിപ്പാടത്തിന്റെ വടക്കേ അതിർത്തിയിലൂടെ പോകുന്ന റോഡിന് 'പുതിയനിരത്ത്' എന്നു പറയും. അതു പടിഞ്ഞാറു കടപ്പുറത്തു ചെന്നവസാനിക്കുന്നു. അതിരാണിപ്പാടത്തിന്റെ പടിഞ്ഞാറേ അതിർത്തി ഒരു തോടാണ്. പുതിയനിരത്ത് ഈ തോടിനെ മുറിച്ചുകടക്കുന്ന പാലത്തിന് 'സെയ്താലിപ്പാലം' എന്നാണു പേര്.

സെയ്താലിപ്പാലംതൊട്ടു പടിഞ്ഞാറു കടപ്പുറംവരെ മാപ്പിള (മുസ്ലിങ്ങൾ) മാരുടെ സാമ്രാജ്യമാണ്. കൂറ്റൻമതിലുകളാൽ ചുറ്റപ്പെട്ട ഗൂഢാത്മകതയുടെ കോട്ടകൾപോലെ തോന്നുന്ന പഴയ മാളികവീടുകളും, ചീനവേലികളാൽ മറയ്ക്കപ്പെട്ട ഇടത്തരക്കാരുടെ പുരയിടങ്ങളും ചെറ്റക്കുടിൽ സമൂഹങ്ങളും, പൊക്കമുള്ള പള്ളികളും, പടവുകൾ കെട്ടിയ വലിയ കുളങ്ങളും, പീടികകളും, മീൻമാർക്കറ്റുകളും ഇവിടെ ഇടകലർന്നു കിടക്കുന്നു. മുരിങ്ങമരങ്ങളും ശീമപ്ലാവുകളും പറമ്പുകൾക്കു പച്ചപ്പരിവേഷങ്ങൾ ചാർത്തുന്നു.

ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന വ്യവസ്ഥയും വൃത്തിയുമില്ലാത്ത വിഭാഗങ്ങളാണ് ഇവിടത്തെ 'ചേങ്ങര'യും 'പൂഴിക്കര'യും.

അതിരാണിപ്പാടത്തെയും കിഴക്കൻപരിസരങ്ങളിലെയും ജനങ്ങൾ ബഹുഭൂരിപക്ഷവും ഹിന്ദുക്കളാണ്. ഇക്കൂട്ടരുടെ ആജ്ഞാശക്തിയും സ്വാധീനവും സെയ്താലിപ്പാലത്തിൽ അവസാനിക്കുന്നു. പാലത്തിനപ്പുറം ഇവരെ സംബന്ധിച്ചേടത്തോളം പരദേശമാണ്.

എന്നാൽ ചേങ്ങരയിലെയും പൂഴിക്കരയിലെയും മുസ്ലിംപള്ളികളിൽ ആണ്ടുതോറും കൊണ്ടാടാറുള്ള ചില ഉത്സവങ്ങളും നേർച്ചകളും അതിരാണിപ്പാടത്തുകാരെയും ആകർഷിക്കാറുണ്ട്. ആ ആഘോഷങ്ങളുടെ അലകൾ പുതിയ നിരത്തിലേക്കു പടർന്നുപിടിക്കും. അങ്ങനത്തെ ഒരാഘോഷമാണ് ചേങ്ങരയിലെ ഷെയ്ക്കിന്റെ പള്ളിയിലെ 'അപ്പാണ്യം' (അപ്പവാണിഭം) നേർച്ച.

അന്ന് എഴുന്നള്ളത്തുകളും നേർച്ചവരവുകളും വർണ്ണപ്രകാശപ്പൊലിമയോടും വാദ്യകോലാഹലങ്ങളോടുംകൂടി, പുതിയ നിരത്തിലൂടെ അലയലയായി പടിഞ്ഞാറോട്ടു പൊയ്ക്കൊണ്ടിരിക്കും.

അപ്പാണ്യവരവുകൾ കാണാൻ ശ്രീധരൻ ഗോപാലേട്ടന്റെ കൈയും പിടിച്ച് സന്ധ്യയ്ക്കുതന്നെ പുതിയ നിരത്തിനരികെ വന്നു നിൽക്കും.

വലിയ ചില 'വരവ്'കൾക്കു നെറ്റിപ്പട്ടം കെട്ടിയ ആനകളുണ്ടായിരിക്കും. നീലവെളിച്ചം പരത്തുന്ന വലിയ കാന്തവിളക്കുകൾ (ഗ്യാസ് ലൈറ്റ്) അണിയണിയായി ഘോഷയാത്രയോടൊപ്പം നീങ്ങുന്നു—കടപ്പുറത്തെ ലൈറ്റ് ഹൗസിന്റെ ആകൃതിയിലുള്ള ആ കൂറ്റൻവിളക്കുകൾ ആളുകൾ തലയിലേറ്റിയിരിക്കയാണ്. അറബിവാദ്യക്കാരും പറയടിക്കാരും കുഴൽവിളിക്കാരും ചെണ്ടമേളക്കാരുടെ പിറകിൽ വാദ്യഘോഷം തിമർക്കുന്നു. കോൽക്കളിസംഘം റോഡ് കുലുക്കുന്നു. വെള്ളത്തൊപ്പികളും പച്ചത്തലക്കെട്ടുകളും കസവുകുപ്പായങ്ങളും ഘോഷയാത്രയ്ക്കു മാറ്റുകൂട്ടുന്നു.

കണ്ണഞ്ചിപ്പിക്കുന്ന വെളിച്ചവും ഒച്ചയും വിളിയും തെളിയും കൂത്തും ആർഭാടങ്ങളും അലതല്ലുന്ന ആ മായാരംഗത്തോടൊപ്പം അപ്പം നിറച്ച് വർണ്ണപ്പട്ടിട്ടുമൂടിയ വലിയ കൊട്ടകളുടെ തലച്ചുമട്ടുകൾ നീങ്ങുന്നു.

ആനപ്പുറത്ത് ആലവട്ടവും വെഞ്ചാമരവും വീശുന്ന വിതാനത്തിനും മുകളിൽ, മയിൽപ്പീലിയുടെ ആകൃതിയിൽ വെട്ടിയെടുത്ത വർണ്ണത്തകിടുകൾ നീണ്ട മുളങ്കോലുകളുടെ അറ്റത്തു ചാഞ്ഞും ചെരിഞ്ഞും നീങ്ങുന്ന കാഴ്ചയാണ് ശ്രീധരന് ഏറ്റവും കൗതുകകരമായിത്തോന്നുക.

ഇടയ്ക്കു ചില ചെറിയ വരവുകളുണ്ടാകും. രണ്ടുമൂന്ന് അപ്പക്കൊട്ടയും, അഞ്ചാറാളുകളും, മുമ്പിൽ ഒരു കുഴൽവിളിക്കാരനും. തങ്ങളുടെ കുറച്ചിൽ ആളുകളെ കാണിക്കാതെ ഒളിച്ചോടുന്ന മട്ടിലായിരിക്കും അക്കൂട്ടരുടെ പോക്ക്. അതു കാണുമ്പോൾ ശ്രീധരൻ കൂയ് കൂയ് എന്ന് കൂക്കും. അപ്പോൾ ഗോപാലേട്ടൻ അവന്റെ തുടയിൽ നല്ല നുള്ളുവെച്ചുകൊടുക്കും.

രാത്രിയിൽ ശ്രീധരനെ അച്ഛൻ ഉത്സവസ്ഥലത്തേക്കു കൂട്ടിക്കൊണ്ടു പോകും. എന്തൊരാൾക്കൂട്ടമാണ്! ഈ ആളുകളെല്ലാം എവിടുന്നു വന്നു? കാഴ്ചകൾ നോക്കി ആശ്ചര്യങ്ങളിൽ മുഴുകി അച്ഛന്റെ കൈയും മുറുകെപ്പിടിച്ചുകൊണ്ട് ജനക്കൂട്ടത്തിലൂടെ തിക്കിത്തിരക്കി ഷെയ്ക്കിന്റെ ജാറത്തിനു മുമ്പിലെത്തും. അപ്പോൾ കൃഷ്ണൻമാസ്റ്റർ കീശയിൽനിന്ന് ഒരു കാലുറുപ്പികയെടുത്ത് ശ്രീധരന്റെ കൈയിൽ കൊടുത്ത് നേർച്ചപ്പെട്ടിയിൽ പൊലിക്കാൻ പറയും. ശ്രീധരൻ ശങ്കയോടെ പരുങ്ങിക്കൊണ്ട് അച്ഛന്റെ മുഖത്തേക്കു നോക്കി മെല്ലെ ചോദിക്കും: "ഇതു മാപ്പളമാരുടെ പള്ളിയല്ലെ? —നമ്മളെ അമ്പലമല്ലല്ലോ."

പറഞ്ഞതനുസരിക്ക് എന്ന ശാസനാഭാവത്തിൽ അച്ഛൻ ശ്രീധരന്റെ മുഖത്തേക്കു രൂക്ഷമായൊന്നു നോക്കും. ശ്രീധരൻ ഉടനെ പണം നേർച്ചപ്പെട്ടിയിലിടും. (അവിടെനിന്നു മടങ്ങുമ്പോൾ കൃഷ്ണൻമാസ്റ്റർ ശ്രീധരനെ ഉപദേശിക്കും: മോനേ, ഇതൊരു സിദ്ധന്റെ സ്ഥലമാണ്. സിദ്ധന്മാർക്ക് മാപ്പിളയെന്നോ, ഹിന്ദുവെന്നോ ഒന്നുമില്ല. സിദ്ധന്മാർക്ക് എല്ലാ മനുഷ്യരും ഒരുപോലെയാണ്. എല്ലാ മനുഷ്യരും പുണ്യപുരുഷനെ വന്ദിക്കണം.)

ചുറ്റും പുതിയ വിൽപനച്ചന്തകളാണ്. ഷെയ്ക്കിന്റെ ജാറത്തിനടുത്തു മാത്രമല്ല, ചേങ്ങര മുഴുവനും നിരത്തുവക്കിലും പറമ്പിൻമൂലകളിലും ഇടവഴികളിലും, ചന്തപ്പുരകളും സ്റ്റാളുകളും പൊന്തിവന്നിരിക്കുന്നു. യന്ത്രഊഞ്ഞാലിന്റെ കരച്ചിലും കുട്ടികളുടെ ആർപ്പുവിളികളും ഒരിടത്ത്. മറ്റൊരിടത്ത് ആന മയിൽ ഒട്ടകച്ചീട്ടുകളിക്കാരുടെ 'സൈയ്' വിളികളും ജയ് വിളികളും കൂക്കിയും. നേർച്ചവന്ന അപ്പങ്ങൾ വിൽക്കാൻ വെച്ചിരിക്കുന്നു. എന്തെല്ലാം തരങ്ങളിലും നിറങ്ങളിലുമുള്ള അപ്പങ്ങൾ! കാരയ്ക്കാഅപ്പം, മണിയപ്പം, ചുക്കപ്പം, പൂവപ്പം, അമ്പായത്തിലട, ഉണ്ട—അങ്ങനെ ഒരു നൂറുകൂട്ടം. അച്ഛൻ ശ്രീധരനു മൂന്നു നാലുതരം അപ്പം വാങ്ങിക്കൊടുക്കും. പക്ഷേ, അവിടെവച്ച് ആ പലഹാരങ്ങൾ ഒന്നു സ്വാദുനോക്കാൻപോലും അച്ഛൻ അവനെ അനുവദിക്കയില്ല. (പുറത്തുനിന്ന് ഒന്നും തിന്നരുത്, വീട്ടിൽ കൊണ്ടുപോയി എല്ലാവർക്കും ഓഹരിവെച്ചു കൊടുത്തിട്ടേ തിന്നാവൂ എന്നാണ് അച്ഛന്റെ കല്പന.)

പലഹാരങ്ങൾ മാത്രമല്ല, പലമാതിരി കളിക്കോപ്പുകളും കൗതുക വസ്തുക്കളും

ചന്തയിൽ വിൽക്കാൻ വെച്ചിരിക്കുന്നു. ശ്രീധരൻ ഒരു പീടികയുടെ മുമ്പിൽ തങ്ങിനിന്ന് അവിടെ തൂക്കിയിട്ട കോളാമ്പിപ്പൂവിന്റെ ആകൃതിയിലുള്ള വലിയൊരു പീപ്പി ചൂണ്ടിക്കാണിക്കും. അപ്പോൾ അച്ഛൻ ആ കളിക്കോപ്പ് അവനു വാങ്ങിക്കൊടുക്കും. അതിന്റെ പേർ ബ്യൂഗിൾ എന്നാണെന്നും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കും.... ആൾക്കൂട്ടത്തിൽനിന്ന് ഒരു ചെറുപ്പക്കാരൻ, 'സലാം സേർ' എന്നു പറഞ്ഞു കൃഷ്ണൻമാസ്റ്ററുടെ അരികിലേക്കു വരും. കൃഷ്ണൻമാസ്റ്ററുടെ പഴയ ശിഷ്യന്മാരിലാരെങ്കിലുമായിരിക്കും. 'മകനാണ്, അല്ലേ?' ആഗതൻ ശ്രീധരന്റെ കൈപിടിച്ചു വാത്സല്യം കാട്ടും. പിന്നെ അയാൾ അടുത്ത പീടികയിൽനിന്ന് ഒരു റാത്തൽ ചുക്കപ്പമോ, കാരയ്ക്കാ അപ്പമോ പൊതിഞ്ഞുകെട്ടി വാങ്ങി ശ്രീധരന്റെ കൈയിലേക്കു നീട്ടും. ശ്രീധരൻ വാങ്ങാൻ മടിക്കും. (ആരോടും ഒന്നും വാങ്ങരുത് എന്നാണ് അച്ഛന്റെ കൽപ്പന). ശ്രീധരൻ പരുങ്ങലോടെ കൊതിയടക്കിക്കൊണ്ട് അച്ഛന്റെ മുഖത്തേക്കു നോക്കും. കൃഷ്ണൻമാസ്റ്റർ ചിരിക്കും. മൗനാനുവാദമാണെന്നു മനസ്സിലാക്കി ആ പലഹാരപ്പൊതി വാങ്ങി, മറ്റു പൊതികളുടെ കൂട്ടത്തിൽ നിക്ഷേപിക്കും. അങ്ങനെ മാറത്ത്—മൂക്കിനു താഴെ—കൊതിപ്പിക്കുന്ന അപ്പപ്പൊതികളും അടക്കിപ്പിടിച്ച്, പീപ്പിയും വിളിച്ചു വായിലെ ഉമിനീർ ശമിപ്പിച്ചുകൊണ്ട് ശ്രീധരൻ അച്ഛന്റെ മുന്നിൽ നടന്നു വീട്ടിലേക്കു മടങ്ങും—കുറേശ്ശെ ഉറക്കംതൂങ്ങിക്കൊണ്ട്.

കന്നിപ്പറമ്പിന്റെ പടിഞ്ഞാറെ അതിർത്തി ഒരു തോടാണ്. തോടിനപ്പുറം പഴയൊരു പറമ്പാണ്. 'പടിഞ്ഞാറേക്കണ്ടം' എന്നു പറഞ്ഞുവരുന്ന ആ കൊച്ചു പറമ്പിനെ ചുറ്റിക്കൊണ്ടാണ് തോടു പോകുന്നത്.

പടിഞ്ഞാറേക്കണ്ടത്തിലേക്കു നോക്കുമ്പോൾ, ഒരു ഗുഹയും ഒരു താടിക്കാരനും ശ്രീധരന്റെ മനസ്സിലേക്കിഴഞ്ഞുവരാറുണ്ട്. നന്നേ ചെറുപ്പത്തിലെ ഒരു മങ്ങിയ ഓർമ്മ മനസ്സിൽ തങ്ങിനിൽക്കുകയാണ്—ഗുഹപോലെയുള്ള ചെറിയൊരോലപ്പുരയുടെ മുഖവും, അവിടെ കുത്തിയിരിക്കുന്ന ഒരു കിഴവനും. വളരെ വെളുത്ത—വെള്ളക്കാരനെപ്പോലെയുള്ള—കിഴവനും വെഞ്ചാമരംപോലെ പള്ളവരെ നീണ്ടുകിടക്കുന്ന അയാളുടെ താടിയും ശ്രീധരൻ ഭയാശങ്കകളോടെ ഓർക്കുന്നു. അടുത്തു കിട്ടിയാൽ ആ താടിക്കാരൻ തന്നെ പിടിച്ചു വിഴുങ്ങിക്കളയുമെന്നാണ് പേടി. ചിലപ്പോൾ അയാളുടെ അടുത്ത് ഒരു കിഴവിയേയും കാണാം. കിഴവന്റെ താടിപോലെ കിഴവിയുടെ അമ്മിഞ്ഞകളും പള്ളവരെ തൂങ്ങിക്കിടക്കുന്നു. ഒരിക്കൽ കിഴവൻ തന്റെ തലയും താടിയും കിഴവിയുടെ മടിയിലേക്കു ചായ്ച്ചു കിടക്കുന്നതും കിഴവി ആ താടിയിൽനിന്നു പേൻ പരതിപ്പിടിച്ചു കൊല്ലുന്നതും ശ്രീധരൻ കണ്ടതായി ഓർക്കുന്നു.

ആ കിഴവനും കിഴവിയും എങ്ങോ മറഞ്ഞുപോയി. ആ ചെറ്റക്കുടിലും നിലംപറ്റി നശിച്ചുപോയി. ഇപ്പോൾ കൗമാരദിശയിലെത്തി, മുറിക്കാലുറയിട്ടു നടക്കുന്ന ശ്രീധരന് ആ ഇടക്കാലത്തെക്കുറിച്ചൊന്നും അറിഞ്ഞുകൂടാ. മാഞ്ഞുപോയ ചെറ്റക്കുടിലിന്റെ സ്ഥാനത്ത്, കല്ലും മരവുംകൊണ്ടു പുതിയൊരു വീടു പണിയാനുദ്ദേശിച്ചുകൊണ്ട്, പറമ്പിന്റെ ഇപ്പോഴത്തെ ഉടമസ്ഥൻ, കുട്ടാപ്പു എന്നൊരാൾ, വിസ്തരിച്ചമട്ടിൽ ഒരു തറ കെട്ടിയുയർത്തിയിട്ടുണ്ട്—അത്രത്തോളമേ അയാൾക്കു ചെയ്യാൻ കഴിഞ്ഞുള്ളൂ. കൊല്ലങ്ങളായി ആ തറയങ്ങനെത്തന്നെ കിടക്കുന്നു—ആ പഴയ വൃദ്ധദമ്പതികളുടെ ശവക്കല്ലറപോലെ.

അതിരാണിപ്പാടത്തുനിന്നു മൂന്നുനാലു മൈൽ ദൂരെയാണ് കുട്ടാപ്പുമൂപ്പരുടെ താമസം. ചിലപ്പോൾ അയാൾ തന്റെ പുരത്തറ പരിശോധിക്കാൻ വരും. മിക്കവാറും മാസത്തിലൊരിക്കലായിരിക്കും ഈ സന്ദർശനം. കറുത്തു മെലിഞ്ഞ് ഒരു ക്ഷയരോഗിയെപ്പോലെ അർദ്ധപ്രാണനായ കുട്ടാപ്പു കഴുത്തിലൊരു തോർത്തുമുണ്ടും ചുറ്റിക്കെട്ടി, കുന്നുചുമന്നുകൊണ്ട് അവിടെ വന്നു നിൽക്കും. പിന്നെ അയാൾ തറയിൽ കയറിയിരുന്നു നിരങ്ങും. തറയുടെ മീതെയും, മുക്കിലും മൂലയിലും മുളച്ചുവളർന്ന പുല്ലുകളെല്ലാം പറിച്ചു നീക്കുന്ന പണിയാണ്. പുല്ലുകൾ പറിച്ചുനീക്കി തറയും പരിസരങ്ങളുമെല്ലാം ഉത്തുവാരി ക്ലീനാക്കി, അവിടെ തന്റെ പുത്തൻ ഭവനത്തെ ഭാവനയിൽ ദർശിച്ചുകൊണ്ട് കുട്ടാപ്പുമൂപ്പർ മണിക്കൂറുകളോളം അങ്ങനെത്തന്നെ കണ്ണും മിഴിച്ചു നിൽക്കും.

പൂർത്തിയാക്കാൻ കഴിയാത്ത കാര്യങ്ങൾക്ക്, 'കുട്ടാപ്പുവിന്റെ പുരത്തറപോലെ' എന്നൊരു ചൊല്ല് അതിരാണിപ്പാടത്തു പ്രചാരത്തിൽ വരികയും ചെയ്തു.

ശ്രീധരന് പടിഞ്ഞാറേക്കണ്ടത്തിലേക്ക് ഒറ്റയ്ക്കു പ്രവേശിക്കാൻ പേടിയാണ്—പഴയ വെള്ളത്താടിക്കാരനെപ്പറ്റിയുള്ള ഓർമ്മ. കൂട്ടുകാരുണ്ടെങ്കിൽ പോകും. കുട്ടാപ്പുമൂപ്പരുടെ പുരത്തറ കുട്ടികൾക്കു നല്ലൊരു കളിത്തട്ടാണ്.

പെരിക്കാലൻ അയ്യപ്പന്റെ മകൻ ചാത്തുണ്ണിയായിരുന്നു ശ്രീധരന്റെ പ്രധാന കളിച്ചെങ്ങാതി. ചാത്തുണ്ണിക്ക് ശ്രീധരനെക്കാൾ നാലഞ്ചുവയസ്സു പ്രായക്കൂടുതലുണ്ടായിരുന്നു. കറുത്തുതടിച്ച ഒരു കരുത്തനായിരുന്നു ചാത്തുണ്ണി.

കുട്ടാപ്പുമൂപ്പർ ആളുകളോടിണക്കമില്ലാത്ത ഒരു മരമോറനായിരുന്നു. കുട്ടികളോട് ഒരു ദയയും കാട്ടുകയില്ല. ചാത്തുണ്ണി അയാളെ 'പിശാശ്' എന്നാണ് വിളിച്ചിരുന്നത്—ആ പറമ്പിൽ ആ പുരത്തറയും കുറെ പുല്ലുമല്ലാതെ വേറൊന്നുമില്ല. മറവോ വേലിയോ ഇല്ലാത്ത ഒരു പൊട്ടനിലം —എന്നാലും, തന്റെ സ്ഥലത്ത് ആരെങ്കിലും പ്രവേശിക്കുന്നതു കുട്ടാപ്പുവിനിഷ്ടമല്ല. കുട്ടികളെ പറമ്പിൽ കണ്ടാൽ അയാൾ കല്ലെടുത്തെറിഞ്ഞോടിക്കും. അതിനാൽ 'പിശാശി'ന്റെ വരവു ഭയന്നുകൊണ്ടാണ് ശ്രീധരനും ചാത്തുണ്ണിയും—ചിലപ്പോൾ മറ്റു കുട്ടികളും—അവിടെ കളിച്ചിരുന്നത്.

ആ തറമേൽ കുട്ടാപ്പു കെട്ടിയുയർത്താറുള്ള സങ്കല്പഭവനത്തേക്കാളും ഗംഭീരമായൊരു നൂറ്റൊന്നുനിലക്കൊട്ടാരം ശ്രീധരനും ചാത്തുണ്ണിയും അവിടെ നിർമ്മിച്ചു—ഭാവനയിൽത്തന്നെ. രാക്ഷസൻ രാജകുമാരിയെ കട്ടു കൊണ്ടുപോയി പാർപ്പിച്ച മായാമാളികയാണത്. രാജകുമാരിയെ സ്നേഹിച്ചിരുന്ന മന്ത്രികുമാരൻ രാജകുമാരിയെ രക്ഷപ്പെടുത്താൻ അവിടെയെത്തുന്നു. മന്ത്രികുമാരൻ ഒരു കവായി (പട്ടം) ആ നൂറ്റൊന്നുനിലക്കെട്ടിടത്തിന്റെ മുകളിലേക്കു പറപ്പിക്കുന്നു. രാജകുമാരി ജനവാതിലിലൂടെ പുറത്തു കടന്നു പട്ടം പിടിച്ച് അതിൽ പറ്റിക്കിടന്നു. മന്ത്രികുമാരൻ പട്ടത്തിന്റെ കയർ മെല്ലെ താഴോട്ടു വലിക്കുന്നു. പട്ടവും രാജകുമാരിയും താഴുന്നു. നിലം തൊടാൻ നേരത്ത് രാക്ഷസൻ ചാടിവീണ് മന്ത്രികുമാരനോടെതിർക്കുന്നു. പിന്നെ രാക്ഷസനും മന്ത്രികുമാരനും തമ്മിലുള്ള മൽപ്പിടുത്തമാണ്. ദ്വന്ദ്വയുദ്ധത്തിൽ മന്ത്രികുമാരൻ രാക്ഷസനെ തോൽപ്പിക്കുന്നു. ഭയങ്കരമായൊരലർച്ചയോടുകൂടി രാക്ഷസൻ ചത്തുവീഴുന്നു. ('ചുണ്ടിന്മേൽ പാണ്ടുള്ള' ചെക്കു ഒരിക്കൽ ശ്രീധരനു പറഞ്ഞുകൊടുത്ത കഥയാണിത്.) ഈ കഥയാണ് കുട്ടാപ്പുവിന്റെ പുരത്തറമേൽ വെച്ചു ശ്രീധരനും ചാത്തുണ്ണിയും അഭിനയിക്കുന്നത്.

നൂറ്റൊന്നുനിലക്കൊട്ടാരവും രാജകുമാരിയും മാത്രമേ ഭാവനയിൽ നിലകൊള്ളുന്നുള്ളൂ. ശരിയായൊരു പട്ടം ചാത്തുണ്ണി ഉണ്ടാക്കിയിട്ടുണ്ട്. ശ്രീധരനാണ് മന്ത്രികുമാരൻ—രാക്ഷസൻ ചാത്തുണ്ണിയും. കണ്ണുരുറിച്ചു പല്ലിളിച്ചു നാക്കുനീട്ടുന്ന ഭയങ്കരമായൊരു മുഖംമൂടി ചാത്തുണ്ണി എവിടെനിന്നോ സമ്പാദിച്ചുകൊണ്ടുവന്നിട്ടുണ്ട്. പച്ചിലക്കൊമ്പുകളും പന്നച്ചെടികളും പുറത്തു വാരിവലിച്ചുകെട്ടി മുഖംമൂടിയുംവെച്ചു തോട്ടിൻകരയിലെ പടർപ്പിനുള്ളിൽ പതുങ്ങിയിരിക്കുന്ന രാക്ഷസൻ ചാത്തുണ്ണി മന്ത്രികുമാരൻ ശ്രീധരന്റെ നേർക്കു പെട്ടെന്നൊരു ചാട്ടമാണ്. മൽപ്പിടുത്തത്തിൽ തന്നെ ഇഷ്ടംപോലെ അടിക്കാനും ഇടിക്കാനും ചവിട്ടാനും ചാത്തുണ്ണി ശ്രീധരനു സമ്മതം കൊടുത്തിട്ടുണ്ട്. ശ്രീധരന്റെ നേർക്കു കുത്തും ചവിട്ടും അഭിനയിക്കുമെന്നല്ലാതെ ചാത്തുണ്ണി അവന്റെ ദേഹത്തിൽ മർദ്ദനമേൽപ്പിക്കയില്ല. മാത്രമല്ല, ശ്രീധരന്റെ കുത്തും ചവിട്ടുമേൽക്കുന്നതു ചാത്തുണ്ണിക്ക് ഒരു രസവുമാണ്. ശ്രീധരൻ മെലിഞ്ഞൊരു ദുർബ്ബലനാണെങ്കിലും ഉള്ള ശക്തിയെല്ലാം സംഭരിച്ച് കൂട്ടുകാരന്റെ നെഞ്ചത്തും പള്ളയ്ക്കും പുറത്തും നല്ല കുത്തും ചവിട്ടും പാസ്സാക്കിക്കൊടുക്കും.

കൊട്ടാരത്തിന്റെ നൂറ്റൊന്നാം നിലയിൽനിന്നു രാജകുമാരി, മന്ത്രി കുമാരൻ പറപ്പിച്ച കവായിയിൽ കയറിക്കൂടി രക്ഷപ്പെട്ടിരിക്കുന്നു. മന്ത്രി കുമാരൻ പട്ടം മെല്ലെ താഴോട്ടു കൊണ്ടുവരികയാണ്. പട്ടം നിലംതൊടാറായി. രാക്ഷസൻ ഇപ്പോൾ ചാടിവരും. പെട്ടെന്ന് ഒരു ചുമ കേട്ട ശ്രീധരൻ തിരിഞ്ഞു നോക്കി. പിന്നിൽ നിൽക്കുന്നു 'പിശാശ്' കുട്ടാപ്പു!

പട്ടത്തെയും—രാജകുമാരിയെയും—കൈവിട്ടു പ്രാണനുംകൊണ്ടു ശ്രീധരൻ ഒരു പാച്ചൽപാഞ്ഞതും ഭയങ്കരമായൊരലർച്ചയോടെ രാക്ഷസൻ ചാത്തുണ്ണി രംഗത്തേക്ക്—പിശാചിന്റെ മുന്നിലേക്ക്—ചാടിവീണതും ഒരേ മൂഹൂർത്തത്തിലായിരുന്നു....

കന്നിപ്പറമ്പിന്റെ മൂലയിലെ ചപ്പങ്ങപ്പടർപ്പിൽ ഒളിച്ചിരുന്നു പടിഞ്ഞാറേക്കണ്ടത്തിലേക്കു നോക്കിയപ്പോൾ ശ്രീധരൻ കണ്ടത് പുരത്തറമേൽവെച്ചു പിശാശ്ശും രാക്ഷസനും തമ്മിലുള്ള മൽപ്പിടുത്തമാണ്. പിശാശിനെ താഴെ തള്ളിയിട്ട് രാക്ഷസൻ ഓടി. (മുഖമൂടി വീണു പോയിരിക്കുന്നു. പച്ചിലക്കെട്ടു പുറത്തുതന്നെയുണ്ട്.) പിശാശ് എണീറ്റുനിന്ന് ഒരു കല്ലെടുത്തു രാക്ഷസന്റെ കാലിനെ ഉന്നംവെച്ച് ഒരേറ്—ഏറ് ചാത്തുണ്ണിയുടെ വലതുകാലിന്റെ നേരിയാണിക്കു തന്നെയാണു കൊണ്ടത്—ചാത്തുണ്ണി വീണുപോയി—പിന്നെ എണീറ്റു നൊണ്ടിനൊണ്ടിക്കൊണ്ടു തെക്കോട്ടോടി മറഞ്ഞു.

പിശാശ് രാക്ഷസന്റെ മുഖംമൂടി പെറുക്കിയെടുത്തു ചവിട്ടിപ്പൊളിച്ചു തോട്ടിലെറിഞ്ഞു.

പിശാശിന്റെ ഏറുകൊണ്ടു കാലിനുപറ്റിയ മുറിവ് പഴുത്തു വീർത്ത് ചാത്തുണ്ണിക്കു കുറേനാൾ പുറത്തിറങ്ങാൻ കഴിഞ്ഞില്ല. പക്ഷേ, രണ്ടുമാസം കഴിഞ്ഞപ്പോൾ അവൻ പിശാശിനോടുള്ള പകവീട്ടി.

പിശാശ് തന്റെ പുരത്തറ പരിശോധിക്കാൻ വരാറായ ദിവസംനോക്കി ചാത്തുണ്ണി ആ പുരത്തറയിൽ ഒരു കള്ളക്കുഴികുഴിച്ചു. അതിൽ കല്ലും മുള്ളും വിതറിയിട്ട് തന്റെ വക ഒരു മലവിസർജ്ജനകർമ്മവും യഥാവിധി നിർവ്വഹിച്ച്, കുഴിമുഖത്തു നേരിയ കമ്പുകൾ നിരത്തിപ്പാവി സ്ഥലം മുഴുവനും പെരിയിലകൊണ്ടു മൂടിമറച്ച് മീതെ മണ്ണിട്ട്, കുറെ പുൽച്ചെടികളും അവിടെ കുത്തിയിട്ട് കാത്തിരുന്നു, ചാത്തുണ്ണി.

പുരത്തറസന്ദർശനത്തിന പതിവുപോലെ വന്നെത്തിയ കുട്ടാപ്പുമൂപ്പർ, തറയിൽ കേറി കുന്തിച്ചിരുന്ന പുല്ലു പറിച്ചു നിരങ്ങിക്കൊണ്ടിരിക്കെ, പെട്ടെന്ന് പ്ധും —ഇരിക്കക്കുത്തേന കുഴിയിൽ!

“പിശാശ് കുഴിയില് വീണേയ്!—കൂയ് കൂയ് കൂയ്!” അടുത്ത പറമ്പിലെ വാഴക്കൂട്ടങ്ങളിൽ ഒളിച്ചിരുന്ന ചാത്തുണ്ണി വിളിച്ചുകൂവിക്കൊണ്ട് ഓടിപ്പോയി. കന്നിപ്പറമ്പിന്റെ മൂലയിലെ പേരക്കൊമ്പിൽ പതുങ്ങിയിരുന്ന ശ്രീധരൻ ചിരിച്ച ചിരിക്കു കണക്കില്ല.

കന്നിപ്പറമ്പിന്റെ തെക്കുപടിഞ്ഞാറേ മൂലയിൽനിന്ന കുറച്ചപ്പുറത്തായി ചെറിയൊരു തോടുണ്ട്. അതിന്റെ കരയിൽ അതിരാണിച്ചെടികളും കുളവാഴകളും വളർന്നുകിടക്കുന്നു. തോട്ടിലെ വെള്ളത്തിൽ ബിരാൽമത്സ്യങ്ങൾ കുഞ്ഞുങ്ങളെ വളർത്താൻ വന്നുകൂടും. ഉച്ചവെയിലിൽ ആ ബിരാൽക്കുഞ്ഞുങ്ങളെ കണ്ടാൽ വെള്ളത്തിൽ ചെമ്പുമുള്ളാണികൾ വിതറിയിട്ടപോലെ തോന്നും. ഇറകുകൾ വിരുത്തി താളത്തിൽ നൃത്തംചെയ്ത് തള്ളബിരാൽ അരികെത്തന്നെ കാവൽനിൽക്കുന്നുണ്ടാവും.

ഈ തോടിന്റെ ഇരുവശത്തും തമ്മിൽ ഏതാണ്ട് അഭിമുഖമായി ഓരോ ഓലപ്പുര നിലകൊള്ളുന്നു. വടക്കേക്കരയിലെ സാമാന്യം വലിയപുരയിൽ ഈർച്ചക്കാരൻ വേലുവും വേലുവിന്റെ ഭാര്യ ഉണ്ണൂലിയുമാണ് പാർക്കുന്നത്. (ഇവർക്കു രണ്ടുകുട്ടികളുണ്ട്. ബാലനും ദാമോദരനും.) തെക്കേക്കരയിലെ പുരയിൽ പാർക്കുന്നത് ചെത്തുകാരൻ മാക്കോതയും, ഭാര്യ അമ്മിണിയുമാണ്. (ഇവർക്കു കുട്ടികളില്ല.) മാക്കോതയുടെ അനുജൻ മാനുക്കുട്ടനും ഇവരുടെകൂടെയാണു താമസിക്കുന്നത്.

ചില ദിവസങ്ങളിൽ മോന്തിനേരത്ത് ആ തോട്ടിൻകരയിൽനിന്ന് ഉറക്കെയുള്ള ശകാരങ്ങളും വിളികളും കേൾക്കാം. പെണ്ണുങ്ങൾ തമ്മിലുള്ള പട.

കന്നിപ്പറമ്പിന്റെ മൂലയിലെ പേരമരത്തിന്റെ കൊമ്പിൽ കേറിയിരുന്ന ചപ്പങ്ങളെച്ചടികളുടെ പടർപ്പിലൂടെ ശ്രീധരൻ ആ പെൺപട നോക്കി രസിക്കും. വടക്കേപ്പുരയിലെ ഉണ്ണൂലിയമ്മയും തെക്കേപ്പുരയിലെ അമ്മിണിയമ്മയും തമ്മിലാണു പൊയ്ത്ത്—ഇരുവരും താന്താങ്ങളുടെ പുരമുറ്റത്ത് തോട്ടിനഭിമുഖമായി നിലയുറപ്പിച്ചുകൊണ്ടാണ് പോർവിളി നടത്തുക.

അവരുടെ വഴക്കിന്റെ കാരണമെന്താണെന്നോ, ഉഗ്രമായ വാക്സമരത്തിൽ ആ സ്ത്രീകൾ പയറ്റാനുപയോഗിക്കുന്ന ചില പദങ്ങളുടെയും ശൈലികളുടെയും ആംഗ്യങ്ങളുടെയും പൊരുളെന്താണെന്നോ ശ്രീധരന് അന്നു മനസ്സിലായിരുന്നില്ല. എന്നാലും അവരുടെ അഭിനയങ്ങളും കൈയാംഗ്യങ്ങളും കാണാൻ ബഹുരസമായിരുന്നു. വിളിച്ചുപറയുന്ന ഭാഷണങ്ങളിൽ ചിലത് കുറേശ്ശെ കേട്ടു പരിചയമുള്ളതുകൊണ്ട് മനസ്സിലാവും. ചിലത് ഊഹിച്ചെടുക്കും—മറ്റു ചിലതിനെപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. (പിന്നീടു ചാത്തുണ്ണിയോടു ചോദിച്ചു മനസ്സിലാക്കും—ചാത്തുണ്ണിക്ക് അറിഞ്ഞു കൂടാത്ത കാര്യങ്ങളൊന്നും ഈ ഭൂമിമലയാളത്തിലില്ല.)

ഒരു ദിവസം ശ്രീധരൻ ആ പെൺപടയൊന്നു വിസ്തരിച്ചു കാണാൻ നേരത്തെതന്നെ പേരക്കൊമ്പിൽ സ്ഥലം പിടിച്ചു.

ശണ്ഠയിലെ പ്രാരംഭഭാഷണങ്ങൾ സാധാരണശൈലിയിൽത്തന്നെയായിരുന്നു.

തുടങ്ങിയത് വടക്കേവീട്ടിലെ ഈഴ്ച്ചക്കാരന്റെ ഭാര്യ ഉണ്ണൂലിയാണ്. (കറുത്തു തടിച്ചൊരു എണ്ണമൈലിയാണ് ഉണ്ണൂലിയമ്മ. ഒരാണിന്റെയത്ര പൊക്കമുണ്ട്. മാറത്തെ ഇടിച്ചക്കയുടെ വലുപ്പമുള്ള മുലകൾ കീറിമുഷിഞ്ഞൊരു തോർത്തുമുണ്ടുകൊണ്ടു മൂടി മറച്ചിരിക്കും.)

"അങ്ങ് തെക്ക്ന്ന് ചെല കൊരങ്ങ്കള് ഈ ദേശത്തു വന്നു കൂടീരിക്ക്ന്ന് തൊയിരം കെടുത്താൻ...." തെക്കേപ്പറമ്പിലെ തെങ്ങിന്റെ മുകളിലേക്കു നോക്കി ഉണ്ണൂലിയമ്മ വിളിച്ചു പറഞ്ഞു.

(ദേശത്തിലെ ചെത്തുകാർ പത്തറുപതുമെല് തെക്കുനിന്നു വന്നു കുടിയേറിപ്പാർത്തവരാണ്—വരുത്തരായ തെക്കരെ താഴ്ത്തിപ്പറയുകയാണ് ഉണ്ണൂലിയമ്മ. കൂടാതെ, മരംകേറി ചെത്തുന്നത് ഒരു താണതൊഴിലാണെന്ന ഒരു ബോധവും ഉണ്ട്. ഈഴ്ച്ചക്കാർ എത്രയോ തലമുറകളായി ദേശത്തു പാർത്തു വരുന്ന മാന്യന്മാരാണ്.)

മുറ്റം അടിച്ചുവാരിക്കൊണ്ടിരുന്ന അമ്മിണിയമ്മയ്ക്ക് അതുകേട്ടപ്പോൾ അല്പം അരിശം ചൊടിച്ചു. അവൾ കുനിഞ്ഞു മുറ്റമടിച്ചുകൊണ്ടുതന്നെ ഉറക്കെ പറഞ്ഞു: "ഞങ്ങളു ചെത്തുകാര് മേൽഗതിക്കാരാണ്—ഈഴ്ച്ചക്കാരുടെ പോക്ക് പിന്നോട്ടലേ്ല?"

(വെളുത്തു കുറുതായി കണ്ടാൽ നല്ല ചെലുള്ളൊരു ചെറുപ്പക്കാരിയാണ് അമ്മിണിയമ്മ. കുറച്ചു പരിഷ്കാരവുമുണ്ട്. മാറിൽ റൗക്ക ധരിച്ച്, തലയിലെ ഒരുപിടി ചുരുളൻമുടി ചുവന്ന റിബ്ബൺകൊണ്ടു കെട്ടിയിരിക്കുന്നു. സംഭാഷണം മൃദുസ്വരത്തിലാണ്. പക്ഷേ, നാക്ക് ഉന്നൽമിഷ്യന്റെ സൂചിപോലെ എത്രനേരം വേണമെങ്കിലും നിർത്താതെ ചലിപ്പിക്കാൻ കഴിയും)

അതെ, ചെത്തുകാരൻ മേൽപ്പോട്ടു കേറുന്നു. ഈഴ്ച്ചക്കാരൻ പിന്നോട്ടു നിരങ്ങുന്നു.

തൊഴിലിനെപ്പറ്റിയുള്ള അമ്മിണിയമ്മയുടെ തിരിച്ചടി കേട്ട് ഉണ്ണൂലിയമ്മ ലേശമൊന്നാലോചിച്ചു.

"പൊന്മരത്തിന്റെ കുരലരിയാനലേ്ല മേൽപ്പോട്ടു ചാടിപ്പോണത്—കൊലപാതകം ചെയ്യുന്ന പാപികള്!"

അതെ; കൊലപാതകമാണ് ചെത്തുകാരന്റെ 'കുലത്തൊഴിൽ'. ഉണ്ണൂലിയമ്മ അമ്മിണിയമ്മയുടെ വാദം ഊർന്നുമുറിച്ച് ഒരു പൂളും തിരുകിക്കൊടുത്തു.

അമ്മിണിയമ്മ ചൂലു താഴെയെറിഞ്ഞു നിവർന്നുനിന്നു:

"ഞങ്ങള് കൊലയരിയേം കള്ളുചെത്തേം ഒക്കെ ചെയ്യും. അതിനു നെനക്കെന്തൂട്ടാടീ ചേതം?—പിന്നേ്യയ്, ഞങ്ങളു തെങ്ങുമ്മേക്കേറി തേങ്ങാക്കൊല കട്ടിട്ട് ജോലി പോയിട്ടൊന്നും ല്യ."

അതും പറഞ്ഞ് അമ്മിണിയമ്മ ഉണ്ണൂലിയമ്മയുടെനേർക്കു കോക്രികാട്ടി മുഖമൊന്നു വെട്ടിച്ചു.

(അഞ്ചാറുകൊല്ലം മുമ്പ് ഒരു തേങ്ങാക്കുല മോഷണക്കേസിൽ ഉണ്ണൂലിയമ്മയുടെ ഭർത്താവ് വേലുവിനെ, സംശയിച്ചു പോലീസ് സ്റ്റേഷനിലേക്കു പിടിച്ചു കൊണ്ടുപോയിരുന്നു. ആ പഴയ കാര്യമാണ് അമ്മിണിയമ്മ ഇപ്പോൾ തോണ്ടിയെടുത്ത് ഉണ്ണൂലിയമ്മയുടെ മുഖത്തേക്കെറിഞ്ഞുകൊടുത്തത്.)

ഉണ്ണൂലിയമ്മ അതു വിഴുങ്ങിയില്ല. അവർ തോട്ടുവക്കിലേക്കു നീങ്ങി നിന്നു ഗർജ്ജിച്ചു: "ജേല്പ്പോണത് ആണുങ്ങക്കു പറഞ്ഞതാണെടീ... പൊരേലെ പെണ്ണുങ്ങളെ കാര്യം പറ.

എളേച്ചനെ പായിൽ പിടിച്ചു കെടത്ത്ന്ന പെണ്ണുങ്ങളൊന്നും ഇപ്പൊരേലില്യ.” (“ങ് ഹ്ഹർങ്ങും! ഒരു മുരൾച്ചയും.)

(അമ്മിണിയമ്മയും മാക്കോതയുടെ അനുജൻ മാനുക്കുട്ടനും തമ്മിൽ ‘മറ്റേ ഏർപ്പാട്’ ണ്ടെന്നൊരു കിംവദന്തി അതിരാണിപ്പാടത്തു പ്രചരിച്ചു തുടങ്ങിയിരുന്നു. അതൊന്നെടുത്ത് അമ്മിണിയമ്മയുടെ മുഖത്തു കുടഞ്ഞിരിക്കയാണ് ഉണ്ണൂലിയമ്മ.)

അമ്മിണിയമ്മ അപസ്മാരബാധയേറ്റപോലെ വിറച്ചു. എന്താണു പറയേണ്ടതെന്നറിയാതെ പല്ലു ഞെരിച്ചു.

ചപ്പുചിപ്പുചവറുകളുടെയും രോമങ്ങളുടെയും ചീത്ത പര്യായങ്ങൾ അമ്മിണിയമ്മയുടെ വായിൽനിന്നു പുറത്തുചാടി. അവയെക്കാൾ എരിവും പുളിയുമുള്ള വാക്കുകൾ തനിക്കറിയാമെന്ന് ഉണ്ണൂലിയമ്മയും തെളിയിച്ചു കൊടുത്തു.

“പൊലയാടിച്ചി— ഥൂപ്പ്” ഉണ്ണൂലിയമ്മ നിലത്തു കാർക്കിച്ചുതുപ്പി.

അമ്മിണിയമ്മ ഉറഞ്ഞുതുള്ളി: പൊലയാടിച്ചി നീയാണെടീ. പൊലയാടിച്ചി—പൊലയാടിച്ചി—പൊലയാടിച്ചി—പൊലയാടിച്ചി.... കാഞ്ഞിരപ്പൊലയാടിച്ചി...”

(പൊലയാടിച്ചി ചീത്തപ്പെണ്ണുങ്ങൾക്കുള്ള പേരാണെന്ന് ശ്രീധരൻ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ഈ കാഞ്ഞിരപ്പൊലയാടിച്ചി ആരാണെന്ന് ശ്രീധരന് അന്നും പിന്നീടൊരിക്കലും മനസ്സിലായിട്ടില്ല.)

അമ്മിണിയമ്മയുടെ പൊലയാടിച്ചിമന്ത്രമുരുക്കഴിക്കൽ അവസാനിക്കുന്നതും കാത്ത്, അല്പം കുനിഞ്ഞു മുഖം ചെരിച്ച് വപ്പുകൾ അമർത്തിപ്പിടിച്ചു വീർപ്പടക്കി ഉഗ്രമായൊരാട്ടിനു വായ ഒരുക്കിനിർത്തുകയായിരുന്നു ഉണ്ണൂലിയമ്മ. കാഞ്ഞിരപ്പൊലയാടിച്ചി എന്ന ഭരതവാക്യം കേട്ടതും, ഫ് ഫേഃ എന്നൊരാട്ടു കൊടുത്തതും ഒപ്പം കഴിഞ്ഞു.

അത്യുഗമായ ആ ആട്ടിന്റെ ശക്തികൊണ്ട് ഉണ്ണൂലിയമ്മയുടെ മൂർദ്ധാവിൽ കെട്ടിവെച്ചിരുന്ന തലമുടി (ആയമ്മയ്ക്ക് ഒരു പാട്ടു തലമുടിയുണ്ട്) അഴിഞ്ഞു ചിതറിപ്പോയി.

അമ്മിണിയമ്മയുടെ ആവനാഴിയിലെ അസ്ത്രങ്ങളെല്ലാം തീർന്നുവെന്നു തോന്നുന്നു. പിന്നെ ഒരു വിവിധ വ്യായാമപ്രദർശനമത്സരമാണു നടന്നത്. ഒരാൾ അരക്കെട്ട് ആട്ടുകല്ലുപോലെ തിരിച്ചുകാണിക്കുമ്പോൾ മറ്റെയാൾ കണകൈ പൊക്കി കീഴ്പ്പോട്ട് ഉഴിഞ്ഞുകാണിക്കും—ഇടയ്ക്ക് ആടു കരയുംപോലെയും കുതിര ചിനയ്ക്കും പോലെയുമുള്ള ചില വികൃത ശബ്ദങ്ങളും.

ഉണ്ണൂലിയമ്മയുടെ മാറിലെ മുലകളും പോർവിളിയിൽ പങ്കെടുത്തു. കുറച്ചു കഴിഞ്ഞപ്പോൾ ഇരുവരും ക്ഷീണിച്ചപോലെയായി. എന്നാലും അമ്മിണിയമ്മ അടങ്ങാൻ കൂട്ടാക്കിയില്ല.

ഒരുമിനിറ്റു വിശ്രമത്തിനുശേഷം അമ്മിണിയമ്മ ക്ഷൗരക്കാരനുമായി ബന്ധപ്പെട്ട ഒരു വാക്കുച്ചരിച്ച് ഉടുമുണ്ടു കുറച്ചൊന്നു പൊക്കിക്കാണിച്ചു.

അതുകണ്ട് അടങ്ങുന്ന സൃഷ്ടിയാണോ ഉണ്ണൂലിയമ്മ? അവർ അഴിഞ്ഞു കിടക്കുന്ന പനങ്കുലത്തലമുടി ധൃതിയിൽ ഉച്ചിയിൽ വാരിവലിച്ചു കെട്ടി. രണ്ടു കൈകൊണ്ടും ഉടുമുണ്ടഴിച്ചു വിടർത്തിപ്പിടിച്ച് നീണ്ടുനിവർന്നങ്ങിനെ നിന്നു കൊടുത്തു....

# 9. വീണ്ടും ഇലഞ്ഞിപ്പൊയിലിൽ

ശ്രീധരൻ എഴുത്തു പഠിക്കാൻ തുടങ്ങിയതു പള്ളിക്കൂടത്തിൽനിന്നായിരുന്നില്ല. ഒരു ദശമി പൂജാദിവസം സ്ഥലത്തെ പ്രധാന ജ്യോതിഷിയും പണ്ഡിതനുമായ കുഞ്ഞൻപണിക്കരെ കന്നിപ്പറമ്പിൽ വരുത്തി ശ്രീധരന്റെ അരിയിലെഴുത്തും വിദ്യാരംഭവും നടത്തിയതിനുശേഷം കൃഷ്ണൻമാസ്റ്റർ മകനെ വീട്ടിൽവച്ചുതന്നെ പഠിപ്പിക്കുകയാണു ചെയ്തത്. അതതു ദിവസത്തെ ഗൃഹപാഠങ്ങൾ പഠിച്ചു തീർത്താൽ പിന്നെ യഥേഷ്ടം കളിക്കാൻ അച്ഛൻ അനുവദിച്ചിരുന്നതിനാൽ ശ്രീധരന് ഉത്സാഹത്തോടെ വേഗം പാഠങ്ങൾ പഠിച്ച് അങ്ങിനെ പള്ളിക്കൂടത്തിൽ വെച്ചു നാലുകൊല്ലംകൊണ്ട് കിട്ടാവുന്ന വിദ്യാഭ്യാസം രണ്ടുമൂന്നു കൊല്ലംകൊണ്ട് വീട്ടിൽവെച്ചു നിർവ്വഹിക്കാൻ കഴിഞ്ഞു. പിന്നെ ഒരു ജൂൺമാസത്തിൽ അതിരാണിപ്പാടത്തുനിന്നു മുക്കാൽ മൈൽ ദൂരെയുള്ള ഹിന്ദുസ്കൂളിൽ നാലാംക്ലാസ്സിൽ ചേർന്നു.

ആദ്യമായി ക്ലാസ്സിൽ ചെന്നിരുന്നപ്പോൾ ശ്രീധരനു വല്ലാത്ത പരിഭ്രമം തോന്നിയിരുന്നു. പുതിയ അന്തരീക്ഷം, പുതിയ മുഖങ്ങൾ. എന്നാൽ, ശാന്തശീലനായ—ആകൃതിയിലും വേഷത്തിലും ഏതാണ്ട് തന്റെ പിതാവിനെപ്പോലെയുണ്ടായിരുന്ന—ഹെഡ്മാസ്റ്റർ കൃഷ്ണൻനായരുടെ വാത്സല്യപൂർവ്വമായ പെരുമാറ്റം ശ്രീധരനിൽ രക്ഷാബോധമുളവാക്കി.

ഒരു പഴയ എഴുത്തുപള്ളി എയിഡഡ് സ്കൂളായി വീർത്തു വന്നതായിരുന്നു ആ വിദ്യാലയം. ഉച്ചിക്കുടുമയും കുടവയറും മൂക്കത്തു ചരടുകണ്ണടയും (മുൻശുണ്ഠിയും) മുറിപ്പാണ്ഡിത്യവുമുള്ള കെളവനെഴുത്തച്ഛനും ഓലയിൽ നോക്കി 'കീയാ കീയാ കേറാ കേറാ' എന്നു കൂട്ടത്തോടെ ചിലയ്ക്കുന്ന കൊച്ചുപിള്ളരും സ്കൂൾപ്പറമ്പിന്റെ മൂലയിലെ ഒരു ഷെഡ്ഡിൽ അപ്പോഴും നിലകൊള്ളുന്നുണ്ടായിരുന്നു.

നാലാംക്ലാസ്സിൽ ശ്രീധരനടക്കം നാലു കുട്ടികളേ ഉണ്ടായിരുന്നുള്ളൂ. പോലീസുകാരന്റെ മകൻ കേളുക്കുട്ടി; കാവിലെ വെളിച്ചപ്പാടിന്റെ മകൻ അയ്യപ്പൻ; സബ് റജിസ്ട്രാരുടെ മകൾ കാർത്ത്യായനി—ഇവരായിരുന്നു ശ്രീധരന്റെ സഹപാഠികൾ. ഇവരിൽ കേളുക്കുട്ടി പ്രായംകൊണ്ടും വലിപ്പം കൊണ്ടും പെരുമാറ്റംകൊണ്ടും നാലാംക്ലാസ്സിലേക്ക് ഒരധികപ്പറ്റായിരുന്നു. മടിയനും വികൃതിയുമായ കേളുക്കുട്ടി താൻ പോലീസുകാരന്റെ മകനാണെന്ന ഒരു പൊങ്ങച്ചവും പ്രകടിപ്പിച്ചിരുന്നു. അയ്യപ്പൻ ഒരു പിത്തക്കാടിയായിരുന്നു. ക്ലാസ്സിൽ ഉറക്കം തൂങ്ങിക്കൊണ്ടിരിക്കും. കാർത്ത്യായനി ഒരു ചിരിക്കുടുക്കയായിരുന്നു. സഹപാഠികളായ ത്രിമൂർത്തികളിൽ അവൾക്കിഷ്ടം ശ്രീധരനോടായിരുന്നു. കാർത്ത്യായനിയുമായി കൂട്ടുകൂടുന്നതിൽ ശ്രീധരനു തുടക്കത്തിൽ തെല്ലൊരു ലജ്ജ തോന്നിയിരുന്നു. സമപ്രായത്തിലുള്ള മറ്റേ സൃഷ്ടിയുമായി അടുത്തു പെരുമാറുന്നത് ഇതാദ്യമായിട്ടാണ്. ക്രമേണ ആ വല്ലായ്മയെല്ലാം നീങ്ങി. സ്കൂൾപറമ്പിലെ മാഞ്ചുവട്ടിലിരുന്ന് കാർത്ത്യായനിയും ശ്രീധരനും കൊത്തങ്കല്ലാടിക്കളിക്കും. കഥകൾ പറഞ്ഞു രസിക്കും. ചുണ്ടിന്മേൽ പാണ്ടുള്ള ചെക്ക

പറഞ്ഞുകൊടുത്ത ഒരുപാടു കഥകളുണ്ടായിരുന്നു ശ്രീധരന്റെ സ്റ്റോക്കിൽ. കാർത്ത്യായനി കണ്ണുംമിഴിച്ചിരുന്നു കേൾക്കും.

കൊല്ലപ്പരീക്ഷ കഴിഞ്ഞു സ്കൂൾ പൂട്ടിയപ്പോൾ ഒഴിവുകാലം ഇലഞ്ഞിപ്പൊയിലിൽ കഴിക്കാൻ ശ്രീധരൻ ആഗ്രഹം പ്രകടിപ്പിച്ചു. കൃഷ്ണൻ മാസ്റ്റർ മുടക്കം പറഞ്ഞില്ല. അങ്ങനെ ആനന്ദക്കിനാവുകളോടെ ശ്രീധരൻ ഇലഞ്ഞിപ്പൊയിലിലെത്തി.

അവിടെ അപ്പു ആഹ്ളാദത്തോടെ ശ്രീധരനെ സ്വാഗതം ചെയ്തു.

"നമുക്കു കാട്ടിൽ പോവ്വാ". ചെന്ന ദിവസംതന്നെ ഉച്ചകഴിഞ്ഞപ്പോൾ അപ്പു ശ്രീധരനെ വനയാത്രയ്ക്കു ക്ഷണിച്ചു.

"റെഡി!" ശ്രീധരൻ കാക്കിക്കോട്ടഴിച്ചിട്ടു മുറിട്രൗസറുമായി തോർത്തു മുണ്ടുകൊണ്ടു തലയിൽ ഒരു കെട്ടുംകെട്ടി, അപ്പുവിന്റെകൂടെ കാട്ടിലേക്കു പുറപ്പെട്ടു.

പൂത്തും തളിർത്തും കായ്ച്ചും നിൽക്കുന്ന പച്ചക്കാടുകൾ. പൊന്തകളിൽ വലിയ ചോരത്തുള്ളികൾപോലെ തെച്ചിപ്പഴങ്ങൾ പഴുത്തുകിടക്കുന്നു. നീലപ്പളുങ്കുഗോട്ടികൾപോലുള്ള ഞാറയ്ക്കയും—പറിച്ചു പറിച്ചു കൈയും, ചവച്ചു ചവച്ചു വായും കഴച്ചു. അപ്പോൾ അപ്പു നിറയെ കായ്ച്ചുനിൽക്കുന്ന ഒരു പൊട്ടിക്കച്ചെടി കാണിച്ചുകൊടുത്തു. ഞ്ഞാമ്പലിന്റെ ആകൃതിയിലുള്ള പോളയ്ക്കുള്ളിലാണ് പുള്ളിക്കുത്തുകളോടുകൂടിയ കായ. പഴുത്താലും നിറം പച്ചയായിരിക്കും. വായിലിട്ടു കടിച്ചാൽ മധുരമല്ല, ലഹരിപിടിപ്പിക്കുന്ന ഒരു പുളിരസമാണ്, ശ്രീധരനു പൊട്ടിക്ക വളരെ ഇഷ്ടമായി.

"തെച്ചിപ്പഴം എട്ടുതിന്നാൽ പിന്നെ ഒരു പൊട്ടിക്ക." അപ്പു ഒരു പഴഞ്ചൊല്ല് പൊട്ടിച്ചു.

കുരുന്നുപൊട്ടിക്കയുടെ പോളയെടുത്തു നെറ്റിയിൽ കുത്തി അപ്പു ഠപ്പ് എന്ന് ഒച്ചയുണ്ടാക്കിക്കൊണ്ടിരുന്നു. ശ്രീധരനും അതനുകരിച്ചു.

അപ്പു പറിച്ചെടുത്ത പൊട്ടിക്കയെല്ലാം ഒരിലക്കുമ്പിളിലാക്കി കൈയിൽ വെച്ചിരിക്കയായിരുന്നു.

"എന്താ നീ പൊട്ടിക്ക തിന്നാത്തത്?" ശ്രീധരൻ ചോദിച്ചു.

അപ്പു ഒന്നും മിണ്ടിയില്ല.

ഇരുവരും കാട്ടിന്റെ മറ്റൊരു കോണിലേക്കു നീങ്ങി അവിടെ ഒരു പാറപ്പുറത്തിരുന്നു. മരങ്ങളുടെ മുകളിലേക്കു കണ്ണിയച്ചുകൊണ്ട് അപ്പു തനിയെ പറഞ്ഞു: "ഒരു ദിവസം അതിനെ എന്റെ കൈയിൽ കിട്ടും."

"ഏതിനെ?" ശ്രീധരൻ ചോദിച്ചു.

"ചെമ്പോത്തിന്റെ കുട്ടിയെ." അപ്പു മരങ്ങളുടെ മുകളിലേക്കു മാറിമാറി നിരീക്ഷിച്ചു.

ചെമ്പോത്തിന്റെ കുഞ്ഞിനെ ചങ്ങലയ്ക്കിട്ട് അദ്ഭുതകരമായ നീലക്കൊടുവേലിവേര് കൈക്കലാക്കാനുള്ള സാഹസിക പരിശ്രമം അപ്പു അപ്പോഴും തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. അവൻ കാടായകാടൊക്കെ ചുറ്റിനടന്നു. ഉയരമുള്ള മരങ്ങളിലെല്ലാം കേറി നോക്കി. ചെമ്പോത്തിൻകൂടു കണ്ടുകിട്ടിയില്ല. ഒരിക്കൽ ഒരു മരത്തിൽ കേറി പൊത്തിൽ കൈയിട്ടു നോക്കിയപ്പോൾ കടന്നൽക്കൂട്. കടന്നലുകൾ കൂട്ടത്തോടെ ഇളകി അവനെ ആക്രമിച്ചതും അവൻ കണ്ണുംചിമ്മി താഴെയിറങ്ങി നേരെ പുഴയിലേക്കോടി വെള്ളത്തിൽ മുങ്ങിക്കളഞ്ഞതുമായ കഥ ശ്രീധരനെ കേൾപ്പിച്ചു.

കടന്നൽക്കൂട്ടം ആക്രമിച്ചാൽ വെള്ളത്തിൽ ചാടണം—അങ്ങനെ ഒരുപദേശവും കൊടുത്തു.

നല്ല ഭംഗിയുള്ള ചെമ്പൻരോമങ്ങളോടുകൂടിയ ഒരു കായ ഒരു വള്ളിയിൽ തൂങ്ങിക്കിടക്കുന്നതു കണ്ടു. അതു പറിക്കാൻ ശ്രീധരൻ കൈനീട്ടി.

“പഹയാ! തൊടല്ലേ!”. അപ്പു പാറപ്പുറത്തുനിന്നു തൊള്ളകീറി വിളിച്ചു പറഞ്ഞു: “അത് നായ്ക്കുരണയാണ്—നായ്ക്കുരണ—ചൊറിഞ്ഞു ചൊറിഞ്ഞു നീ ചാവും.”

ശ്രീധരൻ പേടിച്ചു കൈ പിൻവലിച്ചു. പിന്നെ മെല്ലെ അപ്പുവിന്റെയരികെ പാറപ്പുറത്തു ചെന്നിരുന്ന് മേൽപ്പോട്ടു നോക്കി. നല്ല തെച്ചിപ്പഴവും ഞാറയ്ക്കയും പൊട്ടിക്കയും തിന്നാൻ തന്നു. പിന്നെ നായ്ക്കുരണകൊണ്ടു ചൊറിഞ്ഞു കൊല്ലിക്കുന്ന ദൈവംതമ്പുരാന്റെ നേർക്കു നോക്കി കൊഞ്ഞനം കാട്ടാൻ തോന്നി ശ്രീധരന്.

“നീലക്കൊടുവേലി കിട്ടിയാൽ പകുതി ഞാൻ നെനക്കു തരും—കേട്ടോ?” അപ്പു ശ്രീധരനോടു സ്വകാര്യമായിപ്പറഞ്ഞു. അതുകേട്ടപ്പോൾ ശ്രീധരൻ നന്ദിയും സന്തോഷവും പ്രകടിപ്പിക്കാൻ അപ്പുവിന്റെ കൈപിടിച്ചു തലോടി.

അപ്പു, നീലക്കൊടുവേലിയുടെ അദ്ഭുതമാഹാത്മ്യങ്ങൾ വർണ്ണിച്ചു തുടങ്ങി. മനസ്സിൽ എന്തു വിചാരിക്കുന്നുവോ, ഉടൻ അതു സാധിക്കും. രാജാവാകണമെന്നു വിചാരിച്ചാൽ രാജാവാകും—നിധി കിട്ടണമെന്നു വിചാരിച്ചാൽ നിധി കിട്ടും. എന്നാൽ, ഒരു വികടമുണ്ട്. ഒരു വരം മാത്രമേ ചോദിക്കാൻ പാടുള്ളൂ. രണ്ടാമതൊന്നുകൂടി ചോദിച്ചാൽ ആദ്യം കിട്ടിയതുംകൂടി പൊയ് പോകും. പിന്നെ അയ്യത്തടാന്നാകും.

“ഇല്ല. ഞാൻ ഒരു വരം മാത്രമേ ചോദിക്കൂ—” നീലക്കൊടുവേലി കൈയിൽ വന്നു ചേർന്നപോലെ കൈ മുറുക്കിപ്പിടിച്ചുകൊണ്ടു ശ്രീധരൻ ഉറപ്പിച്ചു പറഞ്ഞു.

“നീ എന്തു വരമാണ് ചോദിക്കുക?—ആരായിത്തീരണമെന്നാണ് നിന്റെ പൂതി?”

അപ്പുവിന്റെ പെട്ടെന്നുള്ള ചോദ്യം കേട്ടു ശ്രീധരൻ അല്പം പരുങ്ങി. അവൻ അതിനെപ്പറ്റി അതേവരെ ഒന്നും ആലോചിച്ചിട്ടില്ല. ആരായിത്തീരണം? പെട്ടെന്ന് അക്കാര്യം ഓർമ്മവന്നു.

അപ്പുവിന്റെ അരികിലേക്കു നീങ്ങിയിരുന്ന് അവന്റെ ചെകിട്ടിൽ ശ്രീധരൻ ആ രഹസ്യം പറഞ്ഞു: “എനിക്കു കടപ്പുറത്തെ ‘ലൈറ്റ്ഹൗസ് സായ്പാ’ കണം.”

അപ്പറഞ്ഞത് അപ്പുവിനു മനസ്സിലായില്ല.

കടപ്പുറത്തെ ‘ലൈറ്റ് ഹൗസി’ ( ദീപസ്തംഭം)നെപ്പറ്റി ശ്രീധരൻ തന്റെ ചങ്ങാതിക്കു വിവരിച്ചുകൊടുത്തു. കടപ്പുറത്ത് ഒരു വല്യ ഗോപുരത്തിന്റെ മോളിൽ ഒരദ്ഭുതവിളക്ക്. അതിനു പതിനായിരം കാന്തവിളക്കിന്റെ ശോഭയുണ്ട്. അതങ്ങനെ എപ്പോഴു തിരിഞ്ഞുകൊണ്ടിരിക്കും. ഒരിക്കൽ അച്ഛൻ ശ്രീധരനെ അതിന്റെ മുകളിൽ കൂട്ടിക്കൊണ്ടുപോയി എല്ലാം കാണിച്ചു കൊടുത്തിട്ടുണ്ട്. ഹാ! അതിന്റെ മാളികയിലെ ഇടുങ്ങിയ കോലായിൽനിന്നു നോക്കിയാൽ കാണുന്ന കാഴ്ച! മാനത്തിനപ്പുറത്ത്——ഏഴാംകടലിനുമപ്പുറത്ത്—സൂര്യഭഗവാൻ മുങ്ങിക്കുളിക്കുന്ന രത്നക്കല്ലുകൊണ്ടു കെട്ടിയ കുളം കാണാം.

അപ്പു അതു കേട്ടു മിഴിച്ചിരുന്നുപോയി.

“ആ ലൈറ്റ് ഹൗസിൽ ഒരു കറുത്ത സായ്പുണ്ട്. അയാൾക്ക് ഒരു പണീം ല്യ. കഥബുക്കും വായിച്ചു കുത്തിരിക്കും—അയാളുടെ മാസ്പടി എത്രയാണെന്നു കേൾക്കണോ? നൂറുറുപ്പിക!”

"പൊള്ള് പറേല്ല ശീദരാ—" അപ്പു കീഴ്ച്ചുണ്ടു നീട്ടിക്കാട്ടി അവിശ്വാസം പ്രകടിപ്പിച്ചു.

"കണ്ണാണ നേരാണ്—അച്ഛൻ പറഞ്ഞതാണ്." ശ്രീധരൻ സത്യം ചെയ്തു.

അപ്പു ആലോചനയിൽ മുഴുകിയിരുന്നു.

അപ്പു ഒരിക്കൽ കടലു കണ്ടിട്ടുണ്ട്. ഒരു കൊല്ലം തുലാമാസത്തിലെ വാവു കുളിക്കാൻ അച്ഛന്റെകൂടെ പോയപ്പോൾ, രാത്രിയിലാണ് അവർ കടപ്പുറത്തെത്തിയത്. അപ്പോൾ കടപ്പുറത്ത് ഒരുക്കൻതൂണിന്റെ മുകളിൽ എപ്പോഴും കണ്ണുചിമ്മിയും തുറന്നും കളിക്കുന്ന ആ അദ്ഭുതവിളക്ക് അവൻ കണ്ടിട്ടുണ്ട്. പക്ഷേ, അതിനുള്ളിൽ എപ്പോഴും കഥബുക്കും വായിച്ചിരിക്കുന്ന ഒരു നൂറുറുപ്പിക മാസ്പടിക്കാരനുണ്ടെന്ന കഥ അവൻ മനസ്സിലാക്കിയിരുന്നില്ല.

"ചെമ്പോത്തിന്റെ മരുന്നു കിട്ടട്ടെ. പ്രാർത്ഥിച്ചാൽ നിനക്ക് അപ്പണി കിട്ടും."

അപ്പു ശ്രീധരനെ ആശീർവദിച്ചു.

അപ്പോൾ ശ്രീധരൻ അപ്പുവിനോട് ഒരു മറുചോദ്യം:

"ചെമ്പോത്തിന്റെ മരുന്നു കിട്ടിയാൽ നീ എന്താണു പ്രാർത്ഥിക്കുക?"

അപ്പുവിന്റെ മുഖം സങ്കടംകൊണ്ടു മങ്ങി. അവൻ ശ്രീധരന്റെ മുഖത്തേക്കു ദയനീയമായി നോക്കിക്കൊണ്ടു മൊഴിഞ്ഞു. "ഒരൊറ്റക്കാര്യം സാധിക്കാനാണു ഞാൻ ചെമ്പോത്തിന്റെ മരുന്നും തിരഞ്ഞു നടക്കുന്നത് എന്നു നിനക്കറിയേയ്യാ ശീദരാ?

"എന്താണത്?" ശ്രീധരൻ ഉത്കണ്ഠയോടെ ചോദിച്ചു.

"എന്റെ നാരായണീന്റെ ദണ്ണം മാറാൻ." അപ്പു ചുണ്ടുകടിച്ചു ദൂരെ നോക്കി ഒരു നെടുവീർപ്പയച്ചു.

"നാരായണി ആരാണ്?" ശ്രീധരൻ അനുകമ്പയോടെ ചോദിച്ചു.

ദൂരെ നോക്കിക്കൊണ്ടാണ് അപ്പു മറുപടി പറഞ്ഞത്. "എന്റെ പെങ്ങളാണ് നാരായണി."

"എന്താണവൾക്കു ദണ്ണം?"

"അരയ്ക്കു കീഴ്പോട്ടു ചീമനില്ല—ആറുകൊല്ലമായി ഓള് അങ്ങനെ രണ്ട് കാലും കൊഴഞ്ഞു കെടക്കുന്ന്. എന്റെ നാരായണി....."

പാവം നാരായണി! ശ്രീധരൻ കരഞ്ഞില്ലന്നേയുള്ളൂ. അവൾക്കു കാട്ടിൽ കേറി തെച്ചിപ്പഴം പറിച്ചു തിന്നാനോ കിളികളുടെ പാട്ടു കേട്ടു രസിക്കാനോ ഒന്നും കഴിയില്ല. ദൈവംതമ്പുരാൻ എന്തിനാണ് അവളെ അങ്ങനെയാക്കിയത്?

അപ്പുവിന്റെ കൈയിലെ പൊട്ടിക്കപ്പൊതി നാരായണിക്കുള്ളതാണെന്ന് ശ്രീധരനു മനസ്സിലായി. സന്ധ്യയ്ക്കു മുമ്പേ അവർ കാട്ടിൽനിന്നു തിരിച്ചു.

ശ്രീധരൻ അപ്പോഴും അനുകമ്പയോടെ ചിന്തിക്കുകയായിരുന്നു. അപ്പുവിന്റെ പെങ്ങളെപ്പറ്റി. പാവം പെൺകുട്ടി! അവൾക്കു കാട്ടിൽ പോയി തെച്ചിപ്പഴം പറിക്കാനോ കിളികളുടെ പാട്ടു കേൾക്കാനോ ഒന്നും കഴിയില്ല...."

"അതാ, അക്കാണുന്ന കണമരത്തിന്റെ നേരെ താഴെ ചെരിവിലാണ് എന്റെ പുര." അപ്പു, കുന്നിന്റെ ഒരു മൂലയിലേക്കു ചൂണ്ടിക്കാട്ടി.

"നീ പുരയിലേക്കു പോണില്ലേ? ശ്രീധരൻ ചോദിച്ചു.

"ശീദരനെ വീട്ടിൽക്കൊണ്ടാക്കീട്ടു ഞാൻ പൊയ്ക്കൊള്ളാം."

"വേണ്ട—ഇപ്പത്തന്നെ പോകാം. എനിക്കു നിന്റെ പുരയൊന്നു കാണണം." (അപ്പുവിന്റെ ദണ്ണം പിടിച്ച പെങ്ങളെ ഒന്നു കാണണമെന്ന് ഉള്ളിൽ കരുതിക്കൊണ്ടാണ് ശ്രീധരൻ അങ്ങനെ പറഞ്ഞത്.)

അപ്പു മുടക്കം പറഞ്ഞില്ല.

ഇരുവരും കണമരത്തിന്റെ നേർക്കു നടന്നു.

"നിന്റെ പുരയിൽ ആരൊക്കെയാണുള്ളത്?" ശ്രീധരൻ ചോദിച്ചു.

"അമ്മേം നാരായണീം മാത്രേ ഉള്ളൂ."

"നിന്റെ അച്ഛനോ?"

"അച്ഛൻ പൊരേല് എപ്പെല്ലങ്കിലാണ് വര്വാ—അഞ്ചാറ് ദെവസം കൂടമ്പളോരിക്കല്."

"അതെന്താണെടോ അങ്ങനെ? അച്ഛനെവിടെപ്പോവാ?"

"അച്ഛൻ മൂരിവണ്ടീംകൊണ്ടു കെഴക്കോട്ടു പോവും."

പിന്നെ തെല്ലുനേരത്തെ മൗനത്തിനുശേഷം അപ്പു ശ്രീധരനോട് ഒരു രഹസ്യം പറഞ്ഞു: "അച്ഛനു കെഴക്കൊരു പെണ്ണുണ്ട്. ഓളെ അരിയത്ത് ചെന്നുകൂടും."

"അച്ഛൻ പുരയിൽ പൈസയൊന്നും തരാറില്ലേ?"

"കെഴക്കുള്ള കൂത്തിച്ചിക്ക് കൊടുത്തേന്റെ ബാക്കി പൈസ അച്ഛൻ കള്ളുകുടിച്ചു തീർക്കും. പൊരേല് വരുമ്പം അമ്മ അച്ഛനോടു പൈസ ചോദിച്ചാൽ അച്ഛൻ അമ്മനെ പിടിച്ചു തല്ലും."

"ദുഷ്ടൻ!" —ശ്രീധരൻ മൂരിവണ്ടിക്കാരൻ തെയ്യനെ മനസ്സിൽ പിരാകി.

"പിന്നെ നിങ്ങൾക്ക് എവിടന്നാ തിന്നാൻ കിട്ടുന്നത്?" ശ്രീധരൻ സഹാനുഭൂതിയോടെ അന്വേഷിച്ചു.

"അമ്മ ചൂടി പിരിക്കും. പിന്നെ ഞങ്ങക്കൊരാടുണ്ട്—അതിനെ കറന്നു പാല് ചായപ്പീടികേല് കൊണ്ടോയി വിക്കും...."

അവർ കുന്നിന്റെ മറുഭാഗത്തെ ചെരിവിലേക്കിറങ്ങിത്തുടങ്ങി. പാറക്കെട്ടുകളും കള്ളിമുൾച്ചെടികളും നിറഞ്ഞ ആ പരുക്കൻനിലവും കഴിഞ്ഞ് ഇറങ്ങിച്ചെന്നത് അഗാധമായൊരിടവഴിയുടെ വായിലേക്കാണ്. മഴക്കാലത്തു വെള്ളം കുത്തിയൊലിച്ചുചാടി ആ കുണ്ടനിടവഴിയിൽ ചില പാതാളക്കുഴികളുണ്ടായിത്തീർന്നിരിക്കുന്നു. കൂർത്ത കല്ലുകളും മുള്ളുകളും മരങ്ങളുടെ പരുക്കൻവേരുകളും ശ്രീധരന്റെ കാലുകളെ വേദനിപ്പിച്ചു. ഇങ്ങോട്ടു വരേണ്ടിയിരുന്നില്ല എന്നു തോന്നി.

അങ്ങനെ കുറെ നടന്നപ്പോൾ ഒരു പറമ്പിന്റെ മൂലയിൽച്ചെന്നു മുട്ടി. അവിടെ ഒരു മുൾവേലിയുടെ ലക്ഷണങ്ങളും കണ്ടു.

"നമ്മക്ക് വേലികടന്നു ചാടാം—ഇതാണു ഞങ്ങളെ പറമ്പ്." അപ്പു ഒരു പറങ്കിമാവിന്റെ കടയ്ക്കൽ നിന്നുകൊണ്ടു ചൂണ്ടിക്കാട്ടി. ഒരു വലിയ മരത്തിന്റെ അരികേയുള്ള പഴുതിലൂടെ പറമ്പിലേക്കു കടന്നു പറ്റാൻ ശ്രീധരൻ തക്കംനോക്കുന്നതു കണ്ട് അപ്പു പരിഭ്രമത്തോടെ അവനെ തടഞ്ഞു: "ശീദരാ —അമ്മരം തൊടല്ലേ"

"എന്താ തൊട്ടാൽ?" ശ്രീധരൻ ചോദിച്ചു.

"അത് ചേര്മരാണ്; തൊട്ടാൽ മേലാകെ വീങ്ങും."

ശ്രീധരൻ ആ വൃക്ഷത്തെ പകയോടെ ഒന്നു നോക്കി.

"അറിയാണ്ട് തൊട്ട് മേല് വീങ്ങിയാലെന്തു ചെയ്യും?" ശ്രീധരന്റെ ചോദ്യം.

"അതിനൊരു മറുമരുന്നുണ്ട്; താന്നിമരം. ചേര് തൊട്ട് വീങ്ങ്യാല് താന്നിമരം പോയി തൊട്ടാൽ മതി—വീക്കം മാറും." അപ്പു ഗൗരവത്തോടെ പറഞ്ഞു കൊടുത്തു.

ഈ അപ്പുവിനെന്തൊക്കെ അറിയാം! ശ്രീധരൻ അദ്ഭുതപ്പെട്ടു.

ചേർമരത്തിന്റെ കറുത്ത കുരു താഴെ വീണുകിടന്നിരുന്നു. അപ്പു അതു പെറുക്കിയെടുത്ത് അമ്മാനമാടിക്കളിച്ചു.

"ചേർക്കുരു തൊട്ടാൽ വിഷമില്ലേ?"

ശ്രീധരൻ ചോദിച്ചു.

ഇല്ലെന്ന് അപ്പു തലയാട്ടിക്കാണിച്ചു.

"ചേരിന്റെ കുരു മണ്ണാത്ത്യോള് പെറുക്കിക്കൊണ്ടുപോവും. എന്തിനാണെന്നറിയോ?"

ശ്രീധരനറിഞ്ഞുകൂട.

"ചേർക്കുരുന്റെ കറ കുത്തി എടുത്ത് അലക്കുന്ന മുണ്ടിന് അടയാളം വരയ്ക്കാൻ."

ശ്രീധരനു മനസ്സിലായി; മണ്ണാത്തിയുടെ 'മാർക്കിങ് ഇങ്ക്'.

വേലിക്കരികേയുള്ള ഒരു പറങ്കിമാവിന്റെ കൊമ്പിൽ ചവിട്ടിനിന്നുകൊണ്ട് അപ്പു ശ്രീധരന്റെ കൈപിടിച്ചു വേലികേറി മറിഞ്ഞു പറമ്പിലേക്കു പ്രവേശിക്കാൻ അവനെ സഹായിച്ചു.

കരിമ്പനയും പറങ്കിമാവും ഉന്നമരവും മറ്റും വളർന്നുനിൽക്കുന്ന പറമ്പുകൾ ഇറങ്ങി അവർ ഒരു ചെറിയ ഓലപ്പുരയുടെ മുമ്പിലെത്തി. മുറ്റത്തു വലിയൊരു ചെമ്പരുത്തിമരം നിറയെ പുഷ്പങ്ങൾ ചൂടി നിൽക്കുന്നുണ്ടായിരുന്നു. നല്ല കൗതുകമുള്ളൊരു കാഴ്ച. ഇലഞ്ഞിപ്പൂക്കൾ മുറ്റത്തു ചിതറിക്കിടന്നിരുന്നു.

പുരയുടെ കോലായിൽ, നിലത്തു കാലും നീട്ടിയിരുന്ന് അപ്പുവിന്റെ അമ്മ ചൂടി പിരിക്കുന്നു. കീറിപ്പറിഞ്ഞ ചെറിയൊരു മുണ്ടാണുടുത്തിരിക്കുന്നത്. മാറു മറച്ചിട്ടില്ല.

മകന്റെ കൂടെ വന്ന ബാലനെ ആ സ്ത്രീ തുറിച്ചുനോക്കി.

"അപ്പ്വോയ്, ഏതാണ് ഈ കുണ്ടൻ?" അവൾ ഉറക്കെ ചോദിച്ചു.

തന്നെപ്പറ്റി 'കുണ്ടൻ' എന്ന് ആ തള്ള പറഞ്ഞതു ശ്രീധരന് ഒട്ടും രസിച്ചില്ല—(മൂരിവണ്ടിക്കാരൻ തെയ്യന്റെ തല്ലു കിട്ടുന്നതു വെറുതയല്ല.)

അപ്പു കോലായിലേക്കു പാഞ്ഞുചെന്ന് അമ്മയുടെ ചെകിട്ടിൽ എന്തോ പറഞ്ഞു.

"ഓനെ എന്തിനാ പ്പം ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്നത്? ഓന് കൊടുക്കാൻ ഇക്കുടീല് ഒന്നും ല്യലേലോ!"

ആ സ്ത്രീ അങ്ങനെ സങ്കടപ്പെട്ടു പറയുന്നതു കേട്ടപ്പോൾ ശ്രീധരന് ആയമ്മയെപ്പറ്റി ആദ്യം തോന്നിയ അഭിപ്രായത്തിന് അല്പം മയം വരുത്തേണ്ടിവന്നു.

അപ്പു കോലായിൽനിന്നു ശ്രീധരനെ മാടിവിളിച്ചു. ശ്രീധരന് ഒരു വല്ലായ്മ അനുഭവപ്പെട്ടു. നാരായണിയെ കാണിച്ചുകൊടുക്കാനാണു വിളിക്കുന്നത്. കാണാൻ ആഗ്രഹിച്ചതാണ്.

ശ്രീധരൻ മെല്ലെമെല്ലെ കോലായിലേക്കു കേറി.

അപ്പു അവനെ കൈ പിടിച്ചു തെക്കേ മുറിയിലേക്കു നയിച്ചു.

അവിടെ നിലത്ത്, ഒരു പഴമ്പായിൽ, ഒരു പെൺകുട്ടി മലർന്നു കിടക്കുന്നു. നല്ല തങ്കത്തിന്റെ നിറം. മാറിൽ കുപ്പായമില്ല. കണങ്കാൽവരെയെത്തുന്ന ഒരു മുണ്ടുമാത്രമാണ് വസ്ത്രം.

അപ്പോൾ ഇതാണു നാരായണി. അരയ്ക്കു കീഴ്പ്പോട്ട് ചീമനില്ലാതെ കിടക്കുന്ന നാരായണി—ശ്രീധരൻ സഹതാപത്തോടെ നോക്കി.

ആ ചെറിയ മുറിയുടെ പടിഞ്ഞാറുഭാഗത്തെ ജാലകത്തിലൂടെ പോക്കുവെയിൽ ആ പായിലേക്കു പൊൻവെളിച്ചം പകർന്നുകൊടുത്തു.

ശ്രീധരനെ കണ്ടപ്പോൾ നാരായണി കിടക്കപ്പായുടെ ഇരുവശവും പൊക്കി മാറിലേക്കു ചുരുട്ടിവെച്ച് ദേഹം കഴുത്തിനു കീഴ്പ്പോട്ട് മുഴുവനും മൂടി മറച്ചു കളഞ്ഞു.

അവളുടെ കറുത്തു ചുരുണ്ട സമൃദ്ധമായ തലമുടി തങ്കമുഖത്തിനു ചുറ്റും, പായിലും നിലത്തുമായി ചിതറിക്കിടക്കുന്നു.

അവൾ ചിരിക്കുന്നു: മുത്തുകൾപോലെ മിന്നുന്ന പല്ലുകൾ!

ചുണ്ടിന്മേൽ പാണ്ടുള്ള ചെക്കുവിന്റെ കഥയിലെ മത്സ്യകന്യകയെ മുന്നിൽ കാണുന്നപോലെ തോന്നി ശ്രീധരന്. പായ മൂടിയ ഉടൽ മത്സ്യം; മുഖം രാജകുമാരിയുടേതും.

അപ്പു മടിയിൽനിന്നു പൊട്ടിക്കപ്പൊതിയെടുത്തു പെങ്ങൾക്കു കൊടുത്തു. അവൾ കൈ നീട്ടി—നല്ല ചെങ്കദളിവാഴത്തണ്ടുപോലത്തെ കൈ —അവൾ ഇലപ്പൊതി വാങ്ങി പായയ്ക്കുടിയിൽ നിക്ഷേപിച്ചു.

അവൾക്ക്, പടിഞ്ഞാറുനിന്നു വന്ന ശ്രീധരനെക്കുറിച്ച് എല്ലാം അറിയാം —ആങ്ങള പറഞ്ഞു കൊടുത്തിട്ടുണ്ട്—അവളുടെ ഒരാഹ്ളാദം!

“അപ്പേ്വാട്ടാ, നമ്മളെ വിരുന്നുകാരന്ന് പേരക്ക പറിച്ചു കൊടുത്തോ?” അവളുടെ കിളിനാദം!

“പേരക്കമരത്തിലെ പഴുത്ത കായൊക്കെ കടവാതിൽ കട്ടുകൊണ്ടു പോയി.”

ആങ്ങള സങ്കടപ്പെട്ടു പറഞ്ഞു.

അവൾ അപ്പോഴും ചിരിക്കുന്നു.

പോക്കുവെയിൽ മറഞ്ഞു. മുറിയിലെ മങ്ങലിൽ അവളുടെ പുഞ്ചിരി പിന്നെയും പ്രകാശം ചൊരിഞ്ഞുകൊണ്ടിരുന്നു.

ഒന്നും മിണ്ടാതെ ശ്രീധരൻ മുറിയിൽനിന്നു പുറത്തുകടന്നു. പിന്നാലെ അപ്പുവും.

അന്നു രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ശ്രീധരന്റെ മിഴികളിൽ ചില പുത്തൻ കിനാവുകൾ രംഗപ്രവേശം ചെയ്തു.

രാജകുമാരിയെ ഒരു ഭൂതം കട്ടുകൊണ്ടുപോയി കാട്ടിലെ ഒരു ഗുഹയിൽ ഒളിപ്പിച്ചു പാർപ്പിച്ചിരിക്കയാണ്. സേനാനായകന്റെ മകനെയുംകൂട്ടി നായാട്ടിനുപോയ അയൽനാട്ടിലെ രാജകുമാരൻ ഗുഹയിൽ സുന്ദരിയായ കുമാരിയെ കണ്ടെത്തുന്നു. എന്റെകൂടെ വരൂ എന്ന് രാജകുമാരൻ രാജകുമാരിയോട് അപേക്ഷിക്കുന്നു. അപ്പോൾ രാജകുമാരി, “അയേ്യാ! പടിഞ്ഞാറുനിന്നു വന്ന രാജകുമാരാ, എനിക്ക്

എഴുന്നേറ്റുനടക്കാൻ വയ്യല്ലോ. ആ ദുഷ്ടഭൂതം എന്റെ അരയ്ക്കു കീഴ്പ്പോട്ട് ജീവനില്ലാതാക്കിയിട്ടിരിക്കയാണ് എന്നു സങ്കടപ്പെട്ടു പറയുന്നു.

രാജകുമാരിയുടെ കാലുകൾക്കു ജീവൻവെപ്പിക്കാൻ എന്തു ചെയ്യും?

അപ്പോൾ ഒരശരീരി—പൂതത്താൻകാട്ടിൽ എട്ടുദിക്കുകളിലേക്കും ചെരിഞ്ഞു നിൽക്കുന്ന എട്ട് അത്തിമരങ്ങളുണ്ട്. അതിൽ തെക്കുപടിഞ്ഞാട്ടു ചെരിഞ്ഞുനിൽക്കുന്ന അത്തിമരം കണ്ടുപിടിക്കുക. ആ അത്തിമരത്തിൽ മോളിലും കീഴിലുമായി രണ്ടു വലിയ പൊത്തുകളുണ്ട്. ആദ്യത്തെ പൊത്തിൽ ഒരു കരിമ്പുലി കാവൽകിടക്കുന്നു. കരിമ്പുലിയെക്കൊന്നു മേലോട്ടുകയറുക. മുകളിലത്തെ പൊത്തിൽ ഒരു ചെമ്പുലി കാവൽകിടക്കുന്നു. ചെമ്പുലിയെക്കൊന്നു പൊത്തിൽ തിരഞ്ഞാൽ ഭൂതം, ഒളിപ്പിച്ചുവെച്ച മൃതസഞ്ജീവനി വേരു കാണാം. അതെടുത്തുകൊണ്ടുവന്നു രാജകുമാരിയുടെ ദേഹത്തിൽ തൊട്ടാൽ കാലുകൾക്കു ജീവൻ കിട്ടും.

രാജകുമാരനും സേനാനായകന്റെ മകനും പൂതത്താൻകാട്ടിലേക്കു പുറപ്പെടുന്നു. അവിടെ തെക്കുപടിഞ്ഞാറോട്ടു ചെരിഞ്ഞുനിൽക്കുന്ന അത്തിമരം കണ്ടുപിടിക്കുന്നു. സേനാനായകന്റെ മകൻ ആദ്യം അത്തിമരത്തിൽ കയറുന്നു. താഴത്തെ പൊത്തിലെ കരിമ്പുലി അവനെ എതിർക്കുന്നു. സേനാനായകന്റെ മകനും കരിമ്പുലിയും തമ്മിൽ യുദ്ധം ചെയ്യുമ്പോൾ രാജകുമാരൻ അത്തിമരത്തിൽ കയറി മുകളിലെ പൊത്തിലെ ചെമ്പുലിയോടെതിർക്കുന്നു. ചെമ്പുലിയെക്കൊന്നു പൊത്തിൽ തിരഞ്ഞപ്പോൾ അതാ മൂലയിൽ കിടന്നു മിന്നുന്നു. മൃതസഞ്ജീവനി മൂലിക!

പുലികളെയും കൊന്ന് മൃതസഞ്ജീവനിമരുന്നും കൈവശപ്പെടുത്തി രാജകുമാരനും സേനാനായകന്റെ മകനും ഗുഹയിൽ മടങ്ങിയെത്തുന്നു. മൃതസഞ്ജീവനി ദേഹത്തിൽ തൊടേണ്ട താമസം, രാജകുമാരി എഴുന്നേറ്റു നൃത്തം ചെയ്യുന്നു....പെട്ടെന്നു രാജകുമാരി നാരായണിയായും, രാജകുമാരൻ ശ്രീധരനായും, സേനാനായകന്റെ മകൻ അപ്പുവായും മാറുന്നു....

പുതുവിനോദങ്ങളും പകൽക്കിനാവുകളുമായി ഇലഞ്ഞിപ്പൊയിലിലെ ദിവസങ്ങളങ്ങനെ നീങ്ങിക്കൊണ്ടിരിക്കെ, ഒരു ദിവസം രാവിലെ അപ്പു ഓടിവന്നു പറഞ്ഞു: “ശീദരാ, ശീദരന്നു ചീങ്കണ്ണീനെക്കാണണോ?”

“കാണണം, കാണണം; എവിടെയാണു ചീങ്കണ്ണി?” ശ്രീധരൻ ഉൽക്കണ്ഠയോടെ ചോദിച്ചു. ചീങ്കണ്ണി എന്നൊരു ജന്തുവുണ്ടെന്നു കേട്ടതല്ലാതെ അതേവരെ അതിനെ കണ്ടിരുന്നില്ല.

“എന്നാൽ വേഗം വാ—പുഴയിലെ ചാത്തൻകയത്തിലാണ്.” അപ്പു ധൃതികൂട്ടി.

ശ്രീധരൻ അപ്പുവിന്റെകൂടെ വയലിലൂടെ ഓടി. ചെകുത്താൻകയത്തിൽ നിന്ന് ഒരു വിളിപ്പാടുതാഴെയാണ് ചാത്തൻകയം. അവിടെ പുഴക്കരയിൽ ഒരുപാടാളുകൾ കൂടിനിൽക്കുന്നുണ്ടായിരുന്നു.

“അതാ ചീങ്കണ്ണിയമ്മാവൻ!” അപ്പു ആകാശത്തിലേക്കു ചൂണ്ടിക്കാണിച്ചു.

ശ്രീധരൻ മേൽപ്പോട്ടു നോക്കി. ഒരു മുളന്തുഞ്ചത്തു വലിയൊരു ജന്തു തൂങ്ങിക്കിടക്കുന്നു.

“പീറ്റക്കേളൻമൂപ്പരുടെ വിദ്യയാണ്.” അപ്പു പറഞ്ഞു.

സ്ഥലത്തെ രസികശിരോമണിയാണ്, പീറ്റക്കേളൻ. വെളുത്തു വളരെ മെലിഞ്ഞു പീറ്റത്തെങ്ങുപോലെ നീണ്ട ഒരു മനുഷ്യൻ. മുട്ടുമറയാത്തൊരു തോർത്തുമുണ്ടാണ് നിത്യവസ്ത്രം. കാട്ടുമൃഗങ്ങളെയും കിളികളെയും മത്സ്യങ്ങളെയും കെണിവെച്ചുപിടിക്കുക, അടിയന്തിരങ്ങളിൽ ദേഹണ്ണക്കാരനായി സഹായിക്കുക ഇതെല്ലാമാണു തൊഴിൽ—കുറച്ചു മന്ത്രവാദവും വശമുണ്ട്—ആ പീറ്റക്കേളനാണ് ചീങ്കണ്ണിയെ കെണിവെച്ചുപിടിച്ചു മുളന്തുഞ്ചിൽ തൂക്കിയിട്ടിരിക്കുന്നത്.

കേളൻമൂപ്പർ ചീങ്കണ്ണിയെ പിടിച്ച കഥ അപ്പു ശ്രീധരനു പറഞ്ഞു കൊടുത്തു.

പുഴയിലെ ചാത്തൻകയത്തിൽ ഒരു ചീങ്കണ്ണി വന്നുകൂടിയിരിക്കുന്നു എന്ന വാർത്ത ഗ്രാമത്തിൽ പരന്നു —പെട്ടെന്നു പൊങ്ങിയ മലവെള്ളത്തിൽ കിഴക്കുനിന്ന് ഇളകിവന്നതായിരിക്കണം. ചാത്തൻകയത്തിലെത്തിയപ്പോൾ മൂപ്പർക്ക് അവിടെ നിന്നുപോകാൻ തോന്നിയില്ല. തിന്നാൻ ധാരാളം മീൻ. പാർപ്പിടത്തിനു നല്ലൊരു മടയും. ബഹുസുഖം! എന്നാൽ പീറ്റക്കേളൻ എന്നൊരു പഹയൻ സ്ഥലത്തുണ്ടെന്ന കഥ ചീങ്കണ്ണിയമ്മാവൻ മനസ്സിലാക്കിയിരുന്നില്ല.

കേളൻ ചാത്തൻകയത്തിനരികെച്ചെന്നു ചീങ്കണ്ണിയെ പിടിക്കാൻ പ്ലാനിട്ടു; കയത്തിന്റെ കരയിൽ കുറ്റൻ ചൂരൽമുളകൾ വളർന്നുനിൽക്കുന്നുണ്ടായിരുന്നു.

അവയിൽ നല്ലൊരു മുള നോക്കിപ്പിടിച്ച് അതിന്റെ തുഞ്ചത്തു കയർകെട്ടി മുള വില്ലുപോലെ താഴോട്ടു വലിച്ചുകൊണ്ടുവന്ന് ഒരു മരത്തിൽ കെട്ടി. പിന്നെ വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന മുളന്തുഞ്ചിൽ ഒരിരുമ്പുകൊക്ക കെട്ടിയുറപ്പിച്ച് ഒരു പൂച്ചയെ തല്ലിക്കൊന്നു കൊക്കയിൽ കോർത്തു വെച്ചു കൊടുത്തു. ചീങ്കണ്ണി പൂച്ചയെ വിഴുങ്ങിയാൽ ഉടൻ മുളയുടെ കെട്ടഴിഞ്ഞു മുള ശക്തിയോടെ മേൽപ്പോട്ടു തനിയെ കുതിച്ചുപൊങ്ങും. അമ്മട്ടിലായിരുന്നു കെണിയുടെ കെട്ട്.

പിറ്റേന്നു രാവിലെ വന്നു നോക്കിയപ്പോൾ ചാത്തൻകയത്തിലെ ചീങ്കണ്ണിയമ്മാമനുണ്ട് ആകാശത്തിൽ തൂങ്ങിക്കിടക്കുന്നു!

"അതാ കേളൻമൂപ്പർ!" അപ്പു കയത്തിന്റെ മൂലയിലേക്കു ചൂണ്ടിക്കാട്ടി.

ശ്രീധരൻ നോക്കി. അവിടെ ഒരു പാറപ്പുറത്ത് മുട്ടുമടക്കിയിരുന്നു പുഴയിൽ ചൂണ്ടലിടുകയാണ്, പീറ്റക്കേളൻ — 'ഞാനിതൊന്നുമറിയൂല രാമനാരായണാ' എന്ന മട്ടിൽ.

ആകാശത്തിൽ തന്റെ വിശ്വരൂപം പ്രദർശിപ്പിച്ചുകൊണ്ട് നിസ്സഹായനായി തൂങ്ങിക്കിടക്കുന്ന ചീങ്കണ്ണിയെ ശ്രീധരൻ അത്ഭുതത്തോടെ നോക്കി നിന്നു. മുളന്തുഞ്ചും ഇരുമ്പുകൊക്കയും പൂച്ചയും ചങ്കിൽക്കുടുങ്ങി പകുതി വാപിളർന്നു കിടക്കുന്ന ചീങ്കണ്ണിയമ്മാമന്റെ മുഖം മ്ലേപോട്ടായിരുന്നതിനാൽ മുഴുവനും കാണാൻ കഴിഞ്ഞില്ല. എന്നാൽ വലിയ പാളപ്പൊതിപോലുള്ള പള്ളയും ഈർച്ചവാൾപോലുള്ള കുറിയ വാലും ശരിക്കു കണ്ടു. ആ വാൽ ഇടയ്ക്കിടെ ആടുന്നുണ്ടായിരുന്നു.

# 10. പെയിന്ററർ കുഞ്ഞപ്പു

കുഞ്ഞപ്പുവിന്റെ യുദ്ധക്കഥകളിൽ, കുഞ്ഞപ്പുവിനു നേരിടേണ്ടി വന്ന അപകടഘട്ടങ്ങളുടെയെല്ലാം ഒരു കണക്കെടുത്താൽ ചുരുങ്ങിയത് നൂറ്റൊന്നു പ്രാവശ്യമെങ്കിലും മൂപ്പർ മരിക്കേണ്ടതായിരുന്നു; എന്നാൽ മരിച്ചില്ല. ഓ. സി. യും സ്ക്വാഡ്രൺ ലീഡറും ക്യാപ്റ്റനും മറ്റു പല ഉയർന്ന സൈനികോദ്യോഗസ്ഥന്മാരും, പല ഘട്ടങ്ങളിലും, കുഞ്ഞപ്പുവിനു വി. സി. കൊടുക്കണമെന്ന് ശക്തിയായി ശുപാർശ ചെയ്യാമെന്നു വാക്കു കൊടുത്തിരുന്നുവെങ്കിലും, അവർ വാക്കു പാലിക്കാതിരുന്നതുകൊണ്ടോ അല്ല, അവരുടെ ശുപാർശകൾ അവഗണിക്കപ്പെട്ടുപോയതുകൊണ്ടോ എന്തോ, കുഞ്ഞപ്പുവിനു വി. സി. പോകട്ടെ 'മിലിട്രി ഡെസ്പാച്ചു'കളിൽ ഒരു 'മെൻഷൻ' പോലും കിട്ടിയില്ല. വെള്ളക്കാർ നന്ദികെട്ട വർഗ്ഗമാണെന്നാണ് കുഞ്ഞപ്പു പറയുന്നത്. വെള്ളക്കാരായ എത്ര മേലുദ്യോഗസ്ഥന്മാരെ മരണവക്ത്രത്തിൽനിന്ന് അവൻ രക്ഷിച്ചിട്ടുണ്ട്! യുദ്ധം ജയിച്ചപ്പോൾ അവർ അതെല്ലാം മറന്നു —നായ്ക്കൾക്ക് അവരേക്കാൾ നന്ദിയുണ്ട്.

എന്നാൽ, കുഞ്ഞപ്പുവിന്റെ ബസ്രാമരുഭൂമിയിലെ വീരസാഹസികപ്പോരാട്ടങ്ങളുടെ കഥകൾ കേട്ട് ആവേശംകൊണ്ട അതിരാണിപ്പാടത്തെ ബഹുജനം അവന് 'ബസ്രാക്കുഞ്ഞപ്പു' എന്നൊരു സ്ഥാനപ്പേർ കൽപ്പിച്ചു കൊടുത്തു. കാലക്രമേണ ഈ പേർ ലോപിച്ച് വെറും 'ബസ്ര' യായി —ബസ്രയെന്നത് ഊക്കൻ പുള്ളുവടിയുടെ പുതിയൊരു പര്യായമായിത്തീരുകയും ചെയ്തു.

അങ്ങനെ നാലഞ്ചുമാസം കഴിഞ്ഞപ്പോൾ ബസ്രാകുഞ്ഞപ്പുവിന്റെ കൈയിലെ കാശു തീർന്നുതുടങ്ങി. പിന്നേയും ഒന്നുരണ്ടുമാസം കഴിഞ്ഞപ്പോൾ കീശ കാലിയായി. പട്ടാളത്തിൽനിന്നു കൊണ്ടുവന്ന മിലിട്രി ഉടുപ്പുകളും ഉപകരണങ്ങളും ഓരോന്നായി വിൽക്കാൻ തുടങ്ങി. ആദ്യം കൈയൊഴിച്ചതു കൊതുവലയാണ്. പിന്നെ കമ്പിളി, കാക്കിഷർട്ട്, ട്രൗസർ, ബെൽറ്റ്, കിറ്റ്, കാൻവാസ് ബാഗ്.... അങ്ങനെ ഓരോന്നും യാത്ര പറഞ്ഞു. ഒടുവിൽ മക്കപ്പള്ളിയുടെ ചിത്രം പതിച്ച തുകൽപ്പഴ്സ് കുളൂസ് പറങ്ങോടന് എട്ടണയ്ക്കു കൊടുത്തു.

നീണ്ട കഴുത്തുള്ള കനത്ത മിലിട്രി ബൂട്ട്സിനു കോളുകാരെ കിട്ടിയില്ല. ശ്രീധരന്റെ മുത്തച്ഛൻ ഒരിക്കൽ കന്നിപ്പറമ്പിൽ വന്നപ്പോൾ, വാഴക്കിഴങ്ങിന്റെ ആകൃതിയിലുള്ള ആ വസ്തു കുഞ്ഞപ്പു ആ വൃദ്ധനു സമ്മാനിച്ചു. ചെളിവയലിൽ കന്നുപൂട്ടുമ്പോൾ കാലിലിടാൻ പറ്റുമെന്നു പറഞ്ഞുകൊണ്ട്.

ഒടുവിൽ, ഓവർസീസ് സർവ്വീസ് മെഡലുകളും, കൊമ്പൻമീശയും, ബസ്രാ എന്ന സ്ഥാനപ്പേരും, പ്രിയപ്പെട്ട തവൃക്കയും മാത്രം അവശേഷിച്ചു. പട്ടാളക്കഥകൾ കേൾക്കാനും ആളെക്കിട്ടാതായി. ആരെയും പൊറുപ്പിക്കാറുള്ള മരക്കൊത്തൻ വേലപ്പൻപോലും തുറന്നുപറയാൻ തുടങ്ങി. "കുഞ്ഞപ്പൂ, വേറെ എന്തെങ്കിലും പറ—അരിക്കു വെല കേറുന്നൂന്നു കേക്കുന്നലേ്ലാ —നേരാണോ?"

കുഞ്ഞപ്പു തന്റെ തവൃക്കയും നോക്കി തനിയെ വിനോദിച്ചുകൊണ്ട് വീട്ടിൽത്തന്നെ

ഇരിപ്പായി.

കുഞ്ഞപ്പ മിലിട്ട്രിയിലായിരുന്നപ്പോൾ അച്ഛന് ഇടയ്ക്കിടെ കുറേശ്ശെ പണം അയച്ചുകൊടുത്തിരുന്നു. ഇപ്പോൾ കൈയിലെ കാശും വില്ക്കാനുള്ള വഹകളും കലാശിച്ചപ്പോൾ താൻ അയച്ചുകൊടുത്ത പണമെല്ലാം തിരികെ കിട്ടണമെന്ന വാദം മുഴക്കിത്തുടങ്ങി, കുഞ്ഞപ്പ—അച്ഛനോടു മുഖത്തു നോക്കി ചോദിക്കാൻ ധൈര്യം പോര—ഇളയമ്മമുഖാന്തിരമാണ് പണം തിരിച്ചടയ്ക്കുന്നതിനുള്ള നോട്ടീസ് കൊടുത്തത്.

അതു കേട്ടപ്പോൾ കൃഷ്ണൻമാസ്റ്റർക്കു ശുണ്ഠിയും സങ്കടവും വന്നു.

"എടാ കുരുത്തം കെട്ടോനേ! —നിനക്ക് നിന്റെ പണം വേണം, അല്ലേ?" കൃഷ്ണൻമാസ്റ്റർ ഉറക്കെ ചോദിച്ചു.

കൊമ്പൻമീശയും പിടിച്ചു തിരുമ്മിക്കൊണ്ട് മുട്ടുമടക്കി അടുക്കളത്തിണ്ണയിൽ ഇരിക്കുകയായിരുന്നു കുഞ്ഞപ്പ.

"ആങ്—വേണം—പിന്നല്ലാണ്ട്? ഞാൻ തോക്കുംപിടിച്ചു നയിച്ചുണ്ടാക്യ കാസല്ലേ?" കുഞ്ഞപ്പ പിറുപിറുക്കുന്നമട്ടിൽ മെല്ലെ പറഞ്ഞു. (അച്ഛനോട് കുഞ്ഞപ്പുവിന്റെ പ്രതികരണം എപ്പോഴും അങ്ങനെയാണ്. ചോദിച്ചതിനെല്ലാം ശരിക്ക് ഉത്തരം പറയും—ചോദ്യകർത്താവു കേൾക്കുകയില്ലെന്നു മാത്രം.)

കൃഷ്ണൻമാസ്റ്റർ സ്കൂളിൽ പോയ തക്കംനോക്കി ഒരുദിവസം കുഞ്ഞപ്പ പറമ്പിലെ തെങ്ങിൽ കയറി ഒരു തേങ്ങാക്കുലയറുത്തു താഴെയിട്ടു. എട്ടു തേങ്ങയുണ്ടായിരുന്നു. പീടികയിൽ കൊണ്ടുപോയി വിറ്റു. കിട്ടിയ പൈസയുംകൊണ്ട്, റെയിൽവേഗേറ്റു പുരയ്ക്കകത്തിരുന്ന് കൂട്ടുകാരുമൊത്തു പണംവെച്ചു ശീട്ടുകളിച്ചു തോറ്റ്, ചന്തിയും തട്ടി എണീറ്റു പോന്നു.

പുതിയ നിരത്തിലെ റെയിൽവേഗേറ്റ്പുരയായി പിന്നെ കുഞ്ഞപ്പുവിന്റെ താവളം.

വീട്ടിൽ വഴക്കും ലഹളയുമൊന്നും വേണ്ട എന്ന വിചാരത്തോടെ ശ്രീധരന്റെ അമ്മ ഭർത്താവിനോട് ഒന്നുംരണ്ടും ഉറുപ്പിക വാങ്ങി കുഞ്ഞപ്പുവിനു കൊടുക്കാറുണ്ടായിരുന്നു. ഇതൊരു നേർച്ചപോലെയായി. അവധി നീണ്ടുപോയാൽ കുഞ്ഞപ്പ കോപിക്കും. ചട്ടികലങ്ങൾ എറിഞ്ഞുടച്ച് ഉപദ്രവിക്കും—പിറക്കാത്ത മകൻ എക്സ്മിലിടിക്കാരന്റെ പരാക്രമങ്ങൾ മുറുകുമ്പോൾ ശ്രീധരന്റെ അമ്മ അടുക്കളയിലിരുന്നു കരയും. അപ്പോൾ കുഞ്ഞപ്പ ശാന്തനാകും—പിന്നെ എഴുന്നേറ്റ് ഗേറ്റ്ഹൗസിൽ പോയിക്കിടന്ന് ഒരുറക്കമാണ്. പകൽ മുഴുവനും, രാത്രി മുഴുവനും—ചിലപ്പോൾ പുഴക്കരയിലേക്കു നടന്ന് പഴയ തൊഴിലിലേർപ്പെടും—ഞണ്ടുപിടുത്തം.

കന്നിപ്പറമ്പിൽ അസ്വാസ്ഥ്യത്തിനിടയാക്കിയ മറ്റൊരു സംഭവവും നടന്നു. ശ്രീധരന്റെ ഗോപാലേട്ടനായിരുന്നു അതിനു കാരണം.

കൃഷ്ണൻമാസ്റ്റർ ചില കാര്യങ്ങളിൽ പടുയാഥാസ്ഥിതികനായിരുന്നു. തലമുടി ക്രോപ്പുചെയ്യുന്ന പരിഷ്കാരത്തോടു മൂപ്പർക്കു ബഹുവിരോധമാണ്. (തന്റെ തലയിലെ കഷണ്ടിയിൽനിന്ന് കുതറിച്ചാടിയ കുറച്ചിഴ വെള്ളിരോമങ്ങൾ ചെറിയൊരു പട്ടുനൂൽക്കെട്ടുപോലെ തൊപ്പിക്കടിയിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ടായിരുന്നു.) കുഞ്ഞപ്പുവിനു ധാരാളം കുടുമയുണ്ടായിരുന്നു. മിലിട്ട്രിയിൽ ചേർന്നപ്പോൾ അതു വധിക്കപ്പെട്ടുപോയി. മടങ്ങിവന്നതിൽപ്പിന്നെ തലമുടി വളർത്താൻ അവൻ കൂട്ടാക്കിയതുമില്ല. ഗോപാലന്റെ തഴച്ചുനീണ്ട തലമുടിയിൽ കൃഷ്ണൻമാസ്റ്റർ അഭിമാനം പൂണ്ടിരുന്നു. വലതുചെന്നിക്കുമീതേ ഒരു

സർപ്പക്കെട്ടുവാലോടുകൂടി ആ കേശഭാരം ബന്ധിച്ചിരിക്കുന്നതു കാണാൻ എന്തൊരു ചേലാണ്! എന്നാൽ, ഗോപാലന് അതൊരു പരിഹാസ്യഭാരമായി തോന്നിത്തുടങ്ങിയിരുന്നു. നാട്ടിലെ പല ചെറുപ്പക്കാരും ബാർബർസലൂണിൽ പോയി മുടി ക്രോപ്പടിപ്പിച്ച് സൈഡിൽ പകുത്തു കോതിമിനുക്കി നടക്കുമ്പോൾ താൻ ക്ഷുരകൻ രാമനെക്കൊണ്ട് പിരടിയിൽ വട്ടക്ഷൗരവും കഴിപ്പിച്ച് പെണ്ണുങ്ങളെപ്പോലെ തലമുടി നീട്ടിക്കെട്ടി നടക്കുന്നതിൽ ഗോപാലൻ റൈറ്റർക്ക് ഒരു ചേപ്ര തോന്നി. ചില സ്ത്രീകൾ അസൂയയോടെ തന്റെ തലമുടിക്കെട്ടിലേക്കു നോക്കുമ്പോഴും ഒരസ്വാസ്ഥ്യം. കുളിക്കുമ്പോൾ എണ്ണയും ഒരുപാടു വേണം.

കുടുമ മുറിക്കാൻ ഒരപേക്ഷാഹർജി ഇളയമ്മമുഖാന്തിരം അച്ഛനു സമർപ്പിച്ചു. കിട്ടിയ മറുപടി ഇതായിരുന്നു: "അവന് മുടികളഞ്ഞു മാപ്പിളയായി നടക്കണം, അല്ലേ? പിന്നെ അവനെ എന്റെ മുന്നിൽ കാണണ്ട."

ഗോപാലൻറൈറ്റർ ചെന്നിയിൽ കേശഭാണ്ഡവും തൂക്കി നടന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം രാത്രി, ഗോപാലൻ കിടക്കുന്ന മുറിയിൽ നിന്ന് ഒച്ചയും ബഹളവും കേട്ടു കൃഷ്ണൻമാസ്റ്റർ ഓടിച്ചെന്നു നോക്കി. മുറിയിൽ മുടി കത്തിക്കരിഞ്ഞ നാറ്റം. കുഞ്ഞപ്പുവും മുറിയിലുണ്ട്.

മേശപ്പുറത്തു മണ്ണെണ്ണവിളക്കു കത്തിച്ചുവെച്ച് ഗോപാലൻ ഒരു കഥ ബുക്കുവായിച്ചുകൊണ്ട് ഉറങ്ങിപ്പോയതേ്ര. അപ്പോൾ മേശപ്പുറത്ത് അഴിഞ്ഞു കിടന്നിരുന്ന തലമുടിക്കു തീപിടിച്ചു. തട്ടിമറിഞ്ഞ വിളക്കിൽനിന്നു തൂകിയ മണ്ണെണ്ണ കേശദഹനത്തിന് ഊക്കു കൂട്ടുകയും ചെയ്തു.

ഗോപാലൻ കരുതിക്കൂട്ടി അങ്ങനെ ചെയ്തതാണെന്ന് കൃഷ്ണൻ മാസ്റ്റർക്കു മനസ്സിലായി. കുഞ്ഞപ്പുവും അനുജന് അരുനിന്നുകൊടുത്തിട്ടുണ്ടാവാം. ഈ വിദ്യ ഉപദേശിച്ചുകൊടുത്തത് കുഞ്ഞപ്പുതന്നെ ആയിക്കൂടെന്നുമില്ല.

ഒരുതരത്തിലും കെട്ടിവെക്കാൻ നിവൃത്തിയില്ലാത്തവിധം ഗോപാലന്റെ തലമുടി മുക്കാൽഭാഗവും കരിഞ്ഞുപോയിരുന്നു. പൊടിതട്ടിപോലെയായിത്തീർന്ന തല, ക്രോപ്പടിച്ചു ശരിപ്പെടുത്തുകതന്നെ വേണം. കൃഷ്ണൻ മാസ്റ്റർ ഒന്നും പറഞ്ഞില്ല.

പിറ്റേന്നു രാവിലെ ഗോപാലൻറൈറ്റർ ടൗണിലെ 'നേഷനൽ ഹെയർ കട്ടിംഗ് സലൂൺ' സന്ദർശിച്ചു. ക്രോപ്പടിച്ചു മുഖക്ഷൗരവും കഴിച്ച അമ്പട്ടൻ മുത്തു മുഖത്തു പൂശിക്കൊടുത്ത ചോക്കുപൗഡർ അങ്ങനെത്തന്നെ പ്രദർശിപ്പിച്ചുകൊണ്ടു പുറത്തിറങ്ങി.

അങ്ങനെ മാസങ്ങൾ പിന്നെയും കഴിഞ്ഞു.

വീട്ടിൽ ഇടയ്ക്കിടെ വഴക്കും, ഞണ്ടുപിടുത്തവും, ശീട്ടുകളിയും, ചിലപ്പോൾ ഗേറ്റുപുരയ്ക്കൽ ഉറക്കവുമായി ബസ്ര, നാളുകൾ കഴിച്ചുകൊണ്ടിരുന്നു.

ഒരുദിവസം ഉച്ചയ്ക്കു രണ്ടു കൈയിലുമായി അഞ്ചാറു ടിൻപാട്ടകളും കക്ഷത്തിൽ മൂന്നുനാലു ബ്രഷുകളുമായി കുഞ്ഞപ്പു വീട്ടിലേക്കു കയറി വന്നു. ശ്രീധരന്റെ അമ്മ പുറത്തു വന്നു നോക്കി. പാട്ടകളിൽ പലനിറത്തിലുള്ള ചായങ്ങളാണ്. ചായത്തിന്റെയും ടർപ്പൻറയിൻതൈലത്തിന്റെയും സമ്മിശ്ര ഗന്ധം അവിടെ പ്രസരിക്കുന്നുണ്ടായിരുന്നു.

ചായടിന്നുകളും ബ്രഷുകളും കോലായിൽ നിക്ഷേപിച്ച്, ബസ്ര കൊമ്പൻ മീശയും പിടിച്ചു തിരുമ്മിക്കൊണ്ടു കുറേനേരം ചിന്താമഗ്നനായി നിന്നു.

"ഇതൊക്കെ എന്തിനാ കുഞ്ഞപ്പു?" ശ്രീധരന്റെ അമ്മ അന്വേഷിച്ചു.

കുഞ്ഞപ്പു അതിന്റെ കഥ ഇളയമ്മയെ കേൾപ്പിച്ചു.

അതിരാണിപ്പാടത്തിന്റെ ഒരു മൂലയിൽ പാർക്കുന്ന പെയിൻറർ സ്തേവ കുഞ്ഞപ്പുവിന്റെ കൈയിൽനിന്ന് അഞ്ചുറുപ്പിക കടം വാങ്ങിയിട്ടുണ്ടായിരുന്നു—രണ്ടു മൂന്നുകൊല്ലം മുമ്പ്, കുഞ്ഞപ്പു പട്ടാളത്തിൽനിന്നു പിരിഞ്ഞു വന്നു പണക്കാരനായി വിലസിയിരുന്ന കാലത്താണ് ആ ഇടപാടു നടന്നത് —ഇയ്യിടെയാണ് സ്തേവയ്ക്കു കൊടുത്ത പണത്തിന്റെ കാര്യം കുഞ്ഞപ്പുവിനോർമ്മവന്നത്. ഉടൻ സ്തേവയുടെ അടുക്കൽ ചെന്നു പണം ആവശ്യപ്പെട്ടു. അടുത്തയാഴ്ച തരാം, അടുത്തയാഴ്ച തരാം എന്നു പറഞ്ഞ് സ്തേവ അവധിയങ്ങനെ നീട്ടിക്കൊണ്ടുപോയി. മാസം രണ്ടു കഴിഞ്ഞു. ഇന്നു ചെന്നു ചോദിച്ചപ്പോഴും ആ 'ക്രിസ്ത്യാനിപ്പന്നി' അടുത്തയാഴ്ചയാവട്ടെ എന്ന പല്ലവിയാണാവർത്തിച്ചത്—ബസ്രയ്ക്ക് ഇളിച്ചംപിടിച്ചു —സ്തേവയുടെ ചായഡബ്ബകളും ബ്രഷുകളും ബലാൽക്കാരമായി എടുത്തുകൊണ്ടു പോന്നു.

ഇനിയെന്തുചെയ്യണമെന്നാണ് ആലോചന.

വീട്ടിന്റെ ജാലകങ്ങളും തൂണുകളും അഴുക്കുപിടിച്ചുകിടക്കുമ്പോൾ പിന്നെ എന്താണിത്ര ആലോചിക്കാൻ? കുഞ്ഞപ്പു ഷർട്ടഴിച്ചിട്ട്, മുറിയൻ കാക്കി ട്രൗസർ മാത്രം ധരിച്ച്, ചായപ്പാട്ടയും ബ്രഷും കൈയിലെടുത്തു തേപ്പിനിറങ്ങി.

ജാലകങ്ങളിലും തൂണുകളിലുമെല്ലാം ചായങ്ങൾ വാരിത്തേച്ചു കൊടുത്തു. നിറങ്ങൾ തിരഞ്ഞെടുക്കുന്നതിൽ സ്വന്തം കലാബോധമാണു പ്രകടിപ്പിച്ചത്. ജനാലയുടെ ഓരോ അഴിക്കും ഓരോ നിറമാണു ചാർത്തിയിരുന്നത്.

ജാലകങ്ങളും തൂണുകളുമെല്ലാം തീർന്നു ചായം പിന്നേയും ബാക്കി. ഒരു നിമിഷം ആലോചിച്ചു. അടുക്കളയിലേക്കു കടന്ന് ഇളയമ്മയുടെ അടുക്കളസാമഗ്രികൾ എല്ലാം ഒന്നു റങ്കാക്കിക്കൊടുത്തേക്കാം.

മരംകൊണ്ടുണ്ടാക്കിയ സകലമാന വസ്തുക്കളിലും ബസ്രയുടെ ബ്രഷും ചായക്കൂട്ടും ആക്രമണം തുടങ്ങി. അതൊക്കെ ചെയ്തുതീർന്നപ്പോൾ അടുക്കളെ നല്ലൊരു കാഴ്ചബംഗ്ലാവായി മാറിയിരുന്നു; ചുവന്ന ഉരൽ —മഞ്ഞയുലക്ക—നീലച്ചിരവ—പച്ച അടച്ചേറ്റി—ധവളാഭമായ അമ്മിപ്പലക —പല വർണ്ണത്തിലുള്ള കയിൽക്കണകൾ—മഴവില്ലിന്റെ ഏഴു നിറങ്ങളോടു കൂടിയ ഒരു കോഴിക്കൂടും!

വേലയെല്ലാം കഴിഞ്ഞപ്പോൾ ദേഹം മുഴുവനും നാനാതരം ചായങ്ങൾ തെറിച്ചും, ഇറ്റിയും, ഒലിച്ചും, പറ്റിയും കുഞ്ഞപ്പു ഒരു നരികളിവേഷക്കാരനെപ്പോലെയുണ്ടായിരുന്നു.

അപ്പോൾ കേട്ടു പുറത്തുനിന്ന് ആരോ വിളിക്കുന്നത്. അടുക്കളജാലകത്തിലൂടെ പതുങ്ങിനോക്കി. മുറ്റത്തു വന്നു നിലക്കുന്നു. 'ക്രിസ്ത്യാനിപ്പന്നി' സ്തേവ—അവന്റെ കൈയിൽ ഒരഞ്ചിന്റെ നോട്ടും കാണുന്നു.

സ്തേവ എവിടെനിന്നോ ഒരഞ്ചുറുപ്പിക കടംവാങ്ങി, ബസ്രയിൽനിന്ന് തന്റെ തൊഴിൽ സാമഗ്രികൾ തിരിച്ചെടുക്കാൻ ബദ്ധപ്പെട്ടു വന്നിരിക്കയാണ്.

ബസ്ര പരുങ്ങലിലായി. ഒഴിഞ്ഞ പാട്ടകളും കുറച്ചൊക്കെ തഴഞ്ഞ കുച്ചുകളും അവിടെത്തന്നെയുണ്ട്. ചായങ്ങൾ മുഴുവനും ജാലകങ്ങളിലും ഉലക്കയിലും മറ്റും പറ്റിക്കിടക്കുകയാണ്.

ഒടുവിൽ ബസ്ര ഒരു പോംവഴി കണ്ടുപിടിച്ചു. ചായത്തിന്റെ വിലയായി ആ അഞ്ചുറുപ്പിക സ്തേവയുടെ കൈയിൽത്തന്നെ വെച്ചുകൊള്ളാൻ പറഞ്ഞു. ഡബ്ബകളും

ബ്രഷുകളുമെല്ലാം തിരികെ ഏല്പിച്ചു.

വലിയ തൃപ്തിയോടെയല്ല സ്റ്റേവ മടങ്ങിപ്പോയത്.

അന്ന രാത്രി ബസ്രയ്ക്ക് ഒരു ഭൂതോദയമുണ്ടായി: എന്തുകൊണ്ടു തനിക്കും ഒരു പെയിൻററായിക്കൂടാ? കുറച്ചു മണിക്കൂറുകൾകൊണ്ടു കുഞ്ഞപ്പുവിനു പെയിൻറിനോട് ഒരു പ്രേമമങ്കുരിച്ചുകഴിഞ്ഞിരുന്നു.

കുഞ്ഞപ്പു, പിറ്റേന്നു രാവിലെ ഇളയമ്മയോട്, ഒരഞ്ചുറുപ്പിക കടം ചോദിച്ചുവാങ്ങി, അങ്ങാടിയിൽ പോയി ഒരു ബ്രഷും ഒരുപാട്ട ചായവും സ്വന്തമാക്കി.

രാവിലെ വീട്ടിൽനിന്നും ചായയും കഴിച്ചു തന്റെ പെയിൻറ് ളുക്കുപാത്രവും കുച്ചും കൈയിലെടുത്തു കുഞ്ഞപ്പു പുറപ്പെടും. നാട്ടിൽ ചായം തേപ്പുകാർക്കു നല്ല ഡിമാൻഡുണ്ടായിരുന്നു. സ്ഥലത്തു സ്റ്റേവ ആ തൊഴിൽ കുത്തകയാക്കിക്കൊണ്ടു നടക്കുകയായിരുന്നു. ഇപ്പോൾ ഒരു എതിരാളി വന്നിരിക്കുന്നു.

അങ്ങനെ ബസ്രാകുഞ്ഞപ്പു പെയിൻറർകുഞ്ഞപ്പുവായി മാറി.

കുഞ്ഞപ്പുവിന്റെ ഈ പരിവർത്തനവാർത്ത, ഭാര്യ കേൾപ്പിച്ചപ്പോൾ കൃഷ്ണൻമാസ്റ്റർക്ക് ആദ്യം വിശ്വസിക്കാൻ കഴിഞ്ഞില്ല.

വീട്ടിന്റെ ജാലകങ്ങളിലും ളുണകളിലും പലതരം ചായങ്ങൾ ഇളിച്ചു കാട്ടുന്ന കാഴ്ച കൃഷ്ണൻമാസ്റ്ററെ ഒട്ടും സന്തുഷ്ടനാക്കിയിരുന്നില്ല. കുറച്ചു കലാബോധമുള്ള വ്യക്തിയാണ് കൃഷ്ണൻമാസ്റ്റർ. എന്നാൽ കുഞ്ഞപ്പു ഇതൊരു തൊഴിലായി സ്വീകരിച്ച് ഇറങ്ങിയിരിക്കയാണെന്നു കേട്ടപ്പോൾ കൃഷ്ണൻമാസ്റ്റർ സന്തോഷം പ്രകടിപ്പിച്ചു. അവന് ഇപ്പോഴെങ്കിലും നല്ലബുദ്ധിയുദിച്ചുവല്ലോ: എന്തെങ്കിലും തൊഴിൽ ചെയ്യണമെന്ന്—ചായംതേപ്പു താഴ്ന്ന തൊഴിലൊന്നുമല്ല—ഒരു തൊഴിലും താഴ്ന്നതല്ല.

ഒരു സന്ദേഹമേ മാസ്റ്റർക്കുണ്ടായിരുന്നുള്ളൂ: എത്രനാൾ ഇവനിതു കൊണ്ടുനടക്കും?

# 11. അറിവിന്റെ ഉറവിടങ്ങൾ

ശ്രീധരൻ ഇലഞ്ഞിപ്പൊയിലിൽനിന്ന് ഒരു മൂരിവണ്ടിയിലാണ് പടിഞ്ഞാട്ടു മടങ്ങിയത്. കൊപ്പരയും കയറ്റി പട്ടണത്തിലേക്കു വരുന്ന തെയ്യന്റെ മൂരിവണ്ടിയിൽത്തന്നെ.

കന്നിപ്പറമ്പിൽ വന്നുകേറിയപ്പോൾ വീട്ടിന്റെ നിറപ്പകിട്ടു കണ്ടു വിസ്മയിച്ചുപോയി. കോലായിലേക്കു നോക്കിയപ്പോൾ അവിടെ 'അന്തമാൻ ചാത്തപ്പൻ' ഇരുന്നു ചോറുണ്ണുന്നു; അച്ഛൻ ക്യാൻവാസ് കസേരയിൽ കിടക്കുന്നു.

അച്ഛൻ ശ്രീധരനെ അരികെ വിളിച്ചു പിടിച്ചാശ്ലേഷിച്ച്, ചിരിച്ചുകൊണ്ടു ചോദിച്ചു: "പഠിക്കാൻതന്ന പാഠങ്ങളൊക്കെ പഠിച്ചോ കള്ളാ?"

ഉവ്വ് എന്ന ഭാവത്തിൽ തലയാട്ടിക്കാണിച്ചു. കളവു പറയരുത് എന്നാണല്ലോ അച്ഛന്റെ ഉപദേശം; പറഞ്ഞില്ല.

അച്ഛൻ ശ്രീധരന്റെ ട്രൗസർപോക്കറ്റിൽ തപ്പിനോക്കി: ഒരു കീശ നിറയെ കുന്നിക്കുരു. മറ്റേ കീശയിൽ കണ്ണിമാങ്ങ. (എല്ലാം അപ്പു ശേഖരിച്ച് സമ്മാനിച്ചതാണ്.)

അച്ഛൻ ചിരിച്ചു. പിന്നെ ഒന്നും പറഞ്ഞില്ല.

ശ്രീധരൻ അടുക്കളയിലേക്ക് ഓടിച്ചെന്നു.

അമ്മ അവനെ ആകപ്പാടെ ഒന്നു നോക്കി: "നീ വെയ്ല് കൊണ്ടു വല്ലാതെ കറുത്തുപോയല്ലെടാ? രാവും പകലും കളിച്ചുമദിച്ചു നടക്ക്വായിരുന്ന പണി, അല്ലേ?"

ശ്രീധരൻ അടുക്കളയിലെ അമ്മിയിലും ചിരവയിലും മറ്റും കണ്ണുനട്ടു നില്ക്കുകയായിരുന്നു. എന്തൊരു കൗതുകം! നീലച്ചിരവ; ചുവന്ന ഉരൽ...

"ഒക്കെ നെന്റെ വല്യേട്ടന്റെ പണിയാണ്." അമ്മ ഗൗരവം നടിച്ചു പറഞ്ഞു.

കുഞ്ഞപ്പു ചായംതേപ്പുകാരനായിത്തീർന്ന കഥ അമ്മ വിസ്തരിച്ചു പറഞ്ഞു കൊടുത്തു: "ഇനി വൈകുന്നേരം വല്യേട്ടൻ വന്നാല് നെന്നേം ചായംതേച്ചു വെളുപ്പിച്ചുതരും." അമ്മ മുഖവും തോടയും മൂക്കുത്തിയുമിളക്കി ചിരിച്ചുകൊണ്ടു പറഞ്ഞു.

അമ്മ ശ്രീധരന് കിണ്ണത്തിൽ ചോറു വിളമ്പിക്കൊടുത്തു. ശ്രീധരൻ ധൃതിയോടെ വാരിവലിച്ചുണ്ണുന്നതു കണ്ട് അമ്മ ചോദിച്ചു: "എന്താ നെനക്കിത്ര തെരക്ക്?"

തെരക്കുണ്ട്; അന്തമാൻ ചാത്തപ്പൻ ഊണുകഴിഞ്ഞു വെറ്റിലടയ്ക്ക തിന്നാൻ തുടങ്ങുമ്പോഴേക്കു കോലായിൽ ഹാജരാകണം—അന്തമാൻ ചാത്തപ്പൻ ദ്വീപിലെ കഥകൾ പറയുന്നതു കേൾക്കാൻ.

മുട്ടുവരെ എത്തുന്ന മുഷിഞ്ഞൊരു തോർത്തുമുണ്ടുടുത്ത് അരയിൽ വലിയൊരു കത്തിയും തിരുകി നടക്കുന്ന ഒരാസുരരൂപമാണ് ചാത്തപ്പൻ. കിളരംകൂടിയ ദേഹം. ആ ദേഹം കണ്ടാൽ മരംകൊണ്ടുണ്ടാക്കിയതാണെന്നേ തോന്നൂ. മരികപോലത്തെ ഒരു മുഖവും.

കൃഷ്ണൻമാസ്റ്ററുടെ ചെറുപ്പത്തിലെ എഴുത്തുപള്ളിക്കൂട്ടുകാരനായിരുന്നുവത്രെ, ചാത്തപ്പൻ.

ചാത്തപ്പന്റെ കഥ അച്ഛൻ അമ്മയ്ക്കു പറഞ്ഞു കൊടുത്തത് ശ്രീധരൻ കേട്ടിട്ടുണ്ട്. ചാത്തപ്പൻ വലുതായപ്പോൾ ഒരു കൂലിപ്പണിക്കാരനായിത്തീർന്നു. ഒരു പെണ്ണിനേയും കല്യാണം കഴിച്ചു. ഒരുദിവസം പണിയും തേടി ചുറ്റിനടന്ന് ഒന്നും തരപ്പെടാതെ ഉച്ചയ്ക്കു പുരയിലേക്കു മടങ്ങിച്ചെന്നപ്പോൾ ചാത്തപ്പൻ നല്ലൊരു കാഴ്ച കണ്ടു. ചാത്തപ്പന്റെ ഓള് എണ്ണക്കാരൻ കേളുവിന്റെകൂടെ കെടക്കുന്നു.........എപ്പോഴും അരയിൽ തിരുകി നടക്കാറുള്ള കത്തി ഊരി അപ്പോൾത്തന്നെ കേളുവിന്റെ കഥകഴിച്ചു. പിന്നെ അടുത്തുനിന്ന് ഉണങ്ങിയ 'ഓലക്കുടി'യെടുത്തു നല്ലൊരു ചൂട്ടു കെട്ടി, ചൂട്ടു കത്തിച്ചു കൈയിൽപ്പിടിച്ച്, ചാത്തപ്പൻ ഓളോടു മുന്നിൽ നടക്കാൻ കല്പിച്ചു.

പട്ടാപ്പകൽ ചൂട്ടുംകത്തിച്ച് പെണ്ണിനേയുംകൂട്ടി പെരുവഴിയിലൂടെ പോകുന്ന ചാത്തപ്പനെ നോക്കി ആളുകൾ അദ്ഭുതത്തോടെ ചോദിച്ചു: "ഇതെന്താ ചാത്തപ്പാ?"

ചാത്തപ്പൻ തിരിഞ്ഞുനിന്ന് ആളുകൾക്കു കാര്യം പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു: "ദാ, ഇവളില്ലേല, എന്റെ ഓളാണ്. ഓൾക്ക് ഒരു സൂക്കേട്—പകല് കണ്ണു കണ്ടൂടാ—ഞാനാണെന്നു വിശാരിച്ച് ഓള് എണ്ണക്കാരൻ കേളൂന് കെടന്നുകൊടുത്തു—ഓളെ സൂക്കേട് മാറോളം ഓള് ഓളെ അങ്ങു പോയി പാർക്കട്ടെ—"

ആ ഫലിതം കേട്ട് ആളുകൾ പൊട്ടിച്ചിരിച്ചു. ഉത്തരക്ഷണത്തിൽത്തന്നെ സ്തബ്ധരാവുകയും ചെയ്തു. കേളുവിന്റെ കഴുത്തറുത്ത ചോരയിൽക്കുളിച്ച കത്തി ചാത്തപ്പന്റെ അരയിൽത്തന്നെ ഉണ്ടായിരുന്നു.

പെണ്ണിനെ അവളുടെ പുരയിൽക്കൊണ്ടുവിട്ട്, ചാത്തപ്പൻ കൊലക്കത്തിയുമായി പോലീസ് സ്റ്റേഷനിൽ ഹാജരായി.

കൊലക്കുറ്റംചുമത്തി കോടതി ചാത്തപ്പനെ തൂക്കാൻവിധിച്ചു. തൂക്കുമരത്തിൽ വെച്ചു ചാത്തപ്പന്റെ ജീവിതം സുഖമായി അവസാനിക്കുമായിരുന്നു. വിധി സമ്മതിച്ചില്ല. ധർമ്മഅപ്പീൽ മരണശിക്ഷ ജീവപര്യന്തം തടവായി മാറി. ചാത്തപ്പനെ അന്തമാൻദ്വീപിലേക്കു നാടുകടത്തി.

ശിക്ഷാവിധി മുഴുവനും അന്തമാൻദ്വീപിൽ കഴിക്കാൻ സാധിച്ചിരുന്നുവെങ്കിൽ ചാത്തപ്പന് അവിടെത്തന്നെ സ്വതന്ത്രനായൊരു കൃഷിക്കാരനായോ മറ്റോ സുഖമായി ജീവിതം നയിക്കാമായിരുന്നു. വിധി അവിടെയും ഇടങ്കോലിട്ടു. ദ്വീപിലെത്തിയതിന്റെ അഞ്ചാംവർഷം, ബ്രിട്ടീഷ് ചക്രവർത്തിയുടെ തിരുനാൾ പ്രമാണിച്ചു തടവുകാർക്കിടയിൽ നടത്തിയ നറുക്കെടുപ്പിൽ വീണത് ചാത്തപ്പന്റെ നമ്പരാണ്. അങ്ങനെ ചാത്തപ്പൻ സ്വതന്ത്രനായി നാട്ടിലേക്കു മടങ്ങി.

ഇപ്പോൾ മൂപ്പർ നാട്ടിൽ ഇരന്നുനടക്കുകയാണ്.

ചാത്തപ്പൻ കന്നിപ്പറമ്പിൽ വിരുന്നുവരുന്നത് മിക്കവാറും ഞായറാഴ്ചകളിലായിരിക്കും (കൃഷ്ണൻമാസ്റ്റർ അന്നു വീട്ടിൽത്തന്നെ ഉണ്ടായിരിക്കുമല്ലോ.)

ഊണിന്റെ നേരംനോക്കി ഒരു പതിനൊന്നുമണിയോടു കൂടിയായിരിക്കും മൂപ്പരുടെ വരവ്.

"എന്താ ചാത്തപ്പാ?" കൃഷ്ണൻമാസ്റ്റർ തന്റെ പഴയ ക്ലാസ്സ്മേറ്റിനോടു കുശലം ചോദിക്കും.

ചാത്തപ്പൻ തന്റെ മരികമുകറൊന്നു ചൊറിഞ്ഞു ചിരിക്കുന്നതുപോലെ കാണിക്കും—പിന്നെ മിണ്ടാതെ കഴുകനെപ്പോലെ ഒരു കുത്തിയിരിപ്പാണ്.

കൃഷ്ണൻമാസ്റ്റർ പഴയ സതീർത്ഥ്യനെ ഉണ്ണാൻ ക്ഷണിക്കും.

വലിയൊരു വാഴയിലയിലാണ് ചോറുവിളമ്പിക്കൊടുക്കുക. ഒന്നൊന്നര സേർ അരിയുടെ ചോറ് ഒറ്റയിരിപ്പിനുണ്ണും. കറികൾ രണ്ടു മൂന്നുതരം ഉണ്ടായാലും മൂപ്പർക്ക് ഒരു പച്ചമുളകും രണ്ടുകല്ല് ഉപ്പും പ്രത്യേകം വേണം. ചോറും കറിയും കൂട്ടിക്കുഴയ്ക്കുകയില്ല. വെറുംചോറ് വലിയ ഉരുളയാക്കിപ്പിടിച്ച് കറിയിൽ മെല്ലെയൊന്നു കുത്തി വായിലേക്കു തള്ളിവിടും. മൂന്നു നാലുരുള്ള വിഴുങ്ങിക്കഴിഞ്ഞാൽ പച്ചമുളക് ഉപ്പിൽ കുത്തി ഒന്നു കടിക്കും.

ആ ബകാസുരന്റെ തീറ്റ ശ്രീധരൻ അദ്ഭുതത്തോടെ നോക്കിനില്ക്കും.

തന്റെ അരുമയേറിയ കത്തി പ്രദർശിപ്പിക്കാൻ ചാത്തപ്പനു വലിയ ഉത്സാഹമാണ്. ചിലപ്പോൾ അത് അരയിൽനിന്ന് ഊരിയെടുത്തു നെഞ്ചു ഞെളിച്ച് ഇളിച്ചുകാട്ടിക്കൊണ്ട് അതുകൊണ്ടു പുറം ചൊറിയും. അല്ലെങ്കിൽ അതു കൈയിൽ നീട്ടിപ്പിടിച്ചു കാൽനഖം മുറിക്കും. കത്തി വിസ്തരിച്ചു പ്രദർശിപ്പിക്കുന്നതും വിദക്ഷമായി പ്രയോഗിക്കുന്നതും ഊണു കഴിഞ്ഞു വെറ്റിലമുറുക്കിനു വട്ടംകൂട്ടുമ്പോഴാണ്. വെറ്റിലയടയ്ക്കപ്പെട്ടിയിൽനിന്ന് ഒരു പഴക്കടയ്ക്കയെടുത്തു തന്റെ കത്തികൊണ്ടു തോടു പൊളിച്ചുനീക്കി തരങ്ങിത്തുടങ്ങും. അപ്പോൾ ചില കഥകളും പൊട്ടിക്കും. അന്തമാൻ ദ്വീപിലെ അനുഭവകഥകൾ. ചാത്തപ്പൻ കഥ പറഞ്ഞു തുടങ്ങുമ്പോൾ ശ്രീധരൻ മെല്ലെ അടുത്തുകൂടും. ആയിരമായിരം നാഴിക ദൂരെ ഒരു രാജ്യത്തുനിന്നു കപ്പൽ കയറി വന്ന കഥകളല്ലേ! കണ്ണുംമിഴിച്ചിരുന്നു കേൾക്കും.

അന്തമാൻദ്വീപിൽക്കൊണ്ടു തള്ളപ്പെട്ട ജയിൽപ്പുള്ളികൾ ആദ്യത്തെ അഞ്ചാറുമാസക്കാലം ഏകാന്തത്തടവും മൃഗീയഭേദ്യങ്ങളും ഒരു ചികിത്സയെന്നപോലെ അനുഭവിച്ചുകൊള്ളണം. ഒരിക്കൽ കോൽച്ചങ്ങലയ്ക്കടിയേറ്റു വ്രണപ്പെട്ട നെരിയാണിയിൽ ഒരുക്കൻ കരിന്തേൾ കേറി കുത്തിയതും, മറ്റൊരിക്കൽ ദാഹിച്ചു തൊണ്ടവരണ്ടു സഹികെട്ട് ചന്തികഴുകിയ വെള്ളം നക്കിക്കുടിച്ചതും ഒക്കെ ചാത്തപ്പൻ നിർവ്വികാരനായി വിവരിച്ചുകേൾപ്പിക്കും.

ഒരിക്കൽ കുറെ തടവുകാരെ കാട്ടിലേക്കു തെളിച്ചുകൊണ്ടുപോയി —കാട്ടിലെ മരം മുറിക്കാൻ. അക്കൂട്ടത്തിൽ ചാത്തപ്പനുമുണ്ടായിരുന്നു. വൈകുന്നേരം കാട്ടിൽനിന്നു മടങ്ങുമ്പോൾ വാർഡർ പുള്ളികളെ എണ്ണിനോക്കിയപ്പോൾ രണ്ടാളെ കാണാനില്ല. അവരെവിടെപ്പോയി? —ഓടിപ്പോയതല്ല. പിന്നേയാ? അവിടെ 'മൻച്ചനെപ്പിടിച്ചു തിന്നുന്ന' കാട്ടാളമ്മാരുണ്ട്. അക്കൂട്ടര് ഒളിച്ചുനിന്നു പിടിച്ചുകൊണ്ടുപോയി......

"കാട്ടാളമ്മാര് മനുഷനെ എങ്ങനെയാ തിന്ന്ആ? —പുഴുങ്ങീട്ടോ പൊരിച്ചിട്ടോ? ജിജ്ഞാസ പൊറുക്കാതെ ശ്രീധരൻ ചോദിച്ചുപോയി.

"ഹ്ഊം—പുഴുങ്ങേം പൊരിക്കേം ചെയ്യണ്!—അക്കൂട്ടർക്കു വേറെ പണില്യ—(ചാത്തപ്പൻ അടയ്ക്കാത്തരങ്ങു വാരി ദൂരെയെറിഞ്ഞു.) പച്ചേ്യാടെ തിന്നും—മൻച്ചനെ അറത്ത് വെട്ടിമുറിച്ച് (ചാത്തപ്പൻ ആ വലിയ കത്തികൊണ്ട് അടയ്ക്ക കണ്ടിച്ചുതുടങ്ങി.) കക്കും കരളും മാന്തിയെടുത്ത് ആദ്യം കാട്ടാളമൂപ്പനു കായ്ച്ച വെക്കും. പിടുക്ക് അരിഞ്ഞു മൂപ്പന്റെ കുട്ടികൾക്കു തിന്നാൻ കൊടുക്കും. പിന്നെ, കൈയും കാലും കൊറും നെഞ്ചും കണ്ണും മൂക്കും ഒക്കെ കൊത്തിനുറുക്കി ചവച്ചങ്ങനെ തിന്നും." (ചാത്തപ്പൻ വെറ്റിലടയ്ക്ക വായിലിട്ടു ചവച്ചുകൊണ്ടു പറഞ്ഞവസാനിപ്പിച്ചു.)

അന്നു രാത്രി ശ്രീധരൻ ഉറക്കത്തിൽ രണ്ടുമൂന്നുപ്രാവശ്യം പേടിച്ചു നിലവിളിച്ചു:

കാട്ടാളക്കുണ്ടന്മാർ പിട്ടുക്ക് അരിയാൻ വരുന്നു.

കുഞ്ഞപ്പു പതിവായി ചായപ്പാട്ടയും ബ്രഷും കൈയിലെടുത്തു ജോലിക്കു പോകുന്നുണ്ട്. ഇടയ്ക്കിടയ്ക്കു വീട്ടിലേക്കു നല്ല വലിയ മത്സ്യങ്ങൾ വാങ്ങിക്കൊണ്ടുവരും. ശ്രീധരന് ലോസഞ്ചർമിഠായിയും.

ശ്രീധരന്റെ സ്കൂൾ തുറന്നു. പരീക്ഷയിൽ എല്ലാവരും പാസ്സായിരിക്കുന്നു. ഉറക്കംതൂങ്ങി അയ്യപ്പനടക്കം നാലുപേരും.

എന്നാൽ, പുതിയ ക്ലാസ്സിൽ ചെന്നിരുന്നപ്പോൾ ശ്രീധരന് എന്തോ ഒരു അസ്വസ്ഥത—മനസ്സിന് ഒരു വാട്ടം. ക്ലാസ്സിൽ കാർത്ത്യായനി ഇല്ല —അവളുടെ അച്ഛൻ സബ്രജിസ്ട്രാർക്ക് സ്ഥലംമാറ്റം കിട്ടി — അവരെല്ലാവരും വടക്ക് എങ്ങോട്ടോ പോയി.

പുതിയൊരു കുട്ടി ക്ലാസ്സിൽ വന്നുചേർന്നിട്ടുണ്ട്: ഭാസ്കരൻ —കമ്പോണ്ടറുടെ മകനാണത്രേ. പച്ചബേ്ലസറിന്റെ കോട്ടും, കഴുത്തിലൊരു പട്ടു മഫ്ളറും ധരിച്ച വെളുത്ത ഒരു സുന്ദരക്കുട്ടൻ. വലിയ പത്രാസുകാരൻ.

ശ്രീധരൻ പച്ച ബേ്ലസർകോട്ട് ആദ്യമായിട്ടാണു കാണുന്നത്. കൗതുകത്തോടെ തുറിച്ചുനോക്കി.

"എന്തടാ, നത്തിനെപ്പോലെ നോക്കുന്നു?" പത്രാസുകാരൻ ഭാസ്കരൻ, വലിയ ഗമയോടെ പുച്ഛരസത്തിൽ ചോദിച്ചു.

ശ്രീധരൻ അമുങ്ങിപ്പോയി.

ശ്രീധരന്റെ വേഷം ഭാസ്കരനു പിടിച്ചില്ലെന്നു തോന്നുന്നു.

(കാക്കിനിറത്തിലുള്ളൊരു മുറിയൻകാലുറയും. ഒരു കാക്കിക്കോട്ടും —അതാണ് ശ്രീധരന്റെ നിത്യവേഷം.)

ആ കുളൂസ്കാരനോട് എന്തെങ്കിലും പകരം പറയണമെന്നുണ്ടായിരുന്നു, ശ്രീധരന്. ഉടനെ ഒന്നും തോന്നിയില്ല. എപ്പോഴും അങ്ങനെയാണ്: തക്കസമയത്ത് ഒന്നും തോന്നുകയില്ല — 'പച്ചത്തുള്ളനാണെന്നു വിചാരിച്ചു നോക്കിപ്പോയതാണ്, ഇഷ്ടാ!' എന്നു പറയാമായിരുന്നു.

ദേഷ്യം ഉള്ളിൽ പുകയുന്നു. ആ പച്ചത്തുള്ളൻ തന്നെ നത്ത് എന്നു വിളിച്ചില്ലേ? പക വീട്ടാനുള്ള ആലോചനയായി. ശരി, കേളുക്കുട്ടിയെ ഒന്നു പറഞ്ഞു മൂപ്പിച്ചാൽ മതി, പച്ചത്തുള്ളനെ അവൻ ശരിപ്പെടുത്തിക്കൊള്ളും. അവന്റെ പച്ചബേ്ലസർകോട്ടിന്റെ പിരടിക്ക് ഒന്നു ചാർത്തിക്കൊടുക്കാനും കേളുക്കുട്ടി മടിക്കയില്ല. കേളുക്കുട്ടിയുടെ അച്ഛൻ 'ഏട്ൺഷേബ്ലാ'ണ്.

ക്ലാസ്സിൽ കുട്ടികളെ വെള്ളം കുടിക്കാൻ വിട്ടപ്പോൾ ശ്രീധരൻ കേളുക്കുട്ടിയെ നോക്കി സ്കൂൾപറമ്പിന്റെ മൂലയിലേക്കു നടന്നു. കേളുക്കുട്ടി ഒരു മാവും മറഞ്ഞുനിന്നു ബീഡിവലിച്ച് ആകാശത്തിലേക്കു പുക വിടുന്നു.

ശ്രീധരനെ കണ്ടപ്പോൾ കേളുക്കുട്ടി തിരിഞ്ഞുനിന്ന് ഒരു ചോദ്യം: "നെന്റെ ഓന്ത് പോയലേ്ലാ ശ്രീതരാ!" എന്നിട്ട് ഒരു കോമാളിച്ചിരിയും.

ശ്രീധരന് ആ ചോദ്യവും ചിരിയും ഒട്ടും രസിച്ചില്ല. കാർത്ത്യായനിയെപ്പറ്റിയാണ് കേളുക്കുട്ടി ഓന്ത് എന്നു പറഞ്ഞത്.

നിത്യവും ഓരോ നിറത്തിലുള്ള പാവാട ചുറ്റിക്കൊണ്ടാണ് കാർത്ത്യായനി ക്ലാസ്സിൽ വരാറുണ്ടായിരുന്നത്. ആ നിറമാറ്റത്തെ കളിയാക്കിക്കൊണ്ട് കേളുക്കുട്ടി അവൾക്ക് ഓന്ത് എന്നൊരു പേരു കൊടുത്തിരുന്നു. കുളൂസ് ഭാസ്കരൻ തന്നെ നത്ത് എന്നു വിളിച്ചപ്പോഴുണ്ടായതിനേക്കാൾ ഈറയും സങ്കടവും തോന്നി, കേളുക്കുട്ടി, കാർത്ത്യായനിയെപ്പറ്റി 'നിന്റെ ഓന്ത്' എന്നു പറഞ്ഞുകേട്ടപ്പോൾ.

"നീ അവ്ടെ നിക്ക്. നീ ബീഡിവലിച്ചതു ഞാൻ മാഷ്ടരോടു ചെന്നു പറയട്ടെ?" ശ്രീധരൻ പെട്ടെന്നു കേളുക്കുട്ടിയെ നോക്കി ഭീഷണിമുഴക്കി.

"നീ മാഷ്ടരോടു പറയെ്വടാ മഞ്ഞത്തവളേ?" കേളുക്കുട്ടി കണ്ണുമിഴിച്ചുകൊണ്ട് ശ്രീധരന്റെ നേർക്കു വന്നു. ശ്രീധരൻ പിൻവാങ്ങി ക്ളാസ്സിലേക്കു പാഞ്ഞു.

"പേടിത്തൂറി!" കേളുക്കുട്ടി പിന്നിൽനിന്നു വിളിച്ചുകൂവി.

ശ്രീധരൻ ക്ളാസ്സിൽവന്നു വിഷാദത്തോടെ ഇരുന്നു. നത്തിനു പുറമേ മഞ്ഞത്തവള, പേടിത്തൂറി എന്നീ വിളികളും കേൾക്കേണ്ടിവന്നു. ഇനി ആരോടും മിണ്ടുകയില്ല.

ക്ളാസ്സിൽ മാഷ്ടർ ഇല്ല. ബഞ്ചിന്റെ മൂലയിലിരിക്കുന്ന ഉറക്കംതൂങ്ങി അയ്യപ്പന്റെ അരികിലേക്കു നീങ്ങി. അയ്യപ്പനും മിണ്ടുന്നില്ല. അവൻ മുഖം കുനിച്ചിരിക്കയാണ്. ഒന്നു കുനിഞ്ഞുനോക്കി. അയ്യപ്പന്റെ വീർത്തു മഞ്ഞച്ച കവിൾ ഇളകുന്നു. അവൻ എന്തോ വായിലിട്ടു ചവയ്ക്കുന്നുണ്ട്. ബഞ്ചിൽ വീണുകിടക്കുന്ന രണ്ടുമൂന്ന് അരിമണികൾ—മനസ്സിലായി. അയ്യപ്പൻ പുരയിൽനിന്ന് അരി കട്ടു കീശയിലിട്ടു ക്ളാസ്സിൽ കൊണ്ടുവന്നു രഹസ്യമായി തിന്നുകയാണ്—പിത്തംപിടിച്ച കുട്ടികൾക്ക് അരി തിന്നാൻ വലിയ ആക്രയാണെന്ന് അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്.

വൈകുന്നേരം വീട്ടിലെത്തിയാലും കളിക്കാൻ കൂട്ടുകാരില്ല. ചാത്തുണ്ണിയെ ചുരുക്കമായേ കണ്ടുകിട്ടാറുള്ളൂ. അവൻ പണിയെടുക്കാൻ പോകുന്നുണ്ടത്രെ. പുഴക്കരയിലെ മരപ്പാണ്ടികശാലകളിൽനിന്ന് ഈർച്ചപ്പൊടി വാരി കൊട്ടയിലാക്കി കൊണ്ടുനടന്നു വിൽക്കുക—അതാണിപ്പോൾ ചാത്തുണ്ണിയുടെ പണി. ചാത്തുണ്ണിയുടെ അച്ഛൻ പെരിക്കാലൻ അയ്യപ്പൻ വാതപ്പനി പിടിച്ചു കിടക്കുകയാണ്. ചാത്തുണ്ണിയുടെ അമ്മ ചിരുത കടപ്പുറത്തെ ചൂടിക്കമ്പനിയിൽ പണിയെടുക്കാൻ പടിഞ്ഞാറെത്തോട്ടു പറമ്പിലെ അമ്മാളുവിന്റെകൂടെ പോയിത്തുടങ്ങിയിരിക്കുന്നു. അമ്മാളു ചീത്തപ്പെണ്ണാണെന്ന് എല്ലാവരും പറയുന്നു. അമ്മാളുവിന് നന്നേ വെളുത്തു ചെമ്പൻതലമുടിയും നീലക്കണ്ണുകളുമുള്ള ഒരു പെൺകുട്ടിയുണ്ട്— അതു ചൂടിക്കമ്പനിയിലെ വെള്ളക്കാരൻ സായ്പിന്റെ കുട്ടിയാണെന്ന് ചാത്തുണ്ണി പറഞ്ഞു.

ചിലപ്പോൾ രാത്രിയിൽ നല്ല രസമായിരിക്കും: ചന്തുമൂപ്പന്റെ പുരാണകഥകൾ കേട്ടുകൊണ്ടിരിക്കാം.

കന്നിപ്പറമ്പിന്റെ അയൽപക്കത്താണ് ചന്തുമൂപ്പന്റെ പുര.

ചന്തുമൂപ്പന്റെ അച്ഛൻ രാമൻ, ഒരു കിഴവൻ കുഷ്ഠരോഗിയാണ്. കീറിപ്പൊളിഞ്ഞൊരു പഴയ കരിമ്പടവും പുതച്ചുമൂടി, പുരമുറ്റത്ത് ഒരു പേ്രതത്തെപ്പോലെ കുത്തിയിരിക്കും; അയാളുടെ അരികെക്കൂടി പോയാൽ വല്ലാത്തൊരു ചൂരാണ്; മീൻമാർക്കറ്റിലെ ഓത്തിയുടെ നാറ്റം.

രാമന്റെ മൂത്തമകനാണ് ചന്തു—വളരെക്കാലം ഈർച്ചപ്പണിയെടുത്തു. പിന്നെ അതേ മരപ്പാണ്ടികശാലയിൽ ഈർച്ചയളവു കണക്കപ്പിള്ളയായി കയറ്റംകിട്ടിയ

ഒരമ്പത്തഞ്ചുകാരനാണ്. ഈർച്ചക്കാരുടെ തലവനായിരുന്നതുകൊണ്ട് ഈരായികളും മുതലാളിയും അയാളെ ഇപ്പോഴും ചന്തുമൂപ്പൻ എന്നാണു വിളിക്കുന്നത്.

വെളുത്തു കിളരംകൂടിയ ദേഹം. കാലുകൾക്കു ക്രമാതീതമായ നീളമുണ്ടെന്നു തോന്നും. മെലിഞ്ഞു കവിളെല്ലുകൾ മുഴച്ചുനില്ക്കുന്ന നീണ്ട കൂർത്ത മുഖം. ഒരുക്കൻ മൂക്കും (അതിന്മേൽ ഒരു പന്നാസൻകണ്ണടയും). തെല്ലൊന്നു മുമ്പോട്ടു തള്ളിനില്ക്കുന്ന വെളുത്തു നീണ്ട പല്ലുകൾ കൂടെക്കൂടെ ഇളിച്ചുകാട്ടിയും ഉടൻതന്നെ ചുണ്ടുകൾ നീട്ടി മൂടാൻ ശ്രമിച്ചും അങ്ങനെ തനിയെ കോക്രികാട്ടിക്കൊണ്ടാണ് ചന്തുമൂപ്പന്റെ നടത്തം.

ചന്തുമൂപ്പൻ തികഞ്ഞ—അല്ല, കവിഞ്ഞ—ഈശ്വരഭക്തനാണ്. മത്സ്യ മാംസങ്ങൾ തൊട്ടുകപോലുമില്ല. ദിവസവും മൂന്നുനേരം കുളിയുണ്ട്. പാതിരാ കഴിയുന്നതുവരെ പുരാണപാരായണം, ജപം, ധ്യാനം മുതലായ പരിപാടികളാണ്. അവയെല്ലാം യഥാവിധി നിർവ്വഹിച്ച് ഒരുമണിക്ക് അത്താഴം കഴിച്ച് ഉറങ്ങാൻ കിടക്കും. ബ്രാഹ്മമുഹൂർത്തത്തിലെഴുന്നേല്ക്കും. വീണ്ടും ജപം, ധ്യാനം—ഒരു പൂജയും. എട്ടുമണിക്കു കുളിച്ചു സൂര്യനെ നോക്കി ജപിച്ചു ഭസ്മംതൊട്ട്, കഞ്ഞികുടിച്ചു പാണ്ടികശാലയിലേക്കു പുറപ്പെടും. കണങ്കാൽപ്പകുതിവരെ എത്തുന്ന മുണ്ടും നീണ്ട വരയൻഷർട്ടുമാണു വേഷം—കൈത്തണ്ടയിൽ തൂക്കിയിട്ടൊരു ശീലക്കുടയും. പാണ്ടികശാലയിൽ നിന്ന് ഉച്ചയ്ക്ക് ഉണ്ണാൻ പുരയിലെത്തും. അപ്പോഴുമുണ്ട് ഒരു കുളി; ധൃതിയോടെ ഒരു കാക്കക്കുളി.

ചന്തുമൂപ്പൻ സന്ധ്യകഴിഞ്ഞു പുരയിലെത്തിയാൽ ഉടൻ കുളിക്കാനൊരുങ്ങി, ഒരു തോർത്തുമുണ്ടുടുത്തു മുറ്റത്തിറങ്ങും. കുളി മിക്കപ്പോഴും രണ്ടുമൂന്നു മണിക്കൂറു കഴിഞ്ഞേ നടക്കുകയുള്ളൂ. നേരെ കന്നിപ്പറമ്പിലേക്കു കടക്കും—കൃഷ്ണൻമാസ്റ്ററുമായി ഭക്തിവിഷയങ്ങളുൾക്കൊള്ളുന്ന പുരാണകഥകൾ ചർച്ചചെയ്യാൻ. (കൃഷ്ണൻമാസ്റ്ററും ചെറിയതോതിൽ ഒരു ഭക്തനാണ്—കുളിയും ജപവുമൊക്കെയുണ്ട്—പടംവെച്ചു പൂജയില്ലെന്നു മാത്രം.)

രാമായണം, ഭാരതം, ഭാഗവതം തുടങ്ങിയ പുരാണങ്ങളിലെ ചില രംഗങ്ങളും പാത്രങ്ങളും, മൂപ്പനും മാസ്റ്ററും പങ്കിട്ടു ചർച്ചചെയ്യും. കൃഷ്ണൻ മാസ്റ്റർക്കു പാണ്ഡിത്യമുണ്ട്. ചന്തുമൂപ്പനു രാമായണവും ഭാരതവും മുക്കാലും കാണാപ്പാഠമാണ്. നല്ല സ്വരമാധുര്യത്തോടെ ചൊല്ലുകയും ചെയ്യും. ചന്തുമൂപ്പന്റെ ഭക്തിയെപ്പറ്റി കുഞ്ഞപ്പുവിനു മഹാപുച്ഛമായിരുന്നു. "എപ്പോഴും കുളിച്ചു കീർത്തനംചൊല്ലിയാൽ മോക്ഷം കിട്ടുമെങ്കിൽ, മോക്ഷം കിട്ടേണ്ടതു തോട്ടിലെ തവളയ്ക്കാണ്. ഭസ്മം പൂശിയാൽ മോക്ഷം കിട്ടുമെങ്കിൽ അതു കിട്ടേണ്ടതു വെണ്ണീറ്റിൽ കിടക്കുന്ന നായ്ക്കാണ്." അങ്ങനെയായിരുന്നു കുഞ്ഞപ്പുവിന്റെ യുക്തിവാദം.

കൃഷ്ണൻമാസ്റ്ററുമായി ഭക്തിസംഭാഷണം നടത്താൻ തയ്യാറെടുത്തുകൊണ്ട് കന്നിപ്പറമ്പിലേക്കു വരുന്ന ചന്തുമൂപ്പന്റെ മെതിയടിശബ്ദം കേട്ടാൽ കുഞ്ഞപ്പു അടുക്കളയിൽനിന്നു റിമാർക്ക് പാസ്സാക്കും: "ഓ —ചാടിച്ചാടി വരുന്നുണ്ട് തവളസ്വാമി."

എന്നാൽ ചന്തുമൂപ്പന്റെ പുരാണകഥകളും സംഭവവർണ്ണനകളും ഉദ്ധരണങ്ങളും ശ്രീധരനെ വല്ലാതെ ആകർഷിച്ചു. അച്ഛനും ചന്തുമൂപ്പനും തമ്മിലുള്ള ചർച്ചകൾ ശ്രീധരൻ കൗതുകത്തോടെ ശ്രദ്ധിക്കും. അപ്പോൾ ഒരു പുതിയ ലോകം ഭാവനയിൽ അവതരിക്കും. 'നൈമിശാരണ്യത്തിലെ മാമുനി ശ്രേഷ്ഠന്മാരും' 'അംബഅംബിക

അംബാലിക’മാരും മറ്റും വിഹരിക്കുന്ന ഒരദ്ഭുതപ്രപഞ്ചം!

മാസ്റ്റർ—മൂപ്പൻസംവാദങ്ങളിൽ ശ്രീധരനു ഗ്രഹിക്കാൻ കഴിയാത്ത ചില ഘട്ടങ്ങളും പൊന്തിവരും:

“മധുരമൊഴി കാന്തയെച്ചിന്തിച്ചപ്പോൾ

നൃപവരനു ബീജസ്ഖലനമുണ്ടായി.”

ആദ്യഭാഗം ഏതാണ്ടു മനസ്സിലായി—രാജാവ് സുന്ദരിയായ ഭാര്യയെ ഓർത്തു. എന്നാൽ അതിനെത്തുടർന്ന് രാജാവിനു പിണഞ്ഞ അപകടമെന്താണെന്ന് എത്രതന്നെ ആലോചിച്ചിട്ടും പിടികിട്ടിയില്ല.

പിറ്റേന്നു സ്കൂളിലേക്കു പോകുമ്പോൾ ഇടവഴിയിൽവെച്ച് യദൃച്ഛയാ ചാത്തുണ്ണിയെ കണ്ടുമുട്ടി. അവൻ തലയിൽ ഈർച്ചപ്പൊടിക്കൊട്ടയും പേറി എതിരേ വരികയായിരുന്നു.

ചാത്തുണ്ണിയെ തടഞ്ഞുനിർത്തി, ധൃതിയിൽ കുശലപ്രശ്നം നടത്തി. പിന്നെ മെല്ലെ ആ മധുരമൊഴിപ്പാട്ടു പാടി അവനെ കേൾപ്പിച്ചു.

“എന്താ ഇഷ്ടാ, ഇതിന്റെ അർത്ഥം?”

കേട്ടപാട് ചാത്തുണ്ണി ചോദിച്ചു: “ഇതു ചന്തുമൂപ്പന്റെ രാമായണപ്പാട്ടല്ലേ?”

ചാത്തുണ്ണിക്കു പഠിപ്പില്ലെങ്കിലും ബുദ്ധിയുണ്ട്.

“നീയെങ്ങനെ മനസ്സിലാക്കി, ചങ്ങാതീ?”

“കേട്ടാലറിയാം—കീറാമുട്ട്യാണ്.”

കാര്യം വിഷമസ്ഥിതി.

“നെനക്ക് നെന്റെ അച്ഛനോടു ചോദിച്ചൂടേ?”

“ഇത് കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ പാടില്ലാത്ത എന്തോ കച്ചറയാണ് എന്നൊരു സംശയം.” ശ്രീധരൻ താഴെനോക്കി പറഞ്ഞു.

അതു കേട്ടപ്പോൾ ചാത്തുണ്ണിക്ക് ഉശിരുപിടിച്ചു: “നീ ഒന്നൂടിപ്പാട്.”

ശ്രീധരൻ മധുരമൊഴി വീണ്ടും പാടി—ആദ്യവരിയുടെ സാരവും പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു.

അതു കേട്ടപ്പോൾ ചാത്തുണ്ണി ഉഗ്രമായൊരു ചിരിചിരിച്ചു. തലയിലെ കൊട്ട കുലുങ്ങി. ഈർച്ചപ്പൊടി അവന്റെ മുഖത്തും കണ്ണിലും ചുമലിലും ചിതറിവീണു.

ചാത്തുണ്ണി ശ്രീധരനെ മതിലിനരികിലേക്കു വിളിച്ച് എല്ലാം പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അതു കേട്ടപ്പോൾ ശ്രീധരനു വല്ലാത്തൊരു നാണവും അറപ്പുമാണു തോന്നിയത്.

## 12. കിട്ടൻറൈറ്റർ

ഒരുദിവസം രാവിലെ ശ്രീധരൻ സ്കൂളിലേക്കു പുറപ്പെട്ടുനില്ക്കുമ്പോൾ കിട്ടൻറൈറ്റർ വീട്ടിലേക്കു വരുന്നതു കണ്ടു. ശ്രീധരന്റെ അച്ഛൻ അപ്പോൾ കുളികഴിഞ്ഞു കോലായിലേക്കു വരികയായിരുന്നു.

“ആങ്, ഇനി മാസ്റ്റർക്കു കുളിക്കേം ജപിക്കേം ഒന്നും വേണ്ടിവരില്ല —അവര് ‘കുളിപ്പിച്ചുകേറ്റി’ത്തരും...” കിട്ടൻറൈറ്റർ മുറ്റത്തുനിന്നു പറഞ്ഞു.

“എന്താ കിട്ടാ, നീ തമാശ പറയുന്നത്? ആരാണ് എന്നെ കുളിപ്പിക്കാൻ വരുന്നത്?” കൃഷ്ണൻമാസ്റ്റർ ഇറയിൽ തൂക്കിയിട്ട ഭസ്മപ്പാത്രത്തിലേക്കു കൈയുയർത്തി ഭസ്മം നുള്ളിക്കൊണ്ടു ചോദിച്ചു.

“തമാശേം കിമാശേം ഒന്ന്വല്ല—മാപ്പളമാരു കുളിപ്പിച്ചു കേറ്റിത്തരും — കേട്ടില്ലേ? ജഗള പൊട്ടീരിക്കുന്നു; മാപ്പളജഗള.” കിട്ടൻറൈറ്റർ കോലായിലെ കസേരയിൽ ഇരുന്നു ഗൗരവത്തോടെ പറഞ്ഞു.

“നേരോ?” കൃഷ്ണൻമാസ്റ്ററുടെ കൈ ഭസ്മപ്പാത്രത്തിൽത്തന്നെ.

“തൊടങ്ങീട്ട് മൂന്നുനാല്വദിവസമായി. പോലീസും പട്ടാളോം അങ്ങോട്ടു കുതിച്ചിട്ടുണ്ട്.” കിട്ടൻറൈറ്റർ ഒക്കത്തുനിന്ന് പൊടിഡെപ്പിയെടുത്തു തുറന്ന് ഉള്ളംകൈയിലേക്കു കുറച്ചു പൊടി തട്ടിയിട്ട് ഒരുനുള്ളു. മൂക്കിലേക്കു തള്ളി ധൃതിയിലൊരു വലി പാസ്സാക്കി മുഖമൊന്നു കുടഞ്ഞു: പോലീസും പട്ടാളോം പ്പം ആകാശം നോക്കി നില്ക്ക്വായിരിക്കും. പാലം പൊളിച്ചിട്ടിരിക്ക്യാണ്...”

ജഗള! പോലീസും പട്ടാളോം! പാലം പൊളിച്ചിട്ടിരിക്കുന്നു! എന്തോ ഗൗരവപ്പെട്ട കാര്യമാണെന്നു മാത്രമേ ശ്രീധരനു ഗ്രഹിക്കാൻ കഴിഞ്ഞുള്ളൂ.

കിട്ടൻറൈറ്റർ ജഗളക്കാരുടെ പരാക്രമങ്ങളെപ്പറ്റി പല കഥകളും പറഞ്ഞു തുടങ്ങി. കാഫ്റ്ങ്ങളെപ്പിടിച്ചു മതംമാറ്റുന്ന ആദ്യത്തെ ചടങ്ങാണത്രെ ‘കുളിപ്പിച്ചുകേറ്റൽ’— പിന്നെ മൂരിയിറച്ചി തീറ്റും. മൊട്ടയടിക്കും. മാർക്കംകഴിക്കും. തൊപ്പിയിടീക്കും. വിരോധംപറഞ്ഞാൽ കൊല്ലും. പെട്ടെന്നു കൊല്ലുകയില്ല: ആളെ ജീവനോടെ തോലുപൊളിച്ചു നിർത്തുന്നത് അവരുടെ ഒരു നേരമ്പോക്കാണത്രെ.

“നീ വേഗം സ്കൂളിലേക്കു പൊയ്ക്കോ”—കിട്ടൻറൈറ്ററുടെ വായിൽ നോക്കി നില്ക്കുന്ന ശ്രീധരനെ കൃഷ്ണൻമാസ്റ്റർ ശാസിച്ചു.

കുട്ടികൾക്കു കേൾക്കാൻ പാടില്ലാത്ത എന്തോ കാര്യമായിരിക്കുമെന്നു മനസ്സിൽ കരുതി ശ്രീധരൻ പുസ്തകക്കെട്ടുമെടുത്തു നടന്നു.

പടികടന്നു കുറച്ചു കഴിഞ്ഞപ്പോൾ, ഇടവഴിയിലിരിക്കുന്നു തുപ്രൻ. കിട്ടൻറൈറ്ററുടെ കാര്യസ്ഥൻ തുപ്രൻ. അമ്പലത്തിലെ കരിങ്കൽബിംബംപോലെയുള്ള തുപ്രൻ.

“കുട്ട്യേ—ഷ്കോളിപ്പോണ്ട ജഗളക്കാരു പിടിച്ചോണ്ടുപോവും.”

അതു തുപ്രന്റെ വക.

നാട്ടിലെന്തൊക്കെയോ ഗുലുമാലുകൾ നടക്കുന്നുണ്ട്. ശ്രീധരൻ തെല്ലൊരു

പേടിയോടെ ധൃതിപ്പെട്ടു നടന്നു.

കിട്ടൻറൈറ്ററും കൃഷ്ണൻമാസ്റ്ററും കോലായിൽനിന്നു ഗൗരവത്തോടെ സംഭാഷണങ്ങൾ തുടർന്നുകൊണ്ടിരുന്നു.

തുമ്പപ്പൂപോലെ വെണ്മയുള്ള മൽമുണ്ടും, തേച്ചുമിനുക്കിയ സിൽക്ക് ഷർട്ടും ധരിച്ചു നടക്കുന്ന സുമുഖനായൊരു യുവാവാണ് കിട്ടൻറൈറ്റർ —റൈറ്റർ എന്നത് പേരിനോട് ഏച്ചുകൂട്ടിയ ഒരു ഭംഗിവാക്കു മാത്രമാണ് —റൈറ്റർജോലിയോ—മറ്റെന്തെങ്കിലും ജോലിയോ —ഉപജീവനത്തിനുവേണ്ടി ഈ വിദ്വാൻ ഇതേവരെ ചെയ്തിട്ടില്ല. സാമാന്യം ഭേദപ്പെട്ടൊരു കുടുംബത്തിലെ അംഗമാണ്—ജ്യേഷ്ഠൻ ഒരു മരക്കമ്പനിമാനേജരാണ്. കിട്ടൻറൈറ്റർ തന്റെ ഉലയാത്ത സിൽക്ക് ഷർട്ടും (അതിൽ, അമേരിക്കൻ സ്വർണ്ണം പൂശിയ 'ക്രെമെൻസ് പേ്ലറ്റ്' ബട്ടണും, കഫ്ലിങ്ക്സും മിന്നിക്കൊണ്ടിരിക്കും.) ക്ളീൻ ഷേവ് ചെയ്ത മുഖത്തെ മയക്കുപുഞ്ചിരിയും പ്രദർശിപ്പിച്ചുകൊണ്ട് സദാ ഒരു സൊള്ളൽവിദഗ്ദ്ധനായങ്ങനെ സർക്കീറ്റടിക്കും. ഭേദപ്പെട്ട വീടുകളിൽ മാത്രമേ മൂപ്പർ വിളയാടുകയുള്ളൂ. രാവിലത്തെ ചായയുടെ നേരംനോക്കി ചെന്നുകേറും. സരസസംഭാഷണങ്ങൾകൊണ്ട് ആതിഥേയനെ ഇരുത്തിക്കളയും. മദ്ധ്യാഹ്നഭക്ഷണത്തിന്റെ നേരം നോക്കി ഇറങ്ങാൻ ഭാവിക്കും. 'ഇരിക്കു കിട്ടൻറൈറ്ററെ, ഊണു കഴിച്ചിട്ടു പോകാം.' ആതിഥേയന്റെ ക്ഷണം. 'ഒര് സ്ഥലത്തു ചെല്ലാമെന്നു പറഞ്ഞിരുന്നു.—ശരി അതു പിന്നെയാവാം.' എന്നു. ഞൊടിഞ്ഞുകൊണ്ട് അവിടെത്തന്നെ ഇരിക്കും. പിന്നെ ഊണു കഴിഞ്ഞ് ഒന്നു വിശ്രമിച്ചിട്ടേ സ്ഥലം വിടുകയുള്ളൂ. എന്നാൽ യാതൊരാൾക്കും തോന്നുകയില്ല ഈ മനുഷ്യൻ തെണ്ടിത്തിന്നു നടക്കുന്ന ഒരു വിരുതനാണെന്ന്—പെരുമാറ്റവും സംഭാഷണവും അത്ര മാന്യമായിട്ടാണ്.

തങ്ങൾക്കു വേണ്ടപ്പെട്ട ഒരു മാന്യനാണ് കിട്ടൻറൈറ്റർ എന്ന അഭിപ്രായം നാട്ടുകാരിൽ വളർത്താനും ഇയാൾക്കു കഴിഞ്ഞിട്ടുണ്ട്. മരണംവീണ വീട്ടിൽ അറിഞ്ഞുകേട്ട് ആദ്യമായി കേറിച്ചെല്ലുന്ന അന്യൻ കിട്ടൻറൈറ്ററായിരിക്കും. കല്യാണവീടുകളിൽ തലേന്നാൾ രാത്രിതന്നെ എത്തിച്ചേരും; മുണ്ടു മാടിക്കെട്ടി, തലയിലൊരു തോർത്തുമുണ്ടും ചുറ്റി പന്തലിടാനും ചമയിക്കാനുമൊക്കെ സഹായിക്കും. സദ്യയ്ക്കു വിളമ്പക്കാരനായി അരയിലൊരു മുണ്ടുംകെട്ടി, മുന്നിട്ടിറങ്ങും. അങ്ങിനെ ദേശത്തെ അടിയന്തിരങ്ങളിൽ ആദ്യവസാനക്കാരനായിരുന്നു കിട്ടൻറൈറ്റർ.

ദേശത്തിലും അയൽപക്കങ്ങളിലും നടക്കുന്ന വിശേഷസംഭവങ്ങളെപ്പറ്റിയുള്ള വാർത്തകൾ പ്രചരിച്ചിരുന്നത് പ്രധാനമായും കിട്ടൻറൈറ്ററുടെ വായിലൂടെയായിരുന്നു. എല്ലാ സ്ഥലത്തും എത്തും. എല്ലാം മണത്തറിയും. ഏതു വിഷയത്തെപ്പറ്റിയും മുഖപ്രസംഗമടിക്കും. തെല്ലൊന്നു പതിഞ്ഞ സ്വരത്തിൽ, സ്പഷ്ടമായി, ഇടയ്ക്കിടെ ചില ഫലിതങ്ങളുടെ മേമ്പൊടിയും ചേർത്തു തനിയേ പുഞ്ചിരിച്ചുകൊണ്ടായിരിക്കും സംഭാഷണം.

"കോരുപ്പണിക്കർ കുരുവീക്കത്തിന്" (കുടൽവൃദ്ധി) ഓപ്പറേഷൻകഴിച്ച് ആസ്പത്രിയിൽ കിടക്കുകയാണ്, ഇന്നലെ ഞാനൊന്നു പോയി കണ്ടു. മിഷ്യൻ ഷാപ്പിലെ നോർമ്മൻ സായ്പിന്റെ പുകയിലപ്പൈപ്പിന്റെയത്രയുണ്ട്—" ഇതാണു സാമ്പിൾ.

കിട്ടൻറൈറ്റർ ബീഡി സിഗരറ്റ് ചുരുട്ടുകളൊന്നും പെരുമാറുകയില്ല. മദ്യ വിരോധിയുമാണ്. എന്നാൽ പൊടിവലിക്കും. കിട്ടൻറൈറ്ററുടെ പൊടി ഡബ്ബി ഒരു

കാഴ്ചവസ്തുവാണ്. എന്തോ ഒരു കാട്ടുകായ തുളച്ചുമിനുക്കിയുണ്ടാക്കിയ അണ്ഡാകൃതിയിലുള്ള ഒരു ചെറിയ ഡബ്ബി, പൊടി നിറച്ച് അരയിൽ തിരുകിവയ്ക്കും.

കിട്ടൻറൈറ്ററുടെ പിന്നാലെ പലപ്പോഴും നീങ്ങിക്കാണാറുള്ളൊരു മനുഷ്യരൂപമാണ്, തുപ്രൻ— ആശ്രിതൻ, സേവകൻ, ശിഷ്യൻ, കാര്യസ്ഥൻ, അംഗരക്ഷകൻ—എങ്ങനെ വേണമെങ്കിലും വിളിക്കാം. 'കിട്ടൻറൈറ്ററുടെ വട്ടിപ്പലം' എന്നാണു തുപ്രനെപ്പറ്റി കുഞ്ഞപ്പു പറയുക—ഉരലുപോലുള്ള ശരീരം; കൊട്ടത്തേങ്ങപോലുള്ള മുഖം, അതാണു തുപ്രൻ. കരിങ്കല്ലിൽ കടഞ്ഞെടുത്തപോലുള്ള ആ ശരീരം ആരുമൊന്നു നോക്കിപ്പോവും.

കിളപ്പണിക്കാരനാണു തുപ്രൻ, പറമ്പു കിളയ്ക്കുക, മതിലും വേലിയും കെട്ടുക എന്നിവയാണ് പരിചയിച്ച തൊഴിലുകൾ. പണിയൊന്നും തരപ്പെടാത്ത ദിവസങ്ങളിൽ കിട്ടൻറൈറ്ററുടെ പിന്നാലെ നടക്കും. എന്നാൽ, മാന്യഗൃഹങ്ങളിൽ സന്ദർശനം നടത്തുമ്പോൾ റൈറ്റർ തുപ്രനെ കൂട്ടുകയില്ല —ഒരു വിളിപ്പാടകലെ എവിടെയെങ്കിലും നിർത്തും. 'ലേട്ടറ് മൊതലാളി' മടങ്ങി വരുന്നതും കാത്ത് തുപ്രൻ മണിക്കൂറുകളോളം, ബിംബം പ്രതിഷ്ഠിച്ചപോലെ അവിടെ ഇരുന്നുകൊള്ളും.

കിട്ടൻറൈറ്റർ തുപ്രനെ കണ്ടുപിടിച്ചത് എടുത്തു പറയേണ്ടൊരു സംഭവമാണ്:

ഒരു ദിവസം രാവിലെ കിട്ടൻറൈറ്റർ സർക്കീറ്റിനിറങ്ങിയിരിക്കയായിരുന്നു. റെയിൽപ്പാതയ്ക്കരികിലൂടെ അങ്ങനെ നടക്കുമ്പോൾ കൺട്രാക്ടർ ഉണ്ണീരിയുടെ പടിപ്പുരയ്ക്കു മുമ്പിലെത്തി. അന്നത്തെ ചായ കൺട്രാക്ടരുടെ വീട്ടിൽനിന്നായ്ക്കളയാമെന്നു നിശ്ചയിച്ച്, പടിപ്പുര കടന്നു വീടിന്റെ കോലായിൽ കയറി ഒന്നു ചുമച്ച് ഒച്ചയനക്കി. ഉണ്ണീരിയുടെ ഭാര്യ വാതിൽക്കൽ വന്നു നിന്നു പറഞ്ഞു: "ഇവിടെയില്ല പുലർച്ചയ്ക്ക് എങ്ങോട്ടോ പോയതാണ്.

അവിടെ വേറെ ആണുങ്ങളില്ല. കിട്ടൻറൈറ്റർക്കു നിരാശയോടെ തിരിഞ്ഞുനടക്കേണ്ടിവന്നു.

പടിപ്പുരയിൽ വന്നു നിന്നു. അരയിൽനിന്നു ഡബ്ബിയെടുത്ത് ഒരുനുള്ളു പൊടിവലിച്ചു മൂക്കൊന്നു തട്ടി ആലോചനയായി: ഇരതേടിപ്പോകാനുള്ള വീടുകളെപ്പറ്റി.......

അപ്പോൾ കൈക്കോട്ടും ചുമലിൽ വെച്ച് ഒരു കറുത്ത കോമളരൂപം റെയിൽപ്പാതയിലൂടെ നീങ്ങിവരുന്നതു കണ്ടു. വിരിഞ്ഞ മാറിടം. ചുമലിലും, ഭുജങ്ങളിലും കൊഴുത്തുരുണ്ടു കട്ടികൂടിയ മാംസപേശികൾ — ഒരു തോർത്തുമുണ്ടു മാത്രം ധരിച്ച മുക്കാലും നഗ്നമായ ആ മനുഷ്യദേഹത്തെ റൈറ്റർ മിഴിച്ചുനോക്കി.

അയാൾ കടന്നുപോയപ്പോൾ കിട്ടൻറൈറ്റർക്ക് ഒരു കുസൃതി തോന്നി. ഇവനെക്കൊണ്ട് എന്തെങ്കിലും പണിയെടുപ്പിക്കാതെ വിടുന്നതു പാപമായിരിക്കും.

കൈകൊട്ടി വിളിച്ചു. കൈക്കോട്ടുകാരൻ തിരിഞ്ഞുനോക്കി. അടുത്തു വരാൻ ആംഗ്യംകാട്ടി.

അടുത്തുവന്നപ്പോൾ അടിമുതൽ മുടിവരെ ഒന്നുകൂടി നോക്കി. സർക്കസ്സിൽ നെഞ്ഞത്ത് ആനയെക്കേറ്റുന്ന സേൻഡോവിനെപ്പോലുള്ള ഒരു പഹയൻ!

സംഭാഷണത്തിൽനിന്നു മനസ്സിലായി, തെക്കുനിന്നു പണിയന്വേഷിച്ചു പട്ടണത്തിലെത്തിയതാണെന്നും, ഇപ്രദേശത്തെപ്പറ്റി ഒന്നും അറിഞ്ഞുകൂടാത്ത ഒരു പൊണ്ണനാണെന്നും — പേര്, തുപ്രൻ.

"എടോ, നിനക്കിന്നെവിടെങ്കിലും പണീണ്ടോ? റൈറ്ററുടെ ചോദ്യം.

“ഇല്ല മൊതലാളീ, പണീംനോക്കി പോവ്വാ,” തുപ്രന്റെ താഴ്മയോടു കൂടിയ മറുപടി.

“ങ്ഹാ!—എന്നാൽ എനിക്കിന്നൊരു കിളപ്പണിക്കാരനെ വേണം.”

തുപ്രൻ തയ്യാർ.

“എന്താ നിന്റെ കൂലി?”

“പത്തണ.”

“പത്തണയോ? അതു കുറച്ചു ജാസ്തിയാണ്—എട്ടണ—അല്ലെങ്കിൽ വേണ്ട—നീ പണിയെടുക്കുന്നതും നോക്കിയിരിക്കാൻ എനിക്കു നേരമില്ല —നീ പണി കരാറെടുത്തോ —”

തുപ്രൻ തയ്യാർ.

“ആ സ്ഥലാ മുഴുവനും കിളച്ചു തെളിയിക്കണം.”

കിട്ടൻറൈറ്റർ ചൂണ്ടിക്കാട്ടി: ‘റെയിലിനടുത്തുനിന്ന്, അതാ, ഇടതു ഭാഗത്ത് ആ കാണുന്ന പാലമരംവരെ—വലതുഭാഗത്ത് ആ പൂളമരംവരെ — പറ, എന്തു വേണം?’

തുപ്രൻ മനസ്സുകൊണ്ടളന്നു: രണ്ടു വലിയ പറമ്പിന്റെ വിസ്താരമുണ്ട്.

“മൂന്നുറുപ്യ കിട്ടണം മുതലാളീ.”

“മൂന്നുറുപ്പികയൊന്നുംകിട്ടൂല. രണ്ടുറുപ്പിക”— റൈറ്റർ രണ്ടുവിരൽ പൊക്കിക്കാട്ടി. തുപ്രൻ പിശകിനൊന്നും നിന്നില്ല. പണികിട്ടാത്ത കാലമാണ്. സമ്മതിച്ചു.

“ എന്നാൽ തൊടങ്ങിക്കോ—അദ്ധ്വാനിച്ചു പണി വേഗം തീർക്കുന്നതു നിന്റെ സാമർത്ഥ്യം.”

തുപ്രൻ തലയാട്ടി.

“പണി തീർത്താൽ (കിട്ടൻറൈറ്റർ, കൺട്രാക്കുരുടെ വീടു ചൂണ്ടിക്കാട്ടി) ഇവിടെ വന്നു പൈസ വാങ്ങിക്കോ—എനിക്ക് അർജന്റായി ഇപ്പോൾ ഒരു സ്ഥലത്തു പോകാനുണ്ട്.”

അതും പറഞ്ഞു കിട്ടൻറൈറ്റർ പടിപ്പുരയിറങ്ങി, ഗമയിൽ ഒരു നടത്തം പാസ്സാക്കി.

തുപ്രൻ ഉള്ളംകൈയിലൊന്നു തുപ്പിത്തുടച്ച് കൈക്കോട്ടെടുത്തു കിള തുടങ്ങി. റെയിലിനടുത്തുനിന്നുതന്നെ ആരംഭിച്ചു.

അപ്പയും തുമ്പയും തൊട്ടാവാടിയും വളർന്നുമൂടിക്കിടക്കുന്ന പരുക്കൻ നിലത്ത് തുപ്രന്റെ കൈയും കൈക്കോട്ടും നെഞ്ചും സമരം തുടർന്നു—അന്തിമയങ്ങുന്നതിനുമുമ്പ് ഇടത് പാലവരെയും വലത് പൂളവരെയുമുള്ള സ്ഥലം മുഴുവനും അവൻ കിളച്ചു തെളിച്ചു.

പൈസ വാങ്ങാൻ പടിപ്പുരകേറിച്ചെന്നു.

കൺട്രാക്കുർ ഉണ്ണീരി കോലായിലെ ഒരു ബഞ്ചിൽ കമിഴ്ന്നുകിടന്ന് എന്തോ ഒരു പ്ലാൻ പരിശോധിക്കുകയായിരുന്നു.

കുട്ടിച്ചാത്തനെപ്പോലെ ഒരുത്തൻ കൈക്കോട്ടുമായി മുറ്റത്തു വന്നു നിൽക്കുന്നതു കണ്ട് ഉണ്ണീരി ചോദിച്ചു: “എന്താ?”

“പണിയൊക്കെ തീർത്തു, മൊതലാളീ—ഇടത്ത് പാലവരെ—വലത്ത് പൂളവരെ.”

ഉണ്ണീരിക്ക് ഒന്നും മനസ്സിലായില്ല.

“ഒന്നു ചെന്നു നോക്കുന്നോ?” തുപ്രന്റെ ചോദ്യം.

ഉണ്ണീരി തുപ്രനെ ഒന്നു തുറിച്ചു നോക്കി.

“രണ്ടുറുപ്യയ്ക്കു കുടുങ്ങിപ്പോയതാണ മൊതലാളീ—കണ്ടറിഞ്ഞ് എന്തെങ്കിലും കുട്ടിത്തരണം.” ഒരഭ്യർത്ഥനയും.

“ആരാ നിന്നെ പണിക്കേൽപ്പിച്ചത്? ഉണ്ണീരി വിചാരണ തുടങ്ങി.

“ചെറ്യമൊതലാളീ...”

“ചെറിയ മൊതലാളീയോ?”

“ആങ്—ചെറ്യമൊതലാളി—പട്ടുകുപ്പായം ട്ട വെളുത്ത മൊതലാളി—രാവിലെ പോകുമ്പോൾ ഏൽപ്പിച്ചതാണ്.”

ഉണ്ണീരി പിന്നെയും ആലോചിച്ചു—കിട്ടൻറൈറ്റർ പറ്റിച്ച പണിയായിരിക്കണം.

ഭാര്യയെ വിളിച്ചു ചോദിച്ചു: ‘കിട്ടൻറൈറ്റർ ഇന്നിവിടെ വന്നിരുന്നോ?’

രാവിലെ വന്നിരുന്നു. നിങ്ങളിവിടെ ഇല്ലെന്നു കേട്ടപ്പോൾ വേഗം പോയി.” അകത്തുനിന്നു മറുപടി.

സംശയം തീർന്നപ്പോൾ ഉണ്ണീരി പൊട്ടിച്ചിരിച്ചു.

തുപ്രൻ തല ചൊറിഞ്ഞു നിൽക്കുകയാണ്.

“എടോ, ഇവിടെ ഞാനല്ലാതെ വേറെ ചെറിയമൊതലാളിയും വലിയ മൊതലാളിയും ആരും ഇല്ല. നിന്നെ ആരോ പറഞ്ഞുപറ്റിച്ചതാണ്. നീ കിളച്ച സ്ഥലമൊക്കെ റെയിൽവേ പുറമ്പോക്കുനിലമാണ്. കൂലി കിട്ടുമെങ്കിൽ സ്റ്റേഷൻമാസ്റ്ററോടു ചോദിച്ചു വാങ്ങിക്കോ. അവിടെച്ചെന്നു ചോദിച്ചാൽ തല്ലു കിട്ടുന്നതും സൂക്ഷിച്ചോ...”

തനിക്ക് അമളിപറ്റിയ കഥ അപ്പോഴേ തുപ്രനു മനസ്സിലായുള്ളു ദേഷ്യത്തെക്കാളേറെ നാണം തോന്നി. തുപ്രൻ തന്നെത്താൻ പിരാകിക്കൊണ്ടു വേഗം അവിടെനിന്നിറങ്ങിപ്പോന്നു.

തന്നെ കുണ്ടിൽച്ചാടിച്ച ആ പട്ടുകുപ്പായക്കാരനെ അന്വേഷിച്ചു നടക്കുന്ന പണിയായി പിന്നെ തുപ്രന്.

മൂന്നുനാലുദിവസം കഴിഞ്ഞപ്പോൾ ഒരു സന്ധ്യയ്ക്കു പാലത്തിനടുക്കൽ വച്ചു പുള്ളിയെ പിടികിട്ടി. തുപ്രൻ പിന്നിൽനിന്നു പട്ടുകുപ്പായത്തിന്റെ വാൽ മെല്ലെയൊന്നു പിടിച്ചു വലിച്ചു.

കിട്ടൻറൈറ്റർ മുഖംതിരിച്ചു നോക്കി. തുപ്രൻ! ആദ്യം ഒന്നു പരുങ്ങി, പിന്നെ ആ മായികപ്പുഞ്ചിരി മുഖത്തു വിരിഞ്ഞു. വലിയ ലോഗ്യഭാവത്തിൽ ചോദിച്ചു: “ങ്ഹ—ആര്, തുപ്രനോ—നിനക്കിപ്പം പണിയൊക്കെയുണ്ടല്ലോ—നാട്ടിലെ കുട്ടികൾക്കെല്ലാം സുഖം തന്ന്യല്ലേ?...’

സ്നേഹപൂർവ്വം കുടുംബക്ഷേമാന്വേഷണം നടത്തുന്ന മുതലാളിയോട് എന്തു പറയണമെന്നറിയാതെ കുഴങ്ങിപ്പോയി, പാവം തുപ്രൻ.

പിന്നെ കിട്ടൻറൈറ്ററും തുപ്രനും തമ്മിൽനടന്ന വേദാന്തസംഭാഷണങ്ങളുടെ സ്വഭാവമെന്തായിരുന്നുവെന്നു നിശ്ചയമില്ല. പാലംമുതൽക്ക് കിട്ടൻറൈറ്ററുടെ വീടുവരെ അവർ സംസാരിച്ചു നടന്നു. വീടിന്റെ പടികയറിയപ്പോൾ തുപ്രൻ കിട്ടൻറൈറ്ററുടെ ശിഷ്യനായിക്കഴിഞ്ഞിരുന്നു. വീട്ടിൽ വച്ചും കുറെ ഉപദേശങ്ങൾ കിട്ടി.

പിറ്റേന്നു കോഴി കൂകുന്നതിനുമുമ്പേ കിട്ടൻറൈറ്ററുടെ വീട്ടിനു മുമ്പിലെത്തിക്കൊള്ളാമെന്നു വാക്കുകൊടുത്തിട്ടാണ് തുപ്രൻ ഗുരുവിനോടു വിടവാങ്ങിയത്.

പറഞ്ഞപ്രകാരംതന്നെ പുലർച്ചയ്ക്കുമുമ്പു നാലുമണിക്ക് ഉപ്രൻ, റൈറ്ററുടെ വീട്ടിനു മുമ്പിൽ ഹാജരായി.

കിട്ടൻറൈറ്റർ ഉപ്രനെ ഒരു പഴയ ഷർട്ടണിയിച്ചു. കൈയിൽ വെക്കാൻ കടലാസിന്റെ ഒരു നീണ്ട പൊതിയും, ഒരു വലിയ ഇരുമ്പുതാക്കോലും കൊടുത്തു.

കടലാസിൽ പൊതിഞ്ഞുവെച്ചിരുന്നത് ഒരു പഴയ ചൂലായിരുന്നു.

ഇരുവരും ഇരുട്ടത്തു പൊതുനിരത്തിലൂടെ തെക്കോട്ടു നടന്നു. രണ്ടു മൂന്നു മൈൽ ചെന്നപ്പോൾ കുറെ പീടികകളുള്ള ഒരു മൂലയിൽ തങ്ങിനിന്നു.

വെറ്റിലക്കെട്ടുകളും തലയിലേറ്റി തെക്കുനിന്നു മാപ്പിളമാർ പട്ടണത്തിലേക്കു വരുന്ന സമയമാണ്. ദൂരെനിന്നും ഒരു വെറ്റിലച്ചുമടു വരുന്നതു കണ്ടപ്പോൾ എതിരെ ഒരു മൂലയിൽ മറഞ്ഞുനിന്നിരുന്ന കിട്ടൻറൈറ്റർ ഉപ്രനു സിഗ്നൽ കൊടുത്തു. ഉടനെ ഉപ്രൻ ഒരു പീടികയുടെ മുറ്റത്തേക്കു നീങ്ങി പൊതിയഴിച്ചു ചൂലു പുറത്തെടുത്തു കുനിഞ്ഞുനിന്നു മുറ്റമടിക്കാൻ തുടങ്ങി.

വെറ്റിലച്ചുമട് പീടികയുടെ മുമ്പിലെത്തി.

“എയ് കാക്കാ!” ഉപ്രൻ നിവർന്നു വിളിച്ചു: “ഒരു നാലു കെട്ട് കോലായിൽ വച്ചേക്ക്.”

വെറ്റിലക്കാരൻ തലയിൽനിന്നു നാലുകെട്ടു വെറ്റിലയെടുത്തു കോലായിൽ വെച്ചു—പീടിക തുറക്കാനുള്ള താക്കോൽ കോലായത്തിണ്ടിൽ വച്ചിരിക്കുന്നതും കണ്ടു. പീടിക നോക്കി മനസ്സിലാക്കി ബാക്കി വെറ്റിലക്കെട്ടും തലയിലെടുത്തുവെച്ച് അയാൾ നടന്നു.

നാട്ടിൻപുറത്തെ വെറ്റിലക്കച്ചവടക്കാരുടെ പതിവാണിത്. രാവിലെ ചരക്കു പീടികയിൽ കൊടുക്കും. വൈകുന്നേരം മടങ്ങുമ്പോൾ വില കണക്കാക്കി വാങ്ങുകയുംചെയ്യും.

വെറ്റിലക്കാരൻ കാക്ക ദൂരത്തെത്തിയപ്പോൾ, ഉപ്രൻ ചൂലു വീണ്ടും കെട്ടിപ്പൊതിഞ്ഞു താക്കോലെടുത്തു കീശയിലിട്ട്, വെറ്റിലക്കെട്ടു കക്ഷത്തിലിറുക്കി, വേറൊരു പീടികയുടെ മുന്നിലേക്കു നീങ്ങി.

കിട്ടൻറൈറ്ററുടെ സിഗ്നൽ. വെറ്റിലക്കെട്ടും തലയിലേറ്റി വേറൊരു കാക്കാ വരുന്നുണ്ട്.

അയാളുടെ തലയിൽനിന്നും ഇറക്കിവെപ്പിച്ചു നാലുകെട്ട്.

അങ്ങനെ അരമണിക്കൂറിനകം പല പീടികമുറ്റങ്ങളിലും നിരങ്ങി അവർ എല്ലാംകൂടി പതിനെട്ടു കെട്ടു വെറ്റില അടിച്ചെടുത്തു.

“ഇനി മതി.” കിട്ടൻറൈറ്റർ കൽപിച്ചു.

ഉപ്രൻ ചൂലു വലിച്ചെറിഞ്ഞു. അതിന്റെ കടലാസിൽ തന്റെ ഷർട്ടഴിച്ചു പൊതിഞ്ഞു കെട്ടി അരയിൽ തിരുകി, വെറ്റിലക്കെട്ടുകളും തലയിലേറ്റി പട്ടണത്തിലേക്കു നടന്നു.—പിന്നിൽ കുറെ ദൂരെയായി കിട്ടൻറൈറ്ററും.

ചരക്ക് അങ്ങാടിയിൽ വിറ്റു. കിട്ടിയ പൈസ മുഴുവനും കിട്ടൻറൈറ്റർ ഉപ്രനു കൊടുത്തു.

കിട്ടൻറൈറ്റർക്ക് ഇതൊരു വിനോദം മാത്രം.

## 13. ജഗള

ജഗള ഊക്ക പെരുകിവരികയാണ്.

ലഹളക്കാർ പട്ടണത്തിലേക്ക് എപ്പോഴാണ് ഇളകി പുറപ്പെട്ടു വരുന്നതെന്ന പേടിച്ചു കഴിയുകയാണ് അതിരാണിപ്പാടത്തെ ആബാലവൃദ്ധം ജനങ്ങളും. അവർ ഏതു നിമിഷത്തിലും കടന്നുവരാം. ജില്ലയുടെ തെക്കും കിഴക്കുമുള്ള മൂലകളിലെ ഗ്രാമങ്ങൾ മുഴുവനും ലഹളക്കാരുടെ വരുതിയിലാണത്രെ. അവർ കച്ചേരികൾ കൈയേറി ഖജാനകൾ കൊള്ളയടിച്ചും റിക്കാർഡുകൾ ചുട്ടുകരിച്ചും പോലീസ്സ്റ്റേഷനുകൾ ആക്രമിച്ചു കീഴടക്കി തോക്കുകളും മറ്റായുധങ്ങളും കൈവശപ്പെടുത്തിയും എവിടെയും തേർവാഴ്ച നടത്തിക്കൊണ്ടിരിക്കയാണ്. നമ്പൂതിരിയില്ലങ്ങളും ഹിന്ദുഗൃഹങ്ങളും കൈയേറി നെല്ലും പണവും കവർച്ചചെയ്തും ഹിന്ദുക്കളെ ബലാൽക്കാരമായി മതം മാറ്റിയും അതിനു കൂട്ടാക്കാത്തവരെ കൊലപ്പെടുത്തിയും കൂട്ട ബാങ്ക് മുഴക്കിക്കൊണ്ടു മുന്നേറുകയാണ്—അവർ സ്വന്തം രാജാവിനെയും ഗവർണ്ണർമാരെയും സേനാനായകന്മാരെയും അവരോധിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഭരണം നമശ്ശിവായ ചൊല്ലിപ്പോയി.

ലഹളക്കാരെ പേടിച്ചു നാട്ടിൻപുറങ്ങളിൽനിന്നു ജനങ്ങൾ കൂട്ടംകൂട്ടമായി, കെട്ടും ഭാണ്ഡങ്ങളുമായി പട്ടണത്തിലേക്കു പ്രവഹിക്കുന്നു —കലാപം ഇങ്ങോട്ടു പടർന്നുപിടിച്ചാൽ പട്ടണത്തിലുള്ളവർ എവിടെപ്പോകും?

അതിരാണിപ്പാടത്തെ മുതിർന്ന ആളുകൾ തമ്മിൽ കൂടിയാലോചിച്ച് കൃഷ്ണൻമാസ്റ്ററുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചു. ജഗളക്കാർ വന്നാൽ എതിർക്കണം. അതിന് ആദ്യമായി ആയുധങ്ങൾ ശേഖരിക്കണം. തോക്കുകൾ കിട്ടുകയില്ല. പിന്നെ എന്തുചെയ്യും?

"കരിമ്പനത്തടികൊണ്ടും തെങ്ങിൻതടികൊണ്ടും കുന്തങ്ങൾ ഉണ്ടാക്കണം."

മീശക്കണാരൻ അഭിപ്രായപ്പെട്ടു. അതിനോട് എല്ലാവരും യോജിച്ചു.

മരക്കൊത്തൻ വേലപ്പനെ സമീപിച്ചു.

"എടോ വേലപ്പാ," മീശ പറഞ്ഞു: "ജഗളക്കാർ വന്നാൽ ഞങ്ങൾ തരം പോലെ പടവെട്ടുകയോ പാഞ്ഞൊളിക്കുകയോ ചെയ്യും—നിനക്കു രണ്ടിനും ആവതില്ല. നീയിവിടെ കുടുങ്ങിപ്പോവും. അതുകൊണ്ടു ജഗളക്കാരെ എതിർക്കാന് ആവശ്യമായ കുന്തങ്ങളെല്ലാം നീ നിന്റെ ആശാരി നീലാണ്ടനെക്കൊണ്ടു പ്രീയായി ഉണ്ടാക്കിത്തരണം."

മരക്കൊത്തൻ സമ്മതിച്ചു.

ആശാരി നീലാണ്ടൻ, മേശകസേലപ്പണികളെല്ലാം മാറ്റിവെച്ച് രണ്ടു ദിവസംകൊണ്ട് ഇരുപത്തെട്ടു വാരിക്കുന്തങ്ങൾ ചെത്തിയുഴിഞ്ഞ് തയ്യാറാക്കിക്കൊടുത്തു.

അന്തിമയങ്ങിയാൽ അതിരാണിപ്പാടം ആശങ്കാകുലമായിത്തീരും. സന്ധ്യയ്ക്കുതന്നെ അത്താഴമൊരുക്കിക്കഴിച്ച് പെണ്ണുങ്ങളെയും കുട്ടികളെയും പുരയ്ക്കത്താക്കി വാതിലടച്ച് പുരുഷന്മാരെല്ലാം കുന്തവും പിടിച്ച് ലഹളക്കാരുടെ ബാങ്ക്‌വിളി ചെവിയോർത്തുകൊണ്ട്

അങ്ങുമിങ്ങും കൂടിനിൽക്കും.

പകൽ എല്ലാവരും അവരവരുടെ പണിക്കു പോകും—ജഗളക്കാർ വരുന്നത് പാതിരായ്ക്കോ പുലർച്ചയ്ക്കോ ആയിരിക്കുമെന്നാണു വിശ്വാസം.

എക്സ്മിലിട്രി ബസ്രാകുഞ്ഞപ്പുവും രംഗത്തിറങ്ങി.

കീറിപ്പറിഞ്ഞൊരു കാക്കിക്കളസം അരയിൽ പിടിച്ചുകെട്ടി ഒരു സാൻഡോ ബനിയനുമിട്ട് കുഞ്ഞപ്പു നിത്യവും രാവിലെ സ്ഥലത്തെ ചെറുപ്പക്കാർക്കു മിലിട്രി പരിശീലനം കൊടുത്തു—ഡ്രിൽ, മാർച്ചിങ്, ഓട്ടം, ചാട്ടം തൊട്ട ഇനങ്ങൾ. (ശ്രീധരനോട് ഒരു പിത്തളവിസിലും വായ്പവാങ്ങിയിരുന്നു.)

ശ്രീധരനും ഒരു ഡ്യൂട്ടി കിട്ടി: വിളംബരക്കാരൻ—സ്ഥലവാസികളെ അറിയിക്കാനുള്ള യുദ്ധമുറക്കാര്യങ്ങൾ ചുറ്റിനടന്നു വിളിച്ചുപറയണം.

"വൈകുന്നേരം—ചെത്തുകഴിഞ്ഞാൽ—ചെത്തുകാരെല്ലാരും —അവരവരുടെ കത്തികൾ കന്നിപ്പറമ്പിൽ ഹാജരാക്കിക്കൊള്ളണം—വലേ്യട്ടന്റെ കൽപ്പന...... " കാലിയായൊരു ചായപ്പാട്ട കഴുത്തിൽ കെട്ടിത്തൂക്കി ഒരു കോലെടുത്തു കൊട്ടിക്കൊണ്ട് ശ്രീധരൻ ഉറക്കെ വിളിച്ചുപറയും. (കഴുത്തിലെ ഡ്രമ്മും, 'വലേ്യട്ടന്റെ കൽപ്പന' എന്ന വാക്യവും ശ്രീധരന്റെ സ്വന്തം വകയായിരുന്നു.)

"വലേ്യട്ടന്റെ കൽപ്പന എന്നു പറയണ്ടെടാ—കന്നിപ്പറമ്പിൽ ഹാജരാക്കിക്കൊള്ളണമെന്നുമാത്രം മതി." കുഞ്ഞപ്പു മീശ തിരുമ്മി കണ്ണുരുട്ടിക്കൊണ്ട് അനുജനെ ശാസിച്ചു.

കന്നിപ്പറമ്പ് രാത്രിയിൽ ആയുധപ്പുരയായി മാറി.

എല്ലാവരും ഉഷാർ!

ഈർച്ചക്കാരൻ വേലുവിന്റെ പുരമുറ്റത്തു ചെന്നുനിന്ന മീശക്കണാരൻ ഉറക്കെ പറഞ്ഞു: "പെണ്ണുങ്ങൾക്കും ചില പണിയൊക്കെയുണ്ട്. അടുപ്പത്ത് എപ്പോഴും എണ്ണ തിളപ്പിച്ചുവെക്കണം—മാപ്പിളമാർ അകത്തു കേറുകയാണെങ്കിൽ അവരുടെ തലയിലൊഴിക്കാൻ..."

"എപ്പഴും എണ്ണ തെളപ്പിച്ചുവെക്കാൻ എവ്ട്ന്നാണ് എണ്ണ!" വേലുവിന്റെ ഭാര്യ ഉണ്ണൂലി രണ്ടുകൈയും മലർത്തിക്കാട്ടിക്കൊണ്ടു ചോദിച്ചു.

"വെള്ളം തിളപ്പിച്ചുവച്ചാലും മതി—" മീശ ചെലവുചുരുക്കിപ്പറഞ്ഞു.

"എപ്പഴും വെള്ളം കാച്ചിവെക്കാൻ എവ്ട്ന്നാണു വെറക്?" ഒക്കത്തു കൈയുംകുത്തി നിന്നുകൊണ്ട് വീണ്ടും ഉണ്ണൂലിയുടെ ചോദ്യം.

മീശയ്ക്ക് അരിശം ചൊടിച്ചു:

"എന്നാലേ, മാപ്പളമാരുടെകൂടെ അങ്ങ് ഇറങ്ങിപ്പൊയ്ക്കോ—മേക്കാതും കുത്തി, തലേല് തട്ടോം ട്ട് കദീശയുമ്മയായങ്ങനെ നടക്കാലോ—നല്ല കൊമ്പന്റെ ഇറച്ചീം ബെയിക്കാം........."

"ദാ—നോക്കേ. കണാരാ, തോന്ന്യാസം പറഞ്ഞാലേ........"

ഉണ്ണൂലി മീശയുടെ നേർക്കു വിരൽചൂണ്ടി നിന്നു.

മീശ പിന്നെ ഒരക്ഷരം മിണ്ടിയില്ല.

"എണ്ണേം കൊഴമ്പും ഒന്നും വേണ്ട." ഉണ്ണൂലി തലയാട്ടിക്കൊണ്ടു പറഞ്ഞു:

"അടുക്കളേല് ഒലക്കണ്ടെങ്കില് പത്ത് മൊട്ടത്തല ഉണ്ണൂലി തമർത്തും."

മീശ തലകുനിച്ച സമ്മതിച്ചുകൊടുത്തു. അതിനുപോന്ന പെണ്ണ തന്നെയാണ്, ഉണ്ണൂലി.

ലഹളയുടെ വർത്തമാനങ്ങൾ ജനങ്ങൾക്കു വിളമ്പിക്കൊടുക്കാൻ ചില കാലിക ലഘുലേഖാപത്രങ്ങളും പുറത്തുവന്നു. 'കലാപവാർത്ത', 'മലബാർ ലഹള' എന്നൊക്കെയായിരുന്നു ആ കാലണപ്പത്രങ്ങളുടെ പേരുകൾ. ലഹള ബാധിതപ്രദേശങ്ങളിലെ സ്ഥിതികളെയും, ലഹളക്കാരെ പേടിച്ചോടുന്നവരുടെ ഓട്ടങ്ങളെയുംപറ്റിയുള്ള രസികൻ ലഘുലേഖനക്കവിതകളും തെരു മൂലകളിൽ പാടി വില്പന നടത്തിയിരുന്നു. ശ്രീധരൻ ആ രസികൻ കവിതകൾ മനഃപാഠമാക്കി ചൊല്ലിയാടി അതിരാണിപ്പാടത്തുകാരെ വിനോദിപ്പിച്ചു.

"കാവും തിറയും വേണ്ടെന്നായി
കാവിലെ ദേവൻ കാശീക്കോടി
മുട്ടാസ്സാഢ്യൻ നമ്പൂരാരോ
മൊട്ടയടിച്ചൊരു മാപ്പിളയായി......."

അങ്ങനെയൊക്കെയായിരുന്നു ആ കലാപം തുള്ളൽ.

ലഹളക്കാരുടെ ചെയ്തികളെക്കുറിച്ചുള്ള കിംവദന്തികളാണ് ജനങ്ങളെ കൂടുതൽ ഭയവിഹ്വലരാക്കിയത്. മൂരിമാംസം തീറ്റുക, നഗരാക്കി നിർത്തി സുന്നത്തു കഴിക്കുക, കുളിപ്പിച്ചുകേറ്റി കഴുത്തു വെട്ടുക—അങ്ങനെ പല നീചവിക്രിയകളും ലഹളക്കാർ നടത്തിയിരുന്നുവത്രെ!

ലഹളക്കാരുടെ ഒറ്റുകാരും ചാരന്മാരും പല വേഷത്തിലും പട്ടണത്തിൽ നടക്കുന്നുണ്ടത്രെ. ഒരു ദിവസം കിട്ടൻറൈറ്റർ അങ്ങനെയൊരു ന്യൂസും കൊണ്ടാണ് കന്നിപ്പറമ്പിലേക്കു വന്നത്: "കേട്ടില്ലേ?—ഇന്നലെ അങ്ങാടിയിൽ വച്ച് ഒരു പെരിക്കാലൻമാപ്പിളയെ പോലീസ് സംശയിച്ചു പിടിച്ചു. കാക്കയെ പിടിച്ചു പരിശോധിച്ചപ്പഴല്ലേ കള്ളി വെളിച്ചത്തായത്. പെരിക്കാലല്ല —ലഹളക്കാർ സ്വകാര്യഏജന്റുമാർക്ക് എത്തിക്കാൻ കൊടുത്തയച്ച കത്തുകളാണ് —ഒരു വലിയ പൊതിയാക്കി കാലിൽ തുണിശ്ശീല ചുറ്റിക്കെട്ടി, പെരിക്കാൽ പോലെയാക്കി വെച്ചിരിക്കുന്നു. ഈച്ചകളെ വരുത്താൻ ശീലക്കെട്ടിന്റെ മീതെ കുറച്ചു ചക്കരയും തേച്ചുപിടിപ്പിച്ചിട്ടുണ്ട്—പോലീസ് ആ കാക്കയുടെ കാല് കത്തുകളോടുകൂടി അങ്ങനെത്തന്നെ വാഴക്കുല വെട്ടുംപോലെ വെട്ടിയെടുത്ത് കലക്ടർസായ്പിന്റെ മുമ്പിൽ കൊണ്ടുവെച്ചുവെന്നാണു കേട്ടത്.....

ലഹളക്കാരുടെ ചില ദല്ലാളികൾ കൃതിമമുടിവെച്ച്, നെറ്റിയിൽ ചന്ദനപ്പൊട്ടും തൊട്ട്, ഹിന്ദുക്കളുടെ വേഷത്തിലും ഇറങ്ങിയിട്ടുണ്ടെന്ന് സൂപ്പുകണ്ണൻ പറഞ്ഞു. കണ്ണൻ, തെരുവിൽ സൂപ്പു വില്ക്കാൻ പോയപ്പോൾ അങ്ങനെയൊരുത്തനെ പോലീസ് പിടിച്ചുകൊണ്ടുപോയ കഥ കേട്ടുവത്രെ.

"മാപ്പിളയാണെന്ന് എങ്ങനെ മനസ്സിലായി?" കുളൂസ് പറങ്ങോടന്റെ ചോദ്യം: "തുണി പൊന്തിച്ചു നോക്യോ?"

"എല്ലാര്ടെയും തുണിപൊന്തിച്ചു നോക്കാൻ കഴിയോ? സൂപ്പു കണ്ണൻ പറഞ്ഞു: "പോലീസുകാർ ഒരെളുപ്പവിദ്യ കണ്ടുപിടിച്ചിട്ടുണ്ട്. സംശയം തോന്നിയാൽ ഓർക്കാപ്പുറത്ത് ഒരൊറ്റ അടിവെച്ചുകൊടുക്കും. ചന്ദനപ്പൊട്ടുകാരൻ മാപ്പിളയാണെങ്കിൽ

‘ഹള്ളോ’ എന്നായിരിക്കും നിലവിളിക്കുക.”

ഒരുദിവസം രാവിലെ മീശ ഓടിവന്നു പറഞ്ഞു: “പട്ടാളപ്പെൻസില് വന്നിട്ടുണ്ട്.”

“എന്ത്?—പട്ടാളപ്പെൻസിലോ?” കൃഷ്ണൻമാസ്റ്റർ അദ്ഭുതത്തോടെ ചോദിച്ചു.

“ങ്ഹാ! പട്ടാളപ്പെൻസില്—വെള്ളപ്പട്ടാളം.” മീശ ഉറപ്പിച്ചു പറഞ്ഞു: “അവര് വാളഷ്ടടിക്കുന്നത് ഒന്നു ചെന്നു നോക്കട്ടെ.”—മീശ തീവണ്ടിപ്പാതയ്ക്കടുത്തേക്കുതന്നെ ഓടി.

“പട്ടാളസ്പെഷ്യലാണ്.”—കൃഷ്ണൻമാസ്റ്റർ അവിടെ കൂടി നിന്നവർക്ക് മീശ പറഞ്ഞതിന്റെ അർത്ഥം വ്യാഖ്യാനിച്ചുകൊടുത്തു: “പട്ടാളക്കാർ മാത്രം കയറിയ വണ്ടി—കല്ലുംമറ്റും കയറ്റുന്ന തുറന്ന പെട്ടിയാണ് ബാലന്റ്. പട്ടാളക്കാർ തീവണ്ടിയിലെ ബാലസ്റ്റ് പെട്ടികളിൽ കേറിയിരുന്ന് അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നതിനെപ്പറ്റിയാണ് കണാരൻ ‘വാളഷ്ടടിക്കുന്നത്’ എന്നു പറഞ്ഞത്.”

ലഹളയൊതുക്കാൻ പ്രത്യേകം വെള്ളപ്പട്ടാളം എത്തിയിരിക്കുന്നു എന്ന വാർത്ത ജനങ്ങൾക്കു വലിയ ആശ്വാസം പകർന്നുകൊടുത്തു. തുടർച്ചയായി റെയിലിൽ അങ്ങോട്ടുമിങ്ങോട്ടും നീങ്ങിക്കൊണ്ടിരുന്ന വണ്ടികളിലെ മൂടിയില്ലാത്ത ബാലസ്റ്റ് വാഗണുകളിൽ തോക്കും കുന്തവും പിടിച്ചു നില്ക്കുന്ന വെള്ളക്കുരങ്ങന്മാരെപ്പോലെയുള്ള പട്ടാളക്കാരെ, അദ്ഭുതത്തോടും ആശ്വാസത്തോടുംകൂടി നോക്കിനിന്നു. അതിരാണിപ്പാടത്തെ ആണുങ്ങളും കുട്ടികളും—പെണ്ണുങ്ങൾ പട്ടാളക്കാരെപ്പേടിച്ചു പുറത്തിറങ്ങിയില്ല.

ലഹളക്കാരെ ഭീഷണിപ്പെടുത്താനും, നാട്ടുകാരിൽ രക്ഷാബോധം വളർത്താനുംവേണ്ടിയുള്ള ഒരു തന്ത്രമായിരുന്നു ആയുധധാരികളായ വെള്ളപ്പട്ടാളക്കാരുടെ അങ്ങോട്ടുമിങ്ങോട്ടുമുള്ള ഈ വൃഥാസഞ്ചാരം.

പുതുതായിറങ്ങിയ വെള്ളക്കാർ ‘വാലുള്ള ജാതി’യാണ് എന്നൊരു സംസാരം അതിരാണിപ്പാടത്തു പ്രചരിച്ചു. ഈ അദ്ഭുതവാർത്തയുടെ സൂത്രധാരൻ ആരായിരുന്നുവെന്നു നിശ്ചയമില്ല. മീശ അത് ഏറ്റുപാടിനടന്നു. പലരും അതു വിശ്വസിച്ചു. പെണ്ണുങ്ങൾ മൂക്കത്തു വിരലുവെച്ചു തമ്മിൽത്തമ്മിൽ എന്തോ കുശുകുശുപ്പറഞ്ഞു ചിരിച്ചു.

വേലുവിന്റെ ഉണ്ണൂലിമാത്രം അഭിപ്രായപ്പെട്ടു. “പട്ടിൽ ചായം പിടിപ്പിക്കാനുള്ള പൊള്ള്.”

അപ്പോൾ ആശാരി നീലാണ്ടൻ ശഠിച്ചു പറഞ്ഞു: “അസ്സല് വെള്ളക്കാര്ക്ക് ആസനത്തിൽ ഒരു വാല് കാണും, ഉളിപ്പിടിപോലെ.”

പട്ടാളത്തിൽ പോയ അവന്റെ അളിയൻ പറഞ്ഞതാണത്രെ.

വെള്ളക്കാരന്റെ വാലു കാണാൻ ശ്രീധരനും ചാത്തുണ്ണിയും പട്ടാളവണ്ടി വരുന്നതുംകാത്തു റെയിൽപ്പാതയ്ക്കരികിലെ കമ്പിവേലിമേൽ കേറി നിന്നു—വണ്ടി പിറകോട്ടടിക്കുകയാണ്. പറങ്കിമാങ്ങാപോലത്തെ മുഖമുള്ള പട്ടാളക്കാർ തോക്കും പിടിച്ചു തലങ്ങും വിലങ്ങുമായി നിന്നു പാട്ടുപാടുന്നു.

ചാത്തുണ്ണി മെല്ലെ ശ്രീധരനെ ഒന്നു തോണ്ടി, ശ്വാസം അടക്കിപ്പിടിച്ച്, പിന്തിരിഞ്ഞുനില്ക്കുന്ന ഒരു പട്ടാളക്കാരന്റെ പൃഷ്ഠം ചൂണ്ടിക്കാട്ടി മന്ത്രിച്ചു: “അതാ കണ്ടോ! കെട്ടിപ്പൊതിഞ്ഞുവെച്ചത്?”

ശ്രീധരൻ സൂക്ഷിച്ചുനോക്കി. എന്തോ പൊതിഞ്ഞുകെട്ടിവെച്ചിട്ടുണ്ട്; വാല്തന്നെ.

അന്നു വൈകുന്നേരം കൃഷ്ണൻമാസ്റ്റർ സ്കൂളിൽനിന്നു വന്നപ്പോൾ ശ്രീധരൻ ഓടിച്ചെന്ന് ആ അദ്ഭുതവാർത്ത അച്ഛനോടു പറഞ്ഞു:

"അച്ഛാ! ഞാൻ വെള്ളക്കാരന്റെ വാല് കണ്ടു."

കൃഷ്ണൻമാസ്റ്റർ അതു കേട്ടു പൊട്ടിച്ചിരിച്ചു: "എന്തെടാ, വെള്ളക്കാരന്റെ വാലോ?"

അതേ, അച്ഛാ— വാല്തന്നെ —വാല്! —ഞാനെന്റെ കണ്ണുകൊണ്ടു കണ്ടു—മീശ പറഞ്ഞപ്പോൾ വിശ്വസിച്ചിരുന്നില്ല —"

കൃഷ്ണൻമാസ്റ്റർ മകനെ അടുത്തുപിടിച്ച് ആശ്ലേഷിച്ചു:

"നീ എന്താണു കണ്ടത്?—ഒന്നു കൂടി പറ."

"വെള്ളക്കാരൻ സായ്പിന്റെ ചന്തിയിൽ അതു കെട്ടിപ്പൊതിഞ്ഞു വെച്ചത്." ശ്രീധരൻ ഗൗരവത്തോടെ പറഞ്ഞു.

കൃഷ്ണൻമാസ്റ്റർ ശ്രീധരന്റെ താടിയിൽ ഒന്നു നുള്ളി വീണ്ടും പൊട്ടിച്ചിരിച്ചു. "ശ്രീധരാ, നീ ആളൊരു ഫൂളാണ്." കൃഷ്ണൻമാസ്റ്റർ തൊപ്പിയും കോട്ടും അഴിച്ചുകൊണ്ടു പറഞ്ഞു: "വെള്ളപ്പട്ടാളക്കാരന്റെ പിന്നിൽ കാണുന്നത് കൊട്ടിപ്പൊതിഞ്ഞു വച്ച അവന്റെ വാലല്ല—അതു പട്ടാളക്കാരന്റെ കിറ്റാണ്—കിറ്റ് ബാഗ്—വെള്ളവും ഭക്ഷണവും മറ്റ് അത്യാവശ്യവസ്തുക്കളും കരുതിവെച്ച സഞ്ചി—മനസ്സിലായോ?'

ശ്രീധരനു മനസ്സിലായി—വെള്ളക്കാരന്റെ വാലു പോയതിൽ കുറച്ചൊരു ഇച്ഛാഭംഗവുമുണ്ടായി.

അതിരാണിപ്പാടത്തു രാത്രിയിൽ ചില തമാശകളും ഉണ്ടായിക്കൊണ്ടിരുന്നു.

ഒരു പാതിരാവ്ക്ക്, കൂനൻ വേലുവിന്റെ പുരയിൽനിന്ന് ഒരു നിലവിളി കേട്ട് കാവൽക്കാരെല്ലാം കുന്തവും കത്തിയുമായി അവിടെ ഓടിയെത്തി —കൂനൻ വേലു. കാവൽക്കാരുടെ കൂട്ടത്തിലായിരുന്നു. വേലുവിന്റെ പുതിയ ഭാര്യ ആച്ച മാത്രമേ പുരയിൽ ഉണ്ടായിരുന്നുള്ളൂ.

മുറ്റത്തൂടെ കറുത്തു നീണ്ടൊരു രൂപം പാഞ്ഞുപോകുന്നത് ആച്ച കണ്ടുവത്രെ. അപ്പോൾ നിലവിളിച്ചതാണ്.

"കള്ളനായിരിക്കും. എന്തെങ്കിലും കട്ടുകൊണ്ടു പോയോ എന്നു നോക്ക്." വേലു പറഞ്ഞു.

പരിശോധിച്ചപ്പോൾ കോഴിക്കൂട്ടിൽ തള്ളക്കോഴിയെ കാണാനില്ല — കോഴിക്കുഞ്ഞുങ്ങളെല്ലാം കൂട്ടിൽ പതുങ്ങിക്കിടക്കുന്നു. കൂടും നിലവുമെല്ലാം വെള്ളം നനഞ്ഞും കാണുന്നു.

"കുറുക്കൻ ചോയി പറ്റിച്ചു—" മീശ ചിരിച്ചുകൊണ്ട് പറഞ്ഞു.

കോഴികൾ നിലവിളിച്ചു ബഹളം കൂട്ടാതിരിപ്പാൻ, ആദ്യം ഒരുകുടം വെള്ളം കോഴിക്കൂടിനു മുകളിൽ ഒഴിച്ചു കൊടുക്കും. പിന്നെ കൂട് തുറന്ന് കോഴിയെപ്പിടിച്ച് ഒരോട്ടമാണ്. അതാണു കുറുക്കൻ ചോയിയുടെ വേല.

"ഇനി കോഴിക്കൂടും അകത്തെടുത്തു വച്ച് ഒറങ്ങിക്കോ." കൂനൻവേലു ഭാര്യയെ ഉപദേശിച്ചു: കോഴീം ചോയിം പോയതുതന്നെ."

കറുത്തു മെലിഞ്ഞ് മുന്നോട്ട് അൽപം വളഞ്ഞ ദേഹവും, വസൂരിക്കല പിടിച്ച കൂർത്ത മുഖവുമുള്ള ചോയി അതിരാണിപ്പാടത്തുകാരനല്ല—ദൂരെ എവിടെയോ ആണ് അവന്റെ

മട—ചോയിയുടെ സ്ഥിരം തൊഴിൽ മോഷണമാണ്. ചെറിയ തോതിലുള്ള കളവുകൾ: വാഴക്കുല, അടയ്ക്ക, തേങ്ങ, പാത്രങ്ങൾ അങ്ങിനെയുള്ളവ. കോഴിയെയും കക്കും. കൂർത്ത മുഖമുള്ളതുകൊണ്ടോ കോഴിയെ കക്കുന്നതുകൊണ്ടോ അല്ല ചോയിക്കു കുറുക്കൻ എന്ന പരിഹാസപ്പേരു കിട്ടിയത്. ഒരിക്കൽ ചോയിയെ ആളുകൾ കൈയും കളവുമായി പിടിച്ചു. അവർ അവനെ തല്ലി. ആദ്യത്തെ തല്ലു കിട്ടിയപ്പോൾ അവൻ വീണു. അനക്കമില്ല. ശ്വാസോച്ഛ്വാസമില്ല. വായും പിളർന്നു മരവിച്ചു കിടക്കുന്നു. അടി മർമ്മത്തെവിടെയോ കൊണ്ട് അവൻ സിദ്ധി കൂടിപ്പോയെന്നു ഭയന്ന് അവനെ പിടികൂടിയവർ ഉടനെ ഓടി മറഞ്ഞു. എല്ലാവരും ഒഴിഞ്ഞുവെന്നു മനസ്സിലായപ്പോൾ ചോയിയും എണീറ്റ് ഒരോട്ടം വെച്ചു കൊടുത്തു.

മറ്റൊരിക്കൽ എന്തോ മോഷ്ടിച്ചുകൊണ്ട് ഓടുമ്പോൾ 'കള്ളൻകള്ളൻ!' എന്നു കൂക്കിയാർത്തുകൊണ്ട് ആളുകൾ പിന്നാലെ കൂടി. ചോയി റെയിൽവേ ഓവുപാലത്തിനുള്ളിലൂടെ കുറുക്കനെപ്പോലെ നുഴഞ്ഞ് എങ്ങോ മറഞ്ഞു കളഞ്ഞു. അന്നു മുതലാണ് ചോയിക്കു കുറുക്കൻ എന്ന പേരു സ്ഥിരപ്പെട്ടത്.

കുറുക്കൻ ചോയിയെ ദുർല്ലഭമായേ പകൽസമയത്ത് പുറത്തു കാണുകയുള്ളു

"ആ കുറുക്കനെ ഞാൻ കാണും—അപ്പോൾ കൊടുത്തോളാം." കൊതു ഗോപാലൻ പല്ലു ഞെരിച്ചു പകയോടെ പറഞ്ഞു.

"ആങ്—നീ ഓനെ വല്ലാണ്ട് കാണും—ഓവ് പാലത്തിന്റെ ചോട്ടിൽ പോയി നോക്ക്." മീശ പരിഹസിച്ചു.

അപ്പോൾ കേട്ടു അൽപം ദൂരെ നിന്ന് ഒരു പാട്ട്:

"നേരിട്ടു വെട്ടി മരിച്ചതെങ്കിൽ
നാട്ടേക്കു നല്ലൊരു മാനംതന്നെ.
വീരാളിപ്പട്ടു വിതാനത്തോടെ
ആർത്തു വിളിച്ചു ഞാൻ കൊണ്ടുപോരും.
ഒളിവാളുകൊണ്ടു മരിച്ചതെങ്കിൽ
എലപുലപോലും കഴിക്കയില്ല—
പച്ചോലേക്കെട്ടി വലിക്കും ഞാനേ—"

ഈർച്ചക്കാരൻ കള്ളുകുടിയൻ കുട്ടായിയുടെ വടക്കൻ പാട്ടാണ്—ആ പാതിരാപ്പാട്ട് അതിരാണിപ്പാടത്തെ പുളകം കൊള്ളിച്ചു.

അതിരാണിപ്പാടത്തെ രക്ഷാസേനയിലൊന്നും കുട്ടായിക്കു വിശ്വാസമില്ല — മാപ്പിളയും ഹിന്ദുവും ഒരുമിച്ചിരുന്ന് കള്ളുകുടിച്ചാൽ പിന്നെ, "ജഗളേം കൂട്ടോം' ഒന്നും ഉണ്ടാകൂല എന്നാണ് കുട്ടായിയുടെ ധർമ്മോപദേശം.

കുട്ടായി ഒറ്റത്തടിയാണ്—പകൽ മുഴുവൻ അദ്ധ്വാനിച്ചു പണിയെടുക്കും. രാത്രിമുഴുവനും കള്ളുകുടിച്ചു പാട്ടും പാടി നടക്കും.

അതിരാണിപ്പാടത്തെ പടയാളികളെ പരിഹസിച്ചുകൊണ്ടുള്ള ആ വടക്കൻ പാട്ടിനുശേഷം, പിന്നെ കേട്ടതു കുട്ടായിയുടെ ഒരു പ്രേമഗാനമാണ്:

"അമ്മാനമ്മായിക്ക് മാല വാങ്ങ്യാൽ
ഞാനെന്റെ കുങ്കിക്കു ചേലവാങ്ങും..."

അതിരാണിപ്പാടത്തെ കാവൽപടയാളികൾക്ക് കുറേശ്ശെ ഉറക്കം തൂങ്ങിത്തുടങ്ങി. ചെറുപ്പക്കാരോട് ഉഷാറായിരിക്കാൻ കല്പിച്ച് ചിലർ ഒന്നു കണ്ണടയ്ക്കാൻ പുരകളിലേക്ക് നടന്നു.

ആയിടയ്ക്കൊരു ദിവസം കൂനൻ വേലുവിന്റെ അളിയൻ കുഞ്ഞാണ്ടി അതിരാണിപ്പാടത്തു വന്നു. പട്ടാളക്യാമ്പിലെ ഒരു കുസ്സിക്കാരനാണ്, കുഞ്ഞാണ്ടി. സാമാനങ്ങൾ വാങ്ങാൻ പട്ടണത്തിലേക്കു വന്ന പട്ടാള ലോറിയിൽ ഒരു സവാരി തരപ്പെട്ടപ്പോൾ പെങ്ങളെയൊന്നു കാണാൻ വന്നതാണ്. വൈകുന്നേരം മടങ്ങിപ്പോകും.

ലഹളയെപ്പറ്റിയുള്ള വർത്തമാനങ്ങൾ ചൂടോടെ കേൾക്കാമെന്നു കരുതി, കൃഷ്ണൻമാസ്റ്റർ കുഞ്ഞാണ്ടിയെ കന്നിപ്പറമ്പിലേക്കു വിളിച്ചുവരുത്തി.

വെള്ളപ്പട്ടാളം വന്നപ്പോൾ ലഹളക്കാർ കാട്ടിൽ പോയി ഒളിച്ചിരിക്കുകയാണെന്നു കുഞ്ഞാണ്ടി പറഞ്ഞു. പെണ്ണുങ്ങളെയും മക്കളെയുമൊക്കെ പുരയിൽ ഉപേക്ഷിച്ചിട്ടാണ് മാപ്പിളമാർ കാട്ടിലേക്കു പോയത്. പട്ടാളക്കാർക്ക് നല്ല കൊയ്ത്ത്.

കുഞ്ഞാണ്ടി ഒരു സംഭവം വിവരിച്ചു:

കഴിഞ്ഞ വെളുത്തവാവിന്റെയന്നു രാത്രിയിലാണ്. കുഞ്ഞാണ്ടി ജോലിയും കഴിഞ്ഞ് ഒരു സ്നേഹിതന്റെ പുരയിലേക്ക് പോവുകയായിരുന്നു. തുമ്പപ്പൂപോലത്തെ നിലാവ്—ക്യാമ്പിൽനിന്ന് ഒരു വിളിപ്പാടു ദൂരെയുള്ള മൈതാനത്തിനടുത്തെത്തിയപ്പോൾ, മൈതാനത്തിനു ചുറ്റും സ്പെഷ്യൽ പോലീസുകാർ ഗാട്ട് നിൽക്കുന്നു. അങ്ങോട്ടു പോകരുത് എന്നു പറഞ്ഞ് അവർ കുഞ്ഞാണ്ടിയെ തടഞ്ഞു.

"എന്താണവിടെ?" പരിചയമുള്ളൊരു പോലീസുകാരനോട് കുഞ്ഞാണ്ടി മെല്ലെ ചോദിച്ചു.

വേഗം മടങ്ങിപ്പൊയ്ക്കോ എന്ന ആംഗ്യം കാണിച്ചതല്ലാതെ ആ ചങ്ങാതി കാര്യമൊന്നും പറഞ്ഞില്ല. എന്തോ ഗൂഢമായ മിലിട്രി പരിശീലനമായിരിക്കുമെന്നു മനസ്സിൽ കരുതി കുഞ്ഞാണ്ടി തിരിഞ്ഞു നടക്കാൻ ഭാവിച്ചു. അപ്പോൾ കണ്ടു, ഒരു കൂട്ടം ആളുകളെ അങ്ങോട്ടു തെളിച്ചുകൊണ്ടു വരുന്നത്. പെണ്ണുങ്ങളാണ്. എല്ലാം ഉമ്മാച്ചിപ്പെണ്ണുങ്ങൾ. വെളുത്ത കുപ്പായമിട്ടു തലയിൽ തട്ടവുമായി പൊൻപണ്ടങ്ങൾ മിന്നിച്ചുകൊണ്ട് കൂട്ടത്തോടെ നീങ്ങുന്ന ആ മാപ്പിളച്ചികൾ നിലാവിൽ നല്ലൊരു കാഴ്ചയായിരുന്നു. പോലീസുകാർ ചുറ്റുംനിന്ന് അവരെ തള്ളിനീക്കുന്നു. ഒരു പത്തുമുപ്പതു പെണ്ണുങ്ങളുണ്ടാവും അക്കൂട്ടത്തിൽ. പത്തും പന്ത്രണ്ടും വയസ്സുള്ള പെൺകുട്ടികളും ഉണ്ടായിരുന്നു. (അവരെല്ലാം ലഹളക്കാരായ മാപ്പിളമാരുടെ പുരകളിലെ പെണ്ണുങ്ങളാണെന്നു പിന്നീടാണു കുഞ്ഞാണ്ടിക്ക് മനസ്സിലായത്.) ചിലർ ഉറക്കെ നിലവിളിക്കുന്നു. ചിലർ തേങ്ങിക്കരയുന്നു. അറക്കാൻ തെളിച്ചു കൊണ്ടുപോകുന്ന ആട്ടിൻകൂട്ടത്തെ ഓർത്തു പോയി, കുഞ്ഞാണ്ടി.

കുറച്ചു കഴിഞ്ഞപ്പോൾ ഒരാർപ്പും വിളിയും കേട്ടു. ക്യാമ്പിൽനിന്നും വെള്ളപ്പട്ടാളക്കാരുടെ വരവാണ്—എല്ലാവരും കുടിച്ചു കുന്തം മറിഞ്ഞ മട്ടിലാണ്. ഉറക്കെ പാട്ടുപാടുന്നു. ചിലർ വായിൽ വിരലിട്ടു ചൂളം വിളിക്കുന്നു. പഹയർ ഒരു പത്തുനൂറെണ്ണമുണ്ട്.

കുഞ്ഞാണ്ടി ഒരു മരത്തിന്റെ മറവിലേക്ക് മാറിനിന്നു.

മൈതാനത്തിന്റെ നടുവിൽ തളച്ചിട്ട മാപ്പിളച്ചികളുടെ നേർക്ക് ആ വെള്ളപ്പട ഒരു കുതി കുതിക്കുന്നതു കണ്ടു.... തുടർന്ന് ഒരു കൂട്ടനിലവിളി. കുഞ്ഞാണ്ടി പിന്നെ അവിടെ

നിന്നില്ല.

പിറ്റേന്നു രാവിലെ മൈതാനത്തു ചെന്നു നോക്കിയപ്പോൾ കുരുതികഴിച്ച ഭഗവതിത്തറപോലെ ഉണ്ടായിരുന്നു ആ സ്ഥലം: പുല്ലിലും മണ്ണിലുമെല്ലാം ചോര തെറിച്ച പാടുകൾ! അറപ്പോടെ മുഖമൊന്നു കുടഞ്ഞ് ഇളിച്ചു കാട്ടിക്കൊണ്ടാണ് കുഞ്ഞാണ്ടി കഥ പറഞ്ഞവസാനിപ്പിച്ചത്.

"എന്തിനാണ് ഉമ്മച്ചികളെ മൈതാനത്തേക്ക് കൊണ്ടുപോയത്?" എന്തോ സങ്കടം മനസ്സിലടക്കിപ്പിടിച്ചുകൊണ്ട് ശ്രീധരൻ ഗദ്ഗ സ്വരത്തിൽ കുഞ്ഞാണ്ടിയോടു ചോദിച്ചു.

കുഞ്ഞാണ്ടിയുടെ വർത്തമാനം ശ്രീധരൻ ശ്രദ്ധിക്കുന്നുണ്ടെന്നു കൃഷ്ണൻമാസ്റ്റർ അപ്പോഴാണോർത്തത്. മാസ്റ്റർ മകന്റെ മുഖത്തേക്ക് രൂക്ഷമായൊന്നു നോക്കി. വിതുമ്മിക്കരയാൻ മുട്ടി നിൽക്കുന്ന ആ മുഖവും നനയുന്ന ആ മിഴികളും കണ്ടപ്പോൾ കൃഷ്ണൻമാസ്റ്റർ വല്ലാതായി. മകനെ സമാശ്വസിപ്പിച്ചുകൊണ്ട് മാസ്റ്റർ പറഞ്ഞു:

"ആ മാപ്പിളസ്ത്രീകളുടെ ഭർത്താക്കന്മാരൊക്കെ ലഹളക്കാരാണ്. അവർ കാട്ടിൽ എവിടെയാണ് ഒളിച്ചിരിക്കുന്നത് എന്ന് ഭാര്യമാരെക്കൊണ്ട് പറയിപ്പിക്കാനാണ് അവരെ മൈതാനത്തേക്കു പിടിച്ചുകൊണ്ടു പോയത്—നീ ഇതൊന്നും കേട്ട് ഇവിടെ ഇരിക്കണ്ട; പോയി പാഠം പഠിച്ചോ—"

അന്നു രാത്രി ശ്രീധരൻ ഉറങ്ങാൻ കിടന്നപ്പോൾ അത്ഭുതകരമായൊരു സ്വപ്നം കണ്ടു—സ്വപ്നമോ അർദ്ധബോധാവസ്ഥയിലെ ഭാവനാ സൃഷ്ടിയോ എന്നു നല്ല നിശ്ചയമില്ല.

കാട്ടിലെ ഒരു പച്ചപ്പുൽമൈതാനത്ത്, പാലുപോലത്തെ നിലാവിൽ, ഒരു കൂട്ടം വെളുത്ത ആടുകൾ മേഞ്ഞു കളിക്കുന്നു. ദൂരെനിന്ന് ഒരു ഓലിവിളി —ചെന്നായ്ക്കളുടെ വരവാണ് ചെന്നായ്ക്കൾ പല്ലിളിച്ച്, വാലിളക്കി, ചൂളം വിളിക്കുംപോലെ മുരണ്ടുകൊണ്ട് ആട്ടിൻകൂട്ടത്തിന്റെ നേർക്ക് കുതിച്ചു ചാടുന്നു. ആടുകളുടെ കരച്ചിലും, ചെന്നായ്ക്കളുടെ മുരൾച്ചയും ചൂളംവിളികളും കൂടിച്ചേർന്ന ഒരു ഭയങ്കര സംഗീതം, ചെന്നായ്ക്കൾ, ആടുകളുടെ പള്ളയും കൊറുവും കടിച്ചുകീറുന്നു—പിന്നെ ഇരുട്ട്— നിശ്ശബ്ദത!......

സൂര്യനുദിക്കുന്നു. മൈതാനത്തു മുഴുവനും ചുവന്ന റോസാപ്പൂക്കൾ വിരിഞ്ഞു നിൽക്കുന്നു. ശ്രീധരൻ പൂ പറിക്കാൻ കൈനീട്ടുന്നു. തൊട്ടപ്പോൾ റോസാപ്പൂ അല്ല ചോരക്കട്ടയാണ്! ചോരക്കട്ട! അതു കൈവിരലിൽ ചായം പോലെ ഒട്ടുന്നു. അരികെ വെള്ളാരങ്കല്ലിന്റെ വലിയൊരു പാറ വെയിലിൽ വെട്ടിത്തിളങ്ങുന്നു!... ശ്രീധരൻ വിരലിലെ ചോരച്ചായംകൊണ്ട് വെള്ളാരങ്കല്ലിന്മേൽ വരച്ചു—'ജഗള'.

# 14. ആകാശത്തിലെ ശത്രു

പുതിയ നിരത്തിന്റെ അപ്പുറത്ത്—ധോബികളുടെ ലൈനിന്റെ വലതു ഭാഗത്തായി—ഓടുമേഞ്ഞ ചെറിയൊരു മാളികപ്പുര ഒറ്റപ്പെട്ടു നിൽക്കുന്നു. ഒരു വശം 'വെശ' (മുളന്തട്ടി) കൊണ്ടു മറച്ച അതിന്റെ വരാന്തയിൽ നിത്യവും രാവിലെ വലിയ തിരക്കായിരിക്കും.

അടിയിൽ ഉണക്കച്ചകിരിത്തീയെരിഞ്ഞുകൊണ്ടിരിക്കുന്ന മൂന്നു ചെറിയ അടുപ്പുകൾക്കരികെ കറുത്ത കള്ളിത്തുണിയും പുള്ളിക്കുപ്പായവും ധരിച്ച ഒരു വേദക്കാരത്തി (ക്രിസ്ത്യാനി)ത്തള്ള മുട്ടുമടക്കിയിരുന്ന് ഒരു വലിയ കലത്തിൽ തയ്യാറാക്കിവെച്ച മാവ് കുറേശ്ശെ ഒരു ചിരട്ടക്കയിൽകൊണ്ടു മുക്കി അടുപ്പിനുമീതെ പ്രതിഷ്ഠിച്ച മൺചട്ടിയിലേക്കു പരത്തിപ്പകർന്ന്, കനൽ നിറച്ച മറ്റൊരു ചട്ടികൊണ്ട് അതു മൂടിവെച്ചും, ഇടയ്ക്ക് അടുപ്പുകളെ പരിചരിച്ചും, ചട്ടിയിൽ പകർന്ന മാവ് നേരിയ സീൽക്കാരത്തോടെ വരണ്ടുകൂടി പാകമായെന്നു വരുമ്പോൾ മുകളിലെ തീച്ചട്ടി മാറ്റിവെച്ച് അടിയിലെ ചട്ടിയിൽ ഒട്ടിപ്പിടിച്ച വെള്ളപ്പം ഒരു ചട്ടുകംകൊണ്ടു കോരിയെടുത്തു വാഴയില കൊണ്ടു വസ്ത്രമുടുപ്പിച്ച വലിയൊരു മുറത്തിലേക്കു നിക്ഷേപിച്ചും, അപ്പം ചുട്ടെടുത്ത ചട്ടിയിൽ വീണ്ടും മാവു പകർന്നുകൊടുക്കുന്നതിനു പ്രാരംഭമായി അതിന്റെ അകം വെളിച്ചെണ്ണ നനച്ച തുണിശ്ശീലകൊണ്ട് അമർത്തിത്തുടച്ചു മിനുക്കിയും, അവിടെ തിരക്കിട്ടു ജോലിചെയ്യുന്നതു കാണാം.

അതിരാണിപ്പാടത്തെയും പരിസരങ്ങളിലെയും ആളുകൾക്കു പ്രിയപ്പെട്ടൊരു മഹതിയാണ് ഈ 'അപ്പക്കാരത്തിഅമ്മ',

പപ്പടവട്ടത്തിലുള്ള ചെറിയ അപ്പത്തിനു വില ഒരു കാശാണ്. (പഞ്ചസാര ചേർത്തു പാകമാക്കി, വലിയൊരു പിഞ്ഞാണത്തിൽ പകർന്നുവെച്ച തേങ്ങാപ്പാൽകുഴമ്പ് ഇലക്കുമ്പിൾകൊണ്ടു മുക്കി ഓരോ അപ്പത്തിന്റെയും മീതെ പുരട്ടിക്കൊടുക്കുകയും ചെയ്യും—സൗജന്യമായി.) രണ്ടു കാശുകൊടുത്താൽ താമരപ്പൂവിന്റെ വലിപ്പമുള്ള അപ്പം കിട്ടും. അരയണ കൊടുത്താൽ ഒരു കോഴിമുട്ട മുഴുവനും ഉടച്ചു ചേർത്ത സ്പെഷ്യൽ അപ്പം!

കേൾവി വെള്ളപ്പത്തിനാണെങ്കിലും, ഇവിടെ പുട്ടും കിട്ടും. ചിരകിയ നാളികേരംകൊണ്ടു രണ്ടറ്റത്തും പൊടിപ്പും തൊങ്ങലും ചാർത്തിയ പുട്ട്, വാഴയില വിരിച്ച വേറൊരു മുറത്തിൽ ആവിപറപ്പിച്ചുകൊണ്ട് അണിനിരത്തി വെച്ചിട്ടുണ്ടായിരിക്കും—കഷ്ണത്തിനു രണ്ടു കാശ്.

കൂടാതെ വലിയൊരു മൺകുടത്തിൽ ചക്കരക്കാപ്പി (കട്ടൻകാപ്പി)യും ഒരുക്കിവെച്ചിരിക്കും. രണ്ടു കാശു കൊടുത്താൽ യഥേഷ്ടം കുടിക്കാം.

അപ്പക്കാരത്തിഅമ്മയുടെ വെള്ളപ്പം വാങ്ങിക്കൊണ്ടുപോകാനോ, അല്ലെങ്കിൽ അപ്പമോ പുട്ടോ അവിടെവെച്ചുതന്നെ സാപ്പിടാനോ പലതരം ആളുകളും രാവിലെ വന്നുകൊണ്ടിരിക്കും. ചില മാന്യഗൃഹങ്ങളിൽ നിന്നയച്ച വേലക്കാരും അപ്പത്തിനുവേണ്ടി അവിടെ കാത്തു കുത്തിയിരിക്കുന്നതു കാണാം.

കൃഷ്ണൻമാസ്റ്ററുടെ വീട്ടിലേക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം അപ്പക്കാരത്തിഅമ്മയുടെ അപ്പം വാങ്ങിക്കൊണ്ടുപോകാറുണ്ട്—ചിലപ്പോൾ ശ്രീധരനെയായിരിക്കും പറഞ്ഞയയ്ക്കുക. അപ്പോൾ ശ്രീധരന് എന്തൊരുത്സാഹമാണെന്നോ! തീൻകൊതിയല്ല പ്രധാനം—വെള്ളപ്പം ചുട്ടെടുക്കുന്ന ആ അന്തരീക്ഷത്തിൽ തെല്ലുനേരം തങ്ങിനിൽക്കാനും, അപ്പക്കാരത്തിഅമ്മയുടെ അദ്ഭുതകരമായ പാചകമുറകൾ നോക്കി രസിക്കാനുമുള്ള ഒരാകാംക്ഷ —കലത്തിൽ കലക്കിവെച്ച മാവു ചട്ടികളിലേക്കു മാറിമാറി മുക്കിയൊഴിക്കുന്നതും, പുളിപ്പിച്ച അരിമാവിന്റെയും തെങ്ങിൻകള്ളിന്റെയും കുഴമ്പ് ചട്ടിയിലെ രാസപ്രക്രിയയാൽ കൊതിപ്പിക്കുന്ന ഗന്ധത്തോടുകൂടിയ അപ്പമായി രൂപംകൊള്ളുന്നതും, മാവു പൊരിഞ്ഞുകരിഞ്ഞ് അരിപ്പപോലെയായിത്തീർന്ന വക്കുകളോടൊപ്പം അപ്പം ഉരുക്കൂടിവരുന്നതും, അതിന്റെ കൊഴുപ്പുകൂടിയ മദ്ധ്യവൃത്തത്തിൽ സൂക്ഷ്മസുഷിരങ്ങളുളവാകുന്നതും ഒക്കെ ഉറ്റു നോക്കിക്കൊണ്ട് ശ്രീധരൻ അവിടെ നേരം പോകുന്നതറിയാതെ നിന്നുപോകും.

ചിലപ്പോൾ അടുപ്പിലെ ചകിരിപ്പുകയേറ്റു കണ്ണിൽ വെള്ളം നിറഞ്ഞുവെന്നുംവരാം.

അവിടെ കണ്ടു രസിക്കാൻ കാഴ്ചകൾ വേറെയുമുണ്ടായിരുന്നു. കറുത്ത കുപ്പായവും കീറിമുഷിഞ്ഞ കാക്കിഷർട്ടും ധരിച്ച്, ജരാനര ബാധിച്ചു. കൽക്കരിച്ചാരത്തിന്റെ നിറമുള്ളൊരു സത്വം, തലയിൽ കോളാമ്പിപോലത്തെ ഒരു തൊപ്പിയുംവെച്ച് ഒട്ടും അനക്കമില്ലാതെ മുറ്റത്ത് ഒരു ക്യാൻവാസ് കസേലയിൽ വെയിൽകാഞ്ഞു കിടക്കുന്നുണ്ടാകും—അപ്പക്കാരത്തിഅമ്മയുടെ ഭർത്താവാണത്രെ —പണ്ടെങ്ങോ പെൻഷൻ പറ്റിപ്പിരിഞ്ഞൊരു റെയിൽവേ ഫോർമേൻ—അയാളവിടെ ചാവാൻവേണ്ടി കിടക്കുകയാണെന്ന് ഒരു തോന്നൽ എങ്ങനെയോ ശ്രീധരന്റെ മനസ്സിൽ കടന്നുകൂടി. അയാൾ ചത്തോ എന്ന് അരികെച്ചെന്നു നോക്കാൻ ഒരു കൊതിയും.

ആ മുറ്റത്തുതന്നെ നിത്യവും ഒരു ചിത്രകലാപ്രദർശനവുമുണ്ടായിരിക്കും. അപ്പക്കാരത്തിഅമ്മയുടെ മകൻ സ്റ്റേവ ഒരു പെയിന്ററാണ്. (ആദ്യകാലത്ത് വീടുകൾക്കു ചായംതേക്കുന്ന പണിയായിരുന്നു. ഇപ്പോൾ ബോർഡെഴുത്താണ്.) പല വർണ്ണത്തിലും മാതൃകയിലുമുള്ള ലിപികൾ ആലേഖനംചെയ്ത ബോർഡുകൾ അവിടെ ഉണങ്ങാൻ വച്ചിരിക്കുന്നതു കൗതുകകരമായൊരു കാഴ്ചയാണ്.

ഇവയ്ക്കെല്ലാം പുറമേ അവിടെ നാനാനിറങ്ങൾ നൃത്തമാടുന്ന ഒരു ചെറിയ പൂങ്കാവനവുമുണ്ട്. റോസ്, ഡാഹ്ലിയ, ചെട്ടിപ്പൂവ്! നീലച്ചെമ്പരുത്തി. അങ്ങനെ എന്തെല്ലാംതരം പുഷ്പങ്ങൾ!

ഒരുദിവസം രാവിലെ കന്നിപ്പറമ്പിൽ വിരുന്നുകാർ വന്നു. ശ്രീധരന്റെ അമ്മ, ശ്രീധരനെ വിളിച്ചു കൈയിൽ ഒരണ വച്ചുകൊടുത്ത് മെല്ലെ പറഞ്ഞു: “അപ്പക്കാരത്തിഅമ്മയുടെയവിടെപ്പോയി വേഗം അപ്പം വാങ്ങിക്കൊണ്ടുവാ.” ‘ഒരണയ്ക്കു പന്ത്രണ്ടപ്പം’ എന്നു മനസ്സിൽ കണക്കുകൂട്ടിക്കൊണ്ട് അപ്പക്കാരത്തിഅമ്മയുടെ പുരയിലേക്കോടി.

അവിടെ വല്ലാത്ത തിരക്ക്. മുച്ചീട്ടുകളിക്കുംപോലെ അപ്പക്കാരത്തി അമ്മയുടെ കൈകൾ ചലിക്കുന്നു. കക്ഷികൾ അക്ഷമരായി നിൽക്കുന്നു.

അപ്പവും കാത്തുനിന്ന മട്ടത്തവരെ ആയമ്മ പുട്ടുതിന്നാൻ ക്ഷണിക്കുന്നു.

കാൽമണിക്കൂറിനുശേഷം ശ്രീധരന്റെ ഊഴം വന്നു. തള്ള അപ്പം പന്ത്രണ്ടും ചുട്ടെടുത്തു തേങ്ങാപ്പാലഭിഷേകവും നടത്തി വാട്ടിയ വാഴയിലയിൽപ്പൊതിഞ്ഞ് ഒരു കടലാസിൽ കെട്ടിക്കൊടുത്തു.

പൊതി രണ്ടു കൈകൊണ്ടും പിടിച്ച് ശ്രീധരൻ ധൃതിയോടെ നടന്നു. വീട്ടിൽ വിരുന്നുകാർ കാത്തിരിക്കുന്നുണ്ടാകും. മുറ്റത്ത്, ചിത്രകാരൻ സ്റ്റേവയുടെ അണിയറയ്ക്കടുത്തെത്തിയപ്പോൾ ശ്രീധരന്റെ ഗതി മന്ദീഭവിച്ചു. ഒന്നു നിന്നു നോക്കി. അവിടെയെത്തുമ്പോൾ ചില മോഹങ്ങളുദിക്കും—ബോർഡിലെ ചായം ഉണങ്ങിയോ എന്നൊന്നു തൊട്ടുനോക്കാൻ—ഒഴിഞ്ഞ കുപ്പി ടർപ്പൻടൈൻ എണ്ണയുടേതാണോ എന്നൊന്നു മണത്തുനോക്കാൻ—ചിരട്ടയിലെ അവശേഷിച്ച ചായക്കൂട്ടിൽ വിരൽമുക്കി പുതിയ മരപ്പലകയിൽ 'ചായം' എന്ന് ഒന്നെഴുതാൻ, അങ്ങനെ പലതും. എന്നാൽ, അവിടെ ആരെങ്കിലും വന്നു നിൽക്കുന്നതും നോക്കുന്നതും ഒന്നും ആ പുഴുപ്പല്ലൻ സ്റ്റേവയ്ക്കിഷ്ടമല്ല. മുറിക്കാലുറമാത്രം ധരിച്ചു കുനിഞ്ഞിരുന്നു കൈയിലെ ഈർക്കിൽപോലുള്ള തൂലിക അരികെ ചിരട്ടയിൽ കലക്കിവെച്ച ചായത്തിൽ ഇടയ്ക്കിടെ ഒന്നു തൊട്ടുവിച്ച്, മുമ്പിൽ മലർത്തിവെച്ച വലിയ പലകയിൽ വരകളും വള്ളികളും അക്ഷരങ്ങളും വാക്യങ്ങളും സൂക്ഷമതയോടെ വിരചിക്കുന്ന വൃത്തികെട്ട സ്റ്റേവ, ശ്രീധരന്റെ നിഴൽ അടുത്തു കണ്ടാൽ ഉടനെ 'പോയ്ക്കോപോയ്ക്കോ' എന്നു നായയെപ്പോലെ കുരയ്ക്കാൻ തുടങ്ങും. ആ ബോർഡുകളിൽ എഴുതിവെച്ചതു നേരാംവണ്ണം വായിക്കാനും വയ്യ —സ്റ്റേവ, എഴുതിത്തീർത്ത ബോർഡുകളെല്ലാം ഉണങ്ങാൻ വയ്ക്കുന്നത് തലതിരിച്ചായിരിക്കും. ദുഷ്ടൻ! ആളുകൾ ഒന്നു വായിച്ചുപോയാലെന്താ, എഴുത്തു മാഞ്ഞുപോകുമോ?

ആ ബോർഡുകളിൽ ഒന്നെങ്കിലും വായിക്കാതെ സ്ഥലംവിടുകയില്ലെന്ന് ശ്രീധരൻ മനസ്സിൽ നിശ്ചയിച്ചു. ഒരു ചെമ്പരത്തിമരത്തിന്റെ കടയ്ക്കൽ വെച്ച — തലതിരിച്ചുതന്നെ— ബോർഡ് തെരഞ്ഞെടുത്തു. അതിൽ അക്ഷരങ്ങൾ കുറച്ചേയുള്ളൂ. അതിനെക്കൊണ്ടൊന്നു സംസാരിപ്പിക്കണം.

കൈയിലെ കടലാസുപൊതി കാഴ്ച മറയ്ക്കാതിരിപ്പാൻ പിറകിലേക്കു മാറ്റിപ്പിടിച്ചു ദേഹം കഴിയുന്നത്ര കുനിച്ച്, മുഖം ചെരിച്ച് ഒരു യോഗാഭ്യാസ മട്ടിൽ അങ്ങനെ നിരീക്ഷിച്ചപ്പോൾ ബോർഡിലെ അക്ഷരങ്ങൾ കഷ്ടിച്ചു വായിക്കാൻ കഴിഞ്ഞു:

"ഇവിടെ ഹരജി മുതലായവ ടൈ.....

പെട്ടെന്ന് ശ്രീധരന് പുറത്തൊരു മതിലിടിഞ്ഞുവീണപോലെ തോന്നി. ഞെട്ടിപ്പിടഞ്ഞ് ഞെളിഞ്ഞുപിരിഞ്ഞു പൊങ്ങി. 'പ്ടപ്ട' എന്ന ചിറകടിയും തുടർന്നു. തലയ്ക്കുമീതെ ഒരു പരുന്തിന്റെ വിശ്വരൂപവും!........കൈയിലെ അപ്പപ്പൊതി പരുന്തു റാഞ്ചിക്കൊണ്ടുപോയ കോലാഹലമാണ്.

പൊതി തട്ടിപ്പറിക്കുന്ന പരാക്രമത്തിൽ പരുന്ത് നീണ്ടുകൂർത്ത നഖം കൊണ്ടു ശ്രീധരന്റെ നഗ്നമായ പുറത്തും ചുമലിലും നല്ലൊരു മാന്തും പാസ്സാക്കിക്കൊടുത്തിട്ടുണ്ടായിരുന്നു.

നടുപ്പുറത്ത് നീറ്റലും പുകച്ചിലും തോന്നി. ശ്രീധരൻ പുറമൊന്നു തപ്പി നോക്കി. ചോരയൊലിക്കുന്നു. മേൽപ്പോട്ടു നോക്കി. അപ്പപ്പൊതി കാലിൽ ഇറുക്കിപ്പിടിച്ച് പരുന്ത് ഒരു തെങ്ങിന്റെ ഉയരത്തിലെത്തിക്കഴിഞ്ഞു. നാലു പാടും നോക്കി. കൈയിൽ തൂലികയും

പൊക്കിപ്പിടിച്ച ചിരിക്കുന്ന പുഴപ്പല്ലൻ സ്റ്റേവ.

അപ്പം വാങ്ങാൻ പോയ മകൻ ഒരു കത്തിക്കുത്തിലേർപ്പെട്ടതുപോലെ ദേഹത്തു ചോരയൊലിപ്പിച്ചു കരഞ്ഞുകൊണ്ടു വരുന്നതു കണ്ടപ്പോൾ കൃഷ്ണൻമാസ്റ്റർ വല്ലാതെ പരിഭ്രമിച്ചു.

"അപ്പം—പരുന്ത്—കൊണ്ടോയി— ശ്രീധരന് ചിണുങ്ങിക്കൊണ്ട് പറഞ്ഞു.

"പോട്ടെ, സാരമില്ല—" മാസ്റ്റർ മകനെ സമാശ്വസിപ്പിച്ചു. പിന്നെ അവനെ ആകപ്പാടെയൊന്നു നോക്കി മാസ്റ്റർ ചോദിച്ചു:

"നിന്റെ പുറത്തെങ്ങനെ മുറിപറ്റി?"

"പരുന്തു മാന്തി." ശ്രീധരൻ താഴെ നോക്കി മൊഴിഞ്ഞു.

"അപ്പം പുറത്താണോ വച്ചിരുന്നത്?" ശ്രീധരൻ പറഞ്ഞതിന്റെ യുക്തി മനസ്സിലാവാതെ മാസ്റ്ററുടെ വിചാരണ.

ഉത്തരമില്ല.

ദേഹത്തിലെ ചോര കഴുകി മരുന്നു പുരട്ടിക്കൊടുക്കുമ്പോൾ അമ്മയോട് ശ്രീധരൻ കാര്യങ്ങൾ നടന്നപോലെ പറഞ്ഞു. അമ്മ അച്ഛനോടു പറഞ്ഞു. പ്രാതലിന് അപ്പം കിട്ടിയില്ലെങ്കിലും വിരുന്നുകാർക്കു ചിരിക്കാൻ നല്ലൊരു വകകിട്ടി....

അന്നുമുതൽക്ക് ശ്രീധരന് ആകാശത്തിൽ ഒരാജീവനാന്തശത്രുവുണ്ടായി— കൃഷ്ണപ്പരുന്ത്.

# 15. ആയിശ്ശ

മരക്കൊത്തന്റെ ആശാരി നീലാണ്ടൻ ശ്രീധരനു വീട്ടിമരംകൊണ്ട് ഒരു ഉരുൾവടി ഉണ്ടാക്കിക്കൊടുക്കാമെന്ന് ഒരിക്കൽ പറഞ്ഞിരുന്നു. ആ ആശാരിക്ക് എപ്പോഴും പണിത്തിരക്കാണ്. അടുത്തു ചെന്നിരുന്നാൽ അവന്റെ അച്ഛൻ മേലാശാരി ചെറുകുഞ്ഞനെപ്പറ്റിയുള്ള വീരകഥകൾ വർണ്ണിക്കുന്നതു കേൾക്കണം. ചെറുകുഞ്ഞനാശാരി പാതിരിസായ്പിന് ഒരു തിരിയുന്ന കസാല ഉണ്ടാക്കിക്കൊടുത്തത്; ചെറുകുഞ്ഞനാശാരി മൊഹറക്കാലത്ത് പഠാണികൾക്കു മരംകൊണ്ട് ഒരു കൂടാരം കടഞ്ഞുകൊടുത്തത്; അങ്ങനെ മരിച്ചുപോയ തന്തയുടെ പല അദ്ഭുതവേലത്തരങ്ങളും—കഥകൾ പറഞ്ഞു കാലംകഴിച്ച് റൂൾവടിയുടെ കാര്യം അങ്ങനെ ഉരുണ്ടുരുണ്ടുപോയി.

നീലാണ്ടനെ ഒന്നു പിടിച്ചിരുത്തണം എന്ന ദൃഢനിശ്ചയത്തോടെ ഒരു ദിവസം വൈകുന്നേരം ശ്രീധരൻ മരക്കൊത്തന്റെ പുരയിലേക്കു ചെന്നു. നീലാണ്ടൻ ഒരു പ്ലാവിന്റെ കസേലയ്ക്കു കൈയും കാലും ഉഴിഞ്ഞുകൊണ്ടിരിക്കയായിരുന്നു. മരക്കൊത്തൻ കോലായിൽ തന്റെ സ്ഥിരം മൂലയിലിരുന്നു പഞ്ചാംഗം നോക്കുന്നു. (മരക്കൊത്തൻ പതിവായി ഏകാദശി നോൽക്കും.)

ശ്രീധരൻ, ആശാരിയുടെ അരികെ ഒരു വലിയ മരക്കഷണത്തിന്മേൽ ആസനസ്ഥനായി. പ്ലാവിന്റെ സ്വർണ്ണവർണ്ണത്തിലുള്ള ചീപ്പുളിപ്പൂളുകൾ അവിടെ കൂടിക്കിടന്നിരുന്നു. കലക്ടർസായ്പിന്റെ മദാമ്മയുടെ തല ഓർമ്മ വന്നു ശ്രീധരന്.

ചെറുകുഞ്ഞനാശാരി നാടുവാഴിത്തമ്പുരാനു കാഴ്ചവയ്ക്കാൻ പതിനാറു കള്ളറയുള്ളൊരു ചന്ദനപ്പെട്ടി ഉണ്ടാക്കിയ കഥ പറഞ്ഞുകൊണ്ടു വരികയായിരുന്നു, നീലാണ്ടൻ. അപ്പോൾ വയറ്റത്തു കൈയമർത്തിപ്പിടിച്ച് വിക്കിവിക്കിക്കരഞ്ഞുകൊണ്ട് കൊതുഗോപാലൻ പടികേറി വരുന്നതു കണ്ട്, ആശാരിയും ശ്രീധരനും അങ്ങോട്ടു നോക്കി. കൊതുഗോപാലൻ മുറ്റത്തെത്തിയപ്പോഴാണ് മനസ്സിലായത്, ആൾ വയറുവേദനകൊണ്ടു കരയുകയല്ല, ചിരിയടക്കാൻ കഴിയാതെ കുഴങ്ങുകയാണെന്ന്.

ഗോപാലൻ കോലായിൽ കേറി. പഞ്ചാംഗം നോക്കുന്ന മരക്കൊത്തന്റെ മുമ്പിലെ ഒരു ബഞ്ചിൽ കമിഴ്ന്നുവീണ് ഘ്ലുമു ഘ്ലുമു—ഘ്ലുമു ഘ്ലുമു—എന്ന് ചിരി തുടങ്ങി.

"എന്താ കോവാലാ—നെനക്ക് അവസ്മാരെളകേ്യാ?" മരക്കൊത്തന്റെ ചോദ്യം.

"അവഹസ്മാര്ല്ഹ—വെഹ്ള്ളക്കാരൻ വെഹ്ള്ളക്കാരൻ..." ഗോപാലൻ ഘ്ലുമുഘ്ലുമു എന്നു ചിരി തുടങ്ങി.

"എന്താ, വെള്ളക്കാരൻ സായ്പ് കളസത്തിൽ തൂറേ്യാ?" മരക്കൊത്തന്റെ നാറിയ ഫലിതം.

"ഌഹാ—ഌഹാ—ഒരു വെള്ളപ്പട്ടാളക്കാരൻ—ഹ്ഘ്ലും കൊശവന്റെ വയ്യാലെ പാഞ്ഞു. പെണ്ണാണെന്നു വിചാരിച്ചു പ് പ് പിടിക്കാൻ........

കസേല തട്ടിക്കൂട്ടിക്കൊണ്ടിരുന്ന നീലാണ്ടനും, ഉരുൾവടിധ്യാനത്തിലിരുന്നിരുന്ന ശ്രീധരനും ചെവി വട്ടംപിടിച്ചു.

വിക്കിയും വിതുമ്മിയും ഘുമുഘുമുച്ചിരിച്ചുംകൊണ്ടു കൊതുഗോപാലൻ പറഞ്ഞൊപ്പിച്ച സംഭവകഥയുടെ ചുരുക്കം ഇതായിരുന്നു:

വൈകുന്നേരം അങ്ങാടിയിൽനിന്ന് ഉപ്പുമുളകുസാമാനങ്ങൾ വാങ്ങി മുണ്ടിൽക്കെട്ടി മാറത്തു തൂക്കിയിട്ടുകൊണ്ട് ഒരു കുശവൻ പുരയിലേക്കു മടങ്ങുകയായിരുന്നു. അപ്പോൾ കുടിച്ച് കുന്തംമറിഞ്ഞൊരു വെള്ളപ്പട്ടാളക്കാരൻ കൂട്ടംതെറ്റി അവിടെ എത്തിച്ചേർന്നു. നീണ്ട തലമുടി പിറകിൽ അഴിച്ചിട്ടു നീങ്ങുന്ന കുശവനെ പിന്നിൽനിന്നു കണ്ടപ്പോൾ പെണ്ണാണെന്നു വിചാരിച്ച് വെള്ളപ്പട്ടാളക്കാരൻ പിടിക്കാനോടി. ജഗളക്കാരനാണെന്നു തെറ്റിദ്ധരിച്ച് പട്ടാളക്കാരൻ തന്നെ പിടിക്കാൻ വരികയാണെന്നു കരുതി, "മാപ്പള അല്ലാ—മാപ്പള അല്ലാ..." എന്നു നിലവിളിച്ചുകൊണ്ടു പാവം കുശവൻ പ്രാണനും കൊണ്ടു കുതിച്ചു. കുശവനും വെള്ളക്കാരനും മുമ്പിലും പിമ്പിലുമായി മത്സരിച്ചോടുന്നതു കണ്ട് ആളുകൾ കൂക്കിവിളിച്ചു. കുശവൻ പെട്ടെന്ന് അയ്യപ്പന്റെ ചായപ്പീടികയിൽ ചാടിപ്പറ്റി അകത്തു കേറി ഒളിച്ചു. 'പെണ്ണ്' രക്ഷപ്പെട്ട വഴി നിശ്ചയമില്ലാതെ വെള്ളക്കാരൻ അവിടെ ചുറ്റിത്തിരിഞ്ഞു. ആളുകൾ കൂക്കിയാർത്തു. അപ്പോൾ, വെള്ളക്കാരൻ ക്രോധനൈരാശ്യപ്പിശാചായി മാറി മുന്നിൽ കണ്ടവരെയെല്ലാം മുഷ്ടിചുരുട്ടി ഇടിക്കാൻ തുടങ്ങി. അപ്പോഴേക്കും ഒരു മിലിട്രി ലോറി അവിടെയെത്തി ആ കാമഭ്രാന്തനെ അതിൽ പിടിച്ചിട്ടു കൊണ്ടുപോയി.

കഥ കേട്ടു മരക്കൊത്തൻ കുറേനേരം ചിരിച്ചു. (മരക്കൊത്തൻ ചിരിക്കുന്നത് ശ്രീധരൻ ആദ്യമായിട്ടാണു കാണുന്നത്. കണ്ണു മുറുകെ ചിമ്മി മൂക്കു ചുളിച്ചു മുഖം മേലോട്ടും താഴോട്ടും മെല്ലെ ആട്ടിക്കൊണ്ടാണ് മരക്കൊത്തന്റെ ചിരി—ഇടയ്ക്കിടെ ചങ്കിൽനിന്ന് ഒരേങ്ങലും കേൾക്കാം.)

മരക്കൊത്തന്റെ ഭാര്യ വള്ളിക്കുട്ടി അടുക്കളവാതില്ക്കൽനിന്നു വാ പൊത്തി ചിരിക്കുന്നതു കേട്ടു കൊതുഗോപാലൻ തമാശയോടെ ചോദിച്ചു. "ചെപ്പുകുടത്തീന്നു വെള്ളം തള്ളുംപോലെ അടുക്കേളന്ന് എന്താണൊരു ശബ്ദം?"

അപ്പോൾ ഗോപാലൻചോവനോട് ആശാരിനീലാണ്ടൻ ഒരു ശോദ്യം:

"വെള്ളക്കാരൻ വാലുള്ള ജാതിയായിരുന്നോ?"

ആ വേളയിലാണ് മീശക്കണാരൻ അങ്ങോട്ടു കേറിവന്നത്.

എല്ലാവരും ചിരിക്കുന്നതു കണ്ടു കാര്യം മനസ്സിലാവാതെ മീശ കുറച്ചു നേരം മിഴിച്ചുനിന്നു. പിന്നെ നെഞ്ഞടിച്ചുകൊണ്ട് ഉറക്കെ ഒരു നിലവിളി: "ഇനി എനിക്കാരാണോ?......"

മീശ വലിയ തമാശക്കാരനാണ്—മാപ്പിളമാരെപ്പോലെ സംസാരിക്കും. ആളുകളെ അസ്സലായി അനുകരിക്കും. ഭർത്താവു മരിച്ച് അരികെക്കിടക്കുന്ന പെണ്ണിന്റെ കരച്ചിലും പറച്ചിലുമാണ് മീശയുടെ മാസ്റ്റർപീസ്. ഭർത്താവു ചത്ത് അരികെക്കിടക്കുമ്പോൾ ഭാര്യയുടെ സ്വാർത്ഥവിചാരം പുറത്തു ചാടുന്നു: ഇനി ആരാണ്?

എന്നാൽ മീശയുടെ ഹാസ്യപ്രകടനം ഇപ്പോൾ ഇവിടെ വിലപ്പോയില്ല. അതിലും മികച്ച തമാശക്കഥ കേട്ടു ചിരിച്ചു കുഴങ്ങിയിരിക്കയായിരുന്നു. സഭാവാസികൾ.

വെള്ളക്കാരന്റെയും കുശവന്റെയും പ്രണയകഥ കൊതുഗോപാലൻ മീശയെ കേൾപ്പിച്ചപ്പോൾ മീശ, അപസ്മാരമിളകിയപോലെ കൂക്കിവിളിച്ചു മുറ്റത്തുകിടന്നുരുളാൻതുടങ്ങി.

അപ്പോൾ കേൾക്കുന്നു, പടിക്കൽനിന്ന് ഒരു വിളി: "അപസ്മാരത്തിരി — അപസ്മാരത്തിരി..." തുടർന്ന് ഇഴഞ്ഞ സ്വരത്തിൽ ഒരു നീണ്ട പാട്ടും—"കസ്തൂരി കുന്തുരുക്കം—പീന്നാറി, പൂച്ചരോമം...." അങ്ങനെ ആ തിരിയിൽ ചേർത്തിരിക്കുന്ന നൂറ്റൊന്നു മരുന്നുകളുടെ പേരുകൾ കോർത്തു കെട്ടിയ പാട്ട്.

പാട്ടുകാരൻ പടികേറി വന്നു. മൈലാഞ്ചി തേച്ചു ചോപ്പിച്ച നീണ്ട താടിയും, ചെമ്പുകിണ്ണംപോലെ മിന്നുന്ന കഷണ്ടിയുമുള്ള ഒരു പടുകിഴവൻ മാപ്പിള. ഒരു നീണ്ട കോട്ടു ധരിച്ചിരിക്കുന്നു. വലത്തേ കൈയിൽ തുണിശ്ശീല ചുറ്റിയ ഒരു കോൽത്തിരിയും, ഇടത്തേ ചുമലിൽ ഒരു മാറാപ്പും.

കൊതുഗോപാലൻ മരക്കൊത്തന്റെ അരികിലേക്കു നീങ്ങി ചെവിയിൽ എന്തോ മന്ത്രിച്ചു. മരക്കൊത്തൻ മരുന്നുകാരൻമാപ്പിളയെ മിഴിച്ചുനോക്കി തലകുലുക്കി.

നിശ്ശബ്ദത.

അപസ്മാരത്തിരിക്കാരൻ മാപ്പിള വലിയ ക്ഷീണഭാവത്തിൽ കോലായിൽക്കേറി ഇരുന്നു.

"കൊറച്ചു തണ്ണീ—കുടിക്കാൻ." കിഴവൻ കിതപ്പോടെ പറഞ്ഞു.

മരക്കൊത്തൻ കൈ പിറകിലേക്കു നീട്ടി അടുക്കളയിലേക്ക് ആംഗ്യം കാട്ടി: കൊട്ടുക്കലേ്ല—

മീശ മുറ്റത്തുനിന്നെണീറ്റു മാപ്പിളയുടെ അടുത്തു ചെന്ന് അയാളുടെ ചെവിയിൽ ചോദിച്ചു: "ജഗളക്കാര് പ്പളെവെടെയ്ത്തീ?"

ചോദ്യം കേട്ടു കിഴവൻ അന്ധാളിച്ചു.

അപ്പോൾ കൊതുഗോപാലൻ ഉറക്കെ പറഞ്ഞു: "ഏയ് മൂപ്പരേ—നിങ്ങളെ അവസാനത്തിരിയുംകൊണ്ടു പോയ്ക്കോളീം, വേഗം—അതാണു നല്ലത്—"

അപ്പോൾ മീശയുടെ മറ്റൊരുപദേശം: "ഏയ് കാക്കാ, അങ്ങാടീല് അയ്യപ്പന്റെ ചായപ്പീടേയ്രലേക്കു വേഗം ചെല്ലീൻ—അവടെ അടുത്ത് ഒരു കൊശവൻ അവസ്മാരെളകിക്കിടക്കുന്നുണ്ട്......"

കിഴവൻമാപ്പിള എന്തോ പിറുപിറുത്തുകൊണ്ട് എണീറ്റു വിഷണ്ണഭാവത്തിൽ ഭാണ്ഡവും പെറുക്കി ചുമലിലിട്ടു നടന്നു.

കിഴവൻമാപ്പിള പടിയിറങ്ങി പോയപ്പോൾ കൊതുഗോപാലൻ പല്ലു ഞെരിച്ചുകൊണ്ടു പറഞ്ഞു: "ഒരു തമശോം ല്യ, ജഗളക്കാര്ടെ ഏശനാണ്. പൊരേം, ആളേം ഒക്കെ നോക്കി മനസ്സിലാക്കാൻ പൊറപ്പെട്ടു വന്നിരിക്യാണ്. ഹ്ഹം—ഓന്റെ ഒരവസാനത്തിരി...."

"വെള്ളം ചോദിച്ചത് പെണ്ണുങ്ങളെക്കാണാനാ......." മരക്കൊത്തൻ മൂക്കു ചുളിച്ചുകൊണ്ടു പറഞ്ഞു.

"അത് നേരാണ്." വള്ളിക്കുട്ടി അടുക്കളയിൽനിന്നു മൊഴിഞ്ഞു: "അപ്പഹേന്റെ നോട്ടം അകത്തേക്കായിരുന്നു!"

"വേലപ്പാ, പണപ്പെട്ടി എവിടെങ്കിലും ഒളിപ്പിച്ചു കുഴിച്ചിട്ടോ— അതാണു നല്ലത്!"—കൊതുഗോപാലന്റെ ഉപദേശം.

മീശ കുറച്ചുനേരം ആലോചനാമഗ്നനായി നിന്നു. (മീശ മുഖം കുനിച്ച്

ഇടതുചുമലിലേക്കു ദൃഷ്ടിതറപ്പിച്ചു നില്ക്കുന്ന ആ പോസ് കണ്ടാൽ തീരുമാനിച്ചു കൊള്ളണം, മൂപ്പർ എന്തോ ഗൗരവമായ ആലോചനയിലാണെന്ന്.)

പെട്ടെന്നു മീശ മുഖമുയർത്തി: "ഞാൻ ഓടിപ്പോയി ആ കള്ളപ്പഹയന്റെ മൈലാഞ്ചിത്താടി ഒന്നു പിടിച്ചുവലിച്ചുനോക്കിയാലോ—അത് കെട്ടിപ്പിടിപ്പിച്ചതായിരിക്കണം —"

"വേണ്ടെടോ കണാരാ." മരക്കൊത്തൻ വിലക്കി: "അയാൾ അയാളുടെ പാട്ടിനു പോട്ടെ."

അതാണു നല്ലതെന്ന് കൊതുഗോപാലനും അഭിപ്രായപ്പെട്ടു. ഉപ്രദവിച്ചാൽ അയാൾ പകവെച്ചു ജഗളക്കാരെ ആദ്യമായി കൂട്ടിക്കൊണ്ടുവരുന്നത് ഇങ്ങോട്ടായിരിക്കും.

മീശ ഒന്നുകൂടി ചുമലിലേക്കു നോക്കി ആലോചിച്ചു; അടങ്ങി.

"ഹാങ്—ഞാനൊരു സംഗതി പറയാനാണ് ഇങ്ങോട്ടു വന്നത്." മീശ മരക്കൊത്തന്റെ അരികിലേക്കു നീങ്ങി, കൊതുഗോപാലന്റെ ബഞ്ചിൽ ഇരുന്നു: "വെള്ളക്കാരന്റെ കഥയും, അവസ്മാരത്തിരിക്കാരന്റെ വരവും ഒക്കെക്കൊണ്ട് അക്കാര്യം മറന്നു...."

"പറ കണാരാ, എന്താ സംഗതി?" മരക്കൊത്തൻ ജിജ്ഞാസാസ്വരത്തിൽ തെരക്കി.

"നമ്മളെ കുനൻവേലൂന്റേം ആച്ചയുടേയും കഥയറിഞ്ഞോ?"

മീശ സങ്കടസ്വരത്തിൽ ചോദിച്ചു.

ഇല്ല എന്ന അർത്ഥത്തിൽ മരക്കൊത്തൻ രണ്ടു മൂളൽ മൂളി.

"എങ്ങനെ അറിയാനാ—ആരെങ്കിലും ഇങ്ങോട്ടു വന്നു പറഞ്ഞുകേട്ടാലല്ലാതെ...?" അടുക്കളയിൽനിന്നു വള്ളിക്കുട്ടിയുടെ ഭാഷ്യം.

"അടുക്കളേല് എന്തെങ്കിലും പണീണ്ടോന്ന് പോയി നോക്കെടീ—ആണുങ്ങളെ തൊള്ളേലേക്കും നോക്കി നിക്കാതെ ഫോ!" മരക്കൊത്തൻ ഭാര്യയെ അടുപ്പിനടുത്തേക്ക് ഓടിച്ചു.

തട്ടിക്കൂട്ടിയ കസേലയും താങ്ങിപ്പിടിച്ച്, നീലാണ്ടൻ കോലായിലേക്കു കേറി; കിസ്സകേൾക്കാൻ പാകത്തിൽ. ആശാരിയുടെ രംഗപ്രവേശം മരക്കൊത്തന് അത്ര രസിച്ചില്ല എന്ന് ആ മുഖഭാവം വ്യക്തമാക്കി. എന്നാൽ ഒന്നും പറഞ്ഞില്ല.

ശ്രീധരനും മെല്ലെ കോലായിൽ ചുറ്റിപ്പറ്റിനിന്നു.

മീശ സഹതാപസ്വരത്തിൽ തുടർന്നു: "അവരുടെ കാര്യം വല്യ സങ്കടത്തിലാണ്, കേട്ടോ—ആച്ച ഒന്നും മിണ്ടാതെ, അനങ്ങാതെ അകത്തു കുത്തിയിരിക്കുന്നു—കുനൻ അങ്ങനെത്തന്നെ കോലായിലും—ആരെങ്കിലും അങ്ങോട്ടു കേറിച്ചെല്ലുന്നതു കണ്ടാൽ കുനൻ ദേഷ്യപ്പെടും. പരിചയമില്ലാത്ത ആളെപ്പോലെ...."

"എന്തോ പേർതം. കൂടേയതായിരിക്കും." കൊതുഗോപാലൻ പറഞ്ഞു.

"രണ്ടാൾക്കും ഒപ്പം പേർതം. കൂടേവാ?" മീശ ചോദിച്ചു.

"എന്നാണ് ഇതു തൊടങ്ങേയത്?" മരക്കൊത്തന്റെ വിചാരണ.

"അഞ്ചാറു ദെവസമായി തൊടങ്ങീട്ട്." മീശ. ഒരു ബീഡി കത്തിച്ചു കൊണ്ടു പറഞ്ഞു. പിന്നെ മരക്കൊത്തന്റെ അരികിലേക്കു കുറേക്കൂടി നീങ്ങിയിരുന്നുകൊണ്ട്

സ്വകാര്യമായി അറിയിച്ചു: “ശരിക്കു പറഞ്ഞാൽ കുഞ്ഞാണ്ടി അവിടെ വന്നുപോയ ദിവസം തൊടങ്ങ്യതാണ്.”

മരക്കൊത്തനും കൊതുവും മുഖത്തോടുമുഖം നോക്കിയിരുന്ന് ആലോചിച്ചു. കുഞ്ഞാണ്ടി അവിടെ വന്നുപോയ ദിവസംമുതല്ക്ക്—അപ്പോൾ കുഞ്ഞാണ്ടി എന്തോ ചെയ്തതായിരിക്കും.

“കുഞ്ഞാണ്ടി അവർക്കു മരുന്നു കൊടുത്തോ?” മരക്കൊത്തൻ മനസ്സിലുദിച്ചത് ഉറക്കെ പറഞ്ഞുപോയി. “ഹൈ!—അങ്ങനെ വരാനിടയില്ല.” എന്നു തന്റെ നിഗമനം ഉടൻ തിരുത്തുകയും ചെയ്തു.

പെങ്ങളെ കൂനനെക്കൊണ്ടു കല്യാണം കഴിപ്പിക്കാൻ മുൻകൈയെടുത്തത് കുഞ്ഞാണ്ടിതന്നെയായിരുന്നു. കണ്ടാൽ നല്ല അഴകുള്ളൊരു പെണ്ണാണ് ആച്ച. പക്ഷേ, ഒരിക്കൽ പിഴച്ചുപോയി. ഒരു കൺട്രാക്റ്റർ കുട്ടാപ്പുവിന്റെ ഗർഭം പെറ്റു. കുട്ടി ചത്തു. കൺട്രാക്റ്റർ കുറച്ചു പണവും കൊടുത്തു. എന്നാൽ അതു നാട്ടുമുഴുവൻ പാട്ടായി. ആങ്ങളക്കുഞ്ഞാണ്ടി ആച്ചയ്ക്ക് ഒരു ഭർത്താവിനെത്തേടി നടന്നു. കൂനൻവേലു, ആദ്യഭാര്യ കോച്ചി മരിച്ചു ദുഃഖിച്ചിരിക്കുന്ന കാലമായിരുന്നു. വേലുവിന് ഒരു സന്താനമേ ഉണ്ടായിരുന്നുള്ളൂ. ആ ചെക്കൻ എങ്ങോ നാടുവിട്ടുപോയി. കൂനനു പുരയിൽ എന്തെങ്കിലും വെച്ചുകാച്ചാൻ ഒരാൾ വേണം. പെണ്ണിനോടൊപ്പം കുറച്ചു പണവും കിട്ടുമെന്നു മനസ്സിലായപ്പോൾ കൂനൻ ആച്ചയെ കല്യാണം കഴിക്കാമെന്നു സമ്മതിച്ചു. അങ്ങനെയാണ് കൂനൻവേലുവിന് നല്ല ആമാടപോലുള്ള ആച്ചപ്പെണ്ണിനെ കിട്ടിയത്. കാര്യങ്ങളുടെ കിടപ്പ് അങ്ങനെയിരിക്കെ, കുഞ്ഞാണ്ടി എന്തിനു പെങ്ങൾക്കും അളിയനും മരുന്നു കൊടുക്കുന്നു?

കുറച്ചുനേരം അടങ്ങിയിരുന്ന മീശ, ഒരു പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: “കുഞ്ഞാണ്ടി അവർക്കു കൊടുത്തത് മരുന്നല്ലാ—പിന്നേ്യാ—അതു പറയാം.”

ചെത്തുകാരൻ അപ്പു തന്നോടു പറഞ്ഞ ഒരു രഹസ്യം മീശ, അവരുടെ മുന്നിൽ വിളമ്പി.

അപ്പു വൈകുന്നേരത്തെ ചെത്തിനു കൂനൻവേലുവിന്റെ പുരയുടെ പിൻ മുറ്റത്തെ തെങ്ങിൽ കയറിയതായിരുന്നു—കുഞ്ഞാണ്ടി പട്ടാളക്യാമ്പിൽ നിന്നു പെങ്ങളെ കാണാൻ വന്നുപോയ ദിവസം വൈകുന്നേരം—അപ്പു തെങ്ങുചെത്തി ഇറങ്ങുമ്പോൾ പുരയുടെ ജനാലയിലൂടെ അകത്ത് ഒരു കാഴ്ച കണ്ടു. കൂനൻവേലുവും ആച്ചയും കുനിഞ്ഞുനിന്ന് ഒരു പെട്ടിയിൽ നിന്ന് എന്തോ എടുത്തു പരിശോധിക്കുന്നു. അപ്പു ഒന്നു നോക്കി, കണ്ണു മഞ്ഞളിച്ചുപോയി. ജനാലയിലൂടെ വീഴുന്ന പോക്കുവെയിലിൽ ആച്ചയുടെ കൈയിൽ വലിയൊരു സ്വർണ്ണമാല വെട്ടിത്തിളങ്ങുന്നു. വേലുവിന്റെ കൈക്കുടന്നയിലും എന്തൊക്കെയോ ഉരുപ്പടികൾ കിടന്നു മിന്നുന്നു. അപ്പു നിലത്തിറങ്ങി. മുറ്റത്തൂടെ മടങ്ങുമ്പോൾ ജനാലയിലൂടെ അകത്തേക്കൊന്ന് ഏന്തിനോക്കണമെന്നുണ്ടായിരുന്നു. എന്നാൽ കൂനൻ ജാലകപ്പൊളികൾ അടച്ചുകളഞ്ഞു.

മീശ പറഞ്ഞു: “ഇപ്പോൾ മനസ്സിലായോ? കുഞ്ഞാണ്ടി നല്ലൊരു നിധി പെങ്ങളുടെ കൈയിൽ സൂക്ഷിക്കാൻ കൊണ്ടുക്കൊടുത്തിട്ടുണ്ട്—ആച്ചയും കൂനനും രാപ്പകലൊരുപോലെ ആ നിധിയും കാത്തു കുത്തിരിക്ക്വാണ്.”

“കുഞ്ഞാണ്ടിക്കു നിധി കിട്ട്യേത്ത് എവിടന്നായിരിക്കും?” മരക്കൊത്തൻ

അദ്ഭുതത്തോടെ ചോദിച്ചു.

"മണ്ണിന്നടീന്നു കിട്ട്യ നിധിയൊന്ന്വല്ലേ്ലടോ' മീശ വിശദീകരിച്ചു കൊടുത്തു: "ജഗളക്കാര് മാപ്പിളമാരുടെ പെണ്ണുങ്ങളെ പിടിച്ചുപറിച്ചിട്ടോ, കൊന്നിട്ടോ കിട്ടിയ പൊന്നായിരിക്കും. ജഗളസ്ഥലത്തുനിന്നു പലരും അങ്ങനെ നല്ല കോളടിച്ചിട്ടുണ്ട്."

"ശാപം പിടിച്ച പൊന്നായിരിക്കും." മരക്കൊത്തൻ അസൂയയോടെ പിറുപിറുത്തു.

"പൊന്നിന് അങ്ങനെ ശാപോം കീപോം ഒന്നൂല്യ —നെസീവു ള്ളോര്ടെ കൂടെ അതങ്ങു പോകും—" കൊതുഗോപാലന്റെ കമന്റ്.

അടുക്കളയിൽനിന്ന് ഒരു നെടുവീർപ്പ്.

"പാവം വേലു!" മീശ അനുകമ്പയോടെ പറഞ്ഞു: "കുനന്റെ ഒരു മുസീബത്ത് നോക്കണേയ്—കടപ്പുറത്ത് കൊപ്പരപ്പാണ്ട്യാലേല് കൊപ്പര തെരയുന്ന പണി. നല്ല പൈസയാണ്. മൂപ്പരിപ്പോ അതിനുംകൂടി പോകാതെ അളിയൻ കാഴ്ചവെച്ച നിധീം കാത്ത്, പൊരേല് പൂതംപോലെ കാത്തിരിക്യാണ് —പാമ്പിനെപ്പോലെ ചുരുണ്ടുകൂടി ആച്ച അകത്തും....."

"കുട്ട്യേ, നെനക്കിന്നു പൊരേലൊന്നും പോണ്ടേ? ശ്രീധരനോടു മരക്കൊത്തന്റെ ചോദ്യം.

അപ്പോഴാണ് ശ്രീധരൻ ഓർത്തത്, നേരം ഇരുട്ടിത്തുടങ്ങിയ കഥ.

ശ്രീധരൻ വീട്ടിലേക്കു കുതിച്ചു. വീട്ടിലെത്തിയപ്പോഴാണ് ഓർത്തത് ആശാരിയോട് ഉരുൾവടിയുടെ കാര്യം ഓർമ്മപ്പെടുത്താൻ വിട്ടുപോയ കഥ.

പിറ്റേന്നു രാവിലെ ചന്തുമൂപ്പന്റെ പറമ്പിന്റെ വടക്കേ ഇടവഴിയിൽനിന്ന് ഒരു തൊള്ളയും വിളിയും കേട്ട് ശ്രീധരൻ ഓടിച്ചെന്നു നോക്കി. ചന്തുമൂപ്പനും ശങ്കുണ്ണികമ്പൗണ്ടറും തമ്മിൽ വഴക്കുകൂടുന്നു.

"രാത്രി കുളീം ജപോം തോറ്റോം—രാവിലെ എണീറ്റാൽ പണി ആരാന്റെ മണ്ണുകക്കലും." അങ്ങനെ വിളിച്ചുപറഞ്ഞുകൊണ്ട് ശങ്കുണ്ണി കമ്പൗണ്ടർ ചന്തുമൂപ്പന്റെ കൈയിലെ കൈക്കോട്ടു പിടിച്ചെടുത്തു പറമ്പിലേക്കു വലിച്ചെറിഞ്ഞു.

ചന്തുമൂപ്പൻ ഇളിച്ചുകാട്ടിയും ചുണ്ടുകൾ കോട്ടിയും മിണ്ടാതെ നില്ക്കുന്നു. ശ്രീധരനു കാര്യം മനസ്സിലായി.

ചന്തുമൂപ്പന്റെ പറമ്പിന്റെ തൊട്ടുവടക്കുഭാഗത്ത് കേളുവിന്റെ പറമ്പാണ്. ('ഈറ്റക്കേളു' എന്നാണ് ആളുകൾ അയാളെ വിളിക്കുന്നത്—തിന്നാതെ കുടിക്കാതെ കേളുമൂപ്പർ ഒരു കാൽനൂറ്റാണ്ടുകാലംകൊണ്ടു കുറെ നിലങ്ങളും വയലുകളും സമ്പാദിച്ചിട്ടുണ്ട്.) കേളുവിന്റെ മൂത്തമകൻ അപ്പുണ്ണി ഒരു ദൈവഭക്തനും സമുദായസേവകനുമാണ്—രണ്ടാമത്തെ മകനാണ് ശങ്കുണ്ണികമ്പൗണ്ടർ—പണ്ട് ഒന്നുരണ്ടു മാസത്തോളം ഏതോ ഒരു ഇംഗ്ലീഷ് മരുന്നുഷാപ്പിൽ നിരങ്ങി കമ്പൗണ്ടർ എന്ന പേരിന്റെ ലേബലു പറ്റിച്ചെടുത്തു നടക്കുകയാണ് ഈ വിദ്വാൻ. ആളുകൾ തമ്മിൽ ഏഷണികൂട്ടി വഴക്കുണ്ടാക്കുക, പിന്നെ മദ്ധ്യസ്ഥൻ ചമഞ്ഞ് കാര്യം ഒത്തുതീർപ്പിലെത്തിച്ച് ഇരു കക്ഷികളിൽനിന്നും കോഴതട്ടുക; ഇതാണ് കമ്പൗണ്ടരുടെ സ്ഥിരം തൊഴിൽ. കേസ്സുകൾ സിവിലും ക്രിമിനലും കൈകാര്യംചെയ്യും. സിവിൽക്കേസ്സുകൾക്ക് ഉപദേശകനായി 'ആധാരമെഴുത്ത് ആണ്ടി'യും ക്രിമിനൽക്കേസ്സുകൾക്കു രക്ഷാപുരുഷനായി റെയിൽവേ കൂലിപ്പോർട്ടർ

‘ഉണ്ടക്കേളപ്പനം’ എപ്പോഴം പിന്നിലുണ്ടായിരിക്കും. പിത്തച്ഛായ കലർന്ന പരന്ന മുഖവും മൂക്കിനു താഴെ ഒരു മുറിമീശയും എരുമയുടെ സ്വരവുമുള്ള തടിച്ച കുറുതായ ഈ മനുഷ്യൻ സ്ഥലവാസികൾക്കു സദാ ഒരു ദുശ്ശകുനമാണ്, ‘ശകുനിക്കമ്പോണ്ടർ’ എന്നാണ് മീശക്കണാരൻ ഇയാൾക്കു കൊടുത്തിരിക്കുന്ന പേര്.

എന്നാൽ ചന്തുമൂപ്പനുമായുള്ള ഇന്നത്തെ ഈ വഴക്കിൽ ന്യായം ശങ്കുണ്ണിക്കമ്പൗണ്ടറുടെ ഭാഗത്താണെന്നും പറയേണ്ടിയിരിക്കുന്നു. ചന്തുമൂപ്പന്റെ പറമ്പും ഈറ്റക്കേളുവിന്റെ പറമ്പും ഒരു ചെറിയ ഇടവഴികൊണ്ടാണു വേർതിരിക്കപ്പെട്ടിരിക്കുന്നത്. രണ്ടു പറമ്പിനുമില്ലാ വേലി. രാവിലെ കുളിക്കാൻ പോകുന്നതിനുമുമ്പ് ചന്തുമൂപ്പൻ സ്വല്പം വ്യായാമം ചെയ്യും —കൈക്കോട്ടുമെടുത്തു പറമ്പിൽ ഒരു കിളപ്പണി. ചിലപ്പോൾ വ്യായാമരംഗം ഇടവഴിയായിരിക്കും. ഇടവഴിയിൽനിന്നു മണ്ണുകോരി തന്റെ മതിലിൽ നിക്ഷേപിക്കും. തുടർച്ചയായുള്ള മണ്ണുകോരൽകൊണ്ട് ഇടവഴിക്ക് ആഴം കൂടിവന്നു. ഇനിയും ആഴംകൂട്ടാൻ വയ്യെന്നായപ്പോൾ ചന്തുമൂപ്പന്റെ കൈക്കോട്ട് ഈറ്റക്കേളുവിന്റെ മതിലിനെ കുറേശ്ശെ മാന്തിത്തുടങ്ങി. കുറച്ചുമാസങ്ങളിലെ തുടർച്ചയായ കരണ്ടലിന്റെ ഫലമായി ഇടവഴിക്കു കുറവൊന്നും പറ്റിയില്ല. ചന്തുമൂപ്പന്റെ പറമ്പും ഇടവഴിയും ഒരുമുഴം വടക്കോട്ടു നിരങ്ങിയെന്നു മാത്രം.

ഇന്നു രാവിലെ ശങ്കുണ്ണിക്കമ്പൗണ്ടർ മണ്ണുമോഷണപ്രക്രിയയിൽ ചന്തു മൂപ്പനെ കൈയും കൈക്കോട്ടുമായി പിടിച്ചുകളഞ്ഞു.

“ഇനി ഈ എടവഴീല് തുരപ്പൻപണി കണ്ടാൽ കൈ ഞാൻ കൊത്തും — മണ്ണുതുരക്കുന്ന പെരുച്ചാഴി സ്വാമി!”

കമ്പൗണ്ടർ മുറിമീശ വിറപ്പിച്ചുകൊണ്ട് അമറി.

ചന്തുമൂപ്പൻ എന്തോ പറയാൻ ശ്രമിച്ചു—അപ്പോഴേക്കും ഓടിക്കിതച്ചു കൊണ്ട് മീശക്കണാരൻ മുമ്പിൽ ചാടിവീണു.

“സംഗതി അറിഞ്ഞോ?” മീശ ആവേശത്തോടെ പറഞ്ഞു: “അതിരാണിപ്പാടത്ത് ഒരു ആയിശ്ശ വന്നിരിക്കുന്നു.”

“ആയിശ്ശയോ?—എന്തായിശ്ശാ?” ചന്തുമൂപ്പൻ കൂർത്ത മുഖം കുലുക്കിക്കൊണ്ടു ചോദിച്ചു.

മീശ ചന്തുമൂപ്പന്റെ അരികിലേക്കു നീങ്ങിനിന്നു. (ശകുനിയെ കണ്ട ഭാവംപോലും നടിച്ചില്ല.)

“ങ് ഹാ, ഒരയിശ്ശാബീബി—വല്യ മൊതലുള്ള വീട്ടിലെ ബീബ്യാണ്. പൊൻപണ്ടങ്ങൾകൊണ്ടു മൂടിയ ഒരു ബീബി—ബീബിയെ കാണണേങ്കില് കൂനൻവേലൂന്റെ കോലായിൽ ചെന്നു നോക്കിൻ —”

ചന്തുമൂപ്പൻ ഒന്നും മനസ്സിലാവാതെ സ്വയം ഇളിച്ചുകാട്ടിക്കളിച്ചു.

അപ്പോൾ മീശ ചന്തുമൂപ്പന്റെ ചെകിട്ടിൽ എന്തോ മന്ത്രിച്ചു.

“ങ്ഹേയ്! —കൂനൻവേലൂന്റെ ആച്ചയ്ക്കു ഭ്രാന്തോ?”

ചന്തുമൂപ്പൻ ഓർക്കാതെ ഉറക്കെ ചോദിച്ചുപോയി.

ശ്രീധരൻ കൂനൻവേലുവിന്റെ പുരയിലേക്കു കുതിച്ചു.

അവിടെ മുറ്റത്ത് ഒരാൾക്കൂട്ടം—ആണുങ്ങൾ ഒരുഭാഗത്ത്—പെണ്ണുങ്ങളും കുട്ടികളും കോലായുടെ അടുത്ത്—എല്ലാവരും അദ്ഭുതത്തോടെ കോലായിലേക്കു നോക്കുന്നു.

കോലായിൽ നടുവകത്തിനുനേരെ മെയ്യിൽ നിറയെ പൊൻപണ്ടങ്ങളണിഞ്ഞ ഒരു തരുണി, ഒരു പലകപ്പുറത്ത് ഇരിക്കുന്നു. അവൾ ഒരു ചെറിയ കസവുമുണ്ട് ഉമ്മച്ചികളുടെ തട്ടംപോലെ, തലയിലിട്ടിരിക്കുന്നു. അവൾ ഇടയ്ക്കിടെ മുത്തുപോലുള്ള പല്ലുകൾ കാട്ടി ചിരിക്കുകയും ചെയ്യുന്നു.

അവൾ ആച്ചയാണെന്നു പറഞ്ഞറിയിക്കുകതന്നെ വേണം.

കോലായിൽ ഒരു മൂലയിൽ, തല കാൽമുട്ടുകൾക്കിടയിൽ തിരുകിയൊളിപ്പിച്ച് ഒരു കുട്ടിസ്രാങ്കിനെപ്പോലെ കുത്തിയിരിക്കുന്നു. കുനൻവേലു.

എല്ലാവരും തെല്ലൊരു ഭയത്തോടെ മുറ്റത്തുതന്നെ തങ്ങിനില്ക്കുകയാണ്.

അപ്പോൾ തലമുടി പിടിച്ചുകെട്ടിക്കൊണ്ടു പാഞ്ഞുവരുന്നു, ഈർച്ചക്കാരൻ വേലുവിന്റെ ഉണ്ണൂലി.

ഉണ്ണൂലി നേരെ കോലായിലേക്കു ചെന്നു. ആച്ചയെ ആകപ്പാടെ ഒന്നു നോക്കി ലോഗ്യഭാവത്തിൽ ചോദിച്ചു: “ഇതൊക്കെ എന്താണ് ആച്ചേ?

ആച്ച, “ഹ് ഹ്—ഹി—ഹ് ഹ്—ഹി—ഹ് ഹ—ഹി!” എന്നു രണ്ടുമൂന്നു ചിരി ചിരിച്ചു. തലയിലെ തട്ടം പിടിച്ചൊന്നു നേരെയാക്കി. പിന്നെ മുറ്റത്തേക്കു മിഴിച്ചുനോക്കിക്കൊണ്ടിരിപ്പായി—

ഉണ്ണൂലി ആച്ചയുടെ ആഭരണങ്ങൾ ഓരോന്നായി പിടിച്ചു പരിശോധിച്ചു: എല്ലാം നല്ല കനപ്പെട്ട പൊൻപണ്ടങ്ങൾതന്നെ.

“ഇതൊക്കെ നെനക്കെവ്ടുന്നു കിട്ടി ആച്ചേ?” ഉണ്ണൂലി സ്നേഹഭാവത്തിൽ അന്വേഷിച്ചു.

“ഹ് ഹ്—ഹി—ഹ് ഹ്—ഹി—ഹ് ഹ്—ഹി!” ആച്ച ചിരിച്ചു. മിണ്ടാട്ടമില്ല.

ഉണ്ണൂലി കുറച്ചുനേരം അവിടെ നിന്നു. പിന്നെ നിരാശയോടെ തലയാട്ടിക്കൊണ്ടു മുറ്റത്തിറങ്ങി മറ്റു പെണ്ണുങ്ങളുടെ കൂടെച്ചേർന്നു.

മാപ്പിളസ്ത്രീകളുടെ മെയ്യാഭരണങ്ങളെപ്പറ്റി സ്വല്പം പരിജ്ഞാനമുണ്ടായിരുന്ന കുഞ്ഞമ്മു (കോരൻബട്ട്ളറുടെ ഭാര്യ) ആച്ച അണിഞ്ഞിരിക്കുന്ന പൊൻപണ്ടങ്ങൾ ഓരോന്നും ചൂണ്ടി പറഞ്ഞുകൊടുക്കുകയായിരുന്നു കൂട്ടുകാരികൾക്ക്: “കഴുത്തിൽ കൊരളും ചങ്കേലസ്സും ചക്കരമാലേം അരയിൽ അരഞ്ഞാണം—കാലിൽ വീരചങ്ങല. കൈയ്ക്ക് എട്ടുകൂട്ടം കാപ്പും വളേം —കാതിലും എന്തോ കെട്ടിത്തൂക്കീട്ടുണ്ട്. കുമ്മത്താണെന്നു തോന്നുന്നു....”

“ഇതൊക്കെ ഇവൾക്കെവ്ടുന്നു കിട്ടി?” പറങ്ങോടന്റെ കോച്ചി മൂക്കത്തു വിരൽവച്ചുകൊണ്ടു ചോദിച്ചു.

“പഴയ കുട്ടാപ്പുകണ്ടറാട്ടറ് കൊടുത്തതായിരിക്കും.” ആച്ചയുടെ പൂർവ്വ ചരിത്രം അയവിറക്കിക്കൊണ്ട് മാക്കോതയുടെ അമ്മിണി അഭിപ്രായപ്പെട്ടു.

“നീയൊരു പൊണ്ണത്ത്യാണ്, അമ്മിണീ...” ഉണ്ണൂലി അമ്മിണിയെ കളിയാക്കി: “ഉമ്മച്ചേ്യളെ പണ്ടങ്ങളാണോ കണ്ടറാക്കട്ടറ് ആച്ചയ്ക്കു തീർപ്പിച്ചു കൊടുക്വാ?”

അതെല്ലാം കേട്ടുകൊണ്ടു പിന്നിൽ നില്ക്കുന്ന മരക്കൊത്തന്റെ വള്ളിക്കുട്ടി.

അവൾക്കു സഹിച്ചില്ല.

"ആച്ചയ്ക്ക് ആങ്ങളക്കുഞ്ഞാണ്ടി കൊണ്ടെക്കൊടുത്ത മൊതലാണ്." വള്ളിക്കുട്ടി എല്ലാവരോടും സ്വകാര്യമായി പറഞ്ഞു: "ജഗളസ്ഥലത്തെ ഏതോ വല്യപൊരേലെ ഉമ്മച്ചിയെ കൊന്നിട്ട് കിട്ട്യ കോളാണ്....."

അതു കേട്ട്, മറ്റു പെണ്ണുങ്ങളെല്ലാവരും നെഞ്ഞത്തു കൈവെച്ചു വീർപ്പടക്കി നിന്നുപോയി.

"ഇപ്പറഞ്ഞതു നേരാണോ വള്ളിക്കുട്ടീ?" ലക്ഷ്മണൻഡ്രൈവറുടെ അമ്മ തടിച്ചി അമ്മാളു കരച്ചിലിന്റെ സ്വരത്തിൽ ചോദിച്ചു.

"കണ്ണുകൊണ്ടു കണ്ട ആൾ പറഞ്ഞതാണ്." വള്ളിക്കുട്ടി ഉറപ്പിച്ചു പറഞ്ഞു."

എന്നാലേ, ഞാമ്പറയട്ടെ —ആച്ചയ്ക്കു ഉമ്മച്ചീന്റെ പേ്രതം കൂടേ്യതാണ്." കോച്ചി തലയാട്ടിക്കൊണ്ടു പറഞ്ഞു.

"മാപ്പളമാരെ പേ്രതം ഇന്തുക്കക്ക് കൂടൂല." ഉണ്ണൂലിയും തലയാട്ടിക്കൊണ്ടു പറഞ്ഞു.

തടിച്ചി അമ്മാളു ഉണ്ണൂലിയെ പിൻതാങ്ങി.

"പിന്നെ ആച്ചയ്ക്കെന്താ പറ്റേ്യത്? കോച്ചി ചോദിച്ചു.

"പ്രാന്ത്."—വള്ളിക്കുട്ടി തല മാന്തിക്കൊണ്ടു പറഞ്ഞു: "പൊന്നിന്റെ പ്രാന്ത്—ഇത്ര പെരുത്തു പൊന്നും പണ്ടോം പെട്ടില് വെറുങ്ങനെ കെടക്കുന്നതു വിശാരിച്ച് ആച്ചയ്ക്കു പൊറുത്തില്ല. ഓർത്തോർത്ത് പെണ്ണിനു പ്രാന്ത് പിടിച്ചു. അതുതന്നെ—കണ്ടില്യേ. ആച്ച ആയിശ്ശു ചമഞ്ഞിരിക്കണത്...."

# 16. പെണ്ണും പൊന്നും പോലീസും

അന്ന് ഉച്ചയ്ക്ക് അതിരാണിപ്പാടത്ത് ഒരു ചോന്ന തൊപ്പി പ്രത്യക്ഷപ്പെട്ടു —ഒരു പോലീസ് കോൺസ്റ്റബിൾ.

അതിരാണിപ്പാടത്ത് ചോന്ന തൊപ്പി വരുന്നത് ഒരപൂർവ്വസംഭവമാണ്. പെണ്ണുങ്ങൾ മുറ്റത്തിറങ്ങിനിന്നു മിഴിച്ചുനോക്കി. പിള്ളരെല്ലാം പേടിച്ച് അകത്തുകേറി ഒളിച്ചു. ഈർച്ചക്കാർ ഉച്ചയ്ക്കു ചോറുണ്ണാൻ വരുന്ന നേരമാണ്. ചെത്തുകാർക്കും ഒഴിവുസമയം. അവരിൽ ചിലർ ചോന്ന തൊപ്പിയുടെ ഒരു തീണ്ടാപ്പാട്ടു പിറകിൽ അടക്കിപ്പിടിച്ച ഉൽക്കണ്ഠയോടെ നീങ്ങിക്കൊണ്ടിരുന്നു.

അവർ ഊഹിച്ചതുപോലെതന്നെ ചോന്ന തൊപ്പി ചെന്നുകേറിയത് നേരെ കൂനൻ വേലുവിന്റെ പുരയിലേക്കായിരുന്നു.

ആച്ച, സ്വർണ്ണാഭരണവിഭൂഷിതയായി ഇടയ്ക്കിടെ, ഹ്ഹ്—ഹ് ഹി എന്ന പല്ലവിയോടെ ഊറിച്ചിരിച്ചുകൊണ്ട് അപ്പോഴും കോലായിൽതന്നെ സ്ഥിതി ചെയ്യുന്നുണ്ട്—കാൽമുട്ടുകൾക്കിടയിൽ തലയൊളിപ്പിച്ചുവെച്ച് ഒരു മൂലയിൽ കൂനനും അനങ്ങാതെ കുത്തിയിരിക്കുന്നു.

പോലീസ് കോൺസ്റ്റബ്ൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ കോലായിലേക്കു കയറി ആഭരണക്കാരിയായ ആച്ചയെ അധികാരഭാവത്തിൽ ആപാദചൂഡം ഒന്നു നിരീക്ഷിച്ചു.

ബൂട്സിന്റെ ശബ്ദം കേട്ട് കൂനൻവേലുവിന്റെ തലയൊന്നു പൊങ്ങി. ചോന്ന തൊപ്പി കണ്ടതോടുകൂടി കൂനന്റെ തല കാൽക്കൂട്ടിലേക്കുതന്നെ വലിഞ്ഞു— കാൽമുട്ടുകൾക്കു കുറേശ്ശെ വിറയും തുടങ്ങി.

പോലീസുകാരന്റെ കടാക്ഷമേറ്റപ്പോൾ ആച്ച ലജ്ജാശൃംഗാര ഭാവങ്ങളിൽ പിഴിഞ്ഞെടുത്ത പുതിയൊരു ഹ് ഹ്—ഹിഹിച്ചിരിയോടെ തലയിലെ പാവുമുണ്ടുതട്ടത്തിന്റെ അറ്റംകൊണ്ടു മുഖം കുറച്ചൊന്നു മറച്ചുപിടിച്ച് അയാളെ ഒളിഞ്ഞുനോക്കി—പിടയെ ചേവൽപിടിക്കാൻ തയ്യാറെടുക്കുന്ന പൂവൻ കോഴിയെപ്പോലെ പോലീസുകാരന്റെ നോട്ടം ആച്ചയെ ഒന്നു ചുറ്റിയുഴിഞ്ഞു.

പെട്ടെന്നു പോലീസുകാരൻ ഗൗരവംനടിച്ച്, വേലുവിന്റെനേർക്കു തിരിഞ്ഞു. അവന്റെ തേങ്ങാമൊത്തിപോലുള്ള കഷണ്ടിത്തലയിൽ കൈയിലെ ലാത്തികൊണ്ടു മെല്ലെ രണ്ടു മേട്ടം വെച്ചുകൊടുത്തു.

“എടോ—ഇങ്ങോട്ടു നോക്ക്.”

വേലു മുഖമുയർത്തിയില്ല. നോക്കിയില്ല. പോലീസുകാരന്റെ കാൽക്കൽ കമിഴ്ന്നടിച്ച് ഒരൊറ്റ വീഴ്ച: “എയമാനേ—രച്ചിക്കണേ…”

“നീ എണീറ്റിരിക്കെടോ.” പോലീസുകാരൻ ബൂട്ട്കൊണ്ട് വേലുവിന്റെ മോന്തയ്ക്കു മെല്ലെ ഒരു തട്ടുകൊടുത്തു.

“നിന്നോടു ചിലതു ചോദിക്കാനുണ്ട്.”

വേലു ചൊരിയാൻ അഴിച്ച കൊപ്പരച്ചാക്കുപോലെ ഇരുന്നുകൊടുത്തു.

കോൺസ്റ്റബിൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ കോലായിലെ ബഞ്ചിൽ ഇരുന്നു മഹസ്സർ തയ്യാറാക്കാനൊരുങ്ങി.

"നിൻ്റെ പേര്?" കോൺസ്റ്റബ്ളിൻ്റെ ആദ്യത്തെ ചോദ്യം.

"വേലു."—കൂനൻ നിലത്തു നോക്കി സങ്കടസ്വരത്തിൽ മൊഴികൊടുത്തു.

"അച്ഛൻ്റെ പേര്?

"കുട്ടുങ്ങോൻ."

"വീട്ടുപേര്?"

"കുറുക്കൻകണ്ടി."

"വയസ്സ്?"

"നാപ്പത്തെട്ട്."

"പണി?"

"കടപ്പൊറത്തെ പാണ്ട്യാലേല് കൊപ്പരതെരിയല്."

"നിനക്കു കൊപ്പരതെരിയാൻ പോയാൽ ദിവസം എന്തു കിട്ടും? ദിവസം ഒരു നൂറുറുപ്പിക കിട്ട്വോ?.."

ദിവസം നൂറുറുപ്പിക എന്നു പറഞ്ഞു കേട്ടപ്പോൾ പോലീസുകാരൻ്റെ പോഴത്തമോർത്ത് വേലു അറിയാതെ ചിരിച്ചുപോയി.

ഛട്ട്! കോൺസ്റ്റബിൾ ബൂട്ടുകൊണ്ട് നിലത്തൊരു ചവിട്ട്.

"നിൻ്റെ പൊണ്ണച്ചിരി ഞാൻ മാറ്റിത്തരാം—ചോദിച്ചതിന് ഉത്തരം പറയെടാ—ദിവസം എന്തു കിട്ടും?"

"ഒരുറുപ്യേൻ്റെ —പുത്തൻ—കിട്ടും ഏമ്മാന്നേ....."

വേലു ചിരിയമർത്താനൊരു കൃതിമക്കരച്ചിൽ വരുത്തി വിക്കിവിക്കി മൊഴിഞ്ഞു.

"ശരി. ദിവസം ഒരുറുപ്പിക—"

വേലു തലയാട്ടി.

"ഇവിടെ ഇരിക്കുന്ന ഈ സ്ത്രീ നിൻ്റെ ആരാണ്?"

"ആച്ച. ഞാൻ കല്യാണംകയ്ച്ച് കൊണ്ടോന്ന പെണ്ണാണ്."

"ശരി. നിൻ്റെ പെണ്ണിൻ്റെ ദേഹത്തിൽ കുറേയധികം സ്വർണ്ണാഭരണങ്ങൾ കാണുന്നുണ്ടല്ലോ— ഇതെല്ലാം നീ ഉണ്ടാക്കിച്ചു കൊടുത്തതാണോ?."

ഉത്തരമില്ല.

"എടോ ചോദിച്ചത് കേട്ടില്ലേ? (ബൂട്ട്സ്കൊണ്ടു നിലത്ത് ഒരു ചവിട്ടു കൂടി) ഈ പണ്ടങ്ങളെല്ലാം നീ തീർപ്പിച്ചുകൊടുത്തതാണോ?.."

കൂനൻ മൗനം.

ആ മുഹൂർത്തത്തിൽ ഒരാൾ ബദ്ധപ്പെട്ട് അങ്ങോട്ടു കേറിവന്നു. മുറ്റത്ത് ഒരു മൂലയിൽ കൂടിനിന്നിരുന്ന അതിരാണിപ്പാടത്തെ ബഹുജനം ആഗതനെ അല്പം ആശങ്കയോടെ നോക്കി; ശങ്കുണ്ണിക്കമ്പൗണ്ടർ!

കുടവയറിനും ഷർട്ടിനും മീതെ ഒരു മൽമുണ്ടു ചുറ്റി, രണ്ടുകൈയും അൽപം അകത്തിപ്പിടിച്ചു ധൃതിയോടെ ആടിയാടിക്കൊണ്ടാണ് തടിച്ചു മുണ്ടനായ

ശങ്കുണ്ണിക്കമ്പൗണ്ടറുടെ നടത്തം. ഇടയ്ക്കിടെ മൂക്കും മുറിമീശയും ചുളിച്ചുപിടിച്ചുകൊണ്ട് ഒരു ഗോഷ്ടിയും പ്രകടിപ്പിക്കും

കമ്പൗണ്ടർ നേരെ കോലായിലേക്കു കേറി. പോലീസ് കോൺസ്റ്റബ്ളിനെ പുച്ഛഭാവത്തിൽ ഒന്നു നോക്കി. പിന്നെ ചോന്ന തൊപ്പിയോടൊരു ചോദ്യം:

"നിങ്ങൾ ഇപ്പോൾ ഇവിടെ വന്ന കാര്യം?"

കോൺസ്റ്റബൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ അധികാരഗൗരവത്തോടെ കമ്പൗണ്ടറെ ഒന്നു നോക്കി: " ഇതു ചോദിക്കാൻ വന്ന നിങ്ങളാരാണ്?"

"ഞാൻ ഈ ദേശത്തെ ഒരു പ്രമാണിയാണ്….." അങ്ങനെ പറഞ്ഞു കമ്പൗണ്ടർ മുറ്റത്തു നിൽക്കുന്ന ബഹുജനത്തെ ഒന്നു നോക്കി. അപ്പറഞ്ഞതു ശരിയാണ് എന്ന മട്ടിൽ ആൾക്കൂട്ടത്തിൽനിന്ന് കുളൂസ് പറങ്ങോടൻ തലകുലുക്കി. അപ്പോൾ മറ്റു ചിലരുടെയും തലകൾ കുറേശ്ശെ ഇളകി.

"യൂണിഫോറമിട്ട ഒരു പോലീസുകാരൻ ഇവിടെ എന്തിനു വന്നു? എനിക്കതൊന്നറിയണം." കമ്പൗണ്ടർ ബഹുജനം കേൾക്കെ എരുമസ്വരത്തിൽ അലറി.

പോലീസുകാരൻ പുച്ഛരസത്തിൽ ഒന്നു ചിരിച്ചു. പിന്നെ അധികാര ഭാവത്തിൽ പറഞ്ഞു: "ഞാൻ ഒരു കേസന്വേഷണത്തിനു വന്നതാണ്.'

"എന്തു കേസ്?— എന്തന്വേഷണം? ആരുടെ കൽപ്പന? കമ്പൗണ്ടർ കൈയുയർത്തിപ്പിടിച്ചു ഗർജ്ജിച്ചു.

"സൂപ്രണ്ട് സായ്പിന്റെ കൽപ്പന." പോലീസുകാരനും ഗർജ്ജിച്ചു.

"അതിനുതക്കോണം എന്താണിവിടെ ഉണ്ടായത്?" കമ്പൗണ്ടർ മൂന്നു പ്രാവശ്യം തുടർച്ചയായി മൂക്കും മുറിമീശയും പിടപ്പിച്ചു.

"എനിക്കിതെല്ലാം നിങ്ങളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തണ്ട." പോലീസുകാരൻ ഭാവവും സ്വരവും അല്പമൊന്നു മയപ്പെടുത്തിക്കൊണ്ടു തുടർന്നു: "എന്നാലും ഞാൻ പറയാം. ഇവിടെ ഇരിക്കുന്ന ഈ സ്ത്രീയുടെ ആഭരണങ്ങളെപ്പറ്റി അന്വേഷിക്കാനാണ് ഞാൻ വന്നിരിക്കുന്നത്."

"എന്താ, സ്ത്രീകൾക്ക് ആഭരണം ധരിക്കാൻ പാടില്ലെന്നു ഗവർണ്ണർ സായ്പിന്റെ കൽപ്പനയുണ്ടോ?"—കമ്പൗണ്ടർ ഒരു പരിഹാസച്ചോദ്യം തൊടുത്തുവിട്ട്, മുറ്റത്തെ ബഹുജനത്തെ ഒന്നുനോക്കി. ബഹുജനം കമ്പൗണ്ടറുടെ രസികൻ ചോദ്യത്തെ അഭിനന്ദിച്ചു ചിരിച്ചു തലയാട്ടി.

"സ്ത്രീകൾക്കു സ്വന്തം പൊന്നും പണ്ടവും ഇട്ടു നടക്കാം—ഒരു വിരോധവുമില്ല. "പോലീസുകാരൻ വിശദീകരിച്ചു.

"ഈ സ്ത്രീയുടെ പൊന്നും പണ്ടവും സ്വന്തമല്ലെന്നാരു പറഞ്ഞു? കമ്പൗണ്ടറുടെ ചോദ്യം.

പോലീസുകാരൻ കുറച്ചു നേരത്തേക്കു മൗനമവലംബിച്ചു.

മുറ്റത്തെ ബഹുജനം തീർച്ചയാക്കി, കമ്പൗണ്ടർ ചോന്നതൊപ്പിയെ നിലംപരിശാക്കിയെന്ന്.

അപ്പോൾ കോൺസ്റ്റബ്ൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ ഒരു നീണ്ട പ്രസ്താവനയ്ക്കു തയ്യാറെടുക്കുകയായിരുന്നു.

“എനിക്കിതെല്ലാം നിങ്ങളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ട—എന്നാലും ഞാൻ പറയാം.” എന്നൊരു മുഖവുരയോടുകൂടി കോൺസ്റ്റബിൾ പ്രസംഗമാരംഭിച്ചു:

“പട്ടാളക്ക്യാമ്പിലെ കശ്ശിക്കാരൻ കുഞ്ഞാണ്ടി വലിയ ഒരു പണക്കാരൻ മാപ്പിളയുടെ വീടര് ബീബിയെ കൊന്ന് ബീബിയുടെ പണ്ടങ്ങളെല്ലാം തട്ടിയെടുത്തു. കുഞ്ഞാണ്ടിയെ പോലീസ് അറസ്റ്റു ചെയ്തു—”

“അയ്യോന്റെ പടച്ചോനേ!—കുഞ്ഞാണ്ടിയെ പോലീസ്സു പിടിച്ചോ....” കൂനൻവേലു. നെഞ്ഞത്തു കൈവച്ചു തേങ്ങിക്കരഞ്ഞു.

ആച്ച അപ്പോഴും ഹ് ഹ് ഹ് ഹീച്ചിരിമന്ത്രം ഉരുവിട്ടുകൊണ്ടിരുന്നു. പോലീസുകാരൻ അതൊന്നും ശ്രദ്ധിക്കാതെ പ്രസംഗം തുടർന്നു:

“ലോക്കപ്പിൽവച്ചു പോലീസ് ഇൻസ്പെക്ടർ കുഞ്ഞാണ്ടിയോടു ചോദിച്ചു: “എവിടെ ഉമ്മച്ചിയുടെ പണ്ടങ്ങൾ? കുഞ്ഞാണ്ടി ആദ്യം ഒന്നും മിണ്ടിയില്ല. പള്ളയ്ക്കു രണ്ടു കുത്തു കിട്ടിയപ്പോൾ അവൻ സത്യം പറഞ്ഞു. ‘അതിരാണിപ്പാടത്തു പാർക്കുന്ന അളിയൻ വേലുവിന്റെ കൈയിൽ പണ്ടങ്ങളെല്ലാം സൂക്ഷിക്കാനേൽപ്പിച്ചിട്ടുണ്ടെ’ന്ന്....”

അതു കേട്ടു മുറ്റത്തെ ബഹുജനം തരിച്ചുനിന്നുപോയി.

കൂനൻവേലു ചെകിട്ടിൽ വിരൽ തിരുകി ഒന്നും കേട്ടില്ലെന്നമട്ടിൽ ഇരുന്നു കളഞ്ഞു.

“ഈ പണ്ടങ്ങളെല്ലാം പിടിച്ചെടുത്തു കൊണ്ടുവരാൻ സൂപ്രണ്ട് സായ്പ് എന്നെ അയച്ചിരിക്കയാണ്—പണ്ടങ്ങൾ മാത്രമല്ല ഈ സ്ത്രീയെയും ഭർത്താവായ വേലുവിനെയും പിടിച്ചുകൊണ്ടുവരണമെന്നാണ് സൂപ്രണ്ട് സായ്പിന്റെ കൽപ്പന...”

ബഹുജനം തമ്മിൽത്തമ്മിൽ എന്തൊക്കെയോ കുശുകുശുപ്പറഞ്ഞു. ചിലർ സങ്കടപ്പെട്ടു. ചിലർ അഭിപ്രായപ്പെട്ടു, ആച്ചയ്ക്കങ്ങനെ കിട്ടണമെന്ന്. കട്ട പൊന്നിട്ട മങ്കയെയും, അവളുടെ കൂനൻ ഭർത്താവിനെയും പൊതു നിരത്തിലൂടെ പരസ്യമായി പോലീസ് സ്റ്റേഷനിലേക്കു തെളിച്ചുകൊണ്ടു പോകുന്ന കാഴ്ച കാണാൻ ചില പെണ്ണുങ്ങൾ വെമ്പൽ കൊണ്ടു.

“ആച്ചടെ കൈക്ക് ആമം വെകേ്വാ?” കുളൂസ് പറങ്ങോടൻ മാനുക്കുട്ടനോടു ചോദിച്ചു. മാനുക്കുട്ടൻ യെസ് മൂളി.

കമ്പൗണ്ടർ നെറ്റിയുഴിഞ്ഞുകൊണ്ടു തെല്ലുനേരം ചിന്താമഗ്നനായി സ്ഥിതിചെയ്തു. പിന്നെ കൂനന്റെനേർക്ക് ഒരു കൂർത്ത നോട്ടമയച്ച് മൂക്കും മീശയും പിടപ്പിച്ചുകൊണ്ടു ചോദിച്ചു:

“എന്താ വേലൂ, ഈ കേൾക്കുന്നത്?—പണ്ടങ്ങൾ അളിയൻ കുഞ്ഞാണ്ടി കൊണ്ടുത്തന്നതാണോ?....”

കൂനൻ തേങ്ങിക്കരഞ്ഞു. ഒന്നും പറഞ്ഞില്ല.

കോൺസ്റ്റബ്ൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ എഴുന്നേറ്റു:

“എനിക്കു മേലധികാരത്തിലെ കൽപന നടത്തണം, എടോ, പെണ്ണിന്റെ കൈയുംപിടിച്ചു വേഗം പുറപ്പെട്ടോ, പോലീസ്സ്റ്റേഷനിലേക്ക്....

“കമ്പോണ്ട്റേ—രച്ചിക്കണേ...” കൂനൻ കമ്പൗണ്ടറുടെ കാല്ക്കൽ വീണു.

കമ്പൗണ്ടർ വേലുവിനെ പിടിച്ചെഴുന്നേൽപ്പിച്ച് മെല്ലെ പറഞ്ഞു : “നീ വാ—നമുക്ക് അകത്തു പോയി സംസാരിക്കാം.....”

കമ്പൗണ്ടറും പിന്നാലെ കൂനനും അകത്തുകടന്നു വാതിലടച്ച് ഒരു മൂലയിൽ തങ്ങിനിന്നു സംഭാഷണം തുടങ്ങി.

കമ്പൗണ്ടർ ചോദിച്ചു : "എടോ, നീയെന്തിനാണ്, ആച്ചയെ പണ്ടങ്ങളും ചാർത്തി പുയ്യുട്ടി ചമയിച്ച് പടിഞ്ഞാറ്റിക്കുനേരെ കാഴ്ചയ്ക്കുവെച്ചത്?"

"ഞാനെന്തുകാട്ടും കമ്പോണ്ട്റേ? വേലു സങ്കടത്തോടെ പറഞ്ഞു: "ഓള് പ്റാന്തെടുത്ത് ചെയ്യ പണിയല്ലേ!—ഞാൻ ഓളെ മേത്തെ പണ്ടം കയ്പ്പെടുക്കാന്നോക്ക്യപ്പം ഓള് കൊട് ആളെടുത്ത് എന്നെ കൊത്താനോങ്ങി — കുത്തിരിക്ക്ന്ന പലേന്റെ ചോട്ടില് ആച്ച വലെ്യാര് കൊട് ആള് ഒളിപ്പിച്ചു വെച്ചിട്ടുണ്ടേ—കരുതിക്കോൾണം...... പണ്ടം കയ്ച്ചെടുക്കാനാണു ചെല്ലുന്നതെന്നുകണ്ടാല് ആരായാലും ആച്ച കൊട്ആളെടുത്ത് കൊത്താണ്ടിരിക്കൂല —കമ്പോണ്ട്റേ, അതാണ് സിതി...."

കമ്പൗണ്ടർ തലയാട്ടിക്കൊണ്ടു പറഞ്ഞു: "വേലൂ, അതൊന്നും പറഞ്ഞാൽ പറ്റൂല—കാര്യം വലിയ കൊഴമാന്ത്രത്തിലാണ്—ആ പോലീസുകാരൻ നിന്നെയും ആച്ചയെയും ഇപ്പോൾ പിടിച്ചുകൊണ്ടു പോകും. പോലീസ് സ്റ്റേഷനിലെത്തിയാൽ, നേരു പറഞ്ഞാലും കളവുപറഞ്ഞാലും, നിനക്കു തല്ലു കിട്ടും. പിന്നെ നീയെന്തുചെയ്യും?"

കൂനൻ തലയ്ക്കു തല്ലിക്കൊണ്ടു പറഞ്ഞു: "പടച്ചോനേ, എന്റെ ഒര് തലവിധി—"

"തലവിധിയൊന്നുമല്ല. ഒക്കെ നീ ഉണ്ടാക്കിത്തീർത്തതാണ്." കമ്പൗണ്ടർ മൂക്കും മീശയും വിറപ്പിച്ചുകൊണ്ടു കൂനനെ ഭർത്സിച്ചു: "ഉമ്മച്ചിയെ കൊന്ന് ഇസ്കിയെടുത്ത പണ്ടങ്ങൾ കുഞ്ഞാണ്ടി കൊണ്ടത്തന്നപ്പോൾ നീ എന്തു വിചാരിച്ചു? ഞങ്ങളോട് ആരോടെങ്കിലും ഒന്നു മിണ്ടിയോ? ഇപ്പോൾ രക്ഷിക്കാൻ കമ്പോണ്ട്റെ വേണം—അല്ലേ?..."

"അങ്ങനെ ഒരു പോഴത്തം പറ്റിപ്പോയി കമ്പോണ്ട്റേ—ഇനി കമ്പോണ്ട്റ് പറേംപോലെ ഒക്കെ ചെയ്യാം" കൂനൻ കരഞ്ഞു.

"ആങ്—പറ്റിയതോ പറ്റി—പണ്ടങ്ങളൊക്കെ പോലീസ് കൊണ്ടുപോകട്ടെ —നീയും ആച്ചയും പോലീസ് സ്റ്റേഷന്റെ പടികേറാതിരിക്കാനുള്ള വഴി നോക്കണം—"

കമ്പൗണ്ടർ കുറച്ചുനേരം ചിന്താമഗ്നനായി നിലകൊണ്ടു.

"കമ്പോണ്ട്റ് പറേംപോലെ ഒക്കെ ചെയ്യാം." കൂനൻ ആവർത്തിച്ചു പറഞ്ഞു.

"ആ ഏഡ്ഡൺഷേള് ഒരു നൊണമ്പിനമ്പ്യാരാണ്—അയാൾക്ക് എന്തെങ്കിലും കൈമടക്കി കാര്യം പറ്റിക്കണം—നിന്റെ കൈയിലിപ്പോൾ എത്ര പണമുണ്ട്?"

"കമ്പോണ്ട്റേ, ന്റെ കൈയിലിപ്പോ ഒന്നുല്യലേ്ലാ—തപ്പിനോക്ക്യാല് പെട്ടീല്ള കാലുറുപേ്യന്റെ പുത്തൻ കാണും."

കൂനൻ സത്യം പറഞ്ഞു.

"എന്നാലേ വേലൂ. നീ പോലീസുകാരന്റെകൂടെ പൊയ്ക്കോ." കമ്പൗണ്ടർ സൗമ്യഭാവത്തിൽ ഉപദേശിച്ചു: "ഒരു കണക്കിനു നിനക്ക് അതാണു നല്ലത്. പോലീസുകാര് നിന്റെ കൂന് ഇടിച്ചു നേരയാക്കിത്തരും. കുഞ്ഞാണ്ടി ഉമ്മച്ചിയെക്കൊന്ന കേസിലും നിന്നെ അവർ കുടുക്കും—പിന്നെ മുത്താറിപ്പത്തിരിയും തിന്ന് ജേലിലങ്ങനെ കുശാലായിക്കൂടാം...."

“അയേ്യാ!—അങ്ങനെ പറേല്ലീം കമ്പോണ്ട്റേ—”ക്കുനൻ വിങ്ങിക്കരഞ്ഞതുകൊണ്ടു നെഞ്ചും പള്ളയും ഉഴിഞ്ഞു.

“ഒരു പത്തുറുപ്പികയെങ്കിലും ആ നൊണമ്പിനമ്പ്യാർക്കു കൊടുക്കണം. എന്നാൽ ഞാനൊന്നു പറഞ്ഞുനോക്കാം.” കമ്പൗണ്ടർ ഉപദേശിച്ചു.

ക്കുനൻ കുറച്ചുനേരം ആലോചിച്ചു. പിന്നെ, ഒരു പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: “ആച്ച കുഴിച്ചിട്ട തങ്കാരം (സ്വകാര്യനിക്ഷേപം)—ണ്ട്—ഓള് അതറിഞ്ഞാല് ന്നെക്കൊല്ലും—ന്നാലും...”

“എന്നാൽ, അത് വേഗം മാന്തിക്കൊണ്ടുവാ.” കമ്പൗണ്ടർ തിരക്കി.

അടുക്കളയിൽ, ഒരു മൂലയിൽ ചെറിയൊരു കുഴിയിലാണ് ആച്ചയുടെ നിക്ഷേപം. അടയാളം നോക്കി വേലു നിലം കുത്തിപ്പൊളിച്ചു. കമ്പൗണ്ടറും സഹായിച്ചു. മൺപാത്രം പുറത്തെടുത്തു. അതിൽ ഒരു തുണിക്കിഴി—കമ്പൗണ്ടർ കിഴി അഴിച്ചു നോക്കി. നോട്ടുകളും വെള്ളിയുറുപ്പികനാണ്യങ്ങളും അതിൽ കണ്ടു.

കമ്പൗണ്ടർ വേഗം ആ ശീലക്കിഴി അങ്ങനെതന്നെ കെട്ടി. മുണ്ടു പൊക്കി അടിയിലെ കാക്കിടൗസറിന്റെ കീശയിൽ നിക്ഷേപിച്ച്, കോലായിലേക്കു നടന്നു. മനസ്സിൽ എന്തോ പിറാകികൊണ്ടു പിറകെ ക്കുനനും.

കോൺസ്റ്റബിൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ അപ്പോഴും മഹസ്സർ തയ്യാറാക്കുന്ന തിരക്കിലായിരുന്നു.

കമ്പൗണ്ടർ കോൺസ്റ്റബ്ളിന്റെ അരികെ ചെന്ന്, കുനിഞ്ഞു നിന്നു കുറെ നേരം എന്തൊക്കെയോ സ്വകാര്യം പറഞ്ഞു.

പോലീസുകാരൻ തലയാട്ടികൊണ്ട് ഉറക്കെയാണു മറുപടി പറഞ്ഞത്— മുറ്റത്തു നില്ക്കുന്ന ബഹുജനം കേൾക്കെ:

“പണ്ടങ്ങളോട്ടുകൂടിത്തന്നെ ഈ സ്ത്രീയെയും കളവുമുതൽ കൈയടക്കിവെച്ച ഈ വേലുവിനെയും പിടിച്ചുകൊണ്ടുചെല്ലണമെന്നാണ് സൂപേ്രണ്ട് സായ്പിന്റെ ഓർഡർ. എനിക്കതു നടപ്പിലാക്കാതെ നിവൃത്തിയില്ല.”

അപ്പോൾ കമ്പൗണ്ടർ അപേക്ഷാഭാവത്തിൽ ചോദിച്ചു:

“ഈ പണ്ടങ്ങളെല്ലാം ഇപ്പോൾ കൊണ്ടുപൊയ്ക്കോളൂ. ആച്ചയെയും വേലുവിനെയും പിന്നെ ഹാജരാക്കിയാൽ പോരെ?”

കോൺസ്റ്റബ്ൾ നിഷേധഭാവത്തിൽ തലയാട്ടി.

കമ്പൗണ്ടർ യാചനാസ്വരത്തിൽ വീണ്ടും ബോധിപ്പിച്ചു:

“ഏഡ്ൺഷേവ്ള് അങ്ങനെ ശാഠ്യം പിടിക്കരുത്—ഒരു ദയകാണിക്കണം —ഈ സ്ത്രീ നൊസ്സിളകി ഇരിക്കയാണ്—വേലു ഒരു പച്ചപ്പയ്യനാണ്—മൂന്നുനാലുദിവസമായി പഷ്ണികിടക്കുന്നു. ഈ നിലയിൽ ഇവരെ പിടിച്ചു കൊണ്ടുപോകുന്നതു മഹാസങ്കടമാണ്....”

പോലീസുകാരൻ മഹസ്സറെഴുതുന്ന പെൻസിൽ കടിച്ചുകൊണ്ടു കുറച്ചു നേരം ആലോചിച്ചു. ആച്ചയെയും വേലുവിനെയും മാറി മാറി നോക്കി. ആച്ച ഹ്ഹ—ഹ്ഹിച്ചിരിയടക്കി. ഇപ്പോൾ അല്പം ഗൗരവത്തിൽ ഇരിക്കുകയാണ്. ക്കുനൻ പോലീസുകാരന്റെനേർക്കു തൊഴുകൈയുമായി നില്ക്കുന്നു.

കോൺസ്റ്റബ്ൾ കുഞ്ഞിക്കണ്ണൻനമ്പ്യാരുടെ മുഖത്തെ മുമ്പത്തെ രൗദ്രഭാവം

സഹതാപമായി മാറിയെന്നു തോന്നുന്നു. അയാൾ കമ്പൗണ്ടറെ നോക്കി ഇങ്ങനെ പറഞ്ഞു: "ശരി, ഈ സ്ത്രീയെയും ഇവളുടെ ഭർത്താവിനെയും പോലീസ് സ്റ്റേഷനിൽനിന്ന് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിക്കൊള്ളാമെന്നു നിങ്ങൾ ഏൽക്കുമോ?'

"അക്കാര്യം ഞാനേറ്റു." കമ്പൗണ്ടർ സ്വയം നെഞ്ഞത്തു തട്ടിക്കൊണ്ടു പറഞ്ഞു.

"എന്നാൽ പണ്ടങ്ങൾ...."

അക്കാര്യം ഇപ്പോൾ മിണ്ടിപ്പോകരുതേ എന്ന് കമ്പൗണ്ടർ ആംഗ്യംകാട്ടി, പോലീസുകാരനെ വിലക്കി. അതു ഞാൻ ശരിപ്പെടുത്തിത്തരാമെന്നു നെഞ്ഞത്തു തട്ടി മറ്റൊരാംഗ്യവും.

രംഗം നിശ്ശബ്ദം.

കമ്പൗണ്ടർ കൈകൾ പിന്നിൽ കോർത്തുപിടിച്ച് ആച്ചയുടെ മുമ്പിൽ കുനിഞ്ഞുനിന്നുകൊണ്ട് സർവ്വാഭരണവിഭൂഷിതയായ അവളുടെ മൊഞ്ചു കണ്ട് അഭിനന്ദിക്കുന്നമട്ടിൽ, മുഖത്ത് ഒരു പഞ്ചാരപ്പുഞ്ചിരി സൃഷ്ടിച്ചു.

അപ്പോൾ ആച്ചയുടെ മുഖത്തു ലജ്ജയിൽ മുക്കിപ്പിഴിഞ്ഞ ഒരു ശൃംഗാരപ്പുഞ്ചിരി വിരിഞ്ഞു. അവൾ തലയിലെ തട്ടംകൊണ്ടു മിഴികൾ മറച്ചുപിടിച്ചു. ആ തഞ്ചത്തിൽ കമ്പൗണ്ടർ മെല്ലെ കൈ നീട്ടി അവളുടെ പിറകിലൂടെ പലകയ്ക്കടിയിൽ ഒളിപ്പിച്ചുവെച്ച കൊടുവാൾ തട്ടിയെടുത്തു.

കൊടുവാൾ പിന്നിൽ ഒളിപ്പിച്ചുപിടിച്ചു കമ്പൗണ്ടർ ആച്ചയുടെ ആഭരണങ്ങൾ അഴിച്ചെടുക്കുവാൻ വേലുവിനെ ആംഗ്യം കാട്ടി വിളിച്ചു.

കൂനൻ ആദ്യം ഒന്നു പരുങ്ങി. ആച്ച നിരായുധയാണെന്നു ബോദ്ധ്യമായപ്പോൾ അവൻ മെല്ലെ അറച്ചറച്ച് ആച്ചയുടെ പിറകിൽ വന്നുനിന്നു മൂർഖൻ പാമ്പിനെ പിടിക്കാൻപോകുന്ന ഭാവത്തിൽ അവളുടെ കഴുത്തിലേക്കു കൈ നീട്ടി.

ആച്ച ഇടങ്കണ്ണിട്ട് എല്ലാം നോക്കുന്നുണ്ടായിരുന്നു. കൂനന്റെ കൈ കഴുത്തിൽ തൊട്ടതും, ആച്ചയുടെ കൈ പലകയ്ക്കടിയിലേക്കു കുതിച്ചതും ഒപ്പം കഴിഞ്ഞു. പരതിനോക്കി. കൊടുവാളില്ല!

ആച്ച ഈറ്റപ്പുലിയെപ്പോലെ പല്ലിളിച്ചു മുരണ്ടു. പിന്നെ പൊടുന്നനെ അവൾ വേലുവിന്റെ കൈപിടിച്ച് വായിലാക്കി ഒരൊറ്റക്കടി! വേലുവിന്റെ കൈവിരൽ രണ്ടുമൂന്നെണ്ണം ആച്ചയുടെ വായിൽ കുടുങ്ങി. വേലു കൈവലിച്ചെടുക്കാൻ നോക്കി. ആച്ച കടി വിടുന്നില്ല.

"അയ്യോ!" കൂനൻ വേദന സഹിക്കാതെ നിലവിളിച്ചുപോയി.

അപ്പോൾ കമ്പൗണ്ടർ മനസ്സാന്നിദ്ധ്യത്തോടെ ആച്ചയുടെ മൂക്കു ഞെക്കിപ്പിടിച്ചു. ശ്വാസംമുട്ടിയപ്പോൾ അവൾ വാ തുറന്നുപോയി. അങ്ങനെ വേലുവിന്റെ വിരലുകൾ രക്ഷപ്പെട്ടു.

ചോരയൊലിക്കുന്ന വിരലുകളും കൈയും കുടഞ്ഞുവീശി പിരാകിക്കരഞ്ഞുകൊണ്ടു കൂനൻ രംഗത്തുനിന്നും പിൻവാങ്ങി.

പുള്ളി അപകടകാരിയാണെന്നു കണ്ടപ്പോൾ പോലീസ് രംഗത്തു വന്നു.

കോൺസ്റ്റബിൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ ആച്ചയുടെ മുമ്പിൽ കുനിഞ്ഞുനിന്നു ലാത്തി ഉയർത്തിക്കാട്ടി ഗർജ്ജിച്ചു: "ഹും!— അനങ്ങിയാൽ അടിച്ചു നിന്റെ—"

ഥ്ുപ്പ്! ആച്ച പോലീസുകാരന്റെ മുഖത്ത് ഒരു തുപ്പ്!

'ഛീ!'' എന്നു പറഞ്ഞു കണ്ണും മൂക്കും തുടച്ച് കുഞ്ഞിക്കണ്ണൻനമ്പ്യാർ ആച്ചയെ ഉഗ്രകോപത്തോടെ ഒന്നു നോക്കി..

ആച്ച നാക്കുനീട്ടി കൊഞ്ഞനംകാട്ടി.

പോലീസുകാരൻ കമ്പൗണ്ടറെ സഹായത്തിനു വിളിച്ചു.

കമ്പൗണ്ടർ കൈയിലെ കൊട്ടുവാൾ മുറ്റത്തേക്കു ദൂരെ വലിച്ചെറിഞ്ഞ് ആച്ചയെ പിടികൂടി. ആച്ച കൈകാലുകളിട്ടടിച്ച് ഉറക്കെ നിലവിളിച്ചു. അവളുടെ പരാക്രമങ്ങൾ കൂട്ടാക്കാതെ പോലീസുകാരൻ അവളുടെ തലയിലിട്ട പാവുമുണ്ടുകൊണ്ട്, കമ്പൗണ്ടറുടെ സഹായത്തോടുകൂടി അവളുടെ കൈകൾ പിറകിൽ പിടിച്ചുകെട്ടി.

ആച്ചയുടെ അലർച്ച അതിരാണിപ്പാടത്തെ വിറകൊള്ളിച്ചു. അപ്പോൾ കമ്പൗണ്ടർ കീശയിൽനിന്നു ടവ്വലെടുത്തു ചുരുട്ടി ആച്ചയുടെ വായിൽ തിരുകി.

അപ്പോൾ മുറ്റത്തെ ബഹുജനത്തിന്റെ പ്രതികരണം പല പ്രകാരത്തിലായിരുന്നു. ചിലർ അയ്യോ പാവം എന്നു പറഞ്ഞു സഹതാപം പ്രകടിപ്പിച്ചു. ചിലർക്കു നല്ല തമാശ. അസൂയാലുക്കളായ ചില പെണ്ണുങ്ങൾ പല്ലു ഞെരിച്ചു ചൂണ്ടുവിരലിളക്കിക്കൊണ്ടു പറഞ്ഞു: ''ആച്ചക്ക് അങ്ങിനെ കിട്ടണം. കള്ളത്തി!''

ആച്ചയുടെ കഴുത്തിലെയും കാതിലെയും പണ്ടങ്ങളെല്ലാം പോലീസുകാരൻ അഴിച്ചെടുത്തു. പിന്നെ ഒരു വികടം: കാപ്പുകളും വളകളും കിട്ടാൻ കൈകൾ കെട്ടഴിക്കണം. കെട്ടഴിച്ചാൽ ആച്ചയെ പിന്നെ പിടിച്ചാൽ കിട്ടുമോ?

പോലീസുകാരൻ വളരെ കരുതലോടെ ആച്ചയുടെ കെട്ടഴിച്ച് അവളുടെ ഒരു കൈ കമ്പൗണ്ടറെ ഏൽപ്പിച്ചു. മറ്റേ കൈ കോൺസ്റ്റബ്ൾതന്നെ കസ്റ്റഡിയിലെടുത്തു—പിന്നെ ആച്ചയുടെ നോവും ഞരക്കങ്ങളുമൊന്നും ഗണ്യമാക്കാതെ വളകളും കാപ്പുകളും ബലാൽക്കാരമായി വലിച്ചൂരിയെടുത്ത് അവളെ വീണ്ടും ബന്ധിച്ചു.

പണ്ടങ്ങളെല്ലാം ബഞ്ചിൽ കുമ്പാരമാക്കി വെച്ചു. പിന്നെ ഓരോന്നായി എടുത്തു കനംനോക്കി. കോൺസ്റ്റബ്ൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ വഹകളുടെ പട്ടിക തയ്യാറാക്കാനിരുന്നു.

''സ്വർണ്ണമാല!—സുമാർ തൂക്കം: 8 പവൻ.''

''കാപ്പ് ജോഡി 2. സുമാർ തൂക്കം ഓരോന്നും: 2 പവൻ.''

അങ്ങനെ ആഭരണങ്ങളുടെ ഇനവും തരവും തൂക്കവും എല്ലാം രേഖപ്പെടുത്തി ലിസ്റ്റ് കമ്പൗണ്ടറെയും, അവിടെ കൂടിനിന്നിരുന്ന ബഹുജനത്തെയും ഉറക്കെ വായിച്ചുകേൾപ്പിച്ചു.

കമ്പൗണ്ടർ പട്ടികയും പണ്ടങ്ങളും ഒത്തു നോക്കി: കറക്റ്റ്. ഇനി സാക്ഷികൾ ഒപ്പിടണം.

മഹസ്സർപത്രികയുടെ താഴെ ഇടത്തേ കോണിൽ കമ്പൗണ്ടർ, 'വേലിക്കൽ ശങ്കുണ്ണി' എന്നു പേരെഴുതി. ഇംഗ്ലീഷിൽ വേലികെട്ടിയപോലെ ഒരൊപ്പും വെച്ചുകൊടുത്തു.

''സാക്ഷിയൊപ്പിടാൻ ഒരു മാന്യൻകൂടി വേണം.'' മുറ്റത്തെ ബഹുജനത്തെ നോക്കി കുഞ്ഞിക്കണ്ണൻനമ്പ്യാർ പറഞ്ഞു.

ബഹുജനത്തിൽനിന്ന് കുള്ൂസ് പറങ്ങോടൻ ഉടൻ മുന്നോട്ടുവന്നു. പറങ്ങോടനു

ജീവിതത്തിൽ ഇന്നേവരെ സാക്ഷിയൊപ്പിടാൻ ഒരു ചാൻസ് കിട്ടിയിട്ടില്ല. ഇതാ ഒരു സുവർണ്ണാവസരം!

കമ്പൗണ്ടറുടെ ഒപ്പിനു താഴെ വളരെ സൂക്ഷ്മതയോടെ 'നെല്ലിപ്പുള്ളി പറങ്ങോടൻ' എന്ന് എഴുതി 'ശ്രീ' എന്ന് എട്ടുകാലിവലപോലെ ഒരു ഒപ്പും ചാർത്തിക്കൊടുത്തു. കുള ൂസ് പറങ്ങോടൻ,

ആഭരണങ്ങളെല്ലാം ഒരു കടലാസിൽ പൊതിഞ്ഞുകെട്ടി കീശയിൽ നിക്ഷേപിച്ച് കോൺസ ്റ്റബിൾ കുഞ്ഞിക്കണ്ണൻനമ്പ്യാർ എഴുന്നേറ്റു മുറ്റത്തിറങ്ങി. അയാൾ തിരിഞ്ഞുനിന്നു കമ്പൗണ്ടറെ സഗൗരവം ഓർമ്മപ്പെടുത്തി: "കൽപ്പന അയച്ചാൽ ഉടനെ ഇവരെ സ ്റ്റേ ഷനിൽ ഹാജരാക്കുമല്ലോ?"

"അക്കാര്യം ഞാനേറ്റു."—കമ്പൗണ്ടർ സ്വയം നെഞ്ചത്തു തട്ടി തല കുനിച്ചു മറുപടി കൊടുത്തു.

കോൺസ ്റ്റബ ്ൾ ആച്ചയെ ഒന്നു നോക്കി. അവൾ ഹ് ഹ് — ഹ് ഹി — ഹ് ഹ് — ഹി ഹി എന്ന സ്വരം പുറപ്പെടുവിക്കുന്നുണ്ട്. പക്ഷേ, ചിരിയല്ല, സങ്കടക്കരച്ചിലാണ്.

കൂനൻവേലുവിനെ സമാശ്വസിപ്പിക്കാൻ കമ്പൗണ്ടർ അവിടെത്തന്നെ തങ്ങിനിന്നു. പോലീസുകാരൻ പോയപ്പോൾ മുറ്റത്തെ ബഹുജനത്തിൽ നിന്നു പെരിക്കാലൻ അയ്യപ്പനും, വണ്ണാൻ ശങ്കരൻവൈ ദ്യരും കോലായിലേക്കു വന്നു. ബാക്കിയുള്ളവർ പിരിഞ്ഞുപോയി.

"ഞാൻ പിന്നെ വരാം—" മുക്കും മീശയും ഒന്നു വിറപ്പിച്ചു കമ്പൗണ്ടർ യാത്രപറഞ്ഞ്, കൈകൾ അകത്തിവീശിക്കൊണ്ടു ധൃതിയിൽ നടന്നു.

ഒരു മണിക്കൂർ കഴിഞ്ഞു.

കൂനനും പെരിക്കാലനും വൈദ്യരും ആച്ചയുടെ ഭ്രാന്തു മാറ്റാനുള്ള ചികിത്സയെപ്പറ്റി ചർച്ചചെയ്തുകൊണ്ടിരിക്കെ, മീശക്കണാരൻ മുറ്റത്തു പ്രത്യക്ഷപ്പെട്ടു. കണാരൻ നടുമുറ്റത്തുനിന്നു 'ഹ്ഹും—ഹ്ഹും—ഹ്ഹും! എന്നു മൂന്നുപ്രാവശ്യം മൂളി.

"എന്താ കണാരാ നത്തിനെപ്പോലെ മൂളുന്നു?" പെരിക്കാലനയ്യപ്പൻ ചോദിച്ചു.

മീശ വ്യാഖ്യാനിച്ചു: "കട്ടോനോട്ടു കട്ടാൽ—ഹ്ഹും—ഹ്ഹും—ഹ്ഹും! മൂന്നു മൂള ്..."

വണ്ണാൻ ശങ്കരന് അതിന്റെ വ്യംഗ്യം മനസ്സിലായില്ലെങ്കിലും, മനസ്സിലായപോലെ തലകുലുക്കിച്ചിരിച്ചു. കൂനനും പെരിക്കാലനും മീശ പറഞ്ഞതിന്റെ പൊരുൾ തീരെ പിടികിട്ടിയില്ല. അവർ അന്യോന്യം മിഴിച്ചുനോക്കി.

മീശ കോലായിലേക്കു കേറി കൂനന്റെ അരികെ ഇരുന്നു. എന്നിട്ട ് ഒരു ചോദ്യം: "പോലീസ ്സ ്റ്റേ ഷനിലേക്കു പോണ്ടേ?"

"വേണ്ട —കമ്പോണ്ട ്റ് ജാമ്യംനിന്ന് —" കൂനൻ ഗമയോടെ പറഞ്ഞു.

"ആച്ചയുടെ പണ്ടങ്ങളൊക്കെ എവിടെപ്പോയി?"

"ഏഡ്ഡ്ൺഷേ ള ് സൂപേ്രണ്ട ് സായിപ്പിന്റെ മുമ്പില് ഹാജരാക്കാൻ കൊണ്ടുപോയി."

മീശ പൊട്ടിച്ചിരിച്ചു.

"ആ നൊണമ്പിനമ്പ്യാര ് പണ്ടങ്ങൾ ഹാജരാക്കാൻ കൊണ്ടുപോയത ് എങ്ങോട്ടാണെന്നു കേൾക്കണോ?" മീശ ഗൗരവംനടിച്ചു ചോദിച്ചു.

“ങ്ഹേ —എങ്ങോട്ടാണ്?” കുനനും അയ്യപ്പനും ഒരേസ്വരത്തിൽ ചോദിച്ചു.

“റെയിൽവേഗേറ്റ് പുരയിലേക്ക്—”

പോലീസുകാരൻ പണ്ടവും കെട്ടിപ്പൊതിഞ്ഞു കൊണ്ടുപോയതിൽപ്പിന്നെ നടന്ന കാര്യങ്ങൾ മീശ അവരെ കേൾപ്പിച്ചു.

ഏഡ്ൺൻഷേള് നൊണമ്പിനമ്പ്യാരെയും, ശകുനിക്കമ്പൗണ്ടറേയും വേലുവിന്റെ കോലായിൽ കണ്ടപ്പോൾത്തന്നെ മീശയ്ക്ക് എന്തോ സംശയം തോന്നിയിരുന്നുവത്രെ—പോലീസുകാരൻ ആച്ചയുടെ മേത്തുനിന്നു പണ്ടങ്ങൾ അഴിച്ചെടുത്തു പൊതിഞ്ഞുകെട്ടി ഇറങ്ങി നടന്നപ്പോൾ, ഒരു ‘സിയെയ്യടി’ യുടെ മട്ടിൽ മീശക്കണാരൻ അയാളുടെ വഴിയും മണത്തു തഞ്ചത്തിൽ പിറകെ നീങ്ങി. നമ്പ്യാർ ഗേറ്റുപുരയിൽ കടന്നു വാതിലടച്ചു. മീശ അടുത്ത ചായപ്പീടികയിൽ കയറി ഒളിച്ചിരുന്നു നോക്കി. കുറച്ചു കഴിഞ്ഞപ്പോൾ ശകുനിക്കമ്പൗണ്ടറും ഗേറ്റുപുരയിലേക്ക് വന്നു ധൃതിയിൽ വാതിൽ തുറന്ന് അകത്തുകടന്നു. വാതിൽ വീണ്ടും അടഞ്ഞു.

അപ്പോൾ മീശയ്ക്കു മനസ്സിലായി, വേലുവിന്റെ കോലായിൽവെച്ചു നടന്നതെല്ലാം, നൊണമ്പിനമ്പ്യാരും ശകുനിക്കമ്പൗണ്ടറുംതമ്മിലുള്ള ഒരൊത്തുകളിയായിരുന്നുവെന്ന്. പോലീസുകാരനെ കൂട്ടിക്കൊണ്ടുവന്നതും ശകുനിക്കമ്പൗണ്ടറുടെ വിദ്യയായിരുന്നു.

മീശ, ഗേറ്റുപുരയുടെ പുറകിൽച്ചെന്നു പതുങ്ങിനിന്നു ചെവിയോർത്തു. നൊണമ്പിയും ശകുനിയും ആച്ചയുടെ മേത്തുനിന്നു തട്ടിയ പണ്ടങ്ങൾ ഓഹരിവയ്ക്കുകയാണെന്നു മനസ്സിലായി —മീശ അവിടെ നിന്നു നീങ്ങാൻ ഭാവിച്ചപ്പോൾ ഗേറ്റുപുരയുടെ കിളിവാതിലിലൂടെ പുറത്തേക്കു ചുരുട്ടിയെറിഞ്ഞ ഒരു മഞ്ഞക്കടലാസ് മീശയുടെ അരികെ വന്നുവീണു.........

മീശ കീശയിൽനിന്ന് ഒരു മഞ്ഞക്കടലാസ് വലിച്ചെടുത്തു കുനനേയും പെരിക്കാലനേയും വണ്ണാൻവൈദ്യരേയും ഉറക്കെ വായിച്ചുകേൾപ്പിച്ചു:

സ്വർണ്ണമാല 1 സുമാർ തൂക്കം 8 പവൻ

കാപ്പ് ജോഡി 2 സുമാർ തൂക്കം ഓരോന്നും 2 പവൻ.

പൊന്നരഞ്ഞാണം 1 സുമാർ തൂക്കം 6 പവൻ.

സാക്ഷി: 1. വേലിക്കൽ ശങ്കുണ്ണി (ഒപ്പ്)

2. നെല്ലിപ്പുളി പറങ്ങോടൻ (ഒപ്പ്)

ഇടിവെട്ടേറ്റപോലെ കുത്തിയിരിക്കുന്ന കുനന്റെ നേർക്ക് ആ മഞ്ഞക്കടലാസ് എറിഞ്ഞുകൊണ്ട് മീശ ഉപസംഹരിച്ചു: “വേലൂ, ഇതൊരു പണയാധാരംപോലെ പെട്ടിയിൽ സൂക്ഷിച്ചുവെച്ചോ..........എന്നിട്ട് ഹ്ഉം—ഹ്ഉം—ഹ്ഉം എന്നുമൂളി കുത്തിയിരുന്നോ!...”

കുനൻ നെഞ്ഞത്തടിച്ച് ഒരു നെടുവീർപ്പയച്ചു: “ആച്ചന്റെ തങ്കാരോം പോയല്ലോ എന്റെ പടച്ചോനേ!...”

മീശ ഇറങ്ങി നടന്നു. മുറ്റത്തുനിന്ന് ആച്ചയെ ഒന്നു തിരിഞ്ഞുനോക്കി. അവളെ ആ നിലയിൽ കണ്ടപ്പോൾ മീശയ്ക്ക് ഒരു പഴയ പാട്ട് തേട്ടിവന്നു. ആച്ചയെ നോക്കി ഈണത്തിൽ പാടിക്കൊടുത്തു:

“കല്ലിന്റിടുക്കിലെ ഞണ്ടേ—

കല്യാണത്തിനു പോണ്ടേ—
—പിന്നെപ്പോണ്ടേ പിന്നെപ്പോ—
ണ്ടേ—പിന്നെപ്പോണ്ടേ? —
പൊന്നെന്തെങ്കിലും വേണ്ടേ? —
പിന്നെ വേണ്ടേ—പിന്നെ വേണ്ടേ,
പിന്നെ വേണ്ടേ?...”

# 17. എല്ലിൻകൂടും ഇലഞ്ഞിപ്പ ൂമാലയും

ലഹള ശമിക്കുന്ന ലക്ഷണമില്ല.
വെള്ളപ്പട്ടാളവും യന്ത്രത്തോക്കുകളും രംഗത്തെത്തിയപ്പോൾ ലഹളക്കാർ പൊറുതിമുട്ടി കാടുകളിൽ കേറിക്കൂടി. പോലീസും പട്ടാളവും ഗ്രാമങ്ങളിൽ ചുറ്റിയടിച്ച്, ലഹളക്കാരെ സഹായിച്ചവരെന്നു പറഞ്ഞുകേട്ട പ്രമാണികളെ—ഇവരിൽ ഹിന്ദുക്കളുമുണ്ടായിരുന്നു—പിടിച്ചുകെട്ടി കൊണ്ടുപോയി—പലരും നിരപരാധികളായിരുന്നു. ചില പോലീസുദ്യോഗസ ്ഥന്മാർക്കും, ഗവൺമെന്റ് സഹായികളായി വേഷം കെട്ടിയ പല ദുഷ ്ടപ്പരിഷകൾക്കും തങ്ങളുടെ പഴയ കുടിപ്പകകൾ തീർക്കാനും, സ്വന്തം സമുദായത്തിലെ എതിരാളികളോടു പകരം വീട്ടാനും നല്ല തഞ്ചം കിട്ടി.

കാട്ടിൽ കടന്നുകൂടിയ ലഹളക്കാർ ചിലപ്പോൾ ഭക്ഷണം തേടി താഴെ ഗ്രാമങ്ങളിലേക്കു വരും. അർദ്ധരാത്രി ജന്മിഗൃഹങ്ങളിൽ കേറിച്ചെന്ന് വെച്ചുണ്ണാൻ അരിയും, അറുത്തു കറിവെക്കാൻ കാലികളെയും ആവശ്യപ്പെടും. കൊടുത്തില്ലെങ്കിൽ കുടുംബത്തെ കൂട്ടക്കൊലചെയ്യും—കൊടുത്താലോ ലഹളക്കാർക്കു സദ്യ നൽകി അവരെ സഹായിച്ചു എന്ന കുറ്റം ചുമത്തി പിന്നീടു പോലീസും കുതിരപ്പട്ടാളവും വീട്ടുടമസ ്ഥനെ വളഞ്ഞു പിടിച്ചു കെട്ടി വലിച്ചിഴച്ചു കൊണ്ടുപോകും. എങ്ങനെയും നാട്ടുകാർക്കു രക്ഷയില്ലെന്നായി. അവർ കൂട്ടത്തോടെ പട്ടണത്തിലേക്കു കെട്ടുകെട്ടിത്ത ുടങ്ങി.

ഭരണം പിടിച്ചെടുക്കാനുള്ള മോഹം ലഹളക്കാർ ഉപേക്ഷിച്ചമട്ടിലായി. അവരിൽ ബഹുഭൂരിപക്ഷവും അജ ്ഞരും മൂഢവിശ്വാസികളുമായിരുന്നു. ഇസ്ലാമിനെയും പള്ളികളെയും നശിപ്പിക്കാനുള്ള വെള്ളക്കാരന്റെ പുറപ്പാടാണിതെന്നു നേതാക്കന്മാർ ഈ മൂഢപ്പരിഷകളെ പറഞ്ഞു വിശ്വസിപ്പിച്ചു. അവർ ജിഹാദ് വിളി മുഴക്കി മരണപ്പോരിനിറങ്ങി—കാഫറിങ്ങളെക്കൊന്നാൽ സ്വർഗ്ഗം കിട്ടുമെന്നു പള്ളിയിലെ മൊല്ലമാരും അവരെ ധരിപ്പിച്ചിരുന്നു. തലവന്മാരിൽ പലരും ചത്തും കൊന്നും ഒടുങ്ങിയപ്പോൾ ലഹള നയിക്കാൻ ആള ില്ലാതായി. അനുയായികൾ കൂട്ടംതെറ്റി കാടുകളിൽ ചിന്നിച്ചിതറിക്കഴിയുകയാണ്—കീഴടങ്ങിയാലും പിടിക്കപ്പെട്ടാലും പോലീസും പട്ടാളവും തങ്ങളെ തല്ലിച്ചതച്ചു കൊല്ലുമെന്ന് അവർക്കു നിശ ്ചയമുണ്ട്. അതുകൊണ്ട് മതത്തിന്റെ പേരിൽ അവസാനംവരെ പൊരുതി മരിക്കുക; മരിക്കുന്നതിനുമുമ്പു കിട്ടാവുന്നത്ര കാഫറിങ്ങളെ കശാപ്പുചെയ്യുക—ലഹളക്കാരുടെ പിന്നത്തെ പുറപ്പാടും പരിപാടിയും അത്തരത്തിലായിരുന്നു. മറ്റുപ്രകാരത്തിൽ പറഞ്ഞാൽ, ലഹളക്കാർ സ്വയം ഒരു ഇസ്ലാംചാവേർപ്പടയായി മാറി.

കാട്ടിൽ കടന്നുകൂടിയ ലഹളക്കാർ കൂടുതൽ ആപത്കാരികളാണെന്ന് ഗവർമ്മെണ്ടിനു ബോദ്ധ്യമായി. യന്ത്രത്തോക്കുകളും കവചിത വാഹനങ്ങളുംകൊണ്ടു പ്രയോജനമില്ലാതായി.

കാട്ടിൽ കേറി ലഹളക്കാരെ പിടിക്കുന്നതിനും ഒടുക്കുന്നതിനും വനയുദ്ധവീരന്മാരായ ഗൂർഖാപ്പട്ടാളം വന്നുചേർന്നു.

ഒരു ദിവസം ഗോവിന്ദൻറൈറ്റർ, കൃഷ്ണൻമാസ്റ്ററെ കാണാൻ കന്നിപ്പറമ്പിൽ വന്നു—അതിരാണിപ്പാടത്തുകാരനായ ഗോവിന്ദൻറൈറ്റർ ഇപ്പോൾ പട്ടാളക്യാമ്പിലേക്കു മുട്ടയും പച്ചക്കറികളും ചെയ്യുന്ന ഒരു ചെറിയ കൺട്രാക്ടറായിത്തീർന്നിരിക്കയാണ്. തന്റെ ജ്യേഷ്ഠനുമായുള്ള ഒരു സ്വത്തുതർക്കം പറഞ്ഞുതീർക്കുന്നതിന് മാദ്ധ്യസ്ഥം വഹിക്കാൻ കൃഷ്ണൻ മാസ്റ്ററോടപേക്ഷിക്കാനാണ് ഗോവിന്ദൻറൈറ്റർ പെട്ടെന്നു ജോലിസ്ഥലത്തുനിന്നു വന്നത്. അക്കാര്യത്തെപ്പറ്റി ആലോചിക്കാമെന്ന് കൃഷ്ണൻ മാസ്റ്റർ സമ്മതിച്ചു. പിന്നെ ലഹളയുടെ സ്ഥിതിഗതികളെപ്പറ്റി ഗോവിന്ദൻ റൈറ്ററോടു ചോദിച്ചു.

"ജഗള അടുത്തൊന്നും തീരുന്ന കോളില്ല."—പട്ടാളക്കാരുടേയും ലഹളക്കാരുടേയും പ്രവർത്തനങ്ങളുടെ ഉള്ളുകള്ളികൾ അടുത്തറിയുന്ന ഗോവിന്ദൻറൈറ്റർ പറഞ്ഞു: "ജഗളക്കാർ കാട് കേറിയിരിക്കയാണ്—കാട്ടിൽ കടന്നു ചെന്നു ജഗളക്കാരെ കൊന്നൊടുക്കുന്ന കാര്യം അത്ര എളുപ്പമല്ല. വെള്ളപ്പട്ടാളക്കാർക്കു തിന്നാനും കുടിക്കാനും പെണ്ണുങ്ങളെപ്പിടിക്കാനുമേ നേരമുള്ളു. കാട്ടിൽപ്പോകാൻ അവർക്കു പേടിയാണ്. ഗൂർക്കാസ് പട്ടാളമിറങ്ങിയപ്പോൾ സ്ഥിതി കുറച്ചു മാറീട്ടുണ്ട്. എന്നാലും ജഗളക്കാർക്കു പേടിയില്ല. അവർ ചാകാനൊരുങ്ങിയ കൂട്ടരാണ്. ജഗളക്കാരിൽ ഒരാളെങ്കിലും ജീവനോടെയിരുന്നാൽ മതി—ജഗള അവസാനിക്കില്ല."

ഗൂർഖാ പട്ടാളത്തിനുപുറമേ, പുതുതായി ബർമ്മാ റൈഫിൾസും സാപ്പേർസ് ആൻഡ് മൈനേർസ് സംഘവും മരുഭൂമിയിൽ യുദ്ധം ചെയ്യാനുപയോഗിച്ചുവരുന്ന കോവർകഴുതപ്പട്ടാളവും പീരങ്കപ്പടയും കവചിതവാഹനങ്ങളുമെല്ലാം ബാംഗ്ലൂർവഴി, സ്ഥലത്ത് എത്തിച്ചേർന്നിട്ടുണ്ടെന്നു ഗോവിന്ദൻ റൈറ്റർ പറഞ്ഞു.

"പരിഷ്കൃതയുദ്ധസാമഗ്രികളുടേയും യുദ്ധപരിചയം നേടിയ വിദേശീയ പട്ടാളക്കാരുടെയും മുമ്പിൽ ലഹളക്കാർക്ക് എത്രകാലം പൊരുതിനിൽക്കാൻ കഴിയും?" കൃഷ്ണൻമാസ്റ്റർ സംശയം പ്രകടിപ്പിച്ചു.

"അതു കണ്ടുതന്നെ അറിയണം." ഗോവിന്ദൻറൈറ്റർ പറഞ്ഞു. "എന്നാലും ഇതെല്ലാം കണ്ടു പേടിച്ചു കീഴടങ്ങുന്ന കൂട്ടത്തിലല്ല പരിഭ്രാന്തരായ മാപ്പിളമാർ. അവർ പടവെട്ടി മരിച്ചു സുവർക്കത്തിൽ പോകാൻ ഒരുങ്ങിപ്പുറപ്പെട്ടിരിക്കയാണ്—ഒളിഞ്ഞും തെളിഞ്ഞും തരംപോലെ അവർ പട്ടാളക്കാരെ എതിർക്കുന്നുണ്ട്."

രണ്ടുമൂന്നു ദിവസം മുമ്പ് 'കു—' ഗ്രാമത്തിൽവെച്ചു നടന്ന ഒരു സംഭവം ഗോവിന്ദൻറൈറ്റർ വിവരിച്ചു:

കാട്ടിലേക്കു പുറപ്പെട്ട ഒരു വിഭാഗം ഗൂർഖാപ്പട്ടാളം രാത്രി അവിടെ ക്യാമ്പടിച്ചു കൂടിയിരിക്കയായിരുന്നു. നാട്ടുകാരുടെമട്ടിൽ സഹായികളെപ്പോലെ ഒരു കൂട്ടം ലഹളക്കാർ അവിടെയെത്തി. പുലർച്ചയ്ക്കു മുമ്പ് അവർ കൂടാരത്തിൽ കടന്നുകൂടി പെട്ടെന്ന് ആക്രമണം നടത്തി. ശത്രുക്കൾ കൂടാരത്തിനുള്ളിൽ കടന്നിട്ടുണ്ടെന്നറിഞ്ഞ്, യന്ത്രത്തോക്കുകളും കവചിതവാഹനങ്ങളും പ്രവർത്തനത്തിനൊരുക്കിക്കഴിയുമ്പോഴേക്കും, മാപ്പിളമാരുടെ മിന്നൽവാൾപ്പയറ്റിൽ ഒരു ബ്രിട്ടീഷ് ആഫീസറുടെയും പത്തുപന്ത്രണ്ടു ഗൂർഖകളുടേയും തലകൾ തെറിച്ചുവീണുകഴിഞ്ഞിരുന്നു. പട്ടാളം വെടി തുടങ്ങി. വെടികൊണ്ടുവീണു ചാകുന്നതുവരെ മാപ്പിളമാർ പുലികളെപ്പോലെ പൊരുതിക്കൊണ്ടിരുന്നു. കാൽമണിക്കൂർകൊണ്ട് എല്ലാം കഴിഞ്ഞു... ചത്തുകിടക്കുന്ന മാപ്പിളമാരുടെ ശവങ്ങൾ

എണ്ണിനോക്കിയപ്പോൾ 234. ലഹളക്കാരായ മാപ്പിളമാരുടെ ശവശരീരങ്ങൾ പട്ടാളക്കാർ, ഇസ്ലാംമതവിധി പ്രകാരം കുഴിച്ചു മറവുചെയ്യുന്നതിനു പകരം, ഒരു മൂലയിൽ പെറുക്കിക്കൂട്ടിയിട്ട് പെട്രോളൊഴിച്ചു തീകൊടുത്തു ദഹിപ്പിച്ചുകളഞ്ഞു.

ഗോവിന്ദൻറൈറ്റർ അൽപ്പം പരിഹാസത്തോടെ ഇങ്ങനെ ഉപസംഹരിച്ചു.

“പടവെട്ടി മരിച്ചാൽ സുവർക്കം കിട്ടുമെന്നായിരുന്നു മാപ്പിളമാരുടെ വിശ്വാസം. ഇപ്പോൾ പട്ടാളക്കാരോടെതിർത്തു ചത്താൽ സുവർക്കത്തിലേക്കുള്ള വഴി മുട്ടിയിരിക്കയാണ്. മയ്യത്ത് ചുട്ടു വെണ്ണീറാക്കിക്കളഞ്ഞാൽ പിന്നെ കിയാമത്തിൻനാളിൽ മാപ്പിളമാർ എങ്ങനെ എണീറ്റുവരും?”

രണ്ടുമൂന്നു ദിവസം പിന്നെയും കഴിഞ്ഞു.

ജഗളക്കാർ പട്ടണത്തിലേക്കു പുറപ്പെട്ടിട്ടുണ്ടെന്നു ഒരു ശ്രുതി പരന്നു. അവർക്ക് കാട്ടിലേതിനേക്കാൾ രക്ഷ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പട്ടണത്തിലായിരിക്കും. ഇവിടെ അവർക്ക് ഒറ്റുകാരുണ്ട്, ദല്ലാളികളുണ്ട്, ഗൂഢസഹായികളുണ്ട്—കൊള്ളയടിക്കാൻ ധാരാളം പണവും വിഭവങ്ങളുമുള്ള അങ്ങാടികളും.

ഒരുദിവസം കൃഷ്ണൻമാസ്റ്റർ ഭാര്യയെ വിളിച്ച് ഗൗരവത്തോടെ പറഞ്ഞു:

“ലഹളക്കാർ ഇങ്ങോട്ടു പുറപ്പെട്ടുവരുന്ന മട്ടാണു കാണുന്നത്—നീയും ശ്രീധരനും ലഹള കഴിയുന്നതുവരെ ഇലഞ്ഞിപ്പൊയിലിൽ പോയി പാർക്കുന്നതാണു നല്ലത്—”

ശ്രീധരന്റെ അമ്മ പറഞ്ഞു: “നിങ്ങളെ ഇവിടെ വിട്ട്, ഞാനെങ്ങോട്ടും പോകുല— ചാവ്വാണെങ്കില് നമ്മക്ക് ഒരുമിച്ചു ചാവാം—കുഞ്ഞൻ ഇലഞ്ഞിപ്പൊയിലിൽ പോയി പാർക്കട്ടെ.”

അങ്ങനെ ശ്രീധരൻ പിന്നെയും ഇലഞ്ഞിപ്പൊയിലിലെത്തി.

ഇലഞ്ഞിപ്പൊയിലിൽ ശ്രീധരനെ എതിരേറ്റത്, അപരിചിതമായൊരു ജീവിതമണ്ഡലമായിരുന്നു: അഭയാർത്ഥികളുടെ വിചിത്രലോകം.

ലഹളക്കാരുടെ മൃഗീയാക്രമണങ്ങളിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ടവരും, ലഹളക്കാരെ ഭയന്നു സ്ഥലം ഒഴിഞ്ഞുപോന്നവരുമായ നൂറു കണക്കിൽ കുടുംബങ്ങൾ തെക്കുകിഴക്കൻഗ്രാമങ്ങളിൽനിന്ന് ഇവിടേക്കു നീങ്ങി വന്നിട്ടുണ്ടായിരുന്നു. അഭയാർത്ഥിസംഘങ്ങളിലെ പത്തിരുപതു കുടുംബങ്ങൾ ഇലഞ്ഞിപ്പൊയിലിലാണു തങ്ങിയിരിക്കുന്നത്.

എല്ലാം ഇട്ടെറിഞ്ഞു ജീവനും ഉടുതുണിയുംകൊണ്ട് ഓടിപ്പോന്നവരാണ് മിക്കവരും —പലരുടേയും കുടുംബാംഗങ്ങൾ കൊലചെയ്യപ്പെട്ടുപോയി—വൈദ്യശുശ്രൂഷ കിട്ടാതെ കുറെയെണ്ണം വഴിയിൽവെച്ചു മരിച്ചു. മാനഹാനി സംഭവിച്ച ചില സ്ത്രീകൾ ആത്മഹത്യചെയ്തു. മുറിവേറ്റ കുറേപ്പേരും കൂട്ടത്തിലുണ്ടായിരുന്നു.

അവർ ഇലഞ്ഞിപ്പൊയിലിലെ മുറ്റത്തും ആലയ്ക്കു പിറകിലും പറമ്പിലെ വൃക്ഷച്ചുവടുകളിലും അടുപ്പുകൾ കൂട്ടി ഭക്ഷണം പാകംചെയ്തും, അവിടവിടെ പ്രായവിരിച്ചുകിടന്ന് തങ്ങളുടെ നാരകീയനുഭവങ്ങളോർത്തു കണ്ണീർപൊഴിച്ചും കഴിയുകയാണ്—വൃദ്ധന്മാർ ഓരോ മൂലയിൽ മൂകരായി കൂനിക്കൂടിയിരിക്കുന്നു. ചെറിയകുട്ടികൾ തീറ്റ കിട്ടിയ സംതൃപ്തിയോടെ മുറ്റത്തിരുന്നു കളിക്കുന്നു. അഭയാർത്ഥിപ്പെണ്ണുങ്ങൾ ജഗളക്കാരുടെ ക്രൂര വിനോദങ്ങളെപ്പറ്റിയുള്ള കഥകൾ മറ്റുള്ളവരെ കരഞ്ഞു പറഞ്ഞുകേൾപ്പിക്കുന്നു...

കോലായയുടെ മൂലയിൽ ഒരു വലിയ വാഴയിലയിൽ ഒരു മനുഷ്യനെ കിടത്തിയിട്ടുണ്ട്. ഒരു കോണകം മാത്രമാണ് ദേഹത്തിലെ ആവരണം. അയാളുടെ മുഖത്തും കഴുത്തിലും നെഞ്ചത്തും വാരിഭാഗങ്ങളിലും അരയ്ക്കു മേൽപ്പോട്ടു മുഴുവനും—വെട്ടേറ്റ മുറിവുകളാണ്. മുറിവുകളിൽ എണ്ണയും മരുന്നും തേച്ചു മലർന്നുകിടക്കുന്ന ആ മനുഷ്യൻ, ചട്ടിയിൽ വറുക്കാൻ വരഞ്ഞ് മസാല പുരട്ടിവെച്ച ബിരാൽമീനിനെപ്പോലെയുണ്ടായിരുന്നു.

രാരുക്കുട്ടി എന്ന പേരായ ആ മദ്ധ്യവയസ്കന്റെ അനുഭവം വിവരിച്ചു കേട്ടപ്പോൾ ശ്രീധരന്റെ കരളിൽ സർപ്പംകൊത്തിയതുപോലെ ഒരു നീറ്റലും കടച്ചിലും അനുഭവപ്പെട്ടു.

പത്തുമുപ്പതുപേരടങ്ങിയ ഒരു ലഹളസംഘം അർദ്ധരാത്രിയിൽ പെട്ടെന്നാണ് ബാങ്കുവിളി മുഴക്കിക്കൊണ്ടു രാരുക്കുട്ടിയുടെ ഗ്രാമത്തിൽ കുതിച്ചെത്തിയത്—മൂന്നുനാലുദിവസം മുമ്പ് പോലീസ് അവിടെനിന്നു രണ്ടു മാപ്പിളമാരെ സംശയിച്ചു പിടിച്ചുകൊണ്ടുപോയിട്ടുണ്ടായിരുന്നു. തങ്ങളുടെ ആൾക്കാരെ ഗ്രാമക്കാർ പോലീസിന് ഒറ്റിക്കൊടുത്തതിന്റെ പകവീട്ടാനൊരുങ്ങിക്കൊണ്ടാണ് ലഹളക്കാർ അവിടെ പാഞ്ഞെത്തിയത്. ഹാലിളകിയ ലഹളക്കാരുടെ സംഹാരതാണ്ഡവമാണ് പിന്നെ അവിടെ നടന്നത്. 'കുളിപ്പിച്ചു കേറ്റാ'നോ മൂരിയിറച്ചി തീറ്റാനോ നേരമുണ്ടായിരുന്നില്ല. ഗ്രാമത്തിൽ നിന്നു കിട്ടിയ കാഫറിങ്ങളെയെല്ലാം അവർ വെട്ടിനുറുക്കി ഒരു പൊട്ടക്കിണറ്റിൽ എറിഞ്ഞു. ശവങ്ങൾകൊണ്ടു കിണർ നിറഞ്ഞു; അപ്പോഴാണ് ഒരു വാഴച്ചുവട്ടിൽ ഒളിച്ചുനില്ക്കുന്ന രാരുക്കുട്ടിയെ അവർക്കു കിട്ടിയത്. അവനെയും കൊത്തിത്തറച്ചു കിണറ്റിൽ തള്ളി......

രാരുക്കുട്ടിക്കു കുറേശ്ശെ ബോധം തെളിഞ്ഞപ്പോൾ ആദ്യം അവന് ഒന്നും തിരിഞ്ഞില്ല. മഴ പെയ്യുന്നുണ്ട്. താൻ മഴയത്ത് എവിടെയാണ് കിടക്കുന്നത്? ദേഹത്തിനടിയിൽനിന്ന് ചില ഞരക്കങ്ങളും അനക്കങ്ങളും—ക്രമേണ അവന് എല്ലാം മനസ്സിലായി. ശവങ്ങളുടെ മെത്തപ്പുറത്താണ് താൻ കിടക്കുന്നത്.......മഴയാണ് തന്നെ രക്ഷിച്ചത്—തണുത്ത മഴവെള്ളമേറ്റപ്പോഴാണ് ബോധം തെളിഞ്ഞത്. ദേഹം മുഴുവനും ആഴത്തിൽ മുറിവുകളുണ്ട്. മെല്ലെ കൈപൊക്കി തപ്പിയപ്പോൾ പൊട്ടക്കിണറിന്റെ അറ്റം കൈയ്ക്കു തടഞ്ഞു—ശവങ്ങളിൽ കൈകുത്തി വളരെ പ്രയാസപ്പെട്ടു വലിഞ്ഞുപൊങ്ങി ഒരുവിധത്തിൽ മുകളിലെ നിരപ്പിലെത്തി. സർവ്വത നിശ്ശബ്ദത. മഴ കഴിഞ്ഞു മങ്ങിയ നിലാവ്, ചെത്തുവഴിയിലൂടെ എത്ര ദൂരം ഇഴഞ്ഞു എന്നു നിശ്ചയമില്ല—തോട്ടിൻകരയിലെത്തി—മുഖം കുനിച്ചു കുറെ വെള്ളം വലിച്ചുകുടിച്ച് അവിടെത്തന്നെ കിടന്നു.....പിറ്റേന്നു രാവിലെ ആ വഴിക്കു വന്ന ഒരഭയാർത്ഥി സംഘമാണ് രാരുക്കുട്ടിയെ തങ്ങളുടെകൂടെ ഇങ്ങോട്ടു കൊണ്ടുവന്നത്.

ശ്രീധരന് ആകപ്പാടെ അവിടത്തെ അന്തരീക്ഷം അസഹ്യമായി ത്തോന്നി. കിഴക്കുനിന്ന് ഒളിച്ചുപോന്ന അക്കൂട്ടർക്കു വൃത്തിയുമില്ല, നാണവുമില്ല. മുറ്റത്തു മലമൂത്രങ്ങളുടെ നാറ്റം. ദണ്ണം പിടിച്ചവരുടെ നിലവിളികൾ—ചിലപ്പോൾ പെണ്ണുങ്ങൾ തമ്മിലുള്ള ശണ്ഠകളും......

അപ്പുവിനെ എങ്ങും കണ്ടില്ല. അവനെ കിട്ടിയിരുന്നുവെങ്കിൽ കാട്ടിലേക്കൊന്നു സർക്കീറ്റടിക്കാമായിരുന്നു.

നേരം ഉച്ചമയങ്ങി. ഒറ്റയ്ക്ക് ആറാംകണ്ടംവരെ ഒന്നു നടക്കാൻ തീരുമാനിച്ച് ശ്രീധരൻ പുറത്തിറങ്ങി.

പാറക്കണ്ടത്തിലെ വലക്കുടാരം നീക്കിക്കളഞ്ഞിരിക്കുന്നു. കൊപ്പരക്കളവും ചുറ്റും മുളമ്പായകൾകൊണ്ടുള്ള മറയും അങ്ങനെത്തന്നെയുണ്ട്.

മാവുകളുടെ മുകളിലേക്കു നോക്കി. മാങ്ങാക്കാലമല്ല.

'ക്യേ്ഠഠഠങ്ങ്!' ആകാശത്തുനിന്ന് ഒരു ചെകുത്താൻവിളി! മേൽപ്പോട്ടുനോക്കി. ഒരു വേഴാമ്പൽ—തലയിൽ മരിക കമിഴ്ത്തിയ പക്ഷി—ആ പക്ഷിയുടെ തലയിൽ മരിക വന്ന കഥ അപ്പു പറഞ്ഞുകൊടുത്തിട്ടുണ്ട്—വേഴാമ്പൽ ക്യേ്ഠഠഠഠങ്ങ് എന്നു കരഞ്ഞുകൊണ്ട് മൂന്നാംകണ്ടത്തിലെ കുളത്തിൻ കരയിലെ പനയുടെ മുകളിൽ ചെന്നുപറ്റി.

അങ്ങനെ ഓരോന്നു നോക്കിയും ചിന്തിച്ചും നീങ്ങിക്കയറി ശ്രീധരൻ, ആറാംകണ്ടത്തിലെത്തി ചുറ്റുപാടുമൊന്നു നോക്കി.

അപ്പോൾ കാടിന്റെ അതിർത്തിയിലെ മൂലയിൽ ഒരാളനക്കം കണ്ടു സൂക്ഷിച്ചു നോക്കി. പുറം തിരിഞ്ഞിരുന്ന് ഒരുത്തൻ ഇല്ലിമുള്ളുകൾകൊണ്ടു വേലികെട്ടുന്നു. അടുത്തേക്കു നീങ്ങിച്ചെന്നപ്പോൾ ആളെ മനസ്സിലായി. ചുണ്ടിന്മേൽ പാണ്ടുള്ള ചെക്കുമൂപ്പർ.

"എന്താ കുട്ട്യേ, പടിഞ്ഞാറിന്ന് എപ്പളേ വന്ന്?" ചെക്കുവിന്റെ കുശലാന്വേഷണം.

ചെക്കു വേലികെട്ടുന്നതും നോക്കിക്കൊണ്ട് ശ്രീധരൻ അവിടെ തങ്ങി നിന്നു.

ആറാംകണ്ടത്തിന്റെ അതിർത്തിയിലെ തിണ്ടിനുമീതെ അവിടവിടെ പൊളിഞ്ഞുകിടക്കുന്ന വേലി പുതുക്കിക്കെട്ടുകയാണ്, ചെക്കു.

ആ മതിലിന്റെ മൂലയിൽ, താഴെ ചരൽപ്പരപ്പിൽ ചുവന്ന മോതിരക്കല്ലിന്റെ മോഡലിലുള്ള പ്രാണികളുടെ ഒരു സംഘം ചുറ്റിച്ചിതറി നീങ്ങിക്കൊണ്ടിരുന്നത് ശ്രീധരന്റെ ശ്രദ്ധയെ ആകർഷിച്ചു—മാക്കുക്കണ്ടന്മാരാണ്. ആ പ്രാണികൾ ഇണചേർന്നു പൃഷ്ഠവും പൃഷ്ഠവും ഒട്ടിപ്പിടിച്ചു വട്ടംചുറ്റുകയാണ്—കാണാൻ ചന്തമുണ്ട്.

"കുട്ട്യേ, ആ തിണ്ടിന്റടുത്തു നിക്കണ്ട."—വേലികെട്ടിക്കൊണ്ടിരുന്ന ചെക്കു ഒരു ചിലച്ച സ്വരത്തിൽ വിളിച്ചുപറഞ്ഞു.

താൻ മാക്കുക്കണ്ടന്മാരുടെ വികൃതി നോക്കിനിൽക്കുന്നതു കണ്ടിട്ടാണ് ചെക്കുമൂപ്പർ വിലക്കുന്നതെന്നു വിചാരിച്ച്, ശ്രീധരൻ വേഗം തന്റെ നോട്ടം താഴെ മൂന്നാംകണ്ടത്തിലെ കുളക്കരയിൽ കുലച്ചുനിൽക്കുന്ന പനയുടെ മുകളിലേക്കു മാറ്റി നിരപരാധിയുടെ മട്ടിൽ ചോദിച്ചു: "എന്താ ഇവിടെ നിന്നാൽ?"

ചെക്കു മിണ്ടിയില്ല. നോക്കിയപ്പോൾ അയാൾ വേലിക്കു കെട്ടിടാനുള്ള പനനാരു വായിൽ വിലങ്ങനെ കടിച്ചുപിടിച്ചിരിക്കയാണ്.

മക്കുക്കണ്ടന്മാരുടെ പ്രണയക്കുത്തരങ്ങിലേക്ക് ഒരു മിന്നൽവീക്ഷണം നടത്തി ശ്രീധരൻ വീണ്ടും ചോദിച്ചു: "എന്താ ഇവിടെ നിന്നാൽ?"

"ചന്തോമൻ കിടക്കുന്ന മൂലയാണത്." ചെക്കു വായിൽനിന്നു നാരു വലിച്ച് വേലിക്കു കെട്ടിട്ടുകൊണ്ടു പിറുപിറുക്കുന്ന സ്വരത്തിൽ പറഞ്ഞു.

ചന്തോമൻ കിടക്കുന്ന മൂല? ശ്രീധരന് ഒന്നും മനസ്സിലായില്ല. അവൻ സംശയത്തോടെ ആ മതിലിന്റെ മൂലയിലേക്കു തറച്ചുനോക്കി.

മതിലിന്റെ മുകൾനിരപ്പിൽ മുളക്കൂട്ടങ്ങൾ വിസ്താരത്തിൽ മുറ്റി വളർന്നു നിൽക്കുന്നുണ്ടായിരുന്നു—അവിടെ വേലി ആവശ്യമില്ല. വളരെ പുരാതനമായ ആ

മതിൽഭാഗം ചിലേടത്തു പൊളിഞ്ഞും അടർന്നും കിടന്നിരുന്നു. മുളയുടെ തടിച്ചുമുരടിച്ച കണ്ടകളും നരച്ച വേരുകളും മതിലിന്റെ പള്ളയിൽ നിന്നു വെളിക്കു കാണാമായിരുന്നു. മുള്ളൻപന്നിയുടെ പഴയൊരു മാളവും അവിടെ കിടന്നിരുന്നു. എന്നാൽ ആരുടെയും കിടപ്പിനുള്ള വട്ടമൊന്നും അവിടെ കണ്ടില്ല.

വേലികെട്ടി നിരങ്ങിനിരങ്ങി ചെക്കു ആ മൂലയ്ക്കടുത്തെത്തിയിരുന്നു.

"ചന്തോമൻ അവിടെ സൊഹായിക്കെടന്നോട്ടെ—കുട്ടി അങ്ങോട്ടു നോക്കണ്ട." ചെക്കുവിന്റെ ചിലച്ച സ്വരം.

അതുകേട്ടപ്പോൾ ശ്രീധരനു മനസ്സിൽ എന്തോ ഒരു ഭയം അനുഭവപ്പെട്ടു.

"കുട്ടിക്ക് ആ കഥ കേൾക്കണോ?" ഇല്ലിക്കമ്പുകൾ വേലിമേൽ ചേർത്തു വെച്ചു ചെക്കു മുഖം തിരിച്ചു ചോദിച്ചു.

ചെക്കു കഥപറയാനുള്ള മൂഡിലാണ്. ശ്രീധരൻ ഉദ്വേഗത്തോടെ ഒന്നു മൂളി.

"നിന്റെ മുത്തപ്പന്റെ അച്ഛന്റെ കാലത്ത് ഇവിടെ നടന്ന സംഭവമാണ്," എന്നൊരു പ്രസ്താവനയോട്ടുകൂടി ചെക്കു കഥയാരംഭിച്ചു:

"നിന്റെ വല്യമുത്തപ്പന് ഒരു മകളുണ്ടായിരുന്നു. തിരുമാല—തിരുമാല, ആമാടയുടെ നിറവും പനങ്കുലപോലത്തെ തലമുടിയുമുള്ള ഒരു മോഹിനിയായിരുന്നുവെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. അങ്ങനെ നിന്റെ തിരുമാലവല്യമ്മയ്ക്കു കല്യാണപ്രായമെത്തിയ കാലം.......അന്ന് ഇലഞ്ഞിപ്പൊയിലിൽ മൂരികളെ നോക്കാൻ ചന്തോമൻ എന്നൊരു ബാല്യക്കാരൻ പാർത്തിരുന്നു—കിഴക്കെവിടെനിന്നോ വന്നവനാണ്..."

വേലിത്തറിയും മുളവാരിയും യോജിപ്പിച്ചുകൊണ്ടു ചെക്കു തുടർന്നു.

"തിരുമാലയും ചന്തോമനും തമ്മിൽ ചിറ്റമായി........"

ശ്രീധരൻ കൗതുകത്തോടെ ശ്രദ്ധിച്ചു.

"ചിറ്റംന്ന് പറഞ്ഞാല് കുട്ടിക്കു മനസ്സിലായോ?" വേലിയുടെ കെട്ടു മുറുക്കി ഒരു പുളിച്ച പുഞ്ചിരിയോടെ മുഖം തിരിച്ചുകൊണ്ടു ചെക്കുവിന്റെ ചോദ്യം.

മനസ്സിലായി എന്ന മട്ടിൽ ശ്രീധരൻ ഒന്നു മൂളിക്കൊടുത്തു.

"എന്നിട്ടോ?"

"ഒരു ദിവസം രാത്രി നിന്റെ വല്യമുത്തപ്പൻ അവരുടെ ചിറ്റം കണ്ടു പിടിച്ചു. ആരുടെ ചിറ്റം?—ഓമനമോളു തിരുമാലയുടേയും മൂരിയെ നോക്കുന്ന ചെക്കൻ ചന്തോമന്റെയും ചിറ്റം—പാതിരാനേരത്ത് തിരുമാല, ചന്തോമൻ കിടക്കുന്ന ആലപ്പുരയിലേക്കു പോകുന്നതു നിന്റെ വല്യമുത്തപ്പൻ കണ്ടു..."

ശ്രീധരൻ അറിയാതെ 'അയ്യോ' എന്നു പറഞ്ഞുപോയി.

ചെക്കു മൗനംകൊണ്ട് കഥയ്ക്കു കുറച്ചുനേരത്തേക്ക് ഒരു സ്തംഭനാവസ്ഥ സൃഷ്ടിച്ചു. മനഃപൂർവ്വമല്ല—വായിൽ പനനാരു വിലങ്ങനെ കിടക്കുന്നു.

(ആമാടയുടെ നിറവും പനങ്കുലത്തലമുടിയുമുള്ള തിരുമാലവല്യമ്മ മെല്ലെ ആലപ്പുരയുടെ വാതിൽ തുറക്കുന്നതും, ചന്തോമൻ—നീണ്ട കുടുമയും കാതിൽ കടുക്കനുമുള്ള കിളരം കൂടിയ കോമളയുവാവ് എന്നു ഭാവന—തന്റെ പ്രിയതമയെ നെഞ്ഞത്തു പിടിച്ചു കൂട്ടുന്നതുമായ രംഗം ശ്രീധരന്റെ മനസ്സിൽ നൃത്തംവെച്ചു.)

വായ സ്വതന്ത്രമായപ്പോൾ ചെക്കു കഥ തുടർന്നു: "പിറ്റേന്നു രാവിലെ ചന്തോമനെ

കണ്ടില്ല.....”

“ങ്ഹം?—ചന്തോമൻ ഒളിച്ചുപോയോ?” ശ്രീധരൻ സഹതാപത്തോടെ ചോദിച്ചു.

“ചന്തോമൻ ഒളിച്ചുപോയി, നാട്ടുവിട്ടുപോയി, എന്നൊക്കെയാണ് നിന്റെ വല്യമുത്തപ്പൻ എല്ലാവരോടും പറഞ്ഞത്....നടന്ന സംഗതി വേറെ.....”

ചെക്കു വലിയൊരു നാട്ടയെടുത്തു വേലിയിൽ കുത്തി ഒരുക്കൻ കരിങ്കല്ലുകൊണ്ട് അതിന്റെ തലയ്ക്കിട്ടിടിച്ചുതാഴ്ത്തിക്കൊണ്ടു പറഞ്ഞു: “നിന്റെ വല്യമുത്തപ്പൻ ചന്തോമനെ അടിച്ചുകൊന്നു—സഹായത്തിനു പടിക്കലെ ചെറുമനെയും വിളിച്ചു. എന്നിട്ടു നേരം പുലരുന്നതിനുമുമ്പ് ശവം ആറാംകണ്ടത്തിലെ ഈ മൂലയിൽ കൊണ്ടുവന്നു കിടത്തി കുഴിച്ചിട്ട് മീതെ മതിലും കിളച്ചു.”

ചെക്കു ചൂണ്ടിക്കാട്ടി: “ഇതാ, ഇവിടെ!...

ശ്രീധരനു തലചുറ്റുന്നതുപോലെ തോന്നി.

“അതിന്റെ പിറ്റേന്നു രാത്രി ഇലഞ്ഞിപ്പൊയിലിൽ മറ്റൊരു സംഭവം നടന്നു......”

“ചന്തോമന്റെ കഥ കഴിഞ്ഞു.” ചെക്കു കഥ തുടരുകയാണ്: “പിറ്റേന്നു രാത്രി നിന്റെ തിരുമാലവല്യമ്മ മൂന്നാംകണ്ടത്തിലെ കുളത്തിൽ ചാടി മരിച്ചു......”

ചെക്കു താഴെ മൂന്നാം കണ്ടത്തിലേക്കു ചൂണ്ടിക്കാട്ടി. ശ്രീധരനും അങ്ങോട്ടു നോക്കിപ്പോയി.

കുളക്കരയിൽ കുലച്ചുനിൽക്കുന്ന പന തിരുമാലവല്യമ്മയെ ഓർമ്മിപ്പിക്കുന്നു....

(വീണ്ടും ശവഭിത്തിയിലേക്കു ശ്രദ്ധതിരിക്കുന്നതിനിടയിൽ ശ്രീധരൻ നിലത്തു മാക്കുക്കണ്ടന്മാരുടെ കേളീരംഗത്തേക്ക് ഒന്ന് ഇടങ്കണ്ണിട്ടുനോക്കി. ആ പ്രണയക്കളരി ഒഴിഞ്ഞുകിടക്കുന്നു.)

ചെക്കു വേലികെട്ട് അവസാനിപ്പിച്ച്, ശേഷിച്ച ഇല്ലിക്കമ്പുകളും പനനാരും അവിടെത്തന്നെയിട്ട്, പിശ്ശാങ്കത്തി മടക്കി അരയിൽ തിരുകി മെല്ലെ എഴുന്നേറ്റു.

ശ്രീധരൻ സ്വപ്നങ്ങളിൽ മുഴുകി മിഴിച്ചുനിൽക്കുകയാണ്. അപ്പോൾ ചെക്കുവിന്റെ സ്വരം ഇഴഞ്ഞുവന്നു: “അതെല്ലാം നടന്നിട്ട് ഒരു മുപ്പതു മുപ്പത്തഞ്ചുകൊല്ലം കഴിഞ്ഞു. എന്നാൽ തിരുമാലയും ചന്തോമനും ഇന്നും വേർപിരിഞ്ഞിട്ടില്ല. നിലാവുള്ള ചില രാത്രികളിൽ തിരുമാല മൂന്നാം കണ്ടത്തിലെ കുളത്തിൽനിന്നു പൊങ്ങിവന്ന്, വെള്ളം വാർന്നൊലിക്കുന്ന തലമുടിയോടെ, ആറാംകണ്ടത്തിലെ മതിലിൽ കിടക്കുന്ന ചന്തോമന്റെ അടുക്കലേക്കു പോകുന്നതു പലരും കണ്ടിട്ടുണ്ട്—ഒരു രാത്രി മുയൽനായാട്ടിന് ഈ വഴിക്കു വന്നപ്പോൾ ഈ മുളങ്കാട്ടിനുള്ളിൽനിന്നു ചില തേങ്ങലുകളും പൊട്ടിക്കരച്ചിലുകളും ഞാനും കേട്ടിട്ടുണ്ട്.....”

ചെക്കു പെട്ടെന്ന് മതിലിന്റെ മൂലയിലേക്ക് ഒന്നു തറച്ചുനോക്കി:

“ഒരെല്ലല്ലേ അക്കിടക്കുന്നത്?”... ചെക്കു ചൂണ്ടിക്കാട്ടി.

സ്വപ്നങ്ങളിൽനിന്നു ഞെട്ടിയുണർന്ന് ശ്രീധരന്റെ മിഴികൾ മതിലിലേക്കിഴഞ്ഞു —മതിലിനുള്ളിൽ മുളവേരുകൾക്കിടയിൽ പിഞ്ഞാണിക്കണ്ടം പോലെ ഒന്നു കാണുന്നുണ്ട്.

ചെക്കു ഒരു മുളങ്കോലെടുത്ത് അവിടെ ചുരണ്ടി, ഉണക്കുമണ്ണ് അടർന്നു വീണു. അസ്ഥി കുറേക്കൂടി വ്യക്തമായി.

“ചന്തോമന്റെ വാരിയെല്ലാണ്.” ചെക്കു നിർവ്വികാരനായി പറഞ്ഞു.

പിന്നെ നിലത്തുനിന്നു കുറെ ഇല്ലിക്കമ്പുകളെടുത്ത് അവിടെ മൂടിയിട്ടു കൊണ്ടു പിറുപിറുത്തു: "മതിലൊന്നു കിളപ്പിക്കാൻ പറയണം........"

സന്ധ്യമയങ്ങാൻ പോകുന്നു. ചെക്കുവിന്റെ കൂടെ താഴോട്ടിറങ്ങാമെന്നായിരുന്നു ശ്രീധരന്റെ വിചാരം. എന്നാൽ ചെക്കുവിന്റെ പോക്കു പുഴക്കരയിലേക്കായിരുന്നു—കുന്നു കയറി മറിഞ്ഞു കുറുക്കുവഴിക്ക്. (ചെക്കുവിന്, പുഴക്കരയിൽ കുഴിച്ചിട്ട റാക്കുകുപ്പികൾ മാന്തിയെടുക്കണം.)

"കുട്ടിക്ക് ഒറ്റയ്ക്കു പോകാൻ പേടിയാവോ?" ചെക്കുവിന്റെ ചോദ്യം.

"പേടിയില്ല—ഞാൻ പൊയ്ക്കോളാം." ശ്രീധരൻ ഉശിരു നടിച്ചു പറഞ്ഞു.

"എന്നാൽ പാഞ്ഞുപൊയ്ക്കോ, ഞാനിവിടെ നിന്നു നോക്കാം." ചെക്കു ഭൂതംപോലെ കാവൽ നിന്നു.

കണ്ടങ്ങളും തിണ്ടുകളും എടുത്തുചാടി ശ്രീധരൻ താഴോട്ടു കുതിച്ചു. പാറക്കണ്ടത്തിലെ ഒഴിഞ്ഞ കൊപ്പരക്കളവും കടന്നു മൂന്നാം കണ്ടത്തിനടുത്തെത്തിയപ്പോൾ കരളിൽനിന്നൊരു പുകച്ചൽ. അതു പൊടുന്നനെ ശാന്തമായി. മൂന്നാംകണ്ടത്തിൽനിന്ന് ആളുകളുടെ ഒച്ചയും അനക്കവും കേൾക്കുന്നു. നോക്കി. അഭയാർത്ഥിപ്പെണ്ണുങ്ങൾ കുളത്തിൽ മുങ്ങിക്കുളിക്കുകയാണ്. ആശ്വാസമായി. അപ്പോൾ എതിരെ ഒരാൾ ഓടിവരുന്നു—അപ്പു!

"ശീദരാ, ഞാൻ നെന്നേം തെരഞ്ഞു വര്വാണ്." അപ്പു അങ്ങനെ കിതപ്പോടെ പറഞ്ഞുകൊണ്ടു മടിയിൽനിന്ന് ഒരു വാഴയിലപ്പൊതിയെടുത്ത് ശ്രീധരന്റെ നേർക്കു നീട്ടി: "ഇതു നാരായണി തന്നതാണ്, ശീദരന്."

ശ്രീധരൻ പൊതിയഴിച്ചുനോക്കി: പരിമളം പൊഴിക്കുന്ന ഇലഞ്ഞിപ്പൂമാല!

# 18. കുരങ്ങും കൂർക്കാസും

ഇലഞ്ഞിപ്പൂമാലയുടെ പരിമളസ്പർശം ശ്രീധരന്റെ കരളിൽ ഒരജ്ഞാത വികാരത്തിന്റെ ആദിമസന്ദേശമങ്കുരിപ്പിച്ചു...തുടർന്ന് ഒരുതരം ലജ്ജയും ഭയവും പശ്ചാത്താപവും അനുഭവപ്പെട്ടു.

അന്നരാത്രി ശ്രീധരന് സൈ്വര്യമായി ഉറങ്ങാൻ കഴിഞ്ഞില്ല. പുറത്ത് കുടിയൊഴിച്ചുപോന്നവരുടെ ഒച്ചയും വിളിയും—പൈതങ്ങൾ മണ്ണട്ടകളെപ്പോലെയും മലഞ്ചേരട്ടകളെപ്പോലെയും നിർത്താതെ കരഞ്ഞുകൊണ്ടിരിക്കുന്നു—തള്ളമാർ അവറ്റയെ താലോലിക്കുന്നു. (മുലകൊടുക്കുന്നു?)—എന്നിട്ടും കരച്ചിലടങ്ങുന്നില്ലെന്നുകണ്ട്, ദേഷ്യത്തോടെ നല്ല തല്ലുവെച്ചു കൊടുക്കുന്നു—കരച്ചിൽ അലർച്ചയായിമാറുന്നു......കാട്ടിൽനിന്നു കുറുക്കന്മാരുടെ കൂട്ടത്തോടെയുള്ള ബാങ്കുവിളികളും.....

ശ്രീധരൻ തലയണയ്ക്കടിയിൽ ഒളിപ്പിച്ചുവെച്ചിരുന്ന ഇലഞ്ഞിപ്പൂമാല മെല്ലെ തപ്പിയെടുത്തു....

കുന്നിൻചെരുവിലെ വൃത്തികെട്ട കുടിലിനകത്ത്, നിലത്തു പാതിയും കുഴഞ്ഞ മെയ്യ് പഴമ്പായകൊണ്ട് പൊതിഞ്ഞ് ചിന്തകളും സ്വപ്നങ്ങളും ഏകാന്തതയുമായി, ജീവിതത്തെ ധ്യാനിച്ചു കഴിയുന്ന നാരായണി മനസ്സിലേക്കിഴഞ്ഞുവന്നു—ഒരു സ്വർണ്ണനാഗംപോലെ......

അവളെന്തിന് ശ്രീധരന് ഈ മാല കോർത്തു കൊടുത്തയച്ചു?

'പടിഞ്ഞാറുനിന്നു വന്ന രാജകുമാര'നെ മറന്നിട്ടില്ലെന്ന് അറിയിക്കാനോ?

അവൾക്കുവേണ്ടി ശ്രീധരന് എന്തുചെയ്യാൻ കഴിയും?

കാട്ടിൽനിന്നു തെച്ചിപ്പഴങ്ങളും, ഞാറപ്പഴങ്ങളും, പൊട്ടിക്കായും പറിച്ച് ഇലയിൽ കെട്ടിപ്പൊതിഞ്ഞു കൊണ്ടുക്കൊടുക്കും.

അതെല്ലാം അവളുടെ അപ്പേ്വട്ടൻ ചെയ്തുകൊടുക്കുന്നുണ്ടല്ലോ!

അപ്പോൾ അപ്പുവിനോട് അല്പം അസൂയ തോന്നി.

ശ്രീധരൻ അവൾക്കു നല്ല കഥകൾ പറഞ്ഞുകൊടുക്കും.

പൊന്മലനാട്ടിലെ രാജകുമാരന്റെയും നീലക്കടൽകൊട്ടാരത്തിലെ നാഗ രാജകുമാരിയുടെയും കഥ.

പൊന്മലനാട്ടിലെ രാജകുമാരൻ ചങ്ങാതിമാരുമൊത്ത് നീലക്കടലിൽ ദൂരെ തോണികളിക്കാൻ പോയി. കുറേക്കഴിഞ്ഞപ്പോൾ ഒരു കൂറ്റൻതിര പൊങ്ങി വന്ന് കളിത്തോണി അടിച്ചുതകർത്തുകളഞ്ഞു.

അതു തിരയായിരുന്നില്ല. പിന്നെയോ?—നീലക്കടൽക്കയത്തിന്റെ കാവൽക്കാരനായ നാഗരാക്ഷസൻ വിടർത്തിയ പടമായിരുന്നു! രാജകുമാരന്റെ ചങ്ങാതിമാരെല്ലാം കടലിൽ മുങ്ങിമരിച്ചു. രാജകുമാരൻ കടലിൽ താണുതാണ് ഒരു

നീലപ്പായൽപ്പടർപ്പിൽ തങ്ങി. അതു നീലപ്പായൽപ്പടർപ്പായിരുന്നില്ല. പിന്നെയോ? നീലക്കടലിന്റെ നാലാംനിലയിൽ നീരാടിക്കൊണ്ടിരുന്ന നാഗരാജകുമാരിയുടെ നീലപ്പൂഞ്ചായലായിരുന്നു!.......

രണ്ടു സ്വർണ്ണനാഗക്കുഞ്ഞുങ്ങൾ രാജകുമാരന്റെ കൈയിൽ ചുറ്റി. രാജകുമാരൻ ബോധംകെട്ടുപോയി—

രാജകുമാരന്റെ മെയ്യിൽ ചുറ്റിയത് സ്വർണ്ണനാഗക്കുഞ്ഞുങ്ങളായിരുന്നില്ല. പിന്നെയോ?—നാഗരാജകുമാരിയുടെ സ്വർണ്ണക്കൈകളായിരുന്നു!

രാജകുമാരനെ നീലപ്പൂഞ്ചായലിൽ ഒളിപ്പിച്ചുപിടിച്ച് നാഗരാജകുമാരി നീലരത്നക്കൊട്ടാരത്തിലേക്കു നീന്തി........കൊട്ടാരത്തിലെ മരതകക്കല്ലറയിലെ മുത്തുക്കട്ടിലിലെ, വർണ്ണപ്പൊങ്ങുമെത്തയിൽ......

പുറത്തുനിന്നു കാട്ടുപോക്കാന്റെ നിലവിളികേട്ട് ശ്രീധരൻ ഒന്നു ഞെട്ടി. പിന്നെ മനസ്സിലായി: അതു കാട്ടുപൂച്ചയുടെ നിലവിളിയായിരുന്നില്ല. ജഗളക്കാർ മാപ്പിളമാർ കൊത്തിത്തറിച്ചുവിട്ട അഭയാർത്ഥി രാരുക്കുട്ടിയുടെ നിലവിളിയായിരുന്നു......

'ക്യുയേഠഠഠഠങ്'

ഒരു പാതിരാപ്പക്ഷിയുടെ പാട്ട്; ശ്രീധരൻ ചെവിയോർത്തു. നാലാംകണ്ടത്തിലെ നെല്ലിമരത്തിന്റെ മുകളിൽനിന്നായിരിക്കണം....

നാഗരാജകുമാരിയും നാരായണിയും വീണ്ടും മനസ്സിൽ നടനംചെയ്തു.

നാഗരാജകുമാരിയുടെ കഥ കേട്ട് നാരായണിയുടെ നീലത്താമര മിഴികൾ അദ്ഭുതംകൊണ്ടു വിടർന്നുനിൽക്കുന്നത് ഒരു കിനാവിലെന്നപോലെ കാണുന്നു.

(പുറത്തുനിന്ന്: "അമ്മേ, ചെക്കൻ ന്റെ മേത്ത് മൂത്രം പാത്തി." ഒരഭയാർത്ഥിപ്പയ്യന്റെ ആവലാതി.)

നഗ്നനായ ബാലൻ അടുത്തുകിടക്കുന്ന ഏട്ടന്റെ മാറത്തു മൂത്ര മൊഴിച്ചു കൊടുക്കുന്ന രംഗമോർത്തു ശ്രീധരൻ തനിയെ ചിരിച്ചുപോയി....

ഇങ്ങനത്തെ അദ്ഭുതകഥകൾ നാരായണിക്കു പറഞ്ഞുകൊടുക്കാൻ അപ്പുവിനു കഴിയുമോ? അപ്പുവിന് ഒരു മണ്ണാങ്കട്ടയും അറിഞ്ഞുകൂട. ഇല്ലാത്ത നീലക്കൊടുവേലിമരുന്നും തിരഞ്ഞ് കണ്ട മരങ്ങളുടെ മോളിലെല്ലാം പറ്റിപ്പിടിച്ചു കേറാനറിയാം—പൊണ്ണച്ചെക്കൻ....

"ബാവോ—ബാവോ—കോഴീംവാ മക്കളും വാ

കൊത്തിത്തിന്നാൻ ചുണ്ടെലി വാ—

ബാവോ—കുഞ്ഞനുറങ്ങിക്കോ—

കുഞ്ഞിക്കുറുക്കാ നോക്കല്ലേ...."

ഒരഭയാർത്ഥിത്തള്ള കുഞ്ഞിനെ താരാട്ടുപാടി ഉറക്കുകയാണ്.....

ശ്രീധരന്റെ മിഴികളും മെല്ലെ മയങ്ങിത്തുടങ്ങി...........

ശ്രീധരന്റെ നിലവിളികേട്ട് മുത്തച്ഛൻ പരിഭ്രമത്തോടെ ഓടിയെത്തി. മുത്തച്ഛന്റെ കൈയിൽ കത്തിച്ചുപിടിച്ച ഒരെണ്ണത്തിരിയുമുണ്ടായിരുന്നു. 'പാമ്പ്! പാമ്പ്!' എന്നു നിലവിളിച്ചുകൊണ്ട് ശ്രീധരൻ ഒരു മൂലയിൽ പതുങ്ങി നിൽക്കുന്നു.

"എവിടെ—എവിടെ?" മുത്തച്ഛൻ ഭയപ്പെട്ടു വാതിൽക്കലേക്കുതന്നെ

പിൻവാങ്ങി.

ശ്രീധരൻ കിടപ്പറയിലേക്കു ചൂണ്ടിക്കാട്ടി.

കണ്ണിനു നല്ല കാഴ്ചയില്ലാത്ത മുത്തച്ഛൻ കുനിഞ്ഞുനോക്കി: ശ്രീധരൻ കിടന്നിരുന്ന വെള്ളപ്പുൽപായിൽ അതു ചുരുണ്ടുകിടക്കുന്നു! മുത്തച്ഛൻ കോലായിൽ കിടക്കുന്ന അഭയാർത്ഥികളെ ഉറക്കെ വിളിച്ചു. അവരുടെ ഇടയിൽനിന്നു മുച്ചിറിയൻ പാച്ചു വലിയൊരു മുളവടി കൈയിൽ നീട്ടിപ്പിടിച്ചു കൊണ്ടു പാഞ്ഞെത്തി.

പാമ്പ് പുൽപായിൽത്തന്നെ അനങ്ങാതെ ചുരുണ്ടുകിടക്കുന്നുണ്ട്. മണ്ഡലിയാണെന്നു തോന്നുന്നു.

മുച്ചിറിയൻ പാച്ചു ഒരു കാൽ വാതിൽപ്പടിക്ക് അകത്തും ഒരു കാൽ പുറത്തും പ്രതിഷ്ഠിച്ചു കുനിഞ്ഞു വടി നീട്ടി പാമ്പിനെ ഒന്നിളക്കാൻ നോക്കി. പാമ്പ് ഇളകി. നീക്കമില്ല.

പാച്ചു സൂക്ഷിച്ചുനോക്കി. പിന്നെ വടി താഴെയിട്ട് അകത്തുകടന്നു പായിൽനിന്നു പാമ്പിനെ വാരിയെടുത്തു കഴുത്തിൽ ചുറ്റിയിട്ടു ചിരിച്ചു കൊണ്ടു പറഞ്ഞു:

"ഹ്ഹ! ഇലഞ്ഞിമൂർഹനാണ്—ഹ്! ഇലഞ്ഞിമൂർഹൻ...."

മുത്തച്ഛൻ അടുത്തുവന്നു പരിശോധിച്ചു: വാടിക്കുഴഞ്ഞു നിറം മങ്ങിയ ഇലഞ്ഞിപ്പൂമാല!

അപ്പോഴേക്കും ശ്രീധരന്റെ ഉറക്കപ്പിച്ചും പോയ്ക്കഴിഞ്ഞിരുന്നു.

ലജ്ജിച്ചു തലയുംതാഴ്ത്തി നിൽക്കുന്ന ശ്രീധരന്റെ കൈയ്ക്കുപിടിച്ചു മുത്തച്ഛൻ പറഞ്ഞു: "മോനിവിടെ ഒറ്റയ്ക്കു കിടക്കണ്ട—വാ, മുത്തച്ഛന്റെ അടുത്തു കിടക്കാം..."

പിറ്റേന്ന് ഉച്ചയ്ക്കു ശ്രീധരൻ ചന്തുക്കുഞ്ഞന്റെ കൂടെ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുടിയൊഴിച്ചുപോന്നവരുടെ കൂട്ടത്തിൽനിന്നു ശ്രീധരനു കിട്ടിയ പുതിയൊരു കളിച്ചങ്ങാതിയായിരുന്നു ചന്തുക്കുഞ്ഞൻ.

ചന്തുക്കുഞ്ഞൻ ശ്രീധരന് ഒരു ഊത്താംകുഴൽ ഉണ്ടാക്കിക്കൊടുത്തു. ഒരു നീണ്ട ഓട് ഉഴിഞ്ഞുമിനുക്കി, തുണിശ്ശീല ചുറ്റിയ ഒരമ്പ് പാകത്തിൽ അതിനകത്തു തിരുകി ഉന്നംവച്ച് ഊതിയാൽ, മരത്തിലിരിക്കുന്ന പക്ഷികളെയും പുഴയിലെ മത്സ്യങ്ങളെയും എയ്തുവീഴ്ത്താം.

"നമുക്ക് കാട്ടിൽപ്പോയി പ്രാവുകളെ എറ്റിപ്പിടിക്കാം." ശ്രീധരൻ അഭിപ്രായപ്പെട്ടു. ചന്തുക്കുഞ്ഞനും യോജിച്ചു. അങ്ങനെ ഇരുവരും ഊത്താംകുഴലുമായി കാട്ടിലേക്കു പുറപ്പെട്ടു നിൽക്കുമ്പോൾ അതാ ഓടിവരുന്നു അപ്പു!

അപ്പുവിന്റെ കൈയിൽ ഇലപ്പൊതിയുണ്ടോ—അതായിരുന്നു ശ്രീധരന്റെ പേടി. ഇലപ്പൊതിയുണ്ടെങ്കിൽ അതിനകത്ത് ഇലഞ്ഞിപ്പൂമാലയും കാണും. ഇലഞ്ഞിപ്പൂമാല വരുത്തിത്തീർത്ത വിനകളോർത്ത് ശ്രീധരൻ പല്ലു ഞെരിച്ചു.

അപ്പുവിന്റെ കൈയിൽ ഇലപ്പൊതിയൊന്നുമില്ല. അപ്പു ആവേശത്തോടെ ശ്രീധരനോടു ചോദിച്ചു: "ശീദരാ, കൊരങ്ങിനെ കാണണോ?—കാരോട്ട് കാവിലെ ചാത്തൻകൊരങ്ങിനെ—"

ശ്രീധരനു തെല്ലും താൽപര്യം ഭാവിച്ചില്ല. ശ്രീധരൻ എത്രയെത്ര കുരങ്ങന്മാരെ കണ്ടിരിക്കുന്നു! ഊത്താംകുഴലുമായി കാട്ടിൽ പക്ഷിവേട്ട നടത്താനുള്ള തിടുക്കത്തോടെ ശ്രീധരൻ പറഞ്ഞു: "ഞാനില്ലെടോ കുരങ്ങിനെക്കാണാൻ. ഞാനും ചന്തുക്കുഞ്ഞനും പ്രാവിനെ എയ്തുപിടിക്കാൻ കാട്ടിലേക്കു പോവാണ്. നീ വരുന്നോ?—"

അപ്പു വിട്ടില്ല "കാട്ടിൽ പിന്നെപ്പോകാം. കാരോട്ട്കാവിലെ ചാത്തൻ കുരങ്ങ് ചാകാറായിരിക്കുന്നു. ഒരു മണ്ടിലി(നീർക്കോലി)യേയും പിടിച്ച് മൂപ്പർ മൂന്നുനാലുദിവസമായി അങ്ങനെ കുത്തിയിരിക്കുന്നു. ആളുകൾ ഇപ്പോൾ കാരോട്ടുകാവിലേക്കു പോകുന്നത് ചാത്തൻകുരങ്ങിനെ കാണാനാണ്."

മണ്ടിലിയെപ്പിടിച്ചു കുത്തിയിരിക്കുന്ന കുരങ്ങച്ചാര്! ശ്രീധരനു കൗതുകം ജനിച്ചു.

"നമ്മൾക്കൊന്നു പോയി നോക്വാ—" ചന്തുക്കുഞ്ഞനും ആവേശം പ്രകടിപ്പിച്ചു.

അങ്ങനെ അവർ കാട്ടിലെ പരിപാടി തത്കാലം മാറ്റിവച്ച് കുരങ്ങനെ കാണാൻ കാരോട്ടുകാവിലേക്കു പുറപ്പെടാൻ തീരുമാനിച്ചു. ഊത്താംകുഴൽ ഒരു വാഴക്കുണ്ടയിൽ ഒളിപ്പിച്ചു സൂക്ഷിച്ചു.

"കാട്ടിലെ പ്രാവുകളേ! നിങ്ങൾക്ക് ഒരു ദിവസത്തേക്കുകൂടി ആയുസ്സിരിക്കട്ടെ." ശ്രീധരൻ കാട്ടിലേക്കു നോക്കി ഒരാശംസയും പാസ്സാക്കി.

ഇലഞ്ഞിപ്പൊയിലിൽനിന്ന് ഒന്നൊന്നര മൈൽ കിഴക്കു പുഴക്കരയിൽ കടവിനടുത്ത് ഒരുയർന്ന സ്ഥലത്താണ് കാരോട്ടുകാവ്. അതൊരു പഴയ ഭഗവതിക്കാവാണ്. കാവിനരികെ പാതിയും വറ്റിയ ചെറിയൊരു ചിറയുമുണ്ട്. ചിറയ്ക്കു ചുറ്റും കാഞ്ഞിരം, നീർമരുത്, താന്നി, തേക്ക് തുടങ്ങിയ കാട്ടുമരങ്ങൾ കൂട്ടമായിവളർന്നു കോട്ടകെട്ടിക്കിടക്കുന്നു. നൂറ്റാണ്ടുകൾ പ്രായംചെന്ന ഈ വൃക്ഷങ്ങളിൽ നൂറുകണക്കിൽ വാനരന്മാർ കൂത്താടുന്നു. 'കുരങ്ങന്മാരുടെ കാവ്' എന്നാണ് ആളുകൾ കാരോട്ടുകാവിനെ വിളിക്കുക. കാവിൽ തൊഴാൻ വരുന്നവർ ഈ കുരങ്ങന്മാർക്കു നിവേദ്യച്ചോറോ, അപ്പമോ, പഴമോ, ശർക്കരയോ എന്തെങ്കിലും ദാനം ചെയ്തില്ലെങ്കിൽ അവ ആളുകളെ ശല്യപ്പെടുത്തും. ആണുങ്ങളുടെ മുണ്ടും കുപ്പായവും ചെളിവാരിയെറിഞ്ഞഴുക്കാക്കും. പെണ്ണുങ്ങളെ നാണംകെടുത്തുന്ന ചില ഗോഷ്ടികളും അവറ്റയ്ക്കറിയാം. തരം കിട്ടിയാൽ മുതിർന്നവരുടെ കൈയിൽനിന്നുപോലും പൊതികൾ പിടിച്ചുപറ്റി മരത്തിൽ ചാടിക്കേറി പ്യഷ്ഠം ചൊറിഞ്ഞുകാട്ടി അപമാനിച്ചുവിടും. അവറ്റയെ കല്ലെടുത്തെറിയാനോ മറ്റോ മുതിർന്നാൽ അവ പെട്ടെന്നു ഗ്വറില്ലാവിപ്ലവകാരികളായി മാറും. പക്ഷേ, കാവിലെ ഭഗവതിയുടെ പ്രജകളായതുകൊണ്ട് ഈ മർക്കടന്മാരെ ആരും ഉപദ്രവിക്കാറില്ല. അതുകൊണ്ടാണ് അവറ്റയ്ക്കിത്ര അഹമ്മതി.

അക്കൂട്ടത്തിൽ ഒരു മഹാപോക്കിരിയുണ്ടായിരുന്നു. അവനെ തിരിച്ചറിയാം. അവന്റെ ഇടതുകാത് പകുതിയേ ഉള്ളൂ. പിറവിയിൽത്തന്നെ അങ്ങനെ വന്നതോ അല്ല, അവനേക്കാൾ പോന്ന ഒരു വികൃതിക്കുരങ്ങൻ കടിച്ചുമുറിച്ചു കളഞ്ഞതോ എന്നറിഞ്ഞുകൂടാ. ആ അരക്കാതൻകുരങ്ങനെ ആളുകൾ ചാത്തൻ എന്നാണു വിളിച്ചിരുന്നത്. പോക്കിരിക്കുരങ്ങന്മാരുടെ ഉസ്താദായിരുന്നു ചാത്തൻ.

ആ ചാത്തൻകുരങ്ങന്മാണ് കിണ്ടം പിണഞ്ഞത്. കൂട്ടുകാരുടെയും പോരാതെ പിള്ളരുടെയും കൈയിൽനിന്നു പലതും തട്ടിപ്പറിച്ചുതിന്നു വയറു നിറച്ച്, കുറച്ചു വെള്ളം കുടിക്കാൻ മരത്തിൽനിന്നു താഴെയിറങ്ങി. നാലു കാലും നീട്ടിവച്ച് വാലുംപൊക്കിപ്പിടിച്ചു ചിറയിലേക്കു നടകൊള്ളുകയായിരുന്നു ഉസ്താദ് ചാത്തൻ. അപ്പോൾ ചെളിയിലൂടെ ഒരു നീർക്കോലി അങ്ങനെ ഇഴഞ്ഞുപോകുന്നു. വാനരൻ തലചെരിച്ചു നീർക്കോലിയെ കൗതുകത്തോടെ ഒന്നു തുക്കൺപാർത്തു—പിന്നെ, മുമ്പും പിമ്പും നോക്കാതെ ഒരൊറ്റപ്പിടുത്തം

നീർക്കോലി പ്രാണവേദനയോടെ പിടഞ്ഞു. വാനരന്റെ കൈയ്ക്കു ചുറ്റിപ്പിണഞ്ഞു. മർക്കടൻ മുഷ്ടിയിലേക്കൊന്നു നോക്കി. ഹ് ഹ ഹ്ഹ!—ആ ഭയങ്കരകാഴ്ച രണ്ടാമതൊന്നു നോക്കാൻ കഴിഞ്ഞില്ല. വലതു കൈകൊണ്ടു കണ്ണുപൊത്തി മുഖം കഴിയുന്നത്ര എതിർവശത്തേക്കു തിരിച്ച് പിടുത്തം മുറുക്കി ഇടതുകൈ ദൂരെ നീട്ടിപ്പിടിച്ച് ഒരൊറ്റ ഇരുത്തം—നാലു ദിവസമായി മൂപ്പരങ്ങനെ കുത്തിയിരിക്കുന്നു. അനക്കമില്ല; ശബ്ദമില്ല; ഉറക്കമില്ല; ആഹാരമില്ല; ജലപാനമില്ല—മുഷ്ടിയിലെ മുറുക്കിപ്പിടുത്തം വിടുന്നുമില്ല.

ചാത്തന്റെ തപസ്സിളക്കാൻ ആളുകൾ പല വിദ്യകളും പരീക്ഷിച്ചു നോക്കി. അവിലും പഴവും ശർക്കരയും തേങ്ങാപ്പൂളും മറ്റും ഇലയിൽ വിളമ്പി മുമ്പിൽ വച്ചുകൊടുത്തു. കുരങ്ങൻ മൗനധ്യാനത്തിൽനിന്നനങ്ങിയില്ല.

മുഷ്ടിയിലെ നീർക്കോലി ചത്തളിഞ്ഞുതുടങ്ങിയിരുന്നു.

കുരങ്ങനെ ശ്രീധരൻ നല്ലപോലെ ഒന്നു നോക്കി. അനങ്ങാതെയിരിക്കുന്ന ഒരു കുരങ്ങനെ ജീവിതത്തിൽ ആദ്യമായിട്ടാണു കാണുന്നത്—അതും വിചിത്രമായൊരു പോസിൽ, 'എനിക്കു കാണണ്ടാ' എന്ന മട്ടിൽ ഇടതുകൈ നീട്ടിയകറ്റി, കണ്ണുപൊത്തി മുഖംതിരിച്ചു നിലകൊള്ളുന്ന ആ വാനരനെ കണ്ടപ്പോൾ, കുഞ്ഞിനെക്കാണണ്ടാ എന്ന ശാഠ്യഭാവത്തിൽ മേനകയെ തിരസ്കരിക്കുന്ന വിശ്വാമിത്രമഹർഷിയുടെ ചിത്രം ശ്രീധരൻ ഓർത്തുപോയി.

"തെമ്മാടിക്കൊരങ്ങനു കിട്ടണം അങ്ങനെ—കാവിലെ ഭഗവതി ശിക്ഷിച്ചതാണ്." അപ്പു പുറകിൽനിന്നു ജല്പിച്ചു.

അപ്പുവിനെ ഈ കുരങ്ങ് ഒരിക്കൽ മാന്തിയിട്ടുണ്ടത്രേ!

കുരങ്ങ് നീർക്കോലിയെ പിടിച്ചു തപസ്സിരിക്കുന്ന കാഴ്ചകാണാൻ ആളുകൾ ചിറയ്ക്കുചുറ്റും കൂടിനിന്നിരുന്നു. കാരോട്ടുഭഗവതിയെ ആരും തിരിഞ്ഞുനോക്കിയില്ല. പ്രജകൾക്കും പട്ടിണി.

"ഞാനിവിടെ ഒരു കെട്ട്ബീഡി–ചുരുട്ട്–സർവ്വത്ത് പെട്ടിപ്പീടിക വെച്ചാലോ?" ചന്തുക്കുഞ്ഞൻ പകുതി കളിയായും പകുതി കാര്യമായും അഭിപ്രായപ്പെട്ടു. (തന്റെ ദേശത്തെ ചന്തയിൽ കെട്ട്ബീഡി–ചുരുട്ട് വിൽക്കുന്ന ചെറിയൊരു വഴിവാണിഭക്കാരനായിരുന്നുവത്രേ ചന്തുക്കുഞ്ഞൻ—ആ ചന്തയിൽ കാണാറുള്ളതിനേക്കാളേറെ ആളുകൾ കാരോട്ടുചിറക്കരയിലെ കുരങ്ങിനെ കാണാൻ വന്നിട്ടുണ്ടെന്നാണ് ചന്തുക്കുഞ്ഞന്റെ കണക്ക്.)

ഇവിടത്തെ വാനരലോകത്തിനും പൊതുവേ ഒരു വിഷാദം ബാധിച്ചിരിക്കുന്നു. കൂട്ടുകാരൻ ചാത്തനും, ഈ ആളുകൾക്കുമെല്ലാം എന്തുപറ്റി എന്നു പിടികിട്ടാതെ ചില മുതുക്കുരങ്ങന്മാർ മരക്കൊമ്പുകളിൽ ഗൗരവഭാവത്തിൽ പുരികക്കൊടിപൊക്കി പ്യഷ്ഠം മാന്തിക്കൊണ്ടു ചിന്തയിൽ മുഴുകിയിരിക്കുന്നു. പൈതങ്ങളെ പള്ളയ്ക്കു പറ്റിപ്പിടിപ്പിച്ചു ചില തള്ളക്കുരങ്ങുകൾ അങ്ങുമിങ്ങും തെണ്ടിത്തിരിയുന്നു. പത്രപംക്തികളിലൂടെ ചില യുവ കപികൾ കലപലാ ചിലയ്ക്കുന്നു. കുരങ്ങുണ്ണിരാമന്മാർ മാത്രം വാലും പൊക്കി തുള്ളിച്ചാടിക്കളിക്കുന്നു.

മണ്ടിലിയേയും ഞമുണ്ടിപ്പിടിച്ചു കുത്തിയിരിക്കുന്ന കുരങ്ങനെ അവസാനമായൊന്നു തിരിഞ്ഞുനോക്കിക്കൊണ്ട് അപ്പു പറഞ്ഞു: "ചാത്തൻകൊരങ്ങ് ഇന്നുരാത്രി ചാവും;

തീർച്ച. അങ്ങനെയാണു ലക്ഷണം.”

ചിറവക്കത്തുനിന്നു കുറച്ചു ദൂരെ ഒരു പൊന്തയിൽ ഒരു കുറുക്കൻ ഒളിച്ചിരിക്കുന്നത് അപ്പു കണ്ടുവത്രേ. ചാവാനടുത്ത ജന്തുക്കളെ കുറുക്കൻ മണത്തറിയും. പൊന്തയിൽ കാവൽ കുത്തിയിരിക്കയാണ് ആ വിദ്വാൻ.

ശ്രീധരനും അതു വിശ്വസിച്ചു. കണ്ണുപൊത്തി കൈനീട്ടിയ നിലയിൽത്തന്നെ പാവം ചാത്തൻകുരങ്ങ് രാത്രി ചത്തുവീഴുന്നതും പൊന്തയിൽ കാവലിരിക്കുന്ന കുറുക്കൻ ബാങ്കുവിളി മുഴക്കുന്നതും, അപ്പോൾ കാട്ടിൽ നിന്നു കുറുക്കന്മാർ കൂട്ടത്തോടെ കൂക്കിയാർത്തുവന്ന് ചാത്തൻകുരങ്ങനെ കടിച്ചുകീറി ശാപ്പിടുന്നതുമെല്ലാം ശ്രീധരന്റെ മനസ്സിലൂടെ കടന്നുപോയി. പിറ്റേന്നു രാവിലെ ആളുകൾ ചിറക്കരയിൽച്ചെന്നു നോക്കുമ്പോൾ കാണുക ചാത്തന്റെ എല്ലും തലയോട്ടും മാത്രമായിരിക്കും...........

ഗ്രാമത്തിൽനിന്ന് ജഗളക്കാരെപ്പേടിച്ച് ഒഴിച്ചുപോരുമ്പോൾ വഴിക്ക്, കുറുക്കന്മാർ തിന്നിട്ട ഒരു മനുഷ്യശവം കണ്ട കഥ ചന്തുക്കുഞ്ഞൻ വിവരിച്ചു കേൾപ്പിച്ചു. ആ തലയോട്ടിൽ മഴവെള്ളം കെട്ടിനിന്നിരുന്നുവത്രേ.

ശ്രീധരനും ചങ്ങാതിമാരും ഇലഞ്ഞിപ്പൊയിലിലേക്കു മടങ്ങിയത്, കടവ് ഇറങ്ങിക്കടന്ന്, റോഡുപിടിച്ചുകൊണ്ടായിരുന്നു. പുഴയിൽനിന്നു റോഡിലേക്കു കയറിയപ്പോൾ അവിടെ റോഡരികിൽ അങ്ങിങ്ങായി ആളുകൾ കൂടി നിൽക്കുന്നതു കണ്ടു. എന്തതിശയമാണ് ആളുകൾ ഇവിടെ നോക്കി നിൽക്കുന്നതെന്ന് ശ്രീധരനും കൂട്ടുകാർക്കും ആദ്യം മനസ്സിലായില്ല. അപ്പോൾ ചന്തുക്കുഞ്ഞൻ റോഡിലൂടെ പടിഞ്ഞാട്ടു നീങ്ങിക്കൊണ്ടിരുന്ന ഒരു മൂരിവണ്ടി ചൂണ്ടിക്കാട്ടി അദ്ഭുതാനന്ദത്തോടെ പറഞ്ഞു: “കൂർക്കാസ്!”

തെക്കുകിഴക്കൻ ഗ്രാമങ്ങളിൽനിന്നു ലഹളക്കാരുമായി ഏറ്റുമുട്ടി മുറി പറ്റിയ പട്ടാളക്കാരെയും കയറ്റി പടിഞ്ഞാട്ടു പട്ടണത്തിലേക്കു പോകുകയായിരുന്നു ആ കാളവണ്ടികൾ. കുറെ വണ്ടികൾ മുമ്പേ പൊയ്ക്കഴിഞ്ഞു. ഗൂർഖാപ്പട്ടാളമാണ്. ശ്രീധരനും അപ്പുവും ചന്തുക്കുഞ്ഞനും റോഡരികിലെ ഒരാൽമരത്തിന്റെ പിറകിൽ മറഞ്ഞുനിന്നു നോക്കി.

ഒരുവശം മടക്കിപ്പൊക്കിനിർത്തിയ കാക്കിത്തൊപ്പി തലയിൽ ചാർത്തി, കൈയിൽ കുത്തനെ തോക്കുംപിടിച്ചുകൊണ്ട്, വണ്ടിയിൽ പിറകിൽ പുറത്തേക്കു നോക്കിക്കൊണ്ടു കുത്തിയിരിക്കുന്ന കൂർക്കാസ്—(മുറിവേറ്റ പട്ടാളക്കാരനെ അകത്തു കിടത്തിയിട്ടുണ്ട്.)

ജീവിതത്തിൽ ആദ്യമായിട്ടാണ് ശ്രീധരൻ ഒരു ‘കൂർക്കാസി’നെ കാണുന്നത്. മഞ്ഞക്കുരങ്ങന്മാർ!

കൂർക്കാസിന്റെ കുക്രിയെപ്പറ്റി ശ്രീധരൻ കേട്ടിട്ടുണ്ട്. അരിവാൾപോലെയുള്ള ആ ആയുധം കയർകെട്ടി വീശിയെറിയും. ശത്രുവിന്റെ തലകൊയ്തു കുക്രിയും കയറും കൂർക്കയുടെ കൈയിൽത്തന്നെ വന്നുചേരും. അങ്ങനത്തെ ഒരു അദ്ഭുതായുധമാണ് കുക്രി.

“കൂർക്കാസിന്റെ കുക്രിയെവിടെ?” ശ്രീധരൻ ചന്തുക്കുഞ്ഞനോടു മെല്ലെ ചോദിച്ചു.

അരയിൽ കെട്ടിത്തൂക്കിയിട്ടിരിക്കയാണ്.” ചന്തുക്കുഞ്ഞൻ അതിന്റെ സ്ഥാനം പറഞ്ഞുകൊടുത്തു.

പെട്ടെന്നു ശ്രീധരന്റെ വയറ്റിൽനിന്ന് ഒരു കതിന പൊട്ടിയപോലെ തോന്നി.

അരയാൽപ്പിറകിൽ പതുങ്ങിനിൽക്കുന്ന അവരുടെനേർക്കു തോക്കു ചൂണ്ടി ഉന്നം പിടിക്കുന്നു. മൂരിവണ്ടിയിലിരിക്കുന്നൊരു കുർക്കാസ്!

അപ്പു ഒരു ചാട്ടംചാടി, പ്രാണനുംകൊണ്ടൊരു പാച്ചിൽ. പിന്നാലെ ശ്രീധരനും.....

വെടിയൊച്ച കേട്ടില്ല. പകരം മൂരിവണ്ടിയിൽനിന്നു പട്ടാളക്കാരുടെ പൊട്ടിച്ചിരികൾ!

ശ്രീധരൻ തിരിഞ്ഞുനോക്കി. ചന്തുക്കുഞ്ഞൻ പരിഹസിച്ചു ചിരിച്ചു:

"കുർക്കാസ് ഒരു തമാശക്കളി കാട്ടേ്യതലേ്ല?— അക്കൂട്ടര് നമ്മളെ ഒന്നും ചെയ്യൂല —എന്നാലേ, മാപ്പളേന്റെ മൊട്ടത്തല കണ്ടാല് ഠോ!"

ചന്തുക്കുഞ്ഞന്റെ വായിൽനിന്ന് ഒരു വെടിപൊട്ടി....

പട്ടാളക്കാരെ കയറ്റിയ അവസാനത്തെ മൂരിവണ്ടിയും കാഴ്ചയിൽനിന്നു മറഞ്ഞു.

അപ്പു എവിടെ? ചന്തുക്കുഞ്ഞൻ ഉറക്കെ ഒരു കൂക്കു കൂക്കി.

അപ്പു പ്രാണനുംകൊണ്ടു പാഞ്ഞ വഴിയില്ല.

ശ്രീധരന്റെ വയറ്റിലെ കാളലും തീരെ അടങ്ങിയിരുന്നില്ല. മരണഭീതിയുടെ ആദ്യത്തെ അനുഭവമാണ്. നീർക്കോലിയെ പിടിച്ചിരിക്കുന്ന കുരങ്ങിനെ കണ്ട രസമെല്ലാം ആ കുർക്കാസിന്റെ തോക്കു കണ്ടപ്പോൾ പുകഞ്ഞു പോയി.

കുറച്ചുകഴിഞ്ഞപ്പോൾ പുഴയിലെ കയത്തിൽനിന്ന് ഒരു തല പൊങ്ങി വരുന്നു. നോക്കിയപ്പോൾ അപ്പു!

# 19. വേണുഗോപാലൻ

ശ്രീധരൻ ഇലഞ്ഞിപ്പൊയിലിൽ ചെന്നുകേറിയത് ആകപ്പാടെ ഒരു വിരക്തന്റെ മട്ടിലായിരുന്നു. ക്ലർക്കാസിന്റെ തോക്കിന്റെ മുമ്പിൽ ഒരു നിമിഷം അനുഭവിച്ച പ്രാണഭീതിയുടെ പിടച്ചിൽ കരളിൽ അപ്പോഴും അലയടിച്ചുകൊണ്ടിരുന്നു. കാരോട്ടുകാവിൽ കിണ്ടംപിണഞ്ഞു കുത്തിയിരിക്കുന്ന കുരങ്ങിനെ കണ്ടപ്പോൾ ചിരിയടക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ആ കുരങ്ങിന്റെ വിധിയോർത്തിട്ട് സങ്കടം തോന്നുന്നു. രാത്രി കാട്ടു കുറുക്കന്മാർ ചാത്തന്നെ ശരിപ്പെടുത്തും—ആർക്കും അവന്റെ ജീവൻ രക്ഷിക്കാൻ കഴിയുകയില്ല....

ഇലഞ്ഞിപ്പൊയിലിലെ മുറ്റത്തും പറമ്പിലും ചിതറിക്കിടക്കുന്ന അഭയാർത്ഥിജീവിതങ്ങളെപ്പറ്റി ചിന്തിച്ചു—അവരെല്ലാം ജീവൻ രക്ഷിക്കാൻ വേണ്ടി കുടിയൊഴിച്ച് ഓടിപ്പോന്നവരാണ്..........

മുറ്റത്തെ മൂലയിൽ വലിയ മുരിക്കുമരത്തോടുചേർത്തുണ്ടാക്കിയ പുല്ലു മൂടയും ചാരി നിലത്തു കാലും നീട്ടിയിരുന്നുകൊണ്ട് ശ്രീധരൻ പലതും ചിന്തിച്ചു. (ആ മുരിക്കിന്റെ ഉച്ചിയിൽ ചുവന്ന പൂക്കളുണ്ട്. പുല്ലുമൂടയും പൂത്തു നിൽക്കുന്ന മുരിക്കും ഒന്നിച്ചുകാണുമ്പോൾ ഒരൂക്കൻ പൂവൻകോഴിയെപ്പോലെ തോന്നും.) അപ്പോൾ കുറച്ചകലെയുള്ള മരക്കൂട്ടത്തിൽനിന്ന് 'റ്റിറ്റിറ്റിറ്റി' എന്നൊരു ശബ്ദം പൊങ്ങി. തുടർന്ന്, 'കിഴക്കെ വാ' എന്നൊരു വിളിയും—ശ്രീധരൻ ശ്രദ്ധിച്ചു. 'കിഴക്കെ വാ കിഴക്കെ വാ കിഴക്കെ വാ' എന്നു തുടർന്നു കൊണ്ടുള്ള വിളിയുടെ മധുരമായ ഉഗ്രത വർദ്ധിക്കുന്നു. പാണക്കുയിലുകളാണ്. കിളികൾ എന്തിനു പാടുന്നു? അവ തമ്മിൽത്തമ്മിൽ വർത്തമാനം പറയുകയായിരിക്കും. പാട്ടിലുള്ള സംഭാഷണം—തമിഴ്നാടകങ്ങളിലെപ്പോലെ—ഗോപാലേട്ടന്റെകൂടെ ഒരിക്കൽ തമിഴ്നാടകം കാണാൻ പോയത് ഓർത്തു. എന്തായിരുന്നു നാടകത്തിന്റെ പേര്? 'ഗുക്കു ഗുക്കി' — നാടകത്തിന്റെ നാക്കിലയോളം വലിപ്പമുള്ള പച്ച നോട്ടീസിൽ വെണ്ടയ്ക്ക അക്ഷരങ്ങളിൽ കൊടുത്ത വിഭവവർണ്ണന വ്യക്തമായി ഓർക്കുന്നു. "ചക്കളത്തിപ്പോരാട്ടം!—സകലർക്കും കൊണ്ടാട്ടം!—ദാസൻ മുൽക്കിൻ തിണ്ടാട്ടം!—" വിദൂഷകന്റെ പേരാണ് ദാസൻമുൽക്ക്. അന്ന് അവന്റെ കോപ്പിരാട്ടികൾ കണ്ടു ചിരിച്ച് ശ്വാസംമുട്ടിപ്പോയി... ആ നാടകത്തിലെ സംഭാഷണങ്ങൾ അധികവും പാട്ടിലായിരുന്നു. ആ പാട്ടുകൾക്ക് തലയാട്ടി താളംപിടിച്ചുകൊണ്ടിരുന്നു ഗോപാലേട്ടൻ. ഗോപാലേട്ടൻ പാട്ടു പഠിക്കുന്നുണ്ട്. ഹിന്ദുസ്ഥാനിപ്പാട്ടുകളാണ് മൂപ്പർക്കിഷ്ടം.

ഗോപാലേട്ടനെപ്പറ്റി ഓർത്തപ്പോൾ വീട്ടിനെപ്പറ്റിയും ഓർമ്മവന്നു. ഇപ്പോൾ കന്നിപ്പറമ്പിൽ അച്ഛനും അമ്മയും ഗോപാലേട്ടനും എന്തുചെയ്യുകയായിരിക്കും? ജഗള മൂത്തതിൽപ്പിന്നെ അച്ഛൻ സ്കൂൾ വിട്ടാൽ ചട്ടക്കാരുടെ ബംഗ്ലാവിൽ ട്യൂഷനുപോകാതെ, നേരെ വീട്ടിലേക്കു വരികയാണു ചെയ്യുന്നത്—അച്ഛൻ കോലായിലിരുന്നു സംസ്കൃതശ്ലോകങ്ങൾ ഉരുവിട്ടുന്നുണ്ടായിരിക്കും. ഗോപാലേട്ടന്റെ കണക്കെഴുത്തു പണിയെടുക്കുന്ന മരപ്പാണ്ടികശാല ഇയ്യിടെ അടച്ചിട്ടിരിക്കയാണ്. മുതലാളി മാപ്പിളഹാജിയാർ ഒളിവിലാണത്രെ. ഗോപാലേട്ടൻ, കിസ്റ്റേ ബിസ്റ്റേ എന്ന്

ഹിന്ദുസ്ഥാനിപ്പാട്ടും പാടിക്കൊണ്ടു കിഴക്കേ മുറിയിലിരിക്കുന്നുണ്ടാകും— അമ്മ അടുക്കളയിലും—വലേ്യട്ടനോ? വലേ്യട്ടൻ ചായപ്പണിക്കൊന്നും പോകാതെ രാപകൽ ഗേറ്റുപുരയ്ക്കകത്തിരുന്ന ശീട്ടുകളിയാണെന്ന് മീശക്കണാരൻ അമ്മയോടു പറയുന്നതു കേട്ടിരുന്നു. വലേ്യട്ടൻ ഇപ്പോൾ അമ്മയുടെ വാക്കുകളിൽ പറഞ്ഞാൽ, "ഗേറ്റിലിരുന്നു പപ്പടം പരത്തുന്നുണ്ടാവും."

ജഗളക്കാർ പട്ടണത്തിലെത്തിയോ എന്തോ! ഓ്ഹ്—ജഗളക്കാർ അതിരാണിപ്പാടത്തു വന്നാൽ എന്തായിരിക്കും സ്ഥിതി? ഇവിടെക്കാണുന്ന ഇക്കൂട്ടരെപ്പോലെ എല്ലാം ഇട്ടെറിഞ്ഞു ജീവനുംകൊണ്ട് ഓടേണ്ടിവരില്ലേ? അതോർത്തപ്പോൾ പേടിതോന്നി. അച്ഛനും അമ്മയും.

"അച്ഛൻ കൊമ്പത്ത്—" ആ വിളി മാനത്തു മുഴങ്ങുന്നു. പാട്ടുകാരൻ പക്ഷിയെ കാണാനില്ല — നാലാംകണ്ടത്തിലെ വലിയ പുളിമാവിന്റെ തുഞ്ചിയിൽനിന്നായിരിക്കണം അവന്റെ വിളിയും കൂവലും — അങ്ങനെ വിളിച്ചു കൂവുന്നത് കതിർകാണാക്കിളിയാണെന്ന് അപ്പു പറഞ്ഞത് ഓർത്തു. അതൊരുജാതി കുയിലാണ്. കുയിലുകൾക്ക് ഇങ്ങനെ തേൻപോലെ പാടാൻ കഴിയുന്നത് മാന്തളിർ തിന്നുന്നതുകൊണ്ടാണെന്ന് ചുണ്ടിന്മേൽ പാണ്ടുള്ള ചെക്കു പറഞ്ഞുതന്നതും ഓർത്തു.

കതിർകാണാക്കുയിലിനെത്തേടി ശ്രീധരന്റെ കണ്ണുകൾ നാലാംകണ്ടത്തിനുനേർക്കുയർന്നു. പുളിമാവു കാണുന്നില്ല. അപ്പോൾ മൂന്നാംകണ്ടത്തിലെ കുളക്കരയിൽ പൊങ്ങിനിൽക്കുന്ന പന ദൃഷ്ടിയിൽ തടഞ്ഞു—പനമ്പട്ടകൾക്കിടയിലൂടെ പടിഞ്ഞാറേ മാനം ചുവന്നുകാണുന്നു. പോക്കുവെയിൽ പനങ്കുലയിൽ പൊന്നുപൂശുന്നു. പന, നീണ്ട പൊൻകാതിലയണിഞ്ഞ പെണ്ണിനെപ്പോലെ തോന്നുന്നു.....അപ്പോൾ തിരുമാലവല്യമ്മയെ ഓർമ്മവന്നു. ചുണ്ടിന്മേൽ പാണ്ടുള്ള ചെക്കു പറഞ്ഞ കഥയും.....നിലാവുള്ള രാത്രിയിൽ തിരുമാലവല്യമ്മ കുളത്തിൽനിന്നു പൊങ്ങിവരുന്നതും വെള്ളം വാർന്നൊലിക്കുന്ന തലമുടിയോടെ ആറാംകണ്ടത്തിലെ മതിലിൽക്കിടക്കുന്ന ചന്തോമന്റെ അടുക്കലേക്ക് അടിവെച്ചടിവെച്ചു നീങ്ങുന്നതും...... ആ രംഗം ഓർത്തപ്പോൾ മേലാകെ ഉളുത്തുകേറി—

"ചിക്ലി—പിക്ലി—ച്ഹീീൽ!"—അടുത്ത മൂലയിൽനിന്നാണ് ആ കലപലശബ്ദം. നോക്കി. നാലഞ്ചു ചിതലകൾ പറമ്പിൽ പറന്നുവീണ് ഉണക്കിലകൾക്കിടയിൽ ചിക്കിപ്പരതുകയാണ്—അരികെ വൈക്കോൽക്കുണ്ടയ്ക്കു താഴെ ശ്രീധരൻ എന്നൊരു വീരൻ കാലുംനീട്ടിയിരിക്കുന്ന കഥ അക്കൂട്ടരുണ്ടോ അറിയുന്നു! മോന്തി മയങ്ങുന്നതും മറന്ന് ആ കൊച്ചുകിളികൾ ഭക്ഷണം തിരയുന്ന തിരക്കിലാണ്—ശ്രീധരൻ പെട്ടെന്നു തന്റെ ഊത്താം കുഴലിനെ ഓർത്തു—പുല്ലുമൂടയ്ക്കു പിറകിലെ വാഴക്കുണ്ടയിലാണ് ആ ആയുധം ഒളിപ്പിച്ചുവെച്ചിരിക്കുന്നത്. മെല്ലെ എഴുന്നേറ്റു പുല്ലുമൂട പറ്റിക്കൊണ്ടു പതുങ്ങിപ്പതുങ്ങി വാഴച്ചുവട്ടിലേക്കു നീങ്ങി. ഊത്താംകുഴൽ കൈയിലെടുത്തു; പരിശോധിച്ചു—ഉണിശ്ശീല ചുറ്റിയ അമ്പ് കുഴലിനുള്ളിൽത്തന്നെയുണ്ട്. അതു വിലങ്ങനെ നീട്ടിയപ്പോൾ പെട്ടെന്ന് കുർക്കാസിന്റെ തോക്ക് ഓർമ്മവന്നു.....തരിച്ചു നിന്നുപോയി......ചിതലകൾ അപ്പോഴും തീറ്റക്കൊതിയോടെ ചപ്പിലകൾക്കുള്ളിൽ തിരയുകയാണ്......

"മഹാപാപം' മനസ്സാക്ഷി മന്ത്രിച്ചു.

കുഴൽ കൈയിൽനിന്നു താഴ്ത്തി......

ശ്രീധരൻ ശ്ശ്ശ്ശൂ എന്നൊരു ശബ്ദം പുറപ്പെടുവിച്ചു. ചിതലകൾ പേടിച്ചു കലപലാ ചിലച്ചുകൊണ്ടു ചിതറിപ്പറന്നുപോയി.

ശ്രീധരൻ ഊത്താംകുഴലിനെ ഒന്നുകൂടി നോക്കി. പിന്നെ അതു നീട്ടിപ്പിടിച്ച്, മുകളിലെ വാഴക്കുലയുടെ തട്ടയെ ഒരു പക്ഷിയായി സങ്കല്പിച്ച് ഉന്നം പിടിച്ചൊരുത്തുവെച്ചു കൊടുത്തു......അമ്പ് 'പക്ഷി'യുടെ മേടയിൽത്തന്നെ ചെന്നു തറച്ചു.

പക്ഷി പ്രാണവേദനയോടെ പിടഞ്ഞു ചിറകടിച്ചു വീഴുന്ന രംഗം മനസ്സിൽ സങ്കല്പിച്ചു. മേലാകെ ഉളുത്തുകേറി.

ഊത്താംകുഴലിനെ പകയോടെ ഒന്നുനോക്കി. അപ്പോൾത്തന്നെ ആ മാരകായുധം അടുത്ത തെങ്ങിനോടടിച്ചു പൊട്ടിച്ചുകളയാൻ ഓങ്ങി—എന്നാൽ അങ്ങനെ ചെയ്തില്ല. പെട്ടെന്നു മറ്റൊരാശയം മനസ്സിലുദിച്ചു— പുതിയൊരു കൗതുകഭാവനയോടെ ഊത്താംകുഴലിനെ വീണ്ടുമൊന്നു കടാക്ഷിച്ചു; 'അപ്പുവിന് അതുണ്ടാക്കാനറിയാം' എന്നു തനിയെ പറയുകയും ചെയ്തു.

കുറഞ്ഞൊരാലോചന: ഇതു ചന്തുക്കുഞ്ഞൻ ഉണ്ടാക്കി സമ്മാനിച്ച കുഴലാണ്—അങ്ങനെ ചെയ്യുന്നത് അവനറിയരുത്—അവൻ വരുന്നതിനു മുമ്പു കാര്യം പറ്റിക്കണം. ചന്തുക്കുഞ്ഞൻ രാരുക്കുട്ടിക്കു മരുന്നു വാങ്ങാൻ മണ്ണാൻ ഉണ്ണ്യപ്പൂട്ടി വൈദ്യരുടെ പുരയിൽ പോയിരിക്കയാണ്. ഉണ്ണ്യപ്പൂട്ടി വൈദ്യരുടെ രൂപം ഓർത്തപ്പോൾ ചിരിവന്നു: നെറ്റിയിലും നെഞ്ഞത്തും കൈയ്ക്കുമെല്ലാം രണ്ടുമൂന്നു വരിയായി ചന്ദനക്കുറിവരച്ചു നടക്കുന്ന കറുത്ത്ുതടിച്ചു കുറുതായ ആ കുമ്പപ്പള്ളേൻമണ്ണാനെപ്പറ്റി 'പിത്തളകെട്ടിച്ച മുരിക്കുപെട്ടിപോലെ' എന്ന് അപ്പു ഒരിക്കൽ പറഞ്ഞതോർത്തിട്ടാണു ചിരി വന്നത്......

അപ്പോൾ അപ്പുറത്തുനിന്ന് ആരോ സംസാരിക്കുന്നതു കേട്ടു. കുറ്റു കേട്ടപ്പോൾ ആളെ മനസ്സിലായി. ചുണ്ടിന്മേൽ പാണ്ടുള്ള ചെക്കു. (മറ്റേത് മുച്ചിറിയൻ പാച്ചു.) ചെക്കുവിൻ്റെ കള്ള റാക്കുകുപ്പികൾ കുടിയൊഴിച്ചു പോന്നവരുടെയിടയിലേക്കും എത്തിത്ത്ുടങ്ങിയിരിക്കുന്നു.

ഊത്താംകുഴലും നീട്ടിപ്പിടിച്ച് ചെക്കുവിനെ സമീപിച്ച് അഭ്യർത്ഥന സമർപ്പിച്ചു: "ഇതിനെക്കൊണ്ട് ഒരോടക്കുഴല് ഉണ്ടാക്കിത്തരേ്വാ — വിളിക്കുന്ന കുഴല്—"

ചെക്കു ശ്രീധരൻ്റെ കൈയിൽനിന്നു കുഴൽവാങ്ങി, വലതുകണ്ണിൻ്റെ നേർക്കുനേരെ നീട്ടിപ്പിടിച്ച് ഉള്ളിലൂടെ നിരീക്ഷിച്ചു. (കുഴലിനു വളവുണ്ടോ എന്നു പരിശോധിക്കുകയാണ്.) ശരിയെന്ന മട്ടിൽ തലയാട്ടി. പിന്നെ ചിരിച്ചു കൊണ്ടു പറഞ്ഞു: "കുട്ടിക്ക് ഇപ്പത്തന്നെ ഒരു ഓടക്കുഴല് ഉണ്ടാക്കിത്തരാലോ....."

മൂപ്പർ ഒരു ജോളിമൂഡിലായിരുന്നു. കുടിച്ചിട്ടുണ്ട്. വായ നാറുന്നു.

ചെക്കു അവിടെ മുറ്റത്തിൻ്റെ തിണ്ടിന്മേൽത്തന്നെ ഇരുന്നു. അരയിൽ നിന്നു പിശ്ശാങ്കത്തിയെടുത്തു മുളങ്കുഴൽ ചാൺവെച്ചളന്നു ചെത്തി മുറിച്ചു. പിന്നെ ശ്രീധരനോടു പറഞ്ഞു: "മോനേ, ഒരിരുമ്പാണി കൊണ്ടുവാ."

ശ്രീധരൻ പാഞ്ഞുപോയി, മുറിയിൽ അയൽകെട്ടിയിരുന്ന ഇരുമ്പാണി ചുമരിൽനിന്ന് അടർത്തിയെടുത്തു കൊണ്ടുവന്നുകൊടുത്തു. മുറ്റത്ത് അഭയാർത്ഥികൾ കഞ്ഞിവെക്കുന്ന അടുപ്പ് എരിഞ്ഞുകൊണ്ടിരുന്നു. ചെക്കു ഒരു മൂളിപ്പാട്ടും പാടിക്കൊണ്ട്, ഇരുമ്പാണി അടുപ്പിൽ കാച്ചി പഴുപ്പിച്ചു. പിന്നെ അതു മുളങ്കുഴലിൻ്റെ ഒരുവശത്ത് അമർത്തിപ്പിടിച്ചു.

അവിടെ വട്ടത്തിൽ കരിഞ്ഞ് തുളയുണ്ടായി. അങ്ങനെ അഞ്ചാറു തുളകളുണ്ടാക്കി. പിന്നെ ഒരു ചെറിയ പൂള് കുഴലിന്റെ ചങ്കിൽ തിരുകി—അഭയാർത്ഥികളിലെ ഏതോ ദണ്ണക്കാരനുവേണ്ടി കൊണ്ടുവന്നിരുന്ന പച്ചമരുന്നിന്റെ കൂട്ടത്തിലുണ്ടായിരുന്ന കുറച്ച് മെഴുവും കിട്ടി. അതും കുഴലിൽ യഥാസ്ഥാനത്തു തിരുകിപ്പിടിപ്പിച്ചു—കാൽമണിക്കൂറുകൊണ്ട് പണികഴിഞ്ഞു.

"പീപുപീപീ......." ചെക്കു കുഴൽ വായിൽവെച്ച് വിരലുകൾ തുളകളിൽ ചലിപ്പിച്ചുകൊണ്ട് സംഗീതം പൊഴിച്ചു.

ഫ്ളൂട്ടിന്റെ അദ്ഭുതനാദം! അതു കൈയിൽ കിട്ടിയപ്പോൾ ശ്രീധരൻ ആനന്ദംകൊണ്ടു മതിമറന്നുപോയി. ഫ്ളൂട്ടുംകൊണ്ട് ഓടി മുരിക്കുമരത്തിലെ പുല്ലുമൂടയുടെ മുകളിൽക്കേറിയിരുന്നു.

"പീപിപൂപുപൂപൂപീ......" രാഗവും താളവുമൊന്നും ആ ഗാനത്തെ അനുഗമിച്ചിരുന്നില്ല. പലതരം സ്വരങ്ങൾ മാത്രം. എങ്കിലും അതു തന്റെ സ്വന്തം സ്വരരാഗസുധയാണെന്നോർത്തപ്പോൾ ശ്രീധരന് അഭിമാനദ്യോതകമായൊരാനന്ദം അനുഭവപ്പെട്ടു—പീ പീ പീ—പീ പിപൂപ്പി.....

നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. ഇലഞ്ഞിപ്പൊയിലിലെ അഭയാർത്ഥിപ്പെണ്ണുങ്ങൾ കുളിക്കാനൊരുങ്ങി, കൂട്ടത്തോടെ, മൂന്നാംകണ്ടത്തിലെ കുളത്തിലേക്കു പോയി. അവർക്കു കുളിക്കാൻ സൗകര്യം ഇരുട്ടിലാണ്. ഇരുട്ടത്തു കുളിക്കുമ്പോൾ ഉടുമുണ്ട് ആവശ്യമില്ലല്ലോ അവരിൽ പലരും ഒറ്റമുണ്ടിനിണ മുണ്ടില്ലാത്ത അഗതികളാണ്.

ആ സ്ത്രീകൾ കുളത്തിൽ നഗ്നകളായി നീന്തിക്കുളിക്കുന്നതു മനസ്സിലോർത്തുകൊണ്ട് ശ്രീധരൻ മുരിക്കുമരത്തിന്റെ മുകളിലിരുന്നു ഫ്ളൂട്ടു വായന തകർത്തു.....അപ്പോൾ ഗോപികാവസ്ത്രാപഹരണത്തിന്റെ ചിത്രം ഓർമ്മവന്നു.....മരത്തിന്റെ മോളിലിരിക്കുന്ന വേണുഗോപാലനും, വെള്ളത്തിൽ നഗ്നകളായി സ്നാനം ചെയ്യുന്ന സുന്ദരിമാരും.........

# 20. അപ്പുവിന്റെ കൃഷിവളപ്പിൽ

അസാരം ഉരുക്കുനെയ്യുറ്റിച്ച ചൂടുള്ള പൊടിയരിക്കഞ്ഞി, കുത്തിയ പച്ച പ്ലാവിലകൊണ്ടു മുക്കിക്കുടിക്കാൻ എന്തൊരു സ്വാദാണെന്നോ!—ചുട്ട പപ്പടം, ഉപ്പിലിട്ട മാങ്ങ ഇവ കടിച്ചുകൂട്ടാനും, (ചിലപ്പോൾ ചുവന്ന ഉള്ളിയും കറിവേപ്പിലയുംകൂട്ടി പൊരിച്ച കോഴിമുട്ടയും കാണും)—ഇലഞ്ഞിപ്പൊയിലിൽ ശ്രീധരന്റെ പ്രാതലാണ്. നല്ല നെല്ലുകുത്തിയരിച്ചോറ്; മത്തങ്ങ കൊണ്ടോ വെള്ളരിക്കകൊണ്ടോ ഒരു കറി; പീച്ചിങ്ങകൊണ്ടോ പടവലങ്ങ കൊണ്ടോ ഒരു മെഴുക്കുപുരട്ടി; കാച്ചിയ പപ്പടം; കൊഴുത്തമോര്; ഉച്ചഭക്ഷണത്തിന്റെ വിഭവങ്ങൾ—ചിലപ്പോൾ കൂർക്കൽ (ചീവക്കിഴങ്ങ്)കൊണ്ടായിരിക്കും മെഴുക്കുപുരട്ടി. നേരിയ ഔഷധച്ചുവയുള്ള ആ കിഴങ്ങ് ശ്രീധരനു വളരെ ഇഷ്ടമാണ്. ഉച്ചഭക്ഷണത്തിന്റെ വിഭവങ്ങൾതന്നെയായിരിക്കും മിക്കവാറും അത്താഴത്തിനും. ഇടനേരങ്ങളിൽ അതുമിതുമായുള്ള നുണയ്ക്കലും കൊറിക്കലും ചവയ്ക്കലും വേറെയും—ഉരുളക്കിഴങ്ങിന്റെ ദീക്ഷ വളർത്തിയ അളിയനാണ് നനകിഴങ്ങ്. അവനെ അടുപ്പിലിട്ടു ചുട്ടു പട്ടുപോലെയുള്ള പുറംതൊലി നുള്ളിനീക്കി മുളകുചമ്മന്തിയും കൂട്ടി കടിച്ചു ചവച്ചു തിന്നാൻ ബഹുരസം. വയലറ്റ് നിറത്തിലുള്ള വയൽച്ചേമ്പു പുഴുങ്ങിയതും അങ്ങനെ തന്നെ. ഒന്നുമില്ലെങ്കിൽ പുറ്റുമണ്ണുപുരട്ടി ഉണക്കി സൂക്ഷിച്ച ചക്കക്കുരു ചുട്ടുതിന്നാം. (അധികം കഴിച്ചാൽ പള്ളയിൽനിന്നു ചില പിറുപിറുക്കലും മറ്റും ഉണ്ടാക്കുന്ന ഒരു കുണ്ടാമണ്ടിക്കാരനാണ് ചക്കക്കുരു. കരുതി ഭക്ഷിച്ചാൽമതി.) പഴുത്ത ചക്ക പഞ്ചസാരയുംചേർത്തു വരട്ടി പുത്തൻകലത്തിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ടായിരിക്കും. ആ ചക്കയലുവാ വാഴയിലയിൽ വിളമ്പി, തോണ്ടിത്തിന്നാനാണു രസം. കായലരി (മുളയരി) തേനും സുഗന്ധദ്രവ്യങ്ങളും ചേർത്തു മുളങ്കുറ്റിയിൽ നിറച്ചു മുളകൊണ്ടും മുളയിലകൊണ്ടും ഭദ്രമായി തിരുകിട്ടു കെട്ടിപ്പൊതിഞ്ഞു ചുവന്ന മണ്ണിൽ കുഴിച്ചിടും. മാസങ്ങളോളം മണ്ണിനടിയിൽക്കിടന്നു ചില രാസപ്രക്രിയയുടെ ഫലമായി, പുറത്തെടുക്കുമ്പോൾ നേരിയ ചാരായഗന്ധം പുറപ്പെടുവിക്കുന്ന ഈ പലഹാരത്തിന്റെ സ്വാദ് അനുഭവിച്ചറിയുകതന്നെ വേണം—ഇവയെല്ലാം വീട്ടിൽ നിന്നുതന്നെ തയ്യാറാക്കുന്ന തീൻപണ്ടങ്ങളാണ്. പട്ടണത്തിൽ ഒന്നു മണത്തുനോക്കുവാൻപോലും കിട്ടുകയില്ല.

സ്വതവേ ഒരു തീറ്റക്കൊതിയനല്ലെങ്കിലും ശ്രീധരൻ ഈ വിശിഷ്ട വിഭവങ്ങൾ വേണ്ടുവോളമാസ്വദിച്ചു.

വെയിലാറിയാൽ ചില ദിവസങ്ങളിൽ ശ്രീധരൻ കാട്ടിലേക്കു പുറപ്പെടും, ഒറ്റയ്ക്ക്. കാട്ടിനുള്ളിലേക്കു കടക്കുകയില്ല. ആറാംകണ്ടത്തിന്റെ കിഴക്കേ മൂലയിൽ ചെന്നുനിന്നു വാനനിരീക്ഷണം നടത്തും. (പടിഞ്ഞാറേ മൂലയിലേക്ക് ഒന്നു തിരിഞ്ഞുനോക്കാൻപോലും ഭയമാണ്. ചന്തോമന്റെ മൂലയാണത്!)

"ഠോഠഖ്—ഠോഠഖ്....." കാട്ടിൽനിന്നു ചെമ്പുകൊട്ടുംപോലെ ഒരു ശബ്ദം. കിളിനാദമാണ്. അങ്ങനെ പാടുന്ന കിളി കുട്ടിക്കുറുമനാണെന്ന് അപ്പു പറഞ്ഞത് ഓർത്തു. "ഠോഠഖ്—ഠോഠഖ്—ഠോഠഖ്..." ആ വിളി തുടരെത്തുടരെ മുഴങ്ങുന്നു. കിളിയെ കാണാൻ കഴിയുന്നില്ല — വളരെ പൊക്കമുള്ളോരു മരത്തിന്റെ തുഞ്ചിയിലെ

ഇലക്കൂട്ടങ്ങളിൽ ഒളിഞ്ഞിരുന്നുകൊണ്ടാണ് കിളി ചിലയ്ക്കുന്നത്. ഇണയോട് ഉറക്കെ സംഭാഷണം ചെയ്യുകയായിരിക്കും.

പാട്ടിൽ സംഭാഷണംചെയ്യുന്ന പക്ഷികൾ! വേറെയും പറവകളുടെ കൂവലും വിളിയും കേൾക്കുന്നു—കാടാകെ ഒരു നാടകശാലയായി തോന്നുന്നു. വർണ്ണമേഘങ്ങൾ വിലസുന്ന ആകാശമാണ് കർട്ടൻ — കുട്ടിക്കുറുമൻ ഒരു തംബുരുഭാഗവതരായിരിക്കണം. നൂറുകണക്കിൽ നടീനടന്മാർ—അവരിൽ വിദൂഷകൻ വേഴാമ്പലായിരിക്കും— തലയിൽ മരിക കമഴ്ത്തിയ വിചിത്രവേഷക്കാരനായ വേഴാമ്പൽ.......

അപ്പു കൂടെയുണ്ടായിരുന്നുവെങ്കിൽ കാട്ടിനുള്ളിലേക്കു കടക്കാമായിരുന്നു. തെച്ചിപ്പഴങ്ങളും ഞാറയ്ക്കായും പൊട്ടിക്കായുമൊക്കെ പഴുത്തു കിടക്കുന്നുണ്ടാവും......

അപ്പുവിനെ കൂട്ടിനു കിട്ടുകയില്ല. അവൻ വയൽക്കണ്ടത്തിൽ കക്കിരി കൃഷി തുടങ്ങിയിട്ടുണ്ട്. കൂട്ടുകൃഷിയാണ്. മോരുകാരൻ കുഞ്ഞൻനായരുടെ അനുജൻ അപ്പുണ്ണിയാണ് അപ്പുവിന്റെ കൂട്ടുകാരൻ. കൃഷിയുടെ ചെലവുകളെല്ലാം അപ്പുണ്ണി വഹിക്കും—രാവിലെയും വൈകുന്നേരവും ദൂരെയുള്ള കുണ്ടുകുളത്തിൽനിന്നു വെള്ളം മുക്കിക്കൊണ്ടുവന്ന് കക്കിരിത്തടങ്ങൾ നനയ്ക്കണം—രാത്രി അവിടെ കാവൽ കിടക്കണം. അതാണ് അപ്പുവിന്റെ ജോലി. കൃഷിയിൽനിന്നുള്ള ആദായം രണ്ടുപേർക്കും സമമായി പങ്കിട്ടെടുക്കാം—അങ്ങനെയാണ് വ്യവസ്ഥ.

അപ്പു അപ്പുണ്ണിയെ വിളിക്കുന്നത് 'അപ്പുണ്ണിക്കമ്മൾ' എന്നാണ്. അപ്പുണ്ണിയുടെ ഏട്ടൻ, മോരുകാരൻ കുഞ്ഞൻനായരെപ്പറ്റി ഓർത്തു:

നീണ്ടുമെലിഞ്ഞു തെല്ലൊന്നകത്തോട്ടു വളഞ്ഞ കുഞ്ഞൻനായർ, മുട്ടുവരെ എത്തുന്നൊരു തോർത്തുമുണ്ടുമുടുത്ത്, മോരു നിറച്ച വലിയ മൺകുടം കാവണ്ടത്തിൽ തൂക്കിയിട്ടു ചുമലിൽവെച്ചു നിത്യവും രാവിലെ പട്ടണത്തിലേക്കു പോകും. കുടത്തിലെ മോര് ശുദ്ധമാണെന്നു സാമ്പിൾ മുക്കിക്കാണിക്കാൻ നീണ്ടൊരു പച്ചോലക്കണ്ണി വാർന്നുമുറിച്ചു മോരു കുടത്തിന്റെ കഴുത്തിൽ തിരുകിവെച്ചിരിക്കും. മോരുവിറ്റു കുറയുന്നതനുസരിച്ചു മൂപ്പർ തരം പോലെ വഴിയിൽനിന്നു വെള്ളം മുക്കി കുടത്തിലേക്കു കടത്തിവിടുകയും ചെയ്യും.

ഒരിക്കൽ തന്റെ കുഞ്ചേട്ടനു പറ്റിയൊരു പോഴത്തം അപ്പുണ്ണി അപ്പുവിനോടു സ്വകാര്യമായിപ്പറഞ്ഞത്, അപ്പു സ്വകാര്യമായിത്തന്നെ ശ്രീധരനോടും പറഞ്ഞിരുന്നു. അതോർത്ത് ശ്രീധരൻ തനിയെ ചിരിച്ചു. കുഞ്ഞൻനായർ പട്ടണത്തിലെ ഒരു പട്ടർവക്കീലിന്റെ മഠത്തിൽ മോരു വിറ്റു. മൊട്ടച്ചിഅമ്മ്യാര് മോരു വാങ്ങി പാത്രം ഒന്നിളക്കിനോക്കി. അപ്പോൾ പാത്രത്തിൽ എന്തോ കിടന്നു മറിയുന്നു. മൂക്കുത്തിമിന്നോ മറ്റോ ആണെന്നു കരുതി സന്തോഷിച്ചു കരണ്ടികൊണ്ട് ഊറ്റിനോക്കിയപ്പോൾ മിന്നും പൊന്നുമൊന്നുമല്ല. ജീവനുള്ളൊരു മാനത്തുകണ്ണൻ!—കുഞ്ഞൻനായർ വഴിക്കു വയലിലെ തോട്ടിൽ നിന്നു വെള്ളം മുക്കി മോർക്കുടത്തിലൊഴിച്ചപ്പോൾ പെട്ടുപോയതാണ് ആ മീൻ. കുഞ്ഞൻനായർ പിന്നെ മോരുവിൽക്കാൻ ആ മഠത്തിൽ കേറാറില്ല—

ഒരു ദിവസം വൈകുന്നേരം ശ്രീധരൻ അപ്പുവിന്റെ കക്കിരികൃഷി സന്ദർശിക്കാൻപോയി. വയലിന്റെ മൂലയിൽ, ചുറ്റും വേലികെട്ടിയ കുറെ സ്ഥലം. അതാണ് കൃഷിക്കളം.

കുറച്ചു ദൂരെയുള്ള ഒരു കുണ്ടുകുളത്തിൽനിന്ന് ഒരു വലിയ മൺകുടത്തിൽ വെള്ളം നിറച്ചുകൊണ്ടു വന്ന് കക്കിരിത്തടങ്ങൾ നനയ്ക്കുകയായിരുന്നു അപ്പു. ശ്രീധരനെ

കണ്ടപ്പോൾ അപ്പുവിന്റെ മിഴികളിൽ അദ്ഭുതവും സന്തോഷവും സ്ഫുരിച്ചു. കുടം കക്കിരിത്തടത്തിൽ കമിഴ്ത്തി വച്ച് സുഹൃത്തിനെ സ്വീകരിക്കാൻ അപ്പു ഓടിയെത്തി.

അവിടെ വളപ്പിന്റെ മദ്ധ്യത്തിലായി ഓലയും മുളയുംകൊണ്ട് ഒരു കാവൽപ്പുര കെട്ടിയുണ്ടാക്കിയിട്ടുണ്ട്. ഇരു നിലയാണ്. അപ്പു ശ്രീധരനെ തന്റെ മാളികയിലേക്കു ക്ഷണിച്ചു. മുകളിലേക്കു കേറാൻ മുളകൊണ്ടുള്ള ഒരു ഏണിചാരിവെച്ചിട്ടുണ്ട്. ഏണിക്കമ്പുകളിൽ ചവിട്ടി ബാലൻസ് ശരിപ്പെടുത്തിക്കൊണ്ട് സർക്കസ്സഭ്യാസിയെപ്പോലെ ശ്രീധരൻ പററിപ്പിടിച്ചുകേറി. അപകടമൊന്നും പററാതെ മുകളിലെത്തി. മുളകൾ പാവിയുണ്ടാക്കിയ മേൽത്തട്ടിൽ, ഒരു മൂലയിൽ ഒരു പനയോലപ്പായ ചുരുട്ടിവെച്ചിട്ടുണ്ടായിരുന്നു— അപ്പുവിന്റെ രാത്രിയിലെ കിടക്കപ്പായ. ശ്രീധരനിരിക്കാൻ അപ്പു ആ പായ നിവർത്തിയിട്ടുകൊടുത്തു. പിന്നെ അവൻ താഴോട്ടിറങ്ങിപ്പോയി.

ശ്രീധരൻ വിശാലമായ കക്കിരിവളപ്പിലേക്കു കണ്ണയച്ചു. അവിടെ ഒരു വലിയ മുളങ്കോലിൽ കുത്തിനിർത്തിയ ഒരു കോലം, കടന്നുവരുമ്പോൾത്തന്നെ ശ്രീധരന്റെ ശ്രദ്ധയെ ആകർഷിച്ചിരുന്നു. കൗതുകത്തോടെ വീണ്ടും നോക്കി. മുളയും വൈക്കോലുംകൊണ്ടു നിർമ്മിച്ച ഒരാൾരൂപം. മുഖം മൺകലമാണ്. തലയിൽ ഒരുവശം മടക്കിക്കുത്തിയ ഒരു വൈക്കോൽത്തൊപ്പി ചാർത്തിയിരിക്കുന്നു. കാൽസ്രായിട്ടിട്ടുണ്ട്— പാന്തംകൊണ്ടൊരു ബൽററും. പാളകൊണ്ടുണ്ടാക്കിയ അരിവാളിന്റെ രൂപത്തിലുണ്ടൊരായുധം അരയിൽ തൂക്കിയിട്ടിരിക്കുന്നു—ചുമലിൽ പനമ്പട്ടകൊണ്ടുണ്ടാക്കിയ ഒരു തോക്കും.... ആ രൂപം ആരുടേതാണെന്നു ശ്രീധരനു മനസ്സിലായി: ക്ലർക്കാസ്!

തന്റെ മികച്ച കക്കിരികൃഷിക്കു കരിങ്കണ്ണേൽക്കാതിരിപ്പാൻ അപ്പു പണിതുണ്ടാക്കിയ പേക്കോലം പുതിയ ഗൂർഖാമോഡലിലാണ്!

തന്റെ വളപ്പിൽനിന്നു പറിച്ച അഞ്ചാറു കുരുന്നുകക്കിരിക്കായ അപ്പു ഒരു വാഴയിലയിൽ ശ്രീധരന്റെ മുമ്പിൽ സമർപ്പിച്ചു.

കക്കിരിക്കാ ഉപ്പുംകൂട്ടി തിന്നണം. ഉപ്പ് അപ്പുവിന്റെ സ്റ്റോക്കിൽ അവിടെത്തന്നെയുണ്ടായിരുന്നു. പെരിയിലയിൽ പൊതിഞ്ഞ് ഇറയിൽ തിരുകിവെച്ചിരിക്കുന്നു.

കക്കിരിക്കാ സ്വാദോടെ കടിച്ചുതിന്നുകൊണ്ട് ശ്രീധരൻ വിദൂരതയിലേക്കുനോക്കി. കിഴക്കൻചക്രവാളത്തിൽ നീലമലകളുടെ നെറുകയിൽ പോക്കുവെയിൽ സിന്ദൂരപ്പൊടി വിതറുന്നു. നിരനിരയായിക്കിടക്കുന്ന കുന്നുകളിലെ മരക്കൂട്ടങ്ങളുടെ വിതാനങ്ങളിൽനിന്നു പനകളുടെ കൂററൻ കോലങ്ങൾ പൊങ്ങിക്കാണുന്നു.....

ശ്രീധരനുമായി കൂട്ടുകൂടി നടക്കാൻ സമയം കിട്ടാത്തതിൽ അപ്പു സങ്കടം പ്രകടിപ്പിച്ചു: "ശീദരാ, നീ കണ്ടിലേ്ല എന്റെ പണി?—കുണ്ടിൽനിന്നും വെള്ളം കോരിക്കോരി ഊരമുറിഞ്ഞു. ഇനി രാത്രി ഇവിടെ കാവല് കെടക്കേം വേണം. അലെ്ലങ്കില് കക്കിരിയൊക്കെ കള്ളക്കുറുക്കന്മാര് തിന്നു തീർക്കും....."

"നീ ഒററയ്ക്കാണോ ഇവിടെ കിടക്കുക?" ശ്രീധരൻ ചോദിച്ചു.

"ഒററയ്ക്ക് തന്നെ." അപ്പു തലയാട്ടി: "കൊറച്ചു ദെവസം, ആശാരി താമുവിന്റെ ചെക്കൻ വേലായുതനുണ്ടായിരുന്നു. ആ ചെക്കൻ കുറുക്കന്മാരെക്കാളും കള്ളനാണ്. കുറുക്കന്മാരെ നോക്കാനാണെന്നും പറഞ്ഞ് വളപ്പിൽപ്പോയി കക്കിരി കട്ടുതിന്നും—

അതുകൊണ്ട് ഓനെ ഇപ്പം വിളിക്കാറില്ല.....”

അപ്പോൾ ഇറയിൽ തിരുകിവെച്ചിരുന്ന എന്തോ ഒരു യന്ത്രം ശ്രീധരന്റെ ദൃഷ്ടിയിൽപ്പെട്ടു.

“എന്താണിത്?” ശ്രീധരൻ കൗതുകത്തോടെ ചോദിച്ചു.

അപ്പു ആ യന്ത്രം പുറത്തെടുത്തു. മുളഞ്ചീന്തുകൾകൊണ്ടും പാന്തം കൊണ്ടും കെട്ടിയുണ്ടാക്കിയ ഒരു കൂട.

“പക്ഷികളെ പിടിക്കാനുള്ള സൂത്രക്കൂടാണോ?” ശ്രീധരൻ ചോദിച്ചു.

അപ്പു ചിരിച്ചുകൊണ്ടു പറഞ്ഞു: “ഇതു കുറുക്കന്മാരെ പേടിപ്പിക്കാനുള്ള ഒരു സൂത്രമാണ്. ഇതിന്റെ പേര്, വഴിമൂളി!”

അപ്പു അതിന്റെ വിദ്യ കാട്ടിക്കൊടുത്തു. അതിന്റെ സഞ്ചിയിൽ ഒരു കല്ലെടുത്തുവെച്ചു. പിന്നെ ആ യന്ത്രം തൂക്കിപ്പിടിച്ച ഊക്കോടെ വായുവിൽ ചുഴറ്റി:

”ഭ്ഹ്ഹും.......ഭ്ഹ്ഹൂഠഠഠഠ..... ഭ്ഹ്ഹും.......”

ഭയങ്കരമുഴക്കം!—ഒരു നാഴിക ദൂരെ കേൾക്കാം.

അപ്പു വിശദീകരിച്ചു: ആളുകളുടെ ഒച്ചയും വിളിയും കുറുക്കന്ന് പരിചയമാണ്. ആളുകൾ വിളിയും തെളിയും കൂട്ടുന്ന നേരത്തുതന്നെ കൗശലക്കാരനായ കുറുക്കൻ പതുങ്ങിയിരുന്നു കക്കിരി കറുമുറ തിന്നുന്നുണ്ടാവും. എന്നാൽ, ഈ വഴിമൂളിയുടെ ഹുങ്കാരം കേൾക്കുമ്പോൾ ഏതോ ഭയങ്കര ജന്തുവിന്റെ മോങ്ങലാണെന്നു ധരിച്ച് കുറുക്കൻ പേടിച്ച് കാട്ടിലേക്കുതന്നെ പാഞ്ഞുപൊയ്ക്കൊള്ളും.

അപ്പുവിന്റെ വഴിമൂളിയുടെ മുഴക്കം കേട്ടു കുറുക്കൻ വാലും താഴ്ത്തി പേടിച്ചു മണ്ടുന്നതോർത്ത് ശ്രീധരൻ തനിയെ ചിരിച്ചുപോയി— പൊണ്ണക്കുറുക്കൻ.

കൂടണയാൻ പോകുന്ന പക്ഷികൾ കൂട്ടത്തോടെ പടിഞ്ഞാട്ടു പറക്കുന്നുണ്ടായിരുന്നു. ശ്രീധരനും വീടണയാൻ നേരമായി. അപ്പുവിന്റെ നനയും തീർന്നിട്ടില്ല.

ശ്രീധരൻ പോകാനെഴുന്നേറ്റു. അന്തിച്ചുവപ്പിൽ ആറാടിനിൽക്കുന്ന ആകാശം! ദൂരെ നീലമലകളും. എന്തൊരു ഭംഗി! അപ്പുവിന്റെ കാവൽപ്പുരയിൽ വന്നിരുന്നു കക്കിരിക്കായും തിന്നുകൊണ്ട്, കഥബുക്കും വായിച്ചിരിക്കാൻ എന്തൊരു രസമായിരിക്കും! ജഗള, നീണ്ടുനിൽക്കണേ എന്നു ശ്രീധരൻ മനസ്സിൽ പ്രാർത്ഥിച്ചു.

കാവൽമാളികയിൽനിന്നു താഴെയിറങ്ങിയപ്പോൾ എന്തോ ഒരു വള്ളി കാലിൽ തടഞ്ഞു. ശ്രീധരൻ ഒന്നുപേടിച്ചു. പാമ്പാണെന്നു വിചാരിച്ചുപോയി.

പെട്ടെന്ന് അപ്പുവിനോട് ഒരു ചോദ്യം: “അപ്പൂ, ഇവിടെയൊക്കെ പാമ്പുണ്ടോ?”

“ഇടയ്ക്കൊക്കെ കാണാറുണ്ട്; മണ്ഡലിപ്പാമ്പ്—ഇന്നാളൊരുദെവസം ഞാൻ ഒന്നിനെ ചവിട്ടിപ്പോണ്ടതായിരുന്നു—തിണ്ടിനടുത്തു മണ്ണും മണത്തുകൊണ്ടു ചുരുണ്ടു കിടക്കുന്നു പഹയൻ!”

“എന്നിട്ട് നീ അതിനെ അടിച്ചുകൊന്നില്ലേ?” പാമ്പിനോട് അകാരണമായൊരു പക ഉള്ളിൽവച്ചുകൊണ്ടു ശ്രീധരൻ ചോദിച്ചു.

“മ്ഹ്ഹും—പാമ്പിനെക്കൊല്ലാൻ പാടില്ല.” അപ്പു തലയാട്ടിക്കൊണ്ടു പറഞ്ഞു: “പാമ്പിനെക്കൊന്നാൽ കുഠരോഗം പിടിക്കും.”

“അതു കടിച്ചാലോ? ശ്രീധരന്റെ ചോദ്യം.

“മരുത്തിക്കാവിലേക്കു കോഴിമുട്ട നേർന്നാൽ മതി. ഒരു പാമ്പും കടിക്കൂലാ—” അപ്പു ഉറപ്പിച്ചു പറഞ്ഞു.

മരുത്തിക്കാവിലെ വലിയ നാഗത്താൻകോട്ട ഒരിക്കൽ കണ്ടത് ശ്രീധരൻ ഓർത്തു. തടിച്ച വള്ളികൾ ചുറ്റിപ്പടർന്നുകിടക്കുന്ന മരക്കൂട്ടങ്ങൾ—ഇരുട്ടു പരത്തുന്ന പറമ്പ്. നാഗപടം വരച്ച ചില കല്ലുകൾ അവിടവിടെ നാട്ടിയിരിക്കുന്നു...

പാമ്പിനെപ്പറ്റി ഓരോന്നോർത്തപ്പോൾ നാരായണിയുടെ രൂപം മനസ്സിലേക്കിഴഞ്ഞുവന്നു.

നാരായണി ഇപ്പോൾ പൊന്നുപോലത്തെ പോക്കുവെയിലും നോക്കി പഴമ്പായും പുതച്ചു തനിയെ പുഞ്ചിരിച്ചുകൊണ്ട് ആ ഗുഹയിൽ കിടക്കുന്നുണ്ടാവും—പാവം!

നാരായണിയെപ്പറ്റി അപ്പുവിനോടു ചോദിക്കാൻ നാവു പൊങ്ങിയില്ല. ഒരു നാണം.

ഒരു ദിവസം നാരായണിയെ ഒന്നു ചെന്നു കാണണം. ശ്രീധരൻ മനസ്സിൽ പറഞ്ഞു.

ജഗള നീണ്ടുനിൽക്കണേ എന്നു വീണ്ടും പ്രാർത്ഥിക്കുകയും ചെയ്തു.

ശ്രീധരൻ ഇലഞ്ഞിപ്പൊയിലിൽ മടങ്ങിയെത്തിയപ്പോൾ നേരം ഇരുട്ടിയിരുന്നു.

# 21. ലഹള അടങ്ങുന്നു

ഇലഞ്ഞിപ്പൊയിലിലേക്കുള്ള ഇടവഴി തിരിഞ്ഞപ്പോൾ ശ്രീധരന്റെ കാതുകളെ എതിരേറ്റത് ഒരു നെലോം വിളീം ആയിരുന്നു. എന്താണെന്നറിയാതെ തെല്ലൊരു പരിഭ്രമത്തോടെ പടി കേറി. അഭയാർത്ഥികളെല്ലാം കോലായിൽ ചുറ്റിപ്പറ്റി നിൽക്കുന്നു. ഒരു സ്ത്രീ—അമ്മാളുഅമ്മ—മാറത്തടിച്ച് "എന്റെ പൊന്നുംകുട്ട്യേ—നീ—പോയല്ലോ!.." എന്നും പറഞ്ഞ് ഉറക്കെ നിലവിളിക്കുന്നു. നിലത്ത് ഒരു പായയിൽ ഒരു ബാലനെ കിടത്തിയിട്ടുണ്ട്; ശവമാണ്.

അമ്മാളുഅമ്മയുടെ ഭർത്താവ് കുഞ്ഞിപ്പെരച്ചൻ കോലായിൽ ഒരു മൂലയിൽ കുമ്പിട്ടിരുന്ന് ഉടുമുണ്ടിന്റെ കോന്തലകൊണ്ടു കണ്ണീരൊപ്പുന്നു.......

ചന്തുക്കുഞ്ഞനിൽനിന്നു സംഗതിയെല്ലാം അറിഞ്ഞു.

അമ്മാളുഅമ്മ ആറു പ്രസവിച്ചിരുന്നു. എല്ലാം ആൺകുട്ടികൾ. നാലു കൊല്ലം മുമ്പുവരെ ആറു കുട്ടികളും ജീവിച്ചിരുന്നു. പിന്നെ ഓരോന്നായി മരിക്കാൻ തുടങ്ങി;—രണ്ടു കൊല്ലത്തിനിടയ്ക്കു മൂന്നു ദുർമ്മരണങ്ങൾ!— മൂത്തവൻ പനയുടെ മുകളിൽ നിന്നു വീണു ചത്തു. നാലാമത്തെ കുട്ടി പുഴയിൽ മുങ്ങിമരിച്ചു—രണ്ടാമത്തെ മകൻ പാമ്പുകടിച്ചു മരിച്ചു. പിന്നെ രണ്ടു കൊല്ലം മുമ്പ് മൂന്നാമത്തെയും അഞ്ചാമത്തെയും മക്കൾ വസൂരി പിടിച്ച് അടുത്തടുത്ത ആഴ്ചകളിൽ മരിച്ചു. ഒടുവിലത്തെ മകൻ ഉണ്ണിക്കുട്ടി മാത്രം ബാക്കിയായി. ജഗളയ്ക്ക് ഒളിച്ചുപോന്നപ്പോൾ ഉണ്ണിക്കുട്ടിയേയുംകൊണ്ടാണ് അമ്മാളുവും കുഞ്ഞിപ്പെരച്ചനും ഇലഞ്ഞിപ്പൊയിലിലെത്തിയത്.

രണ്ടുമൂന്നു ദിവസം മുമ്പ് ഉണ്ണിക്കുട്ടനു പെട്ടെന്നു വയറ്റിൽനിന്നു ചോര പോകൂ തുടങ്ങി. മണ്ണാൻവൈദ്യരെ കൂട്ടിക്കൊണ്ടുവന്നു കാണിച്ചു. വൈദ്യർ കഷായത്തിനെഴുതി—അപ്പോൾ കുടിയൊഴിച്ചുപോന്നവരുടെ കൂട്ടത്തിലുള്ള കിഴവൻ ഒറ്റക്കണ്ണൻ കുട്ടാപ്പു ഒരഭിപ്രായം പാസ്സാക്കി, 'കുട്ടിക്കു മരുന്നല്ല, മന്ത്രവാദമാണു വേണ്ടതെ'ന്ന്. കുട്ടിയെ ഏതോ പ്രേതം 'വെട്ടിക്കുടിച്ച'താണത്രേ—ഉടൻ സ്ഥലത്തെ മന്ത്രവാദി കോരുവിനെ കൂട്ടിക്കൊണ്ടുവന്നു. പ്രേതോപദ്രവം ആദ്യം ഒരു ചരടുകെട്ടി അടക്കി നിർത്തി. പിന്നെ ഒരുഴിഞ്ഞു മാറ്റലിനും ഹോമത്തിനുമുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കെയാണ് വൈകുന്നേരം ഉണ്ണിക്കുട്ടി അന്ത്യശ്വാസം വലിച്ചു ജീവൻ വെടിഞ്ഞത്.

അങ്ങനെ അമ്മാളുഅമ്മയുടെ അവസാനത്തെ കുഞ്ഞും ഈശ്വരന്റെ കൈയിലേക്കുപോയി.

മൂന്നുനാലു ദിവസം മുമ്പ് ആ ബാലൻ—കറുത്തു ചുരുണ്ട തലമുടിയുള്ള വെളുത്തുമെലിഞ്ഞു കോമളനായ ഉണ്ണിക്കുട്ടി—ഒരു ചോപ്പു കോണകമുടുത്ത്, മട്ടൽകൊണ്ടുണ്ടാക്കിയ ഒരു കാളയെ ചൂടിക്കയർ കെട്ടി ഇലഞ്ഞിപ്പൊയിലിലെ മുറ്റത്തിനു ചുറ്റും വലിച്ചിഴച്ചു കളിച്ചു കൊണ്ടിരുന്നത് ശ്രീധരൻ കണ്ടിട്ടുണ്ടായിരുന്നു. ആ കുട്ടി ഇതാ പായിൽ ജീവൻവെടിഞ്ഞു കിടക്കുന്നു!

അന്നു രാത്രി അവർ ആ ബാലന്റെ മൃതദേഹം ആറാംകണ്ടത്തിലെ ഒരു മൂലയിൽ

—ചന്തോമൻ കിടക്കുന്നതിനടുത്തുതന്നെ—കുഴിമാന്തി അടക്കംചെയ്തു.

അന്ന് ഉറങ്ങാൻ കിടന്നപ്പോൾ പാതിരാ കഴിഞ്ഞിട്ടും ശ്രീധരൻ അസ്വസ്ഥനായി പലതും ചിന്തിച്ചുകൊണ്ടിരുന്നു. ഈശ്വരൻ ഇത്ര ക്രൂരനാണോ? അമ്മാളുഅമ്മയുടെ ആറ് ആൺമക്കളേയും ഒരു പകയോടുകൂടി തട്ടിയെടുത്തുകൊണ്ടുപോയി.

“മാമ്പൂക്കൾ കണ്ടിട്ടും മക്കളെക്കണ്ടിട്ടും

മാലോകരാരും മദിക്കണ്ടാ.....”

പണ്ടെപ്പോഴോ കേട്ട ഒരു പഴമ്പാട്ട് ശ്രീധരന്റെ മനസ്സിൽ തേട്ടിവന്നു. നേരാണ്; രണ്ടാംകണ്ടത്തിലെ ചക്കരമാവ് നിറയേ പൂത്ത് അഹങ്കരിച്ചു നിന്നതും മൂന്നുനാലു ദിവസം കഴിഞ്ഞപ്പോൾ ആ പൂക്കളെല്ലാം കരിഞ്ഞ് മാവു കോലംകെട്ടുപോയതും ശ്രീധരൻ ഓർത്തു—മാനത്ത് പെട്ടെന്നു കടന്നുവന്ന മഴക്കാറ് ആ മാമ്പൂക്കളെയെല്ലാം കൊന്നുകളഞ്ഞു. അങ്ങനെത്തന്നെ അമ്മാളുഅമ്മയുടെ ആറു മക്കളും മണ്ണിനടിയിൽ മറഞ്ഞുപോയി. തനിക്ക് ആറു മക്കളാണുള്ളതെന്ന് ഓർത്ത് അമ്മാളുഅമ്മ അഹങ്കരിച്ചിട്ടുണ്ടാവണം. അതിനുള്ള ശിക്ഷയായിരിക്കും. എന്നാൽ, ദൈവമേ, ആ കുട്ടികളെന്തു കുറ്റംചെയ്തു? ചോപ്പുകോണകമുടുത്തു മുറ്റത്തു മട്ടൽക്കാളയേയും തെളിച്ചു തനിയെ പുഞ്ചിരിതൂകി കളിച്ചുകൊണ്ടിരുന്ന ആ കോമളബാലന്റെ ചിത്രം വീണ്ടും മനസ്സിലേക്കിഴഞ്ഞുവന്നു. അവനിപ്പോൾ കിടക്കുന്നത് ആറാംകണ്ടത്തിലെ കുഴിയിലാണ്. ഒറ്റയ്ക്കല്ല. അടുത്തുതന്നെ ചന്തോമനുമുണ്ടല്ലോ.......

ജാലകത്തിലൂടെ നിലാവ് മുറിയിലേക്കൊഴുകിവരുന്നു— തൊടിയും കാടും നിലാവിൽ മുഴുകിനിൽക്കുകയായിരിക്കും—ഇന്നെന്താഴ്ചയാണ്?— വെള്ളിയാഴ്ച. തിരുമാലവല്യമ്മ മൂന്നാംകണ്ടത്തിലെ കുളത്തിൽനിന്നു പൊങ്ങിവന്നു വെള്ളം വാർന്നൊലിക്കുന്ന വാർകുന്തലുമായി ചന്തോമനെത്തേടി, ആറാംകണ്ടത്തിലെ മൂലയിലേക്ക് അടിവെച്ചടിവെച്ചു നീങ്ങുന്നുണ്ടായിരിക്കും—ഇന്ന് ആറാംകണ്ടത്തിലെത്തുമ്പോൾ തിരുമാല വല്യമ്മ കരയുകയില്ല. ചിരിക്കും, ഉണ്ണിക്കുട്ടിയെ കണ്ടു ചിരിക്കും. ചന്തോമനും തിരുമാലയ്ക്കും ഒരോമനക്കുഞ്ഞിനെ കിട്ടിയിരിക്കുന്നു!.....

“ഹ്വവ്വ—ഹാ.....ഹ്വവ്വ—ഹാ.......” ഭയങ്കരമായൊരു വിളി. ശ്രീധരൻ പേടിച്ചുപോയി—പടിഞ്ഞാറേ പറമ്പിലെ മരത്തിൽനിന്നാണ്. കുത്തിച്ചൂടാന്റെ വിളിയാണ്. ആ പക്ഷി മരണം വിളിച്ചറിയിക്കുമെന്നു പറഞ്ഞു കേട്ടിട്ടുണ്ട്— ആ കൂവൽ ‘വ്ഹാ—പോവ്വാ’ എന്നു മരണമടുത്തവരോട്, വിളിച്ചുപറയുന്നതുപോലെ തോന്നും. ഉണ്ണിക്കുട്ടി ആറാംകണ്ടത്തിലേക്കു പോയത് ഈ പഹയൻ അറിഞ്ഞിട്ടില്ലേ? അതോ ഇനിയും വല്ലവരും ചാവാൻ കിടക്കുന്നുണ്ടോ?.....

നേരിയ ഭയത്തോടുകൂടി ശ്രീധരൻ ഉറങ്ങിപ്പോയി.

പിറ്റേന്നു രാവിലെ ഉണർന്നു കുറച്ചുകഴിഞ്ഞപ്പോൾ ശ്രീധരനു പെട്ടെന്നാണ് അക്കാര്യം ഓർമ്മവന്നത്. തുടർന്നു പുതിയൊരു ഭയം ശ്രീധരനെ ബാധിച്ചു.

ഇലഞ്ഞിപ്പൊയിലിൽവെച്ചു ചെയ്തുതീർക്കാൻ കുറെ കണക്കുകളും പഠിക്കാനും എഴുതാനും കുറെ പാഠങ്ങളും കന്നിപ്പറമ്പിൽനിന്നു പോരുമ്പോൾ അച്ഛൻ കൽപ്പിച്ചു കൊടുത്തിട്ടുണ്ടായിരുന്നു. ഇതേവരെ അതൊന്നു തൊട്ടുനോക്കുകപോലും ചെയ്തിട്ടില്ല. നാടൻ പലഹാരങ്ങൾ നുണച്ചും, പറമ്പുകളിലും വയലുകളിലും അലഞ്ഞുനടന്നും, ചിലപ്പോൾ പാറപ്പുറത്തു കേറിയിരുന്നു പകൽക്കിനാവുകളിൽ മുഴുകിയും നാളുകൾ

പോയതറിഞ്ഞില്ല. കൃത്യനിർവ്വഹണത്തിൽ അമാന്തം കാണിച്ചാൽ അച്ഛൻ പൊറുക്കുകയില്ല. ചൂരൽപ്രയോഗത്തിന്റെ സ്വാദ് നാലഞ്ചുതവണ അനുഭവിച്ചറിഞ്ഞതാണ്

ദിവസങ്ങൾ ഇനിയും ബാക്കിയുണ്ടല്ലോ. ജഗള കുറേക്കാലം കൂടി നീണ്ടുനിൽക്കണേ എന്നു മനസ്സിൽ പ്രാർത്ഥിച്ചു.

ചെയ്യാനുള്ള കണക്കുകൾ കുറിച്ചുതന്നെ നോട്ടുപുസ്തകം പൊടി തട്ടിയെടുത്തു മുമ്പിൽ നിവർത്തിവെച്ചു. സഹായത്തിനു സ്ലേറ്റുപലകയും തുടച്ചുവൃത്തിയാക്കി ഒരുക്കി—പെൻസിലും ഭംഗിയായി കൂർപ്പിച്ചു—

ഒന്നും തോന്നുന്നില്ല. സ്ലേറ്റിൽ വെറുതെ അതുമിതും വരച്ചു. ഒന്ന് ഒരു പാമ്പിന്റെ ചിത്രമായി—പാമ്പിനെ എളുപ്പം വരയ്ക്കാം— കുത്തും പുള്ളിയും ചേർത്തു: പാമ്പ് ഒരു ഇലഞ്ഞിപ്പൂമാലയായി മാറി—അപ്പോൾ നാരായണിയെ ഓർമ്മവന്നു.

നാരായണിയെ ഒന്നുചെന്നു കാണാൻ ഇതേവരെ കഴിഞ്ഞിട്ടില്ല........ ജഗള നീണ്ടുനിൽക്കണേ എന്നു വീണ്ടും പ്രാർത്ഥിച്ചു.

കണക്കിലേക്കു കണ്ണയച്ചു കുറേനേരം മിഴിച്ചിരുന്നു: അക്കങ്ങളും ചിഹ്നങ്ങളും കണ്ടുപിടിച്ചത് ഒരു മന്ത്രവാദിയായിരിക്കണം—മന്ത്രവാദി കോരു ഓലയിൽ ഉറുക്കെഴുതുമ്പോൾ ഉപയോഗിക്കുന്ന കള്ളികളും അക്കങ്ങളും ചക്രങ്ങളും ഓർമ്മവന്നു. കണക്കു കണ്ടുപിടിച്ച ആദിമന്ത്രവാദി കുരിക്കൾ നരകത്തീയിൽക്കിടന്നു വേവട്ടെ എന്നു ശപിച്ചു.

അതുകൊണ്ടൊന്നും പ്രശ്നം തീരുന്നില്ല. ജഗള നീണ്ടുനിൽക്കണേ എന്നു വീണ്ടും പ്രാർത്ഥിച്ചു.

ശ്രീധരന്റെ പ്രാർത്ഥന ഫലിച്ചില്ല—ആശിച്ചപോലെ സംഭവിച്ചില്ല.

ആറുമാസത്തോളം കാലം കാട്ടുതീപോലെ കത്തിപ്പടർന്നു പിടിച്ചുകൊണ്ടിരുന്ന ലഹള ക്രമേണ കെട്ടടങ്ങി. ലഹളക്കാർ കുറെ ചത്തും കൊന്നും ഒടുങ്ങി. ആയിരക്കണക്കിൽ പിടിക്കപ്പെട്ടു. ശേഷിച്ചവർ ഗതിമുട്ടി കീഴടങ്ങി. ഗ്രാമങ്ങളിൽ സമാധാനനില കണ്ടുതുടങ്ങി.

സ്ഥിതിഗതികളറിയാൻ തന്റെ ഗ്രാമത്തിൽ പോയിരുന്ന മൂച്ചിറിയൻ പാച്ചു, ഒരു വൈകുന്നേരം മടങ്ങിവന്ന് ആ വാർത്ത അറിയിച്ചു: “ജിഹ്ള തീഹ്ർന്നു—പ്ോഹ്ലീസും പട്ടഹാളോം ഹൊക്കെ മടങ്ങിപ്പോയ് ഹി—ഹ്നി നമ്മ്ഹക്കും മടങ്ങിപ്പോഹ് ആ..”

പാച്ചുവിന്റെ പ്രഖ്യാപനം അഭയാർത്ഥികളിൽ ഒരു പുതിയ ജീവൻ കുത്തിവെച്ചു. പല യാതനകളും അനുഭവിച്ച്, ഒരനിശ്ചിതാവസ്ഥയിൽ മരവിച്ചുകഴിയുകയായിരുന്നു. ഇനി സമാധാനത്തോടെ തങ്ങളുടെ പ്രിയപ്പെട്ട ഗ്രാമങ്ങളിലേക്കും കുടികളിലേക്കും മടങ്ങിപ്പോവാം.

പിറ്റേന്നു പുലർച്ചെ, ഇലഞ്ഞിപ്പൊയിലിലെ അഭയാർത്ഥികൾ കെട്ടും ഭാണ്ഡങ്ങളുമായി തങ്ങളുടെ ഗ്രാമങ്ങളിലേക്കു പുറപ്പെട്ടു. സാമാനങ്ങൾ കയറ്റിക്കൊണ്ടുപോകാൻ തെയ്യന്റെ മൂരിവണ്ടി ഏർപ്പാടുചെയ്തു.

ദേഹത്തിലെ മുറിവുകൾ മുഴുവനും ഉണങ്ങിയിട്ടില്ലെങ്കിലും രാരുക്കുട്ടിയും ഉത്സാഹത്തോടെ പുറപ്പെട്ടു. വലിയൊരു മുണ്ടും പുതച്ചു മൂരിവണ്ടിയിൽ കേറിക്കൂടി.

അഗതികളായ അതിഥികളായിരുന്നു അവരിൽ മിക്കവരും.

ഇലഞ്ഞിപ്പൊയിലിൽനിന്നു പിരിഞ്ഞുപോകുമ്പോൾ അവരിൽ പലരുടേയും മിഴികൾ നനഞ്ഞിരുന്നു; നന്ദിയുടെ നിഷ്കളങ്കപ്രകടനങ്ങൾ.

അവർ ഒഴിഞ്ഞുപോകുമ്പോൾ ശ്രീധരനും ഒരു വല്ലായ്മ തോന്നി. ചന്തുക്കുഞ്ഞനെ വിട്ടുപിരിയുന്നതിലായിരുന്നു സങ്കടം. തന്നെക്കാൾ മുതിർന്ന മീശമുളച്ച ഒരു യുവാവാണ് ചന്തുക്കുഞ്ഞൻ. തെല്ലൊരു ഗൗരവക്കാരനുമാണ്. എന്നാലും അവൻ നല്ലൊരു ചങ്ങാതിയായിരുന്നു.

യാത്ര പറയുമ്പോൾ ചന്തുക്കുഞ്ഞൻ, തങ്ങളുടെ ചങ്ങാത്തത്തിന്റെ ഓർമ്മയ്ക്കായി ശ്രീധരന്, ആനവാൽ കെട്ടിച്ച ഭംഗിയുള്ളൊരിരുമ്പുമോതിരം സമ്മാനിച്ചു. തന്റെ കാട്ടുഗ്രാമത്തിലേക്ക് ഒരിക്കൽ വരണമെന്നു ശ്രീധരനെ ക്ഷണിക്കുകയും ചെയ്തു.

തന്റെ കാട്ടുഗ്രാമത്തെപ്പറ്റി പല അദ്ഭുതങ്ങളും ചന്തുക്കുഞ്ഞൻ ശ്രീധരനെ കേൾപ്പിച്ചിട്ടുണ്ടായിരുന്നു. തടിമരങ്ങൾ മുറിച്ചു ശേഖരിച്ചുകൊണ്ടു പോകാൻ ആളുകൾ ആനകളുമായി, വേനൽക്കാലങ്ങളിൽ അവിടെ വന്നു ചേരും; അപ്പോൾ ചന്തുക്കുഞ്ഞൻ, ചന്തയിലെ തന്റെ കെട്ടുബീഡി സർവ്വത്തു കച്ചവടം ബന്ദാക്കി അക്കൂട്ടരുടെകൂടെ, കൂപ്പിലും ചപ്പയിലും വേലയ്ക്കു കൂടും. ഗ്രാമത്തിനപ്പുറം കാട്ടാനകൾ കൂത്താടിനടക്കുന്ന വനങ്ങളാണ്. മരം പിടിക്കാൻ കൊണ്ടുവന്ന നാട്ടാനകളെ വേല കഴിഞ്ഞ്, രാത്രി കാട്ടിലേക്കു മേയാൻവിടുമ്പോൾ പാപ്പാന്മാർ അവയുടെ കഴുത്തിൽ ഒരു ഇരുമ്പുചങ്ങല ഇട്ടുകൊടുക്കും. കാട്ടാനകൾ ചിലപ്പോൾ ഈ നാട്ടാനകളോടു പോരിനുവരും. ആ കാട്ടുകുറ്റന്മാരോടു നേരെ പൊരുതി ജയിക്കാൻ നാട്ടാനകൾക്കു കരുത്തു പോരാതെവരും. അപ്പോൾ ഉപയോഗിക്കാനുള്ള ആയുധമാണ് ഈ ഇരുമ്പു ചങ്ങല. കാട്ടാന കുത്താനടുക്കുമ്പോൾ, നാട്ടാന ചങ്ങല തുമ്പിക്കൈയിലെടുത്ത് ഊക്കോടെ വീശി ഒരടി പാസ്സാക്കിക്കൊടുക്കും—കാടന്റെ മസ്തകത്തിലെ മർമ്മത്തുതന്നെ. വേദനകൊണ്ട് അലറി അലറി കാടുകുലുക്കിക്കൊണ്ടു കാടൻ പിന്തിരിഞ്ഞോടുന്ന വഴി കാണില്ല.....

ആ കാട്ടുഗ്രാമമൊന്നു സന്ദർശിക്കാൻ ശ്രീധരൻ കൊതിച്ചു. “ആനവാൽ കെട്ടിച്ചമോതിരം വിരലിലിട്ടാൽ രാപ്പനി ഉണ്ടാകൂല—ചെകുത്താനേം പേടിക്കേണ്ട.” ചന്തുക്കുഞ്ഞൻ ആ മോതിരത്തിന്റെ മാഹാത്മ്യം ശ്രീധരനു പറഞ്ഞുകൊടുത്തു.

ആനവാൽ കെട്ടിച്ച മോതിരത്തിനു പകരം, ചന്തുക്കുഞ്ഞന് ശ്രീധരൻ തന്റെ പ്രിയപ്പെട്ട പേനാക്കത്തി സമ്മാനിച്ചു. മടക്കാവുന്ന മിന്നുന്ന രണ്ട് അലകുകളും, മഴവില്ലിന്റെ നിറം കലർന്ന ചിപ്പിപ്പിടിയുമുള്ള ആ ഇംഗ്ലീഷ് കത്തി, കൃഷ്ണൻമാസ്റ്ററുടെ ഒരു ചട്ടക്കാരൻ ശിഷ്യൻ, മുമ്പു ശ്രീധരനു സമ്മാനിച്ചതായിരുന്നു. സമ്മാനം കണ്ട് ചന്തുക്കുഞ്ഞൻ വിസ്മയിച്ചുപോയി.

“പടിഞ്ഞാട്ടു വരുമ്പോൾ, അതിരാണിപ്പാടത്തു വന്ന് എന്നെ കാണാതെ പോകരുത്.” ശ്രീധരൻ ചന്തുക്കുഞ്ഞന്റെ കൈ പിടിച്ചമർത്തിക്കൊണ്ടു പറഞ്ഞു:

“കൃഷ്ണൻമാസ്റ്ററുടെ വീടേതാണെന്നു ചോദിച്ചാൽ ആരും പറഞ്ഞു തരും.”

വരാമെന്നു ചന്തുക്കുഞ്ഞൻ സമ്മതിച്ചു. അവൻ പുഴയിലൂടെ മരം കൊണ്ടുപോകുന്ന തെരപ്പക്കാരുടെകൂടെ, ഒരിക്കൽ പട്ടണത്തിൽ വന്നിട്ടുണ്ട്. ഇനി വരുമ്പോൾ അതിരാണിപ്പാടത്തു വന്ന് കൃഷ്ണൻ മാസ്റ്ററുടെ മകൻ ശ്രീധരനെ അന്വേഷിച്ചു കണ്ടുപിടിക്കാതിരിക്കയില്ല—

അമ്മാളുഅമ്മ ഒടുവിലാണിറങ്ങിയത്. ആറാംകണ്ടത്തിന്റെനേർക്കു നോക്കി നെഞ്ചത്തു കൈവച്ച്, കുറേനേരം കരഞ്ഞു. ദൈവവിധി ഉണ്ണിക്കുട്ടിയുടെ മണ്ണ് ഇവിടെയാണ്......

ഉച്ചയായപ്പോൾ ഇലഞ്ഞിപ്പൊയിലിലെ മുറ്റവും കണ്ടങ്ങളുമെല്ലാം ജനശൂന്യമായി. അഭയാർത്ഥികൾ ഉപേക്ഷിച്ചുപോയ ചപ്പുചിപ്പുചവറുകളും അടുപ്പുകളും അവിടെ ചിതറിക്കിടന്നിരുന്നു. ഉടമസ്ഥനില്ലാത്ത ഒരു പഴയ കോണകം, കണ്ടത്തിൽ, മുരുക്കിനോടു കെട്ടിയ അയമേൽ, ഒരു കൊടിക്കൂറ പോലെ പാറിക്കളിക്കുന്നുണ്ടായിരുന്നു.

ശ്രീധരന് ആകപ്പാടെ ഒരേകാന്തത അനുഭവപ്പെട്ടു. അപ്പുവും തന്റെ അച്ഛന്റെ മൂരിവണ്ടിയുടെകൂടെ, കുടിയൊഴിച്ചുപോന്നവരുടെ ഗ്രാമത്തിലേക്കു പോയിരിക്കയാണ്.

ശ്രീധരൻ ഗൃഹപാഠങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. തന്നോട് ഒരിക്കലും ഇണങ്ങാത്ത കണക്കുപുസ്തകം കൈയിലെടുത്തു നിവർത്തിവെച്ചു.

കണ്ടത്തിലെ ചപ്പുചിപ്പുചവറുകളിൽ മൂന്നുനാലു കരിയിലക്കിളികൾ കൊത്തിച്ചിനക്കിത്തിന്നുകൊണ്ടിരുന്നു. ആ പക്ഷികൾ എത്ര ഭാഗ്യവാന്മാർ! അവർക്കു കണക്കുചെയ്യേണ്ട; പാഠം പഠിക്കേണ്ട—തിന്നുക, പാട്ടുപാടുക. അങ്ങനെ രണ്ടു കാര്യം മാത്രം.

ഉച്ചയൂണു കഴിഞ്ഞിട്ടു തുടങ്ങാമെന്നു കരുതി സ്ലേറ്റും പുസ്തകങ്ങളും അവിടത്തന്നെയിട്ടു.

## 22. മരണവണ്ടി

ശ്രീധരൻ രാവിലെ ഉണർന്നെഴുന്നേറ്റ് ജാഗ്രതയോടെ പഠനം തുടർന്നു. തുടങ്ങിക്കഴിഞ്ഞാൽ ഒരു പുതിയ ആവേശം കേറും. എന്നാൽ കണക്കിനോടടുക്കുമ്പോൾ ആവേശം ക്രമേണ തണുക്കും.

ഒരു കച്ചവടക്കാരന്റെ തേങ്ങാക്കണക്കിൽ കെണിഞ്ഞുപോയി—മാലിൽ കുടുങ്ങിയ തേങ്ങപോലെ—കച്ചവടത്തിൽ ആ വിദ്വാനു ലാഭമോ നഷ്ടമോ എന്നു കണക്കാക്കിപ്പറയണം. ആ ദുഷ്ടനു നഷ്ടം കുടുങ്ങണേ എന്നാണ് മനസ്സിൽ പ്രാർത്ഥന. എന്നാൽ, ഒന്നും പിടികിട്ടുന്നില്ല.......

അപ്പോൾ ആരോ പടികേറി വരുന്നു. തലപൊക്കി നോക്കി ആഹ്ലാദത്തോടെ ചാടിയെണിറ്റു. അമ്മ!

അമ്മയുടെകൂടെ കന്നിപ്പറമ്പിലെ അയൽവീട്ടിലെ ചെത്തുകാരൻ മാക്കോതയുടെ ഭാര്യ അമ്മിണിയമ്മയും, കറുത്തുതടിച്ച ഒരു ചെക്കനുമുണ്ട്. ചെക്കന്റെ തലയിലെ കൊട്ടയിൽ വലിയ പൊതികളും തെക്കൻവെറ്റിലക്കെട്ടും, പനയോലയിൽ പൊതിഞ്ഞ പുകയിലപ്പിടികളും കാണുന്നു. പൊതിയിൽ അലുവയും കാരയ്ക്ക(ഈത്തപ്പഴം)യും ആയിരിക്കണം.

മുറ്റത്തേക്ക് ഓടിച്ചെന്ന് അമ്മയെ സ്വീകരിച്ചു. അമ്മ ശ്രീധരനെ ആകപ്പാടെയൊന്നു നോക്കി.

“നീ കറുത്തുപോയല്ലേ്ലാ! വെയിലത്തു കാടോടി നടക്കുകയായിരുന്നു. അല്ലേ്ല?”

അമ്മയുടെ കുശലപ്രശ്നം അങ്ങനെയായിരുന്നു. അമ്മ ഒരിക്കലും സന്തോഷം പ്രകടിപ്പിക്കുകയില്ല. വാത്സല്യം മനസ്സിൽ ഒതുക്കി നിർത്തുകയായിരിക്കും. എന്നാലും, എത്രദിവസം കഴിഞ്ഞിട്ടാണ് മകനെ കാണുന്നത്!—ഒന്നു വെറുതെ ചിരിച്ചുകൂടെ?

“അമ്മേ, അച്ഛൻ വരേ്വാ?” ശ്രീധരൻ ഉത്കണ്ഠയോടെ ചോദിച്ചു.

“ഓ, നിനക്ക് അച്ഛനെക്കണ്ടാൽ മതിയല്ലേ്ലാ” അമ്മ അല്പം ചൊടിച്ചു കൊണ്ടു മൊഴിഞ്ഞു.

അതു കേട്ടു ശ്രീധരൻ വല്ലാതെയായി. അല്പം പശ്ചാത്തപിക്കുകയും ചെയ്തു. ഒരുതരത്തിൽ അമ്മ പറഞ്ഞതു ശരിയാണ്. ശ്രീധരനു സ്നേഹം കൂടുതൽ അച്ഛനോടാണ്.

“ഇവനേതാണ്?” ശ്രീധരൻ വിഷയം മാറ്റാൻ ആ കരിമ്പൻചെക്കനെ ചൂണ്ടിക്കൊണ്ടു ചോദിച്ചു.

“നാട്ടീന്നു ഞങ്ങടെ പെരേല് പാർക്കാൻ വന്ന ചെക്കനാ.” അമ്മിണിയമ്മയാണ് മറുപടി പറഞ്ഞത്.

ശ്രീധരന്റെ അമ്മയും അമ്മിണിയമ്മയും കണ്ടപ്പനും (ആ കരിമ്പൻ ചെറുക്കൻ) കോഴി കൂകുന്നേരത്ത് കന്നിപ്പറമ്പിൽനിന്നു പുറപ്പെട്ടു കാൽനടയായി, പൂതപ്പറമ്പുവഴി, വേലാളൂർപ്പാടങ്ങളും കടന്ന് ഇലഞ്ഞിപ്പൊയിലിൽ എത്തിയിരിക്കയാണ്. അവർക്കു വഴിനടന്നു നന്നേ ക്ഷീണമുണ്ട്.

“നീ അച്ഛൻ പഠിക്കാനേൽപ്പിച്ച പാഠങ്ങളൊക്കെ തീർത്തു വച്ചിട്ടുണ്ടല്ലോ?”

അമ്മയുടെ ആ ചോദ്യം ശ്രീധരനു രസിച്ചില്ല. എഴുത്തും വായനയുമൊന്നുമറിഞ്ഞുകൂടാത്ത അമ്മ എന്തിനാണ് ഇതൊക്കെ അന്വേഷിക്കുന്നത്?

ശ്രീധരൻ ഉവ്വെന്നോ ഇല്ലെന്നോ വ്യാഖ്യാനിക്കാവുന്നമട്ടിൽ ഒന്നു തലയാട്ടി. പിന്നെ വിഷയം മാറ്റാൻ അതിരാണിപ്പാടത്തെ വിശേഷങ്ങളെക്കുറിച്ച് അമ്മയോടു ചോദിച്ചു.

അപ്പോൾ അമ്മ ഒരു സങ്കടവാർത്ത അറിയിച്ചു: “മോനേ, നിന്റെ ചങ്ങാതി ചാത്തുണ്ണി മരിച്ചുപോയി.....”

ചാത്തുണ്ണി മരിച്ചു!—എന്താണീ കേൾക്കുന്നത്? അമ്മ തന്നെ കളിപ്പിക്കാൻ വെറുതെ പറയുകയായിരിക്കും. ചാത്തുണ്ണി മരിക്കുകയില്ല.

ശ്രീധരന്റെ അമ്മ സഹതാപത്തോടുകൂടെ എല്ലാം വിസ്തരിച്ചു പറഞ്ഞു. ശ്രീധരൻ ഒരു സങ്കടകഥ കേൾക്കുമ്പോലെ വികാരങ്ങൾ അടക്കിക്കൊണ്ടു മിഴിച്ചു നിന്നു കേട്ടു.

ചാത്തുണ്ണി ഒരുദിവസം വൈകുന്നേരം, ഈർച്ചപ്പൊടി വിറ്റു പുരയിൽ കേറി വന്നതു നല്ല പനിയോടുകൂടിയായിരുന്നു. പൈസ അമ്മയുടെ കൈയിൽ കൊടുത്ത്, അകത്തു പോയി പായിൽ കിടന്നു. അവൻ പിന്നെ എഴുന്നേറ്റിട്ടില്ല. വിഷപ്പനിയായിരുന്നു. ആറുദിവസം അങ്ങനെ കിടന്നു. ഏഴാം ദിവസം കഴിഞ്ഞ വെള്ളിയാഴ്ച രാത്രി മരിച്ചു.....

വെള്ളിയാഴ്ച രാത്രി—ഉണ്ണിക്കുട്ടി മരിച്ച അന്നു രാത്രി—ശ്രീധരൻ ഓർത്തു. അപ്പോൾ അന്ന് ആ കുത്തിച്ചൂടാൻ വിളിച്ചറിയിച്ചത് ചാത്തുണ്ണിയുടെ മരണമായിരിക്കണം.

ഇനി അതിരാണിപ്പാടത്തു ചെല്ലുമ്പോൾ ചാത്തുണ്ണിയെ കാണുകയില്ല. ഈ ‘പൂമിലോക’ത്തിലെ എല്ലാം അറിയുന്ന, ബുദ്ധിമാനായ ചാത്തുണ്ണി, മണ്ണിനടിയിലായി. ഈർച്ചപ്പൊടിക്കൊട്ട തലയിൽ വെച്ച്, തനിയെ പുഞ്ചിരി തൂകിക്കൊണ്ട്,

“ഇപ്പം വന്ന കപ്പലിലങ്ങെന്തെല്ലാം ചരക്കുണ്ട്?

ഇഞ്ചി, ചുക്ക്, ചുക്കടയ്ക്ക, കത്തി, കരണ്ടങ്ങൾ...”

എന്നു പാടിക്കൊണ്ട് ഇടവഴിയിലൂടെ നീങ്ങുന്ന ചാത്തുണ്ണിയെ അന്ന് അവസാനമായി കണ്ടത് ശ്രീധരൻ ഓർത്തു.

ഇപ്പം വന്ന ദൈവത്തിന്റെ കപ്പലിൽ മരണമാണ്—മരണം—ശ്രീധരൻ മനസ്സിൽ പറഞ്ഞു.

പിറ്റേന്നു പുലർച്ചെ ശ്രീധരനേയുംകൂട്ടി അമ്മയും കൂട്ടുകാരും അതിരാണിപ്പാടത്തേക്കു മടങ്ങി.

ശ്രീധരൻ കന്നിപ്പറമ്പിൽ ചെന്നു കേറിയപ്പോൾ, കോലായിൽ അച്ഛനും കിട്ടൻറൈറ്ററും വർത്തമാനംപറഞ്ഞിരിക്കുന്നു. കിട്ടൻറൈറ്റർ കോലായിലെ ബഞ്ചിൽ, അനന്തശയനംപോസിൽ കിടന്നുകൊണ്ടാണു സംസാരിക്കുന്നത്.

കൃഷ്ണൻമാസ്റ്റർ ശ്രീധരനെ അരികെ വിളിച്ച് വാത്സല്യത്തോടെ മാറോടണച്ച് അവന്റെ പുറം തലോടിക്കൊണ്ടു മെല്ലെ ചോദിച്ചു: “നീ ഇലഞ്ഞിപ്പൊയിലിൽനിന്ന് എന്തെല്ലാം തിന്നു!”

ശ്രീധരൻ ആസ്വദിച്ച പലഹാരങ്ങളുടെ കണക്കു പറഞ്ഞുകൊടുത്തു. കൃഷ്ണൻമാസ്റ്റർ ഉറക്കെച്ചിരിച്ചു.

അതെല്ലാം കേട്ട കിട്ടൻറൈറ്ററുടെ വായിൽ വെള്ളം നിറഞ്ഞിരിക്കണം. ശ്രീധരൻ അതോർത്തു തനിയെ ചിരിച്ചു.....

"എന്നിട്ടോ കിട്ടാ—ആ മാപ്പിളത്തടവുകാർ എത്രപേരുണ്ടായിരുന്നു?"

കൃഷ്ണൻമാസ്റ്റർ ശ്രീധരനെ വിട്ട്, കിട്ടൻറൈറ്ററുടെനേർക്കു തിരിഞ്ഞു. കിട്ടൻറൈറ്റർ 'മരണവണ്ടി'യുടെ കഥ പറയുകയായിരുന്നു. ലഹളകൾക്കിടയിൽ നടന്ന ഒരു ദാരുണസംഭവം—

ശ്രീധരൻ ശ്രദ്ധിച്ചുകൊണ്ട് അരികെത്തന്നെ നിന്നു—

"എന്നിട്ടോ കിട്ടാ—മാപ്പിളത്തടവുകാർ എത്രപേരുണ്ടായിരുന്നു?"

കിട്ടൻറൈറ്റർ ഒക്കത്തുനിന്നു പൊടിഡബ്ബിയെടുത്തു തുറന്നു പൊടി ഉള്ളങ്കൈയിലേക്കു തട്ടി നുള്ളിയെടുത്തു മൂക്കിന്റെ രണ്ടു ദ്വാരത്തിലേക്കും തള്ളി രണ്ടു സെക്കന്റുനേരം ഒരു നിർവ്വാണാവസ്ഥയിൽ കഴിച്ചു—പിന്നെ പെട്ടെന്നു കണ്ണുമിഴിച്ചു പ്രഖ്യാപിച്ചു: "മാപ്പിളത്തടവുകാർ ഒരു നൂറെണ്ണമുണ്ടായിരുന്നു; ശരിക്കു പറഞ്ഞാൽ തൊണ്ണൂറ്—"

"പട്ടാളക്കോടതിയിൽ വിചാരണകഴിഞ്ഞു ശിക്ഷിക്കപ്പെട്ടവരായിരുന്നുവോ അക്കൂട്ടർ? കൃഷ്ണൻമാസ്റ്റർ ചോദിച്ചു.

ഹൈയ്—കോടതിയിലേക്കു വിചാരണയ്ക്കു തെളിച്ചുകൊണ്ടു പോകുന്ന പാവങ്ങളായിരുന്നു അധികംപേരും. വെറും സംശയത്തിന്മേൽ പിടിക്കപ്പെട്ടവർ—മാപ്പിളയായിപ്പോയി എന്നൊരപരാധം മാത്രം. അങ്ങനെ പിടിച്ച ആ മാപ്പിളമാരെ, ഈരണ്ടുപേരെയായി തമ്മിൽ കൈയാമംവെച്ചു ഗുഡ്സ് വണ്ടിയിൽ ഒരു ചെറിയ മുറിയിൽ തള്ളിക്കയറ്റി—ആ മുറിക്കു ജാലകങ്ങളോ, കാറ്റുകടക്കാനുള്ള പഴുതുകളോ ഒന്നും ഉണ്ടായിരുന്നില്ല. മുറിയുടെ വാതിലുകൾ ബന്ധിച്ചു പുറമേ നിന്നു പൂട്ടി, സീൽവെച്ചു—കൊണ്ടുപോകുന്ന സ്ഥലത്തെത്തിയാൽ മാത്രമേ തുറക്കാവൂ എന്നായിരുന്നു വെള്ളപ്പട്ടാളമേധാവിയുടെ ഓർഡർ. ആ പട്ടാളക്കാർ വണ്ടിയോടു ഘടിപ്പിച്ച ഒന്നാംക്ലാസ്സ് മുറികളിൽ പാട്ടുംപാടി ആനന്ദിച്ചുകൊണ്ടിരുന്നു.

ലഹളസ്ഥലത്തിനടുത്ത റെയിൽവേസ്റ്റേഷനിൽനിന്നാണ്, ആ പട്ടാള വണ്ടി പുറപ്പെട്ടത്—60 മൈൽ അകലെ, തമിഴ്നാട്ടിലെ ജയിലിലേക്കാണ് ആ പുള്ളികളെ കൊണ്ടുപോകുന്നത്. വണ്ടി പുറപ്പെട്ടുകഴിഞ്ഞപ്പോൾത്തന്നെ ഗുഡ്സ്മുറിക്കകത്തു കുത്തിനിറച്ച മാപ്പിളമാർക്ക് എരിപൊരി സഞ്ചാരം തുടങ്ങി. തൊണ്ട വരണ്ടു. ശ്വാസം മുട്ടി — നിലവിളി തുടങ്ങി....

പട്ടാളക്കാർ കൂട്ടാക്കിയില്ല. ഏതോ ഒരു സ്റ്റേഷനിൽ സിഗ്നൽ കിട്ടാതെ വണ്ടി നിന്നു. അപ്പോഴും തടവുകാർ മരണവെപ്രാളത്തോടെ കൂട്ടനിലവിളി മുഴക്കിക്കൊണ്ടിരുന്നു. 'തണ്ണി—തണ്ണി' (വെള്ളം) എന്നു തൊണ്ടകീറിക്കൊണ്ടുള്ള അലർച്ചകൾ—പുറത്തു നിൽക്കുന്ന ആളുകൾ ആ നിലവിളി കേട്ടു. പക്ഷേ, ആരും ഭയംകൊണ്ട് അടുത്തു ചെന്നില്ല. അതു പട്ടാളവണ്ടിയാണ്—എല്ലാവരും അകന്നു നിന്നുകൊള്ളണം. അടുത്തു ചെന്നാൽ ആക്രമണമാണ്; മുന്നറിയിപ്പുകൂടാതെ വെടിവെച്ചു കൊല്ലും.

വണ്ടി പിന്നെയും നീങ്ങി—കുറച്ചു കഴിഞ്ഞപ്പോൾ ഒച്ചയും നിലവിളിയുമൊക്കെ അടങ്ങി.

തമിഴ്നാട്ടിലെ സ്റ്റേഷനിലെത്തി. പുള്ളികളെ അടച്ചിട്ടിരുന്ന മുറിയുടെ സീൽ

പൊട്ടിച്ച വാതിൽ തുറന്ന നോക്കിയപ്പോൾ ഉള്ളിൽ നല്ലൊരു കാഴ്ചയായിരുന്നു!—രക്തവും മാംസവും അവിടെ ചിതറിക്കിടന്നിരുന്നു. ചൂടും ദാഹവും വീർപ്പുമുട്ടലുംകൊണ്ടു പിശാചുക്കളായി മാറിയ മാപ്പിളമാർ ചോര കുടിക്കാൻ അന്യോന്യം കടിച്ചുകീറി പച്ചമാംസം രുചിച്ചു. കുറച്ച് ആരോഗ്യമുള്ളവരുടെ വിക്രിയകൾ—മറ്റുള്ളവർ തനിയെ പിടഞ്ഞു മരിച്ചു—എണ്ണി നോക്കിയപ്പോൾ അകത്തുണ്ടായിരുന്ന തൊണ്ണൂറിൽ അറുപത്താറും ശവങ്ങൾ. ശേഷിച്ചവർ ദേഹത്തിൽനിന്നു കുറെ ഇറച്ചിയും ചോരയും പോയി, വികൃതരായി ബോധംകെട്ടു കിടക്കുന്നു....

അന്നു രാത്രി ശ്രീധരന് ഉറങ്ങാൻ കഴിഞ്ഞില്ല. അറുപതുമൈൽ യാത്രയ്ക്കിടയിൽ, ആ മരണവണ്ടിയിൽ നടന്ന ഭയങ്കരവിക്രിയകൾ മനസ്സിൽ ദർശിച്ചു. ദാഹം സഹിക്കാതെ കുടിക്കാൻ ചോരയ്ക്കുവേണ്ടി അന്യോന്യം കടിച്ചുകീറുന്ന കറുത്ത മനുഷ്യർ! അവരെ ആ സ്ഥിതിയിലെത്തിച്ച വെളുത്ത മനുഷ്യർ!

ദൈവത്തേക്കാൾ ക്രൂരത ദൈവം സൃഷ്ടിച്ച മനുഷ്യർക്കാണ്—

ശ്രീധരന് മനുഷ്യലോകത്തോടുതന്നെ ഒരു വെറുപ്പു തോന്നി.

# രണ്ട്

# 1. സത്യം ബ്രൂയാൽ

ശ്രീധരൻ പുത്തൻ ഹൈസ്കൂളിൽ ആറാംതരത്തിൽ ചേർന്നിരിക്കയാണ്. പുതിയ അനുഭവങ്ങൾ.

പരീക്ഷകളിൽ തോറ്റു പതംവന്നവരുടെയും, മറ്റു വിദ്യാശാലകളിൽ നിന്നു പുറത്താക്കപ്പെട്ടവരുടെയും, വിദ്യാർത്ഥികളായിത്തന്നെ എന്നും വിലസാൻ നോമ്പുനോറ്റിരിക്കുന്നവരും പണക്കാരുടെ മക്കളുമായ പോത്തക്കന്മാരുടെയും ആശാകേന്ദ്രമായിരുന്നു പുത്തൻ ഹൈസ്കൂൾ—സ്ഥാപനത്തിന്റെ മാനേജരും ഹെഡ്മാസ്റ്ററുംകൂടിയായ കൊങ്ങിണിബ്രാഹ്മണൻ, ഫീസ് കൊടുക്കാനൊരുക്കമുള്ള ഏത് ഇരുകാലിമൃഗത്തെയും സ്കൂളിൽ സ്വീകരിച്ചുകൊള്ളും.

ആദ്യദിവസങ്ങളിൽ ആ ഹൈസ്സ്കൂൾ ഒരു മൃഗശാലയാണോ എന്നു കൂടി ശ്രീധരനു തോന്നിപ്പോയി. അദ്ധ്യാപകന്മാരിൽ അധികംപേരും അവരുടെ പരിഹാസപ്പേരുകളിലാണറിയപ്പെട്ടിരുന്നത്. ‘എരുമപ്പെട്ടർ’, ‘കാണ്ടാമൃഗം’, ‘കുറുക്കൻസ്വാമി’, ‘പെരുച്ചാഴി’ അങ്ങനെയൊക്കെയായിരുന്നു അവർക്കു നൽകപ്പെട്ട നാമധേയങ്ങൾ. വിദ്യാർത്ഥികളെ ഭരിക്കുന്നതും നയിക്കുന്നതും തലമുതിർന്ന വികൃതിക്കൂട്ടന്മാരായിരുന്നു. കമ്മാൻഡർ ഇൻചീഫ്, പത്താംക്ലാസിലെ ഗണപതിയാണ്—സ്ഥലത്തെ ബാങ്കർ സ്വാമിയുടെ മകൻ. സദാ പച്ച സർജ് കോട്ടുധരിച്ചു വിലസുന്ന നീണ്ടുമെലിഞ്ഞ കോന്ത്രമ്പല്ലൻ—ഗണപതിയുടെ ആജ്ഞാനുവർത്തികളായി ഓരോ ക്ലാസ്സിലും ഓരോ മുഷ്കരന്മാരുണ്ടായിരുന്നു. ശ്രീധരൻ ചെന്നുചേർന്ന ആറാംക്ലാസ്സ് ഏ ഡിവിഷനിലെ നായകൻ കരടിനാരായണനായിരുന്നു. കരടി പറയുന്നതെന്താണോ, അതനുസരിച്ചുകൊള്ളണം. അല്ലെങ്കിൽ കുഴപ്പമാണ്. ആരോഗ്യത്തിനു നല്ലതല്ല—സ്കൂളിൽ, രാവിലെ ക്ലാസ്സ് തുടങ്ങുന്നതുവരെയ്ക്കും, വൈകുന്നേരം ക്ലാസ്സ് വിടുന്നതിനുശേഷവും ഭരണം ആ കിരാതന്മാരുടേതാണ്.

പ്രായംകൊണ്ടും ദേഹപ്രകൃതികൊണ്ടും ക്ലാസ്സിലെ ഏറ്റവും കൊച്ചനായിരുന്നതുകൊണ്ടാവാം, ചെന്ന ദിവസംതന്നെ ശ്രീധരനെ കരടി ഒരു പുച്ഛരസത്തോടെയാണ് വീക്ഷിച്ചത്. തെല്ലൊരു സഹതാപവും തോന്നിയിട്ടുണ്ടായിരിക്കണം. അന്നു വൈകുന്നേരം സ്കൂൾ വിട്ടപ്പോൾ കരടി ശ്രീധരനെ നോക്കി ഇങ്ങനെ പറഞ്ഞു: “വീട്ടിൽ പോയി അമ്മിഞ്ഞകുടിച്ചു കെടന്നുറങ്ങിക്കോ—പാവം!”

ക്ലാസ്സിൽ അടങ്ങിയൊതുങ്ങി ആരോടും മിണ്ടാതെ ഇരിക്കുന്ന ഒരു സാധുപ്രകൃതക്കാരനായിരുന്നു ശ്രീധരൻ. ഡ്രോയിങ് മാസ്റ്റർ ക്ലാസ്സിലേക്കു കടക്കുമ്പോൾ കരടി ‘ശ്ശ്ഫൂ’ എന്നൊരു ശബ്ദം പുറപ്പെടുവിക്കും. കുട്ടികളെല്ലാം ചിരിക്കും. കുറെ ദിവസം കഴിഞ്ഞപ്പോഴാണ് കരടിയുടെ വിക്രിയയുടെ പൊരുൾ മനസ്സിലായത്. ഡ്രോയിങ് മാസ്റ്റർ ഒരു വണ്ണാനാണ്. അയാൾ ചെറിയൊരുമന്ത്രവാദികൂടിയാണ്. ചരടുകെട്ടുമ്പോൾ ജപിച്ചൂതുന്ന മന്ത്രമാണത്രെ ആ ‘ശ്ശ്ഫൂ’.

(ഡിൽമാസ്റ്റർ പഠാണിയെ മാത്രമേ കരടി ഭയപ്പെട്ടിട്ടുള്ളൂ. ആ പഹയൻ ഒരു ഇസ്തിക്കാരനെപ്പോലെയുണ്ടായിരുന്നു. കൂടാതെ പയറ്റും പഠിച്ചിട്ടുണ്ട്. കുറുമ്പുകാട്ടിയാൽ, കാന്തുലിളക്കിയാൽ, പഠാണി മർമ്മത്തിൽ ഒന്നുന്നിപ്പിടിക്കും—പ്രാണൻ പിടഞ്ഞുപോകും—കരടി ഒരിക്കൽ വാ തുറന്നു നിന്നു പോയിട്ടുണ്ട്.

ശ്രീധരനെ പ്രത്യേകം ആകർഷിച്ച ഒരു വ്യക്തി സ്കൂൾപടിക്കലിരിക്കുന്ന മിഠായിക്കാരൻ നായരായിരുന്നു. ആറടിയോളം പൊക്കമുള്ള നന്നേ മെലിഞ്ഞു പിത്തംപിടിച്ച ഒരു മഞ്ഞമനുഷ്യൻ—മിഠായി നിറച്ച ഗ്ലാസ്സ് ഭരണിയും മുമ്പിൽ പ്രതിഷ്ഠിച്ച് അയാൾ എപ്പോഴും ഉറക്കംതൂങ്ങിക്കൊണ്ടിരിക്കും. അയാളുടെ തേങ്ങാപ്പീരമിഠായി നല്ല സ്വാദുള്ളതാണ്. ഇളംചുവപ്പു നിറം പിടിപ്പിച്ച ആ പലഹാരം ചതുരാകൃതിയിൽ ചെറിയ കഷ്ണങ്ങളാക്കി മുറിച്ച് ഭരണിയിൽ അട്ടിവെച്ചിരിക്കുന്നതും കാണാൻ നല്ല ചന്തമുണ്ടായിരുന്നു — കാലണയ്ക്കു മൂന്നെണ്ണം കിട്ടും. ശ്രീധരൻ മിഠായി വാങ്ങി വായിലിട്ടലിയിച്ച് ആസ്വദിച്ച് പച്ചവെള്ളം കുടിക്കാൻ സ്കൂളിലെ തണ്ണീർപ്പുരയിലേക്കു ചെല്ലും. തണ്ണീർക്കാരൻ ആകൃതിയിൽ മിഠായിക്കാരന്റെ നേരെ വിപരീതമായിരുന്നു. മൂന്നരയടി പൊക്കമുള്ള ഒരു മുരട്ടു കിഴവൻപട്ടർ—വലിയൊരു കുടവയറും—വെള്ളം നിറച്ച ചെമ്പുകിടാരത്തിനരികെ പള്ളയും തള്ളി പേക്കാന്തവളയെപ്പോലെ കുത്തിയിരിക്കുന്ന പട്ടരെക്കാണുമ്പോൾ ശ്രീധരനു ചിരിവരും. പട്ടർ മഹാമുൻശുണ്ഠിക്കാരനാണ്. എപ്പോഴും വെറിപറഞ്ഞു നൊടിഞ്ഞുകൊണ്ടിരിക്കും. ശ്രീധരന്റെ പരിഹാസച്ചിരി കാണുമ്പോൾ പട്ടർക്കു കലികയറും—പിത്തളക്കപ്പിൽ പകർന്നുകൊടുക്കുന്ന വെള്ളം മുഴുവനും കുടിക്കാതെ ഒഴിച്ചുകളഞ്ഞാൽ അയാൾ ചീത്ത വിളിച്ചുപറയും. തണ്ണീർക്കാരൻ തവളപ്പട്ടരുടെ ഒരു നോട്ടപ്പുള്ളിയായിത്തീർന്നു ശ്രീധരൻ.

ഒരുദിവസം രാവിലെ ശ്രീധരൻ സ്കൂളിലെത്തിയപ്പോൾ കുട്ടികളെല്ലാം വ്രാന്തയിൽ വന്നുനിന്നുനോക്കുന്നതും ചിരിക്കുന്നതും കണ്ടു. എന്താണു സംഭവമെന്നന്വേഷിച്ചപ്പോൾ ഒരു സഹപാഠി പടിക്കലേക്കു ചൂണ്ടിക്കാട്ടി.

അവിടെ പച്ചവർണ്ണം പൂശിയ വലിയൊരു മോട്ടോർകാർ. അതിൽനിന്ന് ഒരു കുറിയ കിഴവനെ രണ്ടുപേർ പിടിച്ചു താഴെയിറക്കി സ്കൂളിലേക്ക് ആനയിക്കുന്നു.

കേളഞ്ചേരിയിലെ ചെറിയമേലാന്റെ വരവാണ്." ആറാംക്ലാസ്സ് ബി ഡിവിഷനിലെ ചന്തുക്കുട്ടി ഗ്രഹിപ്പിച്ചു. സൂക്ഷിച്ചുനോക്കിയപ്പോൾ കിഴവനെന്നു താൻ കരുതിയ വ്യക്തി വികൃതരൂപിയായ ഒരു ബാലനാണെന്ന് ശ്രീധരനു മനസ്സിലായി.

കേളഞ്ചേരിയിലെ ചെറിയ ശങ്കരൻമേലാൻ പുത്തൻ ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിയാണത്രെ. ഏതു ക്ലാസ്സിലെന്നെന്നു നിശ്ചയമില്ല. ഇടയ്ക്കിടെ മാത്രമേ ചെറിയമേലാനെ സ്കൂളിലേക്കെഴുന്നള്ളിക്കയുള്ളൂ. അതൊരു മഹാസംഭവംതന്നെയാണ്.

കേളഞ്ചേരിയിൽനിന്നു പുത്തൻ ഹൈസ്കൂളിലേക്ക് ഒരു ഫർലോങ് ദൂരമേയുള്ളൂവെങ്കിലും ശങ്കരൻമേലാന്റെ യാത്ര എപ്പോഴും കാറിൽത്തന്നെയായിരിക്കും. ജ്യേഷ്ഠൻ കുഞ്ഞിക്കേളുമേലാൻ ബിലാത്തിയിൽനിന്നു വരുത്തിച്ച പുതിയ കാറാണ്. (കാറിന്റെ പല കോണുകളിലായി പന്ത്രണ്ടു വിളക്കുകൾ പിടിപ്പിച്ചിട്ടുണ്ട്. അമ്പലക്കുറ്റൻ മുക്രയിടുന്നപോലെ സ്വരം പുറപ്പെടുവിക്കുന്ന വലിയൊരു ഹോറണും.) കേളഞ്ചേരിയിലെ ഒന്നാംകാര്യസ്ഥൻ ശൂപ്പപ്പട്ടരും, കുഞ്ഞിക്കേളുമേലാന്റെ അംഗരക്ഷകനായ ഇരുമ്പൻപോക്കരും ചെറിയ മേലാന്റെ ഓരോ വശത്തും ഉണ്ടായിരിക്കും.

ഒരെഴുന്നള്ളത്തിന്റെ മട്ടിലാണ് അവരുടെ വരവ്. വാദ്യഘോഷത്തിന്റെ കുറവു പരിഹരിക്കാൻ ആ കാളമുക്രഹോറൺ തുടരെത്തുടരെ മുഴക്കിക്കൊണ്ടിരിക്കും.

കാഴ്ചയ്ക്ക് ഒരു കുട്ടിസ്രാങ്കിനെപ്പോലെയുള്ള മുരടനും വിരൂപിയും രോഗിയുമായ ശങ്കരൻമേലാനെ ശൂപ്പപ്പട്ടരും ഇരുമ്പൻപോക്കരും ക്ലാസ്സ് മുറിയിലേക്ക് എഴുന്നള്ളിക്കും. അപ്പോൾ ഹെഡ്മാസ്റ്റർ കൊങ്ങിണി ബ്രാഹ്മണൻ ആദരവോടുകൂടി സ്വീകരിക്കാനെത്തും. ക്ലാസ്സിൽ ഒന്നാം സ്ഥാനത്തുതന്നെ കക്ഷിയെ പ്രതിഷ്ഠിച്ച് അവർ തത്കാലം പിൻവാങ്ങും.

ആഴ്ചയിൽ ഒന്നോ രണ്ടോ തവണ മാത്രമേ ചെറിയമേലാന്റെ ഹാജരെഴുന്നള്ളത്തുണ്ടാവുകയുള്ളൂ.

ഒരുദിവസം രാവിലെ ക്ലാസ്സ് തുടങ്ങുന്നതിനു കുറച്ചുമുമ്പ്, കരടി നാരായണൻ കസേരയിൽ കേറിനിന്ന് ഒരു പ്രഖ്യാപനം നടത്തി. തെക്കെവിടെയോ ഒരു കോളേജിൽനിന്നു പിരിഞ്ഞ ഒരു പണ്ഡിതർ ഈ സ്കൂളിൽ ചേർന്നിട്ടുണ്ട്. അയാൾ ഇന്ന് ഈ ക്ലാസ്സിൽ പാഠമെടുക്കാൻ വരും. അപ്പോൾ പണ്ഡിതർക്കു നല്ലൊരു സ്വീകരണം കൊടുക്കണം. പരിപാടികൾ എങ്ങനെ വേണമെന്നു കരടി വിവരിച്ചു. ചെറിയ ഒരു റിഹേഴ്സലും നടത്തി.

കാൽപ്പായ കടലാസുകൊണ്ടു പക്ഷികളെയുണ്ടാക്കി എല്ലാവരും കീശയിൽ സൂക്ഷിക്കണം.

കരടി ചുണ്ടത്തു വിരൽവയ്ക്കുമ്പോൾ എല്ലാവരും ശ്വാസമടക്കി അനങ്ങാതെ ഇരുന്നുകൊള്ളണം.

കരടി മൂളുമ്പോൾ എല്ലാവരും അതേ സ്വരത്തിലും ഈണത്തിലും മൂളിക്കൊള്ളണം.

കരടി തവളകരയുമ്പോൾ എല്ലാവരും 'അയ്യോ പാമ്പ്' എന്നു നിലവിളിച്ചുകൊണ്ടു ബഞ്ചിന്മേൽ ചാടിക്കേറണം.....

അങ്ങനെയൊക്കെയായിരുന്നു നേതാവിന്റെ ക്ലപനകൾ.

രണ്ടാമത്തെ പീര്യഡ് മോറൽ ഇൻസ്ട്രക്ഷനാണ്. ക്ലാസ്സെടുക്കാൻ കേറിവന്നതു പുതിയ പണ്ഡിതരാണ്.

കുട്ടികളെല്ലാം നിശ്ശബ്ദം എഴുന്നേറ്റുനിന്നു.

നിലത്തിഴയുന്ന മുഷിഞ്ഞ മുണ്ടും മുറിക്കൈയൻ ഷർട്ടും ധരിച്ച കിഴവൻ പണ്ഡിതരെ കുട്ടികൾ പരിഹാസത്തോടെ നോക്കി. ചിരിച്ചില്ല. (ശബ്ദിച്ചില്ല. കരടി ചുണ്ടത്തു വിരൽവെച്ച് ഗൗരവത്തോടെ നിൽക്കുന്നു.)

ക്ലാസ്സിൽ ശ്മശാനനിശ്ശബ്ദത.

പ്രായാധിക്യംകൊണ്ടു കുഴിഞ്ഞ കൺപോളകൾ പൊക്കി പുതിയ മാസ്റ്റർ ക്ലാസ്സ് മുഴുവനും ഒന്നുഴിഞ്ഞുനോക്കി.

പണ്ഡിതർക്കു കണ്ണിനു നല്ല കാഴ്ചയില്ല എന്നു കുട്ടികൾക്കു മനസ്സിലായി

"സിറ്റ്ഡൗൺ." മാസ്റ്റർ ഗംഭീരസ്വരത്തിൽ പറഞ്ഞു.

കുട്ടികളെല്ലാവരും ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് ഇരുന്നു.

(ക്ലാസ്സിലെ കുട്ടികളുടെ അച്ചടക്കത്തെപ്പറ്റി മാസ്റ്റർ മനസ്സിൽ

പ്രശംസിച്ചിട്ടുണ്ടാവണം.)

മാസ്റ്റർ ക്ലാസ്സ് ആരംഭിച്ചു.

"സത്യം ബ്രൂയാൽ പ്രിയം ബ്രൂയാൽ

ന ബ്രൂയാൽ സത്യമപ്രിയം......"

ശ്ലോകം വ്യാഖ്യാനിച്ചു.

"സത്യം പറയണം. എന്നാൽ ആ സത്യം പ്രിയമായ സത്യമായിരിക്കണം. ഒരു കള്ളനെ കള്ളൻ എന്നു വിളിക്കുന്നതു സത്യമായിരിക്കുമെങ്കിലും അത് ഇഷ്ടപ്പെടാവുന്ന സത്യമല്ല. അതിനാൽ അങ്ങനെയുള്ള അപ്രിയമായ സത്യം പറയരുത്......"

കരടി മൂളുന്നു......തുടർന്നു ക്ലാസ്സിൽ കടന്നൽക്കൂട്ടം ഇളകിയപോലെ ഒരു മുഴക്കം.

മാസ്റ്റർ തലയും കൺപോളകളും പൊക്കി നാലുപാടും നോക്കി: നിശ്ശബ്ദത.

തന്റെ ചെവിയിൽനിന്നുണ്ടായ ഒരു മുഴക്കമായിരിക്കും എന്നു കരുതി മാസ്റ്റർ വീണ്ടും വിഷയത്തിലേക്കു പ്രവേശിച്ചു. ശ്ലോകം ആവർത്തിച്ചു:

"സത്യം ബ്രൂയാൽ പ്രിയം ബ്രൂയാൽ......

കരടി ഉഗ്രമായൊന്നു മൂളി. ക്ലാസ്സിൽ ഒരു കൊടുങ്കാറ്റിന്റെ ആരവം......

മാസ്റ്റർ പരിഭ്രമത്തോടെ തലപൊക്കി നോക്കി.

നിശ്ശബ്ദത. നിശ്ചലത.

മാസ്റ്റർക്ക് ഒന്നും മനസ്സിലാവുന്നില്ല.

"എന്താണൊരു മുഴക്കം കേട്ടത്?" മാസ്റ്റർ ഉറക്കെ ചോദിച്ചു. ഉത്തരമില്ല; നിശ്ശബ്ദത.

മാസ്റ്റർ വീണ്ടും പാഠം തുടർന്നു. "സത്യം ബ്രൂയാൽ......"

കരടി ഒന്നലറി. തുടർന്ന്, അമ്പതു കരടികൾ ഒപ്പം അലറി.

കുട്ടികൾ വാ തുറന്നു ഗർജ്ജിക്കുന്നതു മാസ്റ്റർ കണ്ടു.

മാസ്റ്റർ കസേരയിൽനിന്നു ചാടിയെണീറ്റ് എന്തോ പറയാൻ ഭാവിച്ചു. അപ്പോൾ കരടി കീശയിൽനിന്നു കടലാസുപക്ഷിയെ പുറത്തെടുത്ത് മാസ്റ്ററുടെ കഷണ്ടിത്തലയ്ക്കുമീതെ എറിഞ്ഞുപറപ്പിച്ചു. തുടർന്ന് അമ്പതു വെള്ളിൽപ്പറവകൾ വായുവിൽ പറന്നു. ഒന്നുരണ്ടെണ്ണം പണ്ഡിതരുടെ മൂർദ്ധാവിൽത്തന്നെ ചെന്നുവീണു.

"തന്തയില്ലാത്ത നായ്ക്കൾ—" പണ്ഡിതർ ശുണ്ഠിയെടുത്തു പുലമ്പി. കരടി തവളകരഞ്ഞു—പാമ്പിന്റെ വായിൽപ്പെട്ട തവളയുടെ കരച്ചിൽ.

"അയ്യോ പാമ്പ്—പാമ്പ്!" കുട്ടികളെല്ലാം കൂട്ടത്തോടെ നിലവിളിച്ച് ബഞ്ചിന്മേൽ ചാടിക്കയറി......

സത്യമോ മായയോ മന്മതിഭ്രാന്തിയോ? എന്ന മട്ടിൽ പണ്ഡിതരും കസേലയിൽ ചാടിക്കയറണമോ എന്നു. ശങ്കിച്ചു നിൽപ്പായി.

അപ്പോൾ ബഹളം കേട്ട് ഹെഡ്മാസ്റ്റർ കൊങ്ങിണിബ്രാഹ്മണൻ ക്ലാസ്സുമുറിയുടെ വ്രാന്തയിലെത്തി, അകത്തേക്കു നോക്കി.

ഒന്നും സംഭവിച്ചിട്ടില്ലെന്നമട്ടിൽ കുട്ടികൾ ബഞ്ചിൽ അനങ്ങാതെ നിശ്ശബ്ദരായിരിക്കുന്നു.

കടലാസ് കിളികൾ മുറിയിൽ അങ്ങുമിങ്ങും ചിതറിക്കിടക്കുന്നു.

ഹെഡ്മാസ്റ്റർ പണ്ഡിതരുടെ മുഖത്തേക്കു നോക്കി.

പണ്ഡിതരുടെ മിഴികളിൽനിന്നു രണ്ടിറ്റു കണ്ണീർ കവിളിലേക്കു വഴുതി വീണു.

പണ്ഡിതർ ഒന്നും പറയാതെ മുറിയിൽനിന്നു പുറത്തേക്കു പോയി.

അനങ്ങാതെയിരിക്കുന്ന കുറ്റവാളികളെ നോക്കി ഹെഡ്മാസ്റ്റർ വേദനയോടെ പറഞ്ഞു: “നിങ്ങൾ പരിഹസിച്ച് അപമാനിച്ചുവിട്ടത് ആരെയാണെന്നു നിങ്ങൾ ആലോചിച്ചുവോ? കഷ്ടം! ഏറ്റവും മഹാനായ പണ്ഡിതർ പാരമ്പത്തു രൈരുനായരെയാണ് നിങ്ങൾ കരയിച്ചു പറഞ്ഞയച്ചത്......”

## 2. അതിരാണിപ്പാടത്തെ മാറ്റങ്ങൾ

അതിരാണിപ്പാടത്തു പല പരിവർത്തനങ്ങളും വന്നുചേർന്നിരിക്കുന്നു. മുഖ്യസംഭവം കുന്നിപ്പറമ്പിലെ ബസ്രാകുഞ്ഞപ്പു റെയിൽവേജോലിക്കാരനായി പരദേശത്തേക്കു പോയതാണ്.

അതിനു പിറകിലെ സംഭവം പറയാം:

ഒരുദിവസം രാവിലെ കൃഷ്ണൻമാസ്റ്റർ ഉണർന്നെഴുന്നേറ്റു കോലായിലേക്കു ചെന്നപ്പോൾ ഇംഗ്ലീഷിലുള്ള ഒരഭിവാദ്യവും മിലിട്രി സല്യൂട്ടുമാണ് മാസ്റ്ററെ എതിരേറ്റത്.

"ഗുഡ്മോണിംഗ് ഫ്ഫാദർ—യൂ ബിഗ് മേൻ....."

കൃഷ്ണൻമാസ്റ്റർ മിഴിച്ചുനോക്കി. കുഞ്ഞപ്പു! ആകെ കുഴഞ്ഞ് ഉടുവസ്ത്രമഴിഞ്ഞു കോലായമൂലയിൽ കാലും നീട്ടിയിരിക്കുന്നു കുഞ്ഞപ്പു, ഭ്രാന്തന്റെ മട്ടിൽ.

അയ്യോ! കുഞ്ഞപ്പുവിന് എന്തുപറ്റി? കൃഷ്ണൻമാസ്റ്റർ അന്തംവിട്ടു നിന്നു നോക്കി.

അപ്പോൾ ചെത്തുകാരൻ മാനുക്കുട്ടൻ മുറ്റത്തേക്കു വന്നു. കുഞ്ഞപ്പുവിനെ ആകെയൊന്നു നോക്കി ഒരു ചിരി ചിരിച്ചു.

"മോന് വേഗം കൊറച്ചു മോരു കൊടന്നു കുടിപ്പിക്കിൻ." മാനുക്കുട്ടൻ, മാസ്റ്ററെ നോക്കി ഉറക്കെപ്പറഞ്ഞു.

കുഞ്ഞപ്പുവിന്റെ തല നെഞ്ഞിലേക്കു താഴ്ന്നുതൂങ്ങിക്കിടക്കുന്നു. വായിൽ നിന്നു കേല ഒലിക്കുന്നു.

മാനുക്കുട്ടൻ കുഞ്ഞപ്പുവിന്റെയരികെ ചെന്നുനിന്ന് വിരൽചൂണ്ടി അരിശവും പരിഹാസവും കലർന്ന സ്വരത്തിൽ ശകാരിച്ചു: "എന്റെ കള്ള് കട്ടു കുടിച്ചാലേയ്—ങ്ഹാ—ഇങ്ങനെ കിട്ടും. ഇപ്പം മൻസ്സിലായോ?......"

കൃഷ്ണൻമാസ്റ്റർക്കു കാര്യം അപ്പോഴാണു മനസ്സിലായത്.

മാനുക്കുട്ടൻ ചെത്തുന്ന തെങ്ങിലെ മാട്ടയിലെ കള്ള് കുറഞ്ഞു കണ്ടു തുടങ്ങി. ചിലപ്പോൾ തീരെ ഇല്ലാതെയും. ആരോ പതിവായി കട്ടുകുടിക്കുന്നുണ്ടെന്ന് മാനുക്കുട്ടനു മനസ്സിലായി. കള്ളനെ കണ്ടുപിടിക്കാൻ അവനൊരു വിദ്യ പ്രയോഗിച്ചു. മാട്ടയിൽ ഉമ്മത്തിൻകായ അരച്ചുകലക്കി വെച്ചു. പുലർച്ചയ്ക്കുമുമ്പു തെങ്ങിൽ കേറി കള്ളു മോന്തിക്കുടിച്ച കുഞ്ഞപ്പു പെട്ടു. അതാ അമല് മൂത്തു ഭ്രാന്തന്റെ മട്ടിൽ കിടന്നു കളിക്കുന്നു.

കൃഷ്ണൻമാസ്റ്റർക്കു തൊലി പച്ചയോടെ ഉരിഞ്ഞെടുക്കുന്നതുപോലെ തോന്നി. ഛീ—എന്തൊരപമാനം!

അന്നു വൈകുന്നേരം കൃഷ്ണൻമാസ്റ്റർ തന്റെ ഒരു പഴയ ശിഷ്യനും, റെയിൽവേയിൽ ഒരുയർന്ന ഉദ്യോഗസ്ഥനുമായ മാർട്ടിൻസായ്പിനെ ചെന്നു കണ്ടു. എക്സ് മിലിട്ടറിക്കാരനായ തന്റെ മൂത്തമകന് റെയിൽവേയിൽ എന്തെങ്കിലും ഒരു ജോലി ശരിപ്പെടുത്തിക്കൊടുക്കാൻ സങ്കടത്തോടെ അപേക്ഷിച്ചു. റെയിൽവേ ലോക്കോഷെഡ്ഡിൽ ഫിറ്ററായി പരിശീലനത്തിന് എടുക്കാമെന്ന് ആ ആംഗ്ലോഇന്ത്യൻ ഉദ്യോഗസ്ഥൻ വാക്കുകൊടുത്തു.

പിറ്റേന്നു രാവിലെ കൃഷ്ണൻമാസ്റ്റർ കുഞ്ഞപ്പുവിനെ അരികെ വിളിച്ചു: "റെയിൽവേയിൽ

ഒരു ജോലി കിട്ടിയാൽ നീ പോകുമോ?

പോകാമെന്നു കുഞ്ഞപ്പു പറഞ്ഞു. അതിരാണിപ്പാടത്തെ ജീവിതം കുഞ്ഞപ്പുവിനു മടുത്തുതുടങ്ങിയിരുന്നു. കടക്കാരുടെ നിത്യശല്യത്തിൽ നിന്നും രക്ഷകിട്ടുമല്ലോ.

അങ്ങനെയാണ് ബസ്രാകുഞ്ഞപ്പു—അല്ലാ, പെയിന്ററ് കുഞ്ഞപ്പു—ഫിറ്റർ കുഞ്ഞപ്പുവായി, തമിഴ്നാട്ടിലെ ഒരു റെയിൽവേ വർക്ക്ഷോപ്പിലെത്തിയത്.

അതിരാണിപ്പാടത്തിന്റെ ഒരു മൂലയിൽ, റോഡരികിൽ കോരൻ ബട്ളറുടെ ചായപ്പീടിക പൊങ്ങിവന്നതാണ് മറ്റൊരു സംഭവം.

കോരൻ, കുട്ടിക്കാലംമുതൽക്കേ റെയിൽവേയിലെ ഒരു ആംഗ്ലോ ഇന്ത്യൻ ഗാർഡിന്റെ ബംഗ്ലാവിലെ കുസ്നിവേലക്കാരനായിരുന്നു. ഒടുവിൽ തറവാട്ടുപേരും അങ്ങനെത്തന്നെയായിത്തീർന്നു. 'ഗാർഡ് ബംഗ്ളാവിലെ കോരൻ.'

യജമാനൻ സായ്പ് പെൻഷൻപറ്റി ബാംഗളൂർക്കു താമസം മാറ്റിയപ്പോൾ കോരൻബട്ളറെ പിരിച്ചുവിട്ടു. ശമ്പളബാക്കിയും പാരിതോഷികവുമായി നല്ലൊരു സംഖ്യയും ബട്ളർക്കു കിട്ടി. കോരൻബട്ളർ അങ്ങനെ അതിരാണിപ്പാടത്ത് ഒരു ചായപ്പീടിക തുറന്നു.

വെളുത്തു കുറുതായി, ചെമ്പുകുട്ടകംപോലത്തെ വലിയൊരു കുമ്പയും, മൂർദ്ധാവിൽ മിന്നുന്ന കഷണ്ടിയും, കഷണ്ടിത്തടത്തിനു ചുറ്റും ചകിരിത്തുപ്പു പാറ്റിയിട്ടപോലെ നരച്ച കുറച്ചു രോമങ്ങളുമുള്ള ഒരു നവവൃദ്ധനാണ് കോരൻ ബട്ളർ. ആദ്യത്തെ ഭാര്യ മരിച്ചുപോയി. ആ ബന്ധത്തിൽ സുന്ദരിയായൊരു മകളുണ്ട്. തിരുമാല. ബട്ളറുടെ ഇപ്പോഴത്തെ ഭാര്യ കുഞ്ഞമ്മു, വെളുത്തു നന്നേ കൃശഗാത്രിയായൊരു ക്ഷയരോഗിണിയാണ്. (മീശക്കണാരൻ പറയും പോലെ, "കണ്ടാൽ ഒരു നെയ്പെൻസിൽ"). കുഞ്ഞമ്മുവിന്റെ അകന്ന ചാർച്ചയിൽപ്പെട്ട രണ്ട് അനാഥകളാണ് ജാനുവും കല്യാണിയും. ഇരുവരും സഹോദരികളാണ്. ഇരുനിറത്തിൽ നീണ്ടുമെലിഞ്ഞ് അസാരം കോങ്കണ്ണുള്ള ജാനു പ്രസവിക്കാത്തൊരു വിധവയാണ്. കറുത്തു തടിച്ച കല്യാണിക്കു പ്രായം മധുരപ്പതിനേഴ്. കറുത്തിട്ടാണെങ്കിലും കാണാൻ ചേലുള്ളൊരു കന്യകയാണ് കല്യാണി. അവൾ ചിരിക്കുമ്പോൾ പുറത്തു കാണുന്ന കോന്ത്രപ്പല്ലുകൾക്കുപോലും ഒരു ചന്തമുണ്ടെന്നു തോന്നും. ചായപ്പീടികയിൽ അരിയിടിക്കുക, മുളകരയ്ക്കുക, പലഹാരങ്ങളൊരുക്കുക മുതലായ ജോലികൾ ചെയ്യുന്നത് ജാനുകല്യാണി സഹോദരികളാണ്.

കോരൻബട്ളർ ആളൊരു തമാശക്കാരനാണ്. വൈകുന്നേരമായാൽ കള്ളു കുടിക്കണം. കുടിച്ചാൽ ചിലപ്പോൾ കുഞ്ഞമ്മുവുമായി പരസ്യമായി ശൃംഗരിക്കും. തന്റെ ധ്വരയായിരുന്ന വില്യംസായ്പ് മദ്യപിച്ചാൽ മദാമ്മയുമായി കാണിക്കാറുള്ള പ്രണയചേഷ്ടകളെല്ലാം കോരൻബട്ളർ കുഞ്ഞമ്മുവിലും പ്രകടിപ്പിക്കും. 'ഓ! മൈ ഡാർലിങ്—മോയ് ലിറ്റിൽ ബർഡി'— എന്നെല്ലാം പുലമ്പിക്കൊണ്ട് കിഴവൻ തന്റെ ലേഡി കുഞ്ഞമ്മുവിനെ ആശ്ലേഷിച്ച് അവളുടെ വിളർത്തു കുഴിഞ്ഞ കവിളത്ത് ഒരു കിസ്സടിക്കും. പിന്നെ അവളുടെ ഊര ചുറ്റിപ്പിടിച്ചുകൊണ്ട് ഒരു ഡാൻസും. കുഞ്ഞമ്മുവും കോരൻ ബട്ളറും നടത്തുന്ന ഈ ശൃംഗാരചേഷ്ടയ്ക്ക് മീശക്കണാരൻ ഒരു പേരു കൊടുത്തിട്ടുണ്ട്: "കള്ളുഭരണിയും കയിൽക്കണയും തമ്മിലുള്ള കളി!"

ചിലപ്പോൾ കോരൻബട്ട്ളർ കള്ളുകുടിച്ച് ബോധമില്ലാതെ ചായപ്പീടികയിലെ ചായ്പിലെ ബഞ്ചിൽ മുണ്ടും കോണകവുമില്ലാതെ മലർന്നു കിടക്കും. അപ്പോൾ കുഞ്ഞമ്മു ഭർത്താവിനെ മൂടിപ്പുതപ്പിച്ചു പണപ്പെട്ടിക്കരികെ ചെന്നിരിക്കും.

കോരൻബട്ട്ളറുടെ മകൾ മദിരാക്ഷിയായ തിരുമാലയെ പുതുതായി വിവാഹം ചെയ്തിരിക്കുന്നത് വടക്കുനിന്നു വന്ന കേളനാണ്. മധുരനാരങ്ങയുടെ തൊലി നിറവും, നെല്ലിക്കക്കണ്ണുകളുമുള്ള കേളനിൽ വെള്ളക്കാരന്റെ രക്തം കലർന്നിട്ടുണ്ടെന്നു സംശയിക്കാവുന്നതാണ്. കേളൻ ഒരതി കോമളനാണ്. പുഴക്കരയിലെ മരപ്പാണ്ടികശാലമുതലാളി പോക്കു ഹാജിയുടെ ജഡ്ക്കവണ്ടിക്കാരനാണ് കേളൻ. പട്ടണത്തിലെ ഏറ്റവും മികച്ച കുതിരവണ്ടി പോക്കുഹാജിയുടേതാണ്. പറക്കുന്ന കുതിര. പത്രാസുള്ള വണ്ടി. ചിത്രപ്പണികളോട്ടുകൂടിയ ജാലകങ്ങളും, അകത്തു പച്ചവില്ലീസു മെത്തയും, നീലപ്പട്ടുതിരശ്ശീലയും മറ്റുമുള്ള ഒരു ചലിക്കുന്ന മണിയറയാണ് പോക്കുഹാജിയുടെ ജഡ്ക്ക. അതിന്റെ ചവിട്ടുമണിയടി കേട്ടാൽ, ഫയർ എഞ്ചിന്റെ വരവാണോ എന്നു ശങ്കിച്ചുപോകും — ആ രാജകീയരഥത്തിന്റെ സാരഥിയായിരിക്കുക എന്തൊരന്തസ്സ്.

ശ്വശുരഗൃഹത്തിൽത്തന്നെയാണ് കേളന്റെ താമസം. എന്നാൽ പട്ടണത്തിൽ അവിടവിടെയായി, ഹാജിയുടെ ജഡ്ക്കവണ്ടിക്കു മുമ്പിലെ പെട്ടിപ്പുറത്തല്ലാതെ കേളനെ പുരയിൽ കണ്ടെത്താൻ പ്രയാസമാണ്. പുലരുന്നതിനു മുമ്പ് കടപ്പുറത്തിനു സമീപമുള്ള (മുതലാളിയുടെ) മാളികക്കൽ എത്തണം. കുതിരക്കു തീറ്റകൊടുത്ത് അതിനെ മാലീസിട്ടു തുടച്ചുമിനുക്കി തയ്യറാക്കി നിർത്തണം. ഹാജിക്കു നിത്യവും രാവിലെ കടപ്പുറം നിരത്തിലൂടെ ഒരു ജഡ്ക്കസവാരി വേണം. പിന്നെ അയാളെ പുഴക്കരയിലെ പാണ്ടികശാലയിൽ കൊണ്ടുവിടണം. പെട്ടെന്നു പല സ്ഥലത്തും പോകാനുണ്ടായിരിക്കും. അവിടെ കാത്തുകെട്ടിക്കിടക്കണം. ഉച്ചക്കു ഭക്ഷണത്തിനു രണ്ടാംബീവി താമസിക്കുന്ന വീട്ടിലേക്കാണു പോക്ക്. വീണ്ടും പാണ്ടികശാലയിലേക്ക്. വൈകുന്നേരം മാളികക്കൽ കൊണ്ടു ചെന്നു വിട്ടാൽ പിന്നെ ജഡ്ക്കയും ജഡ്ക്കക്കാരനും ഹാജിയുടെ അന്തർജ്ജനങ്ങളുടെ ചൊൽപ്പടിയിലായിരിക്കും. ബുർക്കയിൽ മൂടിയ ആ സത്വങ്ങൾക്കു മിക്കവാറും എല്ലാ ദിവസങ്ങളിലും എവിടെയെങ്കിലും വിരുന്നോ സർക്കീറ്റോ പോകാനുണ്ടായിരിക്കും. ചില രാത്രികളിൽ ഹാജിക്കും ചില രഹസ്യസർക്കീറ്റുകളുണ്ട്. അതൊക്കെക്കഴിഞ്ഞ്, കുതിരക്കു തീറ്റകൊടുത്ത് അതിനെ പന്തിയിലടച്ചു പുരയിലെത്തുമ്പോൾ പാതിരാ കഴിയും. നവോഢയായ തിരുമാല ഗാഢനിദ്രയിലായിരിക്കും.

കൂനൻവേലുവിന്റെ ഭാര്യ ഭ്രാന്തത്തി ആച്ചയെ ചികിത്സിക്കാൻ ആങ്ങള കുഞ്ഞാണ്ടി വന്നു കൂട്ടിക്കൊണ്ടുപോയി. വേലു. ആച്ചയുടെ 'ആചാരം തീർത്ത് അവളെ ഉപേക്ഷിച്ചു. പുരയിൽ സഹായത്തിനു പുതിയൊരു പെണ്ണിനെ കല്യാണം കഴിച്ചുകൊണ്ടുവന്നു. പത്തുവയസ്സുചെന്ന ഒരു ചെക്കനുള്ള മദ്ധ്യവയസ്കയായ ഒരു വിധവ. കറുത്തുതടിച്ച ഒരു ചക്കമുലച്ചി. മൂർദ്ധാവിൽ പശു ചാണകമിട്ടപോലെ മുടിയും കെട്ടിവച്ചു കുത്തിയിരിക്കുന്ന കുട്ടിപ്പെണ്ണമ്മയെ ആദ്യമായിക്കണ്ടപ്പോൾ അശോകവനികയിൽ സീതാദേവിക്കു കാവലിരിക്കുന്ന രാക്ഷസിയുടെ ചിത്രം ശ്രീധരൻ ഓർത്തു പോയി.

അവളുടെ ചെക്കൻ ഒരു പോക്കിരിവിത്താണ്. അതിരാണിപ്പാടത്തു

ബസ്രാക്കുഞ്ഞപ്പുവിന്റെ സ്ഥാനം ഏറ്റെടുക്കാൻപോന്ന ഒരു പുള്ളി. പേര് അപ്പട്ടി.

അതിരാണിപ്പാടത്തെ ഒരു നവാഗതനാണ്, 'ഹൈക്കളൂസ് കിട്ടുണ്ണി' —കളൂസ്സ് പറങ്ങോടന്റെ അനിയൻ—പറങ്ങോടൻ, നാട്ടിൽനിന്നു തന്റെ അസിസ്റ്റന്റായി കൊണ്ടുവന്നിരിക്കയാണ് അനിയൻ കിട്ടുണ്ണിയെ.

കിട്ടുണ്ണി സ്കൂളിൽ ആറാംതരംവരെ പഠിച്ചിട്ടുണ്ട്. ചെത്തുതൊഴിലാളിയാണെങ്കിലും വലിയ പ്രതാസിൽ നടക്കാൻ മോഹമുള്ളൊരു പുള്ളിയാണ്— കളൂസ്സ് കാട്ടി നടക്കുന്നതിൽ ചേട്ടനെക്കാൾ കേമനായതുകൊണ്ടാണ്, അതിരാണിപ്പാടത്ത് എത്തി അധികദിവസം കഴിയുന്നതിനുമുമ്പ്, ''ഹൈക്കളൂസ്സ് കിട്ടുണ്ണി' എന്ന സ്ഥാനപ്പേര് അതിരാണിപ്പാടത്തെ ബഹുജനത്തെ പ്രതിനിധീകരിച്ച്, ഞണ്ടുഗോവിന്ദൻ, കിട്ടുണ്ണിക്കു നൽകിയത്. (സ്ഥലത്തെ സകല ഏഷണി പരദൂഷണപരിപാടികളുടെയും സൂത്രധാരനാണ്, കുഷ്ഠരോഗംകൊണ്ടു കൈകൾ ചുരുണ്ടുപോയ ഞണ്ടു ഗോവിന്ദൻ.)

കിട്ടുണ്ണിക്കു സിൽക്ക് ഷർട്ടുണ്ട്, റിസ്റ്റ്വാച്ചുണ്ട്, ഫൗണ്ടൻപെന്നുണ്ട്—കരയുന്ന പുത്തൻചെരിപ്പും. എന്നാൽ ഇവയെല്ലാം ധരിച്ച പത്രാസ്സിൽ ഒന്നു പുറത്തിറങ്ങാൻ സമയമെവിടെ? ചെത്താൻ പോകുമ്പോൾ കാലിൽ ചെരിപ്പും ധരിച്ചിരുന്നു. ചെരിപ്പ തെങ്ങിൻചോട്ടിൽ അഴിച്ചുവെച്ച മരംകേറും. താഴെയിറങ്ങിവരുമ്പോൾ ചിലപ്പോൾ ചെരിപ്പ് ഒരെണ്ണം കാണുകയില്ല. നായ കടിച്ചുകൊണ്ടുപോയിട്ടുണ്ടാവും. ശേഷിച്ച ചെരിപ്പ് ഉപേക്ഷിക്കയേ നിവൃത്തിയുള്ളൂ. അങ്ങനെ മൂന്നുനാലു ചെരിപ്പുകൾ നഷ്ടപ്പെട്ടപ്പോൾ കിട്ടുണ്ണി ചെത്താൻ പോകുമ്പോൾ ചെരിപ്പിടുന്ന പതിവു നിർത്തിവച്ചു.

രാവിലെ കത്തിയും തേറും അരയിൽക്കെട്ടി അതിന്മേൽ ചൂടിത്തളപ്പും തൂക്കിയിട്ട് തെങ്ങുചെത്താനിറങ്ങും. ചെത്തു കഴിഞ്ഞു കള്ളുകുടം കാവണ്ടത്തിലേറ്റി ഉടൻ ഷാപ്പിലേക്കു കൊണ്ടുപോകണം. (നേരം തെറ്റിയാൽ 'ഷാൾട്ടാര്' — അബ്കാരി ഉദ്യോഗസ്ഥന്മാർ — പിടിച്ചു കേസാക്കും.) പിന്നെ ഉച്ചഭക്ഷണം കഴിഞ്ഞ് ഇത്തിരിനേരം ഒഴിവുകിട്ടും. ഉച്ചയ്ക്ക് എങ്ങോട്ടു പോകും? കിടന്നൊന്നു മയങ്ങും. അപ്പോഴേക്കും വൈകുന്നേരത്തെ ചെത്തിനു നേരമായി—അതെല്ലാം കഴിഞ്ഞു പുരയിൽ മടങ്ങിയെത്തുമ്പോൾ നേരം നല്ല ഇരുട്ടായിട്ടുണ്ടാകും. കുളിച്ച് അത്താഴവും കഴിച്ച് കിട്ടുണ്ണി ഒരു നടനെപ്പോലെ സ്വയം അണിഞ്ഞൊരുങ്ങും. മുഖം പൗഡറിട്ടു മിനുക്കി, സിൽക്ക് ഷർട്ടു ധരിച്ച്, സ്വർണ്ണക്ലിപ്പോടുകൂടിയ ഫൗണ്ടൻ പേന കീശയിൽ കുത്തി, റിസ്റ്റ് വാച്ചും കെട്ടി മിനുന്ന തോൽവാറോടുകൂടിയ ചെരിപ്പു കാലിൽ പിടിപ്പിച്ച് കുറേനേരം അങ്ങനെ ആലോചനാമഗ്നനായി നിലകൊള്ളും. മണി ഒമ്പതു കഴിഞ്ഞു. ഇനി എങ്ങോട്ടു പോകാനാണ്? കിട്ടുണ്ണി ആ വേഷവിധാനങ്ങളോടുകൂടിത്തന്നെ കോസടി നിവർത്തിയിട്ട്, വാച്ചു കെട്ടിയ കൈയും തലയ്ക്കുവെച്ചു കിടന്നുറങ്ങും.

അതിരാണിപ്പാടത്തെ മറ്റൊരു നവാഗതനാണ് 'വെടിവാസു'—ചന്തുമൂപ്പന്റെ മരുമകൻ.

വെളുത്തു നീണ്ട് പ്രായത്തെക്കാൾ വളർച്ചമതിക്കുന്ന ഒരു സുന്ദരക്കുട്ടനാണ് വാസു. എട്ടാംതരം പാസ്സായിട്ടുണ്ട്. ഇപ്പോൾ കണക്കപ്പിള്ളയായി ജോലിചെയ്യുകയാണ്. താമസം, അമ്മാമൻ ചന്തുമൂപ്പന്റെ കൂടെത്തന്നെ. കണക്കുകൂട്ടുന്നതിൽ അതിവിദഗ്ദ്ധനാണ് വാസു. അവനെക്കാൾ വലിയൊരു വായാടിയുമില്ല. അവന് കീറാമുട്ടിശ്ലോകങ്ങളറിയാം —കടങ്കഥകൾ—കോമ്പലകോമ്പലയായി പൊട്ടിക്കും. സ്ഥാനംതെറ്റിച്ച

അക്ഷരങ്ങൾകൊണ്ടു കോർത്ത പ്രശ്നവാക്യങ്ങൾ ഡജൻകണക്കിൽ സ്റ്റോക്കിലുണ്ട്.

"നാരങ്ങാ പുത്ത ദാടി —പറ; എന്താണ്?" വാസു ശ്രീധരനോടു ചോദിക്കും.

ശ്രീധരൻ അതിലെ അക്ഷരങ്ങൾ മനസ്സിൽ മറിച്ചും തിരിച്ചും കുത്തിത്തിരുകി ജപിച്ചുനോക്കും. പിന്നെ കടലാസിൽ പകർത്തി കശക്കിനോക്കും. ഒരെത്തും പിടിയും കിട്ടുകയില്ല.

"തോറ്റോ?" വാസുവിന്റെ ചോദ്യം.

തോറ്റു എന്ന ഭാവത്തിൽ ശ്രീധരൻ തലകുനിക്കും.

"എന്നാൽ പഠിച്ചോ —നാദാപുരത്തങ്ങാടി."

ഇനി വേറൊന്ന്:

"വലിയ ചാത്തു തീണ്ടി വന്നു."

ശ്രീധരൻ അതിലും തോറ്റു.

ഉത്തരം: "ചാലിയത്തു തീവണ്ടി വന്നു."

അതാ വരുന്നു വേറൊരുഗ്രൻ:

"കുട്ടിയുണ്ടോ റാങ്ങൾ കുക്കടി തച്ചപോലെ."

അതുകേട്ട് ശ്രീധരൻ മൂക്കുകുത്തി വീണുപോയി.

ഉത്തരം കേട്ടപ്പോൾ ഉറക്കെ ചിരിച്ചു.

"കുണ്ടോട്ടി തങ്ങൾ റാക്കു കുടിച്ചപോലെ......"

ഒരു മന്ത്രവാദിയുടെ സ്വാധീനത്തിലകപ്പെട്ടപോലെ ശ്രീധരൻ വെടി വാസുവിന്റെ വിനീതശിഷ്യനായിത്തീർന്നു. വാസുവിന്റെ സഹായവും അവനു സിദ്ധിച്ചു. ക്ളാസ്സിലെ കണക്കുപാഠങ്ങൾ ശരിപ്പെടുത്തിക്കൊടുക്കുന്നതിൽ—വീട്ടിൽനിന്നു ചെയ്യാനുള്ള കണക്കുകൾ വാസുവിനെക്കൊണ്ടു ചെയ്യിക്കും.

ജഡ്ക്കക്കാരൻ കേളന്റെ മുതലാളി പോക്കുഹാജിയുടെ പാണ്ടികശാലയിലാണ് വാസു കണക്കപ്പിള്ളയായി ജോലിചെയ്യുന്നത്; മാസശമ്പളം പതിനഞ്ചുറുപ്പിക.

# 3. പരദേശയാത്ര

ഒരു ശനിയാഴ്ച ഉച്ചയ്ക്ക് ശ്രീധരൻ വെടിവാസുവിനെ വീട്ടിന്റെ മുന്നിലെ ഇടവഴിയിൽവച്ചു കണ്ടു. അപ്പോൾ വാസു കീശയിൽനിന്ന് ഒരു തടിച്ച നറുക്കു കടലാസെടുത്തു ശ്രീധരനു സമ്മാനിച്ചു.

ശ്രീധരനു പെട്ടെന്ന് അതെന്താണെന്നു മനസ്സിലായില്ല. അതിൽ അച്ചടിച്ചതു വായിച്ചുനോക്കിയപ്പോൾ ഊഹിച്ചെടുത്തു. തീവണ്ടിയാത്രയ്ക്കുള്ള മൂന്നാംക്ളാസ്സ് ടിക്കറ്റാണ്.

വാസു പറഞ്ഞു: "കാരക്കുന്നിലേക്കുള്ള ടിക്കറ്റാണ്—വേണമെങ്കിൽ നീയൊരു യാത്ര ചെയ്തോ. മൂന്നരമണിക്കു വടക്കോട്ടൊരു വണ്ടിയുണ്ട്."

വാസു കാരക്കുന്നിലെ അവന്റെ അച്ഛൻപെങ്ങളുടെ വീട്ടിൽ വിരുന്നുപോയി, മടങ്ങിവരുന്ന വരവാണ്. അവൻ അങ്ങോട്ടു പോയതു് തീവണ്ടിയിലായിരുന്നു. കാരക്കുന്നു റെയിൽവേസ്റ്റേഷനിലിറങ്ങി വിരുതൻ വാസു ടിക്കറ്റ് കലക്ടറെ ഒഴിഞ്ഞുമാറി, ശീട്ടു കൈവിടാതെ പ്ലാറ്റ്ഫോറത്തിന്റെ അറ്റത്തുകൂടി കടന്നുകളഞ്ഞു. അങ്ങനെ സമ്പാദിച്ച ആ ടിക്കറ്റാണ് ശ്രീധരനു ദാനം ചെയ്തിരിക്കുന്നത് —വേണമെങ്കിൽ കാരക്കുന്നുവരെ തീവണ്ടിയിൽ ഒരു സൗജന്യ യാത്ര ചെയ്തോ എന്നൊരു സ്നേഹോപദേശത്തോടെ.

വീണുകിട്ടിയ ഒരവസരം വെറുതെ കളയാൻ ശ്രീധരനു മനസ്സുവന്നില്ല.

വീട്ടിൽച്ചെന്നു കാക്കി മുറിട്രൗസറും, കുറവനോടു വാങ്ങിയ നീലവരയൻ ഹാഫ് ഷർട്ടും എടുത്തു ധരിച്ച്, സഹപാഠി ഗംഗാധരനൊത്തു ഹോംവർക്ക് ചെയ്യുന്നതിന് അവന്റെ വീട്ടിലേക്ക് പോവുകയാണ് എന്നൊരു ചെറിയ കളവും പറഞ്ഞ് അമ്മയോടു സമ്മതം വാങ്ങി പുറത്തുചാടി. കീശയിൽ അണയും മുക്കാലും കാശുമായി മൂന്നര അണയുടെ പണമുണ്ടായിരുന്നു.

ശ്രീധരൻ കാരക്കുന്നുകടപ്പുറത്ത് വാവുകുളിക്കാൻ മുമ്പ് രണ്ടു മൂന്നു തവണ പോയിട്ടുണ്ട്. കാൽനടയായി കടപ്പുറത്തുകൂടിയാണ് പോയിരുന്നത്. അവിടത്തെ കടപ്പുറമല്ലാതെ മറ്റു സ്ഥലങ്ങളൊന്നും കണ്ടിരുന്നില്ല. തനിച്ച് സ്വതന്ത്രമായി ഒരു തീവണ്ടിയാത്ര! ഒരഭിമാനം തോന്നി. അതിന്റെകൂടെ ഒരു നേരിയ ഭയവും അങ്കുരിക്കാതിരുന്നില്ല.

റെയിൽവേസ്റ്റേഷനിലെത്തി. കീശയിൽനിന്നു ടിക്കറ്റെടുത്തു നേരെ കടക്കുമായിരുന്നു. വാതില്ക്കലിരിക്കുന്ന തൊപ്പിക്കാരനെ ഒന്നു നോക്കി. അയാൾ അകത്തേക്കു കടക്കുന്ന യാത്രക്കാരുടെ ടിക്കറ്റ് വാങ്ങി അതിൽ ഒരു പ്രത്യേകകത്രികകൊണ്ട് അറ്റം ഇത്തിരി വെട്ടിമുറിക്കുന്നത് ശ്രീധരൻ സൂക്ഷിച്ചു. വാസു തന്ന ടിക്കറ്റെടുത്തു പരിശോധിച്ചു. അതിന്റെ അറ്റത്ത് V യുടെ ആകൃതിയിൽ ഒരു മുറിവുണ്ട്. ശ്രീധരൻ പരുങ്ങിനില്പായി. വാതില്ക്കലെ തൊപ്പിക്കാരൻ തന്റെ ടിക്കറ്റ് നോക്കുമ്പോൾ അതിൽ മുറിവു കണ്ട് ഇതു മുമ്പ് ഉപയോഗിച്ച ടിക്കറ്റാണെന്നു മനസ്സിലാക്കിക്കളയും. കള്ളശീട്ടുമായി കടക്കാൻ ശ്രമിക്കുന്നവനെ പിടിച്ചു പോലീസിലേൽപ്പിക്കുകയും ചെയ്യും.

മടങ്ങിയാലോ എന്നു തോന്നി ശ്രീധരന്.

എങ്ങനെയെങ്കിലും പ്ലാറ്റ്ഫോറത്തിൽ കടന്നുകിട്ടിയാൽ രക്ഷപ്പെട്ടും എന്നും ഓർത്തു.

അപ്പോൾ ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളുമായി ഒരു സംഘം വാതിൽക്കൽ തിങ്ങിനിൽക്കുന്നതു കണ്ടു അവരുടെ തലവൻ ശീട്ടിന്റെ ഒരട്ടി തൊപ്പിക്കാരന്റെ കൈയിൽ കൊടുത്തത് തൊപ്പിക്കാരൻ ഓരോന്നായി കത്രിച്ചുകൊണ്ടിരിക്കയായിരുന്നു. ശ്രീധരൻ ആ സംഘത്തിന്റെകൂടെ തിക്കിത്തിരക്കി പ്ലാറ്റുഫോറത്തിൽ കടന്നു രക്ഷപ്പെട്ടു.

ആശ്വാസമായി. ഇനി ആരും കണ്ടുപിടിക്കയില്ല. പെട്ടിഭാണ്ഡങ്ങളും അരികെവച്ചു വണ്ടി കാത്തിരിക്കുന്ന യാത്രക്കാരെ നോക്കി രസിച്ചുകൊണ്ട് പ്ലാറ്റ്ഫോറത്തിലൂടെ നാലുചാല് അങ്ങോട്ടുമിങ്ങോട്ടും നടന്നു. എന്തെല്ലാം വേഷക്കാർ! കൊങ്ങന്മാരും കൊങ്ങിണികളും മാപ്പിളമാരും പുളിഞ്ചാറു കുടിയൻ പട്ടരും എല്ലാം അവിടെ ഒത്തുകൂടിയിട്ടുണ്ട്—മീശക്കണാരൻ പറയാറുള്ളപോലെ ‘നാനാജാതിയും പഠാണിയും’.

മണി നാലായി. മൂന്നരയ്ക്കു സ്റ്റേഷനിലെത്തേണ്ട വണ്ടി ഇനിയും വന്നുകാണുന്നില്ല.

“വണ്ടി ലേയ്റ്റാണോ?” പതിവായി ടെയ്രിൻയാത്രചെയ്യുന്ന ഒരു പുള്ളിയുടെ നാട്യത്തോടെ മുന്നിൽക്കണ്ട ഒന്നുരണ്ടു മാന്യന്മാരോടന്വേഷിച്ചു. അവർ കേട്ടഭാവംപോലും കാട്ടിയില്ല. ചോദിച്ചതു വിഡ്ഢിത്തമാണെന്ന് പിന്നീടു തോന്നി.

“ഒര്കാശ് താ മോനേ......”

തിരിഞ്ഞുനോക്കി. കൂന്നുവിറച്ചു വടിയുംകുത്തിപ്പിടിത്തു നിൽക്കുന്ന, ഒരു കിഴവിത്തള്ള.

ഉടൻ കീശയിൽ തപ്പി, കൈയിൽത്തടഞ്ഞ കാലണതന്നെയെടുത്തു കിഴവിക്കുകൊടുത്തു. പാവം തള്ള പട്ടിണിയായിരിക്കും.

സഹതാപചിന്തയോടെ മുമ്പോട്ടു നീങ്ങിയപ്പോൾ പെട്ടെന്ന് ഉള്ളിലൊരു ഞെട്ടലുണ്ടായി—കൂലിപ്പോർട്ടർ ഉണ്ടക്കേളപ്പനെ ദൂരെ കണ്ടു.

അതിരാണിപ്പാടത്തു പാർക്കുന്ന ഉണ്ടക്കേളപ്പൻ ഒരു പോക്കിരിയാണ്. ഉണ്ടക്കേളപ്പന്റെ ഭാര്യ ഒരു നായർസ്ത്രീയാണ്. കേളപ്പൻ അവരെ വടക്കെവിടെയോ ഉള്ള വലിയൊരു നായർത്തറവാട്ടിൽനിന്നു കട്ടുകൊണ്ടു വന്നതാണത്രേ.

ഉണ്ടക്കേളപ്പൻ ഇപ്പോൾതന്നെ കണ്ടാൽ ഇടങ്ങേറാണ്. ‘കുട്ടി എങ്ങോട്ടു പോകുന്നു? കൂടെ ആരാണ്? എന്നെല്ലാം അന്വേഷിക്കും. ഇപ്പോൾ കേളപ്പനോട് എന്തെങ്കിലും കളവ് തട്ടിവിട്ട് ഒപ്പിക്കാമെന്നുവെച്ചാലും, തീവണ്ടിയാപ്പീസിൽ ശ്രീധരനെ കണ്ട കഥ ആ പഹയൻ കന്നിപ്പറമ്പിൽ ചെന്നു പറയാതിരിക്കില്ല. അപ്പോൾ കാര്യം കൂടുതൽ കുഴപ്പമാവും.

കേളപ്പന്റെ കണ്ണിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രീധരൻ വേഗം പ്ലാറ്റ്ഫോറത്തിന്റെ തെക്കേ അറ്റത്തെ കക്കൂസിനടുത്തേക്കു നടന്നു.

കക്കൂസിന്റെ ഒരറ്റത്ത് തലക്കെട്ടു കെട്ടിയ ഒരു എരുമക്കാരന്റെ പടം വരച്ചുവച്ച ഒരു ബോർഡ് തൂക്കിയിട്ടിരിക്കുന്നു. മറ്റേ അറ്റത്തെ ബോർഡിൽ ചേലചുറ്റിയ ഒരു കാക്കക്കുറത്തിയുടെ ചിത്രമാണ്. ആ ബോർഡിനു താഴെ ചുമരിൽ ‘സ്ത്രീകൾമാത്രം’ എന്നൊരറിയിപ്പും എഴുതിവെച്ചിരിക്കുന്നു.

ശ്രീധരന് ഒരു കുസൃതിതോന്നി. ആ വാചകത്തിലെ മാ എന്നതിന്റെ ദീർഘം മായിച്ച് ആ അക്ഷരത്തിന്റെ മുട്ടിൽ ഒരിരട്ടമുറുക്കം ചേർക്കാൻ....

ഉണ്ടക്കേളപ്പനിൽനിന്നു രക്ഷപ്പെടാൻ ശ്രീധരന് മൂത്രത്തിന്റെ ദുർഗന്ധവും സഹിച്ചുകൊണ്ട് ആൺകക്കൂസിൽത്തന്നെ തങ്ങിനിന്നു.

കുറച്ചുകഴിഞ്ഞപ്പോൾ മണിയടിക്കുന്നതു കേട്ടു. വണ്ടി ബേ്ലാക്കായിട്ടുണ്ട്..... പ്ലാറ്റ്ഫോറത്തിലേക്കു നീങ്ങി.

പ്ലാറ്റ്ഫോറത്തിന്റെ ഒരു മൂലയിൽ ചാക്കുകൾ അട്ടിയിട്ടിരുന്നതിന്റെ മറവിൽ പതുങ്ങിനിന്നു.

വണ്ടി പ്ലാറ്റ്ഫോറത്തിൽ വന്നുനിന്നപ്പോൾ വെളിക്കുവന്നു ചുറ്റുംനോക്കി. ഉണ്ടക്കേളപ്പൻ വലിയൊരു പെട്ടിയും ചുമലിൽവെച്ച് ഒരു കസവുതലപ്പാവുകാരൻ പട്ടരുടെ പിറകേ പോകുന്നതു കണ്ടു. അവൻ ദൂരത്തെത്തിയപ്പോൾ വേഗം മുന്നിൽക്കണ്ട മുറിയിൽത്തന്നെ കേറി രക്ഷപ്പെടാമെന്നു കരുതി, ആ മുറി ഒഴിഞ്ഞു കിടക്കുന്നു. അകത്തേക്ക് എത്തിനോക്കി. മെത്തകളുണ്ട്. മുകളിൽ തിരിയുന്ന പംഖയും — ഒരു മൂലയിൽ ഒരു വെള്ളക്കാരൻസായ്പ് വായിൽ ഉലക്കമുറിപോലത്തെ ഒരു ചുരുട്ടുംവലിച്ചുകൊണ്ടു പേപ്പർ വായിക്കുന്നു. അയേ്യാ! വെള്ളക്കാരുടെ ഒന്നാംക്ലാസ്സാണ്. ഓടി അപ്പുറത്ത് ആദ്യം കണ്ട മൂന്നാംക്ലാസ്സിൽ കയറിക്കൂടി.

മുറിയിൽ നല്ല തിരക്കുണ്ടായിരുന്നു. എങ്കിലും ഒരു മൂലയിൽ ഞെരുങ്ങിയിരിക്കാൻ സ്ഥലം കിട്ടി.

വണ്ടി ഇളകി. ആശ്വാസമായി.

മരുന്നിന്റെ മണവും ഒരു പ്രസംഗവും മുറിയിൽ പൊങ്ങി: ‘തൽവേദന — നെഞ്ചുവേദന ദീരിളഗ്ഗം മൂക്കടപ്പ് മുതലാന നോവുകൾക്ക് അത്യുത്തമം! ഒന്നാന്തരം! നീൽഗിരി ഉക്കാലിപ്ട്സ്!....

തടിച്ചു കുറുതായൊരു കുടവയറൻ മാപ്പിള. അഴഞ്ഞുതൂങ്ങുന്ന ഒരു കറുത്ത പോത്തക്കൻകോട്ടു ധരിച്ചിരിക്കുന്നു. ആ കുപ്പായത്തിന്റെ മോളിലും താഴെയും ഉള്ളിലും എല്ലാം വലിയ കീശകളുണ്ട്. അവയിലെല്ലാം കുപ്പികളും ഡബ്ബകളും കുത്തിനിറച്ചിരിക്കുന്നു.

അയാൾ ഒരു കീശയിൽനിന്നു ചെറിയൊരു കുപ്പിയെടുത്തു കോർക്കു നീക്കി അതിൽനിന്നു കുറച്ചു തൈലം കൈവിരലുകളിലുറ്റിച്ച്, മുന്നിൽക്കണ്ട മാന്യയാത്രക്കാരുടെ നെറ്റിയിലും ചെന്നിയിലുമെല്ലാം കുറേശ്ശെ പൂശിക്കൊടുത്തു. ‘തൽവേദന നെഞ്ചുവേദന’ പ്രസംഗവും തള്ളിവിട്ടു കൊണ്ടിരുന്നു. ശ്രീധരനും മെല്ലെ എണീറ്റുനിന്നു മുഖം കാട്ടി. യൂക്കാലിപ്ട്സ്മാപ്പിള ശ്രീധരന്റെ രണ്ടു ചെന്നിയിലും ഒന്നു തോണ്ടിക്കൊടുത്തു— കുട്ടികൾക്ക് അത്ര മതി എന്ന മട്ടിൽ.

നെറ്റിക്ക് എന്തൊരാശ്വാസം! ആ തൈലത്തിന്റെ പ്രത്യേകഗന്ധം മൂക്കിൽ ലഹരികയറ്റി.

“വല്യകുപ്പിക്ക് ഇരണ്ടണ, ചെറിയ കുപ്പിക്ക് ഒരണ.” മാപ്പിള തലവേദനത്തൈലം വിൽപ്പന തുടങ്ങി.

ഒരണ കൊടുത്ത് ഒരു ചെറിയ കുപ്പി യൂക്കാലിപ്ട്സ് വാങ്ങിയാലോ എന്നു ശ്രീധരൻ ആലോചിച്ചു. കീശയിൽ മൂന്നേകാലണയേ ഉള്ളൂ എന്നോർത്തപ്പോൾ വേണ്ടെന്നു തീരുമാനിച്ചു.

അപ്പോൾ മുറിയുടെ മൂലയിൽനിന്ന് ഒരു ബഹളം കേട്ടു. തല്ലും പിടിയുമാണ്—

ആളുകൾ ആ മൂലയിലേക്കു തള്ളിക്കേറുന്നു. ശ്രീധരനും എണീറ്റു ചെന്നുനോക്കി. ചെറുപ്പക്കാരായ രണ്ടു മാപ്പിളമാർ തമ്മിലാണ് അടിപിടി നടക്കുന്നത്. അവരെ പിടിച്ചകറ്റാൻ ആരും ധൈര്യപ്പെട്ടില്ല. ആ ബാല്യക്കാർ തമ്മിൽ കെട്ടി മറിയുകയാണ്.

അടിപിടി കണ്ടു രസിച്ചുകൊണ്ടു ശ്രീധരൻ അവിടെ ആൾക്കൂട്ടത്തിൽ കുത്തിത്തിരുകി നിന്നു. ഒടുവിൽ ഒരു കിഴവൻ വന്ന് ആ ചെറുപ്പക്കാരെ പിടിച്ചു വേർപെടുത്തി. പക്ഷേ, ആ ചെറുപ്പക്കാർ പിന്നെയും അടങ്ങാതെ നെഞ്ഞുന്തിക്കൊണ്ടു മുന്നോട്ടാഞ്ഞും മുഷ്ടിചുരുട്ടിയും പോർവിളി തുടർന്നുകൊണ്ടിരുന്നു.

അപ്പോഴേക്കും വണ്ടി ക്രൂക്കിവിളിമുഴക്കി കാരക്കുന്നു സ്റ്റേഷൻ സമീപിച്ച്, സ്പീഡ് ചുരുക്കി മെല്ലെ പ്ലാറ്റ്ഫോറത്തിൽ നിരങ്ങിനിന്നു.

ശ്രീധരൻ വേഗം വണ്ടിയിൽനിന്നു പ്ലാറ്റ്ഫോറത്തിലേക്കിറങ്ങി ടിക്കറ്റ് കൈയിലെടുത്തുപിടിക്കാൻ ട്രൗസറിന്റെ കീശയിൽ തപ്പി. കീശ കാലി! അല്ല, ഒരു കാശ് കീശയുടെ മൂലയിൽ തങ്ങിക്കിടക്കുന്നുണ്ട്.

അടിപിടിബഹളത്തിനിടയിൽ ശ്രീധരന്റെ കീശ ആരോ വാരിക്കളഞ്ഞു —മൂന്നണ, രണ്ടുകാശും, അതിന്റെ കൂടെ ശീട്ടുപോയ വഴിയില്ല.....

കാലടിമുതൽ തലയോട്ടുവരെ ഒരു തരിപ്പനുഭവപ്പെട്ടു, ശ്രീധരന്. ആപ്പീസിന്റെ വാതിൽക്കലേക്കു നോക്കി. യാത്രക്കാർ തിക്കിത്തിരക്കി പുറത്തേക്കു കടക്കാൻ നിൽക്കുന്നു. തൊപ്പിക്കാരൻ ഓരോരുത്തരുടെയും ശീട്ടു വാങ്ങി പരിശോധിച്ച് അവരെ പുറത്തേക്കു വിടുന്നു.

തന്നെ കണ്ടുപിടിച്ചാൽ അവരെന്തുചെയ്യും? കള്ളവണ്ടികയറി വന്നതാണെന്നു വിചാരിച്ച് അവർ പിടിച്ചു തല്ലും. പിന്നെ പോലീസിലേൽപ്പിക്കും. ജയിലിലിടും. അതെല്ലാം ഓർത്തപ്പോൾ ശ്രീധരന് ഉള്ളിൽ എരിപൊരി സഞ്ചാരമായി. ഉപയോഗിച്ച ശീട്ടു തന്നു തന്നെ പ്രലോഭിപ്പിച്ച ആ തെമ്മാടി വെടിവാസുവിനെ ശപിച്ചു. സ്റ്റേഷനിൽ ഉണ്ടക്കേളപ്പനെക്കണ്ട ഉടനെത്തന്നെ വീട്ടിലേക്കു മടങ്ങാമായിരുന്നു. പിന്നെ തീവണ്ടിയിൽവെച്ചു കണ്ട അടിപിടി. അവർ തമ്മിലൊത്ത് ഒരു തല്ലും പിടിയും അഭിനയിച്ചതാണ് എന്നു മനസ്സിലായി. ആ തക്കം നോക്കി ആളുകളുടെ കീശ കൊള്ളയടിക്കാൻ. ഇനി അതെല്ലാം ഓർത്തു നിന്നിട്ടു ഫലമില്ല. എങ്ങനെയെങ്കിലും പ്ലാറ്റ്ഫോറത്തിൽനിന്നു പുറത്തുചാടണം.

വന്ന വണ്ടി സ്റ്റേഷൻ വിട്ടു. കുറെ സമയം കഴിഞ്ഞിട്ടും ചില യാത്രക്കാർ പ്ലാറ്റ്ഫോറത്തിൽത്തന്നെ തങ്ങിനിൽക്കുന്നതു കണ്ടു. ഒരു മണിയടിയും കേട്ടു. അപ്പോൾ മനസ്സിലായി, തെക്കോട്ടുള്ള വണ്ടിയുടെ നേരമാണെന്ന്.

തെക്കുനിന്നു വന്ന യാത്രക്കാരെല്ലാം പൊയ്ക്കഴിഞ്ഞപ്പോൾ, വാതിൽക്കൽ നിന്നിരുന്ന തൊപ്പിക്കാരൻ, ശേഖരിച്ച ശീട്ടുകളെല്ലാം ഒരട്ടിയാക്കി കൈയിൽ വെച്ച് അവ സൂക്ഷിച്ചുവെക്കാൻ സ്റ്റേഷൻമാസ്റ്ററുടെ മുറിയിലേക്കു പോകുന്നതു കണ്ടു. ആ തക്കം നോക്കി ശ്രീധരൻ വാതിൽക്കലൂടെത്തന്നെ പുറത്തുചാടി.

രക്ഷപ്പെട്ടു എന്നു ബോദ്ധ്യമായപ്പോൾ ഒരുശിരുതോന്നി. കാരക്കുന്നും പരിസരവും ഒന്നു ചുറ്റിനടന്നു കണ്ടിട്ട് പട്ടണത്തിലേക്കു നടരാജസവാരിയായി മടങ്ങാം എന്നു തീരുമാനിച്ചു.

കാരക്കുന്നിന്റെ മുകളിൽ പട്ടാളബാരക്കുകളാണ്. വെള്ളപ്പട്ടാളത്തെയാണ് അവിടെ

കുടിയിരുത്തിയത്. പറങ്കിമാങ്ങപോലത്തെ മുഖവും കൊട്ടടയ്ക്കാത്തോടുപോലത്തെ തലമുടിയുമുള്ള പട്ടാളക്കാർ ഒറ്റയായും കൂട്ടമായും വിസിലടിച്ചും പാട്ടുപാടിയുംകൊണ്ടു കുന്നിറങ്ങി വരുന്നുണ്ടായിരുന്നു.... ശ്രീധരൻ താഴെ മൈതാനത്തിന്റെ മൂലയിൽനിന്നു തിരിഞ്ഞുപോകുന്ന ഒരുട്ടുപാതയിൽ ചെന്നുചേർന്നു. അവിടെ ചില ലൈൻമുറികളുടെയും ബംഗ്ലാവിന്റെ മട്ടിലുള്ള ചെറിയ വസതികളുടെയും മുമ്പിൽ സുന്ദരിപ്പെണ്ണുങ്ങൾ അണിഞ്ഞൊരുങ്ങുന്നു. ചിലർ തലമുടി വാർന്നു കെട്ടുന്നു. ചിലർ കണ്ണെഴുതുന്നു. മറ്റു ചിലർ പൊട്ടുതൊടുന്നു. പട്ടുജാക്കറ്റ് ധരിച്ചവരും, പാവാടമാത്രമുടുത്തവരും അക്കൂട്ടത്തിലുണ്ട്. പുതുമയുള്ളൊരു പെൺലോകം! ശ്രീധരന്റെ മനസ്സിൽ പെട്ടെന്ന് ആ ചീത്തവാക്കുതേട്ടിവന്നു: "ചൂളത്തികള്!

കാരക്കുന്നിലെ ചൂളത്തികളെപ്പറ്റി, മരിച്ചുപോയ ചാത്തുണ്ണി ശ്രീധരനോടു ചിലതെല്ലാം പറഞ്ഞിട്ടുണ്ടായിരുന്നു. വെള്ളപ്പട്ടാളക്കാർക്കു സുഖിക്കാനുള്ള ഒരുമ്പെട്ട പെണ്ണുങ്ങളാണത്രേ ചൂളത്തികൾ. അസത്തുക്കൾ! എന്നാലും ആ ശൃംഗാരപ്പടയാളിപ്പെണ്ണുങ്ങളെ ശ്രീധരൻ കൗതുകത്തോടെ കണ്ണെടുക്കാതെ നോക്കി. അവർ വെള്ളക്കാരെ കിടക്കയിൽ സ്വീകരിക്കാൻ അണിഞ്ഞൊരുങ്ങുകയാണ്..... അവർ നഗ്നരായി.....

"വേ്വ ഹ്റീസ് ഷം ചീരുഷ് ചീരു...?" പിന്നിൽനിന്ന് ഇഴഞ്ഞ സ്വരത്തിൽ ഒരു ചോദ്യം കേട്ട് ശ്രീധരൻ പേടിച്ചുപോയി. കുടിച്ചു കുന്തംമറിഞ്ഞ ഒരു വെള്ളപ്പട്ടാളക്കാരൻ! മൂപ്പർ ചൂളത്തിച്ചീരുവിനെ അന്വേഷിച്ചു പുറപ്പെട്ടിരിക്കയാണ്. ശ്രീധരൻ വലിയ നിരത്തിലേക്ക് ഒരോട്ടംവെച്ചു കൊടുത്തു.

വലിയ നിരത്തിലൂടെ പട്ടണത്തിലേക്കു നടത്തംവെച്ചു. കാരക്കുന്നിൽ നിന്നു പട്ടണത്തിലേക്കു നാലുമൈൽ ദൂരമുണ്ട്. വഴിക്കുള്ള കാഴ്ചകൾ നോക്കിക്കൊണ്ടു നീങ്ങി....പട്ടണത്തിൽ ചിറയ്ക്കരികിലെ മുനിസിപ്പൽ പൂന്തോപ്പിനടുത്തെത്തിയപ്പോൾ പോലീസ്സ്റ്റേഷനില്നിന്നു സമയം അറിയിക്കുന്ന മണി മുട്ടുന്നതു കേട്ടു. ആറടിച്ചു.

പൂന്തോപ്പിന്റെ ഗേറ്റിനിരുവശത്തും ഓരോ സിംഹത്തെ പ്രതിഷ്ഠിച്ചിട്ടുണ്ട്. മൺപ്രതിമകളാണ്. വാ തുറന്നു കുന്തിച്ചിരിക്കുന്ന കേസരിവീരന്മാർ! അവയിൽ വലതുവശത്തെ വീരന്റെ വായിൽ ഈച്ചകൾ കൂട്ടത്തോടെ അകത്തേക്കും പുറത്തേക്കും പറന്നുകളിക്കുന്നു! കാണാൻ രസമുണ്ട്. സിംഹം ഈച്ചയെ പിടിക്കാൻ ഇപ്പം വാ പൂട്ടും എന്നു തോന്നിപ്പോകും..... സിംഹത്തിന്റെ വായിൽ കടന്നൽ കൂടുകെട്ടിയിരിക്കയാണ്.

ചിറയിൽനിന്നു വെള്ളം മുക്കിക്കുടിച്ചു ദാഹംതീർത്ത് മൈതാനത്തിനടുത്തേക്കു നടന്നു. മൈതാനമൂലയിലെത്തിയപ്പോൾ ഒരു ഗംഭീരഗാനം ശ്രീധരനെ തടഞ്ഞുനിർത്തി. അങ്ങോട്ടു നീങ്ങി. പാട്ടുകാരന്റെ ചുറ്റുമായി പത്തുപതിനഞ്ചാളുകൾ ശ്രദ്ധിച്ചുനിൽക്കുന്നു. ശ്രീധരനും ഒരു ശ്രോതാവായി അവരുടെ കൂടെച്ചേർന്നു.

ചുവന്ന ലുങ്കിയും വെളുത്ത നീളൻകുപ്പായവും ധരിച്ച് തലയിലൊരു തുർക്കിത്തൊപ്പിയും ചാർത്തി നിൽക്കുന്ന ഒരു തമിഴൻ റാവുത്തർ മൗലവി. ആ മാന്യന്റെ തറവാടിത്തം സ്ഫുരിക്കുന്ന വടിവൊത്ത വലിയ മുഖവും കറുത്ത വട്ടത്താടിയും ശ്രീധരനെ വശീകരിച്ചു. ലളിതമായ തമിഴിലാണ് പ്രഭാഷണം. മതച്ചുവ തോന്നിക്കാത്ത സാർവ്വജനീനമായ തത്ത്വോപദേശങ്ങൾ ഒരു ഹരികഥാശൈലിയിൽ ഗംഭീരസ്വരത്തിൽ നിർഗ്ഗളിക്കുന്നു.

"ആറ്റെയും കാറ്റെയും നമ്പലാം — അന്ത

ശേലകെട്ടിയ മാതരൈ നമ്പലാം......"

വ്യാഖ്യാനം: ആറ്റക്കിളി, അവറ്റയെ വിശ്വസിച്ചുകൂടാ. ആട്ടിയകറ്റിയാൽ വിള നശിപ്പിക്കാൻ വീണ്ടും വരുന്നതെപ്പോഴാണെന്നറിയാൻ വയ്യ. കാറ്റിന്റെ ഗതിയും അങ്ങനെതന്നെ. എപ്പോഴാണ്, എങ്ങോട്ടാണ് എന്നു നിർണ്ണയിക്കാൻ സാദ്ധ്യമല്ല. അപ്രകാരംതന്നെയാണ് ശേല കെട്ടിയ മാതർ —ചേലയുടുത്ത പെൺവർഗ്ഗം— ആറ്റക്കിളിയെയും കാറ്റിനെയും വിശ്വസിക്കാമെങ്കിൽ ചേലയുടുത്ത സത്വത്തെയും വിശ്വസിക്കാം....

റാവുത്തർ മൗലവിയുടെ തത്ത്വോപദേശം ശ്രീധരന്റെ മനസ്സിൽ ആഞ്ഞു തറച്ചു. ആ തമിഴ്ഗാനശകലം ഹൃദിസ്ഥമാക്കി. നേരം ഇരുട്ടിത്തുടങ്ങിയിരുന്നില്ലെങ്കിൽ ആ മഹാത്മാവിന്റെ തത്ത്വോപദേശങ്ങൾ കുറേക്കൂടി കേൾക്കാൻ അവിടെത്തന്നെ നിൽക്കുമായിരുന്നു.

"ആറ്റെയും കാറ്റെയും നമ്പലാം അന്ത
ശേലകെട്ടിയ മാതരൈ നമ്പലാം...."

റാവുത്തരുടെ ഗാനശകലം, അദ്ദേഹത്തിന്റെ ആംഗ്യത്തോടും സ്വരഭംഗിയോടും ആവർത്തിച്ചു പാടിക്കൊണ്ടാണ് ശ്രീധരൻ കന്നിപ്പറമ്പിൽ ചെന്നുകേറിയത്. അടുക്കളയിൽ ചെന്നപ്പോഴും അതുരുവിട്ടുപോയി.

"എന്താണെടാ, തുണിവിൽപ്പനക്കാരന്റെ ഒരു പാട്ട്?"

ശ്രീധരന്റെ അമ്മ പരിഹാസസ്വരത്തിൽ ചോദിച്ചു.

ശ്രീധരൻ ഒന്നും മറുപടി പറഞ്ഞില്ല. പക്ഷേ, മനസ്സിൽ കരുതി: ഒരു പെണ്ണിനേയും വിശ്വസിച്ചുകൂടാ—അമ്മയെപ്പോലും.....

# 4. പ്രൈവറ്റ് ബുക്കും കസവുവേഷ്ടിയും

രസികൻ.സംഭവങ്ങളാൽ സ്മരണീയമായൊരു ദിവസമായിരുന്നു അന്നു ശ്രീധരന്. രാവിലെ സ്കൂളിലെത്തിയപ്പോൾ കുട്ടികൾ കൂട്ടംകൂടിനിന്ന് എന്തോ പറയുന്നതും ചിരിക്കുന്നതും കേട്ടു. സംഗതിയെന്താണെന്നന്വേഷിച്ചപ്പോൾ ഒരു സഹപാഠി അടുത്ത വരാന്തയിലേക്കു ചൂണ്ടിക്കാട്ടി. ഗമയിൽ നടന്നു വരുന്നു കമാൻഡർ ഇൻ ചീഫ് ഗണപതി!

സിൽക്ക് പാന്റും സിൽക്ക് ഷർട്ടും പച്ച സർജ്കോട്ടും ധരിച്ച്, കോട്ടിന്റെ മീതേ പൂണനൂൽ അണിഞ്ഞുകൊണ്ടാണ് ഗണപതി സ്കൂളിലേക്കു വന്നിരിക്കുന്നത്. പൂണനൂൽ കുപ്പായത്തിനടിയിൽ കിടന്നാൽ തന്റെ ബ്രാഹ്മണത്വം പുറത്തുകാട്ടുന്നതെങ്ങനെയാണെന്നാണ് ഗണപതിയുടെ ചോദ്യം. ആ വാദത്തിൽ ഹെഡ്മാസ്റ്റർ കൊങ്ങിണിബ്രാഹ്മണൻ കെണിഞ്ഞുപോയി. അങ്ങനെ കോട്ടിനുമീതേ ബ്രഹ്മസൂത്രം ചുറ്റി (ആ മുഷിഞ്ഞ നൂലിൽ ഒരു പഴയ ഇരുമ്പുതാക്കോലും കെട്ടിയിട്ടിരുന്നു.) ഗണപതി ഓരോ ക്ലാസ്സിന്റെ മുമ്പിലും പ്രകടനം നടത്തി.

നരച്ച നീളൻ കാൽസ്രായും കറുത്ത ചങ്കടപ്പൻ കോട്ടും ധരിച്ച്, നെറ്റിയിൽ പുരികങ്ങൾ മൂടിക്കൊണ്ടു നിറയെ ചന്ദനംപൂശി, ഉറുപ്പികവട്ടത്തിലൊരു സിന്ദൂരപ്പൊട്ടും ചാർത്തി, ചെവിക്കുറ്റിയിൽ ഓരോ കോഴിവാലൻ ചെമ്പരത്തിപ്പൂവും തിരുകി വലിയൊരു പൂജാരിയുടെ മട്ടിലാണ് കരടി നാരായണൻ പുറപ്പെട്ടുവന്നിരിക്കുന്നത്. അവന്റെ മുത്തപ്പന്റെ ചാത്തം നോമ്പാണത്രെ.

ഉച്ചയ്ക്ക് ശ്രീധരൻ പീരമിഠായി വാങ്ങാൻ സ്കൂൾപടിക്കലെ ജിറാഫ് നായരുടെയടുക്കലേക്കു നടന്നു. അപ്പോൾ പത്തിരുപതുവാര ദൂരെ റോഡരുകിലെ ബദാംമരത്തണലിൽ, മുമ്പിൽ കുറെ പുസ്തകങ്ങളും നിരത്തിവെച്ച് ഒരു വിദ്വാൻ ഇരിക്കുന്നതു കണ്ടു. കുറച്ചു പൂച്ചരോമങ്ങൾ ചിതറിക്കിടക്കുന്ന തലമണ്ടയും, കവിളെല്ലുകൾ വല്ലാതെ തള്ളിനിൽക്കുന്ന മെലിഞ്ഞുനീണ്ട മുഖവും, ഒരുക്കൻമൂക്കുമുള്ള ആ മനുഷ്യൻ കാഴ്ചയ്ക്ക് ഒരു കഴുകനെപ്പോലെയുണ്ടായിരുന്നു. നെറ്റിയിൽ വിസ്തരിച്ചു ഭസ്മം പൂശിയിട്ടുണ്ട്. കഴുത്തിൽ വലിയൊരു രുദ്രാക്ഷവും തൂങ്ങിക്കിടക്കുന്നു.

ശ്രീധരൻ നോക്കുന്നതു കണ്ടപ്പോൾ അയാൾ ഒരു പഞ്ചാരപ്പുഞ്ചിരി തൂകി അടുത്തു ചെല്ലാൻ ആംഗ്യം കാണിച്ചു. ശ്രീധരൻ പരുങ്ങിനിന്നു. അയാൾ മുഖത്തെ പുഞ്ചിരിയോടുകൂടി ശ്രീധരനെ മെല്ലെ മാടിവിളിച്ചു. സംഗതിയെന്താണെന്നറിയാൻ ശ്രീധരൻ കഴുകന്റെയടുക്കലേക്കു ചെന്നു.

കഴുകന്റെ മുമ്പിൽ ഒരു ചാക്കുശീലയിൽ നിരത്തിവച്ചിരിക്കുന്ന പുസ്തകങ്ങളിലേക്കു ശ്രീധരൻ കണ്ണയച്ചു. സീതാദുഃഖം, പഞ്ചാംഗം, ജ്ഞാനപ്പാന, ഗുണകോഷ്ഠം, ഭീമൻകഥ മുതലായ കൊച്ചുപുസ്തകങ്ങളും, രാമായണം, ഭാരതം, കൃഷ്ണപ്പാട്ട് മുതലായ സാമാന്യം വലിയ പുസ്തകങ്ങളും അവിടെ സ്ഥലംപിടിച്ചിട്ടുണ്ട്. പഴകിയ പാഠ്യപുസ്തകങ്ങൾ ഒരു മൂലയിൽ കശക്കിയിട്ടിരിക്കുന്നു.

കഴകൻ, ശ്രീധരനെ സ്നേഹപൂർവ്വം സ്വീകരിച്ച്, ഒരു പഴയ ന്യൂസ് പേപ്പർ മുമ്പിലെടുത്തിട്ട് അതിൽ ഇരിക്കാൻ പറഞ്ഞു.

കുട്ടി ഏതു ക്ളാസ്സിലാണ പഠിക്കുന്നത്, പേരെന്താണ് എന്നൊക്കെ ചോദിച്ചു. ശ്രീധരൻ ഒറ്റവാക്കിൽ ഉത്തരംപറഞ്ഞു. അപ്പോൾ കഴകൻ നാലു ഭാഗത്തേക്കും ഒന്നു നോക്കി, അടുത്തെങ്ങും ആളില്ലെന്നു ബോദ്ധ്യം വരുത്തി, ശ്രീധരന്റെ നേർക്കു കഴുത്തുനീട്ടി, മെല്ലെ ഒരു ചോദ്യം: "ഒരു പ്രൈവറ്റ് ബുക്കുണ്ട്—വേണോ?"

പ്രൈവറ്റ് ബുക്കോ?—ശ്രീധരൻ പരുങ്ങി.

കഴകൻ കണ്ണുമിഴിച്ചുകൊണ്ടു വിവരിച്ചു: "വേറെ എവിടെയും കിട്ടാത്ത ഒരു ബുക്കാണ്—കുട്ടി അതൊന്നു വായിക്കണം. ആരും കാണാതെ ഒറ്റയ്ക്കിരുന്നു വായിക്കാൻ ബഹുരസമാണ്....."

ശ്രീധരൻ പിന്നെയും പരുങ്ങിനിൽപ്പായി. നാണം തോന്നി. എന്നാലും പ്രൈവറ്റ്ബുക്ക് എന്നു കേട്ടപ്പോൾ പുതിയൊരു ജിജ്ഞാസ. കൂടാതെ ആ മനുഷ്യൻ തന്നെ പ്രത്യേകം വിളിച്ചുവരുത്തി സ്വകാര്യമായി ഒരുപകാരം ചെയ്യാൻ വിചാരിക്കുമ്പോൾ.......

"വേണോ? വേഗം പറയണം. ഒരൊറ്റ കോപ്പിയേ ബാക്കിയുള്ളൂ." കഴകൻ നാലുപാടും നോക്കി തിരക്കുകൂട്ടി.

"എന്താ വില?" ശ്രീധരൻ നിലത്തു നോക്കിക്കൊണ്ടു ചോദിച്ചു.

"ഒരണ." കഴകൻ കഴുത്തിലെ രുദ്രാക്ഷം പിടിച്ചു തിരുമ്മിക്കൊണ്ടു മന്ത്രിച്ചു.

ശ്രീധരൻ പിന്നെയും പരുങ്ങിനിന്നു. കീശയിൽ ആകപ്പാടെ ഒരണയുണ്ട്. പീരമിഠായി തിന്നണോ, പ്രൈവറ്റ് ബുക്ക് വായിക്കണോ? പ്രശ്നം അതാണ്.

ഉച്ചയ്ക്കു ക്ളാസ്സ് ആരംഭിക്കുന്നതിനുള്ള ബെല്ലടി മുഴങ്ങുന്നു.

പീരമിഠായിയുടെ രസം അനുഭവിച്ചറിഞ്ഞതാണ്, പ്രൈവറ്റ് ബുക്കിന്റെ രസം—അത് എങ്ങനെയിരിക്കും? ഒന്നു പരീക്ഷിച്ചാലോ?.

ശ്രീധരൻ കീശയിൽനിന്ന് അണയെടുത്തു പിടിച്ചു.

കഴകൻ അടുത്തു വെച്ചിരുന്ന പഴയ ട്രങ്കുപെട്ടിയിൽ കൈയിട്ടു പുസ്തകം പരതിയെടുത്തു പൊത്തി മറച്ചുപിടിച്ചുകൊണ്ട് ശ്രീധരന്റെ കൈയിൽ സമർപ്പിച്ചു. അണ വാങ്ങി ഒക്കത്തു തിരുകിവെച്ചു.

ശ്രീധരൻ പ്രൈവറ്റ് ബുക്കിനെ ഒന്നു കടാക്ഷിച്ചു. 'ഭീമൻകഥ' യെപ്പോലെ ഒരു കൊച്ചുപുസ്തകം. ചാക്കിന്റെ നിറമുള്ള ചട്ട —ചട്ടയിൽ 'മൈഥുനവിധി' എന്ന് അച്ചടിച്ചിരിക്കുന്നു.

"ആരും കാണണ്ടാ—വേഗം പൊയ്ക്കോ—" കഴകൻ ശ്രീധരനെ ഇളക്കി വിട്ടു.

പ്രൈവറ്റ്ബുക്ക് മടക്കി ട്രൗസർപോക്കറ്റിൽ തിരുകി, ശ്രീധരൻ ക്ളാസ്സ് മുറിയിലേക്കു കുതിച്ചു.

ഉച്ചയ്ക്ക് ആദ്യത്തെ പീരിയഡ് വണ്ണാൻമാസ്റ്ററുടെ ഡ്രോയിങ് ക്ലാസ്സാണ്.

ചുരുളൻമുടിയും ചന്ദനപ്പൊട്ടും കാക്കിക്കോട്ടും സംസാരിക്കുമ്പോൾ വിക്കുമുള്ള അപ്പുണ്ണിമാസ്റ്റർ കൈയിൽ ചോക്കുകഷ്ണവും പൊക്കിപ്പിടിച്ച് ബ്ലാക്ക് ബോർഡിനടുക്കൽ ചെന്നുനിന്നു. ചോക്കുകൊണ്ടു ബോർഡിൽ ഒരു മിന്നൽപ്രയോഗം നടത്തി—

ചെരിച്ചുവെച്ച ഒരു കുടത്തിന്റെ ചിത്രം ബോർഡിൽ അവതരിച്ചു.

ഡ്രോയിങ്ബുക്കിൽ ആ മൺകുടത്തിന്റെ ചിത്രം പകർത്തിക്കൊണ്ടിരിക്കെ ശ്രീധരന്റെ വിചാരം മുഴുവനും കീശയിൽക്കിടക്കുന്ന പൈറവറ്റ്ബുക്കിനെക്കുറിച്ചായിരുന്നു. പൈറവറ്റ്ബുക്കിന്റെ അദ്ഭുതപ്രപഞ്ചത്തിൽ സഞ്ചരിക്കാനുള്ള അഭിവാഞ്ഛ മനസ്സിനെയിട്ടു കശക്കി—മൺകുടം വരച്ചതു മണ്ണാങ്കട്ടയായി.

രണ്ടാമത്തെ മലയാളം പീര്യഡും മൂന്നാമത്തെ മോറൽ ഇൻസ്ട്രക്ഷനും ഒരു മലകയറ്റംപോലെ തോന്നി. ബെല്ലടിച്ചപ്പോൾ കയറഴിച്ചിട്ട കാളക്കുട്ടനെപ്പോലെ കന്നിപ്പറമ്പിലേക്കു കുന്തിരിയെടുത്തു.

കന്നിപ്പറമ്പിലെത്തിയപ്പോൾ വീട്ടിന്റെ കോലായിൽ നാലഞ്ചാളുകൾ സംസാരിച്ചുകൊണ്ടു നിൽക്കുന്നു. മീശക്കണാരനും ആധാരം ആണ്ടിയും അക്കൂട്ടത്തിലുണ്ട്. അച്ഛൻ കൈ പിന്നിൽക്കെട്ടി വെറിപിടിച്ച മട്ടിൽ കോലായിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.

എന്താണിവിടെയൊരു വിശേഷം എന്നു ചിന്തിച്ചുകൊണ്ട് ശ്രീധരൻ കോലായിലേക്കു കേറി—താൻ പൈറവറ്റ്ബുക്ക് വാങ്ങിയ കഥ ഇവിടെ ആരെങ്കിലും അറിഞ്ഞുവോ എന്ന ഭയാശങ്കയും ശ്രീധരനെ പിടികൂടി.

“ആരാന്റെ മുതൽ ഇവിടെ വെക്കുന്നത് എനിക്കിഷ്ടമല്ലാ.” കൃഷ്ണൻ മാസ്റ്റർ ആരോടെന്നില്ലാതെ ഉറക്കെപ്പറയുന്നു.

“പിന്നെ അതെന്തുചെയ്യും?” മീശക്കണാരന്റെ ചോദ്യം.

“ആ വസ്തു ആർക്കെങ്കിലും ദാനംചെയ്യണം.” ആധാരമെഴുത്ത് ആണ്ടിയുടെ ഉപദേശം.

“ആരാന്റെ മുതലെടുത്തു ദാനം ചെയ്യുകയോ?” കൃഷ്ണൻമാസ്റ്റർ ദേഷ്യപ്പെട്ടു ചോദിച്ചു.

ശ്രീധരനു കാര്യമൊന്നും പിടികിട്ടിയില്ല. അവൻ കേറിവന്നതും അകത്തേക്കുപോയതും ഒന്നും അവരാരും ഗൗനിച്ചതുമില്ല.

അടുക്കളയിൽച്ചെന്നു കാപ്പികുടിക്കാനിരുന്നപ്പോൾ അമ്മ, അവന്റെ അച്ഛനു പറ്റിയ പോഴത്തത്തെക്കുറിച്ചുള്ള കഥ വിസ്തരിച്ചു പറഞ്ഞു കൊടുത്തു.

കൃഷ്ണൻമാസ്റ്റർ, അന്നു സ്കൂളിൽനിന്നു കുറച്ചു നേരത്തെ പുറപ്പെട്ടു. കണ്ണട ഒന്നു റിപ്പേർചെയ്യിക്കുന്നതിന് ബജാറിലേക്കു നടന്നു. അവിടെയെത്തിയപ്പോൾ നിരത്തുവക്കത്ത് ഒരു കടലാസുപൊതി കിടക്കുന്നതു കണ്ടു. അതു കുനിഞ്ഞെടുത്തു. കെട്ടഴിച്ചു നോക്കിയപ്പോൾ, വില പിടിച്ചൊരു പുത്തൻ കസവുവേഷ്ടി—കസവുവേഷ്ടി മടക്കിപ്പൊതിഞ്ഞു കെട്ടിയപാട് ആരുടെയോ പക്കൽനിന്നു വീണുപോയതായിരിക്കണം. സത്യവാനായ കൃഷ്ണൻമാസ്റ്റർ പിന്നെ ആ വേഷ്ടിയുടെ ഉടമസ്ഥനെ അന്വേഷിച്ചു പിടിക്കാനുള്ള തിടുക്കമായി. അയാളെ എങ്ങനെ കണ്ടു പിടിക്കും? കസവു വേഷ്ടി തനിക്കു കിട്ടിയിട്ടുണ്ടെന്ന കാര്യം ആ അജ്ഞാതനെ എങ്ങനെ അറിയിക്കും? മാസ്റ്റർ ആകപ്പാടെ ബേജാറിലായി. കസവുവേഷ്ടി നഷ്ടപ്പെട്ട കുണ്ഠിതത്തോടെ തെരുവിൽ അങ്ങുമിങ്ങും പരതി നടക്കുന്ന ഒരു സാധു. മനുഷ്യന്റെ ചിത്രം മാസ്റ്ററുടെ മനസ്സിൽ മറ്റെല്ലാം മറച്ചുകൊണ്ട് തുങ്ങിനിന്നു. സഹതാപക്കുത്തേറ്റ് സത്യധർമ്മപഥത്തിലേക്കിറങ്ങിയാൽ മനസ്സിന്റെ സമനില തെറ്റുന്നതു മാസ്റ്റർ അറിയുകയില്ല. വേഷ്ടി നഷ്ടപ്പെട്ട വ്യക്തിയെ

ആകർഷിച്ചുവരുത്താൻ മാസ്റ്റർ ഒരു പരിപാടിയിട്ടു. കസവു വേഷ്ടി പൊക്കിപ്പിടിച്ചുകൊണ്ട് അങ്ങാടിത്തെരുവിലൂടെ നാലുചാല് അങ്ങോട്ടുമിങ്ങോട്ടും നടത്തം പാസ്സാക്കി. വേഷ്ടി കണ്ടാൽ ഉടമസ്ഥൻ ഓടിവരുമല്ലോ. അതായിരുന്നു സൂത്രം. കുപ്പായവും തൊപ്പിയും കണ്ണടയും ചെരുപ്പും ധരിച്ച ഒരു മാന്യൻ തെരുവിലൂടെ കൊടി പിടിച്ച് കവാത്തുനടത്തുന്ന കാഴ്ച കണ്ട് ആളുകൾ കളിയാക്കിച്ചിരിച്ചു. മാസ്റ്ററെ പരിചയമുള്ള ചിലർ, മാസ്റ്റർക്കു നൊസ്സിളകിയോ എന്നു സംശയിച്ചുപോയി.

മാസ്റ്ററുടെ പ്രദർശനവും പ്രകടനവുംകൊണ്ടൊന്നും ഉദ്ദേശിച്ച ഫലം കിട്ടിയില്ല. വേഷ്ടി അവകാശപ്പെടാൻ ആരും മുന്നോട്ടുവന്നില്ല. അങ്ങനെ മാസ്റ്റർ വിഷണ്ണനായി, കസവുവേഷ്ടി ചുരുട്ടിക്കെട്ടി കക്ഷത്തിൽ വെച്ചു വീട്ടിലെത്തി. ഇനി ആ അനാഥവേഷ്ടി എവിടെ സൂക്ഷിക്കും? അതാണ് മാസ്റ്ററെ അലട്ടുന്ന പ്രശ്നം.

പൈ്രവറ്റ്ബുക്കുംകൊണ്ട് ശ്രീധരനും കുഴങ്ങി. അതെവിടെ സൂക്ഷിക്കും? പാഠപുസ്തകത്തിനുള്ളിൽ വയ്ക്കുന്നത് അപ്രകടമാണ്. ശ്രീധരന്റെ ഹോം വർക്കും, ശ്രീധരനു ക്ലാസ്സിൽനിന്നു കിട്ടിയ മാർക്കും മറ്റും പരിശോധിക്കാൻ അച്ഛൻ ചിലപ്പോൾ കേറിവരാറുണ്ട്. പെട്ടെന്നായിരിക്കും മൂപ്പരുടെ ഇൻസ്പെക്ഷൻ. അപ്പോൾ പാഠപുസ്തകം പൈ്രവറ്റ്ബുക്കിനെ പ്രസവിക്കുന്നതു കണ്ടാൽ....കണ്ണിച്ചൂരൽകൊണ്ടു തുടയിലെ തോലു പൊളിച്ചെടുക്കും.

പക്ഷേ, വേഷ്ടിപ്രശ്നത്തിൽ മുഴുകിയിരുന്നതിനാൽ മകന്റെ പഠിത്തം പരിശോധിക്കാൻ മാസ്റ്റർ പോയില്ല.

രാത്രിയുടെ നിശ്ശബ്ദത. ശ്രീധരൻ മലയാളപാഠപുസ്തകത്തിൽനിന്നു കോസടിയുടെ അടിയിലേക്കു മാറ്റിവെച്ചിരുന്ന പൈ്രവറ്റ്ബുക്ക് തപ്പിയെടുത്തു മേശപ്പുറത്തു ചിമ്മിനിവിളക്കിനരികെ പ്രതിഷ്ഠിച്ചു. ചട്ടയിലെ പേർ ഒന്നുറപ്പിച്ചു വായിച്ചു. മൈഥുനവിധി.

സംഗതി മറ്റേതാണെന്നു മനസ്സിലായി.

ഒരുൾക്കിടിലത്തോടെ ചട്ട മറിച്ച് ഉള്ളടക്കം പരിശോധിച്ചു. വിധി രചിച്ചിരിക്കുന്നതു കവിതയിലാണ്; കിളിപ്പാട്ടുരീതി.

ആദ്യംമുതൽക്കു വായിച്ചു. നാലഞ്ചുപുറം കഴിഞ്ഞു. സംഗതി വ്യക്തമായി മനസ്സിലാവുന്നില്ല. തപ്പിപ്പിടിച്ച് കട്ടിലിൽ കേറുന്ന ഘട്ടമെത്തി. അപ്പുറം പിന്നെയും ക്ലിഷ്ടത. യന്ത്രം, ഇന്ദ്രിയം മുതലായ എന്തൊക്കെയൊ വാക്കുകൾ ദഹിക്കുന്നില്ല. ഒരു പുളിച്ചുതേട്ടൽ അനുഭവപ്പെട്ടു. എന്നാലും വായന നിർത്തിയില്ല. ഒരണകൊടുത്തു സമ്പാദിച്ച അമൂല്യഗ്രന്ഥമല്ലേ? പൈ്രവറ്റ് ബുക്കിലെ മാറ്റർ എട്ടുപുറവും വായിച്ചുതീർത്തു. അജീർണ്ണം ബാധിച്ചപോലെ തോന്നി...കഴുകനെ ശപിച്ചു — ഒരണയ്ക്കു പന്ത്രണ്ടു പീരമിഠായി കിട്ടുമായിരുന്നു.

പൈ്രവറ്റ്ബുക്കിന്റെ ഒമ്പതാംപേജ് മുഴുവനും പരസ്യമാണ്: “സ്വപ്നസ്ഖലനനിവാരണി' മരുന്നിന്റെ പരസ്യം. ചോടെ വൈദ്യന്റെ ഒരുപദേശവും.

വൈദ്യോപദേശം വായിച്ചപ്പോൾ ശ്രീധരൻ ആകെ തളർന്നുപോയി. സ്വപ്നസ്ഖലനം ഉടൻ ഗൗനിക്കാതിരുന്നാൽ ഫലം: തലവേദന, നാഡി തളർച്ച, ക്ഷീണം, മെലിച്ചിൽ, ക്ഷയം....പിന്നെ മരണം!....

അന്ന്, പാതിര കഴിഞ്ഞിട്ടും ഉറക്കം കിട്ടാതെ കന്നിപ്പറമ്പിൽ രണ്ടുപേർ ഉഴലുന്നുണ്ടായിരുന്നു. പൈ്രവറ്റ്ബുക്കിലെ പരസ്യം കണ്ടു പേടിച്ച സാധു ശ്രീധരനും,

വേഷ്ടിപ്രശ്നത്തിൽ തലപുകഞ്ഞ സത്യവാൻ കൃഷ്ണൻ മാസ്റ്ററും.

# 5. കത്തിപ്പടരുന്നൊരു തറവാടും തെക്കുനിന്നു വന്നവരും

കോഉഞ്ചേരിയിലെ ചന്തുക്കുട്ടിമേലാൻ അന്തരിച്ചപ്പോൾ തറവാട്ടുകാരണവരായിത്തീരേണ്ടത് മൂത്തമകൻ രാമനായിരുന്നു. എന്നാൽ, രാമൻ മേലാൻ അച്ഛൻ ജീവിച്ചിരുന്ന കാലത്തുതന്നെ ഒരു ഭക്തനും വിരക്തനുമെന്നനിലയിൽ അകലെയൊരിടത്തു താമസമാക്കിയിരിക്കയായിരുന്നു. തറവാട്ടുകാര്യങ്ങൾ നോക്കാനും മറ്റും അച്ഛനെ സഹായിച്ചിരുന്നത്. രണ്ടാമത്തെ മകൻ കുഞ്ഞിക്കേളുവായിരുന്നു. അങ്ങനെ ചന്തുക്കുട്ടിമേലാൻ മരിച്ചപ്പോൾ തറവാട്ടുഭരണം കുഞ്ഞിക്കേളുമേലാൻ ഏറ്റെടുത്തു—തട്ടിയെടുത്തു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി—മൂന്നാമത്തെ മകൻ ശങ്കരൻ പ്രായപൂർത്തിയെത്താത്ത ഒരു ബുദ്ദൂായിരുന്നു.

മെലിഞ്ഞു നീണ്ടു മധുരനാരങ്ങയുടെ തൊലിനിറമുള്ള ഒരു സുന്ദരക്കുട്ടനായിരുന്നു. കുഞ്ഞിക്കേളു, ചെറുപ്പത്തിൽ ബാധിച്ച വസൂരി രോഗത്താൽ ഇടത്തേ കണ്ണു കലങ്ങി ചത്തുപോയിരുന്നു. മുഖത്തെ ആ വൈകല്യം മറച്ചുപിടിക്കാൻ സദാ നീലക്കണ്ണട ധരിച്ചുകൊണ്ടാണു നടക്കുക.

ഒരു പ്രഭുവിന്റെ മട്ടിലായിരുന്നു കുഞ്ഞിക്കേളുമേലാന്റെ ഉടുപ്പും നടപ്പും. സിൽക്ക് ധോത്തി, സിൽക്ക് ഷർട്ട്, കസവുവേഷ്ടി (ഈ ധോത്തിയും അങ്കവസ്ത്രവും ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിൽനിന്നു മേലാനുവേണ്ടി പ്രത്യേകം ഓർഡർചെയ്തു നെയ്തുണ്ടാക്കിയവയാണ്.) കൈവിരലുകളിൽ വെട്ടിത്തിളങ്ങുന്ന രത്നമോതിരങ്ങൾ—ഷർട്ടിനു വൈരക്കല്ലു പതിച്ച കഫ് ബട്ടൺസ്—അക്കാലത്തു ലഭിക്കാവുന്നതിൽവെച്ച് ഏറ്റവും വിലകൂടിയ റിസ്റ്റ് വാച്ച് ഇങ്ങനെയുള്ള ചമയങ്ങളോട്ടുകൂടിയല്ലാതെ പുറത്തിറങ്ങുകയില്ല. ഒന്നുരണ്ടുപേർ എപ്പോഴും കൂടെ ഉണ്ടായിരിക്കും. അവരിൽ പ്രധാനി ഇരുമ്പൻ പോക്കർ എന്ന ജോനകനാണ്—കുഞ്ഞിക്കേളുമേലാന്റെ അംഗരക്ഷകനും പ്രൈവറ്റ് സെക്രട്ടറിയുമാണ് പോക്കർ. ഇരുമ്പു ഖജാനപോലത്തെ നെഞ്ചും തുറിച്ച ചെമ്പൻകണ്ണുകളും കൊമ്പൻമീശയുമുള്ള ആ ഭയങ്കരൻ, വലതുഭുജത്തിൽ ഒരുറുക്കും, കോടിത്തോർത്തുമുണ്ടുകൊണ്ട് ഒരു കോഴിവാലൻതലക്കെട്ടും കെട്ടി, അരയിൽ ഒരു കഠാരിയും തിരുകി, എന്തിനും തയ്യാറായി, എപ്പോഴും കുഞ്ഞിക്കേളുമേലാന്റെ പിറകിലുണ്ടായിരിക്കും.

കണ്ടാൽ കൊള്ളാവുന്ന പെൺസൃഷ്ടികൾക്ക്—ബാലികയോ, വിവാഹിതയോ, വിധവയോ, വൃദ്ധകന്യകയോ ആരായാലും—കുഞ്ഞിക്കേളുമേലാന്റെ മോഹവലയിൽപ്പെട്ടാൽ രക്ഷയുണ്ടായിരുന്നില്ല. അവരെ തരപ്പെടുത്തുന്നതിനു ചതുരുപായങ്ങളും മേലാൻ പയറ്റും. അവരെ രക്ഷിക്കാൻ ആരെങ്കിലും ഒരുമ്പെട്ടാൽ ഇരുമ്പൻപോക്കർ രംഗത്തുവരും. കൈക്രിയ കൊണ്ടുതന്നെ മിക്കവാറും കാര്യം കലാശിപ്പിക്കും. ഗതിമുട്ടിയാലേ പോക്കർ അരയിൽനിന്നു കഠാരി എടുക്കുകയുള്ളൂ. പോക്കരുടെ ഇരുമ്പുലക്കക്കൈകൾകൊണ്ട് ഒട്ടേറെ കഴുത്തുകൾ ഞെക്കിപ്പിഴിയപ്പെട്ടിട്ടുണ്ട്. മൃതദേഹം കുഴിച്ചിട്ട് മീതെ വാഴവയ്ക്കുകയോ മതിലിൽ

ചാരിനിർത്തി പുത്തൻമതിൽ കിളച്ചു മറിച്ചുകളയുകയോ ചെയ്യും. ചില അവസരങ്ങളിൽ ശവം കല്ലുകെട്ടി പുഴയിൽ താഴ്ത്തിക്കളയേണ്ടതായും വന്നിട്ടുണ്ട്—പുലരുന്നതിനു മുമ്പ് എല്ലാം കഴിയും.

പോക്കരുടെ ചൊല്ലും വിളിയും കേൾക്കാൻ തയ്യാറായി പോക്കിരികളുടെ ഒരു ഗൂഢസംഘത്തെയും മേലാൻ പുലർത്തിവന്നിരുന്നു. ഈ തെമ്മാടിപ്പടയുടെ ആവശ്യം ഇടയ്ക്കിടെ ഉണ്ടാകും. തമിഴ് നാടകസംഘങ്ങളും സർക്കസ് കമ്പനിക്കാരും മറ്റും പ്രദർശനങ്ങൾ നടത്താൻ പട്ടണത്തിൽ വരും. ആ അവസരങ്ങളിൽ സംഘത്തിലെ പേരുകേട്ട അല്ലെങ്കിൽ അഴകുറ്റ നടിമാരെ നാടകീയമായി ഇവർ തട്ടിക്കൊണ്ടുപോകും, കുഞ്ഞിക്കേളുമേലാന്റെ അന്തപ്പുരങ്ങളിലേക്ക്. നാടകം തുടങ്ങുമ്പോൾ അണിയറയിൽ ചമഞ്ഞൊരുങ്ങി നിൽക്കുന്ന നായികയെ കാണുകയില്ല. നായിക കുഞ്ഞിക്കേളുമേലാന്റെ രഹസ്യസങ്കേതങ്ങളിലൊന്നിൽ മറ്റു ചില പ്രദർശനങ്ങൾ നടത്താൻ നിർബ്ബദ്ധയായി നിൽക്കുന്നുണ്ടാവും. സർക്കസ് സുന്ദരികളുടെയും അനുഭവങ്ങൾ അങ്ങനെതന്നെ.

നാട്ടിൽ മോട്ടോർകാറുകൾ കേട്ടുകേൾവി മാത്രമായിരുന്ന കാലത്തുതന്നെ കുഞ്ഞിക്കേളുമേലാൻ ബിലാത്തിയിൽനിന്ന് ഒരു കാർ വരുത്തി. അതിൽ സവാരി തുടങ്ങി. ദീപ്രപഭകളോടും ശബ്ദകോലാഹലത്തോടുംകൂടി ഒരു കല്യാണഘോഷയാത്രയുടെ മട്ടിലായിരുന്നു, രാത്രിയിൽ മേലാന്റെ കാർസവാരി.

ഒരിക്കൽ ഈ ഘോഷയാത്ര പട്ടണത്തെരുവുകളിലൂടെ പത്തുപതിനഞ്ചു പ്രാവശ്യം പ്രദക്ഷിണംവെച്ചു പോയതു കണ്ടു മേലാന്റെ ഒരു സ്നേഹിതൻ, കാറിലിരിക്കുന്ന ഇരുമ്പൻ പോക്കരോടു സംഗതിയെന്താണെന്നു ചോദിച്ചു—മേലാന്റെ സ്ഥാനത്ത് കാറിന്റെ പിൻസീറ്റിൽ ഇരുന്നിരുന്ന ഇരുമ്പൻ പോക്കർ തന്റെ കോഴിവാലൻ തലക്കെട്ട് ഒന്നു പിടിച്ചു നേരെയാക്കി, ഇങ്ങനെ മറുപടി കൊടുത്തു:
"മേലാന്റെ സർട്ടിന്റെ ഒരു കഫ് ഫട്ടൺസ് കാങ്ങ്ണില്ല്യ—റോട്ടിമ്മലെങ്ങാൻ ബീണോന്ന് ഒരു തമസം—തെരഞ്ഞുനോക്ക്വാണ്....."

കുഞ്ഞിക്കേളുമേലാൻ ചെല്ലും ചെലവും കൊടുത്തു കൈവശം വച്ചിരുന്ന അഞ്ചാറു വാരനാരികൾ പട്ടണത്തിന്റെ പല മൂലകളിലുമായി പാർപ്പുറപ്പിച്ചിട്ടുണ്ടായിരുന്നു. അക്കൂട്ടത്തിൽ മേലാന്റെ ഇഷ്ടദേവത വെള്ളരിക്കക്കല്യാണി എന്ന ഭൂലോകരംഭയായിരുന്നു. കുഞ്ഞിക്കേളു മേലാനെ കുരങ്ങു കളിപ്പിക്കാൻപോന്ന ഒരു പ്രത്യേകസൃഷ്ടിയായിരുന്നു കല്യാണി. ഒരിക്കൽ അവൾ പണം ആവശ്യപ്പെട്ടപ്പോൾ കുഞ്ഞിക്കേളുമേലാൻ അവൾക്ക് ഒരു പച്ചനോട്ട് (നൂറുറുപ്പിക) എടുത്തു കൊടുത്തു. ആ നോട്ട് അവൾ നിസ്സാരഭാവത്തിൽ തട്ടിക്കളഞ്ഞു. തനിക്കും ഈ നൂറിന്റെ നോട്ടു നിസ്സാരമാണെന്ന് അവളെ ബോദ്ധ്യപ്പെടുത്താൻ മേലാൻ അപ്പോൾത്തന്നെ ആ കടലാസ് കഷ്ണമെടുത്തു മേശവിളക്കിന്റെ ജ്വാലയിൽ കാട്ടി തീപ്പിടിപ്പിച്ച്, കീശയിൽ നിന്നു സിഗരറ്റെടുത്തു കൊളുത്തി. ചാമ്പലായ നോട്ട് ജാലകത്തിലൂടെ പുറത്തേക്കെറിഞ്ഞു കളഞ്ഞു. അതു കണ്ടു കല്യാണി ചിരിച്ചു. മേലാനും ചിരിച്ചു. ഉടൻതന്നെ കീശയിൽനിന്ന്, അഞ്ചു പച്ചനോട്ടുകളെടുത്തു പ്രണയിനിയുടെ മാറിൽ തിരുകിക്കൊടുത്തു.

കുഞ്ഞിക്കേളുമേലാന് പണത്തിനു ക്ഷാമമില്ല. റൊക്കം പണമില്ലെങ്കിൽ ജന്മാധാരങ്ങളില്ലേ? ജ്യേഷ്ഠൻ ജപവും ധ്യാനവുമായി കഴിയുന്നു, അനുജൻ മടയനാണ്.

അന്വേഷിക്കാനും ചോദിക്കാനും ആരുമില്ല. ചാരായത്തിന്റെ ലഹരിയിൽ, തേവിടിശ്ശികളുടെ കരവലയബന്ധനത്തിൽ, എത്ര തീറാധാരങ്ങളിൽ കൈയൊപ്പു ചാർത്തിക്കൊടുത്തുവെന്ന് കുഞ്ഞിക്കേളുമേലോനു നിശ്ചയമില്ല. ചുളിക്കാറ്റിൽ കരിയിലകൾപോലെ, കേളഞ്ചേരിത്തറവാട്ടിലേക്കു ചേർന്ന നിലങ്ങളുടെ ജന്മാധാരങ്ങൾ പറന്നുതുടങ്ങി. ഈ തിരക്കിൽ ഒന്നാംകാര്യസ്ഥൻ ശ്രുപ്പപ്പട്ടരും തന്റെ ബ്രഹ്മസൂത്രത്തിൽ കുറെയെണ്ണം കുടുക്കിയെടുത്തു.

ആറേഴുവർഷം മുമ്പ് ദൂരെ തെക്കു തിരുവിതാംകൂറിലെ കൊല്ലം പ്രദേശത്തുനിന്നു നാലഞ്ചു കുടുംബങ്ങൾ പട്ടണത്തിൽ കുടിയേറിപ്പാർക്കാനെത്തിച്ചേർന്നിരുന്നു. അവർ കൈത്തൊഴിൽ വിദക്ദ്ധരായിരുന്നു. ചൂടിനെയ്ത്തിനുള്ള ഉപകരണങ്ങളുമായിട്ടാണ് അവർ വന്നത്. എല്ലാവരും നല്ല നീലക്കറുമ്പന്മാർ—വിചിത്രമായ പേരുകളും—അവർ സ്വാശ്രയശീലരും സമ്പന്നരും സാമാന്യം അഭ്യസ്തവിദ്യരുമായിരുന്നു. പക്ഷേ, പട്ടണത്തിലെ യാഥാസ്ഥിതികസമുദായം ഈ നവാഗതരെ ബഹിഷ്കരിച്ചു. നെയ്ത്ത്, ചാലിയരുടെ കുലത്തൊഴിലാണ്, സമുദായത്തിനു പറഞ്ഞതല്ല എന്നതായിരുന്നു ബഹിഷ്കരണത്തിന്റെ കാരണം. കോലുകൊണ്ടു ചൂടിപ്പടം നെയ്യുന്ന വരുത്തരെ, കോൽച്ചാലിയന്മാർ എന്നു പറഞ്ഞ് അവർ കളിയാക്കി. കോൽച്ചാലിയൻ എന്ന പദം ക്രമേണ ലോപിച്ചു കോച്ചാളി എന്നായി—മ്ലേച്ഛൻ എന്നതിന്റെ പര്യായമായിത്തീർന്നു കോച്ചാളി.

കോച്ചാളികൾ പട്ടണത്തിൽ നെയ്ത്തുശാലകളും തുണിക്കടകളും തുടങ്ങി. തൊലിനിറം നീലക്കറുപ്പായിരുന്നുവെങ്കിലും, ഉടുപ്പിലും നടപ്പിലും അവർ ഉഗ്രന്മാരായിരുന്നു. അവരുടെ തലവൻ കറുത്ത അൽപ്പാക്കാക്കോട്ടും കസവുതലക്കെട്ടും സ്വർണ്ണച്ചങ്ങലയോടുകൂടിയ ഗഡിയാളും ധരിച്ച് നല്ല റങ്കുള്ള ജഡ്കാവണ്ടിയിലാണു സഞ്ചരിച്ചിരുന്നത്—കോട്ടിന്റെ ഓരോ ബട്ടണും ഓരോ കുതിരപ്പവനായിരുന്നു.

പക്ഷേ, ഇവരുടെ ഈ പ്രൗഢിയും പകിട്ടുമൊന്നും സമുദായത്തിലെ സാധാരണക്കാരെപ്പോലും ഇളക്കിയില്ല. സമുദായത്തിലെ പ്രമാണിമാരും, ഈർച്ചക്കാരും, ചെത്തുകാരും, സ്വസ്ഥരും കോച്ചാളികളെ പുച്ഛിച്ചുതള്ളി.

കേളഞ്ചേരിയിലെ ചന്തുക്കുട്ടിമേലാന്റെ കാലത്താണ് അവർ വന്നത്. അവരുടെ ഉടുപ്പും നടപ്പും മേലാനു രസിച്ചില്ല. ഉള്ളിൽ ഒരസൂയയും. എന്നാൽ മേലാൻ അതൊന്നും പുറമേ പ്രകടിപ്പിച്ചില്ല. തെക്കുനിന്നു വന്ന കോൽച്ചാലിയന്മാർക്കെതിരായി സമുദായത്തിൽ വളർന്നുവരുന്ന അയിത്ത മനോഭാവത്തെ മേലാൻ രഹസ്യമായി പ്രോത്സാഹിപ്പിച്ചു, സമുദായത്തിലെ പുരോഹിതാചാര്യനായിരുന്ന തണ്ടാനെക്കൊണ്ടു കോച്ചാളികൾക്ക് എറ്റും മാറ്റും വിലക്കി. സാമുദായികവേഴ്ചകൾ അസാദ്ധ്യമാക്കിത്തീർത്തു. അവരുടെ ചോറുണ്ണുന്നതിലും അയിത്തം കൽപിച്ചു. അങ്ങനെ തെക്കുനിന്നുള്ള വരുത്തന്മാർ ഒറ്റപ്പെട്ടു.

എന്നാൽ തൊഴിലിന്റെ കുറ്റം പറഞ്ഞ്, തെക്കുനിന്നു വന്ന സഹോദരസമുദായക്കാരെ അകറ്റിനിർത്തുന്നത് അഭിലഷണീയമല്ലെന്നു ചില അഭിപ്രായക്കാരും ഉണ്ടായിരുന്നു. കന്നിപ്പറമ്പിലെ കൃഷ്ണൻമാസ്റ്റർ ആ പക്ഷക്കാരനായിരുന്നു. നാട്ടിൽ പുതിയൊരു കൈത്തൊഴിൽ പ്രചരിപ്പിക്കാൻ വന്ന കൂട്ടരെ പുച്ഛിച്ചു പുറംതള്ളിയതുകൊണ്ട് സമുദായത്തിന് എന്തു നേട്ടമാണു കിട്ടാൻപോകുന്നതെന്നു

കൃഷ്ണൻ മാസ്റ്റർ ചോദിച്ചു. കോച്ചാളികളോടു കോഴവാങ്ങി അവരുടെ വക്കാലത്തുമായി നടക്കുകയാണ് കൃഷ്ണൻമാസ്റ്റർ എന്ന്, അതിരാണിപ്പാടത്തെ ആധാരമെഴുത്ത് ആണ്ടി ഒരു പ്രചരണം നടത്തി.

കേളഞ്ചേരിയിലെ ചന്തുക്കുട്ടിമേലാൻ പുറമേ ഒരു നിഷ്പക്ഷതാഭാവം നടിച്ചു. തെക്കുനിന്നു വന്നവരെ സമുദായാംഗങ്ങളായി സ്വീകരിക്കണമെന്നു വാദിക്കുന്നവർ ഒരു ന്യൂനപക്ഷമായിരുന്നു. ചന്തുക്കുട്ടിമേലാൻ ഈ വസ്തുത മനസ്സിലാക്കിയിരുന്നു.

കൃഷ്ണൻമാസ്റ്ററുടെ പരിശ്രമഫലമായി തെക്കുനിന്നു വന്നവരുമൊത്ത് ഒരു പന്തിഭോജനപരിപാടി ആവിഷ്കരിക്കപ്പെട്ടു—കേളഞ്ചേരിയിലെ ചന്തുക്കുട്ടിമേലാനെ കൃഷ്ണൻമാസ്റ്റർ ചെന്നു കണ്ടു പ്രസ്തുത പന്തിഭോജനത്തില് പങ്കുകൊള്ളാൻ ക്ഷണിച്ചു. കൃഷ്ണൻമാസ്റ്ററെ അദ്ഭുതപ്പെടുത്തിക്കൊണ്ട്, മേലാൻ ക്ഷണം സന്തോഷപൂർവ്വം സ്വീകരിച്ചു. കോച്ചാളികളുടെ സമുദായഭ്രഷ്ടനിവാരണസദ്യയിൽ കേളഞ്ചേരിയിലെ വലിയമേലാൻ പങ്കെടുക്കുന്നുണ്ടെന്നു കേട്ടപ്പോൾ എതിരുനിന്നിരുന്ന കുറച്ചുപേർ സദ്യയിൽ സഹകരിക്കാൻ സന്നദ്ധരായി. പക്ഷേ, അധികംപേരും തങ്ങളുടെ ബഹിഷ്കരണനയത്തിൽത്തന്നെ ഉറച്ചുനിന്നു. തെക്കുനിന്നു വന്നവരുടെ ചെലവിൽത്തന്നെയായിരുന്നു സദ്യ. ദേശക്കാർ മുമ്പു കണ്ടിട്ടും അനുഭവിച്ചിട്ടുമില്ലാത്ത നാനാതരം വിഭവങ്ങൾ ഒരുക്കിയിരുന്നു.

ക്ഷണിക്കപ്പെട്ടവരിൽ ഒരു നല്ലവിഭാഗം വന്നില്ല—അക്കൂട്ടത്തിൽ ദേശത്തിലെ തണ്ടാനും, പരിഗണിക്കപ്പെടേണ്ട പല പ്രമാണിമാരും പെടും—കേളഞ്ചേരിയിലെ വലിയമേലാനും തടിതപ്പിക്കളയുമോ എന്നായിരുന്നു ശുദ്ധീകരണസദ്യയുടെ സംഘാടകരുടെ ഭയം. പക്ഷേ, കൃത്യസമയത്തു തന്നെ തന്റെ ഗവർണ്ണസ്കാർട്ട് കുതിരവണ്ടിയിൽ കേളഞ്ചേരിയിലെ ചന്തുക്കുട്ടിമേലാൻ എഴുന്നള്ളി.

സദ്യയ്ക്ക് ഇലയിട്ടു ചോറു വിളമ്പി —വഴിയേ വിശിഷ്ടവിഭവങ്ങളും ഒഴുകിത്തുടങ്ങി.

ആ മുഹൂർത്തത്തിൽ ഒരു കമ്പിശിപായി അവിടെ പ്രവേശിച്ചു. കേളഞ്ചേരി ചന്തുക്കുട്ടിമേലാണ് ഒരർജൻ്റ് ടെലഗ്രാം. മേലാന്റെ പൈ്രവറ്റ് സിക്രട്ടറി കുഞ്ഞാണ്ടി കമ്പി ഒപ്പിട്ടുവാങ്ങി, പൊളിച്ചു വായിച്ചു മേലാനെ കേൾപ്പിച്ചു. തുക്കി സായ്പ് അയച്ച കമ്പിയാണ്—ഉടൻ ചെന്നു കാണണമെന്ന അടിയന്തിരസന്ദേശം.

ഉണ്ണാൻ ഇലയിൽ കുത്തിയ കൈ വലിച്ച്, മേലാൻ ആതിഥേയനോടും അതിഥികളോടും ക്ഷമായാചനംചെയ്ത് എണീറ്റു കുതിരവണ്ടിയിൽ കയറി സ്ഥലംവിട്ടു.

പന്തിയിലിരുന്നവർ സുഖമായി സദ്യയുണ്ട്, ശുഭാശംസകളോടെ പിരിഞ്ഞുപോയി.

അതിന്റെ പിറ്റേന്നാൾ തണ്ടാൻ കേളു ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. തലേന്നാൾ കോച്ചാളികളുടെകൂടെ ഊണുകഴിച്ച വീട്ടുകാരെയെല്ലാം സമുദായഭ്രഷ്ടരാക്കിയിരിക്കുന്നു. അവർക്കു മേലാൻ എറ്റും മാറ്റും വിലക്കിയിരിക്കുന്നു!

കൃഷ്ണൻമാസ്റ്റർക്കു ചൂടുപിടിച്ചു. കേളഞ്ചേരിമേലാന്റെ കുനഷ്ടു വിദ്യയാണിതെല്ലാം എന്നു മാസ്റ്റർക്കു മനസ്സിലായി. പന്തിയിൽ എല്ലാവരും ഉണ്ണാനിരിക്കുന്ന മുഹൂർത്തത്തിൽ വന്ന കമ്പി മേലാൻതന്നെ മുൻകൂട്ടി ഏർപ്പാടുചെയ്ത കള്ളക്കമ്പിയാണെന്നും മാസ്റ്റർക്കു മനസ്സിലായി—മേലാന്റെ രഹസ്യോപദേശപ്രകാരമാണ് മറ്റു പ്രമാണിമാർ സദ്യയിൽ സന്നിഹിതരാവാതെയിരുന്നതെന്നും മാസ്റ്റർ ഊഹിച്ചെടുത്തു—

യാഥാസ്ഥിതികത്വത്തിന്റെ വാലിൽ തൂങ്ങിനിന്നിരുന്ന കൃഷ്ണൻ മാസ്റ്റർ അന്നുമുതല്ക്ക് ഒരു പുരോഗമനവാദിയായി. കേളഞ്ചേരിമേലാനും ദേശത്തിലെ തണ്ടാനും ഞങ്ങളെ പുറത്താക്കിയിരിക്കയാണെങ്കിൽ കേളഞ്ചേരിമേലാനെയും കേളുതണ്ടാനേയും ഞങ്ങളും പുറത്താക്കിയിരിക്കുന്നു എന്നു കൃഷ്ണൻമാസ്റ്റർ പ്രഖ്യാപിച്ചു. പക്ഷേ, ഒരു ന്യൂനപക്ഷമേ മാസ്റ്ററുടെകൂടെ ഉണ്ടായിരുന്നുള്ളു.

അതിരാണിപ്പാടത്തു മാസ്റ്റർക്കും മാസ്റ്ററുടെ അനുയായികൾക്കുമെതിരേ ഗൂഢപ്രചാരവേല നടത്താൻ മുന്നിട്ടിറങ്ങിയത് ആധാരമെഴുത്ത് ആണ്ടിയായിരുന്നു.

ആധാരമെഴുത്തുകാരൻ, കണക്കപ്പിള്ള, ഗായകൻ ഇവയെല്ലാം കൂടിച്ചേർന്ന ഒരു വിരുതനായിരുന്നു ആണ്ടി. കറുത്തു മെലിഞ്ഞ ഒരു മദ്ധ്യവയസ്കൻ.

ആണ്ടിക്ക് ഒന്നരവയസ്സുള്ളപ്പോൾ തേങ്ങാപറിക്കാരനായിരുന്ന തന്ത തെങ്ങിന്മേൽനിന്നു വീണു മരിച്ചു. പിന്നെ ആണ്ടിയെ തീറ്റിപ്പോറ്റിയത് അമ്മ കാളിയാണ്. കാളിയമ്മ തന്റെ ഏകപുത്രനെ വളർത്താനും, അവനെ എഴുത്തുപള്ളിയിലയച്ചു വിദ്യാഭ്യാസംചെയ്യിക്കാനും വളരെ കഷ്ടതകളനുഭവിച്ചിട്ടുണ്ട്. കൂലിവേലചെയ്തും ഇരന്നും പട്ടിണികിടന്നും ആ തള്ള മകനെ ഒരാളാക്കിത്തീർത്തു. മൂന്നേമുക്കാലടി പൊക്കവും, ഒരു മന്തുകാലുമുള്ള ആ തള്ളയ്ക്ക് എപ്പോഴും ഒരു മന്ത്രമേ ജപിക്കാനുണ്ടായിരുന്നുള്ളു: "എന്റെ മോൻ ആണ്ടി." ആണ്ടി എട്ടാംതരം വരെ പഠിച്ചു. പിന്നെ പഠിപ്പു നിർത്തി പുഴക്കരയിലെ ഒരു മരപ്പാണ്ടികശാലയിൽ കണക്കെഴുത്തു പരിശീലിക്കുന്നതിനു ചേർന്നു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ആധാരമെഴുത്തും വശമാക്കി. ഈ വിദ്യയിൽ ആണ്ടിയുടെ ആശാൻ വേലപ്പൻനായർ എന്ന വിദ്വാനായിരുന്നു. കള്ളാധാരങ്ങൾ നിർമ്മിക്കുന്നതിൽ ബഹുവിദഗ്ദ്ധനായിരുന്നു അഷ്ടവക്രൻ വേലപ്പൻനായർ. അതിന്റെ സകലസൂത്രങ്ങളും അയാൾ ശിഷ്യൻ ആണ്ടിക്കുപദേശിച്ചുകൊടുത്തു. അക്ഷരങ്ങൾ പല വടിവുകളിലെഴുതാനും, ആധാരങ്ങൾക്കും പേരാനോട്ടുകൾക്കും പഴക്കം തോന്നിക്കാൻ അവയെ പുകയേല്പിച്ചും ചില രാസപ്രയോഗങ്ങൾ നടത്തിയും പാകപ്പെടുത്താനും ഒരുവർഷത്തെ പരിശീലനംകൊണ്ടു ഗുരു വേലപ്പൻനായരെ അതിശയിക്കാൻ ആണ്ടിക്കു സാധിച്ചു. സംഗീതത്തിലും നാടകാഭിനയത്തിലും അവനു താൽപര്യമുണ്ടായിരുന്നു. ഒരു വണ്ണാൻഭാഗവതരുടെ കീഴിൽ ഒരു പഴയ ഹാർമ്മോണിയപ്പെട്ടിയും കരയിച്ചുകൊണ്ടു കുറച്ചുകാലം ആണ്ടി സരിഗമ പാടി; 'ശംഭോ ശിവശംഭോ ശങ്കരാ മഹാദേവാ' തുടങ്ങിയ ചില കീർത്തനങ്ങളും വശമാക്കി. തന്റെ ഓമനപ്പുത്രന്റെ എല്ലാ പ്രവർത്തനങ്ങളിലും കാളിത്തള്ള അഭിമാനം പുലർത്തി; അവന്റെ കള്ളുകുടിയിൽപ്പോലും. പകൽ മുഴുവനും പീടികകളിൽ കണക്കെഴുത്തും കള്ളാധാരനിർമ്മാണവും, രാത്രി സംഗീതവും നാടകാഭിനയവും കള്ളുകുടിയുമായി ആണ്ടി ജീവിതം നയിച്ചു. ചിലപ്പോൾ കള്ളും കുടിച്ചു പുരയിൽ ചെന്നുകേറുന്നത് പാതിര കഴിഞ്ഞിട്ടോ പുലരാൻകാലത്തോ ആയിരിക്കും. കാളിയമ്മ കിണ്ണത്തിൽ ചോറും വിളമ്പിവെച്ച് ഉറങ്ങാതെ മകനെ കാത്തിരിക്കുന്നുണ്ടാവും. മകനോട് അലോസരപ്പെട്ട് ഒരു വാക്കുപോലും തള്ള പറയുകയില്ല. പുരയിൽ ചിലപ്പോൾ വിളക്കു കത്തിക്കാൻ 'കാസേർട്ട്' (മണ്ണെണ്ണ) ഉണ്ടാവുകയില്ല. അപ്പോൾ ആണ്ടിക്കു ചോറുണ്ണാൻ കാളിയമ്മ ഒരോലച്ചൂട്ടു കത്തിച്ചു കിണ്ണത്തിനരികെ പിടിച്ചു കൊടുക്കും.

ഒരുദിവസം രാത്രി ആണ്ടി കള്ളുകുടിച്ചു ബോധമില്ലാതെ വഴിക്ക് ഒരു

പാറക്കല്ലിൽ തടഞ്ഞ് മുഖമടച്ച വീണു. വായിലെ മേൽവരിയിലെ മൂന്നു പല്ലുകൾ നമശ്ശിവായ ചൊല്ലിപ്പോയി. വായിലെ പല്ലും കളഞ്ഞു പുരയിൽ വന്നുകേറിയ മകനെ കണ്ടപ്പോൾ കാളിത്തള്ളയ്ക്കു ചിരിയടക്കാൻ കഴിഞ്ഞില്ല. തള്ള ഊരയ്ക്കു കൈയുംകൊട്ടുത്തുനിന്നു ചിരിയോട്ടുചിരി. തൊണ്ണം കാട്ടി തലയാട്ടിച്ചിരിക്കുന്ന തള്ളയെക്കണ്ട് ആണ്ടിയും ചിരിച്ചുപോയി.........

വായിലെ ദന്തശൂന്യത ആണ്ടിയുടെ സംഗീതപ്രകടനത്തിനു പ്രതിബന്ധം വരുത്തിയില്ല. കൂടുതൽ ആവേശത്തോടെ ആണ്ടി ഗാനകലയെ പിടികൂടുകയാണുണ്ടായത്.

ആ ആണ്ടിയാണ് അതിരാണിപ്പാടത്തെ അഭിവന്ദ്യവ്യക്തിയായ കൃഷ്ണൻമാസ്റ്ററെക്കുറിച്ച് അപവാദങ്ങൾ പറഞ്ഞുപരത്താൻ ഇറങ്ങിയിരിക്കുന്നത്. ആണ്ടിയെ ഉശിരുപിടിപ്പിക്കാൻ ഞണ്ടുഗോവിന്ദനും കൂടി. മാസ്റ്ററെപ്പറ്റി ചില പാട്ടുകൾ കെട്ടിയുണ്ടാക്കി ഞണ്ടുഗോവിന്ദൻ ആണ്ടിയെ പഠിപ്പിച്ചു. രാത്രി ആണ്ടി, കള്ളുംകുടിച്ചു കന്നിപ്പറമ്പിന്റെ വടക്കേ ഇടവഴിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്ന് ഉറക്കെ പാട്ടു തകർക്കും:

“കോച്ചാളികളുടെ എച്ചിലുനക്കി
മാനംനോക്കി നടക്കുന്ന
നാലുകണ്ണൻ കള്ളൻമാസ്റ്റർ
നാളെമുതല്ക്കിനിയിസ്കൂളിൽ
ഏ, ബി, സീ, ഡി പഠിപ്പിക്കാതെ
ചൂടിപ്പായകൾ നെയ്യട്ടെ—
—കോലും കയറും ചുറ്റിയിളക്കി
താളംതുള്ളി നിരങ്ങട്ടെ.....”.

കേളഞ്ചേരിയിൽ കുഞ്ഞിക്കേളുമേലാൻ അധികാരത്തിൽവന്നപ്പോൾ, തെക്കുനിന്നു വന്നവരോടുള്ള പെരുമാറ്റം അത്ര കർശനമല്ലാതാക്കിത്തീർത്തു. ഇതു കുഞ്ഞിക്കേളുമേലാന്റെ ഉൽപതിഷ്ണുത്വത്തിന്റെ ഒരു ലക്ഷണമായിരുന്നില്ല. കൈത്തൊഴിലും കച്ചവടവുംകൊണ്ട് അക്കൂട്ടർ കുബേരരായിക്കഴിഞ്ഞിരുന്നു. സമുദായത്തിൽ അവർക്കു തുല്യസ്ഥാനം കിട്ടുമെന്ന് അവരെ പറഞ്ഞു പ്രലോഭിപ്പിച്ച് അവരുടെ കൈയിൽനിന്നു പണം തട്ടാനുള്ള ഒരടവായിരുന്നു. സമുദായം തങ്ങളുടെമേൽ വെച്ചുകെട്ടിയ അധമത്വം ഒന്നു നീക്കിക്കിട്ടാൻ എന്തു വിലകൊടുക്കാനും തെക്കുനിന്നു വന്നവർ തയ്യാറായിരുന്നു.

# 6. അദ്ഭുതനക്ഷത്രം

ഒരുദിവസം വൈകുന്നേരം വാസു ശ്രീധരനെ വിളിച്ചുകൊണ്ടുപോയി വളരെ സ്വകാര്യമായി ചോദിച്ചു: "ശ്രീധരൻ എനിക്കൊരു സഹായം ചെയ്തു തരേ്വാ? മറ്റൊരു ജീവിയും അറിയരുത്—"

വാസുവിന്റെ വാക്കുകൾ കേട്ടപ്പോൾ ശ്രീധരന്റെ ഉള്ളിൽ ഒരഭിമാനം പൊട്ടിവിരിഞ്ഞു. വാസു തന്റെ ഉസ്താദാണ്—ആരാദ്ധ്യപുരുഷനാണ്. ഹോംവർക്ക് ചെയ്തുതന്നും മറ്റുപ്രകാരത്തിലും വാസു എപ്പോഴും തന്നെ സഹായിക്കാറുണ്ട്. വാസു വിളമ്പിത്തരുന്ന പാണ്ഡിത്യം താൻ പലപ്പോഴും ആസ്വദിച്ചിട്ടുണ്ട്. അങ്ങനെയുള്ള മഹാൻ വാസുവാണു ചോദിക്കുന്നത് ഒരു സഹായം ചെയ്തുതരുമോ എന്ന്. വാസുവിനുവേണ്ടി ജീവൻ ബലികഴിക്കാൻപോലും ശ്രീധരൻ മടിക്കയില്ലെന്ന് വാസു അറിയുന്നുണ്ടോ?

വാസു എന്തോ ഒരു കുടുക്കിൽപ്പെട്ടിരിക്കയാണെന്ന് ശ്രീധരൻ ഊഹിച്ചു. ഈസോപ്പ്കഥയിലെ, വലയിൽ കുടുങ്ങിയ സിംഹത്തെ പഴയ സഖാവായ എലി, വലക്കയർ കടിച്ചുനുറുക്കി രക്ഷപ്പെടുത്തിയപോലെ വാസുവിനെ കുടുക്കിൽനിന്ന് ഈ കൊച്ചു.സ്നേഹിതൻ രക്ഷപ്പെടുത്തും. എന്താണ് വാസു ആവശ്യപ്പെടുന്ന സഹായമെന്ന് ശ്രീധരനു പിടികിട്ടിയില്ല.

എന്തിനും തയ്യാറാണെന്ന ഭാവത്തിൽ നില്ക്കുന്ന ശ്രീധരനെ നോക്കി വാസു തലകുലുക്കി, ഉശിരൻകുട്ടി എന്നഭിനന്ദിച്ചുകൊണ്ട്. പിന്നെ വാസു കോസടിയുടെ ഉള്ളിൽ ഒളിപ്പിച്ചുവെച്ചിരുന്ന ഒരു കാർഡ്ബോർഡ് പേടകം പുറത്തെടുത്തു. കാണാൻ നല്ല കൗതുകമുള്ളൊരു പെട്ടി. പെട്ടിയുടെ പുറത്ത് സമൃദ്ധമായ തലമുടി അഴിച്ചിട്ട ഒരു മോഹിനിയുടെ ചിത്രം വിലസുന്നുണ്ടായിരുന്നു. വാസു പെട്ടി തുറന്നപ്പോൾ ഒരദ്ഭുതപരിമളം മുറിയിൽ പരന്നു.

വിനോളിയാ വൈറ്റ്റോസ് സോപ്പിന്റെ രണ്ടു കട്ടകൾ അടക്കം ചെയ്ത ഒരു പേടകമായിരുന്നു അത്.

ആ ബിലാത്തിസോപ്പിന്റെ പരിമളധോരണിയിലും പേടകത്തിന്റെ പകിട്ടിലും മുഴുകി മിഴിച്ചു നിൽക്കുന്ന ശ്രീധരനു വാസു മറ്റൊരു വസ്തുകൂടി കാട്ടിക്കൊടുത്തു: സ്വർണ്ണലിപികൾ മിന്നുന്ന ധവളാഭമായൊരു കാർഡിൽ കൊളുത്തിയിട്ട ഒരു ജോടി ആഭരണങ്ങൾ. അരയന്നത്തിന്റെ ആകൃതിയിൽ ഉണ്ടാക്കിയ രണ്ടു ചെറിയ കമ്മൽ—പുതുതായിറങ്ങിയ അമേരിക്കൻ ഗോൾഡാണത്രെ.

വാസുവിന് അന്ന് പാണ്ടികശാലയിൽനിന്നു ശമ്പളം കിട്ടിയ ദിവസമാണെന്നു ശ്രീധരൻ മനസ്സിലാക്കിയിരുന്നു. പാണ്ടികശാലയിൽനിന്നുനേരെ ബജാറിൽ പോയിട്ടാണ് അവൻ വീട്ടിൽ എത്തിത്. വാസനസോപ്പും കാതിൽ കമ്മലുമൊക്കെ പെൺകുട്ടികൾക്ക് ഉപയോഗിക്കാനുള്ളതാണ്. ചന്തുമൂപ്പന്റെ വീട്ടിൽ പെൺകുട്ടികളില്ല. വാസുവിന്റെ സ്വന്തം വീട്ടിലും അവന്റെ അമ്മയല്ലാതെ വേറെ പെണ്ണുങ്ങളില്ല. പിന്നെ

ആർക്കുവേണ്ടിയാണ് വിദ്വാൻ ഈ കൗതുകവസ്തുക്കൾ വാങ്ങിക്കൊണ്ടുവന്നിരിക്കുന്നത്? ശ്രീധരന്റെ അന്തർക്ഷതം ഊഹിച്ചെടുത്തപോലെ വാസു ഉദ്ദേശ്യം വെളിപ്പെടുത്തി: വാസു അന്ന് സന്ധ്യയ്ക്ക് തിരുമാലയെ പ്രൈവറ്റായിക്കാണാൻ ശട്ടംകെട്ടിയിരിക്കയാണത്രേ. കാമിനിയായ തിരുമാലയ്ക്ക് സമ്മാനിക്കാനുള്ള വഹകളാണ് ഇവ രണ്ടും; വിനോളിയ വൈറ്റ്റോസ് സോപ്പും അമേരിക്കൻ ഗോൾഡിന്റെ അരയന്നക്കമ്മലും.

അപ്പോൾ എങ്ങുനിന്നോ ഒരു ചിന്ത ഇഴഞ്ഞുവന്ന്, ശ്രീധരന്റെ അന്തരംഗത്തെ ഒന്നു ചൊറിഞ്ഞു: ജഡ്ക്കവണ്ടിക്കാരൻ കേളൻ വിവാഹം കഴിച്ച പെണ്ണാണ് തിരുമാല. വാസു പ്രൈവറ്റായി അന്യന്റെ ഭാര്യയെ ചെന്നു കാണുന്നത് ന്യായമാണോ?... വാസു ചെയ്യുന്നതെല്ലാം ശരിയാണ് എന്നൊരു തോന്നലുമുണ്ടായി. അതിനാൽ കൂടുതൽ അതിനെപ്പറ്റി ആലോചിക്കാൻ മിനക്കെട്ടില്ല. വാസുവിന്റെ ഈ പ്രൈവറ്റ് ഏർപ്പാടിൽ തനിക്കുള്ള പാർട്ട് എന്താണ് എന്നായി, പിന്നെ ശ്രീധരന്റെ ചിന്ത.

അക്കാര്യവും വാസു വിശദീകരിച്ചു: വാസുവും തിരുമാലയും കോരൻ ബട്ളറുടെ പുരയ്ക്കകത്തു പ്രൈവറ്റ് കൂടിക്കാഴ്ച നടത്തുന്ന സമയത്ത് ശ്രീധരൻ പടിക്കലെ തെങ്ങിൻചുവട്ടിൽ പാറാവു നിൽക്കണം. ആരെങ്കിലും പുരയിലേക്ക് വരുന്നതു കണ്ടാൽ ഉടൻ അപായസൂചന നൽകി അകത്തുള്ളവരെ രക്ഷിക്കണം. അപായസൂചന കൊടുക്കാനുള്ള സൂത്രവും വാസു ഉപദേശിച്ചു. ഒരിരുമ്പാണിയും ഒരു പുതിയ തീപ്പെട്ടിയും ശ്രീധരന്റെ കൈയിൽ കൊടുത്ത് വാസു പറഞ്ഞു: ഇരുമ്പാണികൊണ്ട് കോരൻബട്ളറുടെ തെങ്ങിൽ ഒരു തുള തുളയ്ക്കണം. പിന്നെ തീപ്പെട്ടിക്കോലുകളിൽനിന്നും ചുരണ്ടിയെടുത്ത മരുന്ന് ആ ആണിക്കുഴിയിൽ നിറയ്ക്കണം. എന്നിട്ട് ഒരു കല്ലെടുത്ത് കൈയിൽ പിടിച്ച് തയ്യാറായി നിൽക്കണം. ഏതെങ്കിലും അശ്രീകരങ്ങൾ ആ സമയത്തു പുരയിലേക്കു വരുന്നതു കണ്ടാലുടനെ മരുന്നുകുഴിയിൽ ആണി കുത്തിനിർത്തി കല്ലുകൊണ്ട് ഊക്കിൽ ഒരു മേട്ടം വെച്ചുകൊടുക്കണം. 'ഠോ' എന്നു വെടിപൊട്ടും. ആ ഒച്ച കേട്ടാൽ അകത്തുള്ളവർ കാര്യം മനസ്സിലാക്കിക്കൊള്ളും.

ഇരുമ്പാണിയും തീപ്പെട്ടിമരുന്നുംകൊണ്ട് വെടിപൊട്ടിക്കുന്ന വിദ്യ ശ്രീധരനു മുമ്പു തന്നെ പരിചയമുണ്ടായിരുന്നു. വിഷുവിനു പടക്കങ്ങളെല്ലാം പൊട്ടിച്ച് തീർന്നാൽ പിന്നെ ചെയ്യാറുള്ള വേലയാണ് അത്. ഇപ്പോൾ കളി കാര്യമായി മാറ്റണമെന്നു മാത്രം

തിരുമാല മോന്തിനേരത്തു പുരയിൽ തനിച്ചായിരിക്കും. കോരൻ ബട്ളർ കള്ളും കുടിച്ച് ബോധമില്ലാതെ ചായപ്പീടികയിലെ ചായ്പിലെ ബഞ്ചിൽ കിടക്കുന്നുണ്ടാവും. കുഞ്ഞമ്മു പണപ്പെട്ടിക്കു കാവലിരിക്കുകയായിരിക്കും. ജാനുകല്യാണി സഹോദരിമാർ പീടികയിലെ അടുക്കളജോലിയിലും. കേളൻ കുതിരവണ്ടിയും കുലുക്കിക്കൊണ്ട് അങ്ങാടിയിലോ കടപ്പുറത്തോ ചുറ്റുന്നുണ്ടായിരിക്കും. ആ തക്കം നോക്കിയാണ് വാസു തിരുമാലയെ ചെന്നുകാണാൻ പരിപാടിയിട്ടിരിക്കുന്നത്.

രംഗങ്ങളെല്ലാം ഒരുങ്ങി. വാസനസോപ്പും അമേരിക്കൻ ഗോൾഡുമായി വാസു അകത്തു പ്രവേശിച്ചു. ശ്രീധരൻ തെങ്ങിൽ ആണിയടിച്ചു കുഴിയുണ്ടാക്കി മരുന്നു നിറയ്ക്കുകയാണ്. അപ്പോൾ കേട്ടു പിന്നിൽ നിന്ന് 'ക്യോ ക്യോ' എന്നൊരു ചെത്തം. മുഖം തിരിച്ചു നോക്കി ഹൈക്കളൂസ് കിട്ടുണ്ണി!

അരയിൽ കത്തിയും തേറും കെട്ടി വൈകുന്നേരത്തെ

ചെത്തിന്നിറങ്ങിയിരിക്കുകയാണ് കിട്ടുണ്ണി. നടത്തത്തിൽ ഉറയിലെ കത്തിപ്പിടി ഏച്ചിൽത്തൊണ്ടിനോടു മുട്ടുന്ന ശബ്ദമാണ് ആ 'ക്ലോക്ലോ'.

"ചെത്തിണ തെങ്ങിമ്മ എന്തുട്ട് കാട്ടണീ..." കിട്ടുണ്ണിയുടെ അധികാരസ്വരത്തിലുള്ള ചോദ്യം കേട്ടു ശ്രീധരൻ പരുങ്ങിനിന്നു.

ശരിതന്നെ. കിട്ടുണ്ണി ചെത്തുന്ന കൽപ്പവൃക്ഷമാണത്. സാൾട്ടുകാർ പച്ചച്ചായംകൊണ്ട് "112" എന്നു നമ്പരിട്ട ചെത്തുവൃക്ഷം. നമ്പർ ചാപ്പ കുത്തിയതിനു തൊട്ടുതാഴെയാണ് ശ്രീധരൻ ആണിക്കുഴിയുണ്ടാക്കി വെടിമരുന്നു നിറച്ചു വെച്ചിരിക്കുന്നത്.

"ഞാൻ വെടിപൊട്ടിച്ചു കളിക്ക്യാണ്" ശ്രീധരൻ അല്പം അപരാധബോധത്തോടെ ജൽപ്പിച്ചു.

"എന്തുട്ടാ തരം?— നീയിപ്പം ഒരു കളിക്കുട്ട്യാ?—" അതു പറഞ്ഞ് കിട്ടുണ്ണി നാക്ക് അരയംഗുലം പുറത്തേക്ക് നീട്ടി കടിച്ചുപിടിച്ചുകൊണ്ട് ശ്രീധരന്റെ കൈയിലെ ആണിയും കല്ലും ഇടങ്കണ്ണിട്ടൊന്നു നോക്കി.

കിട്ടുണ്ണിയുടെ ഒരു പ്രത്യേക സ്വഭാവമാണത്: എന്തെങ്കിലും ആലോചിക്കുമ്പോൾ വായിലെ നാക്ക് അരയിഞ്ച് പുറത്തേക്ക് എത്തിനോക്കും.

കിട്ടുണ്ണിയുടെ നാടൻ സംസാരവും തുടർന്നുള്ള നാക്കുകാട്ടലും ശ്രീധരന്റെ ഉള്ളിൽ ചിരി ഉളവാക്കി. കിട്ടുണ്ണിയുടെ സംഭാഷണശൈലി കേട്ടാൽ ചിരിവരാതിരിക്കുമോ? കിട്ടുണ്ണിയുടെ ഒരമ്മാമൻ സിലോണിൽ കൊളംബിൽ ജോലിചെയ്തു താമസിക്കുന്നുണ്ട്. 'എന്റെ കോളാമ്പീലെ അമ്മാമ' എന്നാണ് അയാളെപ്പറ്റി കിട്ടുണ്ണി പറയുക..... എന്നാൽ ഇപ്പോൾ അതെല്ലാം ഓർത്ത് ചിരിക്കാനുള്ള സന്ദർഭമല്ല....

അടക്കാൻ കഴിയാത്ത ഒരു ബാലിശവികാരത്തോടെ കിട്ടുണ്ണി ശ്രീധരന്റെ കൈയിലെ ആണിയും കല്ലും പിടിച്ചു പറ്റി ആണി തെങ്ങിലെ മരുന്നു കുഴിയിൽ അമർത്തിപ്പിടിച്ച് ഊക്കോടെ ഒരു മേട്ടം വച്ചു കൊടുത്തു.

'ഠോ'! ചെറിയൊരു കതിനവെടിയുടെ ശബ്ദം അവിടെ മുഴങ്ങി.

'ചതിച്ചല്ലോ ഭഗവാനേ!' ശ്രീധരന്റെ കരളിലും ഒരു വെടിമുഴക്കമുണ്ടായി.

"ഇനി നെന്റെ വെടീം പടേം ഒന്നും ചെത്തണ തെങ്ങിമ്മ വേണ്ട കേട്ടോ..." കിട്ടുണ്ണി ശ്രീധരനെ അങ്ങിനെ താക്കീതു ചെയ്ത്, കല്ലു ദൂരെ വലിച്ചെറിഞ്ഞ്, ഇരുമ്പാണി മടിയിൽ തിരുകിവച്ച് (ഉപയോഗമുള്ള എന്തു വസ്തു കണ്ടാലും അതെടുത്തു മടിയിൽ തിരുകിവെക്കുന്ന ഒരു സ്വഭാവമുണ്ട് കിട്ടുണ്ണിക്ക്.) തളപ്പും കാലിൽ കുടുക്കി തെങ്ങിൻമേലേക്ക് ഒരു ചാട്ടം ചാടി. ഒരു മിനിറ്റു കൊണ്ട് കിട്ടുണ്ണി ആ കുറിയ തെങ്ങിന്റെ കുരലിലെത്തിക്കഴിഞ്ഞു.

അപ്പോൾ കോരൻബട്ട്ളറുടെ പുരയുടെ ഉമ്മറവാതിൽ മെല്ലെ തുറന്നു. പാതിതുറന്ന വാതിലിലൂടെ എത്തിനോക്കുന്ന തിരുമാലയുടെ മുഖവും അഴിഞ്ഞ തലമുടിയും ശ്രീധരൻ കണ്ടു. സ്ഥലത്തു ശ്രീധരനെയല്ലാതെ വേറെ ഒരു ജീവിയേയും കാണാതെ തിരുമാല മിഴിച്ചു നിന്നു. ശ്രീധരൻ ആകാശത്തിലേക്ക് കൈയുയർത്തി എന്തൊക്കെയോ ആംഗ്യങ്ങൾ കാട്ടി, മുകളിലിരിക്കുന്ന ആൾ (ദൈവമല്ലാ— കിട്ടുണ്ണി) പറ്റിച്ച പണിയാണെന്നു തിരുമാലയെ ഗ്രഹിപ്പിക്കാൻ ആവുന്നതും ശ്രമിച്ചു; ഫലിച്ചില്ല. ശ്രീധരൻ കൽപ്പിച്ചുകൂട്ടി കളിപ്പിച്ചതാണെന്നു വിശ്വസിച്ച്, അരിശം മൂർച്ഛിച്ച്, തിരുമാല മുഖം ചെരിച്ച് "ഫഃ" എന്ന് ഒച്ചയില്ലാതെ ഒരാട്ടു വെച്ചുകൊടുത്തു, ശ്രീധരന്റെ നേർക്ക്.

ഉമ്മറ വാതിൽ വീണ്ടും അടഞ്ഞു.

കാവൽ നിന്നതിനു കിട്ടിയ കൂലി! ശ്രീധരൻ സ്വയം ശപിച്ചു.

മുകളിൽനിന്നു കുലയരിയുന്നതിന്റെ ഉതിർമണികൾ ശ്രീധരന്റെ ശിരസ്സിൽ വർഷിച്ചു.

അപ്പോൾ പിന്നിൽനിന്ന് ഒരു കാൽപ്പെരുമാറ്റം. ശ്രീധരൻ കഴുത്തു തിരിച്ചു നോക്കി. ചായപ്പീടികയിലെ ജാനു—കുറച്ചു ദൂരെ കൊട്ടയും കലവും കൈയിൽ പൊക്കിപ്പിടിച്ച് അനിയത്തി കോന്ത്രമ്പല്ലി കല്യാണിയും!

പീടികയിൽ തീൻപണ്ടങ്ങൾ തീർന്നു പോയതുകൊണ്ടായിരിക്കണം അവർ പതിവിലും നേരത്തെ പുരയിലേക്ക് പുറപ്പെട്ടിരിക്കുന്നത്.

ജാനുവും കല്യാണിയും, സാധാരണ ഒപ്പം നടന്നു കലപലാന്ന് ഓരോ തമാശകൾ പറഞ്ഞു ചിരിക്കുന്ന കൂട്ടത്തിലാണ്. ചിലപ്പോൾ അവർ തമ്മിൽ പിണങ്ങും. (എതെങ്കിലും പൂവാലന്മാരെച്ചൊല്ലിയായിരിക്കും വഴക്ക്.) അപ്പോൾ ഇരുവരും മുഖം വീർപ്പിച്ച് അകന്നു നടന്നു കളയും. വഴിക്കു മറ്റുള്ളവരെ കണ്ടാലും മിണ്ടുകയില്ല. ഇപ്പോൾ അവരുടെ പിണക്കത്തിന്റെ വേലിയേറ്റമാണെന്നു തോന്നുന്നു. തെങ്ങിൻചുവട്ടിൽ നിൽക്കുന്ന ശ്രീധരനെ ഒന്നു തുറിച്ചു നോക്കി, ഇരുവരും ഗൗരവഭാവത്തിൽ കടന്നുപോയി.

ചതിച്ചു! ശ്രീധരൻ നെഞ്ഞത്തു കൈവച്ചു തരിച്ചു നിന്നു. ആപത്ത് ഇരട്ട പെറ്റ മട്ടിലാണ് പുരയ്ക്കു നേർക്കു നീങ്ങുന്നത്. അപായസൂചക വെടിപൊട്ടിക്കാൻ മരുന്നില്ല, ആയുധമില്ല. എന്തൊക്കെയോ ഭയങ്കര സംഭവങ്ങൾ നടക്കാൻ പോകുന്നു!

ശ്രീധരൻ കരുതിയപോലെതന്നെ പുരയ്ക്കകത്തുനിന്ന് ഒരു ബഹളം കേട്ടു. തുടർന്ന് ഉറക്കെ ചില പുലയാട്ടു വിളികളും.....

വെടികൊണ്ട പന്നിയെപ്പോലെ തലയും താഴ്ത്തി നോട്ടോട്ടം കുതിച്ചു വരുന്നു വാസു! ശ്രീധരൻ പ്രാണഭയത്തോടെ ഒരു മൂലയിലേക്ക് മാറി നിന്നു കളഞ്ഞു.

ഒരുനിമിഷം കഴിഞ്ഞപ്പോൾ, വാസു പോയ വഴിയെ വായുവിലൂടെ പറന്നു വരുന്നു ഒരു ഉരുണ്ട സാധനം. ആ സാധനം തെങ്ങിൻകടയ്ക്കൽ വന്നു വീണതും, തെങ്ങിൽനിന്നും കുത്തനെ ഊരി വീണപോലെ കിട്ടുണ്ണി നിലത്തെത്തിയതും ഒരേ മുഹൂർത്തത്തിലായിരുന്നു.

കിട്ടുണ്ണി കൗതുകത്തോടെ കുനിഞ്ഞുനിന്ന് ആ സാധനം പെറുക്കിയെടുത്ത് ഒന്നു മണപ്പിച്ചു. അവന്റെ നാക്ക് രണ്ടിഞ്ചു നീളത്തിൽ പുറത്തു ചാടി. വിനോളിയ വൈറ്റ് റോസ് സോപ്പ്!

കിട്ടുണ്ണി വെറുതെ തെങ്ങിനുകളിലേക്കൊന്നു നോക്കി ആത്മഗതം പോലെ മൊഴിഞ്ഞു, “കാക്ക കൊത്തിക്കൊടന്നിട്ടതാ.”

സോപ്പ് മടിയിൽ തിരുകി വെച്ച് ‘ക്ടോ ക്ടോ’ എന്നു താളം ചവിട്ടിക്കൊണ്ടു കിട്ടുണ്ണി പടി കടന്നുപോയി.

അന്നു പാതിര കഴിഞ്ഞ് മണിക്കൂറുകൾ ചെന്നിട്ടും ശ്രീധരന് ഉറക്കം കിട്ടിയില്ല. ആകപ്പാടെ ഒരു പരാജയവൈക്ലബ്യം. ഇനി ഉസ്താദ് വാസുവിന്റെ മുഖത്തെങ്ങിനെ നോക്കും? വാസു തന്നെ വിശ്വസിച്ചു ഭരമേൽപ്പിച്ച ഒരു കാര്യം തകരാറിലാക്കാൻ തഞ്ചം നോക്കി ചാടിവന്ന പിശാചുക്കളെ—ഹൈക്കുളൂസ്സിനെയും, കോങ്കണ്ണിയേയും, കോന്ത്രമ്പല്ലിയേയും —ശ്രീധരൻ പലവുരു ശപിച്ചു അവരോടു പകവീട്ടണമെന്നു

നിശ്ചയിച്ചു. അസത്ത്, അശ്ീകരം, കുത്തിച്ചി!—അങ്ങനെ തിരുമാലയെയും പിരാകി.

അപ്പോൾ പുറത്തു കോലായിൽ ഒച്ചയും അനക്കവും കേട്ടു. വെളിച്ചവുമുണ്ട്. അച്ഛൻ രാവിലത്തെ വണ്ടിക്കു പോകാൻ ഒരുക്കുകൂട്ടുകയാണെന്ന് ശ്രീധരനു മനസ്സിലായി.

കൃഷ്ണൻമാസ്റ്റർ ആംഗേ്ലാഇന്ത്യൻ സ്കൂളിൽ നിന്നു വിട്ട് മുനിസിപ്പൽ സർവ്വീസിൽ ഒരദ്ധ്യാപകനായി ചേർന്നിരിക്കുകയാണ്. മുനിസിപ്പാലിറ്റിയുടെ വടക്കേ അതിർത്തിയിൽ കാരക്കുന്ന് ഹയർ എലിമെന്ററി സ്കൂളിലാണു നിയമനം കിട്ടിയിരിക്കുന്നത്. കാരക്കുന്നിലേക്ക് നിത്യവും നാലു മൈൽ അങ്ങോട്ടുമിങ്ങോട്ടും നടക്കും. നാലഞ്ചുദിവസമായി കാലിൽ ഒരു കുരുവുണ്ടായതിനാൽ മൂപ്പർക്ക് നടക്കാൻ വയ്യാതായി. ലീവെടുക്കാനും നിവൃത്തിയില്ല. അതിനാൽ സ്കൂളിലേക്കു ടെ്രയിനിലാണു പോക്ക്. പുലർച്ചെ 5 മണിക്ക് വടക്കോട്ടൊരു വണ്ടിയുണ്ട്. അതിൽക്കയറി കാരക്കുന്നിലേക്കു പോകും. വൈകുന്നേരം അവിടെനിന്നു തെക്കോട്ടുള്ള 5 മണി വണ്ടിക്കു മടങ്ങും.

രാവിലെ അഞ്ചുമണിക്കു മുമ്പേ തീവണ്ടിയാപ്പീസിലെത്താൻ മാസ്റ്റർ 3—3½ മണിക്കുതന്നെ ഉണർന്ന് ഒരുക്കങ്ങൾ തുടങ്ങും. ശ്രീധരന്റെ അമ്മയും എഴുന്നേറ്റ് ചോറും കറിയുമുണ്ടാക്കാൻ അടുക്കളയിലെത്തും. വീട്ടിൽനിന്നും ഭാര്യ തയ്യാറാക്കിയ ഭക്ഷണമല്ലാതെ, പുറത്തെ ഹോട്ടലുകളിൽനിന്ന് പട്ടിണി കിടന്നാൽപോലും മാസ്റ്റർ ഒന്നും കഴിക്കയില്ല. ഉച്ചയ്ക്കു കഴിക്കാനുള്ള ഊണ് ഇരുമ്പുപിഞ്ഞാണടിഫിൻകാര്യറിലാക്കി കൂടെ കൊണ്ടുപോകും.

“കുട്ടിമാളൂ നിനക്കൊരദ്ഭുതം കാണണമെങ്കിൽ വേഗം ഇങ്ങോട്ടു വാ—“ മുറ്റത്തുനിന്ന് അച്ഛൻ അടുക്കളയിലുള്ള അമ്മയെ ഉറക്കെ വിളിക്കുന്നതു ശ്രീധരൻ ശ്രദ്ധിച്ചു.

അദ്ഭുതസംഭവമെന്തെന്നറിയാൻ ശ്രീധരനും കൗതുകമുണ്ടായി. എഴുന്നേറ്റ് ചെന്നു നോക്കി.

അച്ഛനും അമ്മയും തെക്കേ മുറ്റത്തെ മൂലയിൽനിന്നുകൊണ്ട് അയൽപക്കത്തെ പാണന്മാരുടെ പറമ്പിലേക്ക് നോക്കുന്നു. ആ പറമ്പിലെ മരക്കൂട്ടങ്ങൾക്കിടയിലൂടെ ആകാശത്തേക്കു ചൂണ്ടിക്കാട്ടുന്നു അച്ഛൻ.

“അതാ കണ്ടോ? ഒരദ്ഭുതനക്ഷത്രം”

അമ്മ കണ്ടു. “അതു പെരുമീനുദിച്ചതല്ലേ?” അമ്മ തന്റെ നാടൻ വിജ്ഞാനം പ്രകടിപ്പിച്ചു.

“പെരുമീനും പരൽമീനും ഒന്നുമല്ലാ അത്.” അച്ഛൻ പരിഹാസത്തോടെ പറഞ്ഞു: “കൊറ്റിനക്ഷത്രം അതാ അവിടെയുണ്ട്.”

ഞാനിവിടെയുണ്ടേ എന്ന മട്ടിൽ കൊറ്റിനക്ഷത്രം, കിഴക്കേ ചക്രവാളസീമയിൽ തെളിഞ്ഞു വരുന്നുണ്ടായിരുന്നു.

“ഇതൊരു പുതിയ അദ്ഭുതനക്ഷത്രമാണ്. നോക്ക്, തീപ്പന്തംപോലെ പ്രകാശിക്കുന്നത്! ചന്ദ്രന്റെ പകുതി വലുപ്പവുമുണ്ട്....”

അപ്പോൾ ശ്രീധരന്റെ ഗോപാലേട്ടനും, ആകാശത്തിലെ അത്ഭുതം കാണാൻ എണീറ്റുവന്നു.

“അതൊരു വാൽനക്ഷത്രമായിരിക്കും.” ഗോപാലേട്ടൻ അഭിപ്രായപ്പെട്ടു.

“ഇതിനു വാലും ചിറകുമൊന്നുമില്ല. അതിനാൽ ഇതൊരു വാൽനക്ഷത്രമല്ല.”

കൃഷ്ണൻമാസ്റ്റർ ഗോപാലനെ പറഞ്ഞു മനസ്സിലാക്കി: വാൽനക്ഷത്രത്തിനു ഇംഗ്ലീഷിൽ 'കോമറ്റ്' എന്നു പറയും. ഇതൊരു കോമറ്റല്ലാ, സ്റ്റാറാണ്. ഈ പുതിയ സ്റ്റാറിനെപ്പറ്റി നമ്മുടെ ബ്രിട്ടീഷ് ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമെന്താണെന്ന് നമുക്ക് അടുത്തുതന്നെ പേപ്പറിൽ വായിക്കാം....."

അന്തരീക്ഷത്തിൽ പുതിയൊരു നക്ഷത്രം പ്രത്യക്ഷപ്പെട്ടത് ആദ്യമായി കണ്ടെത്തിയ ഒരു ജ്യോതിശ്ശാസ്ത്രജ്ഞന്റെ അഭിമാനം ഉള്ളിലൊതുക്കിക്കൊണ്ടായിരുന്നു കൃഷ്ണൻമാസ്റ്ററുടെ ലക്ചർ.

നക്ഷത്രം നോക്കി നിന്നാൽ അടുപ്പത്തെ ചോറും കറിയും അവിടെക്കിടക്കും എന്നു പിറുപിറുത്തു കൊണ്ട് ശ്രീധരന്റെ അമ്മ അടുക്കളയിലേക്കു തന്നെ പോയി.

കൃഷ്ണൻമാസ്റ്റർ പുതിയ നക്ഷത്രത്തിന്റെ വർണ്ണവും വലുപ്പവും സ്ഥാനവും മറ്റും നിർണ്ണയിക്കുകയായിരുന്നു,. സപ്തർഷികളുടെ സഞ്ചാരപഥത്തിനു തൊട്ടടുത്തായി.

അപ്പോൾ മാസ്റ്ററുടെ പിന്നിൽ നഖവും കടിച്ചുകൊണ്ട് മിണ്ടാതെ നിന്നിരുന്ന ശ്രീധരന് ഒരു ബുദ്ധ്യുദയമുണ്ടായി.

"അച്ഛാ, അത് നക്ഷത്രമല്ല—ചെത്തുകാരൻ മാനുക്കുട്ടന്റെ പാനീസ്സാണ്..." ശ്രീധരൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

തലയ്ക്കൊരടികിട്ടിയതുപോലെ തോന്നി, കൃഷ്ണൻമാസ്റ്റർക്ക്. അങ്ങനെയും ആയിക്കൂടെന്നില്ല. എന്നാലും സംശയം തീരെ നീങ്ങിയില്ല.

അപ്പോൾ ആ അദ്ഭുതനക്ഷത്രം ആകാശത്തിൽനിന്നും മെല്ലെമെല്ലെ ഭൂമിയിലേക്ക് താണിറങ്ങുന്നതു കാണാറായി.

അതിരാണിപ്പാടത്തെ ചെത്തുകാരൻ മാനുക്കുട്ടൻ—മാക്കോതയുടെ അനിയൻ—ഒരു പ്രത്യേകമട്ടുകാരനാണ്. മൂപ്പർ സന്ധ്യയ്ക്കു കുടി തുടങ്ങും. കുടിച്ചു കുടിച്ച് അങ്ങിനെ വീണുകിടന്നുറങ്ങും. പിന്നെ, പാതിര കഴിഞ്ഞിട്ടോ ചിലപ്പോൾ പുലർച്ചയ്ക്കോ—ഉണർന്നു, കത്തിയും തേറും അരയ്ക്കു കെട്ടി ഒരു പാനീസ് (ലാന്തർ) കത്തിച്ചു കൈയിൽ തൂക്കിപ്പിടിച്ച് പന ചെത്താൻ പുറപ്പെടും. ചെത്തുപനയുടെ മുരട്ടിൽനിന്നു തുഞ്ചിവരെ മുളയേണികൾ കെട്ടിയുറപ്പിച്ചിട്ടുണ്ടായിരിക്കും. കന്നിപ്പറമ്പിന്റെ തെക്കുഭാഗത്ത് പാണരുടെ പറമ്പിലെ പന, ആകാശംമുട്ടുന്ന ഒരു കൂറ്റൻവൃക്ഷമാണ്. മാനുക്കുട്ടനും പാനീസ്സും മുളയേണിപ്പടർപ്പിലൂടെ മെല്ലെമെല്ലെ മേൽപ്പോട്ടു പ്രയാണം തുടങ്ങും. പനങ്കുരലിലെത്തിയാൽ വിളക്കു മുമ്പിൽ പ്രതിഷ്ഠിച്ച് അതിന്റെ വെളിച്ചത്തിൽ മാനുക്കുട്ടൻ ചെത്തുവേല നിർവ്വഹിക്കും.

ഗുരുവായൂർക്ഷേത്രത്തിൽ മാസാന്ത്യത്തിൽ സന്ദർശനംനടത്തി രണ്ടു മാസത്തെ തൊഴൽ ഒരു തൊഴൽകൊണ്ടു നിർവ്വഹിക്കുന്ന ചില ഭക്തന്മാരെപ്പോലെ, രണ്ടുദിവസത്തെ ചെത്ത് ഒരു പുലർച്ചച്ചെത്തുകൊണ്ടു മാനുക്കുട്ടൻ ഒപ്പിച്ചുവെന്നും വരാം.

ആകാശത്തിലെ പുതിയ അദ്ഭുതനക്ഷത്രം ചെത്തുകാരൻ മാനുക്കുട്ടന്റെ പാനീസ്സായി അധഃപതിച്ചുപോയതിൽ കൃഷ്ണൻമാസ്റ്റർക്കു കുറച്ചൊരിച്ഛാഭംഗമുണ്ടായെങ്കിലും, ചെറിയ മകനന്റെ ബുദ്ധിസാമർത്ഥ്യത്തിൽ അദ്ദേഹത്തിന് ഒരഭിമാനവും തോന്നി. അന്യാപദേശേന അതു പുറത്തു പ്രകടിപ്പിക്കയും ചെയ്തു. അടുക്കളയിലെ ഭാര്യയോട് മാസ്റ്റർ ഇങ്ങനെ വിളിച്ചുപറഞ്ഞു: "കുട്ടിമാളു, നമ്മളുടെ കുഞ്ഞൻ ഒരു മിടുക്കനാണ്, കേട്ടോ! നമ്മൾ കണ്ട നക്ഷത്രം പന ചെത്താൻ കേറിയ മാനുക്കുട്ടന്റെ പാനീസ്സാണെന്ന് അവൻ

കണ്ടുപിടിച്ചു. വലിയവരായ നമ്മൾക്കു തോന്നാത്തത് അവനു തോന്നി.....അവൻ കേമനായിത്തീരും....”

അച്ഛന്റെ അഭിനന്ദനാശിസ്സുകൾ ശ്രീധരനിൽ ഒരു പുതിയ ഉണർവ്വുണ്ടാക്കി—താൻ മുമ്പു കരുതിയിരുന്നപോലെ അത്ര കൊള്ളരുതാത്തവനല്ല. സാധാരണക്കാർക്കില്ലാത്ത ഒരു നിരീക്ഷണവൈദക്ഷ്ണ്യം തനിക്കുണ്ടെന്ന ഒരു നേരിയ ബോധവും ശ്രീധരനിൽ ഉദയംചെയ്തു!

# 7. മദ്യവും മഹിളയും

കേളഞ്ചേരിയിലെ ചെറിയ ശങ്കരൻമേലാൻ മരിച്ചു.

ഒരുദിവസം ആ വാർത്ത ദേശം മുഴുവനും പരന്നു. തലേന്നാൾ രാത്രി പെട്ടെന്നാണത്രെ മരണം സംഭവിച്ചത്.

ശങ്കരൻമേലാൻ മരിക്കാനുണ്ടായ ദീനമെന്തായിരുന്നു?—ആർക്കും അറിഞ്ഞുകൂടാ.

ശങ്കരൻ ജന്മനാ ഒരു രോഗിയെപ്പോലെയായിരുന്നുവെങ്കിലും തിന്നുന്നതിലും കുടിക്കുന്നതിലും ആർത്തികാട്ടുന്നൊരു സത്വമായിരുന്നു—നല്ല ബുദ്ധി സാമർത്ഥ്യവും പ്രകടിപ്പിച്ചിരുന്നു. എന്തു പറയാനാണ്— പ്രായപൂർത്തിയെത്തുന്നതിനുമുമ്പ് ശങ്കരൻ പരലോകം പ്രാപിച്ചു.

തലേന്നാൾ പുത്തൻഹൈസ്കൂളിൽ ഹാജരെഴുന്നള്ളത്തു കഴിച്ചിരുന്നു. വൈകുന്നേരം കേളഞ്ചേരിയിലെ പൂമുഖത്തു ചങ്ങാതിമാരുമൊത്തു തമാശകൾ പറഞ്ഞു കഴിച്ചുകൂട്ടിയതാണ്—രാത്രി മരിച്ചു. ശവം രാവിലെ ചിതയിൽ ദഹിച്ചു.

ശങ്കരൻമേലാന്റെ പുലകുളിയടിയന്തിരം കേളഞ്ചേരിയുടെ പ്രതാപത്തിനൊത്തവിധം വളരെ കേമമായി നടത്തപ്പെട്ടു. പുറംസദ്യയ്ക്ക് അഞ്ചുചാക്ക് അരിയാണത്രെ വച്ചുവിളമ്പിയത്.

എല്ലാം ഭംഗിയായി കഴിഞ്ഞുവെങ്കിലും ദേശക്കാർക്കിടയിൽ ഒരു സംശയം ദഹിക്കാതെകിടന്നിരുന്നു: ശങ്കരൻമേലാൻ പെട്ടെന്നു മരിച്ചതാണോ? ശങ്കരൻമേലാനെ വിഷംകൊടുത്തു കൊന്നതല്ലേ?

ആയിടയ്ക്ക് കിട്ടൻറൈറ്റർ ഒരു ഞായറാഴ്ച കന്നിപ്പറമ്പിൽ വന്നു.

കൃഷ്ണൻമാസ്റ്റർ ചോദിച്ചു: "എന്താ കിട്ടാ, കേളഞ്ചേരിയിൽനിന്നൊരു പുക?

കിട്ടൻറൈറ്റർ ഒക്കത്തുനിന്നു പൊടിഡബ്ബിയെടുത്തു തുറന്ന്, ഒരുനുള്ളു പൊടി മൂക്കിൽ തള്ളി തലച്ചോറിനൊരുണർവ്വുവരുത്തി.

"മാഷ്ഷേ, തീയുണ്ടെങ്കിൽ പുകയും കാണും. കേളഞ്ചേരിക്കു തീപ്പിടിച്ച കാലമല്ലേ ഇപ്പോൾ?"

"ആ തീയിൽ പലതും ദഹിക്കുന്നുണ്ടാവും, അല്ലേ?" കൃഷ്ണൻ മാസ്റ്റർ അർത്ഥം വെച്ചു ചിരിച്ചു.

കിട്ടൻറൈറ്റർ ഒന്നു നീട്ടി മൂളി.

കേളഞ്ചേരിയിലെ ശങ്കരൻ എങ്ങനെയാണു മരിച്ചത്? അത് ഒന്നു കേൾക്കട്ടെ."— കൃഷ്ണൻമാസ്റ്റർ കാര്യം നേരെചൊവ്വെയങ്ങു ചോദിച്ചു.

കിട്ടൻറൈറ്റർ തന്റെ സിൽക്കുഷർട്ടിന്റെ ക്രമന്റ്സ് പേല്റ്റ് കഫ്ബട്ടൻ പിടിച്ചു തിരുമ്മിക്കൊണ്ടു പുഞ്ചിരിതൂകി കുറച്ചുനേരം അർത്ഥഗർഭമായ മൗനം പ്രകടിപ്പിച്ചു. പിന്നെ ആത്മഗതംപോലെ മൊഴിഞ്ഞു: "ശങ്കരൻമേലാൻ റാക്കുകുടിച്ചു മരിച്ചു."

"എന്ത്! പ്രായപൂർത്തിയെത്താത്ത ആ ചെറുക്കൻ റാക്കു കുടിച്ചിരുന്നുവോ?" കൃഷ്ണൻമാസ്റ്റർ അദ്ഭുതത്തോടെ ചോദിച്ചു.

കിട്ടൻറൈറ്റർ മുഖമുയർത്തി ചങ്കിൽ ഒന്നു ചൊറിഞ്ഞുകൊണ്ടു പറഞ്ഞു: “ആ ചെറിയമൂപ്പർ ഒറ്റ ഇരുപ്പിന് അരക്കുപ്പി റാക്കു കുടിച്ചിരുന്നു.”

അതു കേട്ടു കൃഷ്ണൻമാസ്റ്റർ മൂക്കത്തു വിരൽവച്ചുപോയി.

അവനെ റാക്കുകുടി ശീലിപ്പിച്ചതാരാണെന്നറിയേ്വാ?” (റൈറ്റർ എന്തോ ആസ്വദിക്കുന്ന മട്ടിൽ മൂക്കുവിടർത്തി. അടുക്കളയിൽനിന്നു മത്സ്യം വറുക്കുന്ന മണം.)

“ഇരുമ്പൻപോക്കരായിരിക്കും.” കൃഷ്ണൻമാസ്റ്റർ ഊഹിച്ചു പറഞ്ഞു.

“പോക്കരല്ല.” (റൈറ്റർ വീണ്ടും മൂക്കുവിടർത്തി അടുക്കളയിൽനിന്നുള്ള മണം പിടിച്ചു. അയക്കൂറയായിരിക്കും—റൈറ്റർ ഊഹിച്ചു.)

“പോക്കരല്ലെങ്കിൽ പിന്നെ ആരാണ്?” മാസ്റ്റർ ചോദിച്ചു.

“പട്ടര്—” റൈറ്റർ മൂക്കുചുളിച്ചുകൊണ്ടു മൊഴിഞ്ഞു: “കേളഞ്ചേരിയിലെ ഒന്നാംകാര്യസ്ഥൻ ശുപ്പുപ്പട്ടര്.....”

“എന്ത്! പട്ടരും റാക്കു കുടിക്കേ്വാ?” കൃഷ്ണൻമാസ്റ്റർക്കു ലഹരി പിടിച്ചു.

“പട്ടര് മദ്യം തൊടില്ല—അക്കാര്യത്തിൽ ഈ കിട്ടൻറൈറ്ററും ശുപ്പുപ്പട്ടരും ഒരു ചേരിയിലാണ്”.’ റൈറ്റർ ചിരിച്ചുകൊണ്ടു പറഞ്ഞു.

“പിന്നെ പട്ടരെന്തിന് ഈ വേണ്ടാതനത്തിനു പോയി?” ശുദ്ധനായ കൃഷ്ണൻമാസ്റ്റർ ചോദിച്ചു.

“വേണ്ടാതനമല്ലാ വേണ്ടിയിട്ടുതന്നെയാണ് അയാളതു ചെയ്തത്.” റൈറ്റർ വിവരിച്ചു: “കേളഞ്ചേരിയിലെ ഭരിക്കുന്ന കാരണവർ കുഞ്ഞിക്കേളുമേലാന്റെ കാര്യസ്ഥനാണ്, ശുപ്പുപ്പട്ടർ. കുഞ്ഞിക്കേളുമേലാനുവേണ്ടി പട്ടർ എന്തും ചെയ്യും. അനുജനു പ്രായപൂർത്തിയെത്തിയാൽ പിന്നെ കുഞ്ഞിക്കേളുമേലാന്റെ ഏകാധിപത്യം പൊളിയുമല്ലോ. അതു കരുതി പട്ടർ പ്രയോഗിച്ച തന്ത്രമാണ്.....”

“റാക്കു കുടിച്ചാൽ ആളു മരിക്കേ്വാ?” മാസ്റ്ററുടെ സംശയം.

കിട്ടൻറൈറ്റർ ഡബ്ബിയിൽനിന്നു കുറച്ചു പൊടി കൈവെള്ളയിലേക്കു തട്ടിയിട്ട്, നുള്ളിയെടുത്തു തനിയെ ചിരിച്ചുകൊണ്ടു പ്രസ്താവിച്ചു:”റാക്കിൽ കുറച്ചു മരുന്നും നുള്ളിയിട്ടെന്നു കരുതിക്കോളൂ.....”

“എന്റെ ഭഗവാനേ!” മാസ്റ്റർ നെഞ്ചുഴിഞ്ഞുകൊണ്ട് ഒരു നെടുവീർപ്പയച്ചു: “കുഞ്ഞിക്കേളുമേലാന്റെ മേൽനോട്ടത്തിൽത്തന്നെയാണോ അതു നടന്നത്?”

റൈറ്റർ പറഞ്ഞു: “കുഞ്ഞിക്കേളുമേലാൻ അന്നു രാത്രി കേളഞ്ചേരിയില് ഉണ്ടായിരുന്നില്ല. (ബ്രാഹ്മണനെ കൊന്നാൽ ബ്രഹ്മഹത്യാപാപത്തോടെ നിത്യനരകത്തിൽ—ബ്രാഹ്മണൻ കൊന്നാൽ ചത്ത ആൾക്കു മോക്ഷം. അങ്ങനെയാണല്ലോ നമ്മുടെ പുരാണങ്ങളിൽ പറഞ്ഞിരിക്കുന്നത്—അതിനാൽ അനുജനു മോക്ഷം കൊടുക്കുന്ന പണി പൂണൂൽക്കാരനെ ഏല്പിച്ച് കുഞ്ഞിക്കേളുമേലാൻ ഇരുമ്പൻ പോക്കരെയുംകൂട്ടി തിരക്കിട്ടു മറ്റൊരു പരിപാടിക്കു പോയി—”

“എന്തു പരിപാടി?”

“നാടകക്കാരിയെ വാരുന്ന പരിപാടി.”

“നാടകക്കാരിയെ വാരുന്ന പരിപാടിയോ?” കൃഷ്ണൻമാസ്റ്റർ കാര്യം മനസ്സിലാവാതെ മിഴിച്ചുനോക്കി.

നാട്ടിൽ നടക്കുന്ന ചില അസാന്മാർഗ്ഗികനേരമ്പോക്കുകളുടെ സാങ്കേതികസംജ്ഞകളായ 'വാരുക', 'വീശുക' എന്നിവയെപ്പറ്റി ശുദ്ധനായ കൃഷ്ണൻമാസ്റ്റർക്കെന്തറിയാം? അതിനാൽ കിട്ടൻറൈറ്റർ വിസ്തരിച്ചു പറഞ്ഞുകൊടുത്തു.

മധുരയിൽനിന്നു വന്ന 'മീനാക്ഷിവിലാസം തമിഴ്സംഘ'ക്കാരുടെ 'കോവിലൻചരിത്ര'മാണ് അന്നു പട്ടണത്തിൽ കളിക്കുന്നത്.

നാടകം തുടങ്ങി, ഒരു മണിക്കൂർ കഴിഞ്ഞു—

കോവിലൻ ചിലമ്പുമായി രംഗത്തു വന്നു നിൽക്കുന്നു. എന്നാൽ,

'തേങ്കായുടഞ്ചുപോകും

മല്ലികപ്പൂ വാടിവീഴും.....' എന്ന അവന്റെ പുകഴ്പെറ്റ തോറ്റം കേൾക്കാൻ കണ്ണകിയെ മുമ്പിൽ കാണുന്നില്ല! (കണ്ണകി അപ്പോൾ പന്ത്രണ്ടു ലൈറ്റുള്ള മോട്ടോർകാറിൽ കുഞ്ഞിക്കേളുമേലാന്റെ കസ്റ്റഡിയിൽ എങ്ങോട്ടോ പറക്കുകയായിരുന്നു.)

കണ്ണകിയെ കാണാഞ്ഞപ്പോൾ കാണികൾ ബഹളംകൂട്ടി. അപ്പോൾ കോഴിവാലൻ തലക്കെട്ടുകെട്ടിയ ഒരു കരുത്തൻ സ്റ്റേജിൽ പ്രത്യക്ഷപ്പെട്ടു. പുതിയ നായകനെ കാണികൾക്ക് ഉടൻ മനസ്സിലായി: ഇരുമ്പൻപോക്കർ.

പോക്കർ കോവിലനെ പിടിച്ചു പിന്നോട്ടു മാറ്റി. അവിടെ ഞെളിഞ്ഞു നിന്ന് പോത്തിന്റെ സ്വരത്തിൽ ഒരു പ്രഖ്യാപനം നടത്തി:

"വേശംകെട്ട്ന്ന പെണ്ണിനു പെട്ടെന്നൊരു തലശുറ്റല്—ഒരു മണിക്കൂറുകയ്ഞ്ഞേ സൊഹാവൂ. അതുവരെ എല്ലാരും മുണ്ടാണ്ടിരിക്കണം....."

അതൊരു താക്കീതായിരുന്നു. പോക്കരുടെ വാലാത്തന്മാർ കൊട്ടകയുടെ മുക്കിലും മൂലയിലും നിന്നുകൊണ്ട് തങ്ങളിവിടെ ഹാജരുണ്ട് എന്ന ഭീഷണിയോടെ മുക്കുകയും മൂളുകയും മുരളുകയും ചെയ്തു—

കാണികൾ ഭയം ഉള്ളിലൊതുക്കി നിശ്ശബ്ദരായിരുന്നു.

പോക്കർ പറഞ്ഞപ്രകാരം, ഒരു മണിക്കൂറു കഴിഞ്ഞപ്പോൾ കണ്ണകി രംഗത്തു പ്രത്യക്ഷപ്പെട്ടു. നാടകം തുടർന്നു.

കണ്ണകിയുടെ കരച്ചിലും അഭിനയവും എന്നത്തെക്കാളും കേമമായി. കാരണം, അവൾ യഥാർത്ഥമായ പാരവശ്യത്തോടെയാണ് തന്റെ പാർട്ട് നിർവ്വഹിച്ചത്.

പിന്നെ കുറെ കഴിഞ്ഞു സ്റ്റേജിൽ, രാജകല്പനപ്രകാരം കോവിലൻ വധിക്കപ്പെടുന്ന രംഗം നടക്കുമ്പോൾ, കേളഞ്ചേരിയിലും ഒരു കൊലപാതകം നടക്കുന്നുണ്ടായിരുന്നു......

കിട്ടൻറൈറ്ററുടെ കഥ കേട്ട് കൃഷ്ണൻമാസ്റ്റർ തരിച്ചിരുന്നുപോയി.

അമർഷം ഒതുക്കിക്കൊണ്ടു കൃഷ്ണൻമാസ്റ്റർ പറഞ്ഞു "കഷ്ടം! ഇവിടെ പോലീസും നിയമവും ഒന്നുമില്ലേ? വെള്ളക്കാരൻ നാടു ഭരിക്കുമ്പോൾ ഇവിടെ ഇതെല്ലാം നടക്കുന്നുണ്ടല്ലോ!"

കിട്ടൻറൈറ്റർ ഒരു പരിഹാസച്ചിരി ചിരിച്ചു: "നിയമവും പോലീസും! പണത്തിനുമീതെ പരുന്തും പറക്കില്ല എന്നു കേട്ടിട്ടില്ലേ? പോലീസുദ്യോഗസ്ഥന്മാർക്കു നല്ല കൊയ്ത്താണ്—അവരൊന്നു കണ്ണുചിമ്മിയാൽ മതി — കേളഞ്ചേരിയിലെ പണം അവരുടെ ഉള്ളംകൈയിൽ വരും....."

“ഇതെത്രകാലം നടക്കും?”

“കേളഞ്ചേരിയിലെ സ്വത്തുക്കളെല്ലാം അന്യാധീനപ്പെടുന്നതുവരെ ഇതെല്ലാം അങ്ങനെ നടക്കും.” കിട്ടൻറൈറ്റർ പറഞ്ഞു.

ഊണകഴിക്കാറായെന്ന് ശ്രീധരന്റെ അമ്മ വാതിൽക്കൽ വന്ന് അറിയിച്ചു.

ഊണകഴിച്ചുകൊണ്ടിരിക്കെ കുഞ്ഞിക്കേളുമേലാന്റെ ഭ്രാന്തെടുത്ത ധൂർത്തിനെപ്പറ്റിയുള്ള കഥകൾ കുറേക്കൂടി കിട്ടൻറൈറ്റർ മാസ്റ്ററെ കേൾപ്പിച്ചു.

വിഷയലമ്പടനായിരുന്ന കുഞ്ഞിക്കേളുമേലാൻ കുറച്ചു നർമ്മബോധമുള്ള ഒരു രസികനുംകൂടിയായിരുന്നു. ഒരിക്കൽ സ്ഥലത്തെ വക്കീൽമാരുടെ ക്ളബ്ബ് വാർഷികത്തിന് ‘ഇന്ദുലേഖ’ നാടകമായി അവതരിപ്പിച്ചിരുന്നു. നാടകത്തിനു ടിക്കറ്റ് വിൽക്കാൻ രണ്ടു വക്കീൽമാർ കുഞ്ഞിക്കേളുമേലാന്റെ അടുക്കൽ വന്നു. ഏറ്റവും മുന്തിയ ടിക്കറ്റ് കൊടുത്തു.

“എന്താണ് ടിക്കറ്റിന്റെ ചാർജ്?” മേലാൻ ചോദിച്ചു.

“പത്തുറുപ്പിക” വക്കീൽമാർ പറഞ്ഞു.

കുഞ്ഞിക്കേളുമേലാൻ ടിക്കറ്റ് വാങ്ങി, പർസ് തുറന്ന് ഒരഞ്ചുറുപ്പിക എടുത്തുകൊടുത്തു.

“ഇത്, അഞ്ചുറുപ്പികയല്ലേയുള്ളൂ? മേലാനു തെറ്റുപറ്റിയതായിരിക്കുമെന്നു കരുതി വക്കീൽമാർ വാദിച്ചു.

# 8. ഒരു നിധിയുടെ കഥ

ഒറ്റത്തോര്ത്തുമുണ്ടും മെതിയടിയുമായി കന്നിപ്പറമ്പിലെ കോലായത്തെമ്പിലിരുന്ന ചന്തുമൂപ്പൻ കേളഞ്ചേരിയിലെ കുഞ്ഞിക്കേളുമേലാൻ ജനിച്ചതിനു തൊട്ടുമുമ്പുള്ള കാലത്തെ കഥകൾ കൃഷ്ണൻമാസ്റ്ററെ കേൾപ്പിക്കുകയാണ്.

കുഞ്ഞിക്കേളുമേലാന്റെ മുത്തച്ഛൻ കേളുമേലാന്റെ കാലം. കേളഞ്ചേരിത്തറവാട്ടിലെ സമ്പത്തിനു കൈയും കണക്കുമില്ല. കേളഞ്ചേരിക്കവകാശപ്പെട്ട മണ്ണു ചവിട്ടാതെ ദേശത്ത് അരക്കാതം ദൂരം നടക്കാൻ ആർക്കും കഴിഞ്ഞിരുന്നില്ല. കടൽവ്യാപാരത്തിൽനിന്നുള്ള ഒരാണ്ടത്തെ ആദായം കൊണ്ടുമാത്രം ഒരു കപ്പൽ വാങ്ങാമായിരുന്നു.

നിധി കിട്ടുക എന്നതു കേളഞ്ചേരിക്കാരണവരുടെ സാധാരണ അനുഭവമായിത്തീർന്നുവത്രേ. പൂർവ്വികന്മാർ, ചെമ്പുകുടങ്ങളിലും ഓട്ടുമൊന്തകളിലും മറ്റും ഭദ്രമായി അടക്കി ഈന്തൽമരങ്ങളുടെയും കാഞ്ഞിരത്തിന്റെയും മുരട്ടിൽ കുഴിച്ചിട്ടിരുന്ന പൊൻപണങ്ങളും ആമാടക്കൂട്ടങ്ങളും സ്വർണ്ണാഭരണങ്ങളും ചിലപ്പോൾ പൊൻവെള്ളരിക്കകളും രത്നക്കല്ലുകളും—കേളഞ്ചേരിക്കാരണവർ അടുത്തുവരുമ്പോൾ ഭൂമിക്കടിയിൽനിന്നു താനേ പൊങ്ങിവരുന്നതുപോലെയായിരുന്നു അനുഭവങ്ങൾ—അങ്ങനെ കേളഞ്ചേരിയുടെ ഐശ്വര്യം അടക്കംകിട്ടാത്ത ഒരു ഘട്ടമെത്തിയപ്പോൾ കേളുമേലാന്റെ ജാതകം പരിശോധിച്ച ഒരു പരദേശജ്യോത്സ്യൻ ഇങ്ങനെ ഉപദേശിച്ചുവത്രേ: "ഇനി നിധി കിട്ടാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം. ഈ തറവാട്ടിലേക്ക് ഇനി വരുന്നതു ശാപമേറ്റ ഒരു നിക്ഷേപമായിരിക്കും. അതു തറവാട്ടിന്റെ ക്ഷയം കുറിക്കും....."

അതു കേട്ടപ്പോൾ കേളുമേലാൻ കുമ്പ തടവിക്കൊണ്ട് ഒന്നു ചിരിച്ച് മനസ്സിൽ വിചാരിച്ചു: കേളഞ്ചേരി ക്ഷയിക്കുകയാണെങ്കിൽത്തന്നെ അവസാനം കണ്ടെത്താൻ നൂറ്റാണ്ടുകൾ കഴിയേണ്ടിവരും. വ്യാപാരം പൊളിഞ്ഞു പോകുമായിരിക്കാം. എണ്ണവും അളവും നിർണ്ണയിക്കാൻ കഴിയാത്തത്ര ജന്മസ്വത്തുക്കളില്ലേ? ഭൂകമ്പമുണ്ടായാലും പ്രളയം വന്നാലും നിലനില്ക്കുന്ന പറമ്പുകളും പാടങ്ങളും മലനിലങ്ങളുമില്ലേ? ഒരാറേഴ് തലമുറകൾക്കിപ്പുറം എന്തുതന്നെ സംഭവിച്ചാലും അവ മുഴുവനും ചോർന്നു പോവുകയില്ല. കിണറ്റിലെയും കുളത്തിലെയും വെള്ളം മുക്കിവറ്റിക്കാം. കേളഞ്ചേരി ഒരു കടലാണ്..... എന്നാൽ ജ്യോത്സ്യൻ ഉപദേശിച്ച കാര്യം, മറ്റുപ്രകാരത്തിൽ ചിന്താർഹമാണ്. താങ്ങാനാവാത്ത സമ്പത്താണ് തറവാട്ടിൽ കുമിഞ്ഞുകൂടിയിരിക്കുന്നത്. അക്കൂട്ടത്തിൽ ഭൂമിക്കടിയിലെ നിധികുംഭങ്ങളെയും ഇവിടെ പൊറുപ്പിക്കാൻ പ്രയാസമായിരിക്കും......

കേളുമേലാൻ അങ്ങനെ തന്റെ അതിസമ്പത്തിന്റെ പ്രാരബ്ധങ്ങളെക്കുറിച്ച് ഓരോന്നു ചിന്തിച്ചുകൊണ്ടിരിക്കെ കോവിലകത്തുനിന്നു ദൂതന്മാർ പടികയറിവന്നു. മേലാനെ ഉടൻ കാണണമെന്നു രാജാവുതിരുമനസ്സുകൊണ്ടു കൽപിച്ചരുളിയിരിക്കുന്നു.

തന്റെ പദവിക്കു ചേർന്ന ചമയങ്ങളോടും അകമ്പടിക്കാരോടുംകൂടി കേളുമേലാൻ രാജസന്നിധിയിലെത്തി. അവിടെ രാജാവും മന്ത്രിമാരും പണ്ഡിതന്മാരും ഒരു വിഷമപ്രശ്നം

പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി വളരെ ഗൗരവമായി കൂടിയാലോചന നടത്തിക്കൊണ്ടിരിക്കുകയായിരുന്നു.

രാജാവിന്റെ പ്രിയപ്പെട്ട കൊമ്പനാന, കേശവൻ, ഭഗവതിപ്പറമ്പിലെ വലിയ പൊട്ടക്കിണറ്റിൽ എങ്ങനെയോ വീണുപോയി. ആന കിണറ്റിൽ കുടുങ്ങിക്കിടക്കുകയാണ്. പരിക്കേൽപിക്കാതെ വേഗം അവനെ രക്ഷപ്പെടുത്താനെന്താണു വഴി?

"മേലാന്ന് എന്തെങ്കിലും പറയാനുണ്ടോ? —ഇവിടെയുള്ളവർക്കാർക്കും ഒരു വഴിയും തോന്നുന്നില്ല." രാജാവ് വിഷാദഭാവത്തിൽ അരുളിച്ചെയ്തു.

കേളുമേലാൻ തല കുനിച്ച് ഒരുനിമിഷം ആലോചിച്ചു. പിന്നെ മുഖമുയർത്തി വിനീതഭാവത്തിൽ ഉണർത്തിച്ചു: "അടിയൻ ഒന്നു പരീക്ഷിച്ചു നോക്കട്ടെ."

മേലാന്റെ മറുപടി മന്ത്രിമാർക്കും പണ്ഡിതന്മാർക്കും തൃപ്തികരമായി തോന്നിയില്ല എന്ന് അവരുടെ മുഖഭാവം വെളിപ്പെടുത്തി. എന്നാൽ, രാജാവിന്റെ മുഖം സ്വല്പം പ്രസന്നമായി. മേലാന്റെ ബുദ്ധിസാമർത്ഥ്യത്തെപ്പറ്റി രാജാവിനു വലിയ മതിപ്പുണ്ടായിരുന്നു.

കേളുമേലാൻ വേഗം കേളഞ്ചേരിയിലേക്കു മടങ്ങി. അവിടെ എത്തിയ ഉടൻ കാര്യസ്ഥന്മാരെയും വേലക്കാരെയും വിളിച്ചുവരുത്തി ഇങ്ങനെ ആജ്ഞാപിച്ചു: "നിങ്ങൾ പലവഴിക്കും പോയി നാട്ടിൽ എവിടെയെല്ലാം വൈക്കോൽക്കുണ്ടുകൾ കാണുന്നുവോ, അവിടെനിന്നെല്ലാം വൈക്കോൽ വാങ്ങി ശേഖരിച്ചു വേഗം ഭഗവതിപ്പറമ്പിലെത്തിക്കണം."

കാളവണ്ടികളിലും കൈവണ്ടികളിലും തലച്ചുമടായും ധാരാളം വൈക്കോൽക്കെട്ടുകൾ ഭഗവതിപ്പറമ്പിലേക്കു നീങ്ങി. മേലാന്റെ മേൽനോട്ടത്തിൽ കൂട്ടുകാർ വൈക്കോൽക്കെട്ടുകൾ ഓരോന്നായി പൊട്ടക്കിണറ്റിലേക്കിട്ടു കൊടുത്തു. വൈക്കോൽക്കെട്ടുകളിൽ ചവിട്ടി ആന മെല്ലെമെല്ലെ മേൽപ്പോട്ടു കേറിത്തുടങ്ങി. അരമണിക്കൂർ വേണ്ടിവന്നില്ല. വൈക്കോൽ മെത്തയിൽ കാലൂന്നിക്കൊണ്ടു കേശവൻ കിണറ്റിൽനിന്നും പുറത്തുകടന്ന്, കേളുമേലാനെ നോക്കി നന്ദിസൂചകമായി ഒന്നു ചിന്നംവിളിച്ച്, അരികെ പാഞ്ഞെത്തിയ പാപ്പാനെ കണക്കാക്കാതെ നേരെ കോവിലകത്തിനു നേർക്ക് നടന്നു.

രാജാവ് കേളുമേലാനു പട്ടും വളയും സമ്മാനിച്ചു. നാലാമത്തെ പ്രാവശ്യമാണ് കേളഞ്ചേരിക്കാരണവർ രാജാവിന്റെ തൃക്കൈയിൽനിന്നു പട്ടും വളയും വാങ്ങുന്നത്.

കേളഞ്ചേരിയിൽ മടങ്ങിയെത്തിയപ്പോൾ കേളുമേലാൻ നിധി കിട്ടുന്നതിനെപ്പറ്റി ഭീഷണിപ്പെടുത്തിയ ജ്യോതിഷിയെ ആളയച്ചുവരുത്തി നേരമ്പോക്കായി ചോദിച്ചു: "ജ്യോത്സ്യരേ, ഓർത്തിരിക്കാതെ കിട്ടിയ പൊൻവള ഒരു നിധിയായി കണക്കാക്കുമോ?

"സൂക്ഷിക്കുക—"ജ്യോതിഷി ഉഭയാർത്ഥത്തിൽ പ്രതിവചിച്ചു.

അഞ്ചാറുമാസം കഴിഞ്ഞു.

ഒരുദിവസം വൈകുന്നേരം കേളുമേലാൻ തറവാട്ടുവക ചില പാടങ്ങളും പറമ്പുകളും ചെന്നു നോക്കി മടങ്ങുകയായിരുന്നു. കേളഞ്ചേരിയിൽനിന്ന് ഒരു വിളിപ്പാടകലെ, കടം വന്ന ഒരു നായരുടെ വലിയൊരു പറമ്പ് കേളുമേലാൻ കോടതിയിൽനിന്നു ലേലത്തിൽ വാങ്ങിയിരുന്നു. പുരാതനമായ ആ പറമ്പിൽ വേലികെട്ടാനും മണ്ണുകിളച്ചു വളമിടാനും കാര്യസ്ഥന്മാരെ പറഞ്ഞേല്പിച്ചിട്ടുണ്ടായിരുന്നു. അതെല്ലാം എത്രകണ്ട് ആയി എന്നു

നേരിട്ടു പരിശോധിക്കാൻ അദ്ദേഹം ഇടവഴിയിലൂടെ അങ്ങോട്ടു തിരിച്ചു. അപ്പോൾ സമയം സന്ധ്യയോടടുത്തിരുന്നു.

തന്റെ പുതിയ പറമ്പിന്റെ പടിക്കലെത്തിയപ്പോൾ ഒരു ചെറുമി ആ പറമ്പിൽനിന്ന് അരിഞ്ഞുകൂട്ടിയ ഒരുകെട്ടു പച്ചപ്പുല്ലും തലയിലേറ്റി ഇറങ്ങി വരുന്നതു കേളുമേലാൻ കണ്ടു.

ആരു പറഞ്ഞെടീ നിന്നോടു വേലിപൊളിച്ചു പറമ്പിൽക്കേറി പുല്ലരിയാൻ?" മേലാൻ ദേഷ്യപ്പെട്ടു ഗർജ്ജിച്ചു.

ഇടവഴിയുടെയും പറമ്പിന്റെയും ഇടയ്ക്കുള്ള മുള്ളുവാതിലിന്റെയും ഒതുക്കുകല്ലിന്റെയും നടുവിൽ പരുങ്ങിനിന്നുകൊണ്ട് ചെറുമി, പുല്ലുകെട്ടിനടിയിലൂടെ മേലാനെ മിഴിച്ചുനോക്കി.

"എന്തെടീ, ഇടിവെട്ടിയപോലെ നില്ക്കുണ! പുല്ല് അവിടെ ഇടടീ"!

പുല്ലിൻകെട്ട് തലയിൽത്തന്നെ പിടിച്ചുകൊണ്ടു ചെറുമി, പെട്ടെന്ന് കേളുമേലാനെ ഉരുമ്മിക്കൊണ്ട് ഇടവഴിയിലേക്കു ചാടി ഒരോട്ടംവച്ചു കൊടുത്തു.

കേളുമേലാനു കലികേറി: "അമ്പടി, നീ അത്രയ്ക്കായോ?" എന്നു പല്ലിറുമ്മിപ്പറഞ്ഞുകൊണ്ട് മേലാൻ ചെറുമിയുടെ പിന്നാലെ പാഞ്ഞു. തന്നെ കടന്നു പിടിക്കുമെന്നു കണ്ടപ്പോൾ ചെറുമി, പുല്ലിൻകെട്ടു താഴെയിട്ട് പ്രാണനുംകൊണ്ടു കുതിച്ചു.

'ട്ച്ഛിലിങ്' എന്നൊരു മണിനാദത്തോടെയാണ് ആ പുൽക്കെട്ട് ഒരു കല്ലിന്മീതേ പതിച്ചത്. മേലാൻ അദ്ഭുതത്തോടെ കുനിഞ്ഞുനോക്കി. മണ്ണും കറയും പിടിച്ച പഴയൊരു ചെമ്പുമുരുട അവിടെ ചെരിഞ്ഞുകിടക്കുന്നു! എടുത്തു പൊക്കി നോക്കി. നല്ല കനമുണ്ട്. കുലുക്കിനോക്കി. എന്തൊക്കെയോ കുലുങ്ങുന്നു. തുറന്നു നോക്കാതെതന്നെ ബോദ്ധ്യമായി നിധിയാണെന്ന്. പറമ്പിൽ പുല്ലരിയുമ്പോൾ ചെറുമിക്കു കിട്ടിയതാണ്. അവൾ ആ നിധികുംഭം പുൽക്കെട്ടിനുള്ളിലൊളിപ്പിച്ചു കടത്തിക്കൊണ്ടുപോകാൻ തയ്യാറായിനില്ക്കുന്ന മുഹൂർത്തത്തിലാണ് മേലാൻ അവിടെ പ്രത്യക്ഷപ്പെട്ടത്.

ചുമലിലിട്ടിരുന്ന തോർത്തുമുണ്ടെടുത്തു നിധികുംഭം പൊതിഞ്ഞു കൈയിൽ പിടിച്ച് കേളുമേലാൻ കേളഞ്ചേരിയിൽ ചെന്നുകയറി. അപ്പോൾ കേളുമേലാന്റെ പെങ്ങൾ കുഞ്ഞിക്കുറുമ്പി പൂമുഖത്തേക്കു വന്ന് ഒരു സന്തോഷവാർത്ത അറിയിച്ചു: "ഉണ്ണൂലി പെറ്റു. ആൺകുട്ടി—"

കേളുമേലാന്റെ മകൻ ചന്തുക്കുട്ടിയുടെ ഭാര്യയാണ് ഉണ്ണൂലി. തനിക്ക് ഒരു പൗത്രൻകുട്ടി പിറന്ന വാർത്ത കേളുമേലാനെ എന്തുകൊണ്ടോ സന്തുഷ്ടനാക്കിയില്ല. നിധികുംഭവും കക്ഷത്തിൽ വെച്ചു മേലാൻ ഒന്നു മൂളി.

(അന്നു പിറന്ന കുഞ്ഞാണ് കുഞ്ഞിക്കേളുമേലാൻ.)

കേളുമേലാന്റെ ചിന്ത മുഴുവനും ആ നിധികുംഭത്തിലായിരുന്നു.

ചെമ്പുമൊന്തയുടെ മുഖം എന്തോ ലോഹത്തകിടുകൊണ്ട് അടച്ചുറപ്പിച്ചിട്ടിരുന്നു. പാത്രത്തിനകത്തെ ദ്രവ്യങ്ങളെന്താണെന്നറിയാൻ, മേലാൻ വ്യഗ്രതകാട്ടി. എന്നാൽ പൊളിച്ചുനോക്കാൻ ധൈര്യം കിട്ടിയതുമില്ല. ഈ നിക്ഷേപം തനിക്കാവശ്യമില്ല. പിന്നെ എന്തിനാണു തുറന്നുനോക്കുന്നത്? മേലാൻ അങ്ങനെ മനസ്സിൽ പറഞ്ഞു സമാധാനം കൈവരുത്തി.

നേരം കുറെ ഇരുട്ടിയപ്പോൾ മേലാൻ നിധികുംഭവുമെടുത്ത് തെക്കേപറമ്പിലേക്കു നടന്നു. അവിടെ ഒരു ഈന്തൽമരത്തിന്റെ മുരട്ട് ആഴത്തിൽ കുഴികുത്തി ആ കുംഭം

അവിടെ വീണ്ടും നിക്ഷേപിച്ചു മടങ്ങിപ്പോന്നു.

കുട്ടിയുടെ ജാതകം ഗണിക്കണം. കേളുമേലാൻ കുഞ്ഞിക്കുറുമ്പിയെ വിളിച്ചു ചോദിച്ചു.

"എപ്പോഴാണു കുട്ടി പിറന്നത്?"

കുഞ്ഞിക്കുറുമ്പി പറയാൻ ആദ്യം അല്പം പരുങ്ങി. പിന്നെ ഒരു ദൃഢസ്വരത്തിൽ ഉരിയാടി: "ഉദിച്ച് ഇരുപത്തേഴര നാഴികയ്ക്കാണു പെറ്റത്."

എന്നാൽ ശരിയായ സമയം അതായിരുന്നില്ല. 'ഉദയംമുതല്ക്കുതന്നെ പഴയ ചിട്ടയിൽ, കിണ്ണത്തിൽ വെള്ളം നിറച്ച് നാഴികവട്ട വെച്ചിട്ടുണ്ടായിരുന്നു. എപ്പോഴാണെന്നു നിശ്ചയമില്ല. ഒരു പൂച്ച കിണ്ണത്തിൽ ചാടിവീണ് നാഴി കച്ചിരട്ട തട്ടിമറിച്ചുകളഞ്ഞു. അബദ്ധംപറ്റിയതു കുഞ്ഞിക്കുറുമ്പി ആരെയും അറിയിച്ചില്ല. കുട്ടിയുടെ ജനനസമയം സ്വയം ഗണിച്ച് അങ്ങു പറയുകയും ചെയതു.

കുട്ടിയുടെ ജാതകം ഗണിച്ച ജ്യോതിഷി ചന്തുക്കുഞ്ഞൻപണിക്കർ രേഖപ്പെടുത്തി: രാജയോഗമടക്കമുള്ള സകലയോഗങ്ങളും ആജീവനാന്തസൗഭാഗ്യവും ദീർഘായുസ്സും എല്ലാം ഒത്തുചേർന്ന ഒരസാധാരണഭാഗ്യ ജാതകമാണിത്.

അഞ്ചാറുദിവസം കഴിഞ്ഞു. കേളുമേലാനു മനസ്സിനു തീരെ സ്വസ്ഥതയുണ്ടായില്ല. ആ നിധികുംഭത്തിന്റെ ഉള്ളടക്കമെന്താണെന്നറിയാനുള്ള വ്യഗ്രത മൂർദ്ധന്യത്തിലെത്തി. പൊൻപണങ്ങളോ ആമാടക്കൂട്ടമോ രത്നക്കല്ലുകളോ എന്തായിരിക്കും അതിൽ കുഴിച്ചിട്ടുള്ളത്? ആവശ്യമുണ്ടായിട്ടല്ല; ഒന്നു കാണാൻമാത്രം.

ഒടുവിൽ ഒരുദിവസം അതൊന്നു പരിശോധിക്കാൻതന്നെ ഉറച്ചു. രാത്രി ഏഴെട്ടുനാഴിക ചെന്നപ്പോൾ ഒരു പാരക്കോലും കൊടുവാളും കൈയിലെടുത്തു തെക്കേപ്പറമ്പിലെ ഈന്തൽമരത്തിനടുക്കലേക്കു നടന്നു. സ്ഥാനം നല്ലപോലെ ഒന്നു പരിശോധിച്ചു.

ഈന്തൽമരച്ചുവട്ടിൽ നിധികുംഭം കുഴിച്ചിട്ടപ്പോൾ അതിനുമീതെ അടയാളമായി കേളുമേലാൻ ഒരു കറ്റവാഴത്തയ്യും നട്ടിട്ടുണ്ടായിരുന്നു. ഇരുട്ടിൽ കറ്റവാഴയില കുത്തനെ അനങ്ങാതെ നില്ക്കുന്നതു കണ്ടുപിടിച്ചു. കുട്ടപ്പാരയും പൊക്കി മേലാൻ അടുത്തുചെന്നതും, ഇലയെന്നു കരുതിയിരുന്നത് ഒന്നു മുമ്പോട്ടു പിടഞ്ഞ് 'ഫ്ബഫ്ഫ്' എന്നൊരു ചീറ്റൽ പുറപ്പെടുവിച്ചതും ഒപ്പം കഴിഞ്ഞു. പടം വിടർത്തിപ്പിടിച്ച ഉഗ്രസർപ്പത്തിന്റെ ഊത്ത്!..... അർദ്ധ പ്രജ്ഞയോടെയാണ് കേളുമേലാൻ വീട്ടിലെ ചാരുപടിമേൽ ചെന്നു വീണത്.

പിന്നെ മരിക്കുന്നതുവരെ ആ നിധി ചെന്നു നോക്കാൻ മൂപ്പർ പോയിട്ടില്ല. ആ നിക്ഷേപത്തെപ്പറ്റി ഓർക്കുമ്പോൾ ആ സർപ്പത്തിന്റെ ഫൂൽക്കാരവും രത്നക്കല്ലുപോലെയുള്ള അതിന്റെ ദൃഷ്ടികളും കേളുമേലാന്റെ തലച്ചോറിൽ മുഴങ്ങുകയും മിന്നുകയും ചെയ്തിരുന്നുവത്രേ.

ആ വിഷസർപ്പമാണ് കുഞ്ഞിക്കേളുമേലാനെ ബാധിച്ചിരിക്കുന്നത്. കേളുമേലാനോട് ആ പരദേശജ്യോതിഷി അന്നു പറഞ്ഞതു ഫലിക്കാതിരിക്കയില്ല. ആ വിഷസർപ്പത്തിന്റെ ഊത്തിൽ എല്ലാം നശിക്കും. കേളഞ്ചേരിത്തറവാട്ടിന്റെ തറമാന്തിയേ അടങ്ങു എന്ന മട്ടിലാണല്ലോ കുഞ്ഞിക്കേളുമേലാന്റെ പുറപ്പാട്......

ചന്തുമൂപ്പൻ എഴുന്നേറ്റു: "കഥ പറഞ്ഞു നേരംപോയതറിഞ്ഞില്ല." വായിൽ മുന്നോട്ടുന്തിയ വലിയ പല്ലുകൾ കാട്ടി ഒന്നിളിച്ച് ചന്തുമൂപ്പൻ യാത്ര പറഞ്ഞ് 'കൂക്കോ' എന്നു മെതിയടിയും ചവിട്ടിക്കൊണ്ടു പടികടന്നുപോയി.

വീട്ടിലെ കോലായയോടു തൊട്ട മുറിയിലെ ജാലകത്തിനടുത്ത്, പാഠം പഠിക്കുന്ന നാട്യത്തിൽ കുമ്പിട്ടിരുന്നുകൊണ്ട്, ചന്തുമൂപ്പന്റെ കഥകൾ ഒരു വാക്യം പോലും വിടാതെ ശ്രദ്ധിച്ചുകേൾക്കുന്നുണ്ടായിരുന്നു, ശ്രീധരൻ.

# 9. കൂറുമാറ്റങ്ങൾ

മാസങ്ങളും വർഷങ്ങളും കടന്നുപൊയ്ക്കൊണ്ടിരിക്കെ അതിരാണിപ്പാടത്തിന്റെ മുഖച്ഛായകൾക്കും മാറ്റം സംഭവിച്ചുകൊണ്ടിരുന്നു.

കന്നിപ്പറമ്പിലേക്കൊന്നു നോക്കുക: പഴയ ഓലപ്പുര പോയി തൽസ്ഥാനത്തു മുകളിൽ തുറന്ന വരാന്തയോടുകൂടിയ ഭംഗിയുള്ളൊരു മാളിക ഭവനമാണ് പൊങ്ങിനില്ക്കുന്നത്— മുറ്റത്തിന്റെ മൂലയിൽ ആൾമറയുള്ള നല്ലൊരു കിണറും. കന്നിപ്പറമ്പിലെ ശുദ്ധജലക്കിണർ ചുറ്റുപാടുമുള്ള വീട്ടുകാർക്ക് ഒരനുഗ്രഹമായിത്തീർന്നിട്ടുണ്ട്. ചെപ്പുകുടങ്ങളും മൺളുക്കുകളും ഒക്കത്തുവച്ച് അതിരാണിപ്പാടത്തെ പെൺകിടാങ്ങൾ അവിടെ ഒത്തുകൂടുന്നു; വർത്തമാനം പറഞ്ഞ് കലപലാ ചിരിക്കുന്നു. മാളികവരാന്തയിലിരുന്നുകൊണ്ട് ശ്രീധരൻ, കിണറിനുചുറ്റും ഉയരത്തിൽ കെട്ടിയ, മണിപ്പൂവള്ളികൾ പടർത്തിയ ചീനവേലിക്കു മുകളിലൂടെ ആ പെൺകൊടികളുടെ മൃദുല സല്ലാപങ്ങളും കുട്ടച്ചിരികളും തെല്ലൊരു നാണത്തോടെ ആസ്വദിക്കുന്നു. അവരെ ജലദേവതകളായി സങ്കല്പിച്ചു കവിത രചിക്കാൻ വൃഥാ ശ്രമം നടത്തുന്നു.....

അതിരാണിപ്പാടത്തിന്റെ തെക്കുകിഴക്കേ മൂലയിലെ, ഈർച്ചക്കാരൻ കറപ്പന്റെ പഴയ ചെറ്റപ്പുര, കൽച്ചുമരുകളോടുകൂടിയ നാലു മുറികളുള്ള ഒരു വീടായി മാറിയിരിക്കുന്നു. കറപ്പന്റെ മകൻ ബാലൻ കടപ്പുറത്തെ കുടക്കാൽനിർമ്മാണക്കമ്പനിയിലെ ഒരു ശമ്പളക്കാരനാണ്.

കോരൻബട്ളറുടെ ചായപ്പീടികയോടു മത്സരിച്ചുകൊണ്ട് അതിനടുത്തു തന്നെ സൂപ്പ് കണ്ണന്റെ മകൻ കുമാരൻ ഒരു ചായപ്പീടിക തുറന്ന്, 'ഭാരത് മാതാ ടീ ഷാപ്പ്' എന്നൊരു ബോർഡും വെച്ചിരിക്കുന്നു. കുമാരന്റെ അസിസ്റ്റന്റ് 'വെള്ളക്കുറ' എന്നുകൂടി പേരുള്ള വടക്കൻകുഞ്ഞിരാമൻ അതിരാണിപ്പാടത്തെ പുതിയ പൂവാലനായി വിലസുകയാണ്.

ആശാരിനീലാണ്ടൻ മരക്കൊത്തൻവേലപ്പന്റെ സർവ്വീസിൽനിന്നു തെറ്റിപ്പിരിഞ്ഞ് അതിരാണിപ്പാടത്തിന്റെ പടിഞ്ഞാറേ കോണിൽ സ്വന്തമായി ഒരു ഫർണിച്ചർഷാപ്പ് തുടങ്ങിയിരിക്കയാണ്. സഹായികളായി അളിയൻ മാധവനെയും കുട്ടപ്പൻ, കറുപ്പൻ എന്നീ രണ്ടു കിഴക്കൻ ആശാരിമാരെയും കൊണ്ടു വന്നിട്ടുണ്ട്.

ഈർച്ചക്കാരൻ സാമിയുടെ അയൽപക്കത്തു പാർക്കുന്നത് പെരുതേരി (കല്പണിക്കാരൻ) അപ്പുവാണ്. അപ്പുവിന്റെ കൊച്ചു പറമ്പിൽത്തന്നെ ആശാരി വേലായുധൻ ഒരു പുര കുത്തിമറച്ചുണ്ടാക്കിയിട്ടുണ്ട്. വേലായുധനു രണ്ടു ഭാര്യമാരുണ്ട്. ജ്യേഷ്ഠാനുജത്തികൾ: മാളുക്കുട്ടിയും ചെറിയമ്മുവും.

പഴയ ചില തോട്ടുകളും കുഴിനിലങ്ങളും തൂർന്ന് അവിടെ പുതിയ കൂട്ടരുടെ ചെറ്റപ്പുരകൾ പൊങ്ങിവന്നിരിക്കുന്നു. തട്ടാൻ, കൊല്ലൻ തുടങ്ങിയ കമ്മാളർ വേറെയും.

അങ്ങനെ അതിരാണിപ്പാടത്തു കുഴിയിടങ്ങൾ പെരുകി. ജനസംഖ്യ വർദ്ധിച്ചു. ജീവിതനിലവാരം ഉയർന്നു.

മാറ്റമില്ലാത്ത രണ്ടു സ്ഥലങ്ങൾ കുട്ടാപ്പുവിന്റെ പുരത്തറയും ചന്തുപ്പണിക്കരുടെ

എഴുത്തുപള്ളിയുമാണ്. കുട്ടാപ്പുവിന്റെ പുരത്തറ പുല്ലും പന്നച്ചെടികളും വളർന്ന് കാടുകെട്ടിക്കിടക്കുകയാണ്. ആരോഗ്യം തീരെ നശിച്ചതുകൊണ്ടാവാം കുട്ടാപ്പു തന്റെ പുരത്തറ സന്ദർശനത്തിനു വന്നിട്ടു മാസങ്ങൾ കഴിഞ്ഞു.

അതിരാണിപ്പാടത്തു ജീവിതം അണിഞ്ഞൊരുങ്ങിയ കാലത്തുതന്നെ കടന്നുകൂടിയ ഒരു സ്ഥാപനമത്രേ ചന്തുപ്പണിക്കരുടെ എഴുത്തുപള്ളി. സ്ഥലത്തെ ഇന്നത്തെ ചെറുപ്പക്കാരിൽ പലരും ചന്തുപ്പണിക്കരുടെ എഴുത്തു പള്ളിയിൽനിന്ന്, മണലിലെഴുതിയും എഴുത്തോല വായിച്ചും കൈപ്പലകയിലെ മാംസപേശിയിൽ പണിക്കരാശന്റെ മണലുകൂട്ടിയുള്ള തിരുമ്മലിന്റെ 'രസ'മനുഭവിച്ചും അക്ഷരാഭ്യാസം നേടിയവരാണ്. എഴുത്തച്ഛൻ, ജ്യോത്സ്യൻ, വൈദ്യൻ, മന്ത്രവാദി എന്നീ നിലയിലെല്ലാം അതിരാണിപ്പാടത്തും ചുറ്റുപാടുമുള്ള പലർക്കും ആദരണീയനായൊരു വ്യക്തിയാണ് വൃദ്ധനായ ചന്തുപ്പണിക്കർ. എഴുത്തുപള്ളി ഒരു പ്രൈമറി സ്കൂളാക്കി ഉയർത്തി അതിന്റെ മാനേജർസ്ഥാനവും പണിക്കർ കൈവശപ്പെടുത്തിയിട്ടുണ്ട്.

നാലഞ്ചുമൈൽ ദൂരെ ഒരിടത്താണ് ചന്തുപ്പണിക്കരുടെ വീട്. പക്ഷേ, മിക്കവാറും എഴുത്തുപള്ളിയിൽത്തന്നെയാണ് അദ്ദേഹത്തിന്റെ താമസം. രാശിവെപ്പിക്കാനും ജാതകം പരിശോധിക്കാനും ചരടുകെട്ടാനും കക്ഷികൾ രാത്രിയിലാണ് പണിക്കരെ സന്ദർശിക്കുക.

പണിക്കരുടെ കറുത്ത കവിടിസഞ്ചിക്ക് ഒരിരുപതുകൊല്ലത്തെ പഴക്കം കാണും.

ചന്തുപ്പണിക്കരെ കാണുമ്പോൾ ശ്രീധരന് ഉള്ളിൽ ചിരിവരും. അതിനു കാരണം പണിക്കരുടെ വലിയ മൂക്കാണ്. പണിക്കർ ഭയങ്കരനായൊരു പൊടിവലിക്കാരനാണ്. പുകലപ്പൊടി മൂക്കിൽ തള്ളിക്കയറ്റി, മൂക്കു ഞെരടിത്തിരുമ്മിത്തിരുമ്മി അങ്ങനെ ഏറെക്കാലത്തെ പ്രയോഗത്തിന്റെ ഫലമായി, നാസാദ്വാരങ്ങൾ വിജൃംഭിച്ച്, നാസാഗ്രം വികൃതമായി മേല്പോട്ടു വളഞ്ഞ് മൂക്ക് ആകപ്പാടെ പൊളിഞ്ഞ ഓവുപാലംപോലെയായിത്തീർന്നിരിക്കുന്നു.

പാതിരാപ്പാട്ടുകാരൻ മുച്ചിറിയൻകുട്ടായിയുടെ അഭാവം, അതിരാണിപ്പാടത്തെ രാത്രികൾക്ക് ഒരു മ്ലാനതയുളവാക്കിയിരിക്കുന്നു. കുട്ടായി ഈർച്ചക്കാരുടെ സംഘത്തലവനായി മൈസൂരിലെ തരിക്കരയിലേക്കു ജോലിക്കു പോയതാണ്.

മൂപ്പർ പിന്നെ മടങ്ങിവന്നിട്ടില്ല. അവിടെ ഒരു കന്നടച്ചിയെ കല്യാണം കഴിച്ചു കൂടിയിരിക്കയാണത്രേ!

മീശക്കണാരന്റെ അച്ഛൻ പൂശാരിവേലുവിന്റെ തൂങ്ങിമരണം—ശങ്കുണ്ണിക്കമ്പൗണ്ടറുടെ ഗാന്ധർവ്വവിവാഹം—പാണക്കുടിലിൽ പച്ചപ്പകൽ നടന്ന കൊലപാതകം—ചാപ്പുണ്ണി അധികാരിയുടെ പുതിയ ഭവനത്തിന്റെ കുറ്റപൂജാഘോഷം മുതലായവയാണ് അതിരാണിപ്പാടത്തു നടന്ന മുഖ്യ സംഭവങ്ങൾ.

മുമ്പ് ഒരീർച്ചക്കാരനായിരുന്ന വേലു, പിന്നെ പളനിപ്പണ്ടാരങ്ങളുടെ മൂപ്പനായി താടിയും മുടിയും വളർത്തി കാവിവസ്ത്രമുടുത്ത്, കഴുത്തിൽ രുദ്രാക്ഷമാലയും ചാർത്തി ഫുൾടൈം പൂശാരിയായി നടക്കുകയായിരുന്നു. മൂപ്പർ, വിശേഷിച്ചു കാരണമൊന്നുമില്ലാതെ, ഒരുദിവസം പുലർച്ചയ്ക്കു കുളിച്ചു കുറിതൊട്ടു കാവടിയും പൂജിച്ച്, അപ്പാട് പാളക്കയറെടുത്തു പുരയുടെ വിട്ടത്തിൽ കെട്ടി, സുഖമായി തൂങ്ങിച്ചത്തു.

പൂശാരിവേലു തൂങ്ങിക്കിടക്കുന്ന കാഴ്ച കാണാൻ ശ്രീധരനും ഓടിയെത്തി. കഴുത്തു

ചെരിച്ച്, നരച്ച താടിമീശരോമങ്ങൾക്കിടയിലൂടെ നാക്കു നീട്ടി, നിലംതൊടാതെ നില്ക്കുന്ന പൂശാരി! തൂങ്ങിച്ചത്ത ഒരു ശവം ആദ്യമായിട്ടാണ് ശ്രീധരൻ കാണുന്നത്.

"അയാളു തുട മാന്തിക്കീറിയതു കണ്ടോ?" പിന്നിൽനിന്ന് ആശാരി മാധവൻ മന്ത്രിച്ചു. തൂങ്ങിച്ചാകുന്നവർ മരണവെപ്രാളത്തിൽ രണ്ടു തുടകളും മാന്തിപ്പറിക്കുമത്രേ.

ഒരു കൂനൻകുഞ്ഞിനെപ്പോലെ വളരെക്കാലം പൂശാരിയുടെ ചുമലിൽ സവാരിചെയ്തിരുന്ന പളനിക്കാവടി ഒരു മൂലയിൽനിന്നു മയിൽപ്പീലിക്കണ്ണുകൾകൊണ്ടു പൂശാരിയെ മിഴിച്ചുനോക്കുന്നുണ്ടായിരുന്നു.

മറ്റൊരു മൂലയിൽ മീശക്കണാരൻ മുഖംപൊത്തി തേങ്ങിക്കരയുന്നു. ഭർത്താവു ചത്ത പെണ്ണിനെ പരിഹസിച്ചുകൊണ്ട് 'ഇനി എനിക്കാരാണോട' എന്നും പറഞ്ഞു നെഞ്ഞത്തടിച്ചു നിലവിളിക്കാറുള്ള കണാരനെ അങ്ങനെ കണ്ടപ്പോൾ ശ്രീധരന് ഉള്ളിൽ ചിരിവന്നുപോയി.........

ശങ്കുണ്ണിക്കമ്പൗണ്ടർ വടക്കെവിടെയോനിന്ന് ഒരു മൈഥിലിയെ മോഷ്ടിച്ചു കൊണ്ടുവന്നു കുറച്ചുദിവസം വീട്ടിൽ രഹസ്യമായി പാർപ്പിച്ചു —പിന്നെ പരസ്യമായി ഒരു വിവാഹാഘോഷവുമങ്ങു നടത്തി!

പാണൻവേലുവിന്റെ പുരയിൽ അന്നൊരു കല്യാണാടിയന്തിരം നടക്കുകയായിരുന്നു. ഉച്ചയ്ക്കു സദ്യയ്ക്കു ഇലയിട്ടു. അപ്പോൾ അതിഥിസംഘത്തിലുള്ള രണ്ടു പേർ തമ്മിൽ എന്തോ വാക്കായി. വാക്കുമൂത്തു വക്കാണമായി. വഴക്കായി തന്തയ്ക്ക് വിളിയും വീണു. വഴക്കാളികളിലൊരുത്തൻ ഉടൻ ചാടിയെണീറ്റ് അരയിൽനിന്നു കത്തിയൂരി തന്തയ്ക്കു വിളിച്ചവന്റെ കരളിന് ഒരു കുത്തു വെച്ചുകൊടുത്തു. അപ്പോൾത്തന്നെ അവന്റെ കഥകഴിഞ്ഞു. പാണക്കുടിലിൽ പെണ്ണുങ്ങളുടെ കൂട്ടവിളി—ബഹളം—പരക്കംപാച്ചിൽ...പട്ടികൾക്കും കാക്കകൾക്കും നല്ല സദ്യ.....കുറച്ചുകഴിഞ്ഞപ്പോൾ പോലീസിന്റെ ചുവന്ന തൊപ്പി പ്രത്യക്ഷപ്പെട്ടു.

കൊലയാളി—ഉച്ചിക്കുടുമയും ഉണ്ടക്കണ്ണുകളുമുള്ള ഒരു ഭിണ്ണക്കൻ—പോലീസിനെ വണങ്ങി, കീഴടങ്ങി. പാണന്റെ നെഞ്ചത്ത് ചൈനീസക്ഷരങ്ങളുടെ മാതൃകയിൽ ചാർത്തിയിരുന്ന ചന്ദനക്കുറികളിൽ രക്തനക്ഷത്രങ്ങൾ ചിതറിക്കിടന്നിരുന്നു.

ചോരയിൽ കുളിച്ച മുറ്റത്തു ചത്തുകിടക്കുന്ന പാണൻ വെളുത്തു മെലിഞ്ഞ ഒരു ചെറുപ്പക്കാരനാണ്. അവന്റെ ചുരുളൻതലമുടിയും നെറ്റിയിലെ സിന്ദൂരപ്പൊട്ടും വലതുകവിളിനു താഴെയുള്ള വലിയൊരു അരിമ്പാറയും തെളിഞ്ഞു കാണാമായിരുന്നു.

കുത്തിക്കൊലപ്പെടുത്തിയ ഒരു മനുഷ്യദേഹത്തെയും, ഒരു സാക്ഷാൽ കൊലപാതകിയെയും ശ്രീധരൻ അന്നാദ്യമായി അടുത്തു കണ്ടു.

ചാപ്പുണ്ണി അധികാരി പണിതീർപ്പിച്ച പുതിയ മാളികഭവനത്തിന്റെ കുറ്റപൂജഅടിയന്തിരത്തിനു ദേശക്കാരിൽനിന്നും അഭ്യുദയകാംക്ഷികളിൽനിന്നും എത്തിച്ചേർന്ന കാഴ്ചവസ്തുക്കളും പാരിതോഷികങ്ങളും സൂക്ഷിക്കാൻ അധികാരിക്കു പുതിയൊരു പുര പണിയേണ്ടിവരുമത്രേ!

"അധികാരി ഇനി ആ പുരയ്ക്കും ഒരു കുറ്റപൂജ കഴിക്കും—" മീശക്കണാരന്റെ കമ്മൻറ്.

വിഷയസുഖങ്ങൾക്കും വിനോദങ്ങൾക്കും ആർഭാടങ്ങൾക്കും വൃഥാ പ്രകടനങ്ങൾക്കുംവേണ്ടി കുഞ്ഞിക്കേളുമേലാൻ കേളഞ്ചേരിഭണ്ഡാരത്തിന്മേൽ നടത്തുന്ന താണ്ഡവനൃത്തങ്ങൾ തുടർന്നുകൊണ്ടിരുന്നു. തെക്കുനിന്നു വന്നവരും വെറുതെയിരുന്നില്ല.

പുതിയ സമുദായമദ്ധ്യത്തിൽ ഒരിഞ്ചു സ്ഥലമെങ്കിലും കരസ്ഥമാക്കുന്നതിന് അവരും പണമിറക്കി. ദേശത്തിലെ ക്ഷേത്രങ്ങളിൽ ഉത്സവാഘോഷങ്ങൾക്കും, പൊതുഅടിയന്തിരങ്ങൾക്കും അവർ ഉദാരമായ സംഭാവനകൾ നല്കി. തങ്ങൾക്കെതിരേ പ്രചാരവേല നടത്തുന്ന വിരുതന്മാരെ പണംകൊടുത്തു പാട്ടിലാക്കാനായിരുന്നു അവരുടെ പിന്നത്തെ ശ്രമം. അതു കുറച്ചൊക്കെ ഫലിക്കയുംചെയ്തു. ആദ്യമായി ആധാരമെഴുത്ത് ആണ്ടിയെയാണ് അവർ ചൂണ്ടലിട്ടു പിടിച്ചത്. ആകർഷകമായൊരു തുക ശമ്പളം കൊടുത്ത് ആണ്ടിയെ അവർ തങ്ങളുടെ മൊത്ത വ്യാപാരശാലയിലെ പ്രധാനകണക്കപ്പിള്ളയായി നിശ്ചയിച്ചു. കോച്ചാളികൾക്കെതിരേ രാപ്പകൽ പ്രചാരവേല നടത്തിയിട്ടും ആണ്ടിക്ക് ആരിൽനിന്നും ഒരു കാശും കിട്ടിയിരുന്നില്ല. ഇപ്പോൾ അക്കൂട്ടരുടെ ശമ്പളക്കാരനായി മാറിയപ്പോൾ ആണ്ടി മിണ്ടാതായി.

ആണ്ടിയുടെ സിവിലും ക്രിമിനലുമായുള്ള ഉപദേശങ്ങൾ തെക്കർക്കും ഒരനുഗ്രഹമായിത്തീർന്നു. തെക്കരെ ശുദ്ധിചെയ്തു സമുദായത്തിൽ ചേർക്കാമെന്ന് കുഞ്ഞിക്കേളുമേലാൻ കൂടക്കൂടെ നല്കിക്കൊണ്ടിരുന്ന വാഗ്ദാനങ്ങൾ വെറും ഭോഷ്കാണെന്ന് ആണ്ടി അവരെ ബോദ്ധ്യപ്പെടുത്തി. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും മറ്റും തെക്കർ സംഭാവനകൾ നല്കാതായി.

കടംവന്നുപോയ കുടുംബങ്ങളുടെ നിലങ്ങളും പുരയിടങ്ങളും മറ്റും ഒടുവിൽ കേളഞ്ചേരിക്കാർ ഒറ്റിക്കൊണ്ടുപോവുകയായിരുന്നു പതിവ്. കുഞ്ഞിക്കേളുമേലാന് വസ്തുവകകൾ കൈയൊഴിക്കുന്നതിലല്ലാതെ അവ നേടുന്നതിൽ യാതൊരു താൽപര്യവുമില്ലായിരുന്നു. കേളഞ്ചേരികാര്യസ്ഥന്മാരും ഉദാസീനഭാവം കൈക്കൊണ്ടു. ആ തഞ്ചംനോക്കി വ്യവഹാര കാര്യ വിദക്ഷനായ ആണ്ടി അത്തരം സ്ഥാവരവസ്തുക്കൾ തെക്കർക്കു തരപ്പെടുത്തിക്കൊടുത്തു.

കള്ളാധാരനിർമ്മാണകല തീരെ മറന്നുകളയാൻ ആണ്ടിക്കു കഴിഞ്ഞില്ല. കുഞ്ഞിക്കേളുമേലാന്റെ കള്ളൊപ്പോടുകൂടിയ ചില തീറാധാരങ്ങൾ ആണ്ടി ചുളുവിൽ എഴുതിയുണ്ടാക്കി. ആണ്ടിയുടെ ആശാനായ അഷ്ടവക്രൻ വേലപ്പൻനായരും കാര്യമായി സഹായിച്ചു. വേലപ്പൻനായരും, കേളഞ്ചേരിയിലെ രണ്ടാംകാര്യസ്ഥൻ ഇട്ടിരാരിശ്ശമേനോനും ഒരു രഹസ്യക്കരാറിലേർപ്പെട്ടു—കേളഞ്ചേരിവകയായി മറഞ്ഞുകിടക്കുന്ന ചില വസ്തുവകകളുടെ സർവ്വേ നമ്പരും മറ്റു വിവരണങ്ങളും ഇട്ടിരാരിശ്ശി മേനോൻ വേലപ്പൻ നായർക്ക് ഒറ്റിക്കൊടുത്തു. ആണ്ടി ഉറക്കമൊഴിച്ചിരുന്ന് ആധാരങ്ങൾ ഒരുക്കി. (ആശാൻ വേലപ്പൻനായർ വാതംപിടിച്ച കൈകൊണ്ട് എഴുതാൻവയ്യാത്ത അവസ്ഥയിലായിരുന്നു.) ആണ്ടിയുടെ കിങ്കരന്മാർതന്നെയായിരുന്നു തീറാധാരത്തിൽ പറയുന്ന മറുകക്ഷികൾ. ആണ്ടി അവരെക്കൊണ്ട് ആ വസ്തുക്കൾ വീണ്ടും തെക്കർക്കു തീറെഴുതിക്കൊടുപ്പിച്ചു. അങ്ങനെ ആണ്ടി നല്ല മുതലെടുത്തു. മദ്യലഹരിയിൽ, മഹിളകളുടെ കണ്മയക്കത്തിൽ, കേളഞ്ചേരിയിലെ ഏതെല്ലാം സ്വത്തുക്കൾ ആർക്കൊക്കെ തീറെഴുതിക്കൊടുത്തുവെന്നു കുഞ്ഞിക്കേളുമേലാനുണ്ടോ നിശ്ചയം? പിന്നെ ശ്രദ്ധിക്കേണ്ടതു കാര്യസ്ഥന്മാരാണ്. ഒന്നാം കാര്യസ്ഥൻ ശൂപ്പപ്പട്ടരുടേയും രണ്ടാംകാര്യസ്ഥൻ ഇട്ടിരാരിശ്ശമേനോന്റേയും മിഴികൾക്കു മുമ്പിൽ ഒരു കിഴി പൊക്കിപ്പിടിച്ചാൽ, കേളഞ്ചേരിവക ഒരു മല മുഴുവനും ചോർന്നുപോകുന്നത് അവർ കാണുകയില്ല.

അങ്ങനെ കേളഞ്ചേരിക്കാരുടെ പല സ്വത്തുക്കളും ഗൂഢമാർഗ്ഗങ്ങളിലൂടെ തെക്കരുടെ കൈവശം വന്നുചേർന്നു.

എന്നിട്ടും തെക്കരുടെ പ്രധാനപ്രശ്നം—സമുദായപ്രവേശനം—അങ്ങനെ തന്നെ തൂങ്ങിക്കിടന്നിരുന്നു.

ചേനക്കോത്തു കൃഷ്ണൻമാസ്റ്റർക്ക് തെക്കരോട് അനുഭാവമുണ്ടായിരുന്നു. എന്നാൽ, പരസ്യമായി അവരുടെ പക്ഷംചേർന്നു പൊരുതാൻ മാസ്റ്ററുടെ അഭിമാനം സമ്മതിച്ചില്ല. തെക്കരുടെ പണംപറ്റി അവരുടെ വക്കാലത്തുപിടിച്ചു നടക്കുകയാണെന്ന് ജനങ്ങൾ തന്നെ തെറ്റിദ്ധരിച്ചാലോ എന്നായിരുന്നു ശുദ്ധനായ മാസ്റ്ററുടെ ഭയം. തെക്കർ വക്രമാർഗ്ഗങ്ങളിലൂടെ കേളഞ്ചേരിയുടെ ഭൂസ്വത്തുക്കൾ കൈക്കലാക്കുന്നതിലും മാസ്റ്റർക്ക് എതിർപ്പുണ്ടായിരുന്നു. ഇത് കുഞ്ഞിക്കേളുമേലാനെ വിചാരിച്ചിട്ടില്ല. ദേശത്തെ ആ പുരാതനതറവാട് താറുമാറായിപ്പോകുന്നതു കണ്ടുണ്ടായ ഒരു മനസ്താപം.

അങ്ങനെ കൃഷ്ണൻമാസ്റ്ററും കുറച്ച് അനുയായികളും ഒരു മൂന്നാം ചേരിയായി അകന്നുനില്ക്കുകയാണുണ്ടായത്.

ആണ്ടിയുടെ ഉപദേശമനുസരിച്ച് തെക്കർ കൈക്കൂലികൊടുത്ത് ദേശ കവി ഞണ്ടുഗോവിന്ദനെ വശത്താക്കിക്കളഞ്ഞു.

ഇതിനിടയ്ക്കു കുഞ്ഞിക്കേളുമേലാൻ, അഭ്യസ്തവിദ്യയും അതിസൗന്ദര്യവതിയുമായ ഒരു മുക്കുവത്തരുണിയിൽ അനുരക്തനായി. കേളഞ്ചേരിമേലാൻ താണ ജാതിയിലെ ഒരു പെണ്ണുമായി പുലർത്തിവരുന്ന പ്രേമബന്ധം നല്ലൊരു നേരമ്പോക്കായിട്ടേ സമുദായം കരുതിയുള്ളൂ. എന്നാൽ ആണ്ടി ഇതു നല്ലൊരവസരമായിക്കണ്ട് തെക്കരെ ഒന്നു തോണ്ടിക്കൊടുത്തു. തെക്കരെ നെയ്ത്തുകാരെന്നും പറഞ്ഞ് അകറ്റിനിർത്തുന്ന മേലാൻ ഒരു മുക്കോത്തിയെ പരസ്യമായി വച്ചുകൊണ്ടിരിക്കുന്നു. മേലാനെ ഒന്നു തൊലിയുരിച്ചുവിടണം.

തെക്കരുടെ തലവൻ മൗനാനുവാദം നല്കി.

വസ്ത്രധാരണത്തിൽ വലിയ കമ്പക്കാരനായിരുന്നു ദേശകവി ഞണ്ടുഗോവിന്ദൻ. തെക്കുനിന്നു നെയ്തുണ്ടാക്കിയ മുന്തിയ കസവുമുണ്ടുകളും കസവുവേഷ്ടികളും ഗോവിന്ദന്റെ പുരയിലെത്തി.

പുതിയ കസവുവേഷ്ടിയും പുതച്ച് ഞണ്ടുഗോവിന്ദൻ പാട്ടുസാഹിത്യം സൃഷ്ടിച്ചു. മേലാന്റെ മാന്യതയെ ഇറുക്കിനോവിക്കുന്ന പരിഹാസപ്പാട്ടുകൾ. ആ പാട്ടുകൾ പാടി പ്രചരിപ്പിക്കാൻ ആണ്ടി ചില തെരുവുപിള്ളരേയും ഇളക്കിവിട്ടു:

“മുക്കോത്തി മാധവിയെ—ക്കണ്ടു മോഹിച്ചതിനാൽ
മേലാൻ മരക്കാനായീ—റാംറാംറാം
പന്ത്രണ്ടു ലൈറ്റുവെച്ച—പത്രാസുകാറു വിറ്റ്
മീന്തോണി വാങ്ങിടട്ടെ—റാംറാംറാം
പോട്ടെ—പുറംകടലിൽ—ഏട്ടവലയുമായി
പോക്കരു പൂയിസ്ലാനും—മേലാനും.
.......................................................
മുക്കോത്തി മാധവിയെ—ക്കണ്ടു മോഹിച്ചതിനാൽ
മേലാൻ മരക്കാരനായീ—റാംറാംറാം

……………………………………………………"

# 10. വിദ്യാലയത്തിലും വീട്ടിലും

പുത്തൻഹൈസ്കൂളിൽ മൂന്നുകൊല്ലം പഠിച്ചതിനുശേഷം ശ്രീധരൻ രാജാകോളേജ് ഹൈസ്കൂളിലേക്കു മാറി. അവിടെ സ്കൂൾ ഫൈനൽ ക്ളാസ്സിൽ എത്തിയിരിക്കയാണ്.

അദ്ധ്യാപകരിൽനിന്നുള്ള വിദ്യാഭ്യസനത്തെക്കാൾ സഹപാഠികളിൽനിന്നുള്ള നാടകീയവികൃതികളുടെ പുതിയ പാഠങ്ങളാണ് പുത്തൻ ഹൈസ്കൂളിൽ ശ്രീധരനെ ആകർഷിച്ചിരുന്നത്. ഇതു മറ്റു വിദ്യാലയങ്ങളിൽ നിന്നു ലഭിക്കാനിടയില്ലാത്ത അനുഭവങ്ങളായിരുന്നു. എന്നാൽ, രാജാ കോളേജിലെത്തിയപ്പോൾ സ്ഥിതി മറിച്ചായി. കുട്ടികളുടെ തോന്ന്യാസങ്ങളൊന്നും ഇവിടെ പൊറുപ്പിച്ചിരുന്നില്ല. ക്ളാസ്സിൽ അച്ചടക്കം പാലിച്ചില്ലെങ്കിൽ ഉടൻ പിടിച്ചു പുറത്താക്കും. എന്നാൽ, അദ്ധ്യാപകർക്കു പരിഹാസപ്പേരുകൾ കൊടുക്കുന്ന ആചാരം രാജാകോളേജിലും പുലർത്തിവന്നിരുന്നു. പുത്തൻ ഹൈസ്കൂളിൽ മാസ്റ്റർമാർക്കു നല്കിയിരുന്ന പേരുകൾ മൃഗീയമായിരുന്നു. ഇവിടെ അതു സസ്യമയമായിരുന്നുവെന്നൊരു വ്യത്യാസം മാത്രം. 'വെണ്ടയ്ക്കപ്പട്ടര്', 'വഴുതിനങ്ങസ്വാമി', 'വടുവപ്പുളി നമ്പ്യാർ' എന്നൊക്കെ. കൂനി ചികിത്സാവിദക്ഷ്ണൻകുടിയായ ഒരു കറുപ്പുമാസ്റ്ററുമുണ്ടായിരുന്നു. 'പച്ചക്കായ' എന്നാണ് മൂപ്പരെ വിളിച്ചിരുന്നത്.

അച്ഛന്റെ ഉപദേശപ്രകാരം ശ്രീധരൻ ഹൈസ്കൂൾ ക്ളാസ്സുകളിൽ മലയാളത്തിനു പകരം സംസ്കൃതമാണ് ഐച്ഛികവിഷയമായെടുത്തിരുന്നത്. സംസ്കൃതം മുൻഷി ഒരു കവിമണികുടിയായിരുന്നു.

കോളേജ് മാസികയിൽ ശ്രീധരന്റെ ഒരു ചെറുകഥ പ്രസിദ്ധപ്പെടുത്തി വന്നു. സംസ്കൃതം മുൻഷി ശ്രീധരന്റെ ആ സാഹിത്യസൃഷ്ടി ക്ളാസ്സിലെ കുട്ടികളെ വായിച്ചുകേൾപ്പിച്ചു. ശ്രീധരന് ഓർക്കാപ്പുറത്തു കിട്ടിയ ആദ്യത്തെ അംഗീകരണം—അഭിനന്ദനം—അതും കവിമണിയായ ഗുരുനാഥനിൽനിന്ന്. ശ്രീധരൻ അഭിമാനപുളകിതനായി—മറ്റു കുട്ടികൾക്കില്ലാത്ത എന്തോ ഒരു വൈഭവം തനിക്കുണ്ടെന്ന ഒരു വിശ്വാസം ശ്രീധരനിൽ വേരൂന്നി. എന്നാൽ, പുറമേ അതിനെച്ചൊല്ലി അഹങ്കാരം കാട്ടിയതുമില്ല.

ഒരു കവിയാവണമെന്ന ശ്രീധരന്റെ ഗൂഢമോഹത്തെ ആദ്യമായൊന്നൂതി വീർപ്പിച്ചത്, മഹാകവി വള്ളത്തോളായിരുന്നു. രാജാകോളേജിൽ സാഹിത്യ സമാജത്തിൽ പ്രസംഗിക്കാൻ വന്നതായിരുന്നു വള്ളത്തോൾ. ഉച്ചത്തിൽ ഒരു പ്രത്യേക ഈണത്തിൽ ഇഴഞ്ഞമട്ടിൽ ഒരു തോറ്റംപോലെയുള്ള ആ പ്രസംഗം ആദ്യമായിട്ടാണ് കേൾക്കുന്നത്. "ആരോ വെള്ളക്കടലാസ് വലിച്ചു കീറിയെറിഞ്ഞപോലെ" എന്ന് ആകാശത്തിൽ പാറുന്ന മേഘങ്ങളെപ്പറ്റി മഹാകവി പറഞ്ഞ ഉപമയും. "ഇങ്കിരീസ്സറിഞ്ഞുകൂടാത്ത ഒരു തനി കൺട്രിയാണ് ഞാൻ" എന്നു തന്നെപ്പറ്റി പ്രസ്താവിച്ചതിലടങ്ങിയ ഫലിതവും ശ്രീധരനെ അത്യധികം ആകർഷിക്കുകയും അദ്ഭുതപ്പെടുത്തുകയും ചെയ്തു... വള്ളത്തോളിനെപ്പോലെ ഒരു മഹാകവിയായിത്തീരാൻ കഴിഞ്ഞെങ്കില്!

പാളസ്സാറും നീളൻകോട്ടും ധരിച്ച നാലരയടി പൊക്കമുള്ള കിണിമാസ്റ്റർ ഒരു രസികനായിരുന്നു. അദ്ദേഹം ക്ളാസ്സിൽ നല്ല വിനോദകഥകൾ പറയും—എപ്പോഴും കോഴി കൊക്കുന്ന സ്വരത്തിൽ പതുക്കെ പൊട്ടിച്ചിരിക്കും. ഇംഗ്ലീഷിൽ, കാപ്പിയെപ്പറ്റിയും ചായയെപ്പറ്റിയും കവിതകൾ എഴുതി കോളേജ് മാസികയിൽ പ്രസിദ്ധപ്പെടുത്തും. ഒരുദിവസം കിണിമാസ്റ്റർ ക്ളാസ്സിൽ നീലക്കുറുക്കന്റെ കഥ പറയുകയായിരുന്നു. അലഞ്ഞു നടക്കുന്ന ഒരു കുറുക്കച്ചാര് അബദ്ധത്തിൽ നീലച്ചായം നിറച്ച ഒരു തൊട്ടിയിൽ വീണു പോയി. പുറത്തുചാടിയപ്പോൾ ദേഹം മുഴുവനും നീലവർണ്ണം! താൻ ദൈവത്തിന്റെ കുറുക്കനാണെന്നു തട്ടിവിട്ടു കുറുക്കന്മാരുടെ നേതാവായി നീലക്കുറുക്കൻ.....നിർഭാഗ്യവശാൽ ശ്രീധരൻ അന്നു ക്ളാസ്സിൽ വന്നത് നീലനിറത്തിലുള്ള മുറിക്കാലുറയും നീലക്കോട്ടും ധരിച്ചുകൊണ്ടായിരുന്നു. നീലക്കുറുക്കൻ എന്നു പറയുമ്പോഴൊക്കെ കിണിമാസ്റ്റർ ശ്രീധരനെ നോക്കി ചിരിച്ചുകൊണ്ടിരുന്നു. ക്ളാസ്സിലെ കുട്ടികളും ചിരിതുടങ്ങി. അന്നു മുതല്ക്ക് ശ്രീധരനും കിട്ടി, ഒരു പരിഹാസപ്പേര്— 'നീലക്കുറുക്കൻ' സഹപാഠികളിൽ ചിലർ ആ പേരു വിളിച്ച് ശ്രീധരനെ കളിയാക്കി. സഹിക്കയല്ലാതെ എന്തുചെയ്യും?

ഒരുദിവസം വൈകുന്നേരം സ്കൂൾവിട്ടു വീട്ടിലേക്കു പോകുമ്പോൾ വഴിക്കുവച്ച് കൃഷ്ണയ്യർ എന്ന പട്ടര് കുട്ടി ശ്രീധരനെ നോക്കി 'എന്താ നീലക്കുറുക്കൻ?' എന്നൊരു പരിഹാസലോഹ്യപ്രകടനം നടത്തി. ശ്രീധരനു തീരെ സഹിച്ചില്ല. തിരിഞ്ഞുനിന്ന് പട്ടര്കുണ്ടന്റെ ചെകിട്ടത്തു നല്ല കണക്കിൽ ഒന്നു വച്ചുകൊടുത്തു (പുത്തൻ ഹൈസ്കൂൾപഠിപ്പിന്റെ ഒരു പുളിച്ചു തേട്ടൽ.) ഓർക്കാപ്പുറത്തു കിട്ടിയതും വാങ്ങി മുഖവും വീർപ്പിച്ചുകൊണ്ട് കൃഷ്ണയ്യർ മിണ്ടാതെ കടന്നുപോയി. അങ്ങനെ ചെയ്യേണ്ടിയിരുന്നില്ല എന്നു തോന്നി പിന്നീട് ശ്രീധരന്ന്. പട്ടരല്ലേ? തല്ലിയാൽ ഇങ്ങോട്ടു തിരിഞ്ഞെതിർക്കുകയില്ല എന്ന വിശ്വാസമാണ് തന്നെ ആ കൈയേറ്റത്തിനു പ്രേരിപ്പിച്ചത്—വേറൊരു കുട്ടിയാണ് തന്നെ അങ്ങനെ വിളിച്ചിരുന്നതെങ്കിൽ ഈ ധൈര്യം പ്രകടിപ്പിക്കുമായിരുന്നുവോ?—പുത്തൻ ഹൈസ്കൂളിലെ ഗണപതിയും പട്ടരായിരുന്നില്ലേ? അതു കഥ വേറെ—തന്റെ തന്തയുടെ തന്ത ഒരാനക്കാരൻനായർക്കു പിറന്ന മഹാനായിരുന്നുവെന്നു പരസ്യമായി വീമ്പിളക്കി നടക്കുന്ന ഒരു പടപ്പായിരുന്നു, ഗണപതി.

അന്നു വീട്ടിലെത്തിയിട്ടും ആ കൈയേറ്റത്തിന്റെ കാര്യം ശ്രീധരന്റെ മനസ്സിനെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു.

കാപ്പികുടിയും കഴിഞ്ഞ് ശ്രീധരൻ തന്റെ ഉദ്യാനത്തിലേക്കിറങ്ങി.

കന്നിപ്പറമ്പിൽ, കിണർമറയ്ക്കപ്പുറത്ത് ശ്രീധരൻ പുതിയൊരു പൂന്തോട്ടം പിടിപ്പിച്ചിരുന്നു. പുഴപ്പല്ലൻ പെയിന്റർ സ്ഥേവയുടെ പുഷ്പോദ്യാനമാണ് ശ്രീധരനു പ്രചോദനം നൽകിയത്. എന്നാൽ, ശ്രീധരന്റെ പൂന്തോപ്പിന്റെ ഒരു പ്രത്യേകത അതിൽ നട്ടുവളർത്തിയിരുന്ന നാനാജാതി ചെമ്പരത്തിച്ചെടികളായിരുന്നു. സാധാരണ കോഴിവാലനു പുറമേ, ശുവെള്ള, മങ്ങിയ വെള്ള, ഇളംചുവപ്പ്, പവിഴച്ചുവപ്പ്, ചോരച്ചുവപ്പ്, കാവി, ഇളംമഞ്ഞ, കടും മഞ്ഞ, നീല എന്നീ വർണ്ണങ്ങളിലുള്ള പൂക്കളുണ്ടാകുന്ന പലതരം ചെമ്പരത്തികൾ ഇരട്ടദളങ്ങളും കുട്ടദളങ്ങളുമുള്ള പൂക്കളും കാണും. ചെമ്പരത്തി വർഗ്ഗത്തിൽപ്പെട്ട അന്തിമലരിയും കൂട്ടത്തിലുണ്ടായിരുന്നു. വേലിക്കരികിലും പ്രത്യേകം

കിളച്ചുണ്ടാക്കിയ വരമ്പുകളിലും ആ ചെടികൾ നിരനിരയായി വർണ്ണപുഷ്പങ്ങൾ പ്രദർശിപ്പിച്ച് വിലസിയിരുന്നു.

തോട്ടത്തിൽ അവിടവിടെ മുല്ലവള്ളികളും പടർന്നു കെട്ടിക്കിടന്നിരുന്നു. വൈകുന്നേരം അവിടെ നിറങ്ങളുടെയും പരിമളങ്ങളുടെയും ഒരു പൂരമാണ്.

മുറ്റത്തിന്റെ ഒരുവശത്തെ ചെറുമതിലിനു മുകളിൽ, മൺചട്ടികളിൽ പലതരം 'പ്രിൻസ് ഓഫ് വേൽസ്' ചെടികൾ വളർത്തിയിരുന്നു. ചുരുണ്ടു നീണ്ടു വർണ്ണപ്പുള്ളികളോടുകൂടിയ കൊഴുത്ത ഇലകൾ മുറ്റിവളർന്ന് ഉലഞ്ഞുകുത്തിക്കിടക്കുന്ന ആ ചെടികൾ എന്തു കൗതുകാവഹമായ കാഴ്ചയായിരുന്നുവെന്നോ! ശുദ്ധ വെള്ള പ്രിൻസിനായിരുന്നു പ്രഥമസ്ഥാനം. അതു കണ്ടാൽ മുറ്റത്ത് ഒരു ജലധാരായന്ത്രം സ്ഥാപിച്ചിട്ടുണ്ടെന്നു തോന്നിപ്പോകും.

ശ്രീധരൻ അങ്ങനെ തന്റെ പൂങ്കാവനത്തിന്റെ വർണ്ണപ്പകിട്ടും, സംവിധാന ഭംഗിയും നോക്കി സ്വയം ആനന്ദിച്ചുകൊണ്ടുനിലക്കെ, തെല്ലു ദൂരെ ഈറ്റക്കേളുവിന്റെ വീട്ടിൽനിന്നു തുടരെത്തുടരെ ചെമ്പു കൊട്ടുന്നപോലെ ഒരു ശബ്ദവും, തുടർന്ന് 'അയ്യോ എന്റമ്മേ' എന്നൊരു ദയനീയനിലവിളിയും കേട്ടു. ഈറ്റക്കേളുവിന്റെ മൂത്തമകൻ— ശങ്കുണ്ണിക്കമ്പൗണ്ടറുടെ ജ്യേഷ്ഠൻ — അപ്പുണ്ണിയുടെ ചുമയും നിലവിളിയുമാണ്. ശ്രീധരൻ സഹതാപത്തോടെ അങ്ങോട്ടു നോക്കി.

അപ്പുണ്ണി ഒരു ദൈവഭക്തനും സമുദായസേവകനുമായിരുന്നു. കറുത്തു ചടച്ചു നീണ്ട തെല്ല് അകത്തോട്ടു വളഞ്ഞൊരു കോലം. പത്തിരുപത്തെട്ടു വയസ്സു പ്രായം കാണും. അവിവാഹിതനാണ്.

അപ്പുണ്ണി, രണ്ടുമൂന്നു കൊല്ലം മുമ്പ് ദൂരെ തെക്കു തിരുവിതാംകൂറിൽ നടന്ന വൈക്കം ക്ഷേത്രസത്യാഗ്രഹത്തിൽ പങ്കെടുക്കാൻ വാളണ്ടറിയായിച്ചേർന്ന് ആദ്യത്തെ ബാച്ചിൽതന്നെ സത്യാഗ്രഹമനുഷ്ഠിച്ച്, സനാതനികളുടെ മുഷ്കരന്മാരായ കാവൽഭടന്മാരുടെ ഭയങ്കരമർദ്ദനങ്ങൾക്കിരയായി. വൈക്കംക്ഷേത്രസത്യാഗ്രഹം ഒടുവിൽ വിജയം നേടി. എന്നാൽ, സമര മുന്നണിയിൽനിന്നുകൊണ്ട് അടിയും ഇടിയുമേറ്റ് അസ്ഥികൾ ചതഞ്ഞ്, കരളുകലങ്ങി, നാട്ടിലേക്കു മടങ്ങി, അവശനും രോഗിയുമായിക്കഴിയുന്ന സത്യാഗ്രഹി അപ്പുണ്ണിയെ തിരിഞ്ഞുനോക്കാൻ ആരുമുണ്ടായില്ല. അച്ഛൻ കേളുവും മുഖം തിരിച്ചുകളഞ്ഞു. "ചെക്കൻ ഈ സരസന്മാർക്കെതിരെ തോന്ന്യാസംകാട്ടാമ്പോയിട്ടല്ലേ—അനുപവിക്കട്ടെ അങ്ങനെ."—മകനെ ചികിത്സിപ്പാൻ പണം ചെലവഴിക്കാതിരിക്കുന്നതിന് അറുപിശുക്കനായ തന്ത കണ്ടുപിടിച്ച വേദാന്തം! വൈക്കത്തപ്പന്റെ ശാപമാണ്, അനുഭവിച്ചു തീർക്കട്ടെയെന്ന്.

ജ്യേഷ്ഠൻ ക്ഷയംപിടിച്ചു ചോരതുപ്പി ചാവാറായിക്കിടക്കുമ്പോൾ അനുജൻ ശങ്കുണ്ണി അടുത്ത മുറിയിൽ തന്റെ മൈഥിലിയുമായി ശൃംഗാരസല്ലാപങ്ങളിലേർപ്പെട്ട് ഇടയ്ക്കിടെ അട്ടഹാസം മുഴക്കിക്കൊണ്ടിരുന്നു.

അപ്പുണ്ണിയുടെ ത്യാഗത്തെപ്പറ്റി, അഭിമാനത്തോടും സഹതാപത്തോടും കൂടി എപ്പോഴും സംസാരിക്കുന്ന ഒരു വ്യക്തിയുണ്ടായിരുന്നു. കൃഷ്ണൻ മാസ്റ്റർ. "നമ്മളുടെ ദേശത്ത് ഒരു ത്യാഗിയുണ്ട്. ആ ത്യാഗിയാണ് അപ്പുണ്ണി" എന്ന് അച്ഛൻ പറഞ്ഞത് ശ്രീധരന്റെ മനസ്സിൽ പതിഞ്ഞു കിടന്നിരുന്നു. വൈക്കം സത്യാഗ്രഹത്തെപ്പറ്റി അച്ഛൻ

ശ്രീധരനു പറഞ്ഞു കൊടുക്കുകയും ചെയ്തിരുന്നു—വൈക്കംസത്യാഗ്രഹത്തോടു വലിയ അനുഭാവമുള്ള ഒരാളായിരുന്നു മാസ്റ്റർ.

അതിരാണിപ്പാടത്ത് അങ്ങനെയൊരു ത്യാഗിയും ഒരനുഭാവിയും മാത്രമേ ഉണ്ടായിരുന്നുള്ളു

ചെമ്പുപാത്രത്തിന്മേൽ കൊട്ടുമ്പോലെയുള്ള ആ ചുമയും, 'അയ്യോ എന്റമ്മേ' എന്ന ആ നിലവിളിയും കേൾക്കാൻ വയ്യെന്നായി ശ്രീധരന്.

അപ്പോൾ കന്നിപ്പറമ്പിന്റെ തെക്കുപടിഞ്ഞാറുഭാഗത്തുനിന്ന് ഒരു 'പിണക്കും വിളിയും' ശ്രീധരന്റെ ശ്രദ്ധയെ പിടിച്ചുവലിച്ചു. ശ്രീധരൻ തെക്കേ പറമ്പിലേക്കു നടന്നു —പോകുമ്പോൾ കോലായിലേക്കൊന്നു നോക്കി. അച്ഛൻ ഇംഗ്ലീഷ് ഡിക്ഷ്ണറി മലർത്തിവച്ച് എന്തോ പകർത്തുകയാണ്. (പുതിയ ഇംഗ്ലീഷ് പദങ്ങൾ പകർത്തി ഉരുവിട്ടു പഠിക്കുന്നത് കൃഷ്ണൻ മാസ്റ്ററുടെ ഒരു ഹോബിയാണ്.)

ശ്രീധരൻ കന്നിപ്പറമ്പിന്റെ തെക്കേമൂലയിലെ പേരച്ചുവട്ടിൽ ചെന്നു നിന്നുനോക്കി. (പേരമരം കൊമ്പും കവരങ്ങളും വിടർത്തി ഉയരത്തിൽ വളർന്നുപോയിട്ടുണ്ട്—ധാരാളം ഫലങ്ങളുമുണ്ട്. പക്ഷേ, പഴങ്ങളൊന്നും ശ്രീധരനു കിട്ടാറില്ല—രാത്രിയിൽ പാറ്റാൻ (വാവൽ) ഇസ്കിക്കൊണ്ടു പോകും—)

തോടിന്റെ വടക്കുഭാഗത്ത് ഈർച്ചക്കാരൻ വേലുവിന്റെ പുരമുറ്റത്തു നിന്നാണ് പട. ചുവന്ന റൗക്കയിട്ടൊരു പെണ്ണ് പുറംതിരിഞ്ഞു നില്ക്കുന്നു. കടവാതിലിന്റേതുപോലുള്ള അവളുടെ കർക്കശസ്വരം കേട്ടപ്പോൾ ആളെ മനസ്സിലായി: വെള്ളവലിക്കാരൻ രാമന്റെ മകൾ ചിരുത. പടച്ചി ഉണ്ണൂലിയമ്മയോടാണ് അവൾ ഏറ്റുമുട്ടിയിരിക്കുന്നത്.

ഇരുനിറത്തിൽ തടിച്ചു കുറുതായൊരു യുവതിയാണ് ചിരുത—അവിവാഹിതയാണ്. വസൂരിക്കലകൾ നിറഞ്ഞ ചിരുതയുടെ ഉരുണ്ട മുഖത്തു മാംസം അവിടവിടെ ഒട്ടിച്ചുവച്ചിരിക്കയാണോ എന്നു തോന്നിപ്പോകും. ശരിയായമട്ടിലല്ല ശരീരഘടനയും—എന്നാലും, ചിരുതയുടെ ഭാവം താനൊരു സുന്ദരിയാണെന്നത്രേ—അമ്പലത്തിൽ ഉത്സവം, കാവിൽ തിറയടിയന്തിരം, കളംപാട്ട് തുടങ്ങി ചെണ്ടകൊട്ടും ആൾക്കൂട്ടവുമുള്ള അവസരങ്ങളിലും, സ്ഥലങ്ങളിലും ചിരുത ഹാജരുണ്ടായിരിക്കും. മുടിപ്പൂരണംകൊണ്ടു കുന്തൽ പെരുപ്പിച്ചുകെട്ടി ഉടുത്തൊരുങ്ങി മുക്കുപണ്ടങ്ങളുമണിഞ്ഞ് ചിരുത ഇടവഴിയിലും മുക്കുട്ടപ്പെരുവഴിയിലും ആൾത്തിരക്കിനിടയിൽ സ്വയം കുത്തിത്തിരുകി നീങ്ങും. പെട്ടെന്നു തിരിഞ്ഞുനിന്ന് ഉറക്കെ ചീത്ത വിളിച്ചു പറയുന്നതു കേൾക്കാം: "അമ്മേം പെങ്ങളുമില്ലാത്ത ഹമുക്കേള്—പൂലോമ്മാര് ഥൂപ്പ്! (കാർക്കിച്ചു നിലത്തൊരു തുപ്പ്) എവിടന്നു വന്നപ്പാ ഇവറ്റിങ്ങള്... ചെറ്റകള്...' ആരെയാ ചിരുതേ ചീത്തപറയുന്നത് എന്നു പരിചയമുള്ളവരാരെങ്കിലും ചോദിച്ചാൽ പെണ്ണു കേൾക്കാത്ത ഭാവത്തിൽ പിന്നേയും പുലഭ്യം വിളിച്ചുപറയും: "പെണ്ണുങ്ങളെക്കാണുമ്പം വാല്യക്കാർക്കു കൈക്കൊരു ഞരമ്പുവലി —കൈക്ക് കുഠരോഗം പിടിച്ചുപോട്ടെ........"

ഏതോ ആണൊരുത്തൻ പിന്നിൽനിന്ന് ഒന്നു തൊട്ടു, തോണ്ടി, നുള്ളി — അല്ലെങ്കിൽ അവളുടെ പരിശുദ്ധഭാഗത്തെവിടെയോ ഒന്നു കൈയൂന്നി — എന്നൊക്കെയാണ് ചാരിത്രവതിയായ ചിരുതയുടെ കംപ്ലൈന്റ്. വാസ്തവം പറഞ്ഞാൽ ഒരു കോന്തപ്പനും ചിരുതയെ പിന്നിൽനിന്നോ മുന്നിൽനിന്നോ ഒന്നു കണ്ടാൽ അവളെ ഗൗനിക്കയില്ല. എല്ലാം അവളുടെ ഭാവനാസൃഷ്ടികളാണ്. ആണുങ്ങളെ അടക്കി

ചീത്തപറയാൻ നല്ലൊരവസരവും.

ആ ചിരുതയാണ് പടച്ചി ഉണ്ണൂലിയമ്മയെ അവരുടെ പുരയിൽച്ചെന്നെതിർക്കാൻ ഒരുമ്പെട്ടു വന്നിരിക്കുന്നത്. ചിരുതയുടെ ഈ കേസിലെ പ്രതി കണ്ടാലറിയുന്നവനും, മേൽവിലാസമുള്ളവനുമായ ഒരു ബാല്യക്കാരനാണ്. ഉണ്ണൂലിയമ്മയുടെ ആങ്ങളയും, സൈക്കിൾഷാപ്പിലെ ജോലിക്കാരനുമായ ഗോപാലൻ—ഗോപാലൻ ഒരു സൈക്കിളിൽ ഇടവഴിയിലൂടെ ഇഴഞ്ഞു വരുമ്പോൾ, ചിരുതയെ എതിരുമുട്ടി. ഗോപാലൻ ഒരു തോന്ന്യാസപ്പാട്ടു പാടി ചിരുതയോട് എന്തോ വേണ്ടാസനം പറഞ്ഞുവത്രെ. അതാണു കേസ്.

"നിങ്ങളെ ആങ്ങളക്കുണ്ടനു കാമപ്രാന്താണെങ്കില് വേഗം ഒരു കല്യാണം കഴിച്ചു കൊടുക്കീം തള്ളേ....." ചിരുത യന്ത്രവാൾസ്വരത്തിൽ അമറി.

ഉണ്ണൂലിയമ്മ ധൃതിയോടെ അകത്തേക്കു പോയി. പഴയൊരു ചൂലും പൊക്കിപ്പിടിച്ചുകൊണ്ടാണ് തള്ള പുറത്തുചാടിയത്—

"എടീ, ഒന്നരാടൻ സുന്ദരിച്ചീ....."

ആ മുഹൂർത്തത്തിൽ പുല്ലുമൂടപോലുള്ള ഒരു കുറ്റൻ ഗോളം മുറ്റത്തേക്കു നീങ്ങിവന്നു.....ഉണ്ണൂലിയമ്മ ചൂലു താഴെയെറിഞ്ഞു—ചിരുത തന്റെ മുടിക്കെട്ടൊന്നു പിടിച്ചു നേരെയാക്കി ആടിക്കുഴഞ്ഞുകൊണ്ട് അവിടെനിന്നു നീങ്ങി.

പുല്ലുമൂട നിലത്തിറങ്ങി—പിന്നാലെ വെളുത്തു നീണ്ടൊരു മനുഷ്യക്കോലവും ഒരു വെള്ളിക്കോലും പ്രത്യക്ഷപ്പെട്ടു.

ചൂടിക്കാരൻ വെളുത്തചന്തുവിന്റെ വരവാണ്—

അതിരാണിപ്പാടത്തെ സാധുകുടുംബങ്ങളിലെ സ്ത്രീകൾക്കു ചൂടിപിരി എന്ന കുടിൽവ്യവസായംകൊണ്ടു കാശുണ്ടാക്കിക്കൊടുക്കുന്ന ഒരു കൊച്ചു മുതലാളിയാണ് വെളുത്ത ചന്തു. ആറടി പൊക്കവും ആരൽപോലെ മെലിഞ്ഞ ദേഹവുമുള്ളൊരു മനുഷ്യൻ. (വെളുത്ത ചന്തുവിനെ കാണുമ്പോൾ ശ്രീധരൻ പുത്തൻഹൈസ്കൂൾ പടിക്കൽ പീരമിഠായി വിറ്റിരുന്ന പഴയ ജിറാഫ് നായരെ ഓർത്തുപോകും.) വലിയൊരുകെട്ടു ചകിരിത്തുപ്പ് ഒരു കൂലിക്കാരനെക്കൊണ്ടെടുപ്പിച്ച്, കൈയിൽ തന്റെ ശരീരത്തിന്റെയത്രതന്നെ നീളമുള്ളൊരു വെള്ളിക്കോലു പിടിച്ച് വെളുത്ത ചന്തു ആഴ്ചയിലൊരിക്കൽ അതിരാണിപ്പാടത്തു പ്രത്യക്ഷപ്പെടും. ഓരോ കുടിയിലേയും പെണ്ണുങ്ങൾക്കു തുപ്പു തൂക്കിക്കൊടുക്കും. അതു തന്റെ കീശയിലെ നോട്ടുബുക്കിൽ കുറിച്ചു വയ്ക്കും—പിറ്റത്തെ ആഴ്ചയിൽ വന്ന് തുപ്പു പിരിച്ചുണ്ടാക്കിയ ചൂടി വാങ്ങി വീണ്ടും തൂക്കി, അതിനുള്ള കൂലി തീർത്തുകൊടുക്കും. ഉണ്ണൂലിയമ്മയുടെ പുരമുറ്റമാണ് പ്രധാന വിതരണകേന്ദ്രം.

വെളുത്തചന്തുവും ചകിരിത്തുപ്പും എത്തിയ വിവരമറിഞ്ഞ് അതിരാണിപ്പാടത്തെ ചൂടിപിരിക്കാരികൾ കൈത്തണ്ടയിൽ ചൂടികൈക്കെട്ടുകളുമായി അങ്ങോട്ടു നീങ്ങിത്തുടങ്ങി.....

അങ്ങനെ ഉണ്ണൂലിയമ്മയുടെ മുറ്റത്തെ 'പിണക്കു വിളിയും' വെളുത്ത ചന്തുവിന്റെ ചകിരിത്തുപ്പു വിതരണത്തിൽ അലസിപ്പായി.

പേരച്ചുവട്ടിൽനിന്ന് ശ്രീധരൻ വീട്ടിലേക്കു നീങ്ങി. അപ്പോൾ ഒരാൾ മെല്ലെ പടികേറി വരുന്നതു കണ്ടു. വേഷംകൊണ്ടും ഭാവംകൊണ്ടും ആളെ മനസ്സിലായി: പാണൻ കണാരൻ.

ആംഗ്േലയനിഘണ്ടുവനത്തിൽ വാക്ക് ശിക്കാറ് നടത്തിക്കൊണ്ടിരുന്ന കൃഷ്ണൻമാസ്റ്റർ കണ്ണടയ്ക്കുള്ളിലൂടെ ദൃഷ്ടി മുറ്റത്തേക്കു തിരിച്ചു.

തോർത്തുമുണ്ടു കക്ഷത്തിൽ ഒതുക്കിപ്പിടിച്ച്, മുഖം കുനിച്ചു മിഴിയടച്ച് ആചാരത്തോടെ, അടക്കത്തോടെ, തൊഴുകൈയുമായി പാണൻ 'ചൊമ്മാത്ത്' എന്നൊന്നു ചിനക്കി.

"ങ്ഹാ, ആര്, കണാരനോ?" കൃഷ്ണൻമാസ്റ്റർ ഡിക്ഷ്ണറിയുടെ പേജിൽ കൈവിരലമർത്തിവെച്ച് പാണനോടു ലോഗ്യം പറഞ്ഞു.

കണാരൻ അഞ്ജലീബദ്ധനായി അടഞ്ഞ മിഴികളോടെ അതേ പോസിൽത്തന്നെ അനങ്ങാതെ നിന്നു.

"കണാരൻ കോലായിൽക്കേറിയിരിക്ക്." കൃഷ്ണൻമാസ്റ്റർ പാണനെ കോലായിലേക്കു ക്ഷണിച്ചു.

പാണൻ മിഴിതുറന്നു തൊഴുകൈയും, കക്ഷത്തിലെ മുണ്ടും അഴിച്ച് അടിവെച്ചടിവെച്ചു കോലായിലേക്കു നീങ്ങി, അവിടെ ഒരു മൂലയിൽ മുട്ടും മടക്കി ഒരിരുത്തം പാസ്സാക്കി.

"കണാരൻ പരദേശയാത്ര്കഴിഞ്ഞ് എപ്പോൾ മടങ്ങി?"

ഡിക്ഷ്ണറിയും നോട്ടുബുക്കും അടച്ചുവെച്ച് കൃഷ്ണൻമാസ്റ്റർ പാണന്റെ നേർക്കു തിരിഞ്ഞിരുന്നു.

പാണൻ നെഞ്ചത്തു കൈപ്പത്തിയമർത്തി വീണ്ടും മിഴികൾ കൂപ്പി വ്യക്തമായ സ്വരത്തിൽ നിർത്തിനിർത്തിക്കൊണ്ട് ഉരിയാടി: "മാളോരുടെയെല്ലാം കൃപകൊണ്ട്—അടിയൻ—ഇക്കഴിഞ്ഞ ബുധനാഴ്ച—വെളുപ്പിന്—കുടിയിലെത്തി—"

അപ്പോൾ ശ്രീധരന്റെ അമ്മ ഏഴു തിരിയിട്ടു കത്തിച്ച ഓട്ടുവിളക്കുമായി കോലായിലേക്കു വന്ന്, ഉമ്മറം തെളിയിച്ചു.

പാണൻ ചാടിയെണീറ്റു...(തെല്ലൊന്നു പരുങ്ങിയെന്നും തോന്നുന്നു. തെക്കുഭാഗത്താണ് വിളക്കു കാണുന്നത്. 'ദക്ഷിണേ ഭക്ഷണം നഹി' എന്നാണ് നാളെത്തെ ഫലം.) കണ്ണടച്ചു തൊഴുതുകൊണ്ടു തെല്ലുനേരം ധ്യാനനിമഗ്നനായി നിന്നു.

അരയിൽ മൽമുണ്ടു ചുറ്റി (തടിച്ച തോലുറയുള്ളൊരു കത്തിയും തിരുകി വെച്ച്) നെറ്റിയിൽ നീണ്ട ചന്ദനക്കുറിയും അതിന്റെ നടുക്കൊരു സിന്ദൂര തിലകവും ചാർത്തി, നഗ്നമായ നെഞ്ചിലും കുറെ ചന്ദനം വാരിപ്പൂശി വരുന്ന വെളുത്തു ദീർഘകായനും സുന്ദരനുമായ ആ മദ്ധ്യവയസ്കൻ—പാണൻ കണാരൻ—ശ്രീധരന്റെ ഒരാരാദ്ധ്യപുരുഷനായിരുന്നുവെന്നു പറയാം.

കണാരൻ ഉഗ്രനായൊരു മന്ത്രവാദിയാണ്. 'ചുട്ട കോഴിയെ പറപ്പിക്കുന്ന പഹയൻ!' എന്നാണ് കണാരനെപ്പറ്റി അവന്റെ ദേശക്കാർ പറയുക. (വേലാളൂർപ്പാടങ്ങൾക്കും പൂതപ്പറമ്പിനുമപ്പുറത്ത് നരിമുക്ക് എന്ന കുഗ്രാമത്തിലാണ് കണാരൻ കുടിപാർക്കുന്നത്.)

കൃഷ്ണൻമാസ്റ്ററുടെ പഴയൊരു ലോഗ്യക്കാരനാണ് കണാരൻ. കണാരന്റെ തന്ത കേളു, കൃഷ്ണൻമാസ്റ്ററുടെ ചേനക്കോത്തു തറവാട്ടുവക ഒരു ഭഗവതിക്കാവിലെ സ്ഥിരം തിറയാട്ടക്കാരനായിരുന്നുവത്രെ. എന്നാൽ, കണാരന്റെ ദുർമന്ത്രവാദകീർത്തിയോ ഭഗവതിക്കാവുബന്ധമോ ഒന്നുമല്ല കണാരനും കൃഷ്ണൻമാസ്റ്ററും തമ്മിലുള്ള അടുപ്പത്തിനു കാരണം. കണാരൻ പലപ്പോഴും പരദേശയാത്രചെയ്യും. ആണ്ടിലൊരിക്കൽ കാശി, 'കൃഷീകേശം', കൈലാസം തുടങ്ങിയ ഉത്തരേന്ത്യൻ പുണ്യസ്ഥലങ്ങളിലേക്ക് ഒരു തീർത്ഥയാത്ര പുറപ്പെടും. ആ ഭാരതപര്യടനം രണ്ടു മൂന്നു മാസം നീണ്ടുനിൽക്കും.

യാത്രകഴിഞ്ഞു നാട്ടിൽ മടങ്ങിയെത്തിയാൽ കണാരൻ ആദ്യമായി വന്നു കാണുക കൃഷ്ണൻമാസ്റ്ററെയായിരിക്കും. ഹിമാലയവനങ്ങളിലെ സന്ന്യാസിമാരുടെ കഥകൾ കേൾക്കാൻ എന്തൊരു താൽപര്യമാണെന്നോ മാസ്റ്റർക്ക്! (കൃഷ്ണൻമാസ്റ്റർ കോയമ്പത്തൂരിനടുത്ത പേരൂരിനപ്പുറം പരദേശം കണ്ടിട്ടില്ല. പേരൂരിൽ പോയതു പിതൃക്കൾക്കു പിണ്ഡംവയ്ക്കാനായിരുന്നു.)

മോന്തി മയങ്ങുമ്പോഴായിരിക്കും കന്നിപ്പറമ്പിലേക്കു പാണന്റെ വരവ്. രാത്രി എത്രനേരം വേണമെങ്കിലും ഇരുന്നു സംസാരിക്കാമല്ലോ. സന്ന്യാസിമാരെയും 'മകർഷി' മാരെയും 'സിദ്ദന്മാ'രെയും 'പരമാംസന്മാരെ' യും കാണാൻ കണാരൻ 'വനങ്കാട്ടുകളി'ലൂടെ നടത്തിയ സാഹസികപദയാത്രകളുടെ വൃത്താന്തങ്ങൾ, അത്താഴം കഴിഞ്ഞതിനുശേഷവും തുടർന്നുകൊണ്ടിരിക്കും. (മത്സ്യമാംസാദികൾ കൂട്ടി തീർത്ഥയാത്രയിലെ വ്രതമവസാനിപ്പിക്കുന്നത് കന്നിപ്പറമ്പിലെ അത്താഴംകൊണ്ടാണെന്നു പാണൻ മേനിപറയും.)

ശേഷം കഥകൾ മറ്റൊരവസരത്തിലേക്കു നീട്ടിവെച്ച് കണാരൻ കന്നിപ്പറമ്പിൽനിന്നു യാത്ര പറയുമ്പോൾ മണി പതിനൊന്നു കഴിഞ്ഞിട്ടുണ്ടാവും.

പാണൻ കണാരന്റെ യാത്രാവിവരണങ്ങൾ ശ്രീധരനു വിദൂരവനാന്തരങ്ങളിലെ ജീവിതചലനങ്ങളുടെയും, സന്ന്യാസിമാരെന്ന അദ്ഭുതമനുഷ്യരുടെ ചര്യകളുടെയും നൂതനചിത്രങ്ങൾ കാട്ടിക്കൊടുത്തു. കണാരന്റെ ധൈര്യമാണ് ശ്രീധരനിൽ ഏറ്റവും മതിപ്പുളവാക്കിയത്—ആ പാണന്റെ ഒരു ധൈര്യം! ശ്രീധരൻ അതാലോചിച്ചു തല പിടപ്പിക്കും. പാതിരനേരത്ത്, ഒറ്റയ്ക്കു പൂതപ്പറമ്പും കേറി മറഞ്ഞു നരിമുക്കിലേക്കു നടക്കുക! ഭൂതപ്രേത പിശാചുക്കളും കാളികൂളികളും യക്ഷികളും ആർത്തുപുളച്ചു കൂത്താടുന്ന പൂതപ്പറമ്പ്! പാണന് അവറ്റയെ ഒന്നിനെയും പേടിയില്ല. പൂതപ്പറമ്പിൽവെച്ചു ചില ഉഗ്രപിശാചുക്കളെ പിടിച്ചുകെട്ടിയതും, ചില യക്ഷികളെ ഓടിച്ചതും. ചില പേന (അലച്ച) പ്രേതങ്ങളെ കളിപ്പിച്ചതും മറ്റും പാണൻകണാരൻ വിവരിച്ചുകേൾപ്പിച്ചത് ശ്രീധരന്റെ മനസ്സിൽ മായാതെ കിടന്നിരുന്നു. പാണൻ കണാരന്റെ മുമ്പിൽ പിശാചുക്കൾ ചെറ്റനായ്ക്കൾ; യക്ഷികൾ വെറും പക്ഷികൾ!

ഒരമാവാസിദിവസം അർദ്ധരാത്രി, കണാരൻ ദൂരെ എവിടെയോ ഒരു രക്തക്കുരുതി കഴിച്ചു നരിമുക്കിലേക്കു മടങ്ങുകയായിരുന്നു. പൂതപ്പറമ്പിന്റെ തെക്കേ മൂലയിലെത്തിയപ്പോൾ കോഴിയിറച്ചിയും പുഴക്കും മറ്റും ഇലപ്പൊതിയാക്കി സൂക്ഷിച്ച ചുമലിലെ തോർത്തുമുണ്ടുഭാണ്ഡം പിന്നിൽനിന്ന് ആരോ പിടിച്ചുവലിക്കുന്നതുപോലെ തോന്നി. അക്രമിയെ മനസ്സിലായി: പോക്കിരി ഉണിച്ചാത്തൻ നായരുടെ വെട്ടിക്കൊലപ്രേതം. ആ പ്രേതം ആ മൂലയിൽവെച്ചു പലരേയും അടിച്ചുവീഴ്ത്തിയിട്ടുണ്ട്.

“ഉണിച്ചാത്തങ്കമ്മളേ, കണാരനോട്ടു കളിക്കണ്ടേയ്.” പാണൻ താക്കീതു ചെയ്തു. പ്രേതം കൂട്ടാക്കിയില്ല. ഏറെ ഊക്കോടെ ഭാണ്ഡത്തോടൊപ്പം കണാരനെയും പിറകോട്ടു പിടിച്ചുവലിച്ചു.

കണാരൻ അരയിൽനിന്നു കത്തി ഊരിയെടുത്ത്, മന്ത്രം ജപിച്ച്, പെട്ടെന്നു തിരിഞ്ഞുനിന്നു. കത്തികൊണ്ടു നിലത്തൊരു ചക്രം വരച്ചു.

“നിക്കവിടെ!” മന്ത്രവാദിയുടെ ഉഗ്രശാസനം. ഉണിച്ചാത്തൻനായർ ചക്രക്കളത്തിലായി—കണാരൻ കത്തി ചക്രക്കളത്തിന്റെ മദ്ധ്യത്തിൽ കുത്തി

നിർത്തി.

ഹയേ്യാ എന്നൊരലർച്ച പൂതപ്പറമ്പു മുഴുവനും മുഴങ്ങിക്കേട്ടു.

പോക്കിരിപേ്രതത്തെ അങ്ങനെ കത്തിയിൽ കോർത്തുനിർത്തി, ഭാണ്ഡവും ചുമലിലെടുത്തു കണാരൻ നരിമുക്കിലേക്കു നടന്നു.

ഉണിച്ചാത്തൻനായർ പുലരുന്നതുവരെ അവിടെക്കിടന്നു നിലവിളിച്ചു.

പിറ്റേന്നു പുലർച്ചെ കണാരൻ സ്ഥലത്തു വന്നു പിടയുന്ന പേ്രതത്തെക്കൊണ്ടു സത്യംചെയ്യിച്ചു. ഇനി പൂതപ്പറമ്പിൽക്കൂടി പോകുന്ന ഒരു മനുഷ്യജീവിയെയും ഉപ്രദവിക്കയിലെ്ലന്ന്. അതിനുശേഷം കണാരൻ ചക്രക്കളത്തിൽനിന്ന് ആയുധം വലിച്ചു. നോക്കിയപ്പോൾ എന്താ കഥ! കത്തിമുനയിൽ കട്ടച്ചോര!

പൂതപ്പറമ്പിലും ഭഗവതിക്കാവുകളിലും ചുടലയിലും ആൾപ്പെരുമാറ്റമില്ലാത്ത ഗ്രാമമൂലകളിലും മാത്രമല്ല, പട്ടണത്തിന്റെ നടുവിലും പേ്രതങ്ങളെ കാണാമെന്നു കണാരൻ പറയുന്നു. പട്ടണത്തിൽ വെള്ളക്കാരുടെ പള്ളിയുടെ മൂലയിൽ ഒരു കാപ്പിരിയെക്കണ്ട കഥ പറയാനുണ്ട് കണാരന്.

“കാപ്പിരി. ആഫ്രിക്കയിലെ ആദിമനരവർഗ്ഗം—” എന്നാണ് ശ്രീധരൻ സ്കൂളിൽനിന്നു പഠിച്ചത്. എന്നാൽ, പാണൻകണാരൻ പറയുന്ന കാപ്പിരി പരേതവർഗ്ഗത്തിൽപ്പെട്ടവനാണ്. വെള്ളക്കാരൻ പാതിരിയുടെ പേ്രതമാണേത്രെ കാപ്പിരി—

കണാരൻ വിവരിക്കും: കാപ്പിരിയുടെ സാന്നിദ്ധ്യം അതിന്റെ നാറ്റം കൊണ്ടു മനസ്സിലാക്കാം. ആദ്യം ചുരുട്ടു കത്തിച്ച പുകയുടെ മണംവരും. പിന്നെ അതു ക്രമേണ കൊറ്റനാടിന്റെയും കുമ്പളക്കൊറ്റന്റെയും സമ്മിശ്ര ഗന്ധംപോലെ രൂക്ഷവും ദുസ്സഹവുമായി മാറും—അപ്പോൾ തിരിഞ്ഞു നോക്കാൻ നിൽക്കാതെ ഓടിക്കൊള്ളണം—

കണാരൻ ഒരു രാത്രി പട്ടണത്തിലെ മരക്കച്ചവടക്കാരൻ ഗോവിന്ദൻ മുതലാളിയുടെ വീട്ടിൽ ഒരു ബാധയൊഴിപ്പിച്ച് നരിമുക്കിലേക്കു മടങ്ങുകയായിരുന്നു. വെള്ളക്കാരുടെ പള്ളിയുടെ മൂലയോടടുത്ത പാതയിലെത്തിയപ്പോൾ ചുരുട്ടിന്റെ ചൂരടിച്ചു. കാപ്പിരിയാണെന്നു മനസ്സിലായി—തിരിഞ്ഞു നോക്കരുതെന്നാണു പ്രമാണം. എന്നാൽ അതു സാധാരണക്കാർ അനുസരിച്ചാൽമതി. മന്ത്രവാദികൾ ഗൗനിക്കയില്ല. കണാരൻ തിരിഞ്ഞുനോക്കി. അപ്പോൾ എന്താ കഥ! പള്ളിമതിലിന്മേൽ കുത്തിയിരിക്കുന്നു കറുത്ത ചട്ടത്തൊപ്പിവച്ചൊരു വെള്ളത്താടി, കാപ്പിരി!—വായിൽ ഉലക്കമുറി പോലത്തെ ഒരു ചുരുട്ടും.

പാതിരിപേ്രതത്തെ ഒന്നു പേടിപ്പിച്ചാലോ എന്ന് ആലോചിച്ചു കണാരൻ. മന്ത്രം ജപിച്ച്, കത്തികൊണ്ടു ചക്രക്കളം വരച്ച്, പാതിരിയെ അതിൽ കുടുക്കാം. കത്തികൊണ്ടൊരു കുത്തു കൊടുത്താൽ പാതിരി അലറുന്നതെങ്ങനെയാണെന്നു കേൾക്കാം..... പിന്നെ പാണൻ വിചാരിച്ചു: വേണ്ട, പാവം പാതിരി ചുരുട്ടും പുകച്ച് പാതിരക്കാറ്റും കൊണ്ടങ്ങനെ കുത്തിയിരുന്നോട്ടെ എന്ന്—കാപ്പിരി മറ്റു ജാതി പേ്രതങ്ങളെപ്പോലെ ഉപദ്രവകാരിയല്ല. അന്യ ദേഹത്തെ ബാധിക്കയുമില്ല. നാറ്റം പുറപ്പെടുവിച്ച് ആളുകളെ അകറ്റിക്കളയുകയേയുള്ളൂ.

സന്ധ്യാദീപം തൊഴുത് ഹ്രസ്വധ്യാനവും കഴിച്ച് കണാരൻ സ്വസ്ഥാനത്തിരുന്നു.

ശ്രീധരൻ തന്റെ പഠിപ്പുമുറിയിൽ കടന്നു ജാലകത്തിനരികിലിരുന്നുകൊണ്ട് പാണൻകണാരന്റെ പരദേശവിശേഷങ്ങൾ ശ്രദ്ധിച്ചു.

"കണാരൻ ഈ യാത്രയിൽ സിദ്ധന്മാരെ ആരെയെങ്കിലും കണ്ടോ?" കൃഷ്ണൻമാസ്റ്ററുടെ ചോദ്യം.

ഹിമാലയപര്യടനം കഴിഞ്ഞു വരുന്ന കണാരനോടു കൃഷ്ണൻമാസ്റ്റർ ആദ്യമായി അന്വേഷിക്കുന്നത് അതായിരിക്കും: സിദ്ധാന്മാരെക്കണ്ടുവോ?

"കാശിവിശ്വനാഥാ!............... മഹാദേവാ........... കണ്ടേ............ കണ്ടു......."

സാക്ഷാൽ പരബ്രഹ്മവുമായി ഒരു കൂടിക്കാഴ്ചയ്ക്കു തരപ്പെട്ടപ്പോഴുണ്ടായ ഭക്തിപാരവശ്യം അഭിനയിച്ച്, തെല്ലിട മൗനധ്യാനത്തിലിരുന്ന്, പിന്നെ പാണൻ പറഞ്ഞുതുടങ്ങുകയായി. സന്ന്യാസിമാരെയും മകർഷിമാരെയും സിദ്ദന്മാരെയും പരമാംസന്മാരെയും സന്ദർശിച്ചതിന്റെ അദ്ഭുത വിശേഷങ്ങൾ.

കാശിയിൽനിന്നു രണ്ടുദിവസത്തെ യാത്രചെയ്ത് ഒരു വൻകാട്ടിലെത്തി. അവിടെ ഒരു പാറപ്പുറത്ത് ഒരു സന്ന്യാസി തപസ്സുചെയ്യുന്നു. സന്ന്യാസി സൂര്യോദയം നോക്കിക്കൊണ്ട് കിഴക്കിനഭിമുഖമായിരുന്നു നിത്യവും തപസ്സാരംഭിക്കുന്നു. ഒരിക്കലും കണ്ണിമയ്ക്കാതെ സൂര്യഭഗവാനെത്തന്നെ തുറിച്ചു നോക്കിക്കൊണ്ടാണ് തപസ്സ്. സൂര്യബിംബം ആകാശത്തിൽ പൊങ്ങുന്നതനുസരിച്ച് സന്ന്യാസിയുടെ മുഖവും മിഴികളും നീങ്ങിക്കൊണ്ടിരിക്കും — അങ്ങനെ ദിനാന്ത്യത്തിൽ സൂര്യനസ്തമിക്കുമ്പോൾ സന്ന്യാസിയുടെ ഉടൽ വില്ലുപോലെ പിറകോട്ടു വളഞ്ഞ് നെറ്റി നിലത്തു കുത്തുന്നുണ്ടായിരിക്കും.....ഹരഹര മഹാദേവ

ആ സൂര്യനിരീക്ഷകസ്വാമിയുടെ അദ്ഭുതപശ്ചര്യയുടെ ചിത്രം ഭക്തിപൂർവ്വം മനസ്സിൽ വിഭാവനംചെയ്തുകൊണ്ട് കൃഷ്ണൻമാസ്റ്ററും, മഴക്കാലത്തു സൂര്യനെ ആകാശത്തിൽ കണ്ടുകിട്ടാതാവുമ്പോൾ ആ സന്ന്യാസി എന്തുചെയ്യും എന്നു ചിന്തിച്ചുകൊണ്ട് ശ്രീധരനും തെല്ലിട മൗനധ്യാനത്തിലിരുന്നു.

ഇനി മറ്റൊരു തപസ്വിയുടെ കഥ: രംഗം ഹിമാലയത്തിലെ ഘോര കാന്താരംതന്നെ. അവിടെ ഒരു ഗുഹയിൽ ഒരു വൃദ്ധസന്ന്യാസി—അന്നപാനാദികളില്ലാതെ, ഉറക്കമില്ലാതെ, അനേകവർഷങ്ങളായി ആ മഹാത്മാവ് അഹോരാത്രം അവിടെ കഠിനതപസ്സനുഷ്ഠിക്കുന്നു—കൈകൾ മലർത്തിപ്പിടിച്ച്. കമലമുദ്ര കാട്ടിക്കൊണ്ടാണു തപസ്സ്—സന്ന്യാസിയുടെ ദേഹം ഒരു വിറകുകെട്ടുപോലെയായിത്തീർന്നിരിക്കുന്നു. ആ സിദ്ധന്റെ കൈനഖങ്ങൾ വളർന്നുനീണ്ട്, ഗുഹയിലെ ഒരു മരത്തിന്റെ വേരിനോടു ചുറ്റിപ്പിണഞ്ഞു കിടക്കുന്നതും കണാരൻ കണ്ടുവത്രേ—ഹരഹര മഹാദേവ!

## 11. പരീക്ഷകൾ

അന്നുച്ചയ്ക്ക് ശ്രീധരൻ മാളികവരാന്തയിലിരുന്ന് താഴെ പൂങ്കാവനത്തിലേക്കു നോക്കിക്കൊണ്ട് ഒരു കവിതയെഴുതാൻ ശ്രമിക്കുകയായിരുന്നു. അപ്പോൾ താഴെനിന്ന് അച്ഛൻ വിളിക്കുന്നതു കേട്ട് കോണിയിറങ്ങി കോലായിലെത്തി.

കൃഷ്ണൻമാസ്റ്ററുടെ മുഖത്ത് അസാധാരണമായൊരു പ്രസന്നത കളിയാടിയിരുന്നു. ചുണ്ടുകൾക്കിടയിൽ ഒരു കുസൃതിപ്പുഞ്ചിരിയും—

ശ്രീധരൻ വന്നപ്പോൾ മാസ്റ്റർ ശ്രീധരന്റെ അമ്മയേയും വിളിച്ചു. സംഗതി എന്താണെന്ന് ശ്രീധരനു മനസ്സിലായില്ല.

അമ്മ വന്നപ്പോൾ അച്ഛൻ ആ സന്തോഷവാർത്ത അറിയിച്ചു:

"ശ്രീധരന്റെ എസ്. എസ്. എൽ. സി. ബുക്ക് എത്തിയിരിക്കുന്നു. അവൻ എല്ലാ വിഷയങ്ങളിലും പാസ്സായിട്ടുണ്ടെന്ന് ഹെഡ്മാസ്റ്റർ പറഞ്ഞു."

പരീക്ഷയിൽ ജയിച്ചുവെന്നറിഞ്ഞപ്പോൾ ശ്രീധരന് ആശ്വാസമായി. അത്രമാത്രം. എന്നാൽ, കൃഷ്ണൻമാസ്റ്റർ മകന്റെ വിജയത്തിൽ മതിമറന്നാഹ്ലാദിക്കുകയായിരുന്നു.

"ഇനിയെന്താണു ചെയ്യാൻപോകുന്നത്?" അമ്മയുടെ ചോദ്യം.

"അവനെ കോളേജിൽ ചേർക്കണം." കൃഷ്ണൻമാസ്റ്റർ തൊപ്പിയും കുപ്പായവും അഴിച്ചുവെച്ച് ആശ്വാസത്തോടെ തുണിക്കസേരയിൽ ചാഞ്ഞു കിടന്ന് മാറിടത്തിലെ നരച്ച രോമങ്ങൾ തലോടിക്കൊണ്ടു പറഞ്ഞു: "അവന് 35 കി. ഉറച്ചു."

(അക്കാലത്ത് ഗവൺമെന്റ് സർവ്വീസിൽ പ്രവേശിക്കാൻ ഏറ്റവും കുറഞ്ഞ പരീക്ഷായോഗ്യത എസ്. എസ്. എൽ. സി. യും, പ്രാരംഭശമ്പളം 35 ക. യുമായിരുന്നു.)

ശ്രീധരനെ തുടർന്നു പഠിപ്പിച്ച് ഒരു ബി. ഏ. ക്കാരനാക്കുക. പിന്നെ ഗവൺമെന്റുദ്യോഗസ്ഥനാക്കുക. അതായിരുന്നു കൃഷ്ണൻമാസ്റ്ററുടെ മോഹം. ഗവൺമെന്റ് സർവ്വീസിൽ ഉദ്യോഗം ലഭിക്കാൻ—പ്രയാസമില്ല—മുൻസിഫ്മാരായും, സബ്ജഡ്ജിമാരായും കൃഷ്ണൻമാസ്റ്ററുടെ പഴയ ശിഷ്യന്മാർ ഉയർന്ന സ്ഥാനങ്ങളിൽ വിലസുന്നുണ്ടായിരുന്നു—അവരോട് ഒരുവാക്കു പറഞ്ഞാൽ മതിയല്ലോ.

പക്ഷേ, ശ്രീധരന്റെ മനോഭാവം മറ്റൊരു പ്രകാരത്തിലായിരുന്നു. കോളേജിൽ പഠിക്കാനും, ബി. ഏ. ക്കാരനാവാനും, ഗവൺമെന്റുദ്യോഗം ഭരിക്കാനും ശ്രീധരനു താൽപര്യമില്ലായിരുന്നു. പിന്നെ എന്തുചെയ്യും? അതിനെപ്പറ്റിയും വ്യക്തമായ ബോധമുണ്ടായിരുന്നില്ല. അച്ഛന്റെ അഭീഷ്ടത്തിനും ആജ്ഞയ്ക്കും എതിരായി നീങ്ങാനും മനസ്സനുവദിച്ചിരുന്നില്ല. അങ്ങനെ വേദനാജനകമായ ഒരു അനിശ്ചിതാവസ്ഥയിൽപ്പെട്ടു കുഴങ്ങുകയായിരുന്നു ശ്രീധരൻ. അതിരാണിപ്പാടത്ത് ആദ്യമായി പത്താംക്ളാസ്സ് പാസ്സായ മിടുക്കൻ!

ഏതായാലും, പത്താംക്ളാസ്സ് പരീക്ഷാവിജയം ആഘോഷിക്കാൻ—ഭാവിയെപ്പറ്റി കുറച്ചുനേരം സൈ്വരമായിരുന്നു ചിന്തിക്കാനും— അന്നു വൈകുന്നേരം ബീച്ചിലേക്കൊന്നു

പോകാൻ നിശ്ചിയിച്ചു. ശ്രീധരൻ.

പരീക്ഷയ്ക്കിരുന്നപ്പോൾ ധരിച്ചിരുന്ന പുതിയ ട്വിൽഷർട്ട്, അലക്കി ഇസ്തിരിക്കിട്ടുവെച്ചിട്ടുണ്ടായിരുന്നു. മൽമുണ്ടെടുത്തുടുത്ത്, ശുവെള്ള ട്വിൽഷർട്ടും ധരിച്ച്, കൈയ്ക്ക് സ്വർണ്ണറിസ്റ്റ് വാച്ചും കെട്ടി (അസാരം പഴക്കമുള്ള ആ സ്വർണ്ണവാച്ച് കൃഷ്ണൻമാസ്റ്ററുടെ സ്കൂളിലെ ഒരു പട്ടരദ്ധ്യാപകൻ ടിക്കറ്റൊന്നിന് ഒരുറുപ്പികത്തോതിൽ ഇരുപത്തഞ്ചു ടിക്കറ്റുകൾ വിറ്റു ഷോടതിക്കിട്ടതായിരുന്നു. ശ്രീധരന്റെ പേരിൽ കൃഷ്ണൻമാസ്റ്ററും ഒരു ടിക്കറ്റെടുത്തിരുന്നു. നറുക്കെടുത്തപ്പോൾ ശ്രീധരന്റെ ടിക്കറ്റ് സമ്മാനം നേടി.) തലമുടി ഇടത്തേ ചെന്നിക്കു മീതെ ഇരുവശത്തേക്കും പകുത്തു കോതിവെച്ച്, മുഖത്തു സ്വല്പം കുട്ടിക്യൂറാ പൗഡറും പൂശി വളരെ അന്തസ്സിൽ ആ എസ്. എസ്. എൽ. സി. പാസ്സുകാരൻ—മുപ്പത്തഞ്ചുറുപ്പിക ശമ്പളക്കോപ്പുക്കാരൻ—കടപ്പുറത്തേക്കു പുറപ്പെട്ടു.

പുതിയ നിരത്തിലൂടെ പടിഞ്ഞാട്ടു നടന്ന്, സെയ്താലിപ്പാലവും കടന്ന്, മുസ്ലീംസാമ്രാജ്യമായ ചേങ്ങരയിലെത്തി.

കടപ്പുറത്ത്, പാലത്തിനടുത്ത് കാറ്റുകൊള്ളാനിരിക്കുന്ന മൂലയിലേക്ക്, ചേങ്ങരയിൽനിന്ന് ഇടവഴികളിലൂടെ കുറുക്കുമാർഗ്ഗമായി ചെന്നെത്താം. പഴയ ഹൈന്ദവക്ഷേത്രങ്ങൾ പുനർജ്ജന്മംകൊണ്ട മുസ്ലീം പള്ളികളും 'പച്ച' വെള്ളം കെട്ടിനിൽക്കുന്ന പടവുകുളങ്ങളും കണ്ടുകൊണ്ടു നടക്കാം. ഇടവഴിയുടെ ഇരുവശങ്ങളിലും ചിലേടത്ത് മുസ്ലീംപ്രമാണിമാരുടെ കൂറ്റൻമാളികകളുടെ മതിൽക്കെട്ടുകൾ പൊങ്ങിനിൽക്കുന്നുണ്ടാവാം. ആ മതിലുകളോടു ചേർന്നുകൊണ്ടായിരിക്കും അടുക്കളശാല—തലയിൽ വെള്ളത്തട്ടമിട്ട യക്ഷികളെ, അടുക്കളയുടെ അഴിക്കൂടുജാലകങ്ങളിലൂടെ ചിലപ്പോഴൊക്കെ കാണാം—

ഭാവിയെപ്പറ്റിയുള്ള അവ്യക്തസ്വപ്നങ്ങളിൽ മുഴുകി അലസമട്ടിലങ്ങനെ നീങ്ങിക്കൊണ്ടിരിക്കെ, ശ്രീധരന്റെമേൽ ആരോ പീച്ചാംകുഴലൊഴിച്ച പോലെ ഒരനുഭവമുണ്ടായി. മുഖം കുനിച്ചു നോക്കിയപ്പോൾ ഷർട്ടിലും മുണ്ടിലുമെല്ലാം രക്തം! പിന്നെ പരിശോധിച്ചപ്പോൾ മനസ്സിലായി. രക്തമല്ല. വെറ്റില മുറുക്കി തുപ്പിയതാണ്.

അപ്പോൾ തൊട്ടടുത്ത കന്മതിലിനോടു ചേർന്ന അടുക്കളശാലയിൽ നിന്ന് ബസിപ്പിഞ്ഞാണങ്ങൾ വീണുടഞ്ഞപോലെ പെണ്ണുങ്ങളുടെ കൂട്ടച്ചിരി മുഴങ്ങിക്കേട്ടു.

ചേങ്ങരയിലെ അടുക്കളബീബികളുടെ ആ നേരമ്പോക്കുകളെപ്പറ്റി ശ്രീധരൻ കേട്ടിട്ടുണ്ടായിരുന്നു. വിസ്തരിച്ചു വെറ്റിലമുറുക്കി ആ അടുക്കള യക്ഷികൾ വല്ല കാഫ്റീങ്ങളും മോടിയിൽ ഉടുത്തൊരുങ്ങി ഇടവഴിയിലൂടെ വരുന്നുണ്ടോ എന്ന് ഒളിഞ്ഞുനോക്കിക്കൊണ്ടിരിക്കും. ഇര അടുത്തെത്തിയാൽ, ജാലകത്തിലൂടെ ലക്ഷ്യം തെറ്റാതെ വായിലെ തുപ്പൽ ചാമ്പിക്കൊടുക്കും—എന്നിട്ട് ഒരു ചിരിചിരിക്കും—യക്ഷികൾതന്നെ—ചോര കുടിക്കുന്ന യക്ഷികളല്ല—ചോര തുപ്പുന്ന യക്ഷികൾ!

രാപ്പകൽ ആ കോട്ടയ്ക്കകത്തു ബന്ധനത്തിൽ കഴിയുന്ന ബീബികൾക്ക് എന്തെങ്കിലും ഒരു വിനോദം വേണ്ടേ?

അടുക്കളയിൽനിന്ന് തനിക്കു താംബൂലരസായനം പകർന്നുതന്ന ബീബി. യുവതിയോ കിഴവിയോ? യുവതിയായിരിക്കുമെന്ന് ശ്രീധരൻ സ്വയം വിശ്വസിച്ചു. ആ ബീബിയുടെ വായവലുപ്പമോർത്ത് അദ്ഭുതപ്പെടുകയും ചെയ്തു. തന്റെ മുണ്ടും കുപ്പായവും ഇങ്ങനെ

നനഞ്ഞൊലിപ്പിക്കു മാറാക്കണമെങ്കിൽ ആ ബീബിയുടെ കവിളിൽ കണിശമായും ഒരു കുടം കൊള്ളും.

ശ്രീധരൻ അങ്ങനെ ഇളിഭ്യനായി—താൻ ഈയിടെ പഠിച്ച പുതിയൊരു സംസ്കൃതവാക്യം ചേർത്തു പറയുകയാണെങ്കിൽ, 'ഇതികർത്തവ്യതാമൂഢനായി'—അവിടെ നിന്നു. ആ കോലത്തിൽ ബീച്ചിലേക്കു പോകുന്ന കാര്യം വിചാരിക്കാൻ പോലും വയ്യ. അതിരാണിപ്പാടത്തേക്കു മടങ്ങുകയാണെങ്കിൽത്തന്നെ, പൊതുനിരത്തിലൂടെ പോകാതെ നിവൃത്തിയില്ല. അതിനു മുമ്പ് വസ്ത്രത്തിലെ തുപ്പലൊന്നു കഴുകിക്കളയണം. അടുത്ത പള്ളിക്കുളത്തിൽ ഇറങ്ങി ശുദ്ധികർമ്മം നടത്തിയാലോ എന്നാലോചിച്ചു. കുളത്തിലെ വെള്ളത്തിന്റെ പച്ചനിറവും പാടകെട്ടിയ കൊഴുപ്പും നാറ്റവും ഓർത്തപ്പോൾ ബീബിയുടെ ലാലാജലംതന്നെയാണ് അതിനേക്കാൾ പരിശുദ്ധമെന്ന തീരുമാനത്തിലെത്തി ഉടുമുണ്ട് ഷർട്ടിനുമീതെ ആവുന്നത്ര പൊക്കത്തിൽ മടക്കിക്കുത്തി തലയും താഴ്ത്തി തിരിഞ്ഞുനടന്നു. ധൃതികൂട്ടി നടക്കുന്നതും അപകടമാണ്—പെട്ടെന്നു കണ്ടാൽ ഒരു കുത്തിക്കൊലനടത്തി ഓടിപ്പോകുന്ന പുള്ളിയാണെന്നു ധരിച്ച് ആളുകൾ വിളിയും തെളിയും കൂട്ടാനിടയുണ്ട്. അതുകൊണ്ട് ആർക്കും സംശയം ജനിപ്പിക്കാനിടകൊടുക്കാതെ സാവധാനം നടന്നു.

പുതിയ നിരത്തിലെത്തിയപ്പോൾ ഒന്നുരണ്ടുപേർ തിരിഞ്ഞുനോക്കി — സെയ്താലിപ്പാലം കടക്കുമ്പോൾ ഒരു മാപ്പിളക്കുണ്ടൻ കള്ളി മനസ്സിലാക്കി ചിരിച്ചു കൂക്കി വിളിച്ചു. എല്ലാം സഹിച്ചു. പത്താംക്ലാസ്സ് പാസ്സായ പുണ്യ ദിവസത്തിൽ ഇങ്ങനെയൊരമളിപറ്റിയതോർത്തു വല്ലാതെ കുണ്ഠിതപ്പെട്ടു. തുപ്പലഭിഷേകം നടത്തിയ മാപ്പിളച്ചിക്കു കവിളരിശം പിടിപെട്ടുപോട്ടേ എന്നു ശപിച്ചു.

ഇനി കന്നിപ്പറമ്പിലേക്കു ചെല്ലുമ്പോൾ? ഉമ്മച്ചി തുപ്പിനാറ്റിച്ച മുണ്ടു കുപ്പായങ്ങൾ അമ്മ തോണ്ടിയെടുത്തു തോട്ടിലെറിഞ്ഞുകളയും.

അതിരാണിപ്പാടത്ത് ആദ്യം കണ്ട പെരുതേരി അപ്പുവിന്റെ പുരയിലേക്കുകേറി.

അവിടെ കേളുക്കുട്ടിയും വെടിവാസുവും എന്തോ സ്വകാര്യം സംസാരിച്ചുകൊണ്ടു നിൽക്കുന്നുണ്ടായിരുന്നു. ശ്രീധരന്റെ വേഷം കണ്ട് കേളുക്കുട്ടി പരിഭ്രമിച്ചു. വല്ല കാളവണ്ടിയോ കാറോ മേത്തുകേറി, പരുക്കുപറ്റി ചോരയൊലിപ്പിച്ചു വരികയാണെന്നാണ് അവൻ വിചാരിച്ചത്.

നടന്ന സംഭവം കേൾപ്പിച്ചപ്പോൾ കേളുക്കുട്ടിയും വാസുവും വല്ലാതെ ചിരിച്ചു. വാസു പറഞ്ഞു:

"ചേങ്ങരയിലെ ഇടവഴിയിൽവെച്ച് എനിക്കും ഒരിക്കലിങ്ങനെ കിട്ടിയിട്ടുണ്ട്. കുപ്പായത്തിലല്ല; മുഖത്തുതന്നെ....."

അതു കേട്ട് കേളുക്കുട്ടി ചിരിച്ചുകൊണ്ട് അഭിപ്രായപ്പെട്ടു:

"ഏലത്തരിയും കറാമ്പൂവും കൂട്ടിയുള്ള വെറ്റിലമുറുക്കായിരിക്കും—ബീബിയുടെ തുപ്പലിനു നല്ല വാസനയുണ്ടാവും......."

കേളുക്കുട്ടിയുടെ തള്ള ഉണ്ണൂലിക്കുട്ടിയമ്മ സഹതാപത്തോടെ ശ്രീധരനോടു പറഞ്ഞു: "എന്റെ മോൻ ആ മുണ്ടും കുപ്പായോം ഇങ്ങോട്ടെടുക്ക്. തുപ്പലു തേച്ചുകഴുകിത്തരാം."

ഉണ്ണൂലിക്കുട്ടിയമ്മയുടെ സന്മനസ്സിനു നന്ദിപറഞ്ഞുകൊണ്ട് ശ്രീധരൻ ഷർട്ടും മുണ്ടും അഴിച്ചുകൊടുത്തു. അവിടെ മാറ്റുന്നതിനു കേളുക്കുട്ടിയുടെ കാവിനിറത്തിലുള്ള ഒരു

തോർത്തുമുണ്ടേ ഉണ്ടായിരുന്നുള്ളൂ. ആ തോർത്തു മുണ്ടും ചുറ്റി കോലായത്തിണ്ണയിൽ കുത്തിയിരുന്നു.

വാസുവും കേളുക്കുട്ടിയും ഇടയ്ക്കു മുറിഞ്ഞുപോയ സ്വകാര്യ സംഭാഷണം തുടർന്നു.

അപ്പോൾ കേളുക്കുട്ടിയുടെ അനുജൻ നാരായണൻ കരഞ്ഞുകൊണ്ട് അങ്ങോട്ടു കേറിവന്നു.

"എന്തിനാണെടാ, നീ കരയുന്നത്?" കേളുക്കുട്ടി ചോദിച്ചു.

"മദീനാ ഓട്ടലിലെ പെരിക്കാലൻമാപ്പിള എന്റെ പുതിയ പറസ്സ് തട്ടിപ്പറിച്ചു." നാരായണൻ ചിണുങ്ങിക്കൊണ്ടു പറഞ്ഞു.

"നീ എന്തിനാണ് ആ പെരിക്കാലന്റെ പീടികയിൽ പോയത്?"

വാസുവിന്റെ ചോദ്യം.

"ചായകുടിക്കാൻ."—നാരായണൻ തെല്ലൊരു അപരാധസ്വരത്തിൽ മെല്ലെ മൊഴിഞ്ഞു.

"എന്നിട്ടു പെരിക്കാലൻ നിന്റെ പർസെന്തിന്നു തട്ടിപ്പറിച്ചു?"

വാസു നാരായണനെ വിചാരണചെയ്തു.

നടന്ന സംഭവമെല്ലാം നാരായണൻ വിവരിച്ചു പറഞ്ഞു. അതിന്റെ ചുരുക്കം:

തലേന്നാൾ വീട്ടിൽ വിരുന്നുവന്ന അളിയൻ കുഞ്ഞുണ്ണി, നാരായണന് ഒരു ചെറിയ തുകൽപർസും നാലണയും സമ്മാനിച്ചിരുന്നു. നാരായണൻ പർസും പണവുമായി വൈകുന്നേരം അങ്ങാടിയിലേക്ക് ഒരു സർക്കീറ്റിനിറങ്ങി. അങ്ങുമിങ്ങും തെണ്ടിനടന്ന് അതുമിതും നോക്കി കാലണയ്ക്കും അരയണയ്ക്കും ചില ലൊട്ടുലൊട്ടുക്കുസാമാനങ്ങൾ വാങ്ങി. ഒടുവിൽ പർസിൽ ശേഷിച്ച അരയണയുമായി മദീനാ ഹോട്ടലിൽ കയറി ചായയ്ക്കും പഴം പൊരിച്ചതിനും ഓർഡർകൊടുത്തു. നാരായണൻ ചായകുടിച്ചെഴുന്നേറ്റു. പൈസ കൊടുക്കാൻ പെരിക്കാലൻമുതലാളിയുടെ മുമ്പിലെത്തി, അരയണ മേശപ്പുറത്തു വച്ചുകൊടുത്തു. 'മുക്കാലണ'. ചായപ്പീടികയിലെ പയ്യൻ അകത്തുനിന്നു വിളിച്ചുപറഞ്ഞതുകേട്ടപ്പോൾ നാരായണൻ ഒന്നു ഞെട്ടിപ്പോയി. ആപ്പ് ചായയ്ക്ക് കാലണ. പഴംപൊരിച്ചതിനു കാലണ. രണ്ടുംകൂടി അരയണ. അങ്ങനെയായിരുന്നു നാരായണന്റെ കണക്ക്. പയ്യൻ കൊടുത്തത് പുൾ ചായയായിരുന്നുവത്രേ.—അരയണ.

താൻ ഓർഡർ കൊടുത്തത് ആപ്പ് ചായയ്ക്കാണെന്ന് നാരായണൻ വാദിച്ചു. കുടിച്ചതു പുൾചായയാണെന്നു പയ്യനും പെരിക്കാലനും. ബൈക്ക് ഒര് 'മുക്കാല്ലും" കൂടി.

നാരായണൻ തന്റെ അരുമയായ പുത്തൻപർസ് തുറന്നു കാട്ടിക്കൊടുത്തു. പർസ് കാലി.

അപ്പോൾ പെരിക്കാലൻമുതലാളി നാരായണന്റെ കൈയിൽനിന്നു പർസ് തട്ടിപ്പറിച്ചു മേശയിൽ വെച്ചുപൂട്ടി. 'ബാക്കി കായ് തന്നിട്ട് സഞ്ചി മേങ്ങിക്കോ. പ്പപ്പോയ്ക്കോ....' എന്നു കൽപ്പിച്ചു.

പലരുടെയും മുമ്പിൽവെച്ചാണ് നാരായണനെ ആ പെരിക്കാലൻ ഹൈ വാക്കിക്കളഞ്ഞത്. നാരായണൻ കണ്ണീർ തുടച്ചുകൊണ്ടു പറഞ്ഞു.

കേളുക്കുട്ടി കീശയിൽനിന്നു കാലണയെടുത്തു നാരായണന്റെ കൈയിൽ കൊടുത്തു: "വേഗം പോയി ആ പെരിക്കാലനോടു നിന്റെ പർസ് വാങ്ങി വാ."

നാരായണൻ കാലണയും വാങ്ങി കണ്ണും മുഖവും തുടച്ച് മദീനയിലേക്കു നടന്നു.

അവൻ പോയപ്പോൾ കേളുക്കുട്ടി വാസുവിനോടു പറഞ്ഞു: "ആ പെരിക്കാലനോടു പകരം വീട്ടണം.'

"എന്നാൽ അത് ഇന്നുതന്നെ ആയ്ക്കോട്ടെ." വാസു പറയുന്നതു കേട്ടു: "സപ്പറും കഴിഞ്ഞു നമ്മുടെ സെറ്റിനെ മദീനയിലേക്കു തെളിക്കാം."

"സെറ്റിലെ മെമ്പർമാർ മുഴുവനും ഇല്ലല്ലോ!" വാസു എന്തോ പ്ലാൻ ഓർത്തുകൊണ്ടു പറഞ്ഞു: "ആശാരി മാധവൻ നാട്ടിൽ പോയിരിക്കയാണ്. വെള്ളക്കുറ പനിപിടിച്ചുകിടക്കുകയാണ്—ചുരുങ്ങിയത് ആറാളെങ്കിലും വേണം."

"എന്നാൽ നമ്മക്ക് ശ്രീധരനെ കൂട്ടാം."—കേളുക്കുട്ടി അഭിപ്രായപ്പെട്ടു.

തോർത്തുമുണ്ടുടുത്തു തിണ്ണയിലിരിക്കുന്ന ശ്രീധരനെ പുച്ഛരസത്തോടെ ഒന്നു നോക്കിക്കൊണ്ടു വാസു പറഞ്ഞു: "വേണ്ട, അവൻ വെറും മൈനറാണ്."
(തിരുമാലസംഭവത്തിനുശേഷം വാസു ശ്രീധരനോടു സംസാരിക്കാറില്ല.)

"അവൻ പത്താംക്ളാസ്സ് പാസ്സായ വീരനാണ്." കേളുക്കുട്ടി ശ്രീധരനെ പിന്താങ്ങിക്കൊണ്ടു പറഞ്ഞു.

"അതു സ്കൂളിലെ കാര്യം—നമ്മുടെ സെറ്റിലേക്ക് അവൻ പറ്റുകയില്ല. അവൻ മൈനറാണ്— " വാസു നിഷേധഭാവത്തിൽ തലയാട്ടി.

"മൈനറും മേജറും എന്ന് ഒന്നും നോക്കാനില്ല. നമുക്ക് ആളു വേണം."

കേളുക്കുട്ടി കാര്യമായി പറഞ്ഞു.

വെടിവാസു കുറച്ചുനേരം ചിന്താമഗ്നനായിരുന്നു. പിന്നെ ഒരു ചോദ്യം: "ശ്രീധരനു പാതിരാഷ്ക്ക് വീടുവിട്ടിറങ്ങാൻ പറ്റുമോ?"

ശ്രീധരൻ ആവേശത്തോടെ പറഞ്ഞു: "ഞാൻ വരാം."

"നിനക്കെങ്ങനെ വരാൻ കഴിയും?" വാസു കൈയുയർത്തിക്കുലുക്കിക്കൊണ്ടു ചോദിച്ചു: "നീ മോളിലല്ലേ കിടന്നുറങ്ങുന്നത്? പാതിരാഷ്ക്കു കോണിയിറങ്ങി പടിഞ്ഞാറ്റിവാതിലും തുറന്നു പുറത്തുചാടാൻ പറ്റുമോ, അച്ഛനും അമ്മയും അറിയാതെ?"

"അവരറിയാതെ ഞാൻ പുറത്തുചാടും -കോണിയിറങ്ങി വാതിൽ തുറക്കാതെതന്നെ." ശ്രീധരൻ ഉറപ്പിച്ചു പറഞ്ഞു.

വാസുവിനു വിശ്വാസംവന്നില്ല.

ശ്രീധരൻ ആ സൂത്രം വിവരിച്ചുകൊടുത്തു. മോളിലെ വരാന്തയിൽനിന്നു ചുമരിലെ മൂലക്കല്ലുകൾ ചവിട്ടിയിറങ്ങി പുറത്തുചാടാം.

ശ്രീധരൻ പ്രകടിപ്പിച്ച ആവേശവും അവന്റെ സാഹസികമനോഭാവവും ഉസ്താദ് വാസുവിനെ ഒന്ന് ഇരുത്തിച്ചിന്തിപ്പിച്ചു. പയ്യൻ മോശമല്ലല്ലോ!

"നീ അങ്ങനെ മുമ്പെപ്പോഴെങ്കിലും മോളിൽനിന്ന് ഇറങ്ങി നോക്കീട്ടുണ്ടോ? കേളുക്കുട്ടിയുടെ ചോദ്യം.

"പകൽ പലപ്പോഴും പരീക്ഷിച്ചുനോക്കിയിട്ടുണ്ട്." ശ്രീധരൻ പറഞ്ഞു

"രാത്രി ഇരുട്ടത്ത് ഇറങ്ങാൻ കഴിയോ? വാസു.

"ഒരിക്കൽ അതും പരീക്ഷിച്ചുനോക്കിയിട്ടുണ്ട്."

(കാര്യം നേടാൻ ശ്രീധരൻ ഒരു കളവു പറഞ്ഞു.)

“എന്നാൽ നീ വന്നോ. രാത്രി പന്ത്രണ്ടടിക്കുമ്പോൾ തടിച്ചി കുങ്കിച്ചിയമ്മയുടെ വീട്ടിൽ എത്തിക്കൊള്ളണം. തലയിൽക്കെട്ടാൻ ഒരു തോർത്തു മുണ്ടും കൈയിലെടുത്തോ.”

ഉസ്താദ് വാസു മൈനറോട്ടു ക്ലപിച്ചു.

ശ്രീധരൻ കന്നിപ്പറമ്പിൽ മടങ്ങിയെത്തിയപ്പോൾ സന്ധ്യമയങ്ങിയിരുന്നു. മുണ്ടും കുപ്പായവും അവിടവിടെ നനഞ്ഞിരുന്നുവെങ്കിലും, മാപ്പിളച്ചി മുറുക്കിത്തുപ്പിയതിന്റെ പാടുകളെല്ലാം ഉണ്ണൂലിക്കുട്ടിയമ്മയുടെ സോപ്പിട്ടു തിരുമ്മൽകൊണ്ടു മിക്കവാറും മാഞ്ഞുപോയിരുന്നു.

യുദ്ധവീരന്മാരുടെ ഒരു രാത്രിഞ്ചര സംഘം അതിരാണിപ്പാടത്തും പരിസര പ്രദേശങ്ങളിലും നടത്തിവന്നിരുന്ന ചില വീരസാഹസിക വിനോദവിക്രിയകളുടെ കഥകൾ ശ്രീധരൻ കേട്ടിട്ടുണ്ടായിരുന്നു. അക്കൂട്ടരുമായി അടുക്കുവാൻ ആശയുണ്ടായിരുന്നുവെങ്കിലും അതിനൊരവസരം കിട്ടിയിരുന്നില്ല.

അതിരാണിപ്പാടത്തുനിന്ന് അരമൈൽ ദൂരെ പാർക്കുന്ന തടിച്ചി കുങ്കിച്ചിയമ്മയ്ക്ക് രണ്ടു ആൺമക്കളുണ്ട്. ലക്ഷ്മണനും ഭരതനും. ആ സഹോദരന്മാർ പട്ടണത്തിൽ ഒരു മോട്ടോർ വർക്ക്ഷാപ്പ് നടത്തിവരികയാണ്. ഇവരിൽ അനുജൻ ഭരതൻ ഒരു കൊച്ചുപോക്കിരിയും രസികനുമാണ്. ജ്യേഷ്ഠൻ ലക്ഷ്മണൻ രാത്രി വീട്ടിൽ ചുരുക്കമായേ വരാറുള്ളൂ. വർക്ക്ഷാപ്പിന്റെ മൂലയിലെ മുറിയിലിരുന്നു പണംവെച്ചു ശീട്ടുകളി. അതാണ് മൂപ്പരുടെ നിശാ പരിപാടി.

‘സപ്പർസർക്കീറ്റ്സെറ്റ്’ എന്നൊരു ഗൂഢസംഘത്തിന്റെ സൂത്രധാരനായിരുന്നു ഭരതൻ. ആഴ്ചയിൽ രണ്ടുതവണ സംഘാംഗങ്ങൾ തടിച്ചി കുങ്കിച്ചിയമ്മയുടെ വീട്ടിൽ ഒത്തുചേരും. വരിപ്പണമെടുത്ത് ഒരു സപ്പർ (അത്താഴവിരുന്ന്) ഏർപ്പെടുത്തും. സപ്പറിനുശേഷം പ്രച്ഛന്നവേഷത്തിൽ പട്ടണമൂലകളിൽ ചുറ്റിക്കറങ്ങി പല നേരമ്പോക്കുകളും കാണിക്കും. ഇതെല്ലാമായിരുന്നു സെറ്റിന്റെ പരിപാടികൾ. അടിപിടി, പിടിച്ചുപറി, കൊള്ള, കവർച്ച തുടങ്ങിയ ആക്രമണപ്രവണതകളൊന്നും സംഘത്തെ തീണ്ടിയിരുന്നില്ല. (മോഷണം തീരെ ഇല്ലെന്നു പറഞ്ഞുകൂടാ. കോരപ്പൻ കൺട്രാക്ടരുടെ വളപ്പിൽ ധാരാളം വാഴക്കുലകളുണ്ടായിരുന്നു. ചിലപ്പോൾ അവയിൽനിന്ന് ഓരോ കുല തട്ടും —സപ്പറിനു കൊഴുപ്പുകൂട്ടാൻ.) സപ്പർ കഴിഞ്ഞാലുള്ള സർക്കീറ്റിൽ തോന്നിയപോലെ പല പ്രായോഗികവിനോദങ്ങളും സംഘടിപ്പിക്കും— തെരുവിലെ മുനിസിപ്പിൽ മണ്ണെണ്ണവിളക്കുകൾ തിരിനീട്ടി പ്രകാശിപ്പിക്കുക, നിരത്തു പണിക്കു കൂട്ടിയിട്ട ഉരുളൻകല്ലുകൾ സ്ഥലംമാറ്റി പ്രതിഷ്ഠിക്കുക. ആരുടെയെങ്കിലും പേരിൽ വൈരം തോന്നിയാൽ അയാളുടെ പുരയ്ക്കു പിറകിൽ ഒളിച്ചുനിന്ന് ചെകുത്താൻ കൂക്കിമുഴക്കി വീട്ടുകാരെ പേടിപ്പിക്കുക— അല്ലെങ്കിൽ കടപ്പുറത്തു ചെന്നുനിന്ന് ശത്രുവിനെ ഉറക്കെ തെറിപറഞ്ഞു. ശകാരിക്കുക—ഒന്നും ചെയ്യാനില്ലെങ്കിൽ കടപ്പുറത്തിരുന്നു ഗൗരവത്തോടെ തിരയെണ്ണുക-അമ്മട്ടിലായിരുന്നു സെറ്റിന്റെ വിനോദപരിപാടികൾ, തടിച്ചി കുങ്കിച്ചിയമ്മയും ഒരു തമാശക്കാരിയായിരുന്നു. സെറ്റിനു പല പുതിയ വിനോദ പരിപാടികളും അവർ ആസൂത്രണംചെയ്തുകൊടുക്കും. പാചകകലയിൽ വിദഗ്ദ്ധയായിരുന്നു ആ വടക്കത്തിയമ്മ. സപ്പറിന് നെയ്ച്ചോറ്, ബിരിയാണി, ഉള്ളിച്ചോറ് തുടങ്ങിയ വിഭവങ്ങൾ വളരെ രുചിയോടെ വെച്ചൊരുക്കിക്കൊടുക്കും.

വെടിവാസു, ആശാരി നീലാണ്ടന്റെ അളിയൻ മാധവൻ, കുമാരന്റെ ചായപ്പീടികയിലെ കുഞ്ഞിരാമൻ ('വെള്ളക്കുറ'), ധോബിമുത്തു ('കരിമ്പൂച്ച'), പെരുത്തേരി കേളുക്കുട്ടി ('ചക്കരച്ചോറ്'), കുടക്കാൽ നിർമ്മാണക്കമ്പനിയിലെ ബാലൻ ('കുടക്കാൽ') ഇവരെല്ലാമായിരുന്ന ഉസ്താദ് ഭരതനു പുറമേ, സെറ്റിലെ സ്ഥിരം മെമ്പർമാർ.

ഒരിക്കൽ ചാപ്പുണ്ണി അധികാരിയെ അവർ കശക്കിക്കളഞ്ഞു. അറുപിശുക്കനായ അധികാരി, ദേശക്കാരെ പലപ്രകാരത്തിലും ചൂഷണം ചെയ്തു കൊണ്ടിരുന്നു. ഈ ദേശദ്രോഹിയെ ഒരു പാഠം പഠിപ്പിക്കണമെന്ന് സപ്പർസർക്കീറ്റ് സെറ്റ് ഐകകണ്ഠ്യേന തീരുമാനിച്ച്, വേണ്ട ഒരുക്കങ്ങൾ ചെയ്തു. സപ്പർ കഴിഞ്ഞപ്പോൾ സംഘം, അധികാരിയുടെ പുതിയ ഭവനത്തിന്റെ നടയ്ക്കുനേരെ ഒരു ബലി നടത്തി. നാക്കിലയിൽ കുരുത്തോലക്കോലവും നറുക്കും തിരിയും വെച്ച്, പന്തവും കത്തിച്ച് സപ്പറിനു കൊന്ന കോഴിയുടെ തലയും ചോരയും കരുതിക്കൊണ്ടുവന്നതും അവിടെ നിക്ഷേപിച്ചു നിശ്ശബ്ദം മടങ്ങി.

പിറ്റേന്നു രാവിലെ അധികാരി ഉണർന്നു കോലായിൽ വന്നപ്പോൾ കണികണ്ട കാഴ്ച! ആരോ കഴിച്ച ആഭിചാരബലിയുടെ അവശിഷ്ടങ്ങൾ!

ശത്രുക്കളെ കണ്ടുപിടിക്കാൻ അധികാരി എട്ടു ജ്യോതിഷക്കാരെ വരുത്തി ഒരു കൂട്ടപ്രശ്നം വെപ്പിച്ചു. ഉഗ്രമന്ത്രവാദികളെ കൊണ്ടുവന്ന് ദോഷപരിഹാരത്തിനു മൂന്നുദിവസത്തെ ഹോമം നടത്തി.

അങ്ങനെ അധികാരിക്കു നൂററുറുപ്പികയിലേറെ ചെലവായി.

ഉസ്താദ് ഭരതൻ കഴിഞ്ഞമാസം ഒരു പുതിയ വർക്ക്ഷാപ്പിലെ ഫോർമേനായി ഊട്ടിയിലേക്കു പോയി. ഇപ്പോൾ സപ്പർസർക്കീറ്റ് സെറ്റിന്റെ നേതൃത്വം ഏറ്റെടുത്തിരിക്കുന്നതു വെടിവാസുവാണ്. സംഘത്തിന്റെ താവളവും, സപ്പറും പഴയപോലെ തടിച്ചി കുങ്കിച്ചിയമ്മയുടെ വീട്ടിൽത്തന്നെ തുടർന്നു വരികയാണ്.

അന്ന് അത്താഴവും കഴിഞ്ഞു. ശ്രീധരൻ മാളികയിലെ തന്റെ മുറിയിൽ, പോലീസ് സ്റ്റേഷനിൽനിന്നു മണിമുട്ടുന്നതും ശ്രദ്ധിച്ചുകൊണ്ട് അക്ഷമനായി കിടന്നു. 10.....11.....മണി പതിനൊന്നുമുട്ടി. ശ്രീധരൻ പായിൽ എണീറ്റിരുന്ന്, മനസ്സിൽ നിമിഷങ്ങളെണ്ണി. പിന്നേയും കുറേസമയം കഴിച്ചു. മണി പതിനൊന്നേമുക്കാലായിക്കാണും എന്നു തോന്നിയപ്പോൾ എഴുന്നേറ്റ് അരികെ കരുതിവെച്ചിരുന്ന തോർത്തുമുണ്ടെടുത്തു തലയിൽക്കെട്ടി വരാന്തയിൽ വന്നു നിന്നു.

വീട്ടിന്റെ ഒരുഭാഗത്ത് പുതിയൊരു മുറി ചേർത്തു പണിയാനുദ്ദേശിച്ചു കൊണ്ട്, ചുമരിന്റെ മൂലയിൽ അറപ്പുകല്ലുകൾ ഘടിപ്പിച്ചുവെച്ചിട്ടുണ്ടായിരുന്നു. മാളികവരാന്തയുടെ അരഭിത്തിമേൽ കയറിനിന്ന്, മൂലയിൽ തള്ളി നിൽക്കുന്ന കല്ലുകളെ ചവിട്ടുപടികളാക്കി, ചുമരിൽ പററിപ്പിടിച്ചുകൊണ്ടു താഴെയിറങ്ങാൻ കഴിയും—രണ്ടുമൂന്നുപ്രാവശ്യം പരീക്ഷിച്ചു നോക്കിയതാണ്. വെറും വിനോദത്തിനുവേണ്ടി.

ആദ്യത്തെ മൂലക്കല്ലിൽ കാൽവെച്ചപ്പോൾ ശ്രീധരന്റെ കരൾ അകാരണമായി മിടിച്ചു. അർദ്ധരാത്രി വീട്ടിൽനിന്നു രഹസ്യമായി പുറത്തു ചാടാനുള്ള ആദ്യത്തെ ശ്രമമാണ്. മനസ്സിൽ ഒരു കുറ്റബോധം അങ്കുരിച്ചു. അച്ഛനെങ്ങാനും ഇതറിഞ്ഞാൽ! പക്ഷേ, താൻ പങ്കുകൊള്ളാൻ പോകുന്ന സാഹസികവിനോദപരിപാടികളുടെ ആവേശത്തിൽ ആദ്യമുണ്ടായ അപരാധ ബോധം അലസിപ്പോയതറിഞ്ഞില്ല.

ശ്രീധരൻ തടിച്ചി കുങ്കിച്ചിയമ്മയുടെ വീട്ടിന്റെ പടികയറുമ്പോൾ മണി പന്ത്രണ്ടു മുട്ടുന്നുണ്ടായിരുന്നു.

ഉസ്താദ് വാസുവും കേളുക്കുട്ടിയും ധോബി മുത്തുവും അവിടെ ഹാജരുണ്ട്. മൈനർ എത്തിയപ്പോൾ എണ്ണം നാലായി. മദീനയിലേക്കുള്ള ശിക്കാറിന്, ചുരുങ്ങിയത് ആറുപേർ ഉണ്ടായിരിക്കണമെന്ന് ഉസ്താദ് വാസു ശഠിച്ചു പറഞ്ഞു. അപ്പോൾ ധോബി മുത്തു പോയി, അവന്റെ വീട്ടിൽ വിരുന്നുവന്ന കണ്ണയ്യനെ കൂട്ടിക്കൊണ്ടുവന്നു.

കുങ്കിച്ചിയമ്മ നല്ല നെയ്ച്ചോറ് ഒരുക്കിവെച്ചിരുന്നു. ആട്ടുമാംസംകൊണ്ടൊരു സ്റ്റ്യൂവും.

സപ്പറും കഴിഞ്ഞ് എല്ലാവരും തയ്യാറായി. എണ്ണം ആറു തികയ്ക്കാൻ ഉസ്താദ് കുങ്കിച്ചിയമ്മയുടെ വേലക്കാരൻ കുഞ്ഞിക്കണ്ണനെയും തലക്കെട്ടു കെട്ടി പുറപ്പെടുവിച്ചു.

"ഛലോ മദീനാ—-" ഉസ്താദിന്റെ ക്ലപന.

പട്ടണത്തിൽ റെയിൽവേസ്റ്റേഷനു സമീപം, ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും തുറന്നുവയ്ക്കുന്ന ഒരു മുസ്ലീംഹോട്ടലാണ് മദീന. റെയിൽവേ ഗുഡ്സ് ഷെഡ്ഡിൽ വേലചെയ്യുന്ന കൈവണ്ടിക്കാരും സേട്ടുവിന്റെ കുടക്കമ്പനിയിലെ രാത്രിജോലിക്കാരും പുലർച്ചവണ്ടിക്കു പോകുന്ന യാത്രക്കാരും ബീറ്റ് പോലീസുകാരും മറ്റുമാണ് അവിടെ രാത്രി ചായകുടിക്കാൻ വരുന്ന കക്ഷികൾ. ഹോട്ടൽ മുതലാളി പെരിക്കാലൻ അവറാൻ കോയ, കൗണ്ടറിനു മുകളിൽ പൊക്കമുള്ളൊരു കസേരയിൽ ഇരുന്നുകൊണ്ടുതന്നെ രാത്രിയിലെ ഉറക്കം പല ഗഡുക്കളായി മേശപ്പുറത്തു തൂക്കിത്തൂക്കി ചൊരിഞ്ഞുതീർക്കും.

പെരിക്കാലൻ മുതലാളിയോടുള്ള പക തീർക്കാൻ ഉസ്താദ് വാസു കണ്ടുവെച്ച പരിപാടി എന്താണെന്നു കൂട്ടുകാർക്കാർക്കും മനസ്സിലായില്ല. അതു മുൻകൂട്ടി പറഞ്ഞുകൊടുക്കുന്ന പുള്ളിയല്ല, വാസു.

ഉസ്താദിന്റെ നേതൃത്വത്തിൽ മദീനയിൽ കടന്ന് ആറുപേരും ഒരു സ്പെഷ്യൽ റൂമിൽത്തന്നെ സ്ഥലംപിടിച്ചു. അടുക്കളമൂലയിൽ ഉറക്കംതൂങ്ങിക്കൊണ്ടിരിക്കുന്ന പയ്യൻ എണീറ്റുവന്ന് വേണ്ടതെന്താണെന്ന് അന്വേഷിച്ചു.

"ആറ് ആപ്പ് ചായയും ആറ് തലയണയൊറയും."

ഉസ്ദാത് ഓർഡർ കൊടുത്തു.

(പഴം അരിമാവും സുഗന്ധദ്രവ്യങ്ങളും കൂട്ടിച്ചേർത്തു വെളിച്ചെണ്ണയിൽ വറുത്തെടുത്ത ഒരു മധുരപലഹാരമാണ് 'തലയണയൊറ'—വില അരയണ.)

പയ്യൻ ആദ്യം, ആറു സോസർപിഞ്ഞാണത്തിൽ ഓരോ തലയണയൊറയും പിന്നെ ഗ്ലാസ്സിൽ ചായയും കൊണ്ടുവന്നു മേശപ്പുറത്തു വെച്ചു.

തലയണയൊറയും തിന്നു ചൂടുചായയും മോന്തി എഴുന്നേൽക്കാൻ ഭാവിച്ച കൂട്ടുകാരെ തടഞ്ഞുകൊണ്ട് ഉസ്താദ് തന്റെ തലക്കെട്ടഴിച്ച്, ഒഴിഞ്ഞ സോസറെടുത്തു തലയിൽ കമഴ്ത്തിവെച്ച് തോർത്തുമുണ്ടുകൊണ്ട് മീതെ ഭദ്രമായൊരു കെട്ടും കെട്ടി കൂട്ടുകാരോടും അപ്രകാരം ചെയ്തുകൊള്ളാൻ ആംഗ്യംകാട്ടി.

അനുസരണത്തോടെ അംഗങ്ങൾ ഓരോരുത്തരും ഒഴിഞ്ഞ അടിപ്പിഞ്ഞാണമെടുത്തു മണ്ടയിൽ കമിഴ്ത്തിവെച്ച് തോർത്തുമുണ്ടുകൊണ്ട് ഒരു കെട്ടും പാസ്സാക്കി.

ഉടനെ പുറത്തുചാടണം.

ശ്രീധരന് ആകപ്പാടെ ഒരു പരുങ്ങൽ. ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു മോഷണം നടത്തുന്നത്—മൂർദ്ധാവിൽ ഒളിപ്പിച്ച കൊച്ചുപിഞ്ഞാണത്തിന് ക്കുറ്റൻ ഇരുമ്പുകട്ടകത്തിന്റെ കനമുള്ളതായിത്തോന്നി. തലക്കെട്ട് തനിയേ അഴിഞ്ഞുപോകുന്നുണ്ടോ എന്നൊരു ശങ്കയും. എണീക്കാൻ നോക്കിയപ്പോഴാണ് ഏറ്റവും വിഷമം അനുഭവപ്പെട്ടത്. കാലുകൾക്കു മുട്ടിനു താഴെ ഒരു തരിപ്പ് ഊരയ്ക്ക് ഒരു വിറയും. തലച്ചുമടിന്റെ കനം കൂടിക്കൂടി വരുന്നു....

ഉസ്താദും സഖാക്കളും പെരിക്കാലന്റെ മേശയ്ക്കരികെ എത്തിക്കഴിഞ്ഞു. ബില്ലിന്റെ പൈസ 'ആറാൾനാലരയണാ' എന്നു വിളിച്ചുപറഞ്ഞ് പയ്യൻ വീണ്ടും മൂലയിൽ ചടഞ്ഞുതുങ്ങി ഇരിപ്പായി.

കാലുകൾ ചളിക്കുണ്ടിൽനിന്നെന്നപോലെ പ്രയാസപ്പെട്ടു വലിച്ചു പൊക്കി. തലയിൽ ഒളിപ്പിച്ചുവെച്ച ഒരുതുലാം ചുമടുമായി ശ്രീധരൻ കൗണ്ടറിനടുക്കലെത്തിയപ്പോഴേക്കും ഉസ്താദും കൂട്ടരും പൈസയും കൊടുത്തു റോഡിലിറങ്ങി നടന്നുകഴിഞ്ഞിരുന്നു.

കൗണ്ടറിനു പിറകിലിരിക്കുന്ന പെരിക്കാലൻ പഹയനെ ഒന്നു നോക്കിയപ്പോൾ ശ്രീധരന്റെ കരളൊന്നു പിടഞ്ഞു; തലയിലെ അടിപ്പിഞ്ഞാണത്തിന്റെ കിരീടക്കെട്ടൊന്നുലഞ്ഞു. ഒരു പുതിയ മോഷ്ടാവിന്റെ പരിഭ്രമത്തോടും പതർച്ചയോടുംകൂടി നിരങ്ങി ഹോട്ടലിന്റെ മുമ്പിലെ മൂന്നു കൽപടവുകൾ ചവിട്ടിയിറങ്ങി.....പിന്നെ പ്ഥും!—തുടർന്ന് ച്ല്ലും എന്നൊരു മധുര ശബ്ദവും.

അപ്പോൾ റോഡിൽനിന്നു തുടരെത്തുടരെയായി ച്ഛലും ച്ഛലീം ച്ഛ്ലൂംംനാദങ്ങൾ—ഒരു കൂറ്റൻ ജലതരംഗവാദ്യോപകരണത്തിൽ നിന്നെന്നപോലെ, ആ നിശീഥനിശ്ശബ്ദതയെ കോൾമയിർകൊള്ളിച്ചു.

സംഭവത്തിന്റെ സ്വഭാവം ഇപ്രകാരമായിരുന്നു.

ശ്രീധരൻ പെരിക്കാലനെയും കടന്ന് മദീനയുടെ മൂന്നു പടവുകളിറങ്ങി. പിന്നെ കാലു ചെന്നു പതിച്ചത് ഓവിന്റെ മീതെയായി റോഡിലേക്കു നീട്ടിയിട്ട ചവിട്ടുപലകയുടെ വക്കിലായിപ്പോയി. പലക ചരിഞ്ഞു കാലു നിരങ്ങി ഓവിലേക്കു ചാടുകയും ചെയ്തു. അതോടെ ഉടലും തലയും ഊക്കോടെ കുലുങ്ങി. തലക്കെട്ടു തകിടംമറിഞ്ഞ്, ഉള്ളടക്കം—അടിപ്പിഞ്ഞാണം—റോഡിൽവീണ് 'ച്ഛലും' എന്ന വാദ്യസംഗീതനാദത്തോടെ ഉടഞ്ഞുതകരുകയുംചെയ്തു.

പിറകെ വരുന്ന മൈനർക്ക് പറ്റിയ അപകടത്തിന്റെ അലാറം കേട്ടപ്പോൾ ഉസ്താദും സഖാക്കളും നെട്ടോട്ടം കുതിച്ചു. ഓട്ടത്തിൽ അവരുടെ തലയിലെ പിഞ്ഞാണങ്ങളും വഴിക്കുവഴി വീണുടഞ്ഞുകൊണ്ടിരുന്നു..... കടപ്പുറത്തെ പൂഴിമണ്ണിൽ കാലുകുത്തിയപ്പോഴാണ് അവർ ഓട്ടത്തിനു ബ്രേക്കിട്ടത്.....

കടപ്പുറത്തു പൂഴിമണ്ണിൽ കിടന്ന് ഓട്ടത്തിന്റെ ക്ഷീണം തീർക്കുകയാണ്. ചക്കരച്ചോറും കരിമ്പൂച്ചയും കുടക്കാലും.

അപ്പോൾ ഉസ്താദ് വാസു ശ്രീധരനെ വിളിച്ച് ഒരു മൂലയിലേക്കു നീങ്ങി നിന്നു. മൈനർ അപരാധബോധത്തോടെ ഉസ്താദിന്റെ മുമ്പിൽ തലയും താഴ്ത്തി നിലകൊണ്ടു.

ഈറയും നിന്ദയും സ്ഫുരിക്കുന്ന സ്വരത്തിൽ ഉസ്താദ് ശ്രീധരന്റെ ചെകിട്ടിൽ ഗർജ്ജിച്ചു: "നീയൊരു ജാൺത്തുസാണ്."

ജാൺത്തുസ്!—മൈനർക്ക് അതിന്റെ അർത്ഥം മനസ്സിലായില്ല. അറബി

വാക്കായിരിക്കും. (പോക്കുഹാജിയുടെ പാണ്ടികശാലയിൽനിന്ന് വാസു കുറെ അറബിവാക്കുകൾ വശമാക്കിയിട്ടുണ്ട്.) എങ്കിലും അതിന്റെ ധ്വനി ഏതാണ്ട് ഊഹിച്ചെടുത്തു. ഒന്നിനും കൊള്ളാത്ത ഒരു ഹമുക്ക് എന്നോ മറ്റോ ആയിരിക്കും!

തൊട്ടടുത്ത് അറബിക്കടലും ഗർജ്ജിക്കുന്നു. ജാൺത്തുസ്!

ഉസ്താദ് ശകാരം തുടർന്നു: "അന്നു ഞാൻ തിരുമാലയെ കാണാൻ പോയപ്പോൾ എല്ലാം ഗുലുമാലാക്കി എന്നെ ഹൈവാക്കിയ സുബാറാണു നീ. ഇന്ന് ആറു പിഞ്ഞാണവും നീ നഷ്ടപ്പെടുത്തി. അരഡജൻ സോസർ കാഴ്ചകൊണ്ടുവരുമെന്നു തടിച്ചിക്കുങ്കിച്ചിയമ്മയോടു ബഡായി പറഞ്ഞു കൊണ്ടാണ് പെരിക്കാലന്റെ ചായ മക്കാനിയിലേക്കു പുറപ്പെട്ടത്—എല്ലാം പൊളിഞ്ഞു. ഇനി മദീനയുടെ മുമ്പിൽക്കൂടി നടക്കാനും വയ്യാതായി—എഡോ, നിന്നെ കൂടെ കൊണ്ടുനടക്കുന്നതുതന്നെ മുസീബത്താണ്—നീയൊരു ജാൺത്തുസാണ്....."

ശ്രീധരൻ എല്ലാം കേട്ടു സഹിച്ചു. ഒരു സ്കൂൾഫൈനൽ പാസ്സുകാരനോടാണു സംസാരിക്കുന്നതെന്നെങ്കിലും വാസു ഓർക്കേണ്ടതായിരുന്നു. തന്റെ ഉശിരുകേടുകൊണ്ടല്ലേ ഈ കുഴപ്പങ്ങളെല്ലാം ഉണ്ടായത് എന്നും ശ്രീധരൻ ചിന്തിക്കാതിരുന്നില്ല. രാത്രിഞ്ചരസെറ്റിൽനിന്നു തന്നെ പുറംതള്ളുവാനാണ് ഉസ്താദിന്റെ ഉദ്ദേശമെന്നു കണ്ടപ്പോൾ ശ്രീധരനു കരച്ചിൽവന്നു.

അപ്പോൾ കുടക്കാൽ എണീറ്റുവന്ന് ഉസ്താദിനെ സമാധാനിപ്പിച്ചു: "പോട്ടെ വാസു, മൈനർക്കു പരിചയക്കുറവുകൊണ്ട് ഒരു തെറ്റുപറ്റിപ്പോയി —ആദ്യമായിട്ടല്ലേ? സബൂറാക്ക്—പിഞ്ഞാണങ്ങൾ നമുക്കു കിട്ടിയില്ലെങ്കിലും ആ പെരിക്കാലൻ മുതലാളിക്ക് അതൊക്കെ നഷ്ടമായില്ലേ? നമ്മൾ പകവീട്ടി—അതു മതി....."

ഉസ്താദ് ഒരു ബീഡികത്തിച്ചു വലിച്ചുകൊണ്ട് കുറച്ചുനേരം ഗൗരവമായി ചിന്തിച്ചു.

"എന്നാൽ മൈനർക്കൊരു ട്രെയിനിങ് കൊടുക്കണം." ഇരുണ്ട അറബിക്കടലിലേക്കു തുറിച്ചുനോക്കിക്കൊണ്ട് ഉസ്താദ് വിധിക്കല്പിച്ചു.

ശ്രീധരന് ആശ്വാസമായി. സപ്പർസർക്കീറ്റ് സെറ്റിൽ അംഗത്വം കിട്ടുന്നതിന് ഏത് അഗ്നിപരീക്ഷകൾക്കും വിധേയനാവാൻ തയ്യാറായിരുന്നു ശ്രീധരൻ.

സെറ്റുകാർ അതിരാണിപ്പാടത്തു മടങ്ങിയെത്തിയപ്പോൾ മണി മൂന്നു കഴിഞ്ഞിരുന്നു—

അടുത്ത സപ്പർസർക്കീറ്റ് വെള്ളിയാഴ്ചയ്ക്കാണ് നിശ്ചയിച്ചിരുന്നത്.

അന്നു രാത്രി 12 മണിക്കു മുമ്പുതന്നെ ശ്രീധരൻ തടിച്ചിക്കുങ്കിച്ചിയമ്മയുടെ വീട്ടിൽ ഹാജർ കൊടുത്തു. (ചക്കരച്ചോർ അതിലും നേർത്തേ അവിടെ വന്നു കുത്തിയിരിക്കുന്നുണ്ടായിരുന്നു.) പിന്നെ, ഉസ്താദും കുടക്കാലും ആശാരിയും വഴിക്കുവഴി വന്നുചേർന്നു. ഒടുവിൽ കരിമ്പൂച്ചയും, എന്നാൽ അന്നും വെള്ളക്കുറയെ കണ്ടില്ല.

സപ്പർ റെഡിയായിരുന്നു.

കോരപ്പൻകൺട്രാക്കുടെ നേന്ത്രക്കായ കോഴിയിറച്ചിക്കു കരുത്തു കൂട്ടിയിരുന്നു. പപ്പടംപോലെ നേർത്ത പത്തിരിയാണ് തടിച്ചിക്കുങ്കിച്ചിയമ്മ ഉണ്ടാക്കിയിരിക്കുന്നത്. മത്തിയും വെള്ളുള്ളിയും ചേർത്തു തയ്യാറാക്കിയ ഒരു സ്പെഷ്യൽ ചക്കപ്പുഴക്കും ആതിഥേയയുടെ വകയായി വിളമ്പിയിരുന്നു.

സപ്പറും കഴിഞ്ഞ് സംഘം സർക്കീറ്റിനിറങ്ങി. ആശാരിയുടെ ചുമലിൽ ഒരു കൈക്കോട്ടും ഉണ്ടായിരുന്നു. (ഈ ഉപകരണം കൂടെ കൊണ്ടുനടക്കുന്നതിൽ സംഘത്തിനു മറ്റൊരുദ്ദേശംകൂടിയുണ്ടായിരുന്നു. പെട്ടെന്ന് ബീറ്റ് പോലീസുകാരോ മറ്റോ വന്ന് സംശയം

തോന്നി 'ആരാണ്, എന്താണ്; എവിടെപ്പോകുന്നു' എന്നു ചോദിച്ചാൽ, 'കടപ്പുറത്തു ശവം കുഴിച്ചിട്ടു മടങ്ങുന്ന കൂട്ടരാണേ' എന്നും പറഞ്ഞു തടിതപ്പാനുള്ള ഒരായുധം.)

അപ്പഴപ്പോൾ തോന്നുന്ന പരിപാടികളാണ്.

മുനിസിപ്പൽ വിളക്കുകാലിനടുത്തു കോന്തിമേസ്തിരി നിരത്തു പണിക്ക്, കബറിന്റെ ആകൃതിയിൽ കൂട്ടിയിട്ട ഉരുളൻകല്ലുകൾ മുഴുവനും വാരിയെടുത്തു നേരെ എതിർവശത്ത്, കബറിന്റെ ആകൃതിയിൽത്തന്നെ കൂട്ടി ശരിപ്പെടുത്തി വെക്കാൻ ഉസ്താദ് കല്പന കൊടുത്തു. സഖാക്കളുടെ കൂടെ ഉരുളൻകല്ലുകൾ വാരിനീക്കുന്ന വേലയിൽ, മൈനർ ജാഗ്രതയോടെ വ്യാപൃതനായി.

അപ്പോൾ ഒരു വിഘ്നം: മൈനർ നിൽക്കുന്ന മൂലയിൽ കല്ലട്ടിമേൽ നായ കാഷ്ഠിച്ചുവെച്ചിരിക്കുന്നു.

ശ്രീധരൻ അറച്ചുനിലപായി.

ഒരു ബീഡിയും പുകച്ചുകൊണ്ട് ഓവർസീയറുടെ മട്ടിൽ അടുത്തു നിന്നിരുന്ന ഉസ്താദ് ശ്രീധരനെ ഒന്നു തുറിച്ചുനോക്കി. എന്നിട്ടൊരു നീണ്ട ചോദ്യം: "കല്ലടിക്കോലുമലയിലെ ഒടിയന്മാരായ പറയരുടെ മൂപ്പൻ, ഒടിവിദ്യ പഠിക്കാൻ വരുന്നവരെ ആദ്യമായി പരീക്ഷിക്കുന്നത്, എങ്ങനെയാണെന്നു കേട്ടിട്ടുണ്ടോ?"

ശ്രീധരൻ കേട്ടിട്ടില്ല.

ഉസ്താദ് പറഞ്ഞുകൊടുത്തു: "ചത്ത പയ്യിനെ ചാണകത്തിൽ കുഴിച്ചിടും. പയ്യിന്റെ ശവം ചീഞ്ഞു പുഴുക്കും. ആ പുഴുക്കളെ വാരിയെടുത്തു കഞ്ഞിയുണ്ടാക്കി പഴങ്കലത്തിൽ പകർന്നു പുതിയ ശിഷ്യനോടു കുടിക്കാൻ പറയും. പുതിയ ശിഷ്യൻ ചിറിയോ മൂക്കോ ചുളിച്ച് അല്പമെങ്കിലും അറപ്പു കാട്ടിയാൽ, മൂപ്പൻ അവന്റെ കൈപിടിച്ചു പറയും; ഒടിവിദ്യ നിനക്കുള്ളതല്ലാ —വന്നവഴിക്കുതന്നെ വേഗം പൊയ്ക്കോ."

ഉസ്താദ് പറഞ്ഞതിന്റെ പൊരുൾ മൈനർക്കു മനസ്സിലായി: ഒന്നിനോടും അറപ്പുകാട്ടരുത്.

ചാണകപ്പുഴുക്കഞ്ഞിയുടെ കഥ കേട്ടപ്പോൾ ശ്രീധരനു നായ്ക്കാട്ടത്തോടുള്ള അറപ്പ് അലസിപ്പോയി—

കല്ലട്ടിയുടെ പുനഃപ്രതിഷ്ഠാകർമ്മം വിജയകരമായി നിർവ്വഹിച്ചു കഴിഞ്ഞപ്പോൾ, ഉസ്താദ് കൈക്കോട്ടു ചൂണ്ടിക്കാട്ടി മൈനറോടു കല്പിച്ചു: ഇവിടെ മുട്ടോളം ആഴത്തിൽ ഒരു കുഴികുഴിക്ക്."

കാൽമണിക്കൂറിന്നകം ശ്രീധരൻ മുട്ടോളം ആഴത്തിൽ ഒരു കുഴി കുത്തിക്കൊടുത്തു.

ഉസ്താദ് കുഴിയിൽ കാലു താഴ്ത്തി അളന്നുനോക്കി— ആഴം കൃത്യം "ഇനി കുഴി മണ്ണിട്ടു തൂർത്തു നന്നാക്ക്—ശ്രീധരൻ ആ വേലയും വിദഗ്ദ്ധമായി നിർവ്വഹിച്ചു. കണ്ടാൽ ഇവിടെ ഒരു കുഴിയുണ്ടായിരുന്നുവെന്നു തോന്നരുത്."

"ഇനി ഈ വിളക്കുകാലിന്മേൽ കേറ്. ഉസ്താദിന്റെ പിന്നത്തെ കല്പന.

വിളക്കുതൂണിന്മേൽ പിടിച്ചുകേറാൻ ശ്രീധരനു വളരെ ക്ലേശിക്കേണ്ടി വന്നു. കാലുകൾ വിറയ്ക്കുന്നു. തൂണിൽ പിടുത്തം കിട്ടുന്നില്ല. തുടകൾ ഉരഞ്ഞു ചോര പൊടിഞ്ഞു വല്ലാതെ നീറുന്നു. ഒന്നുരണ്ടുപ്രാവശ്യം കീഴ്പോട്ടു നിരങ്ങിപ്പോയി—ഒടുവിൽ ഉടുമ്പിനെ ധ്യാനിച്ചുകൊണ്ട് എങ്ങനെയോ പറ്റിപ്പിടിച്ചു കേറി വിളക്കുകാലിന്റെ അറ്റം തൊട്ടു.

"വിളക്കിന്റെ തിരി നീട്ട്." താഴെനിന്ന് ഉസ്താദ് വിളിച്ചു പറഞ്ഞു.

ശ്രീധരൻ മുനിസിപ്പൽ മണ്ണെണ്ണവിളക്കിന്റെ തിരി കഴിയുന്നത്ര നീട്ടി ജ്വലിപ്പിച്ചു വിജയമാഘോഷിച്ചു.

"ഇനി കുത്തന്നെ ഇറങ്ങ്." ഉസ്താദ് ആംഗ്യം കാട്ടി.

ഉസ്താദിന്റെ ഈ വേലകളെല്ലാം പണ്ടത്തെ തിരുമാലസംഭവത്തിന്റെ പേരിലുള്ള പകവീട്ടലല്ലേ എന്ന് ശ്രീധരൻ സംശയിക്കാതിരുന്നില്ല. എന്നാലും അതിന്റെ ഫലമായി പുതുതായി പലതും പരിശീലിക്കാൻ കഴിഞ്ഞല്ലോ എന്നു കരുതി ശ്രീധരൻ സ്വയം സമാധാനപ്പെട്ടു.

ചക്കരച്ചോറും കരിമ്പൂച്ചയും കുടക്കാലും വെറുതെ നിൽക്കുകയായിരുന്നു.

"മരക്കൊത്തന്നെ ഒന്നു കൂക്കിപ്പേടിപ്പിച്ചാലോ?" ആശാരിയുടെ ആശയമാണ്.

ഉസ്താദ് സമ്മതം മൂളി.

(ആശാരിയുടെ ചെകുത്താൻകൂക്കി ഒന്നു കേൾക്കേണ്ടതാണ്. അതു കേട്ടാൽ സാക്ഷാൽ ചെകുത്താൻപോലും പേടിച്ചുമണ്ടും.)

ആശാരിയോടൊപ്പം കരിമ്പൂച്ചയും പോയി.

തൊടിയുടെ മൂലയിൽനിന്നു നട്ടപ്പാതിരയ്ക്കു ചെകുത്താൻകൂക്കി കേട്ട് കോലായിൽ കിടക്കുന്ന മരക്കൊത്തൻ പേടിച്ചുവിറയ്ക്കുന്ന രംഗമോർത്ത് ശ്രീധരൻ തനിയെ ചിരിച്ചുപോയി.

"എനിക്കുറക്കംവരുന്നു." ഒരു കോട്ടുവായിട്ടുകൊണ്ട് ബാലൻ പറഞ്ഞു.

"എന്നാൽ കുടക്കാൽ പോയിക്കിടന്നുറങ്ങിക്കോ." ഉസ്താദ് സമ്മതം കൊടുത്തു.

"വാ," ഉസ്താദ് മൈനറെ വിളിച്ചു: "നമുക്കു കുട്ടിച്ചാത്തന്നെക്കാണാൻ പോകാം......."

അതിരാണിപ്പാടത്തുനിന്ന് ഒന്നരമൈൽ തെക്കുഭാഗത്തായി, റെയിൽപ്പാതയ്ക്കരികെ ഒരു കുട്ടിച്ചാത്തൻകാവുണ്ടായിരുന്നു. കാവിന്റെ മുറ്റത്ത് ഒരു കൂറ്റൻ പാലമരവും. വെള്ളിയാഴ്ച പാതിരയ്ക്കു ചെന്നു നോക്കിയാൽ ചിലപ്പോൾ പാലക്കൊമ്പിൽ തലകീഴായി തൂങ്ങിക്കിടക്കുന്ന കുട്ടിച്ചാത്തന്നെ കാണാമത്രെ.

ആ കുട്ടിച്ചാത്തന്റെ അടുത്തേക്കാണ് ഉസ്താദ് ശ്രീധരനെ കൂട്ടിക്കൊണ്ടുപോകുന്നത്.

കാവിൽനിന്ന് ഒരു വിളിപ്പാട് ഇപ്പുറത്തെത്തിയപ്പോൾ ഉസ്താദ് ഒരു മരത്തിനടുക്കൽ തങ്ങിനിന്ന് ശ്രീധരനോടു പറഞ്ഞു.

"ഞാനിവിടെ നിൽക്കാം. നീ ഒറ്റയ്ക്കു കുട്ടിച്ചാത്തൻകോവിൽ പോയി, അതിന്റെ മുറ്റത്തു നിൽക്കുന്ന പാല ഒന്നു തൊട്ടു മടങ്ങിവാ-"

ശ്രീധരൻ ധൈര്യം നടിച്ചു നീങ്ങാൻ ഭാവിച്ചപ്പോൾ, ഉസ്താദ് മടിയിൽ നിന്ന് ഒരിരുമ്പാണിയെടുത്തു നീട്ടി.

ഇനി ഒരു പുതിയ തീപ്പെട്ടിയും തന്ന് ആ മരത്തിൽ ആണിക്കുഴിയുണ്ടാക്കി വെടിപൊട്ടിച്ചു കേൾപ്പിക്കണമെന്ന് ഉസ്താദ് കല്പിക്കും—ശ്രീധരൻ മനസ്സിൽ കരുതി—പക്ഷേ, ഉസ്താദിന് അപ്പോൾ അങ്ങനെയൊരു ഉദ്ദേശമുണ്ടായിരുന്നില്ല. കുട്ടിച്ചാത്തൻപാല കൈകൊണ്ടു തൊട്ടുവെന്നു സ്ഥാപിക്കാൻ അതിൽ ആണി തറച്ചിടണമെന്നു മാത്രമേ പിന്നെ ഉസ്താദ് പറഞ്ഞുള്ളൂ.

ശ്രീധരൻ കുട്ടിച്ചാത്തൻകാവിനുനേർക്കു നടന്നു. ഇരുണ്ട പാതിര. അകമ്പടിയായി

ആകാശത്തിലെ അരണ്ട വെളിച്ചം മാത്രം. ചുറ്റുപാടും ഏകാന്ത നിശ്ശബ്ദത—തലകീഴായി തൂങ്ങിക്കിടക്കുന്ന കരിങ്കുട്ടിച്ചാത്തന്റെ നേർക്കാണു നീങ്ങുന്നത്. ചങ്കിടിക്കുന്നു. ചൂടുനീരാവിയിൽപ്പെട്ടപോലെ തോന്നുന്നു—ദേഹം വിയർത്തൊലിക്കുന്നു. കാലുകൾക്കൊരു തരിപ്പ്—ഉസ്താദിന്റെ പരീക്ഷണമാണ്. താൻ പേടിത്തൊണ്ടനാണെന്നു തെളിഞ്ഞാൽ സപ്പർസർക്കീറ്റ്സെറ്റിനെ പിന്നെ കിനാവു കാണേണ്ടിവരും—പാലമേൽ ആണിതറച്ചിട്ടല്ലാതെ മടങ്ങാനും നിവൃത്തിയില്ല. വരുന്നതു വരട്ടെ എന്ന ധീരവിചാരത്തോടെ മുന്നോട്ടു നീങ്ങി.......കാവിനടുത്തെത്തി.

വീർപ്പടക്കിപ്പിടിച്ചു പാലയുടെ മുകളിലേക്കൊന്നു കണ്ണയച്ചു—കരളിലൂടെ എന്തോ ഒന്ന് ഊളിയിട്ടുപോയി. പാലക്കൊമ്പിൽ ഒരു കറുത്ത സത്വം തൂങ്ങിക്കിടക്കുന്നു!—ഒന്നല്ല—രണ്ടെണ്ണം.... ക്േയര്ക്രീങ്ങ്ര്—എന്നൊരു പൈശാചികസ്വരം ശ്രീധരന്റെ കാതിൽ കിരുകിരുത്തുകേറി....

കടവാതിലിന്റെ കരച്ചിലാണെന്നു മനസ്സിലായി.

മരക്കൊമ്പിൽനിന്നു കേട്ട ആ മന്ത്രം ശ്രീധരന്റെ മനസ്സിലെ ഭയാശങ്കകളെ ഒഴിപ്പിച്ചുമാറ്റി. പുതിയൊരു കരുത്ത് ശ്രീധരനെ ആവേശംകൊള്ളിച്ചു. പാലത്തടിയിൽ ആണിയും തറച്ച് ഒരു പാട്ടും മൂളിക്കൊണ്ട് ഉഷാറോടെ ഉസ്താദിന്റെ അടുക്കൽ മടങ്ങിയെത്തി.

"കുട്ടിച്ചാത്തൻകാവിൽ പോയോ?" ഉസ്താദിന്റെ ചോദ്യം.

"പോയി."

"കുട്ടിച്ചാത്തനെക്കണ്ടോ?"

"ഇല്ല." (കടവാതിലിന്റെ കാര്യം മിണ്ടിയില്ല.)

"പാല തൊട്ടോ?"

"തൊട്ടു."

"പാലയിൽ ആണി തറച്ചോ?"

"തറച്ചു."

"എന്നാൽ, വാ."

ഉസ്താദ് ശ്രീധരനേയുംകൂട്ടി കുട്ടിച്ചാത്തൻകാവിലേക്കു നടകൊണ്ടു.

ഉസ്താദ് പാലച്ചുവട്ടിൽ ചെന്നു നോക്കി.

ആണി അവിടെ തറച്ചു കിടപ്പുണ്ട്.

ഉസ്താദ് മരത്തിൽനിന്ന് ആണി പറിച്ചെടുത്തു കാവിലേക്കു നടന്നു.

കാവിന്റെ കോലായത്തറയിൽ ഒരു ഭണ്ഡാരപ്പെട്ടി വെച്ചിട്ടുണ്ട്. ഉസ്താദ് പെട്ടിയെടുത്ത് ഒന്നു കുലുക്കിനോക്കി.

ഉള്ളിൽ ഒന്നുമില്ല.

ഉസ്താദ് നാട്ടുകാരെ അടക്കി ശകാരിച്ചു. കുട്ടിച്ചാത്തന്റെ ഭണ്ഡാരപ്പെട്ടിയിൽ പണം പൊലിച്ചില്ലെങ്കിൽ അവരുടെ വീടുകളിൽ കുട്ടിച്ചാത്തന്റെ ഉപദ്രവം—കല്ലേറ്, കൊള്ളിവെപ്പ് തുടങ്ങിയ ദ്രോഹങ്ങൾ—ഉണ്ടായേക്കുമെന്നു താക്കീതുചെയ്തു ആരു കേൾക്കാൻ?

ഉസ്താദ് കൈയിൽ കരുതിയ ആണിയുടെ ഉപയോഗം ശ്രീധരനു മനസ്സിലായി.

കുട്ടിച്ചാത്തന്റെ ഭണ്ഡാരപ്പെട്ടി കുത്തിത്തുറക്കാൻ-—ഉസ്താദ് ഇടയ്ക്കിടെ ഇവിടെ വന്ന് ഇപ്പണി പറ്റിക്കാറുണ്ടത്രേ!

അന്നു കുട്ടിച്ചാത്തന്റെ വക കോളൊന്നും കിട്ടാതെ നിരാശയോടെ മടങ്ങേണ്ടിവന്നു. ഉസ്താദിന്. പുതിയ അനുഭവങ്ങളുളവാക്കിയ ആവേശത്തോടെ ശ്രീധരനും കന്നിപ്പറമ്പിൽ മടങ്ങിയെത്തി.

## 12. യക്ഷി

പിറ്റേന്ന രാവിലെ അമ്മയാണ് ശ്രീധരനെ വിളിച്ചുണർത്തിയത്—മണി ഒമ്പതു കഴിഞ്ഞിരുന്നു.

"എന്താണിവനിത്ര ഒറക്കം?" എന്ന് അമ്മ തനിയെ പറഞ്ഞത് ഏതോ വിദൂരതയിൽനിന്നെന്നപോലെയാണ് ശ്രീധരന്റെ കാതുകളിൽ ഇഴഞ്ഞെത്തിയത്.

ഉറക്കുണർന്നിട്ടും പാതിമയക്കത്തിൽ പായിൽത്തന്നെ കിടക്കുകയാണ്. തലേന്നാൾ രാത്രിയിലെ സംഭവങ്ങൾ സ്വപ്നപ്രായത്തിൽ തലച്ചോറിൽ ഇഴഞ്ഞു കളിക്കുന്നുണ്ടായിരുന്നു. അങ്ങനെ കിടന്നുകൊണ്ട് അലസമായി കീഴ്പോട്ടൊന്നു കണ്ണിയച്ചപ്പോൾ ഉടുമുണ്ടിന്റെ വക്ക് കാവിമുക്കിയ പോലെ കിടക്കുന്നതു കണ്ടു—ചേറും ചെമ്മണ്ണും കാൽമടമ്പുകളിലും പറ്റിക്കിടക്കുന്നുണ്ടായിരുന്നു—രാത്രിസർക്കീറ്റിന്റെ മുദ്രകൾ. അമ്മയെങ്ങാനുമൊന്നു സൂക്ഷിച്ചുനോക്കിയിരുന്നുവെങ്കിൽ!

എസ്. എസ്. എൽ. സി. പരീക്ഷ ജയിച്ചു. ഇനി കോളേജിൽ ചേർക്കാനാണ് അച്ഛന്റെ തീരുമാനമെന്നു മനസ്സിലായിട്ടുണ്ട്. അച്ഛനുവേണ്ടി അങ്ങനെയൊരു ത്യാഗത്തിനു തയ്യാറെടുക്കണം.

കോളേജ് പ്രവേശനത്തിന് ഇനിയും ദിവസങ്ങളുണ്ട്. അതിനുമുമ്പ് ഇലഞ്ഞിപ്പൊയിലിൽ ഒന്നു പോകണം. 'പത്തിൽ പാസ്സായ' വിവരം അവിടെ അറിയിക്കണം. നാട്ടുമ്പുറത്തിന്റെ നാദവും ഗന്ധവും ആസ്വദിച്ചിട്ടു മാസങ്ങൾ കഴിഞ്ഞു—ഈ യാത്രകൊണ്ട് അതും നിറവേറ്റാമല്ലോ.

ഇലഞ്ഞിപ്പൊയിലിലേക്കു പോകാൻ അമ്മ മുഖാന്തരം അച്ഛന്റെ സമ്മതം കിട്ടി. യാത്രച്ചെലവിന് ഒരുറുപ്പികയും.

ശ്രീധരൻ പുറപ്പെട്ടപ്പോൾ മണി പതിനൊന്നു കഴിഞ്ഞിരുന്നു. ഇലഞ്ഞിപ്പൊയിലിനടുത്തുകൂടി കിഴക്കോട്ട് ഒരു ബസ് ഓടിത്തുടങ്ങിയിട്ടുണ്ട്. പന്ത്രണ്ടു മണിക്കുള്ള ബസ്സിനു പോയാൽ ഉച്ചയൂണിന്റെ നേരത്ത് ഇലഞ്ഞിപ്പൊയിലിലെത്താമെന്ന് അമ്മ അഭിപ്രായപ്പെട്ടതു കേട്ട് ഒന്നു മൂളി. ഉറുപ്പിക നാണ്യവും പോക്കറ്റിലിട്ടു പടിയിറങ്ങി നടന്നു.

ബസ്യാത്ര വേണ്ടെന്ന് ആദ്യമേതന്നെ തീരുമാനിച്ചിരുന്നു. ചന്തക്കാവു ചെത്തുവഴിയിലൂടെ പോയി, പൂതപ്പറമ്പു കേറി, മേട്ടു മുറിച്ചുകടന്ന്, വേലാളൂർപ്പാടങ്ങളിലിറങ്ങി ഗ്രാമരംഗങ്ങൾ ദർശിച്ചുകൊണ്ട് ഇലഞ്ഞിപ്പൊയിലിൽ ചെന്നുചേരാനായിരുന്നു പരിപാടി.

പട്ടണപ്രാന്തങ്ങളും പിന്നിട്ട്, ചന്തക്കാവു ചെത്തുവഴിയിലെത്തി. അവിടെ കോരുനായരുടെ ചായപ്പീടികയിൽ കേറി ചായയും അരിമുറുക്കും കഴിച്ചു ക്ഷീണം തീർത്തു നടത്തം തുടർന്നു. പൂതപ്പറമ്പുമേടിലേക്കുള്ള കുണ്ടനിടവഴിയിൽ ചവിട്ടിയപ്പോൾ നേരം നട്ടുച്ചയോടടുത്തിരുന്നു.

ഉരുളൻകല്ലുകളും, മതിലിൽനിന്നു തള്ളിനിൽക്കുന്ന കുറ്റൻ കടവേരുകളും നിറഞ്ഞ

ആ ഇടവഴി കടന്നുകിട്ടാൻ നല്ല അദ്ധ്വാനം വേണം. കൈ കാലുകൾ തരംപോലെ പ്രയോഗിക്കണം. പാമ്പുകളെയും കണ്ടേക്കാം. ആ നരകക്കുണ്ടു താണ്ടി, കിതച്ചുകൊണ്ട് പൂതപ്പറമ്പിന്റെ തെക്കുപടിഞ്ഞാറെ മൂലയുടെ മുകൾപ്പരപ്പിലെത്തി; നാലുപാടും മിഴിയയച്ചുകൊണ്ടു കുറച്ചു നേരം അവിടെ തങ്ങിനിന്നു. മുന്നിൽ ഒരു മായാലോകം. സ്വർഗ്ഗത്തിലേക്കുള്ള വഴി കല്ലും മുള്ളും നിറഞ്ഞതാണെന്ന് ആരോ എവിടെയോ എഴുതിയത് ഓർത്തു. അതു പറഞ്ഞവൻ മഹാനായൊരു ചിന്തകൻതന്നെ—ദൂരെ കിഴക്ക് നീലമലകളുടെ കോലങ്ങൾ മദ്ധ്യാഹ്നത്തിന്റെ ആവരണത്തിൽ അവ്യക്തമായിക്കിടന്നിരുന്നു.

പൂതപ്പറമ്പ്—രണ്ടുമൂന്നു മൈൽ ചുറ്റളവിൽക്കിടക്കുന്ന ഒരു പീഠനിലമാണ് പൂതപ്പറമ്പ് — മൈതാനഖണ്ഡങ്ങളും, കൊച്ചു പുൽമേട്ടുകളും, പരുക്കൻമുഴകളും, അങ്ങുമിങ്ങും കുറ്റിക്കാട്ടുകളും, കരിമ്പാറക്കുത്തുകളും, കാഞ്ഞിരക്കോട്ടകളും, കരിമ്പനക്കൂട്ടങ്ങളും ഇടകലർന്ന പൂതപ്പറമ്പ്—ഉച്ച വെയിലിന്റെ ജ്വാലയിൽ ശവദാഹം നടക്കുന്നൊരു ചുടുകാടുപോലെ കാണപ്പെട്ടു.

ഉണക്കപ്പുല്ലും ചരൽക്കല്ലും കലർന്ന പരുക്കൻ വഴിത്താരയിലൂടെ ശ്രീധരൻ വടക്കോട്ടു നടന്നു—പെട്ടെന്ന് ശ്രീധരന്റെ മിഴികൾ അദ്ഭുതം കൊണ്ടു വികസിച്ചു. ഒരു കോണിൽ വർണ്ണപ്പരവതാനി വിരിച്ചിട്ടപോലെ ഒരു മോഹനദൃശ്യം—പൂക്കളങ്ങളാണ്.

അവ നാടൻപൂക്കളല്ല. വിദേശബീജങ്ങളിൽനിന്നുണ്ടായ വർണ്ണ കുസുമങ്ങളാണ്. കുറച്ചു വർഷങ്ങൾക്കുമുമ്പ് ഏതോ ഒരു വെള്ളക്കാരൻ സായിപ്പ് ഇംഗ്ലണ്ടിൽനിന്നു കൊണ്ടുവന്ന കുറെ പൂവിത്തുകൾ പൂതപ്പറമ്പിലെ കന്നി മണ്ണിൽ വിതറിയിട്ടു. അവ മുളച്ചുവളർന്നു പൂത്തു. അവിടെ ആ പട്ടുമുളയുടെ വംശം കാലക്രമേണ പെരുകിവന്നു. ആണ്ടുതോറും പുതുമഴയ്ക്കുശേഷം ആ ബീജങ്ങൾ മണ്ണിൽനിന്നു മുളച്ചുപൊങ്ങും. ചെടികൾ ഒട്ടുനാൾകൊണ്ടു കുടമണിയുടെ ആകൃതിയിലുള്ള കടുനീലപ്പൂക്കൾ കാഴ്ചവെക്കും. ആ പൂക്കളങ്ങൾ, പാറക്കുത്തുകൾ നിറഞ്ഞ പരുക്കൻ നിലങ്ങളിൽ വർണ്ണപ്പരവതാനികൾ വിരിക്കും.

ആ മായാപരവതാനികളിൽ യക്ഷികൾ മയങ്ങുന്നുണ്ടാകുമോ? ഉണ്ടാകാനിടയില്ല

കാളികൂളിപ്രേതപിശാചുക്കളും യക്ഷികളും മാത്രം കൈയടക്കിവച്ചിരുന്ന പണ്ടത്തെ ഭീകരമണ്ഡലമല്ല ഇന്നു പൂതപ്പറമ്പ്. നാലുമൈൽ ദൂരെയുള്ള കാരക്കുന്നു ബാരക്സിലെ വെള്ളപ്പട്ടാളക്കാർ വെടിപരിശീലനത്തിനു പൂതപ്പറമ്പിലേക്കു വരുന്നു. ഒരു മൈതാനത്തിന്റെ അറ്റത്തു നിർമ്മിച്ചു വെച്ചിരിക്കുന്ന കൂറ്റൻ മണ്മതിലിന്റെ പുറകിൽനിന്നു പൊക്കിക്കാട്ടുന്ന കാളക്കണ്ണ് വൃത്തങ്ങളെ ലക്ഷ്യമാക്കി മുന്നൂറും നാന്നൂറും വാര അകലെ നിലത്തു കമിഴ്ന്നു കിടക്കുന്ന പട്ടാളക്കാർ തുരുതുതെ വെടിപൊട്ടിക്കുന്നു. വെടിയൊച്ചയും മരുന്നുപുകയുടെ നാറ്റവുമേറ്റ് യക്ഷികളും ഭൂതങ്ങളുമെല്ലാം സ്ഥലംവിട്ടു പോയിട്ടുണ്ടാവും.....

വെള്ളക്കാർ ഇവിടെ ഒരു വിനോദകേന്ദ്രവും സംവിധാനം ചെയ്തിരിക്കുന്നു. പൂതപ്പറമ്പിനു ചുറ്റും സമദൂരത്തിൽ അവിടവിടെ ഞണ്ടുമാളങ്ങൾ പോലുള്ള കുഴികളുണ്ടാക്കി അതിൽ പക്ഷിമുട്ടപോലത്തെ പന്തു തട്ടി വീഴ്ത്തും; ചെപ്പിത്തോണ്ടിയുടെ ആകൃതിയിലുള്ള ലോഹദണ്ഡ് കക്ഷത്തിലിറുക്കി അടിച്ചു പറപ്പിച്ചുവിട്ട പന്തിന്റെ പിന്നാലെ മൈലേല നടന്നുപോകുന്ന വെള്ളക്കാരെ കാണുമ്പോൾ ചിരിവരും..... 'ഗോൾഫ്' എന്നാണത്രേ. വെള്ളക്കാരുടെ ഈ കുഴിപ്പന്തുകളിയുടെ പേര്.

എന്നാൽ, അതെല്ലാം പകലത്തെ കഥകളാണ്. രാത്രിയായാൽ രംഗം മാറുമെന്നു പറയുന്നു. പൂതപ്പറമ്പു വീണ്ടും പിശാചുയക്ഷിക്കുത്തരങ്ങായിച്ചമയുന്നു. കരിമ്പനമോളിൽനിന്ന് യക്ഷികൾ ഇറങ്ങിവരും. പൂതപ്പറമ്പിനടുത്തുകൂടി പോകുന്ന വഴിപോക്കരെ വശീകരിച്ചു മയക്കിക്കൊണ്ടുവന്ന് കരിമ്പനമേൽ കയറ്റും. (അർദ്ധബോധാവസ്ഥയിൽ ആ പാന്ഥന്മാർക്കു കരിമ്പന മണിമാളികയായിട്ടാണത്രേ മനസ്സിൽ തോന്നുക.....) പിറ്റേന്നു രാവിലെ പനഞ്ചുവട്ടിൽ ഒരു ശവം കാണാം....രക്തമെല്ലാം യക്ഷി ഈമ്പിക്കുടിച്ചിട്ടുണ്ടായിരിക്കും.

അപ്പു പറഞ്ഞ ഒരു കഥ ശ്രീധരൻ അനുസ്മരിച്ചു.

ഒരു ദിവസം പുലർച്ചെ പറങ്ങോടനാശാരി പണിക്കു പോവുകയായിരുന്നു. പൂതപ്പറമ്പിന്റെ മൂലയിലെത്തിയപ്പോൾ ഒരു നിലവിളി കേട്ടു. നാലു വശവും തിരിഞ്ഞുനോക്കി. ആരെയും കാണുന്നില്ല. വീണ്ടും ശ്രദ്ധിച്ചപ്പോൾ നിലവിളി മുകളിൽനിന്നാണെന്നു മനസ്സിലായി. നോക്കിയപ്പോൾ എന്താ കഥ! ഈയങ്കോട്ടു മനയ്ക്കലെ കിഴവൻ ശങ്കരൻനമ്പൂതിരിയുണ്ട്, ഒരു കരിമ്പനയുടെ മുകളിൽ—ഒരു കോണകം മാത്രം ഉടുത്തുകൊണ്ട്. (മൂപ്പർ ഉടുമുണ്ടഴിച്ചു ദേഹം പനമ്പട്ടയോടുകെട്ടിയിരിക്കയാണ്, തലചുറ്റി താഴെവീഴാതിരിപ്പാൻ.)

രാത്രി പൂതപ്പറമ്പിലെ യക്ഷി പറ്റിച്ചതാണ്. നമ്പൂരിയച്ചന്റെ അരയിൽ ഒരു യന്ത്രഉറുക്കുണ്ടായിരുന്നതുകൊണ്ട് യക്ഷിക്കു ദേഹം തൊടാൻ കഴിഞ്ഞില്ല. അങ്ങനെയാണ് ജീവൻ രക്ഷപ്പെട്ടത്.

പൂതപ്പറമ്പിലെ കുപ്രസിദ്ധനായൊരു കുട്ടിച്ചെകുത്താനെപ്പറ്റി ഒരിക്കൽ പാണൻ കണാരൻ പറഞ്ഞതും ശ്രീധരന്റെ തലച്ചോറിൽ തേട്ടി വന്നു: ഉണ്ടനൂൽ മട്ടിൽ വഴിയിൽ ചുരുണ്ടുകിടക്കാറുള്ള ആ കൊച്ചുവീരന്റെ പേര് 'അതിരമ്പുല്ല്'! അവന്റെ മീതെ ചവിട്ടിപ്പോയാൽ ആളു ചുറ്റിയതുതന്നെ. മുന്നിൽക്കാണുന്നതു പെരുവഴിയാണെന്ന ധാരണയോടെ പൂതപ്പറമ്പിനു ചുറ്റും നേരം പുലരുന്നതുവരെ നടക്കെടാ നടക്ക്—ചെറിയ മൂപ്പരും ഉരുണ്ടുരുണ്ടു മുമ്പിൽ നീങ്ങുന്നുണ്ടായിരിക്കും.

പൂതപ്പറമ്പിനെപ്പറ്റിയുള്ള ആ അലൗകിക്കഥകൾ അയവിറക്കിക്കൊണ്ടിരിക്കെ ശ്രീധരന്റെ മനസ്സിൽ അജ്ഞാതമായൊരു ഭയം ഇഴഞ്ഞുകൂടി. ഒറ്റയ്ക്ക് ആദ്യമായിട്ടാണ് ഈ വഴിക്കു സഞ്ചരിക്കുന്നതെന്ന ചിന്തയും മനസ്സിനെ ഒന്നുലച്ചു. യക്ഷികളും പിശാചുക്കളും ചിലപ്പോൾ നട്ടുച്ചയ്ക്കും ഇറങ്ങി സഞ്ചരിക്കുമെന്നു കേട്ടിട്ടുണ്ട്.......ഛീ! എല്ലാം അന്ധവിശ്വാസം. മുമ്പു കുട്ടിച്ചാത്തനെന്നു കേൾക്കുമ്പോൾ എന്തു ഭയമായിരുന്നു! ഇന്നലെ രാത്രി ഉസ്താദ് വാസുവിന്റെകൂടെ പോയപ്പോൾ കുട്ടിച്ചാത്തൻ കടവാതിലാണെന്നു കണ്ടുപിടിച്ചു......(പെട്ടെന്ന് ശ്രീധരന്റെ തലച്ചോറിൽ പുതിയൊരു ശങ്ക പൊട്ടിവിടർന്നു. ഇന്നലെ പാലക്കൊമ്പിൽ കണ്ട കടവാതിൽ യഥാർത്ഥത്തിൽ കുട്ടിച്ചാത്തൻ വേഷംമാറി നിന്നതായിരിക്കുമോ? ഹൈയ്! കുട്ടിച്ചാത്തൻ എന്നൊന്ന് ഇല്ല. ഉണ്ടെങ്കിൽ തന്റെ ഭണ്ഡാരം മോഷ്ടിക്കുന്ന വാസുവിനെ വെറുതെ വിടുമോ!)

എന്തൊരേകാന്തത! ഒരു ജീവിയേയും എങ്ങും കാണ്മാനില്ല—ഒരുറുമ്പിനെപ്പോലും—കാറ്റുകൂടി ചലിക്കുന്നില്ല.

ഒരുജാതി പക്ഷിയെ ഈ പരിസരത്തു കാണാറുണ്ടായിരുന്നു—നീണ്ട കാലുകളും തവിട്ടുനിറവുമുള്ള ഒരു വിരൂപാക്ഷൻപക്ഷി. ആ പക്ഷിയെപ്പറ്റി അപ്പു പറഞ്ഞ കഥയും

ഓർത്തു: മലർന്നുകിടന്നു നീണ്ട കാലുകൾ മേൽപോട്ടു പൊക്കിവെച്ചു കൊണ്ടാണതേ്റ, ആ പക്ഷി രാത്രി ഉറങ്ങുക. ആകാശം പെട്ടെന്ന് ഇടിഞ്ഞുവീഴുകയാണെങ്കിൽ തടുത്തുനിർത്താനാണതേ്റ, ആ പക്ഷി അങ്ങനെ ചെയ്യുന്നത്. മാനം താങ്ങിപ്പക്ഷിയെന്നാണ് അതിനെ വിളിക്കുക.

ആ പക്ഷിയും പൂതപ്പറമ്പ് ഉപേക്ഷിച്ചു പോയോ?

നരയൻപുല്ലും ചരൽക്കല്ലും ഇടയ്ക്കു കരിമ്പാറക്കൂത്തും കലർന്ന നിമ്നോന്നതതലങ്ങളിലൂടെ നടന്നുനടന്ന് ശ്രീധരൻ ചിറയുടെ സമീപമെത്തി.

പൂതപ്പറമ്പിന്റെ നടുവിലെ ചിറ ആരും കുഴിച്ചുണ്ടാക്കിയതല്ല. ആയിരമായിരം വർഷങ്ങൾക്കുമുമ്പ് ഭൂതത്താന്മാർ ഒരു രാത്രികൊണ്ടു കടൽ ഉൗർത്തുണ്ടാക്കിയ സ്ഥലമാണ്, പൂതപ്പറമ്പ്. മുഴുവൻ ഉൗർത്തെടുക്കാൻ കഴിയുന്നതിനുമുമ്പ് നേരം പുലർന്നുപോയി. ആഴിയുടെ അവശിഷ്ടം ചിറയായി ഇന്നും നിലകൊള്ളുന്നു.

ചിറയിൽ ഒരു ഐലയും ഒരു മത്തിയും ഇപ്പോഴും പാർത്തുവരുന്നുണ്ടെന്നു പഴമക്കാർ പറയുന്നു.

നൂറ്റാണ്ടുകൾകൊണ്ട് ഉൗർന്നും വറ്റിയും ചിറ ചെറുതായിവരികയാണ്. പഴയ കര നിലകൊണ്ടിരുന്ന ഭാഗങ്ങളിൽ കണ്ടൽച്ചെടികളും കാഞ്ഞിര മരങ്ങളും മറ്റും മുറ്റിവളർന്ന മണ്ഡലങ്ങൾ ചെറുതുരുത്തുകൾപോലെ ചിതറിക്കിടക്കുന്നു.

കാഞ്ഞിരത്തിനടുത്തു നല്ല കുളുർമ്മയുണ്ടാവും—ഉച്ചവെയിലിന്റെ കുത്തേൽക്കുമ്പോൾ കാഞ്ഞിരത്തിന്റെ കൊഴുത്ത പച്ചിലകൾക്കു കാന്തിയും കരുത്തും വർദ്ധിക്കുന്നതുപോലെ തോന്നുന്നു. തണലിനു തണുപ്പും.

ശ്രീധരൻ ഒരു കാഞ്ഞിരപ്പൊന്തയ്ക്കരികെ നിന്നുകൊണ്ട് ചിറയിലേക്കു കണ്ണയച്ചു.

പാതിയും വറ്റിയ ചിറയിലെ ജലം ഉച്ചവെയിലിൽ കണ്ണാടിപോലെ തിളങ്ങുന്നു. ആതപജ്ജ്വാലയും നീരാവിയുടെ നേരിയ പടലവും ജലവിതാനത്തിന്റെ ഉപരിമണ്ഡലത്തിൽ ചലനാത്മകമായൊരു പ്രതിഭാസം സൃഷ്ടിക്കുന്നു—ഏതോ മാന്ത്രികൻ എറിഞ്ഞ ഭസ്മം പാറിക്കളിക്കുന്നപോലെ.

അരികെ ഏങ്കോണിച്ചു കിടക്കുന്ന കരയുടെ മറുവശത്തെ മൂലയിലേക്ക് അലസമായി സഞ്ചരിച്ച ശ്രീധരന്റെ മിഴികൾ പെട്ടെന്നു തറച്ചുനിന്നുപോയി. അവിടെ ആ ഒറ്റമുറിപ്പുരയുടെ കോലായിൽ 'ഒന്ന്' കുത്തിയിരിക്കുന്നു!

(ഗോൾഫ് കളിക്കാർ തങ്ങളുടെ ഉപകരണങ്ങൾ സൂക്ഷിക്കാൻ ചിറക്കരയ്ക്കടുത്ത കരിമ്പനക്കാട്ടിൽ പണിതുവെച്ചതാണ് ആ ഒറ്റമുറിപ്പുര)

ഉൗവെള്ള മുഖം. മാറിലേക്കഴിച്ചിട്ട തലമുടി!

ശ്രീധരന് ഉള്ളങ്കാൽ മുതൽ മൂർദ്ധാവുവരെ ഒന്നുളുത്തുകേറി.

കണ്ണു ചിമ്മി വീണ്ടും മിഴിച്ച് വെട്ടിത്തിളങ്ങുന്ന ജലമണ്ഡലത്തിലൂടെ അങ്ങോട്ട് ഒന്നുകൂടി ദൃഷ്ടിയയച്ചു.

ഘനീഭവിച്ച വെണ്ണിലാവിന്റെ നിറമാണ് ആ മുഖത്തിന് —അത്ര അഴകുറ്റൊരു മുഖം ഈ ഭൂമിയിൽ മുമ്പു കണ്ടിട്ടില്ല. ഇരുചുമലിലൂടെയും മാറിലേക്കഴിച്ചിട്ട കുന്തല് കരിനീലപ്പട്ടുപോലെ മിന്നുന്നു. മുഖം ചാഞ്ഞു കണ്ണു ചിമ്മിയ മട്ടിലാണ് 'അത്' കുത്തിയിരിക്കുന്നത്.

ഉച്ചച്ചൂടുകൊണ്ടുണ്ടായ തലയുലർച്ചയിൽ തോന്നുന്നതോ, അല്ല, കണ്ണിനു മുമ്പിലെ യാഥാർത്ഥ്യമോ?

'അത്' തനിയെ വിറയ്ക്കുന്നുണ്ടോ? ചിറ്റോളങ്ങളിൽപ്പെട്ട പ്രതിബിംബം പോലെ...

തന്നെ 'അത്' കണ്ടിരിക്കാനിടയില്ല. എന്നാൽ അടുത്തനിമിഷത്തിൽ എന്തും സംഭവിക്കാം— അത് ആ ചിറയിലേക്കോ കരിമ്പനമുകളിലേക്കോ — അന്തർദ്ധാനംചെയ്തുവെന്നും വരാം.......

നട്ടുച്ചനേരത്ത്—എല്ലാ ജീവചലനങ്ങളിൽനിന്നും അകന്നു നിൽക്കുന്ന ആ പ്രാചീനസമുദ്രക്കരയിൽ താൻ ഒറ്റയ്ക്കാണ്—ഉടൻ രക്ഷപ്പെടണം.......

'അതി'നെ ഒരിക്കൽക്കൂടി നോക്കാൻ മനക്കരുത്തുണ്ടായില്ല. മുഖം കുനിച്ച്, കാലടി പിന്നാക്കംവെക്കാൻ നോക്കി—കാലുകൾക്ക് ഒരു തരിപ്പ്. എങ്ങനെയോ കാലുകൾ വലിച്ചിഴച്ചു തിരിഞ്ഞു—നിരങ്ങുകയോ, നടക്കുകയോ, ഓടുകയോ, കുതിക്കുകയോ എന്നൊന്നും നിശ്ചയമില്ല. മിഴികളിൽ ഇരുട്ടുകേറുന്നു. ആ ഇരുട്ട് ക്രമേണ മഞ്ഞരാശിയായി മാറുന്നു. മുന്നിലെ മൈതാനവും ഉണക്കപ്പുല്ലും പാറക്കുത്തുകളും കുറ്റിച്ചെടികളുമെല്ലാം മാന്ത്രികമായൊരു മഞ്ഞപ്പുകയിൽ മൂടിയപോലെ തോന്നുന്നു.

തിരിഞ്ഞുനോക്കാതെ എന്തോ വലിയ ഭാരം ചുമന്നു നിരങ്ങുന്ന പോലെ ആഞ്ഞുവലിഞ്ഞു മുന്നോട്ടു നീങ്ങുകയാണ്. നിലം കുലുങ്ങുന്നു. 'അത്' പിന്നാലെ വരുന്നുണ്ടോ? പിന്നെ മനസ്സിലായി—പൂതപ്പറമ്പിലെ നിലത്തിനു ചിലയിടത്തു ചവിട്ടിയാൽ കുലുങ്ങുന്ന പ്രകൃതിയാണ്. പണ്ട് കടൽ തൂര്ത്തെടുത്തതലേ്ല?

മനസ്സിൽ ആ കാഴ്ച തറച്ചുകിടന്നിരുന്നു. നിലാവിന്റെ നിറത്തിൽ നിസ്തുല സൗന്ദര്യത്തിൽ വാർത്തെടുത്ത മുഖം! ഇരുചുമലിലൂടെയും മാറിൽ പരന്നുകിടക്കുന്ന പൂഞ്ചായൽ. ആ മുഖവും, തലമുടി മൂടിമറച്ച മാറിടവുമല്ലാതെ, കരയിലെ കുറ്റിച്ചെടികളുടെ മറവുകൊണ്ടു കീഴ്പോട്ടു കാണാൻ കഴിഞ്ഞിരുന്നില്ല.

മേടിന്റെ വടക്കുഭാഗത്തെ പാറക്കെട്ടുകൾ നിറഞ്ഞ മൂലയിൽനിന്ന് വേലാളൂർപ്പാടത്തേക്കുള്ള പാതാളഗുഹയുടെ വക്കിലെത്തിയപ്പോൾ നൂറു മൈൽ ദൂരം ഓടിയ കിതപ്പും തളർച്ചയും അനുഭവപ്പെട്ടു.

ഇടവഴിയിലെ കൂറ്റൻ കല്ലുകളും വെള്ളം കുത്തിയൊലിച്ചുണ്ടായ കുഴികളും ചാടിക്കടന്ന്, ഇഴഞ്ഞും നിരങ്ങിയും അപ്പുറത്തെ ഊടുപാതയിലെത്തിയപ്പോൾ അല്പം ആശ്വാസം തോന്നി. മെല്ലെ ഒന്നു തിരിഞ്ഞുനോക്കി. വെളുത്ത—ശുദ്ധവെള്ളയായ— ഒന്ന് ഇടവഴിയിലൂടെ തന്നെ പിന്തുടരുന്നു! തുറിച്ചുനോക്കിയപ്പോൾ അതൊരു പശുവായി മാറി—ആശ്വാസമല്ല, കൂടുതൽ പരിഭ്രമമാണുണ്ടായത്.......

വേലാളൂർപ്പാടം ചവിട്ടി, ഇനി ഇലഞ്ഞിപ്പൊയിലിലെത്താൻ വയലിലൂടെ ഒന്നൊന്നരമൈൽ നടക്കണം.

കൊയ്ത്തു കഴിഞ്ഞ വയലുകൾ വറ്റിയ സമുദ്രംപോലെ മുന്നിൽ അറ്റം കാണാതെ കിടക്കുന്നു!

ഒരു കൂറ്റൻമത്സ്യത്തിന്റെ അസ്ഥികൂടം അതാ ഇഴഞ്ഞുവരുന്നു! അടുത്തെത്തിയപ്പോൾ അത് ഒരു ഇല്ലിക്കെട്ടായി മാറി—വേലികെട്ടാനുള്ള ഉണങ്ങിയ ഇല്ലി (മുള)ക്കമ്പുകൾ തലയിലേറ്റി വരികയാണ് ഒരു ചെറുമൻ.

ഇലഞ്ഞിപ്പൊയിലിലെ പടികേറിയതും, എങ്ങനെയോ കോലായിൽ ചെന്നു വീണതും

ശ്രീധരനു നേരിയ ഒരോർമ്മയുണ്ട്.......

പിന്നെ, മൂന്നുനാലു നാളുകളിൽ കഴിഞ്ഞതിനെപ്പറ്റിയൊന്നും ശ്രീധരനു നല്ല വിവരമില്ല. ചിലതിനെപ്പറ്റി അവ്യക്തമായ ഓർമ്മയുണ്ട്. ചില രംഗങ്ങൾ പേക്കിനാവോ, ഭാവനയോ, യാഥാർത്ഥ്യമോ എന്നു നിർണ്ണയിക്കാൻ വയ്യ—ചുട്ട നീരാവിനിറഞ്ഞ ഒരിരുട്ടറയിൽപ്പെട്ട അനുഭവമായിരുന്നു കഠിനജ്വരം ബാധിച്ച ആദ്യദിവസങ്ങളിൽ.

പിന്നീട് അതിനെപ്പറ്റിയെല്ലാം ശ്രീധരനെ പറഞ്ഞുകേൾപ്പിച്ചത് അപ്പുവാണ്. ശ്രീധരനെ പരിചരിച്ചുകൊണ്ട് അപ്പു സദാസമയവും അടുത്തുണ്ടായിരുന്നുവത്രേ.

“ശീദരൻ എന്തൊക്കെ പിച്ചുംപേയുമാണു പറഞ്ഞത്!—” അപ്പു തനിയെ ചിരിച്ചുകൊണ്ടു തുടങ്ങും.

“കരിമ്പനക്കുരലിലാണേയ്—ഒന്നിറക്കിത്തരണേ!” എന്നു പറഞ്ഞ് ഉറക്കെ നിലവിളിച്ചുവത്രേ.....

“യക്ഷിയക്ഷി!” എന്ന് അടക്കിപ്പിടിച്ച ജല്പിച്ചുകൊണ്ടു പായിൽനിന്ന് എണീറ്റോടാൻ ഭാവിച്ചപ്പോൾ അപ്പു പിടിച്ചുവെച്ചുവത്രേ.......

കോരുപ്പണിക്കരുടെ പുരയിൽപ്പോയി അമ്മാമൻ പ്രശ്നംവെപ്പിച്ചതും, ബ്രഹ്മരക്ഷസ്സു കൂടിയതാണെന്നു പണിക്കർ രാശിയിൽക്കണ്ടതും, വണ്ണാൻ കോപ്പുണ്ണിയെ കൂട്ടിക്കൊണ്ടുവന്നു കൈക്കു ചരടു മന്ത്രിച്ചു കെട്ടിയതും, രാത്രി ഹോമം കഴിച്ചതും, വേലൻ ശങ്കരൻവൈദ്യൻ വന്നു പരിശോധിച്ചു ഗുളികയ്ക്കും കഷായത്തിനും കല്പിച്ചതും, ചെന്നിനായകവും കച്ചൂരക്കിഴങ്ങും അരച്ചു നെറ്റിക്കു വടിച്ചിട്ടതും എല്ലാം അപ്പു വഴിക്കുവഴിയായി വിവരിച്ചുകേൾപ്പിച്ചപ്പോൾ ശ്രീധരൻ നാണിച്ചുപോയി. വണ്ണാൻ ബന്ധിച്ച കറപ്പു ചരട് മണിക്കണ്ടത്തിൽ ചേരക്കുഞ്ഞിനെപ്പോലെ ചുറ്റിക്കിടക്കുന്നുണ്ടായിരുന്നു.

“ശീദരൻ ഒരിക്കൽ ‘നാരായണീ’ എന്ന് ഉറക്കെ വിളിക്കുന്നതും കേട്ടു.” അപ്പു വിഷാദസ്വരത്തിൽ പറഞ്ഞു.

നാരായണി! നാരായണി!...ആ രംഗം ശ്രീധരൻ ക്രമേണ ധ്യാനിച്ചെടുത്തു:

പൂതപ്പറമ്പിലെ മഹാസമുദ്രത്തിൽ ശ്രീധരൻ ഒരു വലിയ തിമിംഗലത്തിന്റെ പുറത്തു സവാരിചെയ്യുകയാണ്. അപ്പോൾ കരിമ്പനകൾ പൊങ്ങി നിൽക്കുന്ന ഒരു തുരുത്തിനു മുന്നിലെ ജലത്തിൽ നീന്തിക്കളിച്ചുകൊണ്ടിരുന്ന ഒരു മത്സ്യകന്യക, മുത്തുദന്തങ്ങൾ പ്രകാശിപ്പിച്ചു പുഞ്ചിരിതൂകിക്കൊണ്ട് ശ്രീധരനെ മുഖമിളക്കി വിളിച്ചു. അടുത്തു ചെന്നപ്പോൾ മത്സ്യകന്യക ആരാണ്?—നാരായണി!

ഉത്കണ്ഠയും ലജ്ജയും കലർന്ന സ്വരത്തിൽ ശ്രീധരൻ അപ്പുവിനോടു ചോദിച്ചു: “നാരായണിയുടെ ദണ്ഡം എങ്ങനെയിരിക്കുന്നു?”

അപ്പു ശ്രീധരന്റെ മുഖത്തേക്കു തുറിച്ചുനോക്കി—ഒരുമിനിട്ടു മൗനത്തിനുശേഷം അപ്പുവിന്റെ മിഴികൾ നിറഞ്ഞു. ദൂരെനോക്കിക്കൊണ്ട് അപ്പു മൊഴിഞ്ഞു: “നാരായണി—കഴിഞ്ഞ കൊല്ലം—എടവത്തിൽ മരിച്ചു —ചിങ്ങത്തിൽ അമ്മയും....”

നാരായണി മരിച്ചു.

അതു കേട്ടപ്പോൾ ശ്രീധരൻ നടുങ്ങിയില്ല. തലച്ചോറു ചൂടുപിടിച്ചു.

ഒരു പൊൻകിനാവായിരുന്നു നാരായണി. ആ കിനാവു മറഞ്ഞുപോയി—അത്രമാത്രം. പൊൻകിനാവുകൾക്കു മരണമില്ല. അവ സ്മരണയിൽ എന്നും ജീവിക്കും.

അപ്പുവിനോടു പിന്നെ ഒന്നും ചോദിച്ചില്ല. പനി സുഖപ്പെട്ട് കുളിച്ച്, രണ്ടു മൂന്നു ദിവസം കഴിഞ്ഞതിനുശേഷം ശ്രീധരൻ കന്നിപ്പറമ്പിലേക്കു മടങ്ങാൻ തീരുമാനിച്ചു.

എന്തോ കടമ നിറവേറ്റാൻ കഴിയാതെപോയതിലുള്ള പശ്ചാത്താപം—അജ്ഞാതമായൊരപരാധബോധം—ശ്രീധരന്റെ അന്തരംഗത്തിൽ നിഴൽ വീശുന്നുണ്ടായിരുന്നു. നാരായണിയെ ജീവിതത്തിൽ ഒരിക്കൽ മാത്രമേ കണ്ടിട്ടുള്ളു. ആ കുട്ടിയെ ചെന്നു കാണാനുള്ള അഭിലാഷം പിന്നീടു പലപ്പോഴും അടക്കിവെക്കുകയാണു ചെയ്തത്. നാരായണി ഒരലൗകിക ജീവിയാണെന്ന ഒരു തോന്നൽ പ്രഥമ ദർശനത്തിൽത്തന്നെ മനസ്സിലങ്കുരിച്ചു പോയി. ഒരു യക്ഷിയെ ഇപ്പോൾ കാണുമെന്നു വിചാരിക്കുമ്പോഴുണ്ടാകുന്ന മാതിരി ഒരുൾക്കിടിലം നാരായണിയെ സന്ദർശിക്കാനൊരുങ്ങുമ്പോഴൊക്കെ ശ്രീധരനനുഭവപ്പെടാറുണ്ടായിരുന്നു. ആ ഭയമാണ് ശ്രീധരനെ തടഞ്ഞു നിർത്തിയിരുന്നത്. ഇപ്പോൾ ആ ഭയത്തിനവകാശമില്ല. മരിച്ചതിനുശേഷമെങ്കിലും അവളെ സന്ദർശിക്കാൻ ചെന്നു എന്ന് സമാധാനിക്കാമല്ലോ.

അന്നുവൈകുന്നേരം അപ്പുവിന്റെകൂടെ, കുന്നിൻചെരുവിലെ ആ പുരയിലെത്തി.

മുറ്റത്തെ ചെമ്പരത്തിയിൽ മുരടിച്ച രണ്ടുമൂന്നു പൂക്കളേയുള്ളൂ. പണ്ട് അതു നിറയെ പൂത്തുനിന്നിരുന്ന കാഴ്ച ഓർത്തു—ആ പൂമരം ഉണങ്ങിത്തുടങ്ങുകയാണോ?

മുറ്റത്തും പറമ്പിലും ഇലഞ്ഞിപ്പൂക്കൾ വീണടിഞ്ഞുകിടക്കുന്നു. അവ പെറുക്കിയെടുത്തു മാലകോർക്കാൻ ആരുമില്ല. അവിടം അടിച്ചുവാരിയിട്ടു മാസങ്ങളായെന്നു തോന്നുന്നു.

പണ്ട്. ആ മുറ്റത്തിന്റെ കോണിലുണ്ടായിരുന്ന ആട്ടിൻകൂട് എവിടെപ്പോയി? ആ സ്ഥലത്ത് ഉണക്കച്ചകിരി കൂട്ടിയിട്ടിരിക്കുന്നു.

പുര അടച്ചിട്ടിരിക്കയാണ്. അപ്പു അവിടെ ഒറ്റയ്ക്കാണു പാർക്കുന്നത്. അവന്റെ അച്ഛൻ, മൂരിവണ്ടിക്കാരൻ തെയ്യൻ അങ്ങോട്ടു തിരിഞ്ഞു നോക്കാറേ ഇല്ല. അയാൾ—അച്ഛനെപ്പറ്റി അപ്പു, 'അയാൾ' 'അയാൾ' എന്നേ പറയൂ—വയനാട്ടിലെ തന്റെ പഴയ പെണ്ണിനെ ഉപേക്ഷിച്ച് ഇപ്പോൾ ഒരു വിധവയായ പപ്പടക്കാരത്തി ചെട്ടിച്ചിയെ വെച്ചുകൊണ്ടിരിക്കയാണെന്ന് അപ്പു പറഞ്ഞു.

അപ്പു ശ്രീധരനെ തെക്കേപ്പറമ്പിലേക്കു നയിച്ചു—അപ്പുവിന്റെ അമ്മയെ ആ പറമ്പിലാണ് ദഹിപ്പിച്ചത്. നാരായണിയെ കുഴിച്ചിട്ടതും അവിടെത്തന്നെ—ആ പേരമരത്തിന്റെ പിറകിൽ.

പേരമരം നിറയെ സ്വർണ്ണവർണ്ണത്തിലുള്ള പഴങ്ങൾ തൂങ്ങി നിൽക്കുന്നു.

ശ്രീധരൻ നാരായണിയുടെ കുഴിമാടത്തിലേക്കു സഹതാപത്തോടെ ഒന്നു കണ്ണയച്ചു. ആ മൺകൂനയിൽ തുമ്പച്ചെടികൾ പൂത്തുനിൽക്കുന്നു! നാരായണി തുമ്പപ്പൂക്കളിലൂടെ മന്ദഹാസം തൂകുന്നതുപോലെ തോന്നുന്നു.

"ശീദരന്നു പേരക്ക വേണോ?" അപ്പുവിന്റെ ചോദ്യം.

ശ്രീധരൻ വേണ്ടെന്നു തലയാട്ടി.

'അപ്പ്വേട്ടാ നമ്മളെ വിരുന്നുകാരന്നു പേരക്ക പറിച്ചു കൊടുക്ക്.'

ആ മൺകൂനയ്ക്കുള്ളിൽനിന്നു നാരായണിയുടെ മധുരഭാഷണം മുഴങ്ങുന്നതുപോലെ

തോന്നി ശ്രീധരന്.

"അല്ലെങ്കിൽ രണ്ടുമൂന്നെണ്ണം പറിക്ക്—തിന്നുനോക്കട്ടെ."

ശ്രീധരൻ ആ കുഴിമാടത്തിൽനിന്നു കണ്ണെടുക്കാതെ അപ്പുവിനോടു പറഞ്ഞു.

അപ്പു മരത്തിൽ കേറി പഴങ്ങൾ പറിക്കുമ്പോൾ ശ്രീധരൻ ചോദിച്ചു. "ഇതെല്ലാം പഴുത്തു വീണുപോവുകയാണോ?"

"അല്ലാ." അപ്പു പറഞ്ഞു: "പറിച്ചു കൊട്ടയിലാക്കി അങ്ങാടിയിൽ കൊണ്ടു പോയി വിക്കും—കഴിഞ്ഞമാസം ഇമ്മരത്തിലെ പേരക്ക വിറ്റിട്ട് നാലുറുപ്യ കിട്ടി—ഇപ്പോൾ ഒരൊറ്റ പേരക്കയും പാറ്റാൻ തൊടാറില്ല—നാരായണി താഴെ കാവലിരുന്ന് അവറ്റയെ ആട്ടിപ്പായിക്കുന്നുണ്ടാവും....."

അതു കേട്ടപ്പോൾ ശ്രീധരന്റെ ഉടലാകെയൊന്നു കോരിത്തരിച്ചു.

മടക്കിക്കുത്തിയ ഉടുമുണ്ടിൽ കുറെ പഴങ്ങളുമായി അപ്പു താഴെ ഇറങ്ങിവന്നു.

ആ പഴങ്ങൾ സ്വാദോടെ കടിച്ചുതിന്നുകൊണ്ട് ശ്രീധരൻ ആ മൺകൂനയിലേക്കു വീണ്ടും കണ്ണയച്ചു......പൊന്നുപോലത്തെ പോക്കുവെയിലിൽ വേലിക്കരികുകളിലെ മുളഞ്ചില്ലകളുടെ നിഴൽച്ചിത്രങ്ങൾ ആ മൺകൂനയിൽ ചിതറിപ്പതിക്കുന്നുണ്ടായിരുന്നു. കറുത്തുചുരുണ്ട സമൃദ്ധമായ തലമുടിയും തങ്കമുഖവുമായി, കഴുത്തിനു കീഴ്പോട്ടു പായകൊണ്ടു മൂടിമറച്ചു കിടക്കുന്ന നാരായണിയെ മുമ്പിൽ കാണുന്നപോലെ തോന്നി.......

പിറ്റേന്നു രാവിലെ ശ്രീധരൻ പടിഞ്ഞാട്ടു (പട്ടണത്തിലേക്ക്) പുറപ്പെട്ടപ്പോൾ അവനു തുണയായി ഇലഞ്ഞിപ്പൊയിലിൽനിന്ന് അപ്പുവിനെ നിയോഗിച്ചയച്ചു. അപ്പുവിനെ കൂട്ടിനു കിട്ടിയപ്പോൾ ശ്രീധരനു സന്തോഷമായി—കഥകൾ പറഞ്ഞു നടക്കാമല്ലോ.

വേലാളൂർപ്പാടംവഴി പൂതപ്പറമ്പു കേറി നടന്നുപോകാമെന്ന് അപ്പു നിർദ്ദേശിച്ചപ്പോൾ ശ്രീധരൻ ഒന്നും മിണ്ടിയില്ല— ഉള്ളിൽ ആ പഴയ ഭയം ഒളിച്ചു കിടന്നിരുന്നു.

പൂതപ്പറമ്പിലെ ചിറക്കരയിലെ കരിമ്പനക്കാട്ടിൽ യക്ഷിയെ കണ്ട കഥ ശ്രീധരൻ ഒരാളോടുപോലും—അപ്പുവിനോടുപോലും—മിണ്ടിയിരുന്നില്ല. ചിറക്കരയിലൂടെ സഞ്ചരിക്കുന്നതോർത്തപ്പോൾ ജ്വരവും ബുദ്ധിഭ്രമവും വീണ്ടും തന്നെ ബാധിച്ചേക്കുമോ എന്നൊരു ശങ്ക. ഉസ്താദ് വാസുവിനെപ്പോലെയല്ല അപ്പു. യക്ഷിയെയും ഭൂതത്തെയും ഭയപ്പെടുന്നവനാണ്, ഈ ചങ്ങാതി. ചിറക്കരയിലെ യക്ഷി അവിടെ വീണ്ടും പ്രത്യക്ഷപ്പെടുകയാണെങ്കിൽ അപ്പു ബോധംകെട്ടു വീഴാതിരിക്കില്ല. പിന്നെ താൻ ഒറ്റയ്ക്ക് എന്തുചെയ്യും?....ഒരു സമാധാനമേ ഉണ്ടായിരുന്നുള്ളൂ. നേരം നട്ടുച്ചയല്ല.

വേലാളൂരിലെ രണ്ടു പാടങ്ങൾ കഴിഞ്ഞപ്പോൾ, അപ്പു നേർവഴിവിട്ട് ഇടത്തോട്ടുള്ള നടവരമ്പിലേക്കു തിരിഞ്ഞുകൊണ്ടു പറഞ്ഞു: "നമുക്കു കണിയാറാംകുന്നും കേറി പൂതപ്പറമ്പിന്റെ കിഴക്കുഭാഗത്തൂടെ പോകാം."

അതു കേട്ടപ്പോൾ ശ്രീധരന് ആശ്വാസമായി. എന്നാൽ അതു പുറമേ പ്രകടിപ്പിച്ചില്ല. അപ്പു ചിറക്കരയിലൂടെയുള്ള സാധാരണവഴി ഉപേക്ഷിച്ച് ഈ പുതിയ മാർഗ്ഗം പിടിച്ചതിന്റെ കാരണവും ശ്രീധരൻ ഊഹിച്ചെടുത്തു. ചിറക്കരയിലെ യക്ഷി!

വയലിലൂടെ കുറെ നടന്ന്, കണിയാറംകുന്നുകേറി മറിഞ്ഞ്, നരകക്കുണ്ടുപോലുള്ള രണ്ടുമൂന്ന് ഇടവഴികളും നിരങ്ങി, ഒരുട്ടുപാതയും കടന്ന്, ഇരുവരും പൂതപ്പറമ്പിന്റെ വടക്കുകിഴക്കേ ചരിവിലെത്തിച്ചേർന്നു.

അവിടെ വലിയ പുറ്റുകൾപോലെ അഞ്ചാറു ചെറ്റക്കുടിലുകൾ ചിതറിക്കിടക്കുന്നു.

കാരക്കുന്നിൽനിന്നു വന്നു കുടിയേറിപ്പാർക്കുന്ന പറയരാണെന്ന് അപ്പു പറഞ്ഞു.

ശ്രീധരൻ ആ മുളങ്കുടിലുകളുടെ മണ്ഡലത്തിലേക്കു കണ്ണയച്ചു. പറയച്ചേരിയുടെ എല്ലാ വൃത്തികേടുകളും അവിടെ അടിഞ്ഞുകിടപ്പുണ്ട്.

ശ്രീധരന്റെ നോട്ടം ഒരു കുടിലിന്റെ കോലായിൽച്ചെന്ന് അസ്ത്രംപോലെ തറച്ചുനിന്നു. ഉടലാകമാനം ഒന്നുളുത്തുകേറിപ്പോയി.

അതാ, 'അത്' അവിടെ കുത്തിയിരിക്കുന്നു!

വെണ്ണിലാവിൽ വാർത്തെടുത്ത മുഖം, ഇരുചുമലിലൂടെയും മാറിലേക്കു പരത്തിയിട്ട കാർക്കൂന്തല്—താഴ്ത്തിയ മിഴികൾ!...ചിറക്കരയിൽക്കണ്ട അതേ സത്വം. അതേ ഇരുത്തം. എന്നാൽ ഊർദ്ധ്വഭാഗമല്ല—പൂർണ്ണരൂപംതന്നെ—അരയിൽ ഒരു കറുപ്പു ചുറ്റിയിട്ടുണ്ട്. സ്വർണ്ണനിറത്തിലുള്ള കണങ്കാലുകളും കാലടികളും വെളിക്കുകാണാം—നിലത്തു സ്വർണ്ണച്ചീളുകൾ ചിതറിക്കിടക്കുന്നു.

കുടിലിന്റെ കോലായിലിരിക്കുന്ന കനകവിഗ്രഹത്തിൽനിന്നു കണ്ണു പറിക്കാതെ തരിച്ചുനിൽക്കുന്ന ശ്രീധരനെ നോക്കി ചിരിച്ചുകൊണ്ട് അപ്പു പറഞ്ഞു. "കാരക്കുന്നിലെ വെള്ളക്കാർക്ക് പറച്ചിയിലുണ്ടായ പട്ടുമുളയാണ്......"

"ഞിങ്ക്ട് അന്ന് കഞ്ചി കുടിച്ചടാ......"

യക്ഷി സംസാരിക്കുന്നു!

(മുറ്റത്തു കളിച്ചുകൊണ്ടിരുന്ന കുട്ടിച്ചാത്തനെപ്പോലെയുള്ള ഒരു ചെക്കനോടാണ് ആ ഭാഷണം. മുഖവും മിഴിയും ഉയർത്താതെ, അതേ പോസിൽ ഇരുന്നുകൊണ്ട്—മുളഞ്ചീന്തുകൾകൊണ്ട് അവൾ കൊട്ടമെടയുകയാണ്.)

"ഇതിറ്റാക്കുട്ട് ഒന്നുംകൂടി ഉണ്ടായിരുന്നു. ഇവിടെ—അതിനെ കഴിഞ്ഞ കൊല്ലം ഒരു മദിരാശിപ്പറയൻ കല്യാണംകഴിച്ചുകൊണ്ടുപോയി......"

പിറകിൽനിന്ന് അപ്പുവിന്റെ കമ്മെന്ററി.

'അത്' മെല്ലെ മുഖംപൊക്കി ശ്രീധരന്റെനേർക്കു നോക്കി. ശ്രീധരൻ പേടിച്ചുപോയി.

അതിന് ഒരു കണ്ണേയുള്ളൂ. വെള്ളാരങ്കല്ലുപോലത്തെ ഒരു കണ്ണ്!

എന്തൊരു പൈശാചികനോട്ടം!

അപ്പോൾ മുറ്റത്തുനിന്ന കുട്ടിച്ചാത്തൻചെക്കൻ കൂക്കിവിളിയുടെ മട്ടിൽ ഒരു സ്വരം പുറപ്പെടുവിച്ചു പടിക്കലേക്കു ചൂണ്ടിക്കാട്ടി.

ശ്രീധരൻ നോക്കിയപ്പോൾ പടിക്കൽ ഒരു കാഴ്ചയെഴുന്നള്ളത്ത്! ചത്തു വീർത്ത വലിയൊരു പയ്യിനെ നാലു കാലുകളും മേൽപോട്ടാക്കി ഒരുക്കൻ മുളയിൽ കെട്ടിത്തൂക്കി ചുമലിലേറ്റിക്കൊണ്ട് രണ്ടു പറയർ ചേരിയിലേക്കു കേറിവരുന്നു.

"ഓ, ഇക്കൂട്ടർക്ക് ഇന്നു നല്ല കോളാണല്ലോ!" അപ്പു മുഖംചുളിച്ചു കൊണ്ടു പറഞ്ഞു: "ചത്ത പയ്യിനെത്തിന്നുന്ന ചെന്തുക്കള്......." അപ്പു കാർക്കിച്ചുതുപ്പി.

അതോർത്തപ്പോൾ ശ്രീധരനും മനംപുരട്ടലുണ്ടായി—അവിടെനിന്നു വേഗം നടന്നു.

പറയച്ചേരിയുടെ മൂലയിൽനിന്നു മേട്ടുകയറി ഇരുവരും പൂതപ്പറമ്പിന്റെ മുകളിലെത്തി. ചിറക്കരയിലെ കാഞ്ഞിരത്തുരുത്തുകളും, പൊക്കത്തിലുള്ള കരിമ്പനകളും, വെള്ളക്കാരുടെ

വെടിഭിത്തിയും ഒരു വിളിപ്പാടകലെ വ്യക്തമായിക്കാണാം.

“ശീദരനെന്താണ് ഒന്നും മിണ്ടാത്തത്?” അപ്പു പിറകിൽനിന്നു ചോദിച്ചു.

ചിറക്കരയിലെ പനങ്കാട്ടിലെ ഒറ്റമുറിപ്പുരയുടെ കോലായിൽ കുനിഞ്ഞിരിക്കുന്ന യക്ഷിയെയും, ചെറ്റക്കുടിലിന്റെ കോലായിലിരുന്നു കൊട്ടമെടയുന്ന—ചത്ത പയ്യിനെത്തിന്നുന്ന—ഒറ്റക്കണ്ണി പറച്ചിയെയും മാറിമാറി ഓർക്കുകയായിരുന്നു ശ്രീധരൻ—ആ ചിന്തകൾക്കു മേലാപ്പുചാർത്തിക്കൊണ്ട് വെള്ളക്കാരൻ പൂതപ്പറമ്പിൽ ബീജാവാപംചെയ്ത നീലക്കുടമണിപ്പൂക്കളുടെ മായാപരവതാനിയും പ്രത്യക്ഷമായി....

തന്റെ മനസ്സിൽ നൃത്തംചെയ്യുന്ന അദ്ഭുതരംഗങ്ങൾ അപ്പുവിനെ പറഞ്ഞു മനസ്സിലാക്കുന്നതെങ്ങനെ?—മൗനം ഭഞ്ജിച്ചുകൊണ്ട് എന്തെങ്കിലും സംസാരിക്കണമല്ലോ. അതുകൊണ്ട് ശ്രീധരൻ അപ്പുവിനോട് ഇങ്ങനെ ചോദിച്ചു:

“എടോ, നമ്മളെന്തിനാണ് ചിറക്കരയിൽക്കൂടി വരാതെ, ഈ വളഞ്ഞ വഴിക്കു വന്നത്?.....”

അപ്പു എന്തോ വിഴുങ്ങുന്നമട്ടിൽ ചങ്കു വീർപ്പിച്ചുകൊണ്ട് ആകാശത്തിലേക്കു നോക്കി ആത്മഗതമെന്നോണം മൊഴിഞ്ഞു: “ചിറക്കരയിലെ കരിമ്പനക്കാട് അത്ര നല്ല സ്ഥലമല്ലാ!.......”

# മൂന്ന്

# 1. തൂവലും സ്വർണ്ണവും

"കൈലാസേശൻ പാർവ്വതിയെ പാണിഗ്രാഹംചെയ്തെന്നാകിൽ
കൈലേസായിപ്പോയ് നമുക്കു കണ്ണീരൊപ്പുവാൻ..."

എഴുതിത്തീർത്ത ഈരടി ശ്രീധരൻ ഒരിക്കൽക്കൂടി പാടിനോക്കി.

ദേവതകള് ബ്രഹ്മാവിന്റെ തിരുമുമ്പിൽ ചെന്നുനിന്ന്, സങ്കടമുണർത്തിച്ചു പരിഹാരമാർഗ്ഗം തേടുകയാണ്. പരമശിവൻ പാർവ്വതിയെ പരിണയിച്ചാൽ കഷ്ടപ്പാടുകൾക്ക് ആശ്വാസം ലഭിക്കുമെന്നും നിർദ്ദേശിക്കുന്നു. കവിതയ്ക്കു തലക്കെട്ടു മുൻകൂട്ടിത്തന്നെ നെയ്തുവെച്ചിരുന്നു: 'മദനവിഭൂതി'.

ഉള്ളൂരിന്റെ കാവ്യശൈലീയൂക്കാലിപ്റ്റസ് ഞെലം സ്വൽപം ആ 'കൈലേസി'ൽ പുരണ്ടുകിടപ്പുണ്ടോ എന്നൊരു ശങ്ക. (ഉള്ളൂരിന്റെ ഒരു കവിതാസമാഹാരം കോളേജിലെ പാഠ്യപുസ്തകമായിരുന്നു.) സാരമില്ല. അടുത്ത വരികളിലേക്കു കടന്നു.

"ദുഷ്ടാസുരവിക്രിയകൾ വിസ്തരിച്ചു കേട്ടനേരം
അഷ്ടദൃഷ്ടിമഹാദേവൻ......."

അപ്പോൾ പിറകിൽനിന്നു കണ്ണടയ്ക്കുള്ളിലൂടെ രണ്ടു ദൃഷ്ടികൾ ആ കവിതാനോട്ടുബുക്കിലേക്കു നീണ്ടുവന്നത് ശ്രീധരൻ അറിഞ്ഞില്ല. കണ്ണുമടച്ചിരുന്ന് 'അഷ്ടദൃഷ്ടിമഹാദേവ'ന്റെ അവശിഷ്ടം സൃഷ്ടിക്കുന്ന സങ്കടപ്പാടിലാണ്.

മകൻ ഗൃഹപാഠം പഠിക്കുന്നതു നോക്കാൻ മാളികവരാന്തയിലേക്കു മെല്ലെ ഒച്ചയുണ്ടാക്കാതെ കോണികേറി വന്നിരിക്കയാണ് കൃഷ്ണൻമാസ്റ്റർ.

ബ്രഹ്മാവിനു പകരം അച്ഛൻ പ്രത്യക്ഷപ്പെട്ടപ്പോൾ ശ്രീധരൻ ഒന്നമ്പരന്നു. ഉത്തരക്ഷണത്തിൽ പരിഭ്രമത്തോടെ നോട്ടുബുക്ക് മേശവലിപ്പിൽ ഒളിപ്പിക്കാൻ ഒരു വൃഥാശ്രമം നടത്തി.

"എന്താ നീ ചെട്ടിക്കു കള്ളപ്പണം കിട്ടിയപോലെ കളിക്കുന്നത്?" കൃഷ്ണൻമാസ്റ്റർ വിട്ടില്ല. നോട്ടുപുസ്തകം പിടിച്ചുപറ്റി ഏടുകൾ മറിച്ചുനോക്കി. നിറയെ കവിതകൾ കുത്തിക്കുറിച്ചിട്ടിരിക്കുന്നു.

"കോളേജിലേക്കുള്ള പാഠങ്ങൾ പഠിക്കാതെ ഇതാണോ പണി?" കൃഷ്ണൻമാസ്റ്റർ ദേഷ്യപ്പെട്ടുകൊണ്ടു ചോദിച്ചു: "ഞണ്ടുഗോവിന്ദനാകാനുള്ള പുറപ്പാടാണല്ലേ?"

ശകാരം സഹിക്കാം. തല്ലും കൊള്ളാം. എന്നാൽ അച്ഛൻ ഞണ്ടുഗോവിന്ദനെക്കൂട്ടി തന്നെപ്പറ്റി പറഞ്ഞതിൽ ശ്രീധരന് അങ്ങേയറ്റത്തെ പ്രതിഷേധമുണ്ടായിരുന്നു.

ശ്രീധരന്റെ കവിതപ്പുസ്തകം ജപ്തിചെയ്തതിനുശേഷം മാസ്റ്റർ ചോദിച്ചു: "നീ നിന്റെ ഹോംവർക്കെല്ലാം ചെയ്തുതീർത്തുവോ?"

ശ്രീധരൻ മെല്ലെയൊന്നു മൂളി.

"നിന്റെ അരത്ത്മെറ്റിക്ക് ഹോംവർക്ക് ഒന്നു കാണട്ടെ!"

ശ്രീധരൻ പരുങ്ങിനിന്നു.

“എന്താ അനങ്ങാത്തത്?—കണക്കുചെയ്തു കാണിക്കാനാണു പറഞ്ഞത്.”

“കണക്കു ചെയ്തിട്ടില്ല...” ശ്രീധരൻ തലതാഴ്ത്തിക്കൊണ്ടു മൊഴിഞ്ഞു.

“എന്തുകൊണ്ടു ചെയ്തില്ല?—അപ്പോൾ ഹോംവർക്കെല്ലാം ചെയ്തുവെന്നു നീ പറഞ്ഞതു കളവല്ലേ?”

“കളവല്ലാ. മാത്തമേറ്റിക്സ് ടെക്സ്റ്റ് ഇല്ലാത്തതുകൊണ്ടു കണക്കു ചെയ്തില്ല.”

ശ്രീധരൻ പറഞ്ഞതു സത്യമായിരുന്നു—അപ്രിയമായൊരു സത്യം—മാത്തമേറ്റിക്സ് ടെക്സ്റ്റ് വാങ്ങിയിട്ടില്ല. അതു മേടിക്കണമെന്ന കാര്യം അച്ഛനെ മനഃപൂർവ്വം ഓർമ്മപ്പെടുത്താതെവെച്ചുകൊണ്ടിരിക്കയാണ്.

ശ്രീധരന്റെ രണ്ടു ബദ്ധശത്രുക്കളിലൊന്നായിരുന്നു മാത്തമേറ്റിക്സ്. (മറ്റവൻ ആകാശത്തിലെ കൃഷ്ണപ്പരുന്ത്.) പുസ്തകം കൈയിലില്ല. അതു കൊണ്ടു കണക്കു ചെയ്യേണ്ട ബാദ്ധ്യതയുമില്ല. ഈ ന്യായസങ്കല്പം ആത്മവഞ്ചനയാണെന്ന് അറിയാതെയുമിരുന്നില്ല. എന്നാലും തന്റെ ഭാഗത്തും ചില വാദങ്ങളുന്നയിക്കാനുണ്ട്. അച്ഛന്റെ നിർബ്ബന്ധപ്രകാരമാണ് കോളേജിൽ ഫിസിക്സ്—കെമിസ്ട്രി—മാത്തമേറ്റിക്സ് ഗ്രൂപ്പ് എടുത്തത്; ഇവയിൽ കെമിസ്ട്രിയിൽ മാത്രമേ കുറച്ചൊരു താല്പര്യം ഉണ്ടായിരുന്നുള്ളൂ. കോളേജിലെ മാത്തമേറ്റിക്സ് ലക്ചറർ രംഗനാഥ അയ്യങ്കാരെ—ക്ലാസ്സിൽ ‘ടാഞ്ജന്റും’ ‘കോട്ടാഞ്ജന്റും’ ഉച്ചരിക്കുമ്പോൾ പുളിഞ്ചാറുകുടിക്കുന്ന രസത്തോടെ ‘ശ്ശ്ഞ്ചഃ’ എന്നു നാക്കുകൊണ്ടു വിചിത്രസ്വരം പുറപ്പെടുവിക്കാറുള്ള, പാളസ്സാറുടുത്ത, ത്രിഗോപിക്കുറിതൊട്ട, തലക്കെട്ടുകാരൻ തടിയൻ പട്ടരെ—കാണുമ്പോൾ ഒരു ദുർമ്മന്ത്രവാദിയുടെ മുന്നിൽപ്പെട്ടപോലെ ഉൾക്കിടിലം കൊള്ളാറുണ്ടായിരുന്നു ശ്രീധരൻ.

കൃഷ്ണൻമാസ്റ്റർ കുറച്ചുനേരം താടിയുഴിഞ്ഞുകൊണ്ടുനിന്ന് ആലോചിച്ചു. പിന്നെ തലയാട്ടിക്കൊണ്ടു പറഞ്ഞു: “എന്നാൽ നീ വാ—കുഞ്ഞിക്കോരന്റെ ഷാപ്പിൽനിന്ന് ഇന്നുതന്നെ പുസ്തകം വാങ്ങിത്തരാം”

ടൗണിൽ പോകേണ്ട ഒരാവശ്യം കൃഷ്ണൻമാസ്റ്റർക്കുണ്ടായിരുന്നു. ഹാഷിംമുൻഷിയെക്കണ്ട് കലക്ടർസായ്പിന് ഒരു ഹരജി എഴുതിക്കണം.

കൃഷ്ണൻമാസ്റ്ററും ശ്രീധരനും ടൗണിലേക്കു പുറപ്പെട്ടപ്പോൾ ശ്രീധരന്റെ അമ്മ കൈയിൽ ഒരു പഴന്തുണിപ്പൊതിയുമായി അടുത്തേക്കു വന്നു.

കൃഷ്ണൻമാസ്റ്റർ ചിരിച്ചുകൊണ്ടു പൊതി വാങ്ങി കോട്ടിന്റെ അടിക്കീശയിൽ നിക്ഷേപിച്ചു.

“ചക്കക്കൊത്തുവള മതി.” അമ്മ അച്ഛനെ ഓർമ്മപ്പെടുത്തുന്നതും കേട്ടു.

ശ്രീധരനു കാര്യം മനസ്സിലായി. ആ തുണിപ്പൊതിയിൽ അമ്മയുടെ പഴയ സ്വർണ്ണക്കാപ്പുകളാണ്. കാപ്പ് എന്ന ആഭരണം പഴഞ്ചനായിരിക്കുന്നു. ഇപ്പോഴത്തെ ഫാഷൻ വളകളാണ്; വിശേഷിച്ചും ചക്കക്കൊത്തുവളകൾ. തന്റെ കാപ്പുകൾ ഉരുക്കി വളകൾ തീർപ്പിക്കണമെന്ന് അമ്മ അച്ഛനോടു പറഞ്ഞു തുടങ്ങിയിട്ടു മാസങ്ങളായി.

അച്ഛന് ടൗണിൽപ്പോയി അതു നിർവ്വഹിച്ചുകൊടുക്കാൻ ഇതേവരെ സൗകര്യം കിട്ടിയില്ല.

ശ്രീധരന്റെ ബുക്ക്—ഹാഷിംമുൻഷിയെക്കൊണ്ടു പെറ്റിഷൻ— കുട്ടി മാളുവിന്റെ വള—അങ്ങനെ മൂന്നു പരിപാടികൾ മനസ്സിൽ കുറിച്ചുകൊണ്ടു കൃഷ്ണൻമാസ്റ്റർ

ശ്രീധരനെയുംകൂട്ടി ടൗണിലേക്കു പുറപ്പെട്ടു.

തെരുവിലെ പ്രധാന ബുക്ക് ഷാപ്പാണ്, 'കെ. കെ. ബുക്ക്ഡിപ്പോ.'

കെ. കെ. ബുക്ക് ഡിപ്പോവിന്റെ പ്രൊപ്രൈറ്റർ കുഞ്ഞിക്കോരന്റെ പൂർവ്വചരിത്രം അച്ഛൻ ഒരിക്കൽ പറഞ്ഞത് ശ്രീധരന്റെ മനസ്സിൽ തങ്ങിക്കിടന്നിരുന്നു.

പത്തിരുപതുകൊല്ലം മുമ്പ് ഇലഞ്ഞിപ്പൊയിലിലെ നെല്ലുകുത്തു വേലക്കാരികളിലൊരുത്തിയായിരുന്ന മാഞ്ഞയുടെ ഏകസന്താനമാണ് കുഞ്ഞിക്കോരൻ, മാഞ്ഞ അഗതിയായൊരു വിധവയായിരുന്നു. ഇലഞ്ഞിപ്പൊയിലിലെ പൈക്കളെ മേച്ചും അടുക്കളയിലെ തവിട്ടു തിന്നും കഞ്ഞി വെള്ളം കുടിച്ചും അവിടത്തെ ഉല്ലപുരയിൽത്തന്നെയാണ് കുഞ്ഞിക്കോരൻ വളർന്നത്. അക്ഷരാഭ്യാസമില്ലെങ്കിലും നല്ല ബുദ്ധിസാമർത്ഥ്യമുള്ളൊരു പയ്യനായിരുന്ന കുഞ്ഞിക്കോരൻ, പത്തുപതിനെട്ടു വയസ്സായപ്പോൾ അവൻ പണിയന്വേഷിച്ചു പട്ടണത്തിലിറങ്ങി തെണ്ടിത്തിരിഞ്ഞു. അന്നു പട്ടണത്തിലെ ഏക ബുക്ക്ഷാപ്പ് ഒരു കൊങ്ങിണിയുടേതായിരുന്നു. ബുക്ക്ഷാപ്പിനോടനുബന്ധിച്ച് കൊങ്ങിണി ചെറിയൊരു പ്രസ്സും, റൂളിങ്ബൈൻഡിങ് ശാലയും നടത്തിയിരുന്നു. കൊങ്ങിണിയുടെ റൂളിങ് യന്ത്രത്തിന്റെ ഉരുൾ പിടിക്കുന്ന ജോലി കിട്ടി കുഞ്ഞിക്കോരന്. ദിവസക്കൂലി രണ്ടണ.

കുഞ്ഞിക്കോരൻ കൊങ്ങിണിയുടെ സ്ഥാപനത്തിൽത്തന്നെ പറ്റിനിന്നു. റൂളിങ് ചക്രത്തിൽനിന്നു ബൈൻഡിങ് സെക്ഷനിലേക്കു കയറ്റം കിട്ടി. പിന്നെ അവിടെനിന്നു പ്രസ്സിലേക്കും. അങ്ങനെ അഞ്ചാറു കൊല്ലംകൊണ്ട് അവിടത്തെ എല്ലാത്തരം വേലകളിലും പരിശീലനം സിദ്ധിച്ചു. മാത്രമല്ല, കൊങ്ങിണിയുടെ ഒരു വിശ്വസ്തസേവകനായിത്തീരുകയും ചെയ്തു.

അങ്ങനെയിരിക്കെ തെരുവിന്റെ പിൻപുറത്തെ ഒരിടവഴിമുക്കിൽ ഒഴിഞ്ഞ ഒരു മുറിപ്പീടികയുമായി ഒരു കോമട്ടി ഇറങ്ങി. അയാൾ രഹസ്യമായി കുഞ്ഞിക്കോരനെ പാട്ടിലാക്കി. കൊങ്ങിണിയുടെ ബുക്ക്ഷാപ്പിൽനിന്ന് ബൗണ്ട് ബുക്കുകളും ലഡ്ജറുകളും പാഠപുസ്തകങ്ങളും കോമട്ടിയുടെ മടയിലേക്കു രഹസ്യപ്രയാണം ആരംഭിച്ചു. തുടർന്ന് റൂളിങ്ബൈൻഡിംഗ് യന്ത്രങ്ങളുടെ അവയവങ്ങളും നീങ്ങിത്തുടങ്ങി. അങ്ങനെ ഒരു കൊല്ലംകൊണ്ട് കോമട്ടിയുടെ അറ നിറഞ്ഞു.

തെരുവിന്റെ മദ്ധ്യഭാഗത്ത് പുതിയ ഒരു ബുക്ക്ഷാപ്പ് പ്രത്യക്ഷപ്പെട്ടു.

കച്ചവടം പൊളിഞ്ഞ് പാവം കൊങ്ങിണി നാടുവിട്ടുപോയി.

കോമട്ടിയുടെ ഷാപ്പ് പട്ടണത്തിലെ പ്രധാന ബുക്ക്ഷാപ്പായി പൊങ്ങി വന്നു.

അങ്ങനെ മൂന്നുനാലുകൊല്ലം കഴിഞ്ഞു. ക്രമേണ കോമട്ടിക്ക് അവിടെ സ്ഥാനമില്ലാതായി. എന്താണു സംഭവിച്ചതെന്ന് പുറമേ ആർക്കും അറിഞ്ഞുകൂടാ. ഒടുവിൽ കുറച്ചു പണവും കൊടുത്ത് കോമട്ടിയെ പുറംതള്ളി. 'കെ.കെ. ബുക്ക്ഡിപ്പോ' എന്നൊരു ബോർഡും തൂക്കി, സ്ഥാപനം കുഞ്ഞിക്കോരൻ സ്വന്തമാക്കി.

ആ ചരിത്രം ശ്രീധരന്റെ അച്ഛൻ ചുരുക്കിപ്പറഞ്ഞത് ഇപ്രകാരമായിരുന്നു: "കോമട്ടിയും കുഞ്ഞിക്കോരനുംകൂടി കൊങ്ങിണിയെ വിഴുങ്ങി. പിന്നെ കുഞ്ഞിക്കോരൻ കോമട്ടിയെ വിഴുങ്ങി. ഇനി കുഞ്ഞിക്കോരനെ വിഴുങ്ങാൻ ഒരു വിദ്വാൻ എവിടെയോ മറഞ്ഞിരിക്കുന്നുണ്ടാവും."

കൃഷ്ണൻമാസ്റ്ററും ശ്രീധരനും കെ. കെ. ബുക്ക് ഡിപ്പോവിലേക്കു കയറിച്ചെന്നപ്പോൾ

പെ്രാപ്രൈെ്ററ്റർ കുഞ്ഞിക്കോരൻ ഒരു കൂർത്ത പെൻസിൽ കാതിൽ തിരുകിത്തിരിച്ചുകൊണ്ടു കടിമാറ്റുകയായിരുന്നു. കൃഷ്ണൻമാസ്റ്ററെ കണ്ടപ്പോൾ അയാൾ ആദരവോടെ ചൊറിപ്പെൻസിൽ താഴെവെച്ച്, ഒന്ന് ഇളിച്ചു.

നന്നേ കറുത്തുതടിച്ച കുള്ളനായൊരു മദ്ധ്യവയസ്കനാണ് കുഞ്ഞിക്കോരൻ. അയാൾ പല്ലിളിച്ചപ്പോൾ, കരിക്കലത്തിനുള്ളിൽനിന്നു തേങ്ങാമുറി വെളിക്കെടുത്തതുപോലെ തോന്നി, ശ്രീധരന്.

മാത്തമേറ്റിക്സ് ടെക്സ്റ്റ്ബുക്ക് പൊതിഞ്ഞുകെട്ടി അയാൾ ശ്രീധരന്റെ കൈയിൽ കൊടുത്തു. പുസ്തകത്തിന്റെ വില പന്ത്രണ്ടണ എണ്ണിക്കൊടുത്തപ്പോൾ കുഞ്ഞിക്കോരൻ അതു വാങ്ങി. പിന്നെ എന്തോ ആലോചിച്ച് (പണ്ട് ഇലഞ്ഞിപ്പൊയിലിൽനിന്നു തിന്ന തവിടിന്റെ സ്വാദ് അയവിറക്കുകയായിരിക്കാം.) രണ്ടണ മടക്കിക്കൊടുത്തു.

പുതിയ അച്ചടിപുസ്തകം കൈയിൽക്കിട്ടിയാൽ അതൊന്നു തുറന്നു മണത്തു നോക്കുന്ന സ്വഭാവം, കോളേജ് ക്ലാസ്സിലെത്തിയിട്ടും ശ്രീധരനെ വിട്ടുപിരിഞ്ഞിരുന്നില്ല. റോഡിലിറങ്ങിയ ഉടൻ പുസ്തകം കെട്ടഴിച്ചു പുറത്തെടുത്ത് തുറന്ന്, കണ്ണും ചിമ്മി ഒന്നു ഘ്രാണിച്ചു. പുത്തൻ കടലാസിന്റെയും അച്ചടിമഷിയുടെയും ഗ്ലൂന്ത് പശയുടെയും സമ്മിശ്രഗന്ധം നുകർന്ന് സംതൃപ്തനായി. പിന്നെ ഏടുകൾ അവിടവിടെ മറിച്ചുനോക്കി. അതിൽ കുടികൊണ്ടിരുന്ന അക്കങ്ങളും ചിഹ്നങ്ങളും—കൊക്കകളും കൊടിലുകളും കുരിശുകളും കോടാലികളും കൈക്കോട്ടുകളും—കണ്ട് ദൈവമേ, ഇതെല്ലാം തനിക്ക് വിഴുങ്ങാനുള്ള വഹകളാണല്ലോ എന്നോർത്തപ്പോൾ ദഹനക്കേടിന്റേതായ നേരിയൊരു മനംപുരട്ടലും അനുഭവപ്പെട്ടു.

കച്ചേരിക്കടുത്തായി തെരുവുമൂലയിൽ പഴയൊരു പീടികയുടെ ഇടുങ്ങിയ മാളികമുറിയുടെ റോഡിലേക്കഭിമുഖമായ ജാലകത്തിനരികെ ഒരു ബോർഡ് കാണാം —'ഇവിടെ ഹരജികൾ എഴുതിക്കൊടുക്കും.'

ഹാഷിം മുൻഷിയുടെ ആഫീസ്മുറിയാണ്.

പട്ടണത്തിലെ മിക്ക ആളുകൾക്കും കേട്ടറിവുള്ളൊരു മാന്യവ്യക്തിയാണ് ഹാഷിംമുൻഷി. ഹാഷിംമുൻഷിയുടെ പഴയ ഔദ്യോഗികചരിത്രമാണ്, അദ്ദേഹത്തെ പ്രഖ്യാതനും ആദരണീയനുമാക്കിത്തീർത്തത്.

കുറെ വർഷങ്ങൾക്കുമുമ്പ് കച്ചേരിയിലെ ഒരു ശിരസ്തദാരായിരുന്നു ഹാഷിം. പ്രാപ്തനായൊരു ഉദ്യോഗസ്ഥൻ! ജോലിയിൽ അതികണിശക്കാരൻ. എന്നാൽ, ആരെയും വകവയ്ക്കാത്തൊരു പ്രകൃതക്കാരൻ. തനിക്കു ശരിയല്ലെന്നു തോന്നിയാൽ മേലുദ്യോഗസ്ഥന്മാരോടു ഞെളിഞ്ഞുനിന്നു കാന്തുനിളക്കും—വെള്ളക്കാരൻ കലക്ടരോടുപോലും! ശിരസ്തദാരുടെ ഈ സർവ്വജ്ഞഭാവവും, ആരെയും കൂട്ടാക്കാത്ത പെരുമാറ്റവും ഉദ്യോഗക്കയറ്റത്തിനെന്നല്ല, നിലനിൽപിനുപോലും ഊനംവരുത്തുമെന്ന് പല സുഹൃത്തുക്കളും അദ്ദേഹത്തെ ഉപദേശിച്ചു. ഹാഷിം ഇളകിയില്ല. തന്റെ ജോലി സത്യമായും കൃത്യമായും ചെയ്യുന്ന കാലത്തോളം താൻ ആരുടെയും മുമ്പിൽ തലകുനിക്കുകയില്ലെന്ന് ഹാഷിം ഉശിരോടെ ഉത്തരംകൊടുത്തു.

ഉദ്യോഗസ്ഥന്മാർ അവസരം പാർത്തുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ ഒരിക്കൽ ശിരസ്തദാർ ഹാഷിം ഖജാനയിലടച്ച പണത്തിന്റെ സ്റ്റേറ്റ്മെന്റിൽ ഒരു പൈയുടെ കുറവു കണ്ടുപിടിക്കപ്പെട്ടു. വെറും ഒരു പൈയുടെ കുറവ്.

കണക്കിൽ കുറവ് നൂറുറുപ്പികയായാലും ഒരു പൈ ആയാലും നിയമദൃഷ്ട്യാ അത് അപഹരണംതന്നെയാണ്.

അന്വേഷണവിധേയനായി ശിരസ്തദാർ ഹാഷിമിനെ സസ്പെൻഡ് ചെയ്തു.

ഹാഷിം വാദിക്കാൻ നിന്നില്ല. തെറ്റു സമ്മതിച്ചു. മാപ്പപേക്ഷിക്കാൻ മനസ്സില്ലെന്നു മറുപടിയും കൊടുത്തു.

അങ്ങനെ ശിരസ്തദാർ ഹാഷിമിന് ഗവൺമെൻറ് സർവ്വീസിൽനിന്നു പിരിയേണ്ടിവന്നു.

ഹാഷിം പിറ്റേന്നുതന്നെ കച്ചേരിക്കടുത്ത് തെരുവുമൂലയിലെ പീടിക മാളികമുറി വാടകയ്ക്കെടുത്ത് ഒരു ബോർഡും തൂക്കി ഹരജിയെഴുത്തുകാരൻ ഹാഷിംമുൻഷിയായിത്തീർന്നു.

ഗവൺമെൻറുദ്യോഗസ്ഥനായിരുന്നപ്പോൾ കിട്ടിയ ശമ്പളത്തേക്കാൾ ഇരട്ടി സംഖ്യ ഹരജിയെഴുത്തുകൊണ്ട് ഹാഷിംമുൻഷി മാസംതോറും സമ്പാദിക്കുന്നുണ്ട്. ഹാഷിംമുൻഷി ഇംഗ്ലീഷിൽ തയ്യാറാക്കിയ ഹരജി വായിച്ച് കലക്ടർ സായ്പുപോലും കലുങ്ങിപ്പോയിട്ടുണ്ട്. ശുദ്ധിയും വീര്യവുമുൾക്കൊള്ളുന്ന ശൈലി. കാര്യമാത്രപ്രസക്തമായ ഖണ്ഡികകൾ. ഹരജിയിൽ ഒരൊറ്റ വാക്കു പോലും അധികപ്പറ്റായി കാണുകയില്ല.

നല്ല ശൈലിയിൽ ഇംഗ്ലീഷെഴുതാൻ കൃഷ്ണൻമാസ്റ്റർക്ക് സാധിക്കും. പക്ഷേ, കോടതിയും കച്ചേരിയുമായി ഇടപാടില്ലാത്തതുകൊണ്ട് നീതിപീഠത്തിൽ സമർപ്പിക്കാനുള്ള പത്രികകളുടെ മട്ടും മാതിരിയും പ്രതിപാദന സമ്പ്രദായവുമൊന്നും മാസ്റ്റർക്കു പിടിയില്ല. അതുകൊണ്ടാണ് കലക്ടർ സായ്പിനുള്ള പെറ്റീഷൻ തയ്യാറാക്കാൻ ഹാഷിംമുൻഷിയുടെ ആശ്രയം തേടിയത്.

ഇടുങ്ങിയ കോണികേറി കൃഷ്ണൻമാസ്റ്ററും ശ്രീധരനും ഹാഷിംമുൻഷിയുടെ മാളികപ്പൊത്തിലെത്തി. മുൻഷി ഒരു കക്ഷിയെ മുമ്പിൽ നിർത്തി ഹരജി എഴുതിക്കൊണ്ടിരിക്കയായിരുന്നു. അദ്ദേഹം ആഗതരെ ആദ്യം ശ്രദ്ധിച്ചതേയില്ല. എഴുത്തിൽ അത്രകണ്ടു ദത്തശ്രദ്ധനായിരുന്നു. പിന്നെ എന്തോ ആലോചിച്ചുകൊണ്ടു തലയുയർത്തിയ സന്ദർഭത്തിൽ കൃഷ്ണൻ മാസ്റ്ററെ കണ്ടു. ഉപചാരത്തോടെ ഒന്നു തലയാട്ടി, ഇരിക്കാൻ ആഗ്യംകാട്ടി, വീണ്ടും ഗൗരവത്തോടെ എഴുത്തു തുടർന്നു.

കൃഷ്ണൻമാസ്റ്ററും ശ്രീധരനും, മുറിയിലിട്ടിരുന്ന ഒരു ബാങ്കിൽ (ബഞ്ച്) ആസനസ്ഥരായി.

ഒരു പൈ കാരണം ഗവർമ്മെണ്ടുദ്യോഗം പോയ ആ മഹാനെ — ഒരൈതിഹാസികപുരുഷനെയെന്നപോലെ—ശ്രീധരൻ മിഴിച്ചുനോക്കി. കുറിയൊരു മനുഷ്യൻ. പഴുത്ത ഓറഞ്ചിന്റെ നിറമുള്ള ചെറിയ വട്ടമുഖം. നീണ്ടുയർന്ന നാസിക. വെള്ളക്കുപ്പായത്തിനു മീതെ മാറിൽ തൂങ്ങിക്കിടക്കുന്ന വെഞ്ചാമരത്താടി. മൂർദ്ധാവിൽ പുത്തൻചെമ്പുകിണ്ണം കമിഴ്ത്തി വെച്ചപോലെ തോന്നുന്ന കഷണ്ടി......

ഇന്ത്യാചരിത്രപുസ്തകത്തിൽ കണ്ട ഒരു ചിത്രം ശ്രീധരന്റെ ഓർമ്മയിലുദിച്ചു: ഔറംഗസീബോ—അല്ല—അബുൾഫാസലോ?

മുഖവും താടിയും സ്വൽപം ചെരിച്ചു വളരെ ഗൗരവത്തോടെ ധൃതിയിലാണ് മുൻഷി എഴുതുന്നത്. ഫൗണ്ടൻപേനകൊണ്ടോ, സ്റ്റീൽപെൻ കൊണ്ടോ അല്ലാ, തണ്ടിന്റെ

അഗ്രം ചെരിച്ചു ക്കുർപ്പിച്ചു ശരിപ്പെടുത്തിയ പരുന്തിൻളുവൽകൊണ്ടാണ് എഴുതുന്നത്. ഇടയ്ക്കു ളുവല് മുമ്പിലെ മഷിക്കുപ്പിയിൽ സൂക്ഷ്മതയോടെ ഒന്നു മുക്കുന്നതും കാണാം.

മുൻഷി ഹരജിയെഴുതിത്തീർത്ത്, അതിൽ രണ്ടാമതൊന്നു കണ്ണോടിക്കുകപോലും ചെയ്യാതെ, അതു കക്ഷിയുടെ മുമ്പിലേക്കു നീക്കിയിട്ടു കൊടുത്ത്, കക്ഷി കൊടുത്ത ഫീസ് വാങ്ങി. അലക്ഷ്യഭാവത്തിൽ മേശവലിപ്പിലേക്കിട്ടു. പിന്നെ താടിയിളക്കിക്കാട്ടി കൃഷ്ണൻമാസ്റ്ററെ വിളിച്ചു.

ഓണറബ്ൾ കലക്ടർക്കു സബ്മിറ്റ് ചെയ്യാനുള്ള ഹംബ്ൾപെറ്റീഷന്റെ മാറ്ററും, അതിന്റെ ബാക്ക്ഗ്രൗണ്ടും കൃഷ്ണൻമാസ്റ്റർ മുൻഷിക്ക് എക്സ്പ്ലെയിൻ ചെയ്തുകൊടുത്തു. മുൻഷി മിഴിയടച്ചിരുന്ന് ഇടയ്ക്കിടെ താടിയിളക്കിക്കൊണ്ടു ശ്രദ്ധിച്ചു. മാസ്റ്റർ പറഞ്ഞുതീർക്കുന്നതിനു മുമ്പുതന്നെ മുൻഷി ഒരു പഴയ വെള്ളക്കടലാസെടുത്ത് എഴുത്തുതുടങ്ങി.

ഹാഷിംമുൻഷിക്കു ഹരജി തയ്യാറാക്കാൻ കരടു പകർപ്പ് ആവശ്യമില്ല. ആദ്യം എഴുതുന്നതുതന്നെ അസ്സലായിരിക്കും. അപേക്ഷയോ, ആക്ഷേപമോ, ഹരജിയുടെ സ്വഭാവമെന്തായാലും, കക്ഷി പറഞ്ഞുകൊണ്ടിരിക്കെ മുൻഷി അതിൽ ആവശ്യമുള്ളത് ഇംഗ്ലീഷിലേക്കു പകർത്തുന്നുണ്ടാവും. പിന്നീട് അതിൽ ഒരു കുത്തോ തിരുത്തോ വേണ്ടിവരില്ല.

സ്വന്തമായി കാച്ചിയുണ്ടാക്കിയ കടുക്കാമഷിയേ മുൻഷി ഉപയോഗിക്കുകയുള്ളൂ. ബ്ലോട്ടിങ് പേപ്പറും ഇവിടെ ഒരു ബഹിഷ്കൃതവസ്തുവാണ്. ഒരു ചിരട്ടയിൽ നല്ല മണൽത്തരി നിറച്ച് മേശപ്പുറത്തു വെച്ചിട്ടുണ്ട്. മഷിയുലർത്താൻ മണൽത്തരി നുള്ളി മീതെ വിതറിയിടും.

കലക്ടർക്കുള്ള പെറ്റിഷൻ, മുൻഷി, പത്തുമിനിറ്റുകൊണ്ട് എഴുതിത്തീർത്ത് കൃഷ്ണൻമാസ്റ്ററുടെ കൈയിലേൽപിച്ചു.

ശ്രീധരൻ ആ ഹരജിയിലേക്കൊന്നു കണ്ണയച്ചു. അയ്യ! എന്തു കൗതുകമുള്ള കൈയക്ഷരങ്ങൾ! എന്തൊരു വടിവ്! ഓരോ വരിയും കണ്ടാൽ കടലാസിൽ കട്ടുറുമ്പുകൾ ചാലിട്ടതാണെന്നു തോന്നും.

ആ അദ്ഭുതകരമായ കൈപ്പട നോക്കി ശ്രീധരൻ അച്ഛനോടു മെല്ലെ പറഞ്ഞു: "അച്ഛാ, മുൻഷിക്ക് എന്തോ ജിന്നിന്റെ സേവയുണ്ടെന്നു തോന്നുന്നു. മനുഷ്യനു് ഇങ്ങനെ എഴുതാൻ കഴിയുമോ?"

അതു കേട്ടു കൃഷ്ണൻമാസ്റ്റർ ചിരിച്ചുപോയി.

ഹരജിയെഴുതിയതിന്റെ ഫീസും കൊടുത്ത് കൃഷ്ണൻമാസ്റ്റർ മുൻഷിയോടു യാത്രപറഞ്ഞപ്പോൾ, മുൻഷി വാത്സല്യഭാവത്തിലൊന്നു നോക്കി മാസ്റ്ററോടു ചോദിച്ചു:

"മകനാണോ?"

"യെസ്സ്, മൈ സൺ." കൃഷ്ണൻമാസ്റ്റർ ശ്രീധരനെ മുൻഷിയുടെ മുമ്പിലേക്കു പിടിച്ചുനിർത്തി.

"പേരെന്താണ്?"

"ശ്രീധരൻ."—ഭക്ത്യാദരങ്ങളോടെയായിരുന്നു ശ്രീധരന്റെ ഉത്തരം.

"ഏതു ക്ലാസ്സിലാണു പഠിക്കുന്നത്?"

അതിന്ന മറുപടി പറഞ്ഞതു കൃഷ്ണൻമാസ്റ്ററായിരുന്നു—അഭിമാനം സ്ഫുരിക്കുന്ന സ്വരത്തിൽ: "ഇന്റർമീഡ്യറ്റിൽ—രാജാകോളേജിൽ."

"മിടുക്കൻ!" മുൻഷി വാത്സല്യത്തോടെ ശ്രീധരന്റെ പുറത്തു തട്ടി.

അപ്പോൾ കൃഷ്ണൻമാസ്റ്റർ ചിരിച്ചുകൊണ്ടു പറഞ്ഞു: "മുൻഷിയുടെ ഹാൻഡ് റൈറ്റിങ് കണ്ടിട്ട് ഇവൻ അദ്ഭുതംകൊണ്ടിരിക്കയാണ്. മുൻഷിക്കു ജിന്നിന്റെ സേവയുണ്ടോ എന്നാണ് ഇവന്റെ സംശയം."

അതു കേട്ടു മുൻഷി മുഖം ചുളിച്ച് ഒരു ചിരി ചിരിച്ചു.

ആ ഗൗരവക്കാരന് അങ്ങനെ ചിരിക്കാൻ കഴിയുമെന്നു ശ്രീധരൻ ഓർത്തിരുന്നില്ല. (മുൻഷിയുടെ വായിൽ മുഴുവനും പുഴുപ്പല്ലുകളാണെന്നും ശ്രീധരൻ മനസ്സിലാക്കി.)

മുൻഷി ശ്രീധരന്റെ ചുമലിൽ കൈവച്ചുകൊണ്ടു മൊഴിഞ്ഞു: "നിത്യാബ്യാസംകൊണ്ടു ഹാൻഡ്റൈറ്റിംഗ് നന്നാക്കാം. ഫൗണ്ടൻപേനകൊണ്ട് ഒരിക്കലും എഴുതരുത്. സ്റ്റീൽപെൻ ഉപയോഗിക്കണം. എന്നാൽ, എഴുതാൻ ഏറ്റവും നല്ലതു തൂവലാണ്. പച്ചിത്തൂവൽ......"

(പച്ചിത്തൂവൽ! മുൻഷിയുടെ ഇംഗ്ലീഷ് കേമം. കൈയക്ഷരം അതിലും കേമം. എന്നാൽ, മലയാള ഉച്ചാരണം മഹാമോഷം!)

"മനസ്സിലായോ?" മുൻഷി ശ്രീധരന്റെ താടിയിൽ സ്നേഹത്തോടെ ഒന്നു നുള്ളി.

ശ്രീധരൻ തലയാട്ടി.

മുൻഷി ഉപദേശം തുടർന്നു: "ദിവസവും മുടങ്ങാതെ അരമണിക്കൂറുനേരം എന്തെങ്കിലും പകർത്തിയെഴുതി ശീലിക്കണം. സേ്ലാലി ആൻഡ് കേർഫുള്ളി........"

ശ്രീധരൻ മുൻഷിയുടെ ഉപദേശങ്ങൾ ശ്രദ്ധിച്ചുകേട്ടു. മാത്രമല്ല, കൈയെഴുത്തുവിദ്യയിൽ ഗുരുവായി ഹാഷിംമുൻഷിയെ മനസാ സ്വീകരിക്കുകയും ചെയ്തു.

മുൻഷി ചുമരിലെ ചെറിയ ഷെൽഫിലേക്കു കൈയുയർത്തി. (ആ ഷെൽഫിൽ ഒരു ഇംഗ്ലീഷ് ഡിക്ഷ്ണറിയും, മൂന്നുനാല് ഉർദുമാസികകളും അടുക്കിവെച്ചിരുന്നു. അരികെ ഒരു കടലാസുപെട്ടിയും.)

മുൻഷി കടലാസുപെട്ടി തുറന്ന് അതിൽനിന്ന് ഒരു സാധനമെടുത്ത് ശ്രീധരന്റെ നേർക്കു നീട്ടിക്കൊണ്ടു പറഞ്ഞു:

"ഇതു ശ്രീധരന്ന് എന്റെ പ്രസന്റാണ്. ഇതുകൊണ്ട് എഴുതിത്തുടങ്ങി കയ്യച്ചരം നന്നാക്കണം."

മുൻഷി സമ്മാനിച്ച പക്ഷിത്തൂവൽ ശ്രീധരൻ ആദരപൂർവ്വം വാങ്ങി, നന്ദി പറഞ്ഞ്, കീശയിൽ നിക്ഷേപിച്ചു.

മുൻഷിയുടെ മുറിയിൽനിന്നു പുറത്തുകടന്നു കോണിയിറങ്ങുമ്പോൾ, കൃഷ്ണൻമാസ്റ്റർ ശ്രീധരനോടു പറഞ്ഞു: "പാവം മുൻഷി! മുൻഷിക്കു മക്കളില്ല. അതാണ് കുട്ടികളോട് അദ്ദേഹം ഇങ്ങനെ വാത്സല്യം കാണിക്കുന്നത്."

തെരുവിന്റെ തെക്കുഭാഗത്തു വലിയൊരാഭരണഷാപ്പുണ്ട്. അവിടെ മെത്തപ്പായ വിരിച്ച ഒരു മൂലയിൽ, ഒരു കുറ്റന്പെട്ടിക്കു പിറകിൽ, ഒരു കൊച്ചു കുഷ്യൻകിടക്കയിൽ ഉരുളൻതലയണയും ചാരിക്കൊണ്ട്, കണ്ണടവെച്ച അർദ്ധനഗ്നനായൊരു താടിക്കാരൻ

ചമ്രംപടിഞ്ഞിരിക്കുന്നതു കാണാം.

ആത്മാനന്ദസ്വാമിയുടെ ആഭരണഷാപ്പ്!

ആത്മാനന്ദൻ എന്നു പറഞ്ഞാൽ അധികമാളുകൾക്കും പെട്ടെന്നു മനസ്സിലാവുകയില്ല. തട്ടാൻ മജിസ്ട്രേട്ട് എന്നു പറയണം.

ഗവൺമെൻറ് സർവ്വീസിൽനിന്നു ഡിസ്മിസ്ചെയ്യപ്പെട്ട പുള്ളിയാണ്. ഹാഷിംമുൻഷിയെപ്പോലെ അറിയാതെ പറ്റിപ്പോയ നിസ്സാരമായൊരു തെറ്റിൻറെ പേരിലലല്ല, ഗോപാലൻമജിസ്ട്രേട്ടിൻറെ ഉദ്യോഗം തെറിച്ചുപോയത്. വിചാരണയിലിരിക്കുന്ന ഒരു ക്രിമിനൽക്കേസിൽപ്പെട്ടതും തൻറെ കസ്റ്റഡിയൽ വെച്ചിരുന്നതുമായ സ്വർണ്ണാഭരണങ്ങളിൽനിന്ന് ഒന്നു രണ്ടെണ്ണം മജിസ്ട്രേട്ട് കബൂലാക്കിക്കളഞ്ഞതായി തെളിഞ്ഞു. ജയിൽശിക്ഷ കിട്ടേണ്ടതായിരുന്നു. മൂപ്പർ എങ്ങനെയോ തടിതപ്പിയെന്നുമാത്രം.

മജിസ്ട്രേട്ടുദ്യോഗം പോയതുകൊണ്ടൊന്നും ഗോപാലൻറെ ആത്മാവിനു കുലുക്കംതട്ടിയില്ല. മൂപ്പർ പെട്ടെന്നു ഭക്തിയിലേക്കു മാറി. കുപ്പായമഴിച്ച് കഴുത്തിൽ രുദ്രാക്ഷം കെട്ടിത്തൂക്കി മുടിയും താടിയും വളർത്തി ആത്മാനന്ദൻ എന്നൊരു പേരും സ്വീകരിച്ചു. പിന്നെ ഉത്തരേന്ത്യയിലേക്ക് ഒരു തീർത്ഥയാത്രയ്ക്കു പറപ്പെട്ടു. കാശിയിൽനിന്നു പ്രയാഗയിലെത്തി. 'ത്രിവേണി' യിൽ മോക്ഷത്തിനു മുങ്ങുന്നതിനുമുമ്പ്, പുരോഹിതൻ തീർത്ഥാടകനോടു പതിവുപോലെ അരുളിച്ചെയ്തു. 'ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ട എന്തെങ്കിലുമൊന്നു ത്യജിച്ചതായി പ്രഖ്യാപിക്കണ' മെന്ന്. (എങ്കിൽ മാത്രമേ തീർത്ഥാടനഫലത്തിനു പൂർത്തിവരികയുള്ളൂ.) ഗോപാലൻ കുറച്ചു നേരം ആലോചിച്ചു. പിന്നെ ഭാര്യയെ ഉപേക്ഷിച്ചതായി പ്രഖ്യാപിച്ചു.

തീർത്ഥയാത്ര കഴിഞ്ഞു നാട്ടിൽ തിരിച്ചെത്തിയപ്പോൾ തൻറെ കുലത്തൊഴിൽ ഉപേക്ഷിക്കുന്നത് ധർമ്മവിരുദ്ധമാണെന്ന് ഗോപാലൻറെ ആത്മാവിൽ നിന്നൊരു അരുളപ്പാടുണ്ടായി. അതനുസരിച്ച് തെരുവിൻറെ തെക്കേയറ്റത്ത് ഒരാഭരണഷാപ്പു തുറന്നു. സ്വൽപം കവിത്വവും ഗോപാലൻറെ ആത്മാവിൽ ക്ളാവുപിടിച്ചുകിടന്നിരുന്നു. ഷാപ്പിൻറെ പിൻഭാഗത്തെ വലിയ മുറിയിൽ മൂന്നുനാലു സ്വർണ്ണപ്പണിക്കാർ ഉമിത്തീയും ഓടക്കുഴലും കൊടിലും ചുറ്റികയുമായി ഊതിയും ഉരുക്കിയും ഉലർത്തിയും തട്ടിയും മുട്ടിയും മിനുക്കിയും വേലചെയ്തുകൊണ്ടിരിക്കെ, ആത്മാനന്ദൻ വരാന്തമൂലയിലെ കുഷ്യൻ മെത്തയിൽ ചമ്രംപടിഞ്ഞിരുന്ന് ആദ്ധ്യാത്മിക കവനങ്ങൾ നിർമ്മിച്ചു. അനുഷ്ടുപ്പുവൃത്തത്തിൽ നൂറ്റിയൊന്നു ശ്ലോകങ്ങളടങ്ങിയ 'മോക്ഷഗവാക്ഷം' എന്ന തൻറെ ലഘുകാവ്യം സ്വന്തം ചെലവിൽ അച്ചടിപ്പിച്ച് സ്വർണ്ണപ്പണ്ടം വാങ്ങാൻ കടയിൽ വരുന്ന കക്ഷികൾക്കു സൗജന്യമായി വിതരണംചെയ്തു.

'പഠിച്ച വിദ്യ പാഴാക്കരുത്' എന്നായിരുന്നു പിന്നെ ആത്മാവിൽനിന്നുയർന്ന അരുളപ്പാട്. അതനുസരിച്ചു തൻറെ ഇരിപ്പിടത്തിനരികെ മുകളിൽ ഇറയിൽ 'ഇവിടെ ഇംഗ്ലീഷ് ഹരജികൾ എഴുതപ്പെടും' എന്നു മലയാളത്തിലും പിന്നെ ഇംഗ്ലീഷിലും എഴുതിയ ഒരു ബോർഡും കെട്ടിത്തൂക്കി ഹരജിയെഴുത്തും ആരംഭിച്ചു.

കൃഷ്ണൻമാസ്റ്ററും ശ്രീധരനും അങ്ങോട്ടു കയറിച്ചെന്നപ്പോൾ പ്രൊപ്രൈറ്റർ ആത്മാനന്ദസ്വാമി ഒരുകൂട്ടം മണിക്കാതിലയുടെ കണ്ണികൾ ഓരോന്നായെടുത്ത് കല്ലിലുരച്ചു മാറ്റു പരിശോധിക്കയായിരുന്നു.

ആഭരണത്തിന്റെ ഉടമസ്ഥൻ—കുടുമ കെട്ടിവെച്ച ഒരുൾനാടൻ കാരണവർ—അരികെത്തന്നെ കഴുത്തുംനീട്ടി ഒടിഞ്ഞുകുത്തി നിൽക്കുന്നുണ്ടായിരുന്നു.

തട്ടാൻമജിസ്ട്രേട്ടിനെ വളരെ മുമ്പുതന്നെ കൃഷ്ണൻമാസ്റ്റർക്കു പരിചയമുണ്ട്. ആത്മാനന്ദൻ കണ്ണടയ്ക്കുള്ളിലൂടെ കൃഷ്ണൻമാസ്റ്ററെ ഒന്നു കടാക്ഷിച്ചു; ലോഹ്യഭാവത്തിൽ പുഞ്ചിരിതൂകി. കോലായത്തിണ്ണയിലേക്കു ചൂണ്ടി ഇരിക്കാൻ ആംഗ്യംകാട്ടി. പിന്നെ 'ഇതാ ഇപ്പോൾ കഴിയും' എന്നു ക്ഷമാപണസ്വരത്തിൽ മൊഴിഞ്ഞ് കാതിലമണികളുടെ കാരറ്റ് പരിശോധന തുടർന്നു.

ശ്രീധരൻ വരാന്തയുടെ അരികെത്തന്നെ നിന്നു പെർറാപ്പെർറ്ററുടെ പെട്ടിപ്പുറത്തു തനിയേ വിറപൂണ്ടു നിലകൊള്ളുന്ന ലോലമായ പിത്തളത്തുലാസ്സും, തൂക്കക്കട്ടിക്കുഞ്ഞുങ്ങളും, മഞ്ചാടി–കുന്നിക്കുരുമണികളും കൂടിക്കലർന്നുകിടക്കുന്ന അളുക്കും കൗതുകത്തോടെ നോക്കി. പിന്നെ ആത്മാനന്ദസ്വാമിയെ ആകെപ്പാടെ ഒന്നു നിരീക്ഷിച്ചു. രോമങ്ങൾ മുറ്റി വളർന്ന സ്വാമിയുടെ കാതുകൾ കോഴിക്കുഞ്ഞിന്റെ ചിറകുകൾപോലെയുണ്ടായിരുന്നു. നീണ്ട താടിയുടെ അറ്റം പിടിച്ചുകെട്ടിയിട്ടത് ഒരു നീറ്റടയ്ക്കപോലെ നെഞ്ഞത്തു കിടന്നിരുന്നു.

പത്തുമുപ്പതു സ്വർണ്ണച്ചിറ്റുകളുടെ മാറ്റുനിർണ്ണയിക്കാൻ കാൽമണിക്കൂറെടുത്തു. പിന്നെ തട്ടാൻ മജിസ്ട്രേട്ടു വിധികല്പിച്ചു: "മാറ്റുകുറഞ്ഞ പഴയ പൊന്നാണ്."

കുടുമക്കാരൻ കാരണവർ തലതാഴ്ത്തി വിധി സ്വീകരിച്ചു.

പിന്നെ തൂക്കലും കണക്കുകൂട്ടലുമെല്ലാം എളുപ്പം കഴിഞ്ഞു. പൊന്നിന്റെ പണവും കൊടുത്തു കക്ഷിയെ ഡിസ്മിസ്ചെയ്തു. കൃഷ്ണൻ മാസ്റ്ററുടെ കേസ് വിചാരണയ്ക്കെടുത്തു.

കാപ്പുകൾ തീയിലിട്ടു കാച്ചി പൊതിച്ചൽ സ്വർണ്ണം പുറത്തെടുക്കാൻ കുറച്ചു സമയം പിടിച്ചു.

പരിഷ്കാരത്തിലുള്ള വളകളുടെ സാമ്പിൾ കൃഷ്ണൻമാസ്റ്ററെക്കൊണ്ടംഗീകരിപ്പിച്ച് പണ്ടം പണിയാൻ പൊന്നു വീണ്ടും പിറകിലെ മുറിയിലേക്ക് അയയ്ക്കപ്പെട്ടു.

"മൂന്നുദിവസംകൊണ്ടു പണി തീർത്തുവെക്കാം." ആത്മാനന്ദസ്വാമി താടി തടവിക്കൊണ്ടരുളിച്ചെയ്തു. പിന്നെ പെട്ടിയുടെ വലിപ്പു നീക്കി, ഉള്ളിൽ നിന്ന് ഒരു പുസ്തകമെടുത്തു കൃഷ്ണൻമാസ്റ്റർക്കു സമ്മാനിച്ചു: 'മോക്ഷഗവാക്ഷം.'

## 2. കിണറും കലണ്ടറും

പിറ്റേന്ന ശനിയാഴ്ച.

ഹാഷിംമുൻഷി വാത്സല്യപൂർവ്വം സമ്മാനിച്ച ത്തുവല് കൈയിലെടുത്തു കൗതുകത്തോടെ വീണ്ടും പരിശോധിച്ചുകൊണ്ടിരിക്കയാണ് ശ്രീധരൻ. ഹാഷിംമുൻഷിയുടെ എഴുത്ത് അത്ര കമനീയമായിത്തോന്നിയത് കടുക്കമഷികൊണ്ട് എഴുതിയതിനാലായിരിക്കണം. ത്തുവലിനിണങ്ങിയതു കടുക്കമഷിതന്നെ—കടുക്കമഷി കാച്ചിയുണ്ടാക്കണം. കുറച്ചുകൂടി ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീധരന്റെ മനസ്സിൽ ഒരു ജാള്യം ഇഴഞ്ഞുകൂടി. കോളേജ് ക്ളാസ്സിലെത്തിയിട്ടാണോ കയ്യട നന്നാക്കാനുള്ള കോപ്പിയെഴുത്തിനു മുതിരുന്നത്?

—തന്റെ കൈയക്ഷരം അത്ര മോശമൊന്നുമല്ല.

ത്തുവൽ കൈവിരലുകൾകൊണ്ടു തലോടി. എന്തൊരു മാർദ്ദവം! മുന കൊണ്ടു കൈവെള്ളയിൽ ഒന്നു കുത്തിനോക്കി. എന്തൊരു കൂർപ്പ്! എത്ര സൂക്ഷ്മതയോടെയാണ് തണ്ടിന്റെ അഗ്രം മുറിച്ചു ശരിപ്പെടുത്തിയിരിക്കുന്നത്...പെട്ടെന്നാണ് ആ പരമാർത്ഥം തലച്ചോറിൽ പതിഞ്ഞത്. ഇതു പരുന്തിന്റെ ത്തുവലാണ്! തന്റെ ആകാശശത്രുവായ ഗരുഡപ്പരുന്തിന്റെ ചിറക്—ശത്രുവെ കൈയിൽ കിട്ടിയപോലെ ഒരു നൈമിഷികാനുഭൂതി.

..........അവനെ സംഹരിക്കുന്ന ഒരുഗ്രൻ കവിതയെഴുതണം —അവന്റെ ത്തുവല്കൊണ്ടുതന്നെ. ഉദ്ഘാടനം അങ്ങനെയാവട്ടെ. 'ഗരുഡഗർവ്വഭംഗം' എന്ന പുരാണകഥ ഓർമ്മവന്നു. തന്റെ കവിതയ്ക്കു 'ഗരുഡവധം' എന്നു പേരിടണം. കടുക്കമഷിയുടെ കാര്യവും ഓർത്തു.

കടുക്കമഷിയുണ്ടാക്കുന്ന വിദ്യ അച്ഛൻ ഉപദേശിച്ചുകൊടുത്തിട്ടുണ്ടായിരുന്നു. പുതിയ നിരത്തിന്റെ കിഴക്കേ മൂലയിൽ വണ്ണാൻ കുഞ്ഞുണ്ണിയുടെ മരുന്നുപീടികയിൽനിന്നു കടുക്ക വാങ്ങാം —മഷിക്കഷായത്തിൽ ചേർക്കാനുള്ള തുരിശും അവിടെനിന്നു കിട്ടിയേക്കും.

ഇൻസ്ട്രുമെന്റ് ബോക്സ് തുറന്ന് അതിൽ സൂക്ഷിച്ചുവെച്ചിരുന്ന ചില്ലിപ്പൈസ പെറുക്കി എണ്ണിനോക്കി. കാശും, മുക്കാലും, തുലാസിന്റെ ചാപ്പയടിച്ച ഒരു കനത്ത അരയണച്ചെമ്പുതുട്ടും എല്ലാംകൂടി കൂട്ടിനോക്കിയപ്പോൾ മൂന്നേമുക്കാലണയുണ്ട്. മതിയാവും.

അങ്ങനെ ശ്രീധരൻ പുതിയനിരത്തിലേക്കു പുറപ്പെട്ടു.

വണ്ണാൻ കുഞ്ഞുണ്ണിയുടെ പീടികയുടെ കുറച്ചിപ്പുറത്തെത്തിയപ്പോൾ ആളുകൾ ഓടുന്നതു കണ്ടു. അടുത്തുള്ള എരുമക്കാരുടെ തെരുവിന്റെ നേർക്കാണ് അവർ തിരക്കിട്ടോടുന്നത്—സംഗതിയെന്താണെന്നറിയാൻ ശ്രീധരനും അവരെ പിന്തുടർന്നു.

എരുമത്തെരുവിൽ ഒരു കുറ്റൻകിണറുണ്ട്. ആ കിണറിന്റെ ആൾമറയ്ക്കുചുറ്റുംനിന്ന് ജനക്കൂട്ടം കിണറ്റിലേക്കു കുനിഞ്ഞുനോക്കുന്നു.

കാന്തമ്മ കിണറ്റിൽച്ചാടി—എരുമക്കാരൻ ഗോവിന്ദന്റെ ഭാര്യയുടെ അനുജത്തി

കാന്തമ്മ!

അതാണ സംഭവം.

കാന്തമ്മ!—ശ്രീധരന്റെ കരളിൽ കനത്ത ഒരടിയേറ്റപോലെ തോന്നി....

കാന്തമ്മയെ ശ്രീധരൻ പലപ്പോഴും കണ്ടിട്ടുണ്ട്. തങ്കവർണ്ണത്തിൽ മെലിഞ്ഞു നീണ്ടൊരു പെൺകിടാവ്. കൈത്തണ്ടകളിലും നെറ്റിയിലും പച്ച കുത്തിയ ആ തെലുങ്കത്തി, ചുവന്ന ചേലയുടെ ഏത്താപ്പുകൊണ്ടു മാറും മുലകളും ചുമലും മൂടി, തയിർക്കുടം നിക്ഷേപിച്ച ചൂരൽക്കൊട്ട തലയിൽ ബാലൻസ്ചെയ്തു നിർത്തി ഇടയ്ക്കിടെ കടമിഴികൾകൊണ്ടു കസർത്തു കളിച്ച നൃത്തഭംഗിയോടെ തെരുവിൽ നീങ്ങുന്നത് പലപ്പോഴും കൗതുകത്തോടെ നോക്കിനിന്നുപോയിട്ടുണ്ട്..... ആ കാന്തമ്മയാണ കിണറ്റിൽ!

ആൾക്കൂട്ടത്തിൽ എരുമക്കാരൻ ഗോവിന്ദനെ കണ്ടില്ല. ഗോവിന്ദന്റെ ഭാര്യ മാറത്തടിച്ച് അലമുറക്കൊള്ളുന്നു.

കാണികൾ പരിഭ്രമത്തോടെ നിസ്സഹായരായി നിൽക്കുകയാണ്..... കിണറ്റിലിറങ്ങാൻ ആർക്കും ധൈര്യമില്ല. പതിനെട്ടുകോൽ ആഴത്തിൽ മുക്കാലും നിറഞ്ഞു നിൽക്കുന്ന കിണറാണ്. പഴക്കംകൊണ്ട് അകത്തെ പടവുകൾ എല്ലാം അടർന്നുപോയിരിക്കുന്നു. പിന്നെ മുങ്ങിച്ചാവാൻ പോവുന്നവരെ വെള്ളത്തിനടിയിൽച്ചെന്നു തപ്പിപ്പിടിക്കുന്നതിന് നല്ല കരുത്തും സാമർത്ഥ്യവും ആവശ്യമാണ്—അല്ലെങ്കിൽ ഇറങ്ങിയവനും പെട്ടുതന്നെ!

"ആലിമാപ്പിളയെ വിളിക്കിൻ!.....ആലിമാപ്പിളയെ വിളിക്കിൻ!......." ആരോ ഉറക്കെ വിളിയും തെളിയും കൂട്ടി. ആലിമാപ്പിളയെത്തേടി ആരോ കുതിച്ചു.......

ആറടിയിലേറെ പൊക്കവും ചക്കിന്റെ വണ്ണവുമുള്ള കറുത്തു കുറ്റനായൊരു മനുഷ്യസത്വമാണ് ആലി—അറബിസന്താനമാണ്—മുമ്പു കടലിലെ ഉരുവിൽ ജോലിക്കാരനായിരുന്നു. വിദഗ്ദ്ധനായൊരു മുങ്ങൽക്കാരൻ. ഇപ്പോൾ തൊഴിൽ വൈക്കോൽക്കച്ചവടം. നിരത്തിന്റെ ഒരറ്റത്തുള്ള ഒരു പീടികയുടെ ഇടുങ്ങിയ മുറിയിൽ, മച്ചിനോളം പൊക്കത്തിൽ ശേഖരിച്ചുവെച്ച വൈക്കോൽക്കെട്ടുകളുംവാരി കാലുംനീട്ടി ഇരിക്കുന്നുണ്ടാവും ആലി —മുട്ടോളമെത്തുന്നൊരു ചുവന്ന കാച്ചിത്തുണി അരയിൽ ചുറ്റി, അർദ്ധനഗ്നനായി, സദാ ഉറക്കംതൂങ്ങിക്കൊണ്ടാണ് മൂപ്പരുടെ ഇരുത്തം.

കാന്തമ്മ പൊങ്ങിവരുന്നു. (മൂന്നാമത്തെ പൊങ്ങലാണത്രെ!)

"കയറ് കൊണ്ട്വരീൻ—കയറെവിടെ?" ആർക്കോ ഒരു ബുദ്ധി തോന്നി.

കിണറ്റിൻകരയിൽ കയറു കാണുന്നില്ല. (കിണറ്റിൽനിന്നു വെള്ളം കോരാൻ ഓരോ വീട്ടുകാരും സ്വന്തം തൊട്ടിയും കയറുമാണ് ഉപയോഗിക്കുന്നത്. അതു താന്താങ്ങളുടെ വീട്ടിൽ സൂക്ഷിക്കുകയും ചെയ്യും.)

ശ്രീധരൻ ശ്വാസമടക്കിപ്പിടിച്ചു വെള്ളത്തിലേക്കു മിഴിച്ചുനോക്കി — കാന്തമ്മയുടെ മലർന്ന താമരപ്പൂമുഖവും തങ്കമെയ്യും നീലത്തലമുടിയും തെളിഞ്ഞ ജലത്തിൽ വ്യക്തമായിക്കാണുന്നു. പച്ചകുത്തിയ കൈകൾ വെള്ളത്തിൽ തട്ടിപ്പിടയുകയോ തുഴയുകയോ മാടിവിളിക്കുകയോ? മരണ വെപ്രാളത്തോടെ എന്തൊക്കെയോ ഹസ്തമുദ്രകൾകാട്ടി അവൾ വെള്ളത്തിൽ നൃത്തംചെയ്യുന്നു.....

കയർ എത്തി—അപ്പോഴേക്കും അവൾ നൃത്തംചെയ്തുകൊണ്ടുതന്നെ കീഴ്പോട്ടു പൊയ്ക്കഴിഞ്ഞിരുന്നു.

പത്തുമിനിറ്റു കഴിഞ്ഞപ്പോൾ അതാ വരുന്നു ആലിമാപ്പിള, ചുമലുകൾ തെല്ലൊന്നു മുന്നോട്ടാഞ്ഞ് ആനച്ചന്തത്തിൽ അടിവെച്ചടിവെച്ചുകൊണ്ടാണു വരുന്നത്.

ആലി കിണറ്റിലേക്കൊന്നെത്തിനോക്കി. പിന്നെ എടുത്തൊരു ചാട്ടം!

വലിയ മുഖവിസ്താരമുള്ള ആ കിണർ ഒന്നു കലുങ്ങി മുഴങ്ങി.

ആളുകൾ ശ്വാസമടക്കിപ്പിടിച്ചു നോക്കിനിന്നു.

ആലി അടിയിലെത്തിയിട്ടുണ്ടെന്നു നീർപ്പോളകൾ പൊങ്ങിവന്ന് അറിയിച്ചു. പിന്നെ ഒരു വിവരവുമില്ല.

നിമിഷങ്ങൾ യുഗങ്ങളായി മാറുന്നു.

ഗോവിന്ദന്റെ ഭാര്യ അപസ്മാരമിളകി കൂക്കിവിളിക്കുന്നു.

പിന്നെ, അതാ പൊങ്ങിവരുന്നു!

അതൊരു കാഴ്ചയായിരുന്നു! അർദ്ധനഗ്നയായ കാന്തമ്മയെ ഒരു കൈ കൊണ്ടു മാറത്ത് അടക്കിപ്പിടിച്ച് മറ്റേ കൈകൊണ്ടു വെള്ളത്തിൽ തുഴഞ്ഞു പൊങ്ങി വരുന്ന ആലി. കാന്തമ്മയുടെ നീലപ്പൂഞ്ചായൽ ജലത്തിൽ നീന്തിക്കളിക്കുന്നു.

അറബിക്കഥയിലെ ഒരു രംഗമാണോ മുന്നിൽക്കാണുന്നത്? കടൽ രാക്ഷസൻ നാഗകന്യകയെ അപഹരിച്ചുകൊണ്ടുവരുന്ന രംഗം.

മുകളിൽ നിൽക്കുന്നവർ ഒരു കസേര കയറിൽക്കെട്ടി കിണറ്റിലേക്കെറിഞ്ഞു കൊടുത്തു.

കാന്തമ്മയെ കസേരയിലിരുത്താൻ കഴിയുന്നില്ല. ആലി കാന്തമ്മയെ കസേരത്തണ്ടുകളിൽ വിലങ്ങനെ വിക്ഷേപിച്ചു.

മുകളിലെത്തിയ കാന്തമ്മയെ ഉരലിന്റെ മീതേ പോറ്റി പ്രഥമ ശുശ്രൂഷകൾ നടത്തിനോക്കി. ഫലമുണ്ടായില്ല. കാന്തമ്മ ജീവൻ വെടിഞ്ഞു കഴിഞ്ഞിരുന്നു.

അപ്പോൾ കേട്ടു കിണറ്റിൽനിന്നൊരലർച്ച. ആലിയാണ്. ആലി കിണറ്റിൽ തുഴഞ്ഞു തുഴഞ്ഞു നിൽക്കുകയാണ്—അയാളുടെ കാര്യം ആളുകൾ മറന്നുപോയിരുന്നു.

രണ്ടുമൂന്ന് എരുമക്കയർ ഏച്ചുകെട്ടി ഒരു തെങ്ങിനോടു കെട്ടി കയറിന്റെ അറ്റം കിണറ്റിലേക്കു താഴ്ത്തിക്കൊടുത്തു. ആലി കയറിൽ പിടിച്ചു കേറി പുറത്തു ചാടി—പിന്നെ, ഉടുതുണിയുടെ അറ്റം ചുരുട്ടിപ്പിടിച്ചൊന്നു പിഴിഞ്ഞ്, മൊട്ടത്തലയും മാറിടവും കൈത്തലംകൊണ്ടമർത്തിത്തുടച്ച്, താഴെക്കിടക്കുന്ന കാന്തമ്മയുടെ മയ്യത്തിനെ ഒന്നു മിഴിച്ചുനോക്കി, 'ലാഹിലാഹില്ലള്ളാഹ്' എന്നു മന്ത്രിച്ചുകൊണ്ട് ആലി തന്റെ വൈക്കോൽമടയിലേക്കു തന്നെ അടിവെച്ചടിവെച്ചു മടങ്ങിപ്പോയി.

ശ്രീധരൻ വണ്ണാൻകുഞ്ഞുണ്ണിയുടെ പീടികയിൽ പോയില്ല. കടുക്ക വാങ്ങിയില്ല. നേരെ കന്നിപ്പറമ്പിലേക്കുതന്നെ മടങ്ങി.

പരുന്തിൻളുവലും ഗരുഡവധവുമെല്ലാം മറന്ന് അജ്ഞാതമായൊരു ദുഃഖത്തിന്റെ മയക്കത്തിൽ, മാളികവരാന്തയിലെ തന്റെ കസേരയിൽ തലയ്ക്കു കൈയും കുത്തി ഇരുന്നു......ചുവന്ന ചേലാഞ്ചലംകൊണ്ടു മാറും മുലകളും ചുമലും മൂടി, തയിർക്കുംഭം തലയിൽ സമതുലനംചെയ്ത്, കൺമിഴികൾകൊണ്ടമ്മാനമാടി, ചുണ്ടിൽ ഒളിപ്പിച്ചുവെച്ച മായികപ്പുഞ്ചിരിയുമായി തെരുവിൽ താളംചവിട്ടി നീങ്ങുന്ന കാന്തമ്മയും, അഴിഞ്ഞുചിന്നിയ തലമുടിയും മലർന്ന മുഖവും ഊർദ്ധ്വമിഴികളുമായി കൈകാലുകൾ പിടിപ്പിച്ചു കിണറ്റിലെ

വെള്ളത്തിൽ മരണനൃത്തം ചെയ്യുന്ന കാന്തമ്മയും ശ്രീധരന്റെ അന്തരംഗത്തിലേക്കു മാറിമാറി വന്നു.

കാന്തമ്മയെപ്പറ്റി ഒരു കവിതയെഴുതണം. എന്താണെഴുതേണ്ടതെന്നു നിശ്ചയമില്ല. കാന്തമ്മയുടെ നിത്യവിയോഗത്തിൽ താനെന്തിനു ദുഃഖിക്കുന്നു?—അതും നിശ്ചയമില്ല—ഒരുപക്ഷേ—ഒരുപക്ഷേ...തന്റെ യൗവനാരംഭത്തിലെ അനുരാഗത്തിന്റെ ആദ്യസ്മരണം, ചുണ്ടിൽ മായികമന്ദഹാസവും ചലനത്തിൽ കലാപ്രകടനവുമായി തെരുവിൽ പ്രത്യക്ഷപ്പെടാറുള്ള ആ പാൽക്കാരിപ്പെൺകിടാവിൽ അറിയാതെ പതിച്ചിരിക്കുമോ?......

അപ്പോൾ കന്നിപ്പറമ്പിനു മുൻവശത്തെ ഇടവഴിയിൽനിന്ന് കുയിൽനാദത്തിൽ തുടരെത്തുടരെ മൂന്നു ചൂളംവിളി. ആശാരി മാധവനാണ്. ഇന്നു രാത്രി സപ്പർസർക്കീറ്റ് സംഘത്തിന്റെ സമ്മേളനമുണ്ടെന്ന് ഓർമ്മിപ്പിക്കാനുള്ള വിളിയാണ്. (സംഘം സെക്രട്ടറിയാണ് മാധവൻ.)

അന്നു പാതിരയ്ക്കു തടിച്ചിക്കുങ്കിച്ചിയമ്മയുടെ വീട്ടിലെത്തിയപ്പോൾ അവിടെ മറ്റംഗങ്ങളെല്ലാം വന്നുചേർന്നിട്ടുണ്ടായിരുന്നു —വെള്ളക്കുറ കുഞ്ഞിരാമനും ഹാജരുണ്ടായിരുന്നു.

കുങ്കിച്ചിയമ്മ ലളിതമെങ്കിലും പുതിയരീതിയിലുള്ള ഭക്ഷണമാണ് ഒരുക്കിയിരുന്നത്. തേങ്ങാപ്പാൽ ഒഴിച്ച നല്ല പൊടിയരിക്കഞ്ഞി; മത്തിചേർത്ത ഈന്തിൻപുഴുക്ക്. ഉണക്കച്ചെമ്മീൻപൊടികൊണ്ടൊരു ചമ്മന്തിയും.

(സപ്പറിനു വരിപ്പണം കൊടുക്കുന്നതിൽനിന്നു സംഘം ശ്രീധരനെ ഒഴിവാക്കിയിരുന്നു. മൈനറല്ലേ?)

അന്നത്തെ സർക്കീറ്റിനു പുതിയ പരിപാടി എന്തെങ്കിലും കണ്ടുപിടിക്കണമെന്നു കുടക്കാൽ ബാലൻ ഒരു പ്രമേയം കൊണ്ടുവന്നു.

“എന്നാല് ഞമ്മക്കിന്ന് ഓരോ പൊരേലും കേറി കലണ്ടറ് കക്ക് ആ—” വെള്ളക്കുറ അഭിപ്രായപ്പെട്ടു.

അന്യരുടെ മുതൽ മോഷ്ടിക്കുന്ന കാര്യത്തിൽ സംഘാംഗങ്ങൾ തമ്മിൽ അഭിപ്രായഭിന്നതകളുണ്ടായിരുന്നു. ആശാരിമാധവനും വെള്ളക്കുറയും മോഷണം കുറേശ്ശെ ആവാം എന്ന പക്ഷക്കാരാണ്. കുടക്കാൽ ബാലനും ചക്കരച്ചോറു കേളുക്കുട്ടിയും അതിനെതിരാണ്. ഉസ്താദ് വാസു ഉള്ളുകൊണ്ട് ഇസ്കൽപ്രസ്ഥാനത്തോടനുകൂലിയാണെങ്കിലും തന്റെ അഭിപ്രായം പുറത്തു പ്രകടിപ്പിച്ചില്ല.

മൈനർക്ക് വോട്ടില്ല. കലണ്ടർമോഷണപരിപാടിയോടു കുടക്കാലും ചക്കരച്ചോറും എതിർപ്പു പ്രകടിപ്പിച്ചപ്പോൾ, വെള്ളക്കുറ തന്റെ പരിപാടി മറ്റൊരു രൂപത്തിൽ അവതരിപ്പിച്ചു: “കലണ്ടറ് കട്ട് വീട്ടില് കൊണ്ടോയി ബെക്കാനല്ലാ കൂട്ടരേ—ഒരു പൊരേലെ കലണ്ടറെടുത്ത് ദൂരെ വേറൊരു പൊരേല് ചൊമരില് കൊണ്ടോയി തൂക്ക്ആ—എന്നിട്ട് അപ്പൊരേലെ കലണ്ടറ് ആദ്യത്തെ പൊരേല് കോണ്ടോയി ബെക്ക് ആ—കലണ്ടറുകൾക്ക് ഒരു ടെമ്പ്രവരി ട്രാൻസ്ഫറ് —അതു കക്കലാണോ? നേരം പൊലർന്ന് എണീറ്റ് നോക്കുമ്പം ഓരോ പൊരക്കാരും ബിസ്മയിച്ചുപോവും—ഇതെങ്ങനെ ബന്നെഡാ?..........”

അതും പറഞ്ഞ് വെള്ളക്കുറ വെളുക്കെച്ചിരിച്ചു.

ആ തമാശയോർത്ത് തടിച്ചിക്കുങ്കിച്ചിയമ്മയും ചിരിച്ചു.

വെള്ളക്കുറ ഇറക്കിയ പരിപാടിക്ക് ഒരു പുതുമയുണ്ടെന്ന് എല്ലാവരും സമ്മതിച്ചു. മോഷണപ്രശ്നവും ഉദിക്കുന്നില്ല.

വീടുകളുടെ ചുമരുകളിൽ പിക്ചർകലണ്ടറുകളും മുറ്റങ്ങളിൽ വർണ്ണപ്പിരിയിലച്ചെടികളും (പ്രിൻസ് ഓഫ് വെയ്ൽസ് കേ്രാട്ടൺ) പ്രദർശിപ്പിക്കാൻ പുതിയൊരു കമ്പം നാട്ടുകാർക്കിടയിൽ പടർന്നുപിടിച്ച കാലമാണ്. അതിരാണിപ്പാടത്തു കള്ളന്മാരുടെ ശല്യം ഉണ്ടാകാറില്ല. വല്ലപ്പോഴും എന്തെങ്കിലും വസ്തു മോഷണം പോയാൽ, അതു വേറെ ദിക്കിൽനിന്ന് ആരോ വന്നു പറ്റിച്ചതാണെന്നേ വീട്ടുകാർ കരുതുകയുള്ളു.

അങ്ങനെ ഉസ്താദ് വാസുവും കൂട്ടുകാരും കലണ്ടർശേഖരണ — വിതരണവിനോദത്തിനു തയ്യാറെടുത്തു. സർക്കീറ്റിനിറങ്ങുന്നതിനു മുമ്പായി സംഘത്തലവനായ ഉസ്താദിനു തടിച്ചികുങ്കിച്ചിയമ്മയുടെ കാലു തൊട്ടു നെറുകയിൽ വയ്ക്കുന്ന ഒരു കർമ്മമുണ്ട്.

“അലമ്പലൊന്നുമില്ലാണ്ട് മോൻപോയി മടങ്ങിവാ,” എന്നും പറഞ്ഞ് കുങ്കിച്ചിയമ്മ ഉസ്താദിന്റെ മൂർദ്ധാവിൽത്തൊട്ടനുഗ്രഹിക്കുകയും ചെയ്യും.

പുറപ്പെട്ടപ്പോൾ ആശാരിമാധവന്റെ ചുമലിൽ, പതിവുപോലുള്ള കൈക്കോട്ടിനു പകരം, ഒരു ചൂടിക്കയർ ചുരുളാണ് കണ്ടത്.

ഇതെന്തിനാണെന്ന് ഉസ്താദ് ചോദിച്ചു.

ആശാരി പറഞ്ഞു: “തടിതപ്പാനുള്ള പുതിയ പരിപാടി. ബീറ്റ് പോലീസുകാരെയോ, മറ്റോ എതിരുമുട്ടിയാൽ പറയും: ‘വീട്ടിലെ പയ്യ് ചാടിപ്പോയി. തെരഞ്ഞുപിടിക്കാൻ നടക്ക്വാ ഞങ്ങള്’—”

ആശാരിമാധവന് അങ്ങനെ ഒറിജിനലായ പല യുക്തികളും തോന്നും — പെരുന്തച്ചന്റെ കുലത്തിൽ പിറന്നവനല്ലേ?

വെള്ളക്കുറയുടെ കൈയിൽ വലിയൊരു ടോർച്ചും ഉണ്ടായിരുന്നു.

ആദ്യമായി അവർ കേറിയത് അതിരാണിപ്പാടത്തുനിന്ന് ഒരു ഫർലോങ് — കിഴക്കുഭാഗത്തു പാർക്കുന്ന ഗോവിന്ദശേണായിയുടെ വീട്ടിലാണ്. അവിടെ കോലായച്ചുമരുകളിൽ നാലു കലണ്ടറുകൾ തൂങ്ങിക്കിടന്നിരുന്നു. ഓടക്കുഴൽ വായിക്കുന്ന ഉണ്ണിക്കൃഷ്ണന്റെ വലിയൊരു വർണ്ണപടത്തോടുകൂടിയതാണ് ഒരു കലണ്ടർ (ഒരു സോപ്പുകമ്പനി കലണ്ടറാണ്). മലയും പൊക്കി പറക്കുന്ന ഹനുമാന്റെ ചിത്രം മറ്റൊന്ന് (ഔഷധക്കമ്പനിയുടേത്). പനിനീർപ്പൂന്തോപ്പിന്റെ കമനീയചിത്രം (ഒരു ഹോട്ടൽക്കലണ്ടർ). വലിയൊരു ഹിമഗിരിയുടെ മുകളിൽ പ്രതിഷ്ഠിച്ച ഒരു സ്നാനസോപ്പ് (ഒരു വിദേശ സോപ്പു കമ്പനിയുടേത്.)

ഉസ്താദ് കൈയാംഗ്യം കാട്ടിയപ്പോൾ ചക്കരച്ചോറ് ആ നാലു കലണ്ടറും ചുമരിൽനിന്നു പൊക്കിയെടുത്തു ചുരുട്ടി കക്ഷത്തിലിറുക്കി ഇറങ്ങിപ്പോന്നു.

പിന്നെ കേറിയത് ആധാരമെഴുത്ത് ആണ്ടിയുടെ പുരയിലാണ്. മുറ്റത്തു നിന്നു മെല്ലെ എത്തിനോക്കി. ആണ്ടി കോലായുടെ ഒരറ്റത്ത് ഒരു ചൂടിക്കട്ടിലിൽ കൂർക്കം വലിച്ചുകൊണ്ടു കിടന്നുറങ്ങുന്നു —മൂക്കറ്റം മദ്യപിച്ചിട്ടുണ്ടായിരിക്കും.

“പേടിക്കണ്ടാ തൊടങ്ങിക്കോ.” ഉസ്താദ് ആംഗ്യംകാട്ടി.

വെള്ളക്കുറ ചുമരിലേക്കു ടോർച്ചടിച്ചു. ചുമരിൽ ഒരു ഷീറ്റ് കലണ്ടർ മാത്രമേയുള്ളൂ. അതവിടെക്കിടന്നോട്ടെ എന്നു തീരുമാനിച്ച് വെള്ളക്കുറയും, ചക്കരച്ചോറും, കുടക്കാലും, മൈനറും തിരിഞ്ഞുനടക്കാൻ ഭാവിച്ചപ്പോൾ ഉസ്താദ് തടഞ്ഞു. (ആശാരിമാധവൻ, ചുമലിൽ കയർച്ചുരുളുമായി തെല്ലകലെ കാവൽഡ്യൂട്ടിയിലാണ്.)

ഉസ്താദ് ആണ്ടിയുടെ കോലായിൽ കേറി, കോലായുടെ ഒരറ്റത്തു വെച്ചിരുന്ന എഴുത്തുമേശ തുറന്ന് ഒരു പായ വെള്ളക്കടലാസും ഒരു മുറിപ്പെൻസിലും തപ്പിയെടുത്ത് മൈനറെ വിളിച്ചു കല്പിച്ചു: “എഴുത്.”

വെള്ളക്കുറ ടോർച്ച് പ്രകാശിപ്പിച്ചു കാണിച്ചു. ടോർച്ചിന്റെ വെളിച്ചത്തിൽ ശ്രീധരൻ കടലാസ് മേശപ്പുറത്തു നിവർത്തിവച്ച് തയ്യാറായിനിന്നു.

ഉസ്താദ് ഡിക്റ്റേറ്റുചെയ്തു: “കൊങ്ങണി—നാല്—കൃഷ്ണൻ—കൊരങ്ങ്—തോട്ടം—മലസോപ്പ്........”

ഉടമസ്ഥന്റെ പേരും, കലണ്ടറുകളുടെ എണ്ണവും, വിവരണവും, റിക്കാർഡാക്കിവയ്ക്കുകയാണ്—റഫറൻസിന്.

അങ്ങനെ അവിടെനിന്നിറങ്ങി.

അടുത്തുതന്നെയാണ് രാമുണ്ണിറൈറ്ററുടെ വീട്. അവിടെ ചുമരിൽ ഒരൊറ്റയെണ്ണമേ ഉണ്ടായിരുന്നുള്ളൂ. താമരപ്പൂവിൽ നില്ക്കുന്ന മഹാലക്ഷ്മി. അതു കൈവശപ്പെടുത്തി.

ആശാരിവേലായുധന്റെ പുരയിലേക്കു ചെന്നപ്പോൾ അവിടെ അകത്തു നിന്നു ചില ശകാരങ്ങളും കരച്ചിലുകളുമെല്ലാം കേൾക്കുന്നു. ശ്രദ്ധിച്ചപ്പോൾ, ആശാരിയും ചക്കളത്തികളായ മാളുക്കുട്ടിയും ചെറിയമ്മുവും തമ്മിൽ സമരം—തല്ലിന്റെ ശബ്ദവും കേൾക്കുന്നു.

“ഈ ആശാരിക്ക് ചക്കളത്തികളെ അടക്കാൻ കണ്ട നേരം!” ചക്കരച്ചോറ് ആശാരിയെ ശപിച്ചുകൊണ്ടു പറഞ്ഞു.

അകത്തെ ബഹളത്തിനിടയിൽ അവർക്കു പുറത്തെ ചുമരിൽനിന്നു മോഷണം നടത്താമായിരുന്നു. പക്ഷേ, ആശാരിയുടെ ചുമർ ശൂന്യം.

ചെത്തുകാരൻ കുരൂസ് പറങ്ങോടന്റെ ചുമരുകൾ നിറയെ കലണ്ടറുകളായിരുന്നു. നല്ലൊരു കൊയ്ത്തു നടത്തി.

തട്ടാൻനമ്പിയുടെ പടിക്കലെത്തിയപ്പോൾ അവിടത്തെ കടിയൻനായ കുരച്ചു പാഞ്ഞുവന്നു.

“നമുക്കു പിന്നെക്കാണാം.” എന്നു പറഞ്ഞ് നായ്ക്ക് ഒരു സലാം കൊടുത്ത് ഉസ്താദ് തിരിഞ്ഞുനടന്നു.

ചെത്തുകാരൻ മാനുക്കുട്ടന്റെ പുരയെ സമീപിച്ചു. അപ്പോൾ അവിടെ കോലായിൽ കത്തിച്ചുവെച്ച റാന്തലിനരികെ നിന്നുകൊണ്ട് മാനുക്കുട്ടൻ അരയിൽ കത്തിയും ഉറയും കെട്ടിപ്പിടിപ്പിക്കുന്നു. മാനുക്കുട്ടൻ കള്ളുംകുടിച്ചു കിടന്നുറങ്ങി ‘വൈകുന്നേരത്തെ’ ചെത്തിനുള്ള പുറപ്പാടാണ്. (സപ്പർ സർക്കീറ്റുകാരുടെ പാതിരാപ്പരിപാടികൾക്ക് ഒരു ഭീഷണിയായിരുന്നു ഈ മനുഷ്യൻ!)

പിന്നെ കിട്ടൻറൈറ്ററുടെ വീട്ടിൽനിന്ന് അഞ്ചെണ്ണം സമ്പാദിച്ചു.

മരക്കൊത്തൻ വേലപ്പന്റെ പുരയിലേക്ക് ചക്കരച്ചോറിനെ പറഞ്ഞയച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അവൻ വാപൊത്തി ചിരിച്ചുകൊണ്ടു വരുന്നതു കണ്ടു. കൈയിൽ കലണ്ടറില്ല—മരക്കൊത്തന്റെ ചുമരിൽ അഞ്ചാറു കലണ്ടറുകൾ തൂങ്ങിക്കിടക്കുന്നത് എല്ലാവരും കണ്ടതാണ്.

"എന്തെടോ. ഒന്നും എടുക്കാതെ പോന്നത്?" ഉസ്താദ് ചോദിച്ചു.

ചക്കരച്ചോറിന് ഒന്നും പറയാൻ കഴിയുന്നില്ല; ചിരിയോടു ചിരി!

"തീട്ടം കണ്ട കഴുതയെപ്പോലെ ചിരിക്കാതെ കാര്യം പറയെടോ," — ഉസ്താദ് ദേഷ്യപ്പെട്ടു പറഞ്ഞു.

അപ്പോൾ ചക്കരച്ചോറ് എല്ലാം വിസ്തരിച്ചു കേൾപ്പിച്ചു. അതിന്റെ ചുരുക്കം:

ചക്കരച്ചോറ് പതുങ്ങിപ്പതുങ്ങി മുറ്റത്തു ചെന്നു. മരക്കൊത്തൻ കോലായിലിട്ട കട്ടിലിൽ മൂടിപ്പുതച്ചു കിടന്നുറങ്ങുന്നു. കൂർക്കം വലിയും കേൾക്കുന്നുണ്ട്. ചക്കരച്ചോറ് മെല്ലെ കോലായിലേക്കു കേറാൻ ഭാവിച്ചപ്പോൾ വാതിലും തുറന്ന് ഒരാൾ പുറത്തേക്കു വരുന്നു. തടിച്ചു കുറുതായൊരു മനുഷ്യൻ — തല മുണ്ടിട്ടു മൂടി മുറ്റത്ത് അനങ്ങാതെ നിൽക്കുന്ന രൂപത്തെക്കണ്ട് ആ മനുഷ്യൻ പേടിച്ച് അകത്തേക്കുതന്നെ കടന്നു വാതിലടച്ചു കളഞ്ഞു. ആൾ ആരായിരുന്നുവെന്നോ? മരക്കൊത്തന്റെ സുന്ദരി ഭാര്യ വള്ളിക്കുട്ടിയുടെ ഒളിസേവിക്കാരൻ ചാപ്പൻചെട്ട്യാര്—

അപ്പോൾ ആശാരിമാധവൻ പറഞ്ഞു: "ചെട്ടിയാര് വള്ളിക്കുട്ടിച്ചോത്തിയുടെ ഒളിസേവിക്കാരനല്ലാ—അതു വേലപ്പൻചോവൻ അറിയക്കൊണ്ടു തന്നെയുള്ള ഒരു കളിസേവയാണ്. ചോവന്ന് പര്ണിച്ചറുണ്ടാക്കാൻ മരം വാങ്ങാനും ആശാരേ്യാള്ക്ക് കൂലി കൊടുക്കാനും ഒക്കെ മുൻകൂറു പണം സകായിക്കുന്നത് ചെട്ട്യാരാണ്. പണത്തിന് പലിസയില്ല—വള്ളിക്കുട്ടിച്ചോവത്തിയായിട്ടുള്ള കളിസേവയാണ് പലിസ......."

അപ്പോൾ ഉസ്താദ് തലയാട്ടിക്കൊണ്ടു പറഞ്ഞു: "ആ പപ്പടച്ചെട്ടിയെ ഒന്നു പേടിപ്പിച്ചുവിടണം. സപ്പർസംഘത്തിന്റെ അടുത്ത പരിപാടി അതാണ്."

"ചെട്ട്യാര് ഇന്നുതന്നെ നല്ലൊരു പേടിപേടിച്ചിട്ടുണ്ട്." ചക്കരച്ചോറ് ചിരിച്ചുകൊണ്ടു പറഞ്ഞു: "അയാൾ നാലു ദിവസം പനിച്ചുകിടക്കും, തീർച്ച. എന്നെക്കണ്ടപ്പോൾ ഒരു പേ്രതമാണെന്നാണ് അയാൾ വിചാരിച്ചത്......."

അവിടെനിന്ന് അവർ നീങ്ങി വണ്ണാൻശങ്കരന്റെ പുരയ്ക്കടുത്തെത്തി — ഇടവഴിയിൽനിന്നൊന്ന് എത്തിനോക്കി. അവിടെ കോലായുടെ ഒരു മൂലയിൽ വിളക്കും കത്തിച്ചുവെച്ച് ഒരുത്തനിരുന്നു വലിയൊരമ്മിക്കല്ലിൽ മരുന്നരയ്ക്കുന്നു.

"വണ്ണാൻചെക്കൻ മരുന്നരയ്ക്കാൻ കണ്ട നേരം!"

ഉസ്താദ് ചെക്കനെ പിരാകിക്കൊണ്ടു പറഞ്ഞു.

വെള്ളവലിക്കാരൻ രാമന്റെ പുരയിലെത്തി. അവിടത്തെ ചെത്തിത്തേക്കാത്ത ചുമരിൽ ഒരു ചൂടിക്കെട്ടു തൂക്കിയിട്ടിരിക്കുന്നു. അതിന്മേൽ രാമന്റെ വെള്ളവലിത്തുപ്പകോലും.

"ചിരുതയ്ക്കു തൂങ്ങിച്ചാവാനുള്ള കയറാണ്." ചക്കരച്ചോറ് എന്തോ ഒരു പകയോടെ പറഞ്ഞു.

മരക്കച്ചവടം ഭാസ്കരന്റെ പുതിയ മാളികവീട്ടിന്റെ പൂമുഖത്തുനിന്ന് അഞ്ചെണ്ണം കിട്ടി.

രണ്ടെണ്ണം മികച്ച വിദേശക്കലണ്ടറുകൾ—സ്വിറ്റ്സർലന്ററിലെ പ്രശാന്തസുന്ദരമായ പ്രകൃതിദൃശ്യങ്ങൾ!

ഈറ്റക്കേളുവിന്റെ വീട്ടിനുമുമ്പിലെത്തി! അവർ അങ്ങോട്ടു കടന്നില്ല.

"അങ്ങോട്ടു പോണ്ട." കുടക്കാൽ ബാലൻ വിലക്കി: "ക്ഷയരോഗം പിടിച്ചു ചത്ത അപ്പുണ്ണിയുടെ പുലകുളിയടിയന്തിരം മറ്റന്നാളാണ്—നമ്മളവിടെ കക്കാൻ ചെല്ലുന്നതു പാപമാണ്."

അങ്ങോട്ടു പോകണ്ട എന്ന് ഉസ്താദും പറഞ്ഞു. എന്നാൽ ഉസ്താദ് മടിച്ചു നിന്നതിന്റെ കാരണം മറ്റൊന്നായിരുന്നു: ശങ്കുണ്ണിക്കമ്പൗണ്ടർ! കമ്പൗണ്ടർ മഹാകൊസ്രാങ്കൊള്ളിയാണ്. കലണ്ടർ കാണാതായാൽ—അല്ലെങ്കിൽ മാറ്റിവെച്ചതായിക്കണ്ടാൽ—അതു ചെയ്ത വീരന്മാർ ആരാണെന്നു വിദ്വാൻ ഊഹിച്ചെടുക്കും. പിന്നെ കൊഴമാന്തരത്തിന്റെ ആപ്പീസാവും—വേണ്ട നമ്പിരായരം.

കൂലിപ്പോർട്ടർ ഉണ്ടക്കേളപ്പന്റെ പുരയ്ക്കടുത്തു ചെന്ന് ഒന്നെത്തി നോക്കി. കേളപ്പന്റെ നായരച്ചിഭാര്യ മാധവിയമ്മ കോലായുടെനേർക്കുള്ള ജാലകവും തുറന്നുവെച്ച് അകത്തു വിളക്കിന്റെ മുമ്പിലിരുന്നു വടക്കൻ പാട്ടുപുസ്തകം പതുക്കെ ഈണത്തിൽ വായിക്കുന്നു.

പാതിരവണ്ടിയുടെ നേരത്തു തീവണ്ടിയാപ്പീസിൽ കോളുംതേടിപ്പോയ കേളപ്പനെ കാത്തിരിക്കുകയാണ് പാവം മാധവിയമ്മ!

കൂട്ടർ ഒന്നും മിണ്ടാതെ അവിടെനിന്നു നീങ്ങി. പിന്നെ ചെന്നത് തണ്ടാൻ കേളുവിന്റെ പുരയിലാണ്. തണ്ടാൻ കേളു പോറ്റുന്ന കൊറ്റനാടിന്റെ ചൂര് ഇടവഴിയിൽനിന്നുതന്നെ മൂക്കിൽ ഏറ്റുതുടങ്ങിയിരുന്നു. തണ്ടാന്റെ ചുമരുകൾ നിറയെ ചിത്രക്കലണ്ടറുകൾ കണ്ട് അവർ ആഹ്ളാദിച്ചു. അടുത്തു ചെന്നു പരിശോധിച്ചപ്പോഴല്ലേ കള്ളി പൊള്ളിയത്. എല്ലാം മൂന്നും നാലും കൊല്ലം പഴക്കം ചെന്ന 'യൂസ്സ്ലസ്സുകൾ'.

"ഓനെച്ചുടാൻവേണ്ടി കൊണ്ടുവെച്ചതാണ്." ചക്കരച്ചോറ് ഇളിച്ചു കാട്ടിക്കൊണ്ട് പറഞ്ഞു: "നമ്മൾക്കു പോവ്വാ."

കൂട്ടുകാർ ഇറങ്ങി നടക്കാൻ ഭാവിച്ചപ്പോൾ ഉസ്താദ് തടഞ്ഞു. "നമ്മൾ ചില മാന്യന്മാർ ഇവിടെ എഴുന്നള്ളിയിട്ടുണ്ടെന്നു തണ്ടാനെ ഒന്നറിയിക്കണം!" എന്നും പറഞ്ഞു ചുമരിലെ കലണ്ടറുകളെല്ലാം എടുത്തു താഴെയിടാൻ ഉസ്താദ് ആജ്ഞാപിച്ചു. കലണ്ടറുകളെല്ലാം താഴെയെത്തി. അപ്പോൾ ഉസ്താദ് അതെല്ലാം നിലത്തു പഴുതില്ലാതെ അടുക്കിവെച്ചു. കലണ്ടറുകളെക്കൊണ്ട് ഒരു കാർപ്പെറ്റു നിർമ്മിച്ചു. അപ്പോൾ വെള്ളക്കുറ, ഇറയിൽ തൂങ്ങിക്കിടന്നിരുന്ന തണ്ടാന്റെ ഭസ്മത്തട്ടിൽ നിന്ന് ഒരു പിടി ഭസ്മം വാരിയെടുത്തു പടിഞ്ഞാറ്റിവാതിൽപ്പടിമേൽ 'ഓം' എന്നു വരച്ചുവെച്ചു.

ഞണ്ടുഗോവിന്ദന്റെ വീട്ടിൽനിന്നാണ് നല്ല കോളടിച്ചത്—പന്ത്രണ്ടെണ്ണം!

അങ്ങനെ പല വീടുകളിലും കേറിയിറങ്ങി. ഒടുവിൽ ചാപ്പുണ്ണി അധികാരിയുടെ വലിയ മാളികവീട്ടിന്റെ മുമ്പിലെത്തി. അധികാരിയുടെ വീട് ആക്രമിക്കുന്ന കാര്യത്തിൽ അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായി. അധികാരിയെ ഒഴിവാക്കാൻ പാടില്ലെന്നു ചക്കരച്ചോറു ശഠിച്ചു പറഞ്ഞു. ഉസ്താദ് ശങ്കിച്ചു നിന്നു. പിന്നെ പറഞ്ഞു: "വേണ്ട, അധികാരി നാളെ രാവിലെ പോലീസിൽ കമ്പ്ളെയിൻ ചെയ്യും. കള്ളന്മാരുടെ ശല്യം —പിന്നെ ബീറ്റ് പോലീസുകാർ ഉഷാർ. നമ്മുടെ സർക്കീറ്റ് മുസീബത്തിൽ......"

ഉസ്താദ് പറഞ്ഞതു കാര്യമാണെന്ന് കുടക്കാലും വെള്ളക്കുറയും സമ്മതിച്ചു. അങ്ങനെ

മനമില്ലാമനസ്സോടെ അവർ അധികാരിയെ ഒഴിവാക്കി. ശിക്കാറിൽ കിട്ടിയ ഉരുക്കളുടെ കെട്ടുമായി തടിച്ചി കുങ്കിച്ചിയമ്മയുടെ വീട്ടിലേക്കു തിരിച്ചു.

അവിടെച്ചെന്ന് എണ്ണിനോക്കിയപ്പോൾ എല്ലാംകൂടി അമ്പത്തിയേഴെണ്ണം. അടുത്ത പരിപാടി, ആ കലണ്ടറുകൾ മൈനറുടെ കൈയിലെ റിക്കാർഡ് റെഫർ ചെയ്ത്, വേറെ വേറെ വീടുകൾക്കു പങ്കിടണം. അതൊരു ഭാരിച്ച ജോലിയായിരുന്നു.

കണക്കു വിദക്ഷ്ണനായ ഉസ്താദ് ഒരു പട്ടിക തയ്യാറാക്കി: "മരക്കച്ചവടത്തിന്റെ അഞ്ചെണ്ണം കുളൂസ് പറങ്ങോടന്ന്—കുളൂസിന്റെ കലണ്ടറുകൾ കിട്ടുൻറൈറ്റർക്ക്—രാമുണ്ണിറൈറ്ററുടെ മഹാലക്ഷ്മി മീശക്കണാരന്ന്...' അങ്ങനെ ഒടുവിലായപ്പോൾ എണ്ണത്തിനെണ്ണം കലണ്ടറുകൾ പ്രതിഷ്ഠിക്കാൻ ഒരുവിധത്തിലും കഴിയുന്നില്ല. കണക്കുവിദക്ഷ്ണനായ ഉസ്താദ് വിരൽകടിച്ചു ചിന്തയിലാണ്ടു.

"എനിക്കുറക്കം വരുന്നു. മൈനറുടെ കൈയിലെ ലിസ്റ്റ് നോക്കി, തെറ്റു പറ്റാതെ, ഓരോ വീട്ടിലും ഇഷ്ടംപോലെ തൂക്കിയിട്ടോളൂ."

അങ്ങനെ കലണ്ടറുകളുടെ പുനഃസംവിധാനകർമ്മം വെള്ളക്കുറയെയും ചക്കരച്ചോറിനെയും മൈനറെയും ഏല്പിച്ച് ഉസ്താദ് വാസു ഉറങ്ങാൻ വീട്ടിലേക്കു പോയി. ചക്കരച്ചോറും, വെള്ളക്കുറയും, കുടക്കാലും, മൈനറും—കയർച്ചുരുളുമായി കാവൽക്കാരൻ ആശാരി മാധവനും—പുനഃപ്രതിഷ്ഠാകർമ്മത്തിനു പുറപ്പെട്ടിറങ്ങി.

ആദ്യമാദ്യമെല്ലാം പട്ടിക നോക്കി, റിക്കാർഡ് റഫർചെയ്തിട്ടാണ് പണി നടത്തിയത്. കുറേക്കഴിഞ്ഞപ്പോൾ കൈയിൽ കിട്ടിയതു തോന്നിയേടത്തെല്ലാം തൂക്കിയിട്ടുകൊടുത്തു...

ശ്രീധരൻ കന്നിപ്പറമ്പിൽ മടങ്ങിയെത്തിയപ്പോൾ സമയം മൂന്നുമണി.

തങ്ങളുടെ രാത്രിയിലെ പരിപാടികളുടെ പ്രതികരണമെന്താണെന്നറിയാനുള്ള ഉൽക്കണ്ഠയോടെ ശ്രീധരൻ പിറ്റേന്നു രാവിലെ പുറത്തിറങ്ങി. ഗോവിന്ദശേണായിയുടെ വീട്ടിനരികിലൂടെ ഒരു നടത്തം പാസ്സാക്കി. കൊങ്ങിണി വാതോരാതെ ആരെയൊക്കെയോ ശകാരിക്കുകയും ശപിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. (മുമ്പൊരിക്കൽ മുറ്റത്തെ പനിനീർപ്പൂന്തോട്ടം കാണാൻ കന്മതിലിന്റെ മീതേക്കൂടി ശ്രീധരൻ ഒന്നെത്തി നോക്കിയപ്പോൾ, "ആരപ്പാ മതിൽപൊക്കി നോക്കുന്നു?" എന്നു ചോദിച്ച ആളാണ് ഗോവിന്ദശേണായി.) കലണ്ടറുകൾ വലിച്ചുകീറി മുറ്റത്തു ചിതറിയിട്ടിരിക്കുന്നു. ഓർത്തുനോക്കിയപ്പോഴാണ് ശ്രീധരന് കൊങ്ങിണി കലി തുള്ളുന്നതിന്റെ കാരണം പിടികിട്ടിയത്. തലേന്നാൾ രാത്രി, കലണ്ടറുകൾ കശക്കി ശേണായിക്കു പങ്കുവെച്ചതിൽ വലിയൊരു പിശകുപറ്റിപ്പോയിരുന്നു. കൃഷ്ണ ഹനുമാൻപുഷ്പോദ്യാനഹിമശൈലക്കലണ്ടറുകൾക്കു പകരം, ആ സാരസ്വതബ്രാഹ്മണന്റെ മനയിൽ തൂക്കിയിട്ടുകൊടുത്തത്, പെയിന്റർ സ്റ്റേവയുടെ പുതിയ 'വീനസ് വില്ല'യിൽനിന്ന് എടുത്ത കുരിശിലേറിയ ക്രിസ്തുവിന്റെ പടമുള്ള ഒരു കലണ്ടറും നഗ്നയായി സ്നാനം ചെയ്യുന്ന ഒരു മദാമ്മയുടെ ചിത്രക്കലണ്ടറുമായിരുന്നു!

അതിരാണിപ്പാടത്തെയും പരിസരങ്ങളിലെയും പല വീട്ടുകാരിലും കുട്ടിച്ചാത്തന്റെ ഉപ്രദവശങ്കയുളവാക്കിക്കൊണ്ട് ഉസ്താദും കൂട്ടരും അന്നു സുഖമായി കിടന്നുറങ്ങി.

നാലാംദിവസം രാത്രി സപ്പർസർക്കീറ്റ് സംഘം ഒരു സ്പെഷ്യൽ കാര്യാലോചനായോഗം വിളിച്ചുകൂട്ടി. അജണ്ടയിൽ ഒരിനമേ ഉണ്ടായിരുന്നുള്ളു:

‘കലണ്ടറുകൾക്കു പഴയ ലാവണത്തിലേക്കുതന്നെ സ്ഥലംമാറ്റം.’

അന്നു രാത്രിതന്നെ ആ വേല യഥാവിധി നടത്താൻ വെള്ളക്കുറയെയും, കുടക്കാലിനെയും, ആശാരിയെയും, മൈനറെയും ചുമതലപ്പെടുത്തി. (ചക്കരച്ചോർ വയറിളക്കിക്കിടക്കുകയായിരുന്നു.) ഉസ്താദ്, മൂന്നുനാഴിക കിഴക്ക് ഒരു ഉത്സവസ്ഥലത്ത് ദുശ്ശാസനവധം കഥകളി കാണാൻ പോയി—(വലിയ കഥകളിക്കമ്പക്കാരനായിരുന്നു വാസു.)

വെള്ളക്കുറയും കൂട്ടുകാരും വീടുകളിൽ വീണ്ടും കേറി നോക്കിയപ്പോൾ കാര്യങ്ങളെല്ലാം കുഴഞ്ഞുമറിഞ്ഞു കിടക്കുന്നതായിട്ടാണു കണ്ടത്. ചില ചുമരുകളിൽ കലണ്ടറുകളുടെ നാമംപോലുമില്ല. (രാത്രിയിൽ എടുത്ത് അകത്തേക്കു നീക്കംചെയ്തതായിരിക്കണം.) മറ്റുചില ചുമരുകളിൽ കുടികൊണ്ടിരുന്ന കലണ്ടറുകൾ റിക്കാർഡിൽക്കാണുന്നവയല്ല—ഒന്നും രണ്ടും കൊല്ലം പഴക്കംചെന്ന പന്നാസ് കലണ്ടറുകൾ. (പകരം പുതിയ കലണ്ടറുകൾ ഒരു രാത്രി അവിടെ പ്രത്യക്ഷപ്പെട്ടുമെന്നായിരിക്കാം വീട്ടുകാരുടെ പ്രതീക്ഷ.) മൂന്നുനാലു വീട്ടുകാർ മാത്രം, വരുന്നതു വരട്ടെ എന്ന ധൈര്യത്തോടെ—അല്ലെങ്കിൽ വിനോദരസത്തോടെ—സപ്പർസർക്കീറ്റ് സംഘം വെച്ചുകൊടുത്ത കലണ്ടറുകൾ അങ്ങനെതന്നെ ചുമരിൽ നിലനിർത്തിയിട്ടുണ്ടായിരുന്നു. ഗോവിന്ദശേണായിയുടെ കൃഷ്ണഹനുമാൻമലർവാടിമല കലണ്ടറുകൾ നാലും അതേപടി, കോരൻബട്ട്ളറുടെ പുരയിൽനിന്നു കിട്ടി. (ബട്ട്ളറുടെ കലണ്ടറുകൾ ഞണ്ടുഗോവിന്ദന്റെ ചുമരിലേക്കാണു കൊടുത്തിരുന്നത്. ഞണ്ടു പറ്റിച്ചുകളഞ്ഞു.)

സംഘം, ഗോവിന്ദ്ശേണായിയുടെ വീട്ടിലേക്കു നടന്നു. “കിട്ടിയ കലണ്ടർ കീറിനശിപ്പിച്ച ആ കൊങ്ങിണിക്ക് ഇനി കലണ്ടറിന് അവകാശമില്ല” എന്ന് വെള്ളക്കുറ വഴിക്കുവെച്ചു വാദിച്ചു.

“നമ്മക്ക് ഒറ്റക്കലണ്ടറും വേണ്ടാ. എവിടെയെങ്കിലും കൊടുക്കണം. എന്നാലത്ത് കൊങ്ങിണിക്കുതന്നെ ഇരിക്കട്ടെ.” കുടക്കാൽ സമർത്ഥിച്ചു.

ശേണായിയുടെ വരാന്തയിൽ വെളിച്ചം കാണുന്നു!

വീട്ടിൽ ആളുകൾ ഉറങ്ങിയിട്ടില്ല എന്നു കള്ളന്മാരെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി ബുദ്ധിമാനായ ശേണായി ഒരു ഹറിക്കെയിൻ ലാന്തർ കത്തിച്ച് കോലായിൽ തൂക്കിയിട്ടിരിക്കയാണ്.

ചുമരുകൾ ശൂന്യം.

എന്താണു ചെയ്യേണ്ടതെന്നറിയാതെ വെള്ളക്കുറയും കുടക്കാലും മൈനറും പരുങ്ങിനിൽക്കെ, ആശാരിമാധവൻ കയർച്ചുരുൾ കുടക്കാലിന്റെ കൈയിൽക്കൊടുത്തു. വെള്ളക്കുറയുടെ കൈയിൽനിന്നു ശേണായിയുടെ കലണ്ടറുകൾ വാങ്ങി കൂട്ടുകാരോടു പടിക്കൽത്തന്നെ നിന്നുകൊള്ളാൻ ആംഗ്യംകാട്ടി. ആ പറമ്പിലേക്കു കടന്ന്, കോലായിൽ കേറി, ഉണ്ണിക്കൃഷ്ണനേയും ഹനുമാനെയും മലർവാടിയെയും മലയെയും ചുമരിൽ പൂർവ്വസ്ഥാനത്തുതന്നെ പ്രതിഷ്ഠിച്ചു. പിന്നെ മെല്ലെ ഹറിക്കെയിൻ ലാന്തറിന്റെ തിരി താഴ്ത്തി വെളിച്ചം കെടുത്തി ആ ലാന്തറും പൊക്കിയെടുത്തു കൈയിൽ തൂക്കിപ്പിടിച്ചുകൊണ്ട് ഇറങ്ങിപ്പോന്നു.

# 3. ചീത്തവാർത്തകൾ

അന്നു രാവിലെ വീട്ടിൽനിന്നു ശ്രീധരനു പതിവുപോലുള്ള കാപ്പി – പലഹാരം കിട്ടിയില്ല—അമ്മ മാസക്കുളിത്തീണ്ടലിലാണ്. അത്തരം കാര്യങ്ങളിൽ കൃഷ്ണൻമാസ്റ്റർ വലിയ ശുദ്ധാചരണക്കാരനായിരുന്നു. വീട്ടിൽ വേലക്കാരുണ്ടായിരുന്നില്ല. അന്യസ്ത്രീകളാരെങ്കിലും വന്ന് അടുക്കളയിൽ നിന്നു ചോറും കറികളും വെച്ചൊരുക്കിക്കൊടുക്കുന്നതും മാസ്റ്റർ ഇഷ്ടപ്പെട്ടിരുന്നില്ല. ആ ദിവസങ്ങളിൽ ചിലപ്പോൾ അടുക്കളക്കാര്യം ശ്രീധരൻ ഏറ്റെടുക്കും. അരി വേവിക്കാനും വാർക്കാനും അമ്മിക്കല്ലിനു മുമ്പിലിരുന്നു മുളകും നാളികേരവും അരയ്ക്കാനും കറികൾ പാകം ചെയ്യാനും മറ്റും ശ്രീധരൻ പരിചയപ്പെട്ടു. (അമ്മ പുറത്തുനിന്നു വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും അപ്പപ്പോൾ വിളിച്ചുപറഞ്ഞുകൊടുക്കും.)

കോളേജ് ക്ലാസ്സിലെത്തിയതിൽപ്പിന്നെ അമ്മ പുറത്തിരിക്കുന്ന നാളുകളിൽ (ശനിയും ഞായറും ദിവസങ്ങളല്ലെങ്കിൽ) ശ്രീധരനെ അടുക്കളവേലയ്ക്കു വിടാൻ അച്ഛൻ അനുവദിച്ചിരുന്നില്ല. കോളേജിലേക്കുള്ളവർക്ക് മുടങ്ങും. അവനിരുന്നു പഠിക്കട്ടെ—കഞ്ഞിയുണ്ടാക്കിക്കുടിക്കും. കിഴങ്ങുകൾ പുഴുങ്ങിത്തിന്നും. അല്ലെങ്കിൽ അവിലും പഴവും വാങ്ങിക്കൊണ്ടുവന്നു ഭക്ഷിക്കും.

ഇലഞ്ഞിപ്പൊയിലിൽനിന്നു കൊടുത്തയയ്ക്കാറുള്ള ചക്കരവരട്ടും മുളയരിപ്പലഹാരവും മാങ്ങാത്തൊലിയും മറ്റും പുറത്തെടുത്തുപയോഗിക്കുന്നതും ഈ ഘട്ടങ്ങളിലാണ്.

കൃഷ്ണൻമാസ്റ്റർ പേർസ് തുറന്ന് ഒരണയെടുത്തു നീട്ടി ശ്രീധരനോടു പറഞ്ഞു: "പീടികയിൽപ്പോയി എന്തെങ്കിലും വാങ്ങിക്കഴിച്ചോ."

അങ്ങനെയൊരവസരത്തിനു കാത്തിരിക്കുകയായിരുന്നു ശ്രീധരൻ—വീട്ടിൽനിന്ന് എന്തെല്ലാം സ്വാദിഷ്ഠവിഭവങ്ങൾ ഉണ്ടാക്കിക്കൊടുത്താലും, അമ്മ ചിലപ്പോൾ പറയാറുള്ളതുപോലെ, 'ചായപ്പീടികയിൽ ചെന്നിരുന്നു നക്കാനുള്ളൊരു പൂതി' ശ്രീധരൻ വെച്ചുപുലർത്തിയിരുന്നു. പുറത്തുപോയി തിന്നുന്നത് അച്ഛനിഷ്ടമല്ല. നിവൃത്തിയില്ലാതെ ആദ്യമായിട്ടനുവദിച്ചിരിക്കുകയാണ്.

അണയും കീശയിലിട്ടു വെച്ചടിച്ചു നേരെ കുമാരന്റെ 'ഭാരതമാതാ ടീഷാപ്പി'ലേക്ക്.

രാവിലെ അവിടെ വലിയ തിരക്കാണ്. ഈർച്ചക്കമ്പനിവേലക്കാരും, കടപ്പുറത്തെ ചുങ്കത്തെ ചുമട്ടുകൂലിക്കാരും, കൈവണ്ടിക്കാരും മറ്റുമാണ് കക്ഷികൾ.

കൈക്കു റിസ്റ്റ്‌വാച്ച് കെട്ടിയ മുറിമീശക്കാരൻ ചീമ്പ്രക്കണ്ണൻ കുമാരൻ പെട്ടിക്കുമുമ്പിൽ മുതലാളിത്തവും താങ്ങി മുനിഞ്ഞിരിക്കുന്നു. അസിസ്റ്റാൻഡ്മാർ രണ്ടുപേരുണ്ട്.

പുകയേറ്റ വിറകുകൊള്ളിപോലുള്ള കുട്ടായിയും, പിത്തംപിടിച്ചു നീറിനെ (പുളിയുറുമ്പ്)പ്പോലെയായ ഉണ്ണീരിയും (വെള്ളക്കുറ കുഞ്ഞിരാമനു പകരം വന്നവനാണ് ഉണ്ണീരി—വെള്ളക്കുറ കഴിഞ്ഞ മാസം കുമാരന്റെ 'മാതേന്റെ സർവ്വീസ്' വിട്ട് ഒരു സർക്കസ്സുകമ്പനിയുടെകൂടെ പൊയ്ക്കളഞ്ഞു.). കുട്ടായി ചായയടിക്കുന്നു. ഉണ്ണീരി സെർവ്വ് ചെയ്യുന്നു.

ശ്രീധരൻ മൂലയിലെ ഒരു ബഞ്ചിൽ ചെന്നിരുന്നു. പുളിയുറുമ്പിനെ കൈ ഞൊടിച്ചു വിളിച്ച്, ഓർഡർ കൊടുത്തു:

"കുതിരബിരിയാനിയും—ഒരാപ്പും."

പുട്ട്, കടലക്കറി, പപ്പടം ഈ പദാർത്ഥത്രയത്തിൻ്റെ സമ്മിശ്രരൂപമാണ്, 'കുതിരബിരിയാനി'.

വിഭവങ്ങൾ വന്നുചേർന്നു.

ഒരുചാൺ നീളവും, വണ്ണാൻ ശങ്കരവൈദ്യൻ മരുന്നരയ്ക്കുന്ന അമ്മിക്കുട്ടിയുടെ വണ്ണവുമുള്ള ഒന്നാന്തരം പുന്നെല്ലരിപ്പുട്ട് (രണ്ടു കഷണം)—പുട്ടിൻ്റെ രണ്ടു സൈഡിലും നാളികേരത്തൊങ്ങൽ തിങ്ങിനിൽക്കുന്നു. കൊഴുത്ത മസാലക്കറിയിൽ വറവുചേർത്ത പറങ്കിമുളകിൻ്റെ കരിഞ്ഞ തോടുകൾ നീന്തിക്കളിക്കുന്നു. തേങ്ങാക്കഷണങ്ങൾ തലപൊക്കി നോക്കുന്നു. വെളിച്ചെണ്ണയിൽ കാച്ചിയെടുത്ത വലിയ പോളകൾ കെട്ടിയ പപ്പടം ആനയുടെ നെറ്റിപ്പട്ടംപോലെ വിലസുന്നു!

കൂട്ടിക്കുഴച്ച് അടിച്ചാൽ കുതിരബിരിയാനി!

അപ്പോൾ കണ്ടു എതിരേയുള്ള മൂലയിലെ ബഞ്ചിൽ ഒറ്റയ്ക്കിരുന്നു പ്രാതൽ കഴിക്കുന്ന ധോബി കണ്ണപ്പനെ—ആറടിയോളം പൊക്കവും ഉണക്കപ്പുകയിലയുടെ നിറവും ചുണങ്ങുകൾ പൊറ്റകെട്ടിയ കഷണ്ടിത്തലയും ചോരക്കണ്ണുകളുമുള്ള കണ്ണപ്പനെ.

കണ്ണപ്പൻ്റെ പ്രാതൽ ഒരു പ്രത്യേക രീതിയിലാണ്. ഒമ്പതു പിഞ്ഞാണങ്ങളിലായി, മൂന്നു സെറ്റ് കുതിരബിരിയാനിയും, മൂന്നു ഫുൾഗ്ലാസ്സ് ചായയും ഒപ്പം മുമ്പിൽ പ്രതിഷ്ഠിച്ചുകണ്ടതിനുശേഷമേ മൂപ്പർ തുടങ്ങുകയുള്ളൂ. തീറ്റ ഓരോ സെറ്റായിട്ടുതന്നെയാണ്. മൂന്നു സെറ്റും—മൂന്നു ചായയും—മുമ്പിൽ മുൻകൂട്ടി കാണണമെന്ന് കണ്ണപ്പനു നിർബന്ധമാണ്.

അതിരാണിപ്പാടത്തിനടുത്ത് ധോബികളുടെ മൂലയെപ്പറ്റി ഓർത്തു: അതിൻ്റെ മുകൾവിതാനം ഒരേ വലിപ്പത്തിലുള്ള നീളൻകളസങ്ങളും ഷർട്ടുകളും കാച്ചിത്തുണികളും ഉമ്മച്ചിക്കുപ്പായങ്ങളും വർണ്ണവിരികളും, തലങ്ങും വിലങ്ങുമായി കെട്ടിയ അയകളിൽ അണിനിരത്തി തൂക്കിയിട്ടത് കൗതുകാവഹമായൊരു ദൃശ്യമാണ്. അവ കാറ്റത്തും വെയിലത്തും വിറകൊള്ളും. ഉലർന്ന കളസങ്ങൾ ചിലപ്പോൾ ഉള്ളിൽ കാറ്റുനിറഞ്ഞു വീർത്തു ട്രപ്പീസ് നൃത്തം തുടങ്ങും. വിസ്മയത്തോടെ നോക്കിനിന്നു പോയിട്ടുണ്ട്.

സോഡാക്കാരത്തിൻ്റെയും പൂച്ചാപ്പസോപ്പിൻ്റെയും നാറ്റമടിക്കുന്ന അഴുക്കുവെള്ളത്തിൽ നിന്നുകൊണ്ടു ധോബികൾ, സിമൻ്റുകല്ലിൽ വിഴുപ്പലക്കുന്ന പ്ട്ധുംപ്ട്ധോ ശബ്ദം അകലെ കേൾക്കാം. അലക്കുകാരുടെ കൂട്ടത്തിൽ കണ്ണപ്പനുമുണ്ടായിരിക്കും. വിഴുപ്പുവസ്ത്രം അരികെ വെച്ച് മരത്തൊട്ടിയിൽ ഒന്നു മുക്കി, കല്ലിൽ ഇടതും വലതും മാറിമാറി വീക്കിക്കൊണ്ടിരിക്കെ കണ്ണപ്പൻ 'ഹ്ധഊംഹ്ഹോം' എന്നു മൂളും. ആ മൂളലിൻ്റെ ഈണം വേറെത്തന്നെ അറിയാം. (അപ്പോൾ കുതിരബിരിയാനി വയറ്റിൽക്കിടന്നു കുതറുന്നുണ്ടാവും.)

എന്നാൽ, ശ്രീധരൻ കണ്ണപ്പൻ്റെ ഒരാരാധകനായിത്തീർന്നതിൻ്റെ കാരണം വേറെയായിരുന്നു. രാത്രിയുടെ നിശ്ശബ്ദതയിൽ ധോബികളുടെ താവളത്തിൽനിന്നു ചില അദ്ഭുതഗാനങ്ങൾ പൊങ്ങിവരും. കന്നിപ്പറമ്പിലെ മാളികവരാന്തയിൽ ഏകാന്തതയിൽ, പുസ്തകം വായിച്ചിരിക്കുന്ന—അല്ലെങ്കിൽ കവിത നിർമ്മിക്കുന്ന—ശ്രീധരൻ്റെ

കർണ്ണങ്ങളിൽ ആ ഗാനങ്ങൾ സ്വർഗ്ഗീയാനന്ദം പകർന്നുകൊടുക്കും. അവ സാധാരണ ഗാനങ്ങളല്ല—കീർത്തനങ്ങൾ—ഭക്തിയുടെ അഗാധതയിൽനിന്നുണരുന്ന ഹൃദയദ്രവീകരണ സമർത്ഥങ്ങളായ ക്രിസ്തീയകീർത്തനങ്ങൾ. ഏറെ മാസങ്ങൾക്കുശേഷമാണ് ശ്രീധരൻ മനസ്സിലാക്കിയത്, അത് കണ്ണപ്പന്റെ കണ്ഠത്തിൽനിന്നു പൊങ്ങുന്ന സംഗീതമാണെന്ന്.

കണ്ണപ്പന്റെ കണ്ഠശുദ്ധിക്കു കാരണം, കുതിരബിരിയാനിയായിരിക്കുമോ?.........

പേ്ലറ്റ് വടിച്ചുനക്കി ചായയും കുടിച്ചു. പ്രാതലിന്റെ പൈസ മനസ്സിൽ കണക്കുകൂട്ടി:

| | | |
|---|---|---|
| പുട്ട് രണ്ടു കഷണം | – | 4 കാശ് |
| കടലക്കറി | – | 2 കാശ് |
| പപ്പടം | – | 1 കാശ് |
| ആപ്പ് ചായ | – | 3 കാശ് |
| ആകെ | – | 10 കാശ് |

അണയിൽ 2 കാശ് ബാക്കിയുണ്ടാവും. ഒരു സിഗരറ്റ് വലിച്ചുകളയാം. മുന്തിയ ആനമാർക്ക് സിഗരറ്റുതന്നെ—വില 1½ കാശ്.

വിരൽ ഞൊടിച്ച് ശ്ശ്ശ്ശൂ എന്നു വിളിച്ച് പുളിയുറുമ്പിന്റെ ശ്രദ്ധയാകർഷിച്ചു. അവൻ തിരിഞ്ഞുനോക്കിയപ്പോൾ സ്വയം ചൂണ്ടുവിരൽ ചുണ്ടിനു നേർക്കുയർത്തിക്കാട്ടി ഉച്ചരിച്ചു; 'ആന!'

അപ്പോൾ രണ്ടുമൂന്നു നിര ബഞ്ചുകൾക്കപ്പുറത്തു പുറംതിരിഞ്ഞിരിക്കുന്നവരുടെ സംഭാഷണത്തിൽ 'കൃഷ്ണമ്മാഷ്ട്ര്' എന്നൊരു കഷണം കാതിൽ കുടുങ്ങി—ശ്രദ്ധിച്ചു.

...........

"ആങ്ങേ്—കന്നിപ്പറമ്പിലെ കൃഷ്ണമ്മാഷ്ടെ മോൻ ഗോപാലൻ തന്നെ..."

"ഗോപാലൻറൈറ്റർ കിഴക്കെവിടെയോ ഒരു മരച്ചാപ്പയിലലേ്ല?......."

"ആങ്ങേ്—ചന്തുക്കുട്ടിമുതലാളിന്റെ ക്ലൂപ്പില്—ഇപ്പം വന്നിട്ടുണ്ട്— ദീനം പിടിച്ച്......."

"കോവാലന് എന്ത്ര്ത്താ ദീനം?" (മൂന്നാമതൊരു ശബ്ദം.)

"ദീനം......." (ഒരു ചിരി.)

"ദീനം മറ്റേത് തന്നെ—കിട്ടി—അമുക്കി—ഇപ്പ ഇതാ ചൊറിയും കുഷ്ഠവും പിടിച്ചു നടക്ക്ന്ന്....."

"പാവം!—നല്ല സൊബാവകൊണേള്ളു ഒരു കുണ്ടനായിര്ന്ന്—ആ കൊരങ്ങൻ കുഞ്ഞപ്പൂനേപ്പോലായിര്ന്നില്ല."

"സ്വഭാവഗുണമുണ്ടായിട്ടാണോ അതിനു പോയത്?"

"ആണ്ങ്ങളലേ്ല മാഷ്ടരെ, —അങ്ങനൊക്കെണ്ടാവും........" (മൂന്നാമത്തെ ശബ്ദം)

"നല്ല പൊൻവാളംപോലുണ്ടായിരുന്ന ഒരു ബാല്യക്കാരൻ —ഇപ്പക്കണ്ടാൽ വെണ്ണീറ്റിന്നെണീറ്റു വരുന്ന നായിനെപ്പോലെ ആയി........"

"കോരുക്കുട്ടിവൈശ്യരെ എണ്ണ കുടിക്കട്ടെ—എന്ത്ര്ത്താ അയിന്റെ പേര്?......"

"ഓവീഓയല്—"

"അതിനെക്കൊണ്ടൊന്നും മാറൂന്ന് തോന്ന്ന്നില്ല......."

....................

അവർ എണീറ്റുപോയി.

ശ്രീധരൻ മൂലയിൽ പതുങ്ങിയിരുന്ന് എല്ലാം കേട്ടു.

കൈവണ്ടിക്കാരൻ കുട്ടാപ്പുവും, ചാപ്പുണ്ണിഅധികാരിയുടെ കോൽക്കാരൻ ആണ്ടിക്കുട്ടിയുമാണ് അവരിൽ രണ്ടുപേർ. കോളർ ഷർട്ടും ഓപ്പൻകോട്ടും ധരിച്ച മറ്റേ ചെറുപ്പക്കാരനെ ഊഹിച്ചെടുത്തു—ചന്തുപ്പണിക്കരുടെ സ്കൂളിൽ ഒരാശാരി കേശവൻ മാസ്റ്ററായി വന്നുചേർന്നിട്ടുണ്ടെന്ന കേട്ടിരുന്നു. അവനായിരിക്കണം—

സിഗരറ്റും വലിച്ചുതീർത്ത് ശ്രീധരൻ എണീറ്റു കൗണ്ടറിനു മുമ്പിൽ ചെന്നു നിന്നപ്പോൾ ഉണ്ണീരി വിളിച്ചുപറഞ്ഞു: "പതിനൊന്നരക്കാശ്."

മുതലാളിക്കുമാരൻ അണ വാങ്ങി പെട്ടിയിലിട്ടു. ബാക്കി അരക്കാശിനു പകരം രണ്ടു ബീഡിയെടുത്തു നീട്ടി. ശ്രീധരൻ നിഷേധഭാവത്തിൽ തലയാട്ടി. "ബാക്കി പിന്നെ വാങ്ങിക്കോളാം" എന്നും പറഞ്ഞ ഗൗരവത്തോടെ ഇറങ്ങി നടന്നു.

ശ്രീധരന്റെ തലച്ചോറിൽ, കൈവണ്ടിക്കാരന്റെയും കോൽക്കാരന്റെയും ആശാരിമാസ്റ്ററുടെയും സംഭാഷണങ്ങൾ ഒരു വിഷക്കാറ്റുപോലെ ചുഴന്നു കളിച്ചു.

ഗോപാലേട്ടൻ, മരക്കച്ചവടക്കാരൻ ചന്തുക്കുട്ടിമുതലാളിയുടെ കണക്കപ്പിള്ളയും കാര്യസ്ഥനുമായിച്ചേർന്നിട്ട് ഒരു കൊല്ലമായി. അധികദിവസവും കിഴക്കൻ മലകളിലുള്ള മുതലാളിയുടെ ക്ലൂപ്പുകളിലായിരിക്കും. മരംമുറിയുടെ മേൽനോട്ടം. മാസത്തിലൊരിക്കലോമറ്റോ കന്നിപ്പറമ്പിൽ വരും. വരുമ്പോൾ അച്ഛന് പത്തുറുപ്പിക കൊടുക്കും.

അച്ഛൻ ഗോപാലേട്ടനെ സ്നേഹപൂർവ്വം ഉപദേശിക്കും.

"നീ കാട്ടിലും മലയിലും കിടന്നഴന്നാൽ നിന്റെ തടി ചീത്തയാവും. തടി നോക്കണം."

(അപ്പോൾ അടുക്കളയിൽനിന്നു ഗോപാലേട്ടൻ ഇളയമ്മയോട് മെല്ലെ തമാശയായി പറയും; "ഞാൻ തടിനോക്കാൻതന്നെയാണ് അങ്ങോട്ടു പോയത്—ചന്തുക്കുട്ടിമുതലാളിയുടെ തടി (മരം)!")

അച്ഛൻ ചോദിക്കും; "ഗോപാലങ്കുട്ടീ, നീ ആഴ്ചയിൽ മൂന്നുപ്രാവശ്യം എണ്ണതേച്ചു കുളിക്കാറുണ്ടോ?"

ഗോപാലേട്ടൻ പരുങ്ങിക്കൊണ്ടുപറയും; "ചെലപ്പോഴൊക്കെ."

ഗോപാലേട്ടൻ വീട്ടിൽ വന്നാൽ അച്ഛൻ തന്നെ മാർക്കറ്റിൽപ്പോയി നല്ല മത്സ്യം വാങ്ങിക്കൊണ്ടുവരും. "കാട്ടില് അവന് ഒണക്കമീനുംകൂടി കിട്ടൂല—ഒര്ദെവസമെങ്കിലും മനസ്സിനു പറ്റി ഊണുകഴിക്കട്ടെ—"

ഗോപാലേട്ടൻ വരുമ്പോൾ കാട്ടിൽനിന്നു നല്ല ചെറുതേൻ കൊണ്ടു വരും. ഒരിക്കൽ ഒരു മാൻകൊമ്പു കൊണ്ടുവന്നു. അതിന് ആശാരിമാധവൻ നല്ലൊരു മരത്തലയുണ്ടാക്കിക്കൊടുത്തു—ആ മാൻതല മാളികവരാന്തയിൽ ശ്രീധരൻ പഠിക്കാനിരിക്കുന്ന മൂലയിലെ ചുമരിൽ തറച്ചുവച്ചിട്ടുണ്ട്.

കഴിഞ്ഞമാസം ഗോപാലേട്ടൻ വീട്ടിൽ വന്നപ്പോൾ അച്ഛന്റെ മുന്നിൽ ചെല്ലാൻ മടിച്ചു: ദേഹം മുഴുവനും ഒരുജാതി ചൊറി.

അച്ഛൻ അകത്തേക്കു വന്നു ഗോപാലേട്ടനെ അരികിൽ പിടിച്ചു നിർത്തി കുപ്പായം പൊക്കി നോക്കി.

"നീ വയറിളക്കാറില്ലേ?"—അച്ഛന്റെ ചോദ്യം.

"അതിനൊന്നും ഇടകിട്ടാറില്ല." ഗോപാലേട്ടൻ പറഞ്ഞു—ഒരു വിഷാദസ്വരത്തിലായിരുന്നു മറുപടി.

"എന്നാൽ നീ ആദ്യം ഒന്നു വയറിളക്ക്—പിന്നെ വൈദ്യരെ കാണിക്കാം. സുഖക്കേടു മാറിയിട്ടു പോയാൽ മതി."

"കൂപ്പിൽ ആളില്ല. എനിക്കു നാളെത്തന്നെ പോണം."

"എടാ, ചുമരുണ്ടെങ്കിലേ ചിത്രമെഴുതാൻ കഴിയൂ—നീ ഞാമ്പറഞ്ഞതനുസരിക്ക്. ഒന്നുരണ്ടാഴ്ച കഴിഞ്ഞിട്ടു പോയാൽ മതി......."

"ഞാൻ നാളെ അവിടെയൊന്നു പോയിട്ടു വരാം —മുതലാളിയെക്കണ്ട് ലീവ് ചോദിക്കണം..........."

അങ്ങനെ ഗോപാലേട്ടൻ പിറ്റേന്നുതന്നെ കിഴക്കൻമലകളിലേക്കു പോയി, പിന്നെ ഒരാഴ്ച കഴിഞ്ഞിട്ടും വന്നുകണ്ടില്ല. പത്താംദിവസം എത്തി—നിറവും കോലവും ആകെ മാറിയിരുന്നു. സ്വർണ്ണംപോലെയുണ്ടായിരുന്ന ശരീരം, വെണ്ണീറിന്റെ നിറത്തിലായിരിക്കുന്നു. കൂടെ ചില ലേഹ്യങ്ങൾ അടക്കംചെയ്ത ഭരണികളും കൊണ്ടുവന്നിട്ടുണ്ട്.

'പനഞ്ചിറക്കാവിൽ ഒരു വിഷവൈദ്യനെക്കാണിച്ചു. എട്ടുകാലി വിഷമാണെന്നു പറഞ്ഞു. മരുന്നു തന്നിട്ടുണ്ട്—" ഗോപാലേട്ടൻ ഭരണികൾ ചൂണ്ടിക്കാട്ടി.

ഗോപാലേട്ടൻ ഒരാഴ്ച പുറത്തിറങ്ങാതെ ലേഹ്യവും സേവിച്ചു വീട്ടിൽത്തന്നെ കഴിച്ചുകൂട്ടി—രോഗത്തിനു പറയത്തക്ക മാറ്റമൊന്നും കണ്ടില്ല.

അപ്പോഴേക്കും ഗോപാലേട്ടന്റെ സുഖക്കേടിന്റെ വാർത്ത ദേശം മുഴുവനും വ്യാപിച്ചുകഴിഞ്ഞിരുന്നു.

വൈദ്യനെക്കാണാനാണെന്നും പറഞ്ഞ് ഗോപാലേട്ടൻ ഇന്നലെ വീണ്ടും പനഞ്ചിറക്കാവിലേക്കു പോയിരിക്കയാണ്—

ഗോപാലേട്ടനു കിട്ടിയതെന്താണെന്ന് ശ്രീധരനു മനസ്സിലായി. ഒരാഴ്ച മുമ്പായിരുന്നെങ്കിൽ കാര്യം പിടികിട്ടുമായിരുന്നില്ല. എന്തെന്നാൽ കഴിഞ്ഞ ആഴ്ചയിലാണ് കേളുക്കുട്ടി, ആ പൈ്രവറ്റ് പുണ്ണിനെപ്പറ്റി വിസ്തരിച്ചു പറഞ്ഞുതന്നത്. കാരണമുണ്ടായിരുന്നു.

അതിരാണിപ്പാടത്തെ പാണൻവേലുവിന്റെ പുരയിൽ വേലുവിന്റെ പാട്ടിയുടെ ചാർച്ചയിൽപ്പെട്ട ഒരു ചെറുപ്പക്കാരൻ വന്നു താമസിക്കുന്നുണ്ട്. അപ്പുണ്ണി. നെയ്ത്തുകമ്പനിയിലാണ് പണി. എപ്പോഴും അലക്കിത്തേച്ച വെള്ള ഷർട്ടും ഡബിൾ ദോത്തിയും ധരിച്ചു നടക്കുന്ന ഒരു സുന്ദരക്കുട്ടൻ! ഒരുദിവസം ശ്രീധരൻ അവനെ ഇടവഴിയിൽ വെച്ചു കണ്ടു. ദോത്തിയുടെ മുകൾവശം നാഭിക്കു താഴെ അൽപമൊന്നു നുള്ളിപ്പൊക്കിപ്പിടിച്ച്, അസാരം നൊണ്ടിനൊണ്ടിക്കൊണ്ടാണ് വിദ്വാൻ നീങ്ങുന്നത്.

അപ്പോൾ എതിരേ വരുന്ന ബാങ്ക് പ്യൂൺ ചന്തു, ചന്തുവിനെ കണ്ടപ്പോൾ അപ്പുണ്ണി ചിരിച്ചു കൊണ്ട് അങ്ങോട്ടു പറയുന്നതു കേട്ടു: 'കിട്ടി—കിട്ടി—'

വളരെ ക്ലേശിച്ച് അന്വേഷിച്ചുനടന്ന എന്തോ അമൂല്യവസ്തു ഒടുവിൽ കൈയിൽ വന്നുപെട്ടു എന്ന് അഭിമാനത്തോടെ അറിയിക്കുന്നമട്ടിലായിരുന്നു പാണന്റെ ആ 'കിട്ടി' പ്രയോഗം. പ്യൂൺ ചന്തു അപ്പുണ്ണിയെ ആകപ്പാടെയൊന്നു നോക്കി. ഒന്നും മിണ്ടിയില്ല.

പാണൻ അപ്പുണ്ണിക്ക് എന്താണു കിട്ടിയത്? ശ്രീധരൻ ചിന്തിച്ചു. ഭാരമുള്ള എന്തോ ഒന്ന് ഒളിപ്പിച്ചു കൊണ്ടുപോകുന്നതുപോലെയാണ് പാണൻ നീങ്ങിയിരുന്നത്.

അന്നു വൈകുന്നേരം കേളുക്കുട്ടിയോട് പാണൻ അപ്പുണ്ണിയെ കണ്ട കഥ പറഞ്ഞു: "എന്താണിഷ്ടാ അവനു കിട്ടിയത്?"

അതു കേട്ടപ്പോൾ കേളുക്കുട്ടി പൊട്ടിച്ചിരിച്ചു. പിന്നെ ശ്രീധരന്റെ ചെകിട്ടിൽ പറഞ്ഞു: "പ്രൈവറ്റ് പുണ്ണ്—ഉഷ്ണപ്പുണ്ണ്."

ചീത്തപ്പെണ്ണുങ്ങൾ കൊടുക്കുന്നതാണത്രേ.

ഗോപാലേട്ടൻ ചീത്തപ്പെണ്ണുങ്ങളുടെ അടുത്തു പോയി എന്നു ശ്രീധരനു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഗോപാലേട്ടൻ ആളൊരു നാണംകുണുങ്ങിയാണ്. പെണ്ണുങ്ങളെ കാണുമ്പോൾ തലതാഴ്ത്തി നടക്കുന്ന സ്വഭാവമാണ്. പിന്നെ ഇതെങ്ങനെ കിട്ടി? അങ്ങനെ ചിന്തിച്ചു നടക്കുമ്പോൾ അതാ എതിരേ വരുന്നു കിറുക്കൻ നാണു.

പറ്റെ ക്രോപ്പടിച്ച തലയും, കുറ്റിരോമങ്ങൾ ചിതറിക്കിടക്കുന്ന കൂർത്ത മുഖവുമായി, മുറിക്കൈയൻബനിയനും നിലത്തിഴയുന്ന മുഷിഞ്ഞ മുണ്ടും ധരിച്ച്, ഇടതു കൈയിൽ എന്തോ മുറുകെപ്പിടിച്ചുകൊണ്ട് പുതിയ നിരത്തിലൂടെ സദാ കിഴക്കോട്ടും പടിഞ്ഞാട്ടും നടക്കുന്ന ഒരു ചെറുപ്പക്കാരനാണ്, നാണു. ഭേദപ്പെട്ടൊരു തറവാട്ടിലെ അംഗമാണ്. തല ചൂടായിപ്പോയി.

നാണു ഇടതുകൈയിൽ മുറുക്കിപ്പിടിച്ച ആ അമൂല്യവസ്തു എന്താണെന്ന് പുറമേ ആർക്കും പിടികിട്ടിയില്ല. അത് നാണുവിനു മാത്രമറിയാവുന്ന ഒരു മഹാരഹസ്യമാണ്. ധൃതിവെച്ചുകൊണ്ടാണ് നടത്തം. ആരോടും മിണ്ടുകയില്ല. ഇടയ്ക്കിടെ കണ്മിഴികൾ ചുഴറ്റിക്കൊണ്ടിരിക്കും. പിന്നെ പെട്ടെന്നു നിന്ന്, എന്തോ മനസ്സിൽ പിടികിട്ടിയമട്ടിൽ രണ്ടുമൂന്നുപ്രാവശ്യം തലയാട്ടി, ഇടതുമുഷ്ടിപ്പിടുത്തം ഒന്നുകൂടി മുറുക്കി, തിരിഞ്ഞൊരു നടത്തം പാസ്സാക്കും.

നാണുവിന് ഏതോ പെണ്ണൊരുത്തി കൈവിഷം കൊടുത്തതാണത്രേ — മയക്കിയെടുക്കാൻ, മരുന്നിന്റെ മാത്ര ഏറിപ്പോയി—ഭ്രാന്തായി. കുടക്കാൽ ബാലൻ പറഞ്ഞതാണ്.

ഈ പെണ്ണുങ്ങളെന്ന വർഗ്ഗം എന്തു ഭയങ്കരികൾ! പണ്ടു തെരുവിന്റെ മൂലയിൽ വെച്ച് റാവുത്തറുമൗലവി പാടിയ പാട്ട് തലച്ചോറിൽ തേട്ടിവന്നു:

"ആറ്റെയും കാറ്റെയും നമ്പലാം—അന്ത
ശേലകെട്ടിയ മാതരെ നമ്പലാ...."

കന്നിപ്പറമ്പിലെത്തിയപ്പോൾ അച്ഛൻ കുളിയും ജപവും കഴിഞ്ഞു കോട്ടും തൊപ്പിയും ധരിച്ച് മൂന്നുമൈൽ ദൂരെയുള്ള സ്കൂളിലേക്കു പുറപ്പെട്ടു നിൽക്കുന്നു. മുറ്റത്തുകിടക്കുന്ന പച്ചച്ചകിരിയും തൊണ്ടും കണ്ടപ്പോൾ മനസ്സിലായി, അച്ഛൻ ഒരിളനീർ കുടിച്ചിട്ടുണ്ടെന്ന്. പറമ്പിലെ തെങ്ങു ചെത്തുന്ന മാക്കോത പറിച്ചു കൊടുത്തതായിരിക്കും.

പാവം അച്ഛൻ! — ശ്രീധരൻ മനസ്സിൽ വിചാരിച്ചു. ഭാരതമാതായിൽപ്പോയി ഒരു കുതിരബിരിയാനിയടിച്ചാലെന്താ, അച്ഛന്?

അമ്മയുടെ ആഹാരക്കാര്യം ഒന്നും അന്വേഷിക്കേണ്ടതില്ല. അയൽവീട്ടിലെ അമ്മിണിയമ്മയോ, ഉണ്ണൂലിയമ്മയോ വന്ന് എന്തെങ്കിലും വെച്ചു കാച്ചിക്കൊടുക്കും—അതിലൊരു പങ്കു തനിക്കും വെച്ചേക്കും.

അപ്പോൾ മുറ്റത്തുനിന്നു കേട്ടു 'സ്വാമീ—നാരായണാ' എന്നൊരു വിളി. കാവിമുണ്ടുകൊണ്ട് ഏത്താപ്പുകെട്ടിയ ഒറ്റക്കയ്യത്തി പൂശാരിച്ചിത്തള്ള ധർമ്മത്തിനു വന്നിരിക്കയാണ്.

തള്ളയുടെ വലതുകൈ ചീങ്കണ്ണി കടിച്ചുതിന്നു പോയതാണത്രേ. കന്നിപ്പറമ്പിൽ വരുമ്പോഴെല്ലാം തള്ള, പണ്ടെങ്ങോ നടന്ന ആ ചീങ്കണ്ണിക്കഥ പറഞ്ഞു മുതലക്കണ്ണീരൊഴുക്കും—ആ സങ്കടക്കഥ കേട്ടു ശ്രീധരന്റെ അമ്മയ്ക്കു സഹതാപം മൂക്കും. തള്ളയ്ക്കു കഞ്ഞി കൊടുക്കും.

"ഇന്നു കഥ മാത്രം—കഞ്ഞിയില്ല." ശ്രീധരൻ തനിയെ ചിരിച്ചുകൊണ്ടു മനസ്സിൽ പറഞ്ഞ് മാളികവരാന്തയിലേക്കുള്ള കോണികേറി.

മണി ഒമ്പതായിട്ടേയുള്ളൂ. കോളേജിലേക്കു പുറപ്പെടാൻ ഇനിയും അരമണിക്കൂറുണ്ട്.

ചുമരിലേക്കു സൂക്ഷിച്ചുനോക്കി. പഴയ ബുക്കുകൾ ഒതുക്കിക്കെട്ടിവെച്ച ഷെൽഫിന്റെ മൂലയിലേക്കു ചുമരിലൂടെ ചിതലുകൾ പുതിയ റെയിൽപ്പാത നിർമ്മിക്കുന്നു! അതു ചുരണ്ടിയെടുത്തു ഷെൽഫിലെ പുസ്തകങ്ങൾ ചിലതെടുത്തു തട്ടി—അപ്പോൾ പഴയൊരു എസ്. എസ്. എൽ. സി. ടെക്സ്റ്റിനുള്ളിൽനിന്ന് ഒരു കടലാസ് താഴെ വീണു. കുനിഞ്ഞെടുത്തു നോക്കിയപ്പോൾ പണ്ടെങ്ങോ കുറിച്ചുവെച്ച ഒരു കവിത. 'വണ്ടിനോട്' എന്ന തലക്കെട്ട്.,

"ചെന്താർമധുവുണ്ടു തെണ്ടും വരിവണ്ടേ,
സന്ധ്യയായ്—സന്ധ്യയായ് പോകാതെന്തേ?
കാർവേണീഭാരത്താൽ ഗർവ്വിഷ്ഠയായുള്ള
ശർവ്വരീഭ്രൂഭംഗംചെയ്യുമല്ലോ.
അംബുജബാന്ധവനംബരയാത്രയ്ക്കൊ
രുമ്പെട്ടുനിന്നോരാ വേളതൊട്ടു
സിന്ദൂരസുന്ദരസായാഹ്നസന്ധ്യയാ
ളന്തരിച്ചീടുന്നതുവരെയ്ക്കും
സ്വാതന്ത്ര്യമൂർത്തിയായ് കാമികൾക്കാത്മാവി
ലാതങ്കം വായ്ക്കുന്ന മന്ത്രമോതി......."

കവിത പൂർത്തിയാക്കിയിട്ടില്ല (അത്രയും കേട്ടതോടുകൂടി വണ്ടു മണ്ടിക്കഴിഞ്ഞിട്ടുണ്ടാവും)

വണ്ടിനെ ഒന്നു സമാശ്വസിപ്പിക്കണം. കവിത പൂർത്തിയാക്കണം.

ഇരുന്നാലോചിച്ച് എഴുതിത്തുടങ്ങി:

"ഭൃംഗമേ, ഭംഗിതൻ പൂർണ്ണവിരാമമേ,

പൂങ്കാവനങ്ങളിലങ്ങുമിങ്ങും
വാസരലക്ഷ്മിതൻ മൈക്കണ്മിഴിപോലെ
നീ സഞ്ചരിച്ചു വിമൂകനായി,
ഝംകാരം മൂളി നീ മാധവശ്രീതന്റെ
ശൃംഗാരസന്ദേശവാഹകനായ്
ക്ഷീണിതനായി, നിപ്പോവുക പച്ചില
ശേ്രണിയിൽ വീണു മയങ്ങീടാനായ്
നാളീകത്തുമധുവുണ്ണുവാനിങ്ങോട്ടു
നാളെ നീ നേരത്തേ വന്നുകൊൾക—"

നേരം പോയതറിഞ്ഞില്ല.

മുണ്ടും ഷർട്ടും മാറ്റി കോളേജിലേക്കു പുറപ്പെട്ടു.

ആദ്യത്തെ പീര്യഡ് രംഗനാഥയ്യരുടെ മാത്തമാറ്റിക്സ് ക്ലാസ്സാണ്. ക്ലാസ്സിൽ കടന്നു നാലാംനിരയിലെ മൂലയിലെ ഡസ്കിന്റെ പിറകിൽ പതിവു സ്ഥലത്ത് ഒതുങ്ങിയിരുന്നു. (തൊട്ടടുത്തിരിക്കാറുള്ള ഉറ്റചങ്ങാതി നാരായണൻനമ്പ്യാർ വന്നിട്ടില്ല.)

അപ്പോൾ തെക്കുവശത്തെ ഒറ്റപ്പെട്ട ഡസ്കിന്റെ പിറകിൽ പച്ചസ്സാരിയുടെ ചലനം മിഴിയിൽ പതിഞ്ഞു. ദാക്ഷായണി!—ക്ലാസ്സിലെ തൊണ്ണൂറ് ആൺകണ്ണുകൾക്ക് അഭിഷേകം നടത്താനുള്ള ഒരേയൊരു 'മറ്റേസൃഷ്ടി'യുടെ പ്രതിഷ്ഠ!

ചടച്ചു പൊക്കം കുറഞ്ഞ് സ്വല്പം പിത്തച്ഛായ കലർന്ന വലിയ വട്ടമുഖവും തടിച്ചുവിളർത്ത കീഴ്ച്ചുണ്ടുമുള്ള നാട്ടിൻപുറക്കാരി ദാക്ഷായണി. ദാക്ഷായണിയിൽ ആകർഷകമായ സ്ത്രൈണഘടകങ്ങൾ മൂന്നെണ്ണമാണ്. താരുണ്യം—തഴച്ച പനങ്കുലത്തലമുടി—കുമ്പളക്കുരുപ്പല്ലുകൾ. തലമുടിയുടെ നീളം പ്രദർശിപ്പിക്കാനെന്നോണം അതു സദാ അഴിച്ചിട്ട് തുമ്പുകെട്ടി പിറകിൽ തൂക്കിയിടും........

വാതിൽക്കൽ വെള്ളത്തലക്കെട്ടു പ്രത്യക്ഷപ്പെട്ടു. ലക്ചറർ ക്ലാസ്സിലേക്കു ചുവടുവെച്ചപ്പോൾ സതീർത്ഥ്യരോടൊപ്പം എണീറ്റുനിന്നു.

അയ്യങ്കാരുടെ കക്ഷത്തിലെ കടലാസുകെട്ടു കണ്ടപ്പോൾ ഒന്നു നടുങ്ങി. ക്വാർട്ടർലി പരീക്ഷയുടെ ഉത്തരക്കടലാസുകൾ പരിശോധിച്ചു മാർക്കിട്ടു കൊണ്ടുവന്നിരിക്കയാണ്. മാർക്കുകൾ ക്ലാസ്സിൽ വായിക്കും. ദാക്ഷായണിയും കേൾക്കും......വയറ്റിലെ കുതിരബിരിയാനി മുക്കാലും ദഹിച്ചുപോയി.

അയ്യങ്കാർ മാത്തമാറ്റിക്സ് ഉത്തരക്കടലാസുകൾ പുറത്തെടുത്ത് ഉറക്കെ മാർക്കുകൾ വായിച്ചുതുടങ്ങി.

കെ. ജയദേവൻ, നെടുങ്ങാടി 55

.................................................................................

.................................................................................

.................................................................................

പി. ഗോവിന്ദമേനോൻ 44

സി. നാരായണൻനമ്പ്യാർ 60

പി. രാഘവമേനോൻ 39

പി. വി. കൃഷ്ണയ്യർ

(ശ്രീധരൻ തല്ലിയ പട്ടരാണ്) 95

സി. ശ്രീധരൻ............

(വിദ്യാർത്ഥികൾ ശ്രദ്ധിക്കുന്നുണ്ടോ! അയ്യങ്കാർ ക്ലാസ്സു മുഴുവനും ഒന്നു കണ്ണുഴിഞ്ഞു — പിന്നെ......) നിർവ്വികാരനായി പ്രഖ്യാപിച്ചു: “സീറോ.”

## 4. “കോര്മീനാ”

പച്ചക്കുതിരമേലേറി—വിണ്ണിൻ
പിച്ചകപ്പൂക്കൾ പറിക്കാൻ—
അച്ഛനീലാംബരംതന്നിൽ, —പൊങ്ങി
സ്വച്ഛന്ദമെങ്ങും ചരിക്കാൻ—
കൊച്ചുമേഘങ്ങളിൽത്തങ്ങി—നിന്നി—
ട്ടുച്ചത്തിലൊന്നു ചിരിക്കാൻ—
സ്വപ്നക്കലവറതന്റെ—സ്വർണ്ണ—
സോപാനമേറിയിരിക്കാൻ
മാമകചിത്തം കൊതിപ്പൂ—മുമ്പിൽ
ഹേമന്തരാത്രിയെത്തുമ്പോൾ!
ഉച്ചണ്ഡവാതംകണക്കെ—യെന്റെ
പച്ചക്കുതിര കുതിക്കെ
ശൂന്യതതൻ ശുദ്ധഗാനം—കേട്ടെൻ
കർണ്ണങ്ങൾ കോരിത്തരിക്കെ..........

ഭാവനയുടെ പരിമിതി കവിതയിലൂടെ അവിടെച്ചെന്നു നിന്നു. ശ്രീധരന്റെ പച്ചക്കുതിര പിന്നെ എങ്ങോട്ടു പറക്കണമെന്നു നിശ്ചയമില്ലാതെ കുളമ്പിട്ടടിക്കുകയാണ്, ശൂന്യതയുടെ സ്വപ്നസൈകതങ്ങളിൽ.

അപ്പോൾ, ഒരു ഹാർമ്മോണ്യഗാനത്തിന്റെ നേരിയ അലകൾ ശ്രീധരന്റെ കർണ്ണങ്ങളെ ഒന്നു തലോടി. ‘കോർമീനാ’യിലെ സൗദാമിനിയുടെ സംഗീതമാണ്. ശ്രീധരൻ പച്ചക്കുതിരയെ ശൂന്യതയിൽ മേയാൻ വിട്ട് കന്നിപ്പറമ്പിലെ മാളികവരാന്തയിലേക്കുതന്നെ ഇറങ്ങിവന്നു.

ഹേമന്തരാത്രിയുടെ ഏകാന്തതയിൽ സ്വപ്നവീചികളുണർത്തിക്കൊണ്ട് സൗദാമിനിയുടെ ഹാര്മ്മോണ്യസംഗീതം സഞ്ചരിക്കുന്നു. ഒരു സ്വർഗ്ഗീയാനുഭൂതിയിൽ മുഴുകിക്കൊണ്ട് ശ്രീധരൻ കുമ്പിട്ടിരുന്ന് ആസ്വദിച്ചു.

അപ്പോൾ കേട്ടു പടിഞ്ഞാറെപ്പുരയിലെ പട്ടിയുടെ കുര.

സൗദാമിനിയുടെ സംഗീതാമൃതം നക്കിക്കുടിച്ചുകളഞ്ഞു ആ പട്ടി.

പട്ടി കുര നിർത്തുന്നില്ല. പട്ടികൾക്ക്, വിശേഷിച്ചും ചെത്തലപ്പട്ടികൾക്ക്—കുരയ്ക്കാൻ കാരണമൊന്നും വേണ്ട. നിലാവു കണ്ടാലും നിഴലു കണ്ടാലും ഇല അനങ്ങിയാലും രംഗം നിശ്ചലമായാലും ഒന്നും സംഭവിക്കാതിരുന്നാലും പട്ടി കുരയ്ക്കാൻ തുടങ്ങും. തുടങ്ങിയാൽ പിന്നെ, നിർത്തുകയുമില്ല. ശാസ്ത്രീയപുരോഗതി നേടിയ മനുഷ്യനു ശബ്ദങ്ങളെ നിയന്ത്രിക്കാൻ കഴിയുമത്രെ. എന്നാൽ, ഒരു ശാസ്ത്രജ്ഞനും—ഒരു മനുഷ്യനും—ഒരു കാലത്തും നിയന്ത്രിക്കാനോ അടക്കാനോ സാദ്ധ്യമല്ലാത്ത ഒരു ശബ്ദമുണ്ട്. പട്ടിയുടെ

കുര. ഒച്ചയിട്ടാട്ടിയാൽ അതു യജമാനന്റെ അഭിനന്ദനമാണെന്നു തെറ്റിദ്ധരിച്ചു പട്ടി കൂടുതൽ ഉച്ചത്തിൽ കുരയ്ക്കാൻ തുടങ്ങും. കല്ലെടുത്തെറിഞ്ഞാൽ—ഏറു കൊണ്ടാലും ഇല്ലെങ്കിലും—ഓടി, കുറച്ചു ദൂരം ചെന്ന് സ്വരവും രാഗവും ഒന്നു മാറ്റി പിന്നെയും ആലാപനം തുടങ്ങും. അടിച്ചാലും രക്ഷയില്ല. വേദനകൊണ്ടു മെല്ലെയൊന്നു മോങ്ങി, കുറച്ചു സമയം മൗനം പൂണ്ടു വീണ്ടും ശൗര്യം നടിച്ച്, ആർക്കോവേണ്ടിയെന്നമട്ടിൽ വിലാപഗാനം തുടരും—തല്ലു കിട്ടിയതിന്റെ പ്രതിഷേധമറിയിക്കാനെന്ന പോലെ ഗാനത്തിൽ ചില മൂളലുകളും മുരൾച്ചകളും ഇടയ്ക്കിടെ കൂട്ടിച്ചേർക്കുകയും ചെയ്യും പട്ടി.

അങ്ങനെ കവിതയെഴുത്തിനും ഹാർമ്മോണ്യഗാനാസ്വാദനത്തിനും ആകസ്മികമായ വിഘ്നം സംഭവിച്ചപ്പോൾ ശ്രീധരൻ കോസടി നിവർത്തിയിട്ട് ഉറങ്ങാൻ കിടന്നു. സൗദാമിനിയെപ്പറ്റിയും അവളുടെ പിതാവ് കോരപ്പൻ കൺട്രാക്കരെപ്പറ്റിയും അയാളുടെ പൂർവ്വചരിത്രത്തെപ്പറ്റിയും ഓർത്തു.

കിഴക്കുള്ളൊരു നാട്ടുമ്പുറത്തെ വലിയൊരു ജന്മിയുടെ പൈക്കളെ മേയ്ക്കുന്ന ഒരനാഥചെറുക്കനായിരുന്നു കോരപ്പൻ. മറ്റു കാലിപ്പിള്ളരുടെ കൂടെ കുന്നിൻചെരുവുകളിലും കുറ്റിക്കാടുകളിലും അവൻ കളിച്ചു മദിച്ചു നടന്നു.

ജന്മിക്ക് ഒരോമനമകളുണ്ടായിരുന്നു. കണ്ടാലഴകുള്ളൊരു പെൺകിടാവ്. എന്നാൽ, മഹാഗർവ്വിഷ്ഠയുമായിരുന്നു. ഒരുദിവസം അവൾ എണ്ണയും തേച്ചു പുഴയിലേക്ക് ഒറ്റയ്ക്കു കുളിക്കാൻ പോകുമ്പോൾ കോരപ്പൻ വഴിക്കുവച്ച് അവളെ കണ്ടു കൊതിയോടെ നോക്കി. ശൃംഗാരസൂചകമായൊരു പാട്ടു പാടി. കോരപ്പന്റെ പ്രേമപ്പാട്ട് അവളെ ചൊടിപ്പിച്ചു. അവൾ അന്ന് അച്ഛന്റെയടുക്കൽ ചെന്നു പറഞ്ഞു: "കോരപ്പൻ ചെക്കൻ എന്നോടു തോന്ന്യാസംകളിക്കാൻ വന്നു."

ജന്മി കോരപ്പനെ വിളിച്ചു; അവനുടുത്തിരുന്ന തോർത്തുമുണ്ടഴിച്ച് ആ മുണ്ടുകൊണ്ടുതന്നെ അവന്റെ കൈകൾ പിറകോട്ട് ഒരു പുളിമരത്തോടു പിടിച്ചുകെട്ടി, കാലികളെത്തെളിക്കുന്ന മുളവടികൊണ്ട് കൗപീനമാത്രധാരിയായ ആ കാമുകന്റെ അരയ്ക്കു കീഴ്പോട്ട് പൊതിരെ തല്ലി—ജന്മിയുടെ ഓമനമകൾക്കു തൃപ്തിയായി.

കോരപ്പൻ അന്നുതന്നെ ഗ്രാമത്തിൽനിന്ന് ഓടിപ്പോയി. പട്ടണത്തിൽ വന്നുചേർന്ന അവൻ രണ്ടുമൂന്നുദിവസം അങ്ങുമിങ്ങും അലഞ്ഞുനടന്നു. ഒടുവിൽ റോഡ് കൺട്രാക്കർ കേളുമേസ്തിരിയുടെ പണിസ്ഥലത്തെത്തി. മേസ്തിരി കോരപ്പന് മണ്ണുചുമക്കുന്ന കൂലിപ്പണി കൊടുത്തു. വൈകുന്നേരം വരെ അദ്ധ്വാനിച്ചു വേലചെയ്തും, രാത്രി തെരുവിലെ ഏതെങ്കിലും പീടികക്കോലായിൽ കിടന്നുറങ്ങിയും കോരപ്പൻ നാലഞ്ചു നാളുകൾ കഴിച്ചു. ഒരു ദിവസം കേളുമേസ്തിരി എന്തോ വാത്സല്യം തോന്നി, അവനോടു കൂടുതൽ വിവരങ്ങൾ ചോദിച്ചു. കോരപ്പന്റെ ആത്മകഥ കേട്ടപ്പോൾ കേളു മേസ്തിരിക്കു വല്ലാത്ത അനുകമ്പയാണുണ്ടായത്. വൈകുന്നേരം അവനെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി.

കേളുമേസ്തിരിക്കു മക്കളുണ്ടായിരുന്നില്ല. മേസ്തിരിയുടെ ഭാര്യയ്ക്കും കോരപ്പനെ കണ്ടപ്പോൾ ഒരു വാത്സല്യം തോന്നി. കോരപ്പൻ പിന്നെ മണ്ണു കടത്തുന്ന പണിക്കുപോയില്ല. മേസ്തിരിയുടെ വീട്ടിൽത്തന്നെ അല്ലറ ചില്ലറ വേലകൾചെയ്തു പാർത്തു. മാസങ്ങൾ കഴിഞ്ഞപ്പോൾ കോരപ്പന്റെ മിടുക്കും അനുസരണശീലവും സത്യസന്ധതയും കേളു–കുഞ്ഞമ്മു ദമ്പതിമാരെ നല്ലപോലെ വശീകരിച്ചു. മാതാപിതാക്കളുടെ വാത്സല്യമെന്താണെന്നറിയാതെ വളർന്ന ആ ഗ്രാമീണകുമാരന്,

മേസ്തിരിയുടെയും ഭാര്യയുടെയും സ്നേഹംകലർന്ന ചൊല്ലും വിളിയും ആ വലിയ വീട്ടിൽ അനുവദിച്ചുകിട്ടിയ സ്വാതന്ത്ര്യവും സ്വർഗ്ഗീയാനുഭൂതികളായിരുന്നു.

കോരപ്പനു കുറച്ചു വിദ്യാഭ്യാസം നല്കാൻ തീരുമാനിച്ചു മേസ്തിരി. അതിന് ഒരു ട്യൂഷൻമാസ്റ്ററെ ഏർപ്പാടുചെയ്തു. മാസ്റ്റർ രാത്രി വന്ന് കോരപ്പനെ എഴുത്തും വായനയും കണക്കും പഠിപ്പിച്ചു—കണക്കിൽ മിടുക്കനായിരുന്നു കോരപ്പൻ.

അനപത്യദുഃഖാർത്തരായിരുന്ന കേളു—കുഞ്ഞമ്മുദമ്പതികൾ, ഒരു കൊല്ലം കഴിഞ്ഞപ്പോൾ കോരപ്പനെ പുത്രനായി ദത്തെടുത്തു. അതിനു മുമ്പു തന്നെ ചില കരാറുകളുടെ മേൽനോട്ടവും, ഗൃഹകാര്യങ്ങളിൽ ചില വകുപ്പുകളും കോരപ്പന്റെ ചുമതലയിലായിക്കഴിഞ്ഞിരുന്നു.

അങ്ങനെ പതിമൂന്നു കൊല്ലം കടന്നുപോയി.

കേളുമേസ്തിരി പ്രമേഹരോഗം പിടിപെട്ടു നാലഞ്ചുമാസം കിടപ്പിലായി; പിന്നെ മരിച്ചു.

കേളുമേസ്തിരിയുടെ ഒസ്യത്തിൽ, സ്വത്തിൽ (ബാങ്കിലെ വലിയൊരു നിക്ഷേപത്തിനുപുറമേ ധാരാളം തെങ്ങിൻതോപ്പുകളും കുടിയിടങ്ങളും മേസ്തിരി സമ്പാദിച്ചുവച്ചിരുന്നു.) പകുതി ഭാര്യ കുഞ്ഞമ്മുവിനും പകുതി കോരപ്പനുമാണ് എഴുതിവച്ചിരുന്നത്.

കേളുമേസ്തിരിയുടെ കരാറുമുഴുവനും കോരപ്പൻ ഏറ്റെടുത്തു.

ഒരുകൊല്ലം കഴിഞ്ഞപ്പോൾ പണക്കൊതിയനായ ഒരു റിട്ടയാർഡ് പോലീസ് ഇൻസ്പെക്ടർ കേളുമേസ്തിരിയുടെ വിധവ കുഞ്ഞമ്മുവിനെ വിവാഹം കഴിച്ചു. കോരപ്പൻ അവിടെനിന്നു താമസം മാറ്റി.

കൊല്ലങ്ങൾ കഴിയുംതോറും കോരപ്പൻകൺട്രാക്ടരുടെ നില അസൂയാർഹമാംവണ്ണം അഭിവൃദ്ധിപ്രാപിച്ചുവന്നു. ഗവണ്മെന്റു കരാറുകൾക്കു പുറമേ, റെയിൽവേ വക ക്രൂറൻകൺട്രാക്ടുകളും കോരപ്പനു കിട്ടി. ബിരുദധാരികളായ എൻജിനീയർമാർ കോരപ്പൻകൺട്രാക്ടരുടെ കീഴിൽ ജോലിയെടുത്തു.

എട്ടുകൊല്ലംകൊണ്ട് കോരപ്പൻകൺട്രാക്ടർ, പട്ടണത്തിലെ ഒരു കുബേരനായിത്തീർന്നു.

ഇരുപത്തിരണ്ടു വർഷം മുമ്പ് ജന്മിയുടെ തല്ലുകൊണ്ട് സ്വഗ്രാമം വിട്ടിറങ്ങിപ്പോന്നപ്പോൾ കോരപ്പൻ മനസ്സിൽ ഒരു പ്രതിജ്ഞയെടുത്തിട്ടുണ്ടായിരുന്നു. ഉയർന്ന കുടുംബത്തിലെ ഒരു സ്ത്രീയെ വിവാഹംകഴിച്ച് അവളെയും കൂട്ടി വരാൻ സാധിച്ചെങ്കിൽ മാത്രമേ ഇനി ഇവിടത്തെ മണ്ണിൽ ചവിട്ടുകയുള്ളൂ.

ആ പഴയ ശപഥം നിറവേറ്റാനുള്ള കാലമായി എന്നു കോരപ്പനു തോന്നി. വധുവിനെ അന്വേഷിച്ചുതുടങ്ങി.

പോലീസ് സൂപ്രണ്ടാപ്പീസ് മാനേജരായി പെൻഷൻപറ്റിപ്പിരിഞ്ഞ ഒരു കുഞ്ഞമ്പുനായരെയാണ്, തന്റെ സ്ഥാപനത്തിന്റെ പുതിയ മാനേജരായി കോരപ്പൻകൺട്രാക്ടർ നിയമിച്ചിരുന്നത്. കുഞ്ഞമ്പുനായർ ഒരാലോചന അവതരിപ്പിച്ചു. വടക്ക് കണ്ണൻമജിസ്ട്രേട്ടിന് ഒരു മകളുണ്ട്. കണ്ടാൽ സുന്ദരിയാണ്. കോൺവെൻറിൽ പഠിച്ച് മെട്രിക്കുലേഷൻ പാസ്സായിട്ടുണ്ട്.

വിവാഹദൗത്യവുമായി കുഞ്ഞമ്പുനായരെത്തന്നെ അയച്ചു. കണ്ണൻമജിസ്ട്രേട്ടിന്റെ സന്നിധിയിലേക്ക്—

ഉയർന്ന ഗവർമെണ്ടുദ്യോഗസ്ഥന്മാരിൽനിന്നും വക്കീൽമാരിൽനിന്നും മറ്റും മകൾക്കു തുടരെത്തുടരെ വിവാഹാലോചനകൾ വന്നുകൊണ്ടിരുന്ന കാലഘട്ടത്തിലാണ് കോരപ്പൻകൺട്രാക്ടരുടെ ദൂതൻ അവിടെ എത്തിയത്.

കക്ഷിയെ മനസ്സാക്ഷിക്കൂട്ടിൽ കയറ്റി കണ്ണൻമജിസ്ത്രേട്ട് സ്വയം വിചാരണ നടത്തി: ധനികനാണ്—എന്നാൽ പഠിപ്പും പരിഷ്കാരവും കമ്മി. മേലേക്കിട സൊസൈറ്റിയിൽ സ്ഥാനമില്ല. കുലമഹിമയും നാസ്തി—ധനികനാണ് —ധനികൻ!

ഒരാഴ്ചക്കാലത്തെ ആലോചനകൾക്കുശേഷം കണ്ണൻമജിസ്ത്രേട്ട് വിധിയെഴുതി; താഴെപ്പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിവാഹം അനുവദിക്കാവുന്നതാണ്.

1. വരൻ (ഭാവി) വധുവിന്റെ (ഭാവി) പേരിൽ, 10,000 ക. (പതിനായിരം ഉറുപ്പിക മാത്രം) ബേങ്കിൽ നിക്ഷേപിച്ച്, പാസ്സ്ബുക്ക് ഹാജരാക്കണം.

2. ഉടുപുടവകൾക്കു പുറമെ, വധുവിന് (ഭാവി) 50 (അമ്പത്) പവനിൽ കുറയാത്ത സ്വർണ്ണാഭരണങ്ങൾ (ആഭരണങ്ങളുടെ ഇനങ്ങളും മറ്റു വിവരണങ്ങളും അനുബന്ധമായിച്ചേർത്ത പട്ടികയിൽ കൊടുത്തിട്ടുണ്ട്.) തീർപ്പിച്ച് വിവാഹത്തിന്റെ പത്തുദിവസം മുമ്പ് ശ്വശുരനെ (ഭാവി) ഏല്പിക്കണം.

3. വൈവാഹികച്ചെലവുകളിൽ പകുതി വരൻ വഹിക്കണം.

ഒരു പ്രശസ്തതറവാട്ടിലെ അംഗമായ ഒരു മജിസ്ത്രേട്ടിന്റെ മകളെ ഭാര്യയാക്കിക്കിട്ടാൻ കോരപ്പൻകൺട്രാക്ടർ ആവശ്യപ്പെട്ട സംഖ്യയുടെ പത്തിരട്ടി ചെലവു ചെയ്യാൻ ഒരുക്കമായിരുന്നു. വിവരം മജിസ്ത്രേട്ടിനെ ബോധിപ്പിച്ചു.

തന്റെ ടെണ്ടർ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്നു കേട്ടപ്പോൾ കോരപ്പൻ കൺട്രാക്ടർ ആഹ്ളാദംകൊണ്ടു തുള്ളിച്ചാടി.

അങ്ങനെ കോരപ്പൻകൺട്രാക്ടറും കണ്ണൻമജിസ്ത്രേട്ടിന്റെ മകൾ മീനാക്ഷിയും തമ്മിലുള്ള വിവാഹം കെങ്കേമമായി നടന്നു.

22 വർഷങ്ങൾക്കിടയിൽ കോരപ്പന്റെ പഴയ ഗ്രാമത്തിൽ പല മാറ്റങ്ങളും വന്നുചേർന്നിരുന്നു. കോരപ്പന്റെ പഴയ ജന്മിയജമാനന്റെ സ്വത്തുക്കളെല്ലാം നാനാതരം കോടതിവ്യവഹാരങ്ങളിൽപ്പെട്ടു വിറ്റും അന്യർ നടത്തിയെടുത്തും ക്ഷയിച്ചു നശിച്ചു. ജന്മിയുടെ ഓമനമകളെ അടുത്ത ഗ്രാമത്തിലെ അധികാരിയുടെ മകനാണ് വിവാഹംചെയ്തിരുന്നത്. അധികാരിയുടെ പ്രതാപവും പ്രൗഢിയും കണ്ടിട്ടാണ് അദ്ദേഹത്തിന്റെ മകന് ജന്മി മകളെ കൊടുത്തത്. ആ മകൻ ധൂർത്തനും മദ്യപാനിയും സ്ത്രീവിഷയലമ്പടനുമായിരുന്നു. അധികാരിയെ ഓർത്ത് ആളുകൾ അടങ്ങിയിരുന്നതാണ്. അധികാരി മരിച്ചപ്പോൾ അവിടത്തെ സ്ഥിതി ഭയങ്കരമായിത്തീർന്നു. ("അധികാരിയുടെ അമ്മ മരിച്ചപ്പോൾ നാട്ടിൽപ്പതിനായിരവും അധികാരിയുടെ വീട്ടുമുറ്റത്ത്—അധികാരി മരിച്ചപ്പോഴോ—തിരിഞ്ഞു നോക്കാൻ ഒരു പട്ടിയുമില്ല" എന്ന നാട്ടിൻപുറത്തെ ചൊല്ല് അന്വർത്ഥമായി.) സ്വത്തുക്കളൊക്കെ കടക്കാർ വിളിപിച്ചെടുത്തു. ജന്മിയുടെ ജാമാതാവ് മൂന്നു കുട്ടികളെ ജനിപ്പിച്ച്, ഇപ്പോൾ താടി നീട്ടി, ഉപജീവനത്തിന് അല്പസ്വല്പം ഹോമേയാപ്പതിച്ചികിത്സയുമായി കൂടിയിരിക്കയാണ്.

ജന്മിയുടെ ജാമാതാവിന്റെ വീട്ടിനടുത്ത് ഒരു വലിയ പറമ്പ് പാറക്കെട്ടുകൾ നിറഞ്ഞ് ആർക്കും വേണ്ടാതെ കിടന്നിരുന്നു. കോരപ്പൻ കൺട്രാക്ടർക്കുവേണ്ടി, കാര്യസ്ഥന്മാർ ആ പറമ്പ്, ഒരു ക്വാറി (കല്ലു വെട്ടിയെടുക്കുന്ന സ്ഥലം)ക്കുവേണ്ടി

വിലയ്ക്കെടുത്തിട്ടുണ്ടായിരുന്നു.

ഒരുദിവസം വൈകുന്നേരം, വെള്ളക്കുതിരയെ പൂട്ടിയ വലിയൊരു ജഡ്ക്കവണ്ടി, ക്വാറിയുടെ മുമ്പിലെ ചെത്തുവഴിയിൽ മണികിലുക്കത്തോടെ വന്നു നിന്നു. സർവ്വാഭരണവിഭൂഷിതയായി തങ്കപ്പട്ടുസാരിയിൽ പൊതിഞ്ഞ ഒരു സുന്ദരീരത്നം വണ്ടിയിൽനിന്നിറങ്ങി—പിന്നാലെ കറുത്ത കോട്ടും തൊപ്പിയും ധരിച്ച കോരപ്പൻകൺട്രാക്ടരും.

ചെറുമിപ്പെണ്ണുങ്ങൾ മുട്ടുമടക്കിയിരുന്നു പാറക്കല്ലു തച്ചുടച്ച് ജില്ലികളുണ്ടാക്കുന്ന കൂട്ടശബ്ദം പെട്ടെന്നു നിലച്ചു. കൺട്രാക്ടർ മുതലാളിയുടെ ആഗമനം സൂചിപ്പിക്കാനെന്നപോലെ തെല്ലു ദൂരെനിന്ന് തുടരെത്തുടരെ മൂന്നു കതിനാവെടികൾ മുഴങ്ങി. (ഡൈനമൈറ്റ് തിരികൾക്കു തീകൊളുത്തി പാറപൊട്ടിച്ച ശബ്ദമാണ്.)

കോൺവെൻറിൽ കാലംകഴിച്ച മീനാക്ഷിക്ക് ക്വാറിയെപ്പറ്റി എന്തറിയാം! പാറപൊട്ടിക്കുന്നതും പിന്നെ പാറക്കഷണങ്ങൾ തല്ലിയുടച്ചു ജില്ലികളാക്കുന്നതും അവ കൊണ്ടുപോയി ഒരനുപാതത്തിൽ സിമൻറിൽ ചേർത്ത് മിക്സ് ചെയ്യുന്നതും മറ്റുമായ പ്രക്രിയകൾ കോരപ്പൻ ഭാര്യയ്ക്കു വിവരിച്ചുകൊടുത്തത് അവൾ കൗതുകത്തോടെ ശ്രദ്ധിച്ചു!

അപ്പോൾ തൊട്ടടുത്ത പറമ്പിലെ പൊളിഞ്ഞ വേലിക്കരികെ രണ്ടു പിള്ളർ വന്നു നിന്നു. പൊന്നിൽ മൂടിയ പെണ്ണിനെയും കോട്ടും തൊപ്പിയുമിട്ട മുതലാളിയെയും മിഴിച്ചുനോക്കി ഇളയചെക്കൻ ഈമ്പിക്കുടിച്ചുകൊണ്ടിരുന്ന പറങ്കിമാങ്ങയുടെ ചാറ് നഗ്നമായ മാറിലൂടെ ചാലിട്ടൊഴുകുന്നു. മൂത്ത ചെക്കൻ്റെ ചുണ്ടിനരികെ തീപ്പൊള്ളിയപോലെ ചില കൊച്ചുപാടുകൾ കാണുന്നു—(കണ്ണിമാങ്ങയുടെ ചുന തട്ടി കരിഞ്ഞുണ്ടായ പുള്ളികളാണെന്ന് പഴയ അനുഭവങ്ങളിൽനിന്നു കോരപ്പനു ക്ഷണം മനസ്സിലായി.)

മുഷിഞ്ഞു കറനിറഞ്ഞ മുറിക്കാലുറകളാണ് രണ്ടു പിള്ളരുടേയും ഉടുപ്പ്—കീറച്ചാക്കിൻകഷണംകൊണ്ടു തുന്നിയുണ്ടാക്കിയതാണെന്നേ തോന്നൂ.

ജന്മിയുടെ ഓമനമകളുടേയും അധികാരിയുടെ മകൻ്റെയും സന്താനങ്ങളത്രേ.

പറമ്പിലെ പഴയ മാളികവീടിൻ്റെ പുറംഭാഗം മുഴുവനും ചോർന്നൊലിച്ച് ദാരിദ്ര്യത്തിൻ്റെ ചുവരെഴുത്തുകൾ പ്രദർശിപ്പിക്കുന്നു. മോന്തായം പൊളിഞ്ഞ് മൂലകൾ ചിറകുവിടർത്തി പറക്കാൻ പുറപ്പെട്ടുനില്ക്കുന്നു....ആ മാളികപ്പേക്കോലത്തിനുള്ളിൽനിന്നു ജന്മിയുടെ ഓമനമകൾ ഒളിഞ്ഞു നോക്കുന്നുണ്ടായിരിക്കണം—കോരപ്പൻ ഊഹിച്ചു—നോക്കട്ടെ—കാണട്ടെ—

ആ വൃത്തികെട്ട പിള്ളരെ കണ്ടപ്പോഴും പൊളിഞ്ഞ മാളികയിലെ മിഴികളെ ഓർത്തപ്പോഴും സ്വതവേ ദയാശീലനായിരുന്ന കോരപ്പൻ്റെ മനസ്സിൽ ഒട്ടും സഹതാപമുദിച്ചില്ല—22 കൊല്ലം മുമ്പ്, മുക്കാലും നഗ്നമാക്കി നിർത്തി, മുളവടികൊണ്ടു തന്തെ തന്നെ തല്ലിപ്പിടപ്പിച്ചത് ബഹുരസത്തോടെ മകൾ നോക്കിനിന്നില്ലേ? ഇനി ഈ കാഴ്ച കണ്ടു താനും തെല്ലൊന്നു രസിക്കട്ടെ— അതിൻ്റെ മറുവശവും കോരപ്പൻ്റെ മനസ്സിൽ പ്രതിഫലിച്ചു...

ജന്മി അന്ന് തന്നെ അങ്ങനെ ശിക്ഷിച്ചപമാനിച്ചിരുന്നില്ലെങ്കിൽ താൻ ഈ ഗ്രാമം വിട്ടോടിപ്പോകുമായിരുന്നുവോ?—അതിനെത്തുടർന്ന് ഈ നിലയിൽ

എത്തുമായിരുന്നുവോ?—ഒരുതരത്തിൽ ഈ അഭിവൃദ്ധിയുടെ പാതയിലേക്കു തന്നെ അടിച്ചുപായിച്ചത് അവളല്ലേ?.......... ചിന്തകൾ അപകടമേഖലയിലേക്കാണു നീങ്ങുന്നതെന്നോർത്തപ്പോൾ, അയാൾ തിരിഞ്ഞുനിന്നു കോട്ടിന്റെ കീശയിൽനിന്നു സ്വർണ്ണച്ചങ്ങലയോടുകൂടിയ വാച്ചു പുറത്തെടുത്തു സമയം നോക്കി, മിസ്സിസിനോടു പറഞ്ഞു: "ഓഹ്—മണി അഞ്ചു കഴിഞ്ഞു. ആറുമണിക്ക്, റെയിൽവേമാനേജർ സായ്വുമായി, ഒരപ്പോയിൻറ്മെന്റുള്ള കാര്യം മറന്നു."

വെള്ളക്കുതിരയെ പൂട്ടിയ നീല ജഡ്ക്കവണ്ടി ചെത്തുവഴിയിലൂടെ മണി കിലുക്കിക്കൊണ്ടു പടിഞ്ഞാട്ടു പട്ടണത്തിലേക്കു പറന്നു............

കോരപ്പൻ പലപ്രകാരത്തിലും ഭാഗ്യവാനായിരുന്നു. മറ്റൊന്നും നോക്കാതെ മാന്യതയിൽ മാത്രം കണ്ണുന്നി, പിടിപ്പതു വിലകൊടുത്തു വാങ്ങിയ ചരക്കാണ് തന്റെ വധു. താനുമായുള്ള ദാമ്പത്യബന്ധത്തിൽ അവളുടെ പ്രതികരണമെന്തായിരിക്കും? കോരപ്പന് അക്കാര്യത്തിൽ അല്പം ഭയമുണ്ടായിരുന്നു.

ആ ഭയം അസ്ഥാനത്താണെന്ന് അയാൾക്കു ക്രമേണ ബോദ്ധ്യമായി—ഒരു സാധാരണക്കാരിയെപ്പോലെയായിരുന്നു അവളുടെ പെരുമാറ്റം. ലേശം പോലും അഹംഭാവം കാട്ടിയിരുന്നില്ല. പുതിയ കുട വാങ്ങുമ്പോഴും പുതിയ കല്യാണപ്പെണ്ണിനെ അന്വേഷിക്കുമ്പോഴും ഒരു ഗുണം പ്രത്യേകം നോക്കണം; ശീലഗുണം. ആ ഗുണം മീനാക്ഷിയിൽ വേണ്ടുവോളമുണ്ടായിരുന്നു.

കോരപ്പമീനാക്ഷിദമ്പതികൾക്ക് ഒരു പുത്രി ജനിച്ചു; സൗദാമിനി.

രണ്ടുകൊല്ലം മുമ്പാണ്, കോരപ്പൻകൺട്രാക്ടർ അതിരാണിപ്പാടത്തിന്റെ ഒരു കോണിൽ, തന്റെ അധീനതയിൽ വളരെ മുമ്പുതന്നെ ഉണ്ടായിരുന്ന പറമ്പിൽ, വലിയൊരു മാളികഭവനം പണിത് അങ്ങോട്ടു താമസം മാറ്റിയത്. തങ്ങളുടെ മഹനീയദാമ്പത്യത്തിന്റെ നിത്യസ്മാരകമായി ആ ഭവനത്തിന് കോരപ്പമീനാക്ഷിമുഖങ്ങൾ ചേർത്ത് 'കോർമീനാ' എന്നു നാമകരണം ചെയ്തു.

ആ അത്ഭുതകരമായ പേരു കണ്ടുപിടിച്ചുകൊടുത്തത് ഞണ്ടു ഗോവിന്ദനാണത്രെ.

# 5. പുതിയ ശത്രു

മാത്തമേറ്റിക്സ് ഹോംവർക്ക് ചെയ്യാൻ ശ്രീധരനെ ഇടയ്ക്കിടെ സഹായിച്ചിരുന്നത് ക്ലാസ്സ്മേറ്റ് നാരായണൻനമ്പ്യാരായിരുന്നു. മെലിഞ്ഞു നീണ്ട കാലുകളും കറുത്ത് ഇടതിങ്ങിയ പുരികങ്ങളോടുകൂടിയ കുഴിഞ്ഞ കണ്ണുകളും ഊക്കൻ രോമങ്ങൾ പൊങ്ങിനില്ക്കുന്ന കാതുകളുമുള്ള നാരായണൻനമ്പ്യാർക്ക് 'കുളക്കോഴി' എന്നൊരു പരിഹാസപ്പേരുണ്ടായിരുന്നു. മാത്തമേറ്റിക്സിൽ മിടുക്കനായ നമ്പ്യാർ, കൃഷ്ണയ്യരോടൊപ്പമെത്താൻ മത്സരിച്ചുകൊണ്ടിരിക്കയായിരുന്നു.

നമ്പ്യാർ മലയാളത്തിൽ മോശമായിരുന്നു. ('പൂജ്യപാദൻ' എന്നതിനു 'കാലില്ലാത്തവൻ' എന്ന് അർത്ഥമെഴുതിയ പുള്ളിയാണ് ഈ നമ്പ്യാർ)— കണക്കുകൾ ചെയ്തു കൊടുത്തു സഹായിക്കുന്നതിനു പകരമായി നമ്പ്യാർക്കു ശ്രീധരൻ മലയാളം കോമ്പസിഷൻ എഴുതിക്കൊടുക്കും. അങ്ങനെ ഒരു പരസ്പരസഹായപദ്ധതി. നമ്പ്യാരുടെ വീട്ടിൽവെച്ചാണ് പദ്ധതി പ്രയോഗത്തിൽ വരുത്തിയിരുന്നത്. നമ്പ്യാരുടെ ഓർമ്മശക്തി അസാമാന്യമായിരുന്നു. എഴുതിക്കൊടുത്ത പ്രബന്ധം രണ്ടുപ്രാവശ്യം വായിച്ചാൽ മതി, ഓർമ്മയിൽനിന്ന് ഒന്നും വിട്ടുപോകാതെ, തെറ്റു കൂടാതെ, പകർത്തിയെഴുതിക്കൊള്ളും. എന്നാൽ മാത്ത്സിൽ ശ്രീധരന്റെ കാര്യം അങ്ങനെയായിരുന്നില്ല—കണക്ക് ചെയ്തുകൊണ്ടിരിക്കെ നാരായണൻ നമ്പ്യാർ പരിഹാസത്തോടെ ചോദിക്കും; "എടോ ശ്രീധരാ, പരീക്ഷാഹാളിൽ നിന്റെയടുത്തു നാരായണനെ കിട്ടുകയില്ല. അപ്പോൾ, നിന്റെ പത്തു വിരലും എണ്ണിത്തീർന്നാൽ നീ എന്തുചെയ്യും?"

ഒരുദിവസം വൈകുന്നേരം നാരായണൻനമ്പ്യാരുടെ വീട്ടിൽ ചെന്നപ്പോൾ അവിടെ മേശപ്പുറത്ത് ഒരു പുതിയ മലയാളമാസിക കിടക്കുന്നതു കണ്ടു. പുറംചട്ടയിൽ 'കവനദർപ്പണം—(കവിതാമാസിക)' എന്ന് അച്ചടിച്ചിരിക്കുന്നു. ശ്രീധരൻ കൗതുകത്തോടെ മറിച്ചുനോക്കി. കവിതകൾ—കവിതകൾ—കവിതകൾ! പ്രശസ്തരായവരുടേയും പുതിയവരുടേയും പേരുകൾ കണ്ടു.

മാസിക തുറന്നു കൗതുകത്തോടെ വായിക്കുന്ന ശ്രീധരനെ നോക്കി നമ്പ്യാർ പറഞ്ഞു: "കവിതാമാഗസിനുമായി ഒരു വിദ്വാൻ ഇറങ്ങിയിട്ടുണ്ട്. ഇന്നുരാവിലെ എണീറ്റപ്പോൾ കണികണ്ടത് ആ വിദ്വാനെയാണ്. കൈയിലൊരു സഞ്ചിയും തൂക്കി മുറ്റത്തു നില്ക്കുന്നു—മുളകുപപ്പടം വില്ക്കാൻ കൊണ്ടുവന്ന ചെട്ട്യാരാണെന്നു വിചാരിച്ച്, ഏട്ടത്തിയമ്മയോടു പപ്പടം വേണോ എന്നു വിളിച്ചുചോദിച്ചു ഞാൻ. അപ്പോൾ, മുറ്റത്തു നില്ക്കുന്ന ആൾ അന്വേഷിക്കുന്നു.

'മാഷ്ടരില്ലേ ഇവിടെ?—അപ്പോൾ ഏട്ടൻ കോലായിലേക്കു വന്നു. സഞ്ചിക്കാരനെ അകത്തേക്കു ക്ഷണിച്ചു. പിന്നെ രണ്ടാളും എന്തൊക്കെയോ സാഹിത്യം സംസാരിക്കുന്നതു കേട്ടു. കുറേക്കഴിഞ്ഞപ്പോൾ മാഗസിന്റെ ഒരു കോപ്പി ഇവിടെ പ്രതിഷ്ഠിച്ച് ആന്വൽ സബ്സ്ക്രിപ്ഷ്യൻ ത്രീ റുപ്പീസും കബ്ബൂലാക്കി സഞ്ചിയും തൂക്കി അയാൾ ഇറങ്ങിപ്പോയി........."

ശ്രീധരൻ വീണ്ടും മാസികയിൽ കണ്ണോടിച്ചു. ഒന്നാംപേജിൽ പത്രാധിപരുടെ പേർ

അച്ചടിച്ചിട്ടുണ്ട്. കവനദർപ്പണം—പത്രാധിപർ. സി. സി. നമ്പീശൻ,

നാരായണൻനമ്പ്യാർ അല്പം ഈർഷ്യയോടെ തുടർന്നു: "ഹ്ഉം—ഏട്ടന്റെ ഒരു കമ്പം! കടവാതിലിനെപ്പോലെ ചിറകു തൂങ്ങുന്ന പഴയൊരു കുടയുംകൊണ്ടാണ് മൂപ്പർ സ്കൂളിൽ പോകുന്നത്. മൂന്നുറുപ്പികയ്ക്ക് പുതിയൊരു കുട വാങ്ങിക്കൂടേ? സഞ്ചിക്കാരനു ധർമ്മംകൊടുക്കണോ?"

(നാരായണൻനമ്പ്യാരുടെ ജ്യേഷ്ഠൻ, രാമുണ്ണിനമ്പ്യാര് മുനിസിപ്പൽ സ്കൂളദ്ധ്യാപകനാണ്.)

"ആ പത്രാധിപർ എവിടെയാണു താമസിക്കുന്നത്?" ഒരുദ്ദേശം മനസ്സിലൊളിപ്പിച്ചുകൊണ്ടു ശ്രീധരൻ മെല്ലെ ചോദിച്ചു.

"എന്താ, നെനക്ക് ആ കവിതസഞ്ചിക്കാരനെ ഒന്നു കാണണോന്നുണ്ടോ?" നമ്പ്യാർ പരിഹാസത്തോടെ പുരികം ചുളിച്ചുകൊണ്ടു പറഞ്ഞു. "ഓ! മറന്നുപോയി—നീയും ഒരു കവിതക്കാരനാണല്ലോ—പോയ്ക്കോ—പോയ്ക്കോ—കോവിലകം പറമ്പിന്നടുത്ത് അമ്പലക്കുളത്തിന്റെ പടിഞ്ഞാറു ഭാഗത്താണ് താമസമെന്ന് അയാൾ ഏട്ടനോടു പറയുന്നതു കേട്ടു—പോയ്ക്കോ—പോകുമ്പോൾ ആന്വൽ സബ്സ്ക്രിപ്ഷ്യൻ ത്രീ റുപ്പീസും പോക്കറ്റിൽ കരുതിക്കോ.........."

"ഓ!—ഞാൻ വെറുതെ ചോദിച്ചതല്ലേ?" ശ്രീധരൻ നിസ്സംഗത്വം നടിച്ചു കൊണ്ടു മൊഴിഞ്ഞു.

"നിന്റെ കൈയിൽ ത്രീ റുപ്പീസുണ്ടോ?" നമ്പ്യാർ വിട്ടുന്നില്ല.

"ഇല്ല."

"ഉണ്ടെങ്കിൽ നമുക്കു ടാജിൽപ്പോയി ബിരിയാനിയടിക്കാം—അത് സഞ്ചിക്കാരനു കൊണ്ടക്കൊടുക്കണ്ടാ—എന്റെ വായന കഴിഞ്ഞാൽ മാഗസിൻ നിനക്കിവിടെനിന്ന് എടുത്തുകൊണ്ടുപോകാം......"

കുളക്കോഴിയുടെ സൂത്രം.

കവിതയെന്നു കേട്ടാൽ ജലദോഷച്ചുമ വരുമത്രേ കുളക്കോഴിക്ക്.

'ലോഗരിത'വും 'പെർമ്യൂട്ടേഷൻ ആൻഡ് കോമ്പിനേഷ'നും ആണത്രേ മാത്തമേറ്റിക്സിൽ അയാളുടെ "വസന്തതിലക'വും 'ഉപേന്ദ്രവജ്ര'യും.

'നമ്പ്യാർ ഉപദേശം തുടർന്നു: "എഡോ. കവിതയെഴുത്ത് ചാടിക്കള. തിയോറംസ് പഠിക്ക്. ഇല്ലെങ്കിൽ നിന്റെ ഭാവി അപകടത്തിലാവും."

"ഭാവിയെപ്പറ്റി ആർക്കും പ്രവചിക്കാൻ കഴിയുകയില്ലല്ലോ." ഒരു തത്ത്വജ്ഞാനിയുടെ ഗൗരവത്തോടെ ശ്രീധരൻ പറഞ്ഞു.

അവിടെനിന്നു മടങ്ങുമ്പോൾ ശ്രീധരന്റെ മനസ്സിൽ വിദൂരഭാവിയെപ്പറ്റിയുള്ള വിചാരമല്ല ഉണ്ടായിരുന്നത്. താൻ ഈയിടെ എഴുതിയ പുതിയൊരു കവിതയാണ് ഉള്ളിൽ തുള്ളിക്കളിച്ചുകൊണ്ടിരുന്നത്. വർഷകാലത്തെപ്പറ്റി. 'പർജ്ജന്യഗർജ്ജനം' എന്നൊരു കവിത, വസന്തതിലകം വൃത്തത്തിൽ ഇരുപത്തിനാലു ശ്ലോകത്തിൽ പണിതീർത്തുവച്ചിട്ടുണ്ട്. അത് 'കവനദർപ്പണ'ത്തിൽ ഒന്നു കടത്തിവിടാൻ കഴിഞ്ഞെങ്കിൽ!

രാവിലെ പത്രാധിപരുടെ വസതിയിൽച്ചെന്ന് അദ്ദേഹത്തെ ഒന്നു സന്ദർശിക്കണം.

അന്നു രാത്രി—അതിരാണിപ്പാടവും കന്നിപ്പറമ്പും ഗാഢനിദ്രയിലാണ്.

ശ്രീധരൻ മാളികവരാന്തയിലെ മേശപ്പുറത്തെ ചിമ്മിനിവിളക്കു കൊളുത്തി കസേരയിലിരുന്നു മേശവലിപ്പിൽനിന്ന് ഫിസിക്സ് നോട്ടു പുസ്തകം പുറത്തെടുത്തു. 'പർജ്ജന്യഗർജ്ജനം' അതിനുള്ളിലാണ് ഒളിപ്പിച്ചുവച്ചിരിക്കുന്നത്

കവിതയ്ക്കു ചില മിനുക്കുപണികൾ നടത്തണം.

'പർജ്ജന്യഗർജ്ജനം' എന്ന ശീർഷകം, കച്ചിക്കാരൻ സേട്ടുവിന്റെ തലക്കെട്ടുപോലെ കുറെ വീർത്തുപോയില്ലേ എന്നൊരു ശങ്ക—കുറിയ തലക്കെട്ടാണു നല്ലത്. മാറ്റി 'മേഘഗർജ്ജനം' എന്നാക്കി.

കവനദർപ്പണം പത്രാധിപർ പഴയ തലമുറയിൽപ്പെട്ട വിദ്വാനായിരിക്കും. സംസ്കൃതപദങ്ങളോടു താൽപര്യം കൂടുതലുണ്ടാവും. കുമ്പളങ്ങ കൂശ്മാണ്ഡമായിക്കണ്ടാലേ തല നരച്ച കവികൾക്കു തൃപ്തിയാവൂ.

അച്ഛന്റെ പഴയ സംസ്കൃതം–ഇംഗ്ലീഷ് നിഘണ്ടു ചുമരിലെ ഷെൽഫിൽ കൊണ്ടുവന്നു വച്ചിട്ടുണ്ടായിരുന്നു. അതെടുത്തു മേശപ്പുറത്തു പ്രതിഷ്ഠിച്ചു മേഘഗർജ്ജനം വീണ്ടും വായിച്ചുനോക്കി.

നിഘണ്ടുവിന്റെ സഹായത്തോടെ ഒട്ടേറെ ശുദ്ധമലയാളവാക്കുകളെ സംസ്കൃതച്ഛദ്മമണിയിച്ച് കവിതയ്ക്കു കനം വർദ്ധിപ്പിച്ചു.

അപ്പോൾ അലക്കുകാരുടെ മൂലയിൽനിന്ന് ഒഴുകിവന്ന കണ്ണപ്പന്റെ കീർത്തനങ്ങളും ആ പ്രക്രിയകൾക്കു പുതിയൊരു പ്രചോദനം സംഭാവന ചെയ്തു.

രാവിലെ കവനദർപ്പണം പത്രാധിപരെ സന്ദർശിക്കാൻ, കീശയിൽ മേഘഗർജ്ജനവുമായി പുറപ്പെട്ടപ്പോൾ അച്ഛൻ ചോദിച്ചു: "എങ്ങോട്ടാ ശ്രീധരാ?

"നാരായണൻനമ്പ്യാരുടെ വീട്ടിലേക്ക്." —ഉടൻ ഉത്തരം കൊടുത്തു. (പത്രാധിപരെക്കണ്ടു മടങ്ങുന്ന വഴിക്ക് നമ്പ്യാരുടെ വീട്ടിലും വെറുതെയൊന്നു കേറിയിറങ്ങി അച്ഛനോടു പറഞ്ഞ കളവു മായ്ച്ചുകളയാം എന്നും മനസ്സിൽ കരുതി.)

കോവിലകംപറമ്പിന്റെ കിഴക്കുഭാഗത്തെ അമ്പലക്കുളത്തിനടുത്തെത്തി. പടിഞ്ഞാറുഭാഗത്ത് ഒരു മൂലയിൽ ഓലമേഞ്ഞൊരു വീട് ഒറ്റപ്പെട്ടു നില്ക്കുന്നു. അതുതന്നെയായിരിക്കും പത്രാധിപരുടെ പാർപ്പിടം.

കുളത്തിൽനിന്നു കുളിച്ചുകേറി പോകുന്ന ഒരു പട്ടരുകുട്ടിയോടു ചോദിച്ചു. "അക്കാണുന്നതാണോ കവനദർപ്പണം പത്രാധിപരുടെ ഭവനം?"

പട്ടരുപയ്യൻ ആണെന്നോ അല്ലെന്നോ നിർണ്ണയിക്കാനാവാത്തമട്ടിൽ പിൻകുടുമത്തലയൊന്നിളക്കിക്കാട്ടി, മിണ്ടാതെ കടന്നുപോയി.

പിന്നെ ആരോടും അന്വേഷിച്ചില്ല. ധൈര്യപൂർവ്വം അങ്ങോട്ടു കയറിച്ചെന്നു

മുറ്റത്തുനിന്ന് ഒരു നിരീക്ഷണം നടത്തി. പുറത്ത് ആരെയും കാണുന്നില്ല. പാതി തുറന്നിട്ട പടിഞ്ഞാറ്റിവാതിലിലൂടെ അകത്തേക്ക് ഒന്നെത്തി നോക്കി. അകത്തെ തളത്തിൽ ഒരു ദ്വന്ദ്വനൃത്തം നടക്കുന്നു! സൂക്ഷിച്ചു നോക്കി. ഒരാൾ മുട്ടുമടക്കി, കുനിഞ്ഞു നഗ്നനായി പുറംതിരിഞ്ഞിരിക്കുന്നു! പെണ്ണൊരുത്തി അയാളുടെ പൃഷ്ഠത്തിൽ എന്തൊക്കെയോ അഭിനയം നടത്തുന്നു. കുറേക്കൂടി സൂക്ഷിച്ചുനോക്കിയപ്പോൾ സംഗതി വ്യക്തമായി—പുരുഷന്റെ പുറത്തു സ്ത്രീ എണ്ണ പുരട്ടിക്കൊടുക്കുകയാണ്.

നേരവും നിലയും നോക്കാതെ ശ്രീധരൻ മുറ്റത്തുനിന്നു വിളിച്ചു ചോദിച്ചു: "പത്രാധിപരുടെ വീടല്ലേ ഇത്?—പത്രാധിപരുണ്ടോ?"

ഉഴിച്ചിൽക്കാരി മുഖംതിരിച്ചുനോക്കി. (പിന്നെ ഇരുവരും തമ്മിൽ എന്തോ സംഭാഷണം നടന്നുവെന്നു തോന്നുന്നു)

സ്ത്രീ വാതില്ക്കലേക്കു നീങ്ങിവന്ന്, ശ്രീധരനെ ഒന്നു നോക്കി. ശ്രീധരനും മിഴിച്ചുനോക്കി. (കണിവെള്ളരിക്കപോലുള്ള ഒരു മുഖം!)

"കുളിക്കാൻ പൂവ്വാ—കോലായിൽക്കേറിയിരിക്കു—"

(കുയിൽനാദം!)

വാതിലടച്ച് അവർ അകത്തു മറഞ്ഞു.

ശ്രീധരൻ കോലായിലേക്കു കേറി. അവിടെ പഴയൊരു മടക്കുകസേരയല്ലാതെ വേറെ ഫർണിച്ചറൊന്നുമില്ല. പത്രാധിപക്കസേരയെ ആദരപൂർവ്വം ഒന്നു വീക്ഷിച്ച്, ശ്രീധരൻ, വരാന്തപ്പടിമേൽക്കേറിയിരുന്നു.

പത്രാധിപർ അഭ്യംഗസ്നാന പരിപാടിയിലാണെന്നു മനസ്സിലായി. കുളി കഴിഞ്ഞു വരാൻ ചുരുങ്ങിയത് അരമണിക്കൂർ പിടിക്കുമെന്നു തോന്നുന്നു.

ശ്രീധരൻ കീശയിൽനിന്ന് 'മേഘഗർജ്ജന"മെടുത്തു വീണ്ടും വായിച്ചു. എവിടെയെങ്കിലും വൃത്തഭംഗം സംഭവിച്ചിട്ടുണ്ടോ?

ഓരോ വരിയിലെയും അക്ഷരങ്ങൾ മാത്രമായി ജപിച്ച് കണ്ണടച്ചു കൊണ്ടു കൈവിരലിൽ എണ്ണിനോക്കി. കുഴപ്പമില്ല......

പത്രാധിപർ കുളിയും തേവാരവും കഴിഞ്ഞു നെറ്റിയിൽ ചന്ദനക്കുറിയും ചെവിക്കുറ്റികളിൽ തുളസീദളങ്ങളുമായി കോലായിലേക്കു വന്നു.

ശ്രീധരൻ ആദരവോടെ പടിമേൽനിന്നെഴുന്നേറ്റു.

ഒരു പത്രാധിപരുടെ രക്തമാംസനിബദ്ധവിഗ്രഹം അടുത്തു കാണുന്നത് ആദ്യമായിട്ടാണ്. ഭക്തിപൂർവ്വം കൈകൂപ്പി നിന്നു.

പത്രാധിപർ ശ്രീധരനെ ആകപ്പാടെയൊന്നു നിരീക്ഷിച്ചു. സന്ദർശകൻ ഒരു പയ്യനാണെന്നു കണ്ടപ്പോൾ പത്രാധിപരുടെ മുഖത്തു നേരിയ നൈരാശ്യത്തിന്റെ നിഴലാട്ടമുണ്ടായോ—പയ്യനാണെങ്കിലും പണമുള്ളൊരു വീട്ടിലെ പ്രജയാണെന്നും ഊഹിച്ചിട്ടുണ്ടാവണം. തെളിവുകൾ: സന്ദർശകന്റെ സിൽക്കുഷർട്ട്, കൈക്കു കെട്ടിയ സ്വർണ്ണവാച്ച്, കീശയിൽ നിന്നെത്തി നോക്കുന്ന റോൾഡ് ഗോൾഡ് ക്ലിപ്പോട്ടുകൂടിയ ഫൗണ്ടൻപേന—

പത്രാധിപരുടെ ഉത്തമാംഗം കണ്ടപ്പോൾ ശ്രീധരന് ഉള്ളിൽ ചിരിവന്നു. ചുറ്റുപാടും വെളുത്ത രോമച്ചുരുളുകൾ പശപിശാ പൊങ്ങിനില്ക്കുന്ന ആ കഷണ്ടിത്തല കണ്ടപ്പോൾ പെട്ടെന്ന് ഓർത്തത്, അതിരാണിപ്പാടത്തെ വണ്ണാത്തി മാളുക്കുട്ടി പുഴുക്കിനുവെച്ച വിഴുപ്പുകലമാണ്. ചുറ്റുവട്ടത്തു നിന്നും വെളുത്ത പുകപൊങ്ങുന്ന വിഴുപ്പുകലം!

"ആരാ?—എവ്ട്ന്നാ?"— പത്രാധിപരുടെ ചോദ്യം.

ഒരു പത്രാധിപരോടു സംസാരിക്കേണ്ട മട്ടുംമാതിരിയുമൊന്നും നിശ്ചയമില്ല. ശ്രീധരന് ആദ്യം അല്പം പരുങ്ങി. പിന്നെ ഒരൊഴുക്കൻമട്ടിൽ പറഞ്ഞു തുടങ്ങി: "ഞാൻ—ഞാൻ ഈ പട്ടണത്തിൽത്തന്നെയാണ്. കവനദർപ്പണത്തെപ്പറ്റി ധാരാളം കേട്ടിട്ടുണ്ട്.

പത്രാധിപരദ്ദേഹത്തെ ഒന്നു നേരിട്ടു കാണാൻ വേണ്ടി വന്നതാണ്......"

"ങ്ഹ്ആ—ദർപ്പണം കണ്ടുവോ?"—പത്രാധിപർ ചുമലിലെ തോർത്തു മുണ്ടെടുത്തു തുണിക്കസേരയിലെ പൊടി തട്ടി അവിടെ ആസനസ്ഥനായി.

"കവനദർപ്പണത്തിന്റെ കഴിഞ്ഞ ലക്കം കണ്ടു. വായിച്ചു."

പത്രാധിപർ തലയിലെ രോമച്ചുരുളുകൾ ഒന്നു തലോടി.

"എവിടെനിന്നാണു ദർപ്പണം കണ്ടത്?"

"രാമുണ്ണിനമ്പ്യാര് മാഷ്ടറുടെ വീട്ടിൽവെച്ച്,"

"ആ്ങ്—മാഷ്ടർ എന്റെ പഴയൊരു സുഹൃത്താണ്."

സംഭാഷണം അരനിമിഷം സ്തംഭനാവസ്ഥയിൽ. പിന്നെ എന്തോ ആലോചിച്ചുകൊണ്ടു പത്രാധിപർ മുഖപ്രസംഗം തുടങ്ങി.

"ഇക്കാലത്ത് മാസികകൾ നടത്താൻ ബഹുവിഷമം. വിശിഷ്യ, സാഹിത്യമാസികകൾ—അതിലും വിശിഷ്യ, കവിതാമാസികകൾ. കൈരളീ സേവനം ജീവിതവ്രതമാക്കി നടക്കുന്ന അസ്മാദൃശർക്ക് അനുഭവിക്കേണ്ടി വരുന്ന ക്ലേശങ്ങൾ ആരറിയുന്നു? (പത്രാധിപർ കഷണ്ടിയിൽ പ്രശ്നംവച്ചു കൊണ്ടു ശ്രീധരനെ ഒന്നു നോക്കി) ദർപ്പണത്തിന്റെ വരിക്കാരനായി ചേരാൻ വന്നതായിരിക്കും; അല്ലേ— വാർഷികവരിസംഖ്യ മൂന്നുറുപ്പിക....."

ശ്രീധരൻ പരുങ്ങി. പറയാനൊരുക്കിക്കൊണ്ടുവന്നതു വിഴുങ്ങി.

"വരിക്കാരനായി ചേർന്നുകൊള്ളാം...... ഇപ്പോൾ.വന്നത്—ഒരു—കവിത..."

ശ്രീധരന്റെ കൈ കീശയിലെ മേഘഗർജ്ജനത്തിലേക്ക് അരിച്ചുനീങ്ങി....

പത്രാധിപരുടെ മുഖം മങ്ങി. കൈവിരലുകൾ കഷണ്ടിയിൽനിന്നു കീഴ്പോട്ടിറങ്ങി.

മൂക്കിലെ രോമം നുള്ളിക്കൊണ്ടു പത്രാധിപർ ചോദിച്ചു.

"ഓഹോ!—കവിതയെഴുത്തുണ്ടോ?"

"കുറേശ്ശെ എഴുതാറുണ്ട്."

"എന്താ പേര്?"

"ശ്രീധരന്—"

"വെറും ശ്രീധരൻ?"

"അല്ലാ—സി. ശ്രീധരൻ—ചേനക്കോത്തു ശ്രീധരൻ."

പത്രാധിപർ മൂക്കിൽനിന്ന് ഒരു രോമം പറിച്ചെടുത്ത് അതിനെ ഉറിച്ചു നോക്കി:

"കവിതകൾ വല്ല മാസികകളിലും മുമ്പു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?" (രോമത്തോടാണു ചോദ്യം.)

"എന്റെ രണ്ടുമൂന്നു സൃഷ്ടികൾ രാജാകോളേജ് മാസികയിൽ വെളിച്ചം കണ്ടിട്ടുണ്ട്."

പത്രാധിപർ മൂക്കിലെ രോമം കൈവിരലുകളിൽ മർദ്ദിച്ചുകൊണ്ടു മൗനം പൂണ്ടിരുന്നു.

"എന്റെ ഈ കവിത—ഒന്നു നോക്കി—പറ്റുമെങ്കിൽ ദർപ്പണത്തിൽ."

"എടുക്കൂ—നോക്കട്ടെ."

'മേഘഗർജ്ജനം' പത്രാധിപരുടെ കൈയിൽ സമർപ്പിക്കപ്പെട്ടു.

കവിത വായിച്ചു പത്രാധിപർ ഇയടക്കിടെ തലയിളക്കുന്നു. മുഖത്തെ സ്തോഭം

സൂക്ഷിച്ചുനോക്കി, ശ്രീധരൻ. കുറ്റിരോമങ്ങൾക്കിടയിൽ ചില വികാരസ്ഫുരണങ്ങൾ!

ശ്രീധരൻ ഞെളിഞ്ഞുനിന്നു. അങ്ങനെ വരട്ടെ. പത്തൊമ്പതു കൊല്ലം മുമ്പ് അതിരാണിപ്പാടത്തു ഭൂജാതനായ അഭിനവശ്രീധരകവിയെ ആദ്യമായി കണ്ടെത്തിയ, ഹേ, പത്രാധിപമഹാശയാ, ഭാവിചരിത്രകാരന്മാർ അങ്ങയെ വിസ്മരിക്കുകയില്ല......

പത്രാധിപരുടെ ദൃഷ്ടികൾ ഒരു ശ്ലോകത്തിൽ പരുങ്ങിക്കളിക്കുന്നതു ശ്രീധരൻ കണ്ടു. തഞ്ചത്തിൽ ഒന്നെത്തിനോക്കി—ശ്ലോകം അതുതന്നെ! വെടി കുറിക്കു കൊണ്ടിരിക്കുന്നു.

ഉച്ചണ്ഡമാരിയിലടിച്ചൊരു വാത്യയാലേ

ഉച്ചാലിതം, ബദ ഝടിദ്രുലതാസമൂഹം....

എന്ന ശ്ലോകാർദ്ധത്തിലെ 'ഝടിദ്രുലതാസമൂഹ'ത്തിലാണ് പത്രാധിപർ കുടുങ്ങിയിരിക്കുന്നത് ഝടിദ്രുവിന്റെ അർത്ഥം മനസ്സിലായിട്ടുണ്ടാവില്ല, വിദ്വാന്— (ഝടി=ചെടി (ദ്രു=മരം. ഝടിദ്രു=ചെടികളും മരങ്ങളും.)

പത്രാധിപർ കസേരയിൽ നിന്നെഴുന്നേറ്റു മെല്ലെ അകത്തേക്കു നടന്നു.

ശബ്ദകോശമെടുത്തു ഝടിദ്രുവിന്റെ അർത്ഥം പരതിപ്പിടിക്കാൻ പോവുകയായിരിക്കും.

ശ്രീധരകവിയുടെ ശബ്ദപാണ്ഡിത്യത്തെപ്പറ്റി എന്തു തോന്നുന്നു. ഹേ, പത്രാധിപമഹാശയാ?

അപ്പോൾ കേട്ടു, പത്രാധിപർ അകത്തുപോയി എന്തോ കലമ്പൽകൂട്ടുന്നത്

"ഒന്നെഴുതാൻ നോക്കുമ്പം സാധനം വെച്ച ദിക്കിൽ കാണില്ല. അശ്രീകരങ്ങള്!— എവിടെപ്പോയെടീ, പെൻസില്"

ശ്രീധരൻ ശ്രദ്ധിച്ചു. പത്രാധിപർ അന്വേഷിച്ചിറങ്ങിയതു നിഘണ്ടുവിനു വേണ്ടിയല്ല—ഒരു പെൻസിലിനാണ്—(ഒരു ഫൗണ്ടൻപേന തന്റെ കീശയിൽ കിടന്നതു പത്രാധിപരുടെ ദൃഷ്ടിയിൽപ്പെട്ടില്ലന്നോ?)

ഒടുവിൽ വാതിൽക്കട്ടളയുടെ മേൽപടിയിൽ തപ്പിനോക്കിയപ്പോൾ കിട്ടിയ ഒരംഗലം നീളമുള്ള ഒരു കഷണം പെൻസിലുമായി പത്രാധിപർ മടങ്ങിയെത്തി.

"എന്റെ പൗണ്ടമ്പേന ഇന്നലെ പ്രസ്സിൽവെച്ചു മറന്നു." ശ്രീധരൻ കേൾക്കാൻവേണ്ടി അങ്ങനെ പിറുപിറുത്തുകൊണ്ടു പത്രാധിപർ വീണ്ടും കസേരയിലിരുന്നു, 'മേഘഗർജ്ജനം' കസേരയുടെ കൈപ്പലകമേൽ കിടത്തി വെച്ചു. (പത്രാധിപർ, ചൂണ്ടുവിരലിനും തള്ളവിരലിനുമിടയ്ക്കു നുള്ളിപ്പിടിച്ച പെൻസിൽക്കഷണത്തിന്റെ മുന കുറക്കാട്ടം പോലെയുണ്ടായിരുന്നു.)

പിന്നെ പത്രാധിപർ, ശ്രീധരന്റെ കവിതക്കടലാസിലെ ഝടിദ്രുലതാ സമൂഹത്തിനു തൊട്ടുമുമ്പിലെ 'ദ' എന്ന ദളത്തിന്റെ ചോടെ, കൈയിലെ കുറക്കാട്ടംകൊണ്ടു ചെറിയൊരു പുഴുവിനെ വരച്ചു. പിന്നെ അതിന്റെ മുകളിൽ 'ത' എന്നൊരു പാപ്പാത്തിയേയും. എന്നിട്ട് ഉറക്കെ ഒരു പ്രഖ്യാപനം "ബദ അല്ലാ ബത=ദ അല്ലാ—ത—ത......"

വായ മത്തൻമുറിപോലെയാക്കി. ത—ത—ത—എന്നു തർക്കിക്കുന്ന നമ്പീശന്റെ മൊത്തിക്കൊന്നു കൊട്ടുക്കാൻ തോന്നി ശ്രീധരന്. ത—ത— ത—നിന്റെ തന്ത........

നമ്പീശൻ കഷണ്ടിയിലൊന്ന മാന്തി ശ്രീധരന്റെ കവിതക്കടലാസു മടക്കി കൈയിൽ വെച്ചുകൊണ്ടു ജല്പിച്ചു: "കവിത മുഴുവനും പരിശോധിച്ചു നോക്കട്ടെ. നാളെ വൈയിട്ടു വരൂ. (പിന്നെ പ്രധാന സംഗതി ഓർമ്മപ്പെടുത്തിക്കൊണ്ട്) 'ദർപ്പണ'ത്തിന്റെ വാർഷികവരിസംഖ്യ മൂന്നുറുപ്പികയാണ്......."

നമ്പീശന് ഒരു നിസ്സംഗനമസ്കാരം പാസ്സാക്കി, ശ്രീധരൻ ഇളകി. കോലായയിൽനിന്നു പ്രതീക്ഷയോടെ അകത്തേക്കൊന്നിടങ്കണ്ണിട്ടു നോക്കി. ആകെ വിളർത്ത്, പള്ള വീർത്ത് പട്ടുകോണകമുടുത്തൊരു കൊച്ചു പെൺകുട്ടി വാതിൽപടിയിൽ നിന്നു മിഴിച്ചുനോക്കുന്നു.

പടിക്കലെത്തിയപ്പോൾ അടക്കാൻ കഴിയാത്തൊരു പ്രചോദനത്തോടെ ഒന്നു തിരിഞ്ഞുനോക്കി. കണിവെള്ളരിക്ക പത്രാധിപക്കസേരയ്ക്കടുത്തു കാണപ്പെട്ടു—'ഒന്നും കിട്ടിയില്ല' എന്നു കഥകളിമട്ടിൽ കൈമുദ്ര കാട്ടുന്നു, നമ്പീശൻ.

പിറ്റേന്നു വാർഷികവരിസംഖ്യ മൂന്നുറുപ്പികയുമായി കവനദർപ്പണം പത്രാധിപരെ കാണാൻ പോയില്ല. അതിനുപകരം ഒരു മംഗളശ്ലോകമെഴുതി പത്രാധിപർക്കു തപ്പാലിൽ അയച്ചുകൊടുത്തു:

"കവനദർപ്പണം!—കൈരളീദേവിതൻ
ചരണസേവനത്തിന്നായ് സമർപ്പണം—
കവനദർപ്പണം—പുത്തൻകവികൾതൻ
കവിത ചേർക്കുവാൻ—മുൻകൂർ വരിപ്പണം."

സി. ശ്രീധരന്

സാഹിത്യത്തിൽ ഉന്നതനിലവാരം പുലർത്തുന്ന പുതിയൊരു വാരിക പട്ടണത്തിൽനിന്നും പുറപ്പെട്ടിരിക്കുന്നു!

രാജാ കോളേജിനു സമീപം ഒരു നമ്പൂതിരിവക്കീലിന്റെ വീട്ടിലാണ് പുതിയ വാരികാപത്രാധിപർ രാജാ താമസമാക്കിയിരിക്കുന്നത്. ജന്മിവർഗ്ഗത്തിന്റെ സ്വന്തം പത്രമായ 'വസുന്ധരിയുടെ പത്രാധിപർ ഒരു പണ്ഡിതൻ മൂസ്സതും ആ വീട്ടിൽതന്നെ പാർത്തുവരുന്നുണ്ട്. നമ്പൂതിരി—രാജാ—മൂസ്സ് ത്രിമൂർത്തികളുടെ ആ ഭവനത്തിന്റെ പേര് 'സ്വർഗ്ഗമന്ദിരം' എന്നാണ്.

ആയിടയ്ക്കാണ് ശ്രീധരൻ, 'വസുന്ധരാഗോപാലൻനായരു'മായി പരിചയപ്പെട്ടത്. സ്വർഗ്ഗമന്ദിരത്തിലെ മുഖ്യസേവകനായിരുന്നു ഗോപാലൻ നായർ. രാവിലെ നമ്പൂരിവക്കീലിന്റെ കക്ഷികളെ പരിചരിക്കുക, മൂസ്സിനു മുറുക്കാൻ വാങ്ങിക്കൊണ്ടുവന്നു കൊടുക്കുക, വസുന്ധരാപത്രം പുറത്തായാൽ റാപ്പറൊട്ടിച്ച്, അഡ്രസ്സെഴുതി, മുദ്രപെറ്റിച്ച്, കെട്ടുകൾ സൈക്കിളിലേറ്റി പോസ്റ്റാപ്പീസിൽ കൊണ്ടുപോയി പോസ്റ്റ് ചെയ്യുക—രാത്രി, വാരികാ പത്രാധിപർ രാജാ, പ്രസ്സ് മാറ്റർ പരിശോധിക്കുമ്പോൾ ചുക്കുവെള്ളം കൊടുക്കുക—ഇതെല്ലാമായിരുന്നു ഗോപാലൻനായുടെ ജോലി. 'വസുന്ധരാ' പത്രവുമായി കൂടുതൽ ബന്ധമുള്ളതുകൊണ്ടാണ് ഗോപാലൻനായർക്കു 'വസുന്ധരാഗോപാലൻനായർ' എന്ന പേര് സ്ഥിരപ്പെട്ടത്.

വാരികാ പത്രാധിപർ രാജായുടെ ഒരു വൈതാളികനായിരുന്നു ഗോപാലൻനായർ. പത്രാധിപർതമ്പുരാന്റെ പാണ്ഡിത്യവും കുലീനതയും നർമ്മ ബോധവും നാടു മുഴുവനും കാൽനടയായും സൈക്കിളിലും—നീങ്ങി പ്രചരിപ്പിച്ചുപോന്നു ഗോപാലൻനായർ.

കവിതകൾ, കഥകൾ, ലേഖനങ്ങൾ, മറ്റിനങ്ങൾ—ഇവയുടെ ഭാരിച്ച ഒരു കെട്ടുമായിട്ടാണ് വാരികരാജാ വൈകുന്നേരം ആപ്പീസിൽനിന്ന 'സ്വർഗ്ഗമന്ദിര'ത്തിലേക്കു വരിക. രാത്രി പന്ത്രണ്ട്—ഒരു മണിവരെ ഇരുന്ന മാറ്റർ പരിശോധനയാണ്. മൂപ്പർക്ക് 'മുതിര വറുത്തിട്ടു തിളപ്പിച്ച ചുക്കു വെള്ളം' ഇടയ്ക്കിടെ കുടിക്കണം. അതു പകർന്നുകൊടുക്കാൻ ഗോപാലൻനായർ മുറിയിൽത്തന്നെ ഉണ്ടായിരിക്കും. ചവറ്റുകൊട്ടയിലേക്കു തള്ളിക്കളഞ്ഞ കവിതകളും കഥകളും പെറുക്കിയെടുത്തു വായിച്ചുരസിച്ചും വാരികത്തമ്പുരാനെ വെള്ളം കുടിപ്പിച്ചും ഉറക്കമൊഴിച്ചു കൂട്ടും ഗോപാലൻനായർ.

ശ്രീധരൻ ഇടയ്ക്കിടയ്ക്കു വസുന്ധരയ്ക്കു ചായ വാങ്ങിക്കൊടുത്തു. ഉദ്ദേശ്യമുണ്ടായിരുന്നു. ഒരു ചെറുകഥയെഴുതി വാരികയ്ക്കയച്ചിട്ടുണ്ട്—ആ വിവരം വളരെ സ്വകാര്യമായി വസുന്ധരയെ ധരിപ്പിച്ചിട്ടുമുണ്ട്. ആ കഥയുടെ തലവിധി എന്തായെന്നറിയാനാണ് വസുന്ധരയെ ചൊറിഞ്ഞുകൂടിയിരിക്കുന്നത്.

ഒരു ദിവസം വൈകുന്നേരം, കോളേജുവിട്ടു പോകുമ്പോൾ, വഴിക്കുവെച്ച് യദൃച്ഛയാ വസുന്ധരയെ കണ്ടു. വസുന്ധര തിരിഞ്ഞുനിന്ന് ഒരു കുസൃതിച്ചിരിയോടെ ചോദിച്ചു: "അച്ഛനും മകനും—അല്ലേ?"

ശ്രീധരന്റെ കരളിൽ ഒരു തേന്മുള്ളു തറച്ചു.

വാരികയ്ക്കയച്ച ചെറുകഥയുടെ പേര് അതുതന്നെ— 'അച്ഛനും മകനും'—

അപ്പോൾ തന്റെ സാഹിത്യം അവിടെ എത്തിയിട്ടുണ്ട്—

"പ്രസിദ്ധപ്പെടുത്തുമോ, ഗോപാലൻനായരേ?"

"പറയാറായിട്ടില്ല, ശ്രീധരാ—പരിശോധനയിലാണ്."

വസുന്ധരയുടെ മറുപടി.

കണ്ടുമുട്ടുമ്പോഴെല്ലാം വസുന്ധരയെ മണിഅയ്യരുടെ ബ്രാഹ്മണാൾ കാപ്പിശാപ്പാട്ടു ഹോട്ടലിൽ കൂട്ടിക്കൊണ്ടുപോയി ചായപലഹാരങ്ങൾ വാങ്ങിക്കൊടുക്കും.

"പ്രസിദ്ധപ്പെടുത്തുമോ ഗോപാലൻനായരേ?"

"പറയാറായിട്ടില്ല, ശ്രീധരാ—പരിശോധനയിലാണ്."

പതിവു മറുപടി.

മൂന്നാഴ്ച കഴിഞ്ഞു. വസുന്ധരയെ കണ്ടുമുട്ടി.

പത്രക്കെട്ടുകളുമായി സൈക്കിളിൽ പോസ്റ്റാഫീസിലേക്കു പോവുകയാണ്—അരികെ വിളിച്ച് മുഖത്ത് അദ്ഭുതരസം അഭിനയിച്ചുകൊണ്ടു പറഞ്ഞു: "ശ്രീധരാ, ഞാൻ തന്റെ കഥ വായിച്ചു—"

ശ്രീധരന്റെ കരളിൽ ഒരു വിഷമുള്ളു തറച്ചു.

വസുന്ധര വായിച്ചു എന്നു പറഞ്ഞാൽ, അതിന്റെ അർത്ഥം കഥ ചവറ്റുകൊട്ടയിലെത്തി എന്നാണ്.

ശ്രീധരനെ സമാശ്വസിപ്പിക്കാനെന്നപോലെ, വസുന്ധര കൂട്ടിച്ചേർത്തു. "ഞാൻ പത്രാധിപർത്തമ്പുരാനോടു പറഞ്ഞുനോക്കി. മിടുക്കൻകുട്ടിയാണ്. ആ കഥ എങ്ങനെങ്കിലും ആഴ്ചപ്പതിപ്പിലൊന്നു കൊള്ളിക്കണം. അപ്പോൾ തമ്പുരാൻ ചോദിച്ചു: "ഏതു കഥ?" 'സി. ശ്രീധരന്റെ കഥ—അച്ഛനും മകനും—' അപ്പോൾ തമ്പുരാൻ അതോർത്തു.

എന്നിട്ട് തമ്പുരാൻ നല്ലൊരു ഫലിതം പറഞ്ഞു.”

വസുന്ധര മുഖം പൊക്കി, വായിൽ വെള്ളം നിറച്ചു കുലുക്കുഴിയുന്ന പോലെ കുലുകുലുകുലു എന്നു ചിരിക്കാൻ തുടങ്ങി.

“പത്രാധിപർ എന്തു പറഞ്ഞു?” ശ്രീധരൻ നിരാശയുടേയും ആശയുടേയും നടുവിൽക്കിടന്നു വീർപ്പുമുട്ടിക്കൊണ്ടു ചോദിച്ചു.

ചിരിയൊതുക്കിക്കൊണ്ടു വസുന്ധര, തമ്പുരാൻ പറഞ്ഞതു തുറന്നു വിട്ടു.

“അച്ഛനും മകനും”—അല്ലേ — ഒരു കഴുതയും കൂടി വേണം—”

താൻ വാരികയ്ക്കയച്ചുകൊടുത്ത ആ കഥയുടെ ഉദ്ഭവചരിത്രം ശ്രീധരൻ അനുസ്മരിച്ചു:

വെളുത്തു കോമളനായൊരു കുരുടൻ, കട്ടുറുമ്പിനെപ്പോലെ വലിയ തലയും ചെറിയ ഉടലുമുള്ള കറുത്ത വികൃതരൂപിയായൊരു ചെക്കന്റെ കൈയും പിടിച്ച് കന്നിപ്പറമ്പിൽ പതിവായി പിച്ചയ്ക്കുവരാറുണ്ടായിരുന്നു. കുരുടന്റെ മകനായിരുന്നു ആ കുട്ടിച്ചാത്തൻ.

ആ കുരുടനേയും മകനേയുംപറ്റി ഒരു കഥയെഴുതണമെന്നു തോന്നി.

കിഴക്കൊരു കാവിലെ ഉത്സവത്തിന് കതിന വെക്കുമ്പോൾ കതിനക്കുറ്റി പൊട്ടിപ്പിളർന്ന് മുഖത്തേക്കു തെറിച്ച് കണ്ണുകൾ നഷ്ടപ്പെട്ട ഒരു ചാത്തുവിനെ കണ്ടു പരിചയമുണ്ടായിരുന്നു. ആ ഉത്സവത്തിൻനാളിലാണ് ചാത്തുവിന്റെ ഭാര്യ കടിഞ്ഞൂൽപെറ്റത്—ഒരാൺകുഞ്ഞിനെ. ആ സുന്ദരക്കുട്ടന്റെ മുഖം കാണാൻ ചാത്തുവിനു യോഗമുണ്ടായില്ല. അവന്നിപ്പോൾ പത്തുവയസ്സായി.

പട്ടണത്തിലെ ആസ്പത്രിയിലെ പ്രസവവാർഡിൽ നടന്ന ഒരു സംഭവത്തെപ്പറ്റി കിട്ടൻറൈറ്റർ പറഞ്ഞൊരു കഥ മനസ്സിൽ ഒട്ടിപ്പിടിച്ചു കിടന്നിരുന്നു.

പണക്കാരനായൊരു ഉപ്പുകച്ചവടക്കാരൻ നാടാരുടെ ഭാര്യ ആസ്പത്രിയിൽ വെച്ചു പ്രസവിച്ചു. കടിഞ്ഞൂൽ പ്രസവം. കുഞ്ഞു ചാപിള്ള. അപ്പോൾ അവിടെ വേറൊരു പ്രസവം നടന്നു. ഒരു തെണ്ടിപ്പെണ്ണ് നല്ലൊരോമനക്കുഞ്ഞ്! എന്നാൽ തള്ള അപകടനിലയിൽ. നാടാർമുതലാളി നർസുമാർക്കു കൈക്കൂലി കൊടുത്ത് തെണ്ടിപ്പെണ്ണിന്റെ കുഞ്ഞിനേയും തന്റെ ചത്ത കുഞ്ഞിനേയും അന്യോന്യം സ്ഥലം മാറ്റി. നാടാർദമ്പതികൾ ഓമനക്കുഞ്ഞിനേയും കൊണ്ട് തമിഴ്നാട്ടിലേക്കു സ്ഥലംവിട്ടു.......തെണ്ടിപ്പെണ്ണു ക്രമേണ സുഖം പ്രാപിച്ചു. പെറ്റതു ചാപിള്ളയായിരുന്നുവെന്ന് നർസുമാർ പറഞ്ഞപ്പോൾ കുറെ കരഞ്ഞു.

ഈ മൂന്നു സംഭവങ്ങളിലെ മുഖ്യഘടകങ്ങൾ കോർത്തിണക്കി പുതിയൊരു കഥ മെനഞ്ഞെടുക്കാൻ പ്ലാനിട്ടു.

കഥ: ഉമ്മത്തംകാവിലെ ഉത്സവം. അർദ്ധരാത്രി വെടിക്കെട്ടു തുടങ്ങി. കാവിലെപ്പറമ്പത്തെ ഉത്സവച്ചന്തയിൽ ചന്തോമൻ ഒരു ചായപ്പീടിക വെച്ചു കെട്ടിയിരുന്നു. മരുന്നുപണി തുടങ്ങിയപ്പോൾ ഒരെലിവാണം വഴി തെറ്റി ശൂറ്റിവന്നു. ചന്തോമന്റെ മുഖത്തേക്ക്. ചന്തോമന്റെ മുഖം പൊള്ളി, കണ്ണും പൊട്ടി. ആ സമയത്ത് ചന്തോമന്റെ ഭാര്യ കുഞ്ഞിപ്പെണ്ണ്, പേറ്റുനോവുകിട്ടിക്കിടക്കുകയായിരുന്നു. കുഞ്ഞിപ്പെണ്ണിന്റെ നില അപകടകരമാണെന്നു കണ്ടപ്പോൾ, നാട്ടുകാർ അവളെ ഒരു ചാക്കുമഞ്ചലിലെടുത്ത് ആസ്പത്രിയിലെത്തിച്ചു

ആസ്പത്രിയിലെ പ്രസവവാർഡിൽ ഒരു ധനികൻ ഗുജറാത്തിസേട്ടുവിന്റെ ഭാര്യ കടിഞ്ഞൂൽ പ്രസവിച്ചു—കുട്ടിച്ചാത്തനെപ്പോലൊരു കുഞ്ഞ്. അതിന്റെ മുഖത്തെ മൂക്കും

കണ്ണുകളും വായയുമെല്ലാം സ്ഥാനംതെറ്റിയ നിലയിലായിരുന്നു. കണ്ടാൽ പേടി തോന്നും. കുട്ടിക്കു ജീവനും ആരോഗ്യവുമുണ്ടായിരുന്നു. കടവാതിലിന്റെ സ്വരത്തിൽ അതു കരയുകയും ചെയ്തു.

ആ മുഹൂർത്തത്തിൽത്തന്നെ ചന്തോമന്റെ ഭാര്യ കുഞ്ഞിപ്പെണ്ണിന് അപസ്മാരമിളകി പ്രസവിച്ചു—ഒരു തങ്കക്കുഞ്ഞിനെ. കുറച്ചു കഴിഞ്ഞു കുഞ്ഞിപ്പെണ്ണു ജീവൻ വെടിഞ്ഞു.

സേട്ട് നർസുമാർക്ക് കൈക്കൂലികൊടുത്ത് കുഞ്ഞിപ്പെണ്ണിന്റെ തങ്കക്കുടത്തിനെ തട്ടിയെടുത്തു. പകരം കുട്ടിച്ചാത്തനെ ആ തൊട്ടിലിൽ പ്രതിഷ്ഠിച്ചു. സേട്ടുവും പത്നിയും തങ്കക്കുഞ്ഞിനെയുംകൊണ്ട് സ്ഥലം വിട്ടു — ബോംബെയ്ക്ക്.

അന്ധനായ ചന്തോമൻ, സേട്ടുവിന്റെ കുട്ടിച്ചാത്തൻകുഞ്ഞിനെ സ്വന്തം കുഞ്ഞാണെന്ന വിശ്വാസത്തോടെ എടുത്തുകൊണ്ടു പോയി വളർത്തി.

ആ കുട്ടിച്ചാത്തൻ കുഞ്ഞിനെ കിട്ടിയത് ചന്തോമനു പിൽക്കാലത്ത് ഒരനുഗ്രഹമായിത്തീർന്നു. ചന്തോമൻ ഇന്ന് ഇരന്നുനടക്കുകയാണ്; ആ ചെക്കന്റെ കൈയും പിടിച്ചുകൊണ്ട്. കുരുടനെയും, ചീങ്കണ്ണിയുടെ മുഖവും കുട്ടിസ്രാങ്കിന്റെ ഉടലുമുള്ള ചെക്കനെയും ഒപ്പം കണ്ട് ആളുകൾക്കു സങ്കടം തോന്നി. അവർ കുരുടനു കൂടുതൽ ധർമ്മം കൊടുത്തു.

കുരുടൻ ചന്തോമനും പത്തുവയസ്സായ ചെക്കൻ 'കുഞ്ഞിമോനും' 'ലക്ഷ്മിവിലാസം' ബംഗ്ലാവിൽ ഇരക്കാൻ വന്നപ്പോൾ, അവിടെ രോഗിയായിക്കിടക്കുന്ന കൃഷ്ണമേനോൻ ചന്തോമനെ വിളിച്ചിരുത്തി ഓരോന്നു ചോദിക്കുന്നു. പത്തുകൊല്ലം മുമ്പ് ഉമ്മത്തുംകാവിലെ ഉത്സവസ്ഥലത്തുവെച്ച് എലിവാണം തട്ടി തന്റെ കണ്ണു പൊട്ടിയതും ആസ്പത്രിയിൽവെച്ചു ഭാര്യ കുഞ്ഞിപ്പെണ്ണ് അപസ്മാരമിളകി പ്രസവിച്ചു മരിച്ചതും കുഞ്ഞിമോനെ താൻ എടുത്തുവളർത്തിയതും മറ്റുമായ പഴയ കഥകൾ ചന്തോമൻ കൃഷ്ണമേനോനെ കേൾപ്പിക്കുന്നു.

കൃഷ്ണമേനോന്റെ ഭാര്യ ലക്ഷ്മിക്കുട്ടിയമ്മയും അരികെ ഇരുന്ന് കുരുടൻ ചന്തോമന്റെ കഥ ശ്രദ്ധിക്കുന്നു.

കഥയുടെ ഒന്നാംഭാഗം അങ്ങനെയായിരുന്നു. രണ്ടാംഭാഗത്തിൽ പ്രധാനമായും കഥ പറയുന്നതു ലക്ഷ്മിക്കുട്ടിയമ്മയാണ്. സേട്ടാണിയുടെ കുട്ടിച്ചാത്തൻ കുഞ്ഞിനേയും കുഞ്ഞിപ്പെണ്ണിന്റെ തങ്കക്കുഞ്ഞിനെയും ആസ്പത്രിയിൽവെച്ചു മാറ്റിയ ഗൂഢാലോചനയിൽ പ്രധാനപങ്കുകാരിയായിരുന്ന നർസ് ലക്ഷ്മിക്കുട്ടിയാണ്, പിന്നീടു കൃഷ്ണമേനോന്റെ ഭാര്യയായി—ലക്ഷ്മിക്കുട്ടിയമ്മയായി—വന്നിരിക്കുന്നത്.

കഥയുടെ സംവിധാനം അങ്ങനെയായിരുന്നു—

പലതവണ എഴുതിയും തിരുത്തിയും അവിടവിടെ മാറ്റിയും പുതിയ ആശയങ്ങളും വർണ്ണനകളും തിരുകിച്ചേർത്തും പത്തുദിവസംകൊണ്ട് കഥ ഒരുവിധം തൃപ്തികരമായി പൂർത്തിയാക്കി. 'അച്ഛനും മകനും' എന്ന തലക്കെട്ടും ചാർത്തി വാരികാ പത്രാധിപകർക്കു തപ്പാലിൽ അയച്ചുകൊടുത്തു.

ആ കഥയെക്കുറിച്ചാണ് വാരികരാജാ അഭിപ്രായം പറഞ്ഞിരിക്കുന്നത്: അതിൽ ഒരു കഴുതയുംകൂടി വേണമെന്ന്.

ശ്രീധരനു സഹിച്ചില്ല.

അന്നു വൈകുന്നേരംതന്നെ വാരികരാജായ്ക്ക് ഒരു കത്തെഴുതി പോസ്റ്റ് ചെയ്തു.

മാന്യമഹാശയാ,

എന്റെ 'അച്ഛനും മകനും' എന്ന കഥ വായിച്ച് അതിൽ ഒരു കഴുതയും കൂടി വേണമെന്ന് അഭിപ്രായം പറഞ്ഞതായി അറിഞ്ഞു. ആ ഒഴിവു നികത്താൻ താങ്കളുണ്ടല്ലോ അവിടെ.

നന്ദിപൂർവ്വം, വിധേയൻ
സി. ശ്രീധരന്

ശ്രീധരന്റെ ശത്രുക്കളുടെ എണ്ണം മൂന്നായി:

1. ഗരുഡപ്പരുന്ത്.
2. മാത്തമേറ്റിക്സ്.
3. (പുതിയ ശത്രു) പത്രാധിപവർഗ്ഗം.

# 6. നികുതിയും കവിതയും

ശ്രീധരന്റെ ഗോപാലേട്ടൻ കിടപ്പിലായി. ശരീരത്തിലെ ചൊറിയും ചെറുവ്രണങ്ങളും കുറേശ്ശെ പടർന്നുപിടിച്ചുതുടങ്ങിയപ്പോഴാണ് ഗോപാലേട്ടൻ വീണ്ടും പനഞ്ചിറക്കാവിലെ വൈദ്യനെക്കാണാൻ പോയത്. വൈദ്യൻ വീര്യമേറിയ പുതിയൊരു ലേഹ്യം കൊടുത്തു; കൂടെ ഒരു ഭസ്മവും ആ ലേഹ്യത്തിൽ ഗുൽഗുലുവിനു പുറമേ നീർവാളമോ ചേർക്കുരുവോ എന്താണു ചേർത്തിരുന്നതെന്നറിഞ്ഞുകൂടാ—ലേഹ്യം കുറെ വീര്യം കൂടിയതായിരുന്നുവെന്ന് ഫലംകൊണ്ടു മനസ്സിലായി. ലേഹ്യം കഴിച്ചു കുറച്ചു ദിവസങ്ങൾക്കകം ഗോപാലേട്ടന്റെ ദേഹത്തിലെ ചൊറി പകുതിയും കരിഞ്ഞു. അതോടൊപ്പം മറ്റൊന്നുകൂടി സംഭവിച്ചു; നാഡിഞരമ്പുകൾ തളർന്നുപോയി. അരയ്ക്കു കീഴ്പ്പോട്ടു ബലക്ഷയം ബാധിച്ചു നടക്കാൻ വയ്യാതെ ഗോപാലേട്ടൻ കിടപ്പിലായി—

ഉഷ്ണരോഗം പിടിപെട്ടാൽ നാട്ടുകാർക്കു പെരുമാറാൻ ഒരു മരുന്നുണ്ടായിരുന്നു. കോരുക്കുട്ടിവൈദ്യരുടെ 'ഉഷ്ണവിനാശിനി ഓയിൽ' ('യു.വി. ഓയിൽ' എന്നു പ്രസിദ്ധം) ആവണക്കെണ്ണയിൽ കരിനൊച്ചിയും മറ്റു ചില പച്ചമരുന്നുകളും പിഴിഞ്ഞുചേർത്തു കാച്ചിയെടുത്ത ആ തൈലം കുപ്പിയിലാക്കി 'യു. വി. ഓയിൽ' എന്ന ലേബലും ഒട്ടിച്ചു വിറ്റുവന്നിരുന്നു. ഗുഹ്യരോഗം പിടിപെട്ടവർ ആ കുപ്പിത്തൈലം വാങ്ങിക്കൊണ്ടുപോയി കുടി യെടാ കുടി! നല്ല മലശോധന കിട്ടും. കുറെ കുടിച്ചുകഴിഞ്ഞാൽ രക്തത്തിലെ മലിനാംശങ്ങൾ കുറഞ്ഞുകിട്ടിയെന്നും വരാം. അതൊരു ദീർഘകാല ചികിത്സാപദ്ധതിയായിരുന്നു. യു. വി. ഓയിൽച്ചികിത്സയിലാണെന്നു മനസ്സിലായാൽ കക്ഷിയുടെ രോഗമെന്താണെന്ന് ആളുകൾ ഊഹിച്ചെടുത്തുകളയും. ഈ രോഗം പിടിപെട്ടാൽ, പാണൻ അപ്പുണ്ണിയെപ്പോലെ അത് ചെണ്ടമുട്ടി അറിയിച്ചുനടക്കുന്നവരല്ലല്ലോ മിക്കവരും. അതുകൊണ്ട്. (അതിരാണിപ്പാടം ശൈലിയിൽ പറഞ്ഞാൽ) കടിച്ചതു വിഷപ്പാമ്പാ'ണെന്നു മനസ്സിലായാൽ, ചെറുപ്പക്കാർ ഉടനെ രഹസ്യമായി ഒരു മുറിവൈദ്യനെ സമീപിക്കും. നാടിന്റെ മുക്കിലും മൂലയിലും 'പ്രൈവറ്റ് ചൊറി'യും 'നീർ വീഴ്ച'യും ക്ഷണം സുഖപ്പെടുത്തിക്കൊടുക്കുന്ന 'സ്പെഷ്യലിസ്റ്റ്'കൾ താവളമടിച്ചിരുന്നു. തങ്ങളുടെ മിടുക്കു കാണിക്കാൻ ഈ വിദ്വാന്മാർ ആദ്യമേ വീര്യംകൂടിയ ഒരു മരുന്നുകൊടുക്കും. രോഗത്തിന്റെ ബാഹ്യചിഹ്നങ്ങൾ പെട്ടെന്നു മാഞ്ഞുപോകും, രോഗബീജങ്ങൾ രക്തത്തിൽത്തന്നെ ഒളിഞ്ഞു കിടക്കുന്നുണ്ടാകും. പിന്നെ പെട്ടെന്നു മറ്റൊരു രൂപത്തിലായിരിക്കും ആ വിഷബീജങ്ങളുടെ പ്രത്യാക്രമണം.

ഗോപാലേട്ടനു പറ്റിയത് അതാണ്; പനഞ്ചിറക്കാവിലെ വൈദ്യൻ അങ്ങനത്തെ ഒരു സ്പെഷ്യലിസ്റ്റായിരുന്നു.

ചൊറി തീരെ വിട്ടുമാറിയില്ല. ശരീരം കരുവാളിച്ചു. കാലുകൾ തളർന്നു. എന്നാൽ ഗോപാലേട്ടന്റെ മുഖത്ത് രോഗത്തിന്റെ യാതൊരു ലക്ഷണവും പ്രത്യക്ഷപ്പെട്ടിരുന്നില്ല. മാത്രമല്ല, ശേഷം ഭാഗങ്ങളിൽനിന്നു പിൻവാങ്ങിയ കാന്തിയും വീര്യവും മുഖത്തു തളംകെട്ടിനില്ക്കുന്നതുപോലെ തോന്നിയിരുന്നു. കറുത്തു

മിനുത്ത തലമുടി വലതുസൈഡിലേക്കു വകഞ്ഞുവെച്ച വിശാലമായ നെറ്റിയും വിരിഞ്ഞ നയനങ്ങളും നീണ്ട അഗ്രം വളഞ്ഞ നാസികയും ചോരത്തുടിപ്പാർന്ന ചുണ്ടുകളും കൈതപ്പൂപോലത്തെ കവിളും വെളിക്കുകാട്ടിക്കൊണ്ട് കരിഞ്ഞ ദേഹവും കുഴഞ്ഞ കാലുകളും ഒരു ചൗക്കാളംകൊണ്ടു മൂടിമറച്ച് കോലായയുടെ ഒരറ്റത്ത്, ചുമരനിട്ടുത്ത്, വിരിച്ച കോസടിയിൽ കിടക്കുന്ന ഗോപാലേട്ടനെ കാണുമ്പോൾ നാരായണി പുരുഷവേഷംപൂണ്ടു വന്നതാണോ എന്നു പലപ്പോഴും തോന്നിപ്പോയിട്ടുണ്ട്.

അച്ഛൻ നാട്ടുവൈദ്യന്മാരെ കൂട്ടിക്കൊണ്ടുവന്നു. ഓരോ വൈദ്യനും ഓരോ വിധത്തിലാണ് രോഗം വ്യാഖ്യാനിച്ചത്. അതിനനുസരിച്ച് കഷായവും ഗുളികയും തേപ്പുമരുന്നും ഉണ്ടാക്കി. ഒരുകാൽമുടന്തി, മേത്തോന്നി മുതലായ ഔഷധച്ചെടികളന്വേഷിച്ച ശ്രീധരനു ചിലപ്പോൾ ചുറ്റിത്തിരിയേണ്ടിവന്നു.

ഒരു വൈദ്യന്റെ ചികിത്സകൊണ്ടു ഫലമില്ലെന്നു കാണുമ്പോൾ വേറൊരു വൈദ്യനെ വരുത്തും. അയാൾ കിഴികാച്ചി ഉഴിയാൻ കല്പിക്കും. പിന്നെ കുറെദിവസം ഉഴിച്ചിലിന്റെയും പിഴിച്ചിലിന്റെയും തിരക്കാണ്.

അച്ഛൻ, നാട്ടിലെ പ്രസിദ്ധ ജ്യോത്സ്യനായ ഉണ്ണിപ്പണിക്കരെ കൂട്ടിക്കൊണ്ടുവന്ന് ഗോപാലേട്ടന്റെ ജാതകം വിസ്തരിച്ചു പരിശോധിപ്പിച്ചു; പ്രശ്നവുംവെച്ചു. പണിക്കർ പറഞ്ഞു: “പൂർവ്വജന്മത്തിൽ ഒരു പുണ്യസർപ്പത്തെ തല്ലിക്കൊന്നിട്ടുണ്ട്. ആ പാപഫലമാണ്. പാമ്പിനെപ്പോലെ ഇഴയേണ്ടി വരും.”

പണിക്കർ പറഞ്ഞതു ശരിയായിരുന്നു.

രോഗിയായിക്കഴിഞ്ഞിട്ടും ഗോപാലേട്ടൻ തന്റെ ലജ്ജാശീലവും അഭിമാനവും കൈവെടിഞ്ഞിരുന്നില്ല. ഇളയമ്മ സഹതാപത്തോടെ അറപ്പും മടിയും കാട്ടാതെ ശുശ്രൂഷകൾ ചെയ്യാൻ തയ്യാറായിരുന്നു. എന്നാലും വിസർജ്ജനത്തിനു പറമ്പിൽത്തന്നെ പോകണമെന്നു ഗോപാലേട്ടനു നിർബന്ധമായിരുന്നു. കൈകൾ നിലത്തുകുത്തി ഊരകൊണ്ടു കാലുകൾ മുന്നോട്ടു തള്ളി നിരക്കിനിരക്കിക്കൊണ്ടാണ് നിലത്തിലൂടെ നീങ്ങുക—പാമ്പ് ഇഴയുന്നതുപോലെതന്നെ.

സർപ്പപ്രീതി വരുത്തണം; ഉണ്ണിപ്പണിക്കർ പരിഹാരം കണ്ടു.

മരുത്തിക്കാവിലേക്കു നൂറു കോഴിമുട്ട നേർന്നു. ഒരു പാമ്പിൻതിറ കഴിപ്പിക്കാനും തീരുമാനിച്ചു. വേറെ ചില കാവുകളിൽ വെള്ളികൊണ്ടുള്ള സർപ്പ പ്രതിമകൾ സംഭാവനചെയ്തു.

ഒഴിവുസമയങ്ങളിൽ ശ്രീധരൻ ഗോപാലേട്ടന്റെ അരികിൽച്ചെന്നിരിക്കും. ഗോപാലേട്ടന് അതു വലിയ ആശ്വാസമായിരുന്നു—ഗോപാലേട്ടൻ കിടപ്പിലായതിന്റെ അടുത്ത നാളുകളിൽ സന്ദർശനത്തിനെ ത്തുന്ന സ്നേഹിതന്മാരുടെ വലിയ തിരക്കായിരുന്നു. ക്രമേണ അവരുടെ വരവു ചുരുങ്ങിത്തുടങ്ങി. ഇപ്പോൾ ആരെങ്കിലും വല്ലപ്പോഴും വന്നെങ്കിലായി എന്ന അവസ്ഥയാണ്.

കോളേജ് ലൈബ്രറിയിൽനിന്നു നോവലുകളും കവിതാപുസ്തകങ്ങളും എടുത്തുകൊണ്ടുവന്നു ഗോപാലേട്ടനെ വായിച്ചുകേൾപ്പിക്കും. ഗോപാലേട്ടനു കൂടുതൽ താൽപര്യം കവിതകളോടായിരുന്നു—വിശേഷിച്ചും കുമാരനാശാന്റെ കവിതകൾ:

“ഹാ! പാപമോമൽമലരേ ബത നിന്റെമേലും

ക്ഷേപിച്ചിതേ കരുണയറ്റും കരം കൃതാന്തൻ

വ്യാപാരമേ ഹനനമാം വനവേടനുണ്ടോ

വ്യാപന്നമായ്ക്കഴുകനെന്നു കപോതമെന്നും."

'വീണപൂവി'ലെ ആ ശ്ലോകം വായിച്ചുകേട്ടപ്പോൾ ഗോപാലേട്ടന്റെ മിഴികൾ നനയുന്നതായിക്കണ്ടു. അപ്പോൾ ശ്രീധരനും അല്പം വികാരഭരിതനായിപ്പോയി.

അതികോമളനും സൽസ്വഭാവക്കാരനും സ്നേഹശീലനുമായ ഗോപാലേട്ടനെ ഇങ്ങനെ അടിച്ചുവീഴ്ത്തിയ വിധി എന്തൊരു കാട്ടാളൻ!

കോളേജ് ലൈബ്രറിയിൽനിന്നു കൂടക്കൂടെ കുമാരനാശാന്റെ ഗ്രന്ഥങ്ങൾ കൊണ്ടുവന്നുതുടങ്ങി. ആശാന്റെ കവിതകളുമായി, പരിചയപ്പെടാൻ ശ്രീധരനും ഒരാവേശമുളവായി.

ശ്രീധരനും കവിതയെഴുതാറുണ്ടെന്നു ഗോപാലേട്ടൻ ധരിച്ചിരുന്നില്ല.

ഒരു ശനിയാഴ്ച രാവിലെ ശ്രീധരൻ ഗോപാലേട്ടന്റെ അരികെയിരുന്ന് ആശാന്റെ 'നളിനി' വായിക്കുകയായിരുന്നു. ശ്രീധരന്റെ വ്യുൽപത്തി ഗോപാലേട്ടനില്ല. അതിനാൽ ചില ശ്ലോകങ്ങളുടെ അർത്ഥവും സാരവും ശ്രീധരൻ പറഞ്ഞുകൊടുക്കും. ശ്രീധരനു മനസ്സിലാവാത്തത് ടിപ്പണിയിൽനിന്നും ഗ്രഹിക്കും.

"സ്വന്തകർമ്മവശരായ് തിരഞ്ഞിട്ടു

ന്നന്തമറ്റു ബഹുജീവകോടികൾ

അന്തരാളഗതിതന്നിലൊന്നൊടൊ

ന്നന്തരാ പെടുമണുക്കളാണു നാം"

എന്ന ശ്ലോകത്തിന്റെ അർത്ഥം ശരിക്കും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാൻ പരുങ്ങുകയായിരുന്നു ശ്രീധരൻ. അപ്പോൾ കണ്ടു. ഒരാൾ പടികേറി വരുന്നത്. ശങ്കുണ്ണിമേനോൻ!

ശ്രീധരൻ (അച്ഛനെക്കഴിച്ചാൽ) ഏറ്റവും ബഹുമാന്യനായി മനസ്സിൽ അവരോധിച്ചുവച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. ശങ്കുണ്ണിമേനോൻ. മുനിസിപ്പൽ നികുതിപിരിവുകാരൻ ശങ്കുണ്ണിമേനോൻ!

കൃഷ്ണൻമാസ്റ്ററുടേതുപോലെതന്നെയാണ്, ശങ്കുണ്ണിമേനോന്റെ ഉടുപ്പും, മൽമുണ്ട്, കഴുത്തടപ്പൻകോട്ട്, കറുത്ത തൊപ്പി, ചെരിപ്പ്, കുട, കണ്ണട—നെറ്റിയിൽ എട്ടുകാലിമുട്ടപോലുള്ളൊരു ചന്ദനപ്പൊട്ടും, ചെവിക്കുറ്റിയിൽ ഒരു പെൻസിലും, കക്ഷത്തിൽ ഒരു നികുതിബുക്കും കൂടുതലായി കാണാമെന്നുമാത്രം—നികുതിബുക്കുകളുടെ വലിയൊരു കെട്ടു തലയിലേറ്റി, ചൊറിചിരങ്ങുകൾ പിടിച്ചൊരു ചെക്കനും പിന്നാലെയുണ്ടായിരിക്കും.

നികുതി അടച്ചില്ലെങ്കിൽ അച്ഛനമ്മമാരെയും ഏട്ടനെയും തന്നെയും പിടിച്ചു പുറത്താക്കി വീട്ടു ജപ്തിചെയ്ത്, വാതിൽ പൂട്ടി സീലുവെയ്ക്കാൻ അധികാരമുള്ള ഒരുദ്യോഗസ്ഥനാണ്. ശങ്കുണ്ണിമേനോൻ എന്നൊരു ധാരണ ചെറുപ്പത്തിൽ വെച്ചു പുലർത്തിയിരുന്നു. ഇപ്പോൾ ആ ഭയം മാഞ്ഞു പോയിട്ടുണ്ടെങ്കിലും ശങ്കുണ്ണിമേനോനോടുണ്ടായിരുന്ന ആ ബഹുമാനത്തിന് ഊനംതട്ടിയിട്ടില്ല.

ശങ്കുണ്ണിമേനോൻ കക്ഷത്തിലെ ബുക്കെട്ടുത്തു നിവർത്തി ഇടയ്ക്കിടെ നാക്കിൽതൊട്ടു നനച്ച നടുവിരൽകൊണ്ടു കടലാസുകൾ വേഗം വേഗം മറിച്ച് 'കന്നിപ്പറമ്പിലെ ഓടിട്ട മാളികവീടി'ന്റെ ഏട് തിരഞ്ഞുപിടിച്ചു കീറിയെടുക്കുമ്പോൾ അതു കൈനീട്ടി വാങ്ങാൻ

ശ്രീധരന് എന്തൊരുത്സാഹമായിരുന്നുവെന്നോ! ആ നികുതിക്കടലാസിലച്ചടിച്ച കാര്യങ്ങൾ വളരെ ശ്രദ്ധയോടെ വായിച്ചുനോക്കും: 'ഇതു രശീതിയല്ലാ' എന്നൊരു താക്കീതാണ് അതിൽ ആദ്യം കാണുക. ഒരറിയിപ്പാണ്. ഓരോ ഇനത്തിലായി അടയ്ക്കേണ്ട നികുതിസംഖ്യയും ആകെത്തുകയും അതിൽ മഷികൊണ്ടെഴുതിയിട്ടുണ്ടാവും. അതിൽ പറയുന്ന ഒരു ഇനം എന്താണെന്നു കുറേക്കാലത്തേക്കു ശ്രീധരനു പിടികിട്ടിയിരുന്നില്ല. 'വെള്ളത്തിനും ഡ്രയിനേജിനുമുള്ള നികുതി—' ഒരിക്കൽ അച്ഛനോടു ചോദിച്ചു. കൃഷ്ണൻമാസ്റ്റർ പറഞ്ഞു കൊടുത്തു.

"പൈപ്പുവാട്ടറിനും അഴുക്കുചാലിനും പിടിക്കുന്ന നികുതിയാണ്—"

"അതൊക്കെ ഇവിടെ നടപ്പിൽവരുമ്പോൾ നിന്റെ ഷഷ്ടിപൂർത്തി കഴിഞ്ഞിട്ടുണ്ടാവും." എന്നും മാസ്റ്റർ കൂട്ടിച്ചേർത്തു.

ചെക്കനെ പടിക്കൽ നിർത്തി ശങ്കുണ്ണിമേനോൻ മുറ്റത്തേക്കു വന്നു.

കൃഷ്ണൻമാസ്റ്റർ എണ്ണയും തേച്ച് ഒരു തോർത്തുമുണ്ടുടുത്തു പറമ്പിൽ കൈക്കോട്ടു കൊത്തുകയായിരുന്നു: വ്യായാമം.

ശങ്കുണ്ണിമേനോൻ ഇപ്പോൾ വന്നിരിക്കുന്നത് നോട്ടീസ് കൊടുക്കാനല്ല. നികുതിപ്പണം വസൂൽചെയ്യാൻതന്നെയാണ്. അടവിന്റെ അവധി കഴിഞ്ഞിരിക്കുന്നു.

കൃഷ്ണൻമാസ്റ്റർ കൈക്കോട്ടു താഴെ വെച്ചു മുറ്റത്തേക്കു വന്നു.

"ശങ്കുണ്ണിമേനോൻ വരുന്ന ആഴ്ച വരൂ. അപ്പോൾ പണം ശരിപ്പെടുത്തിവയ്ക്കാം." കൃഷ്ണൻമാസ്റ്റർ ക്ഷമാപണസ്വരത്തിൽ പറഞ്ഞു.

ശങ്കുണ്ണിമേനോൻ കുറച്ചൊന്നു പരുങ്ങിനിന്നു. കൃഷ്ണൻ മാസ്റ്ററോട് ശഠിച്ചുപറയാനൊരു മടി. പക്ഷേ, ഒരു സമാധാനമുണ്ട്: മാസ്റ്റർ ഒരു വാക്കു പറഞ്ഞാൽ അതു കണിശമായും പാലിക്കുന്ന മാന്യനാണ്.

ശങ്കുണ്ണിമേനോൻ തലയാട്ടിക്കൊണ്ട് ഒന്നു മൂളി. പിന്നെ കോലായിലേക്കു കണ്ണയച്ചു.

"എന്താ, മകന്റെ ദണ്ഡം ഭേദമായില്ലേ?"

കൃഷ്ണൻമാസ്റ്റർ വിഷാദസ്വരത്തിൽ പറഞ്ഞു: "വലിയ മാറ്റമൊന്നുമില്ല."

പിന്നെ ഗോപാലനെ ചികിത്സിച്ച വൈദ്യന്മാരെപ്പറ്റിയും സേവിച്ചതും പുരട്ടിയതുമായ മരുന്നുകളെപ്പറ്റിയും വിവരിച്ചുകൊടുത്തു.

അതു കേട്ടപ്പോൾ ശങ്കുണ്ണിമേനോൻ എന്തോ ഓർക്കുന്നമട്ടിൽ മുഖം ചെരിച്ചു നിന്നു. പിന്നെ പറഞ്ഞു: "മുരിങ്ങവട്ടത്ത് ഒരു വൈദ്യരുണ്ട്— ഒരു മൂസ്സത്. പക്ഷവാതചികിത്സയ്ക്കു പ്രസിദ്ധനാണ്. അദ്ദേഹത്തെ ഒന്നു കാണിച്ചുനോക്കൂ."

ഗോപാലേട്ടൻ ഇപ്പോൾ രാമുണ്ണിവൈദ്യരുടെ ചികിത്സയിലാണ്. പതിന്നാലു പൊതി കഷായം—പച്ചമരുന്നിന്റെ ഒരു തേപ്പും. ഏഴുദിവസം കഴിഞ്ഞു. ഫലമറിയാറായിട്ടില്ല. ഇനിയും കുടിക്കണം ഏഴു പൊതി.

കൃഷ്ണൻമാസ്റ്റർ അക്കഥ ശങ്കുണ്ണിമേനോനോടു പറഞ്ഞില്ല.

"മൂസ്സിന്റെ കൈയിൽ ഒരു സിദ്ധഭസ്മമുണ്ട്—പക്ഷവാതം പറപറക്കും." ശങ്കുണ്ണിമേനോൻ തിരിഞ്ഞുനിന്നു പറഞ്ഞു.

"ഒന്നു കാണിച്ചുനോക്കാം." കൃഷ്ണൻമാസ്റ്റർ തലയാട്ടി.

"എന്നാൽ വരുന്ന ശനിയാഴ്ച കാണാം." നികുതിക്കാര്യം ഒന്നുകൂടി

ഓർമ്മപ്പെടുത്തിക്കൊണ്ടു ശങ്കുണ്ണിമേനോൻ നടന്നു.

പിറ്റത്തെ ശനിയാഴ്ച.

ശ്രീധരൻ മാളികമുറിയിലിരുന്ന് എഴുതുകയാണ്, ഒരു കവിത.

പ്രകൃതിപ്രതിഭാസങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ഒരു പുതിയ കവിത. കു വരികൾ എഴുതിക്കഴിഞ്ഞു.

'കപ്പൽ വന്നു' എന്ന തലക്കെട്ടും തയ്യാറാക്കിവച്ചിട്ടുണ്ട്.

തലമുടിയിഴ പിടിച്ചു തിരിച്ചുകൊണ്ട് അവസാനത്തെ രണ്ടു വരികൾക്കുള്ള ആശയം തേടുകയാണ്.

പെട്ടെന്ന് അച്ഛൻ മുറിയിലേക്കു ചാടിവീണു:

"ശ്രീധരാ, വേഗം താഴോട്ടു ചെല്ല്. ശങ്കുണ്ണിമേനോൻ വരുന്നുണ്ട്. അച്ഛൻ ഇവിടെ ഇല്ലെന്നു പറഞ്ഞേക്ക്. വേഗം പോ—അല്ലെങ്കിൽ ഗോപാലൻ കള്ളിപൊട്ടിക്കും......"

ശ്രീധരൻ ഞൊടിയിട പരുങ്ങി. കപ്പൽക്കവിത മേശപ്പുറത്തു കിടക്കുന്നു. അച്ഛനെങ്ങാനും കണ്ടുപോയാൽ—എടുത്ത് ഒളിപ്പിക്കാൻ നോക്കുന്നതും അപകടം....

വരുന്നതു വരട്ടെ എന്നു കരുതി എണീറ്റോടി. ചടപടാ എന്നു കോണിപ്പടവുകൾ ചാടിയിറങ്ങി കോലായിലെത്തി — ശങ്കുണ്ണിമേനോൻ പടികേറി വരുന്നു.

ഒന്നും മിണ്ടരുതെന്നു ഗോപാലേട്ടനെ ആംഗ്യം കാട്ടി മനസ്സിലാക്കി.

രശീതുബുക്കു കക്ഷത്തിലിറുക്കി ശങ്കുണ്ണിമേനോൻ മുറ്റത്തു വന്നു നിന്നു.

"മാഷ്ട്രില്ലേ"

"ഇല്ല, രാവിലെ എങ്ങോട്ടോ പോയി." ശ്രീധരന് നാക്കിനു കോട്ടമില്ലാതെ മൊഴിഞ്ഞു.

"നികുതിപ്പണം ഇവിടെ വെച്ചിട്ടുണ്ടോ?"

അടുത്ത ചോദ്യം.

"എന്തോ—എനിക്കറിഞ്ഞുകൂട—അമ്മയോടു ചോദിച്ചുനോക്കട്ടെ."

അങ്ങനെ പറഞ്ഞു. ശ്രീധരൻ അകത്തു കടന്നു കുറച്ചുനേരം വാതിലിന്റെ മറവിൽ തങ്ങിനിന്നു. പിന്നെ പുറത്തു കടന്നു രശീതിബുക്കു നിവർത്തിപ്പിടിച്ചു നില്ക്കുന്ന ശങ്കുണ്ണിമേനോനെ നോക്കി ഉറക്കെ പറഞ്ഞു: "ഇല്ല. ഇവിടെ ഒന്നും വെച്ചിട്ടില്ലെന്ന് അമ്മ പറഞ്ഞു."

ശങ്കുണ്ണിമേനോൻ തരിച്ചുനിന്നു പോയി.

പിന്നെ അയാൾ നെറ്റിയും നെറ്റിയിലെ എട്ടുകാലിമുട്ടയും ചുളിച്ചു കൊണ്ട് അല്പം പരുഷമായ സ്വരത്തിൽ അറിയിച്ചു: "അടവിന്റെ അവധി കഴിഞ്ഞിട്ടു മാസം രണ്ടായി."

രശീതിബുക്കു മടക്കി കക്ഷത്തിൽത്തന്നെ പ്രതിഷ്ഠിച്ചു.

"ഞാൻ മറ്റന്നാൾ വരാം. പണം ഇവിടെ വെച്ചേക്കാൻ അച്ഛനോടു പറയണം...."

ശ്രീധരൻ തലകുനിച്ചുകാട്ടി.

ശങ്കുണ്ണിമേനോൻ കോലായിലേക്കു നോക്കി.

"എന്താ, മുരിങ്ങവട്ടത്തു മൂസ്സിനെ കാണിച്ചോ?"

മറുപടി പറഞ്ഞതു ശ്രീധരനാണ്: "അച്ഛൻ രാവിലെ പോയതു മുരിങ്ങവട്ടത്തേക്കാണെന്ന് അമ്മ പറഞ്ഞു—വൈദ്യരെ കൂട്ടിക്കൊണ്ടു വരാൻ....."

അച്ഛൻ പകർന്നുവെച്ച നണക്കഷായത്തിന്റെ മേൽപ്പൊടിയായി ഒരുകണ്ടം ശർക്കരയും വച്ചുകൊടുത്തു ശ്രീധരൻ. ശങ്കുണ്ണിമേനോനു സേവിക്കാൻ.

ശങ്കുണ്ണിമേനോൻ അതാസ്വദിച്ചുകൊണ്ടു തലയാട്ടി നടന്നു. പിന്നെ തിരിഞ്ഞുനിന്ന് ഗോപാലേട്ടനെ നോക്കി ഉറക്കെ ഒരുപദേശം: "മൂസ്സിന്റെ ഭസ്മത്തിനു പഥ്യമാണു കാര്യം. പഥ്യം തെറ്റിക്കാതെ മരുന്നു സേവിക്കണം, കേട്ടോ"

ഗോപാലേട്ടന്റെ മുഖത്ത് ഒരപൂർവ്വമന്ദസ്മിതം.

ശങ്കുണ്ണിമേനോൻ പടിയിറങ്ങി, ഇടവഴിയിലൂടെ ദൂരെയെത്തി.

"നിന്റെ അഭിനയവും ഡയലോഗും ഭേഷായി." ഗോപാലേട്ടൻ ശ്രീധരനെ അഭിനന്ദിച്ചു.

ശ്രീധരൻ അഭിമാനത്തോടെ ഒരു ചിരി ചിരിച്ചു. പിന്നെ പെട്ടെന്നു മുഖം മങ്ങി. അയ്യോ, മറ്റെക്കാര്യം!

അച്ഛൻ തന്റെ കപ്പൽക്കവിത വായിക്കുന്നുണ്ടാവും — പാഠം പഠിക്കാതെ, വീണ്ടും കവിതപ്പണി ഉടങ്ങിയിരിക്കയാണെന്നു കണ്ടാൽ ഇനി വെറുതെ വിടുകയില്ല. കണ്ണിച്ചൂരൽ വാങ്ങിക്കൊണ്ടുവന്നു വെച്ചിട്ടുണ്ട്. അച്ഛൻ. അതിന്റെ കുറ്റപൂജ ഇന്നു നടത്തും....

നെഞ്ചിടിപ്പോടെയാണ് കോണിപ്പടവുകൾ കയറിയത്. കൃഷ്ണൻ മാസ്റ്റർ മൂലയിൽ ഒളിച്ചുനില്ക്കുകയായിരുന്നു.

"അയാൾ പോയോ?"

ശ്രീധരനുള്ളതിനേക്കാൾ ഭയവും പരിഭ്രമവും കൃഷ്ണൻമാസ്റ്ററുടെ മുഖത്തു പ്രതിഫലിച്ചിരുന്നു.

കൃഷ്ണൻമാസ്റ്റർ എണ്ണയുംതേച്ച് കൈക്കോട്ടുമെടുത്തു വ്യായാമം ചെയ്തു നില്ക്കുമ്പോഴാണ്, ഇടവഴിയിലൂടെ ദൂരെനിന്നും വരുന്ന ശങ്കുണ്ണിമേനോനെ കണ്ടത്. നികുതിപ്പണത്തിന്റെ കാര്യം ഓർത്തത് അപ്പോഴാണ്. മാസാവസാനമാണ്. ശമ്പളം കിട്ടാൻ പുതിയ മാസം പിറക്കണം. ഗോപാലന്റെ വൈദ്യന്മാർക്കും മരുന്നുകൾക്കും വളരെ പണം ചെലവായി; കൈയിൽ കാശില്ല. എന്നാലും, ശങ്കുണ്ണിമേനോന്റെ അവധിക്കാര്യം ഓർമ്മയുണ്ടായിരുന്നുവെങ്കിൽ, പറഞ്ഞ വാക്കു പാലിക്കാൻ വല്ലവരോടും വായ്പവാങ്ങിയിട്ടെങ്കിലും പണം തയ്യാറാക്കിവയ്ക്കുമായിരുന്നു. ഇനി ഇപ്പോൾ അയാളുടെ മുഖത്തെങ്ങനെ നോക്കും?

ഒളിക്കുന്നതാണു നല്ലത്. ബുദ്ധി ഉപദേശിച്ചു. അസത്യത്തിന്റെ പ്രശ്നം! മനസ്സാക്ഷി മന്ത്രിച്ചു.

നിവൃത്തിയില്ല. തന്റെ സത്യവ്രതഭംഗത്തിനു കാരണക്കാരനായ നികുതിക്കാരനെ മനസാ ശപിച്ചുകൊണ്ട് മാസ്റ്റർ കൈക്കോട്ടും വലിച്ചെറിഞ്ഞ് ഒരോട്ടം വെച്ചുകൊടുത്തു—അടുക്കളയിലൂടെ നേരെ മാളികവരാന്തയിലേക്ക്. അസത്യസന്ദേശം മകന്റെ കൈയിൽ കൊടുത്ത് അവനെ താഴെ പറഞ്ഞയച്ച പരിഭ്രമത്തോടെ കാത്തിരിക്കുകയാണ് കൃഷ്ണൻ മാസ്റ്റർ.

"പോയി—പോയി—മറ്റന്നാൾ വരുമെന്നു പറഞ്ഞു."—ശ്രീധരൻ സ്വന്തം ഭയാശങ്കകൾ അടക്കിപ്പിടിച്ചുകൊണ്ടു മൊഴിഞ്ഞു.

കൃഷ്ണൻമാസ്റ്റർ ഒരു ദീർഘശ്വാസം വിട്ടുകൊണ്ടു വരാന്തയിലേക്കു നീങ്ങി.

‘കുട്ടിമാളുവിന്റെ ആഭരണം പണയംവെച്ചിട്ടെങ്കിലും മറ്റന്നാളേക്കു പണം ശരിപ്പെടുത്തണം’ എന്നു തനിയേ പറഞ്ഞുകൊണ്ട്, കോണിയിറങ്ങി താഴോട്ടു പോയി.

ശ്രീധരനും ഒരു ദീർഘശ്വാസം വിട്ടു.

അകത്തു കടന്നു. കപ്പൽക്കവിത മേശപ്പുറത്ത് അങ്ങനെതന്നെ കിടക്കുന്നുണ്ട്.

അച്ഛൻ അതു കണ്ടിരിക്കുമോ?

ഒരുപക്ഷേ, നോക്കിയിട്ടുണ്ടാവാം. പിന്നെ എന്തുകൊണ്ട് അക്കാര്യം പറഞ്ഞു തന്നെ ശാസിച്ചില്ല?

അച്ഛൻ തന്റെ മുഖത്തു നേരെ നോക്കിയിട്ടില്ല എന്ന വസ്തുതയും ശ്രീധരൻ ഓർത്തു. സ്വന്തം നാക്കുകൊണ്ട് മകനെ കളവുപറയാൻ പഠിപ്പിച്ചു വിട്ട അച്ഛൻ, പിന്നെ ആ മകന്റെ മുഖത്ത് എങ്ങനെ നോക്കും?

അല്ലെങ്കിൽ ശങ്കുണ്ണിമേനോനെച്ചൊല്ലിയുള്ള അങ്കലാപ്പിനിടയിൽ, ശ്രീധരന്റെ മേശപ്പുറത്ത് ഒരു പരിശോധന നടത്താൻ മൂപ്പർ മെനക്കെട്ടിരിക്കയില്ല.

എങ്ങനെയായാലും ഭയങ്കരമായൊരു കൊടുങ്കാറ്റിൽനിന്നു തന്റെ കപ്പൽ രക്ഷപ്പെട്ടിരിക്കുന്നു. ശ്രീധരൻ എഴുതി പൂർത്തിയാക്കാതെവെച്ച കപ്പൽക്കവിത ഒരിക്കൽക്കൂടി വായിച്ചുനോക്കി:

“കാലമാമാഴിയിൽ സഞ്ചരിച്ചീടുന്ന
നീലരജനിയെന്നുള്ള കപ്പൽ
പൈങ്കിളിക്കൊഞ്ചലാമഞ്ചിതനങ്കൂര
ശൃംഖലാത്ഝംത്ഝണനാദമോടെ
വന്നണഞ്ഞീടുകയായിപ്പകലിന്റെ
പൊന്നുഷസ്സെന്ന തുറമുഖത്തിൽ.
ചെറ്റു ദൂരത്തായ്ച്ചലൽപ്രഭ കാട്ടുന്ന
കൊറ്റിനക്ഷത്രം — വിളക്കുമാടം.
അക്കരെനിന്നിപ്പുതിയ തുറമുഖം
പുക്കൊരീയദ്ഭുതക്കപ്പലിങ്കൽ
പുത്തൻചരക്കുകൾ വൈഡൂര്യരത്നങ്ങൾ,
മുത്തുകളെന്നിവമാത്രമല്ലാ.
അഞ്ജനക്കൂട്ടുണ്ട് — ചന്ദനച്ചാറുണ്ട്
മഞ്ഞെന്ന മഞ്ജുവെൺപട്ടുമുണ്ട് —
കെട്ടുകെട്ടായിക്കിനാവുകളാണുപോൽ!
മുറ്റമിതിന്നടിത്തട്ടിലായി.”

ഇത്രയും എഴുതിവെച്ചിട്ടുണ്ട്. തലമുടി പിടിച്ചു തിരിച്ചുകൊണ്ടാലോചിച്ചു: കവിത പൂർത്തിയാക്കി.

“ആയിരം കൈകളാൽ കൊള്ളയടിക്കയോ

നീയിച്ചരക്കുക,ളംബരേശ?”

# 7. ജയമോഹനൻ

കോളജില് പോകുമ്പോൾ രാവിലെ ചിലപ്പോഴൊക്കെ വഴിക്കുവെച്ചു കാണാറുണ്ട്.... പച്ചനിറമുള്ള പാവാട—വെള്ളബ്ലൗസ്—മാറത്ത് അടക്കിപ്പിടിച്ച പുസ്തകങ്ങൾ....

പാദചുംബനംചെയ്യുന്ന പാവാടത്തുമ്പിലാണ് നായകന്റെ ദൃഷ്ടികൾ ആദ്യം പതിയുക. പിന്നെ നോട്ടം ക്രമേണ ഉയർന്നുപിടിക്കും — നെട്ടവീർപ്പിന്റെ ആരംഭംപോലെ.....ഇംഗ്ലീഷ് ചിത്രമാസികകളിലെ ഏട്ടുകൾകൊണ്ടു ഭംഗിയായി പൊതിഞ്ഞ ക്ലാസ്സ് പുസ്തകങ്ങൾ ആശ്ലേഷിച്ചു പിടിച്ച തങ്കക്കൈത്തണ്ടിൽ കണ്ണുകൾ തെല്ലിട തങ്ങിനില്ക്കും....മറ്റേക്കൈയിൽ തലകുത്തനെ പിടിച്ച കുഞ്ഞിക്കുട— അണ്ടികളഞ്ഞ പറങ്കിമാങ്ങയുടെ ആകൃതിയിലാണ് കുടയുടെ സെല്ലുലോയ്ഡ് പിടി....

അമ്പലമുക്കിലെത്തിയാൽ അവിടെ നില്ക്കും—തൊട്ടടുത്തുള്ള പട്ടർമഠത്തിന്റെ പടിക്കൽ.

വഴികൾ അവിടെവെച്ചു പിരിയുന്നു. ഒന്ന് കോളജിന്റെ ഭാഗത്തേക്ക്, മറ്റേത് ഗേൾസ് ഹൈസ്കൂളിന്റെ ഭാഗത്തേക്കും.

ഒരു വെള്ളിയാഴ്ച രാവിലെ നല്ല മുഹൂർത്തം നോക്കി (പത്തരമണിക്കു രാഹുകാലം തുടങ്ങും.) അതിരാണിപ്പാടത്തിന്റെ മൂലയിൽവെച്ചുതന്നെ പിന്തുടരാൻ തീരുമാനിച്ചു. പിന്തുടർന്നു—ചുവടൊപ്പിച്ചുകൊണ്ട്. അമ്പലമുക്കിലെത്തി നായിക പതിവുപോലെ പട്ടർമഠത്തിന്റെ പടിക്കൽ ഹാൾട്ട്—നായകനു ഗതിമുട്ടി.

കാക്കയാട്ടാൻ കൈയിലൊരു കോലുമായി, മുറ്റത്ത് ഉണക്കാൻ പരത്തിയിട്ട കൊണ്ടാട്ടത്തിനു കാവലിരിക്കുന്ന പട്ടർമഠത്തിലെ അമ്മ്യാര് —പൊന്നിന്റെ നട്ടും ബോൾട്ടുമിട്ടു മുറുക്കിയ മൂക്കുള്ള മദ്ധ്യവയസ്കയായ അമ്മ്യാര്— കോലായത്തിണ്ണയിൽനിന്ന് അകത്തേക്കു നോക്കി വിളിച്ചു പറയുന്നതു കേട്ടു: "എടീ തങ്കമണീ, ലീല വന്താച്ച്—"

(കളാസ്സ്മേറ്റായിരിക്കും തങ്കമണി)

നായകൻ അടുത്ത സ്റ്റേഷനറിക്കടയുടെ മുമ്പിൽ തങ്ങി.

"പെൻസിലുണ്ടോ? പെരുമാൾച്ചെട്ടി, വയലറ്റ് പെൻസിൽ?"

സ്റ്റേഷനറിക്കാരൻ കിഴവൻനായര് ഇല്ലെന്നു തലയാട്ടി.

പത്ത് ഉണക്കവെറ്റിലയും നാലു സോഡാക്കുപ്പിയുമായി നേരംപോക്കാൻ കുത്തിയിരിക്കുന്ന ആ കിഴവന്റെ കടയിൽ മുന്തിയ സ്റ്റേഷനറി സാധനങ്ങൾ ഉണ്ടാവില്ലെന്നറിഞ്ഞുകൊണ്ടുതന്നെയാണ് ചോദിച്ചത്—അയാളെപ്പോലെതന്നെ നേരം പോക്കാൻവേണ്ടി....

പട്ടർമഠത്തിന്റെ പടിക്കൽനിന്ന പച്ചപ്പാവാട ഒന്നു തിരിഞ്ഞുനോക്കി. കണ്ടു. കടാക്ഷങ്ങൾ ഇടഞ്ഞു. മതി, തൃപ്തിയായി. ഉദ്ദേശ്യം ഫലിച്ചു.

കരളിലൊരു ഗാനവുമായി കോളജിലേക്കു നടന്നു.

കോളേജിലെത്തിയപ്പോൾ ഒരു സന്തോഷവാർത്ത: മാത്തമേറ്റിക്സ് ലക്ചറർ രംഗനാഥ അയ്യങ്കാർ ലീവിലാണ്—ചിക്കൻപോക്സാണത്രേ.

ആ ഒഴിവുപീര്യഡിൽ ലൈബ്രറിയിലേക്കു തിരിച്ചു.

കോളജ് ലൈബ്രേറിയൻ കുഞ്ഞികൃഷ്ണമേനോൻ പുഞ്ചിരിതൂകിക്കൊണ്ട് ശ്രീധരനെ സ്വാഗതംചെയ്തു. നന്നേ വെളുത്തു മെലിഞ്ഞു നീണ്ട്, മുതുക് അസാരം മുന്നോട്ടു വളഞ്ഞ, പതിഞ്ഞ സംഭാഷണവും സദാ പ്രസന്നമായ പെരുമാറ്റവുമുള്ള കുഞ്ഞികൃഷ്ണമേനോൻ ഒരു സാഹിത്യ രസികൻകൂടിയാണ്. ശ്രീധരനോട് ഒരു പ്രത്യേക വാത്സല്യവും ഉണ്ട്. കോളജ് മാസികയിൽ പ്രസിദ്ധപ്പെടുത്തിയ കവിത വായിച്ചാസ്വദിച്ച ആദ്യമായി ശ്രീധരനെ അഭിനന്ദിച്ച മാന്യൻ കുഞ്ഞികൃഷ്ണമേനോനായിരുന്നു. (ആ നന്ദി ശ്രീധരനും മനസ്സിൽ പുലർത്തിയിരുന്നു.)

"ആശാന്റെ ലീല—" ശ്രീധരൻ ആവശ്യപ്പെട്ടു.

അലമാര തുറന്നു പുസ്തകമെടുക്കുമ്പോൾ കുഞ്ഞികൃഷ്ണമേനോൻ സ്വാഭിപ്രായം തുറന്നുപറഞ്ഞു. ലീലയേക്കാൾ എനിക്കിഷ്ടം നളിനിയാണ്."

ശ്രീധരനും ഉള്ളിൽ ആ അഭിപ്രായംതന്നെയാണുണ്ടായിരുന്നത്. എന്നാൽ, ഇപ്പോൾ വേണ്ടതു ലീലയാണ്.

ഒരു മൂലയിലെ ബഞ്ചിൽ ചെന്നിരുന്നു പാരായണം തുടങ്ങി:

"പ്രണയപരവശേ ശുഭം നിന–

ക്കുണരുക—ഉണ്ടൊരു ദിക്കിൽ നിൻ പ്രിയൻ..."

ആ ഈരടികൾ പത്തുപ്രാവശ്യം ആവർത്തിച്ചു വായിച്ചു കോൾമയിർക്കൊണ്ടുപോയി....ക്രാന്തദർശിയായ ആശാന് മനസാ ഒരു പ്രണാമമർപ്പിച്ചു.

വൈകുന്നേരം മധുരപ്രതീക്ഷയുമായി കോളജ് വിട്ടിറങ്ങി. അമ്പല മുക്കിലേക്കുള്ള ഇടവഴി അടുക്കാറായപ്പോൾ നടത്തത്തിന്റെ സ്പീഡ് കുറയ്ക്കേണ്ടിവന്നു. കോളജിൽനിന്നും ഗേൾസ് ഹൈസ്കൂളിൽനിന്നും അമ്പല മുക്കിലേക്കുള്ള ദൂരം ഏതാണ്ട് ഒപ്പമാണ്. കോളജ് വിട്ടപ്പോൾ മുയലിനെപ്പോലെ ഓടിയോ എന്നൊരു സംശയം. പിന്നെ നീക്കം ആമയെപ്പോലെയായി. ഇടവഴിയുടെ ഇരുവശത്തുമുള്ള മതിലുകളിലെ കടലാവണക്കിന്റെയും വെള്ളിലച്ചെടികളുടെയും ഭംഗി നക്കിനുണച്ചുകൊണ്ടു നിരങ്ങി നിരങ്ങി അമ്പലമുക്കിലെത്തിയപ്പോൾ....അതാ വരുന്നു കിഴക്കുനിന്ന്!

പടിഞ്ഞാറു ചാഞ്ഞ സൂര്യൻ ആ പാതയിൽ ചെമ്പട്ടു വിരിച്ചിട്ടുണ്ട്.

കൂടെയുള്ള തങ്കമണിയെയും കണ്ടു. (സേലംമാങ്ങയുടെ മുഖവും പടവലങ്ങയുടെ ഉടലുമുള്ള ഒരു പെൺകിടാവ്.)

പട്ടത്തിക്കുട്ടി സഖിയോട് എന്തോ ഫലിതം പറഞ്ഞു ചിരിച്ചുകൊണ്ടു മഠത്തിലേക്കു പടികയറി പോയി.

പച്ചപ്പാവാട മുഖവും താഴ്ത്തി പടിഞ്ഞാട്ടു നടന്നു.

മുക്കിൽ കാത്തുനില്ക്കുന്ന നായകനെ കണിശമായും കണ്ടിട്ടുണ്ടായിരിക്കണം.

"പാരമിഷ്ടജനരൂപമോരുവാൻ

നാരിമാർക്കു നയനം സുസൂക്ഷ്മമാം"

എന്നലേ്ല മഹാകവിവാക്യം?

നേരിയ കരൾത്തുടിപ്പോടെ പച്ചപ്പാവാടയെ പിന്തുടർന്നു.

പകൽക്കിനാവുകളിൽ മുഴുകി അങ്ങനെ നീങ്ങിക്കൊണ്ടിരിക്കെ, ആരാനോ വാങ്ങിക്കൊണ്ടുപോകുന്ന പച്ചപ്ലാവിലക്കെട്ടിന്റെ പിറകെ നാക്കും നീട്ടി നീങ്ങുന്ന ഒരാട്ടിൻകിടാവിന്റെ ചിത്രം മനസ്സിൽ കരുപ്പിടിപ്പിച്ചുവന്നു. സ്വയം ശപിച്ചു. (വേണ്ടാത്ത സന്ദർഭങ്ങളിലാണ് ഓരോ ആശയം മനസ്സിലേക്കു വിരുന്നുവരുന്നത്.)

പച്ചക്കൊടിയുടെ പിറകെ അറിയാതെ അങ്ങനെ, അതിരാണിപ്പാടത്തിന്റെ അതിർത്തിയും കടന്നു ദൂരെ എത്തിപ്പോകുമായിരുന്നു. കണ്ണനെ കണ്ടിരുന്നിലെ്ലങ്കിൽ.

അതിരാണിപ്പാടത്തേക്കു തിരിയുന്ന മുക്കിൽ നില്ക്കുന്നു കണ്ണൻ — തടിച്ചി കുങ്കിച്ചിയമ്മയുടെ വീട്ടിലെ പണിക്കാരൻ. ഒരു ട്രാഫിക് കോൺസ്റ്റബിളിനെപ്പോലെ.

സ്റ്റോപ്പ്—കണ്ണൻ കൈയുയർത്തിക്കാട്ടി.

"ഞാനീടെ ങ്ങളേം കാത്ത നിക്വാ...."

"എന്താ കണ്ണാ?"

"കുങ്കിച്ച്യമ്മ പൊരക്ക് ചെല്ലാമ്പറഞ്ഞിന്."

"എന്താ കോള്?"

"കുങ്കിച്ച്യമ്മേന്റെ ആങ്ങള കണാരിമേസ്തിരി വന്ന്ന്–നാട്ട്ന്ന്–തക്കാരോണ്ട്...."

"എന്താ സൽക്കാരം?"

"ചായേം പലകാരോം....ഞമ്മളെ കമ്പനീലെ എല്ലാരേം ചെണിച്ചിന്—"

(ഞമ്മളെ കമ്പനി? സപ്പർസർക്കീറ്റ് സംഘത്തിൽ ഒരിക്കലോ മറ്റോ ഒരു മുട്ടുശാന്തിക്കു കണ്ണനെ കൂട്ടിയിട്ടുണ്ട്. ആ ചെക്കനാണു പറയുന്നത്; ഞമ്മളെ കമ്പനി.)

"വാസേ്വട്ടനും കേളുക്കുട്ടേ്യട്ടനും ആശാരി മാദോനും ഒക്കെ അവ്ട്ണ്ട് —ങ്ങള് ഷ്ക്കോളിന്ന് വരാങ്കാത്തിരിക്വാ ഓല്......."

"ഉം — നീ പൊയ്ക്കോ — ഞാനിതാ എത്തിപ്പോയി —"

"വേം വരണേ്......"

"ഉം....."

കണ്ണൻ ഓടിമറഞ്ഞു.

പടിഞ്ഞാട്ടു വീണ്ടും കണ്ണയച്ചു. നിറയെ വൈക്കോൽ കയറ്റിയ ഒരു മൂരിവണ്ടി, പിന്നിൽനിന്ന് ഇഴഞ്ഞുവന്ന് കടന്നുപോയി — പുല്ലുവണ്ടി പച്ചപ്പാവാടക്കാഴ്ചയെ വിഴുങ്ങിക്കളഞ്ഞു.

വൈക്കോൽവണ്ടിക്കു വരാൻ കണ്ട നേരം! ഇനി ഒരുനോക്കു കാണാൻ തിങ്കളാഴ്ചവരെ കാത്തിരിക്കണം.....

കന്നിപ്പറമ്പിലെത്തി. മാളികമുറിയിലെ മേശപ്പുറത്ത് പുസ്തകങ്ങൾ വലിച്ചെറിഞ്ഞു. പിന്നെ കുറഞ്ഞൊന്ന് ആലോചിച്ച്, കൈയിൽക്കിട്ടിയൊരു നോട്ടുബുക്കെടുത്തു കക്ഷത്തിൽ വെച്ച്, താഴെയിറങ്ങി നേരെ അടുക്കളയിലേക്കു ചെന്ന് അമ്മയോടു പറഞ്ഞു: "ഞാൻ നാരായണൻനമ്പ്യാരുടെ വീട്ടിലേക്കു പോവ്വാണ്—'

"നെനക്ക് ചായ വേണ്ടേ?" — അമ്മ.

"വേണ്ട — നമ്പ്യാരുടെ വീട്ടീന്നു കുടിച്ചോളാം."

ധിറുതിയോടെ പുറത്തുകടന്നു.

ഗോപാലേട്ടൻ കാലിൽ എന്തോ മരുന്നുപുരട്ടി കിടക്കുകയാണ്. കാലിൽ വെള്ളവലിച്ചപോലെ തോന്നുന്നു. (ഗോപാലേട്ടൻ ഇപ്പോൾ കുഞ്ഞലവി മുസലിയാരുടെ ചികിത്സയിലാണ്.)

അച്ഛൻ എത്തിയിട്ടില്ല. അച്ഛൻ പൂഴിക്കരയിലെ കുഞ്ഞഹമ്മദ് ഹാജിയുടെ കുട്ടികളെ ട്യൂഷൻ പഠിപ്പിക്കുന്നുണ്ട്. എട്ടുമണി കഴിഞ്ഞേ വീട്ടിൽ മടങ്ങിയെത്തുകയുള്ളൂ.

തടിച്ചി കുങ്കിച്ചിയമ്മയുടെ വീട്ടിലെത്തിയപ്പോൾ അവിടെ കൂട്ടർ ടീപ്പാർട്ടി തുടങ്ങിക്കഴിഞ്ഞിരുന്നു.

"മൈനർ വരുന്നുണ്ട്—" ശ്രീധരനെ കണ്ടപ്പോൾ കേളുക്കുട്ടി പടിക്കലേക്കു ചൂണ്ടിക്കാട്ടി പറഞ്ഞു.

(വയസ്സ് പത്തൊമ്പതു കഴിഞ്ഞു. സീനിയർ ഇന്റർമീഡ്യറ്റ് ക്ലാസ്സിലെത്തി. എന്നിട്ടും സപ്പർസർക്കീറ്റ് സംഘത്തിൽ ശ്രീധരൻ ഇപ്പോഴും മൈനർതന്നെ!)

തടിച്ചി കുങ്കിച്ചിയമ്മയുടെ ആങ്ങള, കണാരിമേസ്തിരി വടക്ക് മൂക്കളശ്ശേരിയിൽനിന്നും വന്നിരിക്കുകയാണ്. പെങ്ങളെ കാണാനും താൻ മൂക്കളശ്ശേരിയിൽ പുതുതായി പണിതീർപ്പിച്ച വീട്ടിലേക്കു ചില ഫർണിച്ചർ സാമാനങ്ങൾ പട്ടണത്തിൽനിന്നു തിരഞ്ഞെടുത്തു വാങ്ങിക്കൊണ്ടു പോകാനും—

മാസ്റ്റർ ടെയിലർ കണാരിമേസ്തിരിക്ക് മൂക്കളശ്ശേരിയിൽ സ്വന്തം തുന്നൽക്കടയുണ്ട്. മൂന്നു സിംഗർ മെഷീനുകളിൽ, നാലു തുന്നൽക്കാർ വേലചെയ്യുന്ന വലിയൊരു ടെയിലറിങ് ഷാപ്പാണത്രേ അത്.

മെലിഞ്ഞു നീണ്ടൊരു കൊക്കിസാണ് കണാരിമേസ്തിരി — ആങ്ങളയും പെങ്ങളും ഒപ്പം നിന്നാൽ '10' എന്ന അക്കം പോലിരിക്കും.

ഉസ്താദ് വാസുവും ആശാരിമാധവനും ദാമുവും അവിടെ ഉണ്ടായിരുന്നു —(കുടക്കാൽ ബാലൻ ചന്തിക്കു വലിയൊരു കുരുവുമായി കിടപ്പിലാണത്രേ —വില്യംസായ്പിന്റെ മദാമ്മയ്ക്ക് അടിയന്തരമായി ചില ഉടുപ്പുകൾ ഇസ്തിരിവെച്ചു കൊടുക്കാനുള്ളതിനാൽ, പാർട്ടിക്കു വരാൻ സൗകര്യപ്പെടുകയില്ലെന്ന് കരിമൂച്ച കണ്ണനോടു പറഞ്ഞയച്ചിരിക്കുന്നു.) സംഘത്തിലെ പുതിയ മെമ്പറാണ് ദാമു. പട്ടണത്തിൽ ഒരു മുസ്ലീമിന്റെ തുണിഷാപ്പിൽ അസിസ്റ്റന്റായി ജോലിചെയ്യുന്ന ദാമുവിന് 'കൊമ്പൻ' എന്നൊരു പേരു കിട്ടിയിട്ടുണ്ട്. കാരണം, ദാമു ഇടയ്ക്കിടെ മാപ്പിളഹോട്ടലിൽ പോയി മൂരിയിറച്ചി സാപ്പിടും.

കുങ്കിച്ചിയമ്മ ടീപ്പാർട്ടിക്ക് നാലഞ്ചുതരം പലഹാരങ്ങൾ ഒരുക്കി വെച്ചിട്ടുണ്ടായിരുന്നു. അതിരാണിപ്പാടത്തെ ദേശീയപലഹാരമായ 'ആറാംനമ്പറി'ന് (ഡൈമന്റിന്റെ ആകൃതിയിൽ മുറിച്ചെടുത്ത അമേരിക്കൻ മാവിന്റെ ചെറു പപ്പടങ്ങൾ വെളിച്ചെണ്ണയിൽ വറുത്തു മീതെ പഞ്ചസാരക്കുഴമ്പു പകർന്നു തയ്യാറാക്കിയത്) പുറമേ വടക്കൻ മുസ്ലീംപലഹാരമായ 'മണ്ട'യും (അരിപ്പൊടിയും റവയും മുന്തിരിങ്ങ, ബദാംപരിപ്പ്, സുഗന്ധദ്രവ്യങ്ങൾ ഇവയും കല്ക്കണ്ടവും ചേർത്ത് നെയ്യിൽ വറുത്ത്, ആ മിശ്രപദാർത്ഥം കുഴച്ചു പരത്തിയ അമേരിക്കൻമാവിന്റെ 'തോലി'ൽ വീണ്ടും പൊതിഞ്ഞ്, വെളിച്ചെണ്ണയിൽ പൊരിച്ചെടുത്ത്, കുമ്പൻ തൊപ്പിയുടെ രൂപത്തിലുള്ള അപ്പം) കുഞ്ഞിക്കലത്തപ്പവും ഇടിയൂന്നിയും മറ്റുമായിരുന്നു പേ്ലറ്റിൽ വിളമ്പിവെച്ചിരുന്ന

വിഭവങ്ങൾ.

ഭക്ഷിച്ചുകൊണ്ടിരിക്കെ കണാരിമേസ്ത്തിരിയും ദാമുവും എന്തോ വലിയൊരു ചർച്ചയിൽപ്പെട്ടു. ആ സന്ദർഭത്തിലാണ് ശ്രീധരൻ പാർട്ടിയിൽ ചേർന്നത്.

കണാരിമേസ്ത്തിരി പറയുന്നു. "ഒരു നൂറ് തെ–തെ.—തെ.—തെങ്ങിന്മൂക്കൊല കു–കു—കു—കുമ്പാരാക്കിവെച്ച ച്ലേക്ക്ണ്ട്..... (കുറച്ചൊരു വിക്കനാണ് മേസ്ത്തിരി) ക–ക—ക—ക്കണ്ടിട്ട് കണ്ണ് മയ്യലത്ത് പോയി....."

മണ്ടയുടെ കഷണം ചവച്ചുവിഴുങ്ങി ഒന്നു ഞരങ്ങി, ചക്കരച്ചോറ്— എന്നിട്ടു പറഞ്ഞു: "അത് അതികാരി അതിർപ്പായി പോറ്റുന്ന ജയമോഹനാണ്....."

"അതൊന്നു ക്—ക്—ക്—ക്കിട്ട്യാല്......ഹ്ഊം."

"ഊയെന്റമ്മോ—ന്റെ കണാരീന്റൊരു മോഹം! — മാനത്തെ അമ്പ്ള്യമ്മോനെ കിട്ട്വേന്ന് നോക്ക്—" കുങ്കിച്ചിയമ്മയുടെ കമ്മന്റ്.

ശ്രീധരനു കാര്യം മനസ്സിലായി. ചാപ്പുണ്ണി അധികാരിയുടെ മുറ്റത്തെ വെള്ള പ്രിൻസ് ഓഫ് വേൽസ് ചെടിയാണ് സംഭാഷണവിഷയം.

അധികാരിയുടെ ഭവനത്തിന്റെ മുറ്റം അലങ്കരിക്കുന്ന ആ കുറ്റൻ ശുദ്ധ വെള്ള പ്രിൻസ് ചെടി നാട്ടിൽ മുഴുവനും പ്രസിദ്ധമാണ്. അതിന്റെ കൗതുകം കാണാൻ ദൂരെനിന്നും ആളുകൾ വരാറുണ്ട്. ഏതാണ്ട് ഒരാൾപ്പൊക്കത്തിൽ വളർന്ന തണ്ടിന്റെ ചുറ്റുപാടും, കവരങ്ങളിൽനിന്നു ചിതറി നില്ക്കുന്ന വെള്ളിലാവിന്റെ വർണ്ണത്തിലുള്ള കൊഴുത്തു ചുരുണ്ടു നീണ്ട ഇലകൾ വളഞ്ഞുകുത്തി ഇടതിങ്ങി വിലസുന്നത് ഒരദ്ഭുതദൃശ്യം തന്നെയായിരുന്നു. മുറ്റത്ത് ഒരു കുറ്റൻ വെള്ളമയിൽ പീലികൾ വിടർത്തി നില്ക്കുകയാണെന്നു തോന്നും.

മരക്കച്ചവടക്കാരൻ ഉമ്മർ ഹാജി, ഏതോ ഉപകാരസ്മരണയോടെ ചാപ്പുണ്ണിഅധികാരിക്കു കാഴ്ചവെച്ച ചെടിയാണത്. വളംചേർത്ത മണ്ണു നിറച്ച ഒരു കുറ്റൻ പീപ്പയിൽ വളർത്തിയ ആ ചെടി, പീപ്പയോടുകൂടിത്തന്നെ ഒരു കൈവണ്ടിയിൽ കയറ്റിയിട്ടാണ് അധികാരിയുടെ ഭവനത്തിന്റെ പടിക്കൽ എത്തിച്ചത്. അഞ്ചാറാളുകൾ ചേർന്നു പൊക്കിയെടുത്തിട്ടാണ് അതിനെ മുറ്റത്തു കൊണ്ടുവന്നു പ്രതിഷ്ഠിച്ചത്. ഭംഗിക്കുപുറമേ ഭാഗ്യലക്ഷണങ്ങളും തികഞ്ഞ ഒരു സസ്യരാജകുമാരനാണവൻ, അവൻ വന്നുചേർന്നതിന്റെ പത്താംമാസത്തിലാണ് അധികാരിയുടെ ഭാര്യ ഒരാൺകുഞ്ഞിനെ പ്രസവിച്ചത്. (മുമ്പത്തെ ഏഴെണ്ണവും പെണ്ണായിരുന്നു.)

വീട്ടിൽ വളർത്തിവരുന്ന നായ്ക്കൾക്കും പശുക്കൾക്കും മറ്റു നാൽക്കാലികൾക്കും ചിലപ്പോൾ മനുഷ്യരുടെ പേരിടാറുണ്ട്. ചെടിക്ക് ആരെങ്കിലും അങ്ങനെ പേരിട്ടു കേട്ടിട്ടുണ്ടോ? —ചാപ്പുണ്ണി അധികാരി അതു ചെയ്തു. വെള്ളപ്രിൻസിനോടുള്ള വാത്സല്യാതിരേകംകൊണ്ടു ചെയ്തുപോയി—ചെടിക്ക് 'ജയമോഹനൻ' എന്നു പേരു വിളിച്ചു.

ആ പേരിന്റെ പിറകിലും ഒരു ചരിത്രമുണ്ട്, തനിക്ക് ഒരു ആൺകുഞ്ഞ് പിറന്നാൽ ആ ഓമനക്കുട്ടനെ വിളിക്കാൻ ഒരു പേര് അധികാരി മനസ്സിൽ കണ്ടുവെച്ചിരുന്നു: 'ജയമോഹനൻ'. വൈറ്റ്പ്രിൻസിനെ കിട്ടിയപ്പോൾ അധികാരിക്കു പൊറുക്കാൻ കഴിഞ്ഞില്ല. നിധിപോലെ മനസ്സിൽ സൂക്ഷിച്ചു വെച്ചിരുന്ന പുത്രനാമം വൈറ്റ് പ്രിൻസിനു സമ്മാനിച്ചു. പിന്നെ പത്തുമാസം കഴിഞ്ഞ് ഉണ്ണിപിറന്നപ്പോൾ, ചെടിയുടെ

രാജകീയ കുലനാമം ഉണ്ണിക്കു നൽകി: ‘വത്സരാജൻ’.

രാവിലെ ഉണർന്നെഴുന്നേറ്റാൽ അധികാരി കണികാണുന്നത് ജയമോഹനനെയാണ്. കുമ്പയും തലോടി പുഞ്ചിരി തൂകിക്കൊണ്ട് കുശലം ചോദിക്കും: ‘എന്താ ജയമോഹനാ?’— അവന്റെ അഴകും വളർച്ചയും ഗാംഭീര്യവും നോക്കി ആനന്ദിക്കും. വെൺപട്ടുചുരുളുകൾ നിവർത്തിപ്പിടിച്ച പോലുള്ള പത്രങ്ങളെ തഴുകിതാലോലിക്കും. ഇലയിലെവിടെയെങ്കിലും ഒരു പൂച്ചോ പൊടിയോ പുള്ളിയോ പറ്റിക്കിടക്കുന്നുണ്ടോ എന്നു സൂക്ഷിച്ചുനോക്കും. ഉണ്ടെങ്കിൽ തന്റെ കണ്ണട തുടയ്ക്കുന്ന പ്ലാനൽത്തുണിക്കണ്ടംകൊണ്ട് മൃദുലമായി തഴുകിത്തഴുകി മായ്ച്ചുകളയും.

ആളുകൾ കേട്ടാൽ പരിഹസിക്കുമെന്നു പേടിച്ചിട്ടാണ്; അല്ലെങ്കിൽ അധികാരി ചെടിയുടെ പീപ്പത്തടത്തിൽ രാവിലെ വെള്ളമൊഴിക്കുന്നതിനു പകരം പശുവിൻപാൽ പകർന്നുകൊടുക്കുമായിരുന്നു.

ചാപ്പുണ്ണിഅധികാരി അത്ര അരുമയോടെ പോറ്റിവളർത്തുന്ന വൈറ്റ് പ്രിൻസിലാണ് കണാരിമേസ്തിരി കണ്ണുനട്ടിരിക്കുന്നത്. കുങ്കിച്ചിയമ്മ പറഞ്ഞപോലെ, മാനത്തെ അമ്പിളിയെ കിട്ടാൻ നോക്കുന്നതാണ് അതിലും നല്ലത്.

“കേട്ടോ ടെയിലർമാസ്റ്റർ!.....” കുഞ്ഞിക്കലത്തപ്പം കടിച്ചുതിന്നുകൊണ്ട് ഉസ്താദ് വാസു ഒരു പ്രഖ്യാപനത്തിനൊരുങ്ങുന്നു.

കണാരിമേസ്തിരി, വായിലേക്കു കൊണ്ടുപോകുന്ന മണ്ടക്കഷണം വഴിയിൽ തങ്ങിനിന്നു.

“ടു അണാസ് തന്നാൽ ഞാൻ അധികാരിയുടെ ചെടി ഇസ്കിക്കൊണ്ടു വരാം—”

വാസു തമാശ പറയുകയാണെന്നു വിചാരിച്ചു മേസ്തിരി:

“അത് കി–കി–കി—ക്കിട്ടാണെങ്കില് ഞാൻ ടൂ—ടൂ—ടൂ—ടൂ അൺഡ്രഡ് റുപ്പീസ് കൊ–കൊ–കൊ—കൊടുക്കാൻ റഡിയാണ്.”

“ടൂ അൺഡ്രഡും ത്രീ അൺഡ്രഡും ഒന്നും വേണ്ട—” വാസു അൽപം ചവച്ചിറക്കിക്കൊണ്ടു പറഞ്ഞു: “ടു അണാസ് മതി—വെറും രണ്ടണ. അധികാരിയുടെ ജയമോഹനനെ പിടിച്ചുകൊണ്ടുവന്നു ഞാൻ മാസ്റ്ററുടെ മുമ്പിൽ ഹാജരാക്കും. അല്ലെങ്കിൽ ഞാൻ വാഴക്കുന്നത്തു വാസു അല്ല....”

വാസു പറയുന്നത് കാര്യമായിത്തന്നെയാണെന്നു മനസ്സിലായപ്പോൾ കണാരിമേസ്തിരിക്ക് ഉഷാറു പിടിച്ചു.

“ക—ക—ക—ക്കയ്യടിക്ക്...” മേസ്തിരി വാസുവിന്റെ നേർക്ക് കൈനീട്ടി.

“ആദ്യം ടൂ അണാസ് എടുക്ക്—” വാസുവും കൈനീട്ടി.

കണാരിമേസ്തിരി ഷർട്ടു പൊക്കി, അരയിലെ തോൽബെൽറ്റിന്റെ കീശക്കള്ളിയിൽനിന്നു ചില്ലറ രണ്ടണ നുള്ളിയെടുത്ത് വാസുവിന്റെ കൈയിൽ സമർപ്പിച്ചു.

വാസു പൈസ കീശയിലിട്ടു കൈ താഴ്ത്തിപ്പിടിച്ചുകൊണ്ട് അൽപം ഗൗരവത്തോടെ പറഞ്ഞു: “എന്നാൽ ഒരു കണ്ടീഷനുണ്ട്......”

കണാരിമേസ്തിരി ഉൽക്കണ്ഠയോടെ വാസുവിന്റെ മുഖത്തേക്കു മിഴിച്ചു നോക്കി.

വാസു പറഞ്ഞു: “ഇതാണു കണ്ടീഷൻ: നാളെ രാത്രി അധികാരിയുടെ ചെടി ഇവിടെ

എത്തിയാൽപ്പിന്നെ അര മണിക്കൂറിനുള്ളിൽ ചെടിയും കൊണ്ടു സ്ഥലംവിട്ടുകൊള്ളണം. പുലർച്ചെ നാലുമണിക്ക് വടക്കോട്ട് ഒരു ലോക്കൽ ട്രെയിനുണ്ട്—അതിൽ കേറി നേരെ മൂക്കളശ്ശേരിക്ക്......"

കണാരിമേസ്തിരി സമ്മതിച്ചു. (ചെടി കിട്ടിയാൽ അതുംകൊണ്ട് ഹനുമാനെപ്പോലെ പറക്കാൻ തയ്യാറായിരുന്നു. ടെയിലർമാസ്റ്റർ)

"കൈയടിക്ക്—" വാസു കൈനീട്ടി.

അങ്ങനെ ഉസ്താദ് വാസുവും കണാരിമേസ്തിരിയും ഹസ്തഗ്രഹണ മുദ്രയോടെ കരാറുറപ്പിച്ചു.

എല്ലാം കണ്ടും കേട്ടുംകൊണ്ട് അരികെ നിന്നിരുന്ന കുങ്കിച്ചിയമ്മ പകുതി കളിയായും പകുതി കാര്യമായും ഇങ്ങനെ ഉരിയാടി: " കളിച്ച്യാളിച്ച്, കുരിക്കളെ നെഞ്ഞത്തായോ മക്കളെ, കളി?"

വാസ്തവമോർത്താൽ ആ കളി കുറച്ചപകടം പിടിച്ചതുതന്നെയാണ്. വെള്ളക്കാരൻ കളക്ടർസായ്പുപോലും ബഹുമാനിക്കുന്ന നാട്ടിലെ കുലീനനും ധനസമ്പന്നനും പ്രതാപിയുമായ അംശം അധികാരി—അധികാരി പ്രാണനേക്കാൾ സ്നേഹിക്കുന്ന പ്രിൻസ് ചെടി, ജയമോഹൻ—ആ പ്രിൻസിന്റെ ആസ്ഥാനമോ?—ചുറ്റുപാടും ഉയരെ കന്മതിൽ കെട്ടിയ പറമ്പ്, മതിലിൽ ഇരുമ്പ്ഗേറ്റ്—അതുപോട്ടെ—ആ വീട്ടിൽ ഒരു നായയുണ്ട്—'ടൈഗർ'—ഒരു ശ്വനകരാക്ഷസൻ. മുൻകാലുകൾ മതിലിൽ കേറ്റിവെച്ച് മോന്ത വെളിയിലാക്കി ആ പഹയൻ ഒരിക്കൽ ഇടവഴിയിലൂടെ പോകുന്ന തന്നെ നോക്കിയ ആ നോട്ടം ശ്രീധരൻ മറക്കുകയില്ല. സോഡാക്കുപ്പിയിലെ പളുങ്കു ഗോട്ടി പോലെയുള്ള കണ്ണുകളും, വില്യം സായ്പിന്റെ തീൻമേശപ്പുറത്തെ വെള്ളി മുള്ളുകൾപോലെയുള്ള പല്ലുകളും! ചെമ്പുകിടാരത്തിൽ ഇരുമ്പുലക്ക കൊണ്ടു കൊട്ടുംപോലെ രാത്രിയിൽ അവന്റെ കുര കേൾക്കാം.... അതു കേട്ടാൽ പിശാചുക്കൾപോലും വഴിമാറി പൊയ്ക്കളയും!

അതെല്ലാം മറന്നുകൊണ്ടാണോ ഉസ്താദ് വീരവാദം മുഴക്കി, രണ്ടണയും വാങ്ങി കീശയിലിട്ട് മേസ്തിരിയോടു കൈയടിച്ചത്?.

ആ രണ്ടണയുടെ പ്രാധാന്യമെന്താണെന്നു ശ്രീധരനു മനസ്സിലായില്ല.

ചാപ്പുണ്ണി അധികാരിയുടെ വീട് ആക്രമിക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ വേറെയും ചില വിഷമങ്ങളുണ്ടായിരുന്നു. ശ്രീധരന്—കൃഷ്ണൻമാസ്റ്ററും ചാപ്പുണ്ണി അധികാരിയും തമ്മിൽ സുഹൃത്തുക്കളാണ്. തെക്കര് നെയ്ത്തുകാരും ദേശക്കാരും കേളഞ്ചേരിമേലാനും തമ്മിലുള്ള ബഹിഷ്കരണസമരത്തിൽ, ചാപ്പുണ്ണി അധികാരി കൃഷ്ണൻമാസ്റ്ററുടെകൂടെ ഒരു മൂന്നാംചേരിയിലാണ് നിലയുറപ്പിച്ചിരുന്നത്. അങ്ങനെയുള്ള ഒരു പ്രമാണിയുടെ—അയാൾ ചൂഷകനും അറുപിശുക്കനും ആണെങ്കിൽക്കൂടി—മുതലു മോഷ്ടിക്കാനാണു മുതിരുന്നത്—പരിപാടി പൊളിയുകയാണെങ്കിൽ ശ്രീധരന്റെ പൂച്ചം പുറത്താവും—പിന്നെ നാടുവിടുകയേ രക്ഷയുള്ളൂ.

അധികാരിയുടെ വീട് ആക്രമിക്കുന്ന പരിപാടിയോട് ആദ്യമായി അല്പം ആശങ്ക പ്രകടിപ്പിച്ചു സംസാരിച്ചത് കൊമ്പൻദാമുവായിരുന്നു.

"വാസേ്വട്ടാ, ഇതു വേണ്ടീരുന്നില്ല—" ദാമു ഇടിയൂന്നിയുടെ പേ്ലറ്റ് കാലിയാക്കിക്കൊണ്ടു മെല്ലെ പറഞ്ഞു.

അപ്പോൾ ശ്രീധരനും ഒന്നു മാന്തിക്കൊടുത്തു: "അധികാരിയുടെ വീട്ടിൽ നരിപോലത്തെ ഒരു നായുണ്ട്."

ഉടനെ ചക്കരച്ചോറു ചാടിവീണു. "നരിയോ പുലിയോ എന്തുണ്ടായാലും അധികാരിയെ ഒന്നു ബ്ലീച്ചടിപ്പിക്കണം." വെള്ള പ്രിൻസ്ചെടി മോഷ്ടിക്കുന്നതിലല്ല. അധികാരിയെ ബ്ലീച്ചടിപ്പിക്കുന്നതിലാണ് ചക്കരച്ചോറിനു താൽപര്യം—കാരണമുണ്ടായിരുന്നു.

അഞ്ചാറുമാസം മുമ്പ് ഒരുദിവസം കേളുക്കുട്ടിയുടെ വീട്ടിലെ പശുവിനെ കാണാതായി. പല സ്ഥലത്തും അന്വേഷിച്ചു. കണ്ടുകിട്ടിയില്ല. ആറേഴു ദിവസം കഴിഞ്ഞപ്പോഴാണറിയുന്നത്. പശു അധികാരിയുടെ ആലയിലുണ്ടെന്ന്. രാത്രി പറമ്പിലെ പയർവളപ്പിൽ ആക്രമണം നടത്തിയ പയ്യിനെ ആരോ പിടിച്ച് അധികാരിയുടെ പൗണ്ടിൽ കൊണ്ടുപോയി ഏൽപ്പിച്ചതായിരുന്നു. ഏഴുദിവസത്തെ തീറ്റച്ചെലവും പിഴയുമടക്കം നാലര ഉറുപ്പിക അംശക്കച്ചേരിയിൽ അടച്ചു രശീതി കാട്ടിക്കൊടുത്തതിനുശേഷമാണ് പയ്യിനെ പൗണ്ടിൽനിന്നു വിട്ടുകൊടുത്തത്. അധികാരി ഒരു ദയ വിചാരിച്ചിരുന്നെങ്കിൽ 'ഒറ്റക്കാസും കൊടുക്കാതെ' തന്റെ പയ്യിനെ വിട്ടുകിട്ടുമായിരുന്നു എന്നാണു കേളുക്കുട്ടി ഇപ്പോഴും വിശ്വസിക്കുന്നത്. ആ ദുഷ്ടനോടു പകവീട്ടണം. അതായിരുന്നു ചക്കരച്ചോറിന്റെ വാശി.

അധികാരിയുടെ വീടാക്രമണമല്ല, ഹജ്ജൂർക്കച്ചേരിയിലെ ഖജനാ കൊള്ളയടിക്കാനുള്ള പരിപാടിയാണ്. ഓ, ശരി! ആശാരി മാധവൻ റെഡി.

എല്ലാം കേട്ടുകൊണ്ട് അതേവരെ മൗനംപൂണ്ടിരുന്ന ഉസ്താദ് വാസു ഒടുവിൽ പ്രഖ്യാപിച്ചു. 'നാളെ രാത്രി. സപ്പറില്ലാ—സർക്കീറ്റ് മാത്രം—ചാപ്പുണ്ണി അധികാരിയുടെ വീട്ടിലേക്ക്....." 'പേടിയുള്ളവരാരും വരണ്ട....." എന്നും കൂട്ടിച്ചേർത്തു.

അപ്പോൾ മൈനറും കൊമ്പനുമടക്കം എല്ലാവരും ഉറക്കെ പറഞ്ഞു. "വരാം—വരാം—ഞങ്ങൾക്കാർക്കും പേടിയില്ല."

പിറ്റേന്നു ശനിയാഴ്ച.

മണി പന്ത്രണ്ടടിക്കാൻ കാത്തുകിടക്കുകയാണ്. ശ്രീധരൻ—അതി നിഗൂഢമായൊരു മിലിട്രിയാക്രമണനീക്കത്തിനുള്ള നിശ്ചിതസമയം നോക്കിക്കൊണ്ടിരിക്കുന്ന ഒരു ലെഫ്റ്റനന്റിന്റെ ജാഗ്രതയോടെ.

മണി പന്ത്രണ്ടു മുട്ടി.

മാളികവരാന്തപ്പടിയിൽ കേറി മൂലക്കൽപ്പടവിലേക്കു കാലെടുത്തു വെച്ചപ്പോൾ പെട്ടെന്ന് ഓർത്തു: താഴെ കോലായിൽ ഗോപാലേട്ടൻ കിടക്കുന്നുണ്ട്.

ഗോപാലേട്ടനോടും ഗോപാലേട്ടന്റെ ആ നശിച്ച ദീനത്തോടും ആദ്യമായി ഒരു വെറുപ്പുതോന്നി, ആ നിമിഷത്തിൽ.

പാതിരായ്ക്ക്, കള്ളനെപ്പോലെ പതുങ്ങിക്കൊണ്ടു വീട്ടിന്റെ മൂലക്കല്ലുകൾ ചവിട്ടിയിറങ്ങിപ്പോകുന്നത്, ഗോപാലേട്ടന്റെ കണ്ണിൽപ്പെട്ടു പോയാൽ —പലനാൾ കള്ളൻ ഒരുനാൾ പെടും എന്ന ചൊല്ലു ശരിയായിത്തീരും—തന്നെപ്പറ്റി ചീത്തവഴിക്കായിരിക്കും ഗോപാലേട്ടന്റെ ചിന്തകൾ പോവുക—നല്ല സ്വഭാവഗുണമുള്ളൊരു കുട്ടി എന്ന് അനുജനെപ്പറ്റിയുള്ള ഗോപാലേട്ടന്റെ ധാരണ തകർന്നുപോകും. തടിച്ചി കുങ്കിച്ചിയമ്മയെപ്പറ്റി വളരെ നല്ല അഭിപ്രായമല്ല

കന്നിപ്പറമ്പിലെയും അയൽപക്കത്തേയും ആളുകൾക്കുള്ളത് എന്നും ശ്രീധരൻ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് കുങ്കിച്ചിയമ്മയുടെ വീട്ടിലേക്കാണ പോകുന്നത് എന്ന നേരു പറഞ്ഞാലും അത് അപവാദശങ്കയ്ക്കിടനൽകും. പറഞ്ഞ സമയത്തു. കുങ്കിച്ചിയമ്മയുടെ വീട്ടിൽ മൈനറെക്കണ്ടില്ലെങ്കിൽ ഉസ്താദ് പറയും: പേടിത്തൂറി—പിന്നെ സപ്പർസംഘത്തിൽ നിന്നും പുറത്താക്കിക്കളയും.

ഒരു നിമിഷം ശങ്കിച്ചുനിന്നു—കഥയെഴുത്തുകാരുടെ പ്രിയപ്പെട്ട പ്രയോഗം പോലെ: 'നിർണ്ണായകമായ ഒരു നിമിഷം.'

പിന്മാറുന്ന പ്രശ്നമില്ല. ശ്രീധരൻ മനസ്സിൽ ഉറപ്പിച്ചു പറഞ്ഞു: 'വരുന്നതു വരട്ടെ.'

പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങി കൽപ്പടവുകളിറങ്ങി. നല്ല ഇരുട്ട്. ഗോപാലേട്ടന്റെ പായിലേക്കൊന്നു നോക്കി. മൂപ്പർ മൂടിപ്പുതച്ചുറങ്ങുകയാണ്. അനക്കമില്ല.

ഒരാശ്വാസനെടുവീർപ്പ് ഒതുക്കിപ്പിടിച്ചുകൊണ്ട്, ചുമരിന്റെ മറവിലൂടെ പടിക്കലേക്കു നീങ്ങി. ഇടവഴിയിലിറങ്ങി—പിന്നെ പത്തുമിനിറ്റിനകം കുങ്കിച്ചിയമ്മയുടെ വീട്ടിലെത്തിച്ചേർന്നു.

അവിടെ ആശാരി മാധവനും കൊമ്പൻ ദാമുവും ചായ്പിലിരുന്ന് എന്തോ പണിയെടുക്കുന്നു. അടുത്തു ചെന്നു നോക്കി—രണ്ടു വലിയ കാലിച്ചാക്കുകൾ തുന്നിക്കെട്ടുകയാണ്.

കുറച്ചുകഴിഞ്ഞപ്പോൾ കൈയിലൊരു പൊതിയുമായി ഉസ്താദ് കേറി വന്നു. പിന്നാലെ ചക്കരച്ചോറും—അവന്റെ കൈയിലും ഉണ്ടായിരുന്നു ഒരു പൊതി: ചാക്കുകഷണത്തിൽ കെട്ടിയ എന്തോ കനത്ത നീണ്ടൊരു സാധനം.

"എന്താണിഷ്ടാ ഇത്?" ശ്രീധരൻ ചക്കരച്ചോറിന്റെ പൊതിയുടെ ഉള്ളടക്കത്തെപ്പറ്റി സംസാരിച്ചു.

"മന്ത്രക്കോല്," ചക്കരച്ചോറ് ഗൗരവം നടിച്ചു പറഞ്ഞു.

"എല്ലാം റെഡി?" ഉസ്താദ് വിളിച്ചുചോദിച്ചു.

"റെഡി!" മാധവനും ദാമുവും ഒരേസ്വരത്തിൽ മറുപടി പറഞ്ഞു.

(കണാരിമേസ്തിരി ഊണും കഴിഞ്ഞു നേർത്തെതന്നെ ഉറങ്ങാൻ കിടന്നിരുന്നു. മൂപ്പർക്കു പുലർച്ചവണ്ടിക്കു പുറപ്പെടണമല്ലോ മൂക്കളശ്ശേരിക്ക്.)

ഉസ്താദ് പതിവുപോലെ കുങ്കിച്ചിയമ്മയുടെ കാലു തൊട്ടു നെറുകയിൽ വെച്ചു.

"അലമ്പൊന്നുംല്യാതെ ന്റെ മോൻ പോയി വാ!" എന്ന് കുങ്കിച്ചിയമ്മ വാസുവിന്റെ നെറുകയിൽ തൊട്ടനുഗ്രഹിക്കുകയും ചെയ്തു.

അങ്ങനെ സംഘം പുറപ്പെട്ടു.

ഉസ്താദിന്റെ കൈയിൽ കടലാസിൽ പൊതിഞ്ഞുകെട്ടിയ ഒരു വെട്ടുകത്തിയും ഒരുണ്ടപ്പൊതിയും.

കൊമ്പന്റെ കൈയിൽ ഒരു ടോർച്ച്.

ആശാരിയുടെ കക്ഷത്തിൽ കാലിച്ചാക്കുകെട്ട്—ഒരു കൈയിൽ ചൂടിക്കയറും.

ചക്കരച്ചോറിന്റെ കൈയിൽ 'മന്ത്രക്കോല്'—

മൈനറുടെ കൈയിൽ ഒന്നുമില്ല.

ഇടവഴിയിലൂടെ നടന്നു റോഡിലെത്തി. റോഡിലെ ആദ്യത്തെ മുനിസിപ്പൽ വിളക്കുകാലു സമീപിച്ചപ്പോൾ ഉസ്താദ് മൈനറോടു കൽപ്പിച്ചു വിളക്കു കാലിൽ കേറാൻ. വിളക്കു തിരി നീട്ടി ജ്വലിപ്പിക്കാനായിരുന്നില്ല ഇപ്പോഴത്തെ കൽപ്പന. തിരി താഴ്ത്തി വിളക്കു കെടുത്തിക്കളയാനായിരുന്നു.

മൈനർ ആ കൃത്യം യഥാവിധി നിർവ്വഹിച്ചു.

അധികാരിയുടെ വീട്ടിലേക്കു തിരിയുന്ന ഇടവഴിവരെ, റോഡിലെ എല്ലാ വിളക്കുകളും അങ്ങനെ ഓഫ്!

അധികാരിയുടെ പറമ്പിന്റെ കന്മതിൽക്കെട്ടു സമീപിച്ചു.

പറമ്പിന്റെ തെക്കുപടിഞ്ഞാറേ മൂലയിൽ, മതിലിനു പുറത്ത് എല്ലാവരും തങ്ങിനിൽപ്പായി.

ഉസ്താദ്, കൈയിലെ പൊതിയഴിച്ചു. ഉള്ളടക്കം കറുത്ത അലുവ. ആട്ടച്ചുളിപോലെയുള്ള നാലാംതരം അലുവ. അലുവാണിത്തെരുവിൽ പോയി ഉസ്താദ് പ്രത്യേകം തിരഞ്ഞെടുത്തു വാങ്ങിയതാണ്.

ഉസ്താദ് ആ പദാർത്ഥം ആവശ്യമുള്ള വലിപ്പത്തിൽ ഒരുരുളയാക്കി. ഉരുളയിൽ ബാക്കിയായത് ആശാരിമാധവനും കൊടുത്തു. മാധവൻ അലുവാ വായിലിട്ടു ചവച്ചുകൊണ്ട് അഭിപ്രായം പറഞ്ഞു: "പല്ലിമ്മല് പ്പറ്റുന്നു—ന്നാലും നല്ല രസംണ്ട്."

"കൊരയ്ക്കെടാ മാധവാ—നായ് കൊരയ്ക്ക്." ഉസ്താദ് മതിലിന്റെ മുകളിലേക്കു ചൂണ്ടി ആജ്ഞാപിച്ചു.

മാധവൻ മധുരംപുരണ്ട വിരലു നക്കി നൊട്ടിനുണച്ച്, പിന്നെ മതിലിന്മേൽ പറ്റിപ്പിടിച്ചുകയറി. രണ്ടു കൈയും മതിലിന്മേൽ ഊന്നി പറമ്പിലേക്കു കഴുത്തു നീട്ടി ഒരു കുരകുരച്ചു. 'ബൗ—വൗ—വൗ."

അസ്സൽ ചെത്തലപ്പട്ടിയുടെ കുര!

ചെമ്പുകിടാരത്തിൽ ഇരുമ്പുലക്കകൊണ്ടു കൊട്ടുന്ന ശബ്ദത്തോടെ അതാ കുതിച്ചുവരുന്നു. അധികാരിയുടെ ടൈഗർ.

മാധവൻ താഴോട്ടുചാടി ഒരോട്ടംവെച്ചുകൊടുത്തു. ഉസ്താദ് കൈയിലെ ഉരുള്ള മതിലിനപ്പുറത്തെ മൂലയിലേക്ക് എറിഞ്ഞുകൊടുത്ത് താഴെ പതുങ്ങിക്കിടന്നു.

ടൈഗറിന്റെ കുര ഒരു മുരൾച്ചയായി മാറി—പിന്നെ ഒച്ചയില്ല.

"കുടുങ്ങി!" ഉസ്താദ് തലയാട്ടിക്കൊണ്ടു പറഞ്ഞു.

"കേറടാ മാധവാ—പോയി ഗേറ്റ് തുറക്ക്." ഉസ്താദ് വീണ്ടും മതിലിലേക്കു ചൂണ്ടിക്കാട്ടി.

മാധവൻ കാലിച്ചാക്കും ചൂടിക്കയറും മതിലിനപ്പുറത്തേക്കെറിഞ്ഞു. പിന്നെ മതിലുകേറിമറിഞ്ഞു. അപ്പുറത്തു പോയി, ഇരുമ്പുഗേറ്റിന്റെ ഓടാമ്പൽ നീക്കി ഗേറ്റ് തുറന്നു.

ഉസ്താദും ചക്കരച്ചോറും കൊമ്പനും മൈനറും അകത്തു പ്രവേശിച്ചു.

അധികാരിയുടെ ജയമോഹൻപ്രിൻസ് വെൺകൊറ്റക്കുടയും പിടിച്ചു മുറ്റത്തു വിലസുന്നത് ഇരുട്ടിലും കാണാമായിരുന്നു.

പ്രിൻസിന്റെ പീപ്പത്തടത്തിൽ ഉസ്താദ് സൂക്ഷ്മതയോടെ ആക്രമണം തുടങ്ങി. ടോർച്ചിന്റെ മുഖം പൊത്തിപ്പിടിച്ചുകൊണ്ട് കൊമ്പൻ, കുറേശ്ശെയായി ലൈറ്റടിച്ചുകൊടുത്തു. പ്രിൻസിന്റെ കൊമ്പുകളും ഇലകളും മാധവൻ

ഒതുക്കിപ്പിടിച്ചുകൊടുത്തു. ചക്കരച്ചോറ് ചൂടിക്കയർകൊണ്ടു വരിഞ്ഞുകെട്ടി ചെടിയുടെ തായ്‌വേരും കുറെ കൊച്ചുവേരുകളും മണ്ണോടുകൂടി ചെറിയൊരു ചാക്കുകഷണത്തിൽ ഒതുക്കിക്കെട്ടിക്കഴിഞ്ഞപ്പോൾ മൈനർ കാലിച്ചാക്കു തുറന്നുപിടിച്ചുകൊടുത്തു. ഒരു നിമിഷംകൊണ്ട് ജയമോഹൻപ്രിൻസ് ചാക്കിനുള്ളിലായി.

ഈ പ്രകിയയിൽ പ്രിൻസിന്റെ നാലഞ്ച് ഇലകൾ കൊഴിഞ്ഞു പോയിരുന്നു. ഉസ്താദ് ആ ഇലകളെല്ലാം പെറുക്കി ചാക്കിലിട്ടു.

"ഒരൊറ്റ ഇലയോ, ഒരു തരി മണ്ണോ മുറ്റത്തു കാണരുത്." ഉസ്താദ് കൽപ്പിച്ചു.

കുഴിക്കുമ്പോൾ താഴെ തെറിച്ചുവീണ മണ്ണും കരടുമെല്ലാം മൈനർ തൂത്തുവാരി പീപ്പയിൽത്തന്നെ നിക്ഷേപിച്ചു.

അപ്പോൾ ചക്കരച്ചോറ് തന്റെ മന്ത്രക്കോലിന്റെ കെട്ടഴിച്ചു. ഇരുട്ടത്ത് അതെന്താണെന്നു മനസ്സിലായില്ല ശ്രീധരന്. ഒന്നു പിടിച്ചുനോക്കി—'അയ്യോ' എന്നു പറഞ്ഞു കൈ പിടപ്പിച്ചുകൊണ്ടു പിൻവലിച്ചു. പാമ്പു കൊത്തിയ പോലെ തോന്നി. സാധനം, ഒരു ചട്ടുകക്കള്ളിച്ചെടി! മെലിഞ്ഞു വികൃത രൂപിയായ ആ മുൾച്ചെടി പ്രിൻസിനു പകരം പീപ്പയിൽ പ്രതിഷ്ഠിച്ചു കേളുക്കുട്ടി.

അധികാരിയോടുള്ള പകയുടെ പ്രതീകം—

അപ്പോൾ മാധവൻ, ഉസ്താദിന്റെ കൈയിലെ വെട്ടുകത്തി വാങ്ങി പറമ്പിലേക്കു പോകുന്നതു കണ്ടു.

അധികാരി, പറമ്പിൽ കുറെ ദ്വീപ് തെങ്ങിൻതൈകൾ നട്ടിട്ടുണ്ടായിരുന്നു. ആ തൈകളിൽനിന്നു കുറെ തളിരിലകൾ അരിഞ്ഞെടുത്തു കൈയിൽ പിടിച്ചുകൊണ്ടാണ് ആശാരി തിരിച്ചെത്തിയത്.

"ഇതെന്തിനാ മാധവാ?" ഉസ്താദ് ചോദിച്ചു.

"ആവശ്യംണ്ട്." എന്നു മാത്രമായിരുന്നു മാധവന്റെ മറുപടി. ചക്കരച്ചോറ് പ്രിൻസിനെ തലയിലേറ്റി നടന്നു.

ഗേറ്റ് കടന്നപ്പോൾ ഉസ്താദ് ആശാരിയോടു പറഞ്ഞു.

"എടോ, മര്യാദ കാണിക്ക്. ഗേറ്റ് പൂട്ടിയിട്ടു പോ."

ആശാരി, തൈത്തെങ്ങോലക്കെട്ട് കൊമ്പന്റെ കൈയിലേൽപ്പിച്ച് അകത്തു നിന്നും ഗേറ്റ് ഓടാമ്പൽ നീക്കി പൂട്ടി, മതിലുകേറി മറിഞ്ഞു പുറത്തുചാടി.

കുങ്കിച്ചിയമ്മ അനുഗ്രഹിച്ചപോലെ അലമ്പൊന്നുംകൂടാതെ നേതാവും കൂട്ടുകാരും കുങ്കിച്ചിയമ്മയുടെ വീട്ടിൽ തിരിച്ചെത്തി. കണാരിമേസ്തിരി ഉറക്കുണർന്ന് ഉൽക്കണ്ഠയോടെ നോക്കിയിരിക്കയായിരുന്നു. ഉസ്താദ്, ചാക്കിന്റെ കെട്ടഴിച്ചു ജയമോഹനെ പുറത്തുചാടിച്ച് ഒന്നു പ്രദർശിപ്പിച്ചു.

വിക്കിന്റെ ആധിക്യംകൊണ്ടു കണാരിമേസ്തിരിക്കു വാക്കുകൾ പുറത്തു വന്നില്ല.

പ്രിൻസിനെ വീണ്ടും ചാക്കിലാക്കി, കെട്ടാൻ തുനിഞ്ഞപ്പോൾ ആശാരി വിലക്കി. ചാക്ക് ഏറ്റുവാങ്ങി, തൈത്തെങ്ങോലകൾ ചാക്കിന്റെ മുകളിൽ കുത്തനെ കെട്ടിയുറപ്പിച്ചു. എന്നിട്ട് കണാരിമേസ്തിരിയോടുപദേശിച്ചു. "ആരെങ്കിലും ചോദിച്ചാൽ ദ്വീപ്തെങ്ങിൻതയ്യാണെന്നു പറഞ്ഞേക്കണം."

(ആരു ചോദിക്കാനാണ്? ആളുകൾക്കു കണ്ടാലറിഞ്ഞുകൂടേ, ചാക്കിൽ

തെങ്ങിൻതയ്യാണെന്ന്?)

അങ്ങനെ അധികാരിയുടെ ജയമോഹൻപ്രിൻസിനെ ചാക്കുകുപ്പായമിട്ടുവിച്ച്, അധികാരിയുടെതന്നെ തൈത്തെങ്ങോലകൊണ്ടു ശിരസ്സിൽ കിരീടമണിയിച്ച്, കണ്ണന്റെ തലയിലേറ്റി തീവണ്ടിയാപ്പീസിലേക്കെഴുന്നള്ളിച്ചു. ഉസ്താദും സഖാക്കളും അന്യോന്യം ചുമലിൽ കൈവച്ചുകൊണ്ട് അഭിമാനത്തോടെ ആ കാഴ്ച നോക്കിനിന്നു.

യാത്ര പറയുമ്പോൾ കണാരിമേസ്തിരി ആദ്യം ഉസ്താദിനും പിന്നെ, പരിപാടിയിൽ പങ്കെടുത്ത ശേഷം അംഗങ്ങൾക്കും (മൈനറും ആശാരിയുമടക്കം) കൈകൊടുത്തു.

പിറ്റേന്നു പ്രഭാതം!

ചാപ്പുണ്ണിഅധികാരിയുടെ ഭവനം.

അധികാരി ഉണർന്നെഴുന്നേറ്റ് കോലായിൽ വന്നു മുറ്റത്തേക്കു നോക്കി.

സ്വപ്നമോ, മായയോ, മതിഭ്രാന്തിയോ, മഹേന്ദ്രജാലമോ, മന്ത്രവാദമോ?

ജയമോഹനൻ മെലിഞ്ഞു മുരടിച്ച ഒരു മുൾച്ചെടിയായി മാറിയിരിക്കുന്നു!

അധികാരിയുടെ മിഴികൾ മുറ്റം മുഴുവനും പരതി. ഒരിലയോ പൊടിയോ അവിടെയെങ്ങും ചിതറിക്കാണുന്നില്ല. ഒരുറുമ്പരിച്ച ലക്ഷണംപോലുമില്ല.

ഗേറ്റിലേക്കു നോക്കി: ഗേറ്റ് ഭദ്രം!

അപ്പോൾ അധികാരിക്ക് ഒരു ഭൂതോദയമുണ്ടായി: തലേന്നാൾ അവിടെ ഒരു സന്ന്യാസിവേഷക്കാരൻ വന്നിരുന്നു. ധർമ്മം കൊടുക്കാതെ അധികാരി ആ മനുഷ്യനെ ആട്ടിപ്പറഞ്ഞയയ്ക്കുകയാണു ചെയ്തത്. ആ ദിവ്യസന്ന്യാസി ശപിച്ചതായിരിക്കും: വെള്ളപ്രിൻസ് കള്ളിച്ചെടിയായിപ്പോട്ടെ എന്ന്—

പെട്ടെന്ന് ടൈഗറിനെ ഓർത്തു. ടൈഗറെവിടെ?—ടൈഗർ—ടൈഗർ—ടൈഗർ........

ടൈഗറുടെ നിഴലാട്ടംപോലുമില്ല.

കുമ്പയും തടവിക്കൊണ്ട് അധികാരി പറമ്പിലേക്കിറങ്ങി. പറമ്പിന്റെ തെക്കുപടിഞ്ഞാറേ മൂലയിൽ തനിയേ എന്തോ മധുരസല്ലാപത്തിൽ മുഴുകിക്കിടക്കുന്നു ടൈഗർ.

ഉസ്താദ് എറിഞ്ഞുകൊടുത്ത ഇര മണംപിടിച്ച് ആർത്തിയോടെ കപ്പിയ നായ ഫോർക്കുപോലെയുള്ള പല്ലുകളിൽ കോർത്തുകുടുങ്ങിയ അലുവ ഉഴിയാനോ വിഴുങ്ങാനോ കഴിയാതെയും, അതിന്റെ മധുരലഹരിയിൽ മയങ്ങിയും അങ്ങനെ കിടക്കുകയായിരുന്നു—നായയുടെ വായിൽ ആ അലുവാ ഗോളം ഇനിയും അലിഞ്ഞു തീർന്നിട്ടുണ്ടായിരുന്നില്ല.

# 8. മദനോത്സവം

അവളുടയ വളർകുടിലകബരിയിലലക്ഷ്യമായ്
തിരുകിയ പനീരലർ തട്ടിവീഴ്ത്തീടുവാൻ
കുറുനിരകളഴകിനൊട്ടു തഴുകി വിഹരിച്ചിടും
ചെറുപവനനോട്ടു ഞാൻ പ്രാർത്ഥിച്ചു നിത്യവും.
ഇളവെയിലിലൊളിയിളകുമവളുടയ കമ്മലിൻ
ധവളമണി ബിംബിക്കുമോമൽക്കവിൾത്തടം
പ്രണയ നവ മൃദുഹസിതകിരണമണിയുന്നതായ്
അനുദിനമനേകം കിനാവുകൾ കണ്ടു ഞാൻ......

തിരുവാതിരക്കാലം!.

ആതിരരാവുകളെ എതിരേൽക്കാൻ അതിരാണിപ്പാടം അണിഞ്ഞൊരുങ്ങുകയാണ്.

മരക്കൊമ്പുകളിലും തെങ്ങുകൾക്കിടയിൽ പൊക്കത്തിൽ വിലങ്ങനെ കെട്ടിയുറപ്പിച്ച മുളന്തണ്ടുകളിലും ഊഞ്ഞാലുകൾ തൂങ്ങി. കുളിരിളംകാറ്റു ലാവുന്ന അന്തരീക്ഷത്തിൽ തിരുവാതിരപ്പാട്ടുകൾ ഒഴുകിത്തുടങ്ങി.

പ്രണയസ്വപ്നങ്ങൾ നെയ്തെടുക്കാനുള്ള വെള്ളിനൂൽക്കെട്ടുകളുമായി പുളിമരത്തലപ്പിലൂടെയും നെല്ലിമരച്ചില്ലകളിലൂടെയും ഇറങ്ങിവരുന്ന പൂനിലാവിനെ നോക്കിക്കൊണ്ടു ശ്രീധരൻ കന്നിപ്പറമ്പിലെ മാളികവരാന്തയിലിരിക്കും.

വെള്ളത്തിൽ നീന്തിക്കുളിക്കാനോ, തുടിച്ചുകുളിക്കാനോ അതിരാണിപ്പാടത്തോ അയൽപക്കത്തോ കുളങ്ങളില്ല. പെണ്ണുങ്ങൾ നന്നെ പുലർച്ചയ്ക്കു കന്നിപ്പറമ്പിലെ കിണറ്റിൻകരയിൽ ഒത്തുചേരും—കിണറ്റിലെ തണുത്ത വെള്ളം കോരി കുളിക്കുമ്പോൾ പെണ്ണുങ്ങൾ പുള്ളും പ്രാവും കരയും.....

സ്നാനം കഴിഞ്ഞു നെറ്റിയിൽ മാരളുണീരമുദ്രപോലുള്ള മഞ്ഞക്കുറി ചാർത്തിയ പെൺകിടാങ്ങളെക്കാണാം. നോമ്പുകാലത്ത് അവർ കായ്കനികൾ മാത്രം ഭക്ഷിക്കുന്ന കിളികളാണ്.

(പ്രേമത്തിന്റെ എന്നപോലെ പ്രമേഹത്തിന്റെയും ദേവനായതുകൊണ്ടാണോ മാരന് അരിഭക്ഷണത്തോടിത്ര വിരോധം?)

കന്യകകൾക്കു പുത്തൻതാരുണ്യപ്രസാദവുമായിട്ടാണ് ഓരോ തിരുവാതിരയും വന്നണയുന്നത്—മദനാപദാനങ്ങളെ പ്രകീർത്തിക്കുന്ന മധുരഗാനങ്ങൾക്കിടയിൽ, വിരഹിണികളുടെ തേങ്ങൽപോലെ ഊഞ്ഞാലിന്റെ കരച്ചിലും കേൾക്കാം......

തിരുവാതിരക്കാലമായാൽ അതിരാണിപ്പാടം സന്ദർശിക്കാൻ ആദ്യമായി എത്തുന്നത് കുഞ്ഞാലിമാപ്പിളയായിരിക്കും—സോപ്പ്—ചീപ്പ്—കണ്ണാടി—നീലം—വളക്കാരൻ കുഞ്ഞാലിമാപ്പിള.

സ്നേഹനരിസാധനങ്ങൾ നിറച്ച വലിയൊരു പെട്ടിയും തലയിലേറ്റി

പ്രത്യക്ഷപ്പെടുന്ന കുഞ്ഞാലിമാപ്പിള അതിരാണിപ്പാടത്തെ പ്രധാന വിൽപ്പനത്താവളമായി തെരഞ്ഞെടുക്കുക കന്നിപ്പറമ്പിലെ മുറ്റമായിരിക്കും. ചുറ്റുവട്ടത്തുമുള്ള സ്ത്രീകളും കുട്ടികളും 'നീലക്കാരൻമാപ്പിള'യുടെ ആഗമനം കേട്ടറിഞ്ഞ് അവിടെ കൂട്ടമായി എത്തിക്കൊള്ളും

ചെപ്പിത്തോണ്ടിതൊട്ട് ചൂഡൻകർപ്പൂരംവരെയും മൂടിപ്പൂരണംമുതൽ 'ഒറ്റക്കൊമ്പിൽ ഇരട്ടത്തുക്കം' പാട്ടുപുസ്തകംവരെയുമുള്ള സകലമാന വസ്തുക്കളും, കുഞ്ഞാലിമാപ്പിളയുടെ തലയിലെ പീഞ്ഞപ്പെട്ടിയിൽ നിക്ഷേപിച്ചിട്ടുണ്ടായിരിക്കും. (തിരുവാതിരക്കാലത്ത്, ചാന്ത്സിന്ദൂരക്കുറിക്കൂട്ടുകളും, തിരുവാതിരപ്പാട്ടുപുസ്തകങ്ങളും പ്രത്യേകം കരുതിയിരിക്കും.) കന്നിപ്പറമ്പിലെ മുറ്റത്ത് ചെറിയൊരു ജമുക്കാളം വിരിച്ച് കുഞ്ഞാലിമാപ്പിള പെട്ടിയിലെ പുതിയ ഇനങ്ങളും കൗതുകവസ്തുക്കളും നിരത്തി പ്രദർശിപ്പിക്കും.

പെണ്ണുങ്ങൾ കുനിഞ്ഞുനിന്നു സാധനങ്ങളെടുത്തു പരിശോധിക്കുന്ന സന്ദർഭത്തിൽ കുഞ്ഞാലിക്കാക്ക പല വസ്തുക്കളും നീക്കിവെക്കുന്ന കൂട്ടത്തിൽ തരത്തിൽ ഒരു മുഖക്കണ്ണാടിയും ചില പ്രത്യേക കോണുകളിലേക്കു നിരക്കിവെച്ചു നോക്കാറുണ്ടെന്ന് അശ്ലീലസൂചകമായ ഒരാക്ഷേപം കേട്ടിട്ടുണ്ട്. അതു ശരിയോ എന്നറിഞ്ഞുകൂടാ. കണ്ടുപിടിക്കാനും വിഷമമാണ്. കാരണം, കുഞ്ഞാലിമാപ്പിള കോങ്കണ്ണനാണ്. ആ കാക്ക ഏതു കോണിലേക്കാണു നോക്കുന്നതെന്നു നിർണ്ണയിക്കാൻ വയ്യ. അതിരാണിപ്പാടത്തു വളരുന്ന തലമുറയിൽപ്പെട്ട ചില ഹറാംപിറന്ന പിള്ളേരുണ്ട്. തരംകിട്ടിയാൽ സാധനങ്ങൾ ഇസ്കിക്കളയും ആ വികൃതിക്കുട്ടന്മാരും കുഞ്ഞാലിമാപ്പിളയോടു തോറ്റിട്ടാണ്. കാരണം, അയാളുടെ പിടികിട്ടാത്ത നോട്ടംതന്നെ.

ഇപ്പോഴത്തെ വരവിൽ കുഞ്ഞാലിമാപ്പിളയുടെ പാട്ടുപുസ്തകങ്ങളിൽ തിരുവാതിരപ്പാട്ടുപുസ്തകങ്ങളാണ് ഏറ്റവുമധികം വിറ്റഴിഞ്ഞത്; ഒമ്പതെണ്ണം ചെലവായി.

കന്നിപ്പറമ്പിലെ കച്ചവടവും കഴിഞ്ഞ് കുഞ്ഞാലിമാപ്പിള പോയപ്പോൾ ഗോപാലേട്ടൻ ശ്രീധരനോടു പറഞ്ഞു: "എന്താ, നിനക്കൊരു പുതിയ തിരുവാതിരപ്പാട്ടുണ്ടാക്കിക്കൂടേ?" (അനുജൻ പാട്ടും കവിതയും കെട്ടിയുണ്ടാക്കാറുണ്ടെന്ന് മൂപ്പർ ഇയ്യിടെ എങ്ങനെയോ മനസ്സിലാക്കിയിട്ടുണ്ട്.)

ശ്രീധരൻ ഒന്നു ചിരിച്ചു. അപ്പോൾ മറുപടി പറഞ്ഞില്ല.

ഗോപാലേട്ടനെ ഒന്നദ്ഭുതപ്പെടുത്തണം. ശ്രീധരൻ മനസ്സിൽ സങ്കൽപ്പിച്ചു.

അന്നുരാത്രി ഇരുന്നെഴുതി.

മുമ്പൊരിക്കൽ അച്ഛൻ ജപ്തിചെയ്തുകൊണ്ടുപോയ കവിതാ നോട്ട് ബുക്കിലെ 'മദനവിഭ്രതി'യിലെ ചില വരികളും ആശയവും മനസ്സിൽ തങ്ങിക്കിടന്നിരുന്നു. 'കളമൊഴിമാർ' രീതിയിൽ അതു തിരുവാതിരപ്പാട്ടാക്കി എഴുതി —തലക്കെട്ടും മാറ്റി: 'രതിവിലാപം—തിരുവാതിരപ്പാട്ട്',

പിറ്റേന്നു തന്റെ പുതിയ ഖണ്ഡകാവ്യം ഗോപാലേട്ടനെ വായിച്ചു കേൾപ്പിച്ചു. ഗോപാലേട്ടന്റെ അഭിനന്ദനമൊന്നും പറയണ്ട. "ശ്രീധരാ, ഇത് അച്ചടിപ്പിക്കണം."

നല്ലൊരൈഡിയാതന്നെ!

ഗോപാലേട്ടൻ കണക്കുകൂട്ടി. ഒറ്റപ്രതി വില അരയണ. ആയിരം കോപ്പിക്ക് മുപ്പത്തേഴര ഉറുപ്പിക. അച്ചടിച്ചെലവ്—നിശ്ചയമില്ല)—ഒരു പത്തുറുപ്പിക കൂട്ടിക്കോ.

ബാക്കി ഇരുപത്തേഴര. വിൽപ്പനക്കമ്മീഷണം കഴിച്ചാൽ ഇരുപതുറുപ്പിക കൈയിൽ കിട്ടും. എന്താ, കാര്യം മോശമാണോ?

('ഗ്രന്ഥകർത്താവിന്റെ ഒപ്പില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു' എന്നും അതിൽ പ്രത്യേകം അച്ചടിപ്പിക്കണം. ആ താക്കീതിന്റെ ചോടെ വെക്കേണ്ടുന്ന ഒപ്പുസീലുണ്ടാക്കാൻ ചെലവു വേണ്ട. മുള്ളിലത്തിന്റെ പുറത്ത് അതു കൊത്തിയുണ്ടാക്കുന്ന വിദ്യ ശ്രീധരനറിയാം.)

ആർ അച്ചടിച്ചു തരും, ഗോപാലേട്ടാ?

ഈ ആവശ്യത്തിനാണെന്നും പറഞ്ഞ് അച്ഛനോടു പൈസ ചോദിച്ചാൽ ആട്ടു കിട്ടും....

ശ്രീധരന്റെ 'രതിവിലാപം തിരുവാതിരപ്പാട്ടി'നെപ്പറ്റി ഗോപാലേട്ടനല്ലാതെ വേറെ ആരും കേൾക്കാനിടയായില്ല. (അമ്മയ്ക്കു് എഴുത്തും വായനയും അറിഞ്ഞുകൂടല്ലോ)—അതിരാണിപ്പാടത്തെ പെൺകിടാങ്ങൾക്ക് രതിവിലാപം പാടിക്കൊണ്ട് ഊഞ്ഞാലാടാനുള്ള ഭാഗ്യമുണ്ടായില്ല.

ഇരുപതുറുപ്പിക കിട്ടാക്കുറ്റിയായി കണക്കിലെഴുതിത്തള്ളേണ്ടിയും വന്നു.

പുതുനളിനദളമുകളിലിളകിയുരുളും നറും<br>
പുലരി ഹിമബിന്ദുപോൽ സുന്ദരിപ്പൂൺപുതൻ<br>
കരളിലൊരു രാഗാമൃതത്തിൻ കണികയീ-<br>
നവതരുണനെക്കുറിച്ചുണ്ടായിരിക്കുകിൽ!.........

തിരുവാതിര പിറന്നു.

ശ്രീധരൻ രാവിലെ ഉറക്കുണർന്ന് എഴുന്നേറ്റു താഴെ വന്നപ്പോൾ, കണികണ്ടത്. എന്തോ സാധനങ്ങൾ നിറച്ച ഒരു ചാക്കുകെട്ടു ചുമലിലേറ്റിക്കൊണ്ട് പടികേറിവരുന്ന ഒരു യുവാവിനെയാണ്. മുറ്റത്തെത്തിയപ്പോൾ ആളെ തിരിച്ചറിഞ്ഞു. ചന്തുക്കുഞ്ഞൻ! പണ്ടു ജഗളക്കാലത്ത് അഭയാർത്ഥിയായി ഇലഞ്ഞിപ്പൊയിലിൽ വന്നു താമസിച്ചിരുന്ന ചങ്ങാതി, ചന്തുക്കുഞ്ഞൻ, കാട്ടാനകളുടെ ശല്യമുള്ള കിഴക്കൻ മലയോരഗ്രാമത്തിലെ ചന്തുക്കുഞ്ഞൻ.

അന്നു ജഗള കഴിഞ്ഞ് ഇലഞ്ഞിപ്പൊയിലിൽനിന്നു പോയതിനുശേഷം രണ്ടു തവണ അവൻ കാഴ്ചകളുമായി കന്നിപ്പറമ്പിൽ ശ്രീധരനെക്കാണാൻ വന്നിട്ടുണ്ടായിരുന്നു. ഇപ്പോൾ വരുന്നതു മൂന്നാമത്തെ തവണയാണ്. തിരുവാതിരയ്ക്കു കാഴ്ചയുമായി.

കദളിവാഴക്കുല, ചേന, വയൽച്ചേമ്പ്, കണ്ടിക്കിഴങ്ങ് (കാച്ചിൽ). നന കിഴങ്ങ് മുതലായ പഴങ്ങളും പച്ചക്കറികളുമാണ്, ചാക്കിൽ നിറച്ചിരുന്നത്—എല്ലാം ചന്തുക്കുഞ്ഞന്റെ സ്വന്തം കൃഷിഫലങ്ങളാണ്. അവകൂടാതെ, ഒരു വലിയ മുളങ്കുറ്റിയിൽ നല്ല ചെറുതേനും ഇലപ്പൊതിയിൽ കൂവപ്പൊടിയും ഉണ്ടായിരുന്നു. തിരുവാതിരനോമ്പുകാർക്കു ഭക്ഷിക്കാൻ.

ചന്തുക്കുഞ്ഞനു വിവാഹംകഴിച്ചുകൊടുക്കാൻ തനിക്കൊരു സഹോദരിയില്ലാതെപോയല്ലോ എന്നു ശ്രീധരൻ മനസ്സിലോർത്തു ദുഃഖിച്ചു. അവൻ എത്രനല്ലൊരളിയനാകുമായിരുന്നു!

ശ്രീധരന്റെ അമ്മയ്ക്കും അച്ഛനും ചന്തുക്കുഞ്ഞനെ വളരെ ഇഷ്ടമായിരുന്നു.

ചന്തുക്കുഞ്ഞൻ തന്റെ ഗ്രാമത്തിൽനിന്നു പുഴവഴി മരം കൊണ്ടു വരുന്ന തെരപ്പക്കാരുടെകൂടെ രാത്രി പുറപ്പെട്ട്, പുലർച്ചെ പട്ടണത്തിൽ എത്തിയതാണ്

"ഇനി ഇവിടത്തെ തിരുവാതിരയാഘോഷവും കണ്ടു നാളെ പോയാൽ മതി." ശ്രീധരൻ പറഞ്ഞു.

"അതു പോരാ—എനിക്ക് ഇന്ന്വന്നെ പൊരേലെത്തണം." ചുവന്ന കല്ലു വെച്ച കടുക്കനണിഞ്ഞ കാതുകളോടുകൂടിയ മുഖം മെല്ലെ ആട്ടിക്കൊണ്ട് ചന്തുക്കുഞ്ഞൻ മൊഴിഞ്ഞു. പിന്നേയും എന്തോ പറയാൻ ഭാവിച്ച്, നാണിച്ചു തലതാഴ്ത്തിനിന്നു.

"നെന്റെ കല്യാണം കഴിഞ്ഞോ?" അമ്മ എന്തോ സംശയിച്ചുകൊണ്ടു ചോദിച്ചു

ചന്തുക്കുഞ്ഞൻ അൽപ്പം നാണത്തോടുകൂടി ഉവ്വ് എന്നു മുഖമിളക്കിക്കാട്ടി: "കഴിഞ്ഞമാസം."

"ആങ്!—അതാണ് ചന്തുക്കുഞ്ഞനു മടങ്ങിപ്പോകാനിത്ര തെരക്ക്. തിരുവാതിരയ്ക്ക് അമ്മായിഅമ്മയ്ക്കു കുല കാഴ്ചവെക്കണം—അല്ലെങ്കിൽ ബന്ധം മുറിഞ്ഞുപോകും—' അമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു.

കാര്യം അങ്ങനെതന്നെയായിരുന്നു.

ചായയും പലഹാരവും കഴിച്ചു ചന്തുക്കുഞ്ഞൻ പോകാൻ പുറപ്പെട്ടു.

"ഇതോർമ്മ്ണ്ടോ?—തന്റെ താക്കോൽക്കൂട്ടത്തിൽനിന്ന് ഒരു സാധനം തൊട്ടുകാണിച്ചുകൊണ്ടു ചന്തുക്കുഞ്ഞൻ ചോദിച്ചു.

പണ്ട്, ജഗള കഴിഞ്ഞ് ഇലഞ്ഞിപ്പൊയിലിൽനിന്നു പിരിഞ്ഞു പോകുന്ന സന്ദർഭത്തിൽ ചന്തുക്കുഞ്ഞൻ തനിക്കു സമ്മാനിച്ച ആനവാൽ കെട്ടിച്ച മോതിരത്തിനു പകരം, ശ്രീധരൻ കൊടുത്ത പേനാക്കത്തി! മഴവില്ലിന്റെ നിറംകലർന്ന ചിപ്പിപ്പിടിയോടുകൂടിയ ഇരട്ട അലകുകളുള്ള ഇംഗ്ലണ്ട് മേയ്ക്ക് കത്തി! ചന്തുക്കുഞ്ഞൻ ശ്രീധരന്റെ ആ ഉപഹാരം ഇപ്പോഴും പൊന്നുപോലെ സൂക്ഷിച്ചുകൊണ്ടു നടക്കുന്നു. (ചന്തുക്കുഞ്ഞൻ കൊടുത്ത ആനവാൽ മോതിരം എവിടെ കളഞ്ഞുപോയെന്നു ശ്രീധരന് ഓർമ്മയില്ല.)

ഇങ്ങനെ നന്ദിയും സ്നേഹവും പുലർത്തുന്ന സുഹൃത്തിനെ പട്ടണത്തിൽ കണ്ടുകിട്ടുകയില്ല, തീർച്ച.

"നിങ്ങള് ന്റെ നാട്ട് വര്വല, ലേ്യ?......" ചന്തുക്കുഞ്ഞൻ അല്പം പരിഭവസ്വരത്തിൽ ഓർമ്മപ്പെടുത്തി.

ചന്തുക്കുഞ്ഞന്റെ കാട്ടുഗ്രാമം സന്ദർശിക്കാൻ ശ്രീധരന് ഇതേവരെ സാധിച്ചിട്ടില്ല. അവിടെച്ചെന്നാൽ എന്തായിരിക്കും അവന്റെ സ്വീകരണം!

"കൊല്ലപ്പരീക്ഷ കഴിയട്ടെ ചന്തുക്കുഞ്ഞാ.—ഞാൻ അങ്ങോട്ടൊന്നു വരും."

"മ്—മ്—വന്നാൽ കാണാം........."

ഇടയ്ക്കിടെ മുഖംതിരിച്ചു പുഞ്ചിരിതൂകിക്കൊണ്ട് പടിയിറങ്ങിപ്പോകുന്ന ആ ഗ്രാമീണസുഹൃത്തിനെ, മിക്കവാറും നനയുന്ന മിഴികളോടെ നോക്കി നിന്നുപോയി ശ്രീധരൻ.

തിരുവാതിരരാത്രി വന്നുചേർന്നു.

അനംഗന്റെ വെൺകൊറ്റക്കുടപോലെ പൂർണ്ണചന്ദ്രൻ ഉയർന്നു.

അതിരാണിപ്പാടത്തെ അംഗനാജനങ്ങൾക്ക് ആനന്ദത്തിന്റെ ഒരു സ്വാതന്ത്ര്യരാത്രി. (ആണുങ്ങൾക്കും അങ്ങനെതന്നെ). നിലാവ് വെൺകളി പൂശിയ മുറ്റങ്ങളിലും ഊഞ്ഞാലിൻചുവട്ടിലും പറമ്പിലെ പൂഴിക്കളങ്ങളിലും സ്ത്രീകൾ കൂട്ടത്തോടെ പാട്ടുപാടിയും കൈകൊട്ടിക്കളി, തുമ്പിയുറച്ചിൽ, തെരുപ്പറക്കൽ മുതലായ വിനോദങ്ങളിലേർപ്പെട്ടും നേരം പോക്കുന്നു. കല്യാണിക്കുട്ടി എവിടെ? ജാനു എവിടെ? എന്നൊന്നും ചോദ്യമില്ല—അന്വേഷണമില്ല. എവിടെയെങ്കിലും കാണും....... അതിരാണിപ്പാടം ആകെ വിനോദ കലാപരിപാടികളുടെ അണിയറയായി മാറിയിരിക്കയാണ്.

ആർദ്രാവ്രതത്തോടെ മാരനെ ഭജിച്ച് രാത്രിയിൽ ഉറക്കമൊഴിച്ചുകൂട്ടുന്ന സ്ത്രീജനങ്ങളെ വിനോദിപ്പിക്കാൻ പുരുഷന്മാർക്കുമുണ്ടൊരു കർത്തവ്യം: പൊറാട്ടുവേഷം.

കുട്ടികളും മുതിർന്നവരും വേഷംകെട്ടി പൊറാട്ടുകാരായിറങ്ങും. ഒറ്റയ്ക്കും കൂട്ടമായും; മിക്കവരും പൈസയ്ക്കുവേണ്ടി—ചുരുക്കം ചിലർ ഒരു തമാശയ്ക്ക്. വേഷക്കാരെ തിരിച്ചറിയാൻ കഴിയുകയില്ലല്ലോ.

തിരുവാതിരനാൾ സൂര്യനസ്തമിക്കാൻ കാത്തിരിക്കും, പൊറാട്ടുകാർ. പിന്നെ പ്രച്ഛന്നവേഷക്കാരുടെ ഒരു പരേഡാണ്—പഞ്ചാബി കൈനോട്ടക്കാരൻ, സന്ന്യാസി, കുറവനും കുറത്തിയും, സായ്‌വും മദാമ്മയും—അങ്ങനെ പലരും കേറിവരും. ചെണ്ടമുട്ടും കേൾക്കാം—നരിവേഷം—മുമ്പിൽ പെട്രോമാക്സ് വിളക്കുമായി നീങ്ങിവരുന്നത് ഏകാങ്കനാടകസംഘമാണ്. പ്രഹസനക്കാരും ഡാൻസുകാരും വെറും സദിരു(പാട്ടുകച്ചേരി) കാരും ഊരുചുറ്റുന്നുണ്ടായിരിക്കും.

പിള്ളർ 'വാങ്കിത്താ' വേഷവുമായിറങ്ങും—മുഖത്തു ചേടിമണ്ണു തേച്ചു കൈയിലൊരു പാട്ടയും കഴുത്തിലൊരു കയറുമായി, പുറത്തു പാളവെച്ചു കെട്ടിയ ഒരു ചെക്കന്റെ പിറകിൽ, അവന്റെ കഴുത്തിലെ കയർ പിടിച്ചു കൊണ്ട് കൈയിലൊരു വടിയുമായി മുഖത്തു കരിവാരിത്തേച്ച മറ്റൊരുത്തൻ പിറകിലെ പയ്യൻ 'വാങ്കിത്താ, വാങ്കിത്താ' എന്ന് അലറിക്കൊണ്ടു വെണമുഖന്റെ പുറത്ത് അടിയെടാ അടി—വെണ്മുഖൻ കുരങ്ങൻ ചാട്ടം ചാടിക്കൊണ്ടു 'വാങ്കിത്തരാംവാങ്കിത്തരാം' എന്ന് ആക്രോശിക്കും—തമിഴന്റെ താഴ്ന്ന തമാശക്കൂത്ത് കിഴക്കൻചുരമിറങ്ങി വന്നതാണ്, ഈ വാങ്കിത്താ പ്രകടനം..... കുട്ടികളും പെണ്ണുങ്ങളും അതു കണ്ടു രസിക്കും.

തിരുവാതിരയ്ക്ക് ഒരു സ്ഥിരം പൊറാട്ടുവേഷക്കാരനാണ്, അതിരാണിപ്പാടത്തെ മീശക്കണാരൻ. പതിവായി മാപ്പിളവേഷമാണു കെട്ടുക. കൊട്ടയും കാവണ്ടവും ചുമലിലേറ്റി' ക്ലിപെടപെട മത്തി' എന്നു വിളിച്ചുകൊണ്ടു വരുന്ന മീൻകാരൻ മാപ്പിള! ഞമ്മളിപ്പം 'കോളാമ്പീന്ന് ബര്വാ' എന്നു സ്വയം പരിചയപ്പെടുത്തിക്കൊണ്ടു കേറിവരുന്ന മൈലാഞ്ചിത്താടിക്കാരനായ വയസ്സൻ മുസല്യാര് — അല്ലെങ്കിൽ മുതലാളി ഹാജിയാര്—മാപ്പിള ശൈലിയിൽ 'പയക്കം പറയും—താണ ഫലിതം പൊട്ടിക്കും: 'ഞണ്ട് കായ് ഞമ്മക്ക് തെരണ്ട്യല്ല'" (രണ്ടു കാൾ എനിക്കു തരേണ്ടതല്ലേ?) വേഷവും സംസാരവും മാത്രമല്ല, അഭിനയവുമുണ്ട്. മുറ്റത്തു തോർത്തുമുണ്ടു വിരിച്ചു മുട്ടുകുത്തി കൈവിരൽ കാതിൽ തിരുകി 'ലായിലായിലള്ളോ' എന്നു നിലവിളിച്ചുകൊണ്ടു നിസ്കരിക്കും. (മതവിദ്വേഷപരമായ ചില ഹാസ്യ സൂചനകളും അശ്ലീലം മണക്കുന്ന ചില ആഖ്യാനങ്ങളും പ്രാർത്ഥനയുടെ കൂടെ പറഞ്ഞുകേൾപ്പിക്കും

—പെണ്ണുങ്ങളെ ചിരിപ്പിക്കാൻ)

കണാരന്റെ ഉഗ്രൻ മീശകൊണ്ടു പെണ്ണുങ്ങൾ ആളെ തിരിച്ചറിയും. മാപ്പിള ഹാസ്യപ്രകടനത്തേക്കാൾ അവർക്കു രസം കണാരന്റെ 'ഭർത്താവു ചത്ത പെണ്ണിന്റെ കരച്ചിലും വിളിയു'മാണ്.

മാപ്പിളയുടെ നിസ്കാരം കഴിഞ്ഞാൽ പെണ്ണുങ്ങൾ പറയും; അതൊന്നു കാണിക്ക് കണാരാ—ആണ് ചത്തോളെ നെലോളി.'

എക്സ്ട്രാ ഫീസ് കൊടുക്കണം; അതും മുൻകൂറായി—എന്നാൽ കാണിക്കും, കണാരൻ.

പെണ്ണുങ്ങൾ കൊടുത്ത അണനാണ്യം കാതിൽ തിരുകിവെച്ച്, തലക്കെട്ടഴിച്ച്, മൂർദ്ധാവും മുഖവും മാറും മൂടിക്കൊണ്ട് ഒരേത്താപ്പുകെട്ടി നെഞ്ഞത്തടിച്ച് ഒരു നിലവിളി: "എന്റെ ദൈവേ്—ഇനി എനിക്കാരാണോ?........"

അയൽപക്കങ്ങളിലെ പുരകളിലെ പെണ്ണുങ്ങളും കുട്ടികളുമെല്ലാം കന്നിപ്പറമ്പിൽ താവളമടിച്ചിരിക്കയാണ്. ഡ്രാമാക്കാരും ഡാൻസുകാരും വലിയ വീട്ടുകളിലേ കേറുകയുള്ളൂ. കന്നിപ്പറമ്പ് അക്കൂട്ടരുടെ ലിസ്റ്റിൽപ്പെട്ട ഒരു വീടാണ്. പൊറാട്ടുകാർക്കു പൈസകൊടുക്കാൻ മടിയുള്ള പിശുക്കരായ ചില വീട്ടുകാരും, വീട് വിളക്കുംകെടുത്തി അടച്ചുപൂട്ടി, കന്നിപ്പറമ്പിൽ അഭയം തേടിയിട്ടുണ്ട്—സക്കാത്തിൽ വിനോദങ്ങൾ കാണാമല്ലോ. അവർക്കെല്ലാം നല്ല കോളായിരുന്നു. ചന്തുക്കുഞ്ഞൻ കാഴ്ചകൊണ്ടുവന്ന പഴവും ചേമ്പ് കാവത്തിന്റെ പുഴക്കും കുവക്കഞ്ഞിയും ശ്രീധരന്റെ അമ്മ ലോഭമില്ലാതെ അവർക്കു സൽക്കരിച്ചു.

പതിനഞ്ചുറുപ്പിക കാശും മുക്കാലും അണയുമാക്കി മാറ്റി മടിയിൽ വെച്ചുകൊണ്ട് ശ്രീധരന്റെ അമ്മ പൊറാട്ടുകാരെ സ്വീകരിക്കാൻ കോലായിൽ ഇരുന്നു. അച്ഛൻ അകത്തു വാതിലടച്ചു നേർത്തെതന്നെ ഉറങ്ങാൻ കിടന്നു. (നാടകസംഘങ്ങളും സദിരുകാരും കൃഷ്ണൻമാസ്റ്ററെ കണ്ടാൽ കൂടുതൽ പൈസ പ്രതീക്ഷിക്കും. പ്രമാണിത്തത്തിനു പരുക്കുപറ്റരുതല്ലോ!)

അലക്കിയ വെള്ളഷർട്ടു ധരിപ്പിച്ച് ഗോപാലേട്ടനെ കോലായിൽ ഒരു കസേരയിൽ ഇരുത്തിയിട്ടുണ്ട്—രോഗിയാണെന്നു തോന്നിക്കാത്തമട്ടിൽ!

വാങ്കിത്താ ചിട്ടുങ്ങന്മാരും സായ്‌വും മദാമ്മയും കുറവനും കുറത്തിയും നരികളിക്കാരും സീതാപഹരണം നാടകവും കാവടിയാട്ടക്കാരനും 'മമ്പറത്തെ ത്തങ്ങളെ വേഷംകെട്ടിയ' കണാരനും. അങ്ങനെ പൊറാട്ടുകാരുടെ പരിപാടികൾ പലതും നടന്നു. നേരം പാതിരയോടടുത്തു.

പെട്ടെന്നാണ് ശ്രീധരന് ഒരു പുതിയ ആശയം മനസ്സിലുദിച്ചത്....കന്നിപ്പറമ്പിൽനിന്നും മെല്ലെ ഇറങ്ങി നടന്നു.

ആശാരി മാധവൻ പൊറാട്ടുകെട്ടി ഇറങ്ങുമെന്നു പറഞ്ഞിരുന്നു. മരക്കച്ചവടം ഭാസ്കരൻമുതലാളിയുടെ വീട്ടിൽനിന്ന് അവൻ ഒരു പഴയ നരിത്തോൽക്കഷണം ഇരവുവാങ്ങി പൊതിഞ്ഞുകെട്ടി കൊണ്ടുപോകുന്നതു കണ്ടതായി ചക്കരച്ചോറു കേളുക്കുട്ടിയുടെ അനുജൻ നാരായണൻ പറഞ്ഞതും ഓർത്തു. (ഭാസ്കരൻമുതലാളിയുടെ വീട്ടിലാണ് മാധവൻ ഇപ്പോൾ ഫർണ്ണിച്ചർ പണിയെടുക്കുന്നത്.) നരിവേഷം കെട്ടാനായിരിക്കും നരിത്തോൽ. മാധവന്റെ പുരയിൽച്ചെന്ന് അന്വേഷിക്കാമെന്നു

കരുതി നേരെ അങ്ങോട്ടു വെച്ചടിച്ചു.

അവിടെച്ചെന്നപ്പോൾ മാധവൻ പുരയുടെ ചായ്പിലിരുന്ന് എന്തോ വേഷം കെട്ടാനുള്ള പുറപ്പാടാണ്.

ശ്രീധരനെ കണ്ടപ്പോൾ മാധവൻ അദ്ഭുതത്തോടെ ചോദിച്ചു: "എന്താ, മൈനർമൂപ്പര് ഇങ്ങോട്ടു പുറപ്പെട്ടത്?"

"അതു പറയാം—നിന്റെ നരികളിയൊക്കെ കഴിഞ്ഞോ?"

"ഞാൻ നരിയും പുലിയുമൊന്നും കെട്ടിയില്ല. എന്റെ വേഷം......." മാധവൻ മൂലയിലേക്കു ചൂണ്ടിക്കാട്ടി. അവിടെ ഒരു കറുത്ത തുണി ചുരുട്ടി വെച്ചിരുന്നു.

ശ്രീധരൻ തുണിയെടുത്തു നിവർത്തിനോക്കി. വലിയ വീട്ടിലെ മാപ്പിള സ്ത്രീകൾ ധരിക്കുന്ന ബൂർക്ക.

"ഞാൻ ബൂർക്കയിട്ട ബീബി ചമഞ്ഞു ചുറ്റിയടിച്ചു വന്നിരിക്ക്യാണ്—" മാധവൻ ചിരിച്ചുകൊണ്ട് എല്ലാം പറഞ്ഞു.

അടിമുതൽ മുടിവരെ മൂടുന്നതും മുഖത്തു കണ്ണുകൾക്കെതിരേ നേർന്ന വലക്കെട്ടു പിടിപ്പിച്ച ചതുരാകൃതിയിലുള്ള ദ്വാരങ്ങളോടു കൂടിയതുമായ ആ കറുത്ത പട്ടുടുപ്പ് ഏതോ മുസ്ലീംപ്രമാണിയുടെ വീട്ടിൽനിന്ന് അലക്കാൻ ധോബി മുത്തുവിനെ ഏൽപ്പിച്ചതായിരുന്നു. കരിമൂച്ചയോട് ആ ബൂർക്ക ആശാരിമാധവൻ ഇരവുവാങ്ങി, പൊറാട്ടുകെട്ടാൻ. ബൂർക്കയിട്ട ബീബിയുടെ വേഷം, ദേശത്ത് ഒരു പുതിയ പൊറാട്ടുതന്നെ ആയിരുന്നു. പെണ്ണുങ്ങൾക്കും ആണുങ്ങൾക്കും ആ വേഷം നന്നേ രസിച്ചു. (കുട്ടികൾ പേടിച്ചു). ബൂർക്കയുമണിഞ്ഞ് പഴയൊരു ശീലക്കുട കൈയിൽ തലകുത്തനെ പൊക്കിപ്പിടിച്ച് മിണ്ടാതെ ഭൂതത്തെപ്പോലെ ഒരു സത്വം, കന്നിപ്പറമ്പിലും കേറിവന്നു പെണ്ണുങ്ങളെ രസിപ്പിച്ചു പൈസയും വാങ്ങി പോയത് ശ്രീധരൻ ഓർത്തു. ആ കറുപ്പുകൂടാരത്തിനുള്ളിൽ ആശാരി മാധവനായിരുന്നുവെന്ന് ശ്രീധരൻ ഇപ്പോഴാണു മനസ്സിലാക്കുന്നത്—

"അമ്പട വിരുതാ!" ശ്രീധരൻ ആശാരിയെ അഭിനന്ദിച്ചു.

ബൂർക്കയിട്ട ഉമ്മച്ചിയുടെ വേഷംകെട്ടി ദേശത്തിലെ എല്ലാ വീടുകളിലും ഒരു റൗണ്ടുകഴിച്ച്, മാധവൻ പുതിയൊരു വേഷംകെട്ടി വീണ്ടും ആ വീടുകളിലൊക്കെത്തന്നെ കേറിയിറങ്ങാനുള്ള പുറപ്പാടാണ്.

പുതിയ വേഷം: സന്ന്യാസി.

മാധവൻ വേഷംകെട്ടാൻ 'ഒറ്റക്കാസും ചെലവാക്കുല.'

(ബൂർക്ക കരിമൂച്ചയുടെ സംഭാവന.) സന്ന്യാസിവേഷം:

താടി: ചകിരിത്തുപ്പ്. ജടമുടി ചൂടിക്കയറ്. (അത് അവിടവിടെ കെട്ടിക്കുടുക്കി ചാണകത്തിൽ മുക്കി ഉണക്കി തയ്യാറാക്കിയതാണ്.), പയനിൻകായ കോർത്തുണ്ടാക്കിയ രുദ്രാക്ഷമാല, അരയിൽ ചുറ്റാൻ ഭാസ്കരൻമുതലാളിയുടെ പഴയ നരിത്തോൽ—പിന്നെ കുറെ വെണ്ണീറും. (സന്ന്യാസിയുടെ കമണ്ഡലു മരംകൊണ്ടു മാധവൻതന്നെ ഉണ്ടാക്കിയതാണ്.)

ഉമ്മച്ചിയുടെ ബൂർക്ക എടുത്തു നിവർത്തി ഒരുദ്ദേശ്യം മനസ്സിൽ വെച്ചു കൊണ്ടു ശ്രീധരൻ ചോദിച്ചു: "ഞാനും ഈ വേഷംകെട്ടി ഒന്നു നടന്നു നോക്കട്ടേ? ഒരു

തമാശയ്ക്ക്.....”

“ഹ്ഉം!” ആശാരി വിലക്കി: “ഈ ശൈത്താൻവേഷം എല്ലാ വീട്ടുകാരും കണ്ടതാണ്. ഇനി ഇതുംകൊണ്ടു കേറിച്ചെന്നാൽ തല്ലുകിട്ടും.”

ആശാരി പറഞ്ഞതിൽ കാര്യമുണ്ടായിരുന്നു.

ശ്രീധരൻ കുറച്ചുനേരം ആലോചിച്ചു:

“എന്നാൽ എഡോ മാധവാ, ഇനി നമുക്കു രണ്ടാൾക്കും ഒരു ജോഡിയായി പൊറാട്ടുകെട്ടി ഇറങ്ങാം. ഞാൻ സന്ന്യാസി—നീ ശിഷ്യൻ—എന്താ?.....”

മാധവൻ സമ്മതിച്ചു: “കിട്ടിയ പൈസ പപ്പാതി.”

“വേണ്ട. മുഴുവനും നീയെടുത്തോ. എനിക്കൊരു നേരമ്പോക്ക്— സപ്പർ സർക്കീറ്റിലെപ്പോലെ.”

ശ്രീധരൻ ഷർട്ടും മുണ്ടും അഴിച്ചു ചുരുട്ടി അവിടെ സൂക്ഷിച്ചു. നരിത്തോൽ അരയിൽ ചുറ്റി. ചൂടിക്കയറിന്റെ ജടയും ചകിരിത്തുപ്പിന്റെ താടിയും പയനിൻകായയുടെ മാലയും അണിഞ്ഞു. മാധവൻ ശ്രീധരന്റെ മുഖത്തും നെഞ്ഞത്തും പുറത്തും കാലുകളിലുമെല്ലാം വെണ്ണീറു വാരിത്തേച്ചു കൊടുത്തു. മേക്കപ്പെല്ലാം കഴിഞ്ഞപ്പോൾ ഒരു മൂത്തസന്ന്യാസി. മാധവൻ ഒന്ന് അടുക്കളയിൽപ്പോയി മടങ്ങി വന്നപ്പോൾ കൈയിൽ ഒരു കോഴിമുട്ടത്തോടും ഉണ്ടായിരുന്നു.

“ഇതെന്തിനാ മാധവാ മുട്ടത്തോട്?”

“ആവശ്യംണ്ട്—” മാധവൻ മുട്ടത്തോട് സന്ന്യാസിയുടെ താടിക്കുള്ളിൽ തിരുകിവെച്ചു: “ഇതവിടെ കെടന്നോട്ടെ.”

ആശാരി എന്തോ ട്രിക് കണ്ടുവെച്ചിട്ടുണ്ടായിരിക്കും; ശ്രീധരൻ മനസ്സിൽ കരുതി.

ശിഷ്യന്റെ വേഷം ശങ്കരാചാര്യർമോഡലിലായിരുന്നു. തലയിൽ ഒരു കാവിത്തോർത്തുമുണ്ടു മടക്കി അറ്റങ്ങൾ ചെവിക്കുറ്റികളിലൂടെ പിറകിലേക്കു നീട്ടിക്കെട്ടിയിരിക്കുന്നു. മുഖത്തു ചേടിമണ്ണു പൂശിയിരിക്കുന്നു. ചുമലിലൊരു ഭാണ്ഡവും.

സന്ന്യാസിയും ശിഷ്യനും മൂന്നുനാലു വീടുകൾ കേറിയിറങ്ങി. ആരും ആളെ തിരിച്ചറിഞ്ഞില്ല. ശ്രീധരനു ധൈര്യമായി. ശിഷ്യൻ സന്ന്യാസിയുടെ കമണ്ഡലുവിൽ വീണ പൈസ എണ്ണിനോക്കി. രണ്ടേകാലണ.

“ബൂർക്കയിട്ട ബീബി ഒറ്റയ്ക്കു പോയിട്ടു നാലു വീടുകളിൽനിന്ന് ഇതിലധികം കിട്ടിയിരുന്നു.” മാധവൻ നൊടിഞ്ഞു. (രണ്ടേകാലണ അടിയിലെ ട്രൗസറിന്റെ പോക്കറ്റിലിട്ടു.) “വല്യവീട്ടിൽച്ചെന്നാൽ തോനെ കിട്ടും.” തനിയെ സമാധാനിച്ചു.......

തുടിക്കുന്ന കരളും കുറേശ്ശെ വിറയ്ക്കുന്ന കാലുകളുമായി ശ്രീധരനും, ഇവിടെനിന്നു നല്ല കോളടിക്കാം എന്ന പ്രതീക്ഷയോടെ മാധവനും പടികേറി —നായികയുടെ മാളികവീട്ടിലേക്കുള്ള പടി.

അവിടെ കോലായിൽ തൂക്കിയിട്ട ഒരു പെട്രോമാക്സ് വിളക്ക് ഉജ്ജ്വല പ്രകാശം പരത്തുന്നു. പെണ്ണുങ്ങളും കുട്ടികളും കോലായിലും മുറ്റത്തും സ്ഥലം പിടിച്ചിരിക്കുന്നു.

“റാം—റാം—ഹരേ റാം......”

“ങ് ഹാ!പൂശാരി വരുന്നു!” ആരോ വിളിച്ചറിയിച്ചു.

(മൂത്തസന്ന്യാസിയെ പൂശാരി എന്നു വിളിച്ചത് ശ്രീധരനു തീരെ രസിച്ചില്ല)

'പൂശാരി' യെക്കാണാൻ ഊഞ്ഞാലിൻചുവട്ടിൽനിന്ന് അഞ്ചാറു പെണ്ണുങ്ങൾ ഓടിയെത്തി.

കോലായിലേക്കു സൂക്ഷിച്ചുനോക്കിയപ്പോൾ ശ്രീധരന്റെ കരളൊന്നു പിടഞ്ഞു.

പൊറാട്ടുകാർക്കു സംഭാവന കൊടുക്കാൻ, കോലായിൽ ഒരു കസേരയിൽ ഇരിക്കുന്നു. നായിക!

സന്ന്യാസിയും പിറകെ ശിഷ്യനും കോലായുടെ ഇറമ്പിലേക്കു നീങ്ങിച്ചെന്നു.

അർദ്ധനിമീലിതാക്ഷനായി സൂക്ഷിച്ചു നോക്കി.

പാവുമുണ്ടും ബ്ലൗസുമാണ് വേഷം. തിരുവാതിരനോമ്പു നോറ്റിട്ടുണ്ട്—നെറ്റിയിൽ മീൻമുള്ളിന്റെ കോലത്തിൽ അണിഞ്ഞിരുന്ന മഞ്ഞളിന്റെ ഇലക്കുറി പാതിയും മാഞ്ഞിരിക്കുന്നു. വ്രതാനുഷ്ഠാനത്തിന്റെയും ഉറക്കൊഴിച്ചിലിന്റെയും ആലസ്യം മിഴികളിൽ നിഴലിക്കുന്നുണ്ട്.......

"ഗുണവതി, മതിയാർദ്ര‌നോമ്പുവി–

ട്ടുണരുക. ഞാൻ, സതി നിന്റെ ശ്രീധരൻ.......".

(മനസ്സിൽ അങ്ങനെ പാടിപ്പോയി.)

"ഹിമാലയത്തിൽ അഞ്ഞൂറ്റിയെട്ടരക്കൊല്ലം തപസ്സുചെയ്ത സിദ്ധനാണ്...." ശിഷ്യന്റെ പരിചയപ്പെടുത്തൽ.

"എന്താ തന്ന്യാസീന്റെ പേര്?" ഒരു കിഴവിത്തള്ളയുടെ ചോദ്യം.

"കുടുകുടാനന്ദൻ"—മാധവന്റെ മറുപടി. പെണ്ണുങ്ങളും കുട്ടികളും അതു കേട്ടു പൊട്ടിച്ചിരിച്ചു.

നായികയുടെ ചുണ്ടുകൾ കുന്നിക്കുരു അളവിൽ അൽപം വിരിഞ്ഞു.

ശിഷ്യൻ തുടർന്നു: "ഒറ്റയിരുപ്പിന്ന് ഇരുപത്തേഴരക്കൊല്ലം കല്ലടിക്കോട്ടു മലയിൽ തപസ്സും കഴിഞ്ഞിട്ടാണ് ഇങ്ങോട്ടു വന്നത്. താടിയിൽ കിളി കൂടു കൂട്ടിയതൊന്നും മൂപ്പർ അറിഞ്ഞിട്ടില്ല......."

മാധവൻ, സന്ന്യാസിയുടെ താടിക്കടുത്തേക്കു മുഖം നീട്ടി 'ക്ളും—ക്ളി–ക്ളി—ക്ളൂ—ക്ളൂ......' എന്ന് കിളികരഞ്ഞു. (വായിൽ നാക്കിനു കീഴെ വെള്ളത്തണ്ടിന്റെ ഇല തിരുകിവെച്ചിട്ടുണ്ടായിരുന്നു മാധവൻ.) പിന്നെ സന്ന്യാസിയുടെ ചകിരിത്താടിയിൽ തപ്പി കോഴിമുട്ടത്തോടു പുറത്തെടുത്തു. ആ കിളിമുട്ട അവിടെ കൂടിനിന്നവർക്കും നായികയ്ക്കും (പ്രത്യേകമായി) കാട്ടിക്കൊടുത്തു.

സന്ന്യാസി യോഗനിദ്രയിൽ!

ആശാരിയുടെ പൊടിക്കൈപ്രയോഗം പെണ്ണുങ്ങളെയും കുട്ടികളെയും പൊട്ടിച്ചിരിപ്പിച്ചു.

നായിക വാപൊത്തി കിളി ചിലയ്ക്കുംപോലെ ഒരു ചിരി ചിരിച്ചു.

ആ കിളിനാദം സന്ന്യാസിയെ യോഗനിദ്രയിൽനിന്നുണർത്തി.

സന്ന്യാസി കമണ്ഡലു കാട്ടിക്കൊടുത്തു.

നായിക അതിൽ പൈസയിടാൻ സ്വർണ്ണക്കൈ നീട്ടിയപ്പോൾ ആ കൈ വിരൽത്തുമ്പിലൊന്നു തൊടാൻ സാധിച്ചു....സിരാകൂടത്തിലൂടെ ഒരു രോമാഞ്ചക്കൊടുങ്കാറ്റു കടന്നുപോയി—റാം—റാം—ഹരേ റാം.....

പടിയിറങ്ങിയപ്പോൾ മാധവൻ ശ്രീധരന്റെ കൈയിലെ കമണ്ഡലുവിൽ കൈയിട്ടു തപ്പിനോക്കി. കമണ്ഡലു കാലി! (നായികയുടെ അമൂല്യസമ്മാനം —ഒരണനാണ്യം— ഒരു നിധിപോലെ എടുത്തു കൈയിൽ മുറുകെ പിടിച്ചിരിക്കുകയാണ് ശ്രീധരൻ.)

"പൈസയെവിടെ?"

മാധവന്റെ ചോദ്യം

"അതു ഞാനെടുത്തു."

"എത്ര കിട്ടി? എനിക്കറിയണം."

"കാലുറുപ്പിക" (കളവു പറഞ്ഞു)

"ഒന്നു നോക്കട്ടെ."

ആശാരിക്കു കണ്ടേ കഴിയൂ.

"നീയിപ്പം കാണണ്ട—കാലുറുപ്യ നിനക്കു ഞാൻ പിന്നെത്തരുന്നുണ്ട്."

(ആശാരിക്കു പിന്നേയും സംശയം, എട്ടണ കിട്ടിയിട്ടുണ്ടാവും എന്നാണവന്റെ വിശ്വാസം)

"ന്നാലും ഒന്നു കണ്ടോട്ടെ ചങ്ങായീ......"

"കാണിക്കാൻ മനസ്സില്ല—എന്താ, പറഞ്ഞാൽ വിശ്വസിച്ചൂടേ?"

"ഒന്നു കാട്ടിത്തന്നാൽ എന്താ, അലിഞ്ഞുപോവോ?"

ശ്രീധരൻ ഒന്നും മിണ്ടിയില്ല. അണ കൈയിൽ മുറുകെപ്പിടിച്ചു—നായികയുടെ സ്വർണ്ണകൈയിൽനിന്നു വന്ന പുണ്യനാണ്യം.

മാധവൻ എന്തോ ആലോചിച്ചുനിന്നു. പിന്നെ തലയാട്ടിക്കൊണ്ടു മൊഴിഞ്ഞു:

"ഹ്ആങ്—മനസ്സിലായി—മനസ്സിലായി......"

(അവൻ മനസ്സിലാക്കിക്കളഞ്ഞു. ആശാരിമാധവൻ—അതേതാണ് മൊതല്!)

"നെനക്കെന്തോണെഡോ മനസ്സിലായത്?" ശ്രീധരൻ ശുണ്ഠി നടിച്ചു കൊണ്ടു പരുഷസ്വരത്തിലൊരു ചോദ്യശരം വിട്ടു.

ആശാരി പിന്നെ ഒന്നും മിണ്ടിയില്ല.

"ഞാനിനി നിന്റെകൂടെ ഇല്ല—നീതന്നെ ഒറ്റയ്ക്കു വേഷംകെട്ടി തെണ്ടിക്കോ— " ശരത്തിന്റെ പിറകെ ഗദകൊണ്ടൊരടിയും.

ആശാരി തരിച്ചുനിന്നുപോയി.

"അങ്ങനെ പെണങ്ങാൻതക്കോണം ഞാനിപ്പം നിങ്ങളോടെന്തെങ്കിലും പറഞ്ഞോ?........." ആശാരി അസാരം പാശ്ചാത്താപത്തോടെ മൊഴിഞ്ഞു.

ശ്രീധരൻ ഒന്നും മിണ്ടിയില്ല.

സന്ന്യാസിയും ശിഷ്യനും പിന്നെ മൗനവ്രതത്തോടെയാണ് നീങ്ങിയത്.

മാധവന്റെ പുരയ്ക്കടുത്തെത്തിയപ്പോൾ ശ്രീധരൻ അങ്ങോട്ടു തിരിഞ്ഞു — നിഴൽപോലെ മാധവനും.

ആശാരിയുടെ മുറിയിൽ കടന്നു. ചകിരിത്താടിയും ചൂടിജടയും പയനിൻ കായ്മാലയും നരിത്തോലുമെല്ലാം അഴിച്ചു വലിച്ചെറിഞ്ഞ് മുഖത്തും മാറത്തും കൈകാലുകളിലും പറ്റിക്കിടന്നിരുന്ന വെണ്ണീറുമെല്ലാം തുണി നനച്ചു തുടച്ച് മുണ്ടും ഷർട്ടും എടുത്തു ധരിച്ച്

(ഉള്ളിലെ ചിരിയടക്കിക്കൊണ്ട്) മാധവനോടു മിണ്ടാതെ ഇറങ്ങിപ്പോന്നു. ശ്രീധരൻ.

കന്നിപ്പറമ്പിലെത്തിയപ്പോൾ അവിടെ മുറ്റത്തു പെട്രോമാക്സിന്റെ പ്രകാശവും പാട്ടും കൂത്തും.

നാടകസംഘമാണ്. നാടകം കഴിഞ്ഞു. പ്രധാനനടിയുടെ വകയായി ഒരു സ്പെഷ്യൽ കാബൂളിഡാൻസാണത്രേ ഇപ്പോൾ നടക്കുന്നത്!

ഹാർമോണിസ്റ്റായി കോലായിലിരിക്കുന്നു, ആധാരമെഴുത്ത് ആണ്ടി. (നാലഞ്ചുകൊല്ലത്തിനിടയ്ക്ക് ആണ്ടിയെ കന്നിപ്പറമ്പിൽ കാണുന്നത് ഇന്നാദ്യമായിട്ടാണ്—സന്ന്യാസിമാർക്കും സംഗീതക്കാർക്കും സർവ്വത്ര പ്രവേശനമുണ്ടല്ലോ—)

ആണ്ടിയുടെ തൊട്ടടുത്തിരുന്ന് ഹൈക്കുള്ളൂസ് കിട്ടുണ്ണി, ഒരു പൊളിഞ്ഞ പെട്ടിയെ താരാട്ടിക്കൊണ്ട് 'പേേേപേ' എന്നു ശ്രുതിപിടിക്കുന്നു.

മുടിയും മുലയും വെച്ചുകെട്ടി, തലയിലൊരു പട്ടുറുമാൽ പിറകോട്ടു വലിച്ചുചുറ്റി, അരയിഞ്ചു കനത്തിൽ മുഖത്തു പൗഡർ വാരിത്തേച്ച് ഒരു ശിഖണ്ഡി, കൈയിലൊരു കിങ്ങിണിത്തബലയും കിലുക്കി, കുനിഞ്ഞും ചാഞ്ഞും ചെരിഞ്ഞും ചന്തി കുലുക്കിക്കൊണ്ടു ചാടിക്കളിക്കുന്നു. കാബൂളീഡാന്സ്!

ആണ്ടി ഹാർമോണ്യക്കട്ടകൾ ഉടച്ചുതകർക്കുന്നു.

നാടകക്കാർക്ക് ഒരുറുപ്പിക കൊടുത്തു കഴിഞ്ഞപ്പോൾ ശ്രീധരന്റെ അമ്മയുടെ മടിയിലെ നാണയസ്റ്റോക്കു കാലി.

"ഇനി വേഗം വിളക്കുംകെടുത്തി വാതിലടയ്ക്കണം." അമ്മ ഉറക്കപ്പിച്ചോടെ പറഞ്ഞു. "പാറ്റയും പൊറാട്ടുകാരും ഒരുപോലെയാണ്—വെളിച്ചം കണ്ടാൽ കേറിവന്ന് ഉപദ്രവിക്കും...."

അപ്പോൾ കേട്ടു. കുട്ടികൾ ആർത്തുവിളിക്കുന്നത്. "ഹ്ആങ്!—മരുന്നു വില്പനക്കാരൻ!!.....'

നീണ്ട കളസം ധരിച്ചു കൈയിലൊരു പെട്ടിയും തൂക്കി ഒരുത്തൻ മുറ്റത്തെത്തിക്കഴിഞ്ഞു. ഇനി രക്ഷയില്ല. അവൻ മുറ്റത്ത് ഒരു പഴയ ന്യൂസ് പേപ്പർ വിരിച്ച് പെട്ടിയിലെ മരുന്നുകുപ്പികളെടുത്തു നിരത്തിവെച്ച് 'മാൻമഹാ ജനങ്ങളേ' എന്ന അഭിസംബോധനയോടെ ലക്ചർ തുടങ്ങും.....

മരുന്നുവില്പനക്കാരൻ കൈയിൽ പെട്ടിയും തൂക്കി, തലയും താഴ്ത്തി മുറ്റത്തു നിന്നു കോലായിലേക്കു കേറി. പിന്നെ....നേരെ അകത്തേക്ക് ഒരു നടത്തം

"കളിച്ചുകളിച്ച് കളി കമ്പത്തിമ്മലായോ?" ഈർച്ചക്കാരൻ വേലുവിന്റെ പടച്ചി ഉണ്ണൂലിയമ്മ ഉറക്കെ വിളിച്ചുചോദിച്ചു.

ശ്രീധരന്റെ അമ്മ അമ്പരന്നുനിന്നു.

ഗോപാലേട്ടൻ കസേരയിൽ ഒന്നു പിടഞ്ഞു.

ആ സന്ദർഭത്തിൽ അവിടെ ആവതുള്ള ആണൊരുത്തൻ ശ്രീധരൻ മാത്രം.

"ആരെടാ അത്?" എന്ന് അലറിക്കൊണ്ട് ശ്രീധരൻ അകത്തേക്കു പാഞ്ഞു."

"എന്താ ശ്രീധരാ?....."

കേട്ടുമറന്നൊരു സ്വരം. ആളെ സൂക്ഷിച്ചുനോക്കി.

വലേ്യട്ടൻ! ഫിറ്റർ കുഞ്ഞപ്പൃ!
മൂപ്പർ ലേറ്റായി എത്തിയ രാത്്രിവണ്ടിക്കു വന്നിറങ്ങിയതാണതേ്്ര!

# 9. തിരിച്ചുവരവ്

ഏതാണ്ട് ഒരു കൊല്ലം മുമ്പ് സൗത്തിന്ത്യൻ റെയിൽവേക്കമ്പനിയിൽ നടന്ന തൊഴിലാളിസ്ട്രൈക്കില് പങ്കെടുത്തുവെന്ന കുറ്റത്തിന് ഫിറ്റർ കുഞ്ഞപ്പുവിനെ കമ്പനി സർവ്വീസിൽനിന്നു പിരിച്ചുവിട്ട വിവരം അതിരാണിപ്പാടത്തിനടുത്തു താമസിക്കുന്ന റെയിൽവേ ഫയർമാൻ കേളനിൽനിന്ന് കൃഷ്ണൻമാസ്റ്റർ അറിഞ്ഞിട്ടുണ്ടായിരുന്നു. കുഞ്ഞപ്പുവിന്റെ വീരസ്യങ്ങൾക്കു സാക്ഷിനിന്ന ചില സംഭവങ്ങൾ അതിനുമുമ്പുണ്ടായതും കൃഷ്ണൻ മാസ്റ്റർക്കറിയാനിടവന്നിരുന്നു.

റെയിൽവേ ജോലിയുമായി തമിഴ്നാട്ടിലേക്കു പോയതിൽപ്പിന്നെ കുഞ്ഞപ്പു കന്നിപ്പറമ്പുമായി പറയത്തക്ക ബന്ധമൊന്നും പുലർത്തിയിരുന്നില്ല. ആണ്ടിലൊരിക്കലോ മറ്റോ ഒന്നു വന്നുപോകും. അത്രമാത്രം— കത്തയയ്ക്കുന്ന പതിവില്ല. (പണമയയ്ക്കുന്ന കാര്യം പിന്നെ പറയണ്ടല്ലോ) കൃഷ്ണൻമാസ്റ്റർ സ്വയം സമാധാനപ്പെട്ടു. കുഞ്ഞപ്പുവിന് ഒരു ജോലിയുണ്ട്. എവിടെയെങ്കിലും സുഖമായിക്കഴിയട്ടെ. അവന്റെ ഒരൊറ്റക്കാശും ഇവിടെ വേണ്ട.

കൃഷ്ണൻമാസ്റ്റർക്ക് പെൺമക്കളില്ല. ആ ദുഃഖം സദാ ഉള്ളിൽ ഊറിക്കിടന്നിരുന്നു. പെൺകുട്ടികളെ എവിടെക്കണ്ടാലും മാസ്റ്റർ വാത്സല്യത്തോടെ നോക്കും; വിളിക്കും; കളിതമാശ പറയും — പിരിയുമ്പോൾ ഒരു നെടുവീർപ്പയയ്ക്കും.

കന്നിപ്പറമ്പിൽ ഒരു നവവധുവിനെ കൃഷ്ണൻമാസ്റ്റർ കിനാവു കണ്ടു തുടങ്ങി. കുഞ്ഞപ്പുവിനെ വളരെമുമ്പുതന്നെ വിവാഹം കഴിപ്പിക്കേണ്ടതായിരുന്നു. പണിയില്ലാതെ നടക്കുമ്പോൾ എന്തു വിവാഹം എന്നു കരുതി മിണ്ടാതിരുന്നതാണ്. ഇപ്പോൾ അവനു സ്ഥിരമായി നല്ല ശമ്പളം കിട്ടുന്ന ജോലിയുണ്ട്.....

അങ്ങനെയിരിക്കെ ഒരു തെങ്ങിൻതോട്ടം വാങ്ങാനുദ്ദേശിച്ച് എട്ടൊമ്പതു മൈൽ തെക്ക് ഒരുൾനാടൻഗ്രാമത്തിലേക്കു പുറപ്പെട്ട ഒരു മുതലാളിസുഹൃത്തിന്റെകൂടെ കൃഷ്ണൻമാസ്റ്റർക്കും പോകേണ്ടിവന്നു. അവിടെ ഒരു മാന്യന്റെ ഗൃഹത്തിലായിരുന്നു അവർക്ക് ഉച്ചഭക്ഷണം. തെങ്ങിൻതോപ്പുകളും നെൽ വയലുകളും ചകിരിവ്യവസായവുമുള്ള ഒരു കുലീനകുടുംബം......പഴയ തറവാട്ടുകാരാണ്. ഗൃഹനാഥന്റെ മകളാണ് വിഭവങ്ങൾ വെച്ചൊരുക്കിക്കൊടുത്തത്

സുന്ദരിയും സുശീലയുമായ ആ പെൺകുട്ടിയെ കണ്ടപ്പോൾ മാസ്റ്റർക്ക് അവളുടെ പേരിൽ ഒരു പ്രത്യേകവാത്സല്യം തോന്നി. അരികിൽ വിളിച്ച് ഓരോന്നു ചോദിച്ചു.

"പേരെന്താണ്?"

"മാധവി".

കൃഷ്ണൻമാസ്റ്ററുടെ ഉള്ളിലെ ഒരു മൂലയിലെ ആഴക്കയത്തിൽനിന്ന് ഒരാനന്ദക്കുമിള പൊങ്ങിവരുന്നപോലെ തോന്നി. മാസ്റ്ററുടെ ആദ്യഭാര്യയിൽ ജനിച്ച് ആറുമാസം മാത്രം ജീവിച്ച ആ ഓമനപ്പെൺകുഞ്ഞിന്റെ പേര് മാധവി എന്നായിരുന്നു. മാധവി പുനർജ്ജന്മംപൂണ്ടു പ്രത്യക്ഷപ്പെട്ടപോലെ തോന്നി കൃഷ്ണൻമാസ്റ്റർക്ക്.

അമ്മയില്ലാത്തൊരു കുട്ടിയാണ് മാധവി എന്നും മനസ്സിലായി. ഇവളുടെ ഭാവിജീവിതം ഇനി കന്നിപ്പറമ്പിലാണ്. മാസ്റ്റർ മനസ്സുകൊണ്ടു തീരുമാനിച്ചു.

പിറ്റേന്നുതന്നെ, കുഞ്ഞപ്പുവിന് ഒരു കത്തെഴുതി: നീ രണ്ടുമൂന്നു ദിവസത്തെ ലീവെടുത്ത് ഉടനെ ഒന്നിങ്ങോട്ടു വരണം.

രണ്ടാഴ്ച കഴിഞ്ഞിട്ടും കുഞ്ഞപ്പു വന്നുകണ്ടില്ല. കത്തിനു മറുപടിയുമില്ല.

കൃഷ്ണൻമാസ്റ്റർ മനസ്സിൽ കരുതി: അച്ഛനൊരു പെൺകുട്ടിയെ കണ്ടു തീരുമാനിച്ചാൽ കുഞ്ഞപ്പു എതിരുപറയുകയില്ല.

വിവാഹാലോചന മുന്നോട്ടു കൊണ്ടുപോവാൻതന്നെ മാസ്റ്റർ തീരുമാനിച്ചു. അങ്ങനെ, അടുത്ത ഞായറാഴ്ച മാധവിയുടെ വീട്ടിലെത്തി—മരക്കച്ചവടക്കാരൻ ഭാസ്കരൻമുതലാളിയേയും കൂടെ കൊണ്ടുപോയിരുന്നു.

വന്ന കാര്യം മാസ്റ്റർ അതിന്റെ മട്ടിൽ ഗൃഹനാഥനെ ധരിപ്പിച്ചു. ഒടുവിൽ ഇതും ഊന്നിപ്പറഞ്ഞു. കുഞ്ഞപ്പുവിന് റെയിൽവേയിൽ നല്ലൊരു ജോലിയുണ്ട്.

അപ്പോൾ ഭാസ്കരൻമുതലാളി ഇങ്ങനെ കൂട്ടിച്ചേർത്തു: "പിന്നെ, വരന്റെ യോഗ്യത: ചേനക്കോത്ത് കൃഷ്ണൻമാസ്റ്ററുടെ മകനാണ് കുഞ്ഞപ്പു. അതുതന്നെ അവന്റെ യോഗ്യത."

പെണ്ണിന്റെ അച്ഛൻ സമ്മതംമൂളി. കുട്ടിയുടെ അമ്മാമനോടും ഇളയച്ഛനോടും ആങ്ങളയോടും ഒന്നാലോചിച്ചതിനുശേഷം ജാതകപരിശോധന നടത്താമെന്നും അദ്ദേഹം പറഞ്ഞു. "ഒരാഴ്ചയ്ക്കുള്ളിൽ ഞങ്ങൾ അങ്ങോട്ടു വിവരമറിയിക്കാം—"

കൃഷ്ണൻമാസ്റ്റർ കാത്തിരുന്നു.

പിറ്റത്തെ ആഴ്ച. മാധവിയുടെ ഏകസഹോദരനും (ഒരു വൈദ്യ വിദ്യാർത്ഥി)അവന്റെ ഒരു സ്നേഹിതനും (ഒരു മെഡിക്കൽ റിപ്രസന്റേറ്റീവ്) കന്നിപ്പറമ്പിലേക്കു കേറിവന്നു. അവരുടെ മുഖത്തെ ചിരിയും പ്രസരിപ്പും കൃഷ്ണൻമാസ്റ്ററെ സന്തുഷ്ടനാക്കി: കാര്യം ശരിപ്പെട്ടുതന്നെ.

സഹോദരൻ പറഞ്ഞു: "ഞങ്ങൾക്ക് ഇക്കാര്യത്തിൽ ഒരാളുടെ സമ്മതം കൂടി കിട്ടേണ്ടതുണ്ട്. അത് മാസ്റ്റർതന്നെ ഒന്നു ശ്രമിച്ചു ശരിപ്പെടുത്തിത്തരണം."

ഈ ബന്ധുത്വത്തിന് ഇടങ്കോലിടാൻ നോക്കുന്ന വ്യക്തി ആരായിരിക്കും? കുട്ടിയുടെ അമ്മാമനോ, ഇളയച്ഛനോ—മാസ്റ്റർ താടിയെല്ലു തടവിക്കൊണ്ടു കുറച്ചു നേരം ചിന്തിച്ചു.

"ആരുടെ സമ്മതമാണിനി വേണ്ടത്?" മാസ്റ്റർ ഗംഭീരസ്വരത്തിൽ ചോദിച്ചു. താൻ ഒരു വാക്കു പറഞ്ഞാൽ വഴിപ്പെടാത്തവരുണ്ടാവില്ല എന്നൊരാത്മവിശ്വാസം ആ ചോദ്യത്തിൽ അന്തർഭവിച്ചിരുന്നു.

"മിസ്റ്റർ കുഞ്ഞപ്പുവിന്റെ തമിഴത്തിഭാര്യയുടെ സമ്മതം....." വൈദ്യ വിദ്യാർത്ഥി ഉള്ളിലെ ചിരി ഒതുക്കിക്കൊണ്ടു പറഞ്ഞു.

കൊടുങ്കാറ്റ്! ഭൂകമ്പം—കാൽക്കീഴിൽനിന്നു ഭൂമി വഴുതിപ്പോകുന്നപോലെ തോന്നി, മാസ്റ്റർക്ക്.

വരനെ ഒന്നു നേരിട്ടു കാണാൻ, തമിഴ്നാട്ടിൽ കുഞ്ഞപ്പുവിന്റെ താമസ സ്ഥലത്ത് തങ്ങളിരുവരും പോയ കഥ മെഡിക്കൽ റിപ്രസന്റേറ്റീവ്, വളരെ സരസമായി കൃഷ്ണൻമാസ്റ്ററെ പറഞ്ഞുകേൾപ്പിച്ചു.

കേളികേട്ട ചേനക്കോത്തുതറവാട്ടിലെ കൃഷ്ണൻമാസ്റ്ററുടെ മകനുമായി

വിവാഹബന്ധത്തിലേർപ്പെടുന്നത് ഒരഭിമാനമായിത്തന്നെയാണ് പെണ്ണിന്റെ അച്ഛനും അമ്മാവനും ഇളയച്ഛനും കരുതിയത്. ഏക സഹോദരൻ വൈദ്യവിദ്യാർത്ഥിയും അപ്രിയമൊന്നും പറഞ്ഞില്ല. എന്നാൽ ഒരു കാര്യം ശഠിച്ചു പറഞ്ഞു: ചെക്കനെ ഒന്നു നേരിട്ടു കണ്ടതിനുശേഷം മാത്രം ഉറപ്പുകൊടുത്താൽ മതി.

അങ്ങനെ പെണ്ണിന്റെ സഹോദരൻ, തന്റെ ഉറ്റ ചങ്ങാതിയും തമിഴ്നാട്ടിൽ സഞ്ചരിച്ചു പരിചയമുള്ള ദേഹവുമായ മെഡിക്കൽ റിപ്രസന്റേറ്റീവിനെ തുണ കൂട്ടി, തമിഴ്നാട്ടിൽ, കുഞ്ഞപ്പു ജോലിചെയ്തു താമസിക്കുന്ന പട്ടണത്തിലെത്തി. ഒരു ഞായറാഴ്ച. റെയിൽവേ വർക്ക്ഷോപ്പിൽ കുഞ്ഞപ്പുവിന്റെ ഒഴിവുദിവസം—

റെയിൽവേ കോളണിയിൽ 'ഫിറ്റർ കുഞ്ഞപ്പു'വിന്റെ വസതി അന്വേഷിച്ചു കണ്ടുപിടിച്ചു. അവർ അവിടെ മുറ്റത്തെത്തിയപ്പോൾ ആദ്യം കണ്ടത് ഒരു കുഞ്ഞിനെ കൈത്തണ്ടുകളിൽ കിടത്തി താരാട്ടുമൂളിക്കൊണ്ട് കോലായിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന കറുത്തു കുറുതായ ഒരു മദ്ധ്യവയസ്കനെയാണ്.

"ഫിറ്റർ മിസ്റ്റർ കുഞ്ഞപ്പുവിന്റെ വീടല്ലേ ഇത്?" മെഡിക്കൽ റിപ്രസന്റേറ്റീവ് ചോദിച്ചു. മലയാളത്തിൽ.

കുഞ്ഞിനെ താരാട്ടുന്ന മനുഷ്യൻ ആഗതനെ ഒന്നു നോക്കി, അതെ എന്നു തലയാട്ടി.

"മിസ്റ്റർ കുഞ്ഞപ്പു ഇവിടെയില്ലേ?"

"ഞാൻ തന്നെ മിസ്റ്റർ കുഞ്ഞപ്പു—"

ആഗതർ മുറ്റത്തു സ്തബ്ധരായി നിന്നു.

"വരൂ—ഇങ്ങോട്ടു കേറിയിരിക്കൂ—" കോലായിൽ പിട്ടത്തോട് കെട്ടിത്തൂക്കിയിട്ടിരുന്ന പഴഞ്ചേലത്തൊട്ടിലിൽ കുഞ്ഞിനെ പോറ്റിക്കിടത്തി. മൂത്രം നനഞ്ഞ ഷർട്ടിന്റെ കീഴ്ഭാഗം ഒന്നമർത്തിത്തുടച്ചുകൊണ്ട്, കുഞ്ഞപ്പു നാട്ടുകാരായ അതിഥികളെ സ്നേഹപൂർവ്വം അകത്തേക്കു ക്ഷണിച്ചു.

വൈദ്യവിദ്യാർത്ഥി ശങ്കിച്ചു നിന്നു.

"കേറിക്കോ." മെഡിക്കൽ റിപ്രസന്റേറ്റീവ് വൈദ്യവിദ്യാർത്ഥി സുഹൃത്തിനെ പിന്നിൽനിന്നൊന്നു തോണ്ടി, മെല്ലെ മന്ത്രിച്ചു.

വരാന്തയുടെ ഒരുഭാഗത്തെ ചെറിയ സ്വീകരണമുറിയിൽ അതിഥികൾ രണ്ടുപേരും ഉപവിഷ്ടരായി.

"നിങ്ങളെ മനസ്സിലായില്ലല്ലേ്ലാ?...." കുഞ്ഞപ്പു ഒരു പുഞ്ചിരിയോടെ മീശ തടവിക്കൊണ്ടു ചോദിച്ചു.

"ഞങ്ങൾ കരമണ്ണശ്ശേരിയിൽനിന്നാണു വരുന്നത്—ഇവിടത്തെ ചന്തയിൽനിന്ന് ഒരെരുമയെ വാങ്ങാൻ വന്നതാണ്......"

മെഡിക്കൽ റിപ്രസന്റേറ്റീവാണ് മറുപടി പറഞ്ഞത്.

"വെറിഗുഡ്" കുഞ്ഞപ്പു തലയാട്ടി.

കുഞ്ഞപ്പുവിന്റെ വീട്ടിൽ എത്തിച്ചേരാനിടവന്നതിനെപ്പറ്റിയും മെഡിക്കൽ റിപ്രസന്റേറ്റീവ് വിശദീകരിച്ചു: "വഴിക്കുവെച്ച് ഒരു കൊങ്ങൻ പറഞ്ഞു, റെയിൽവേ കോളണിയിൽ മലയാളത്താൻ ഫിറ്റർ കുഞ്ഞപ്പുവിന്റെ വീട്ടിനടുത്ത് ഒരു ഫയർമേൻ രാമസ്വാമി താമസിക്കുന്നുണ്ട്. അവിടെ ഒരു എരുമയെ വില്ക്കാനുണ്ടെന്ന്. അവിടെപ്പോയി

മടങ്ങുമ്പോൾ ഞങ്ങൾ വിചാരിച്ചു. നാട്ടുകാരനായ മിസ്റ്റർ കുഞ്ഞപ്പുവിനെയും ഒന്നു കണ്ടു പരിചയപ്പെടാമല്ലോ എന്ന്—"

"വെറിഗുഡ്" കുഞ്ഞപ്പുവിനു ബഹുസന്തോഷം. മീശപിടിച്ചു തിരിച്ചു കൊണ്ടു കുഞ്ഞപ്പു പറഞ്ഞു: "ഇവിടെ മിസ്റ്റർ കുഞ്ഞപ്പുവിനെ എല്ലാവരും അറിയും."

(വൈദ്യവിദ്യാർത്ഥിയും മെഡിക്കൽ റിപ്രസന്റേറ്റീവും ഫിറ്റർ കുഞ്ഞപ്പുവിന്റെ വീടന്വേഷിച്ചപ്പോൾ അത് ഫയർമേൻ രാമസ്വാമിയുടെ ബംഗ്ലാവിനടുത്താണെന്ന് ഒരു തമിഴൻ പറഞ്ഞുകൊടുത്തിരുന്നു—മെഡിക്കൽ റിപ്രസന്റേറ്റീവ് അതിവിടെ മറിച്ചു പറഞ്ഞു. ഇങ്ങോട്ടു വരുമ്പോൾ ഫയർമേൻ രാമസ്വാമിയുടെ വളപ്പിൽ ഒരെരുമത്തൊഴുത്തും അവർ കണ്ടിരുന്നു.)

"എന്നിട്ട് എരുമയെ കിട്ടിയോ?"

"ഇല്ല; വിറ്റുപോയെന്നു പറഞ്ഞു."

കുഞ്ഞപ്പു അകത്തേക്കു നോക്കി ഉറക്കെ വിളിച്ചു: "മങ്കമ്മാ, ഇങ്കെ വാ. യാര് വന്തിരുക്കത് പാര്—നമ്മ മലയാളത്ത് ഊരുകാർ......"

വാതില്ക്കൽ ഒരു രൂപം പ്രത്യക്ഷപ്പെട്ടു. കൊമ്പില്ലാത്ത ഒരെരുമ, മങ്കമ്മ.

ഭർത്താവിന്റെ സ്വന്തം ഊരുകാരെ മങ്കമ്മ ഉദാരമായി സൽക്കരിച്ചു. എരുമപ്പാലൊഴിച്ച കാപ്പി: പുട്ടുമായം—കൊഴക്കട്ട—വാളപ്പളം.

ഉച്ചയ്ക്ക് ഊണുകഴിഞ്ഞു പോയാൽ മതിയെന്ന് കുഞ്ഞപ്പു അവരെ നിർബ്ബന്ധിച്ചു ക്ഷണിച്ചു. അവർ നിന്നില്ല. എരുമയെ വാങ്ങി വൈകുന്നേരത്തെ വണ്ടിക്കുതന്നെ നാട്ടിലേക്കു പോകണം.

അവിടെനിന്നിറങ്ങുമ്പോൾ വൈദ്യവിദ്യാർത്ഥി ആരും കാണാതെ ഒരഞ്ചു റുപ്പികനോട്ട് കുഞ്ഞിന്റെ പഴഞ്ചേലത്തൊട്ടിലിൽ ഇട്ടു—പുട്ടുമായത്തിന്റെയും കൊഴക്കട്ടയുടെയും വാളപ്പളത്തിന്റെയും കാപ്പിയുടെയും പ്രതിഫലം.

മെഡിക്കൽ റിപ്രസന്റേറ്റീവ് കഥ പറഞ്ഞവസാനിച്ചപ്പോൾ പുതിയ ബന്ധുക്കളാവാൻപോകുന്ന അതിഥികൾക്കു ചായയും പലഹാരവുമായി ശ്രീധരന്റെ അമ്മ അടുക്കളയിൽനിന്നു കോലായിലേക്കു വന്നു.

"വേണ്ട—ഞങ്ങൾ ചായകഴിച്ചിട്ടാണു വരുന്നത്— " എന്നും പറഞ്ഞ് വൈദ്യവിദ്യാർത്ഥിയും മെഡിക്കൽ റിപ്രസന്റേറ്റീവും എഴുന്നേറ്റ് കൃഷ്ണൻ മാസ്റ്റർക്ക് ഒരു വിടവാങ്ങൽസലാം കൊടുത്ത്, ധിറുതിയോടെ ഇറങ്ങിപ്പോയി.

കൃഷ്ണൻമാസ്റ്റർ രണ്ടുദിവസം സ്കൂളിൽ പോകാതെ, ചിത്തഭ്രമം പിടിപെട്ട നിലയിൽ കന്നിപ്പുറമ്പിൽത്തന്നെ കഴിച്ചുകൂട്ടി. പിന്നെ മാനസിക വിഭ്രാന്തിക്ക് അല്പം ശാന്തി കിട്ടിയപ്പോൾ, ചിന്തകൾ മറ്റൊരുവഴിക്കു തിരിഞ്ഞു. ആ പെൺകുട്ടി എന്റെ മാധവിയുടെ പുനർജ്ജന്മമാണ്. തീർച്ച. അപ്പോൾ അവൾ കുഞ്ഞപ്പുവിന്റെ പെങ്ങൾ. പെങ്ങളെ ആങ്ങളയെക്കൊണ്ടു വിവാഹംകഴിപ്പിക്കുന്നത് എന്തൊരു മഹാപാപമായിരിക്കും! ദൈവം തടുത്തതാണ്—സംശയമില്ല.

അങ്ങനെ മാസ്റ്റർ സ്വയം സമാധാനിച്ചു.

കൃഷ്ണൻമാസ്റ്റർ അവസാനമായി കുഞ്ഞപ്പുവിനെപ്പറ്റി കേട്ടത് അഞ്ചാറുമാസം മുമ്പാണ്. ഫയർമേൻ കേളനിൽനിന്നുതന്നെ.

കേളന് റണ്ണിങ്ങും കഴിഞ്ഞ് അന്ന് ഓഫായിരുന്നു. പഴയ ചങ്ങാതി കുഞ്ഞപ്പുവിനെ ഒന്നു കണ്ടു കുശലമന്വേഷിക്കാമെന്നു കരുതി കേളൻ—ജോലി പോയതിനുശേഷം കുഞ്ഞപ്പു, റെയിൽവേകോളണിയിൽനിന്ന്, മങ്കമ്മയുടെ മാമാവീട്ടിലേക്കു താമസം മാറ്റിയിരുന്നു. പനയോല മേഞ്ഞ പഴയൊരു പുര.

കേളൻ അവിടെച്ചെന്നു കയറിയപ്പോൾ മുറ്റത്തു നല്ലൊരു കാഴ്ച: മടിയിൽ കുഞ്ഞിനെയും വെച്ച്, കൈയിൽ ഒരു ചുള്ളിക്കമ്പുമായി ഇരിക്കുന്ന മങ്കമ്മ. മുമ്പിൽ ഒരു പായിൽ പറങ്കിമുളക് ഉണക്കാൻ പരത്തിയിട്ടിട്ടുണ്ട്. മുറ്റത്തിന്റെ മറ്റേ അറ്റത്തു വലതുകൈകൊണ്ടു മീശപിടിച്ചു തിരിച്ച് ഇടതു കൈയിൽ വലിയൊരു വടിയുമായി ഗൗരവത്തോടെ ഇരിക്കുന്നു, കുഞ്ഞപ്പു. മുമ്പിൽ ഒരു പായിൽ പപ്പടം ഉണക്കാൻ പരത്തിയിട്ടിട്ടുണ്ട്.

അടുത്തുചെന്നപ്പോൾ കേളൻ അന്തംവിട്ടു നിന്നുപോയി! കുഞ്ഞപ്പുവിന്റെ മുമ്പിലെ പായിൽ ഉണക്കാൻ നിരത്തിയിട്ടിരിക്കുന്നതു പപ്പടമല്ല; കറൻസിനോട്ടുകളാണ്—അഞ്ചിന്റെയും പത്തിന്റെയും അനവധി നോട്ടുകള്

“ഇതെന്താണു കുഞ്ഞപ്പൂ?” കേളൻ കണ്ണുമിഴിച്ചുകൊണ്ടു ചോദിച്ചു.

“പുരയൊക്കെ ചോർന്നൊലിച്ചു ലാച്ചാറായി. പെട്ടിയിൽ വച്ച നോട്ടുകൾ നനഞ്ഞുപോയി ചങ്ങായീ—ഉണക്കാനിട്ടിരിക്കയാണ്.”

(സർവ്വീസിൽനിന്നു പിരിച്ചുവിട്ടപ്പോൾ പ്രോവിഡണ്ട് ഫണ്ട്, ഗ്രാറ്റ്യുറ്റി മുതലായ ഇനങ്ങളിലായി രണ്ടായിരത്തോളം ഉറുപ്പിക കമ്പനിയിൽ നിന്നു കുഞ്ഞപ്പുവിനു കിട്ടിയിട്ടുണ്ടായിരുന്നു. ആ പണമാണ് പായിൽക്കിടന്നുണങ്ങുന്നത്.)

മങ്കമ്മയുടെ കൈയിലെ ചുള്ളിക്കമ്പ് കാക്കയെ ആട്ടാൻ — കുഞ്ഞപ്പുവിന്റെ കൈയിലെ വടി, വല്ല കൊങ്ങൻനായിന്റെമോനും പണപ്പായിലേക്കു കണ്ണുവെക്കുന്നുണ്ടെങ്കിൽ അവനെ തല്ലാൻ.

“പഹയാ, നീയിതൊന്നും കന്നിപ്പറമ്പിൽച്ചെന്നു പറയണ്ടാ. കേട്ടോ?”

കുഞ്ഞപ്പു കേളനെ സ്നേഹപൂർവ്വം താക്കീതുചെയ്തു.

കേളൻ കന്നിപ്പറമ്പിൽ വന്ന്, കുഞ്ഞപ്പു നോട്ടുണക്കിയ കഥ കൃഷ്ണൻമാസ്റ്ററെ വിവരിച്ചു കേൾപ്പിച്ചു. അതു കേട്ടപ്പോൾ കൃഷ്ണൻമാസ്റ്റർ, വടക്കൻപാട്ടിൽ പറഞ്ഞപോലെ, ഒരു കണ്ണുകൊണ്ടു ചിരിക്കുകയും മറ്റേ കണ്ണുകൊണ്ടു കരയുകയും ചെയ്തു.

കുഞ്ഞപ്പു ഇപ്പോൾ കന്നിപ്പറമ്പിലേക്കു തിരിച്ചുവന്നത് വെറുംകൈയോടെയല്ല. ഒരു പെട്ടിയുണ്ട്. പെട്ടിയിലെ മൂന്നു വസ്തുക്കൾമാത്രം കുഞ്ഞപ്പു പുറത്തെടുത്തു. ഇളയമ്മയ്ക്ക് ഒരു കസവുപുപ്പട്ടാവ്. ഗോപാലന് ഒരു പച്ചക്കമ്പിളിപ്പുതപ്പ്. ശ്രീധരന് ഒരുടിൻ ലോസഞ്ചർമിഠായി! (ശ്രീധരൻ ഇപ്പോഴും കുട്ടിയാണെന്നാണ് മൂപ്പരുടെ ധാരണ.)

കുഞ്ഞപ്പു കന്നിപ്പറമ്പിൽ വന്നത് അറിഞ്ഞഭാവം നടിച്ചില്ല കൃഷ്ണൻമാസ്റ്റർ. ഇളയമ്മ അലോഗ്യമൊന്നും ഭാവിച്ചില്ല. ഗോപാലൻ ഒന്നും പറഞ്ഞില്ല. കാശുവല്ലതും കിട്ടുമെന്ന പ്രതീക്ഷയോടെയിരുന്നു ശ്രീധരൻ....

ഒരു ദിവസം രാവിലെ പതിവുപോലെ ഭർത്താവിനു ചക്കരക്കാപ്പി കൊണ്ടുക്കൊടുത്തപ്പോൾ (കൃഷ്ണൻമാസ്റ്ററുടെ പ്രിയപ്പെട്ട പാനീയമാണ് കൊഴുത്ത ചക്കരക്കാപ്പി) കൃഷ്ണൻമാസ്റ്റർ കുഞ്ഞപ്പുവിനെ ഉദ്ദേശിച്ചു കൊണ്ടു ചോദിച്ചു:

“എന്താണവന്റെ പ്ലാൻ?”

ഭാര്യ കൈമലർത്തിക്കാട്ടി. “എനിക്കൊന്നും മനസ്സിലാവുന്നില്ല.”

“എടാ, കുളത്തിനോടു പിണങ്ങിയാൽ ആസനം നാറും—അല്ലാതെ കുളത്തിനെന്തുപറ്റാനാണ്?

കൃഷ്ണൻമാസ്റ്റർ ഒരിക്കൽ പറഞ്ഞതാണ്—കുഞ്ഞപ്പ കേൾക്കാൻ, ശ്രീധരനോട്. റെയിൽവേക്കാരോടു സ്ട്രൈക്ക് ചെയ്തു ജോലി കളഞ്ഞതിനെ സൂചിപ്പിച്ചുകൊണ്ടാണ് മാസ്റ്റർ അങ്ങനെ പറഞ്ഞത്.

എന്നാൽ മാസ്റ്ററുടെ ആ സാരവാക്യം മറ്റൊരു പ്രകാരത്തിൽ ശ്രീധരനും ബാധകമായിരുന്നു. സ്ഥലത്തെ പത്രാധിപരോട് സ്ട്രൈക്ക് പ്രഖ്യാപിച്ചിരിക്കയാണല്ലോ ശ്രീധരന്.

അതിനെപ്പറ്റി ഒരു പുനരാലോചന നടത്തി. പുതിയൊരു ന്യായം കണ്ടു പിടിച്ചു. കുളം ഇവിടെ മാത്രമല്ലല്ലോ, ഉള്ളത്! ദൂരെ വേറെ കുളങ്ങളുമുണ്ട് പെരുമാറാൻ.

തെക്കു തിരുവിതാംകൂറിൽ കൊല്ലത്തുനിന്ന് ഒരു ചിത്രവാരിക പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. മുനിസിപ്പൽ ലൈബ്രറിയിൽവെച്ച് അതിന്റെ ലക്കങ്ങൾ പതിവായി കാണാറുണ്ട്—താൽപര്യത്തോടെ വായിക്കാറുണ്ട്. ഉയർന്ന നിലവാരം പുലർത്തുന്ന സാഹിത്യവാരികയാണ്.

തിരുവിതാംകൂർഭാഗത്തുള്ള സാധാരണക്കാർപോലും സംസാരിക്കുന്നതും എഴുതുന്നതും ചിന്തിക്കുന്നതും സാഹിത്യമാണ്. അവർക്ക് യഥാർത്ഥ സാഹിത്യം കണ്ടറിയാനും ആസ്വദിക്കാനും കഴിയും. മഹാകവി ത്രിമൂർത്തികളിൽ, കമലാസനനും പരമേശ്വരനും തിരുവിതാംകൂറിലാണ് (മൂന്നിൽ രണ്ടും). നാരായണനെ മാത്രമേ മലബാറിനു കിട്ടിയിട്ടുള്ളൂ.

കൊല്ലം ചിത്രവാരികയിലേക്ക് ഒരു കവിത അയയ്ക്കാൻ തീരുമാനിച്ചു.

പുതിയ കവിതാനോട്ടുപുസ്തകം, മീൻപെരുകിയ കുളംപോലെ കിടക്കുന്നു. അതിൽനിന്നു ചെറിയൊരു മീനിനെ ഊറ്റിയെടുത്തു: ഒരു പ്രേമ കവിത—

കൊല്ലം വാരികാപത്രാധിപർക്കയച്ചുകൊടുത്തു.

കവിത അടുത്ത ലക്കത്തിൽത്തന്നെ പ്രസിദ്ധപ്പെടുത്തിവരുമെന്നായിരുന്നു പ്രതീക്ഷ. അതിൽ കണ്ടില്ല. എന്നാൽ പിന്നത്തെ ലക്കത്തിൽ കണിശമായും പ്രത്യക്ഷപ്പെടുമെന്നു കരുതിയിരിക്കെ, ഒരു ദിവസം രാവിലെ മാളിക മുറിയിലിരുന്നു ഗണിതശാസ്ത്രത്തെ ശപിച്ചുകൊണ്ട് രംഗനാഥയ്യങ്കാർക്കുള്ള നിവേദ്യം തയ്യാറാക്കുമ്പോൾ, അച്ഛൻ താഴെനിന്നു വിളിക്കുന്നതു കേട്ടു. ആശ്വാസത്തോടെ എഴുന്നേറ്റു കോണിയിറങ്ങുമ്പോൾ, ഇടവഴിയിലൂടെ തിരിച്ചുപോകുന്ന പോസ്റ്റ്മേന്റെ കാക്കിപൃഷ്ഠവും ഒരു നോക്കു കണ്ടു.

കോലായിലെത്തി. പൊളിച്ച ഒരു കവറും കത്തും കൈയിൽ നീട്ടിക്കൊണ്ടു നിൽക്കുന്നു, അച്ഛൻ. (അച്ഛന്റെ മുഖത്തെന്താണ് നായ കാഷ്ഠിച്ചതുപോലെ ഒരറപ്പും ഈറയും?—കവറും കത്തും കൈയിൽത്തരുമ്പോൾ കാർക്കിച്ചുതുപ്പാൻ ഭാവിക്കുന്ന മട്ടിൽ ഒരു നോട്ടവും—)

അച്ഛൻ എന്തോ പറയാൻ ഭാവിച്ചു. അപ്പോൾ ക്ഷൗരക്കാരൻ വേലു, കക്ഷത്തിലെ

പെട്ടി ചുമലിലെ തോർത്തുമുണ്ടുകൊണ്ടു മറച്ചുപിടിച്ച് പടി കേറിവരുന്നതു കണ്ടു —(അച്ഛന്റെ മുഖക്ഷൗരപരിപാടി ആഴ്ചയിൽ രണ്ടു ദിവസമാണ്.)—പിന്നെ അച്ഛൻ ഒന്നും പറഞ്ഞില്ല.

കൊല്ലം ചിത്രവാരികയുടെ പേരച്ചടിച്ച്. നാദ്ധ്യാട്ടത്തിന്റെ നിറമുള്ള ഒരു കവർ, മേൽവിലാസം പൂർണ്ണമായും എഴുതിയിട്ടുണ്ട്.

ശ്രീ സി. ശ്രീധരൻ,

കന്നിപ്പറമ്പ് ഹൗസ്,

പുതിയനിരത്തിനു സമീപം,

അതിരാണിപ്പാടം.

......................................................

കത്ത്. (സി. ശ്രീധരന്റെ കവിതയെപ്പറ്റി പത്രാധിപരുടെ അഭിനന്ദന സന്ദേശമായിക്കുടെന്നില്ല)നിവർത്തിനോക്കി. കൊല്ലം ചിത്രവാരികയ്ക്കയച്ച പ്രേമകവിത!

അതിന്റെ ചോടെ, പത്രാധിപരുടെ കൈപ്പടയിൽ ചെറിയൊരു കുറിപ്പും എഴുതിച്ചേർത്തിട്ടുണ്ട്;

“കവിത അറു — ഭേഷായിരിക്കുന്നു — തിരിച്ചയയ്ക്കുന്നു—” (ഡി. പി. എന്നൊരിനീഷ്യലൊപ്പും.)

കാലുതെറ്റി കക്കൂസ് കുഴിയിൽ വീണപോലെ തോന്നി.

അച്ഛന്റെ ബീഭത്സനോട്ടത്തിന്റെ അർത്ഥം മനസ്സിലായി. കോളേജിലേക്കുള്ള പാഠങ്ങൾ പഠിക്കാതെ ഇരുന്നു കവിത കുത്തിക്കുറിക്കുന്ന ഇവന്റെ പിരാന്ത് ഇനിയും മാറിയിട്ടില്ല. മാത്രമല്ല, ആർക്കും വേണ്ടാത്ത ചവറാണല്ലോ ഭഗവാനേ, ഈ ചെക്കൻ എഴുതിക്കൂട്ടുന്നത്!.

കവിത, കൊല്ലം ചിത്രവാരികയ്ക്കയച്ചപ്പോൾ കവറിൽ സ്റ്റാമ്പ് അടക്കം ചെയ്തിരുന്നില്ല. (പിശുക്കുകൊണ്ടല്ല — കവിത പ്രസിദ്ധപ്പെടുത്തുമെന്ന പൂർണ്ണവിശ്വാസമുണ്ടായിരുന്നതുകൊണ്ട്.) കാരുണികനായ പത്രാധിപർ, ആ അറുകൊല നടത്തി, പ്രേതം കബറടക്കി സ്വന്തം ചെലവിൽ കൊല്ലത്തു നിന്ന് ഇങ്ങോട്ടയച്ചിരിക്കയാണ്!

# 10. ഇബ്രാഹിം എന്ന കാഥികൻ

ശ്രീധരൻ രാവിലെ കോളേജിലേക്കു പോകുമ്പോൾ, കോൽക്കാരൻ ആണ്ടിക്കുട്ടി തനിയെ പിറുപിറുത്തു വരുന്നതു കണ്ടു. അപ്പോൾ മീശക്കണാരനും എതിരേ വന്നു.

"ആണ്ടിക്കുട്ടി എന്താ ജപിച്ചുകൊണ്ടു വരുന്നത്? കണാരൻ ചോദിച്ചു.

"പണിക്കരെ, എഴുത്തുപള്ളീൽ ഒരാശാരിമാട്ടറിലേ്ല? — കേശവൻ. അതാ പോണ് സൈക്കിളും ഉരുട്ടിക്കൊണ്ട്—" (ആണ്ടിക്കുട്ടി നൂറുവാര അകലെ സൈക്കിളും ഉന്തിക്കൊണ്ട് നീങ്ങുന്ന കേശവൻമാസ്റ്ററെ ചൂണ്ടിക്കാട്ടി.)

"ഓൻ നെന്നെ എന്താക്കി?" കണാരൻ്റെ ചോദ്യം.

"ഞാൻ ഓനെപ്പറ്റി ആരോടോ എന്തോ കളിയാക്കിപ്പറഞ്ഞത് ഓൻ്റെ ചെകിട്ടിലെത്തീട്ടുണ്ടതേ്ര. 'ഞാൻ യൂണിഫോറത്തിൽ കേറട്ടെ. കോൽക്കാരൻ്റെ പണി ഞാൻ തെറിപ്പിക്കും' എന്ന് ആ ആശാരി ഒരു താക്കീതു തന്നിരിക്കുന്നു......."

"ആങ്— ഓന്നെ സൂക്ഷിക്കണം, ആണ്ടിക്കുട്ടീ!"—കണാരൻ ഗൗരവം നടിച്ചു പറഞ്ഞു: "ആശാരി പോലീസിസ്പേക്കെട്ടയി കാക്കിക്കളസോം കോട്ടും തൊപ്പിയുമിട്ടു വന്നാൽ പിന്നെ നമ്മക്കൊക്കെ റോട്ടിക്കൂടി നടക്കണേങ്കില് മൂപ്പരെ സമ്മതം ചോദിക്കണം —മനസ്സിലായോ?......"

"ങ്ഹ്ഹും—ങ്ഹ്ഹും—ആണ്ടിക്കുട്ടിക്കു പനിക്കും....." ആണ്ടിക്കുട്ടി നിലത്തു കാർക്കിച്ചുതുപ്പിക്കൊണ്ടു പറഞ്ഞു.

അവർ പിരിഞ്ഞുപോയി.

വെള്ള ട്വിൽഷർട്ടും ഓപ്പൺകോട്ടും ലിനൻമുണ്ടും ധരിച്ച സദാ സൈക്കിളും ഉരുട്ടിക്കൊണ്ടു പുതിയ നിരത്തിലൂടെ പോകാറുള്ള കേശവൻ മാസ്റ്റർ ആളൊരു കോമളനാണ്—പെരുമാറ്റത്തിൽ ഒരു കോമാളിയും. ശരീര പ്രകൃതികൊണ്ട് ഒരു പോലീസുദ്യോഗസ്ഥനാകാനുള്ള യോഗ്യതയുണ്ട്—കൂടെ അഹംഭാവവും. പോലീസ്— സബ്ബിൻസ്പെക്ടർമാരുടെ സെലക്ഷനു പോയിട്ടുണ്ട്—തിരഞ്ഞെടുപ്പുഫലം അറിവായിട്ടില്ല. പക്ഷേ, കേശവൻ ഇപ്പോൾത്തന്നെ ഒരു പോലീസ് ഇൻസ്പെക്ടരുടെ നടപ്പും നോട്ടവും നാട്യവും തുടങ്ങിയിരിക്കുന്നു. ആരോടെങ്കിലും അലോഗ്യം തോന്നിയാൽ കേശവൻ തൻ്റെ സൈക്കിൾ നിർത്തി, മുഖം തിരിച്ചു ഭീഷണിപ്പെടുത്തും: ഞാൻ യൂണിഫോറത്തിൽ കേറട്ടെ. അപ്പോൾ കാണിച്ചു തരാം.

കേശവൻമാസ്റ്ററുടെ പോലീസ്കോലംതുള്ളൽ കണ്ട ഏറ്റവുമധികം ഭയാധീനനായത് സ്കൂൾമാനേജർ ചന്തുപ്പണിക്കരാണ്. കേശവൻ മാസ്റ്ററെ പിണക്കിയാൽ കാര്യം അപകടം. പോലീസിൻസ്പെക്ടരായി വരുമ്പോൾ പകവീട്ടും. താൻ രാത്രി കക്ഷികളെ മുമ്പിലിരുത്തി കവിടി നിരത്തുമ്പോൾ പോലീസ് ഇൻസ്പെക്ടർ കേശവൻ പെട്ടെന്നു കേറിവന്ന്, ഇവിടെ കളവു മുതൽ ഒളിപ്പിച്ചുവെച്ചതായി പരാതി കിട്ടിയിട്ടുണ്ട്, പരിശോധിക്കണം എന്നു പറഞ്ഞാൽ എന്തുചെയ്യും? പറമ്പിൻ്റെ മൂലയിൽ എന്തെങ്കിലും സാധനം കൊണ്ടുവന്നിട്ട്, ഇതാ കളവു മുതൽ! എന്നും പറഞ്ഞ് തന്നെ അറസ്റ്റ്

ചെയ്തുകൊണ്ടുപോയി ലോക്കപ്പിലിട്ടാൽ എന്തുചെയ്യും?

കേശവൻമാസ്റ്ററുടെ ജന്മനക്ഷത്ര്മെന്താണെന്ന പണിക്കർ സൂത്ര്ത്തിൽ ചോദിച്ചു മനസ്സിലാക്കി. അന്ന രാത്രി കേശവന്റെപേരിൽ പണിക്കർ രാശി വാരിവച്ചുനോക്കി. ശുഭലക്ഷണം: പോലീസുദ്ദേ്യാഗം കിട്ടുമെന്ന തീർച്ച....

കേശവൻമാസ്റ്റർ അപേക്ഷിക്കാതെതന്നെ പിശുക്കനായ മാനേജർ ചന്തുപ്പണിക്കർ കേശവൻമാസ്റ്ററുടെ ശമ്പളം അഞ്ചുറുപ്പിക വർദ്ധിപ്പിച്ചു കൊടുത്തു.

ആ ആശാരി കേശവൻമാസ്റ്ററാണ് കോൽക്കാരൻ ആണ്ടിയുടെ ജോലി തെറിപ്പിക്കുമെന്ന ഭീഷണിപ്പെടുത്തിയിരിക്കുന്നത്. കോൽക്കാരൻ ആണ്ടിയെ മാത്ര്മല്ല, ദേശത്തെ പല വ്യക്തികളെയും കേശവൻ നോട്ടു ചെയ്തുവെച്ചിട്ടുണ്ടത്രേ—പോലീസ് യൂണിഫോറത്തിൽ കേറിയാൽ കടന്നാക്ര്മിക്കാൻ.

കോളേജിലെത്തിയപ്പോൾ കുട്ടികൾ അവിടവിടെ കൂടിനിന്ന് എന്തോ കുശുകുശുപ്പറയുന്ന. കാര്യമെന്താണെന്ന. കുമാരമേനോക്കിയോടു ചോദിച്ചു. “കക്കൂസിന്റെ ചുമരിൽ പോയി നോക്ക്.” മേനോക്കി ഉപദേശിച്ചു. കക്കൂസിന്റെ ചുമരിൽ പോയി നോക്കി. അകത്തെ ചുമരിൽ കരികൊണ്ടു വലിയ അക്ഷരത്തിൽ എഴുതിയിരിക്കുന്ന: “ക്ര്ശനണ്ണിനായർമാസ്റ്റർ കുട്ടിയെ കൊന്ന കുഴച്ചിട്ടു.”

രണ്ടുദിവസം മുമ്പ് നാരായണൻനമ്പ്യാർ ആ കഥ വളരെ സ്വകാര്യമായി ശ്രീധരനോടു പറഞ്ഞിട്ടുണ്ടായിരുന്ന. ഇപ്പോൾ ആ വാർത്ത കക്കൂസ് ചുമർപ്പത്ര്ത്തിൽ വെണ്ടയ്ക്ക അക്ഷരത്തിൽ പരസ്യപ്പെടുത്തിയിരിക്കുന്ന.

കോളേജ് ഹൈസ്കൂളിലെ ബോട്ടണിടീച്ചറാണ് കൃഷ്ണനുണ്ണി നായർ. വെളുത്തുമെലിഞ്ഞ് തലയിൽ ചുരുൾമുടിക്കിരീടം ധരിച്ച ഒരു യുവകോമളൻ. സ്നേഹശീലനം നർമ്മോക്തികുശലനമായ ഒരദ്ധ്യാപകൻ. പഠിപ്പിക്കുന്നതിലും മിടുക്കൻ. വിദ്യാർത്ഥികൾക്ക് കൃഷ്ണനുണ്ണിനായർ മാസ്റ്ററോട് എന്തൊരിഷ്ടമാണെന്നോ! ഫലിതം പറഞ്ഞ് കുട്ടികളെ കൂടെക്കൂടെ ചിരിപ്പിക്കും. കൃഷ്ണനുണ്ണിനായർമാസ്റ്ററുടെ ബോട്ടണിക്ളാസ് പൊട്ടിച്ചിരികളുടെ ഒരു ലേബൊറേട്ടറിയാണെന്ന് ഡ്രായിങ് മാസ്റ്റർ രാമക്കിടാവു പറയാറുണ്ട്—

ആ കൃഷ്ണനുണ്ണിമാസ്റ്റർക്ക് ഒരപകടം പിണഞ്ഞു. കൃഷ്ണനുണ്ണി നായരുടെ വിവാഹം കഴിഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യയുടെ അനുജത്തി സംഗീതം പഠിക്കാൻ ഏട്ടത്തിയുടെകൂടെ വന്ന താമസമാക്കി. ഒരു കൊല്ലം കഴിഞ്ഞപ്പോൾ ആദ്യം പെറ്റത് കൃഷ്ണനുണ്ണിനായരുടെ ഭാര്യയായിരുന്നില്ല. ആ ഭാഗ്യം സിദ്ധിച്ചത് അവിവാഹിതയായ അനുജത്തിക്കായിരുന്ന......മാസ്റ്റർ ആ ചോരക്കുഞ്ഞിനെ ഞെക്കിക്കൊന്ന കുളക്കരയിൽ കുഴിച്ചിട്ടു. കുഞ്ഞിന്റെ ശവം കുറുക്കൻ മാന്തി പുറത്താക്കി......

ആ വാർത്ത നാട്ടിൽ സ്വകാര്യമായി പ്ര്ചരിച്ചു. അതു കേട്ട വിദ്യാർത്ഥികൾ വളരെ വ്യസനിച്ചു. കൃഷ്ണനുണ്ണിനായർമാസ്റ്ററെ അവർക്കു വെറുക്കാൻ കഴിഞ്ഞില്ല. മാസ്റ്റർ അവരുടെ ഹൃദയത്തെ അത്ര്കണ്ടു വശീകരിച്ചിട്ടുണ്ടായിരുന്ന.

കക്കൂസ് ഭിത്തിയിൽ ആ വാർത്ത പരസ്യംചെയ്തത് വിദ്യാർത്ഥികളിലാരുമായിരുന്നില്ല. അതെഴുതിയത് ആരാണെന്ന് എല്ലാവർക്കുമറിയാം. അറ്റന്റർ മുസ്തഫ.

ബോട്ടണി ലേബൊറേട്ടറി അറ്റന്ററാണു മുസ്തഫ. കറുത്തു മെലിഞ്ഞു കിളരം കൂടിയ

ഒരു കോലം. ചുവന്ന കണ്ണുകൾ. മുഖത്ത് ഒരുഗ്രൻമീശയും. പഠാണിവംശജനാണ് മുസ്തഫ.

മുസ്തഫ മദ്യപിക്കും—നേരവും നിലയും നോക്കാതെ കള്ളുകുടിക്കും. സ്കൂൾ വിട്ടാൽ അയാളെ കാണുക പോക്കിരികളുടെ സൈറ്റിലായിരിക്കും. മദ്യപാനം, ചൂതാട്ടം, മറ്റു പലതും.

ബോട്ടണിക്ളാസ്സിൽ കുട്ടികളെ പഠിപ്പിക്കാൻ ചില പ്രത്യേക സസ്യങ്ങൾ ശേഖരിച്ചുകൊണ്ടുവരാൻ, കൃഷ്ണനുണ്ണിമാസ്റ്റർ മുസ്തഫയെ നിയോഗിക്കും. മുസ്തഫ ആദ്യം കള്ളുഷാപ്പിലൊന്നുകേറും. ഒരു രണ്ടുകുപ്പി അടിക്കും. പിന്നെ, പറഞ്ഞേല്പിച്ച ചെടിയുടെ പേരു മറക്കും. കറ്റവാഴയ്ക്കു പകരം കടലാവണക്കും ചെമ്പരത്തിപ്പൂവിനു പകരം കോളാമ്പിപ്പൂവുമായിട്ടായിരിക്കും മുസ്തഫ ബോട്ടണിക്ളാസ്സിൽ ചെന്നുകേറുക. കൃഷ്ണനുണ്ണി നായർ മാസ്റ്റർ ചിരിക്കും—കൂടെ കുട്ടികളും.

ആദ്യമൊക്കെ മാസ്റ്റർ ക്ഷമിച്ചു. മുസ്തഫയുടെ സ്വഭാവത്തിനു മാറ്റം വന്നില്ല. ഒരുദിവസം മുസ്തഫ കള്ളുംകുടിച്ചു വന്ന് കൃഷ്ണനുണ്ണി നായർ മാസ്റ്ററോടു തട്ടിക്കേറി—തനി പോക്കിരിമട്ടിൽ. കൃഷ്ണനുണ്ണി നായർ ഹെഡ്മാസ്റ്ററോടു കംപ്ലെയിന്റുചെയ്തു. ഹെഡ്മാസ്റ്റർ അറ്റന്റർ മുസ്തഫയെ ഉഗ്രമായി താക്കീതുചെയ്തു. ഇനിയൊരു കംപ്ലെയിന്റ് കിട്ടിയാൽ ജോലിയിൽനിന്നു ഡിസ്മിസ് ചെയ്യുമെന്ന്.....ഈയവസരത്തിലാണ് കൃഷ്ണനുണ്ണിനായർമാസ്റ്റർക്കു മേല്പറഞ്ഞ അപകടം പിണഞ്ഞത്. മുസ്തഫ തന്റെ പക കക്കൂസ് ചുമരിൽ വിസർജ്ജിച്ചു.

കക്കൂസിലെ ചുമരെഴുത്ത് ബോട്ടണി സ്റ്റുഡന്റ് ശങ്കരനടിയോടി ചുരണ്ടി മാച്ചുകളഞ്ഞു. പക്ഷേ, അപ്പോഴേക്കും കോളേജിലെ കുട്ടികൾ മുഴുവനും ആ വരികൾ മനപ്പാഠമാക്കിക്കഴിഞ്ഞിരുന്നു.

ആ സംഭവത്തെക്കുറിച്ച് ഒരു കഥയെഴുതുവാൻ തീരുമാനിച്ചു. ശ്രീധരൻ.

'മാന്യതയുടെ ശവക്കുഴി' എന്നൊരു തലക്കെട്ടും കണ്ടുപിടിച്ചു.

വൈകുന്നേരം കോളേജിൽനിന്നു വീട്ടിലേക്കു മടങ്ങുമ്പോൾ ശ്രീധരന്റെ ചിന്ത 'മാന്യതയുടെ ശവക്കുഴി'യുടെ സംവിധാനത്തെപ്പറ്റിയായിരുന്നു. കഥയിൽ കൃഷ്ണനുണ്ണിനായർമാസ്റ്ററെ ഒരു വില്ലനാക്കാൻ തീരെ മനസ്സു വന്നില്ല. മാസ്റ്ററുടെ ഭാര്യയുടെ നിസ്സഹായാവസ്ഥ കഥയുടെ കേന്ദ്രബിന്ദുവാക്കണം. ഒരുവശത്തു ഭർത്താവ്—മറുവശത്ത് അനുജത്തി. ആ സാധ്വി എന്തുചെയ്യും? കുറ്റം മുഴുവനും സംഗീതം പഠിക്കാൻ വന്ന അനുജത്തിയുടെ തലയിൽ വെച്ചുകെട്ടണം. ആ നിർവ്വഹണസന്ധിയെക്കുറിച്ചു ചിന്തിച്ചു കൊണ്ടു നടക്കുമ്പോൾ, റോഡിൽ എതിരെ വരുന്നു കൊമ്പൻദാമു.

ദാമു കൈയിൽ ഒരു മാസിക ചുരുട്ടിപ്പിടിച്ചിരുന്നു.

"എന്താ ദാമു, ഇത്? നീ എന്നുമുതൽക്കാണ് മാസികവായനക്കാരനായത്?" അല്പം പരിഹാസത്തോടെ ചോദിച്ചു.

ദാമു മാസിക ശ്രീധരന്റെനേർക്കു നീട്ടി.

ശ്രീധരൻ വാങ്ങി നോക്കി. മാസികയല്ല, വാരികയാണ്. രാജായുടെ പത്രാധിപത്യത്തിൽ പുറപ്പെടുന്ന പ്രശസ്തവാരിക.

"നീയൊന്നു വായിച്ചുനോക്ക്. ഇതിൽ എന്റെ മുതലാളീന്റെ മരേവാന്റെ ഒരു കഥയുണ്ട്." ദാമു ഗൗരവഭാവത്തിൽ അറിയിച്ചു.

"ആരാ നിന്റെ മുതലാളിയുടെ മരുമകൻ?" വാരികയുടെ ഏടുകൾ

മറിച്ചുനോക്കിക്കൊണ്ട് ശ്രീധരൻ ചോദിച്ചു.

"ഇബ്രാഹിം എന്നാണ് ആ ചങ്ങാതിയുടെ പേര്. പണ്ട് ഒരു ടെയിലറായിരുന്നു. ഇപ്പോൾ മുതലാളീന്റെ തുണിഷാപ്പിൽ അസിസ്റ്റാൻഡ് മാനേജരായി കൂടിയിരിക്കയാണ്. ആ നൊണ്ടിക്കാലനെ നീ കണ്ടിട്ടുണ്ടായിരിക്കും—"

ദാമു ജോലിചെയ്യുന്ന തുണിഷാപ്പിൽ, ഒരു മുടന്തനെ കണ്ടത് ശ്രീധരൻ ഓർത്തു.

വാരികയുടെ ഏട്ടുകൾ വീണ്ടും മറിച്ചുനോക്കി; അതാ കിടക്കുന്നു. നടുവിലത്തെ പേജിൽത്തന്നെ,

"ചെറുകഥ, കർമ്മഫലം—

(വിരിപ്പിൽ ഇബ്രാഹിം)"

അമ്പടാ കേമാ!

"ആഴ്ചപ്പതിപ്പ് നീ എടുത്തോ." — ദാമു ഒരു ഭാരം ഒഴിഞ്ഞുകിട്ടാൻ തരപ്പെട്ടഭാവത്തിൽ മൊഴിഞ്ഞു. "ആ ചങ്ങാതി ഈ ആഴ്ചപ്പതിപ്പിന്റെ ഇരുപത്തഞ്ചു പ്രതികൾ വിലകൊടുത്തു വാങ്ങി. എല്ലാ സ്നേഹിതന്മാർക്കും സമ്മാനിച്ച കൂട്ടത്തിൽ ഒന്നെനിക്കും സമ്മാനിച്ചു. ആ നൊണ്ടിക്കാലന്റെ കഥ വായിക്കാൻ എനിക്കിപ്പം നേരമില്ല." ദാമു തിരിഞ്ഞു നടന്നു. ശ്രീധരൻ കന്നിപ്പറമ്പിലേക്കും.

ചായകഴിച്ച മാളികമുറിയിൽച്ചെന്നിരുന്ന് വാരികയിലെ 'കർമ്മഫലം—ചെറുകഥ' അവധാനപൂർവ്വം വായിച്ചു. സുന്ദരമായ ഭാഷ. രസികൻ സംഭാഷണം. ഇതിവൃത്തത്തിനും ഒരു പുതുമയുണ്ട്. ഒരു തയ്യൽക്കാരൻ മാപ്പിള യുവാവ് ശുദ്ധമായ ഭാഷയിൽ, കല്പനാ വൈഭവത്തോടെ അവതരിപ്പിച്ച സാഹിത്യശില്പം ശ്രീധരനെ അദ്ഭുതപ്പെടുത്തി—അല്പം അസൂയയും തേട്ടിവന്നു.

കാഥികൻ വിരിപ്പിൽ ഇബ്രാഹിമിനെ ഒന്നു നേരിൽ കണ്ടു പരിചയപ്പെടണം: ശ്രീധരൻ മനസ്സിൽ കരുതി. കഥയെഴുത്തിന്റെ മർമ്മം ആ അനുഗൃഹീത കാഥികനിൽനിന്നു മനസ്സിലാക്കണം.

പിറ്റേന്ന് കൊമ്പൻദാമുവിനെ കണ്ടു.

"എനിക്കു നിന്റെ മുതലാളിയുടെ മരുമകൻ ഇബ്രാഹിമിനെ ഒന്നു കണ്ടു പരിചയപ്പെടണം." ശ്രീധരൻ തന്റെ ആഗ്രഹം അറിയിച്ചു.

"ഓ! നീയും ഒരു കവിതക്കാരനാണല്ലോ—ഇപ്പോൾത്തന്നെ എന്റെ കൂടെ വരുന്നോ — ഇബ്രാഹിമിനെ നിനക്ക് ഇൻട്രഡ്യൂസ് ചെയ്തുതരാം — ആളുകൾ തന്നെ കാണാൻ വരുന്നത് ആ നൊണ്ടിക്കാലനും വലിയ കുളുസ്സായിരിക്കും—"

ദാമുവിന്റെ പിന്നാലെ ശ്രീധരൻ ആ വലിയ ജവുളിക്കടയുടെ മുമ്പിലെത്തി.

"ഇപ്പോൾ നല്ല സമയമാണ്." ദാമു അറിയിച്ചു: "ഇബ്രാഹിമിന്റെ ഇളയാപ്പ— മുതലാളി—പുറത്തു പോയിരിക്കയാണ്."

ക്യാഷ് കൗണ്ടറിന്റെ പിറകിൽ ഒരു വെള്ളത്താടിക്കാരൻ ഇരിക്കുന്നുണ്ടായിരുന്നു.

"അയാളാണ് മാനേജർ ഉസ്മാൻകോയ." ദാമു പറഞ്ഞു.

ഇബ്രാഹിം എവിടെ?

ദാമു ചൂണ്ടിക്കാട്ടി: ദൂരെ ഒരു മൂലയിൽ, തുണികൾ അടുക്കി സൂക്ഷിച്ച വെച്ച വലിയൊരു ചില്ലലമാരയ്ക്കരികെ, ഒരു ചെറുപ്പക്കാരൻ മുഖവും കുനിച്ചിരിക്കുന്നു: ഇബ്രാഹിം.

ഇബ്‌രാഹിം മടിയിൽ ഒരു ബുക്കും നിവർത്തിവെച്ചു വായിക്കുകയാണ്.

അടുത്തുചെന്നു.

ദാമു ശ്‌രീധരനെ പരിചയപ്പെടുത്തി: "ഞങ്ങളുടെ അതിരാണിപ്പാടത്തെ ഒരു യുവസാഹിത്യകാരൻ — പേരു ശ്‌രീധരൻ — ഇബ്‌രാഹിമിനെ ഒന്നു കണ്ടു പരിചയപ്പെടാൻ വന്നിരിക്കയാണ്—"

"ഒരു പുതിയ ആരാധകൻ — അങ്ങനെയല്ലേ?" ഇബ്‌രാഹിം ഒരഭിമാനപ്പുഞ്ചിരിളുകി മടിയിലെ പുസ്തകം ഷെൽഫിൽ ഒളിപ്പിച്ചു.

"ആഴ്ചപ്പതിപ്പിലെ കർമ്മഫലം വായിച്ചു — ഒന്നാന്തരം കഥ." ശ്‌രീധരൻ തന്റെ അഭിനന്ദനം കാഴ്ചവെച്ചു.

അനേകം അഭിനന്ദനങ്ങൾ കേട്ടു തഴമ്പിച്ച മട്ടിലായിരുന്നു ഇബ്‌രാഹിമിന്റെ പ്‌രതികരണം. നിസ്സംഗഭാവത്തിൽ ചുണ്ടുകോട്ടി ഒന്നു തലയാട്ടി.

"താങ്കൾ കഥകൾ രചിക്കാറുണ്ടോ?" (അച്ചടിഭാഷയിലാണു സംസാരം.)

"ചിലപ്പോഴൊക്കെ കഥയെഴുതാറുണ്ട്—"

"ഫബ്‌ലീസ് ചെയ്തിട്ടുണ്ടോ?"

"ഒന്നുരണ്ടെണ്ണം കോളേജ്മാസികയിൽ പ്‌രസിദ്ധപ്പെടുത്തീട്ടുണ്ട്."

"ധാരാളം ബുക്കുകൾ വായിക്കണം. എന്നാൽ മാത്‌രമേ കഥകൾ രചിക്കാൻ കഴിയുകയുള്ളൂ." കാഥികനിബ്‌രാഹിമിന്റെ ഉപദേശം.

ശ്‌രീധരൻ തലകുനിച്ച് അതംഗീകരിച്ചു.

ഇബ്‌രാഹിമിനു പിന്നേയും പല ഉപദേശങ്ങളും നല്കാനുണ്ടായിരുന്നു. പക്ഷേ, അപ്പോഴേക്കും മുതലാളി ഷാപ്പിൽ വന്നുകേറി — പിന്നാലെ രണ്ടു കക്ഷികളും.

"ഒരുദിവസം രാവിലെ എന്റെ വസതിയിൽ വന്നാൽ നമുക്കു വിസ്തരമായി ഒരു ചർച്ച സങ്കടിപ്പിക്കാം." എന്നു ധൃതിയോടെ പറഞ്ഞ് തന്റെ ഇടതുകാലും വലിച്ചിഴച്ചുകൊണ്ട് ഇബ്‌രാഹിം കക്ഷികളെ പരിചരിക്കാൻ മറ്റേ മൂലയിലേക്കു നീങ്ങി.

"ഇനി വേഗം പൊയ്ക്കോ." കൊമ്പൻ ദാമു ശ്‌രീധരനെ കണ്ണും കൈയും കാട്ടി താക്കീതുചെയ്തു — (മുതലാളി ഒരു ചെന്നായെപ്പോലെ തലപൊക്കി നോക്കുന്നുണ്ട്.)

ഇബ്‌രാഹിമിനെ അസിസ്റ്റൻഡ് മാനേജർ എന്നു പറയുന്നുണ്ടെങ്കിലും, അയാളവിടെ ദാമുവിനെപ്പോലെ ഒരു സേൽസ്മേൻ മാത്‌രമാണെന്ന് ശ്‌രീധരനു മനസ്സിലായി. അതു വേറെകാര്യം. 'കർമ്മഫല'ത്തിന്റെ കർത്താവായ അനുഗൃഹീത സാഹിത്യകാരൻ വിരിപ്പിൽ ഇബ്‌രാഹിമിനോട് ആദ്യം തോന്നിയ ബഹുമാനത്തിനു തെല്ലും ഭംഗം സംഭവിച്ചില്ല.

ശ്‌രീധരൻ 'മാന്യതയുടെ ശവക്കുഴി'യുടെ പണി തുടങ്ങി. നാലു ദിവസം മിനക്കെട്ടിരുന്ന് എഴുതിയിട്ടാണ് കഥ പൂർത്തിയാക്കിയത്.

കഥ, ഇബ്‌രാഹിമിനെ വായിച്ചുകേൾപ്പിച്ച്, ആ വിദഗ്ദ്ധന്റെ അഭിപ്‌രായം കേട്ട്, ഉപദേശങ്ങൾ സ്വീകരിച്ച്, വേണമെങ്കിൽ മാറ്റി എഴുതാമെന്നും തീരുമാനിച്ചിരിക്കയാണ്.

പിറ്റേന്നു ഞായറാഴ്ച ഇബ്‌രാഹിമിന് ഒഴിവുദിവസമാണ്—വീട്ടിൽ ചെന്നാൽ സൗകര്യമായി ചർച്ച നടത്താം.

ഇബ്‌രാഹിമിന്റെ വീട് എവിടെയാണെന്ന് കൊമ്പൻദാമു അടയാളം

പറഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നു. പൂഴിക്കരയിൽ കടപ്പുറത്തിനു സമീപം വലിയ ശവപ്പറമ്പിന്റെ കിഴക്കുഭാഗത്ത്, ഒരു ബദാംമരവും രണ്ടു ശീമപ്ലാവും പടർന്നു പന്തലിച്ചുകിടക്കുന്ന ഒരു മുക്കോൺപറമ്പിൽ, പഴയമട്ടിലുള്ള വലിയൊരു ഓലപ്പുര— അതിന്റെ ഒരുവശത്ത് ഒരു ആപ്പീസ് മുറി പുതുതായി പണിതിട്ടുണ്ട്.

ശ്രീധരൻ ഉച്ചയ്ക്ക് ഊണുംകഴിഞ്ഞ് 'മാന്യതയുടെ ശവക്കുഴി' യുമായി പൂഴിക്കരയിലേക്കു പുറപ്പെട്ടു. പൂഴിക്കരയിലെ വലിയപള്ളിശ്മശാനത്തിനടുത്തെത്തിയപ്പോൾ ഒരു ബദാംമരവും രണ്ടു ശീമപ്ലാവും തലയുയർത്തി നില്ക്കുന്ന ആ കൊച്ചുപറമ്പ് ദൃഷ്ടിയിൽ പതിഞ്ഞു. അവിടെ ഓലമേഞ്ഞ ആ പഴയവീടും, ചെത്തിത്തേക്കാത്ത ചുമരുകളോടുകൂടിയ പുതിയ ആപ്പീസ് മുറിയുടെ മുദ്രയും തെളിഞ്ഞുകണ്ടു.

അങ്ങോട്ടു കേറിച്ചെന്നു.

മദ്ധ്യവയസ്കയായൊരു മുസ്ലീം സ്ത്രീ മുറ്റത്ത് ഒരാട്ടിൻകുട്ടിയെ പച്ച പ്ലാവില തീറ്റുന്നുണ്ടായിരുന്നു.

"ഇബ്രാഹിമിന്റെ വീടല്ലേ, ഇത്?" ശ്രീധരൻ സ്വല്പം ആദരവോടെ ചോദിച്ചു.

ആ സ്ത്രീ ആഗതനെ ഒന്നു സൂക്ഷിച്ചുനോക്കി, തലയിലെ തട്ടം പിടിച്ച് ഒന്നു നേരെയാക്കി, അതേ എന്നു മുഖമിളക്കിക്കാട്ടി.

"ഇബ്രാഹിം ഇവിടെയില്ലേ?"

"ഇബ്രായിം കടപ്പൊറത്തേക്കെറങ്ങീരിക്യാ—പ്പം ബരും — ങ്ങള് കേറി കുത്തിരിക്കീം...... " അവർ ആപ്പീസ് മുറിയിലേക്കു ചൂണ്ടിക്കാട്ടി.

(കാഥികൻ കടപ്പുറത്തു പോയതു കാറ്റുകൊള്ളാനല്ല — മലവിസർജ്ജനത്തിനാണ്)

ശ്രീധരൻ കോലായിലേക്കു കയറി. ആപ്പീസ്മുറിയുടെ വാതിൽ മലർക്കെ തുറന്നിട്ടിരിക്കുന്നു.

കാഥികന്റെ പണിപ്പുരയിലേക്കു ശ്രീധരൻ കൗതുകത്തോടെ ഒന്നു കണ്ണയച്ചു.

മുറിയുടെ ഒരു മൂലയിൽ പഴയൊരു ചില്ലലമാര നിറയെ പുസ്തകങ്ങൾ! മുറിയുടെ മദ്ധ്യത്തിൽ ഒരെഴുത്തുമേശ.......മേശയ്ക്കരികെ ഒരു തുണിക്കസേര, മേശപ്പുറത്തും കസേരയുടെ കൈകളിൽ വിലങ്ങനെ പ്രതിഷ്ഠിച്ച വീതിയുള്ള മരപ്പലകമേലും നിലത്തും പുസ്തകങ്ങൾ കിടക്കുന്നു. ചിലവ തുറന്നമട്ടിലാണ്...കടലാസ് തുണ്ടംകൊണ്ടു പേജ് അടയാളപ്പെടുത്തിവെച്ചിട്ടുണ്ട്.

ഇത്രയേറെ ഗ്രന്ഥങ്ങൾ ഒരേസമയത്തു വായിച്ചുതള്ളുന്ന ഇബ്രാഹിമിന്റെ വിജ്ഞാനതൃഷ്ണയെയോർത്ത് ശ്രീധരൻ വിസ്മയപ്പെട്ടു.

ഇബ്രാഹിമിന്റെ ഇഷ്ടഗ്രന്ഥങ്ങൾ ഏതെല്ലാമാണെന്നറിയാൻ ശ്രീധരൻ ഒരു മിന്നൽപ്പരിശോധന നടത്തി:

'വിരുതൻ ശങ്കു', 'ശാന്തകുമാരി', 'ഇന്ദുലേഖ', 'സുകുമാരകഥാമഞ്ജരി' ഇവ നാലും മേശപ്പുറത്തു വിശ്രമിക്കുന്നു. 'കോമളവല്ലി', 'ആ വല്ലാത്ത നോട്ടം', 'ബദ്റുൾമുനീർ' ഇവ മൂന്നും കസേരക്കൈപ്പലകമേൽ വാ തുറന്നു കിടക്കുന്നു. 'വിധിയോടു പൊരുതിയ ചില ധീരാത്മാക്കളും' 'ലണ്ടൻ കൊട്ടാരത്തിലെ രഹസ്യങ്ങളും' നിലത്തു കിടക്കുന്നു.......

എന്തൊക്കെയോ കുത്തിക്കുറിച്ച രണ്ടുമൂന്നുപായ കടലാസുകൾ മേശപ്പുറത്തു കിടക്കുന്നതും കണ്ടു. ഇബ്രാഹിം പുതുതായി എഴുതിക്കൊണ്ടിരിക്കുന്ന കഥയായിരിക്കണം

—ശ്രീധരൻ തഞ്ചത്തിൽ ആ കൈയെഴുത്തുപ്രതിയിലേക്ക് ഒന്നെത്തിനോക്കി. വായിച്ചുനോക്കിയപ്പോൾ കഥയുടെ പ്രകൃതമല്ല—പരസ്പരബന്ധമില്ലാത്ത വരികളും വാക്യമാലകളും. കടലാസുകൾ മറിച്ചുനോക്കി. എല്ലാറ്റിലും അങ്ങനെത്തന്നെ — ക്രമേണ പിടികിട്ടി. പല പുസ്തകങ്ങളിൽനിന്നും പകർത്തിയെഴുതിവെച്ചിരിക്കയാണ്. 'ഇന്ദുലേഖ' യിൽനിന്നു ചെറിയൊരു ഖണ്ഡിക — 'ആ വല്ലാത്ത നോട്ട' ത്തിൽനിന്ന് ആറേഴുവരി സംഭാഷണം—'കോമളവല്ലി' യിൽനിന്ന് ഒരു വർണ്ണന— വിരുതൻശങ്കു' വിൽനിന്ന് ഒരു ചെറുവിവരണം......അങ്ങനെ കിടക്കുന്നു, സംഭരിച്ചു വെച്ച സാഹിത്യവിഭവങ്ങൾ.

പുതിയൊരു ഷീറ്റ് പേപ്പറിൽ 'സ്ത്രീധനം' എന്നു വലിയ അക്ഷരത്തിൽ എഴുതിവെച്ചിരിക്കുന്നു. (പുതിയ കഥയുടെ തലക്കെട്ടായിരിക്കും)

വിരിപ്പിൽ ഇബ്രാഹിം ചെറുകഥ രചിക്കുന്ന സൂത്രം ശ്രീധരനു മനസ്സിലായി. ഇബ്രാഹിം മുമ്പൊരു ടെയിലറായിരുന്നുവല്ലോ—പലതരത്തിലും വലിപ്പത്തിലുമുള്ള ശീലക്കഷണങ്ങൾ പെറുക്കിയെടുത്തു കൂട്ടിച്ചേർത്തു പുതിയൊരുടുപ്പു തുന്നിയുണ്ടാക്കുന്ന വേലതന്നെയാണ് ഇവിടേയും പ്രയോഗിച്ചിരിക്കുന്നത്. ഇബ്രാഹിം തീരെ നിർദ്ധനനല്ല —സ്വല്പം ഭാവന കൈമുതലായിട്ടുണ്ട്—വായനകൊണ്ടു നേടിയ ലേശം വിജ്ഞാനവും. കഥയ്ക്കു പുതിയ പേ്ലാട്ട് കണ്ടുപിടിക്കും. അതിനു രൂപം കൊടുക്കാൻ ആവശ്യമായ ഭാഷ, വർണ്ണന, സംഭാഷണം തുടങ്ങിയ ഘടകങ്ങൾ വേറെ ആണുങ്ങളെഴുതിയ ഗ്രന്ഥങ്ങളിൽനിന്നു തരംപോലെ അല്പസ്വല്പ മാറ്റങ്ങളോടെ മോഷ്ടിക്കും. അവയെല്ലാം കഴയും മുഴയും കൂടാതെ സംയോജിപ്പിക്കാനും ഇബ്രാഹിമിനു കഴിയും.

രാജായുടെ വാരികയിൽ വന്ന 'കർമ്മഫല' വും അന്യരുടെ തുണിക്കഷണങ്ങൾകൊണ്ടു തുന്നിയുണ്ടാക്കിയ കുപ്പായമായിരുന്നു. 'വിരുതൻ ശങ്കു' വിലെയും 'കോമളവല്ലി' യിലെയും വാചകങ്ങളും വർണ്ണനകളും ഓർത്തുകൊണ്ടിരിക്കുന്നവരല്ലല്ലോ പത്രാധിപന്മാർ.

ഇബ്രാഹിം ദൂരെനിന്നു നൊണ്ടിക്കൊണ്ടു വരുന്നതു ജാലകത്തിലൂടെ കണ്ടപ്പോൾ, ശ്രീധരൻ വേഗം ആഫീസ് മുറിയിൽനിന്നു കോലായിലേക്കു മാറി. പിന്നെ വീട്ടിൽനിന്ന് ഇറങ്ങുന്ന ഭാവത്തിൽ ഒരു കാൽ കോലായിലും മറ്റേക്കാൽ മുറ്റത്തുമായിവെച്ചു നിലകൊണ്ടു.

ഇബ്രാഹിം ശ്രീധരനെ സൂക്ഷിച്ചുനോക്കി. പെട്ടെന്ന് ആളെ മനസ്സിലായില്ല. പിന്നെ പിടികിട്ടിയപ്പോൾ ഒന്നിളിച്ചു; തുറന്നുകിടക്കുന്ന ആപ്പീസ് മുറിയിലേക്കു പരിഭ്രമത്തോടെ ഒന്നു നോക്കുകയുംചെയ്തു.

തന്റെ പണിപ്പുരയിലെ രഹസ്യം ഈ പഹയൻ കണ്ടുപിടിച്ചുവോ? ഇബ്രാഹിമിന്റെ മുഖത്തു നിഴലിച്ച ജാള്യവും അങ്കലാപ്പും ശ്രീധരൻ കണ്ടു.

"ശ്രീധരൻ വന്നിട്ടു വളരെനേരം ആയോ?" ഇബ്രാഹിം ലോഗ്യംനടിച്ചു കൊണ്ടു ചോദിച്ചു.

"ഇല്ല. വന്നുകേറിയതേയുള്ളു—ഇബ്രാഹിം ഇവിടെ ഇലെ്ലന്നറിഞ്ഞപ്പോൾ ഞാൻ ഇറങ്ങാൻ ഭാവിക്കുകയായിരുന്നു.......".

ശ്രീധരൻ മനപ്പൂർവ്വം കളവുപറഞ്ഞു. ആടിനെ തീറ്റിയ ഉമ്മച്ചി പറമ്പിന്റെ മൂലയിലേക്കു പോകുന്നത് ശ്രീധരൻ കണ്ടിട്ടുണ്ടായിരുന്നു. (അവരാണല്ലോ ഏക ദൃക്സാക്ഷി)

"ശ്രീധരന്റെ സന്ദർശനസമയം പറ്റിയില്ലല്ലോ........." ഇബ്രാഹിം പരിഭ്രമം മാറ്റി പരിഭവസ്വരത്തിൽ പറഞ്ഞു.

"എനിക്ക് ഇപ്പോൾത്തന്നെ ഒരു സുഹൃത്തിന്റെ വിവാഹത്തിൽ സംബന്ധിക്കാൻ പുറപ്പെട്ടുപോകേണ്ടിയിരിക്കുന്നു."

"സാരമില്ല — ഞാൻ പിന്നെയൊരിക്കൽ വരാം—"

ഇബ്രാഹിം ശങ്കിച്ചുനിന്നു. അതിഥിയെ ആപ്പീസ്മുറിയിലേക്കു ക്ഷണിക്കാൻ ആത്മധൈര്യം പോരാ.

"ഞാൻ വേഗം വസ്ത്രംമാറ്റി വരാം. നമുക്ക് ഒന്നിച്ചിറങ്ങാം." അതിഥിയെ ഇരിക്കാൻപോലും ക്ഷണിക്കാതെ ഇബ്രാഹിം, വേഗം ആപ്പീസ്മുറിയുടെ വാതിൽ അടച്ചുപൂട്ടി, അറയിലേക്കു നടന്നു. തുണിയും കുപ്പായവും മാറ്റി, കൈയിൽ പുതിയൊരു ശീലക്കുടയും തൂക്കിപ്പിടിച്ചു കൊണ്ട് അഞ്ചുമിനിട്ടിനകം പുറത്തുവന്നു.

"നമുക്കു ചായ, മക്കാനിയിൽനിന്നു കുടിക്കാം—"

(അതിഥിസൽക്കാരമര്യാദയെപ്പറ്റി വളരെ വൈകിയിട്ടാണ് ഇബ്രാഹിം ഓർത്തത്.)

"ചായയൊന്നും ഇപ്പോൾ വേണ്ട, ഇബ്രാഹിം—" ശ്രീധരൻ സ്നേഹപൂർവ്വം ആ സൽക്കാരം നിരസിച്ചു.

ഇരുവരും പുറത്തിറങ്ങി മഹാശ്മശാനത്തിനടുത്തുവെച്ചു പിരിഞ്ഞു. ഇബ്രാഹിം തെക്കോട്ടും ശ്രീധരൻ കാറ്റുകൊള്ളാൻ വടക്കേ ബീച്ചിലേക്കും.

യാത്ര പറയുമ്പോൾ ഇബ്രാഹിം ഉപദേശിച്ചു: "എന്നെ സന്ദർശിക്കാൻ ശ്രീധരൻ ഇനി ഇങ്ങോട്ടുവരുമ്പോൾ വിവരം മുൻകൂട്ടി അറിയിക്കണം, കേട്ടോ? ഞങ്ങളുടെ ഷാപ്പിലെ സേൽസ്മേൻ ദാമോദരനോടു പറഞ്ഞാൽ മതി......".

കാഥികനിബ്രാഹിമിന്റെ ഉപദേശം ശിരസാവഹിച്ചുകൊണ്ട് ശ്രീധരൻ നടന്നു.

ഇബ്രാഹിമിന്റെ ആപ്പീസ് മുറിയിലെ സാഹിത്യപ്രേതങ്ങളെ ഓർത്തു തനിയെ ചിരിച്ചുകൊണ്ട് അങ്ങനെ നടക്കുകയായിരുന്നു.

"ഫ്ംധ് ധ ധുംം ം—"ഒന്നു ഞെട്ടിപ്പോയി. ആ ഭയങ്കരശബ്ദത്തെത്തുടർന്നു ചെറിയൊരു ഭൂമികുലുക്കവുമുണ്ടായി.

ശ്രീധരൻ പരിഭ്രമത്തോടെ ചുറ്റുപാടും കണ്ണയച്ചു. റോഡിനടുത്ത പറമ്പിൽനിന്നാണ് ആ ആരവവും കുലുക്കവും പുറപ്പെട്ടത്.

ഒരു പീറ്റത്തെങ്ങിന്റെ തല മുറിച്ചു തള്ളിവീഴ്ത്തിയ ശബ്ദമാണ് കേട്ടത്. മേല്പോട്ടുനോക്കി —തലപോയ തെങ്ങിന്റെ അറ്റത്ത് ഒരുത്തൻ ഇരുന്നാടുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ ആ ആകാശസവാരിക്കാരനെ മനസ്സിലായി: തുപ്രൻ — കിട്ടൻറൈറ്ററുടെ പഴയ പ്രിയശിഷ്യൻ തുപ്രൻ.

തുപ്രൻ മരംമുറിക്കാരനായിട്ടു നാലഞ്ചു കൊല്ലമായി. കിട്ടൻറൈറ്ററുടെ ഉപദേശപ്രകാരം, തുപ്രൻ മരംമുറിക്കാൻ ആണ്ടിയുടെ കീഴിൽ ആറുമാസത്തോളം അപ്രണ്ടിസ്സായി പരിശീലനം നേടി, ചുമലിൽ വലിയൊരു കമ്പിച്ചുരുളും (ചിലപ്പോൾ മറ്റേ ചുമലിൽ ഒരു കമ്പിച്ചുറയും) കൈയിലൊരു കോടാലിയുമായി നീങ്ങുന്ന തുപ്രനെ ശ്രീധരൻ ചിലപ്പോഴെല്ലാം വഴിക്കു കാണാറുണ്ടായിരുന്നു. പുരയ്ക്കുമീതേ ചാഞ്ഞുനില്ക്കുന്ന

തെങ്ങുകൾക്കു കമ്പികെട്ടുക അല്ലെങ്കിൽ അവ മുറിച്ചു കളയുക. അങ്ങനെ ആപൽക്കരമാണെന്നു കാണുന്ന മറ്റു മരങ്ങളും ശാഖകളും സംഹരിക്കുക — ഇതെല്ലാമാണ് തുപ്രന്റെ വേല. ഈ വേലയിൽ തുപ്രനോടു മത്സരിക്കാൻ അടുത്ത പ്രദേശങ്ങളിൽപ്പോലും വേറെ ആരുമില്ലെന്നു പറയാം.

ആകാശത്തിൽ ആപൽക്കരമായ ഈ അഭ്യാസപ്രകടനത്തിനു ധൈര്യപ്പെടുന്നവരും ചുരുക്കമാണ്.

അങ്ങനെ, മുമ്പു കൂലിപ്പണിക്കാരനായിരുന്ന തുപ്രൻ, ഇപ്പോൾ ഒരു കൺട്രാക്ടരാണ്. മരംമുറിക്കൺട്രാക്ടർ. ഇപ്പോൾ തുപ്രനു ജോലിയന്വേഷിച്ച് തെണ്ടിത്തിരിയേണ്ട ആവശ്യമില്ല; കക്ഷികൾ അവനെത്തേടി വന്നു കൊള്ളും.

“ഒരു തെങ്ങ് പുരയ്ക്കുമീതേ ചാഞ്ഞുനില്ക്കുന്നു. മുറിക്കണമല്ലോ തുപ്രാ.”

തുപ്രൻ സ്ഥലത്തുവന്ന് ഒരു വിഹഗവീക്ഷണം നടത്തും. വൃക്ഷത്തിന്റെ നിലപാട്—ചെരിവ്—ആക്കത്തുക്കം—പരിസരത്തിന്റെ ടോപ്പോ ഗ്രാഫി ഇവയെല്ലാം മനസ്സിൽ കുറിച്ച്, പ്ലാൻ തയ്യാറാക്കുന്നമട്ടിൽ, നാക്കു മേൽച്ചുണ്ടിലേക്കു വളച്ചുവെച്ചു മേലോട്ടു നോക്കി കുറേനേരം നിലകൊള്ളും. പിന്നെ പ്രതിഫലത്തെപ്പറ്റി ഒരു പ്രഖ്യാപനമുണ്ടാകും: “പത്തുറുപ്യ.”

കക്ഷികൾ പേശാനൊന്നും നില്ക്കുകയില്ല. മരം എപ്പോഴാണ് പുരയ്ക്കു മേൽ വീഴുന്നതെന്നറിഞ്ഞുകൂടാ —വേറെ മരംമുറിക്കാരെത്തേടി പോകാനും നേരമില്ല. അതിനാൽ ഉടൻ സമ്മതിക്കും.

താൻ സ്പെഷ്യലൈസ്ചെയ്ത വേലയിൽ വിദക്ദ്ധനാണ് തുപ്രൻ. വളരെ പൊക്കത്തിൽനിന്നു മുറിക്കുന്ന കനത്ത കൊമ്പുകളും തായ്മരക്കഷണങ്ങളും താഴെ താൻ വിചാരിച്ച വരയിലേക്കു വളരെ കണിശമായി അവൻ വെട്ടിത്തള്ളി വീഴ്ത്തും. പുരയ്ക്കോ പറമ്പിലെ മറ്റു മരങ്ങൾക്കോ അണു പോലും പരിക്കേല്പിക്കാതെതന്നെ—

കനത്ത തല വെട്ടിത്തള്ളിയതിന്റെ പ്രത്യാഘാതത്തിൽ ആടുന്ന തെങ്ങുംതുഞ്ചത്തു പറ്റിപ്പിടിച്ചു തെങ്ങിനോടൊപ്പം ആകാശത്തിൽ ആടുന്ന തുപ്രനും ഒരു അദ്ഭുതദൃശ്യമായിത്തോന്നി, ശ്രീധരന് — തലയില്ലാത്തൊരു കുതിരയുടെ കഴുത്തിൽ, ആകാശത്തിൽ, ഒരു രാക്ഷസൻ സവാരിചെയ്യുന്നു!

ശ്രീധരൻ ബീച്ചിൽ പോയി കുറേനേരം കാറ്റുകൊണ്ടിരുന്നു. പിന്നെ വീട്ടിൽ മടങ്ങിയെത്തിയപ്പോൾ നേരം നല്ലവണ്ണം ഇരുട്ടിയിരുന്നു. വീട്ടിന്റെ തെക്കേ മുറ്റത്തുനിന്ന് ഉച്ചത്തിലുള്ള സംഭാഷണം കേട്ട്, ചെകിടോർത്തു. ഗോസായിഭാഷയിലാണു സംസാരം. ‘അച്ഛാ ഹൈ’—’തും പീയോ’— ‘മേഹർബാനി’—’പിശ്ശാങ്കത്തി പക്കോ’......

ഗോസായികൾതന്നെ: പാളസ്സാറും ഗോപിക്കുറിയും ഇരുമ്പുദണ്ഡം ലോട്ടയുമായി ചില ഹിന്ദുസ്ഥാനിപണ്ടാരങ്ങൾ വരാറുണ്ട്. കൃഷ്ണൻ മാസ്റ്റർക്ക് അവരോടു വലിയ കമ്പമാണ്. അവരെ ഭക്തിപൂർവ്വം സ്വീകരിക്കും—ചിലപ്പോൾ അവരെ അതിഥികളെയെന്നപോലെ വീട്ടിൽ ഒരു ദിവസം പാർപ്പിക്കുകയും ചെയ്യാറുണ്ട്. അവർ കന്നിപ്പറമ്പിൽ ക്യാമ്പടിച്ചിട്ടുണ്ടാവും.

ശ്രീധരൻ മെല്ലെ തെക്കേ മുറ്റത്തേക്കൊന്നെത്തിനോക്കി. അവിടെ അശോകമരച്ചുവട്ടിൽ രണ്ടു രൂപങ്ങൾ—അവരിലൊരാളെ മനസ്സിലായി — വല്യേട്ടൻ—ഫിറ്റർ കുഞ്ഞപ്പു—സൂക്ഷിച്ചുനോക്കിയപ്പോൾ മറ്റേ പുള്ളിയേയും പിടികിട്ടി. പാണൻ

കണാരൻ.

പാണൻ കണാരൻ പരദേശയാത്ര കഴിഞ്ഞ് കൃഷ്ണൻമാസ്റ്ററെ സന്ദർശിക്കാൻ വന്നിരിക്കയാണ്. കൃഷ്ണൻമാസ്റ്റർ ഹാജിയുടെ വീട്ടിൽനിന്ന ട്യൂഷൻ കഴിഞ്ഞ് ഇനിയും എത്തിയിട്ടില്ല. ആ തക്കം നോക്കി കണാരൻ ഒരു കഞ്ചാവുവലി പാസ്സാക്കാൻ തെക്കേ മുറ്റത്തേക്കു പോയി. പ്ലാവിലക്കുമ്പിളിൽ തീക്കനലും കഞ്ചാവും ഒരുക്കിക്കൊണ്ടിരിക്കെ, കുഞ്ഞപ്പു മണത്തറിഞ്ഞ് പാണന്റെ മുമ്പിലെത്തി. പിന്നെ രണ്ടുപേരും മാറിമാറി കഞ്ചാവു വലിയാരംഭിച്ചു. കഞ്ചാവു വലിയാരംഭിക്കുമ്പോൾ ഹിന്ദുസ്ഥാനിയിൽ മാത്രമേ സംസാരിക്കാവൂ എന്നൊരു പ്രമാണം പാണൻ ഉദ്ധരിച്ചു. പിന്നെ അന്തരീക്ഷം ഗോസായിമയം—പണ്ട് പട്ടാളത്തിലായിരുന്നപ്പോൾ പഠിച്ച ഹിന്ദുസ്ഥാനിവാക്കുകളെല്ലാം കുഞ്ഞപ്പു ഓർത്തോർത്തു ഛർദ്ദിച്ചു കൊടുത്തു. പലതും മറന്നുപോയിരിക്കുന്നു. 'പിശ്ശാങ്കത്തി പക്കോ' എന്നു തട്ടിവിട്ടത് കുഞ്ഞപ്പുവാണ്.

# 11. ആൽത്തറസന്ന്യാസി

ഗോപാലേട്ടന്റെ രോഗം പുതിയൊരു പതനത്തിലായി. അതു തലച്ചോറിന്റെ ഞരമ്പുകളിൽ കടന്നു കുറേശ്ശെ ആക്രമണം തുടങ്ങി.

“ശ്രീധരാ—ശ്രീധരാ—ഓടിവാ—ഇതു നോക്ക്.....” ഗോപാലേട്ടൻ വിളിക്കും, ഒരദ്ഭുതം കാട്ടിക്കൊടുക്കാൻ.

ശ്രീധരൻ അരികിലേക്ക് ഓടിച്ചെല്ലും. അപ്പോൾ ഗോപാലേട്ടൻ കണങ്കൈയിൽനിന്ന്—അല്ലെങ്കിൽ വിരൽത്തുമ്പിൽനിന്ന്—എന്തോ നുള്ളിയെടുത്തു മെല്ലെ വലിച്ചുനീട്ടിപ്പിടിക്കുന്നതു കാണാം—”നോക്ക് — ഗുൽഗുലു വരുന്നത്.....”

“ഒന്നും കാണുന്നില്ലല്ലോ ഗോപാലേട്ടാ!’ എന്നു വാസ്തവം തുറന്നു പറഞ്ഞാൽ മൂപ്പർക്കു ശുണ്ഠിവരും: “കണ്ണിനു കാഴ്ചയില്ലേടാ നെനക്ക് — നോക്ക്— പീണച്ചക്കര പോലെ ഗുലുഗുലു വലിഞ്ഞുവരുന്നത്...”

താൻ സേവിച്ച പല ലേഹ്യങ്ങളും—അക്കൂട്ടത്തിൽ ഗുലുഗുലുവും — രോമക്കുഴികളിലൂടെ പുറത്തേക്കു നൂൽപ്രായത്തിൽ നിർഗ്ഗമിക്കുന്നു എന്നൊരു തോന്നലാണ് ഗോപാലേട്ടനെ പിടികൂടിയിരിക്കുന്നത്. മസ്തിഷ്ക നാഡികളിലൂടെയുള്ള ഈ മായാപ്രദർശനം സ്വല്പനേരമേ നിലനിൽക്കൂ —ബോധം പൂർവ്വനില പ്രാപിക്കുമ്പോൾ ഗോപാലേട്ടൻ താൻ കാട്ടിയ വിഡ്ഢിത്തമോർത്തു പശ്ചാത്തപിക്കും. നാണവും സങ്കടവുംകൊണ്ടു മിഴികൾ നനയുന്നതു കാണാം. കോസടിയിൽ ചെരിഞ്ഞുകിടന്നു തല ചായ്ച്ച്, ദൂരെ നോക്കി തന്റെ ദുർവ്വിധിയോർത്തുകൊണ്ടു കണ്ണീരൊഴുക്കുന്ന ഗോപാലേട്ടനെ കാണുമ്പോൾ ശ്രീധരന്റെ മിഴികളിലും വെള്ളം നിറയും.

“നീ ‘ജ്ഞാനപ്പാന’ എടുത്തുകൊണ്ടുവന്നൊന്നു വായിക്ക്.” ഗോപാലേട്ടൻ മിഴികൾ തുടച്ചു മുഖത്തു പ്രസന്നത വരുത്താൻ ശ്രമിച്ചുകൊണ്ടു പറയും.

“മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ...”

നാട്ടുവൈദ്യന്മാരും ഡോക്ടർമാരും മന്ത്രവാദികളും യൂനാനിഭിഷക്കുകളും തങ്ങളുടെ കഴിവുകൾ പ്രയോഗിച്ചുനോക്കി. ഗോപാലേട്ടന്റെ രോഗനില അങ്ങനെത്തന്നെ.

ആയവസരത്തിലാണ്, ആൽത്തറസന്ന്യാസിയുടെ അദ്ഭുതസിദ്ധികളെപ്പറ്റിയുള്ള വാർത്ത പ്രചരിച്ചത്.

രാജാകോളേജിനടുത്ത്, ക്ഷേത്രക്കുളത്തിന്റെ കരയിലെ വലിയ ആൽത്തറയിൽ ഒരു സന്ന്യാസി വന്നിരിക്കുന്നു. ആൽത്തറയുടെ ഒരുവശത്ത് ഓലയും മുളയുംകൊണ്ട് ഒരു പർണ്ണശാല കുത്തിമറച്ചുണ്ടാക്കി അതിലാണ് സന്ന്യാസി കുടിയിരിക്കുന്നത് — ഒരു ശിഷ്യനുമുണ്ട്.

കോളേജിലേക്കു പോകുമ്പോൾ ശ്രീധരൻ ആ യോഗിവര്യനെ ചിലപ്പോഴെല്ലാം കാണാറുണ്ട്. ഒരു ലങ്കോട്ടികൊണ്ടു നഗ്നത മറച്ച് ദേഹമാസകലം ഭസ്മം പൂശിയ മെലിഞ്ഞു

നീണ്ടൊരു കോലം — ആറടി പൊക്കം കാണും. തലയിൽനിന്നു പുകയിലക്കോവപോലെ തൂങ്ങിക്കിടക്കുന്ന ജട. മുഖത്തും കൺപുരികങ്ങളിലും കൺപീലികളിലും കൂടി ഭസ്മലേപനംചെയ്തിരിക്കുന്നു. ചാരത്തിനുള്ളിൽനിന്നു തീക്കനൽപോലെ ജ്വലിക്കുന്ന മിഴികൾ.

സന്ന്യാസി രോഗികളെ ചികിത്സിക്കും. ഏതു രോഗവും മാറ്റാൻ കഴിവുള്ള ഒറ്റമൂലികളും ഗുളികകളും ഭസ്മങ്ങളും ഈ സന്ന്യാസിവര്യന്റെ കൈയിലുണ്ടത്രേ.

ആൽത്തറസന്ന്യാസിയുടെ അദ്ഭുതസിദ്ധികളെപ്പറ്റിയുള്ള പല കഥകളും നാട്ടിൽ പരന്നു. രോഗികളും ഭക്തന്മാരും ആൽത്തറയ്ക്കു ചുറ്റും തടിച്ചുകൂടി.

ധനികഗൃഹങ്ങളിലേക്കു സന്ന്യാസിയെ വിളിച്ചുകൊണ്ടുപോകും. സന്ന്യാസി കുതിരവണ്ടിയിലേ സഞ്ചരിക്കുകയുള്ളൂ. ജീവാതുഗുളികകളും ശുഷ്കമൂലികകളും ഭസ്മങ്ങളും അടക്കംചെയ്ത ഒരു വെള്ളിച്ചെല്ലവും ആമാശയത്തിന്റെ ആകൃതിയിലുള്ള ഒരു കാവിത്തുണിഭാണ്ഡവും സന്ന്യാസിയുടെ കൈയിലുണ്ടായിരിക്കും. പുറത്തിറങ്ങുമ്പോൾ പച്ചനിറത്തിലുള്ള ഒരു കമ്പിളിസാൽവ മടക്കി ചുമലിലിടും. ചിലപ്പോൾ ശിഷ്യനും കൂടെയുണ്ടായിരിക്കും.

ചികിത്സയ്ക്കു ഫീസ് വാങ്ങുകയില്ല. എന്നാൽ കക്ഷികൾ കഴിവനുസരിച്ച് ഒരു സംഭാവന കൊടുക്കണം; സന്ന്യാസി ഹരിദ്വാരത്തിൽ പുതുതായി പണിയാനുദ്ദേശിക്കുന്ന മഹാകാപാലിക്ഷേത്രത്തിന്റെ നിർമ്മാണച്ചെലവിലേക്കാണത്രേ ഈ സംഭാവന.

"ആൽത്തറസന്ന്യാസി വന്ന് ഒന്നു തൊട്ടാൽ മതി —ഗോപാലൻറൈറ്ററുടെ ദണ്ഡം സുഖപ്പെടും......." പല സുഹൃത്തുക്കളും —മരക്കച്ചവടക്കാരൻ ഭാസ്കരൻമുതലാളിയും — കൃഷ്ണൻമാസ്റ്ററെ ഉപദേശിച്ചു.

"അച്ഛാ, ആൽത്തറസന്ന്യാസിയെ ഇന്നലെ രാത്രി ഞാൻ സ്വപ്നം കണ്ടു. സന്ന്യാസി എന്നെ പിടിച്ചെഴുന്നേല്പിച്ചു. 'നടക്ക്' എന്നു കല്പിച്ചു....." ഗോപാലേട്ടൻ അച്ഛനോട് ആവേശത്തോടെ പറഞ്ഞു.

ഗോപാലേട്ടന്റെ സന്ന്യാസിദർശനം വെറും പകൽക്കിനാവായിരിക്കാം. എന്തായാലും തന്റെ രോഗം സുഖപ്പെട്ട് താൻ എഴുന്നേറ്റ് നടക്കുമെന്ന് ഒരു വിശ്വാസം ഗോപാലേട്ടൻ പുലർത്തിവന്നിരുന്നു.

അങ്ങനെ ഒരുദിവസം രാവിലെ ആൽത്തറസന്ന്യാസിയെ കൂട്ടിക്കൊണ്ടു വരാൻ കൃഷ്ണൻമാസ്റ്റർതന്നെ പുറപ്പെട്ടുപോയി.

സന്ന്യാസിയെ തട്ടിക്കൊണ്ടുപോകുന്നതിന് തക്കംപാർത്ത് പല വലിയ ആളുകളും ആൽത്തറയ്ക്കു ചുറ്റും കൂടിനില്ക്കുന്നുണ്ടായിരുന്നു. പർണ്ണശാലയുടെ ഓലവാതിൽ ബന്ധിച്ച് സന്ന്യാസി ഉള്ളിൽ പൂജചെയ്യുകയാണ്. (കാവിഭാണ്ഡത്തിൽ പൊതിഞ്ഞുവെച്ചിരിക്കുന്നത് അമൂല്യമായൊരു സാള ഗ്രാമമാണെന്നും അതു ഹരിദ്വാരത്തിൽ പണിയാൻപോകുന്ന മഹാകാപാലി ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കാനുള്ളതാണെന്നും സന്ന്യാസിയുടെ ശിഷ്യൻ ചിലരോടു സ്വകാര്യമായി പറഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നു. ആ സാളഗ്രാമത്തെയാണ് ഇപ്പോൾ പൂജിക്കുന്നത്.)

പൂജ കഴിഞ്ഞു പുറത്തുവന്നാൽ സന്ന്യാസി, അവിടെ കാത്തു നില്ക്കുന്ന കക്ഷികളെയെല്ലാം കടാക്ഷിക്കും. പിന്നെ അക്കൂട്ടത്തിൽനിന്നു തനിക്കിഷ്ടപ്പെട്ട ഒരു

വ്യക്തിയെ ചൂണ്ടിക്കാട്ടി ജഡ്ക്കവണ്ടി ഒരുക്കിക്കൊള്ളാൻ പറയും.

കൃഷ്ണൻമാസ്റ്ററുടെ യോഗ്യതയിലാകൃഷ്ടനായിട്ടോ എന്തോ സന്ന്യാസി അന്ന് ആദ്യമായി തെരഞ്ഞെടുത്തത് കൃഷ്ണൻമാസ്റ്ററെയായിരുന്നു. ജഡ്ക്കവണ്ടി ഒരുക്കിനിർത്തിയിട്ടുണ്ട്.

ആൽത്തറസന്ന്യാസിയുടെ വരവുണ്ടെന്നു കേട്ട് അതിരാണിപ്പാടത്തെയും അയൽപ്രദേശങ്ങളിലെയും ആളുകൾ കന്നിപ്പറമ്പിൽ തടിച്ചുകൂടി. ഗോപാലേട്ടൻ അലക്കിയ മുണ്ടും ഷർട്ടും ധരിച്ച് ആൽത്തറസന്ന്യാസിയുടെ ദർശനവും സ്പർശനവും പ്രതീക്ഷിച്ച് ആവേശത്തോടെ കാത്തുകിടന്നു.

സന്ന്യാസിയും ശിഷ്യനും കൃഷ്ണൻമാസ്റ്ററും കന്നിപ്പറമ്പിൽ വന്നു കേറി.

സന്ന്യാസി ഒരു നിമിഷംപോലും കളയാതെ നേരെ രോഗിയുടെ മുമ്പിൽ വന്നു. ഷർട്ടഴിക്കാൻ ആംഗ്യം കാട്ടി. ഗോപാലേട്ടൻ ഷർട്ടഴിച്ചു. പിന്നെ മുണ്ടു ചുരുട്ടി അരയിലേക്കു നീക്കിവെച്ച് വിറകുകൊള്ളിപോലെയുള്ള കാലുകൾ കാട്ടിക്കൊടുത്തു.

സന്ന്യാസി എന്തോ മന്ത്രംചൊല്ലി വെള്ളിച്ചെപ്പു തുറന്ന് കുറച്ചു ഭസ്മമെടുത്തു രോഗിയുടെ മൂർദ്ധാവിലും മാറത്തും പാദങ്ങളിലും പൂരട്ടി. പിന്നെ ഏഴു ഗുളികകളെടുത്ത് കൃഷ്ണൻമാസ്റ്ററുടെ കൈയിൽ കൊടുത്തു. ഹിന്ദുസ്ഥാനിയിൽ എന്തോ പറഞ്ഞു.

ശിഷ്യൻ പരിഭാഷപ്പെടുത്തി: നിത്യവും രാവിലെ ഓരോ ഗുളിക തേനിലുരച്ചു സേവിക്കണം.

കോലായിൽ സന്ന്യാസിയെ പൊതിഞ്ഞുനിന്നിരുന്ന ആളുകളിൽ നിന്നു ഹൈക്കുളസ് കിട്ടുണ്ണി തിക്കിത്തിരക്കി മുന്നോട്ടുവന്നു.

രാവിലെ എഴുന്നേല്ക്കുമ്പോൾ കിട്ടുണ്ണിക്കു കഠിനമായ തലവേദന; അതു മാറ്റാൻ മരുന്നു വേണം.

സന്ന്യാസി കുറച്ചു ഭസ്മം നുള്ളിക്കൊടുത്തു — രാവിലെ പാലിൽ അരച്ചുകലക്കി കുടിക്കാൻ.

മഹാകാപാലിക്ഷേത്രനിർമ്മാണഫണ്ടിലേക്ക് കൃഷ്ണൻമാസ്റ്റർ പത്തുറുപ്പിക സംഭാവനചെയ്തു. സന്ന്യാസി പണം സ്പർശിക്കുകയില്ല. നോട്ടു വാങ്ങിവെച്ചതു ശിഷ്യനായിരുന്നു.

(കൃഷ്ണൻമാസ്റ്റർ ശിഷ്യനും ഒരുറുപ്പിക കൈമടക്കി.)

കുതിരവണ്ടിയിൽ കയറി സന്ന്യാസിയും ശിഷ്യനും ഉടൻ സ്ഥലം വിട്ടു.

ഗോപാലേട്ടന്റെ മുഖത്ത് ഒരദ്ഭുതപ്രസാദം—"എന്റെ കാലിൽ എന്തോ അരിക്കുന്നപോലെ തോന്നുന്നു —ഞരമ്പുകൾ ജീവൻ വെച്ചുണരുന്നതു പോലെ " വലതുകാൽ പൊക്കാൻ ശ്രമിച്ചുകൊണ്ട് ഗോപാലേട്ടൻ പറഞ്ഞു.

"ദാ —നോക്കു — കാല് കുറേശെ പൊങ്ങുന്നു! —" ഗോപാലേട്ടൻ ആഹ്ളാദത്തോടെ വിളിച്ചുപറഞ്ഞു.

കൃഷ്ണൻമാസ്റ്ററും അവിടെ കൂടിനിന്നവരും കുനിഞ്ഞുനോക്കി. കാല് കോസടിയിൽ മരക്കഷണംപോലെതന്നെ കിടക്കുന്നു—മസ്തിഷ്കഞരമ്പുകളുടെ മിഥ്യാപ്രകടനമാണെന്ന് മറ്റുള്ളവർക്കു മനസ്സിലായി.

"ഗുളിക കുടിക്കണം—ഗുളിക കുടിച്ചാൽ മറ്റേ കാലും ശരിപ്പെടും." ഗോപാലേട്ടൻ

ആവേശത്തോടെ പറഞ്ഞു. കിഴക്കുനിന്നു ചന്തുക്കുഞ്ഞൻ കൊണ്ടുവന്നിരുന്ന ശുദ്ധമായ തേൻ അവിടെ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. ശ്രീധരന്റെ അമ്മ ഗുളിക തേനിലുരച്ച് ഗോപാലനു കുടിക്കാൻ കൊടുത്തു.

അരമണിക്കൂറു കഴിഞ്ഞ് കന്നിപ്പറമ്പിൽനിന്ന് ആളുകൾ പിരിഞ്ഞു പോയി.

കൃഷ്ണൻമാസ്റ്റർ ഡയറിയെടുത്തു നിവർത്തി, ആൽത്തറസന്ന്യാസിയുടെ വരവിനെപ്പറ്റി കുറിപ്പെഴുതാൻ തുടങ്ങുകയാണ്—(മാസ്റ്റർ മുടങ്ങാതെ നിത്യവും ഡയറിയെഴുതും.)

ഗോപാലേട്ടനു തോന്നിത്തുടങ്ങുന്നു. ഇടതുകാലും വായുവിൽ പൊങ്ങുന്നതായി — എന്തൊരദ്ഭുതം!

കന്നിപ്പറമ്പിലേക്ക് ഒരു കൊടുങ്കാറ്റുപോലെ കുതിച്ചുകേറിവരുന്നു. ആര്?— ആൽത്തറസന്ന്യാസി!

കൃഷ്ണൻമാസ്റ്റർ ഡയറി ദൂരെയെറിഞ്ഞ് ചാടിയെഴുന്നേറ്റു.

“ഹമാരാ ഭാണ്ഡ് കിധർ ഹൈ? — ലാവോ —” ഒരു സിംഹഗർജ്ജനം.

സന്ന്യാസിയുടെ ഭാണ്ഡം കാണാനില്ലത്രേ!

സന്ന്യാസി വീണ്ടും കന്നിപ്പറമ്പിലേക്കു വരുന്നതുകണ്ട് അയൽപക്കക്കാർ തുരുതുരെ ഓടിയണഞ്ഞു.

സന്ന്യാസി കന്നിപ്പറമ്പിൽനിന്നു മടങ്ങി കുതിരവണ്ടിയിൽ കയറുമ്പോൾ ആ ഭാണ്ഡം സന്ന്യാസിയുടെ കൈയിൽ എല്ലാവരും കണ്ടതാണ്. പിന്നെ അത് ഇവിടെ വന്ന് അന്വേഷിക്കേണ്ട കാര്യമെന്ത്?

“യേ ഹമാരാ ഭാണ്ഡ് നഹി. യേ ദൂസ്രാ ഭാണ്ഡ് ഥാ....”

അതു സന്ന്യാസിയുടെ ഭാണ്ഡമായിരുന്നില്ലത്രേ. ഭാണ്ഡം ആരോ മാറ്റിക്കളഞ്ഞു— കന്നിപ്പറമ്പിൽവെച്ച്.

“അങ്ങയുടെ ഭാണ്ഡത്തിൽ എന്താണുണ്ടായിരുന്നത്?” കൃഷ്ണൻ മാസ്റ്റർ ആദരവോടെ ചോദിച്ചു.

സന്ന്യാസി അതിനെപ്പറ്റി ഒന്നും പറയുന്നില്ല.

“മാറിക്കിട്ടിയ ഭാണ്ഡത്തിലെന്താണുള്ളത്?”

അതിനെപ്പറ്റിയും മൂപ്പർ ഒന്നും മിണ്ടുന്നില്ല.

“എന്റെ ഭാണ്ഡം തന്നില്ലെങ്കിൽ ഞാൻ ഈ രോഗിയെ ശപിക്കും. ശരീരം മുഴുവൻ മരവിച്ചുപോകും—”

“അയ്യോ—ചെയ്യരുതേ!—” ഗോപാലേട്ടൻ ഉറക്കെ നിലവിളിച്ചുകൊണ്ടു ദയനീയമായി അപേക്ഷിച്ചു.

കൃഷ്ണൻമാസ്റ്റർ അന്തംവിട്ടു നിന്നു.

പൊതുജനത്തിനു നല്ലൊരു നേരമ്പോക്ക്. സന്ന്യാസിയുടെ ഭാണ്ഡം വളരെ കൗശലത്തോടെ ആരോ തട്ടിയെടുത്തിരിക്കുന്നു.

“ഞാൻ പത്ത് എണ്ണിത്തീരുന്നതിനുമുമ്പ് എന്റെ ഭാണ്ഡം മുമ്പിൽ എത്തിയില്ലെങ്കിൽ ഞാൻ ഈ വീട്ടുകാരെ മുഴുവൻ ശപിക്കും; എല്ലാവർക്കും ഭ്രാന്തുപിടിക്കും—” ഉഗ്രഭീഷണിയോടെ ആൽത്തറസന്ന്യാസി എണ്ണിത്തുടങ്ങി; “ഏക്സ—

ദോ—തീൻ.....”

ഭാണ്ഡവുംകൊണ്ട് ആരും മുന്നോട്ടുവന്നില്ല.

പൊതുജനം പരിഭ്രമത്തോടെ പരസ്പരം മിഴിച്ചുനോക്കി.

“ഞാൻ ഈ ദേശക്കാരെയും ശപിക്കും—” സന്ന്യാസി സംഹാരരുദ്രനെപ്പോലെ മിഴികൾ ജ്വലിപ്പിച്ചുകൊണ്ട് ജടയിൽനിന്ന് ഒരു രോമക്കട്ട പൊട്ടിച്ചെടുത്തു ജപിച്ച് കന്നിപ്പറമ്പിന്റെ നടുമുറ്റത്തേക്കു വലിച്ചെറിഞ്ഞു....

അപ്പോൾ അകത്തുനിന്ന് ഒരലർച്ച കേട്ടു. ആളുകൾ അദ്ഭുതത്തോടെ നോക്കി.

കൈയിൽ ഒരു കൊടുവാളും പൊക്കിപ്പിടിച്ച് പല്ലിളിച്ചു ഗർജ്ജിച്ചുകൊണ്ടു പുറത്തേക്കു ചാടി കുഞ്ഞപ്പു! ആ ഭ്രാന്തൻ കൊടുവാളും പൊക്കിപ്പിടിച്ചു സന്ന്യാസിയുടെ നേർക്കു കുതിച്ചു. സന്ന്യാസി പ്രാണനുംകൊണ്ടു പിന്തിരിഞ്ഞോടി. പിന്നാലെ കുഞ്ഞപ്പുവും. സന്ന്യാസി കുതിരവണ്ടിയിൽ ചാടിക്കേറി.....

സന്ന്യാസിയേയുംകൊണ്ടു പറക്കുന്ന ജഡ്ക്കവണ്ടിയുടെ പിറകെ കുറച്ചുദൂരം കുഞ്ഞപ്പുവും ഓടി. പിന്നെ, ഓട്ടവും ഭ്രാന്തും മതിയാക്കി, കൊടുവാൾ കക്ഷത്തിലിറുക്കി, വളരെ മര്യാദക്കാരനെപ്പോലെ കുഞ്ഞപ്പു മടങ്ങി റെയിൽവേ ഗേറ്റുപുരയ്ക്കുള്ളിൽ കടന്നു ശീട്ടുകളിക്കാരുടെ കൂടെ ഇരുന്നു.

അന്നു ചിരിച്ചപോലെ കൃഷ്ണൻമാസ്റ്റർ ജീവിതത്തിൽ മുമ്പൊരിക്കലും ചിരിച്ചിട്ടില്ല. കുഞ്ഞപ്പുവിന്റെ വിക്രിയകളിലൊന്ന് അന്നാദ്യമായി അച്ഛന്റെ അഭിനന്ദനം നേടി.

“കള്ളസന്ന്യാസി” കൃഷ്ണൻമാസ്റ്റർ പല്ലുഞെരിച്ചുകൊണ്ടു പറഞ്ഞു. “തന്റെ ഭാണ്ഡം കട്ട ആളെ കണ്ടുപിടിക്കാൻ കഴിയാത്ത മടയൻ!”

സന്ന്യാസിയുടെ ഭാണ്ഡം മോഷ്ടിച്ചതും കുഞ്ഞപ്പുതന്നെയായിരിക്കുമെന്ന് മാസ്റ്റർ ഊഹിച്ചിരുന്നു. എന്നാൽ ആ വിദ്വാൻ അതെങ്ങനെ നിർവഹിച്ചു എന്നതിനെപ്പറ്റി പിന്നീട്, ശ്രീധരന്റെ അമ്മ പറഞ്ഞു കൊടുത്തപ്പോഴാണ് പൂർണ്ണമായും മനസ്സിലായത്. അപ്പോഴും മാസ്റ്റർ ഒരുപാടു ചിരിച്ചു.

ആൽത്തറസന്ന്യാസിയെ കന്നിപ്പറമ്പിലേക്കു കൂട്ടിക്കൊണ്ടുവരാൻ പോകുന്നു എന്നു കേട്ടതുമുതൽക്കുതന്നെ കുഞ്ഞപ്പു തന്റെ പരിപാടി ആസൂത്രണം ചെയ്തുതുടങ്ങിയിരുന്നു. ഒരു ഭക്തന്റെ മട്ടിൽ ആൽത്തറയ്ക്കരികെ ചെന്നുനിന്ന്, സന്ന്യാസിയുടെ അമൂല്യഭാണ്ഡത്തിന്റെ ആകൃതിയും വണ്ണവും മറ്റു വസ്തുതകളും നന്നായി നോട്ടുചെയ്തു വെച്ചു. പിന്നെ കുഞ്ഞപ്പു, ചില ബാർബർഷാപ്പുകളിൽ കയറി എന്തോ കടലാസിൽ പൊതിഞ്ഞുകെട്ടി ഇറങ്ങിവരുന്നതും ചിലർ കണ്ടിട്ടുണ്ട്.

സന്ന്യാസി കന്നിപ്പറമ്പിൽ വന്നു രോഗിയെ പരിശോധിക്കുമ്പോൾ അയാളെ പൊതിഞ്ഞുനിന്നിരുന്ന ആളുകളുടെ കൂട്ടത്തിൽ കുഞ്ഞപ്പുവും ഉണ്ടായിരുന്നു. സന്ന്യാസി രോഗിയെ പരിശോധിച്ചു ഭസ്മം തൊടുവിക്കുന്ന സന്ദർഭത്തിൽ നിലത്തു വെച്ചിരുന്ന ഭാണ്ഡം, കുഞ്ഞപ്പു, ഒരു കൈയടക്ക വിദ്യക്കാരന്റെ കൗശലത്തോടെ തട്ടിയെടുത്തതും, താൻ പ്രത്യേകം തയ്യാറാക്കിയതും പേർപറയാൻ കൊള്ളാത്ത ഉള്ളടക്കത്തോടുകൂടിയതുമായ ഇമിറ്റേഷൻഭാണ്ഡം അവിടെ പ്രതിഷ്ഠിച്ചതും ആരും ശ്രദ്ധിച്ചില്ല. അങ്ങനെ തട്ടിയെടുത്ത ഭാണ്ഡം, കന്നിപ്പറമ്പിന്റെ തെക്കുഭാഗത്തെ കക്കൂസ് മറപ്പുരയ്ക്കകത്തെ ഓലച്ചുമരിൽ ഒളിപ്പിച്ചുവെച്ചു; സന്ന്യാസി പോയാൽ ഉടനെ എടുത്തു സ്ഥലംമാറ്റാമെന്ന ഉദ്ദേശ്യത്തോടെ.

സന്ന്യാസിയുടെ ഭാണ്ഡം ഒരദ്ഭുതഭാണ്ഡംതന്നെയായിരുന്നു. കുഞ്ഞപ്പു ചെന്നു നോക്കിയപ്പോൾ മറപ്പുരയിൽനിന്ന് ആ ഭാണ്ഡം ഒരു മായാജാലം പോലെ അപ്രത്യക്ഷമായിരിക്കുന്നു! അതെവിടെപ്പോയി?— ആരുകൊണ്ടു പോയി? കുഞ്ഞപ്പു മീശപിടിച്ചു തിരുമ്മി ദീർഘനേരം ആലോചിച്ചു. സന്ന്യാസി കന്നിപ്പറമ്പിൽനിന്ന് ഇറങ്ങാൻ പുറപ്പെട്ടനേരത്താണ്, മുനിസിപ്പൽ തോട്ടിച്ചി കക്കൂസ് നീക്കം ചെയ്യാൻ വന്നത്. അവൾ ഭാണ്ഡം കണ്ടെടുത്ത് ഒളിപ്പിച്ചു കൊണ്ടുപോയിട്ടുണ്ടാവണം. അതു പോയതുതന്നെ.

അങ്ങനെ സന്ന്യാസിയുടെ ഭാണ്ഡത്തിന്റെ ഉള്ളടക്കവും ആ ഭാണ്ഡത്തിന്റെ തിരോധാനവും ഒരു മഹാരഹസ്യമായിത്തന്നെ അവശേഷിച്ചു.

പിറ്റേന്നു രാവിലെ ശ്രീധരൻ കോളേജിലേക്കു പോകുമ്പോൾ ആൽത്തറയ്ക്കരികെ, പതിവുപോലുള്ള ആൾത്തിരക്കൊന്നും കണ്ടില്ല. മൂന്നുനാലുപേർ അവിടെ തഞ്ചിനില്ക്കുന്നുണ്ട്.

സന്ന്യാസിയുടെ പർണ്ണശാല പൊളിച്ചിട്ടിരിക്കുന്നു.

സന്ന്യാസിയും ശിഷ്യനും രാത്രി സ്ഥലം കാലിയാക്കി ഒളിച്ചോടിപ്പോയെന്ന് റോഡരികിൽ ചായക്കച്ചവടം ചെയ്യുന്ന കിഴവൻ രാമൻനായർ സങ്കടസ്വരത്തിൽ പറയുന്നതു കേട്ടു. സന്ന്യാസി അവിടെ വന്നുകൂടിയതിൽപ്പിന്നെ രാമൻനായർക്കു നല്ല കോളായിരുന്നു. ആളുകൾ നൂറുകണക്കിലാണ് അവിടെ നിത്യവും വന്നുപൊയ്ക്കൊണ്ടിരുന്നത്. അടുത്തു രാമൻനായരുടെ ഒരു ചായപ്പീടിക മാത്രമേ ഉണ്ടായിരുന്നുള്ളു.

വൈകുന്നേരം കോളേജ് വിട്ടു വരുമ്പോൾ വഴിക്കുവെച്ചു കേളുക്കുട്ടിയുടെ അനുജൻ നാരായണൻ തടഞ്ഞുനിർത്തി.

"ശ്രീധരേട്ടൻ അറിഞ്ഞോ?—തടിച്ചി കുങ്കിച്ചിയമ്മയുടെ മോൻ ലക്ഷ്മണേട്ടൻ മരിച്ചു...."

ആ വാർത്ത കേട്ട് ശ്രീധരൻ തരിച്ചുനിന്നുപോയി. പിന്നെ നാരായണൻ അടുത്തു വന്ന് ശ്രീധരന്റെ ചെകിട്ടിൽ മന്ത്രിച്ചു: "തനിയേ മരിച്ചതല്ല — ആരോ തച്ചുകൊന്നിട്ടതാണ്. ശവം വർക്ക്ഷാപ്പിന്റെയടുത്തുള്ള പറമ്പിലെ കിണറ്റിൽ പൊന്തിക്കിടക്കുന്നു...."

ശ്രീധരൻ അങ്ങോട്ട് ഓടി — ലക്ഷ്മണന്റെ മോട്ടോർവർക്ക് ഷാപ്പിന്റെ കിഴക്കുഭാഗത്തുള്ള ഒഴിഞ്ഞ പറമ്പിലെ കിണറ്റിനരികെ വലിയ ആൾക്കൂട്ടം. ശ്രീധരൻ തിക്കിത്തിരക്കിച്ചെന്നു കിണറ്റിലേക്ക് എത്തിനോക്കി: ശവം കമിഴ്ന്നു പൊങ്ങിക്കിടക്കുന്നു. ലക്ഷ്മണേട്ടന്റെ നീലഷർട്ടും തലയിലെ ചന്ദ്രക്കലക്കഷണ്ടിയും ചുറ്റുപാടുമുള്ള ചുരുളൻമുടിയും തെളിഞ്ഞു കാണുന്നു. ദേഹം അരയ്ക്കു താഴെ നഗ്നമാണ്. വെളുത്ത കാലുകൾക്കിടയിലൂടെ മീനുകൾ ഓടിക്കളിക്കുന്നു...

രാത്രി ശീട്ടുകളിച്ചു ധാരാളം പണം നേടിയ മെക്കാനിക്ക് ലക്ഷ്മണനെ, കൂട്ടുകാരിലാരോ തല്ലിക്കൊന്നു കിണറ്റിലിട്ടതാണെന്ന ഒരു കിംവദന്തി അതിരാണിപ്പാടത്തു പ്രചരിച്ചു.

പാവം, തടിച്ചിക്കുങ്കിച്ചിയമ്മ! അവരുടെ രണ്ടു മക്കളും രണ്ടു വഴിക്കു പോയി:

വർക്ക്ഷാപ്പ് മാനേജരായി ഊട്ടിയിലേക്കു പോയ മകൻ ഭരതൻ, അവിടെ ഒരു ചട്ടക്കാരിപ്പെണ്ണിന്റെ വലയിൽപ്പെട്ട് അവളുടെ നിർബ്ബന്ധ പ്രകാരം ക്രിസ്തുമതം സ്വീകരിച്ച്, "മിസ്റ്റർ ബെര്രട്ടണാ' യി മാറി അവളെ വിവാഹം ചെയ്തു കൂടിയിരിക്കയാണ് —മറ്റേ മകൻ ലക്ഷ്മണൻ, ശീട്ടു കളിച്ചുകളിച്ച് ഒടുവിൽ പരലോകത്തേക്കു ശീട്ടുവാങ്ങി, അങ്ങനെയും പോയി!

## 12. അണ്ഡകടാഹം

യുവതയുടെ നന്മണിക്കോവിലിലാദ്യമായ്
ഭവതിയുടെ വിഗ്രഹം ദർശനം ചെയ്തു ഞാൻ:
നവതയുടെ സൗരഭം തുകിനിൽക്കുന്ന നിൻ
സുഭഗത നുകർന്നുകൊണ്ടെന്നെ മറന്നു ഞാൻ!
മുകുളമൊരു തെന്നലിൻ തുള്ളലിൽപ്പോലെ നിൻ
മുഖമിളകി—യെന്നെ നീയൊന്നു നോക്കി ദ്രുതം
കവിതയുടെ സന്ദേശമേന്തി നിൽക്കുന്നു നിൻ
കരിമിഴികളെന്നന്തരംഗത്തിലിപ്പൊഴും.......

നായികയ്ക്കു് ഒരു പ്രേമലേഖനം തയ്യാറാക്കണം.
ജീവിതത്തിൽ ആദ്യമായിട്ടാണ് ശ്രീധരൻ അങ്ങനെയൊരു നിവേദ്യം പാകം ചെയ്യാനൊരുങ്ങുന്നത്......

പ്രകൃതിസുന്ദരവും ഏകാന്തവുമായ പരിസരം തേടിക്കൊണ്ട് സായാഹ്നത്തിൽ കടൽക്കരയിലൂടെ തെക്കോട്ടു നടന്നു.

അഴിമുഖത്തു ചെന്നെത്തി—

ആഴി ആയിരം കരങ്ങൾ നീട്ടി പുഴയെ വാരിപ്പുണരുന്ന രംഗമാണ്, മുമ്പിൽ.

സമുദ്രയക്ഷികളുടെ കളിക്കൊട്ടാരങ്ങൾ പോലെ വെണ്മണൽത്തിട്ടുകൾ ചുറ്റുപാടും നിലകൊള്ളുന്നു.

കരയിൽ കമിഴ്ത്തിയിട്ട ഒരു തോണിയുടെ കടയ്ക്കൽ ചെന്നു കുത്തിയിരുന്നു.

(പൗരാണികമായൊരു പ്രണയഗന്ധമുണ്ട്, തോണിക്ക്—സഹസ്രാബ്ദങ്ങൾക്കു മുമ്പ്, പരാശരമഹർഷിക്ക് പ്രണയം പൊട്ടിവിരിഞ്ഞത് ഒരു തോണിയിൽ വെച്ചായിരുന്നു.)

കീശയിൽനിന്നും കടലാസെടുത്തു: വയലറ്റ്മഷി നിറച്ച ഫൗണ്ടൻപേനയെടുത്ത്. അനന്തമായ ആഴിയെ സാക്ഷിനിർത്തിക്കൊണ്ട് ആദ്യത്തെ പ്രേമലേഖനത്തിനു തലക്കുറി ചാർത്തി:

"ജീവിതേശ്വരീ...."

പിന്നെ ഒന്നും തോന്നുന്നില്ല.... നാലുപാടും മിഴിച്ചുനോക്കി.

കിഴക്കേ മൂലയിൽനിന്നു പുക പൊങ്ങുന്നു.

വെളുത്ത മതിൽക്കെട്ടുകളുടെ വലയത്തിൽനിന്നാണ് പുകച്ചുരുളുകൾ ആകാശത്തിലേക്കുയരുന്നത്. അവിടം ഗുജറാത്തികളുടെ ശ്മശാനമാണ്— ചിതയ്ക്കു തീക്കൊളുത്തിയിരിക്കുകയാണ്.

പട്ടുധോത്തികൊണ്ടു തറ്റുടുത്ത, പൂണലിട്ട പുരോഹിതൻ ഒരു ലോട്ടയിൽ

നദിയിൽനിന്നും വെള്ളം മുക്കിക്കൊണ്ടുപോകുന്നു...

പരിശുദ്ധമായ പ്േരമലേഖനത്തിന്റെ ഹരിശ്േരീ കുറിക്കുമ്പോൾ മുമ്പിൽ ശവദാഹക്കാഴ്ച നല്ല ശകുനമാണോ? സ്വൽപനേരം ചിന്തിച്ചു:

'......മണ്ണും ശവവും, കത്തുന്ന തീ, യക്ഷതം...' എന്നല്േല ശുഭശകുന പ്രമാണം—

ആ നാലു വസ്തുക്കളും അവിടെക്കാണും. ചത്ത ഗുജറാത്തി സേട്ടുവിനു നന്ദി.....പടിഞ്ഞാട്ടു കണ്ണിയച്ചു:

ദൂരെ പുറംകടലിൽനിന്നും പുക പൊങ്ങുന്നു.

ഒരു കപ്പൽ.

പുകപറപ്പിച്ചുകൊണ്ട് ആ കപ്പൽ എങ്ങോട്ടാണു പോകുന്നത്?

അറിഞ്ഞുകൂടാ....

പുകപറപ്പിച്ചുകൊണ്ട് ചിതയിലെ പരേതനും എങ്ങോട്ടാണു പോകുന്നത്

അറിഞ്ഞുകൂടാ...

തിരമാലകൾ അവ്യക്തഭാഷയിൽ എന്തോ ജൽപ്പിക്കുന്നു: അങ്ങോട്ടു നോക്കി.

അലകൾ ആശ്േലഷിച്ചു പിൻവാങ്ങുമ്പോൾ മണൽക്കര ആയിരമായിരം കൊച്ചുനീർക്കുമിളകളിലൂടെ പുളകംകൊള്ളുന്നു.

ജലം വാർന്നൊലിക്കുന്ന മൃദുമൺമെത്തയിൽ വർണ്ണശബളമായ സന്ധ്യാംബരം വീരാളിപ്പട്ടു വിരിക്കുന്നു..

വികാരവായ്പോടെ വീണ്ടും കേറിവരുന്നു, പുളിനങ്ങളുടെ മാറിലേക്ക് വീരതരംഗങ്ങൾ....

തോണിപ്പുറത്തു വെള്ളക്കടലാസിൽ ഒറ്റക്കു കുടിയിരുത്തിയ ജീവിതേശ്വരിയെ ഒരു കുസൃതിക്കാറ്റു വിറകൊള്ളിക്കുന്നു....

പുഴയിലേക്കു ചാഞ്ഞുനിൽക്കുന്ന തെങ്ങിന്റെ ഒരോലത്തുമ്പിനെ പോക്കുവെയിൽ പൊന്നണിയിക്കുന്നു. ഓലത്തുമ്പ് ഇളംകാറ്റിൽ വിറ കൊള്ളുന്നു. (പ്രിയതമന്റെ ആദ്യത്തെ പ്േരമലേഖനം സ്പർശിക്കുന്ന നായികയുടെ കരാംഗുലികൾപോലെ.)

കടപ്പുറംപാതയുടെ വളവിലൂടെ ഒരു കുതിരവണ്ടി കടന്നുപോകുന്നു.

നീലവർണ്ണംപൂശിയ ആ ജഡ്ക്കവണ്ടി മരക്കച്ചവടക്കാരൻ ഭാസ്കരൻ മുതലാളിയുടേതാണ്. വണ്ടിയിൽ ഭാസ്കരൻമുതലാളിയും ഒരറബിയും — വെള്ളമസ്ലിൻതുണിക്കു മീതെ തലയിൽ കാരക്കല്ലുമാലത്തെരിക ചാർത്തിയ ആ വെളുത്ത അറബിപ്രമാണി മലബാറിൽനിന്നു മരം വാങ്ങാൻ വന്ന വിദേശ വ്യാപാരിയാണ്. ഭാസ്കരൻമുതലാളിയുടെ കോൽമരങ്ങൾ പുഴക്കരയിൽ ശേഖരിച്ചു വച്ചിട്ടുണ്ട്. അതുനോക്കാൻ പോവുകയാണ് അറബി, അയാൾ ആ കോൽമരങ്ങൾ ഉരുവിൽ കയറ്റി കടൽകടത്തി അറബിനാട്ടുകളിലേക്കു കൊണ്ടുപോകും.

ഭാസ്കരൻമുതലാളിയെപ്പറ്റി ഓർത്തു.

ഭാസ്കരൻമുതലാളിയെപ്പോലെ അതികോമളനായൊരു പുരുഷനെ നാട്ടിൽ വേറെ കാണുകയില്ല. പഴുക്കപ്ലാവിലയുടെ തൊലിനിറം, ഓറഞ്ചിന്റെ നിറമുള്ള മുഖം. ഇടതുകൺമിഴിയുടെ നേർമുകൾ രേഖയിൽ പകുത്ത്, വലതുസൈഡിലേക്കു ചീകിവെച്ച സമൃദ്ധമായ ചുരുളൻതലമുടി, സിൽക്ക് ഷർട്ട്. ഇടതുചുമലിൽ മടക്കി ഇസ്തിരിവെച്ച

കസവുവേഷ്ടി, സ്വർണ്ണവാച്ച്, കൈവിരലുകളിൽ കനകമോതിരങ്ങൾ, അത്തറിന്റെ പരിമളം....

എന്നാൽ എന്തോ, ആ മനുഷ്യനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ ഒരറപ്പ് അരിച്ചുകേറുന്നു. കാരണം, അയാളുടെ ലൈംഗികവൈകൃതംതന്നെ.

ഭാസ്കരൻമുതലാളി സ്വവർഗ്ഗസംഭോഗപ്രിയനാണ്—കണ്ടാൽ നല്ല ശൊങ്കുള്ള ആൺപിള്ളരെ കൈവശം വെച്ചുകൊണ്ടിരിക്കുന്ന അസത്ത് — ചേങ്ങരയിലെ മുസ്ലിംപ്രമാണിമാരുടെ പീടികമാളികക്ളബ്ബുളിലാണ് ഭാസ്കരൻമുതലാളിയുടെ രാത്രിജീവിതം. ആ ക്ളബ്ബുകളിൽ പാട്ടുകച്ചേരി, വെടിക്കെട്ട്, ബിരിയാണിവിരുന്ന് മുതലായവയുടെ അകമ്പടിയോടുകൂടി ആണുങ്ങളും ആണുങ്ങളും തമ്മിലുള്ള കല്യാണം ആഘോഷിക്കാറുണ്ടത്രേ...

ഭാസ്കരൻമുതലാളിയുടെ ഭാര്യയുടെ അനുജത്തിയെപ്പറ്റിയും ഓർത്തു പോയി— സ്കൂളിൽ പഠിക്കാൻ ഏട്ടത്തിയുടെകൂടെ വന്നു താമസിക്കയാണ് നളിനി.... കറുത്തുമെലിഞ്ഞ് മേൽച്ചുണ്ടിലും കവിളത്തും ചെമ്പൻരോമങ്ങൾ നിറഞ്ഞ കടുമീൻപോലുള്ളൊരു പെൺകിടാവ്....

സമുദ്രത്തിൽ ദൂരെ പുകയും കപ്പലും കാണാതായി.

ചിതയിലെ പരേതൻ ഇപ്പോഴും പുകഞ്ഞുകൊണ്ടിരിക്കയാണ്. മനുഷ്യ മാംസത്തിന്റെ കരിഞ്ഞ ഗന്ധം നുകർന്നുകൊണ്ട് കടൽക്കാറ്റ് അവിടെ ചുറ്റി നടന്നു. പരേതനെ സംസ്കരിക്കാൻ വന്ന ബന്ധുമിത്രാദികൾ ശ്മശാനഭിത്തിക്കു പുറത്ത്, പൂഴിമണ്ണിൽ വട്ടമിട്ടിരുന്നു കാര്യമായി എന്തോ ചർച്ചചെയ്യുന്നു. (നാളികേരത്തിന്റെയും കുരുമുളകിന്റെയും അങ്ങാടിനിലവാരത്തെപ്പറ്റിയായിരിക്കും ആ ഗുജറാത്തികളുടെ ചർച്ച...)

സൂര്യബിംബം ഒരു സ്വർണ്ണമുട്ടപോലെ പശ്ചിമചക്രവാളരേഖയിൽ മുട്ടിനിൽക്കുന്നു.

ആ കാഴ്ച നിർന്നിമേഷം നോക്കിയിരുന്നു....

അന്തരീക്ഷം ഇരുളിൽ മങ്ങുന്നു.

സാന്ധ്യനക്ഷത്രം പ്രത്യക്ഷപ്പെട്ടു.

തോണിപ്പുറത്തെ ജീവിതേശ്വരിയെ കാണാനില്ല. (കാറ്റടിച്ചു കൊണ്ടു പോയതായിരിക്കും.)

ആകാശത്തിൽ നക്ഷത്രപ്പുള്ളികൾ പെരുകുന്നു....

ചിന്തകൾ പ്രകൃതിയിലെ അദ്ഭുതപ്രതിഭാസങ്ങളിലേക്ക് പ്രയാണം ചെയ്യുന്നു...

പകലെന്ന കോഴി വെളുത്ത കോഴി<br>
അകലെപ്പടിഞ്ഞാറെ മൂലയിങ്കൽ<br>
ഒരു നല്ല പൊൻമുട്ടയിട്ടു—(പിന്നെ,<br>
അരനാഴികയ്ക്കുള്ളിലന്തരിച്ചു....)<br>
ഇരവാം കരിങ്കോഴി — പുള്ളിക്കോഴി<br>
ഒരു വളർത്തമ്മയെപ്പോലെയെത്തി<br>
പകലിന്റെയണ്ഡത്തിന്മീതെ മന്ദം<br>
ചിറകുംവിരുത്തിപ്പൊരുത്തിരുന്നു.

അടവച്ചോരണ്ഡം വിരിഞ്ഞു — നാളെ
അരുണക്കുഞ്ഞൊന്നു പിറക്കുമല്ലേ്ലാ.
— അതുവിഹായസ്സിൽ വളർന്നു. പിന്നെ
പുതിയൊരു പൊന്മുട്ടയിട്ടുപോകും.
ഇതു തുടർന്നീടുന്നു നിത്യതയിൽ
— പ്രകൃതിതന്നണ്ഡകടാഹകത്തിൽ!

# 13. പാഞ്ചി

കൊമ്പനന്ദാമു നാടുവിട്ടു പൊയ്ക്കളഞ്ഞു.

ദാമു പെട്ടെന്ന് ഒളിച്ചോടിപ്പോവാൻ കാരണം: പാഞ്ചി പ്രസവക്കേസ്. പ്രായേണ ഉറങ്ങിക്കിടന്നിരുന്ന അതിരാണിപ്പാടത്തെ പിടിച്ചുകുലുക്കിയ ഒരു സംഭവമായിരുന്നു പ്രമാദമായ പാഞ്ചി പ്രസവക്കേസ്.

മുനിസിപ്പൽ ളുപ്പുവേലക്കാരുടെ (അതിരാണിപ്പാടം ശൈലിയിൽ പറഞ്ഞാൽ, കണ്ടറ് ചണ്ടി അടിക്കുന്നവരുടെ) മേസ്തിരി, ചെറുമൻ മൂത്തോറന്റെ പുതിയ ഭാര്യയാണ് പാഞ്ചി, പാഞ്ചിയുടെ കടിഞ്ഞൂൽപ്പേറ്റിനോടനുബന്ധിച്ചു പൊന്തിവന്ന ചില പ്രശ്നങ്ങൾ ദേശത്ത് ചരിത്രം സൃഷ്ടിച്ചു.

കേസിനാസ്പദമായ വസ്തുതകൾ ശരിക്കും ഗ്രഹിക്കണമെങ്കിൽ ഒരു കൊല്ലം പിറകിലെ ചില ഏടുകൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

മൂത്തോറൻമേസ്തിരിക്കു വയസ്സ് അമ്പത്തിയഞ്ചു കഴിഞ്ഞു. ആദ്യത്തെ —ശരിക്കു പറഞ്ഞാൽ രണ്ടാമത്തെ—ഭാര്യ ചക്കി, പതിനെട്ടു കൊല്ലം കാത്തിരുന്നിട്ടും പ്രസവിച്ചില്ല. ചക്കി മച്ചിയാണെന്ന വസ്തുത സ്ഥിരീകരിക്കപ്പെട്ടു. അങ്ങനെയിരിക്കെ ഒരു സന്താനത്തെ ഓമനിക്കാനുള്ള മോഹം, മൂത്തോറൻ ചക്കിയെ അറിയിച്ചു — ഒരു പെണ്ണിനെക്കൂടി കല്യാണം കഴിക്കണം. ചക്കിയുടെ ഉള്ളിലും ആ മോഹം മറഞ്ഞുകിടന്നിരുന്നു. അതിനാൽ അവൾ സമ്മതംമൂളി. പെണ്ണിനെ കണ്ടുവെച്ചിട്ടാണ് ഭർത്താവു തന്റെ സമ്മതത്തിനപേക്ഷിച്ചതെന്ന് ചക്കി അറിഞ്ഞിരുന്നില്ല.

വെള്ളരിക്കായുടെ തൊലിനിറവും നെല്ലിക്കാക്കണ്ണുകളും ചോണനുറുമ്പ് അരിച്ചുകൂടിയപോലെ കൈത്തണ്ടകളിലും കാൽവണ്ണകളിലും കുനുകുനെ ചെമ്പൻ രോമങ്ങളുമുള്ള ഒരു പത്തൊമ്പതുകാരിയായിരുന്നു പാഞ്ചി—നാട്ടിൻപുറത്തു പിറന്നവളാണ് (പാഞ്ചിയുടെ തൊലിനിറത്തിന്റെയും സൗന്ദര്യത്തിന്റെയും മേക്കപ്പിൽ കുലീന മുസ്ലീംരക്തം കലർന്നിട്ടുണ്ടെന്നു വ്യക്തം.)—പച്ചപ്പുല്ലരിഞ്ഞുകെട്ടി ടൗണിൽ കൊണ്ടുവന്നു വിൽക്കലായിരുന്നു തൊഴിൽ. പോക്കുഹാജിയുടെ കുതിരപ്പന്തിയിൽ പുല്ലുകെട്ടു കൊണ്ടിട്ടു മടങ്ങുമ്പോഴാണ് മൂത്തോറൻ മേസ്തിരി ആദ്യമായി പാഞ്ചിയെ കണ്ടത്. മേസ്തിരി അവളെക്കണ്ടു മോഹിച്ചു. കല്യാണംകഴിക്കാൻ തീരുമാനിച്ചു. പാഞ്ചി വിവാഹത്തിന് ആദ്യം വഴിപ്പെട്ടില്ല. പട്ടണസ്സന്ധ്യകളിലെ നിഗൂഢസുഖങ്ങൾ നൊട്ടിനുണച്ച് സ്വാതന്ത്ര്യത്തോടെ അലഞ്ഞു നടന്നിരുന്ന ആ പുലയിപ്പെൺകിടാവിന്, ഒരു കിഴവനെ കല്യാണംകഴിച്ചു കുടിയടങ്ങി ജീവിക്കുന്ന പരിപാടിയോട് അത്ര താൽപര്യം തോന്നിയില്ല. തന്റെ അഴകിന്റെ അങ്ങാടിനിലവാരവും അവൾ നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. മൂത്തോറൻ വിടാതെ കൂടിയപ്പോൾ പാഞ്ചി പുനരാലോചന നടത്തി. മാസശ്ശമ്പളം വാങ്ങുന്ന 'ഒരുദേ്യാത്ത' നാണ് മൂത്തോറൻ മേസ്തിരി. ചാളയിലേക്കല്ല പോകുന്നത്. മൂത്തോറൻമേസ്തിരിക്കു സ്വന്തമായി ഒരുകഷണം പറമ്പും ചെറുതാണെങ്കിലും കല്ലും മരവുംകൊണ്ടു നിർമ്മിച്ച ഒരു പുരയും ഉണ്ട്. മറ്റവൾ മച്ചിയാണ്. പിള്ളരെക്കൊണ്ടുള്ള ശല്യമില്ല — പിന്നെ മറ്റവളുടെ

സമ്മതത്തോട്ടുകൂടിയാണല്ലോ കല്യാണാലോചന വന്നിരിക്കുന്നത്. ചക്കളത്തിപ്പോരാട്ടത്തിനും ഇടവരില്ല. ഒന്നു പരീക്ഷിച്ചു കളയാം. പൊറുക്കാൻ പറ്റുകയില്ല എന്നു തോന്നിത്തുടങ്ങുമ്പോൾ ഇറങ്ങിപ്പോരാമല്ലോ.

അവൾ സമ്മതംമൂളി.

കല്യാണം നടന്നു.

മൂത്തോറൻ പാഞ്ചിയെ ഒരു രാജകുമാരിയെയെന്നപോലെ വീട്ടിൽ വാഴിച്ചു. അവളുടെ മുമ്പിൽ യോഗ്യനാണെന്നു കാണിക്കാൻ മൂത്തോറൻ മേസ്തിരി ഉടുപ്പിലും നടപ്പിലും പത്രാസുവരുത്തി. ഷർട്ടിടാതെ പഴയൊരു കാക്കിക്കോട്ട് കഴുത്തിൽ കെട്ടിമുറുക്കിക്കൊണ്ടാണ് മുമ്പു ജോലിക്കു പോയിരുന്നത്. പുതിയ ഷർട്ടു തയ്പിച്ചു. കണ്ടംവച്ച പഴയ കോട്ട് പറയൻ ചാമിക്കു സംഭാവനചെയ്തു. പുതിയൊരു റെഡിമെയ്ഡ് കാക്കിക്കോട്ടു വാങ്ങി. ചെരിപ്പു വാങ്ങി കാലിൽ കുടുക്കി ചവിട്ടിക്കരയിച്ചു—എന്നാൽ, തലയിലെ കഷണ്ടിയും പാറപ്പുറത്തു നരയൻപുല്ലു മുളച്ചപോലെയുള്ള കുറച്ചു രോമങ്ങളും മുഖത്തെ ചുളിവുകളും മൂത്തോറൻ വയസ്സനാണേ എന്നു വിളിച്ചറിയിച്ചിരുന്നു.

പാഞ്ചിയുടെ പരിഹാസച്ചിരി സഹിച്ചിരിക്കേണ്ടിവന്നു.

പുലരാൻ ഏഴരരാവുള്ളപ്പോൾ മൂത്തോറൻമേസ്തിരി ഉണർന്നെഴുന്നേറ്റ് കോട്ടും ചെരിപ്പും ധരിച്ച് മുനിസിപ്പലാപ്പീസ് പറമ്പിലേക്കു പുറപ്പെടും, തന്റെ കണ്ടറ് ചണ്ടിവാരിപ്പടയെ അണിനിരത്താൻ—സാനിറ്ററി ഇൻസ്പെക്ടരെജമാനൻ സൈക്കിളിൽ പറന്നുവന്ന് പെട്ടെന്നു പരിശോധന നടത്തിക്കളയും എന്ന പേടി എപ്പോഴുമുണ്ട്.

പിന്നെ, ഉച്ചയ്ക്ക് ഉണ്ണാൻനേരത്തേ മേസ്തിരി വീട്ടിൽ മടങ്ങിയെത്തുകയുള്ളൂ.

പാഞ്ചി രാവിലെ എട്ടൊമ്പതുമണിവരെ പായിൽത്തന്നെ മടിപിടിച്ചു കിടക്കും. പിന്നെ എണീറ്റ്, വാസനസോപ്പു തേച്ചു കുളിച്ച്, മഞ്ഞപ്പട്ടെ റൗക്കയണിഞ്ഞ്, തലമുടി കൈതച്ചക്കയുടെ ആകൃതിയിൽ കെട്ടിവെച്ച്, നരയൻ മിഴികളിൽ മയ്യെഴുതി, നെറ്റിയിൽ ഒരു നീലപ്പൊട്ടും ചാർത്തി മുറിയിൽ വന്നിരിക്കുമ്പോൾ ചക്കളത്തി ചക്കീമ്മാമ കഞ്ഞി വിളമ്പി മുമ്പിൽ കൊണ്ടു വന്നു വെക്കും.

വീട്ടുവേലയെല്ലാം ചക്കി നോക്കിക്കൊള്ളും. പാഞ്ചി, കാറ്റും വിളിച്ച് കോലായിലെ ബഞ്ചിൽ കുത്തിയിരുന്നു നേരം പോക്കും.

ഉച്ചയ്ക്കു ഭർത്താവു വരുമ്പോഴും പാഞ്ചിയങ്ങനെ തനിയെ കുഴഞ്ഞാടിക്കൊണ്ട് കോലായിലെ ബഞ്ചിൽ കുത്തിയിരിക്കുന്നുണ്ടാവും.

മൂത്തോറൻ, പുറത്തു പത്താൾക്കൊരു മേസ്തിരിയാണ്—പുരയിൽ വന്നുകേറുമ്പോൾ ഒരുകെട്ടു പുല്ലിന്റെ വിലപോലും കൽപിക്കാത്ത മട്ടിലാണ് പുതുപ്പെണ്ണിന്റെ നോട്ടവും പെരുമാറ്റവും—മേസ്തിരി പരിഭവം പ്രകടിപ്പിച്ചില്ല. എന്തെങ്കിലും പരുഷമായി പറഞ്ഞാൽ ആ പഞ്ചവർണ്ണക്കിളി പറന്നു പൊയ്ക്കളഞ്ഞാലോ!

പാഞ്ചിക്കു നിത്യവും എന്തെങ്കിലും പലഹാരം തിന്നണം. നെയ്യപ്പം — എള്ളുണ്ട —കറുത്ത അല്വ—ജിലേബി—അങ്ങനെ ഓരോ ഐറ്റം— കൂടെക്കൂടെ ചായ കുടിക്കണം —ചായ കുടിച്ചില്ലെങ്കിൽ തലവേദന വരുമത്രേ!

മൂത്തോറൻ മുറുമുറുപ്പുകൂടാതെ പാഞ്ചിയുടെ എല്ലാ ആശകളും അനാവശ്യങ്ങളും സാധിപ്പിച്ചുകൊടുത്തു.

നീലംസോപ്പ് വളക്കാരൻ കുഞ്ഞാലിമാപ്പിള സ്ഥലത്തു വന്നാൽ പാഞ്ചി അയാളുടെ

വലിയ പീഞ്ഞപ്പെട്ടി പകുതിയും കാലിയാക്കിയിട്ടേ വിട്ടു — കടം. മൂത്തോറൻമേസ്തിരിക്കു ശമ്പളം കിട്ടുന്ന നാളുനോക്കി കുഞ്ഞാലി വീണ്ടും കേറിവരും, പെട്ടി നിറയെ പുതിയ സ്റ്റോക്കുമായി—വിനോളിയ വൈറ്റ്റോസ് സോപ്പ് കുട്ടിക്യൂറാ പൗഡർഡെപ്പി—സെന്റ്കുപ്പി — ആനക്കൊമ്പുചീപ്പ്....അങ്ങനെ പലതും.

കുഞ്ഞാലിക്കു നല്ല കോള്!

"ചക്കീമ്മാമ * ന്റെ മിറ്റത്ത്—ണ്ടൊര്
പൂവനെളങ്കൊല വായക്കൊല—
അത് മെട്ടി തെയ്യത്തിനു കൊടുക്കുമ്പം
ന്നേം മുളിച്ചണേ, ചക്കീമ്മാമേ.."

വാഴയില മുറിക്കാൻ പറമ്പിന്റെ മൂലയിലേക്കു വന്ന ചക്കി ഇടവഴിയിൽ നിന്ന് ഒരു പാട്ട് കേട്ട്, എത്തിനോക്കി.

വെളുത്ത അയ്യപ്പൻ ഇടവഴിയിൽ നില്ക്കുന്നു. ചക്കിയെ നോക്കി ഒരു ശൃംഗാരച്ചിരിയോടെ!

(ഇരുനിറത്തിൽ തടിച്ച് കണ്ടാൽ തരക്കേടില്ലാത്തൊരു മദ്ധ്യവയസ്കയാണ് ചക്കി.)

ചക്കി വെളുത്ത അയ്യപ്പനെ മുമ്പു കണ്ടിട്ടുണ്ട്. ഒറ്റയ്ക്ക് അടുത്തു കാണാനും അന്യോന്യം സംസാരിക്കാനും അവസരം കിട്ടുന്നത് ആദ്യമായിട്ടാണ്.

"വായക്കൊല തെയ്യത്തിന് കൊടുക്കാനല്ല —വിക്കാനാണ്." ചക്കി കൈയിലെ വാഴയില വെറുതെ നുള്ളിച്ചീന്തി, ചിരിച്ചുകൊണ്ടു പറഞ്ഞു.

"വിക്കാനാണെങ്കിൽ ഞാൻ വാങ്ങിക്കോളാം."—അയ്യപ്പൻ.

"അയ്യപ്പന്റെ കൈയില് തോനെ പൈസണ്ടെന്ന് കേട്ട്ക്കണലേ്ലാ—പറഞ്ഞാൽ പറഞ്ഞ പൈസ തരേ്വാ?"

"അതൊക്കെ ജനങ്ങളു. വെറുതെ പറയ്ാ ചക്കീമ്മാമേ—വാഴക്കൊല കണ്ടപ്പം ഒരു കൊതി തോന്നി ചോയിച്ചുപോയി—"

ചക്കിക്ക് കാര്യം മനസ്സിലായി അവൾ മിണ്ടാതെ നിന്നു.

"എന്തിനാ വാഴേ്ല? അട ചുടാനാണോ?" അടുത്ത ചോദ്യം.

"അട തിന്നാനും പൂതീണ്ടോ?"

അയ്യപ്പനു പലതിനും പൂതിയുണ്ട്.

"ഇങ്ങോട്ടു കേറി കൊറച്ചിരുന്നിട്ടു പോകാം." ചക്കിയുടെ ക്ഷണം.

"ചക്കീമ്മാമന്റെ മെഴുത്തിരിലേ്യ അവിടെ?"

അയ്യപ്പന്റെ ഫലിതം കേട്ടു ചക്കി പൊട്ടിച്ചിരിച്ചു. മൂത്തോറൻ മേസ്തിരിയും അയ്യപ്പനും തമ്മിൽ പിണക്കമാണെന്ന് അവൾക്കറിയാം.

"മെസ്ത്തിരി ഉച്ചക്കേ വര്വ —"

അയ്യപ്പൻ ഇടവഴിയിൽനിന്നു പടികേറി, മുറ്റത്തെത്തി. മുറ്റത്തുനിന്നു കോലായിലെത്തി. ബഞ്ചിൽ ഇരുന്നു.

അപ്പോൾ അഴിഞ്ഞ തലമുടികൊണ്ടു മാറുമറച്ച് പാഞ്ചി

പുറത്തേക്കൊന്നെത്തിനോക്കി.

ചക്കി, മുറുക്കാൻപെട്ടി അയ്യപ്പന്റെ അരികെ കൊണ്ടുവച്ചു. "എനിക്ക് വെറ്റിലമുറുക്കില്ല." അയ്യപ്പൻ കീശയിൽനിന്നു മഞ്ഞവർണ്ണത്തിലുള്ള ആനമാർക്കു സിഗററ്റുപെട്ടിയെടുത്ത് തീപ്പെട്ടി ആവശ്യപ്പെട്ടു.

ചക്കി അടുക്കളയിൽനിന്നു തീപ്പെട്ടി എടുത്തുകൊണ്ടുവന്ന് അയ്യപ്പന്റെ കൈയിൽ കൊടുത്തപ്പോൾ അവൻ അവളുടെ കൈവിരൽ പിടിച്ചൊന്നമർത്തി എന്തോ സ്വകാര്യം പറഞ്ഞു.

ചക്കി നാണിച്ചു മിണ്ടാതെ നിന്നു. പെട്ടെന്ന് അവൾ ഇടവഴിയിലേക്കു ചൂണ്ടിക്കാട്ടി.

അയ്യപ്പൻ അങ്ങോട്ടു നോക്കി. ഇടവഴിയിലൂടെ വരുന്നു കീരൻ പൂശാരി.

"പൂശാരി ഇപ്പോൾ ഇവിടെ എന്നെക്കണ്ടാൽ മുസീബത്താണ്—" അയ്യപ്പൻ വേഗം എണീറ്റ് പാഞ്ചിയുടെ മുറിയിലേക്കു നടന്നു.

ചക്കിയും പിന്നാലെ കടന്ന്, വാതിൽ ചാരി,

പിന്നെ മൂന്നുപേരുതമ്മിലായി നർമ്മസംഭാഷണം.

കുറച്ചുകഴിഞ്ഞ്, അയ്യപ്പൻ യാത്ര പറഞ്ഞ് ഇറങ്ങി. പടിയിറങ്ങിയപ്പോൾ മതിലിൽ എന്തോ മരുന്നുവള്ളി തിരയുന്ന നാട്യത്തിൽ ഇടവഴിയിൽ പതുങ്ങിയിരിക്കുന്നു. കീരൻപൂശാരി!

അയ്യപ്പന്റെ നേർക്ക് പൂശാരി അർത്ഥഗർഭമായൊരു നോട്ടംവിട്ടു — അയ്യപ്പൻ തെല്ലും കൂസലില്ലാതെ, പൂശാരിയുടെനേർക്ക് ആസനം ചൊറിഞ്ഞുകാണിച്ചുകൊണ്ട് ഒരു നടത്തം വച്ചുകൊടുത്തു.

പത്തുകൊല്ലം മുമ്പ് നാടുവിട്ടുപോയി, അടുത്തകാലത്തു തിരിച്ചെത്തിയ ഒരു ചെറുപ്പക്കാരനാണ് വെളുത്ത അയ്യപ്പൻ. (സ്ഥലത്ത് വേറൊരു ചെറുപ്പക്കാരൻ ചെറുമനയ്യപ്പനുണ്ട്. അതുകൊണ്ടാണ് നവാഗതനെ വെളുത്ത അയ്യപ്പൻ എന്നു വിളിക്കുന്നത്.)

വെളുത്ത അയ്യപ്പൻ ഏതോ പുറംനാട്ടിൽനിന്ന് എങ്ങനെയോ കുറെ പണം സമ്പാദിച്ചിട്ടാണ് വന്നിരിക്കുന്നത്. അവൻ സ്വകാര്യമായി പണ്ടം പണയത്തിന്മേൽ പണം കടം കൊടുക്കുന്നുണ്ട്. റെയിൽവേസ്റ്റേഷൻ യാർഡിൽ കൽക്കരിച്ചാരം തരിച്ചെടുക്കുന്ന കൺട്രാക്ട് എടുത്തു നടത്തിയിരുന്നത് മൊയ്തുമാപ്പിളയായിരുന്നു. മൊയ്തുമാപ്പിള ഉണക്കമീൻ കയറ്റു മതി ഏജന്റായി കൊളംബിലേക്കുപോയി—ഇപ്പോൾ ആ കരാറ് ഏറ്റെടുത്തിരിക്കുന്നത് വെളുത്ത അയ്യപ്പനാണ്. പാവങ്ങളായ ഒരുപാടു ചെറുമികളും ഉമ്മച്ചികളും അയ്യപ്പന്റെ കീഴിൽ കരിപെറുക്കിത്തൊഴിലാളികളായി കഴിഞ്ഞുകൂടുന്നുണ്ട്.

വെളുത്ത അയ്യപ്പൻ ഒരു പരിഷ്കാരിയാണ്. കോളറുള്ള വെള്ള ഷർട്ട്—അരയിൽ പച്ചബെൽറ്റ്—റിസ്റ്റ്വാച്ച്—കാപ്പ(കീശ)യിൽ പൗണ്ടബെന്നും—മേൽച്ചുണ്ടിൽ ഒരു തേൾവാലൻമീശയും—

വെളുത്ത അയ്യപ്പൻ അവിവാഹിതനാണ്.

അതിരാണിപ്പാടത്തിന്റെ തെക്കുപടിഞ്ഞാറു മൂക്കിൽ പൂവരശ്, മുരുക്ക് മുതലായ മരങ്ങൾ വളർന്നു കോട്ടകെട്ടിക്കിടക്കുന്ന പുരാതനമായ ഒരു കഷ്ണം മുക്കോൺ പറമ്പും, പറമ്പിന്റെ

ഒരു മൂലയിൽ, കാട്ടുചെമ്പകമരത്തിന്റെ കീഴിൽ പഴയൊരു കൽത്തറയും കാണാം. 'ചെറുമക്കളുടെ കാവ്' എന്നാണ് സ്ഥലത്തെ വിളിക്കുന്നത്. 'പൂവരശ്ശുക്കാവ്' എന്നും പറയും.

ദേശത്തെ ചെറുമക്കളുടെ പൊതുക്ഷേത്രമാണ് അത്. മണ്ഡപത്തിലെ പ്രതിഷ്ഠ ദേവനോ ദേവിയോ പിതൃക്കളോ എന്ന് ആർക്കും നിശ്ചയമില്ല. 'തെയ്യം' എന്നൊരു സങ്കല്പം.

ആണ്ടിലൊരിക്കൽ അവിടെ ഉത്സവം കൊണ്ടാടും. ദേശത്തെ സകല പുലയരും, ദേശത്തിനു വെളിയിലുള്ള അവരുടെ ബന്ധുമിത്രാദികളും ആ ദിവസങ്ങളിൽ പൂവരശ്ശുക്കാവിൽ ഒത്തുചേരും. രണ്ടുമൂന്നു രാപ്പകലുകൾ തുടർച്ചയായി നീണ്ടുനില്ക്കുന്ന ആഘോഷങ്ങൾ അതിരാണിപ്പാടത്തെ കിടിലംകൊള്ളിക്കും. തുടികൊട്ട്, പാട്ട്, ഉറച്ചൽ, വെളിച്ചപ്പാട്, കോലം തുള്ളൽ, താലപ്പൊലി, തിറ, കുരുതിയാട്ടം...

ആണുങ്ങൾ തലയിൽ കുരുത്തോലക്കിരീടവും മുഖത്ത് നിറംവരഞ്ഞ പാളയും വെച്ചുകെട്ടി കോലംതുള്ളും. പെണ്ണുങ്ങൾ ഉറഞ്ഞു വട്ടം നിരങ്ങും. കുമ്പിട്ടിരുന്ന് മുടിയഴിച്ചിട്ട് ഇടവും വലവും ആട്ടും.

ആണുങ്ങൾ കള്ളുകുടിച്ചു തമ്മിൽത്തല്ലുണ്ടാക്കും — പഴയ കുടിപ്പക തീർക്കും. പുതിയ കുടിപ്പകകൾക്കു കളമൊരുക്കും. വഴക്കുകൾ മൂത്ത് കത്തിക്കുത്തിൽ അവസാനിക്കും. ഒരു ചെറുമനെയെങ്കിലും അവിടെ കുരുതി കൊടുക്കും....

ഇതെല്ലാം തെയ്യത്തിനു താൽപര്യമുള്ള കാര്യങ്ങളാണെന്നാണ് വയ്പ്പ്—

പൂവരശ്ശുക്കാവിലെ പുരോഹിതനാണ്, കീരൻപൂശാരി. കാവിലെ പുരോഹിതൻ എന്ന പദവിയിൽ മാത്രമല്ല, മന്ത്രവാദി, വൈദ്യൻ, ജ്യോതിഷി, സാമുദായികനിയമോപദേഷ്ടാവ് എന്നീ നിലയിലും ചെറുമക്കളുടെയിടയിലെ ഒരു പ്രമുഖവ്യക്തിയാണ് കീരൻ.

കൊടുങ്ങല്ലൂർ ഭരണിക്കാലമായാൽ, കീരൻ വ്രതമെടുക്കും. കൊടുങ്ങല്ലൂരമ്മയെ തൊഴാൻപോകുന്ന ഭക്തജനങ്ങളെ സംഘടിപ്പിക്കും. അരയിൽ ചോപ്പുചുറ്റി, വലങ്കൈയിൽ വാളും ഇടങ്കൈയിൽ മഞ്ഞപ്പൊടിത്താല വുമായി കീരൻ മുന്നിലും, കോഴികളെ കോലിൽ കെട്ടിത്തൂക്കിയെടുത്ത് 'ഓയ് നടോയ് നടാ' എന്ന ഭക്തിനിർഭരമുദ്രാവാക്യം മുഴക്കിക്കൊണ്ട് മറ്റു ചെറുമക്കൾ പിന്നിലുമായി കൊടുങ്ങല്ലൂർക്ക് പുറപ്പെട്ടു നീങ്ങുന്ന ആ ജാഥയെ ആരും നോക്കിനിന്നുപോകും.

കറുത്തുതടിച്ചു കറിയ ദേഹവും, ദേഹത്തിൽ ഈയക്കട്ടിപോലത്തെ മാംസപേശികളുമുള്ള കീരൻ, സ്വകാര്യജീവിതത്തിൽ ഒരു പോക്കിരിയുമാണ്. കീരനു വയസ്സെത്രയായെന്നു നിർണ്ണയിക്കാൻ വയ്യ—മൂർദ്ധാവിലെ ഒഴിവുസ്ഥലം വെളിച്ചപ്പെട്ട് വാളുകൊണ്ടു വെട്ടിപ്പൊളിച്ചുണ്ടായ കലയോ കഷണ്ടിയോ എന്നു കണ്ടാൽ മനസ്സിലാവുകയില്ല. ശേഷിച്ച ശിരോരോമങ്ങൾ ഒറ്റയും നരച്ചിട്ടില്ല. കീരന്റെ മുഖ്യാഹാരം, മന്നങ്ങ(മൂത്ത ഇളനീർ)യും അവിലും കള്ളുമാണ്. തരംകിട്ടിയാൽ ആരാന്റെ തെങ്ങിൽ കേറി മന്നങ്ങ മോഷ്ടിക്കും. ചിലപ്പോൾ തല്ലും കിട്ടും. തല്ലുകൊണ്ടാൽ കീരനു വേദനിക്കില്ലത്രേ—കാരണം, അവൻ കരിമ്പൂച്ചയെ തിന്നും. (കരിമ്പൂച്ചമാംസം ഭക്ഷിച്ചാൽ തടിക്ക് ഒരു പരിക്കും ഏല്ക്കുകയില്ല എന്നാണു വിശ്വാസം.) അതിരാണിപ്പാടത്തോ അയൽപ്രദേശങ്ങളിലോ ഇപ്പോൾ ഒരൊറ്റ

കരിമ്പൂച്ചയെ കാണാൻ കിട്ടുകയില്ല. (പേരിന് ഒന്നു ബാക്കിയുണ്ടെങ്കിൽ അത് ധോബിമുത്തുവാണ്.) എല്ലാം കീരന്റെ വയറ്റിലെത്തിക്കഴിഞ്ഞു.

"എഡോ, കീരൻ വരുന്നുണ്ട്." എന്നു ചില രസികന്മാർ ധോബിമുത്തുവിനെ പറഞ്ഞു പേടിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

ചെറുമക്കൾക്കെല്ലാം കീരൻപൂശാരി എന്നു കേട്ടാൽ പേടിയാണ് — മൂത്തോറൻമേസ്ത്തിരിക്കുകൂടി—കാരണം, കീരന്റെ മന്ത്രശക്തി — തെയ്യം മെയ്യിൽവന്നാൽ കീരൻ സർവ്വജ്ഞനായി മാറും.

മന്ത്രശക്തികൊണ്ട് ഒരു കളവു തെളിയിച്ച സംഭവമാണ് കീരനെ നാട്ടിൽ പ്രഖ്യാതനാക്കിയത്.

ചെറുമക്കളുടെ ഒരു കല്യാണാടിയന്തിരത്തിൽ, വിരുന്നുവന്ന ഒരു ചെറുമിയുടെ കഴുത്തിലെ മാല ആരോ മോഷ്ടിച്ചു. രാത്രി കിടന്നുറങ്ങുമ്പോഴാണ് പണി പറ്റിച്ചത്. പിറ്റേന്നു രാവിലെ കല്യാണച്ചാളയിൽ വലിയ ബഹളം. മാല നഷ്ടപ്പെട്ടവളുടെ നിലവിളി. പുരക്കാരുടെ പരക്കംപാച്ചിൽ. അതിഥികളുടെ വേവലാതി.

ആരോ പറഞ്ഞു കീരൻപൂശാരി വെളിച്ചപ്പെട്ടു പറയട്ടെ —

കീരൻ അരയിൽ ചോപ്പുംചുറ്റി, വാളുംകിലുക്കി വെളിച്ചപ്പെട്ടു. മുറ്റത്തു മൂന്നുചാൽ അങ്ങോട്ടുമിങ്ങോട്ടും ഓടി, ഉഗ്രമായൊന്നു കൂക്കിവിളിച്ചുകൊണ്ട് കല്പിച്ചു: "തവിടു കൊണ്ടുവാ."

ഒരു കലം നിറയെ തവിടു മുമ്പിലെത്തി.

കീരൻപൂശാരി തവിടു വാരി മന്ത്രംജപിച്ച് അവിടെയുള്ള ചെറുമികളിൽ ഓരോരുത്തിക്കും കൊടുത്ത്, തിന്നാൻ പറഞ്ഞു. പിന്നെ മുറ്റത്തുടെ മൂന്നു ചാൽ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു — തവിടു തിന്നുന്ന പെണ്ണുങ്ങളുടെ വായിലേക്കു നോക്കി.

പൂശാരി പെട്ടെന്ന് ഒരുത്തിയെ ചൂണ്ടിക്കാട്ടി. "നിയ്യാണു കട്ടത്—" എന്നു ഗർജ്ജിച്ചു.

"കട്ട മുതൽ ഉടൻ എടുത്തു കാണിച്ചില്ലെങ്കിൽ ചോരതുറി ചാകു"മെന്ന് ഒരു ഭീഷണിയും മുഴക്കി.

ചെറുമി, എടുത്തവായ്ക്കു കുറ്റം സമ്മതിച്ചു. കട്ട മാല വാഴച്ചുവട്ടിൽ കുഴിച്ചിട്ടേടത്തുനിന്നു മാന്തിയെടുത്തുകൊണ്ടുവന്ന് തെയ്യത്തിന്റെ കാല്ക്കൽ സമർപ്പിച്ച്, 'ലച്ചിക്കണേ തമ്പായീ!' എന്നു പറഞ്ഞ് നെഞ്ഞത്തടിച്ചു നില വിളിച്ചു.

അക്കാഴ്ച കണ്ട് അവിടെ കൂടിനിന്നവരെല്ലാം മൂക്കത്തു വിരൽ വെച്ചു പോയി. കീരൻപൂശാരിയുടെ മന്ത്രശക്തി!

ചെറുമികൾക്കു മന്ത്രം ജപിച്ചു തവിടു കൊടുത്ത്, കീരൻ കളവു തെളിയിച്ച അദ്ഭുതകഥ പറഞ്ഞുകേട്ടപ്പോൾ, കന്നിപ്പറമ്പിലെ കൃഷ്ണൻ മാസ്റ്റർ കുറെ ചിരിച്ചു. പിന്നെ ശ്രീധരനോടു പറഞ്ഞു.

"അതു മരുന്നിന്റെയോ മന്ത്രവാദത്തിന്റെയോ വിദ്യയല്ല — വെറും മനശ്ശാസ്ത്രത്തിന്റെ സൂത്രമാണ്. വിചാരണചെയ്യപ്പെടുമ്പോൾ അക്കൂട്ടത്തിൽ, കട്ടവൾക്കുമാത്രമേ മനസ്സിൽ പേടിയും പരിഭ്രമവും ഉളവാകുകയുള്ളൂ. പേടിയും പരിഭ്രമവും കൂടുമ്പോൾ വായിൽ ഉമിനീർ വറ്റിപ്പോകും. തൊണ്ട വരണ്ടുപോയാൽ പിന്നെ

തവിട്ടു വിഴുങ്ങാൻ കഴികയില്ല. തവിട്ടു വിഴുങ്ങാൻ പാടുപെടുന്ന പുള്ളിയെ എളുപ്പം കണ്ടുപിടിക്കാം. കീരൻ അങ്ങനെയാണ് പണിപറ്റിച്ചത് —"

ചെറുമപ്പരിഷകൾക്കു മനശ്ശാസ്ത്രത്തിന്റെ തന്ത്രമൊന്നും അറിഞ്ഞു കൂടാ—പണ്ടം കട്ട പുള്ളിയെ ശരിക്കും ചൂണ്ടിക്കാട്ടി പിടിച്ചുകൊടുത്ത കീരൻപൂശാരിയുടെ മന്ത്രശക്തി അവരെ അദ്ഭുതപരതന്ത്രരാക്കി. കീരൻ പൂശാരിയിൽനിന്ന് ഒന്നും ഒളിച്ചുവയ്ക്കാൻ കഴിയുകയില്ലെന്ന് അവർ ഉറച്ചു വിശ്വസിച്ചു.

സമുദായത്തിൽ കീരന്റെ ശക്തിയും പ്രമാണിത്തവും വകവെച്ചു കൊടുക്കാത്ത ഒരു വ്യക്തിയുണ്ടായിരുന്നു. വെളുത്ത അയ്യപ്പൻ, കീരൻ ഒരിക്കൽ കോഴ ആവശ്യപ്പെട്ടപ്പോൾ, അയ്യപ്പൻ തുറന്നു പറഞ്ഞു:

"പൂശാരി, വെളിച്ചപ്പാടും കോലംതുള്ളലുമൊക്കെ മതിയാക്കി എന്തെങ്കിലും പണിയെടുക്കാൻ നോക്ക്. ഇരുമ്പുരലുപോലത്തെ തടിയാണല്ലോ —കൈക്കോട്ടു കൊത്തിയാൽ ദിവസം എട്ടണ കിട്ടും....."

അയ്യപ്പന്റെ പരിഹാസവാക്കുകൾ കീരൻ മനസ്സിൽ അടക്കിവെച്ചു. പണക്കാരനാണെന്ന ഗർവ്വും വാക്സാമർത്ഥ്യവുമൊക്കെ അവിടെ ഇരിക്കട്ടെ — അയ്യപ്പൻ സമുദായത്തിലെ ഒരംഗമാണ്. കല്യാണപ്രായമെത്തിയ രണ്ടു പെണ്ണുങ്ങൾ അവന്റെ ചാളയിലുണ്ട്. ചാവാറായ ഒരു കിഴവിത്തള്ളയും — കല്യാണവും ചാവടിയന്തിരവുമൊക്കെ വരും. ഭ്രഷ്ടുകല്പിക്കാൻ ഒരവസരം കിട്ടുമോ എന്നു നോക്കട്ടെ.

അങ്ങനെ മാസങ്ങൾ കഴിഞ്ഞു.

മൂത്തോറൻമേസ്തിരിയുടെ പ്രിയതമ പാഞ്ചി ഗർഭംധരിച്ചു.

മേസ്തിരി നിലത്തുനിന്ന് നാലംഗുലം പൊങ്ങി. ആദ്യമായി അച്ഛനാവാൻ പോവുകയാണ്!

കണ്ടറ് ചണ്ടിത്തൊഴിലാളികളോടും, കാണുന്ന ചങ്ങാതിമാരോടുമെല്ലാം മേസ്തിരിക്ക് ആ വർത്തമാനമേയുള്ളു പറയാൻ:

"എന്റെ പാഞ്ചിക്കു നല്ല സുഖമില്ല...."

"എന്താ മേസ്തിരി ഓളെ സൂക്കേട്?"

മുകൾവരിയിലെ പല്ലു നാലെണ്ണം അടർന്നുപോയ വായ് വിടർത്തി മേസ്തിരി ഒരു കോമാളിച്ചിരി ചിരിക്കും: "പെറാനുള്ള സൂക്കേട്; പാഞ്ചിക്കു പള്ളേലുണ്ട്....."

ഒരുദിവസം സാനിറ്ററി ഇൻസ്പെക്ടരെജമാനനോടു പറഞ്ഞു:

"നേരത്തെ ഒന്നു പുരയിൽ പോണം. ഭാര്യയ്ക്കു നല്ല സുഖമില്ല.

"എന്താ ദിനം?"

"മൂന്നുമാസം...." മേസ്തിരി ലജ്ജയോടെ മുഞ്ഞിചുളിച്ച് താഴെ നോക്കി മൊഴിഞ്ഞു.

ഒമ്പതു കുട്ടികളുള്ള സാനിറ്ററി ഇൻസ്പെക്ടർ സ്വാമിയുടെ മഠത്തിലെ സ്ഥിതിയും അതുതന്നെയായിരുന്നു. അമ്മ്യാരു പത്താമത്തെ ഗർഭം ധരിച്ചിരിക്കയാണ്.

അനുമോദനമോ സഹതാപമോ എന്നു തിരിച്ചറിയാൻ കഴിയാത്ത ഒരു മൂളലും നോട്ടവുമായിരുന്നു. ഇൻസ്പെക്ടർ പട്ടരുടെ പ്രതികരണം.

പാഞ്ചിക്ക് 'കെറപ്പപ്പൂതി' കൾ പെരുകിത്തുടങ്ങി.

ഒരുദിവസം തൊണ്ടിഅലുവ.

പിറ്റേന്ന്, താമരക്കിഴങ്ങ്.

പിന്നെ കാടയിറച്ചി....

മൂത്തോറൻമേസ്തിരി എല്ലാം സാധിപ്പിച്ചുകൊടുത്തു.

നാട്ടിൽ പച്ചമാങ്ങാ കിട്ടാത്തകാലത്ത്, പാഞ്ചി പുളിമാങ്ങയ്ക്കു പൂതി പറഞ്ഞപ്പോൾ, മേസ്തിരി അതു സേലത്തു നിന്നു പ്രത്യേകം വരുത്തിക്കൊടുത്തു.

ആറാംമാസത്തിൽ, സമുദായാചാരപ്രകാരം പാഞ്ചിയുടെ പുളികുടിയടിയന്തിരം കേമമായി കഴിഞ്ഞു.

പൂവരശ്ശുക്കാവിലെ ഉത്സവത്തിനു കൊടിയേറ്റു കഴിഞ്ഞതിന്റെ പിറ്റേന്നാൾ മോന്തിക്കാണ് പാഞ്ചിക്കു നൊമ്പരംകിട്ടിയത്.

ദേശത്തെ മൂത്ത ചെറുമികളും, സമുദായത്തിലെ വയറ്റാട്ടി ഒറ്റക്കണ്ണി കാളിയും സഹായത്തിനെത്തി.

കുമ്പയും തലോടിക്കൊണ്ട് മൂത്തോറൻമേസ്തിരി പരക്കംപാഞ്ഞു. (അതുകണ്ടാൽ തോന്നും പേറ്റുനോവുകിട്ടിയത് കിഴവൻ മൂത്തോറനാണെന്ന്.)

രാത്രി മുഴുവനും പാഞ്ചിയുടെ ഞരങ്ങലും മോങ്ങലും നൊമ്പരവും തുടർന്നുകൊണ്ടിരുന്നു. നേരം പുലർന്നിട്ടും സ്ഥിതി അങ്ങനെത്തന്നെ.

"പ്രേതം കൂടീട്ടുണ്ട്. മുട്ടറക്കണം—കീരൻപൂശാരിയെ വിളിക്കണം." ചായ്പിൽ—ഈറ്റില്ലത്തിൽ—നിന്നു തല വെളിക്കുകാട്ടി, കാളി മൂത്തോറനോടു വിളിച്ചുപറഞ്ഞു.

പഴയ പിണക്കവും അകൽച്ചയുമൊക്കെ മറന്ന് മൂത്തോറൻ കീരൻ പൂശാരിയുടെ ചാളയിലേക്ക് ഓടി.

അരയിൽ ചോപ്പുചുറ്റി കൈയിൽ വാളും പൊക്കിപ്പിടിച്ചുകൊണ്ട് കീരൻ പൂശാരി ഹാജരായി.

പാഞ്ചി പേറ്റുനോവു സഹിക്കാൻവയ്യാതെ കിടന്നലറുന്നു. അകത്ത്.

കീരൻ വിറച്ചുതുടങ്ങി. തെയ്യം മെയ്യിൽക്കേറി.

കീരൻ വാളും കിലുക്കിക്കൊണ്ട് മുറ്റത്തുടെ മൂന്നു ചാൽ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു. പിന്നെ പടിഞ്ഞാറ്റിയുടെ നേർക്കു വന്നുനിന്ന് വാളു കൊണ്ട് മൂർദ്ധാവിൽ ഒന്നു വെട്ടി. ഉഗ്രമായൊരു കൂക്കിവിളി മുഴക്കി.

ഈറ്റില്ലത്തിന്റെ നേർക്കു നോക്കി കീരൻ അവ്യക്തമായി എന്തൊക്കെയോ ചിലച്ചു.

തെയ്യത്തിന്റെ അരുളപ്പാട്:

"ഹ്ഉംഹ്–ഹൊ–ഹോയ്—ലഗ്നത്തിന്റെ കെറപ്പത്തിൽ വേറെ മൂന്നാള് കുറ്റംശെയ്തിട്ടുണ്ട്—തെയ്യം എല്ലാം കണ്ടിട്ടുണ്ട്—കുറ്റംശെയ്ത ആളെ ഓരോരുത്തരെ ഏറ്റു പറയണം—ന്നാലെ പിള്ള പൊറത്തു വരൂ...."

പാഞ്ചിയുടെ ഗർഭക്കുറ്റത്തിൽ പങ്കാളികളായി വേറെ മൂന്നുപേരുണ്ടെന്നാണ് തെയ്യം പറയുന്നത്. അവരുടെ പേര് ഓരോന്നായി പാഞ്ചി ഏറ്റു പറയണം. (തെയ്യം അവർക്കു പിഴവിളിക്കും. പിന്നെ പൂവരശ്ശുക്കാവിൽ 'ചുത്തികലശം' കഴിക്കണം)

തെയ്യത്തിന്റെ അരുളപ്പാട് വയറ്റാട്ടി കാളി കേട്ടു. മൂത്ത ചെറുമികൾ കേട്ടു. പ്രസവവേദനകൊണ്ടു പിടയുന്ന പാഞ്ചി കേട്ടു. പള്ളയുഴിഞ്ഞു മിഴിച്ചു നിൽക്കുന്ന

മൂത്തോറൻമേസ്ത്തിരി കേട്ടു. മുറ്റത്തു കൂടിനിൽക്കുന്ന ബഹുജനവും കേട്ടു.

ഉത്സവത്തിന് കൊടികേറി തെയ്യം ഉണർന്നിരിക്കുന്ന കാലമാണ്. തെയ്യം മെയ്യിൽക്കേറിയ കീരനാണു പറയുന്നത്. ഗർഭക്കുറ്റവാളികൾ മൂന്നു പേരുണ്ടെന്ന്— മന്ത്രശക്തികൊണ്ട് എല്ലാം അറിയുന്ന കീരൻപൂശാരിയാണു പറയുന്നത്.

“പറഞ്ഞുകൊട്ടുക്ക്, പാഞ്ചി.” കാളി പാഞ്ചിയെ തിരക്കി.

“കീരൻപൂശാരി പറഞ്ഞാൽ പറഞ്ഞതുതന്നെ—”

എല്ലാം അറിയുന്ന ചക്കളത്തി ചക്കിയും ഒരു മൂലയിൽ മുനിഞ്ഞിരിക്കുന്നുണ്ടായിരുന്നു. കാളിയുടെ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് അവൾ ഉറക്കെ ഒന്നു മൂളിക്കൊടുത്തു.

കീരന്റെ മന്ത്രശക്തിയെപ്പറ്റി പാഞ്ചിക്കു നല്ല ബോധമുണ്ട്. തവിട്ടു മന്ത്രിച്ചുകൊടുത്ത് കട്ടവളെ കണ്ടുപിടിച്ച പഹയനാണ്. തന്റെ ഒളിസ്സേവകന്മാരിൽ മൂന്നാളുടെ പേർ ഏറ്റുപറഞ്ഞാലേ വയറ്റിലെ പിള്ള പുറത്തുവരൂ.

പാഞ്ചിക്കു നൊമ്പരം പൊറുപ്പിക്കാൻ കഴിയുന്നില്ല.

കീരൻ വാളു കിലുക്കിക്കൊണ്ടു ഗർജ്ജിച്ചു: “പേരു പറ—”

പാഞ്ചി ഒന്നു പിടഞ്ഞു.

ഞരങ്ങലിന്റെയും മോങ്ങലിന്റെയുമിടയ്ക്ക് പാഞ്ചി കെറപ്പക്കുറ്റക്കാരിൽ ഒന്നാമന്റെ പേർ വിളിച്ചുപറഞ്ഞു.

“കണ്ണുകുട്ടിച്ചാച്ചൻ.” *

(ദേശത്ത് ഹരിജനസേവകനായി നടന്നിരുന്ന ഒരു ചെറുപ്പക്കാരനായിരുന്നു കണ്ണൻകുട്ടി. അവൻ ആറുമാസം മുമ്പ് വസൂരിപിടിച്ചു മരിച്ചുപോയി.)

കീരൻപൂശാരിയുടെ മുഖത്തു നിരാശ.

കുറ്റവാളികളിൽ ആദ്യത്തെ പേര് വെളുത്ത അയ്യപ്പന്റേതായിരിക്കുമെന്നാണ് കീരൻ പ്രതീക്ഷിച്ചിരുന്നത്.

കീരൻ വാളും കുലുക്കി മുറ്റത്തുടെ മൂന്നുചാൽ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു. തലയ്ക്കു വെട്ടി കൂക്കിവിളിച്ചു.

“പിന്നെ ആര്—?പറ!” ചായ്പിന്റെനേർക്കു ചെവി വട്ടംപിടിച്ച് വിറപൂണ്ടു നിന്നു കീരൻ.

പാഞ്ചിക്കു നോവു സഹിക്കാൻ കഴിയുന്നില്ല. പെറ്റുകിട്ടിയാൽ മതിയെന്നായിരിക്കുന്നു.

നല്ല മുഹൂർത്തം നോക്കിയാണ് കീരൻ സ്മാർത്തവിചാരം നടത്തുന്നത്

“ചായപ്പീടേയ്യലെ അപ്പുപ്പാര്യൻ — “ രണ്ടാംനമ്പ്ക്രാരൻ പുറത്തുചാടി.

(കുമാരന്റെ ഭാരതമാതാ ടീഷാപ്പിലെ പുതിയ അസിസ്റ്റന്റാണ് അപ്പു. ‘പ്രസാരണി അപ്പു’ എന്നാണ് പുള്ളിയുടെ പ്രഖ്യാതനാമം.)

പൊതുജനം ചിരിച്ചു.

കീരനു നിരാശ —ദ്വേഷ്യവും. തന്റെ ലിസ്റ്റിൽപ്പെട്ട പേരുകളൊന്നുമല്ല കേൾക്കുന്നത്.

കീരൻ മുറ്റത്തു മൂന്നുചാൽ വീണ്ടും പരക്കംപാഞ്ഞു.

ഈററില്ലത്തിന്റെനേർക്കു നോക്കി, മൂന്നാമൻ അയ്യപ്പൻതന്നെ എന്നുറപ്പിച്ചുകൊണ്ടു കീരൻ അലറി.

"പിന്ന്യാര്?—പറ."

"അയേ്യാ!—" പാഞ്ചിയുടെ നിലവിളി.

അയ്യപ്പന്റെ പേരിന്റെ രണ്ടക്ഷരം പറഞ്ഞു പഹച്ചി പാഞ്ചി മാറിക്കളഞ്ഞതായിരിക്കും. കീരൻ വിട്ടില്ല.

"പിന്ന്യാര്? പറ—" വാൾ ഉഗ്രമായി കിലുക്കി.

കീരൻ ചെവിയോർത്തു നിന്നു.

"തുണിപ്പീടേ്യലെ രാമോദരമ്പാര്യൻ...."

കൊമ്പൻ ദാമു!

ബഹുജനം അമ്പരന്നു.

കീരൻ കൊടുംനൈരാശ്യത്തോടെ മൂർദ്ധാവിൽ മൂന്നു വെട്ടി.

പേരുകൾ മൂന്നുംകഴിഞ്ഞു. അയ്യപ്പൻ പുറത്തുവന്നില്ല.

അയ്യപ്പന്റെ കാര്യം ഉറപ്പാണ്.

കീരൻ മുററത്തുടെ മൂന്നുചാൽ പിന്നെയും കുന്തിരിയെടുത്തു മണ്ടി, ഈററില്ലത്തിന്റെ മുമ്പിൽ വന്ന്, ഊർദ്ധ്വദൃഷ്ടിയായി കുറച്ചുനേരം നിന്നു.

അയ്യപ്പനെ പുറത്തുചാടിക്കാതെ വിടില്ല എന്ന വാശിയോടെ പൂശാരി, അലറിക്കൊണ്ടു പറഞ്ഞു: "ങ്ഹാ, കാണുന്നുണ്ട്— കുററംശെയ്ത ഒരുത്തനുംകൂടിയുണ്ട്— വെളുത്ത ഒരാള്—" (ലക്ഷണവും പറഞ്ഞു കൊടുത്തു.)

കീരൻ അത്യുൽക്കണ്ഠയോടെ ഈററില്ലത്തിനു നേർക്കു നോക്കി തലചെരിച്ചു ചെവികൂർപ്പിച്ചു നിന്നു.

പൊതുജനം ശ്വാസമടക്കിപ്പിടിച്ചു ശ്രദ്ധിച്ചു.

അപ്പോൾ കേട്ടു, അകത്തുനിന്ന് അയ്യപ്പന്റെ പേരല്ല—കുഞ്ഞിന്റെ കരച്ചിൽ.

പാഞ്ചി പെററു!

കോപനൈരാശ്യങ്ങളുടേയും ആത്മനിന്ദയുടേയും ഉഗ്രമൂർത്തിയായി മാറിയ കീരൻ വാളുകൊണ്ടു നെറുക വെട്ടിപ്പൊളിച്ചു. മുഖത്തും മാറത്തും ചോരപ്പുഴ ഒഴുകി — ആളുകൾ പാഞ്ഞുചെന്നു തടഞ്ഞില്ലായിരുന്നുവെങ്കിൽ കീരൻപൂശാരി, തലയോട്ടു പൊട്ടിപ്പിളർന്ന് അവിടെ ചത്തുവീഴുമായിരുന്നു.

മുത്തോറൻമേസ്തിരി എല്ലാം മറന്ന് ഒരു കഴുതച്ചിരി ചിരിച്ചു. അച്ഛനായിരിക്കുന്നു!

കീരൻപൂശാരി കുഴപ്പത്തിലായി: കുററംചെയ്തതായി പ്രഖ്യാപിക്കപ്പെട്ട കക്ഷികൾക്കു പിഴകല്പിക്കണം.

ഈടാക്കിയ പിഴ മൂന്നായി പങ്കിടണം. ഒരു ഭാഗം സങ്കടകക്ഷിയായ ഭർത്താവിന്— ഒരു ഭാഗം, പൂവരശുക്കാവിൽ ശുദ്ധികലശം കഴിക്കുന്നതിന്; ബാക്കി പുരോഹിതനും. അങ്ങനെയാണ് ആചാരവിധി.

പിഴ കൊടുക്കേണ്ട കക്ഷികളിൽ സമുദായാംഗമായി ഒരുത്തനേയുള്ളു: കണ്ണൻകുട്ടി. ഇതെല്ലാം മുൻകൂട്ടി കണ്ടിട്ടെന്നപോലെ, ആ വിദ്വാൻ നേരത്തേ പരലോകത്തേക്കു കടന്നുകളഞ്ഞു. ഇനിയുള്ളത്, ചായപ്പീടികയിലെ അപ്പുവും തുണിപ്പീടികയിലെ ദാമുവുമാണ്

—മേൽജാതിക്കാർ. അവരുടെ പേരിൽ നടപടിയെടുക്കാൻ കീരനധികാരമില്ല.

കീരൻപൂശാരിക്കു വിഷമിക്കേണ്ടിവന്നില്ല.

ശങ്കുണ്ണിക്കമ്പൗണ്ടറും, ആധാരം ആണ്ടിയും കേസൊന്നും കിട്ടാതെ ഉഴന്നുനടക്കുകയായിരുന്നു. അവർ പൂശാരിക്കീരന്റെ ഭാഗം വാദികളും പൂവരശ്ശുക്കാവിന്റെ രക്ഷാധികാരികളുമായി സ്വയം മുന്നോട്ടു വന്നു. ഞണ്ടു ഗോവിന്ദനെയും കോ—ഓപ്റ്റ്ചെയ്ത് ഒരു കമ്മിറ്റി രൂപീകരിച്ചു.

പാഞ്ചി പ്രസവക്കേസിൽ, ഭാരതമാതാ ടീഷാപ്പിലെ പ്രസാരണി അപ്പുവിനും, തുണിഷാപ്പിലെ ദാമോദരനും പങ്കുണ്ടെന്നു പാഞ്ചി പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. അവരെ പിടികൂടി പിഴ ഈടാക്കണം. കമ്മിറ്റി പ്രവർത്തനമാരംഭിച്ചു.

കമ്പൗണ്ടറും ആധാരവും ആദ്യം അപ്പുവിനെ സമീപിച്ചു.

പ്രസാരണി തുറന്നുപറഞ്ഞു: "മുൻകൂട്ടി പിഴയടച്ചിട്ടാണ് ഞാൻ പാഞ്ചിയുടെകൂടെ കിടന്നത്. പിന്നെ ഈ കേസിൽ പിഴയടയ്ക്കേണ്ടുന്ന കക്ഷികൾ വേറെയുമുണ്ടെന്ന് എനിക്കറിയാം — അവർ ആദ്യം പിഴയടയ്ക്കട്ടെ."

കമ്പൗണ്ടറും ആധാരവും ഉടൻ സ്ഥലംവിട്ടു. പ്രസാരണി ആരെ ഉദ്ദേശിച്ചാണു പറയുന്നതെന്ന് അവർക്കു മനസ്സിലായി.

ഇനി പിടിക്കാനുള്ളതു തുണിഷാപ്പു ദാമോദരനെയാണ്.

തന്നെപ്പറ്റിയുള്ള ആരോപണം പരസ്യമായിട്ടുണ്ടെന്നു കേട്ട അന്നു രാത്രിയിൽതന്നെ കൊമ്പൻദാമു, പെട്ടിയും ഭാണ്ഡവുമെടുത്ത് എങ്ങോട്ടോ വണ്ടികേറിക്കഴിഞ്ഞിരുന്നു. അങ്ങനെ കമ്മറ്റിക്കാർക്ക് ഒരു കാശും പിരിഞ്ഞുകിട്ടിയില്ല. കാര്യം വിഷമസ്ഥിതി.

അപ്പോൾ ഞണ്ടുഗോവിന്ദൻ ഉപദേശിച്ചുകൊടുത്തു: "ചെറുമൻ പൂശാരിക്കുള്ള പ്രതിഫലം, പൂവരശ്ശുക്കാവിൽ ശുദ്ധികലശം നടത്താനുള്ള ചെലവ്—കമ്മിറ്റിക്കാർക്കുള്ള ടി. ഏ. യും, ഡി. ഏ. യും(യാത്രച്ചെലവും ദിവസബത്തയും) ഇവ കൊടുത്തേ കഴിയൂ. ഇങ്ങനെയെല്ലാം സംഭവിച്ചത് ആ കിഴവൻ മൂത്തോറൻചെറുമന്റെ ബുദ്ധിമോശംകൊണ്ടാണ്. അതിനാൽ മൂത്തോറൻതന്നെ മൂന്നാളുടെയും പിഴയടയ്ക്കണം. മൂത്തോറന്റെ അവകാശ ഓഹരികഴിച്ച് ബാക്കി പണം അവൻ കമ്മിറ്റിയെ ഏൽപിക്കണം—"

ആധാരം ആണ്ടി ഉടൻ കണക്കു തയ്യാറാക്കി. കമ്മിറ്റിയെ ഏൽപിക്കേണ്ടും സംഖ്യ: 103 ക. 7 ണ, 9 പ.

മൂത്തോറൻമേസ്തിരിയുടെ കയ്യിൽ പണമില്ല. പാഞ്ചിക്ക് ഒമ്പതു തികയുമ്പോഴേക്കും മേസ്തിരി നൂറ്റമ്പത് ഉറുപ്പിക കടത്തിലായിരിക്കുന്നു.

"ഇനിയും കടം വാങ്ങ്." കമ്പൗണ്ടർ ഉപദേശിച്ചു.

"ആര് കടം തരും?"

"മേസ്തിരിയുടെ പുരയും പറമ്പും പണയം കൊടുത്താൽ പണം ആരോടെങ്കിലും ഞാൻ വാങ്ങിത്തരാം." കമ്പൗണ്ടർ സഹായമാർഷം പറഞ്ഞുകൊടുത്തു.

മൂത്തോറൻമേസ്തിരിക്ക് ഗത്യന്തരമില്ലാതായി. മുൻകൂർ കടം 150ക. പ്രസവക്കേസ് പിഴയിനത്തിൽ കമ്മിറ്റിക്കാർക്കു ചെല്ലേണ്ടും സംഖ്യ 103ക. 7 ണ, 9

പ. പാഞ്ചിയുടെ പ്രസവാനന്തരശ്ശുശ്രൂഷകൾക്കും, കുഞ്ഞിന്റെ പേരു വിളി, പാലുകുടി തുടങ്ങിയ അടിയന്തിരങ്ങൾക്കും ഒക്കെക്കൂടി നൂറുറുപ്പിക വേറെയും കരുതേണ്ടിയിരിക്കുന്നു.

അങ്ങനെ 400 ക. യ്ക്കു പുരയും പറമ്പും പണയം കൊടുക്കാൻ തീരുമാനിച്ചു.

ആണ്ടി ആധാരങ്ങൾ തയ്യാറാക്കി.

റജിസ്ത്രാപ്പീസിൽ ചെന്നപ്പോഴാണ് മൂത്തോറൻമേസ്തിരി അറിയുന്നത് വസ്തു പണയം വാങ്ങുന്ന കക്ഷി വെളുത്ത അയ്യപ്പൻ!

പാഞ്ചി പ്രസവക്കേസിന്റെ പ്രതികരണങ്ങൾ ചുരുക്കത്തിൽ ഇപ്രകാരമായിരുന്നു.

മൂത്തോറൻമേസ്തിരി, വയസ്സുകാലത്ത് ഒരച്ഛനായി.

(പുരയും പറമ്പും 400 ക. പണയക്കടത്തിലും!)

കൊമ്പൻദാമു നാട്ടുവിട്ടുപോയി.

(സപ്പർസർക്കീറ്റ് സംഘത്തിന് ഒരു പ്രമുഖാംഗം നഷ്ടപ്പെട്ടു.)

പൂവരശ്ശുക്കാവിലെ ഉത്സവം എല്ലാക്കൊല്ലങ്ങളിലെക്കാളും കേമമായി ആഘോഷിക്കപ്പെട്ടു.

* ഇമ്മാമ്മ—ചേച്ചി

# 14. തിരിച്ചുവരവ്—ഒന്നുകൂടി

ശനിയാഴ്ച രാവിലെ ശ്രീധരൻ ഉൽക്കണ്ഠയോടെ ഇടവഴിയിലേക്കു നോക്കിക്കൊണ്ട് മാളികവരാന്തയിൽ ഇരിക്കുകയാണ്—പോസ്റ്റ്മാന്റെ വരവും കാത്ത്.

നായികയ്ക്ക് ആദ്യത്തെ പ്രേമലേഖനം അയച്ചുകഴിഞ്ഞു. എന്നാൽ, ചെറിയൊരു ബുദ്ധിമോശം പറ്റി. മറുപടി എങ്ങനെ അയയ്ക്കണമെന്ന് കത്തിൽ സൂചിപ്പിച്ചില്ല. ചിന്താലഹരിയിൽ അക്കാര്യം വിട്ടുപോയി. അതിരാണിപ്പാടം മേൽവിലാസത്തിൽ നായിക മറുപടി അയയ്ക്കുകയാണെങ്കിൽ പോസ്റ്റ്മാൻ അത് രാവിലെ കൊണ്ടുവരും. രാവിലെ ഒൻപതുമണിക്കും പത്തുമണിക്കുമിടയിലാണ് പോസ്റ്റ്മാന്റെ വരവ്. നായികയുടെ കത്ത് അച്ഛന്റെ കൈയിലാണു കിട്ടുന്നതെങ്കിൽ! പോസ്റ്റ്മാന്റെ കാക്കിരൂപം ദൂരെ ഇടവഴിയിൽ കാണുമ്പോൾ താഴെ ഓടിച്ചെന്ന് തഞ്ചത്തിൽ കത്തു കൈവശപ്പെടുത്തണം.....

"ചേടീഭവന്നിഖിലഖേടി കദംബവനവാടിഷു......." കൃഷ്ണൻമാസ്റ്റർ കോലായിലിരുന്ന് ശ്രീശങ്കരാചാര്യരുടെ സ്തോത്രകൃതിയിലെ പദ്യങ്ങൾ ഉരുവിട്ടു കാണാപ്പാഠം പഠിക്കുകയാണ്. ഇംഗ്ലീഷ് ഡിക്ഷ്ണറിയിൽനിന്നു പുതിയ വാക്കുകൾ പകർത്തിപ്പഠിക്കുക, ഇംഗ്ലീഷ് വ്യാകരണഗ്രന്ഥങ്ങളിൽ നിന്നു പുതിയ ഇഡിയങ്ങളും ശൈലീപ്രയോഗങ്ങളും മനസ്സിലാക്കുക, സംസ്കൃതകീർത്തനങ്ങളും ശ്ലോകങ്ങളും ഹൃദിസ്ഥമാക്കുക ഇവയൊക്കെയായിരുന്നു കൃഷ്ണൻമാസ്റ്ററുടെ ഒഴിവുസമയവിനോദങ്ങൾ. ചിലപ്പോൾ വൈദ്യശാസ്ത്രഗ്രന്ഥങ്ങളുമായും ഒന്നു ബന്ധപ്പെടാൻ നോക്കും.

തനിക്ക് ഇഡിയമേറ്റിക് ഇംഗ്ലീഷ് വെള്ളസായിപ്പന്മാരെപ്പോലെ സംസാരിക്കാൻ കഴിയുമെന്ന് കൃഷ്ണൻമാസ്റ്റർ അഭിമാനിച്ചിരുന്നു. ഒരിക്കൽ കൃഷ്ണൻമാസ്റ്ററുടെ ഒരു ശിഷ്യൻ, ഇട്ടിരാരിശ്ശമേനോൻ, ഹൈസ്കൂളിൽ ചേരാൻ പോയി. ഹൈസ്കൂളിലെ ഇംഗ്ലീഷദ്ധ്യാപകൻ വെങ്കട്ടറാവു കുട്ടിയെ പരീക്ഷിച്ചു. ഇംഗ്ലീഷ് ടെക്സ്റ്റിൽ 'ടൈഗറി'ന്റെ പാഠമെടുത്ത്.

"വൈ ഡിഡ് ദി ടൈഗർ ഈറ്റ് ദി മാൻ?"

വെങ്കട്ടറാവുവിന്റെ ചോദ്യം.

"ടു സാറ്റിസ്ഫൈ ഇറ്റ്സ് അപ്പിറ്റൈറ്റ്."—ഇട്ടിരാരിശ്ശമേനോൻ ഉത്തരം കൊടുത്തു.

കുട്ടിയുടെ ഉത്തരം കേട്ട വെങ്കട്ടറാവു വാപൊളിച്ചുപോയി. കുട്ടിയുടെ പുറത്തുതട്ടി അഭിനന്ദിച്ചുകൊണ്ടു വെങ്കട്ടറാവു ചോദിച്ചു.

"ഹൂ വാസ് യുവർ ഇംഗ്ലീഷ് ടീച്ചർ?"

"കൃഷ്ണൻമാസ്റ്റർ." —ഇട്ടിരാരിശ്ശമേനോൻ അഭിമാനത്തോടെ പറഞ്ഞു.

"നോ വണ്ടർ!" വെങ്കട്ടറാവു വെള്ളത്തലപ്പാവു കുലുക്കിക്കൊണ്ടു തനിയെ പറഞ്ഞു: "ഐ ഹാവ് ഹേഡ് എബൗട്ട് ദാറ്റ് സ്കോളർ."

കൃഷ്ണൻമാസ്റ്റർ അക്കഥ പലരോടും പ്രസ്താവിക്കാറുണ്ടായിരുന്നു. ഇന്നു രാവിലെ കൃഷ്ണൻമാസ്റ്റർ സംസ്കൃതകീർത്തനം പഠിക്കുന്ന മൂഡിലാണ്: "ചേടീഭവന്നിഖിലഖേടി

കദംബവനവാടീഷു നാകിപടലീ...”

ശ്രീധരൻ ഇടവഴിയിൽ നിന്നു കണ്ണെടുക്കാതെ കഴകദൃഷ്ടിയോടെ കാത്തിരുന്നു.

നായികയ്ക്കു കത്തു തയ്യാറാക്കിയതും അയച്ചതുമെല്ലാം വളരെ മുൻകരുതലുകളോടുകൂടിയായിരുന്നു.

ചൊവ്വാഴ്ച ഒരവിസ്മരണീയദിനമായിരുന്നു ശ്രീധരന്. ജീവിതത്തിൽ ആദ്യത്തെ പ്രേമലേഖനം ചൊവ്വാഴ്ച അർദ്ധരാത്രിയോടുകൂടിയാണ് എഴുതി പൂർത്തിയാക്കിയത്. നായികയെ ആദ്യമായി ദർശിച്ചത്— ആ ദർശനം നൂറു നൂറായിരം സ്വപ്നങ്ങൾ ഹൃദയത്തിൽ വിരിയിച്ചത്— ആ സ്വപ്ന തരംഗിണിയിലൂടെ നായികയുടെ പിന്നാലെ അറിയാതെ നീങ്ങിയത്. തിരുവാതിരപ്പാതിരാവിൽ സന്ന്യാസിവര്യന്റെ പൊറാട്ടുവേഷം കെട്ടിച്ചെന്ന് നായികയുടെ കരാംഗുലീസ്പർശനം തരപ്പെടുത്തിയത്......... എല്ലാം ലളിതമായ ഗദ്യകവിതയിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. ഒടുവിൽ രണ്ടിതൾ സാക്ഷാൽക്കവിതയും:

“അത്രമേൽ നിന്നെ ഞാൻ സ്നേഹിച്ചുപോയതെൻ

കുറ്റമാണെങ്കിലെൻ ദേവീ, പൊറുക്കണം.......”

പിറ്റേന്നു രാവിലെ ആ പ്രേമലേഖനം, രാജാകോളേജിനടുത്തുള്ള പോസ്റ്റാപ്പീസിലെ പെട്ടിയിൽ സമർപ്പിക്കാൻ ഭാവിച്ചു. പെട്ടെന്ന് ഓർത്തു. അപകടം. തൊട്ടടുത്ത പോസ്റ്റാപ്പീസിന്റെ സീൽ ലക്കോട്ടിന്മേൽ കണ്ടാൽ, നായികയുടെ ക്ലാസ്ടീച്ചർക്കു സംശയം ജനിക്കാനിടയുണ്ട്. അതിനാൽ ഇവിടെ ഇടണ്ടാ—തപ്പാൽപ്പെട്ടിയുടെ വായിൽനിന്നു കൈയും കായിതവും പിൻവലിച്ചു........വൈകുന്നേരം കോളേജ് വിട്ടപ്പോൾ ഒരു നടത്തം പാസ്സാക്കി — നാലുമൈൽ ദൂരെയുള്ള കാരക്കുന്നിലേക്ക്. കത്ത് കാരക്കുന്നു പോസ്റ്റാപ്പീസിലെ പെട്ടിയിൽ നിക്ഷേപിച്ചു. ട്രെയിനിൽ മടങ്ങി.....ട്രെയിനിൽ പടിഞ്ഞാറേ ചക്രവാളത്തിലേക്കു നോക്കിക്കൊണ്ടിരുന്നപ്പോൾ ചതുർത്ഥിച്ചന്ദ്രലേഖ തെളിഞ്ഞുകണ്ടു. ചന്ദ്രദർശനഫലം ഓർത്തുനോക്കി.... ‘ദിനകരദിവസാദൗ രാത്രിനാഥഞ്ചദ്രഷ്ടുർ, സുഖജളമൃതിഭീതിർവ്വിത്തകാന്താ പ്തി രോഗാഃ....’ കണക്കുകൂട്ടി; ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ...ബുധനാഴ്ച: ഭയം!.....പുതുചന്ദ്രനെ കണ്ടില്ലെന്നു നടിച്ച് കിഴക്കോട്ടു തിരിഞ്ഞിരുന്നു.......

കത്ത് നായികയ്ക്ക് വ്യാഴാഴ്ച സ്കൂളിൽ കിട്ടും. അന്നു രാത്രി നായിക, ശ്രീധരന്റെ പ്രേമസന്ദേശത്തിലെ മകരന്ദം നുകർന്ന്, മധുരസ്വപ്നങ്ങളയവിറക്കി മയങ്ങും. വെള്ളിയാഴ്ച മറുപടി എഴുതി പോസ്റ്റ്ചെയ്യും. ശനിയാഴ്ച രാവിലെ പോസ്റ്റ്മാന്റെ കൈയിൽ തങ്ങും. കന്നിപ്പറമ്പിലേക്കെഴുന്നള്ളും..... ഒരു പക്ഷേ, മറുപടി, ശനിയാഴ്ച തയ്യാറാക്കാമെന്ന് ആ മനസ്വിനി കരുതിയിരിക്കാം. അങ്ങനെവന്നാൽ ചൊവ്വാഴ്ചവരെ കാത്തിരിക്കേണ്ടിവരും........ദേവീ, ജീവിതം മുഴുവൻ ഭവതിയെ കാത്തിരിക്കാൻ............

“പാടിരഗന്ധി കുചശാടീ കവിത്വപരിപാടീ........”

കോലായിൽനിന്നു കീർത്തനം തകർക്കുന്നു.

ശ്രീധരന്റെ മനസ്സിൽ ഒരു മാപ്പിളപ്പാട്ടിന്റെ രണ്ടുവരികൾ ഓർമ്മയിൽ നിന്നും വിരുന്നുവരുന്നു.

“ബീരാൻകാക്കാ, അത്തറ്, പൂശി

ബീബിയയച്ചൊരു കത്തുണ്ട്............"

ഇടവഴിയിലൂടെ രണ്ടാളുകൾ നടന്നുവരുന്നു.
ശ്രീധരൻ സൂക്ഷിച്ചുനോക്കി.

അവർ പടിക്കലെത്തി.

നായികയുടെ അച്ഛനും ഒപ്പം നായികയുടെ ട്യൂഷൻമാസ്റ്ററും!

അവർ പടികേറി കന്നിപ്പറമ്പിലേക്കാണ് വരുന്നത്!

കോലായിൽനിന്നു കീർത്തനം നിന്നു.

ശ്രീധരന്റെ കരളിൽ കൊള്ളിയാൻ മിന്നി.......

മാളികവരാന്തയുടെയും താഴ്വരയുടെയും വിടവിലൂടെ താഴെ കോലായിലേക്കു പാളിനോക്കി. നായികയുടെ അച്ഛനും ട്യൂഷൻമാസ്റ്റർ അഷ്ടവക്രൻ ഉണ്ണീരിനായരും കൃഷ്ണൻമാസ്റ്ററുടെ അരികെ കസേരകളിലിരുന്ന് എന്തോ സ്വകാര്യം സംസാരിക്കുന്നു.

നായികയുടെ അച്ഛൻ കീശയിൽനിന്നൊരു കത്തെടുത്ത് കൃഷ്ണൻമാസ്റ്ററുടെ കൈയിൽ കൊടുക്കുന്നു. കൃഷ്ണൻമാസ്റ്റർ മൂക്കത്തു കണ്ണടയെടുത്തുവെച്ച് കത്തു വായിക്കുന്നു.

നായികക്കയച്ച പ്രണയലേഖനം!

കുഞ്ഞിക്കുറുമ്പക്കാവിലമ്മേ, രക്ഷിക്കണേ!

(ചേനക്കോത്ത് തറവാട്ടിലെ പുരാതനഭരദേവതയായ കുഞ്ഞിക്കുറുമ്പ ഭഗവതിയെ ശരണം വിളിക്കാനാണ് പെട്ടെന്നു തോന്നിയത്.)

ശ്രീധരന്റെ മറ്റൊരിനത്തിലുള്ള സാഹിത്യസൃഷ്ടിയും ഇതാ തിരിച്ചു വന്നിരിക്കുന്നു, അച്ഛന്റെ കൈയിൽ!

കൃഷ്ണൻമാസ്റ്റർ കത്തു വായിച്ചുകഴിഞ്ഞപ്പോൾ, നായികയുടെ അച്ഛൻ, കൃഷ്ണൻമാസ്റ്ററുടെ കൈയിൽനിന്ന് ആ കുറ്റപത്രം തിരികെ വാങ്ങി കീശയിൽ നിക്ഷേപിച്ചു.

അഷ്ടവക്രൻ ഉണ്ണീരിനായർ എന്തൊക്കെയോ പിറുപിറുക്കുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ ഇരുവരും യാത്ര പറഞ്ഞു മുറ്റത്തിറങ്ങി. പടിക്കലെത്തിയപ്പോൾ അഷ്ടവക്രൻ എന്തോ ചീഞ്ഞ നാറ്റം മൂക്കിലേറ്റപോലെ മുഖം ചുളിച്ചുകൊണ്ട് മാളികവരാന്തയിലേക്ക് ഒരു നോട്ടം! കുറ്റവാളിയുടെ നേർക്ക്. ഒട്ടും കൂസലില്ലാത്തമട്ടിൽ നിന്നുകൊടുത്തു ശ്രീധരൻ.

"ശ്രീധരാ! —"

താഴെനിന്ന് അച്ഛന്റെ ഗംഭീരസ്വരത്തിലുള്ള വിളി.

അച്ഛൻ മേശയിൽ കരുതിവെച്ച കണ്ണിച്ചൂരൽ മിഴികളിൽ മിന്നി. ശ്രീധരനെ ശിക്ഷിക്കാനുള്ള ആ ചൂരൽ അപൂർവ്വമായേ ഉപയോഗപ്പെടുത്താറുള്ളൂ. അച്ഛൻ പ്രകൃത്യാ മുൻകോപിയല്ല. എന്നാൽ കോപം ഉള്ളിൽ കടന്നുപോയാൽ സംഹാരമൂർത്തിയായി മാറും. ചൂരൽത്തല്ലുകൊണ്ടു തുടയിൽനിന്നും ചന്തിയിൽനിന്നും തോലുപൊളിഞ്ഞു ചോരപൊടിഞ്ഞു കണ്ടാലും അടങ്ങുകയില്ല. മുമ്പ് ഒന്നുരണ്ടുതവണ അങ്ങനത്തെ അനുഭവമുണ്ടായിട്ടുണ്ട്.

അപമാനത്തിന്റെ വിഴുപ്പുഭാണ്ഡവും ചുമന്നു കഴുതയെപ്പോലെ അച്ഛന്റെ മുമ്പിൽച്ചെന്നു തലയുംകുനിച്ചു നിന്നു.

അച്ഛൻ ശ്രീധരന്റെ മുഖം പിടിച്ചുയർത്തി.

കോപവും പരിഹാസവുമൊന്നുമല്ല അച്ഛന്റെ മുഖത്തു സ്ഫുരിച്ചു കണ്ടത്. വിനോദരസംപുരണ്ടൊരു പുഞ്ചിരി.

"എടാ മോനേ, നീയിത്ര ശപ്പനായിപ്പോയല്ലോ!—ആ പെൺകുട്ടിക്ക് സ്കൂൾ അഡ്രസ്സിൽ പ്രേമലേഖനമയയ്ക്കാൻ നിനക്കു തോന്നിയല്ലോ!........."

അപ്പോൾ അടുക്കളയിൽനിന്നു നെഞ്ചത്തടിയും കരച്ചിലും. ശ്രീധരന്റെ അമ്മയാണ്. മകൻ കുടുംബത്തിനു തീർത്താൽ തീരാത്ത അപമാനം വരുത്തിവച്ചിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കിക്കഴിഞ്ഞു. (ദേഷ്യമോ സങ്കടമോ പിടിപെട്ടാൽ ശ്രീധരന്റെ അമ്മ നെഞ്ഞത്തു തല്ലും. കൈകൊണ്ടല്ല. അടുക്കളയിൽ ചോറുണ്ണാനിരിക്കുന്ന പലകയെടുത്തു മാറത്തു തല്ലിയാലേ മൂപ്പത്തിക്കു പൊറുതികിട്ടൂ.)

ശ്രീധരൻ പരുങ്ങിനിന്നു. താൻ ചെയ്ത കുറ്റത്തെപ്പറ്റിയല്ല, കാണിച്ച വിഡ്ഢിത്തത്തെപ്പറ്റിയാണ് അച്ഛനു പറയാനുള്ളത്.

"ഇനി നീ വല്ല പെൺകുട്ടിക്കും ലൗലെറ്റർ അയച്ചതായി ഞാൻ കേൾക്കുമോ?" അല്പം പരുഷസ്വരത്തിൽ അച്ഛന്റെ ചോദ്യം.

"ഇല്ല." ലോകത്തിലെ സകല പെൺകിടാങ്ങളേയും ഉള്ളാലെ ശപിച്ചുകൊണ്ട് ശ്രീധരൻ ശപഥംചെയ്തു.

"ഉം—പോയ്ക്കോ—പരീക്ഷ അടുത്തില്ലേ, പോയി പാഠം പഠിക്ക്." വിചാരണ കഴിഞ്ഞു. പ്രതിയെ താക്കീതുചെയ്തു വെറുതെവിട്ടു.

"ശ്രീധരൻ ആ പെൺകുട്ടിക്ക് ഒരു കത്തയച്ചു. അതിലെന്താണ് ഇത്ര വലിയൊരു കുറ്റം?" അനുജന്റെ ഭാഗം വാദിച്ചുകൊണ്ട് ഉറക്കെ രോഗശയ്യയിൽ കിടക്കുന്ന ഗോപാലേട്ടന്റെ സ്വരം.

അച്ഛന്റെ മുഖത്ത് ഒരു കുസൃതിച്ചിരി വിരിഞ്ഞു. എന്തോ പറയാൻ ഭാവിച്ചു......അപ്പോഴേക്ക് ഒരാൾ പടികേറിവരുന്നതു കണ്ടു.

ശ്രീധരൻ നോക്കി: മുക്കുവൻ എരപ്പൻ, ഒരു കൂറ്റൻ നരിമീൻ കൈയിൽ തൂക്കിപ്പിടിച്ചിരിക്കുന്നു.

പണ്ട് എഴുത്തുപള്ളിയിൽ കൃഷ്ണൻമാസ്റ്ററുടെകൂടെ പഠിച്ച ചങ്ങാതിയാണ് എരപ്പൻ, (അന്തമാൻ ചാത്തപ്പനും ആ ബേച്ചിലായിരുന്നു.) എരപ്പൻ ഇരുപത്തിയഞ്ചുമൈൽ തെക്കുള്ള ഒരു മുക്കാടിയിൽ സ്ഥിരതാമസമാക്കിയിരിക്കയാണ്. മൂപ്പരിപ്പോൾ കടലിൽ പോകാറില്ല. കരുത്തന്മാരായ രണ്ട് ആണ്മക്കളുണ്ട്. അവർ കടലിൽ പോകും. പേരക്കുട്ടികളെ കളിപ്പിച്ചുകൊണ്ട് എരപ്പൻ പുരയിൽത്തന്നെയിരിക്കും.

മൂന്നുനാലുമാസം കൂടുമ്പോളൊരിക്കൽ തന്റെ പഴയ സതീർത്ഥ്യൻ കൃഷ്ണൻമാസ്റ്ററെക്കാണാൻ, മത്സ്യക്കാഴ്ചയുമായി കന്നിപ്പറമ്പിലേക്ക് മൂപ്പർക്ക് ഒരു വരവുണ്ട്.

കറുത്തു കുറുതായ ഉടലും, വസൂരിക്കല നിറഞ്ഞ ചെറിയ കൂർത്ത മുഖവുമുള്ള ഒരുണങ്ങിയ വൃദ്ധനാണ് എരപ്പൻ, ഒറ്റക്കണ്ണനാണ്—(ജീവനുള്ള കണ്ണ് മഞ്ചാടിക്കുരുപോലെ ചുവന്നിട്ടാണ്—മറ്റേത് ചത്തു കലങ്ങി, ഉപ്പിലിട്ട നെല്ലിക്കപോലെയും.) പഴയ സതീർത്ഥ്യനെ കാണുമ്പോൾ എരപ്പന്റെ ലോഗ്യപ്രകടനവും ചിരിയും ഒരു പ്രത്യേകരീതിയിലാണ്. കാഴ്ചമത്സ്യം കൈയിൽ

ഉയർത്തിപ്പിടിച്ച് മുഖം ഇടത്തോട്ടു ചെരിച്ച് കി—ക്കി—ക്കിഹ് എന്നു കുറച്ചുനേരം ചിരിക്കും; പിന്നെ മുഖം വലത്തോട്ടു ചെരിച്ച് കുറച്ചുനേരം ചിരിക്കും.

എരപ്പനെ കന്നിപ്പറമ്പിൽ ആദ്യമായിക്കണ്ടത് ശ്രീധരൻ എപ്പോഴും ഓർക്കും.

"എരപ്പൻ വന്നിട്ടുണ്ട്" എന്നു ശ്രീധരന്റെ അമ്മ, അകത്തു കിടക്കുന്ന അച്ഛനോടു പറഞ്ഞപ്പോൾ ഏതോ പിച്ചക്കാരൻ ഇരക്കാൻ വന്നതായിട്ടാണ് ശ്രീധരൻ മനസ്സിലാക്കിയത്. കോലായിലേക്ക് എത്തിനോക്കിയപ്പോൾ, കൈയിൽ വലിയൊരു ചെമ്പല്ലിമീനും തൂക്കിപ്പിടിച്ച് ഒരുത്തൻ നില്ക്കുന്നു.

അച്ഛൻ എണീറ്റുവന്ന്, "എന്താ എരപ്പാ?" എന്നു. കുശലം ചോദിച്ചു. അപ്പോൾ അയാൾ കൈയിൽ മീൻ ഉയർത്തിപ്പിടിച്ച്, മുഖം ഇടവും വലവും ചെരിച്ചു പഞ്ചാരച്ചിരി തുടങ്ങി.

അമ്മ കോലായിലേക്കു വന്ന് അയാളുടെ കൈയിൽനിന്നു മത്സ്യം വാങ്ങി അടുക്കളയിലേക്കു കൊണ്ടുപോയി.

അന്ന് ഊണുകഴിഞ്ഞ് ഉച്ചതിരിഞ്ഞിട്ടാണ് അയാൾ പോയത്.

അയാൾ പോയപ്പോൾ ശ്രീധരൻ അച്ഛനോടു ചോദിച്ചു: "എന്തിനാണ് ആ നല്ല മനുഷ്യനെ എരപ്പൻ എന്നു വിളിച്ചത്?"

അച്ഛൻ പറഞ്ഞു: "അത് അയാളുടെ പേരാണ്."

"അയാളുടെ അച്ഛനമ്മമാർക്ക് വേറെ പേരൊന്നും കിട്ടിയില്ലേ?" അപ്പോൾ അച്ഛൻ വിശദീകരിച്ചു: "അത് അയാളുടെ അച്ഛനമ്മമാർ ഇട്ട പേരല്ല. ദേശത്തിലെ തമ്പുരാൻ ക്ലപ്തിച്ചരുളിയ പേരാണ്. താണജാതിക്കാർക്കു കുട്ടി പിറന്നാൽ പേരിടേണ്ടതു തമ്പുരാനാണ്. ആണാണെങ്കിൽ 'എരപ്പൻ', 'പെറുക്കി', 'മങ്കട്ട', 'കലപ്പ' എന്നൊക്കെ പേരിടാൻ ക്ലപ്തിക്കും —പെണ്ണാണെങ്കിൽ 'ചൂല്', 'മുറം', 'തെരിക', 'ഉരല്' ആദിയായ പേരുകൾ കൊടുക്കും. 'കൈക്കോട്ട്', 'മഴുത്തായ', 'കൊടുവാൾ' തുടങ്ങിയ പണിയായുധങ്ങളുടെ പേരുകളാണ് ചെറുമക്കൾക്കു കൊടുത്തിരുന്നത്......"

അതു കേട്ടപ്പോൾ ശ്രീധരനു ചിരിയും ദേഷ്യവും വന്നു: "ആ തമ്പുരാനു കൊടുക്കേണ്ടതു ചെകിട്ടത്തൊരടിയാണ്."

അച്ഛൻ ചിരിച്ചുപോയി.

മുക്കുവൻ എരപ്പന്റെ വരവ് ശ്രീധരന് ഒരുത്സവംപോലെയായിരുന്നു. അന്നു നല്ല മത്സ്യക്കറി കൂട്ടാം എന്നതുകൊണ്ടുമാത്രമല്ല—എരപ്പൻ അദ്ഭുതകരമായ കടൽക്കഥകൾ പറയും. എല്ലാം അനുഭവകഥകൾ. മൂന്നും നാലും ദിവസങ്ങൾ തുടർച്ചയായി പുറംകടലിൽ ചുറ്റിത്തിരിഞ്ഞ്, തപ്പിൽ കരുതിയിരുന്ന പച്ചവെള്ളം തീർന്ന്, തൊണ്ട വരണ്ടു മരിക്കാറായപ്പോൾ കാവിലമ്മയെ വിളിച്ചുകരഞ്ഞു പ്രാർത്ഥിച്ചതും അപ്പോൾ കാവിലമ്മ കനിഞ്ഞു മാനത്തുനിന്നു മുല ചുരത്തിക്കൊടുത്തതും മഴവെള്ളം കുടിച്ച് മരണത്തിൽനിന്നു രക്ഷപ്പെട്ടതും മറ്റും വളരെ തന്മയത്വത്തോടെ പറഞ്ഞു കേൾപ്പിക്കും.

ഒരു കൂറ്റൻ കൊമ്പൻസ്രാവ് ഏട്ടവലയിൽ കുടുങ്ങി, വലയും തോണിയും വലിച്ചുകൊണ്ടുപോയി നടുക്കടലിൽ ചുറ്റിച്ച കഥയായിരിക്കും മറ്റൊന്ന്. വല കടലിലുപേക്ഷിച്ചു ജീവനുംകൊണ്ടു മടങ്ങേണ്ടിവന്നു.

"തിമിംഗലത്തെ കാണാറുണ്ടോ?" ശ്രീധരൻ ജിജ്ഞാസയോടെ ചോദിക്കും.

"തിമിങ്ങലോം കുമിങ്ങലോം കടലിലില്ല." എരപ്പൻ വെറ്റില മുറുക്കാൻ അടയ്ക്കാക്കഷണം കുത്തിച്ചതച്ചു തലയാട്ടിക്കൊണ്ടു പറയും — പിന്നെ എന്തോ ഓർത്ത് ഒറ്റക്കണ്ണു മിഴിച്ചു ശ്രീധരന്റെനേർക്കു നോക്കി ആദ്യം പറഞ്ഞതു തിരുത്തും.

"ഹ് ആങ്—കുട്ടി പറയുന്ന ജന്തു കടലാനയായിരിക്കും—കടലാന. ഓനല്ലേ കടലിലെ രാശാവ്—സതേ്യാള്ളേനാ—ഓന്റെ നെറുംതലേല് ഒരു കൊയലുണ്ട്—പീച്ചാംകൊയല്—മൂപ്പരു കൊയലിലൂടെ വെള്ളം മേലോട്ടു ഉറ്റും—അതു ദൂരെന്നു കാണാം.........."

പിന്നെ ഒരു വർണ്ണനയാണ് — 'വെള്ളക്കുട'യും പിടിച്ചു നില്ക്കുന്ന കടൽരാശാവിനെക്കാണുമ്പോൾ തോണിക്കാർ തൊഴുകൈയുമായി നിന്നു കൂട്ടത്തോടെ വിളിച്ചു പ്രാർത്ഥിക്കും. കടൽരാശാവേ, രക്ഷിക്കണേ......അതു കേട്ടാൽ രാശാവ് ഉടനെ വെള്ളക്കുടയും താഴ്ത്തി മുങ്ങി മറഞ്ഞുകളയും. എന്നാൽ രാശാവിനെപ്പറ്റി എന്തെങ്കിലും പരിഹസിച്ചു പറഞ്ഞാൽ രാശാവ് അതറിയും — അപ്പോൾ തോണിയുടെ അടിയിൽ വന്നു പെട്ടെന്നു പീച്ചാം കുഴലിലൂടെ ഒരു ഉറ്റൽ പാസ്സാക്കും. തോണിയും തോണിക്കാരും അതാ —എവിടെ? ആകാശത്തിൽ! ഒരു തെങ്ങിന്റെ ഉയരത്തിൽ ഉറ്റൽധാരയിലങ്ങനെ തങ്ങിനില്ക്കും. അതു രാശാവിന്റെ ഒരു കളിയാണ്. തന്നെ കളിയാക്കുന്നവർക്ക് ഒരു ശിക്ഷയും. അപ്പോൾ തോണിയിലുള്ളവർ, 'കടൽ രാശാവേ, മാപ്പുതന്നു രക്ഷിക്കണേ!' എന്നു കരഞ്ഞുവിളിച്ചു പ്രാർത്ഥിക്കും. അതു കേട്ടാൽ രാശാവു ശാന്തനായി, വെള്ളക്കുട താഴ്ത്തി മുങ്ങിക്കളയും. ഉത്തരക്ഷണത്തിൽ തോണിയും തോണിക്കാരും 'പ്ധും' എന്നു കുത്തനെ വെള്ളത്തിൽ. ആർക്കും ഒരപകടവും പറ്റുകയില്ല. ഓൻ സതേ്യാള്ളേനാ — തോണിക്കാർക്ക് ആകാശത്തിൽ തിമിംഗലത്തിന്റെ വെള്ളക്കുടപ്പുറത്ത് കുറച്ചുനേരം തങ്ങിനിന്ന ഒരനുഭവം മാത്രം.

എരപ്പന് അങ്ങനത്തെ ഒരനുഭവം എപ്പോഴെങ്കിലുമുണ്ടായിട്ടുണ്ടോ? മ് ഊം —മ്ഊം —ഇല്ല. കാരണം കടൽരാശാവിനെ പരിഹസിച്ചാലല്ലേ. അങ്ങനെ ശിക്ഷിക്കപ്പെടുക? എരപ്പനും കൂട്ടുകാരും കടൽരാശാവിനെ പരിഹസിക്കാറില്ല — പഴമക്കാർ പറഞ്ഞുകേട്ടതാണ്.

ക്രുദ്ധനായ തിമിംഗലം സൃഷ്ടിച്ച അത്യുഗ്രമായ ഊർദ്ധ്വജലധാരയിൽ ആകാശത്തിൽ നൃത്തം ചെയ്യുന്ന മീൻതോണിയുടെയും അതിൽനിന്നു പ്രാർത്ഥിക്കുന്ന മുക്കുവന്മാരുടെയും ചിത്രം ശ്രീധരന്റെ മനസ്സിൽ നൃത്തം ചെയ്യും.......

കൃഷ്ണൻമാസ്റ്റർ എരപ്പനോടു ചോദിച്ചു: "എരപ്പന്റെ രണ്ടാമത്തെ മകന്റെ കല്യാണം കഴിഞ്ഞോ?

അതു കേട്ട എരപ്പൻ ഒന്നു ചിരിച്ചു. പിന്നെ രണ്ടാമത്തെ മകൻ ചന്തപ്പന്റെ കല്യാണക്കഥ വിവരിച്ചു കേൾപ്പിച്ചു:

ചന്തപ്പൻ ഒരു പൂയിസ്ലാത്തിയുമായി ലോഗ്യമായി ചിറ്റം മൂത്തു. മതം മാറി തൊപ്പിയിട്ട്, ഇസ്ലാമായി, സെയ്താലിയായി, ആ മാപ്പിളച്ചിയെ നിക്കാഹ് കഴിച്ചു. ഒരുകൊല്ലം ചെല്ലുന്നതിനുമുമ്പ് മനംമടുത്തു—പെണ്ണൊരു പൊലയാടിച്ചിയായിരുന്നു. സെയ്താലി അവളെ ഉപേക്ഷിച്ചു. പിന്നെ ആര്യ സമാജത്തിൽ ചേർന്ന്, ഹിന്ദുവായി, വിവേകാനന്ദൻ എന്ന പേരു സ്വീകരിച്ച്, ഇപ്പോൾ വളരെ മര്യാദക്കാരനായി നടക്കുകയാണ്. കല്യാണക്കാര്യം പറഞ്ഞാൽ ചന്തപ്പന്, അല്ല, വിവേകാനന്ദന് —

കലിവരും.......

ചന്തപ്പന്റെ പ്രണയകഥ കേട്ടപ്പോൾ കൃഷ്ണൻമാസ്റ്റർ തനിയെ ചിരിച്ചു.

“പെണ്ണിനെക്കണ്ടു മോഹിച്ചുപോയാൽ പിന്നെ ആണുങ്ങൾ കഴുതകളെപ്പോലെയാവും.....” കൃഷ്ണൻമാസ്റ്റർ ഒരു കുസൃതിച്ചിരിയോടെ പറഞ്ഞു. “എരപ്പനു കേൾക്കണോ, ഞാൻ മുമ്പ് ഒരു പെണ്ണിനെ സ്നേഹിച്ച കഥ?”

അച്ഛന്റെ പഴയ പ്രണയകഥ കേൾക്കാൻ ശ്രീധരൻ ചെവി വട്ടം പിടിച്ചിരുന്നു. തന്നോട് അവിടെനിന്ന് എണീറ്റുപോവാൻ അച്ഛൻ കല്പിക്കുമോ എന്നായിരുന്നു ശ്രീധരന്റെ ഭയം — അച്ഛൻ അങ്ങനെയാണ്. ശ്രീധരനു കേൾക്കാൻ പറ്റാത്ത എന്തെങ്കിലും കാര്യം പറയാൻ പുറപ്പെടുമ്പോൾ അച്ഛൻ ശ്രീധരനോടു പറയും; നീ മുകളിൽ പോയി പാഠം പഠിക്ക്. എന്നാൽ, ഇപ്പോൾ അച്ഛൻ അങ്ങനെ ഒരു നിരോധനാജ്ഞയും നല്കിയില്ല. മാത്രമല്ല, മകനെ അന്യാപദേശേന കേൾപ്പിക്കാൻ വേണ്ടിയല്ലേ അച്ഛൻ എരപ്പനോട് അക്കഥ പറയുന്നത് എന്നുകൂടി തോന്നിപ്പോയി ശ്രീധരന്.

കൃഷ്ണൻമാസ്റ്ററുടെ പഴയ പ്രേമകഥയുടെ ചുരുക്കം ഇങ്ങനെയായിരുന്നു:

കൃഷ്ണൻമാസ്റ്റർ ടീച്ചേഴ്സ് ട്രെയിനിങ് സ്കൂളിൽ പഠിക്കുന്ന കാലം. നാട്ടിൻപുറത്ത് ക്ഷയിച്ചുതുടങ്ങിയ പഴയൊരു തറവാട്ടിലെ സുന്ദരിയായൊരു തരുണിയുമായി കൃഷ്ണൻമാസ്റ്റർ ലോഗ്യം പിടിച്ചു. അവളെ വിവാഹം കഴിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയായിരുന്നു കൃഷ്ണൻമാസ്റ്ററുടെ സമീപനം, എന്നാൽ, മറ്റേ കക്ഷിക്കു കുറേശ്ശെ സംശയമുണ്ടായിരുന്നുവെന്നു തോന്നുന്നു. കാമുകൻ വിവാഹം കഴിക്കാതെ ഒഴിഞ്ഞുമാറിക്കളയുമോ എന്ന്, തന്റെ മെയ്യഴകിൽ മാസ്റ്റർ മോഹവശനായിത്തീർന്നിരിക്കയാണെന്ന് ആ പെണ്ണു മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

അവൾക്ക് അക്ഷരാഭ്യാസമുണ്ടായിരുന്നില്ല.

ഒരു ദിവസം വൈകുന്നേരം കൃഷ്ണൻമാസ്റ്റർ ട്രെയിനിങ് സ്കൂൾ വിട്ടു വീട്ടിലേക്കു വരുമ്പോൾ അപരിചിതനായൊരു യുവാവ് വഴിയിൽ കാത്തുനില്ക്കുന്നതു കണ്ടു. മാസ്റ്ററെ കണ്ടപ്പോൾ അയാൾ അടുത്തുവന്ന് ആദരപൂർവ്വം ഒന്നു തൊഴുതു. കൃഷ്ണൻമാസ്റ്ററുടെ കാമുകി ഒരു രഹസ്യ സന്ദേശവുമായി പറഞ്ഞയച്ച ദൂതനാണ്; ഒരു പാണയുവാവ്! അവൾ നാലു നാഴിക കിഴക്കുള്ള അമ്മാവന്റെ വീട്ടിലേക്കു പോവുകയാണ്. നാളെ രാത്രി അവിടെച്ചെന്നാൽ സൗകര്യമായി കണ്ടു സംസാരിക്കാം. അതായിരുന്നു സന്ദേശം.

ആ പ്രേമസന്ദേശം കൃഷ്ണൻമാസ്റ്ററെ പുളകംകൊള്ളിച്ചു.

“നാളെക്കാണാമെന്ന് അവളോടു പറയൂ.”—മാസ്റ്റർ മറുപടി കൊടുത്തു.

വീട്ടിലെത്തി വീണ്ടും അതിനെക്കുറിച്ച് ആലോചിച്ചു. അല്പം വിവേകമുദിച്ചു. രഹസ്യസന്ദേശം വഹിച്ചു വന്ന വ്യക്തിയെക്കുറിച്ചോർത്തു: വെളുത്ത് അരോഗദൃഢഗാത്രനായൊരു യുവകോമളൻ, നീണ്ട കുടുമ, നെറ്റിയിൽ സിന്ദുരപ്പൊട്ട്....... അവൾ രഹസ്യസന്ദേശം ഏല്പിച്ചത് ഇവനെയാണ്. അപ്പോൾ അവളും ഈ പാണയുവാവും തമ്മിൽ വേറെ എന്തെല്ലാം രഹസ്യ വേഴ്ചകൾക്കിടയായിക്കൂടാ? —

മാസ്റ്റർ പിറ്റേന്നു രാത്രി അവളെക്കാണാൻ പോയില്ല. പിന്നീട് ഒരിക്കലും പോയില്ല. “കല്ലു കണ്ടേടം കൈക്കോട്ടു നിർത്തണം എന്നല്ലേ പഴഞ്ചൊല്ല്!”

“സ്നേഹിക്കുന്നതിലെന്നപോലെതന്നെ പുരുഷനെ വഞ്ചിക്കുന്നതിലും

അപമാനപ്പെടുത്തുന്നതിലും സ്ത്രീ ഗൂഢമായൊരാനന്ദം കണ്ടെത്തുന്നു. ഒരു പെണ്ണിനെയും വിശ്വസിച്ചുകൂട—പ്രേമത്തിലകപ്പെട്ട പുരുഷൻ താനറിയാതെ ഒരു കഴുതയായി മാറുന്നതുകൊണ്ടാണ് ഒന്നും കണ്ടുപിടിക്കപ്പെടാതെ പോകുന്നത്." അങ്ങനെ ഒരു ഗുണപാഠത്തോടു കൂടിയാണ് കൃഷ്ണൻ മാസ്റ്റർ തന്റെ പഴയ പ്രേമകഥ പറഞ്ഞവസാനിപ്പിച്ചത്.

ശ്രീധരന് അതു പുതിയ ഒരു തത്ത്വോപദേശമായിരുന്നില്ല. കൊല്ലങ്ങൾക്കു മുമ്പ്, റാവുത്തർ മൗലവി പാടിയ ഗാനം ശ്രീധരന്റെ കാതിൽ മുഴങ്ങുന്നുണ്ടായിരുന്നു.

"ആറ്റെയും കാറ്റെയും നമ്പലാം — അന്ത
ശേലികെട്ടിയ മാതരെ നമ്പലാ......"

## 15. കയ്പും പുളിയും എരിവും മധുരവും

പ്ര കൃതിയുടെ അരങ്ങത്ത് വർഷർത്തു നൃത്തം തുടങ്ങി.

ശ്രീധരന് മഴക്കാലം ഇഷ്ടമാണ്. പുതുമഴ പെയ്യുമ്പോൾ ആഹ്ളാദത്തിമർപ്പോടെ മുറ്റത്തു മിക്കവാറും നഗ്നനായി നൃത്തം ചെയ്യാറുണ്ടായിരുന്നു. ചെറുപ്പത്തിൽ. (മാനത്തുനിന്നു കുളുർമാരി ചൊരിയുമ്പോൾ, അങ്ങനെ കുളിച്ചു കൂത്താടുവാൻ ഇപ്പോഴും അന്തരാ കൊതിക്കാറുണ്ട്.) ഇറവെള്ളത്തിൽ പല വലിപ്പത്തിലുള്ള നീർപ്പോളകളുളവാകുന്നതും അവ നൃത്തം ചെയ്തു നീങ്ങുന്നതും പിന്നെ പെട്ടെന്നു മഴത്തുള്ളിയേറ്റുതന്നെ പൊട്ടിത്തകരുന്നതുമായ സൃഷ്ടിസ്ഥിതിസംഹാരലീലകൾ കൗതുകത്തോടെ നിരീക്ഷിക്കും. കാറ്റിൽ മരങ്ങളുടെ കുരലുകൾ ഉലയുന്നതും സസ്യജാലങ്ങൾ നൃത്തമാടുന്നതും നോക്കി രസിക്കും. മഴക്കാലത്തെപ്പറ്റി ഒരു കവിതയും എഴുതിയിട്ടുണ്ട്.

തെളിമാനം മങ്ങി, ക്കരിമുകിലിൻ
കളിമുറ്റമായിഗ്ഗഗനമെങ്ങും.
കളമോദം ‘വിത്തും കൈക്കോട്ടു’മോതും
കിളികളുമെങ്ങോ പറന്നുപോയി.
ഇളയാകെ മാറി, ക്കപിലവർണ്ണം
കലരുന്ന കഞ്ചുകം ചാർത്തിനിന്നു.
വിരളുകയായിപ്പൊടിപടലം
കിളരുന്ന കാറ്റിൽക്കരിയിലകൾ.
വളർമാരിവില്ലിന്റെ വർണ്ണഭംഗി
കുളുർവാനിൻ മാറിലുദിച്ചുപൊങ്ങി.
പനിമതി മൂടുപടം ധരിച്ചു
(ഇനി നിലാവിൻ സുഖമസ്തമിച്ചു)
പുതുമാരി പ്ലുകുന്ന മണ്ണിൽനിന്നു
പരിമളം വായുവിൽത്തങ്ങിനിന്നു
തവളകൾ — വർഷർത്തുവിന്റെ നൃത്ത
ത്തളകൾ — തൻ നാദം മുഴങ്ങിയെങ്ങും.
ഇടിവെട്ടും ശീകരക്കാറ്റുമായി
ഇടവപ്പകുതിയും വന്നണഞ്ഞു —
ഇടവിടാതുള്ള പെരുമഴയാൽ
കടവുകൾ മുങ്ങി — വഴി മുടങ്ങി.
തുരുതുതെപ്പച്ച പുതച്ചു വന്നു

തിരുവാതിരപ്പൂത്തുണ്ടാറ്റുവേല —
തിരിമുറിയാത്ത പേമാരിയേറ്റു
തിരിയിട്ടു മുറ്റം മുളകുവള്ളി.
നിലവും വയലും വയൽവരമ്പും
ഇടവഴിയും പിന്നെ മണ്മതിലും
മതിലിൻ കടമ്പയും കേറിവന്നു
നടുമുറ്റത്തോളമുയർന്നു വെള്ളം!

മഴയത്ത്, മുറ്റത്തെ നീർച്ചാലിലൊഴുക്കാൻ ഗോപാലേട്ടൻ പല മാതൃകകളിലുള്ള കടലാസുകപ്പലുകൾ ഉണ്ടാക്കിത്തരാറുള്ളത് ഓർത്തു. (പാവം ഗോപാലേട്ടൻ! അർദ്ധശവമായി, മഴപെയ്യുന്ന മുറ്റത്തേക്കു നോക്കിക്കൊണ്ടു കോലായിൽ കിടക്കുന്നു.)

രാത്രിയിൽ വർഷദേവത വലിയൊരു ഓർക്കെസ്ട്രാ നടത്തും: പേക്കാന്തവളകളുടെ പെരുമ്പറനാദം, തവളമിട്ടിലുകളുടെ മദ്ദളംകൊട്ടൽ, മണ്ണട്ടകളുടെ തകിൽവാദ്യം— പേമാരിയുടെ വായ്ത്താരിയും. യുഗങ്ങൾക്കപ്പുറത്തുള്ള ശബ്ദപ്രപഞ്ചത്തിലേക്ക് ശ്രീധരന്റെ ആത്മാവ് ആനയിക്കപ്പെടും — അതിൽ ലയിച്ച് അങ്ങനെ ഉറങ്ങിപ്പോവും.

വർഷകാലം അതിന്റെ എല്ലാ ആകർഷകപരിപാടികളോടുംകൂടി തുടരുന്നുണ്ടെങ്കിലും ശ്രീധരൻ അതൊന്നും ശ്രദ്ധിക്കാതെ മാളികവരാന്തയിൽ വിഷാദമൂകനായിരിക്കുകയാണ്. ദുർബ്ബലചിന്തകൾ മനസ്സിൽ ഇറവെള്ളത്തിലെ നീർപ്പോളകൾപോലെ പൊന്തുകയും പൊളിയുകയും ചെയ്തുകൊണ്ടിരുന്നു.

ഇന്റർമീഡിയറ്റ് പബ്ലിക്പരീക്ഷാഫലം പത്രത്തിൽ ഇന്നലെ പ്രസിദ്ധീകരിച്ചുവന്നു. ശ്രീധരന്റെ നമ്പറില്ല — പരീക്ഷയിൽ തോറ്റിരിക്കുന്നു.

ചതിച്ചത് ശത്രുവായ മാത്തമേറ്റിക്സായിരിക്കും.

പരീക്ഷയുടെ റിസൾട്ട് അറിഞ്ഞപ്പോൾ അച്ഛൻ ശകാരിച്ചില്ല; സാന്ത്വനപ്പെടുത്തിയില്ല — ഒന്നും പറഞ്ഞില്ല—മ് ഊം എന്നു മൂളുകമാത്രം ചെയതു.

അച്ഛന്റെ ആ മൂളലിലും മൂകഭാവത്തിലും എന്തെല്ലാം ഒതുക്കിയിട്ടുണ്ടാവും?

ഇന്റർമീഡിയറ്റ് പാസ്സായാൽ മകനെ ബി. എ. യ്ക്കു പഠിപ്പിക്കാൻ മദിരാശിക്കോ മംഗലാപുരത്തേക്കോ എങ്ങോട്ടാണ് അയയ്ക്കേണ്ടത് എന്ന് അച്ഛൻ അമ്മയുമായി ചർച്ചചെയ്യുന്നത് ശ്രീധരൻ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നു. കുറേക്കൂടി അടുത്തസ്ഥലം മംഗലാപുരമാണെന്ന് അമ്മ. മദിരാശിയിലെ ബി. എ. ഡിഗ്രിക്കു മാന്യതകൂടുമെന്ന് അച്ഛൻ, ശ്രീധരനോട് അഭിപ്രായം ചോദിച്ചില്ല. റിസൾട്ട് വരാൻ കാത്തിരിക്കുകയായിരുന്നു. റിസൾട്ട് വന്നു. പൊളിഞ്ഞിരിക്കുന്നു.

അമ്മ പുലഭ്യം ശകാരിച്ചു. എടാ നാണംകെട്ടോനെ, പാഠം പഠിക്കാതെ കണ്ട പെൺകുട്ട്യേൾക്കു തോന്ന്യാസക്കത്തെഴുതി കുത്തിരുന്നോ —തോറ്റു തൊപ്പിട്ടിലേ്ല— ഇനി ശിപായിപ്പണിക്കു പൊയ്ക്കോ........

ഗോപാലേട്ടൻ മാത്രമേ സാന്ത്വനപ്പെടുത്താനുണ്ടായിരുന്നുള്ളൂ.. “വ്യസനിക്കണ്ട ശ്രീധരാ —എത്ര കുട്ടികൾ തോറ്റിട്ടുണ്ടാവും — അതിലൊന്നു നീയും. ഇനി സെപ്തംബർപരീക്ഷയ്ക്കു ചേർന്നു. രാപ്പകലിരുന്നു പഠിച്ചോ — കവിതയെഴുത്ത് ഒന്നു

നിർത്തിവെക്ക്.......”

ഗോപാലേട്ടന്റെ ഉപദേശം ഉള്ളിൽത്തട്ടി.

(വലേ്യട്ടൻ ഫിറ്റർ കുഞ്ഞപ്പു തമിഴ്നാട്ടിലേക്കു പോയിരിക്കയാണ്. ഈരണ്ടുമാസംകൂടുമ്പോൾ മൂപ്പർക്കു കെട്ട്യോളെയും കുട്ടിയെയും കാണാൻ കൊങ്ങ്നാട്ടിലേക്കൊരു ഒളിച്ചുപോക്കുണ്ട്. രണ്ടുദിവസമേ അവിടെ തങ്ങി നിൽക്കൂ—പിന്നെ, കന്നിപ്പറമ്പിലേക്കുതന്നെ വരും. വാലും ചുരുട്ടിക്കൊണ്ട്.)

പുറത്തു മഴ തകർക്കുന്നു. തണുത്ത കാറ്റടിക്കുന്നു.

ഗോപാലേട്ടന്റെ ഉപദേശം മനസ്സിൽ തേട്ടിവരുന്നു. വീണ്ടും പരീക്ഷയ്ക്കിരിക്കാൻ ഒരുത്സാഹം തോന്നുന്നില്ല. മാത്തമേറ്റിക്സ് ഒരു ബാലികേറാ മലയായിത്തന്നെ അനുഭവപ്പെടുമെന്ന ഭയം. അച്ഛന്റെ മനസ്സിനെ വേദനിപ്പിക്കുന്നതിലുള്ള വിഷമം. എന്തുചെയ്യണം?........സെപ്റ്റംബർ പരീക്ഷയ്ക്കു പഠിക്കാൻതന്നെ ഒടുവിൽ തീരുമാനമെടുത്തു. ഷെൽഫിൽ അടുക്കിവെച്ച കവിതാനോട്ടുബുക്കുകളിലേക്കും ചെറുകഥാഫയലുകളിലേക്കും ഒന്നു നോക്കി. എല്ലാം ചവറുകളാണെന്നു തോന്നി—പെറുക്കിയെടുത്തു. വിദേശ വസ്ത്രങ്ങൾ ദഹിപ്പിക്കുന്നതുപോലെ ദഹിപ്പിച്ചുകളയണം. പല രാത്രികളിലെ ധ്യാനത്തിന്റേയും അദ്ധ്വാനത്തിന്റേയും ഫലങ്ങളാണ് ആ താളുകളിൽ പതിഞ്ഞുകിടക്കുന്നത് എന്നോർത്തപ്പോൾ ഒരു വിമ്മിട്ടം അനുഭവപ്പെട്ടു — വിഷാദത്തോടെ ഇടവഴിയിലേക്കു നോക്കിയപ്പോൾ, കൂനൻ വേലുവിന്റെ പിറക്കാത്ത മോൻ, വികൃതിച്ചെക്കൻ അപ്പുട്ടി, സേ്ലറ്റും പുസ്തകവും തലയിൽവെച്ച്, സ്കൂളിൽനിന്നു മടങ്ങുന്നതു കണ്ടു. അവൻ പണിക്കരുടെ സ്കൂളിലാണു പഠിക്കുന്നത്. പെരുമഴകാരണം, സ്കൂൾ രാവിലെതന്നെ വിട്ടതായിരിക്കണം എന്നു വിചാരിച്ചു — അപ്പോൾ ആ ചെറുക്കൻ നാട്ടുമുഴുവൻ കേൾക്കത്തക്കവണ്ണം വിളിച്ചുപറയുന്നതു കേട്ടു: “ആശാരി കേശവൻ മാസ്റ്ററു ചത്തുപോയി — സ്കൂളില്ല —മഹാത്മാഗാന്ധിക്ക് ജേയ്!”

ആ വാർത്ത കേട്ടപ്പോൾ ഞെട്ടിപ്പോയി. ചെക്കൻ വെറുതെ പറയുന്നതായിരിക്കുമെന്നു കരുതി അവനോടുതന്നെ വിളിച്ചുചോദിച്ചു: “എന്താ അപ്പുട്ടീ, ഇന്നു സ്കൂളിലേ്ല?”.

“സ്കൂളില്ലാ —കേശവൻമാസ്റ്റർ ചത്തുപോയി. വിഷപ്പനിയായിരുന്നു. സ്കൂളിൽ അർത്താലാണ്!”,

പുതിയ ദേശീയപ്രബുദ്ധതയുടെ മുദ്രാവാക്യങ്ങളായ ‘മഹാത്മാ ഗാന്ധി കീ ജെയ്”, ഹർത്താൽ, സത്യാഗ്രഹം മുതലായവ വളരുന്ന തലമുറയെ ആകർഷിച്ചുകൊണ്ടിരിക്കയാണ്.......

കേശവൻമാസ്റ്ററെക്കുറിച്ചോർത്തു—പാവം കേശവൻമാസ്റ്റർ. ആളൊരു ബഡായിക്കാരനായിരുന്നുവെങ്കിലും നല്ലവനായിരുന്നു; പോലീസ് സബ്ബ് ഇൻസ്പെക്ടർമാരുടെ സെലക്ഷനു പോയി. ഉദേ്യാഗം കിട്ടുമെന്ന വിശ്വാസത്തോടെ പല കോപ്പിരാട്ടികളും കാട്ടി. പേക്കാന്തവള കഴുത്തിലെ സഞ്ചി വീർപ്പിച്ചു ഭീഷണിപ്പെടുത്തുന്നതുപോലെയുള്ള ഒരു വേലയായിരുന്നു അത്. ഒടുവിൽ സെലക്ഷൻ കിട്ടാതെ വിദ്വാൻ വിഡ്ഢിയാവുകയും ചെയ്തു —വിധിയുടെ നിഷ്ഠുരത! പരാജയത്തിന്റെ കയ്പ് അനുഭവിപ്പിച്ചതു കൊണ്ടു മാത്രം വിധി തൃപ്തിപ്പെട്ടില്ല; വിഷജ്വരം കുത്തിക്കയറ്റി ആ പാവത്തെ വധിക്കുകയും ചെയ്തു. കോളർഷർട്ടും ധരിച്ച് സൈക്കിൾ ഉരുട്ടിക്കൊണ്ടു

പുതിയ നിരത്തിലൂടെ നീങ്ങുന്ന ആ കോമളയുവാവിന്റെ ചിത്രം മനസ്സിൽ നിന്നു മായ്ക്കാൻ കഴിയുന്നില്ല — അയാളിപ്പോൾ ചുടുകാട്ടിൽ ഒരുപിടി ചാരമായിക്കിടക്കുന്നുണ്ടാവും......

അങ്ങനെ അല്പം ആദ്ധ്യാത്മികതയിൽ മനസ്സിനെ അലയാൻവിട്ട് ഇടവഴിയിലേക്കു മിഴിച്ചുനോക്കിക്കൊണ്ടിരിക്കെ കറുത്തുമെലിഞ്ഞൊരു മനുഷ്യൻ, കക്ഷത്തിൽ ഒരു പുസ്തകവും അടക്കിപ്പിടിച്ച്, മുട്ടോളം വെള്ളം പൊങ്ങിയ ഇടവഴിയിലൂടെ നീന്തിവരുന്നതു കണ്ടു. ആളെ സൂക്ഷിച്ചുനോക്കി; കണ്ടു പരിചയമുണ്ട്. വാരിക ആപ്പീസിലെ പീയൂണാണ്.

അയാൾ പടികേറി കന്നിപ്പറമ്പിലേക്കാണു വരുന്നത്.

കരളിലെ കാർമേഘങ്ങൾക്കിടയിൽ ഒരു മിന്നൽപ്പിണർ പുളഞ്ഞു.

ആഴ്ചപ്പതിപ്പിൽ തന്റെ ചെറുകഥ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടാവും!

കഥയോ ലേഖനമോ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയാൽ അതു പ്രസിദ്ധപ്പെടുത്തിയ ലക്കം കാഥികനോ ലേഖകനോ സൗജന്യമായി അയച്ചു കൊടുക്കും. അതാണു പതിവ്.

പഴയരാജാ, വാരികാപത്രാധിപത്യം കൈയൊഴിച്ചുപോയി. ഒരു ദേശീയ നേതാവാണ് ഇപ്പോൾ വാരികയുടെ പത്രാധിപത്യം ഏറ്റെടുത്തിരിക്കുന്നത്.

ശ്രീധരൻ സൂത്രത്തിൽ ഒരു ചെറുകഥ അയച്ചുകൊടുത്തു. 'മിന്നൽപ്പിണർ' എന്നായിരുന്നു കഥയുടെ പേര്—കാഥികന്റെ പേര് എസ്. ചേനക്കോത്ത് എന്നാണു കൊടുത്തിരുന്നത്.

കോണിയിറങ്ങി, താഴോട്ടു ചെന്നു.

പീയൂൺ മടക്കിപ്പൊതിഞ്ഞ വാരിക കൈയിലേക്കു നീട്ടി, ഡെലിവറി ബുക്ക് നിവർത്തിക്കാട്ടി, ഒപ്പിട്ടുകൊടുക്കാൻ.

റാപ്പറിൽ,

ശ്രീ ചേനക്കോത്ത് ശ്രീധരൻ,

കന്നിപ്പറമ്പിൽ ഹൗസ്, അതിരാണിപ്പാടം എന്ന് അഡ്രസ്സ് വ്യക്തമായി എഴുതിയിട്ടുണ്ട്.

ഡെലിവറിബുക്കിൽ ഒപ്പിട്ടുകൊടുത്തു.

"നിങ്ങളുടെ പേരെന്താണ്?" പീയൂണിനോട് സ്നേഹപൂർവ്വം ചോദിച്ചു.

(സാഹിത്യത്തിൽ തന്റെ ആദ്യസന്താനത്തെയല്ലേ അയാൾ കുപ്പായമിടുവിച്ചു കൊണ്ടുവന്നിരിക്കുന്നത്. നന്ദിയും സന്തോഷവും പറഞ്ഞറിയിക്കാൻ കുഴങ്ങി).

അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു: "ചന്തുക്കുട്ടി",

മുണ്ടു മാടിക്കെട്ടി, ഡെലിവറിബുക്കെടുത്തു കക്ഷത്തിലിറുക്കി, കുടയും നിവർത്തിപ്പിടിച്ച് ചന്തുക്കുട്ടി പടിയിറങ്ങിപ്പോയി.

റാപ്പറിലെ അഡ്രസ്സിന് ഒട്ടും ഊനംപറ്റാതെ വാരിക പുറത്തെടുത്തു തുറന്നു. അക്ഷമയോടെ ഏടുകൾ മറിച്ചു — പതിമ്മൂന്നാം പേജിൽ അതാ വിലസുന്നു!

ചെറുകഥ: മിന്നൽപ്പിണർ.

(എസ്. ചേനക്കോത്ത്)

ഏട്ടിലെ ലിപികൾ ഇളകി നൃത്തംവയ്ക്കുന്നപോലെ തോന്നി....... നോക്കി നോക്കി ലഹരികയറി. മിന്നൽപ്പിണറിൽ മഴപ്പാറ്റകൾ നൃത്തം ചെയ്യുന്നു!

കഥകളും കവിതകളും ഇതിനുമുമ്പ് ചില പത്രങ്ങളിലും മാസികകളിലും പ്രസിദ്ധപ്പെടുത്തിവന്നിട്ടുണ്ട്. എന്നാൽ, പട്ടണത്തിലെ പ്രശസ്തവാരികയിൽ ശ്രീധരന്റെ ഒരു ചെറുകഥ പ്രത്യക്ഷപ്പെടുന്നത് ഇതാദ്യമായിട്ടാണ്.

ആഹ്ളാദം അടക്കിനിർത്താൻ കഴിയുന്നില്ല. അഭിമാനം ചിറകിട്ടടിക്കുന്നു.

ഗോപാലേട്ടനെ കാണിക്കട്ടെ. അടുത്തു ചെന്നു. ഗോപാലേട്ടൻ മരുന്നു സേവിച്ചു മയങ്ങിക്കിടക്കുകയാണ്. മൂപ്പരെ ഇപ്പോൾ ഉപദ്രവിക്കേണ്ട.

മുകളിൽച്ചെന്നിരുന്നു കഥ ഒന്നു വായിച്ചുനോക്കണം. അച്ചടിപ്പിശകുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിലോ? പതിയെ പന്നിയാക്കിക്കളയും, അച്ചു നിരത്തുന്നവർ. കോണിക്കുട്ടിനരികിലെത്തിയപ്പോൾ അടുക്കളയിൽനിന്നു കുപ്പിവളക്കിലുക്കം കേട്ടു. അമ്മിയും അമ്മിക്കുട്ടിയും തമ്മിലുരുമ്മുന്ന മൃദുലശബ്ദം. ഓർത്തുനോക്കി.

ജാനുവായിരിക്കും. അവൾ അടുക്കളയിൽ അമ്മയെ സഹായിക്കാൻ ഇടയ്ക്കു വരാറുണ്ട്.

അപ്പോൾ അമ്മ, അടുക്കളയിൽ നിന്നു മുറ്റത്തെ കുളിപ്പുരയിലേക്കു പോകുന്നതു കണ്ടു.

ജാനു അടുക്കളയിൽ ഒറ്റയ്ക്ക്. കരളിൽ പ്രണയസ്വപ്നം കിളർന്നു.

(അയൽപക്കത്തെ അമ്മിണിയമ്മയുടെ അനിയത്തിയാണ് ജാനു. വിവാഹിതയായ ഏട്ടത്തിയുടെകൂടെ ഒരാഴ്ച വിരുന്നുപാർക്കാൻ വന്നിരിക്കയാണ് അവൾ തന്റെ തെക്കൻഗ്രാമത്തിൽനിന്ന്.)

മെലിഞ്ഞുനീണ്ട്, മാന്തളിരിന്റെ നിറമുള്ളൊരു മധുരപ്പതിനേഴുകാരിയാണ് ജാനു. അവൾ ഒക്കത്തു മൺകുടവുമായി വെള്ളമെടുക്കാൻ കന്നിപ്പറമ്പിലെ കിണറ്റിൻകരയിലേക്കു വരാറുണ്ട്. ശ്രീധരൻ മാളിക വരാന്തയിലിരുന്നു വായിക്കുകയായിരിക്കും. മണിപ്പൂവള്ളികൾ പടർന്നുപിടിച്ച ചീനവേലിക്കു മുകളിലൂടെ അവൾ മാളികവരാന്തയിലേക്കു നോട്ടമയയ്ക്കും. നോട്ടമെന്നു പറഞ്ഞാൽ പോരാ—മിഴികൾകൊണ്ടൊരു മിന്നലാട്ടം. മൺകുടത്തിൽ വെള്ളം നിറച്ചുകഴിഞ്ഞാലും അവൾ അവിടെ തങ്ങിനില്ക്കും— കൈക്കുമ്പിളിൽ വെള്ളം മുക്കി വായിലൊഴിച്ചു തനിയെ വിനോദിച്ചുകൊണ്ട്—മാളിക വരാന്തയിലെ കോളേജ് കുമാരന്റെ ഹൃദയം പ്രണയഭീതികൊണ്ടു കിടിലം കൊള്ളും.

ഒരിക്കൽ ഒരു ശൃംഗാരപ്പുഞ്ചിരി സമ്മാനിക്കാൻ ധൈര്യം കിട്ടി. ജാനു നാണിച്ച് മുഖം കുനിച്ചുകളഞ്ഞു. അത്രയേ നടന്നിട്ടുള്ളൂ—നടത്താൻ കഴിഞ്ഞിട്ടുള്ളൂ.

ഇപ്പോൾ അവൾ അടുക്കളയിൽ ഒറ്റയ്ക്ക്—ഇണയെക്കൊതിക്കുന്ന ആദിമമനുഷ്യന്റെ വികാരമാണ് ഉള്ളിൽ മറനീങ്ങിവരുന്നത് —മറ്റേ സൃഷ്ടിയുടെ പുതുമാംസഗന്ധം മുകരാനുള്ള കൊതിയുടെ ലഹരി...... വാരികയും 'മിന്നൽപ്പിണരും' ഇടനാഴിയിൽ വലിച്ചെറിഞ്ഞ്, നേരെ അടുക്കളയിലേക്കു പതുങ്ങിച്ചെന്നു.

ജാനു അടുക്കളമൂലയിൽ മുട്ടുകൾ മടക്കി പുറംതിരിഞ്ഞിരുന്ന് മുഖം കുനിച്ച് അമ്മിക്കല്ലിൽ മുളകരയ്ക്കുകയാണ്, കുപ്പിവളകൾ കിലുക്കിക്കൊണ്ട്.

പിന്നിൽ കുനിഞ്ഞുനിന്നു താടിപിടിച്ചുയർത്തി—പറങ്കിമുളകുപോലത്തെ ചുണ്ടുകളും തേങ്ങാപ്പൂളുപോലത്തെ പല്ലുകളും കടിച്ചുതിന്നാനുള്ള ആർത്തിയോടെ അമർത്തി ഒരുമ്മവച്ചുകൊടുത്തതും കിക്കിളിയുടെ പരിഭ്രമത്തോടെ അവളൊന്നു ഞെട്ടിപ്പിടഞ്ഞ്, കൈകൾ പൊക്കിത്തടഞ്ഞതും മുളകു കുഴമ്പു പുരണ്ട കൈവിരലുകൾ ശ്രീധരന്റെ കണ്ണിലേറ്റതും എല്ലാം നൊടിയിടകൊണ്ട് കഴിഞ്ഞു.

മുറ്റത്തുനിന്നും കാലൊച്ച—മിന്നൽവേഗത്തിൽ പിന്മാറി.

ജീവിതത്തിൽ ആദ്യമായിട്ടാണ് മറ്റേ സൃഷ്ടിയുടെ പുതുമാംസഗന്ധമനുഭവിക്കാനൊരവസരം കിട്ടിയത്. അനന്തരഫലം: കണ്ണിൽനിന്നു പുകച്ചിലും—കരച്ചിലും.

വിധി ശ്രീധരനോടു പലപ്പോഴും അങ്ങനെ ക്രൂരമായിട്ടാണ് പെരുമാറുന്നത്.

കണ്ണുംപൊത്തി ഇടനാഴിയിൽ കടന്നപ്പോൾ എന്തോ ചവിട്ടി—മിന്നൽപ്പിണർവാരിക—അതു പെറുക്കിയടുത്ത് ഒച്ചയുണ്ടാക്കാതെ തപ്പിപ്പിടിച്ചു കോണികേറി മാളികവരാന്തയിലെത്തി..... പറങ്കിമുളകിന്റെയും തേങ്ങാപ്പൂളിന്റെയും തേനിന്റെയും സമ്മിശ്രരസലഹരി വായിൽ അപ്പോഴും ഒഴുകുന്നുണ്ടായിരുന്നു—കണ്ണുകളിൽനിന്ന് അശ്രുധാരയും.

# 16. കോൺഗ്രസ് വളണ്ടിയർ കുഞ്ഞപ്പു

പുതിയ ദേശീയപ്രബുദ്ധതയുടെ അലകൾ അതിരാണിപ്പാടത്തെ അത്രയൊന്നും സ്പർശിച്ചിരുന്നില്ല. ഈർച്ചക്കാരും ചെത്തുതൊഴിലാളികളും കൂലിപ്പണിക്കാരും രാവിലെ വേലയ്ക്കു പോകും. വൈകുന്നേരം മടങ്ങി വരും. ചിലർ രാത്രി പുരയിൽ അടങ്ങിയിരിക്കും. ചിലർ കള്ളുഷാപ്പിൽ സമയം കഴിക്കും. കള്ളുംകുടിച്ചു വന്ന് പുരയിൽ ബഹളമുണ്ടാക്കുന്ന കക്ഷികൾ ഒന്നോ രണ്ടോ കാണും. മറ്റുള്ളവർ കുടിച്ചാലും അല്ലെങ്കിലും മര്യാദക്കാരായിരുന്നു.

എന്നാൽ നാട്ടിൽ പുതിയ ചലനങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരുന്നു. മഹാത്മാഗാന്ധിയുടെ സിവിലാജ്ഞാലംഘനത്തിനുള്ള ആഹ്വാനവും ബ്രിട്ടീഷ് മേധവിത്വത്തിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാനുള്ള മറ്റു പരിപാടികളും ഒരുവിഭാഗം ജനതയെ ആവേശംകൊള്ളിച്ചിരുന്നു. മറ്റൊരു വിഭാഗം അതിൽ ആകൃഷ്ടരായി; അത്രമാത്രം. മൂന്നാമതൊരു വിഭാഗം മഹാത്മാഗാന്ധിയെയും സ്വാതന്ത്ര്യവാദത്തെയും അവജ്ഞയോടെയാണു വീക്ഷിച്ചിരുന്നത്.

ചേനക്കോത്ത് കൃഷ്ണൻമാസ്റ്ററുടെ സമുദായത്തിലെ പഠിപ്പും പരിഷ്കാരവുമുള്ള പ്രമാണിമാർ മിക്കവരും, ഭരിക്കുന്ന വെള്ളവർഗ്ഗത്തിന്റെ വൈതാളികന്മാരായി നടന്നു. സവർണ്ണമേധാവിത്വത്തേക്കാൾ നല്ലത് വൈദേശികമേധാവിത്വമാണ് എന്നായിരുന്നു അക്കൂട്ടരുടെ വാദം. ഉദ്യോഗം കിട്ടാനും മേൽജാതിക്കാരെ ഒരു പാഠം പഠിപ്പിക്കാനും വെള്ളക്കാരന്റെ പാർശ്വവർത്തികളായി നിന്നാലേ പറ്റൂ എന്ന വിശ്വാസത്തോടെ അവർ, കോട്ടും ടൈയും തലക്കെട്ടുമായി മിസ്റ്റർ ഗാന്ധിയെ പുച്ഛിച്ചുതള്ളിക്കൊണ്ടു ദേശീയ പ്രക്ഷോഭങ്ങളെ ഗാന്ധിപ്പിരാന്ത് എന്നു പറഞ്ഞു പരിഹസിച്ചുകൊണ്ട് പ്രമാണിമാരായിത്തന്നെ വിലസി. ഖദർ ധരിക്കുക, വിദേശവസ്ത്രങ്ങൾ ദഹിപ്പിക്കുക, മദ്യഷാപ്പുകളും വിദേശഉടമയിലുള്ള സ്ഥാപനങ്ങളും പിക്കറ്റു ചെയ്യുക തുടങ്ങിയ കോൺഗ്രസ്സിന്റെ പ്രതിഷേധ പരിപാടികൾ നാട്ടിൽ പുതിയൊരുണർവ്വ് സൃഷ്ടിച്ചിട്ടുണ്ടായിരുന്നു.

കൃഷ്ണൻമാസ്റ്ററുടെ നിലപാട് അങ്ങുമിങ്ങും തൊടാത്ത മട്ടിലായിരുന്നു. ബ്രിട്ടീഷ്ഭരണത്തോടു കൂറുപുലർത്തണമെന്ന അഭിപ്രായം ഒരു വശത്ത് — മഹാത്മാഗാന്ധിയോടുള്ള ഭക്തി മറ്റൊരുവശത്ത്. ഇവ തമ്മിൽ പൊരുത്തപ്പെടാതെ മാസ്റ്റർ കുഴങ്ങി.

ശ്രീധരൻ കോളേജിലായിരുന്നപ്പോൾ മഹാത്മാഗാന്ധിയെയും മറ്റു ദേശീയനേതാക്കളെയും അറസ്റ്റ് ചെയ്തതിനെ പ്രതിഷേധിച്ചുകൊണ്ടു കോളേജിൽ നടന്ന ക്ലാസ്സ് ബഹിഷ്കരണത്തിലും ഹർത്താലിലും ജാഥയിലും ആവേശത്തോടെ പങ്കെടുത്തിട്ടുണ്ടായിരുന്നു. അതറിഞ്ഞാൽ അച്ഛൻ തല്ലുമെന്ന് ഉള്ളിൽ പേടിയുമുണ്ടായിരുന്നു. എന്നാൽ വീട്ടിലെത്തിയപ്പോൾ കൃഷ്ണൻമാസ്റ്റർ ഒന്നും പറഞ്ഞില്ല. അറിഞ്ഞഭാവം നടിച്ചില്ല.

ദേശീയസ്വാതന്ത്ര്യത്തിന്റെ ആശയത്തെക്കാൾ ആദ്യഘട്ടങ്ങളിൽ ശ്രീധരനെ

ആകർഷിച്ചിരുന്നത്, എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിക്കുവാനും കൂട്ടംകൂടി ആർത്തുവിളിച്ചു തെരുവിലൂടെ നടക്കുവാനും അവസരം കിട്ടുന്നതിലുള്ള ആവേശമായിരുന്നു. ക്രമേണ കോൺഗ്രസ്സാദർശങ്ങളുടെ പൊരുൾ മനസ്സിലായിത്തുടങ്ങി. കടുനീലച്ചായം പൂശിയ പോലീസ് വാനിൽനിന്നു ലാത്തിധാരികളായ പോലീസ് മുഷ്കരന്മാർ ചാടിയിറങ്ങി, കോൺഗ്രസ്സ് സത്യാഗ്രഹികളെ പേപ്പട്ടികളെയെന്നപോലെ തലതല്ലിപ്പൊളിക്കുന്നതും ചോര തെറിക്കുന്നതും സ്വന്തം കണ്ണുകൊണ്ടു കണ്ടപ്പോൾ ശ്രീധരൻ, വെള്ളക്കാരനെ അഞ്ചാമത്തെ ശത്രുവായി മനസ്സിൽ നോട്ടുചെയ്തു വെച്ചു. പട്ടുഷർട്ടു കളഞ്ഞു. ഖദർ വാങ്ങി ധരിച്ചു. അച്ഛൻ വിരോധം പറഞ്ഞില്ല. പഞ്ചസാര ഉപേക്ഷിച്ചു. (വെള്ളക്കാരൻ ഇറക്കുമതിചെയ്യുന്ന ചരക്കാണ് പഞ്ചസാര). വെറുംപായിൽ നിലത്തു കിടന്നുറങ്ങാൻ ശീലിച്ചു. (ജയിലിൽ പോകേണ്ടിവന്നാലോ?)

അത്രത്തോളമായപ്പോൾ അച്ഛൻ വിലക്കി: "മതി—മതി—ആദ്യം പരീക്ഷയ്ക്കു പഠിച്ച് അതു പാസ്സാവാൻനോക്ക്—എന്നിട്ടാവാം കോൺഗ്രസ്സ്."

ആവേശം അല്പം തണുത്തു. സെപ്റ്റംബർ പരീക്ഷയ്ക്കു മനസ്സിരുത്തി പഠനം തുടങ്ങി.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു.

ശ്രീധരൻ മുകളിലിരുന്ന് പഠിക്കുകയാണ്. കൃഷ്ണൻമാസ്റ്റർ സ്കൂളിലേക്കു പുറപ്പെട്ടുനില്ക്കുന്നു. അപ്പോഴാണ് ഹൈക്കുളൂസ് കിട്ടുണ്ണി ഇടവഴിയിൽനിന്ന് ആ അദ്ഭുതവാർത്ത വിളിച്ചറിയിച്ചത്.

"കൃഷ്ണമ്മാഷ്ഷേ—നിങ്ങളെ കുഞ്ഞപ്പു കോൺഗ്രസ്സ് തൊപ്പീം കുപ്പായോം ഇട്ട്, അതാ കള്ളുഷാപ്പിന്റെ മുമ്പില് പിക്കറ്റ് ചെയ്യുന്നു."

കേട്ടതു വിശ്വസിക്കാൻ കഴിഞ്ഞില്ല, കൃഷ്ണൻമാസ്റ്റർക്ക്. കൃഷ്ണൻമാസ്റ്റർ ശ്രീധരനെ വിളിച്ചു. നീയൊന്നു ചെന്നു നോക്ക്. വല്യേട്ടൻതന്നെയാണോ എന്ന്—

ശ്രീധരൻ പുതിയ ഖദർഷർട്ടെടുത്തു ധരിച്ച് പുതിയ നിരത്തിന്റെ അറ്റത്തെ കള്ളുഷാപ്പിന്റെ നേർക്കു കുതിച്ചു.

"മഹാത്മാഗാന്ധി കീ ജെയ്!"

"ഭാരതമാതാ കീ ജെയ്!"

മദ്യവർജ്ജനം സിന്ദാബാദ്!"

..................................................

ജെയ് വിളികളും മുദ്രാവാക്യംവിളികളും ദൂരെനിന്നുതന്നെ കേട്ടു. കള്ളുഷാപ്പിന്റെ മുമ്പിൽ, റോഡിൽ ഒരു ജനക്കൂട്ടം. ശ്രീധരൻ തിക്കിത്തിരക്കി അടുത്തു ചെന്നു നോക്കി.

മുട്ടോളമെത്തുന്ന ഒരു ഖദർമുണ്ടും ദേഹത്തിൽ അഴഞ്ഞുതൂങ്ങുന്ന ഒരുക്കൻ ഖദർഷർട്ടും തലയിൽ ഒരു ഗാന്ധിത്തൊപ്പിയും ധരിച്ചു കൈയിൽ ത്രിവർണ്ണപതാകയും പിടിച്ചുകൊണ്ടു മുഖംകുനിച്ച് ഉറക്കംതൂങ്ങുന്നമട്ടിൽ നിൽക്കുന്ന പുതിയ കോൺഗ്രസ്സ് സന്നദ്ധഭടനെ നല്ലപോലെ ഒന്നു നോക്കി ശ്രീധരന്

വല്യേട്ടൻതന്നെ!

വീട്ടിലേക്ക് ഓടിവന്ന് അച്ഛനോടു പറഞ്ഞു: "വല്യേട്ടൻതന്നെ!"

കൃഷ്ണൻമാസ്റ്റർ അഭിമാനം ഉള്ളിലൊതുക്കി, താടിയുഴിഞ്ഞ്, തലയാട്ടി.

അതിരാണിപ്പാടത്ത് ഇതിനുമുമ്പ് ഒരു സത്യാഗ്രഹിയേ ഉണ്ടായിരുന്നുള്ളു—

വൈക്കം ക്ഷേത്രസത്യാഗ്രഹത്തിനു പോയി തല്ലുകൊണ്ടു ക്ഷയം പിടിച്ചു മരിച്ച വേലിക്കൽ അപ്പുണ്ണി—ഇപ്പോഴിതാ ഒരു ദേശീയയോദ്ധാവു കൂടി ഉണ്ടായിരിക്കുന്നു. ചേനക്കോത്തു കന്നിപ്പറമ്പിൽ കൃഷ്ണൻമാസ്റ്ററുടെ മകൻ കുഞ്ഞപ്പു!

കുഞ്ഞപ്പുവിന് ഇങ്ങനെ മാനസാന്തരം വന്നതിന്റെ കാരണം എത്ര തന്നെ ആലോചിച്ചിട്ടും കൃഷ്ണൻമാസ്റ്റർക്കു പിടികിട്ടിയില്ല. അവന്റെ ശനിദശ അവസാനിച്ചിട്ടുണ്ടാകും. വലിയ പോക്കിരികളും കുറ്റവാളികളുമായിരുന്നവർ പിന്നീട് ഋഷിവര്യന്മാരും സിദ്ധന്മാരുമായിത്തീർന്ന കഥകൾ കേട്ടിട്ടുണ്ട്. പണ്ട് പോലീസുദ്യോഗത്തിൽ ഇരുന്ന് പല നിഷ്ഠുരകൃത്യങ്ങളും ചെയ്ത ചിലരല്ലേ, മാനസാന്തരം വന്ന് ഇന്നു മഹായോഗികളായി പ്രമാണിമാരായ ശിഷ്യഗണങ്ങളാൽ ആരാദ്ധ്യരായി വർത്തിക്കുന്നത്— അങ്ങനെ പലതും ആലോചിച്ചുകൊണ്ട് കൃഷ്ണൻമാസ്റ്റർ സ്കൂളിലേക്കു നടന്നു.

വലേ്യട്ടന്റെ കള്ളുഷാപ്പ്പിക്കറ്റിങ് വിസ്തരിച്ചു കാണാൻ, ശ്രീധരൻ അങ്ങോട്ടു വീണ്ടും ഓടിപ്പോയി.

കോൺഗ്രസ്സിനു സന്നദ്ധഭടന്മാരെ കിട്ടാൻ ഞെരുക്കമുള്ള ആദ്യകാലമാണ്.

ഖദറിട്ടവരെ പോലീസ് തെരഞ്ഞുപിടിച്ചു തല്ലും. അപ്പോഴാണ് ഫിറ്റർ കുഞ്ഞപ്പു കള്ളുഷാപ്പു പിക്കറ്റുചെയ്യാൻ തയ്യാറെടുത്തുകൊണ്ടു കോൺഗ്രസ്സ് വളണ്ടിയറാപ്പീസിലേക്കു കയറിച്ചെല്ലുന്നത്. അപേക്ഷ ഉടൻ സ്വീകരിക്കപ്പെട്ടു. വളണ്ടിയർക്കു ഖദറുടുപ്പും ഗാന്ധിത്തൊപ്പിയും വേണം. പനി പിടിച്ചു കിടക്കുന്ന ഒരു തടിയൻ കാരണവരുടെ കുപ്പായവും തൊപ്പിയും തൽക്കാലത്തേക്കു ശട്ടംചെയ്തുകിട്ടി. പിന്നെ, വളണ്ടിയർക്കു ദിവസബത്ത എട്ടണയുണ്ട്. അത് ആദ്യം വാങ്ങി പോക്കറ്റിലിട്ടിട്ടാണ് കുഞ്ഞപ്പു കൊടിയും പിടിച്ച്, രണ്ടുമൂന്നു ജെയ്വിളിയും പാസ്സാക്കി കള്ളുഷാപ്പിന്റെ മുമ്പിൽ കുത്തന്നെ നിന്നുകൊടുത്തത്.

കള്ളുഷാപ്പുപിക്കറ്റിങ് നടത്തിയിരുന്നവരെ പോലീസ് പിടിച്ചു തല്ലിയിരുന്നില്ല. എന്നാൽ ഷാപ്പുടമ, പോലീസുകാരെക്കാൾ ഭീകരരായ കിങ്കരന്മാരെ ഏർപ്പാടുചെയ്തിരുന്നു. കോൺഗ്രസ്സ് ഭടന്മാരെ കൂക്കിവിളിച്ചു പരിഹസിക്കാനും ഉപദ്രവിക്കാനും.

വളണ്ടിയർ കുഞ്ഞപ്പു തൊണ്ടിൽനിന്നും വെള്ളം മുഴവനും മൊത്തിക്കുടിച്ച് തൊണ്ടു വലിച്ചെറിഞ്ഞു വീണ്ടും കൊടിയും പിടിച്ചു മിണ്ടാതെ നിന്നു.

അപ്പോൾ ഒരാൾ കുടിക്കാൻ കള്ളുഷാപ്പിലേക്കു വന്നു. ആഗതനെ ശ്രീധരനു മനസ്സിലായി. കടപ്പുറത്തു കൈവണ്ടി വലിക്കുന്ന പെരച്ചൻ—പോക്കരിപ്പെരച്ചൻ.

വളണ്ടിയർ കുഞ്ഞപ്പു കുടിക്കാൻ വന്ന വിദ്വാനെ തടഞ്ഞുകൊണ്ടു വിനീതനായി അഭ്യർത്ഥിച്ചു: "സഹോദരാ കള്ളുകുടിക്കരുത്. മദ്യം വിഷമാണ്."

പെരച്ചൻ പുച്ഛരസത്തോടെ കുഞ്ഞപ്പുവിനെ ഒന്നു നോക്കി. പിന്നെ ആസനം ചൊറിഞ്ഞുകാട്ടിക്കൊണ്ടു ഷാപ്പിലേക്കു കേറിപ്പോയി.

പത്തുമിനിറ്റു കഴിഞ്ഞ് പെരച്ചൻ വയറ്റിൽ നിറച്ചതിനുപുറമേ, രണ്ടു കുപ്പികളിൽ വാങ്ങിക്കരുതിയ കള്ളുമായി പുറത്തുവന്നു. മദ്യക്കുപ്പി ഓരോന്നും ഓരോ കക്ഷത്തിൽ ഇറുക്കിപ്പിടിച്ച് ആടിക്കുഴഞ്ഞുകൊണ്ടാണ് വരവ്. വളണ്ടിയർ കുഞ്ഞപ്പുവിന്റെ മുമ്പിൽ വന്നുനിന്ന് ആദ്യം കുറെ പുളിച്ച തെറി വിളിച്ചു പറഞ്ഞു. പിന്നെ ഒരു പ്രസംഗം:

“നീ ആരാടാ?—കോങ്കിരസ്സാ—കോങ്കിരസ്സ്! ഫൂ! (നിലത്തൊരു തുപ്പ്).

കാവിമുക്കെ്യാരു കോണോം വടീമ്മക്കെട്ടിത്തൂക്കി പിടിച്ചുനിക്ക്ന്ന് കോങ്കിരസ്സ്—കള്ളു കുടിക്കരുതെന്ന്! ഥൂപ്പ്!—നെൻ്റെ അച്ചനാരാണെടാ—കാന്ധ്യോ, അല്ല ആ കണ്ണടക്കാരൻ കൃഷ്ണമ്മാഷ്ഷോ—പറെടാ—പറ...”

സഹനസമരവളണ്ടിയർ കുഞ്ഞപ്പു മന്ത്രം ജപിക്കുംപോലെ മെല്ലെ മുദ്രാവാക്യം ചൊല്ലി: ‘മദ്യവർജ്ജനം സിന്ദാബാദ്............”

“ഫ! പന്നീ........” പെരച്ചൻ ഒരാട്ടുവെച്ചുകൊടുത്തു. (പിന്നെ കോമ്പല കോമ്പലയായി അശ്ലീലമുദ്രാവാക്യങ്ങൾ.) അതുകൊണ്ടും അരിശം തീരാത്ത മട്ടിൽ പെരച്ചൻ കക്ഷത്തിൽനിന്ന മദ്യക്കുപ്പികൾ താഴെവെച്ചു. ഒരു കുപ്പി തുറന്നു കുപ്പിയിലെ കാൽഭാഗം മദ്യം കുഞ്ഞപ്പുവിൻ്റെ തലയിലെ ഗാന്ധിത്തൊപ്പിയിലും ഖദർകുപ്പായത്തിലും ഒഴിച്ചുകൊടുത്തു; കള്ളിൽ കുളിച്ചു നില്ക്കുന്ന കുഞ്ഞപ്പുവിനെ നോക്കി ഒരു ചിരി ചിരിച്ചു.

കുഞ്ഞപ്പു ഉറക്കെ ഒരു വിളി: “മഹാത്മാഗാന്ധി കീ ജെയ്!............”

കുഞ്ഞപ്പുവിൻ്റെ സഹനശക്തിയും ക്ഷമാശീലവും കാണികളെ അദ്ഭുതപ്പെടുത്തി. കള്ളുഷാപ്പുകാരൻ കുഞ്ഞയ്യപ്പൻ പെരച്ചനു സക്കാത്തിൽ കള്ളുകൊടുത്ത് കോൺഗ്രസ്സ് വളണ്ടിയറുടെ നേർക്കു ചീത്തവിളിപ്പിക്കുകയാണെന്ന് ചിലർ അഭിപ്രായപ്പെട്ടു. കോൺഗ്രസ്സ് വളണ്ടിയറെ ദ്രോഹിക്കാനൊരുമ്പെട്ട പെരച്ചനോടു പകരംചോദിക്കാനൊരുങ്ങിക്കൊണ്ട് ഒന്നുരണ്ടു പേർ മുമ്പോട്ടു വന്നു: തുറമുഖത്ത് ട്രോളിവണ്ടി വലിക്കുന്ന ചാത്തുവും റെയിൽവേ പോർട്ടർ ഒറ്റക്കണ്ണൻ ഗോപാലനും—അപ്പോൾ കോൺഗ്രസ്സ് നേതാവു കൃഷ്ണൻനായർ മുമ്പോട്ടുവന്ന് തൊഴുകൈയോടെ അഭ്യർത്ഥിച്ചു:

“സഹോദരന്മാരേ, ക്ഷോഭിക്കരുത്—അഹിംസ, അതാണ് മഹാത്മജിയുടെ ഉപദേശം. മരണത്തെപ്പോലും നേരിടാൻ ഒരുങ്ങിക്കൊണ്ടു നില്ക്കുന്നവരാണ് നമ്മുടെ കോൺഗ്രസ്സ് സന്നദ്ധഭടന്മാർ—അഹിംസാമന്ത്രം ഉരുവിട്ടുകൊണ്ടു പിക്കറ്റ്ചെയ്യുന്ന വളണ്ടിയർമാരെ ഉപദ്രവിക്കാൻ വരുന്നവരോടും നാം അതേ നയം സ്വീകരിക്കണം.”

പെരച്ചനോടു പകരംചോദിക്കാൻ വന്ന ട്രോളിചാത്തുവും പോർട്ടർ ഗോപാലനും കോൺഗ്രസ്സ് നേതാവിൻ്റെ ഉപദേശം കേട്ട് പിൻവാങ്ങി.

പെരച്ചൻ മദ്യക്കുപ്പികളെടുത്തു കക്ഷത്തിലിറുക്കി, തച്ചോളിപ്പാട്ടും പാടി ആടിക്കുഴഞ്ഞുകൊണ്ടു റോഡിലിറങ്ങി നടന്നു.

കുറച്ചുകഴിഞ്ഞപ്പോൾ, മറ്റൊരു ചെറുപ്പക്കാരൻ കൈയിൽ ഇളന്നീരുമായി വളണ്ടിയർ കുഞ്ഞപ്പുവിൻ്റെയടുക്കലേക്കു വന്നു. ആ യുവാവിനെക്കണ്ടു മനസ്സിലാക്കിയ ആളുകൾ അദ്ഭുതപ്പെട്ടു: പെരച്ചൻ്റെ മൂത്തമകൻ കുഞ്ഞാണ്ടി!

അച്ഛൻ കോൺഗ്രസ്സ് വളണ്ടിയറെ കൈയേറ്റം ചെയ്യുന്നു; മകൻ സേവനമനോഭാവത്തോടെ വളണ്ടിയർക്ക് ഇളന്നീർ ദാനംചെയ്യുന്നു! ഒരേ വീട്ടിൽ രണ്ടു കക്ഷിക്കാർ!

കുഞ്ഞപ്പു ഇളന്നീർ കുടിച്ചു തൊണ്ടു വലിച്ചെറിഞ്ഞു.

ശ്രീധരൻ, വലേ്യട്ടൻ്റെ കള്ളുഷാപ്പുപിക്കറ്റിങ് നോക്കിക്കൊണ്ട് അരമണിക്കൂർനേരം അവിടെനിന്നു. പിന്നെ, എന്തോ ഓർത്തു വീട്ടിലേക്കു മടങ്ങി. ‘അൽമിനാർ’ പത്രമാപ്പീസിലെ ‘സാഹിത്യംഗോപാലപിള്ള’യുമായി

പരിചയപ്പെടുത്തിത്തരാമെന്ന് ഒരു സുഹൃത്ത് പറഞ്ഞിട്ടുണ്ടായിരുന്നു. ഊണും കഴിച്ച് ഉച്ചയ്ക്കു രണ്ടുമണിക്ക് അൽമിനാർ പത്രമാപ്പീസിലേക്കു പുറപ്പെടണം.

റോഡിലെത്തിയപ്പോൾ ഒരു ചെക്കൻ, വളണ്ടിയർ കുഞ്ഞപ്പു കുടിച്ചു വലിച്ചെറിഞ്ഞ ഇളന്നീർത്തൊണ്ട് പെറുക്കിയെടുത്തു കൊണ്ടുപോകുന്നതു കണ്ടു. ചെക്കനെ മുമ്പു കണ്ടിട്ടുണ്ട്. ഓർത്തുനോക്കി—പോക്കിരിപ്പെരച്ചന്റെ ഇളയ മകനല്ലേ എന്നൊരു സംശയം.

റോഡരികിൽ, രാരിച്ചന്റെ ചായപ്പീടികയുടെ അടുക്കൽനിന്നുള്ള ഇടവഴിയിലൂടെ പോയാൽ അഞ്ചാറു പറമ്പ് അപ്പുറത്താണ് പെരച്ചന്റെ പുര. ശ്രീധരൻ നോക്കിയപ്പോൾ, ആ ചെക്കൻ ഇളനീർത്തൊണ്ടും കൈയിൽ പൊക്കിപ്പിടിച്ച് ഇടവഴി ഇറങ്ങിപ്പോകുന്നതു കണ്ടു. ശ്രീധരന്റെ മനസ്സിൽ ചില സംശയങ്ങൾ ഇഴഞ്ഞുകൂടി—ചെക്കനെ പിന്തുടർന്നു.......ചെക്കൻ, ഇടവഴിയിലൂടെ നടന്നു പെരച്ചന്റെ പുരയിലേക്കുള്ള ഒതുക്കുകല്ലുകൾ കേറി— ശ്രീധരൻ കുറച്ചുനേരം ഇടവഴിയിൽ ശങ്കിച്ചുനിന്നു. പിന്നെ മെല്ല പടികൾ കേറി മുറ്റത്തേക്ക് ഒന്നെത്തിനോക്കി—

അതൊരു ചെറിയ ഓലപ്പുരയാണ്—കോലായിലോ മുറ്റത്തോ ആരെയും കണ്ടില്ല.

അവിടെ ഒന്നു കേറി നോക്കണമെന്നു തീരുമാനിച്ചു. പുരക്കാർ തന്നെ കണ്ട് ആരാണ്, എന്തിനാണു വന്നത് എന്നൊക്കെ ചോദിച്ചാൽ എന്തു സമാധാനം പറയും? ഉള്ളിലൊരു ഭയം.

പെരച്ചന്റെ മുറ്റത്തു മൺചട്ടികളിൽ വളർത്തിയ അരുതച്ചെടി കണ്ടപ്പോൾ ഒരൈഡിയ മനസ്സിലുദിച്ചു. മുമ്പ്, ആശാരിമാധവൻ ഉപദേശിച്ചതാണ്: കാരണംകൂടാതെ ഏതെങ്കിലും വീട്ടിൽ ചെന്നുകേറണമെങ്കിൽ, അരുതച്ചെടിയന്വേഷിച്ചു പോയാൽ മതിയെന്ന്—വീട്ടിലെ കുട്ടിക്ക് അപസ്മാരമിളകിയിരിക്കുന്നു, ഇത്തിരി അരുതവേണം, ഇവിടെയെങ്ങാനുമുണ്ടോ?—എന്നു ക്ഷമാപണസ്വരത്തിലൊരന്വേഷണം.

ആ ആശയം ആയുധമാക്കി ധൈര്യപൂർവ്വം അങ്ങോട്ടു കേറിച്ചെന്നു.

പുരയുടെ തെക്കേ മുറിയിൽ ആളനക്കമുണ്ടെന്നു മനസ്സിലാക്കി മെല്ല പിൻമുറ്റത്തു ചെന്നു ജാലകത്തിലൂടെ മുറിയിലേക്കൊന്ന് എത്തിനോക്കി.

മുറിയിൽ മൂന്നുനാലാളുകളുണ്ട്. പെരച്ചൻ, പെരച്ചന്റെ മൂത്തമകൻ കുഞ്ഞാണ്ടി, പെരച്ചനെ കള്ളുഷാപ്പുമുറ്റത്തുവെച്ചു കൈയേറ്റംചെയ്യാൻ മുന്നോട്ടുവന്ന പോർട്ടർ ഒറ്റക്കണ്ണൻ ഗോപാലൻ—പിന്നെ ഇളന്നീർത്തൊണ്ടുംകൊണ്ടു പോയ ഇളയചെക്കനും. പെരച്ചൻ കുപ്പിയിൽനിന്നു കള്ള് ഇളന്നീർത്തൊണ്ടിൽ നിറയ്ക്കുന്നു. കുഞ്ഞാണ്ടി അതുംകൊണ്ടു വളണ്ടിയർ കുഞ്ഞപ്പുവിന്റെ അടുക്കലേക്കു പോകാൻ തയ്യാറായിനില്ക്കുന്നു—പോർട്ടർ ഗോപാലൻ കള്ളുകുടിച്ചു തരിമ്പും ബോധമില്ലാതെ ഒരു മൂലയിൽ ചുരുണ്ടു കിടക്കുന്നു........

വലേയട്ടൻ, കോൺഗ്രസ്സ് വളണ്ടിയർ കുഞ്ഞപ്പുവിന്റെ ഇളന്നീർകുടിയുടെ രഹസ്യം മനസ്സിലായപ്പോൾ ശ്രീധരന് ഉള്ളിൽ വന്ന ചിരിയടക്കാൻ കഴിഞ്ഞില്ല. മുറിയിലുള്ളവർ തന്നെ നോട്ടുചെയ്തിട്ടില്ലെന്നു മനസ്സിലാക്കി ശ്രീധരൻ മെല്ല തലവലിച്ച് പടിയിറങ്ങി ഇടവഴിയിൽ വന്നുനിന്നു കുറെ ചിരിച്ചു: പെരച്ചനും ഗോപാലനും കുഞ്ഞപ്പുവും തമ്മിലുള്ള ഒത്തുകളി!

കുഞ്ഞപ്പുവിനെ പെരച്ചൻ കള്ളിൽ കുളിപ്പിച്ചതിന്റെ കള്ളിയും മനസ്സിലായി—

ഇളന്നീർത്തൊണ്ടിൽനിന്ന സേവിച്ച മദ്യത്തിന്റെ ഗന്ധം തിരിച്ചറിയാതിരിക്കാൻ.

ഇടവഴിയിൽനിന്ന റോഡിലെത്തിയപ്പോൾ ആളുകൾ പറഞ്ഞ മറ്റൊരു വാർത്ത ശ്രീധരനെ കൂടുതൽ ചിരിപ്പിച്ചു. കള്ളുഷാപ്പു പിക്കറ്റു ചെയ്ത കോൺഗ്രസ്സ് വളണ്ടിയർ തലചുറ്റി വീണു—ആളുകൾ താങ്ങിയെടുത്തു കോൺഗ്രസ്സാപ്പീസിലേക്കു കൊണ്ടുപോയിരിക്കുന്നു.

'അൽമിനാറി' ലെ 'സാഹിത്യംഗോപാലപിള്ള' യെപ്പറ്റി ശ്രീധരന്റെ സുഹൃത്ത് അബൂബക്കർ പലപ്പോഴും പ്രശംസിച്ചു പറയാറുണ്ടായിരുന്നു. ഒരു സാഹിത്യ യോഗിവര്യനാണ് ഗോപാലപിള്ള. മലയാളസാഹിത്യത്തെപ്പറ്റി ഇത്രയേറെ പഠിച്ച ഒരു പണ്ഡിതൻ കേരളത്തിൽ വേറെയില്ല. ഇംഗ്ലീഷിലും സംസ്കൃതത്തിലും അഗാധപരിചയം നേടിയ ഒരു പ്രഗല്ഭമതിയുംകൂടിയാണ് പിള്ള. എന്നാൽ ഗോപാലപിള്ളയെ നേരിട്ടു കണ്ടവർ ചുരുക്കമാണ്. കാരണം, പിള്ള 'അൽമിനാർ' ആപ്പീസിലെ തന്റെ മടവിട്ടു പുറത്തിറങ്ങാറില്ല.

അബൂബക്കറുടെകൂടെ ശ്രീധരൻ, 'അൽമിനാർ' ആപ്പീസിന്റെ തെക്കേ മൂലയിലെ ഒരു മുറിയിലേക്കു ചെന്നു. ചുമരുകളിൽ പിടിപ്പിച്ച ഷെൽഫുകളിൽ ബൈൻഡു ചെയ്ത പത്രമാസികകളും പഴയ ഗ്രന്ഥങ്ങളും കോട്ടകെട്ടിക്കിടന്നിരുന്നു. അലമാരകൾ നിറയെ പുസ്തകങ്ങൾ. അവയ്ക്കിടയിൽ ആളെ പെട്ടെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഒരു മേശയ്ക്കു പിറകിലെ ഈസിച്ചെയറിൽ കിടക്കുന്ന വളരെ ചെല്ലിച്ചു ഹ്രസ്വകായനായ ഒരു മനുഷ്യൻ. ഒരു പ്രസ്സ് മാറ്റർ പരിശോധിച്ചുംകൊണ്ട്—ശരിക്കും ഒരു പുസ്തകപ്പുഴു.

അബൂബക്കർ ശ്രീധരനെ പരിചയപ്പെടുത്തി: "ഒരു യുവകവി. കഥകളും എഴുതാറുണ്ട് —പേര്, സി. ശ്രീധരൻ."

ഗോപാലപിള്ളയുടെ മുഖത്ത് ഒരു പ്രതികരണവും കണ്ടില്ല. ഒന്നുമൂളി. അത്രമാത്രം — (ഇതുപോലെ എത്ര യുവകവികളും കാഥികന്മാരും നാട്ടിൽ അലഞ്ഞുനടക്കുന്നുണ്ട് എന്നാവാം ആ മൂളലിലെ ആശയം..)

കൈയിലെ കടലാസ് ഉയർത്തിപ്പിടിച്ചു ഗോപാലപിള്ള മെല്ലെ മധുരസ്വരത്തിൽ, ഒരു മുഖവുരയും കൂടാതെ പാടി:

"ഇനിയുമെത്ര സമയം കഴിയണം

ഇനന്ദിക്കുവാൻ — സത്യം ജയിക്കുവാൻ...."

"ഹാ! എത്ര മഹത്തായൊരാശയം! എന്തു മനോഹരമായ പ്രതിപാദനം! ഇങ്ങനെയിരിക്കണം കവിത. കവിത്വത്തിന്റെ യഥാർത്ഥബീജമാണ് ഈ ഈരടിയിൽ ഞാൻ കാണുന്നത്......."

"ആരുടെ കവിതയാണത്?" അബൂബക്കർ ചോദിച്ചു.

"ഇത് 'അൽമിനാറി' ന്റെ സാഹിത്യപംക്തിയിലേക്ക് അയച്ചുകിട്ടിയ ഒരു കവിതയാണ്. യുവകവിയുടെ പേർ ഇതിനുമുമ്പു കേട്ടിട്ടില്ല: എം. മുഹമ്മത് കുഞ്ഞി......."

പിന്നെ യഥാർത്ഥകവിതയുടെ ലക്ഷണത്തെക്കുറിച്ച് ഒരു നീണ്ട പ്രഭാഷണമാണു കേട്ടത്. ഷേക്സ്പിയറും ഭവഭൂതിയും വി. സി. ബാലകൃഷ്ണപ്പണിക്കരും കീറ്റ്സും ഇടപ്പള്ളി രാഘവൻപിള്ളയും ഡ്രൈഡനും മറ്റും ആ മുറിയിലിരുന്നു പാടുന്നതുപോലെ തോന്നി.......

ഒരു മണിക്കൂർ കഴിഞ്ഞ് സാഹിത്യംഗോപാലപിള്ളയുടെ മുറിയിൽ നിന്നു

പുറത്തിറങ്ങിയപ്പോൾ, ശ്രീധരൻ അബൂബക്കറോടു പറഞ്ഞു: “സ്നേഹിതാ, നിങ്ങൾ ഗോപാലപിള്ളയെപ്പറ്റി പറഞ്ഞതു ശരിയാണെന്ന് എനിക്കു ബോദ്ധ്യമായി—ഒരു പത്തു പുസ്തകങ്ങൾ വായിച്ചാൽ കിട്ടുന്നതിനേക്കാൾ അറിവ് എനിക്കു ഗോപാലപിള്ളയുടെകൂടെ കഴിച്ചുകൂട്ടിയ ഒരു മണിക്കൂറുകൊണ്ടു കിട്ടി....”

# 17. കേളഞ്ചേരിയിലെ സർപ്പം

കേളഞ്ചേരിയിലെ കുഞ്ഞിക്കേളുമേലാന്റെ വിനോദവിപ്ലവങ്ങളും ആർഭാടതാണ്ഡവങ്ങളും യാതൊരു നിയന്ത്രണവുമില്ലാതെ കൂടുതൽ വീര്യത്തോടും വൈവിദ്ധ്യത്തോടുംകൂടി തുടർന്നുകൊണ്ടിരുന്നു—നിത്യവും മദ്യവും പെണ്ണും സദ്യയും കൂത്തും തന്നെ!

മേലാന്റെ കാമകേളികളിൽ പ്രസിദ്ധമായിത്തീർന്ന ഒന്നായിരുന്നു, 'മുങ്ങേലിയിലെ ഖെദ്ദ'—സ്ഥലത്തെ യൂറോപ്യൻബാങ്കിന്റെ ലണ്ടനിലെ ഹെഡ്ഡാപ്പീസിൽനിന്നു ബാങ്ക് പരിശോധനയ്ക്കു വന്ന മാക്ക്ഫേർസൺ സായ്പിനെ സൽക്കരിക്കാൻ പ്രത്യേകം ഏർപ്പാടുചെയ്ത വിനോദപരിപാടി.

മൈസൂരിലെ ഖെദ്ദാ(ആനപിടുത്തം) സംരംഭത്തിനുള്ളതുപോലെ ഈ പരിപാടിക്കുള്ള ഒരുക്കങ്ങളും റിഹേഴ്സലുകളും ദിവസങ്ങൾക്കുമുമ്പേ തന്നെ ആരംഭിച്ചിട്ടുണ്ടായിരുന്നു. കുഞ്ഞിക്കേളുമേലാന്റെ അംഗരക്ഷകൻ ഇരുമ്പൻ പോക്കരുടെയും നാലാം കാര്യസ്ഥൻ കുഞ്ഞാണ്ടിയുടേയും മേൽനോട്ടത്തിലാണ് എല്ലാം നടന്നത്.

സഹ്യാദ്രിചെരുവിലെ ഇരുണ്ട വനമേഖലയിൽ കിടക്കുന്ന മുങ്ങേലിമൂലയായിരുന്നു, ഈ മോഡേൺഖെദ്ദയ്ക്കുവേണ്ടി അവർ തെരഞ്ഞെടുത്ത സ്ഥലം. മുങ്ങേലിയാറ്റിൽ പാറക്കെട്ടുകളും തെളിനീർക്കയങ്ങളുമുള്ള തുറന്ന ഒരു മൂലയിൽ കരയിലെ ഒരു കൂറ്റൻ താന്നിമരത്തിന്റെ മുകളിൽ ശിഖരങ്ങൾക്കിടയിൽ ഒരു പുൽമാടം പണിചെയ്ത് തീൻപണ്ടങ്ങളും ശീമമദ്യങ്ങളും മറ്റും ആ ഏറുമാടത്തിൽ സജ്ജീകരിച്ചുവെച്ചു. ആ വിഭവങ്ങളെല്ലാം വലിയ അലൂമിനിയം പെട്ടികളിൽ സൂക്ഷിച്ച ഐസ് കട്ടകളടക്കം—ഒരാനപ്പുറത്തു കയറ്റിയിട്ടാണ് അവിടെ എത്തിച്ചിരുന്നത്.

ഒരു പുതിയ ശിക്കാറിന് എന്നും പറഞ്ഞുകൊണ്ടാണ് കുഞ്ഞിക്കേളുമേലാൻ മാക്ക്ഫേർസൺസായ്പിനെ ആ കാട്ടിലേക്കു നയിച്ചത്. പ്രകൃതിസൗന്ദര്യം നിറഞ്ഞുനില്ക്കുന്ന വനമൂലയും കാട്ടാറിന്റെ വക്കിലെ വൃക്ഷശിഖരത്തിലെ പുൽക്കുടിലും അതിനകത്തെ സജ്ജീകരണങ്ങളും കണ്ട് സായ്പ് അദ്ഭുതപ്പെട്ടു. മദ്യപിച്ചും തമാശകൾ പറഞ്ഞും അവർ അവിടെ കഴിച്ചുകൂട്ടി. ഉച്ചഭക്ഷണം കഴിഞ്ഞ്, ഫ്രൂട്ട്സലാഡും സാപ്പിട്ടുകൊണ്ടിരിക്കുമ്പോൾ കേട്ടു കാട്ടിൽനിന്ന് ഒരാരവം.

"എന്താണ് ആ ശബ്ദം?" സായ്പ് അല്പം ഭയത്തോടെ ചോദിച്ചു.

"കാട്ടാനകളെ തെളിച്ചുകൊണ്ടുവരുന്ന ആരവമാണ്." കുഞ്ഞിക്കേളുമേലാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

പത്തുമിനിറ്റു കഴിഞ്ഞപ്പോൾ അതാ, ആറ്റുവക്കിലേക്ക് ഇറങ്ങിവരുന്നു, ഒരു കൂട്ടം......സായ്പ് മിഴിച്ചുനോക്കി. കണ്ണുകളെ വിശ്വസിക്കാൻ കഴിയുന്നില്ല—പൂർണ്ണനഗ്നകളായ ഏഴു തരുണികൾ! അവരിൽ നാലെണ്ണം വെളുത്ത നാടൻതരുണികളാണ്. മൂന്നെണ്ണം കറുത്ത കാടത്തികൾ. തലമുടിയുടെ പ്രകൃതംകൊണ്ടും കഴുത്തിലണിഞ്ഞ കല്ലുമാലകൾകൊണ്ടും കാടത്തികളെ വേർതിരിച്ചറിയാമായിരുന്നു.

നാട്ടുമങ്കമാരായ നാലു താപ്പാനകളുടെ അകമ്പടിയോടുകൂടി മൂന്നു വനകന്യകകളെ ആറ്റുവക്കിലേക്കിറക്കിവിട്ട്, തെളിക്കാരായ ഇരുമ്പൻ പോക്കരും പോക്കിരിസംഘവും കാട്ടിലേക്കു മറഞ്ഞു.

കാമഭ്രാന്തോടെ മാക്ക്ഫേർസൺസായ്പും പിന്നാലെ കുഞ്ഞിക്കേളുമേലാനും താന്നിമരത്തിൽനിന്നു താഴോട്ടു ചാടി.

നാടൻതരുണികളുടെ സഹായത്തോടുകൂടി ആ കാട്ടുകന്യകകളെ മെരുക്കിയെടുക്കുന്ന പരിപാടിയാണ് പിന്നെ നടന്നത്. മുങ്ങേലിയാറ്റിലെ പാറക്കെട്ടുകളിൽ—കരയിലെ പുൽത്തകിടികളിൽ—മരച്ചുവടുകളിൽ—കാട്ടുനികുഞ്ജങ്ങളിൽ—ആ കാമകേളികൾ സന്ധ്യമയങ്ങുന്നതുവരെ തുടർന്നു കൊണ്ടിരുന്നു...

മുങ്ങേലി വെട്ട കഴിഞ്ഞ് മേലാനും കൂട്ടുകാരും കേളഞ്ചേരിയിൽ മടങ്ങിയെത്തിയപ്പോൾ അർദ്ധരാത്രി കഴിഞ്ഞിരുന്നു. കൂട്ടുകാർ താങ്ങിയെടുത്തിട്ടാണ് കുഞ്ഞിക്കേളുമേലാനെ കാറിൽനിന്ന് ഉറക്കറയിൽ കൊണ്ടുപോയി കിടത്തിയത്.

കൂട്ടുകാർ പിരിഞ്ഞുപോയി. അംഗരക്ഷകൻ ഇരുമ്പൻപോക്കർ കേളഞ്ചേരിയിലെ പടിപ്പുരയിൽ കിടന്നുറങ്ങാൻ തീരുമാനിച്ചു. കോഴിവാലൻ തലക്കെട്ടും ഷർട്ടും ബനിയനും അഴിച്ചിട്ട്, തിണ്ണയിൽ പുല്ലുപായ വിരിച്ച് നീണ്ടുനിവർന്നു കിടന്നു. അരയിലെ പച്ചബെൽറ്റും തോലുറയോടുകൂടിയ കഠാരിയും തലയണയ്ക്കടിയിൽ സൂക്ഷിച്ചു.

ചൂടുള്ള രാത്രി. ഉഷ്ണം ഉറഞ്ഞുകൂടിയ അന്തരീക്ഷം. കാറ്റുപോലും ചലിക്കുന്നില്ല. കുമറൽകൊണ്ട് ഉറക്കംകിട്ടാതെ പോക്കർ ഉഴന്നുകളിച്ചു. പലതും ചിന്തിച്ചു—ആ ചിന്തകളിലും എന്തോ ഒരസ്വസ്ഥത കളിയാടിയിരുന്നു.

മുങ്ങേലി വെട്ട വലിയൊരു വിജയമായിരുന്നു. അത് ആസൂത്രണം ചെയ്ത കാര്യസ്ഥൻ കുഞ്ഞാണ്ടിയോട് അസൂയ തോന്നി. ഈ ഒരൊറ്റ ദിവസത്തെ പരിപാടിക്ക് മൂവായിരം ഉറുപ്പികയിലേറെ ചെലവഴിച്ചിട്ടുണ്ടാകും—കേളഞ്ചേരിവകയായി അവശേഷിച്ച ഒരേയൊരു മല—ചെമ്പൻമല—ജന്മം തീരെഴുതിക്കൊടുത്തു കിട്ടിയ സംഖ്യ മുഴുവനും മേലാൻ ഇതിൽ ആഹുതിചെയ്തു. അതുകൊണ്ട് ചില നേട്ടങ്ങളും ഉണ്ടായേക്കാം—ബേങ്കിൽ നിന്ന് ഓവർഡ്രാഫ്റ്റായി എത്രസംഖ്യ വേണമെങ്കിലും കേളഞ്ചേരി കുഞ്ഞിക്കേളുമേലാനു കൊടുക്കാവുന്നതാണെന്നു ശുപാർശചെയ്യാതിരിക്കുകയില്ല, മാക്ക്ഫേർസൺ സായ്പ്.

പടിപ്പുരമതിലിന്മേൽ വളർന്നുകുത്തിക്കിടക്കുന്ന ചെടികളിൽനിന്നു നിശാഗന്ധിയുടെ പരിമളം ഇഴഞ്ഞുവന്നു.

മുങ്ങേലി വെട്ടയ്ക്കു പിറകിൽ നടന്ന ചില വിചിത്ര സംഭവങ്ങളെയും ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല, പോക്കർക്ക്. ഒരു കാടന്റെ മരണപ്പിടച്ചൽ അക്കൂട്ടത്തിൽ മുന്നിട്ടുനില്ക്കുന്നു. അടിച്ചും ഇടിച്ചും കഴുത്തു ഞെരുക്കിയും കഠാരിക്കുത്തേല്പിച്ചും പലരേയും താൻ കൊന്നിട്ടുണ്ട്. എന്നാൽ, ഒരൊറ്റ ചവിട്ടുകൊണ്ട് ഒരു മനുഷ്യന്റെ കഥകഴിച്ചത് ഇന്നാദ്യമായിട്ടാണ്. മുങ്ങേലി വെട്ടയ്ക്ക് കാടത്തരുണികളെ പിടിക്കാൻ പോയതായിരുന്നു. കാട്ടുമൂലയിലെ ആ മുടവരുടെ കുടിലിൽനിന്ന് ആ പെൺകിടാവിനെയും വിളിച്ച് ഇറങ്ങിയപ്പോൾ അവളുടെ തന്തയ്ക്ക് എന്തോ സംശയം തോന്നി. കാട്ടുപാതയിലൂടെ പിന്നാലെ വന്നു. പോകാൻ പറഞ്ഞിട്ട് ആ മുടവൻ കൂട്ടാക്കിയില്ല. മകളെ

വിട്ടുതരണമെന്നു വാശിപിടിച്ച് അവൻ പിന്നാലെ കൂടി. വിട്ടുകൊടുത്തില്ലെങ്കിൽ എതിർക്കുമെന്ന മട്ടായപ്പോൾ, തിരിഞ്ഞുനിന്ന് നാഭിക്ക് ഒരു ചവിട്ടു വച്ചുകൊടുത്തു. അവൻ വീണ്, കുറച്ചുനേരം പിടഞ്ഞു. പിന്നെ നാക്കുനീട്ടി ജീവൻ വെടിഞ്ഞു. മുടവപ്പെൺകിടാവു മുഖംപൊത്തി നിലവിളിച്ചപ്പോൾ, മിണ്ടിപ്പോകരുത്, മിണ്ടിയാൽ നിന്നെയും ചവിട്ടിക്കൊല്ലും എന്നു ഭീഷണി മുഴക്കി. ആ പാവം പിന്നെ ശബ്ദിച്ചില്ല. മുടവന്റെ ശവം വലിച്ചിഴച്ച് കുറ്റിക്കാട്ടിലേക്കിട്ടു—ഇന്നു കുറുക്കന്മാർക്കു നല്ല കോളായിരിക്കും—പെൺകുട്ടിയേയുംകൂട്ടി മുങ്ങേലിയാറ്റിൻകരയിലേക്കു നടന്നപ്പോൾ, എന്തോ ഒരു പാപം ചെയ്തുവെന്ന് ജീവിതത്തിൽ ആദ്യമായി ഒരു തോന്നലുണ്ടായി. കൊല്ലണമെന്നുദ്ദേശിച്ചല്ലല്ലോ ചവിട്ടിയത് എന്നു വിചാരിച്ച് അല്പം ആശ്വസിക്കുകയും ചെയ്തു.

അങ്ങനെ ചിന്തകളിൽ മുഴുകി, നിശാഗന്ധിയുടെ പരിമളവും ശ്വസിച്ചുകൊണ്ട്, പോക്കർ എപ്പോഴോ ഉറങ്ങിപ്പോയി. എത്രനേരം കഴിഞ്ഞുവെന്നു നിശ്ചയമില്ല. ആരോ ചുമലിൽ തൊട്ടുണർത്തിയപോലെ തോന്നി. പാതി മയക്കത്തോടെ മെല്ലെ മിഴി തുറന്നു. തണുത്തുമിനുത്ത് കനത്ത എന്തോ ഒന്ന് ചുമലിൽ പറ്റിക്കിടക്കുന്നതായി തോന്നി. ഇടങ്കണ്ണിട്ടു നോക്കി. ചുമലിൽ രണ്ടു രത്നക്കല്ലുകൾ മിന്നുന്ന സർപ്പം—കേളഞ്ചേരിയിലെ സർപ്പം!

സർപ്പം തണുത്ത പുല്പപായയിലൂടെ ഇഴഞ്ഞുവന്നു തന്റെ ചുമലിൽ കേറിയിരിക്കുന്നു.

കഠാരി തലയണയ്ക്കടിയിലാണ്...അനങ്ങിയാൽ എന്തും സംഭവിക്കാം...

പോക്കർ കണ്ണടച്ചു ശ്വാസം അടക്കിപ്പിടിച്ചു ശവംപോലെ കിടന്നു.

വലതുഭുജത്തിൽ കെട്ടിയ ഉറുക്കിനെ ഉരുമ്മിക്കൊണ്ട് സർപ്പം മെല്ലെ കഴുത്തിലേക്ക് അരിച്ചുനീങ്ങി. അത് പിളർന്ന നാക്കുകൾകൊണ്ട് തൊണ്ടയിലെ മുഴയെ സ്പർശിക്കുന്നതും, പിന്നെ മെല്ലെ നീങ്ങി കഴുത്തിനെ ചുറ്റി ഇടതുചുമലിലേക്കു വലിഞ്ഞു നീങ്ങുന്നതും എല്ലാം പോക്കർ വ്യക്തമായി അറിയുന്നുണ്ട്. രോമക്കുഴികളിൽ തണുത്ത നെരിപ്പോട്ടുകളെരിയുന്നു. ശരീരത്തിലെ ഞരമ്പുകൾ മുഴുവനും പാമ്പുകളായി മാറി കരളിൽ ചുറ്റിപ്പിണയുന്നു....

സർപ്പം ചുമലിൽനിന്നു തിരിഞ്ഞു നെഞ്ചിലേക്കു നീങ്ങുന്നു. അത് അവിടെത്തന്നെ തങ്ങിനില്ക്കുന്നു—നെഞ്ഞത്തെ വിയർപ്പിന്റെ രൂക്ഷഗന്ധം നുകരുകയാണോ?—നരയൻപുല്ലുകൾപോലെയുള്ള രോമങ്ങൾ നിറഞ്ഞ നെഞ്ചിൽ എഴുന്നേറ്റുനിന്നു പടംവിടർത്തി ആടാൻ ഭാവിക്കുകയാണോ?...

നിമിഷങ്ങൾ യുഗങ്ങളായി മാറുന്നു.

തന്റെ ജീവിതത്തിൽ കഴിഞ്ഞ സംഭവങ്ങളെല്ലാം പെട്ടെന്ന് ഒരു ചലച്ചിത്രംപോലെ പോക്കരുടെ കരൾത്തിരശ്ശീലയിൽ ഓടിക്കൊണ്ടിരിക്കുന്നു. മരണത്തിനു തൊട്ടുമുമ്പുള്ള നിമിഷത്തിൽ മനുഷ്യന്റെ മസ്തിഷ്കത്തിൽ ജീവിതചിത്രങ്ങൾ മിന്നിമറയാറുണ്ടെന്ന് ആരോ പറഞ്ഞുകേട്ടിട്ടുണ്ട്— കൽബിൽ തുടിക്കുന്നതു തന്റെ മരണനിമിഷമാണോ?—

അപ്പോൾ സർപ്പം മാറിൽനിന്ന് അനങ്ങി. കീഴ്പോട്ടിറങ്ങി, പോക്കരുടെ കുമ്പയിലൊന്നു ചുറഞ്ഞ്, പിന്നെ വാരിഭാഗത്തൂടെ മെല്ലെ പുല്പപായിലേക്കു

തലതിരിച്ചു...സർപ്പത്തിന്റെ ഉടൽ നഞ്ഞുകയറുപോലെ പോക്കറുടെ ഭുജത്തിലൂടെ, നെഞ്ഞിലൂടെ, പള്ളയിലൂടെ മരണരോമാഞ്ചമുണർത്തിക്കൊണ്ട് ഇഴഞ്ഞിഴഞ്ഞു വരുന്നു....അള്ളാ! —ഇതിനൊരവസാനമില്ലേ? നിമിഷങ്ങൾ വീണ്ടും യുഗങ്ങളായി മാറുന്നു...

സർപ്പത്തിന്റെ ഈർപ്പക്കണ്ണിപോലെയുള്ള വാൽ പോക്കരുടെ കുമ്പയെ ഒന്നു ചൊറിഞ്ഞുകൊണ്ടു കടന്നുപോയി.

പോക്കർ കണ്ണുറക്കാതെ അങ്ങനെതന്നെ കിടന്നു. അന്നോളം അറിഞ്ഞിട്ടില്ലാത്ത ഒരു ശാന്തി കരളിൽ തങ്ങിനില്ക്കുന്നു. ഓർമ്മകൾ മങ്ങുന്നു.

താൻ മയ്യത്തായിക്കഴിഞ്ഞുവോ?

ശവക്കുഴിയിലെ ഇരുട്ടിൽ കിയാമത്തിൻനാളും കാത്തു കിടക്കുകയാണോ?...

കേളഞ്ചേരിയിലെ പൂങ്കോഴിച്ചാത്തൻ ഉറക്കെയൊന്നു കൂകി.

ഭൂലോകത്തിൽ പുതിയൊരു ദിവസത്തിന്റെ കാഹളം.

പോക്കർ ഒന്നു തിരിഞ്ഞുകിടന്നു...

രാവിലെ കക്ഷത്തിൽ ആധാരക്കെട്ടുകളുമായി ശൂപ്പപ്പട്ടർ കേളഞ്ചേരിയിലേക്കു കേറിവന്നപ്പോഴും ഇരുമ്പൻപോക്കർ പടിപ്പുരത്തിണ്ണയിൽ അങ്ങനെ കിടന്നുറങ്ങുന്നുണ്ടായിരുന്നു.

# 18. രണ്ടു നാടകങ്ങൾ

ഒരുദിവസം വൈകുന്നേരം ശ്രീധരൻ, മുനിസിപ്പൽ പബ്ലിക്ലൈബ്രറിയിൽനിന്നു വീട്ടിലേക്കു മടങ്ങുമ്പോൾ റെയിൽവേ യാർഡിൽവെച്ചു കുടക്കാൽ ബാലൻ പിന്നിൽനിന്നു വിളിക്കുന്നതു കേട്ട്, തിരിഞ്ഞുനോക്കി.

"നിന്നെത്തന്നെയാണു കാണേണ്ടത്..." ബാലൻ അടുത്തുവന്നു കുറച്ചു ഗൗരവത്തോടെ പറഞ്ഞു.

"എന്താണു ബാലാ കാര്യം? സപ്പർസർക്കീറ്റ് സംഘം മീറ്റിങ്ങിന്റെ നോട്ടീസാണോ?"

"സംഘമിപ്പോൾ പൊളിഞ്ഞ നിലയിലല്ലേ? സംഘത്തിന്റെ പരിപാടികൾ ഏറ്റെടുത്തിരിക്കുന്നത്—നിന്റെ വല്യേട്ടൻ കുഞ്ഞപ്പുവും കൈവണ്ടിപ്പെരച്ചനും കൂലിപ്പോർട്ടർ ഒറ്റക്കണ്ണൻ..."

ബാലൻ പെട്ടെന്ന് പറഞ്ഞുനിർത്തിക്കളഞ്ഞു. കണ്ണിട്ടു കാണിച്ചു: റെയിൽവേ കൂലിപ്പോർട്ടർ ഒറ്റക്കണ്ണൻ ഗോപാലൻ വരുന്നു — കൈകൾ രണ്ടും ലേശം പൊക്കി അകറ്റിപ്പിടിച്ച് ഒരു ഫയൽവാന്റെ ഗമയോടെ.

ഗോപാലൻ കടന്നുപോയപ്പോൾ ബാലൻ തുടർന്നു: "അക്കാര്യമൊക്കെ പിന്നെപ്പറയാം. ആധാരം ആണ്ടിയുടെ നാടകംകളിയെപ്പറ്റി നീ അറിഞ്ഞോ?"

"ഇല്ലല്ലോ."

"ആങ് അഃ— നീ അതൊന്നും അറിയാതെ, പാട്ടും കവിതയും കെട്ടിയുണ്ടാക്കി ബുക്കും വായിച്ചു കുത്തിയിരുന്നോ—നിന്റെ അച്ഛനെ ആളുകൾ പബ്ലിക്കായി ഫൈവാക്കാൻപോണതൊന്നും നിനക്കറിയണ്ട..."

"ങ്ഹും—എന്താണുണ്ടായത്?—" ശ്രീധരനു കാര്യം മനസ്സിലായില്ല.

ബാലൻ വിസ്തരിച്ചു പറഞ്ഞുകൊടുത്തു.

ആധാരം ആണ്ടി ഒരു കുറിക്കല്യാണംകഴിക്കാൻ നിശ്ചയിച്ചിരിക്കുന്നു. അന്നു രാത്രി ഒരു നാടകവും അഭിനയിക്കുന്നുണ്ട്: ഒരു സോഷ്യൽ സംഗീത നാടകം—പേര്, 'അമ്മാളുപരിണയം'. നാടകവും പാട്ടുകളും എഴുതിക്കൊടുത്തത് ഞണ്ടുഗോവിന്ദനാണ്. പണിക്കരുടെ സ്കൂളിൽവെച്ചാണ് റിഹേഴ്സല് നടത്തുന്നത്. ഇന്നലെ രാത്രി ബാലൻ റിഹേഴ്സൽ കാണാൻ പോയിരുന്നു.

"ആധാരവും കൂട്ടരും നാടകം കളിക്കട്ടെ —നമുക്കെന്തു ചേതം?" ശ്രീധരന് നിസ്സംഗഭാവത്തിൽ മൊഴിഞ്ഞു.

"നല്ല ചോദ്യം—നിന്റെ അച്ഛനെ പബ്ലിക്കായി കളിയാക്കുന്നത് നിനക്കു കണ്ടു രസിക്കണം, അല്ലേ?..."

നാടകത്തിന്റെ കഥാസാരം കുടക്കാൽ പറഞ്ഞുകേൾപ്പിച്ചപ്പോൾ കാര്യത്തിന്റെ ഗൗരവം ശ്രീധരനും മനസ്സിലായി. തെക്കുനിന്നു വന്നവരെ പരിഹസിച്ചുകൊണ്ടുള്ള ഒരു പുതിയ നാടകമാണ്, 'അമ്മാളുപരിണയം' (ഞണ്ടു ഗോവിന്ദനും ആധാരം ആണ്ടിയും

തെക്കരുടെ ഭാഗത്തുനിന്ന തെറ്റി, വീണ്ടും എതിർചേരിയിൽ കടന്നിരിക്കയാണ്.) തെക്കരുടെ നേതാവ്—പരമൻ എന്നാണ മൂപ്പരുടെ പേര്—തന്റെ കനിഷ്ഠപുത്രി അമ്മാളുവെ അയ്യായിരം ഉറുപ്പയും ഒരു കൈവണ്ടി നിറയെ ചൂടിപ്പായും സ്ത്രീധനമായി കൊടുത്ത്, സ്ഥലത്തെ പഴയ തറവാട്ടുകാരനം നവവൃദ്ധനും അദ്ധ്യാപകനമായ കണ്ണൻ മാസ്റ്ററെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നതും, വിവാഹത്തിനശേഷം വന്നപെടുന്ന വിഷമങ്ങളും പൊരുത്തക്കേടുകളുമാണ് നാടകത്തിലെ ഇതിവൃത്തം. കന്നിപ്പറമ്പിലെ കൃഷ്ണൻമാസ്റ്ററുടെ തനിപ്പകർപ്പായിട്ടാണ് അമ്മാളുപരിണയത്തിലെ വരൻ കണ്ണൻമാസ്റ്ററെ നാടകത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.

"കണ്ണൻമാസ്റ്ററുടെ പാർട്ട് എടുക്കുന്നത് ആരാണെന്നറിയോ?"

"ഉം—ആരാണ്?"

"ആ ബട്ടക്കുസ്, ആശാരിമാധവൻ."

കേട്ടതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ശ്രീധരന്.

"മരക്കച്ചവടം ഭാസ്കരൻമുതലാളിയാണത്രേ ആണ്ടിയുടെ നാടകത്തിന്റെ രക്ഷാധികാരി—മുതലാളി കൽപ്പിച്ചാൽപ്പിന്നെ മൂളുകയല്ലേ നിവർത്തിയുള്ളൂ ആശാരിക്ക്?"

ശ്രീധരൻ നഖംകടിച്ച കാർന്നതിന്നകൊണ്ട് ആലോചിച്ചു. ഇതിനെ നേരിടുന്നതെങ്ങനെ?

നാടകത്തിലെ മറ്റു വേഷക്കാരെപ്പറ്റിയും ബാലൻ വിശദീകരിച്ചു. നായികയായ അമ്മാളുവിന്റെ പാർട്ടെടുക്കുന്നത് ഹൈക്കുളൂസ് കിട്ടുണ്ണി. കോർമീനയിലെ കോരപ്പൻകൺട്രാക്റ്റരുടെ പുതിയ കണക്കപ്പിള്ള വടക്കൻ ഫൽഗുനനാണ്, പരമൻസാറിന്റെ വേഷം കെട്ടുന്നത്. കോൽക്കാരൻ ആണ്ടിക്കുട്ടി. ടെയിലർ സാമിക്കുട്ടി, മീശക്കണാരൻ തുടങ്ങിയ നടന്മാർ വേറെയും. പരമൻ സാറിന്റെ കുതിരവണ്ടിക്കാരൻ അവറാൻകോയയാണ്, മീശക്കണാരൻ.

"നിന്റെ അച്ഛൻ, ആ കൃഷ്ണൻമാഷ്ട്, എത്ര നല്ലൊരു മനുഷ്യനാണ്! യോഗ്യനായ ആ മാസ്റ്ററെ സ്റ്റേജിൽ കരിതേച്ചുകാണിച്ച് ആളുകളെക്കൊണ്ടു ചിരിപ്പിക്കാൻ ഒരുമ്പെട്ട ആ ഞണ്ടുഗോവിന്ദന്റെ തലയിൽ തീട്ടത്തൊട്ടി കമിഴ്ത്തുകയാണ് ചെയ്യേണ്ടത്. ഞണ്ട് മാളത്തിൽ ഒളിച്ചിരിക്കുകയല്ലാതെ പുറത്തിറങ്ങുകയില്ലല്ലോ—ആധാരം ആണ്ടിയേയും ഓന്റെ അമ്മാളുക്കളിയേയും ഞാൻ വെറുതെ വിടാൻ വിചാരിക്കുന്നില്ല—നീ കണ്ടോ..."

"നിന്റെ പ്ലാനെന്താണ ബാലാ?"

"നാടകം ഞാൻ നാറ്റിക്കും." കുടക്കാൽ മൂക്കുചുളിച്ചുകൊണ്ടു പറഞ്ഞു.

ആ നാറ്റം ശ്രീധരന്ന പിടികിട്ടിയില്ല.

ശ്രീധരന്റെ ചെകിട്ടിൽ ബാലൻ പറഞ്ഞുകൊടുത്തു: "വെളുത്ത ചന്തുമൂപ്പരുടെ ചകിരിക്കുണ്ടിൽ ഞാൻ അരഡജൻ കോഴിമുട്ട പൂഴ്ത്തി വെച്ചിട്ടുണ്ട്. അമ്മ പൊരുത്തിനവെച്ച മുട്ടയാണ്. ഒന്നും വിരിഞ്ഞില്ല. കെട്ട മുട്ടയാണ്. ചളിയിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നത്—ചകിരിക്കുണ്ടിൽ കിടന്ന പിന്നേയും കെട്ട ചീഞ്ഞമുട്ടയുടെ നാറ്റം, ആധാരം ആണ്ടിക്കും ഓന്റെ രക്ഷാധികാരിക്കും അറിയാറാവും. വരുന്ന ഞായറാഴ്ച അമ്മാളുക്കളി അരങ്ങേറുമ്പോൾ....."

“ബാലാ, ഞാനും നിന്റെ കൂടെയുണ്ടു, കേട്ടോ.” ശ്രീധരൻ ഉശിരോടെ പ്രഖ്യാപിച്ചു.

“ആങ്—ഒരു മുട്ട നീയും എറിഞ്ഞോ—” കുടക്കാൽ തലയിളക്കിക്കൊണ്ടു പറഞ്ഞു. പിന്നെ, എന്തോ ആലോചിച്ച്, ആദ്യം പറഞ്ഞതു തിരുത്തി: “വേണ്ട, നീ അപ്പണിക്കു കൂടണ്ടാ.... നീ അവിടെ ആ തമാശ നോക്കിയിരുന്ന് ഉറക്കെ ഒരു ചിരി ചിരിച്ചാൽ മതി.....”

പരിപാടിയിൽ അങ്ങനെയെങ്കിലും ഒരു പാർട്ട് കിട്ടിയതിൽ ശ്രീധരൻ ആശ്വസിച്ചു.

“കരിമ്പൂച്ചയെ വിളിക്കുന്നില്ലേ?” ശ്രീധരൻ ചോദിച്ചു.

“കരിമ്പൂച്ച ഒരു കല്യാണത്തിനു കോയമ്പത്തൂർക്ക് പോയിരിക്കയാണ്—ഞായറാഴ്ചയ്ക്കുമുമ്പ് മടങ്ങിവരുമെന്നാണ് പറഞ്ഞത്. ഉസ്താദിനെക്കണ്ട് വിവരം അറിയിച്ചിട്ടുണ്ട്. ഉസ്താദ് തീർച്ചയായും വരും.”

“അപ്പോൾ ഇതു നമ്മുടെ സപ്പർസർക്കീറ്റ് സംഘത്തിന്റെ ഒരു പരിപാടിയായി കണക്കാക്കാം—അല്ലേ ബാലാ?”

“ആ സുവർ, ആശാരി മാത്രം അപ്പുറത്തായിപ്പോയില്ലേ? അവൻ കൃഷ്ണൻമാസ്റ്ററുടെ വേഷംകെട്ടി അരങ്ങത്തുവരുമ്പോൾ............”

കുടക്കാൽ അതോർത്തു ചിരിച്ചുകൊണ്ടു പിന്നെ ഒന്നും പറയാതെ പിരിഞ്ഞു.

ശ്രീധരൻ വീട്ടിലേക്കു നടന്നു. വിചാരം മുഴുവനും അടുത്ത ഞായറാഴ്ച നടക്കാൻപോകുന്ന പരിപാടിയെക്കുറിച്ചായിരുന്നു.

കൊമ്പൻദാമു നാടുവിട്ടതിൽപ്പിന്നെ സപ്പർസർക്കീറ്റ് സംഘം നിർജ്ജീവാവസ്ഥയിലാണ്. ഉസ്താദ് വാസുവിനെയും കാണാറില്ല. ഉസ്താദ്, ചേങ്ങരയിലെ ഒരു പീടികമാളികക്ലബ്ബിലെ സ്ഥിരംമെമ്പറായി ചേർന്നിരിക്കയാണെന്നു കേട്ടു—ആണുങ്ങളും ആണുങ്ങളും തമ്മിൽ കല്യാണം ആഘോഷിക്കുന്ന മാപ്പിളപ്പഞ്ചായത്തുക്ലബ്ബ്—കുടക്കാൽ സൂചിപ്പിച്ചതുപോലെ, സപ്പർസർക്കീറ്റ് സംഘത്തിന്റെ പരിപാടികൾ ഏറ്റെടുത്തിരിക്കുന്നത് കുഞ്ഞപ്പു പെരച്ചൻചാത്തുഗോപാലൻ കമ്പനിയാണ്. പെരച്ചന്റെ പുരയാണ് അവരുടെ താവളം. കള്ളുകുടിയും ശീട്ടുകളിയുമായി അക്കൂട്ടർ അവിടെ രാത്രി കഴിക്കുന്നു. സപ്പർസർക്കീറ്റ് സംഘത്തിന് ഇപ്പോൾ ഒരു താവളം പോലുമില്ല. മെക്കാനിക് ലക്ഷ്മണന്റെ ദുർമ്മരണത്തിനുശേഷം, തടിച്ചികുങ്കിച്ചിയമ്മയെ അവരുടെ ആങ്ങള കണാരിമേസ്തിരി മൂക്കളശ്ശേരിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ആ വീട്ടിൽ ഇപ്പോൾ പാർക്കുന്നതു തട്ടാൻ നമ്പിയാണ്. സപ്പർസർക്കീറ്റ് സംഘത്തിന്റെ പുനരുദ്ധാരണത്തിന് ഒരു അവസരം വന്നുചേർന്നതിൽ ശ്രീധരൻ സന്തോഷിച്ചു. ആശാരി മാധവന്റെ സർവ്വീസ് സംഘത്തിനു നഷ്ടപ്പെട്ടതിൽ മനസ്താപവും തോന്നാതിരുന്നില്ല

അങ്ങനെ ആവേശത്തോടെ കാത്തുകൊണ്ടിരുന്ന ഞായറാഴ്ച രാത്രിയും വന്നുചേർന്നു.

ഞായറാഴ്ച വൈകുന്നേരം ആറുമണിമുതൽ ഒൻപതുമണിവരെ കുറിക്കല്യാണപ്പിരിവും ടീപ്പാർട്ടിയും. പത്തുമണിമുതല്ക്ക് ‘അമ്മാളു പരിണയം’ നാടകം. അങ്ങനെയായിരുന്നു ആധാരം ആണ്ടിയുടെ കുറിക്കല്യാണാഘോഷപരിപാടികൾ. നാടകത്തിന്റെ സംഭാവന ടിക്കറ്റുകൾ മുൻകൂട്ടി വിറ്റിട്ടുണ്ടായിരുന്നു.

പണിക്കരുടെ സ്കൂളിന്റെ വിശാലമായ അങ്കണത്തിന്റെ ഒരറ്റത്ത്, ബഞ്ചുകൾ

നിരത്തിവെച്ച നിർമ്മിച്ച സ്റ്റേജിന്റെ മൂന്നുവശവും ഓല കൊണ്ടു മറച്ചിരുന്നു. കുലവാഴകളും തോരണങ്ങളുംകൊണ്ട് സ്റ്റേജിന്റെ മുൻവശം ഭംഗിയായി അലങ്കരിച്ചിട്ടുണ്ടായിരുന്നു. ഗോപികാവസ്ത്രാപഹരണച്ചിത്രം വിലസുന്ന ഒരു സ്ഥിരം കർട്ടൻ മുമ്പിൽ തൂക്കിയിട്ടുണ്ടായിരുന്നു. (റെയിൽവേ ഫയർമേനും ഒഴിവുസമയ ചിത്രകാരനുമായ കുഞ്ഞിരാമൻ, സ്കൂളിലെ നവമിപൂജയ്ക്ക് പൂജാമുറിയുടെ മുമ്പിൽ തൂക്കിയിടാൻ വരച്ചുകൊടുത്ത കർട്ടൻ ചിത്രമായിരുന്നു അത്.)

താഴെ, ഏറ്റവും മുമ്പിൽ, വലതുവശത്ത് നാടകരക്ഷാധികാരി ഭാസ്കരൻ മുതലാളിക്കും വിശിഷ്ടാതിഥികൾക്കും ഒരുഡജൻ കസേരകൾ—ഇടതു വശത്തു പായവിരിച്ച സ്ഥലം മുഴുവനും സ്ത്രീകൾക്കിരിക്കാൻ— പിറകിൽ കുറെ ബെഞ്ചുകൾ. ബെഞ്ചുകൾക്കു പിറകിൽ, വേലിവരെ ബഹുജനങ്ങൾക്ക്—അങ്ങനെയാണ് കാണികൾക്കുള്ള സ്ഥാനങ്ങൾ സംവിധാനം ചെയ്തിരുന്നത്.

കൃത്യം പത്തുമണിക്ക് ശ്രീധരൻ സ്ഥലത്തു ഹാജരായി. സ്കൂളങ്കണം കാണികളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞിരുന്നു.

മുമ്പിൽ നടുവിലെ സീറ്റിൽ ഭാസ്കരൻമുതലാളി ഞെളിഞ്ഞിരിക്കുന്നു. തൊട്ടടുത്ത് ഒരറബി. ഭാസ്കരൻമുതലാളി തന്റെ അറബിസുഹൃത്തിനെ നാടകം കാണാൻ ക്ഷണിച്ചുകൊണ്ടുവന്നിരിക്കയാണ്. (തലയിലൂടെ വെള്ള മസ്‌ലിൻതുണി പരത്തിയിട്ട്, മൂർദ്ധാവിൽ ഒരു തെരികയും വെച്ച്, കൈയിൽ ജപമാലയുമായി കുത്തിയിരിക്കുന്ന ആ കുറ്റൻ അറബി.) ഭാസ്കരൻ മുതലാളിയുടെ ഇടതുവശത്തിരിക്കുന്നത്, ചാപ്പുണ്ണി അധികാരി യുടെ പുതിയ മരുമകൻ റെയിൽവേ കൺട്രാക്ടർ കൃഷ്ണൻകുട്ടിയാണ്. കൃഷ്ണൻകുട്ടിയുടെ അടുത്ത് ശങ്കുണ്ണിക്കമ്പൗണ്ടർ. പിന്നെ കള്ളുഷാപ്പുകാരൻ കുഞ്ഞയ്യപ്പൻ— വിശിഷ്ടാതിഥികൾക്കുള്ള ശേഷം കസേരകൾ ഒഴിഞ്ഞുകിടക്കുകയാണ്.

സ്ഥലം കിട്ടാതെ ആളുകൾ ഇരുവശങ്ങളിലും കൂടിനിന്നിരുന്നു.

ശ്രീധരൻ സൈഡിലെ ആൾക്കൂട്ടത്തിൽ ഒതുങ്ങിനിന്ന് മുമ്പിലെ സദസ്സിനേയും പാർശ്വവർത്തികളേയും കൺപാർത്തു. കുടക്കാൽ ബാലനെയോ ഉസ്താദിനെയോ അവിടെയെങ്ങും കണ്ടില്ല.

ആദ്യം നടന്നത് ആണ്ടിയുടെ ഒരു പാട്ടുകച്ചേരിയാണ്. ആണ്ടി ഹാർമ്മോണിയം വായിച്ചു പാടുന്നു. വാദ്യസംഗീതക്കാരും വായ്പാട്ടുകാരും വേറെയുമുണ്ട്. പുതുമുഖങ്ങളാണ്. ദൂരെയെവിടെനിന്നോ വിളിച്ചു കൊണ്ടുവന്ന സംഗീതവിദ്വാന്മാർ.

ആണ്ടി ആദ്യം പാടിയത് ഒരു കീർത്തനമാണ്:

"ശംഭോ ശിവശംഭോ—

ശങ്കര മഹാദേവാ!..........."

ആ കീർത്തനം അവസാനിച്ചപ്പോൾ വേലിക്കരികെ നില്ക്കുന്ന കാണികളിലാരോ 'വൺസ് മോർ' വിളിച്ചു. (ആണ്ടി തന്റെ ചില കിങ്കരന്മാരെ അങ്ങനെ വൺസ് മോർ വിളിക്കാൻ മുൻകൂട്ടി ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു.)

ശംഭോ ശിവശംഭോ ആവർത്തിക്കപ്പെട്ടു—കൈയടിക്കാരുടെ കൂട്ടത്തിൽ ഭാസ്കരൻമുതലാളിയും അറബിയും ശങ്കുണ്ണിക്കമ്പൗണ്ടറും ഉണ്ടായിരുന്നു. ഷാപ്പുകാരൻ കുഞ്ഞയ്യപ്പൻ ഉറക്കംതൂങ്ങുകയാണ്.

ആണ്ടിയുടെ പ്രകടനം കഴിഞ്ഞപ്പോൾ, ഒരു തടിയൻഭാഗവതർ മുമ്പോട്ടു

നീങ്ങിയിരുന്നു തനനനാ പാടി. ഒരു വെള്ളിക്കോപ്പയിൽനിന്നു തണ്ണീർ കുടിച്ച്, പനി പനി പനി...പാടി. പിന്നെ ഒരു കീർത്തനവും — ത്യാഗരാജകീർത്തനമാണെന്ന് ആരോ പറയുന്നതു കേട്ടു.

ഭാഗവതരുടെ കീർത്തനം കേട്ടതുകൊണ്ടോ എന്തോ, മുൻപന്തിയിൽ പായിലിരിക്കുന്ന പെണ്ണുങ്ങളുടെ മടിയിൽക്കിടന്ന പൈതങ്ങൾ മൂന്നുനാലെണ്ണം ഒപ്പം കരഞ്ഞു കലമ്പൽകൂട്ടി.

അപ്പോൾ വെള്ളവലിക്കാരൻ രാമൻ, പിന്നിലൊന്നും സ്ഥലം കാണാതെ ആടിക്കുഴഞ്ഞു വന്ന്, ഭാസ്കരൻമുതലാളിയുടെ മുമ്പിൽ വെറുംനിലത്ത് ഒരിരുത്തം പാസ്സാക്കി. കള്ളുകുടിയൻ രാമനെ അവിടെനിന്നും പിടിച്ചെഴുന്നേല്പിക്കാൻ ആരും മുതിർന്നില്ല. ആരെങ്കിലും വന്നു തന്നെ ഒന്നുതൊടാൻ കാത്തിരിക്കയായിരുന്നു രാമൻ—തന്റെ തെറിക്കഥാപ്രസംഗപരിപാടി പുറത്തെടുക്കാൻ.

അപ്പോൾ ആശാരി വേലായുധൻ—ചക്കളത്തികളായ മാളുക്കുട്ടിയേയും ചെറിയമ്മുവിനേയും പെണ്ണുങ്ങളുടെ പന്തിയിൽ കൊണ്ടുചെന്നിരുത്തി, സൈഡിലേക്കു മാറിനിന്നു. സ്റ്റേജിലെ പുതിയ പാട്ടുകാരൻ വണ്ണാൻകോരുണ്ണിയുടെ പാട്ടിനു കൈയടിച്ചു താളം പിടിച്ചു.

വിശിഷ്ടാതിഥിക്കസേരകളിലേക്കു രണ്ടുപേർ വരുന്നു.

ശ്രീധരൻ സൂക്ഷിച്ചുനോക്കി. കരളിൽ അറിയാതെ ഒരു കാളലുണ്ടായി—തന്റെ ആദ്യത്തെ പ്രേമനായികയുടെ അച്ഛനും അവളുടെ ട്യൂഷൻ മാസ്റ്റർ അഷ്ടവക്രൻ ഉണ്ണീരിനായരും!

പാട്ടുകച്ചേരി ഒരു മണിക്കൂറിലേറെ നീണ്ടുനിന്നു.

പിന്നെ കാൽമണിക്കൂർ ഇടവേള.

തമിഴ് നാടകക്കമ്പനിക്കാരുടെ ചുവടുപിടിച്ചുകൊണ്ടായിരുന്നു പരിപാടിയുടെ തുടക്കം. മുഖത്തു വെള്ളവലിച്ച്, തലയിൽ കടലാസുകൊണ്ടുള്ള കൂമ്പൻതൊപ്പിവെച്ച്, നീണ്ട കളസം ധരിച്ച രണ്ടു പിള്ളർ രംഗത്തു പ്രത്യക്ഷപ്പെട്ടു. (അവരിലൊരുത്തൻ കൂനൻവേലുവിന്റെ പിറക്കാത്ത മകൻ അപ്പൂട്ടിയാണെന്ന് ശ്രീധരനു മനസ്സിലായി. മറ്റേ ചെക്കനെ പിടികിട്ടിയില്ല.)

'ബാലാപ്പാർട്ടുകാർ' സ്റ്റേജിൽ എതിരെ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ട്, 'മാന്യസഭയോർകളുക്കും വന്ദനം' എന്ന പല്ലവിയോടുകൂടി ഒരു തുടർഗാനം പാടി ഒടുവിൽ സദസ്സിനെ താണുവണങ്ങി പിൻവാങ്ങാൻ ഭാവിച്ചപ്പോൾ, കാണികളുടെയിടയിൽനിന്ന് ഉറക്കെ 'വൺസ് മോർ' വിളി മുഴങ്ങി. പിള്ളർ മടങ്ങി മുമ്പോട്ടു നീങ്ങിനിന്നു വീണ്ടും കവാത്തും അഭിനയഗാനവും വണക്കവും ആവർത്തിച്ചു.

തുടർച്ചയായി നീണ്ടുനിന്ന കൈയടി.

ഗോപികാവസ്ത്രാപഹരണക്കർട്ടൻ വീണു. കുറച്ചു കഴിഞ്ഞപ്പോൾ കർട്ടന്റെ പിറകിൽനിന്ന് അശരീരി:

"അമ്മാളുപരിണയം—സോഷ്യൽ സംഗീതനാടകം—നാടകകൃത്ത്: ശ്രീമാൻ മൂളിപ്പറമ്പിൽ ഗോവിന്ദൻമാസ്റ്റർ.........."

(അഥവാ ഞണ്ടുഗോവിന്ദൻ: ശ്രീധരൻ ഉറക്കെ മനസ്സിൽ പറഞ്ഞു.)

"ഗാനങ്ങൾ: ശ്രീമാൻ മൂളിപ്പറമ്പിൽ ഗോവിന്ദൻമാസ്റ്റർ.........."

(അതാ വീണ്ടും വരുന്നു ഞണ്ട്.)

പിന്നെ അഭിനേതാക്കളുടെ നീണ്ട പട്ടിക പ്രഖ്യാപിക്കപ്പെട്ടു.

ശ്രീധരൻ ശ്രദ്ധിച്ചു.

"അമ്മാളു: നെല്ലിപ്പുള്ളി കിട്ടുണ്ണി." (ഹൈക്കുളൂസ്)

"പരമൻസാറ്: ചക്കരക്കണ്ടി ഫൽഗുനൻ."

"കണ്ണൻമാസ്റ്റർ: കുന്നുംപുറത്തു മാധവൻ."

(എടാ, ആശാരി മാധവാ, വേഗം വാ.)

അപ്പോൾ ശ്രീധരനെ ആരോ പിന്നിൽനിന്ന് ഒന്നു തോണ്ടി. മുഖംതിരിച്ചു നോക്കി. ചുവന്ന പുള്ളിത്തലക്കെട്ടു കെട്ടിയ ഒരു കൊമ്പൻ മീശക്കാരൻ! ഏതാണ് ഈ എരുമക്കാരൻ? ആളെ പെട്ടെന്നു മനസ്സിലായില്ല. ചിരിക്കുന്ന കോന്ത്രപ്പല്ലുകൾ കണ്ടപ്പോൾ പിടികിട്ടി: കുടക്കാൽ ബാലൻ! മീശയും തലക്കെട്ടും വെച്ച് ബാലനും വേഷംകെട്ടി നിൽക്കുകയാണ്. രംഗത്തല്ല, കാണികൾക്കിടയിൽ. മടിക്കുത്തു നിറയെ കെട്ട മുട്ടകളുമായി മൂപ്പർ തയ്യാറെടുത്തു നിൽക്കുകയാണ്.

"ഉസ്താദ് എത്തിയോ?" ശ്രീധരൻ മെല്ലെ ചോദിച്ചു.

ബെഞ്ചുകളുടെ നിരയിൽ ഒരറ്റത്ത് ഇരിക്കുന്ന കിഴവനെ ചൂണ്ടിക്കാട്ടി, ബാലൻ: "ആ കുരങ്ങൻതൊപ്പിയിട്ട ആളെ നോക്ക്."

ശ്രീധരൻ നോക്കി: തലമണ്ടയും കവിളുകളും കറുത്ത ബാലക്ലാവാ തൊപ്പികൊണ്ടു മൂടി കൈയിലൊരു മുണ്ടൻവടിയും കുത്തിപ്പിടിച്ച്, കുനിഞ്ഞിരിക്കുന്ന 'കെളവൻ' ഉസ്താദിനെക്കണ്ടപ്പോൾ ശ്രീധരനു ചിരിയടക്കാൻ കഴിഞ്ഞില്ല.

"കരിമ്പൂച്ച എവിടെ?"

"ആ ജന്തു കോയമ്പത്തൂരിൽനിന്ന് ഇനിയും എത്തിയിട്ടില്ല—" അതും പറഞ്ഞ് എരുമക്കാരൻ ആൾക്കൂട്ടത്തിൽ മറഞ്ഞു.

നാടകം തുടങ്ങി.

ഒന്നാംരംഗം പരമൻസാറിന്റെ കുതിരവണ്ടിക്കാരൻ അവറാൻകോയ (മീശക്കണാരൻ) പ്രവേശിച്ച് തന്റെ യജമാനന്റെയും പിന്നെ വണ്ടിക്കുതിരയുടെയും അപദാനങ്ങൾ മാപ്പിളശൈലിയിൽ വർണ്ണിക്കുന്നു.

ശ്രീധരനു ബഹുരസമായിത്തോന്നി, മീശക്കണാരന്റെ പയക്കംപറച്ചിൽ.

ഭാസ്കരൻമുതലാളിയുടെ അറബിസുഹൃത്ത് കുതിര ചിനയ്ക്കുംപോലെ ചിരിക്കുന്നുണ്ടായിരുന്നു.

രണ്ടാംരംഗത്തിൽ നായിക അമ്മാളുവിന്റെ വേഷം അസ്സലായി. കസവു തുപ്പട്ടാവിൽപ്പൊതിഞ്ഞ ഒരു കരിഞ്ചി. കുന്നത്തു കൊന്ന പൂത്ത പോലെ മെയ്യാഭരണങ്ങൾ. എന്നാൽ നായിക വായ തുറന്നതുമുതൽക്കു തുടങ്ങി അബദ്ധങ്ങൾ—കിട്ടുണ്ണിക്കു ഡയലോഗുകളൊന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്നില്ല. സ്റ്റേജിന്റെ ഇടത്തെ മൂലയിൽ പതുങ്ങിനിൽക്കുന്ന പ്രോംപ്റ്ററുടെനേർക്കു നോക്കി, ഇനി പറയേണ്ടതെന്താണെന്നന്വേഷിച്ചു കിട്ടുണ്ണി മുഖം വെട്ടിക്കുന്നതും, മൂക്കു ചുളിക്കുന്നതും, പ്രോംപ്റ്റർ ഡയലോഗ് വിളിച്ചു പറയുന്നതുമെല്ലാം സദസ്യർ കാണുകയും

കേൾക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ആളുകൾ ചിരിച്ചപ്പോൾ കിട്ടുണ്ണിയും അവരുടെ കൂടെച്ചേർന്നു ചിരിച്ചു.

ഒരു ഘട്ടത്തിൽ തോഴി സുഗന്ധിയമ്മാൾ (ടെയിലർ സാമിക്കുട്ടി) ചോദിച്ചതിനൊന്നും ഉത്തരം തോന്നാതെ അമ്മാളുക്കിട്ടുണ്ണി മൂക്കിൽ വിരലിട്ടു തിരിച്ച് ഊമയെപ്പോലെ ഏറെനേരം ഇരുന്നപ്പോൾ സ്റ്റേജ് ഡയറക്ടർ വേലുക്കുട്ടിഗുമസ്തനു സഹികെട്ട് ഗോപികാവസ്ത്രാപഹരണക്കർട്ടൻ താഴ്ത്തിയിടാൻ കൽപനകൊടുക്കേണ്ടിവന്നു.

കിട്ടുണ്ണിയുടെ പൊട്ടത്തരത്തിന്റെ നേരെ എതിരായിരുന്നു, പരമൻ സാറിന്റെ പാർട്ടെടുത്ത ഫൽഗുനന്റെ പ്രകടനങ്ങൾ. ടെക്സ്റ്റിൽ എഴുതിയതോ പ്രോംപ്റ്റർ മന്ത്രിക്കുന്നതോ ഒന്നുമായിരുന്നില്ല ഫൽഗുനന്റെ വായിൽ നിന്നു പുറത്തുചാടിയത്. സന്ദർഭത്തോടു പൊരുത്തപ്പെടാത്ത പല വർത്തമാനങ്ങളും പുളിച്ച ഫലിതങ്ങളും തനിവടക്കൻ ഉച്ചാരണത്തോടെ ഛർദ്ദിച്ചു കൊടുത്തു, പരമൻ ഫൽഗുനൻ. എന്നാൽ, സദസ്യരിൽ ഒരു വിഭാഗത്തിന് അതു വളരെ ഇഷ്ടപ്പെട്ടു. അവർ കൈയടിച്ചു വൺസ് മോർ വിളിച്ചു.

അങ്ങനെ രംഗങ്ങൾ ഓരോന്നായി ഇഴഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ഇടയ്ക്ക് ആധാരം ആണ്ടിയുടെ ഗാനാലാപങ്ങളും മീശക്കണാരന്റെ സ്പെഷ്യൽ കോമിക്കുകളും ഉണ്ടായിരുന്നു.

വിശിഷ്ടാതിഥികളിൽ ചാപ്പുണ്ണി അധികാരിയുടെ പുതിയ മരുമകനും കള്ളുഷാപ്പുകാരൻ കുഞ്ഞയ്യപ്പനും എഴുന്നേറ്റുപോയി. അറബി ഉറക്കം തൂങ്ങുകയാണ്. അലകളിൽപ്പെട്ട വഞ്ചിയുടെ പായ്മരംപോലെ അറബിയുടെ മസ്‌ലിൻതുണിത്തല പല സൈഡിലേക്കും ആടുന്നതും പൊങ്ങുന്നതും നേരമ്പോക്കുള്ളൊരു കാഴ്ചയായിരുന്നു.

ആറാം രംഗത്തിലാണ് വരൻ കണ്ണൻമാസ്റ്റർ ആദ്യമായി പ്രവേശിക്കുന്നത്.

ശ്രീധരൻ ഉഷാറായി നിന്നു.

കണ്ണൻമാസ്റ്റർ അരങ്ങത്തു വന്നപ്പോൾ ശ്രീധരൻ ഓർക്കാതെ ഒന്നു ഞെട്ടിപ്പോയി. അച്ഛൻ പെട്ടെന്ന് അവിടെ കേറിവന്നോ? കുറിയ ദേഹം. കനകവർണ്ണം. കഴുത്തടപ്പൻ കോട്ട്. തൊപ്പി. കണ്ണട. കൃഷ്ണൻമാസ്റ്ററുടെ തനി പ്രതിബിംബം. മേക്കപ്പുകാരൻ ദാമോദരൻമാസ്റ്ററുടെ അസാമാന്യമായ കൈവിരുത്. എന്നാൽ അതിനുള്ളിൽ ആശാരി മാധവനും, ഞണ്ടു ഗോവിന്ദന്റെ കുസൃതിയുമാണ് കുടികൊള്ളുന്നതെന്നോർത്തപ്പോൾ ശ്രീധരൻ അരിശം കൊണ്ടു പല്ലു ഞെരിച്ചു.

കണ്ണൻമാസ്റ്റർ പുറത്തുപോകാൻ ഉടുത്തൊരുങ്ങി നിൽക്കുന്നു. അപ്പോൾ പരമൻസാറിന്റെ കാര്യസ്ഥൻ പങ്കജാക്ഷൻ (കോൽക്കാരൻ ആണ്ടിക്കുട്ടി) പ്രവേശിക്കുന്നു. ഇരുവരും തമ്മിൽ സംഭാഷണം. അതാണു രംഗം.

"ഹലോ മിസ്റ്റർ പങ്കജാക്ഷൻ! പ്ലീസ് ടേക്ക് യുവർ സീറ്റ്." കണ്ണൻമാസ്റ്റർ അതിഥിയെ സ്വീകരിച്ചിരുത്തുന്നു.

(ആശാരിയുടെ ഡയലോഗും അഭിനയവും അസ്സലായി.)

പങ്കജാക്ഷനാണ്ടിക്കുട്ടി തെക്കൻശൈലിയിൽ തപ്പിപ്പിടിച്ചു ചോദിക്കുന്നു:

"സാറ് എങ്ങോട്ടാണാവോ യാത്ര?"

കണ്ണൻമാസ്റ്റർ മേൽച്ചുണ്ടും താടിയും തൊട്ടുഴിഞ്ഞുകൊണ്ടു മേല്പോട്ടു നോക്കി പ്രതിവചിക്കുന്നു: 'മാർട്ടിൻസായ്‌വിന്റെ ബംഗ്ലാവിൽ ട്യൂഷ്യൻ..."

വെളുത്തുരുണ്ടൊരു വസ്തു മാസ്റ്ററുടെ മൂക്കിനുനേർക്കു പറന്നു വരുന്നു.

കണ്ണട തെറിച്ചുപോയി.

ആശാരി മാധവൻ മുഖം കുടഞ്ഞു. കണ്ണു കാണുന്നില്ല. കണ്ണിലൂടെയും കവിളിലൂടെയും എന്തോ കൊഴുത്ത ദ്രാവകം ഒലിക്കുന്നു. തുടച്ചു മണത്തുനോക്കി. മൂക്കുചുളിച്ചു.

പങ്കജാക്ഷനാണ്ടിക്കുട്ടി വാപൊളിച്ചു നിന്നുപോയി.

എന്താണു സംഭവിച്ചതെന്ന് സദസ്യർക്കു മനസ്സിലായില്ല. അപ്പോൾ ശ്രീധരൻ ഒരു ചിരി ചിരിച്ചു. എട്ടു ദിക്കിലും മാറ്റൊലിക്കൊള്ളുന്ന ഒരുഗ്രൻ ചിരി!

ഉത്തരക്ഷണത്തിൽ മറ്റൊരു മുട്ട വായുവിലൂടെ കുതിച്ചുവന്നു. അതു പങ്കജാക്ഷനാണ്ടിക്കുട്ടിയുടെ മണ്ടയിൽത്തന്നെ കൊണ്ടു. അപ്പോൾ മറ്റൊരു കോണിൽനിന്ന് ഒരെണ്ണം ഉയർന്നുവന്നു. ലക്ഷ്യം തെറ്റി, അറബിയുടെ മൂടുപടമണിഞ്ഞ മൂർദ്ധാവിൽ 'പ്ഥും' എന്നു പതിച്ചു.

അൽ ഹംദുലില്ലാഹ് — അറബി നെറുകയിലെ തെരികയിൽ കൈവച്ചു ചാടിയെണീറ്റു—ഒപ്പം ഭാസ്കരൻമുതലാളിയും.

ആളുകൾ ഇളകിത്തുടങ്ങി. അരങ്ങു ശൂന്യം. വല്ലാത്ത നാറ്റം.

"അയ്യോ!....."

ആരെയോ കഴുത്തറക്കുന്നപോലെ ഒരു നിലവിളി — വടക്കേ മൂലയിൽ നിന്നാണു വന്നത്.

(കരിമ്പൂച്ചയുടെ നിലവിളിയാണെന്ന് ശ്രീധരനു മനസ്സിലായി.)

പെണ്ണുങ്ങൾ പരിഭ്രമിച്ചെണീറ്റു കുഞ്ഞുങ്ങളെയുമെടുത്തു വട്ടംചുറ്റി — കുട്ടികൾ ഉറക്കെ നിലവിളിച്ചു. ആരാണ്, എന്താണ് എന്നന്വേഷിച്ചു കൊണ്ട് ആണുങ്ങൾ പരക്കംപാഞ്ഞു.

'കുട്ടായീ'—'വാസ്വേ'—'നാരായണീ'—'അമ്മുക്കുട്ടീ'—ചോയിക്കുട്ടീ'— എന്നൊക്കെയുള്ള വിളികൾ പല ദിക്കിൽനിന്നും.

കക്കൂസ് ഒഴിച്ചപോലെ ഒരു ദുർഗന്ധം ദിക്കെങ്ങും പരന്നു. ആളുകൾ മൂക്കുപൊത്തിപ്പിടിച്ച് പുറത്തേക്കു മണ്ടി.

ആ തിരക്കിൽ ബഞ്ചിന്റെ പന്തിയിൽനിന്നു കെളവൻ ഉസ്താദ് പൊങ്ങുന്നതും, ഓടുമ്പോൾ തിരിഞ്ഞുനിന്നു സ്റ്റേജിലേക്ക് ഒരേറു പാസ്സാക്കുന്നതും ശ്രീധരൻ ഒരുനോക്കു കണ്ടു. ഏറ് ലക്ഷ്യത്തിൽത്തന്നെ പതിച്ചു: എരിയുന്ന പെട്രോമാക്സ് വിളക്കിൽ.

എറിഞ്ഞ സാധനം മുട്ടയല്ല—അസ്സൽ കരിങ്കൽക്കഷണം. വിളക്കു പൊട്ടിച്ചിതറി. പിന്നെ അന്ധകാരം...

അങ്ങനെ ഇരുട്ടിൽ—കൂട്ടനിലവിളിയിൽ—കക്കൂസ്നാറ്റത്തിൽ — അമ്മാളുപരിണയം അവസാനിപ്പിക്കേണ്ടി വന്നു.

പണിക്കരുടെ സ്കൂളിൽ അമ്മാളുപരിണയം നടന്നുകൊണ്ടിരിക്കെ അതിരാണിപ്പാടത്തുനിന്ന് ഒരുമൈൽ ദൂരെ ഒരുകൂട്ടർ മറ്റൊരു നാടകം അഭിനയിച്ചത് ആരും അറിഞ്ഞില്ല.

ഈ നാടകത്തിന്റെ സൂത്രധാരൻ എക്സ് മിലിട്രി—എക്സ്റ്റിറ്റർ—എക്സ് കോൺഗ്രസ് വളണ്ടിയർ എക്സെറ്റെറ്റ മിസ്റ്റർ കുഞ്ഞപ്പുവായിരുന്നു. നടന്മാർ (കുഞ്ഞപ്പുവിനു പുറമേ) കൈവണ്ടിപ്പെരച്ചൻ, ടോളിച്ചാത്തു, റെയിൽവേപോർട്ടർ

ഒറ്റക്കണ്ണൻ ഗോപാലൻ, ഭാരതമാതാ ടീഷോപ്പ് അസിസ്റ്റന്റ് പ്രസാരണി അപ്പു, പെരച്ചൻ മകൻ കുഞ്ഞാണ്ടി, ചെത്തുകാരൻ നാരായണൻ എന്നിവരായിരുന്നു.

രംഗങ്ങൾ: തണ്ടാൻകേളുവിന്റെ പുരമുറ്റവും ആട്ടിൻകൂട്ടം—ഇടവഴി—പബ്ലിക്ക് റോഡ്—പെരച്ചന്റെ പുര—അടുക്കള.

പ്രസ്താവന: ഉച്ചിക്കുടുമയും നെറ്റിയിൽ ഭസ്മക്കുറിയും കഴുത്തിൽ രുദ്രാക്ഷമാലയും അരയിൽ പിശ്ശാങ്കത്തിയും വയറ്റിൽ കള്ളും ഉള്ളംകാലിൽ ആണിപ്പുണ്ണുമായി നടക്കുന്ന സാമുദായികാചാര പണ്ഡിതൻ തണ്ടാൻകേളു സ്ഥലത്തെ ഉൽപതിഷ്ണുക്കളുടെയും തന്നെ പരിഹസിച്ചുനടക്കുന്ന പുതിയ തലമുറയുടെയും നേർക്ക് ഒറ്റയ്ക്കു സമരം പ്രഖ്യാപിച്ചിരിക്കയാണ്. ദേശത്ത് അടിയന്തിരങ്ങൾ നടത്തുമ്പോൾ തണ്ടാനു പണ്ടേപ്പോലെ അവകാശപ്പെട്ട സംഭാവനയും അംഗീകരണവും കിട്ടിവരുന്നില്ല. തിരണ്ടുകല്യാണം, താലികെട്ട് തുടങ്ങിയ പഴയ ആചാരങ്ങൾ ലംഘിക്കപ്പെടുന്നു. കാവിൽ അടിയന്തിരം നടത്തുന്നില്ല. തെക്കുനിന്നു വന്ന കൂട്ടരുമായി പന്തിഭോജനവും—വിവാഹബന്ധവുംകൂടി നടന്നുതുടങ്ങിയിരിക്കുന്നു എന്നൊക്കെയാണ് തണ്ടാൻകേളുവിന്റെ ആക്ഷേപങ്ങൾ. ആരോട് പറയാനാണ്? കേളഞ്ചേരിയിൽ ഇപ്പോൾ ഭരണം നടത്തുന്നത് കാര്യസ്ഥന്മാരാണ്. അവർക്കു തണ്ടാനെ കണ്ടുകൂട—പ്രത്യേകിച്ചും നാലാംകാര്യസ്ഥൻ കുഞ്ഞാണ്ടിക്ക്. പണ്ടു കേളുമേലാന്റെ കാലത്ത് ആദായമെടുത്ത് അനുഭവിച്ചുകൊള്ളാൻ ഒരു പറമ്പ് തണ്ടാന്റെ കുടുംബത്തിനു കൊടുത്തിട്ടുണ്ടായിരുന്നു. ആ പറമ്പ് ഇപ്പോൾ കുഞ്ഞാണ്ടി കൈവശപ്പെടുത്തിയിരിക്കുകയാണ്. അങ്ങനെ മേലേക്കിടയിലുള്ളവർ തണ്ടാനെത്തന്നെ ഭ്രഷ്ടനാക്കിയ മട്ടിലാണ്. ആരോടു പറയാനാണ്? അതുകൊണ്ടു തണ്ടാൻകേളു കാണുന്നവരെയെല്ലാം ചീത്തവിളിച്ചു പറഞ്ഞു നടക്കുകയാണ്. കന്നിപ്പറമ്പിലെ കുഞ്ഞപ്പുവിനെ ചീത്തപറഞ്ഞു—പരോക്ഷമായി. 'നാലുകണ്ണൻ മേലോട്ടുനോക്കി' മാഷ്ടരെയും—കൈവണ്ടിപ്പെരച്ചൻമകൻ കുഞ്ഞാണ്ടിയെ കാക്കക്കുറവൻ എന്നുവിളിച്ചു—ചക്കരച്ചോറിന്റെ അനുജൻ നാരായണനെ തല്ലാനോങ്ങി—അങ്ങനെ പല വിക്രിയകളും.

പെരച്ചന്റെ പുരയിൽ രാത്രി കള്ളുകുടിക്കാനും ശീട്ടുകളിക്കാനും വന്നു ചേരാറുള്ള കുഞ്ഞപ്പുവും ചാത്തുവും അപ്പുവും ഒരു ഗൂഢാലോചന നടത്തി — തണ്ടാനെ ഒരു പാഠം പഠിപ്പിക്കാനെന്താണു വഴി? അപ്പോൾ പെരച്ചൻ മകൻ കുഞ്ഞാണ്ടി ഒരു ബുദ്ധിയുപദേശിച്ചു. തണ്ടാന്റെ ചാപ്പനെ കട്ടു സപ്പറാക്കുക. തണ്ടാൻ വളർത്തുന്ന കുറ്റൻകൊറ്റനാടാണ് ചാപ്പൻ.

ദേശത്തെ തണ്ടാൻ എന്ന സ്ഥാനപ്പേരിൽ, തനിക്കു കിട്ടിവരാറുള്ള വഹകൾ മിക്കവാറും നിലച്ചപ്പോൾ കേളുവിന്റെ ചില്ലറ സ്വകാര്യവരുമാന ത്തിന്റെ മുഖ്യകേന്ദ്രം ചാപ്പനായിത്തീർന്നു. സമീപപ്രദേശത്തു വേറെ ആട്ടുകൊറ്റൻ ഇല്ലാത്തതിനാൽ പെണ്ണാടുകളെ ഇണയടുപ്പിക്കാൻ ആളുകൾ കേളുവിന്റെ ചാപ്പനെയാണാശ്രയിച്ചിരുന്നത്. ഈ ഉൽപാദനപ്രക്രിയയ്ക്ക് അക്രമമായ ഫീസ് തണ്ടാൻ വസൂലാക്കിക്കൊണ്ടിരുന്നു. തണ്ടാന്റെ വയറ്റത്തടിക്കാൻ ആ മുട്ടനാടിനെ കട്ടു ശാപ്പിടുക. പ്ലാൻ തരക്കേടില്ല. എന്നാൽ ആ പരിപാടി നടപ്പിൽവരുത്തുന്നതെങ്ങനെ? ആ കൊറ്റനാട് അതിഭയങ്കരനാണ്. ഫയൽവാൻ തുളുക്കൻ 'കരടിക്കണ്ണു'വിനെക്കാൾ ഉഗ്രനായൊരു ഗുസ്തിക്കാരനുമാണ്. ചാപ്പൻ എതിരാളിയെ കുത്തിമലർത്തിക്കളയും.

യജമാനൻ കേളുവിനോടും അജകന്യകകളോടും മാത്രമേ അവൻ ശാന്തനായി പെരുമാറിയിട്ടുള്ളു. രാത്രിയിൽ അവനെ, ബഹളം കൂടാതെ ബലാൽക്കാരമായി പിടിച്ചു കൊണ്ടുവരാൻ ആർക്കു കഴിയും? പെരച്ചനും ചാത്തുവും സംശയം പ്രകടിപ്പിച്ചു.

"കൊല്ലണം: കൊന്നു കെട്ടിയെടുത്തുകൊണ്ടുവരണം." കുഞ്ഞപ്പു പറഞ്ഞു. കൊറ്റനാടിന്റെ ഇറച്ചിയുടെ സ്വാദോർത്ത് കുഞ്ഞപ്പു മീശപിടിച്ചു തിരിച്ച് ഒന്നു നുണച്ചിറക്കുകയുംചെയ്തു.

"അതു വിചാരിക്കുമ്പോലെ അത്ര എളുപ്പമുള്ള കാര്യമല്ലാ, കുഞ്ഞപ്പൂ." പെരച്ചൻ തലയാട്ടിക്കൊണ്ടു പറഞ്ഞു. "തണ്ടാന്റെ പൊരേന്ന് ഗുഡ്സ് ഇങ്ങോട്ടെങ്ങനെ കടത്തിക്കൊണ്ടുപോരും?—പബ്ലിക്കാറോട്ടിക്കൂടി വരണ്ടേ? ബീറ്റ് പോലീസ്കാര്ണ്ടാവും—അപ്പഹേരുടെ കണ്ണിൽപ്പെട്ടാൽ?....."

അങ്ങനെയൊരപകടം പതിയിരിക്കുന്നുണ്ടെന്ന് ടേ്രാളിച്ചാത്തുവും ഓർമ്മപ്പെടുത്തി. ചാപ്പുണ്ണി അധികാരി കംപ്ലെയിൻചെയ്തതനുസരിച്ച് പോലീസ് സൂപ്രണ്ട് സായ്വ് പ്രത്യേകം ബീറ്റ്പോലീസിനെ പലേടത്തും നിർത്തിയിട്ടുണ്ടത്രേ.

മുസീബത്തുതന്നെ. എന്നാലും, എന്തെങ്കിലും പോംവഴി കണ്ടുപിടിക്കണം. കൊറ്റനാടിന്റെ ഇറച്ചിയോടുള്ള കൊതിയും തണ്ടാൻകേളു വിനോടുള്ള പകയും എല്ലാവരുടെയും ഉള്ളിൽക്കിടന്നു പുകയുന്നുണ്ടായിരുന്നു.

അപ്പോൾ പ്രസാരണി അപ്പുവിന്റെ തലയിൽ ഒരൈഡിയ ചാടിക്കൂടി. അപ്പു അതു കൂട്ടുകാരെ വഴിപോലെ ധരിപ്പിച്ചു.

അതു കേട്ടപ്പോൾ കൊറ്റനാടു മുക്രയിടുംപോലെ കുഞ്ഞപ്പു ഒരു ചിരി ചിരിച്ചു. ആ കൗശലം കണ്ടുപിടിച്ച പ്രസാരണിക്ക് ഒരു സമ്മാനമായി ചാപ്പന്റെ പിടുക്കറുത്തു സ്പെഷലായി പൊരിച്ചു കൊടുക്കണമെന്ന് ടേ്രാളിചാത്തു അഭിപ്രായപ്പെട്ടു. സദാ സംശയാലുവായ പെരച്ചൻ മൂക്കിൽ വിരലിട്ടു തിരിച്ച് ആലോചിച്ചു: ആ പരിപാടിയിൽ എവിടെയെങ്കിലും എന്തെങ്കിലും വികടം പറ്റാനിടയുണ്ടോ?

"വരുമ്പോലെ വരട്ടെ—നാളെ രാത്രി തണ്ടാന്റെ ചാപ്പനെ ശരിപ്പെടുത്തണം." കുഞ്ഞപ്പുവും ചാത്തുവും ഒരേ സ്വരത്തിൽ പറഞ്ഞു. പെരച്ചനും ഒന്നു മൂളി.

ഉദ്ദേശിച്ച പരിപാടിയിൽ സഹായിക്കാൻ പോർട്ടർ ഒറ്റക്കണ്ണൻ ഗോപാലനെയും 'ഏറ്റുകത്തിസഹിതം' ചെത്തുകാരൻ നാരായണനെയും ക്ഷണിക്കാനും അവർ തീരുമാനിച്ചു. പോർട്ടർ ഗോപാലൻ ഒരു ഫയൽവാനാണ്. ചാപ്പനോടു ഗുസ്തിപിടിക്കാൻ പറ്റിയ മറ്റൊരാളെ ദേശത്തു കണ്ടുകിട്ടുകയില്ല.

പിറ്റേന്നു ഞായറാഴ്ച: സമയം അർദ്ധരാത്രി.

എല്ലാ സജ്ജീകരണങ്ങളോടുംകൂടി കുഞ്ഞപ്പുവും സഖാക്കളും പെരച്ചന്റെ പുരയിൽനിന്നു തണ്ടാൻ കേളുവിന്റെ പുരയിലേക്കു പുറപ്പാടായി. വഴിക്കു റോഡിൽ ബീറ്റ് പോലീസുകാരെക്കണ്ടാൽ അവർക്കു സംശയം ജനിക്കാതിരിക്കാൻ ഈരണ്ടുപേരായി പിരിഞ്ഞ് ഇടവിട്ടുകൊണ്ടായിരുന്നു യാത്ര.

മുമ്പേ പോയതു പെരച്ചൻമകൻ കുഞ്ഞാണ്ടിയും ടേ്രാളി ചാത്തുവുമായിരുന്നു. കുഞ്ഞാണ്ടിയുടെ കക്ഷത്തിൽ മടക്കിക്കെട്ടിയ ഒരു പഴമ്പായും പായുള്ളിൽ ചൂടിക്കയറും കമ്പിച്ചുരുളും ഉണ്ടായിരുന്നു. ടേ്രാളി ചാത്തുവിന്റെ കൈയിൽ, ഒരു പുത്തൻ മൺപാത്രം.

അവർക്കു പിമ്പേ, കുഞ്ഞപ്പുവും പെരച്ചനും. കുഞ്ഞപ്പുവിന്റെ കൈയിൽ ഒരു

കടലാസുപൊതി. ഉണിശ്ശീല ചുറ്റി വെളിച്ചെണ്ണ നനച്ച നാലു പന്തക്കോലുകളാണ് പൊതിയിൽ ഉണ്ടായിരുന്നത്. പെരച്ചന്റെ കൈയിൽ ചെറിയൊരു ചാക്കുസഞ്ചി. സഞ്ചിയിൽ പഴന്തുണിശ്ശീല.

മൂന്നാമത്തെ ബാച്ച്, പ്രസാരണി അപ്പുവും ചെത്തുകാരൻ നാരായണനും. അപ്പുവിന്റെ കൈയിൽ ഒരു ടോർച്ച്. നാരായണൻ ഏറ്റുകത്തി അരയിൽ ഷർട്ടിനുള്ളിൽ ഒളിപ്പിച്ചുവെച്ചിരുന്നു.

ഏറ്റവും ഒടുവിൽ ഏകനായി പോർട്ടർ ഗോപാലൻ. കൈകൾ രണ്ടും അൽപം അകറ്റിപ്പൊക്കിപ്പിടിച്ച് നെഞ്ചുന്തിക്കൊണ്ട് ഒരു ഫയൽവാന്റെ പ്രൗഢിയോടുകൂടിത്തന്നെയായിരുന്നു ഗോപാലന്റെ നടത്തം.

ഏഴുപേരും തണ്ടാന്റെ പുരയുടെ മുൻവശത്തെ ഇടവഴിയിൽ ഒത്തുകൂടി. കൽപടവുകൾ കേറി കുഞ്ഞപ്പു മുറ്റത്തേക്ക് എത്തിനോക്കി. എല്ലാം ശാന്തം. കയറിക്കൊള്ളാൻ കൂട്ടുകാർക്കു നിർദ്ദേശം കൊടുത്തു.

മുറ്റത്ത് ആട്ടുകൊറ്റന്റെ നാറ്റം അവരെ സ്വാഗതംചെയ്തു. മുറ്റത്തിന്റെ തെക്കേമൂലയിലാണ് ചാപ്പന്റെ കൂട്.

തന്നെ പിടിക്കാൻ ചിലർ വരുന്നുണ്ടെന്നു മണത്തറിഞ്ഞതുകൊണ്ടോ എന്തോ, ചാപ്പൻ കൂട്ടിനകത്തു പലക ചവിട്ടിയും ചിനക്കിയും കലമ്പൽകൂട്ടി.

“ഹബൂജാലേ, അനങ്ങാതിരിക്കെടാ!” കുഞ്ഞപ്പു ആടിനെ ശകാരിച്ചു.

ചാക്കുസഞ്ചിയും ചൂടിക്കയറും കത്തിയും കമ്പിയും ഒരുക്കിനിർത്തിക്കൊണ്ട്, കുഞ്ഞാണ്ടിയും പെരച്ചനും നാരായണനും ജാഗ്രതയോടെ നിന്നു. പ്രസാരണി ടോർച്ചു പ്രകാശിപ്പിച്ചു. ഫയൽവാൻ ഗോപാലൻ കൈകൾ കൂട്ടിത്തിരുമ്മി ദേഹം ഒന്നുലച്ചു ശരിപ്പെടുത്തി കൂടിന്റെ വാതിൽ തുറന്നു. ചാപ്പൻ ഉഗ്രമായൊരു മുക്രമുഴക്കി തല ചെരിച്ചു കൊമ്പുകൾ കാട്ടി പുറത്തേക്കൊരു ചാട്ടം, പെരച്ചൻ ചാക്കുസഞ്ചി വിടർത്തി ആടിന്റെ മോന്ത അതിൽ കുടുക്കി സഞ്ചിയും കൊമ്പുകളുംകൂട്ടി ഒരൊറ്റ മുറുക്കൽ. ഫയൽവാൻ ഗോപാലൻ ചാപ്പന്റെ പുറത്തു കമഴ്ന്നുവീണു. ഒരു ധൃതരാഷ്ട്രാലിംഗനം. കുഞ്ഞപ്പു കയറുകൊണ്ടു ചാപ്പന്റെ കാലുകൾ ബന്ധിച്ചു. കുഞ്ഞാണ്ടി ചാപ്പന്റെ കഴുത്തിൽ കമ്പി ചുറ്റി മുറുക്കി....എല്ലാം ഒരുനിമിഷം കൊണ്ടുകഴിഞ്ഞു. ചാപ്പൻ ശ്വാസംമുട്ടി കുതറിപ്പിടഞ്ഞു. ആ പരാക്രമത്തിനിടയ്ക്ക് നാരായണൻ തെങ്ങിൻകുല അരിയുംപോലെ ചാപ്പന്റെ കുരലിൽ കത്തിപ്രയോഗിച്ചു — രക്തം ഉറ്റി. ടേരാളി ചാത്തു കൈയിലെ മൺഉുക്ക് തക്കത്തിൽ പിടിച്ചു കൊടുത്തു ചോര മുഴുവനും ശേഖരിച്ചു.....

ചാപ്പൻ കുഴഞ്ഞു ചത്തു.

കർമ്മം കഴിഞ്ഞപ്പോൾ ഫയൽവാൻ ഗോപാലൻ വിയർപ്പിൽ കുളിച്ചിരുന്നു. ആട്ടിൻചോര ദേഹത്തിൽ തെറിച്ചുകിടന്നിരുന്നു. കുപ്പായമഴിച്ചു മൃതദേഹത്തിന്റെ മീതെ ചാർത്തി. എല്ലാംകൂടി പഴമ്പായിൽ പൊതിഞ്ഞു ചൂടിക്കയർകൊണ്ട് തലയ്ക്കലും കാൽക്കലും നടുക്കുമായി ഓരോ പണ്ടാരക്കെട്ടു കെട്ടി. അപ്പോഴേക്കും കുഞ്ഞപ്പുവും പെരച്ചനും ആട്ടിൻകൂടിന്റെ ഒരു പലക നീക്കിക്കൊണ്ടുവന്നു. പഴമ്പായിൽ പൊതിഞ്ഞുകെട്ടിയ ചാപ്പനെ പലകമേൽ കിടത്തി. കുഞ്ഞാണ്ടിയും ഗോപാലനും മുമ്പിലും നാരായണനും പെരച്ചനും പിമ്പിലുമായി ശവമഞ്ചം ചുമലിലെടുത്തു പടിയിറങ്ങി.

ഇടവഴിയിൽനിന്നു റോഡിലേക്കുള്ള കുത്തുകല്ലു കയറുന്നതിനുമുമ്പ് കുഞ്ഞപ്പു

പന്തങ്ങൾക്കു തീകൊളുത്തി.

ആട്ടിൻചോര നിറച്ച മൺളുക്ക് കയറിൽ കെട്ടിത്തൂക്കി ഒരു കൈയിലും ജ്വലിക്കുന്ന പന്തം മറ്റേ കൈയിലും പിടിച്ചുകൊണ്ട് ടേ്രാളി ചാത്തു വലതുവശത്തും, തണ്ടാന്റെ പിന്മുറ്റത്തുനിന്നു മോഷ്ടിച്ച കൈക്കോട്ട് ഒരു കൈയിലും ജ്വലിക്കുന്ന പന്തം മറ്റേ കൈയിലും പിടിച്ചുകൊണ്ട് പ്രസാരണി അപ്പു ഇടതുവശത്തുമായി ശവമഞ്ചത്തിന്റെ മുന്നിൽ നടകൊണ്ടു. ശവമഞ്ചം ചുമലിലെടുത്ത കുഞ്ഞാണ്ടിയും ഗോപാലനും പെരച്ചനും നാരായണനും രാമ-രാമ-രാമ-രാമ എന്ന് ഉറക്കെ ജപിച്ചുകൊണ്ടിരുന്നു.

ആ അജവിലാപയാത്രാസംഘം റോഡിലൂടെ കുറച്ചുദൂരം നീങ്ങിയപ്പോൾ മുമ്പിൽ അല്പം അകലെനിന്നും രണ്ടു രൂപങ്ങൾ വരുന്നതു കണ്ടു: ബീറ്റ് പോലീസുകാർ!

ഹാൾട്ട്, കുഞ്ഞപ്പു കൂട്ടുകാരെ തടഞ്ഞുനിർത്തി.

"നെറുകയിൽ പൂവുള്ള സർപ്പങ്ങളും ബീറ്റ് പോലീസുകാരും ഒരു പോലെയാണ്—ജോഡിയായിട്ടേ പോവുകയുള്ളൂ." കൂട്ടുകാരോട് അങ്ങനെയൊരു ഫലിതം പറഞ്ഞ്, കുഞ്ഞപ്പു ബദ്ധപ്പെട്ടു മുമ്പോട്ടു നടന്ന്, പോലീസുകാരുടെയടുത്തു ചെന്നു സ്നേഹാദരപൂർവ്വം അറിയിച്ചു: "കുരിപ്പുണ്ടായി പണ്ടാരായ ഒന്നിനെ കെട്ടിയെടുത്തു കൊണ്ടുവരുന്നുണ്ട്. ഏഡ്ൺഷേബ്ലമാര് പേടിക്കേണ്ട—കേട്ടോ...."

ആ മുന്നറിയിപ്പു കേട്ട് പോലീസുകാർ ഒന്നു ഞെട്ടി. അങ്ങോട്ട് ഒരിക്കലേ നോക്കിയുള്ളൂ. പിന്നെ പിന്തിരിഞ്ഞു നിന്നുകളഞ്ഞു.

മുമ്പിൽ പന്തം കൊളുത്തിപ്പിടിച്ച് പരേതന്റെ ഉദകക്രിയയ്ക്കുള്ള പുത്തൻ മൺപാത്രവും ശവക്കുഴി മാന്താനുള്ള കൈക്കോട്ടും പ്രദർശിപ്പിച്ചുകൊണ്ട്, രാമ-രാമ-രാമ-രാമ എന്ന് ഉച്ചത്തിലുള്ള മന്ത്രജപത്തോടെ ശവവാഹകസംഘം കടന്നുപോയി........

ആ സമയത്താണ് പണിക്കരുടെ സ്കൂൾ അങ്കണത്തിൽ അമ്മാളുപരിണയത്തിൽ, കണ്ണൻമാസ്റ്ററുടെ വേഷം രംഗത്തു വന്നതും, കെട്ട മുട്ട കൊണ്ടുള്ള ഏറു കിട്ടിയതും—ശ്രീധരൻ പൊട്ടിച്ചിരിച്ചതും.

## 19. അമ്മുക്കുട്ടി

ശ്രീധരൻ സെപ്റ്റംബർപരീക്ഷയ്ക്കു ചേരാൻ ഫീസടച്ചു. സെറ്റും സർക്കീറ്റുമെല്ലാം തീരെ നിറുത്തിവെച്ചു. രാപ്പകലിരുന്നു പാഠങ്ങൾ പഠിച്ചു. സഹായിക്കാൻ ആരുമില്ല. പഴയ മാത്തമേറ്റിക്സ് വിരുതൻ സുഹൃത്ത്, കുളക്കോഴി, പരീക്ഷയിൽ ഫസ്റ്റ്ക്ലാസ്സായി വിജയം നേടി, മംഗലാപുരത്തു ബി. എ.യ്ക്കു ചേർന്നിരിക്കയാണ്. ശ്രീധരൻ മറ്റൊരു പാഠം പഠിച്ചിട്ടുണ്ടായിരുന്നു: വീട്ടിൽനിന്നോ പുറത്തുനിന്നോ മറ്റുള്ളവർ എത്ര തന്നെ പറഞ്ഞുതന്നാലും പരീക്ഷാഹാളിൽ ചോദ്യക്കടലാസിനു മുമ്പിൽ താൻ ഒറ്റയ്ക്കുതന്നെ സമരംചെയ്യേണ്ടിവരും.

പരീക്ഷയിൽ ഇത്തവണ ജയിക്കുമെന്ന ആത്മവിശ്വാസം അനുദിനം വളർന്നുവന്നു.

പക്ഷേ, വിധി ചതിച്ചു!

എക്സാം തുടങ്ങുന്നതിന് അഞ്ചുദിവസം മുമ്പ് ഒരു പനി പിടിപെട്ടു. കൂട്ടാക്കിയില്ല. ജലദോഷപ്പനിയായിരിക്കുമെന്നു കരുതി കുരുമുളകുകഷായം വെച്ചു കുടിച്ചു. രാത്രി ഉറക്കിളച്ചിരുന്നു വായിച്ചു.........പനി വിട്ടുപോകുന്ന മട്ടല്ല. രണ്ടാം ദിവസം രാവിലെ അച്ഛൻ, അയൽവീട്ടിൽ താമസമാക്കിയ മുനിസിപ്പലാസ്പത്രി ഡോക്ടർ രാമദാസിനെ വരുത്തി. ഡോക്ടർ പരിശോധിച്ച്, മാസ്റ്ററോടു സ്വകാര്യമായി പറഞ്ഞു: “സൂക്ഷിക്കണം, ടൈഫോയ്ഡാണോ എന്നു സംശയമുണ്ട്.”

രോഗം ടൈഫോയ്ഡായിത്തന്നെ പരിണമിച്ചു.

പരീക്ഷാദിവസം, ശ്രീധരൻ കോസടിയിൽക്കിടന്നു പിച്ചും പേയും പറയുകയായിരുന്നു.

രോഗത്തിൽനിന്നു മോചനം കിട്ടാൻ മൂന്നാഴ്ച വേണ്ടിവന്നു. അപ്പോഴേക്കും ആൾ പരവശനായിക്കഴിഞ്ഞിരുന്നു. പിന്നെ ദേഹരക്ഷയ്ക്കു പോഷകാഹാരങ്ങൾ, ടോണിക്കുകൾ. അച്ഛൻ പിശുക്കുകാണിക്കാതെ പണം ചെലവുചെയ്തു.

ദിവസങ്ങൾ കഴിഞ്ഞു. ആരോഗ്യം പൂർണ്ണമായും വീണ്ടുകിട്ടി.

ഇനിയെന്ത്?

മാർച്ച് പരീക്ഷയ്ക്കു ചേരണം. (ചേരണോ?)

അച്ഛൻ ഒന്നും പുറത്തുപറഞ്ഞില്ല. പക്ഷേ, എങ്ങനെയെങ്കിലും ഇന്റർ പാസ്സായി മകനെ ബി. ഏ.യ്ക്കു പഠിപ്പിക്കണമെന്ന മോഹം മാസ്റ്ററുടെ ഉള്ളിൽക്കിടന്നു കളിച്ചിരുന്നു. കുതിരയെ വെള്ളത്തിനരികെ കൊണ്ടു ചെന്നു നിർത്താനല്ലേ കഴിയൂ കുതിരക്കാരന്? കുടിക്കാൻ കുതിരതന്നെ ഒരുങ്ങണം.

മാർച്ച് പരീക്ഷയ്ക്കു ഡിസംബറിൽ പണമടയ്ക്കണം.

ഡിസംബർ വരട്ടെ, അപ്പോൾ പറയാം.

ദിനചര്യകൾക്കു മാറ്റം വരുത്തി.

വൈകുന്നേരം മുനിസിപ്പൽ പബ്ലിക് ലൈബ്രറിയിൽ പത്രമാസികകൾ വായിച്ചുകൊണ്ടു കുറച്ചുസമയം ചെലവഴിക്കും. മൂന്നുറുപ്പിക ഡെപ്പോസിറ്റ് വെച്ചു

ലൈബ്രറിയിൽ മെംബറായിച്ചേർന്നു. നോവലുകളിലും കഥാപുസ്തകങ്ങളിലും താൽപര്യം കുറവായിരുന്നു. തത്ത്വചിന്തകൾ, സഞ്ചാരകൃതികൾ ഇവ തെരഞ്ഞെടുക്കും. പാശ്ചാത്യതത്ത്വജ്ഞാനികളുടെ ഗ്രന്ഥങ്ങൾ വായിച്ചിട്ട് അധികമൊന്നും മനസ്സിലായില്ല. എന്നാലും ചിന്താപരമായ പുതിയ വീക്ഷണങ്ങൾക്ക് അവ വഴിതെളിയിച്ചു. ലൈബ്രറി അംഗങ്ങൾക്കു പുസ്തകത്തിന്റെകൂടെ മാസികകളുടെ പഴയ ലക്കങ്ങളും എടുക്കാവുന്നതാണ്. 'വൈഡ് വേൾഡ്' മാസികയുടെ പഴയ ലക്കങ്ങൾ പതിവായി എടുത്തു. ഇരുണ്ട ആഫ്രിക്കയിലെയും ചുവന്ന ഇന്ത്യക്കാരുടെ നാടായ ദക്ഷിണ അമേരിക്കയിലെയും സാഹസികയാത്രകളെക്കുറിച്ചുള്ള അനുഭവകഥകൾ ആർത്തിയോടെ വായിച്ചു. രാത്രിയിൽ ആ അദ്ഭുതനാടുകളെ സ്വപ്നം കണ്ടു.

ചില സായാഹ്നങ്ങളിൽ മുനിസിപ്പൽ പാർക്കിൽ ചെന്നിരിക്കും. പാർക്ക് കമ്മറ്റിയുടെ സെക്രട്ടറി ഒരു ജർമ്മൻസായിപ്പാണ്. അദ്ദേഹം മുനിസിപ്പൽ ആരാമത്തെ, ബർലിൻനഗരിയിലെ ഏതോ പാർക്കിന്റെ തനിപ്പകർപ്പായി വളർത്തിയെടുക്കാൻ ശ്രമിക്കുകയായിരുന്നു. വർണ്ണവൈവിധ്യം കലർന്ന കുസുമരാജികളും, ലതാനികുഞ്ജങ്ങളും, നിറംകലർത്തിയ ജലധാരകൾ പോലെ പൊങ്ങിച്ചിതറി നിൽക്കുന്ന ക്രോട്ടൺചെടികളും, പൂക്കളങ്ങളും, പച്ചപ്പുൽത്തകിടികളും കലാപരമായി സംവിധാനംചെയ്തു വളർത്തിയ ഉദ്യാനം മിഴികൾക്ക് ഒരുത്സവംതന്നെയായിരുന്നു.

പാർക്കിന്റെ മൂലയിൽനിന്ന് ഇടയ്ക്കിടെ അൽസേഷ്യൻനായയുടെ കുര പോലെ ഒരു ചിരി കേൾക്കാം. 'കച്ചേരിക്കവി'യെന്നറിയപ്പെടുന്ന പപ്പുഏട്ടന്റെ അട്ടഹാസം.

കച്ചേരിയിലെ ഹെഡ്ഗുമസ്തനാണ്, പത്മനാഭൻ. പണ്ഡിതനും നർമ്മോക്തികുശലനും അവിവാഹിതനും അരോഗദൃഢഗാത്രനുമായൊരു നവവൃദ്ധൻ. കുടവയറിനുമീതെ മൽമുണ്ടു ചുറ്റി, തോൽബെൽറ്റ് മുറുക്കി, വെള്ളഷർട്ടും നരച്ച ഓപ്പൻകോട്ടും ധരിച്ച്, മൂപ്പർ 'സാഹിത്യം സൊള്ളാൻ' പതിവായി എന്നും വൈകുന്നേരം പാർക്കിൽ വന്നിരിക്കും. ശ്രോതാക്കളും ശിങ്കിടികളുമായി അരഡജൻ രസികന്മാർ പപ്പുഏട്ടന്റെ ചുറ്റും സ്ഥലം പിടിക്കും. പപ്പുഏട്ടൻ സരസകവിയാണ്, സാഹിത്യവിമർശകനാണ്, ആശാൻ പക്ഷപാതിയാണ്—വള്ളത്തോൾ വിരോധിയാണ്. വള്ളത്തോൾക്കവിതയെ തൊലിയുരിച്ചു കാണിക്കും.

സാഹിത്യമഞ്ജരി മൂന്നാംഭാഗത്തിൽ, 'രാവണന്റെ അന്തഃപുരഗമനം' എന്ന കവിതയിലെ ഒരു ശ്ലോകാർദ്ധം പാറപ്പുറത്തു ചിരട്ടയുരയ്ക്കുന്ന സ്വരത്തിൽ ഉറക്കെച്ചൊല്ലും:

> "വീണക്കമ്പി മുറുക്കിടുന്ന മൃദുകൈ-
> ത്താരാലൊരാരോമലാൾ
> ചാണക്കല്ലിലൊരുത്തി ചന്ദന-
> മരയ്ക്കുന്നു ചിലശ്രോണിയായ്."

"ഛീ! ചിലശ്രോണി—ഓർക്കുമ്പോൾ ഓക്കാനംവരുന്നു. ചലശ്രോണി—ആ പെണ്ണ് ഗൊണോറിയ പിടിച്ചവളായിരിക്കും......."

അതു കേട്ടു സദസ്സ് ചിരിച്ചു തലകുലുക്കും. അപ്പോൾ പപ്പുഏട്ടൻ കവിളും വീർപ്പിച്ച്

കണ്ണുമിഴിച്ച് മൗനംപൂണ്ടിരിക്കും. സദസ്സിലെ ചിരിയുടെ അലകൾ അടങ്ങിയാൽ, ഹൗ-ഹൗ-ഹൗ എന്നൊരട്ടഹാസം മുഴക്കും, പപ്പു ഏട്ടൻ—അൽസേഷ്യൻനായ കുരയ്ക്കുംപോലെ.

ചലശ്ര്ാണീവസ്ത്രാക്ഷേപംകഴിച്ച്, പിന്നെ വള്ളത്തോളിന്റെ ‘മുഖം കുനിച്ചു.........ചാരിയിരിക്കുന്ന ചാരുമുഖി’ നായികയെ പിടിച്ചുകൊണ്ടുവരും. മഹാകവിയുടെ കൽപനപ്ര്കാരം മുഖംകുനിച്ചു ചാരിയിരിക്കാൻ നിർബ്ബദ്ധയായ നായിക അനുഷ്ഠിക്കുന്ന സർക്കസ്സഭ്യാസങ്ങളുടെ ഒരു വിനോദ പ്ര്ദർശനം.

സദസ്സ് ചിരിയോടു ചിരി.

വള്ളത്തോളിന് അന്നേക്കുള്ള വഹ കൊടുത്തുതീർത്ത്, അവസാനത്തെ അട്ടഹാസവും മുഴക്കി, പിന്നെ പപ്പുഏട്ടൻ കോട്ടിന്റെ കീശയിൽ തപ്പും. താൻ പുതുതായി രചിച്ച കവിത—അല്ലെങ്കിൽ വിമർശനലേഖനം—മെല്ലെ പുറത്തെടുക്കും. ഗൗരവത്തോടെ ഉറക്കെ വായിക്കും. സ്വയം വ്യാഖ്യാനിക്കും. കവിതയുടെ വിഷയം മിക്കപ്പോഴും അദ്ധ്യാത്മികമായിരിക്കും. വിമർശനത്തിൽ അവിടവിടെ വിഷമുള്ളുകൾ ഒളിപ്പിച്ചുവെച്ചിട്ടുണ്ടാവും — ഒരിക്കൽ ഒരു വിമർശനലേഖനത്തിൽ കഥകളിയുമായി ബന്ധപ്പെട്ട ഒരു പണ്ഡിതനെ, ‘ഹസ്തപ്ര്യോഗവിദക്ഷനായ മാന്യൻ’ എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

വള്ളിപ്പടർപ്പിന്റെ മറവിലിരുന്നുകൊണ്ട് ശ്രീധരൻ എല്ലാം കേൾക്കും. കച്ചേരിക്കവിയുടെ പ്ര്കടനങ്ങളിൽ ചിലതൊക്കെ രസകരമായിത്തോന്നും. വള്ളത്തോളിനെ അങ്ങനെ വഷളാക്കിക്കൊണ്ടുമാത്ര്ം വിമർശിച്ചതു ക്രൂരമായിപ്പോയെന്നും സ്വയം അഭിപ്ര്ായപ്പെടും—കുമാരനാശാന്റെ കവിതകളിലുമില്ലേ കരടും ചളിയും? ‘നളിനി’യിലെ,

“ദേ്യാതമാനമുടൽ നഗ്നമൊട്ടു ശീ-
താതപാദികളവൻ സഹിച്ചതും”

എന്ന ശ്ലോകാർദ്ധത്തിലെ ‘ശീ’ അടുക്കളയിൽ കൂട്ടാൻ വറവിട്ട പോലെയാണു കേട്ടതെന്ന് കുളക്കോഴി നാരായണൻനമ്പ്യാർ മുന്നൊരിക്കൽ പറഞ്ഞതും ഓർത്തു.

പപ്പുഏട്ടന്റെ ഉദ്യാനസാഹിത്യസദ്യയിൽ തീരെ ശ്ര്ദ്ധിക്കാത്ത രണ്ടു വ്യക്തികളുണ്ടായിരുന്നു: തോട്ടക്കാരൻ പൊക്കൻമേസ്തിരിയും, ഒരു ക്രിസ്ത്യൻ ഉപദേശിയും. രണ്ടു കാലിനും വാതംപിടിച്ച ഒരു കെളവനാണ് പൊക്കൻമേസ്തിരി—ഒരു ചിരട്ടയിൽനിന്നു കുഴമ്പു തൊട്ട് കാലിൽ പുരട്ടി ഉഴിഞ്ഞുകൊണ്ട് കാവൽപ്പുരയുടെ കോലായിൽ കരയുന്ന മുഖഭാവത്തോടെ കുത്തിയിരിക്കുന്നുണ്ടാവും മേസ്തിരി. പാർക്കിന്റെ മൂലയിൽ, കുളക്കരയിൽ കെട്ടിപ്പൊക്കിയ വാട്ടർടാങ്കിന്റെ ചുവട്ടിൽ, ധ്യാനനിരതനായി നിൽക്കുന്നുണ്ടാവും ഉപദേശി.

കച്ചേരിയിൽ ആപ്പീസ്മുറിയിലിരുന്നു ജോലിചെയ്യുന്നതിനിടയ്ക്കു ചിലപ്പോൾ, പപ്പുഏട്ടൻ നിമിഷകവിതയുണ്ടാക്കി സഹപ്ര്വർത്തകരെ ചിരിപ്പിക്കും. പപ്പുഏട്ടന്റെ ഓഡിറ്റർക്കവിത, ഒരു മാസ്റ്റർപ്പീസാണ്. ഒരിക്കൽ ആപ്പീസിൽ ഓഡിറ്റർ പരിശോധന നടത്തിക്കൊണ്ടിരിക്കെ, പപ്പുഏട്ടൻ ഓരോ ക്ളാർക്കിന്റെയും അടുത്തുചെന്ന്, തന്റെ നിമിഷകവിത ചെവിയിലോതിക്കൊടുത്തു:

“കന്നിമാസത്തിലെ ശ്വാവും

ഓഡിറ്ററുമൊരേതരം;
ചുവന്ന പെൻസിലും കൂർപ്പി-
ച്ചങ്ങുമിങ്ങും പലായനം.”

മാനത്തു കാറുകണ്ടാൽ പപ്പുഏട്ടൻ പിന്നെ പുറത്തിറങ്ങുകയില്ല. മൂപ്പർക്കു തണുപ്പിനോടും മഴയോടും ബഹുവിരോധമാണ്. പാർക്കിലെ സാഹിത്യസദസ്സും അന്നു നടക്കുകയില്ല.

മൂടിക്കെട്ടിയൊരു സായാഹ്നമായിരുന്നു അന്ന്. സംശയത്തോടുകൂടിയാണ് ശ്രീധരൻ ലൈബ്രറിയിൽനിന്നു പാർക്കിലേക്കു നടന്നത്. പാർക്കിലെത്തിയപ്പോൾ പ്രതീക്ഷിച്ചതുപോലെ പപ്പുഏട്ടന്റെ മൂല ശൂന്യമായിക്കണ്ടു. തോട്ടക്കാരൻ പൊക്കൻമേസ്തിരി കാലുഴിഞ്ഞുകൊണ്ടു മേലോട്ടുനോക്കി ഇരിക്കുന്നു. (മഴപെയ്താൽ തോട്ടം നനയ്ക്കുന്ന പണിയില്ലല്ലോ.) ഉപദേശി ക്രിസ്ത്യാനി പതിവുപോലെ നിശ്ശബ്ദപ്രാർത്ഥനയിൽ മുഴുകി വാട്ടർ ടാങ്കിന്റെ കീഴിൽ നിലയുറപ്പിച്ചിട്ടുണ്ട്.

ശ്രീധരൻ വീട്ടിലേക്കു തിരിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ പൊടിപടലം പരത്തിക്കൊണ്ട് ഒരു കാറ്റു വീശി. മഴ തുള്ളിയിട്ടു. ചാറൽമഴ ക്രമേണ പേമാരിയായി മാറി. പുതിയ ശീലക്കുടയും നിവർത്തിപ്പിടിച്ച് ശ്രീധരൻ തിരക്കിട്ടു നടന്നു.

റെയിൽവേപരിസരത്തിലെത്തിയപ്പോൾ മഴ കുറച്ചു ശമിച്ചിരുന്നു. പെട്ടെന്ന് ഒരു ചുഴലിക്കാറ്റു പടിഞ്ഞാറുനിന്നു കുതിച്ചുവന്നു. വൃക്ഷശിഖരങ്ങളെ പിടിച്ചു കശക്കിക്കൊണ്ട് കാറ്റ് വട്ടംചുറ്റിക്കളിച്ചു. റെയിൽവേ മൈതാനത്തിന്റെ ഒഴിവിലെത്തിയപ്പോൾ അമ്പതുവാര അകലെയായി ഒരു തരുണിയും അവളുടെ ശീലക്കുടയും ചുഴലിക്കാറ്റും തമ്മിൽ ഒരു മൽപ്പിടുത്തം നടക്കുന്നതു കണ്ടു. ഇടതുകൈകൊണ്ട് ഒരുപറ്റം പുസ്തകങ്ങൾ മാറത്ത് അടുക്കിപ്പിടിച്ച് വലതുകൈയിലെ കുടകൊണ്ടു കാറ്റിനോടു മല്ലടിക്കുകയാണ്, ആ കൃശഗാത്രി. കുട ഇടത്തോട്ടും വലത്തോട്ടും കീഴ്പോട്ടും ചെരിച്ചു പിടിച്ചു അവൾ ആവുംവണ്ണം പയറ്റിനോക്കുന്നുണ്ട്. കാറ്റു വിടുന്നില്ല. പെട്ടെന്നു കുട അവളുടെ കൈയിൽനിന്നു വിട്ടുപോയി. ഒരു ബലൂൺപോലെ അത് ആകാശത്തിലേക്കുയർന്നു. പിന്നെ താണുതാണു നിലത്തുവീണു. കാറ്റ് അതു വീണ്ടും തട്ടിക്കൊണ്ടുപോയി. കുട മലക്കം മറിഞ്ഞ് ഒരു മൂലയിൽ ചെരിഞ്ഞുകുത്തിവീണു. അവിടെനിന്ന് ഒരു തെരുപ്പറക്കൽ—നീങ്ങിയും പറന്നും വീണും നിരങ്ങിയും അതു ശ്രീധരന്റെ മുമ്പിലെ കൽക്കരിക്കൂമ്പാരത്തിൽ മൂക്കുകുത്തിപ്പതിച്ചു.......

ശ്രീധരൻ മുന്നോട്ടു ചാടി കുട പിടിച്ചെടുത്തു. കമ്പികൾ ഒടിഞ്ഞും ശീല അറ്റുതൂങ്ങിയും കുട വെടികൊണ്ടു ചത്ത കടവാതിലിനെപ്പോലെയായിക്കഴിഞ്ഞിരുന്നു.

നീലസാരിത്തലപ്പുകൊണ്ടു മാറിലെ ബുക്കുകൾ മൂടിപ്പിടിച്ചു മഴച്ചാറലേറ്റുംകൊണ്ട് അവൾ മുമ്പിലെത്തി. വെള്ളിസൂചികൾപോലെയുള്ള മഴച്ചാറലിലൂടെ കുറഞ്ഞൊന്നു ചെമ്പിച്ച കൺമിഴികളുടെയും മൂക്കുത്തിയുടെ ചുവന്ന കല്ലിന്റെയും തിളക്കം ശ്രീധരന്റെ കരളിൽ തറച്ചു.

ചുഴലിക്കാറ്റു നിലച്ചു—അവളുടെ കുട തല്ലിപ്പൊളിക്കാനുള്ള ഒരേയൊരു പരിപാടിയോടുകൂടിയാണ് കടലിൽനിന്ന് ആ കാറ്റു പുറപ്പെട്ടുവന്നത് എന്നു തോന്നും.

കുടക്കാരിയെ ശ്രീധരൻ ആപാദചൂഡം ഒന്നു നോക്കി. നീലസാരി

(ഖദർസാരിയാണ്.) മൂക്കുത്തി. മാറത്തു പുസ്തകഭാരം. കഴുത്തു നഗ്നമാണ്. കൈയ്ക്കു കുപ്പിവളകൾ. കാലിൽ പാദസരം—എല്ലാം തികഞ്ഞ ഒരു നാടൻ പെൺകിടാവ്—

"മഴ നനയണ്ടാ—ഈ കുട കൊണ്ടുപൊയ്ക്കോളൂ." —ശ്രീധരൻ ആത്മഗതമെന്നോണം മൊഴിഞ്ഞുകൊണ്ട്, തന്റെ പുത്തൻശീലക്കുട അവളുടെ നേർക്കു നീട്ടി.

അവൾ പരിഭ്രമിച്ചു—ശങ്കിച്ചു—ചെമ്പിച്ച കണ്മിഴികൾ പ്രകാശിപ്പിച്ചു നിന്നു.

"കുട നാളെ മടക്കിത്തന്നാൽ മതി." ശ്രീധരന്റെ വാക്കിൽ ഒരു വീരസാഹസികത്വം മുഴങ്ങുന്നുണ്ടായിരുന്നു.

അവൾ കുട വാങ്ങി—ശ്രീധരന്റെ മുഖത്തേക്ക് ഒന്നു നോക്കി — പിന്നെ ഒന്നും പറയാതെ തിരിഞ്ഞുനടന്നു.

പൊളിഞ്ഞ കുട തലയ്ക്കുമീതെ ഉയർത്തിപ്പിടിച്ചുകൊണ്ട് ശ്രീധരൻ നടന്നു. ഒന്നു തിരിഞ്ഞുനോക്കി. ഇരുണ്ടു ചുരുണ്ട സമൃദ്ധമായ തലമുടി!

പെൺകുടയുമായി വീട്ടിലേക്കു ചെല്ലാൻ ശ്രീധരനു് ഒരു ഭയം. അച്ഛൻ കണ്ടുപോയാൽ? പിന്നെ ചോദ്യമായി—വിചാരണയായി. ഈ കുട എവിടുന്നു കിട്ടി? ഇതാരുടെ കുടയാണ്? ഈ കുട നിന്റെ കൈയിലെങ്ങനെ വന്നു? നിന്റെ പുതിയ കുട എവിടെ?.....അച്ഛനോട് ഒരിക്കലും കളവു പറഞ്ഞിട്ടില്ല. അച്ഛൻ സത്യത്തിന്റെ മൂർത്തീകരണമാണ്. അതിനാൽ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഇടകൊടുക്കാതെ കുട വീട്ടിൽനിന്നു പുറത്തെവിടെയെങ്കിലും സൂക്ഷിക്കണം.

തിരിഞ്ഞ് തെരുവിലേക്കുതന്നെ നടന്നു.

കാറ്റും മഴയും നിലച്ചിരുന്നുവെങ്കിലും, ആകാശം അപ്പോഴും മൂടിക്കെട്ടിക്കിടന്നിരുന്നു.

കൈയിലെ കുട കൗതുകത്തോടെ ഒന്നു പരിശോധിച്ചു. അണ്ടിപോയ കശുമാങ്ങയുടെ ആകൃതിയിലാണ് കുടയുടെ സെല്ലുലോയ്ഡ് പിടി — (ആ കുടയുടെ നായികയുടെ മുഖവും കശുമാങ്ങയുടെ ആകൃതിയിലാണെന്ന് ഓർത്തു—കശുമാങ്ങാത്തൊലിയിൽ കാണാറുള്ള പുള്ളിക്കുത്തുകളും ആ കവിളുകളിൽ സൂക്ഷ്മമായി പതിഞ്ഞുകിടന്നിരുന്നു.) പുഷ്യരാഗരത്നം പോലുള്ള കണ്മിഴികളുടെ പ്രകാശവും മൂക്കുത്തിക്കല്ലും മനസ്സിൽ പതിഞ്ഞു കിടക്കുന്നു...

കുടശീലയുടെ വക്കിൽ ചുവന്ന നൂലുകൊണ്ട് കെ. എ. എന്ന രണ്ടക്ഷരങ്ങൾ തുന്നിപ്പിടിപ്പിച്ചിട്ടുണ്ട്. കെ. ഇനീഷ്യലായിരിക്കും. എ. എന്ന ആദ്യക്ഷരമുള്ള പേര്. എന്താണാവോ?—ആനന്ദവല്ലി—അംബുജാക്ഷി — അമ്മിണി... അങ്ങനെ പലതും ഓർത്തു. നാടൻപെൺകിടാവാണ്. അമ്മാളുവായിരിക്കുമോ?......

ട്രെയിനിങ്സ്കൂൾ വിദ്യാർത്ഥിനിയായിരിക്കും. താങ്ങിപ്പിടിച്ച പുസ്തകച്ചുമടു കണ്ടാലറിയാം. എഴുത്തമ്മച്ചമഞ്ഞ കക്ഷിയാണെന്ന്.

തെരുവുമൂലയിലെ പീടികക്കോലായിൽ കുട റിപ്പയർചെയ്യുന്ന കിഴവൻ മാപ്പിളയുടെ അടുത്തെത്തി. ആ കോങ്കണ്ണൻമാപ്പിള ഒരു നരച്ച ശീലക്കുട ലേശം തുറന്ന്, തോക്കുപോലെ റോഡിലേക്കു നീട്ടിപ്പിടിച്ച് ഉള്ളിൽ പരിശോധന നടത്തുകയാണ്.

ആ മാപ്പിളയെ ശ്രീധരനു കൊല്ലങ്ങൾക്കു മുമ്പുമുതൽക്കേ അറിയാം. അയാളുടെ ചരിത്രവും മനസ്സിലാക്കിയിട്ടുണ്ട്. പത്തുപന്ത്രണ്ടുകൊല്ലം മുമ്പ് അയാൾ അതിരാണിപ്പാടത്ത് ഒരു പതിവുകാരനായിരുന്നു. പലജാതി കുടക്കാലുകളും മുള്ളാണി, ചുറ്റിക, കൊടിൽ, മങ്കിസ്പാനർ, നൂൽക്കമ്പിച്ചുരുൾ, കറുപ്പുനൂൽ, സൂചി മുതലായ

സാധനങ്ങളും ഒരു ചെറിയ ചാക്കുസഞ്ചിയിൽ പൊതിഞ്ഞു തന്റെ തൊഴിൽ ചിഹ്നമെന്നോണം, വലിയൊരു ശീലക്കുട സഞ്ചിക്കുമീതെ വെച്ചുകെട്ടി തലയിലേറ്റി, 'പയേ കൊട നന്നാക്കാനുണ്ടോ?— പയേ കൊട...' എന്ന് ഓലിയിട്ടുകൊണ്ട് കന്നിപ്പറമ്പിനടുത്ത ഇടവഴിയിലൂടെ കടന്നുപോകും.

രണ്ടുമൂന്നു കൊല്ലം കഴിഞ്ഞപ്പോൾ അയാൾ ഒരു പെണ്ണുകെട്ടി. പിന്നെ കുടനന്നാക്കുന്ന തൊഴിൽ ഉപേക്ഷിച്ച് കിട്ടിയ 'ചിരുതനം' (സ്ത്രീധനം) കൊണ്ട്, ചെറിയൊരു സ്റ്റേഷനറിക്കട തുടങ്ങി. നാലഞ്ചുകൊല്ലംകൊണ്ട് കച്ചവടം വളരെ അഭിവൃദ്ധിപ്പെട്ടു. നാൽക്കവലയുടെ മൂലയിൽ ആ സകല സാമാനപ്പീടിക, റോഡിലേക്കു നിറഞ്ഞുതുളുമ്പുന്ന ഒരു കാഴ്ചയായിത്തീർന്നു. സോപ്പ്—ചീപ്പ്—കണ്ണാടി, വസി—കോപ്പ—പിഞ്ഞാണം, മിഠായിഭരണി, ബാൾട്ടി (ബക്കറ്റ്), ഹറിക്കെയിൻ ലാമ്പ് എന്നുവേണ്ട, കെ്രമന്റ് സ്പേല്ട്ട് ബട്ടൺ തൊട്ട് പാളക്കയർവരെയുള്ള സകലമാനവസ്തുക്കളും അവിടെ സ്റ്റോക്കു ചെയ്തിരുന്നു.

അന്നൊരിക്കൽ ശ്രീധരന് ഒരു വിസിൽ വാങ്ങാൻ ആഗ്രഹം ജനിച്ചു. തെരുവുമൂലയിൽ കോങ്കണ്ണൻകാക്കയുടെ ഷാപ്പിൽച്ചെന്ന് അന്വേഷിച്ചു. മുതലാളിതന്നെ എണീറ്റ്, ചുമരിൽ അട്ടിവെച്ച കാർഡ്ബോർഡ് പെട്ടികളിലൊന്നിൽ തപ്പി, നാലംഗുലം നീളത്തിലുള്ള തിളങ്ങുന്ന ഒരു ലോഹവിസിൽ പുറത്തെടുത്തു വായിൽവെച്ച് ഒരൊറ്റ ഊത്ത്—ഫ്ഈഠംംങ്! നേരിയ മുഴക്കത്തോടുകൂടിയ നീണ്ട കാഹളനാദം. പെട്ടെന്നു വിസിൽ വായിൽ നിന്നെടുത്ത് കൈയിൽ ഒളിപ്പിച്ചുപിടിച്ചുകൊണ്ട് കോങ്കണ്ണൻ, തെരുവുമൂലയിൽ ബീറ്റ നിൽക്കുന്ന പോലീസുകാരനെ ചൂണ്ടി മെല്ലെ പറഞ്ഞു: "അപ്പോലീസുകാരൻ തിരിഞ്ഞുനോക്ക്യത് കണ്ടോ—ഇതു പോലീസ് പീപ്പിയാണ്—പോലീസുകാരു കണ്ടാൽ പിടിക്കും......"

കോങ്കണ്ണൻമുതലാളി ആവശ്യപ്പെട്ട വില—കാലുറുപ്പിക—ഉടൻ കൊടുത്ത് ശ്രീധരൻ ആ പോലീസ് പീപ്പി സ്വന്തമാക്കി.

അയാളുടെ സ്റ്റേഷനറിഷാപ്പ് തെരുവിൽ വിജയകാഹളം മുഴക്കുന്ന കാലമായിരുന്നു അത്.....

വർഷങ്ങൾ കടന്നുപോയി. മുതലാളിയുടെ ധൂർത്തുകൊണ്ടോ, നോട്ടപ്പിഴകൊണ്ടോ, ദുഷ്കാലംകൊണ്ടോ എന്തോ കച്ചവടം ക്രമേണ മങ്ങിത്തുടങ്ങി. സാധനങ്ങളുടെ സ്റ്റോക്കു കുറഞ്ഞു. കണ്ണാടിഅലമാരകളും മൂലകളും കാലിയായി. അങ്ങനെ ആ പീടിക മുച്ചൂടും എരപ്പുപിടിച്ചു. വാടകക്കുടിശ്ശികയ്ക്കു ജന്മി പീടിക ഒഴിപ്പിക്കുന്നതിനുമുമ്പുതന്നെ കടക്കാർ പീടികയിലെ അവശേഷിച്ച സാമാനങ്ങളും ഫർണിച്ചറും ജപ്തിചെയ്തു കൊണ്ടുപോയി.

കോങ്കണ്ണൻമുതലാളി തെല്ലും കൂസലില്ലാതെ തന്റെ പഴയ കുട പൊടി തട്ടിയെടുത്ത്, തെരുവിന്റെ മറ്റേ അറ്റത്ത് ഒരു മൂലയിൽ ഒരു പീടികത്തിണ്ണയിൽ ചടഞ്ഞുകൂടി, തുടങ്ങി പഴയ തൊഴിൽ—കുട റിപ്പയർ.

അയാളിന്നും ആ തൊഴിൽ തുടർന്നുകൊണ്ടിരിക്കുന്നു.

കെ. എയുടെ പൊളിഞ്ഞ കുടയുമായി ശ്രീധരൻ ചെന്നു നിൽക്കുന്നത് ആ പഴയ മുതലാളിയുടെ മുമ്പിലാണ്.

"ഈ കുടയൊന്നു റിപ്പേയർചെയ്തുതരണം." വാരിയെല്ലുകൾ എറിച്ചു നിൽക്കുന്ന ശീലക്കുട നീട്ടിക്കാണിച്ചുകൊണ്ട് ശ്രീധരൻ ഗൗരവത്തോടെ പറഞ്ഞു.

കോങ്കണ്ണൻ നരച്ച ശീലക്കുട പൂട്ടി നിലത്തുവെച്ച്, ചുണ്ടുകോട്ടിക്കൊണ്ട് ശ്രീധരന്റെ മുഖത്തേക്കു നോക്കി.

(ഫ്ഈൗംംംങ്—കൊല്ലങ്ങൾക്കപ്പുറത്തുനിന്ന് ഒരു പോലീസ് പീപ്പിവിളി ശ്രീധരന്റെ കരളിൽ മുഴങ്ങി).

അയാൾ ദൃഷ്ടി തറപ്പിച്ചത് റോഡിലേക്കോ ശ്രീധരന്റെ മുഖത്തേക്കോ?

കുട വാങ്ങി പ്രാഥമികപരിശോധന കഴിച്ചു. കാറ്റ് വസ്ത്രാക്ഷേപം നടത്തിയതിനുപുറമേ, ഇടിച്ച് എല്ലൊടിക്കുകയും ചെയ്തിരുന്ന മൂന്നുനാലു വില്ലുകൾ തകരാറിലാണ്.

"ഇതു റിപ്പേയർചെയ്ത് ഇവിടെ വച്ചാൽ മതി — നാളെ രാവിലെ വന്നു വാങ്ങിക്കൊള്ളാം."

കോങ്കണ്ണൻ തലയാട്ടി, കുട മടക്കിക്കെട്ടി, ചുമരിലെ മരപ്പലകമേൽ മറ്റു വികലാംഗരുടെയിടയിൽ തൂക്കിയിട്ടു.

പിറ്റേന്നു രാവിലെ ശ്രീധരൻ ലൈബ്രറിയിലേക്കാണെന്നും പറഞ്ഞ്, എട്ടു മണിക്കുതന്നെ കന്നിപ്പറമ്പിൽനിന്നു പുറപ്പെട്ടു.

തെളിഞ്ഞ പ്രഭാതം.

തെരുവുമൂലയിലെത്തിയപ്പോൾ കോങ്കണ്ണന്റെ പീടികമൂല ഒഴിഞ്ഞുകിടക്കുന്നതായിട്ടാണു കണ്ടത്. പടച്ചോനെ! പറ്റിച്ചോ!—കാത്തുനിന്നു. അരമണിക്കൂറു കഴിഞ്ഞപ്പോൾ അതാ വരുന്നു, ശീലക്കുടഭാണ്ഡം ശിരസ്സിലേറ്റിക്കൊണ്ട് കോങ്കണ്ണൻ. കരിയിലകൾക്കുള്ളിൽനിന്നു കശുമാങ്ങ പോലെ, കെ. എ.യുടെ കുട കെട്ടിൽനിന്ന് എത്തിനോക്കുന്നുണ്ടായിരുന്നു — ആശ്വാസമായി.

റിപ്പേയറിങ് ചാർജ് കാലുറുപ്പിക കൊടുത്ത് കുട വാങ്ങി താലോലിച്ചു കൊണ്ടു ധൃതിയോടെ റെയിൽവേ യാർഡിലേക്കു നടന്നു. മൈതാന മൂലയിലെത്തി— കൽക്കരിക്കുമ്പാരത്തിനു പിറകിൽ കാത്തുനിന്നു.

പത്തുമിനിറ്റു കഴിഞ്ഞപ്പോൾ ദൂരെനിന്നു സൈറ്റായി. ശ്രീധരന്റെ ഹൃദയമിടിപ്പു വർദ്ധിച്ചു.......

തലേന്നാളുടുത്ത നീലസാരിയല്ല. വക്കിൽ ഓറഞ്ചുനിറത്തിലുള്ള വീതിക്കരയോടുകൂടിയ വെളുത്ത ഖദർസാരി. ബ്ലൗസ് മാറ്റിയിട്ടില്ല. ചുവന്ന കല്ലുവച്ച മൂക്കുത്തിയും, കാതിൽ മുക്കുറ്റിപ്പൂവിന്റെ ആകൃതിയിലുള്ള കമ്മലും ഇളവെയിലിൽ തെളിഞ്ഞുനിൽക്കുന്നു. ഇന്നലെക്കണ്ട മാന്തളിരിന്റെ തൊലി നിറം കുറേക്കൂടി ചോരപ്രകാശം കലർന്ന് പറങ്കിമാന്തളിരിന്റേതുപോലെയായിരിക്കുന്നു. നെറ്റിയിൽ സിന്ദൂരപ്പൊട്ടു വിലസുന്നു.

ചോരത്തുടുപ്പുള്ള ചുണ്ടുകളിൽ മന്ദഹാസസന്ദേശം ഒളിഞ്ഞു കിടക്കുന്നുണ്ടോ? ഇല്ല —മുഖത്തു പ്രസന്നതയോ, മ്ലാനതയോ? മനസ്സിലാക്കാൻ കഴിയുന്നില്ല.

അരികിലെത്തിയപ്പോൾ കെ. എ. നയത്തിൽ നാലുപാടും ദൃഷ്ടിവിക്ഷേപം നടത്തി. (ആരും വരുന്നില്ല. മൈതാനമദ്ധ്യത്തിൽ കൽക്കരിക്കോട്ടയ്ക്കു കീഴിൽ നായകനും നായികയും മാത്രം.) കൈയിലെ കുട നീട്ടി.

ശ്രീധരൻ തെല്ലൊരു വൈമനസ്യത്തോടെ തന്റെ പുത്തൻകുട അവളുടെ

കൈയിൽനിന്നു തിരിച്ചുവാങ്ങി. കശുമാങ്ങ അവളുടെ കൈയിൽ നിവേദിച്ചു. (നീണ്ടു കലാഭംഗി തികഞ്ഞ കൈവിരലുകൾ—ചുവന്ന കുപ്പിവളകളാണ് കണങ്കൈയിലണിഞ്ഞിരിക്കുന്നത്.)

“പേരെന്താണ്?” ശ്രീധരൻ പതുങ്ങിക്കൊണ്ടു ചോദിച്ചു.

പറയാൻ അല്പം ശങ്കിച്ചു. പിന്നെ താഴെ നോക്കിക്കൊണ്ടു മൊഴിഞ്ഞു:

“അമ്മുക്കുട്ടി.”

“ട്രെയിനിങ് സ്കൂളിലാണോ?”

അതെയെന്ന് ഒന്നു മൂളി.

“എവിടെയാണു താമസിക്കുന്നത്?”

പറയാൻ പിന്നെയും ഒരു ശങ്ക. ഒടുവിൽ പറഞ്ഞുതന്നു.

“ആ വീട്ടുകാരന്റെ ആരെങ്കിലുമാണോ?”

“ഭാര്യയുടെ അനിയത്തി.”

പെട്ടെന്നു ശ്രീധരന്റെ മിഴികൾ ആശങ്കാകുലമായി. മൈതാനത്തിലൂടെ നടന്നുവരുന്നു, പോർട്ടർ ഉണ്ടക്കേളപ്പനും വെളുത്ത അയ്യപ്പനും —

ഉണ്ടക്കേളപ്പൻ ഇതെങ്ങാനും കണ്ടു മനസ്സിലാക്കിയാൽ!

പിന്നെ ഒന്നും ചോദിക്കാൻ നിൽക്കാതെ ധൃതിപ്പെട്ടു നീങ്ങി. ഒന്നു തിരിഞ്ഞു നോക്കാൻപോലും മനോധൈര്യം കിട്ടിയില്ല.

കുട ഒന്നു തുറന്നുനോക്കി. നേരിയ പ്രതീക്ഷയുണ്ടായിരുന്നു — ഉപകാരസ്മരണയ്ക്ക് ഒരു ചെറിയ ടവ്വലെങ്കിലും തുന്നി അതിനുള്ളിൽ വെച്ചിരിക്കുമെന്ന്. ഒരിഴ നൂലുപോലും കണ്ടില്ല.

ഒരു നന്ദിവാക്കുപോലും പറഞ്ഞില്ല.

പറയാനിടകിട്ടാത്തതുകൊണ്ടായിരിക്കാം.

ഇനിയും കാണും—സംസാരിക്കാൻ അവസരം കിട്ടും. ഈ മൈതാനരംഗത്തുവച്ചുതന്നെ....

അന്നു വൈകുന്നേരം അരമണിക്കൂറു മാത്രമേ ലൈബ്രറിയിൽ ചെലവഴിച്ചുള്ളൂ. മനസ്സ് റെയിൽവേ മൈതാനിയിലാണു വിഹരിച്ചിരുന്നത്. അമ്മുക്കുട്ടിയെ സ്കൂളിൽനിന്നു മടങ്ങുമ്പോൾ കാണണം. രാവിലെ മുറിഞ്ഞുപോയ സംഭാഷണം തുടരണം. എന്തെങ്കിലും ഫലിതം പറഞ്ഞു ചിരിപ്പിക്കണം. ആ മുഖത്ത് ഒരു മന്ദഹാസം പൊടിഞ്ഞുവരുന്നതിന്റെ ചന്തം കാണാൻ ഒരു മോഹം. (ചിരിക്കുമ്പോൾ കവിളിൽ നുണക്കുഴി കാണുമോ?)

ലൈബ്രറിയിൽനിന്ന് ഇറങ്ങിയപ്പോൾ മഴക്കാറുമൂടി അന്തരീക്ഷം കേശ്ശെ ഇരുണ്ടു കാണപ്പെട്ടു. പാർക്കിലേക്കു പോയിട്ടു പ്രയോജനമില്ല. കച്ചേരിക്കവി പപ്പുഏട്ടന്റെ സാഹിത്യസദസ്സ് ഇന്നും നടക്കുന്ന കോളില്ല.

കാലുകൾ അറിയാതെ റെയിൽവേമൈതാനത്തിനുനേർക്കു തിരിഞ്ഞു.

റെയിൽവേക്കോളനിയുടെ ഓരത്തിലെ ചെറിയ പാതയിലൂടെയാണ് സ്കൂളിലേക്ക് അമ്മുക്കുട്ടിയുടെ പോക്കുവരവുകൾ എന്നു മനസ്സിലായിട്ടുണ്ട്. ഇരുവശങ്ങളിലും പൂമരങ്ങളും മഞ്ചാടി, ബദാം തുടങ്ങിയ മറ്റു വൃക്ഷങ്ങളും പൊക്കത്തിൽ വളർന്നുനിൽക്കുന്ന ചുവന്ന ചരൽമൺപാതയിലേക്ക് കുടെക്കൂടെ മധുരപ്രതീക്ഷകൾ അർപ്പിച്ചുകൊണ്ടു മെല്ലെ

നടന്നു.

പമ്പിങ്യന്ത്രം പിടിപ്പിച്ച റെയിൽവേക്കിണറിനടുക്കലെത്തി — പാലമരം കണ്ടപ്പോൾ പേടി തോന്നി.

കിണറിനടുക്കലുള്ള കുറ്റൻപാല ഒരിതിഹാസപാത്രമാണ്. ‘ചെകുത്താൻ പാല’ എന്നാണ് ആളുകൾ അതിനെ വിളിക്കുന്നത്. റെയിൽവേക്കോളനി പണിയുമ്പോൾ, ഉയർന്ന ഉദ്യോഗസ്ഥന്മാർക്കുള്ള ബംഗ്ലാവുകൾക്കുള്ള ആ മൂലയിലെ മറ്റു മരങ്ങളെല്ലാം മുറിച്ചുകളഞ്ഞു. ആ പാലമാത്രം അങ്ങനെ നിർത്തിയിരിക്കയാണ്. ആ പാലത്തടിയിൽ മഴുകൊണ്ടുള്ള ആദ്യത്തെ വെട്ടേറ്റപ്പോൾ രക്തം ഒഴുകിയെന്നും, മരംവെട്ടുകാരൻ അവിടെ ബോധംകെട്ടു വീണുവെന്നുമാണ് പറഞ്ഞുകേൾക്കുന്നത്. കോളനിനിർമ്മാണ മേധാവിയായ സായ്പ് അന്നു രാത്രി രക്തം ഛർദ്ദിച്ചു മരിച്ചുവത്രേ — പിന്നെ ആ പാലയിൽ ആയുധം പ്രയോഗിക്കാൻ കൂലിക്കാർ കൂട്ടാക്കിയില്ല. നേറ്റീവ്സിന്റെ അന്ധവിശ്വാസം എന്നു പറഞ്ഞു പുച്ഛിച്ചുകൊണ്ട് എഞ്ചിനീയർ സായ്പ് മരം വെട്ടിമുറിക്കാൻതന്നെ തീരുമാനിച്ചു. വീണ്ടും വെട്ടി. ചോരച്ചാട്ടമുണ്ടായി—എഞ്ചിനീയർ സായ്പ് അന്നു രാത്രി ചോര ഛർദ്ദിച്ചു സിദ്ധി കൂടി. റെയിൽവേ മേധാവികളായ വെള്ളക്കാർക്ക് പരിഭ്രമമായി. പിന്നെ അവർ പരീക്ഷണങ്ങൾക്കു പുറപ്പെട്ടില്ല. പാല അവിടെ അവശേഷിച്ചു. പാലക്കൊമ്പുകളിൽനിന്ന് ഇലകൾ കൊഴിഞ്ഞുവീണു ചീഞ്ഞ് കിണറ്റിലെ വെള്ളം മലിനമാകുന്നുണ്ടെങ്കിലും, ആ ചെകുത്താൻമരം അവിടെനിന്നു മുറിച്ചുനീക്കാൻ ഇന്നേവരെ ഒരെഞ്ചിനീയറും കൽപന പാസ്സാക്കിയിട്ടില്ല.

ഒരിക്കൽ ഒരു നാഗം വായിൽ മാണിക്യക്കല്ലുമായി ആ പാലക്കൊമ്പിൽ പറന്നുവീണത്, ഉസ്താദ് വാസുവിന്റെ മരിച്ചുപോയ രാമൻമുത്തപ്പൻ കണ്ടിട്ടുണ്ടത്രെ.

ദശാബ്ദങ്ങൾക്കുമുമ്പ് വെട്ടുകാർ പാലയിലേൽപ്പിച്ച രണ്ടു മുറിവുകളുടെ പാടുകൾ, പത്തിവിടർത്തിനിൽക്കുന്ന രണ്ടു നാഗങ്ങളുടെ രൂപംപ്രാപിച്ച് അവിടെ പതിഞ്ഞുകിടക്കുന്നതു കാണാം —ചില ഭക്തന്മാർ കോഴിമുട്ടയും പാലും തെച്ചിമാലയും കൊണ്ടുവന്നുവെച്ച് ആ നാഗപ്പാലച്ചോട്ടിൽ പൂജകൾ നടത്താറുണ്ട്.

തലയണയുറപോലെയുള്ള പുള്ളിഫ്രോക്ക് ധരിച്ച, നരച്ച ചപ്രത്തലമുടിക്കാരിയായ ഒരു ചട്ടക്കാരിത്തള്ള ആ വഴി കടന്നുപോയി.

റെയിൽവേമൈതാനമൂലയിൽ എത്തിയപ്പോൾ ഒരദ്ഭുതദൃശ്യം. ജീവനുള്ള ഒരു തീവണ്ടിയെഞ്ചിൻ നിലത്തു വിലങ്ങനെ കിടക്കുന്നു!

പണ്ട് ഇലഞ്ഞിപ്പൊയിലിനടുത്തുള്ള പുഴക്കരയിലെ മുളന്തുഞ്ചത്തു കുത്തനെ തൂങ്ങിക്കിടന്നിരുന്ന ചീങ്കണ്ണിയെപ്പോലെ ഒരപൂർവ്വദർശനമായിരുന്നു, ആവിയും പുകയും പറപ്പിച്ചുകൊണ്ട് പാതയ്ക്കു വിലങ്ങനെ സ്ഥിതിചെയ്യുന്ന തീവണ്ടിയെഞ്ചിനും.

മൈതാനത്തിന്റെ കോണിൽ ആറടി ആഴത്തിൽ ഒരു കുറ്റൻ വട്ടക്കിണറും, അതിന്റെ വക്കിൽ ഘടിപ്പിച്ച ചില യന്ത്രങ്ങളും കാണാം. തീവണ്ടിയെഞ്ചിൻ തലതിരിച്ചു കൊണ്ടുവരാനുള്ള ഉപകരണമാണ്. കിണറ്റിന്റെ മദ്ധ്യരേഖയിൽ നിർമ്മിച്ചുവെച്ച റെയിൽപ്പാളത്തിൽ എഞ്ചിൻ കൊണ്ടുവന്നു നിർത്തും. ഒരു ഗാംഗ്കൂലി, കിണറ്റിൻവക്കിലെ യന്ത്രക്കോൽ തിരിക്കുമ്പോൾ കിണർ മെല്ലെ ചക്രംപോലെ കറങ്ങിത്തുടങ്ങും— അതിന്റെകൂടെ അക്ഷദണ്ഡിലെ റെയിൽപ്പാളവും എഞ്ചിനും തലതിരിഞ്ഞുവരും.

ശ്രീധരൻ കൗതുകത്തോടെ ആ കാഴ്ച നിരീക്ഷിച്ചുകൊണ്ട് അവിടെ തങ്ങിനിന്നു.

ചുവപ്പു ചുറ്റിയ നെടിയൊരു കോലം അരികിലൂടെ കടന്നുപോയി — എരുമക്കാരത്തി പൊന്നമ്മ. കറുത്തു നെടുതായി കരിമ്പനപോലുള്ള പൊന്നമ്മ, ചുവന്ന ചേലാഞ്ചലംകൊണ്ടു മാറും ചുമലും മറച്ച്, ഉരലിന്റെ ആകൃതിയിലുള്ള ഒരു കുറ്റൻകൊട്ട തലയിൽവെച്ച് ആ കൊട്ടയും ഒരു ചുവന്ന ചേലക്കഷണംകൊണ്ടു മൂടി, എന്തോ മനോരാജ്യത്തിൽ മുഴുകിക്കൊണ്ടു മെല്ലെ നീങ്ങുകയാണ്—മൺപാത്രങ്ങളിൽ നിറച്ച പാലും തൈരുമാണ് കൊട്ടയിൽ അടക്കിവെച്ചിരിക്കുന്നത്. റെയിൽവേ കോളണിയിൽ പാലും തൈരും വിറ്റു മടങ്ങുകയായിരിക്കും ആ തെലുങ്കത്തി.

യന്ത്രക്കിണർ ഒന്നും വട്ടംചുറ്റി. വടക്കോട്ടു മുഖംകാട്ടി വന്നിരുന്ന എഞ്ചിൻ തെക്കോട്ടു മുഖം തിരിച്ച് പുറപ്പെടാനൊരുങ്ങി, ഇരുമ്പുദംഷ്ട്രകളരച്ചുകൊണ്ട് ഒന്നു ഞരങ്ങുകയും മൂന്നുനാലുപ്രാവശ്യം തുമ്മുകയും ചെയ്തു.

പത്തുറുപതുവാര ദൂരെയാണ്, മൈതാനത്തിലെ വഴിത്താര ആ റെയിൽ മുറിച്ചു കടന്നുപോകുന്നത്. കിണറ്റിൽനിന്ന് എഞ്ചിൻ നീങ്ങിയപ്പോൾ പാൽക്കാരി പൊന്നമ്മ ആ സന്ധിയിലെത്തിയിട്ടുണ്ടായിരുന്നു. എന്നാൽ, എന്തുകൊണ്ടോ, അവൾ, റെയിൽ മുറിച്ചുകടക്കുന്നതിനു പകരം, പാളങ്ങൾക്കിടയിലൂടെ നേരെ തെക്കോട്ടു വെച്ചടിക്കുകയാണുണ്ടായത്......

അപകടം മനസ്സിലാക്കി ഡ്രൈവർ ബ്രേക്കിട്ടു.........എഞ്ചിൻ തേരട്ടയരിക്കുംപോലെ നിരങ്ങിനിരങ്ങിനിരങ്ങി നിന്നു......

എഞ്ചിനു പിറകിൽ, റെയിൽപ്പാളത്തിൽ, പൊന്നമ്മ മൂന്നു കഷണങ്ങളായി പിടയ്ക്കുന്ന കാഴ്ചയാണ് ശ്രീധരൻ കണ്ടത്. കൊട്ട ഒരു ഭാഗത്തേക്കു തെറിച്ചു വീണ്, മൺകുടങ്ങളുടഞ്ഞു പാലും തൈരും പ്രവഹിക്കുന്നു, രക്തക്കളത്തിലേക്ക്.........

ഒന്നു നോക്കി — കണ്ണടച്ചുകളഞ്ഞു.

നിന്നാൽ അവിടെ തലചുറ്റിവീഴുമെന്നു തോന്നി—എങ്ങനെയോ നിരങ്ങിനിരങ്ങി റെയിൽ കടന്നു മറുഭാഗത്തെ വഴിത്താരയിലെത്തി—അർദ്ധപ്രജ്ഞയോടെയാണ് കന്നിപ്പറമ്പിലെ പടികൾ കേറിയത്.

## 20. പൊന്നമ്മ

ശ്രീധരൻ മാളികവരാന്തയിലെ ഈസിച്ചെയറിൽ തളർന്നുകിടന്നു. മിഴിയടച്ചാലും തുറന്നാലും മുന്നിൽക്കാണുന്നത് ആ ഭയങ്കരചിത്രമാണ്—തയിർക്കുടക്കിരീടമണിഞ്ഞ് മനോരാജ്യത്തിൽ മുഴുകി മെല്ലെ നീങ്ങുന്ന പൊന്നമ്മ—തലതിരിഞ്ഞ് ഇഴഞ്ഞുവരുന്ന തീവണ്ടിയെഞ്ചിൻ—വഴിത്താരയുടെ സന്ധിയിലെത്തിയ പൊന്നമ്മയെ 'ദേവീ, ഇതിലേ, ഇതിലേ—' എന്ന് ആംഗ്യം കാട്ടി റെയിൽപ്പാതയിലേക്കു നയിച്ച അദൃശ്യഹസ്തങ്ങൾ—ഇഞ്ചിഞ്ചായി നീങ്ങിവരുന്ന യന്ത്രരാക്ഷസന്റെ മുന്നോട്ടുന്തിയ കോന്ത്രമ്പല്ലുകളിലും, പിന്നെ ഉരുക്കുചക്രങ്ങൾക്കിടയിലും പെട്ട് അവയവങ്ങൾ ചതഞ്ഞു മുറിഞ്ഞരഞ്ഞു പിടഞ്ഞു ചാവുന്ന പൊന്നമ്മ... തലച്ചോറിലെ തിരശ്ശീലയിൽ ഒരു നിശ്ശബ്ദചലച്ചിത്രം പോലെ ആ രംഗങ്ങൾ ആവർത്തിച്ചു പ്രദർശിപ്പിക്കപ്പെടുന്നു.

ആ ദുർമ്മരണചിത്രത്തേക്കാൾ ശ്രീധരന്റെ തത്ത്വചിന്തകളെ ഉദ്ദീപിപ്പിച്ചിരുന്നത് അത്തരത്തിലൊരന്ത്യത്തിനു പാത്രമാകേണ്ടിവന്ന എരുമക്കാരത്തി പൊന്നമ്മയുടെ ചരിത്രമാണ്.

ദേശത്തെ കേളികേട്ടൊരു ശൃംഗാരക്കുടമായിരുന്നു എരുമക്കാരത്തി പൊന്നമ്മ. കിളരംകൂടിയ കോമളശരീരം. അഞ്ജനക്കറുപ്പും സിന്ദൂരച്ചുവപ്പും ചേർന്ന അസാധാരണമായൊരു നിറക്കൂട്ടിലാണ് ആ തെലുങ്കത്തിയുടെ സൃഷ്ടി. ഏതാണ്ടു കദളിവാഴത്തടയുടെ നിറം. അരക്കെട്ടിന്റെ ചന്തവും, മാറിലെ മുഴപ്പുകളുടെ മാദകത്വവും, അംഗഘടനകളുടെ ലാവണ്യക്കൊഴുപ്പും കണ്ടാൽ, അവൾ അജന്തയിലെ ചുമർചിത്രങ്ങളിൽനിന്നു ജീവൻവെച്ചെണീറ്റുവന്ന ഒരു നർത്തകിയാണെന്നു തോന്നിപ്പോകും. അവളുടെ നടത്തം നിതംബംകൊണ്ടുള്ള താളാത്മകമായ തുഴച്ചിലായിരുന്നു. അവളുടെ കടാക്ഷങ്ങൾ പ്രേമത്തിന്റെ വാൾപ്പയറ്റുകളായിരുന്നു.

മെയ്യഴകുകൊണ്ടു മാത്രമല്ല, കാമക്കരുത്തുകൊണ്ടും അവൾ അജയ്യയായിരുന്നു.

"പത്തു പെണ്ണുങ്ങളുടെ ഒരു കാമപ്പടപ്പുറപ്പാടാണ് പൊന്നമ്മ!" കിട്ടൻ റൈറ്റർ പൊന്നമ്മയെപ്പറ്റി റിമാർക്കു പാസ്സാക്കിയത് അങ്ങനെയായിരുന്നു.

എന്നാൽ, പൊന്നമ്മയെ ഒരഭിസാരികയെന്നു പറഞ്ഞുകൂടാ. പണത്തിനു വേണ്ടി ആർക്കും വഴിപ്പെടുന്നകൂട്ടത്തിലായിരുന്നില്ല ആ തെലുങ്കത്തി—പ്രേമപരമായ ഇടപാടുകളിൽ അവൾ മാന്യതയും തന്റേടവും പുലർത്തിയിരുന്നു. നല്ല കരുത്തന്മാരായ ആണുങ്ങളെ അവൾക്കിഷ്ടമായിരുന്നു. അപ്രകാരംതന്നെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയും ഡോക്ടർമാരുടെയും മുമ്പിൽ തന്റെ പയറ്റു പ്രദർശിപ്പിക്കാനും അവൾ ഒരുക്കമായിരുന്നു.

അങ്ങനെ, പകൽ പാൽ - തയിർവിൽപനയും, രാത്രി പ്രേമനാടകങ്ങളുമായി പൊന്നമ്മ താരുണ്യം ആഘോഷിച്ചുകൊണ്ടിരിക്കെയാണ് അവളുടെ

കലാവൈദഗ്ദ്ധ്യത്തിനു കീർത്തിമുദ്ര നേടിക്കൊടുത്ത ആ സംഭവം നടന്നത്—ചാത്തുകമ്പൗണ്ടറുടെ ബേർത്ത്ഡേ.

ദേശത്തു പച്ചവെള്ളം വിറ്റു വലിയ പണക്കാരായിത്തീർന്ന രണ്ടു പുള്ളികളാണ് കുഞ്ഞയ്യപ്പനും ചാത്തുകമ്പൗണ്ടറും. കുഞ്ഞയ്യപ്പൻ കള്ളുഷാപ്പു നടത്തുന്നു. ചാത്തുകമ്പൗണ്ടർ ഇംഗ്ലീഷ് മരുന്നുഷാപ്പു നടത്തുന്നു. ഇരുവരും സമപ്രായക്കാരാണ്; സുഹൃത്തുക്കളാണ്; പിശുക്ക ശിരോമണികളാണ്. ആകൃതികൊണ്ടും സ്വഭാവംകൊണ്ടും അവർ തമ്മിൽ തീരെ പൊരുത്തമില്ല. വിളർത്ത് ചീർത്ത് നെഞ്ഞത്തും പിൻചുമലുകളിലും മാംസക്കൊഴുപ്പു മുഴച്ചു നിൽക്കുന്ന രോമശമായ കുറിയ ദേഹവും ഇടുങ്ങിയ കഴുത്തും ചെറിയ കൂർത്ത തലയുമായി മുട്ടൻചെമ്മരിയാടിനെപ്പോലുള്ള ഒരു ഭിണ്ണക്കനാണ് കുഞ്ഞയ്യപ്പൻ. കറുത്തുമെലിഞ്ഞ് പട്ടിണിയിട്ടു ചാവാറായ കോലാടിനെപ്പോലെയുള്ള ഒരു കോലമാണ് ചാത്തുകമ്പൗണ്ടർ. ഷർട്ടിൽ മീതെ മുണ്ടു ചുറ്റി (കോട്ടിടാതെ) സദാ വിരേചനൗഷധം സേവിച്ച മുഖഭാവവുമായി തന്റെ ഫാർമസിയുടെ കൗണ്ടറിനു പിറകിൽ രാവിലെ മുതൽ രാത്രി വരെ വടി പോലെ ഒരു നിൽപു നിൽക്കും ചാത്തുകമ്പൗണ്ടർ.

ചാത്തുകമ്പൗണ്ടർ സ്ഥിരം വയറ്റുവേദനക്കാരനാണ്. അതിനുപുറമേ മാറാത്ത മൂലക്കുരുവും. സുഖമായി ഒരു മലശോധന കിട്ടിയിട്ടു മരിച്ചാൽ മതിയായിരുന്നു എന്നാണു കമ്പൗണ്ടറുടെ നിത്യപ്രാർത്ഥന, ഗുരുവായൂരപ്പനോട്—(കമ്പൗണ്ടർ എല്ലാ മാസാവസാനവും, പച്ചച്ചായം പൂശിയ തന്റെ ഷെവർലെ കാറിൽ ഗുരുവായൂർക്കു പോകും. രണ്ടു തിങ്ങളിലെ തൊഴീൽ ഒരു യാത്രകൊണ്ടു കഴിച്ചു മടങ്ങുകയും ചെയ്യും.) ഗുരുപദാർത്ഥങ്ങൾ കഴിക്കാൻ വയ്യ. തൊണ്ടയിലും എന്തോ രോഗമുണ്ട്—അർബ്ബുദമാണെന്നാണു പറയുന്നത്.

പത്തുപതിനാറു കൊല്ലം മുമ്പ് നല്ല ആരോഗ്യവാനും കോമളനുമായൊരു ശൃംഗാരക്കുട്ടനായിരുന്നു ചാത്തുകമ്പൗണ്ടർ. പൈതൃകമായി കിട്ടിയ സ്വത്തു മുക്കാലും മദ്യപാനത്തിലും സ്ത്രീവിഷയത്തിലും ധൂർത്തടിച്ചു തീർത്തു. പിന്നെ രോഗം പിടിപെട്ടു. കമ്പൗണ്ടറുടെ ആകൃതിയിലും സ്വഭാവത്തിലും ഒരു മാറ്റം വന്നു. അവശേഷിച്ച പണംകൊണ്ട് ഒരു കൊങ്ങിണി ഡോക്ടരുടെ മേൽവിലാസത്തിൻകീഴിൽ ഇംഗ്ലീഷ് മരുന്നുഷാപ്പു തുറന്നു. ആ ഔഷധഷാപ്പ് ക്രമേണ അഭിവൃദ്ധിപ്രാപിച്ചു. അപ്രകാരംതന്നെ കമ്പൗണ്ടറുടെ ഉദരരോഗവും—പിശുക്കും ഈശ്വരഭക്തിയും—ഷണ്ഡത്വവും.

ആണ്ടിൽ ഒന്നോ രണ്ടോ തവണ, കമ്പൗണ്ടറുടെ തലച്ചോറിൽ പഴയ സുഖഭോഗസ്മരണകൾ നുരച്ചുപൊങ്ങും—ഞരമ്പുരോഗംപോലെ. അപ്പോൾ കമ്പൗണ്ടർ തന്റെ ചില പ്രത്യേകസുഹൃത്തുക്കളെ സ്വകാര്യമായി ക്ഷണിച്ചു വരുത്തി അവർക്കു വിഭവസമൃദ്ധമായ ഡിന്നർ കൊടുക്കും. സുഹൃത്തുക്കൾ സ്വാദോടെ തീറ്റ തകർക്കുന്നതു നോക്കി കൊതിയോടെയിരിക്കും കമ്പൗണ്ടർ. ഡിന്നറിനോടനുബന്ധിച്ചു രതിവിനോദ പരിപാടികളുമുണ്ടായിരിക്കും.

ചാത്തുകമ്പൗണ്ടർ തന്റെ അമ്പതാം ജന്മദിനം പ്രമാണിച്ച് അതി വിചിത്രമായൊരു സദ്യ നടത്തി—അതു പിന്നീടു നാട്ടിൽ മുഴുവനും പാട്ടാവുകയും ചെയ്തു.

അന്നു രാത്രിയിലെ ബേർത്ത് ഡേ സ്പെഷ്യൽ ഡിന്നറിന്, കമ്പൗണ്ടർ ആകെ പതിനഞ്ചുപേരെയാണു ക്ഷണിച്ചിരുന്നത്, നാലു മുതലാളിമാർ (മരക്കച്ചവടം

ഭാസ്കരൻമുതലാളി ഉൾപ്പെടെ), മൂന്നു ഡോക്ടർമാർ (കമ്പൗണ്ടറുടെ കൊങ്ങിണിഡോക്ടരടക്കം), രണ്ടു വക്കീൽമാർ (ക്രിമിനൽ), രണ്ടു മെഡിക്കൽ റിപ്രസന്റേറ്റീവുകൾ, കേളഞ്ചേരിയിലെ നാലാം കാര്യസ്ഥൻ കുഞ്ഞാണ്ടി, ഭാസ്കരൻമുതലാളിയുടെ ഷഡ്ഡകൻ, ഹെഡ്കോൺസ്റ്റബിൾ കുമാരൻ, ബാങ്ക് കാഷ്യർ അപ്പുണ്ണി — പിന്നെ കള്ളുഷാപ്പ് കുഞ്ഞയ്യപ്പനും.

ഇവരിൽ ഭാസ്കരൻമുതലാളി മാത്രമേ ഡിന്നറിനു വരാതിരുന്നുള്ളൂ.

ഫാർമസിയുടെ മാളികഹാളിലാണ് അത്താഴവിരുന്ന് ഒരുക്കിയിരുന്നത്.

കുടിയും തീറ്റയും കഴിഞ്ഞ് അതിഥികൾ പതിന്നാലുപേർ രണ്ടാംസദ്യയുടെ പരിപാടിക്കു തയ്യാറെടുത്തു.

അപ്പോൾ അണിയറയിൽനിന്ന് അതാ എഴുന്നള്ളുന്നു, എരുമക്കാരത്തി പൊന്നമ്മ.

ചാത്തുകമ്പൗണ്ടർ ക്ഷമാപണപൂർവ്വം അതിഥികളെ ഇപ്രകാരം അറിയിച്ചു: "മാന്യസുഹൃത്തുക്കളേ, ഈ സദ്യയ്ക്കു് ഒരൊറ്റ വിഭവമേയുള്ളൂ: എരുമമാംസം."

സദ്യയുണ്ണാനുള്ള ഏർപ്പാട് വാഴയിലയിൽത്തന്നെ വേണമെന്ന് കമ്പൗണ്ടർ തീരുമാനിച്ചിരുന്നു. തണ്ടോടുകൂടി വെട്ടിയെടുത്ത നീണ്ട നേന്ത്രവാഴയിലകൾ പതിനഞ്ഞെണ്ണം ഒരു മൂലയിൽ അടുക്കിവെച്ചിട്ടുണ്ടായിരുന്നു—പിന്നെ, ഒരു മെത്തയും, പൊന്നമ്മ എന്ന പെണ്ണൊരുത്തിയും.

മെത്തയിൽ വാഴയില വിരിച്ചു—വിഭവം നിറച്ചു.

പേരിന്റെ ആദ്യാക്ഷരക്രമത്തിൽ അതിഥികൾ ഓരോരുത്തരായി ക്ഷണിക്കപ്പെട്ടു....

പതിന്നാലാമത്തെ ഇലയാണ് കുഞ്ഞയ്യപ്പനു കിട്ടിയത്. അതു കഴിഞ്ഞ്, ഒന്നൊന്നരമണിക്കൂർ തോണിതുഴഞ്ഞ ക്ഷീണംപോലും മുഖത്തു കാണിക്കാതെ, വാഴയിലയിൽക്കിടന്ന് പൊന്നമ്മ ഉറക്കെ വിളിച്ചുചോദിച്ചു: "എനി ആള് ബറാനുണ്ടോ?"

പൊന്നമ്മയുടെ ചോദ്യം പുറത്തു തെരുവിൽ കേൾക്കാമായിരുന്നു.

പൊന്നമ്മയ്ക്കു ചെവി കേൾക്കില്ല......അങ്ങനെയൊരംഗ വൈകല്യമുണ്ട്—ചെകിടന്മാർ സംസാരിക്കുന്നത് എപ്പോഴും ഉച്ചത്തിലായിരിക്കുമല്ലോ!

ഭാസ്കരൻമുതലാളിയുടെ ഇല ബാക്കിയാണ്. അതു നോക്കി കുഞ്ഞയ്യപ്പൻ പിറുപിറുത്തു: "ഇല ബാക്കിയാക്കണ്ട—ആ ഓഹരി ഞാൻതന്നെ ആയിക്കളയാം."

പൊന്നമ്മ റെഡി........

അങ്ങനത്തെ ഒരു പടപ്പായിരുന്നു എരുമക്കാരത്തി പൊന്നമ്മ.

ആ പൊന്നമ്മയാണ്, ഉടലും തലയും വേർപെട്ട്, അരക്കെട്ടു പിളർന്ന്, കദളിവാഴത്തടപോലുള്ള തുടകൾ ചതഞ്ഞരഞ്ഞ് റെയിൽപ്പാളത്തിൽ ചിന്നിച്ചിതറിക്കിടക്കുന്നത്.

മൺകുടങ്ങളിൽനിന്നൊഴുകിയ തൈരും പാലും റെയിൽപ്പാളത്തിനരികെ തളംകെട്ടിക്കിടന്നിരുന്നു—

റെയിൽപ്പാതയിലെ ആ രംഗം ഒരു സിംബോളിക്ചിത്രംപോലെ ശ്രീധരന്റെ തലച്ചോറിൽ തറച്ചുനിന്നു—ചിന്തകളും വികാരങ്ങളും ആ ചിത്രത്തിൽ ഇഴഞ്ഞുകളിക്കുന്നു...

“അയേ്യാ! അയേ്യാ!—പാഞ്ഞുവരണേയ്.......അയേ്യാ—അയേ്യാ!”

മാസ്മരമയക്കത്തിൽ കിടക്കുന്ന ശ്രീധരന്റെ കാതുകളിൽ, ആ നിലവിളി ഏതോ വിദൂരലോകത്തിൽനിന്നെപോലെ, ഇഴഞ്ഞുവന്നു. സ്ഥലകാലങ്ങളെപ്പറ്റി നല്ല ബോധമില്ല—ക്രമേണ ആ നിലവിളി അടുത്തടുത്തുവരുന്ന പോലെ തോന്നിത്തുടങ്ങി. മെല്ല മിഴി തുറന്നു... നിലവിളി താഴെ കോലായിൽനിന്നാണെന്നു മനസ്സിലായി—നിലവിളിക്കുന്നത് അമ്മ.

ശ്രീധരൻ കസേരയിൽനിന്നു ചാടിയെണീറ്റ്, ചടപടാ എന്നു കോണിപ്പടികൾ ചവിട്ടിയിറങ്ങി ക്ഷണനേരംകൊണ്ടു കോലായിലെത്തി.

ഗോപാലേട്ടന്റെയരികെ തീയും പുകയും—കോസടിക്കു തീപ്പിടിച്ചിരിക്കുന്നു! ഗോപാലേട്ടൻ എണീക്കാൻവയ്യാതെ നിലത്തു കൈകളിട്ടടിക്കുന്നു. അമ്മ പരിഭ്രാന്തയായി ഉറക്കെ നിലവിളിക്കുന്നു.......

പെട്ടെന്നു കണ്ണിൽപ്പെട്ടത്, മൂലയിൽ വെച്ചിരുന്ന കോളാമ്പിയാണ്. നിറഞ്ഞ കോളാമ്പി പൊക്കിയെടുത്തു കത്തിപ്പുകയുന്ന കോസടിയിലേക്കു മറിച്ചു—നേരിയ സീൽക്കാരത്തോടെ അഗ്നി കെട്ടണഞ്ഞു.

ഗോപാലേട്ടൻ മിഴികൾപൊത്തി തേങ്ങിക്കരഞ്ഞു. അമ്മ കോസടിയുടെ അടിയിൽനിന്ന് ഒരു ചിരട്ട പുറത്തെടുത്ത്, ഗോപാലേട്ടനെ ഉറക്കെ ശാസിച്ചു കൊണ്ട് ചിരട്ടയും അതിലെ കരിക്കട്ടയും മുറ്റത്തേക്കു വലിച്ചെറിഞ്ഞ്, പിന്നെ, ഗോപാലേട്ടന്റെ തലയണയ്ക്കടിയിൽ തപ്പി നാലഞ്ചു ബീഡി കൈവശപ്പെടുത്തി.

ഗോപാലേട്ടൻ പൊട്ടിക്കരഞ്ഞു.

കരിഞ്ഞുപുകഞ്ഞ കോസടിത്തുണ്ണിയുടെയും, അതിൽ എടുത്തുമറിച്ച കോളാമ്പിയുടെ ഉള്ളടക്കത്തിന്റെയും ദുർഗ്ഗന്ധം വായുവിൽ തങ്ങിനിന്നു. അവിടേക്കു നോക്കാൻ കഴിഞ്ഞില്ല. കോളാമ്പിയിലെ മലമൂത്രമാണ് ഗോപാലേട്ടനെ തീപ്പൊള്ളലിൽനിന്നും—മരണത്തിൽനിന്നും രക്ഷിച്ചതെന്നും ഓർക്കാതിരുന്നില്ല.

നിലവിളി കേട്ട് അയൽപക്കത്തെ ആളുകൾ ഓടിവരുന്നുണ്ടായിരുന്നു.

കുറ്റംചെയ്ത ഒരു ബാലൻ മാപ്പിരക്കുന്ന സ്വരത്തിൽ ഗോപാലേട്ടൻ വിതുമ്മിക്കൊണ്ടു പറഞ്ഞു: “എളയമ്മ ഇതാരോടും പറയരുത്.”

ഗോപാലേട്ടൻ ചെയ്ത കുറ്റം: തീക്കനൽ മോഷ്ടിച്ച് കോസടിക്കടിയിൽ ഒളിപ്പിച്ചുവച്ചു.

ഗോപാലേട്ടന്റെ രോഗം ദയനീയനിലയിലെത്തിയിരിക്കയാണ്. ചികിത്സകൾകൊണ്ടു പ്രയോജനമില്ലെന്നു ഗോപാലേട്ടനുപോലും കുറേശ്ശെ ബോദ്ധ്യം വന്നുതുടങ്ങിയിരിക്കുന്നു. ഏറ്റവും ഒടുവിൽ നടത്തിയത് പാണൻ കണാരന്റെ വക ഒരു ഹോമമായിരുന്നു.

ശരീരത്തിന്റെ പകുതിമുക്കാൽ ഭാഗങ്ങളും ഉണങ്ങിക്കിടക്കുകയാണ്. മസ്തിഷ്കഞരമ്പുകളിലെ മായാപ്രതിഭാസങ്ങളും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു. രോമകൂപങ്ങളിൽനിന്നു ഉൾഗലുനൂലുകൾ വലിഞ്ഞു വരുന്നതു നിന്നിരിക്കുന്നു. അതിനു പകരം തലയോട്ടിയിൽനിന്നും, കർണ്ണരന്ധ്രങ്ങളിലൂടെയും മറ്റും ചില ജന്തുക്കൾ പുറപ്പെട്ടുവരാൻ തുടങ്ങിയിരിക്കുന്നു—കരിങ്ങാണി, എട്ടുകാലി, തൊട്ടാലൊട്ടി മുതലായ വിഷജന്തുക്കൾ... ഒരിക്കൽ ഗോപാലേട്ടൻ, ചെവിക്കുറ്റിയിലൂടെ അരിച്ചുകേറുന്ന എന്തോ ഒന്നിനെ തട്ടിത്തെറിപ്പിച്ച്, അതു നിലത്തുടെ ഇഴഞ്ഞുപോകുന്നത് അറപ്പും പേടിയും

കലർന്ന മുഖഭാവത്തോടെ നോക്കുന്നതു കണ്ടു ശ്രീധരൻ ചോദിച്ചു: " എന്താ ഗോപാലേട്ടാ, നോക്കുന്നത്?"

"ഒരുക്കൻ ഊറാമ്പുലി!" ഗോപാലേട്ടൻ കണ്ണുമിഴിച്ച് ചുണ്ടു കോട്ടിക്കൊണ്ടു പറഞ്ഞു: "തലയോട്ടിൽനിന്നു ചെവിയിലൂടെയാണ് ആ പഹയൻ പുറത്തു ചാടിയത്."

"ഗോപാലേട്ടൻ്റെ രോഗത്തിനു കാരണം ആ ഊറാമ്പുലിയായിരിക്കും. അവൻ ഒഴിഞ്ഞുപോയല്ലോ—ഇനി ഗോപാലേട്ടനു വേഗം എണീറ്റു നടക്കാറാവും....." ശ്രീധരൻ നയത്തോടെ ആശ്വസിപ്പിക്കാൻ നോക്കി.

"എണീറ്റു പോടാ അവിടുന്ന്—ആളെ കളിയാക്കാതെ." ഗോപാലേട്ടൻ ശുണ്ഠിയെടുത്തുകൊണ്ടു പറഞ്ഞു. (തലച്ചോറിൽ പൂർവ്വബോധം പുനഃസ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു അപ്പോഴേക്കും.)

അത്തരം മാനസികവിഭ്രാന്തി ക്ഷണനേരമേ നിലനിന്നിരുന്നുള്ളൂ. പിന്നെ മണിക്കൂറുകളോളം തുടർച്ചയായി തെളിഞ്ഞ പ്രജ്ഞയായിരിക്കും. അപ്പോൾ തൻ്റെ ദുർവ്വിധിയോർത്ത്, ശൂന്യതയിലേക്കു മിഴിച്ചുനോക്കിക്കിടക്കുന്ന ഗോപാലേട്ടനെ കാണുമ്പോൾ, ശ്രീധരൻ്റെ കണ്ണുകൾ നനയും—പാവം! എന്തൊരു ജീവിതം!

ഗോപാലേട്ടൻ ബീഡിവലിച്ചു ശീലിച്ച ആളാണ്. സുഖക്കേടിൽ കിടപ്പിലായപ്പോൾ, അച്ഛൻ കാണാതെയാണ് ബീഡി വലിച്ചിരുന്നത്. പിന്നെ ക്രമേണ അച്ഛൻ വീട്ടിലുള്ള സമയത്തും പുകവലിച്ചുതുടങ്ങി. പുറംതിരിഞ്ഞു കിടന്നു പുകയൊളിപ്പിച്ചുകൊണ്ട്—അച്ഛൻ കണ്ടില്ലെന്നു നടിക്കും.

ഗോപാലേട്ടനു മിനിറ്റിനു മിനിറ്റിനു ബീഡി വലിക്കണമെന്നായി—പുകവലി തലച്ചോറിനെ കൂടുതൽ തകരാറിലാക്കിത്തീർക്കുമെന്ന് വൈദ്യന്മാരും ഡോക്ടർമാരും താക്കീതുചെയ്തപ്പോൾ, അച്ഛൻ ഗോപാലേട്ടൻ്റെ ബീഡിവലി കർശനമായി നിരോധിച്ചു. ഗോപാലേട്ടൻ വഴങ്ങിയില്ല. ഗോപാലേട്ടന് ഉണർവ്വും ഉന്മേഷവും നൽകുന്ന ഒരു സുഹൃത്താണ് ബീഡി. അവനെ ഉപേക്ഷിക്കാൻ ഗോപാലേട്ടൻ കൂട്ടാക്കിയില്ല. എന്നാൽ നിയന്ത്രണം പാലിക്കണമെന്നായി, അച്ഛൻ. ബീഡി റേഷൻചെയ്തു. ദിവസേന ആറു ബീഡി. അതു ക്രമേണ ചുരുക്കിച്ചുരുക്കി കൊണ്ടുവരണം. അങ്ങനെ ഒന്നുരണ്ടു മാസത്തിനകം ബീഡിവലിതന്നെ ഉപേക്ഷിക്കണം.

ഗോപാലേട്ടൻ സമ്മതിച്ചു. എന്നാൽ, ആ പരിപാടി വിജയിച്ചില്ല. ഒരു ദിവസം ഒരുകെട്ടു ബീഡി—ഇരുപത്തഞ്ചെണ്ണം—പുകച്ചുതീർത്തു ഗോപാലേട്ടൻ.

അപ്പോൾ അച്ഛൻ ഗോപാലേട്ടൻ്റെയരികെ ബീഡി സൂക്ഷിക്കാൻ പാടില്ലെന്നു പറഞ്ഞു. റേഷൻബീഡി അപ്പപ്പോൾ സപ്ലൈചെയ്യാൻ അമ്മയെ ഏൽപിച്ചു.

ഗോപാലേട്ടൻ വിഹിതത്തിലും കൂടുതൽ ബീഡിക്കുവേണ്ടി ഇളയമ്മയോടു കെഞ്ചും. ചിലപ്പോൾ ഒരു കുഞ്ഞിനെപ്പോലെ കരയുകയും ചെയ്യും. അപ്പോൾ ശ്രീധരൻ്റെ അമ്മയുടെ കരളലിയും; കണക്കുതെറ്റിച്ചു ബീഡി കൊടുക്കും.

അച്ഛൻ ഒരുദിവസം മുറ്റത്തെ ബീഡിക്കുറ്റികൾ എണ്ണിനോക്കി. പന്ത്രണ്ടെണ്ണം.

തീപ്പെട്ടിയുണ്ടെങ്കിലല്ലേ ബീഡി കത്തിക്കാൻ കഴിയൂ? തീപ്പെട്ടി നിരോധിച്ചു. സമയത്ത് അടുക്കളയിൽനിന്ന് തീ എടുത്തുകൊണ്ടുവന്നു കൊടുക്കണം. അങ്ങനെയൊരു സൂത്രം പ്രയോഗിച്ചു അച്ഛൻ—ആറു പ്രാവശ്യത്തിലേറെ തീ കൊടുത്തുപോകരുതെന്ന് അമ്മയെ കർശനമായി താക്കീതു ചെയ്തു.

ഗോപാലേട്ടൻ വിഷമത്തിലായി. അധികപ്പറ്റായ ബീഡി കൈയിലുണ്ട്. അതു പിടിപ്പിക്കാൻ വഴിയില്ല. അച്ഛന്റെ കൽപന ലംഘിക്കാൻ അമ്മയും ധൈര്യപ്പെട്ടില്ല. “ദണ്ണം മാറട്ടെ ഗോപാലാ. നിനക്ക് ഇഷ്ടംപോലെ ബീഡി വലിക്കാം.” ഇളയമ്മ വാത്സല്യത്തോടെ ഉപദേശിച്ചു.

അങ്ങനെയിരിക്കെയാണ് അന്നു ഗോപാലേട്ടൻ തീക്കട്ട കട്ടുവയ്ക്കാൻ തീരുമാനിച്ചത്— ഇളയമ്മ അടുക്കളയിൽനിന്ന് ഒരു ചിരട്ടയിൽ കൊണ്ടുവന്നുകൊടുത്ത തീക്കനൽ ആവശ്യം കഴിഞ്ഞു മുറ്റത്തേക്കു വലിച്ചെറിയാതെ കോസടിക്കടിയിൽ ഒളിച്ചുസൂക്ഷിച്ചു. പുകവലി കഴിഞ്ഞ് ഒരു മയക്കത്തോടെ കണ്ണടയ്ക്കുകയും ചെയ്തു.

അമ്മ എന്തോ ആവശ്യത്തിനു കോലായിലേക്കു വന്നപ്പോൾ ഗോപാലേട്ടന്റെ കോസടിയിൽനിന്നു തീയും പുകയും പൊങ്ങുന്നതാണു കണ്ടത്. പരിഭ്രമംകൊണ്ട് ഇതികർത്തവ്യതാമൂഢയായി ഉറക്കെ നിലവിളികൂട്ടിയപ്പോഴാണ് ഗോപാലേട്ടൻ മയക്കത്തിൽനിന്നുണർന്നത്. അപ്പോൾ ശ്രീധരനും പൊന്നമ്മ സംഭവത്തിന്റെ മാസ്മരനിദ്രയിൽപ്പെട്ടു കിടക്കുകയായിരുന്നു, മാളിക വരാന്തയിൽ.

## 21. കറുപ്പും വെളുപ്പും

അതിരാണിപ്പടത്തെ അമ്മാളു, വെളുത്തുതടിച്ച് നല്ല അഴകുള്ളൊരു പ്രൗഢയാണ്. അമ്മാളുവിന്റെ കിഴവിത്തള്ള കുഞ്ഞിക്കാളിയും പഴയ ദശാബ്ദങ്ങളിലെ ഒരു പ്രാദേശികമേനകയായിരുന്നു. പരമ്പരയാ ചീത്തപ്പേരുള്ള കുടുംബമാണ്. (കുഞ്ഞിക്കാളി കുറേക്കാലം ഒരു പാണ്ടിത്തട്ടാന്റെ വെപ്പാട്ടിയായിരുന്നു.) അമ്മാളുവിനും ഒരു ഭർത്താവുണ്ടെന്നാണു വെയ്പ്. അമ്മാളു കടപ്പുറത്തു വെള്ളക്കാരുടെ ചൂടിക്കമ്പനിയിൽ വേലയ്ക്കു പോകാറുണ്ട്. വെളിച്ചെണ്ണ മിനുക്കിയ കേശഭാരം ഒരു തേങ്ങയുടെ വലുപ്പത്തിൽ പിൻകഴുത്തിൽ കെട്ടിവെച്ച്, കണ്ണിൽ മയ്യെഴുതി, നെറ്റിയിൽ സിന്ദൂരപ്പൊട്ടു തൊട്ട്, കക്ഷത്തിൽ ഒരു പനയോലവട്ടിയും നിക്ഷേപിച്ച് ആനച്ചന്തത്തോടെ അടിവെച്ചടിവെച്ചു നീങ്ങുന്ന അമ്മാളുവിനെ കണ്ടാൽ ആരുമൊന്നു തിരിഞ്ഞുനോക്കിപ്പോവും. ചൂടിക്കമ്പനിയിലെ വെള്ളക്കാരൻ സായ്പിന് അമ്മാളുവിനെ കണ്ടു കമ്പംകേറി. അതിന്റെ ഫലമായി അമ്മാളുവിന് ഒരു പെൺകുഞ്ഞു ജനിച്ചു. നരച്ച മിഴികളും ചെമ്പൻ തലമുടിയും പെറ്റുവീണ എലിക്കുഞ്ഞിന്റെ തൊലിനിറവുമുള്ളൊരു ബൊമ്മക്കുട്ടി! അമ്മാളുവിന്റെ പത്രാസ് ഒരു ഡിഗ്രി പൊങ്ങി. ഭർത്താവ് വെള്ളക്കാരൻ സായ്പാണെന്നതിന്റെ സർട്ടിഫിക്കറ്റല്ലേ കിട്ടിയിരിക്കുന്നത്!

കുഞ്ഞിനു മീനാക്ഷി എന്നു പേരിട്ടു.

മീനാക്ഷി വളർന്നപ്പോൾ പഴയ ബൊമ്മച്ചിയുടെ കോലത്തിനും നിറത്തിനും ചില പരിണാമങ്ങൾ വന്നുചേർന്നു. തലമുടിയിൽ കുറേശ്ശെ കറുപ്പു കേറി. കൺമിഴികളുടെ നിറം മയ്യെഴുതി മായ്ക്കാമെന്നായി. ദേഹത്തിനു മിനുപ്പും കാന്തിയും വർദ്ധിച്ചു—നല്ല ചമ്പകപ്പൂവർണ്ണം!

പ്രായം പതിന്നാലിലെത്തിയിട്ടേയുള്ളു. അപ്പോഴേക്കും അതിരാണിപ്പാടത്തെ അഭിനവമേനകയായി വിലസിത്തുടങ്ങിയിരിക്കുന്നു മീനാക്ഷി.

അന്നു രാവിലെ ഇടവഴിമുക്കിൽവെച്ച് മീനാക്ഷിയെ കണ്ടപ്പോൾ ഉസ്താദ് വാസുവിനു പെട്ടെന്നൊരു പഴംപാട്ടു പാടാൻ തോന്നി—ഉസ്താദിന്റെ കൂടെ കൈവണ്ടിപ്പെരച്ചൻമകൻ സ്വസ്ഥംകുഞ്ഞാണ്ടിയുമുണ്ടായിരുന്നു. കുഞ്ഞാണ്ടിയുടെ ചുമലിൽ കൈവെച്ചുകൊണ്ട് ഉസ്താദ് ഉറക്കെ പാടി:

—അമ്മക്ക് പൊങ്കാപ്പ്മോൾക്ക് പൊൻവള

—മോളെമോൾക്കൊരു കുപ്പിവള

—അമ്മക്ക് കാതിലമോൾക്ക് നൽത്തോട

—മോളെമോൾക്കൊരു കുഞ്ഞിക്കമ്മൽ

—അമ്മക്ക് പഠാണി—മോൾക്ക് സായിപ്പ്

—മോളെമോൾക്കൊരു വെള്ളക്കാരൻ.....

കുഞ്ഞാണ്ടി പാട്ടിന്റെ താളത്തിനു ചൂളംവിളിച്ചു. പാട്ടിന്റെകൂടെ ഒരു ഡാൻസും വേണമെന്നു തോന്നി ഉസ്താദിന്. റെയിൽവേ ക്ളബ്ബിൽവെച്ചു സായ്പും മദാമ്മയും

അന്േയാന്യം അരക്കെട്ടു ചുറ്റിപ്പിടിച്ചു ചുവടുവെച്ചു കുലുങ്ങിച്ചുറ്റി നീങ്ങുംപോലെയുള്ള ഒരു ഡാൻസ്.

ആ മുഹൂർത്തത്തിലാണ്, ഒരു കൈയിൽ പുസ്തകക്കെട്ടും, മറ്റേക്കൈയിൽ പട്ടുകുടയുമായി ദാവണിക്കാരി കുമാരി നളിനി ആ മൂലയിൽ എത്തിയത്. അവൾ പാട്ടും ചൂളംവിളിയും കേട്ടു. വഴിമുട്ടിച്ചുനിന്ന നൃത്തംചെയ്യുന്ന ചെറുപ്പക്കാരെയും കണ്ടു.

വഴിക്കുള്ള എല്ലാ യുവനേത്രങ്ങളും തന്റെ നേർക്ക് അസ്ത്രം വിടുന്നുണ്ടെന്ന മിഥ്യാബോധം പുലർത്തിക്കൊണ്ടാണ് നളിനിയുടെ നടത്തം. വാസുവിനേയും കുഞ്ഞാണ്ടിയേയും കണ്ട് അവൾ അറച്ചുനിന്നു. പിന്നെ മുഖവും വീർപ്പിച്ചുകൊണ്ടു തിരിഞ്ഞൊരു നടത്തം പാസ്സാക്കി—നേരെ വീട്ടിലേക്ക്.

ജ്യേഷ്ഠത്തിയുടെ ഭർത്താവ് ഭാസ്കരൻമുതലാളി, പാണ്ടികശാലയിലേക്കു പോകാൻ പുറപ്പെട്ടുനിൽക്കുകയായിരുന്നു. സ്കൂളിലേക്കു പുറപ്പെട്ടുപോയ നളിനി കരഞ്ഞുകൊണ്ടു തിരികെ വരുന്നതു കണ്ട ഭാസ്കരൻമുതലാളി പരിഭ്രമത്തോടെ ചോദിച്ചു: "എന്താ, നളിനി സ്കൂളിൽ പോയില്േല?"

"ഞാനിനി ഒറ്റയ്ക്ക് ആ ഇടവഴീക്കൂടി പോകൂലാ."—നളിനി വിങ്ങിവിങ്ങിക്കരഞ്ഞു.

"ങേയ്! —നളിനി എന്തെങ്കിലും കണ്ടു പേടിച്ചോ?"

"രണ്ടു പോക്കിരിക്കുണ്ടന്മാർ തോന്ന്യാസപ്പാട്ടു പാടി ചൂളംവിളിച്ച് എന്നെ തടുത്തു...ഞാൻ, ഞാൻ..." (ഗദ്ഗദംകൊണ്ടു വാക്കുകൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല.)

ഭാസ്കരൻമുതലാളിയുടെ മുഖം പറങ്കിമാങ്ങപോലെ ചുവന്നു.

"ഏതാണ് ആ പിള്ളേർ? നീ അറിയേ്വാ?"

"എനിക്കറിഞ്ഞൂടാ—" നളിനി നുണപറഞ്ഞു. (വാസുവിനെ അവൾക്കറിയാം—ഫർണിച്ചർ വർക്ക്ഷാപ്പിൽ ആശാരി മാധവനെക്കാണാൻ വരാറുള്ള കുഞ്ഞാണ്ടിയേയും അവൾക്കു കണ്ടു പരിചയമുണ്ട്.)

ഭാസ്കരൻമുതലാളി തന്റെ ഫർണിച്ചർ പണിപ്പുരയിൽനിന്ന് ആശാരി മാധവനെ വിളിച്ചു: "മാധവാ, നീ ഓടിച്ചെന്നു നോക്കി വാ—ആ തെമ്മാടിക്കുണ്ടന്മാർ ആരാണെന്ന് —"

ഉളിയും താഴെയിട്ട് ആശാരി മാധവൻ ഇടവഴിയിലേക്കു പാഞ്ഞു.

പാട്ടും നൃത്തവും മതിയാക്കി ഉസ്താദും സ്വസ്ഥവും എന്തോ രഹസ്യം സംസാരിച്ചുകൊണ്ടു നീങ്ങുകയായിരുന്നു. ഉസ്താദിന്റെകൂടെ കുഞ്ഞാണ്ടിയെ കണ്ടപ്പോൾ ആശാരി അൽപമൊന്നു പരുങ്ങി—(ഭാസ്കരൻമുതലാളിയുടെ ഫർണിച്ചർ വർക്ക്ഷാപ്പിൽനിന്നു മാധവൻ ഇസ്കിയെടുക്കാറുള്ള അല്ലറചില്ലറ വസ്തുക്കൾ വിറ്റു കാശാക്കിക്കൊടുക്കാൻ അവനെ സഹായിക്കുന്നതു സ്വസ്ഥം കുഞ്ഞാണ്ടിയാണ്.)

ആശാരി മടങ്ങിവന്ന് മുതലാളിയുടെ മുമ്പിൽ റിപ്പോർട്ട് സമർപ്പിച്ചു: "ആള്േവളെ മനസ്സിലായി. പോക്കുഹാജിയുടെ കണക്കപ്പിള്ള വാസുറൈറ്ററും—പിന്നെ ശേട്ടുവിന്റെ കൊളമ്പിയാ വർക്ക്സിൽ പണിയെടുക്കുന്ന ബാലനും......... അന്നു നമ്മളെ നാടകം ഹലാക്കിലാക്കിയ ആ ചങ്ങായി—"

"ംങ്ഹ—ഹ് ആങ്......" ഭാസ്കരൻമുതലാളി പല്ലുഞെരിച്ചു ഞരങ്ങുകയും മൂളുകയുംചെയ്തു.

നളിനി ജഡ്ക്കയിൽ കയറിയിട്ടാണ് അന്നു സ്കൂളിലെത്തിയത്. (പിന്നെ എന്നും പോക്കു ജഡ്ക്കയിലായിരുന്നു—)

അന്നു വൈകുന്നേരം ഭാസ്കരൻമുതലാളി ഷഡകൻ ഹേഡ്കോൺസ്റ്റബിൾ കുമാരനെ ആളയച്ചു വരുത്തി. രാവിലെ നടന്ന സംഭവം വിവരിച്ചു കേൾപ്പിച്ചു.

"ആ റൗഡികളെ ഒന്നു ശരിപ്പെടുത്തിവിട്ടേക്കാം." കുമാരൻഹേഡ് മീശ പിടിച്ചു തിരുമ്മിക്കൊണ്ടു ശപഥംചെയ്തു.

പട്ടണത്തിൽനിന്നു കുറച്ചകലെയുള്ള ഒരു സ്റ്റേഷനിലാണ് കുമാരൻഹേഡിന്റെ ഡ്യൂട്ടി. ഈ കേസിന്റെ അധികാരപരിധി കസ്ബയിലാണ്. കസ്ബയിലെ പൊക്കൻഹേഡ് കുമാരൻഹേഡിന്റെ പഴയ കൂട്ടുകാരനാണ്. ഭാസ്കരൻമുതലാളിയെക്കൊണ്ട് കസ്ബാ സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു കമ്പ്ളൈന്റ് എഴുതിച്ചുവാങ്ങി കുമാരൻഹേഡ് നേരെ കസ്ബാസ്റ്റേഷനിലേക്കു നടകൊണ്ടു.....

കുടക്കാൽബാലനു കമ്പനിയിൽ നൈറ്റ്ഡ്യൂട്ടിയായിരുന്നു. രാത്രി ജോലിയും കഴിഞ്ഞു പിറ്റേന്നു രാവിലെ വീട്ടിലേക്കു വന്നപ്പോൾ പടിക്കൽ ഒരു ചുവന്ന തൊപ്പി അവനെ കാത്തുനിൽക്കുന്നു.

"കറപ്പന്റെ മകൻ ബാലൻ—ആള് നീയല്ലേ?" പോലീസ് കോൺസ്റ്റബിളിന്റെ ചോദ്യം.

അതെയെന്ന് ബാലൻ തലയാട്ടി മൂളി: "എന്താ കാര്യം?"

"ഇൻസ്പെറ്ററെജമാനൻ നിന്നെ സ്റ്റേഷനിലേക്കു വിളിക്കുന്നു; വാ—" ബാലൻ ആകപ്പാടെ പരിഭ്രമിച്ചു. ഉറക്കക്ഷീണമുണ്ട്. രാവിലെ ഒന്നും കഴിച്ചിട്ടില്ല. ഒന്നു കുളിച്ച്, ഭാരതമാതായിൽനിന്ന് ഒരു കുതിരബിരിയാണിയും അടിച്ച് ഉച്ചവരെ കിടന്നുറങ്ങാൻ പരിപാടിയിട്ടുകൊണ്ടാണു കമ്പനിയിൽ നിന്നു വരുന്നത്.

ശങ്കിച്ചുനിൽക്കുന്ന ബാലന്റെ കൈ പോലീസുകാരൻ കടന്നുപിടിച്ചു: "വാ—"

പോലീസുകാരനോട് പിന്നെ എന്തെങ്കിലും ചോദിക്കാനോ പറയാനോ ധൈര്യമുണ്ടായില്ല. അയാളുടെകൂടെ കസ്ബാ പോലീസ്സ്റ്റേഷനിലേക്കു നടന്നു...

ഒരു മണിക്കൂർ കഴിഞ്ഞിട്ടാണ് ബാലനെ സ്റ്റേഷനിൽ നിന്നു വിട്ടയച്ചത്.

ലോക്കപ്പുമുറിയിൽവെച്ച് രണ്ടു പോലീസുകാർ തന്റെ ദേഹത്തേല്പിച്ച ഹേമദണ്ഡങ്ങളെക്കുറിച്ച് ബാലന് ഓർക്കാൻ കഴിയുന്നില്ല. പുറത്തുകടന്ന്, ഓവിനരികേ മൂത്രശങ്കയ്ക്കിരുന്നപ്പോൾ മൂത്രിച്ചത് ചോര—ലാത്തിപ്പിടികൊണ്ടു നാഭിക്കു കിട്ടിയ കുത്തുകൾ അവൻ ഓർത്തു. എന്തിനാണ് തന്നെ ഭേദ്യം ചെയ്യുന്നതെന്ന് ആദ്യം അവനു മനസ്സിലായില്ല. ആധാരം ആണ്ടിയുടെ നാടകം കലക്കിയതിന്റെ പ്രതികാരമായി ആണ്ടിയുടെ രക്ഷാകർത്താവ് ഭാസ്കരൻമുതലാളി പോലീസിനു കൈക്കൂലി കൊടുത്തു ചെയ്യിക്കുന്നതാണെന്നായിരുന്നു അവന്റെ ഊഹം. "എടാ, സ്കൂളിപ്പോണ വല്യവീട്ടിലെ പെങ്കുട്ട്യോളെ നോക്കി, നീയിനി ഊരകല്യക്കിക്കാട്ട്വോ?" എന്നു ചോദിച്ചുകൊണ്ടായിരുന്നു പോലീസുകാരൻ ലാത്തികൊണ്ട് നാഭിയിൽ തുടരെത്തുടരെ ഇടിച്ചത്.

അപ്പോൾ ഇതു താൻ സ്വപ്നത്തിൽപ്പോലും അറിയാത്ത ഒരു കേസിന്റെ പേരിലാണ്. കരളിലും ഇടി കിട്ടി ലാത്തികൊണ്ട്. അവർ കരളിൽ ഉരലിടിച്ചു. പുറമേ ഒരു പോറൽപോലും കാണാത്തവിധം. അവർ തന്റെ നെഞ്ചും നാഭിയും കുത്തിക്കലക്കി. തന്റെ വായിൽ തുണി കുത്തിത്തിരുകിയിട്ടാണ് ആ രാക്ഷസന്മാർ ഈ

വിക്രിയകളെല്ലാം നടത്തിയത്.

ബാലൻ പുരയിലെത്തി—ബാലന്റെ അച്ഛൻ ഈർച്ചക്കാരൻ കറപ്പൻ, മൈസൂരിലെ കാട്ടിലെവിടെയോ വേലയ്ക്കു പോയി മലമ്പനി പിടിപെട്ടു മടങ്ങിവന്നിരിക്കയാണ്. അകത്തൊരു മൂലയിൽ കിടന്ന് അയാൾ വിറയ്ക്കുകയും ഞരങ്ങുകയും ചെയ്യുന്നുണ്ടായിരുന്നു.

ചായ്പിൽ തന്റെ കട്ടിലിൽ ചെന്നിരുന്ന ബാലൻ ഒന്നു ചുമച്ചു. വായിൽ രക്തച്ചുവ.

അങ്ങനെ ബാലൻ എന്ന 'റൗഡി'യെ പോലീസ് അടിച്ചു പഞ്ചറാക്കി വിട്ടു. എന്നാൽ ഒന്നാംപ്രതി, പോക്കുഹാജിയുടെ കണക്കപ്പിള്ള വാസുവിനെ അവർക്ക് പിടിക്കാൻ കഴിഞ്ഞില്ല.

വാസു നാടുവിട്ടു പൊയ്ക്കളഞ്ഞു. അതേ, ഉസ്താദ് വാസു നാടുവിട്ടു പൊയ്ക്കളഞ്ഞു.

ഉസ്താദ് നാട്ടിൽനിന്ന് ഒളിച്ചോടിപ്പോകാനുണ്ടായ കാരണം, വാസ്തവത്തിൽ കുമാരി നളിനീപരിഹാസക്കേസായിരുന്നില്ല. അങ്ങനെ യൊരു കുറ്റാരോപണം വാസുവിന്റെ പേരിൽ ആ സന്ദർഭത്തിൽ വന്നുപെട്ടെന്നേയുള്ളൂ.

അറബിപ്പൊന്നിന്റെ പണവും തട്ടിക്കൊണ്ടാണ് ഉസ്താദ് വാസു അപ്രത്യക്ഷനായത്.

പടിഞ്ഞാറൻ സമുദ്രത്തിനക്കരെയുള്ള കുവൈറ്റ്, സോമാലി മുതലായ സ്ഥലങ്ങളിൽനിന്നു മലബാർതീരത്തേക്കു വ്യാപാരത്തിനു വരുന്ന അറബി പ്രമാണികളുമായി വളരെ അടുപ്പമുള്ള ഒരു മരക്കച്ചവടക്കാരനാണ് വാസുവിന്റെ മുതലാളി പോക്കുഹാജി.

കാരയ്ക്ക (ഈത്തപ്പഴം)യും പാൽക്കായം, സുഗന്ധപ്പശ തുടങ്ങിയ യുനാനിമരുന്നുകളും ചേലവട്ടി, സുവറ മുതലായ കൈത്തൊഴിൽവസ്തുക്കളും മറ്റും ഉരുക്കളിൽ കയറ്റി അറബികൾ മലബാർതീരത്തു വന്നിറങ്ങും. പകരം അവർ ഇവിടെനിന്നു തേക്ക്, വീട്ടി തുടങ്ങിയ മരത്തടികളും മരസ്സാമാനങ്ങളും കുരുമുളകും ചന്ദനവും ചായയും ബീഡിസിഗരറ്റുകളും മറ്റും വാങ്ങിക്കൊണ്ടുപോകും—ഇതിന്റെ കൂടെ അവർ അറബിപ്പൊ ന്നിന്റെ കള്ളക്കടത്തും തരപ്പെടുത്തും. വലിയ ഈന്തപ്പനയോല ക്കൊട്ടകളിൽ കുത്തിനിറച്ച കാരയ്ക്കയുടെ ഉള്ളിൽ സ്വർണ്ണക്കട്ടികളും സ്വർണ്ണനാണയങ്ങളും ഒളിച്ചുവെച്ചിട്ടുണ്ടാവും. കസ്റ്റംസ് പരിശോധകരെ കബളിപ്പിച്ചും മുട്ടിയ ഘട്ടങ്ങളിൽ ഉദ്യോഗസ്ഥന്മാർക്കു കോഴകൊടുത്തും കരയിലെത്തിക്കുന്ന ഈ സ്വർണ്ണങ്ങൾ, പോക്കുഹാജിയെപ്പോലുള്ള ഏജന്റന്മാർ രഹസ്യമായി വിറ്റു പണമാക്കി മാറ്റിക്കൊടുക്കും. ഈ കറുത്ത പണം കടത്തിക്കൊണ്ടു പോകാനും അവർ പല തന്ത്രങ്ങളും പ്രയോഗിച്ചിരുന്നു.

കഴുത്തുമുതൽ കാലിന്റെ നെരിയാണിവരെ ഞാന്നുകിടക്കുന്ന ഒഴുക്കൻ കുപ്പായം ധരിച്ച്, മൊട്ടത്തലയിൽ ചെറിയൊരു നൂൽത്തൊപ്പിയും വെച്ചു നീങ്ങുന്ന അറബികളെ ചെറുപ്പംമുതൽക്കേ ഒരു ഭയത്തോടുകൂടിയാണ് ശ്രീധരൻ വീക്ഷിച്ചിരുന്നത്. അറബിക്കഥകളിലെ കരിംഭൂതങ്ങൾ കടലിൽനിന്നു കേറിവരുന്ന ഒരു പ്രതീതി. അവർ ഒറ്റയായും കൂട്ടമായും ബീച്ചിലും ചിലപ്പോൾ തെരുവുകളിലും അലഞ്ഞുനടക്കും. കൽക്കരിയുടെ നിറം. പനഞ്ചേരട്ടകളെപ്പോലെയുള്ള ചുണ്ടുകൾ. അൽപം ചപ്പിയ മൂക്ക്. ആറടിയിലേറെ പൊക്കം. ആനയുടെ വണ്ണം. ചെപ്പുകുടത്തിൽ കല്ലിട്ടു കിലുക്കുംപോലെയാണ് അവരുടെ സംസാരം. അവർക്കൊരു

പൊതുനാമധേയമുണ്ട്: അഹമ്മദ്.

കറുത്ത അറബികൾ അടിമകളാണത്രേ. വെളുത്ത അറബികളാണ് യജമാനന്മാർ.

വെളുത്ത നിലയങ്കി ധരിച്ച് മസ്‌ലീൻതുണി ചാർത്തിയ ശിരസ്സിൽ കറുത്ത നൂൽക്കയർത്തെരിക പ്രതിഷ്ഠിച്ച്, കൈയിൽ ദസ്‌വി (ജപമാല)യുമായി, പറക്കാൻ ഭാവിക്കുന്ന ആൽബത്രോസ് പക്ഷിയെപ്പോലെ, ഇരിക്കുന്നുണ്ടാവും, കടപ്പുറത്തെ പാണ്ടികശാലത്തിണ്ണയിൽ ഒരു കസേരയിൽ, വെളുത്ത അറബി—യജമാനൻ ഷേക്ക്.

ഉരുവിൽനിന്നു ചരക്കിറക്കിക്കഴിഞ്ഞാൽ കറുത്ത അറബികൾക്കു പിന്നെ, ഒന്നുരണ്ടുമാസം കഴിഞ്ഞു മടക്കയാത്രയ്ക്കൊരുങ്ങുന്നതുവരെ വിശേഷിച്ചു ജോലിയൊന്നുമുണ്ടാവില്ല. അവർ തെരുവിൽ അലഞ്ഞു നടക്കും. ഒരുത്തൻ ഒരു പഴക്കുല വാങ്ങി കൈയിൽ ഉയർത്തിപ്പിടിക്കും. കൂട്ടുകാർ അതിൽനിന്ന് ഓരോ പഴം ഉരിഞ്ഞു തൊലിയോടെ ഭക്ഷിച്ചുകൊണ്ട് ആടിയാടിക്കൊണ്ടു നീങ്ങും. മാസങ്ങളോളം വഞ്ചിയിൽ ആടിയാടിക്കൊണ്ടു കഴിച്ചുകൂട്ടേണ്ടി വരുന്നതിനാലാണ് കരയിൽ നടക്കുമ്പോഴും അവർ ആടിപ്പോകുന്നതെന്നാണ് ഉസ്താദ് വാസു പറഞ്ഞത്. അങ്ങനെ ആടിയാലേ അവർക്കു നടത്തത്തിനു ബാലൻസ് ഉറച്ചുകിട്ടുകയുള്ളുവത്രേ—

കുട്ടികളും സ്ത്രീകളും അവരെ കാണുമ്പോൾ ഓടിയൊളിക്കും. ആ കാട്ടറബികൾ പിടിച്ചു തിന്നുകളയുമെന്നാണ് കുട്ടികളുടെ പേടി. അക്കൂട്ടർ നാട്ടുകാരിപ്പെണ്ണുങ്ങളെ തട്ടിക്കൊണ്ടുപോയി ഉരുവിൽക്കയറ്റി ഒളിപ്പിച്ച് അറേബ്യയിൽ എത്തിക്കാറുണ്ടായിരുന്നത്രേ, പണ്ടുകാലങ്ങളിൽ. തരംകിട്ടിയാൽ ഇപ്പോഴും അവർ അതു ചെയ്യുമെന്നാണ് ഉസ്താദിന്റെ വിശ്വാസം.

എന്നാൽ അറേബ്യയിൽനിന്ന് ഇങ്ങോട്ടും അങ്ങോട്ടുമുള്ള ദീർഘമായ സമുദ്രയാത്രയിൽ അവർക്ക് അഹോരാത്രം അദ്ധ്വാനിച്ചു വേലചെയ്യണം. പായ കെട്ടുന്നതും തണ്ടുവലിക്കുന്നതും ഭക്ഷണം പാകംചെയ്യുന്നതുമെല്ലാം ഈ കരിമ്പന്മാരാണ്. യജമാനന്മാർക്കുവേണ്ടി ജീവൻ കളയാൻ കടപ്പെട്ടവരാണിവർ.

ഇവരെപ്പറ്റി ഉസ്താദ് ഒരിക്കൽ ഒരു കഥ പറഞ്ഞു. പോക്കു ഹാജിയുടെ ഒരു കക്ഷി ഷേക്കിൽനിന്നു കേട്ട ഒരു കഥ.

അറേബ്യയിലെ ദുബായിൽനിന്നു നിബാറി(മലബാർ)ലേക്കു പുറപ്പെട്ട ഒരു ഉരു നടുക്കടലിലെ ഒരു പാറത്തുരുത്തിൽ കയറിപ്പോയി. വഞ്ചി അവിടെ കുരുങ്ങിക്കിടപ്പായി. ഒരു രക്ഷാമാർഗ്ഗവുമില്ല. ഷേക്കും അടിമകളും തങ്ങളുടെ മഖ്ബറ(ശവക്കല്ലറ)യായിത്തീർന്നേക്കാവുന്ന പാറത്തുരുത്തിലേക്ക് മിഴിച്ചുനോക്കിക്കൊണ്ട് ദിവസങ്ങൾ കഴിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം ഉരുവിലെ അടിമപ്പരിഷകളിൽനിന്ന് അഹമ്മദ് മുന്നോട്ടുവന്ന് ഷേക്കിനെ താണുവണങ്ങി ഇങ്ങനെ ഉണർത്തിച്ചു: "ബഖല (ഉരു) അഹമ്മദ് ഇളക്കിവിട്ടു തരാം—ബഖല ഇളകിയാൽ ഉടൻ യാത്ര തുടർന്നുകൊള്ളണം—അഹമ്മദിനെ കാക്കണ്ട....." അതും പറഞ്ഞ് അഹമ്മദ് കടലിലേക്കു ചാടി ഉരുവിന്റെ അടിഭാഗത്തേക്ക് ഊളിയിട്ടു മറഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ ഉരു ഒന്നു ചലിച്ച് ഉലഞ്ഞുപൊങ്ങി. ജോലിക്കാർ ഉടൻ പായ വിടർത്തി, ഉരു കടലിലേക്കു കുതിച്ചുചാടി.

ഷേക്കും വഞ്ചിക്കാരും തിരിഞ്ഞുനോക്കിയപ്പോൾ തുരുത്തിനടുത്തുള്ള ജലത്തിൽ ചോര കലങ്ങിക്കിടക്കുന്നതാണു കണ്ടത്. സ്രാവുകൾ അവിടെ വട്ടംചുറ്റിക്കൊണ്ടിരുന്നു—

വെള്ളത്തിൽ മുങ്ങിയ അഹമ്മദ്, സർവ്വശക്തിയും ബലികഴിച്ച് ഉരുവിന്റെ അടിഭാഗം തന്റെ നടുപ്പുറംകൊണ്ടു പൊക്കിയിളക്കുകയാണു ചെയ്തത്. അതിൽ അവൻ വിജയിച്ചു. എന്നാൽ ആ സാഹസപ്രക്രിയയോടൊപ്പം നട്ടെല്ലു പൊട്ടിത്തകർന്ന് അവനു ജീവൻ വെടിയേണ്ടിവന്നു—-

അഹമ്മദിന്റെ ഗതി ഓർത്തപ്പോൾ ഷേക്കിന്റെ മിഴികളിൽനിന്നും അശ്രുക്കൾ അടർന്നുവീണു.

ഉരുവിലെ അടിമകളിൽവെച്ച് ഏറ്റവും ശക്തനായിരുന്നു യുവാവായ അഹമ്മദ്. അവന്റെ തീറ്റ അസാധാരണമായിരുന്നു. സമുദ്രയാത്രയിൽ അവരുടെ നിത്യാഹാരം മത്തിചേർത്തു പുഴുങ്ങിയ ഈത്തപ്പഴമാണ്. ഒരുപറ പുഴുക്കു മുഴുവനും അഹമ്മദ് ഒറ്റയിരുപ്പിനു ശാപ്പിടും. "തിന്നുമുടിക്കാൻ പിറന്ന പഹയൻ!" കൂട്ടുകാർ അവന്റെ തീറ്റ കണ്ടു പിറാകും. ഷേക്കും അവനെ ശകാരിക്കും:

"എടാ ഹിമാറേ, ഒട്ടകത്തെപ്പോലെ നിനക്ക് ഇരട്ടവയറുണ്ടോ?—നേബാറിലെത്തുന്നതിനുമുമ്പ് ഉരുവിലുള്ളതെല്ലാം വയറ്റിലാക്കി നീ ഞങ്ങളെ പട്ടിണിക്കിട്ടു കൊല്ലരുത്, കേട്ടോ!......"

അഹമ്മദിന്റെ ആനത്തീറ്റ ഇപ്പോൾ ഒരനുഗ്രഹമായിത്തീർന്നു. ഉരു പൊക്കിയിളക്കാനുള്ള ശക്തി അവനു നേടിക്കൊടുത്തത് അവന്റെ ആനത്തീറ്റയാണ്—ഷേക്കിന്റെ ജീവൻ രക്ഷിക്കാൻ ആ കറുത്ത അടിമ മടികൂടാതെ സ്വന്തം ജീവരക്തം ബലിയർപ്പിച്ചു.

തെരുവിലൂടെ നീങ്ങുന്ന കാട്ടറബികളെക്കാണുമ്പോൾ ശ്രീധരൻ അഹമ്മദിനെ ഓർക്കാറുണ്ട്—നട്ടെല്ലുകൊണ്ട് കൂറ്റൻവഞ്ചി ഒറ്റയ്ക്കു പൊക്കിയിളക്കിയ അഹമ്മദിനെ—ടൺകണക്കിൽ മത്തിയും ഈത്തപ്പഴവും തിന്നുകൊഴുത്ത് കൂറ്റൻകുത്തിയ അഹമ്മദിന്റെ ദേഹം കടലിലെ കൊമ്പൻസ്രാവുകൾ കടിച്ചുതിന്നുന്ന രക്തപങ്കിലമായൊരു ചിത്രവും ശ്രീധരന്റെ ഭാവനയിലേക്കൊഴുകിവരും....

അറബിമുതലാളിമാർ കള്ളക്കടത്തിന് ഈ കരിമ്പന്മാരെ ഉപയോഗപ്പെടുത്താറുണ്ടായിരുന്നു. സ്വർണ്ണനാണയങ്ങൾ അട്ടിയാക്കി നേർത്ത റബ്ബർസഞ്ചിയിൽ പൊതിഞ്ഞ് മലദ്വാരത്തിൽ തിരുകിക്കൊടുക്കും. അമ്പതു സ്വർണ്ണ നാണ്യങ്ങൾ ഇങ്ങനെ കുടലിൽ കടത്തിവയ്ക്കാൻ കഴിവുള്ള വീരന്മാർ ഇവരുടെയിടയിലുണ്ടായിരുന്നത്രേ—

ചിലപ്പോൾ, ചരക്കുകൾ അറേബ്യയിൽനിന്ന് ഉരുവിൽ കയറ്റിയയച്ച് ഉടമസ്ഥൻ വിമാനത്തിൽ പറന്നുവരും. പ്ലെയിനിൽ വരുമ്പോഴും ഇവരിൽ ചിലർ സൂത്രത്തിൽ സ്വർണ്ണം കടത്താറുണ്ട്.

ഭാസ്കരൻമുതലാളിയുടെ അറബിസുഹൃത്ത്, അബ്ദുല്ത്താഹ ഒരിക്കൽ ബോംബെയിൽ വിമാനമിറങ്ങിയത്, ഒരു കൈയിൽ തോൽപ്പെട്ടിയും മറ്റേക്കൈയിൽ ഒരു ടിഫിൻകാര്യറും തൂക്കിക്കൊണ്ടായിരുന്നു.

കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ സംശയത്തോടെ അറബിയെ തടഞ്ഞു നിർത്തി. ആദ്യം തോൽപ്പെട്ടി സൂക്ഷ്മമായി പരിശോധിച്ചു—പെട്ടിയുടെ മൂട്ടും മൂലയും അരുപ്പലകയുമെല്ലാം. കണ്ടുകെട്ടത്തക്ക വസ്തുക്കളൊന്നും കിട്ടിയില്ല—പിന്നെ ടിഫിൻകാര്യർ ചൂണ്ടിക്കൊണ്ട് കസ്റ്റംസ് ഉദ്യോഗസ്ഥൻ ചോദിച്ചു: "ഇതെന്താണ്?"

“കണ്ടാലറിഞ്ഞുകൂടെ?—എന്റെ ടിഫിൻകാര്യർ.......”

അറബിയുടെ മറുപടി.

“തുറന്നു കാണിക്കണം.” ഉദ്യോഗസ്ഥന്റെ കൽപന.

അറബി പാത്രത്തിന്റെ മുകളിലത്തെ തട്ടു തുറന്നു കാട്ടിക്കൊടുത്തു.

പൊരിച്ച കോഴി.

ബിസ്മില്ലാഹി ചൊല്ലി അറുത്ത കോഴിയുടെ ഇറച്ചിയേ കഴിക്കു യാഥാസ്ഥിതികനായ അറബിഷേക്ക്—ഹോട്ടലിൽ പാകംചെയ്ത ചിക്കൻ വിശ്വസിക്കാൻ കൊള്ളില്ല. അതുകൊണ്ടാണ് വീട്ടിൽനിന്നുതന്നെ തയ്യാറാക്കി കൂടെ കൊണ്ടുവന്നിരിക്കുന്നത്.

ശരി.

രണ്ടാമത്തെ തട്ടു തുറന്നു. പൊറോട്ട അട്ടിയാക്കിവെച്ചിരിക്കുന്നു. ഇറച്ചിയോടൊപ്പം തിന്നാനുള്ള പൊറോട്ട.

കസ്റ്റംസ് ഉദ്യോഗസ്ഥന്റെ തലച്ചോറിൽ ഒരു കൊള്ളിയാൻ മിന്നി. തടിച്ച പൊറോട്ടയ്ക്കുള്ളിൽ പൊൻനാണ്യങ്ങൾകാണും—

ഉദ്യോഗസ്ഥൻ ഒരു ഫോർക്കുകൊണ്ട് പൊറോട്ടയുടെ പല കോണുകളിലും മദ്ധ്യത്തിലും കുത്തിനോക്കി. ഒന്നും തടയുന്നില്ല. രണ്ടാമത്തെ പൊറോട്ടയും പരിശോധിച്ചു. ശുദ്ധപൊറോട്ട തന്നെ. ഉദ്യോഗസ്ഥൻ വിട്ടില്ല. ആ തട്ടിൽ അടുക്കി വെച്ചിരുന്ന എട്ടു പൊറോട്ടയും കുത്തിയും കീറിയും പരിശോധിച്ചു. ഒരു കരടുപോലും തടഞ്ഞതായിക്കണ്ടില്ല.

മൂന്നാമത്തെ തട്ടിൽ ഉള്ളിയും പച്ചിലകളുംമറ്റുമടങ്ങിയ സലാദായിരുന്നു.

കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ നിരാശയോടെ പരിശോധന മതിയാക്കി.

തന്റെ പരിശുദ്ധഭോജനം അനാവശ്യമായി പരിശോധിച്ച് തന്നെ അലോസരപ്പെടുത്തുകയും അപമാനിക്കുകയും ചെയ്ത കസ്റ്റംസുകാരുടെ അവിവേകത്തിൽ അറബിപ്രമാണി അമർഷവും പ്രതിഷേധവും പ്രകടിപ്പിച്ചു. ഷേക്കിന് കസ്റ്റംസ് പരിശോധനയിൽ അസൗകര്യവും അലട്ടും തോന്നാൻ ഇടവരുത്തിയതിൽ ഉദ്യോഗസ്ഥന്മാർ പതിവുപോലെ പൊള്ളയായ ഖേദം പ്രകടിപ്പിച്ചു. ഒരു സലാം കൊടുത്ത് അറബിയെ പോകാനനുവദിച്ചു.

ഇരുപതിനായിരം ഉറുപ്പിക വിലയ്ക്കുള്ള അറബിപ്പൊന്നുംകൊണ്ടാണ് കസ്റ്റംസ് വലയത്തിൽനിന്നും അബ്ദുല്താഹ പുറത്തുവന്നത്—ശുദ്ധസ്വർണ്ണം കൊണ്ടു സ്പെഷ്യലായി നിർമ്മിച്ചതായിരുന്നു അബ്ദുല്താഹയുടെ ടിഫിൻകാര്യർ.

കാലവർഷാരംഭത്തിനു മുമ്പുതന്നെ അറബികൾ നാടൻചരക്കുകൾ നിറച്ച ഉരുക്കളുമായി തിരികെ അറേബ്യയിലേക്കു പുറപ്പെടും. മടക്ക യാത്രയ്ക്കു തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ അലവലാതിസാധനങ്ങൾ വാങ്ങിക്കൂട്ടുന്ന തിരക്കായിരിക്കും. മെതിയടി, ചൂടിക്കയർ, മരിക, ചിരട്ടക്കയിൽ, ഉലക്ക, ചൂരൽവടി, ചൂടിപ്പടം, ബീഡി, സിഗരറ്റ് മുതലായവ വാങ്ങി ശേഖരിക്കുന്നത് ആ അവസരത്തിലാണ്. അറബികൾക്കാവശ്യമുള്ള സാധനങ്ങൾ അങ്ങാടിയിൽനിന്നു തിരഞ്ഞെടുത്തു വാങ്ങാൻ അവരെ സഹായിക്കുന്നതിനു പോക്കുഹാജി വാസുറൈറ്ററെയാണു പറഞ്ഞയയ്ക്കുക.

കറുത്ത അടിമകൾ കടപ്പുറത്തെ പൂഴിമണ്ണിൽ വട്ടംചുറ്റിയിരുന്നു ബഖലയുടെ ക്യാൻവാസ് പായകൾ ഇഴയിടുകയോ, അതിൽ പുതിയ കഷണങ്ങൾ തുന്നിച്ചേർക്കുകയോ ചെയ്തുകൊണ്ടു കൂട്ടമായി പാട്ടുപാടുന്നുണ്ടാവും.

പോക്കുഹാജിയുടെ അറബിഷേക്ക് അറബിപ്പൊന്നു വിറ്റുകിട്ടിയ കറുത്ത പണം ഒളിച്ചുകടത്താൻ സിഗരറ്റുടിന്നുകളാണുപയോഗിച്ചിരുന്നത്. മുന്തിയ വിദേശ സിഗരറ്റുടിന്നുകൾ വാങ്ങി, സിഗരറ്റുകൾ മൂടി ഭദ്രമാക്കിയ മുകളിലത്തെ നേർത്ത ഈയത്തകിടിന്റെ വട്ട ബ്ലേഡുകൊണ്ടു മുറിച്ചെടുത്ത് സിഗരറ്റുകൾ നീക്കംചെയ്ത് പകരം നൂറിന്റെ കറൻസിനോട്ടുകൾ അട്ടിയാക്കി ചുരുട്ടി ഉള്ളിൽ നിക്ഷേപിച്ച്, ഈയത്തകിടുകൊണ്ടു പഴയപോലെ മൂടി വിളക്കി ശരിപ്പെടുത്തും. അമ്പതു സിഗരറ്റുകളുടെ ഒരു ടിന്നിൽ, പതിനായിരം ഉറുപ്പികയുടെ കറൻസിനോട്ടുകൾ കൊള്ളിക്കാൻ കഴിയും. ഈ ടിന്നുകൾ പ്രത്യേകം അടയാളപ്പെടുത്തി, അലവലാതിച്ചരക്കുകളുടെ കൂട്ടത്തിൽ യഥാർത്ഥ സിഗരറ്റുടിന്നുകൾക്കിടയിൽ കലർത്തിയിട്ടേക്കും.

പോക്കുഹാജിയുടെയും ഹാജിയുടെ അറബിക്കക്ഷികളുടെയും കൂടെയുള്ള ആറേഴ് വർഷക്കാലത്തെ പരിചയംകൊണ്ടു വാസുറൈറ്റർ അവരുടെ വ്യാപാരങ്ങളുടെ എല്ലാ രഹസ്യങ്ങളും മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അക്കൂട്ടത്തിൽ അറബിപ്പൊന്നിന്റെ കള്ളക്കടത്തുസൂത്രങ്ങളും.

ഈ സീസണിൽ, അറബികൾക്കു കൊണ്ടുപോകാനുള്ള അലവലാതി സാമാനങ്ങൾ വാങ്ങിക്കെട്ടിയൊരുക്കുന്ന തിരക്കിൽ വാസുറൈറ്റർ ഒരു പണി പറ്റിച്ചു. മാർക്കുചെയ്തു വെച്ചിരുന്ന സിഗരറ്റ് ടിന്നുകളിൽ ഒരെണ്ണം മാറ്റിക്കളഞ്ഞു. പകരത്തിനു പകരം ഒരു പുത്തൻടിൻ അവിടെ തിരുകിവയ്ക്കുകയും ചെയ്തു.

അതിരാണിപ്പാടത്തിനടുത്തുള്ള ഇടവഴിയിൽവെച്ച് വെളുത്ത മീനാക്ഷിയെ കണ്ട്, സ്വസ്ഥംകുഞ്ഞാണ്ടിയുടെ അര ചുറ്റിപ്പിടിച്ചു പാട്ടും നൃത്തവും നടത്തിയ ദിവസം രാത്രിയിൽത്തന്നെ ഉസ്താദ് തടിതപ്പി.

പോക്കുഹാജി ആളെ അയച്ച് അന്വേഷിപ്പിച്ചു. വാസുറൈറ്റർ തലേന്നു രാത്രി പുരയിൽ വന്നിട്ടില്ല—കുമാരി നളിനീപരിഹാസക്കേസിലെ പ്രതിയെ പോലീസുകാർ പല സ്ഥലത്തും അന്വേഷിച്ചു. വാസുവിന്റെ പൊടിപോലും കിട്ടിയില്ല.

അങ്ങനെ കുവൈറ്റിലെ ഒരു ഷേക്കിനു കള്ളപ്പൊന്നുപണയത്തിന്റെ കണക്കിൽ പതിനായിരം ഉറുപ്പികയും, പോക്കുഹാജിക്കു മിടുക്കനായൊരു കണക്കപ്പിള്ളയും, കുമാരി നളിനീപരിഹാസക്കേസിൽ പോലീസിന് ഒന്നാം പ്രതിയും അതിരാണിപ്പാടത്തെ സപ്പർസർക്കീറ്റ് സംഘത്തിന് അതിന്റെ നേതാവും ഒരു രാത്രികൊണ്ടു നഷ്ടപ്പെട്ടു.

## 22. രഥയാത്ര

ശ്രീധരൻ കുടക്കാൽ ബാലനെ കാണാൻ അവന്റെ പുരയിലേക്കു ചെന്നു. ചായ്പിലിട്ട ചൂടിക്കട്ടിലിൽ അവശനിലയിൽ കിടക്കുകയായിരുന്നു, ബാലൻ! ശ്രീധരനെ കണ്ടപ്പോൾ അവനൊന്നു മുഖം ചുളിച്ചു. മുഖത്ത് ഒരു മന്ദഹാസത്തിന്റെ പേക്കോലം നിരങ്ങിപ്പോയി.

"ബാലാ, നിനക്കെന്തുപറ്റി?" ശ്രീധരൻ കട്ടിലിൽ ബാലന്റെയരികെ ഇരുന്ന് അവനെ ആപാദചൂഡം ഒന്നു വീക്ഷിച്ചു. സംഭവങ്ങളുടെ സത്യാവസ്ഥ, യാദൃശ്ചികമായി മറ്റൊരുവഴിക്കു ശ്രീധരൻ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു.

"പോലീസുകാർ സ്റ്റേഷനിലേക്കു വിളിച്ചുകൊണ്ടുപോയി എന്നെ ഈ നിലയിലാക്കി വിട്ടു. ശ്രീധരാ......." ബാലൻ കീഴ്ച്ചുണ്ടു കടിച്ച്, നെഞ്ചു തടവി, മുറ്റത്തെ ശൂന്യതയിലേക്കു തുറിച്ചുനോക്കിക്കൊണ്ടു മൊഴിഞ്ഞു.

സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുപോയി പോലീസുകാർ തന്നെ കുത്തിച്ചതച്ചു വിട്ട കഥയൊന്നും ബാലൻ പുരയിൽ അറിയിച്ചിരുന്നില്ല. ദേഹത്തിനു നല്ല സുഖമില്ല എന്നുമാത്രം പറഞ്ഞു നെഞ്ചും നാഭിയും ഉഴിഞ്ഞു വേദന കടിച്ചുതിന്നുകൊണ്ട് മിണ്ടാതെ കട്ടിലിൽക്കേറി കിടക്കുകയായിരുന്നു.

നടുവകത്തെ മൂലയിൽനിന്നു മൂളലും ഞരങ്ങലും കേൾക്കുന്നു. ബാലന്റെ അച്ഛൻ കറപ്പന്റെ ജ്വരഗർജ്ജനങ്ങൾ—മുനിസിപ്പൽ ആസ്പത്രിയില് നിന്നു കൊടുത്ത ക്വയിനാഗുളികകളും വിഴുങ്ങി, വിറച്ചും വിയർത്തൊലിച്ചും, കൂടെക്കൂടെ ചൂടുവെള്ളം മോന്തിക്കുടിച്ചും, മൈസൂർക്കാടുകളെ ശപിച്ചും കിടന്നുഴലുകയാണ്, ആ മനുഷ്യൻ.

"പോലീസുകാർ നിന്നെ വല്ലാണ്ട് ഉപദ്രവിച്ചോ ബാലാ—? നീറുന്ന സഹതാപത്തോടെ ശ്രീധരൻ ചോദിച്ചു.

ബാലൻ എല്ലാം വിസ്തരിച്ചു പറഞ്ഞു. പോലീസിന്റെ മൃഗീയ മർദ്ദന വിധികൾ അനുഭവസ്ഥനായ സുഹൃത്തിൽനിന്നു കേട്ടപ്പോൾ ശ്രീധരന്റെ മിഴികൾ നനഞ്ഞുപോയി. ബാലന്റെ മെലിഞ്ഞു കോമളമായ ശരീരം ഇങ്ങനെ ഇടിച്ചു കലക്കിവിടാൻ അവർക്കെങ്ങനെ മനസ്സുവന്നു. ഭഗവാനേ!—

മർത്ത്യനു മർത്ത്യനെപ്പോലെയിത്ര
നിർദ്ദയനായൊരു ശത്രുവില്ലാ—
മർദ്ദനവൈഭവമിത്തരത്തിൽ
ക്രുദ്ധമൃഗങ്ങൾക്കുപോലുമില്ല......

ശ്രീധരന്റെ മനസ്സിൽ അപ്പോൾ അങ്ങനെയൊരു കവിത രൂപം പ്രാപിച്ചു. അത്, ബാലനെ പാടിക്കേൾപ്പിക്കണമെന്നു തോന്നി. എന്നാൽ, അങ്ങനെ ചെയ്തില്ല. ബാലൻ തെറ്റിദ്ധരിക്കും. താൻ പ്രാണവേദനകൊണ്ടു പിടയുന്നു—ഇവൻ പാട്ടുപാടുന്നു.

"ബാലാ, നിന്നെ പോലീസിനെക്കൊണ്ടു തല്ലിച്ചത് ആരാണെന്നു നിനക്കറിയേ്വാ?"

"ഭാസ്കരൻമുതലാളിയല്ലാതെ പിന്ന്യാരാണ്?—അന്ന പണിക്കരെ സ്കൂളിലെ നാടകം എറിഞ്ഞുനാറ്റിച്ചതിന് അയാള്ള പകവീട്ടിയതാണ്."

ബാലൻ തലയാട്ടിക്കൊണ്ടു പറഞ്ഞു.

"ഇതു ചെയ്യിച്ചതു ഭാസ്കരൻ മുതലാളിതന്നെ—എന്നാൽ, നാടകം കലക്കിയ കുറ്റത്തിനല്ല നിനക്കിതു കിട്ടിയത്....."

"പിന്നെയന്തിനാണ്?"

"ഭാസ്കരൻമുതലാളിയുടെ ഭാര്യയുടെ അനുജത്തി നളിനിയെ പരിഹസിച്ച പാട്ടുകെട്ടിപ്പാടി അവളോടു ശൃംഗരിക്കാൻ ചെന്നവെന്നാണ് നിന്റെ പേരിലുള്ള കേസ്......"

"ആര്, ഞാനോ?—ആ കുളൂസ്കാരി നളിനിയോടു ഞാൻ കൊഞ്ചാൻ ചെന്നവെന്നോ? —ഒരു ഫലിതം കേട്ടപോലെ ബാലൻ കേ്രാന്തമ്പല്ലു കാട്ടി തനിയേ ചിരിച്ചു.

"നീ ചിരിക്കണ്ട—സംഗതി അതാണ്—ഭാസ്കരൻമുതലാളിയെ ഒരുത്തൻ അങ്ങനെ നുണപറഞ്ഞു വിശ്വസിപ്പിച്ചു—"

"ആരാണതു ചെയ്തത്?"

"ആ ഹമുക്ക്, ആശാരി മാധവൻ....."

അതു കേട്ടപ്പോൾ ബാലൻ മിഴിച്ചിരുന്നുപോയി. ശ്രീധരൻ വിസ്തരിച്ചുപറഞ്ഞുകൊടുത്തു: "വാസ്തവത്തിൽ, ഉസ്താദ് വാസുവും സ്വസ്ഥം കുഞ്ഞാണ്ടിയുമാണ് അന്ന് ആ ഇടവഴിയിൽ വെച്ചു പാട്ടും ഡാൻസും നടത്തിയത്. അതു നളിനിയെ കണ്ടിട്ടായിരുന്നില്ല. അമ്മാളുഅമ്മയുടെ മോള് ആ വെള്ളക്കുറയിലേ്ല—മീനാക്ഷി—അവളെക്കണ്ടിട്ടാണ് ഉസ്താദിനു ഹാലിളകിയത്. നളിനി ഭാസ്കരൻമുതലാളിയോടു സങ്കടം പറഞ്ഞു. മുതലാളി, ആ റൗഡിപ്പിള്ളരെ നോക്കി മനസ്സിലാക്കി വരാൻ ആശാരി മാധവനെ പറഞ്ഞയച്ചു. ഉസ്താദിനേയും തന്റെ പുതിയ ചങ്ങാതിയായ സ്വസ്ഥം കുഞ്ഞാണ്ടിയേയുമാണ് മാധവൻ അവിടെ കണ്ടത്. കുഞ്ഞാണ്ടിയെ രക്ഷിക്കാനും നിന്നോടുള്ള പകവീട്ടാനും ആശാരി അറപ്പിൽക്കൊള്ളിക്കും പോലെ ഒരു കളവു തിരുകിക്കൊടുത്തു: ഉസ്താദിന്റെ കൂടെയുണ്ടായിരുന്നത് 'സേട്ടുവിന്റെ കൊളമ്പിയാ വർക്ക്ഷാപ്പിലെ ബാലനാ' യിരുന്നുവെന്ന്. ആ റൗഡിപ്പിള്ളരെ ഒന്ന് അലക്കിവിടാൻ ഭാസ്കരൻമുതലാളി, ഷഡകൻ കുമാരൻ ഹേഡിനെ ശട്ടംചെയ്തു. ഉസ്താദിനെ കിട്ടിയില്ല. ഉസ്താദിനു വെച്ചതുംകൂടി അവർ നിനക്കുതന്നു—അതാണുണ്ടായത്."

ബാലൻ കുറച്ചുനേരം ചിന്താമഗ്നനായി മൗനംപൂണ്ടു കിടന്നു. പിന്നെ ഒരു ദീർഘനിശ്വാസംവിട്ടുകൊണ്ടു ചോദിച്ചു: "ശ്രീധരൻ എങ്ങനെയാണ് ഇതെല്ലാം അറിഞ്ഞത്?"

"സ്വസ്ഥം കുഞ്ഞാണ്ടിതന്നെ പറഞ്ഞതാണ്—കുഞ്ഞാണ്ടി കള്ളു കുടിക്കാൻ ചെന്നപ്പോൾ ചെത്തുകാരൻ മാക്കോതയോടു പറഞ്ഞു. മാക്കോത ഭാര്യ അമ്മിണിയോടു പറഞ്ഞു. അമ്മിണി കന്നിപ്പറമ്പിൽ വന്നപ്പോൾ അമ്മയോടു പറഞ്ഞു. അമ്മ അച്ഛനോടു പറയുന്നതു ഞാൻ കേട്ടു...."

ബാലൻ വീണ്ടും മൗനംപൂണ്ടു കിടന്നു.

"ഇതെല്ലാം ആ ആശാരിയുടെ വിക്രസ്സാണെന്ന് ഇപ്പോൾ ബാലനു മനസ്സിലായിലേ്ല? ആശാരി മാധവനെ വെറുതെവിടാൻ പാടില്ല. അവനെ ഒരു പാഠം

പഠിപ്പിക്കണം.”

അതു കേട്ടു ബാലൻ ഒന്നു മന്ദഹസിച്ചു.

“ബാലൻ എന്താലോചിച്ചിട്ടാണ് തനിയെ ചിരിക്കുന്നത്? ശ്രീധരൻ ചോദിച്ചു.

“അല്ലാ—ഞാൻ ആലോചിക്ക്യാണ്.” ബാലൻ താടി തടവിക്കൊണ്ടു പറഞ്ഞു: “നമ്മളെ സപ്പർസർക്കീറ്റസംഘത്തിന്റെ ഒരു ഗ്രഹചാരം—ആദ്യം വെള്ളക്കുറ കുഞ്ഞിരാമൻ പോയി. പിന്നെ കൊമ്പൻദാമു പോയി. തടിച്ചി കുങ്കിച്ചിയമ്മയും നമ്മളെ താവളവും പോയി, ആശാരി കാലുമാറി. ഇപ്പോഴിതാ ഉസ്താദ് വാസുവും നമ്മളെ വിട്ടുപോയി—ഞാനോ, ഈ നിലയിലുമായി.....”

“നീ ഏതു നിലയിലാണായത്? ബാലനെ ആശ്വസിപ്പിക്കാൻ തക്കം പാർത്തിരുന്ന ശ്രീധരൻ ചോദിച്ചു: “നീ ഒരുഴിച്ചൽ കഴിക്കണം. പിന്നെ പതിന്നാലു ദിവസം കോഴിസൂപ്പു കുടിക്കണം—എന്നാൽ തടി നന്നാകും—”

“ഹ്ഉം! ഉഴിച്ചലും പിഴിച്ചലും!—ബാലൻ മുറ്റത്തേക്കു മിഴിച്ചുനോക്കിക്കൊണ്ടു പറഞ്ഞു: “അതിനൊക്കെ ചെലവിടാൻ പൈസയെവിടെ? കമ്പനിയിൽ പോകാതിരുന്നാൽ പുര പട്ടിണിയാകും—അതാണു സ്ഥിതി!—”

ശ്രീധരന് ഒന്നും പറയാനില്ല.

ബാലൻ പുതിയൊരാവേശത്തോടെ എഴുന്നേറ്റിരുന്നു കൈ ഞെരിച്ചുകൊണ്ടു ദൃഢസ്വരത്തിൽ പറഞ്ഞു: “ശ്രീധരാ, നമ്മുടെ സംഘം പൊളിയാൻ പാടില്ല......”

“എന്റേയും ആഗ്രഹം അതാണ്....” ബാലന്റെ ആവേശത്തിൽ ശ്രീധരനും പങ്കുചേർന്നു.

“സംഘത്തിന്റെ ഒരടിയന്തിരയോഗം വിളിച്ചുകൂട്ടണം.”

ബാലന്റെ പ്രമേയത്തേയും ശ്രീധരൻ പിന്താങ്ങി.

യോഗം ആരു വിളിക്കും? സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നത് ആശാരി മാധവനായിരുന്നു. അവൻ ശത്രുപക്ഷത്തിലേക്കു വലിഞ്ഞിരിക്കയാണ്—നേതാവ് ഉസ്താദ് വാസു നാടുവിട്ടു. ചക്കരച്ചോറു കേളുക്കുട്ടിയും മുതലാളി പക്ഷത്തുചേർന്ന്, കോർമീനയിലെ കോരപ്പൻകൺട്രാക്ടരുടെ ഒരു കീഴ്ക്കൺട്രാക്ടരായി തമിഴ്നാട്ടിൽ താവളമാക്കിയിരിക്കയാണ്. പിന്നെയുള്ളതു കരിമ്പൂച്ച ധോബി മുത്തുവാണ്. അവനെ നമ്പിക്കൂടാ. മീറ്റിങ്ങിനു വിളിച്ചാൽ വരാമെന്നു പറയും; വരില്ല. രാവും പകലും അർജന്റ് വർക്കാണത്രേ—വളരെക്കാലത്തിനിടയ്ക്കു സംഘം പരിപാടികളിൽ പങ്കെടുത്തുകൊണ്ട് അവൻ നിർവ്വഹിച്ച ഒരു സേവനം, പണിക്കരുടെ സ്കൂളിൽവെച്ചു നടന്ന അമ്മാളുപരിണയം നാടകംകലക്കിപ്പരിപാടിയിൽ ഒരു അയേ്യാനിലവിളി മുഴക്കിയതായിരുന്നു. അന്ന് അയേ്യാനിലവിളി മുഴക്കിയതു താനായിരുന്നുവെന്ന് അവൻ നാടുമുഴുവൻ പറഞ്ഞു പരത്തുകയും ചെയ്തു....പുറത്തിറങ്ങാൻ ആവതില്ലാത്ത അവസ്ഥയിൽ കിടക്കുന്ന കുടക്കാൽ ബാലൻ. സജീവാംഗമായി ഒരുത്തൻ മാത്രമുണ്ട്—ഈയുള്ളവൻ—മൈനർ ശ്രീധരൻ.....

ബാലന്റെ ചിന്തയും ഏതാണ്ട് ആവഴിക്കുതന്നെയാണു സഞ്ചരിക്കുന്നതെന്ന് ശ്രീധരൻ ഊഹിച്ചു.

“നമുക്കൊരു പുതിയ നേതാവിനെ തിരഞ്ഞെടുക്കണം.” ബാലൻ നെഞ്ചുഴിഞ്ഞുകൊണ്ടു പറഞ്ഞു.

“സപ്പർസർക്കീറ്റ് സംഘത്തിന്റെ പുതിയ ഉസ്താദ് ഇനി ബാലൻ തന്നെ—” ശ്രീധരൻ സമർത്ഥിച്ചു.

“എണീറ്റുനടക്കാൻ കൊതംല്ലാത്ത ഞാനതിനു പറ്റൂല, ശ്രീധരാ!” ബാലൻ ചുണ്ടുകടിച്ചു തലയാട്ടിക്കൊണ്ട് ഒഴിഞ്ഞുമാറി.

“എന്നാൽ സംഘം പിരിച്ചുവിടാം.” ശ്രീധരൻ അഭിപ്രായപ്പെട്ടു.

ബാലൻ കുറച്ചുനേരം ആലോചിച്ചു: “പിരിച്ചുവിടേണ്ടാ—ഇനിമേൽ ശ്രീധരൻ മൈനറല്ല മേജർതന്നെ. സംഘത്തിന്റെ നേതൃത്വം ശ്രീധരൻ ഏറ്റെടുക്കണം....”

അതു കേട്ടപ്പോൾ ശ്രീധരന്റെ അന്തരംഗത്തിൽ പുതിയൊരഭിമാനവും ലേശം ആശങ്കയും ഉദയംചെയ്തു.....വിപൽസന്ധിയിൽനിന്നു സംഘത്തെ രക്ഷിക്കേണ്ടതു തന്റെ കർത്തവ്യമാണ്—ധീരമായൊരു പരീക്ഷണം.

വേലിക്കലെ കടലാവണക്കിൻ ചെടികളിലേക്കു നോക്കിക്കൊണ്ട് ശ്രീധരൻ ഗാഢമായി ആലോചിച്ചു.

“ശ്രീധരൻ എന്തു പറയുന്നു?” ബാലന്റെ ചോദ്യം.

“എന്നാൽ ഒരു കാര്യം ചെയ്യാം—അവസാനത്തെ ഒരു പരിപാടിയും നടത്തി സംഘം ലിക്വിഡേറ്റ് ചെയ്യാം—” ശ്രീധരൻ അഭിപ്രായപ്പെട്ടു.

“ആ പരിപാടി എന്താണ്?” ബാലന്റെ ചോദ്യം.

“ആ ആശാരിയെ ഒന്നു വകയിരുത്തണം.” ശ്രീധരൻ പ്രതികാരവാഞ്ഛയോടെ പ്രസ്താവിച്ചു.

ബാലൻ ഒന്നും മിണ്ടിയില്ല.

ശ്രീധരൻ സഹതാപത്തോടെ ബാലന്റെ മുഖത്തേക്കു നോക്കി. കൃഷ്ണൻ മാസ്റ്ററെ—തന്റെ അച്ഛനെ—പരസ്യമായി അപമാനിക്കുന്നതു തടയാനാണ് ബാലൻ അമ്മാളുപരിണയം അലങ്കോലപ്പെടുത്തിയത്. വാസ്തവത്തിൽ അന്നത്തെ ആ പ്രകടനത്തിന്റെ പേരിലാണ് അവൻ പോലീസിന്റെ മൃഗീയമർദ്ദനമേറ്റ്, ഇങ്ങനെ ജീവച്ഛവമായിത്തീർന്നത്. ആ ആശാരിയുടെ ഏഷണിയുടെ ഫലമായി. ആ ആശാരിയെ ഒന്നു ശരിപ്പെടുത്തിയേ കഴിയൂ. സപ്പർസർക്കീറ്റ്സംഘത്തിന്റെ കൊടിക്കീഴിൽത്തന്നെ അതു നടത്തണം.

“കരിമ്പൂച്ചയെ കിട്ടിയില്ലെങ്കിൽ ശ്രീധരൻതന്നെ ഒറ്റയ്ക്ക് ആ പരിപാടി നടത്തേണ്ടിവരും.” ബാലൻ താക്കീതുചെയ്തു.

“ഓ!—ഞാനേറ്റു.” ശ്രീധരൻ ബാലന്റെ കൈപിടിച്ചു കുലുക്കി.

അടുത്ത ഞായറാഴ്ച അർദ്ധരാത്രി. സപ്പർസർക്കീറ്റ്സംഘത്തിന്റെ ചരമയോഗം ബാലന്റെ പുരയിൽവെച്ചു ചേരാൻ തീരുമാനിച്ചു. ശ്രീധരൻ ബാലനോടു യാത്രപറഞ്ഞു പിരിഞ്ഞു.

വിവരം ഒരംഗത്തെ മാത്രമേ അറിയിക്കേണ്ടതുണ്ടായിരുന്നുള്ളു കരിമ്പൂച്ച ധോബി മുത്തുവിനെ.

ശ്രീധരൻ കന്നിപ്പറമ്പിൽ മടങ്ങിയെത്തിയപ്പോൾ അമ്മ പറഞ്ഞു: “ആ പട്ടര് നിന്നെ വിളിച്ചിരുന്നു.”

ശ്രീധരന്റെ അമ്മ പട്ടരെന്നു പറഞ്ഞത്, കോർമീനയിലെ കോരപ്പൻ കൺട്രാക്റ്റർ

വാടകയ്ക്കു കൊടുക്കാൻ പണിത മാളികവീട്ടിൽ താമസമാക്കിയ ധർമ്മരാജഅയ്യങ്കാരെപ്പറ്റിയായിരുന്നു. റെയിൽവേ ട്രാഫിക് സൂപ്രണ്ടാപ്പീസിലെ ഒരുദ്യോഗസ്ഥനാണ് ധർമ്മരാജ്. തൃശ്ശിനാപ്പള്ളിയിൽനിന്നു ട്രാൻസ്ഫറായി ഇവിടെ വന്നിരിക്കയാണ്. വൃദ്ധയായ മാതാവും യുവതിയായ സഹോദരിയുമടങ്ങിയ ഒരു ചെറുകുടുംബം. ധർമ്മരാജ് അവിവാഹിതനാണ്.

പുതിയ അയൽപക്കക്കാരെന്നനിലയിൽ ആ അയ്യങ്കാർകുടുംബവുമായി കന്നിപ്പറമ്പിലുള്ളവർ പരിചയപ്പെട്ടു. ചെറുപ്പക്കാരനായ ആ ഉദ്യോഗസ്ഥനെപ്പറ്റി കൃഷ്ണൻമാസ്റ്റർക്കു വലിയ മതിപ്പു തോന്നി. മിസ്റ്റർ ധർമ്മരാജ് അയ്യങ്കാർ, ബി. ഏ. ഓണേർസ് ഫസ്റ്റ്ക്ളാസ്സായി പാസ്സായ വീരനാണ്. ഉച്ചാരണം അൽപം മോശമാണെങ്കിലും ഇംഗ്ലീഷ് പൊടി പൊടിച്ചു സംസാരിക്കും. ഇഡ്യമേറ്റിക് ഇംഗ്ലീഷ്. തൃശ്ശിനാപ്പള്ളിയിലെ വെള്ളപ്പാതിരിമാരുടെ കോളേജിൽനിന്നാണ് ധർമ്മരാജ് അയ്യങ്കാർ പഠിച്ചു പാസ്സായത്. അതുകൊണ്ടാണ് അയാൾക്ക് ഇംഗ്ലീഷ് ഭാഷ ഇങ്ങനെ ഭേഷായി കൈകാര്യംചെയ്യാൻ കഴിയുന്നത് എന്ന് കൃഷ്ണൻമാസ്റ്റർ ശ്രീധരനോടു പറഞ്ഞു. (ഇന്റർ പാസ്സായാൽ ശ്രീധരനെ ബി. ഏ. യ്ക്കു പഠിപ്പിക്കാൻ തൃശ്ശിനാപ്പള്ളിയിലേക്കയച്ചാലോ എന്നും മാസ്റ്റർ ഒരിക്കൽ ആലോചിക്കുകയുണ്ടായി.)

ധർമ്മരാജ് അയ്യങ്കാരുടെ സഹോദരി സരസ്വതിയംബാൾ, അഴകിന്റെ ഒരദ്ഭുതസൃഷ്ടിയായിരുന്നു. പത്തരമാറ്റു തങ്കത്തിന്റെ നിറമുള്ള മേനി. അഴിച്ചിട്ടാൽ കണങ്കാൽവരെയെത്തുന്ന കരിനീലത്തലമുടി. പൂർണ്ണചന്ദ്രബിംബംപോലെ പ്രശാന്തജ്യോതിസ്സുവഴിയുന്ന വലിയ വട്ടമുഖം. ആഭരണത്തിന്റെയോ പൊന്നിന്റെയോ ഒരു മിന്നുപോലും ആ മെയ്യിലണിഞ്ഞിരുന്നില്ല. സരസ്വതിയംബാൾ വിധവയാണ്. പതിനഞ്ചാംവയസ്സിൽ വിവാഹിതയായി. പതിനാറാം വയസ്സിൽ വിധവയായി, അതാണ് സരസ്വതിയംബാളുടെ ജീവിതകഥ.

ആഫീസ് വിട്ടു വന്നാൽ ധർമ്മരാജ് അയ്യങ്കാർക്കു പുസ്തകവായനയാണ്—കൊണൻഡോയൽ, മേറി കോറലി, റൈഡര് ഹാഗേർഡ് തുടങ്ങിയ ഫിക്ഷ്യൻ എഴുത്തുകാരുടെ കൃതികൾ റെയിൽവേ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിൽനിന്ന് എടുത്തുകൊണ്ടുവരും. പുസ്തകങ്ങൾ ശ്രീധരനും വായിക്കാൻ കൊടുക്കും. അങ്ങനെ ശ്രീധരനും ഇംഗ്ലീഷ് നോവൽവായനയിൽ താൽപര്യം വളർന്നു. അയ്യങ്കാരുടെ വീട്ടിൽ ഒരു നിത്യനായിത്തീർന്നു, ശ്രീധരൻ.

ഒരുദിവസം അയ്യങ്കാർ ശ്രീധരനോടു പറഞ്ഞു:

"ശ്രീധരൻ, നിത്യേന ഈരണ്ടു കോഴിമുട്ട വേണം. പെങ്ങൾക്കു തലയിൽതേക്കാൻ ഉണ്ടാക്കുന്ന ഒരു തൈലത്തിൽ ചേർക്കാനാണ്—."

"ഓ റെഡി!"—ശ്രീധരൻ തലകുലുക്കി.

കന്നിപ്പറമ്പിൽ ശ്രീധരന്റെ അമ്മ ആറേഴു കോഴികളെ വളർത്തുന്നുണ്ടായിരുന്നു. നിത്യവും നാലഞ്ചു മുട്ടകൾ കിട്ടും. ഈരണ്ടെണ്ണം സരസ്വതിയംബാളുടെ കുന്തളതൈലത്തിനു നീക്കിവെച്ചു.

സരസ്വതിയംബാളുടെ തലമുടിയുടെ സമൃദ്ധമായ വളർച്ചയ്ക്കും മിനുപ്പിനും കാരണം, ആ കോഴിമുട്ടത്തൈലപ്രയോഗമാണെന്ന് ശ്രീധരൻ വിശ്വസിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം ശ്രീധരൻ വായിച്ചുതീർത്ത റൈഡർ ഹാഗ്ഗേർഡിന്റെ "കിങ് സോളമൺസ്

മൈൻസ്" എന്ന ഗ്രന്ഥം മടക്കിക്കൊടുക്കാൻ രാവിലെ അവിടെ ചെന്നപ്പോൾ അയ്യങ്കാർ അടുക്കളയിലായിരുന്നു. അടുക്കളയിൽനിന്നു മുട്ടപൊരിക്കുന്ന മണം ഇഴഞ്ഞുവരുന്നു! ശ്രീധരൻ വാതിൽക്കൽച്ചെന്ന് ഒന്നെത്തിനോക്കി. ഒരു ടർക്കിഷ് ബാത്ത് ടൗവൽ ഉടുത്ത്, അർദ്ധനഗ്നനായി, പൂണൂലിട്ട ആ ബ്രാഹ്മണൻ അടുപ്പിലെ ചട്ടിയിൽ ഓമ്ലറ്റ് പാകംചെയ്യുന്നു! ശ്രീധരനെ കണ്ടപ്പോൾ ധർമ്മരാജ് ഒരിളിഭ്യച്ചിരി ചിരിച്ചു. പിന്നെ വാസ്തവം തുറന്നുപറഞ്ഞു: കോഴിമുട്ട വാങ്ങുന്നതു പൊരിച്ചു തിന്നാനാണ്. തനിക്ക് ബ്രേക്ക് ഫാസ്റ്റിനു നിത്യവും ഓമ്ലറ്റ് കൂടിയേ കഴിയൂ—പച്ചക്കറിമാർക്കറ്റിൽനിന്ന് പട്ടർ കോഴിമുട്ട വാങ്ങുന്നതു കണ്ടാൽ ആളുകൾ പരിഹസിക്കും. അതുകൊണ്ടാണ് ഉപായം പറഞ്ഞ് ശ്രീധരനെക്കൊണ്ട് അതു വരുത്തിക്കുന്നത്.

ഒരു ദിവസം സരസ്വതിയംബാളും ശ്രീധരന്റെ മുമ്പിൽ ഒരപേക്ഷ സമർപ്പിച്ചു: "കൊഞ്ചം പൂ കൊടുക്കുമാ?"

പൂക്കൾ സരസ്വതിയംബാൾക്കു മുടിയിൽ ചൂടാനല്ല—പൂജചെയ്യാനാണ്.

"ഓ, റെഡി!" ശ്രീധരൻ ഓടി.

കന്നിപ്പറമ്പിൽ ശ്രീധരൻ വളർത്തുന്ന ഉദ്യാനം നിറയെ പൂക്കൾ ചൂടി നിൽക്കുകയാണ്. നാനാനിറങ്ങളിലുള്ള പനിനീർ—പലതരത്തിലുള്ള ചെമ്പരത്തി—മുല്ല—പിച്ചകങ്ങൾ—നന്ത്യാർവട്ടം, ചേമന്തി, അന്തിമലരി, അശോകത്തെച്ചി, പെഗോഡ—അങ്ങനെ പൂക്കളുടെ ഒരു പൂരം. പാരിജാതമരവും നിറയെ പൂത്തു നിൽക്കുന്നുണ്ടായിരുന്നു.

പൂക്കളറുത്ത് വാഴിയിലക്കുമ്പിളിൽ നിറച്ചു സരസ്വതിയംബാൾക്കു നിത്യവും കാഴ്ചവയ്ക്കും.

മാളികയിലാണ് സരസ്വതിയംബാളുടെ പൂജാമുറി. (കന്നിപ്പറമ്പിലെ മാളികമുറിയിൽ നിന്നാൽ, സരസ്വതിയംബാൾ പൂജചെയ്യുന്നതു ശരിക്കുകാണാം.) ധർമ്മരാജ് അടുക്കളയിൽനിന്ന് ഓമ്ലറ്റ് പൊരിക്കുമ്പോൾ, സരസ്വതിയംബാൾ മുകളിലെ മുറിയിൽ ദേവനു പുഷ്പാർച്ചന നടത്തുന്നുണ്ടാവും.

ദേവന്റെ മുമ്പിൽ നിലത്ത് എറിഞ്ഞുകളയുന്ന ആ പൂക്കൾ സരസ്വതിയംബാൾ മുടിയിൽ ചൂടിയിരുന്നുവെങ്കിൽ!

ശ്രീധരൻ പഴയപോലെ സായാഹ്നങ്ങളിൽ മുനിസിപ്പൽ ലൈബ്രറിയിൽ പോയിത്തുടങ്ങി. റെയിൽവേ കോമ്പൗണ്ടിലൂടെയുള്ള കുറുക്കുവഴിക്കല്ല, ഇപ്പോഴത്തെ പോക്ക്. പൊതുനിരത്തിലൂടെയും ഇടവഴികളിലൂടെയും ഒരു മൈൽ ചുറ്റിവളഞ്ഞു സഞ്ചരിക്കും. റെയിൽവേ യാർഡിലൂടെയാണെങ്കിൽ അന്നു പൊന്നമ്മയുടെ മാംസക്കഷണങ്ങളും കുരുതിക്കളവും ഉടഞ്ഞ തയിർക്കുടവും ചിതറിക്കിടന്നിരുന്ന മൂല കടന്നു പോകണം. ആ സന്ധിയിലെത്തുമ്പോൾ തലചുറ്റി വീണുപോകുമെന്നൊരു ഭയം—തീവണ്ടിയെഞ്ചിന്റെ ഉമ്മലും ചീറ്റലും കേൾക്കുമ്പോൾ തലച്ചോറിലെ സിരകളിലൂടെ ഉരുക്കുചക്രങ്ങൾ നിരങ്ങുന്നതുപോലെ ഒരു കിരുകിരുപ്പ് അനുഭവപ്പെടും...അമ്മുക്കുട്ടിയെ ഓർക്കുമ്പോൾ ആ മൂക്കുത്തിക്കല്ലും, ചെമ്പൻമിഴികളും, കുപ്പിവളക്കൈകളും, പൊന്നമ്മയുടെ ബലിക്കളം വിഴുങ്ങിക്കളയുന്നു—ആ സമ്മിശ്രസ്മരണകൾ മനസ്സിൽനിന്നു ക്ഷണനേരത്തേക്കെങ്കിലും ഉഴിഞ്ഞു മാറ്റിക്കളയുന്നതിന് ഒരുപായം കണ്ടെത്തിയിരിക്കുന്നു. സരസ്വതിയംബാളുടെ മുഖം—പൂർണ്ണചന്ദ്രനെപ്പോലുള്ള ആ മുഖം—ശുദ്ധിയും ശാന്തിയും ദിവ്യതേജസ്സും തളംകെട്ടി നിൽക്കുന്ന ആ മുഖം സ്ത്രൈണതാരുണ്യസൗന്ദര്യം

സ്വാഭാവികമായും മനസ്സിലങ്കുരിപ്പിക്കുന്ന മോഹവികാരങ്ങളല്ല, സരസ്വതിയംബാളെ കാണുമ്പോഴും ഓർക്കുമ്പോഴും ശ്രീധരന്റെ യുവഹൃദയത്തിലുളവാകുന്നത്. പൗർണ്ണമിനിലാവു കാണുമ്പോഴുണ്ടാകുന്ന ഒരാനന്ദം—ശ്മശാനത്തെപ്പോലും സുന്ദരദൃശ്യമാക്കിത്തീർക്കുന്ന പൗർണ്ണമി നിലാവ്...

ഞായറാഴ്ച രാത്രി വന്നുചേർന്നു. സപ്പർസർക്കീറ്റ്സംഘത്തിന്റെ അന്ത്യരാത്രി! ആശാരി മാധവനോടുള്ള പ്രതികാരം നിർവ്വഹിക്കാൻ നീക്കിവെച്ച നിർണ്ണായകരാത്രി!

മണി പന്ത്രണ്ടടിച്ചു.

ശ്രീധരൻ കോസടിയിൽനിന്നെണീറ്റു. ഷർട്ടു ധരിച്ചു തലയിൽ തോർത്തു മുണ്ടുകൊണ്ടൊരു കെട്ടും കെട്ടി കഠാരിക്കത്തിയെടുത്തു മടിക്കുത്തിൽ തിരുകി (മത്സ്യത്തിന്റെ ആകൃതിയിലുള്ള പിത്തളപ്പിടിയോടു കൂടിയ ആ നാടൻ കത്തി, കിഴക്കുള്ള ചന്തുക്കുഞ്ഞൻ ശ്രീധരനു സമ്മാനിച്ചതായിരുന്നു.) മാളികവരാന്തയിൽ വന്നു നിന്നു.

പുറത്തു നല്ല നിലാവ്. പൗർണ്ണമിയാണ്.

പറമ്പിലെ തെങ്ങിൻകൂട്ടങ്ങളുടെ പഴുതിലൂടെ വെള്ളിനിലാവ്, വീടിന്റെ മൂലയിൽ, ഒഴുകിക്കൊണ്ടിരുന്നു. ആ മൂലയിലൂടെയാണ് ശ്രീധരനു താഴെയിറങ്ങേണ്ടത്.

പെട്ടെന്നു ഗോപാലേട്ടനെ ഓർത്തു. കോലായയുടെ മറ്റേ മൂലയിൽക്കിടക്കുന്ന ഗോപാലേട്ടൻ ഉറങ്ങിയിരിക്കുമോ?

അടുത്ത കുറച്ചുദിവസമായിട്ടു ഗോപാലേട്ടന്റെ ദീനത്തിനു വളരെ ആശ്വാസം കാണുന്നുണ്ട്. ഇപ്പോൾ തലയോട്ടിയിൽനിന്ന് ഊറാമ്പുലിയും തേളും തൊട്ടാലൊട്ടിയും പുറത്തുചാടാറില്ല.

കാലുകൾ ചത്തനിലയിൽത്തന്നെയാണെങ്കിലും, ശേഷം അവയവങ്ങൾ ശരിക്കും ഉണർന്നു പ്രവർത്തിക്കുന്നുണ്ട്. രുചിയോടെ ആഹാരം കഴിക്കുന്നു. രാത്രിയിൽ സുഖമായി ഉറങ്ങുന്നു. ബുദ്ധിയുടെ വെളിവും മുഖത്തെ തേജസ്സും വർദ്ധിച്ചിരിക്കുന്നു.

അപ്പോൾ എന്തുകൊണ്ടോ സരസ്വതിയംബാളെക്കുറിച്ച് ഓർത്തു—താരുണ്യത്തഴപ്പും, സൗന്ദര്യപ്പൊലിമയും ആരോഗ്യവായ്പുമുള്ള ആ അയ്യങ്കാർമങ്കയുടെ ജീവിതം ഈശ്വരപൂജയ്ക്കു് ഉഴിഞ്ഞിട്ടിരിക്കയാണ്.......... സരസ്വതിയംബാൾ വിധവയായിരുന്നില്ലെങ്കിൽ!....ഗോപാലേട്ടൻ നിത്യരോഗിയായിരുന്നില്ലെങ്കിൽ!.....ഗോപാലേട്ടൻ സരസ്വതിയംബാളെ വിവാഹം കഴിച്ച് കന്നിപ്പറമ്പിൽ ആനന്ദത്തോടെ ജീവിതമാഘോഷിക്കുന്ന ഒരു ചിത്രം—ഒരു സ്വപ്നംപോലെ—മനസ്സിലേക്കിഴഞ്ഞുവന്നു. അസംബന്ധം... ഗോപാലേട്ടനും സരസ്വതിയംബാളും രോഗത്തിൽനിന്നും വൈധവ്യത്തിൽനിന്നും വിമുക്തരായിരുന്നുവെങ്കിൽക്കൂടി അവർക്ക് അന്യോന്യം വിവാഹം കഴിക്കാൻ നിലവിലുള്ള ജാതിസമ്പ്രദായം വിലങ്ങുതടിയായി നിൽക്കുകയില്ലേ?

സ്വതന്ത്രജീവിതബന്ധങ്ങൾ കുത്തിക്കലക്കാൻ ഈശ്വരനും മനുഷ്യനും കൂടി നടത്തുന്ന ക്രൂരവിനോദങ്ങളുടെ ഗൂഢാലോചനകളാണ് ലോകത്തിലെങ്ങും നടക്കുന്നത് —സുന്ദരീരത്നമായ സരസ്വതിയംബാളെ വൈധവ്യം കൊണ്ടു വധിച്ച ദുഷ്ടനായ ദൈവം —കോമളഗാത്രനായ ഗോപാലേട്ടനെ രോഗംകൊണ്ടു വീഴ്ത്തിയ ദുഷ്ടനായ ദൈവം— നിരപരാധിയായ ബാലനെ മർദ്ദിച്ചു ചാവാറാക്കിവിട്ട ദുഷ്ടനായ മനുഷ്യൻ...

സരസ്വതിയംബാളെ ഒരു ജ്യേഷ്ഠസഹോദരിയെന്നപോലെ സ്നേഹിക്കുന്നു.

സ്വന്തമായി ഒരു സഹോദരിയെക്കിട്ടാനുള്ള ഭാഗ്യം ജീവിതത്തിലുണ്ടായിരുന്നില്ല—നിത്യവും രാവിലെ സരസ്വതിയംബാളുടെ പൂജയ്ക്കു വേണ്ടി കന്നിപ്പറമ്പിലെ തോട്ടത്തിൽനിന്നു പൂക്കളിറുക്കുമ്പോൾ ഒരു സഹോദരിക്കുവേണ്ടി സേവനം നിർവ്വഹിക്കുന്നതിലുള്ള ആനന്ദവും ചാരിതാർത്ഥ്യവുമാണ് അനുഭവപ്പെടുന്നത്.......

ശ്രീധരൻ ചുമരിലെ ആദ്യത്തെ മൂലക്കല്ലിൽ കാലെടുത്തുവെച്ചു. പിന്നേയും സംശയിച്ചുനിന്നു—നിലാവ് ആ മൂലയിലേക്കു ടോർച്ചടിക്കും പോലെ പ്രകാശം വീശുന്നു...നിലാവിനെ ശപിച്ചു. നിലാവിനെക്കുറിച്ചു നീണ്ട കവിതകൾ രചിച്ച യുവകവിയായ ശ്രീധരൻ നിലാവിനെ ശപിച്ചു—കവികൾക്കു പ്രിയങ്കരനായ ചന്ദ്രൻ, കാമുകന്മാർക്കും കള്ളന്മാർക്കും ഭയങ്കരനാണെന്നു ബോദ്ധ്യമായി...പൂർണ്ണചന്ദ്രനെ കണ്ടപ്പോൾ സരസ്വതിയംബാളുടെ മുഖം മനസ്സിൽ നിറഞ്ഞുനിന്നു.

ബാലൻ ശ്രീധരനെയും കാത്തു നിമിഷങ്ങളെണ്ണിക്കിടക്കുകയായിരിക്കും...

ചുമരിൽ പറ്റിപ്പിടിച്ച് പടവുകൾ ചവിട്ടി ഇറങ്ങി കോലായത്തിണ്ണമ്പിൽ കാലുകുത്തി......

"ശ്രീധരാ—ശ്രീധരാ—കള്ളൻ!—കള്ളൻ!......"

ഗോപാലേട്ടന്റെ നിലവിളി.

ഇടിവെട്ടേറ്റപോലെ ശ്രീധരൻ അങ്ങനെതന്നെ നിന്നുപോയി—ഉണർന്നു കിടന്നു ഒരു ബീഡി വലിച്ചുകൊണ്ടിരുന്ന ഗോപാലേട്ടൻ ചുമരിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന 'കള്ളനെ' കണ്ട് ഉറക്കെ നിലവിളിക്കുകയാണ്.

ഒരു നിർണ്ണായകനിമിഷം.

ആപൽഘട്ടം തരണംചെയ്യാൻ ഒരു വഴിയേയുള്ളു: ഗോപാലേട്ടനെ ശരണം പ്രാപിക്കുക—

തലക്കെട്ടഴിച്ച് ഗോപാലേട്ടന്റെ അടുത്തേക്കു ചെന്നു:

"പേടിക്കണ്ട—ഗോപാലേട്ടാ—ഇത്—ഞാനാണ്......"

"ആര്?....നീയോ?—ശ്രീധരാ.."

ഗോപാലേട്ടന്റെ നിലവിളി കേട്ട്, അകത്തുനിന്ന് അച്ഛൻ, "എന്താ ഗോപാലാ, എന്താ ഗോപാലാ?" എന്നു പരിഭ്രമത്തോടെ വിളിച്ചുചോദിച്ചുകൊണ്ടു വാതിൽ തുറക്കുന്ന ശബ്ദം—

"വേഗം അപ്പുറത്തു പോയി ഒളിച്ചോ......" ബീഡിക്കുറ്റി മുറ്റത്തേയ്ക്കു വലിച്ചെറിഞ്ഞ്, ഗോപാലേട്ടൻ ഉപദേശിച്ചു.

ശ്രീധരൻ അടുക്കളയുടെ പിന്മുറ്റത്തേക്കു പാഞ്ഞു.

"ഗോപാലനെന്തിനാണു നിലവിളിച്ചത്?" അച്ഛൻ കോലായിൽനിന്നു ചോദിക്കുന്നതു കേട്ടു.

ശ്രീധരൻ അടുക്കളച്ചുമരിനോടു പറ്റിനിന്നു ചെവിയോർക്കുകയായിരുന്നു. ഗോപാലേട്ടൻ എന്താണു പറയുക?—ശ്രീധരന്റെ കരൾ ഉച്ചത്തിൽ മിടിച്ചു.

"ഗോപാലൻ കള്ളനെ കണ്ടിട്ടല്ലേ നെലേം വിളീം കൂട്ട്യേത്—എവിടെ കള്ളൻ?..." അമ്മയുടെ ശബ്ദം. (അച്ഛനു പിറകെ അമ്മയും കോലായിലെത്തിയിരിക്കുന്നു.)

"ഞാൻ ഉറക്കത്തിൽ എന്തോ കണ്ടു പേടിച്ചു —" ഗോപാലേട്ടന്റെ മൃദുലസ്വരം.

ശ്രീധരൻ ആശ്വാസത്തോടെ നെഞ്ചുഴിഞ്ഞ് ഒരു നെടുവീർപ്പയച്ചു—ഈശ്വരാ, രക്ഷപ്പെട്ടു!

ഇല്ല. തികച്ചും രക്ഷപ്പെട്ടിട്ടില്ല. തലച്ചോറിൽനിന്നൊരരുളപ്പാട്: മാളിക മുറിയിൽക്കിടന്നുറങ്ങുന്ന ശ്രീധരനെ വിളിക്കണമെന്ന് അച്ഛനു തോന്നിയാൽ?...ഈ നിലവിളിയും ബഹളവുമൊക്കെ കേട്ടിട്ടും ചെക്കൻ ഉണർന്നില്ലേ?

വിളിച്ചാൽ വിളി കേൾക്കുകയില്ല. ചെന്നു നോക്കിയാൽ കോസടിയിൽ കാണുകയില്ല—അങ്ങനെയൊരു നിലപാടിലാണു ശ്രീധരൻ!

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ മാളികവരാന്തമൂലയിലെ കോണിക്കൂടിന്റെ വാതിൽപ്പലക താഴ്ത്തി കീഴെനിന്നു തഴുതിട്ടു പൂട്ടുകയാണു പതിവ്. താഴെനിന്നു തഴുതു നീക്കിക്കൊടുത്താൽ മാത്രമേ കോണിയിറങ്ങി വരാൻ കഴിയൂ.

അച്ഛൻ കോണിക്കൂടു തുറന്നു വരാന്തയിൽ കേറി, ശ്രീധരന്റെ കോസടി ശൂന്യമായിക്കാണുമ്പോൾ!....തന്റെ രാത്രിഞ്ചരത്വം അച്ഛൻ കണ്ടുപിടിക്കും. അതോർക്കാൻപോലും കഴിയുന്നില്ല. അടി കിട്ടുന്നതിൽ അത്ര ഭയമില്ല—അച്ഛൻ എന്തൊക്കെയോ തെറ്റിദ്ധരിക്കും. കുഞ്ഞപ്പുവിനെപ്പോലെ തോന്ന്യവാസിയായി കണ്ട തെമ്മാടിപ്പിള്ളരുടെകൂടെ കള്ളുംകുടിച്ച് ചെറ്റയുന്താൻ പോയിത്തുടങ്ങിയോ ഈ ചെക്കനും—അച്ഛന്റെ മനസ്സിൽ ഒരു കറ പറ്റിയാൽപ്പിന്നെ അതു മായാൻ കുറച്ചു പ്രയാസമാണ്.

എങ്ങനെയെങ്കിലും മാളികവരാന്തയിൽ കടന്നുകൂടി രക്ഷപ്പെടണം.

ഒക്കത്തു തിരുകിവെച്ചിരുന്ന കഠാരിക്കത്തിയെടുത്തു നിവർത്തി, അടച്ചിട്ട അടുക്കളവാതിലിന്റെ പഴുത്തിലൂടെ കത്തിയുടെ അലകു കടത്തി. തഴുതിന്റെ കീഴ്ത്തല പരിതിപ്പിടിച്ചു തഴുതു മേൽപോട്ടു തിക്കിക്കൊടുത്തു....

(ഉസ്താദ് വാസു ഒരിക്കൽ ഉപദേശിച്ചുകൊടുത്ത സൂത്രമാണ്. അതാദ്യമായിട്ടാണു പരീക്ഷിക്കുന്നത്. പരീക്ഷണം വിജയിച്ചു. വാതിൽ സാവധാനം തുറന്നു.)

(വാതിൽ തുറക്കുമ്പോൾ വാതിലിന്റെ കരച്ചിൽ കേൾക്കാതിരിക്കാൻ, വാതിൽക്കുറ്റിയുടെ കുഴിയിൽ കുറച്ചു വെള്ളമൊഴിക്കണമെന്നും ആ ഉപദേശത്തിന്റെ ഉപഖണ്ഡികയായി ഉസ്താദ് പറഞ്ഞുതന്നിട്ടുണ്ടായിരുന്നു.)

അടുക്കളയിൽനിന്ന് ഇടനാഴിയിൽക്കടന്ന് പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങി കോണികേറി. തഴുതു നീക്കി കോണിക്കൂടിന്റെ വാതിലും പൊക്കി വരാന്തയിലെത്തി, പലക താഴ്ത്തിയിട്ടു. ഷർട്ടും തോർത്തുമുണ്ടും കോസടിയിലേക്കു വലിച്ചെറിഞ്ഞ് ഉറക്കെ വിളിതുടങ്ങി. “അമ്മേ, അമ്മേ, കോണിക്കൂടു തുറക്കിൻ....”

അമ്മ വന്നു കോണിക്കൂടു തുറന്നു.

(കോണിക്കൂടിന്റെ വാതിൽ തഴുതിട്ടിട്ടില്ലെന്ന വസ്തുത അമ്മ സൂക്ഷിച്ചുവോ, ആവോ! വാതിൽ ആ സ്ഥിതിയിൽ കണ്ടിരുന്നുവെങ്കിൽത്തന്നെ അതു തനിക്കു പറ്റിയ ഓർമ്മത്തെറ്റാണെന്നേ അവർ കരുതുകയുള്ളൂ. രാത്രി കോണിക്കൂട് അടച്ചു തഴുതിടുന്നത് അമ്മയുടെ ഡ്യൂട്ടിയാണ്.)

“ഗോപാലേട്ടനെന്തിനാ നിലവിളിച്ചത്?” ശ്രീധരൻ കണ്ണു തിരുമ്മിക്കൊണ്ടു ചോദിച്ചു.

“ഗോപാലേട്ടൻ ഒറക്കത്ത് കള്ളന്മാരെക്കണ്ടു നൈലോളിച്ചതാ—” അമ്മ പറഞ്ഞു.

കോലായിൽച്ചെന്നപ്പോൾ അച്ഛനെ അവിടെ കണ്ടില്ല. അച്ഛൻ ഒരു പാനീസ്സും

(ലാന്തർ) കത്തിച്ച് സംശയം തീർക്കാൻ പറമ്പിന്റെ മുക്കിലും മൂലയിലും തിരയുകയാണ്. കൈയിലൊരു വടിയും കരുതിയിട്ടുണ്ട്.

അച്ഛന്റെ ശുദ്ധഗതിയോർത്ത് ശ്രീധരന്ന ചിരിവന്നു. ഗോപാലേട്ടനും തനിയെ മന്ദഹസിക്കുന്നുണ്ടായിരുന്നു.

"നിങ്ങളങ്ങനെ കളിയാക്കിച്ചിരിക്കണ്ട." അമ്മ അൽപം ഗൗരവത്തോടെ പറഞ്ഞു: "മൂന്നാലുദെവസം മുമ്പലേ്ല അമ്മിണീന്റെ മുറ്റത്തു വെച്ച ഒരു ചെമ്പുപാത്രം ആരോ കട്ടോണ്ടുപോയത്!.."

അച്ഛന് ആരെയും കണ്ടുകിട്ടിയില്ല. വിളക്കും വടിയുമായി കോലായിലേക്കുതന്നെ തിരിച്ചുവന്നു.

"ശ്രീധരാ, നീ ഇന്നു ഗോപാലേട്ടന്റെകൂടെ കോലായിൽക്കിടന്നുറങ്ങിക്കോ—" അച്ഛന്റെ കൽപന.

ശ്രീധരൻ മുകളിലെ മുറിയിൽനിന്നു കോസടിയും വിരിയും തലയണയും ചുരുട്ടിക്കെട്ടി കോലായിൽ ഗോപാലേട്ടന്റെയരികെ കൊണ്ടുവന്നു നിവർത്തിയിട്ടു.

പാനീസ് ലേശം തിരിതാഴ്ത്തി ഗോപാലേട്ടന്റെ തലയ്ക്കൽ വെച്ച് അച്ഛനും അമ്മയും അകത്തു പോയി വാതിലടച്ചു.

ശ്രീധരൻ കിടന്നു.

അപകടമേഖലകൾ ഇനിയും കടക്കാനുണ്ട്. ഗോപാലേട്ടൻ ഇപ്പോൾ കേസ് വിസ്താരം നടത്തും. ഒരാശ്വാസമുണ്ട്. ഇത്തിരി മുമ്പു മാപ്പുതന്ന് തന്നെ രക്ഷിച്ച ഗോപാലേട്ടനലേ്ല?

"ശ്രീധരാ!....." ഗോപാലേട്ടന്റെ ഗാനമാധുര്യം കലർന്ന വിളി.

"എന്താ ഗോപാലേട്ടാ?..."

"നീയെങ്ങനെയാണു മോളിലെത്തിയത്?"

കത്തികൊണ്ടു തഴുതി നീക്കി അടുക്കളവാതിൽ തുറന്ന് അകത്തു കടന്ന കഥ ശ്രീധരൻ വിസ്തരിച്ചു പറഞ്ഞുകൊടുത്തു.

"ഈ കള്ളപ്പണിയൊക്കെ നീ പഠിച്ചുവെച്ചിരിക്കുന്നു, ഇലേ്ല?"

ശ്രീധരൻ ഒന്നും മിണ്ടിയില്ല.

"നോക്കട്ടെ ആ കത്തി."

ശ്രീധരൻ ഒക്കത്തുനിന്നു കത്തിയെടുത്ത് ഗോപാലേട്ടനു കൊടുത്തു. ഗോപാലേട്ടൻ അതു കൈയിൽ വെച്ചു.

"നീ ഈ രാത്രിസർക്കീട്ടു തുടങ്ങിയിട്ട് എത്രകാലമായി?"

ശ്രീധരൻ ഒന്നും ഒളിച്ചുവെച്ചില്ല. സപ്പർസർക്കീറ്റ്സംഘത്തിൽ മൈനറായിച്ചേർന്നതുമുതലുക്കുള്ള ചരിത്രം പറഞ്ഞുകൊടുത്തു. അവസാനത്തെ പരിപാടിയെക്കുറിച്ച് ഒന്നും മിണ്ടിയില്ല. നടക്കാതെപോയ പരിപാടിയെക്കുറിച്ച് എന്തു പറയാനാണ്?

"അപ്പോൾ നീ മുകളിൽനിന്ന് ഇറങ്ങിവര്വായിരുന്നു. അലേ്ല?—ഞാൻ വിചാരിച്ചു, നീ ശിക്കാറു കഴിഞ്ഞു മടങ്ങിവര്വായിരുന്നു എന്ന്—"

ഗോപാലേട്ടന്റെ ആ 'ശിക്കാറു' പ്രയോഗത്തിൽ ഒരു ചീത്ത അർത്ഥം

സ്മരിച്ചിരുന്നു.

കുറച്ചുനേരം മൗനം.

"ശ്രീധരാ, നിന്റെ ഈ കള്ളസർക്കീട്ടുകൾ ഒടുവിൽ നിന്റെ ജീവിതത്തെ നാറ്റിക്കുമെന്ന് നീ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?—"

"ഞാൻ എപ്പോഴും രാത്രി ഇങ്ങനെ പുറത്തു പോകാറില്ല ഗോപാലേട്ടാ—രണ്ടും മൂന്നും മാസം കൂടുമ്പോൾ ഒരിക്കൽ—"

ഗോപാലേട്ടൻ ഒന്നു ഞരങ്ങി.

സദാചാരവിരുദ്ധമായ പോക്കിരിത്തങ്ങൾക്കുവേണ്ടിയാണ് ശ്രീധരൻ ഇങ്ങനെ രാത്രിയിൽ ഒളിച്ചോടിപ്പോകുന്നതെന്ന് ഗോപാലേട്ടനു തോന്നിയിട്ടുണ്ടായിരിക്കണം. പക്ഷേ, ഒന്നും ചോദിച്ചില്ല. ചോദിക്കാതെ അങ്ങോട്ടെന്തെങ്കിലും പറഞ്ഞാൽ അതു കൂടുതൽ സംശയങ്ങൾക്കിടവരുത്തും. അതുകൊണ്ട് ശ്രീധരൻ മിണ്ടാതെയിരുന്നു.

മുറ്റത്തും പറമ്പിലും വെണ്ണിലാവിന്റെ വിളയാട്ടം. വേലിക്കരികെയുള്ള വെള്ളിലപ്പടർപ്പ് ചന്ദ്രനു താലപ്പൊലിയർപ്പിക്കുന്നു.

പെട്ടെന്ന് ശ്രീധരൻ കുടക്കാൽബാലനെ ഓർത്തു; പാവം! ശ്രീധരനേയും കാത്ത്, നെഞ്ചുഴിഞ്ഞുകൊണ്ട് ചായ്പിലെ ചൂടിക്കട്ടിലിൽ കിടക്കുന്നുണ്ടാവും—

"ശ്രീധരാ!—" ഗോപാലേട്ടന്റെ വിളി.

അപരാധം തീണ്ടിക്കിടക്കുന്ന അനുജനെ വാത്സല്യത്തോടെ വീണ്ടും വിളിക്കുകയാണ്—

"എന്താ ഗോപാലേട്ടാ—"

"ശ്രീധരാ, ജീവിതം വഴിപിഴച്ചു വഷളാവാൻ തെറ്റുകൾ എമ്പാടും വേണമെന്നില്ല. ചിലപ്പോൾ ഒരൊറ്റത്തെറ്റു മതി—അവിവേകമായി ചെയ്ത ഒരു ദുഷ്കർമ്മത്തിന്റെ അനന്തരഫലമാണ് ഞാനിക്കാലമത്രയും അനുഭവിച്ചു കൊണ്ടിരിക്കുന്നത്. യൗവനാരംഭത്തിന്റെ ചോരത്തിളപ്പിൽ വീരസാഹസങ്ങൾ വിനോദങ്ങളായിത്തോന്നും, വികാരങ്ങൾ ശമിപ്പിക്കാൻ എന്ത് അഗ്നിപരീക്ഷകൾക്കും ചെറുപ്പക്കാർ തയ്യാറാവും. പുതുതായി ചിറകുകൾ മുളച്ചു പുഴു പാറ്റയായിത്തീരുന്നു. പുഷ്പമെന്നു കരുതിയിട്ടല്ല ഈയൽപ്പാറ്റ തീനാളത്തോടടുക്കുന്നത്. ഒന്നു പൊരുതി നോക്കാമെന്ന അഹങ്കാരമാണ് അതിനെ അഗ്നിജ്ജ്വാലയോടേറ്റുമുട്ടിക്കുന്നത്. ചിറകു കരിഞ്ഞു പിടഞ്ഞു ചാവുകയും ചെയ്യുന്നു....."

ഗോപാലേട്ടന്റെ വാക്കുകൾ ശ്രീധരൻ ശ്രദ്ധിച്ചുകേട്ടു. പെട്ടെന്നു ഗോപാലേട്ടൻ ശ്രീധരന്റെ കഠാരിക്കത്തിയെടുത്തു കൈയിൽ തിരുമ്മിക്കളിച്ചു കൊണ്ട് ഒരു ചോദ്യം: "നീയെന്തിനാണ് ഈ കത്തി കൈയിൽക്കരുതിയത്?"

ശ്രീധരൻ ഒന്നു പരുങ്ങി. ആ ആയുധംകൊണ്ട് എന്തും ചെയ്തു പോകുമായിരുന്നു. എല്ലുകൾ ഒടിഞ്ഞ്, ഹൃദയരക്തം കലങ്ങി, കർമ്മശേഷി നശിച്ച കുടക്കാൽബാലന്റെ വെളുത്തുമെലിഞ്ഞു കോമളമായ ദേഹവും, അതങ്ങനെയായിത്തീരാൻ കാരണക്കാരനായ ആശാരി മാധവന്റെ ഏഷണിവിഷം കലർന്ന കുരലും, ശ്രീധരൻ മനസ്സിൽ കാണുന്നു..... ഗോപാലേട്ടനെ അതൊക്കെ എങ്ങനെ പറഞ്ഞു മനസ്സിലാക്കും?.....

ഒടുവിൽ ശ്രീധരൻ ഒരു വിഴപ്പൻസത്യം വിളമ്പിക്കൊടുത്തു: "ആത്മരക്ഷയ്ക്ക്."

“ആത്മരക്ഷയ്ക്കോ? ഗോപാലേട്ടൻ തനിയെ ചിരിച്ചു. തുടർന്നു മറ്റൊരു ചോദ്യം: “ശ്രീധരനു ദൈവത്തിൽ വിശ്വാസമുണ്ടോ?

മറുപടി പറയാൻ ഗോപാലേട്ടൻ നിർബന്ധിച്ചില്ല—ശാന്തസ്വരത്തിൽ സംഭാഷണം തുടർന്നു: “ശ്രീധരാ നിന്റെ ആത്മരക്ഷയ്ക്കുള്ള ആയുധം നിന്റെ ഉള്ളിൽത്തന്നെയുണ്ട്......”

കുറച്ചുനേരം മൗനം.

“ദൈവം ഉണ്ടെങ്കിൽ അയാൾ ആകാശത്തിൽ വളരെ അകലെയാണ്—നീ വിളിച്ചാൽ കേട്ടില്ലെന്നുവരാം—എന്നാൽ, ആപൽഘട്ടത്തിൽ നിന്റെ വിളി എളുപ്പം കേൾക്കുന്ന, നിന്റെ രക്ഷയ്ക്ക് ഉടൻ ഉപദേശം മന്ത്രിച്ചുതരുന്ന മറ്റൊരു ദൈവം—ഒരു മഹച്ഛക്തി—നിന്റെ ഉള്ളിൽത്തന്നെ കുടി കൊള്ളുന്നുണ്ട്: നിന്റെ മനസ്സാക്ഷി—എന്തു കാര്യം ചെയ്യാൻ പുറപ്പെടുമ്പോഴും നിന്റെ മനസ്സാക്ഷിയോട് ഉപദേശം തേടുക. ഞാനിതു ചെയ്യുന്നതു മനുഷ്യനീതിക്കു നിരക്കുന്നതാണോ?—ഈ പ്രവൃത്തി എന്റെ ജീവിതത്തെ മലിനപ്പെടുത്തുമോ?—മറ്റൊരു സഹജീവിയെ ഇതു പ്രതികൂലമായി ബാധിക്കുമോ? അതെല്ലാം നിന്റെ മനസ്സാക്ഷിയോടു ചോദിക്കുക. ശരിയായ ഉത്തരം മനസ്സാക്ഷി മന്ത്രിച്ചുതരും. മനസ്സാക്ഷിയെ വഞ്ചിച്ചാൽ നീ നശിക്കുന്നത് അറിയുകയില്ല-—പ്രപഞ്ചത്തിലെ ജീവജാലങ്ങളെല്ലാം ഭ്രമണാത്മകമായ ഒരു ചിച്ഛക്തിയിൽപ്പെട്ട അണുക്കളാണ്. വേറൊരു സഹജീവിയെ ദ്രോഹിക്കാൻ മനസാ വാചാ കർമ്മണാ നീ എറിയുന്ന ആയുധം, ലക്ഷ്യത്തിൽക്കൊണ്ടാലും ഇല്ലെങ്കിലും, ചുറ്റിത്തിരിഞ്ഞ് ഒരുകാലത്ത് നിന്നെത്തേടി നിന്റെ മാറിൽത്തന്നെ വന്നു പതിക്കുന്നത് നീ അറിയുകയില്ല—അജ്ഞാതമായ ആ ഭ്രമണനിയാമകശക്തിക്കു മുമ്പിൽ മനുഷ്യൻ നിസ്സഹായനാണ്......”

ശ്രീധരൻ അമ്പരന്നുപോയി. ഗോപാലേട്ടൻതന്നെയാണോ സംസാരിക്കുന്നത്? എട്ടാംക്ളാസ്സിൽ തോറ്റ്, പിന്നെ മരക്കണക്കെഴുത്തുകാരനായി കാടും മലകളുമായി കഴിഞ്ഞുകൂടിയ കന്നിപ്പറമ്പിലെ ഗോപാലൻറൈറ്റർ തന്നെയാണോ ഒരു ദാർശനികനെപ്പോലെ ഇങ്ങനെ പ്രസംഗിക്കുന്നത്?

ലാന്തറിന്റെ മങ്ങിയ പ്രകാശത്തിൽ ഗോപാലേട്ടനെ ശ്രീധരൻ സൂക്ഷിച്ചു നോക്കി. ദേഹം മുഴുവനും ഭസ്മംപൂശിയ ഒരു പുതിയ സന്ന്യാസിയെയാണ് മുമ്പിൽ ദർശിക്കുന്നതെന്നു തോന്നിപ്പോയി. ആ മുഖത്ത് എന്തൊരു തേജസ്സ്! ആ വാക്കുകൾക്ക് എന്തൊരു വശ്യാത്മകത! ആശയങ്ങൾക്ക് എന്തൊരു ഗാംഭീര്യം! —ഊറാമ്പുലിയും കരിങ്ങാണിയും പുത്തുചാടിയിരുന്ന ആ തലയോട്ടിയിൽനിന്നുതന്നെയാണോ ഈ തത്ത്വചിന്താരത്നങ്ങൾ പൊഴിയുന്നത്!.....

ഗോപാലേട്ടന്റെ ആദ്ധ്യാത്മികനിഗമനങ്ങളും സാരോപദേശങ്ങളും ശ്രീധരന്റെ യുവഹൃദയത്തിൽ ഒരു പുതിയ പ്രകാശം പകർന്നുകൊടുത്തു. പുസ്തകങ്ങളിൽനിന്നു പഠിച്ചതോ പണ്ഡിതന്മാരിൽനിന്നു കേട്ടതോ ആചാര്യന്മാർ ഉപദേശിച്ചു കൊടുത്തതോ ആയ കാര്യങ്ങളല്ല ഗോപാലേട്ടൻ ആവിഷ്കരിക്കുന്നത്. രോഗത്തിന്റെ ദീർഘകാലതപസ്യയിൽ, അടിച്ചേൽപിക്കപ്പെട്ട വിരക്തിയിൽ, ആത്മജ്ഞാനത്തിൽ, സ്വയം നേടിയെടുത്ത ജ്ഞാനമാണ് ആ ധർമ്മസൂക്തങ്ങളിൽ പ്രതിദ്ധ്വനിക്കുന്നത്.....ഗോപാലേട്ടൻ അറിയാതെ ഒരു പരമഹംസനായി

മാറിയിരിക്കുന്നു.

ഗോപാലേട്ടന്റെ വാക്കുകൾ പുതിയൊരു ലഹരിയോടെ അയവിറക്കിക്കൊണ്ടു ശ്രീധരൻ മുറ്റത്തിനപ്പുറത്തുള്ള പൂന്തോപ്പിലേക്കു മിഴിച്ചു നോക്കി.... പൂനിലാവും നിഴലുകളും ഇഴുകിപ്പിടിച്ച കളങ്ങളും മൂലകളും മിഴികളിൽ മായികചിത്രങ്ങൾ വിടർത്തി—നിശ്ശബ്ദതയെ കിക്കിളിപ്പെടുത്തിക്കൊണ്ടു വള്ളിപ്പടർപ്പിനുള്ളിൽനിന്ന് ഒരു കശപിശ. പക്ഷിയുടെ ചിറകടിയാണെന്നു മനസ്സിലായി. എന്തോ ഒരു ജീവിയെ—എലിയായിരിക്കണം—അപഹരിച്ചുകൊണ്ട് വലിയൊരു മൂങ്ങ, നിലാവിലൂടെ ഊളിയിട്ട് വടക്കേപ്പുറമ്പിലെ അയനിപ്പിലാവിന്റെ കുരലിലേക്കു പോയി.

ശ്രീധരൻ അയനിപ്പിലാവിന്റെ മുകളിലേക്കു ദൃഷ്ടിയയച്ചു. ആ കൂമൻ ഇപ്പോൾ എലിയെ കാൽനഖങ്ങളിൽ ഇറുക്കിപ്പിടിച്ചു കൊത്തിപ്പറിച്ചു വിഴുങ്ങുന്നുണ്ടാവും.

മണി രണ്ടടിച്ചു.

അയനിപ്പിലാവിന്റെ മുകളിൽനിന്ന് ശ്രീധരന്റെ ചിന്തകൾ കുടക്കാൽ ബാലന്റെ അടുക്കലേക്കു ചിറകടിച്ചുപറന്നു.

സപ്പർസർക്കീറ്റ് സംഘത്തിന്റെ അവസാനത്തെ അത്താഴവും ഒരുക്കി വെച്ചു കാത്തിരിക്കുന്നുണ്ടാവും ബാലൻ. അവസാനമായി ശ്രീധരനും സംഘത്തെ വെടിഞ്ഞു. അങ്ങനെയായിരിക്കും ബാലന്റെ ചിന്ത.... മനുഷ്യന്റെ തീരുമാനങ്ങളെയും മോഹവ്യവഹാരങ്ങളെയും കാലത്തിന്റെ ഒളിയമ്പുകൾ തകിടംമറിക്കുന്നു. ശ്രീധരൻ മാളികവരാന്തയിൽനിന്നു കോലായത്തെമ്പിലെത്തിയ ആ മുഹൂർത്തത്തിൽ ഗോപാലേട്ടന് ഒരു ബീഡി കത്തിക്കാൻ തോന്നിയിരുന്നില്ലെങ്കിൽ!.....

"ശ്രീധരാ, നീയിപ്പോൾ കവിതയെഴുതാറില്ലേ?"

ഗോപാലേട്ടന്റെ പെട്ടെന്നുള്ള ചോദ്യം ശ്രീധരനെ തത്ത്വചിന്തകളിൽ നിന്നുണർത്തി. ആ ചോദ്യത്തിനുത്തരം പറയാൻ കുറഞ്ഞൊന്നു പരുങ്ങി. ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ എന്നതുപോലെയുള്ള ഒരു ദുർഘട പ്രശ്നം. ഉണ്ടെന്നോ ഇല്ലെന്നോ രണ്ടും പറയാൻ തോന്നിയില്ല.

ഗോപാലേട്ടന്റെ മുഖത്തു വിഷാദം നിഴലിക്കുന്ന ഒരു ഗൗരവം കാണപ്പെട്ടു.

"ശ്രീധരാ, നീ മുടങ്ങാതെ കവിതകളെഴുതണം—ഒരു കാലത്തു നീ പ്രസിദ്ധനായിത്തീരും—അന്ന് അതു കാണാൻ ഗോപാലേട്ടൻ—ഇവിടെ ഉണ്ടാവുകയില്ല....."

ഗോപാലേട്ടൻ ഗദ്ഗദസ്വരത്തിൽ പറഞ്ഞവസാനിപ്പിച്ച ആ വാക്കുകൾ ശ്രീധരനെ വേദനിപ്പിക്കുകയും വികാരാധീനനാക്കുകയുംചെയ്തു. തന്റെ ഭാവിയെപ്പറ്റി അങ്ങനെ പ്രോത്സാഹദ്യോതകമായൊരാശംസ ഇതേവരെ ഒരാളും അരുളിയിട്ടില്ല. ഗോപാലേട്ടന്റെ തേജോമയമായ മുഖത്തുനിന്നാണ് അതാദ്യമായി കേൾക്കുന്നത്. ആ സന്ദർഭത്തിൽ ഗോപാലേട്ടൻ എന്തിനങ്ങനെ പറഞ്ഞു?..... ശ്രീധരന്റെ മിഴികൾ നനയുന്നുണ്ടായിരുന്നു...

ഏതോ പാതിരാപ്പക്ഷിയുടെ കൂജനം തുടരെത്തുടരെ മുഴങ്ങി, അയനിപ്പിലാവിന്റെ ശിഖരത്തിൽനിന്നാണ്.

അതിരാണിപ്പാടത്തെ വൃക്ഷക്കാരണവരാണ്, മാനംമുട്ടി വളർന്നു നിൽക്കുന്ന ആ അയനിപ്പിലാവ്. ആ മരത്തിൽനിന്നു പഴുത്തു വീഴുന്ന ചക്കകൾ എമ്പാടും ശ്രീധരൻ

ഭക്ഷിച്ചിട്ടുണ്ട്. അതിന്റെ ഉണങ്ങിയ തിരികൾ പെറുക്കിക്കൊണ്ടുവന്നു കത്തിക്കും. ആ പുകയ്ക്ക് ഒരു പ്രത്യേക ഗന്ധമാണ്. ഉറങ്ങാൻ കിടക്കുമ്പോൾ അയനിത്തിരി കത്തിച്ചു തലയ്ക്കൽ വയ്ക്കാറുണ്ടായിരുന്നു. അതെല്ലാം ചെറുപ്പകാലത്തെ വേലകളായിരുന്നു.

രാത്രി ആ അയനിപ്പിലാവിന്റെ കുരലിൽ എന്തെല്ലാം നടക്കുന്നു! മൂഷിക വധം— പക്ഷികളുടെ പാട്ടുകച്ചേരി....

വെണ്ണിലാവിൽ ആ അയനിപ്പിലാവിന്റെ കാഴ്ച വിസ്മയാവഹമായി തോന്നുന്നു. ഒരു ഗന്ധർവ്വലോകംപോലെ……

ഗോപാലേട്ടൻ സമാധാനത്തോടെയാണ് മൃതിയടഞ്ഞത്. അന്ത്യമുഹൂർത്തത്തിൽ അച്ഛനും ഇളയമ്മയും ശ്രീധരനും അരികെത്തന്നെയുണ്ടായിരുന്നു. (ഏട്ടൻ കുഞ്ഞപ്പു തമിഴ്നാട്ടിൽ തങ്ങിയിരിക്കയാണ്.)

ശ്രീധരൻ വായിലിറ്റിച്ചുകൊടുത്ത തീർത്ഥജലം തൊണ്ടയിലിറക്കി, പെട്ടെന്നു മിഴിതുറന്ന്, അച്ഛന്റെയും ഇളയമ്മയുടെയും ശ്രീധരന്റെയും മുഖത്തേക്കു മാറി മാറി നോക്കി, കണ്ണടച്ചു പ്രാണൻ വെടിഞ്ഞു.

ഗോപാലേട്ടന്റെ കടക്കണ്ണിൽനിന്നടർന്നുവീണ രണ്ടുതുള്ളി കണ്ണീർ കവിളിലൂടെ ഒഴുകുന്നുണ്ടായിരുന്നു. ആ ചുടുകണ്ണീർ ചൂണ്ടിക്കാട്ടി അച്ഛൻ വിതുമ്മിക്കരഞ്ഞു.

“എന്റെ ഗോപാലേട്ടൻ പോയി......” ശ്രീധരൻ വാവിട്ടു വിലപിച്ചു.

(ശ്രീധരാ, ദൈവം വളരെ അകലെയാണ്. നീ വിളിച്ചാൽ കേട്ടില്ലെന്നു വരാം. എന്നാൽ നിന്റെ വിളി എളുപ്പം കേൾക്കുന്ന ഒരു മഹച്ഛക്തി നിന്റെ ഉള്ളിൽ കുടികൊള്ളുന്നുണ്ട്. നിന്റെ മനസ്സാക്ഷി....എന്നുപദേശിച്ച ഗോപാലേട്ടന്റെ ശബ്ദം ഇനി കേൾക്കുകയില്ല.)

ഇളയമ്മയുടെ നിലവിളി കേട്ട് അയൽപക്കക്കാർ പാഞ്ഞെത്തി.

അങ്ങനെ ജീവിതയൗവനസ്വപ്നങ്ങൾ ചീഞ്ഞഴുകിപ്പിടിച്ച രോഗശയ്യയിൽനിന്ന് ഗോപാലേട്ടൻ മൃത്യുവിന്റെ ആശ്ലേഷത്തിലമർന്നു.

രണ്ടിറ്റു കണ്ണീർകൊണ്ടു ജീവിതത്തിന് ഉദകക്രിയനടത്തി ആ ഭൗതികദേഹം നിശ്ചലമായി.....ആ പുതിയ പരമഹംസൻ സമാധിയടഞ്ഞു.

ആദ്യം വെൺപട്ടിലും, പിന്നെ ചാണകവരടിയിലും വൈക്കോലിലും മൂടി പട്ടടയിൽ കിടത്തിയ ആ കോമളവിഗ്രഹത്തിന് ശ്രീധരൻ തീക്കൊളുത്തി......

ചിത കത്തിയെരിയുന്നു.

കണ്ണീരിന്റെ കണ്ണാടിപ്പാടയിലൂടെ ആ ചിതാഗ്നി, പ്രപഞ്ചം മുഴുവനും പടർന്നുപിടിച്ച ഒരുജ്ജ്വലചിത്രം കാഴ്ചവയ്ക്കുന്നു!

ജ്വലിച്ചിടുന്നൊരിച്ചിതയെക്കാൺകവേ,
ചലിപ്പതെന്തിനായ് ഹൃദയമിങ്ങനെ?—
ശവം ദഹിക്കുന്ന ചിതയല്ലിക്കാഴ്ച—
ഭുവനജീവിതമഹോത്സവം കണ്ടു
പരലോകത്തേക്കു തിരിച്ചുപോകുന്ന

നരന്റെയന്തിമരഥയാത്രയത്രേ—
അഴകിൽച്ചൂഴവുമുയർന്നു പാറുന്നോ—
രനലജ്ജ്വാലകൾ, ജയപതാകകൾ!—
അനിലലീലയിൽപ്പുകവലയങ്ങൾ
ജനിമൃതിസ്വപ്നപ്പുതുവിതാനങ്ങൾ!
മരണസൈന്ധവം വലിച്ചു മണ്ടുന്ന
മണിരഥമകന്നകന്നുപോകവേ
അതു ചെറുതായിച്ചമയുന്നു ദൃഷ്ടി—
പഥത്തിലങ്ങനെ കമാലദൃശ്യമായ്......
വിടകൊള്ളുന്നേരം നരന്റെ സമ്പാദ്യ–
മിവിടെയിത്തിരി പൊടിയും ചാരവും.

# 23. പുതിയ പ്രേമലേഖനം

സമയം അർദ്ധരാത്രി.

കേളഞ്ചേരി തറവാട്ടുഭവനത്തിന്റെ നിലയറയിൽ കുഞ്ഞിക്കേളു മേലാനും കൂലിപ്പണിക്കാരൻ കേളനും കുഴിച്ചുമാന്തുകയാണ്; നിധി കണ്ടുപിടിക്കാൻ.

കേളഞ്ചേരിവക പറമ്പുകളും നിലങ്ങളുമെല്ലാം അന്യാധീനപ്പെട്ടു കഴിഞ്ഞു. തറവാട്ടുഭവനം മാത്രം ബാക്കിയുണ്ട്. അത് ആർക്കും വില്ക്കാൻ പാടില്ല. വിറ്റുമാറാൻ വഹകളില്ലാതെ കുഞ്ഞിക്കേളുമേലാൻ വലിയ വിഷമത്തിലായി. കേളഞ്ചേരിയില് പഴയൊരു നിക്ഷേപമുള്ളതായി പറഞ്ഞു കേട്ടിട്ടുണ്ട്. അത് എവിടെയാണു കുഴിച്ചിട്ടിരിക്കുന്നത്? കുഞ്ഞിക്കേളുമേലാൻ തിരച്ചിൽ തുടങ്ങിയിരിക്കയാണ്.

കാരണവന്മാർ നിലയറയിൽ സൂക്ഷിച്ചിരുന്ന പുരാതനവസ്തുക്കളും കാഴ്ചപ്പണ്ടങ്ങളും മറ്റും കടന്നുകഴിഞ്ഞു. നിലയറ കാലിയാണ്. നിലയറ കുഴിച്ചുനോക്കിയാൽ നിധി കാണുമെന്നു മേലാൻ ഊഹിച്ചു. ഒറ്റയ്ക്കു കുഴിച്ചു നിക്ഷേപം കണ്ടെടുക്കണം. മറ്റാരും അറിയാൻ പാടില്ല. ചങ്ങാതിമാർ ചതിക്കും. കടക്കാർ പാഞ്ഞെത്തി പിടികൂടും. അങ്ങനെ ഒറ്റയ്ക്കു ഗവേഷണം തുടങ്ങി. തളർന്നുപോയി. കൈക്കോട്ടെടുത്തു കിളയ്ക്കാനും ഇരുമ്പുപാരകൊണ്ടു നിലം കുഴിക്കാനും ശേഷിയില്ല. എന്തെങ്കിലും പ്രവർത്തിക്കാൻ തുടങ്ങണമെങ്കിൽ ആദ്യം റാക്കു കുടിക്കണം. കുടിച്ചാൽ എണീക്കാൻ വയ്യ. ദേഹസ്ഥിതി അങ്ങനെയായിത്തീർന്നിരിക്കുന്നു. ഇടതുകാലിലെ മന്ത് അഭിവൃദ്ധിപ്രാപിച്ചുവരികയാണ്. ഒറ്റക്കണ്ണിന്റെ ശക്തിക്ഷയം കാരണം, കറുത്ത കണ്ണട ഉപേക്ഷിക്കേണ്ടിവന്നു. മേലാൻ വിശ്വസ്തഭൃത്യനായ കേളനെ വിളിച്ചുവരുത്തി. നിധി കണ്ടുകിട്ടിയാൽ നല്ലൊരു സംഖ്യ കേളനു കൊടുക്കാമെന്നു വാഗ്ദാനംചെയ്തു. മേലാന്റെ വാക്കും പഴയ ചാക്കും ഒരുപോലെയാണെന്നു കേളനറിയാം. കേളഞ്ചേരിയിലെ നിധിയെപ്പറ്റി കേളനും കേട്ടിട്ടുണ്ട്. മേലാനെ കബളിപ്പിച്ച് നിധിയിൽനിന്നു കുറെ വാരിയെടുക്കാമെന്ന ദുരാലോചനയോടുകൂടിയാണ്, കൈക്കോട്ടും കട്ടപ്പാരയുമായി രാത്രിയിൽ കേളൻ വന്നു ചേർന്നത്.

റാക്കുകുപ്പിയും അരികെവെച്ച് മേലാൻ മൂലയിൽ ഇരിക്കുന്നു; കേളന്റെ കൈക്കോട്ട് ലോഹഭാജനത്തിൽ തട്ടുന്ന മുഹൂർത്തം ചെവിയോർത്തുകൊണ്ട്—

“കേളാ!......”

“എന്താ മേലാനേ?......”

“നിധി കിട്ടിയ കാര്യം നീ ആരോടെങ്കിലും പറയേ്വാ?”

“ഇല്ല മേലാനേ—ഒരു കുട്ടീനോട്ടും മിണ്ടൂല.”

“പറഞ്ഞാൽ നിന്റെ നാവ് ഞാനരിയും.”

മേലാൻ കുപ്പിയിൽനിന്നു റാക്ക് വായിലൊഴിച്ച് കുപ്പി കാലിയാക്കി വലിച്ചെറിഞ്ഞ്, രണ്ടാമത്തെ കുപ്പിയെടുത്ത് അതിന്റെ മൊളിയിലത്തിരുക്കു കടിച്ചുവലിച്ചൂരി മുമ്പിൽ തയ്യാറാക്കിവെച്ചു....

“കേളാ!......”

“എന്താ മേലാനേ?..”.

“നിധി കിട്ടിയ കാര്യം നീ ആരോടെങ്കിലും പറയേ്വാ?”

“ഇല്ല മേലാനേ—”

“മിണ്ടിയാൽ നിന്റെ കണ്ണ് ഞാൻ ചൂന്നെടുക്കും.......”

ആ ഭീഷണി കേട്ടു കേട്ടു കേളനു് ഇളിച്ചംപിടിച്ചു: “മേലാൻ ഒന്നു മിണ്ടാണ്ടിരിക്കേ്വാ— ഇങ്ങനെ പിറുപിറുത്താൽ നിധി മറഞ്ഞുകളയും—നിധി, മിണ്ടാതെ മാന്തണമെന്നാണ് പ്രമാണം.”

അതു കേട്ടപ്പോൾ മേലാൻ അടങ്ങി.

നിലയറ—അരയോളം ആഴത്തിൽ കുഴിച്ചുമാന്തി നോക്കി. കിട്ടിയത് മണാങ്കട്ട!

“എന്നാൽ പിന്നെ നിധി പടിഞ്ഞാറ്റയിലായിരിക്കും.” മേലാൻ ഉറപ്പിച്ചു പറഞ്ഞു.

കേളൻ പടിഞ്ഞാറ്റയിൽ കിളതുടങ്ങി.

ആ മുറിയുടെ മൂലയിൽനിന്ന് ഒരു ഉറുക്കു കിട്ടി. പഴയ ഒരുറുക്ക്. ചെമ്പുകൊണ്ടുള്ള ഉറുക്ക്. തുറന്നുനോക്കിയപ്പോൾ ഉള്ളിൽ ചെമ്പോലച്ചുരുൾ. ചെമ്പോലച്ചുരുൾ നിവർത്തിനോക്കിയപ്പോൾ, നിറയെ ചക്രങ്ങളും മന്ത്രാക്ഷരങ്ങളും വരച്ചുവച്ചിരിക്കുന്നു.

ഉറുക്കു കിട്ടിയ സ്ഥലത്തിനടുത്തുതന്നെ നിധിയും കുഴിച്ചിട്ടിട്ടുണ്ടായിരിക്കുമെന്ന് മേലാൻ ഉറപ്പിച്ചു.

കേളൻ കൈക്കോട്ടുകൊണ്ടും കട്ടപ്പാരകൊണ്ടും മുറിയിലെ ഓരോ അംഗുലം നിലവും ആഴത്തിൽ കുഴിച്ചുമാന്തി.

ഒരു ചുക്കും കണ്ടുകിട്ടിയില്ല.

“നിധി മറഞ്ഞുകളഞ്ഞല്ലോ മേലാനേ....”

“ഇനിയെന്ത്?”

“മേലാനേ!.....”

മേലാൻ മിണ്ടുന്നില്ല.

മൂന്നുകുപ്പി ചാരായം മുഴുവനും മോന്തിത്തീർത്തു. ബോധമറ്റ്, ഇടത്തെ മന്തുകാലും വെളിക്കുകാട്ടി പകുതി വായും തുറന്നു ചെരിഞ്ഞു കുത്തിക്കിടക്കുകയാണ് കേളഞ്ചേരി കുഞ്ഞിക്കേളുമേലാൻ.

മേലാനെ ആ നിലയിൽ വിട്ട്, കൈക്കോട്ടും കട്ടപ്പാരയും ഒരു മൂലയിൽ നിക്ഷേപിച്ച് സ്വയം ശപിച്ചുകൊണ്ട് കേളൻ തന്റെ പുരയിലേക്കു നടന്നു.

കേളഞ്ചേരിയിലെ സർപ്പം ഇളകി. പതുക്കെ പടിഞ്ഞാറ്റയിലേക്കിഴഞ്ഞുവന്നു. തറവരെ കുഴിച്ചുമാന്തിയിട്ടിരിക്കുന്ന പഴമണ്ണിന്റെ ഗന്ധം നുകർന്നു കൊണ്ട് ആ കാളസർപ്പം മുറി മുഴുവനും ഇഴഞ്ഞുകളിച്ചു.... റാക്കുകുപ്പികൾ ഒന്നു നാറ്റിനോക്കി....മേലാനെ ഒന്നു വലംവച്ചു. കിളച്ചു മറിച്ചിട്ടിരിക്കുന്ന മൺകട്ടയിൽ എഴുന്നേറ്റുനിന്നു......പടം വിടർത്തി...മെല്ലെ പുള്ളിക്കഴുത്തു തിരിച്ച് പത്മരാഗക്കല്ലുകൾപോലുള്ള കണ്ണുകൾ പ്രകാശിപ്പിച്ച് മുറി മുഴുവനും ഒന്നുഴിഞ്ഞു നോക്കി....ആട്ടം തുടങ്ങി......

സാധുക്കൾക്ക് അന്നദാനത്തോടുകൂടി ഗോപാലേട്ടന്റെ പുലയടിയന്തിരം അവസാനിച്ചു.

ബന്ധുക്കളും സുഹൃത്തുക്കളും അയൽക്കാരും പിരിഞ്ഞുപോയി.

ശ്രീധരൻ മാളികവരാന്തയിലെ ഈസിച്ചെയറിൽ ചിന്താമഗ്നനായി കിടക്കുകയാണ്.

ഗോപാലേട്ടനെ സംബന്ധിച്ച ശേഷക്രിയകളെല്ലാം കഴിഞ്ഞു. ദരിദ്രപ്പരിഷകൾ സദ്യയുണ്ട്, പറമ്പിലെ തെങ്ങിൻചുവട്ടിലും മറ്റും വലിച്ചെറിഞ്ഞ എച്ചിലിലകളിലെ അവശിഷ്ടം നക്കിത്തിന്നു നായ്ക്കളും, പൊട്ടും പൊടികളും കൊത്തിപ്പെറുക്കിത്തിന്നുതീർത്തു കാക്കകളും പിരിഞ്ഞുപോയി.

തെക്കേമുറ്റത്ത് വട്ടത്തിൽ ചാണകം മെഴുകിയ ബലിക്കളം മൃത്യുവിന്റെ തിലകംപോലെ കാണുന്നു....ഒന്നുരണ്ടു ദിവസത്തിനകം ആ മരണക്കുറിയും മാഞ്ഞുപോകും —

മരണത്തോടുകൂടി മനുഷ്യന്റെ എല്ലാം അവസാനിച്ചുവോ? ഒരെത്തും പിടിയും കിട്ടുന്നില്ല....മരിച്ചുപോയ പ്രിയപ്പെട്ടവരെക്കുറിച്ചോർത്തു.... നാരായണി...ചാത്തുണ്ണി...ഒടുവിൽ ഗോപാലേട്ടനും. അവരെല്ലാം എങ്ങോട്ടു പോയി?....പ്രപഞ്ചത്തിന്റേയും കാലത്തിന്റെയും അനന്തതയിൽ അവർ എന്നെന്നേക്കുമായി അന്തർദ്ധാനം ചെയ്തു. മുമ്പേ പോയ കോടാനുകോടി മനുഷ്യരെ പിന്തുടർന്നുകൊണ്ട്....ആ പ്രവാഹം ഒരിക്കലും അവസാനിക്കുന്നില്ല...

കോളേജിൽ പഠിച്ച ഇംഗ്ലീഷ് പാഠപുസ്തകത്തിലെ ഒരുപന്യാസത്തിലെ ആശയം തലച്ചോറിൽ തേട്ടിവരുന്നു. മണ്മറഞ്ഞുപോയ സ്നേഹിതന്മാരെക്കുറിച്ച് അനുസ്മരിക്കാൻ ആണ്ടിൽ ഒരുദിവസം പ്രത്യേകം നീക്കി വയ്ക്കണമെന്ന്—ആരാണതു പറഞ്ഞത്?—ചാറത്സ് ലാംപോ, ഡോക്ടർ ജോൺസണോ?....പറഞ്ഞത് ആരായാലും അതു ശ്രദ്ധേയമായൊരു ഉപദേശമാണ്. ആദ്യംമുതൽക്കേ ഓർത്തുനോക്കട്ടെ.....നാരായണി....

അപ്പോൾ സാരിയുടുത്ത ഒരു സ്ത്രീ ഇടവഴിയിൽനിന്നു പടികേറി കന്നിപ്പറമ്പിലേക്കു വരുന്നു. സൂക്ഷിച്ചുനോക്കി—കോർമീനയിലെ മീനാക്ഷിയമ്മ!

മീനാക്ഷിയമ്മ ഇപ്പോഴെന്തിനാണു കന്നിപ്പറമ്പിലേക്കു വന്നത്?-—ഗോപാലേട്ടൻ മരിച്ച അന്നും, പിന്നീടൊരിക്കലും ആ മാന്യമഹിള അനുശോചനം പ്രകടിപ്പിക്കാൻ കന്നിപ്പറമ്പിൽ കേറിയിറങ്ങിയിട്ടുണ്ട്. ഗോപാലേട്ടന്റെ പുലകുളിയടിയന്തിരത്തിനു രണ്ടു വാഴക്കുലകളും അവർ സംഭാവനയായി കൊടുത്തയച്ചിട്ടുണ്ടായിരുന്നു.....അവരുടെ ഇപ്പോഴത്തെ വരവിന്റെ ഉദ്ദേശ്യം?.....

അച്ഛൻ കോലായിലെ ചാരുകസേരയിൽ ഗോപാലേട്ടന്റെ വിയോഗ ദുഃഖം അയവിറക്കിക്കൊണ്ടു കിടക്കുകയാണ്.

മീനാക്ഷിയമ്മ അകത്തേക്കു പോയില്ല. കോലായിൽത്തന്നെ നിന്ന് അച്ഛനുമായി എന്തോ സംസാരിക്കുകയാണ്. ഔപചാരികസംഭാഷണമല്ല. കാര്യമായ എന്തോ ദീർഘസംഭാഷണമാണ്.

കാൽമണിക്കൂർ കഴിഞ്ഞപ്പോൾ താഴെനിന്ന് അച്ഛന്റെ വിളി.

“ശ്രീധരാ!”

അതൊരു വിളിയായിരുന്നില്ല. ഒരു സിംഹഗർജ്ജനമായിരുന്നു.

വിളികേട്ട് കോണിയിറങ്ങി കോലായിലേക്കു ചെന്നു.

മീനാക്ഷിയമ്മ അച്ഛന്റെ സമീപം ഒരുകസേരയ്ക്കരികെ നിൽക്കുന്നു—മുഖത്തെ സ്വാഭാവികമായ മന്ദഹാസത്തോടുകൂടി—

(മീനാക്ഷിയമ്മയുടെ കവിളിൽ ഒരു പുഞ്ചിരിപ്പക്ഷി എപ്പോഴും ഒളിച്ചിരിക്കുന്നുണ്ടാവും.)

അച്ഛന്റെ മുഖം മുരിക്കിൻപൂപോലെ ചുവന്നിരിക്കുന്നു. അച്ഛൻ കൈയിൽ ഒരു കടലാസ് നിവർത്തിപ്പിടിച്ചിരിക്കുന്നു. ഒരു കത്ത്!

"കോർമീനയിലെ പെൺകുട്ടിക്ക് നീ ഒരു കത്തെഴുതി അയച്ചു. ഇല്ലേ?..."

അച്ഛന്റെ തൊണ്ടയും കൈയും കൈയിലെ കടലാസും വിറകൊള്ളുന്നുണ്ടായിരുന്നു.

എന്താണീ കേൾക്കുന്നത്? എന്താണീക്കാണുന്നത്?

ശ്രീധരൻ നിലകിട്ടാത്ത കയത്തിൽപ്പെട്ടപോലെ വീർപ്പുമുട്ടിക്കളിച്ചു.

"നീ—നീ—നീ.....എന്നെ അപമാനിച്ചു....."

അച്ഛന്റെ മിഴികളിലെ രോഷാഗ്നി പൊടുന്നനെ സങ്കടപ്രളയമായി മാറി....കവിളിലൂടെ കണ്ണീരൊഴുകുന്നു.

ശ്രീധരൻ തരിച്ചുനിന്നു. ഒന്നും മനസ്സിലാകുന്നില്ല. നിസ്സഹായനായി നാലുപാടും മിഴിച്ചുനോക്കി. കോലായിലെ പടിഞ്ഞാറെ മൂലയിൽ ദൃഷ്ടി പതിഞ്ഞു..... ഗോപാലേട്ടന്റെ ഒഴിഞ്ഞ മൂല. അച്ഛന്റെ കണ്ണീരും ആ ഒഴിഞ്ഞ മൂലയും കണ്ടപ്പോൾ നിയന്ത്രണംവിട്ടു ശ്രീധരൻ പൊട്ടിക്കരഞ്ഞു പോയി.

ശൂന്യതയിലേക്കു മിഴിച്ചുനോക്കിക്കൊണ്ടിരിക്കയാണ്, അച്ഛൻ....ഒരു കുഞ്ഞിനെപ്പോലെ കരഞ്ഞുപോയതിൽ ശ്രീധരനു നാണവും പശ്ചാത്താപവും തോന്നി. 'ആപൽഘട്ടത്തിൽ നിന്റെ മനസ്സാക്ഷി നിന്നെ രക്ഷിക്കും.' ഗോപാലേട്ടന്റെ ഉപദേശം അന്തരാത്മാവിൽ പ്രതിദ്ധ്വനിച്ചു. അതു പുതിയൊരു ധൈര്യം പ്രദാനം ചെയ്തു.

അച്ഛന്റെ കൈയിൽനിന്ന് ആ കടലാസ് വാങ്ങി നോക്കി.

തന്റെ കൈപ്പടയിലുള്ള ഒരു കത്ത്. വായിച്ചുനോക്കി. വിശ്വസിക്കാൻ കഴിയുന്നില്ല. താനെഴുതിയ വാചകങ്ങൾതന്നെ. സ്വപ്നം കാണുകയാണോ?

ആ കത്ത് അത്യന്തം സൂക്ഷ്മതയോടെ പരിശോധിച്ചു. കൃതിമക്കത്താണെന്നു മനസ്സിലായി. അങ്ങനെ ഒരു കള്ളക്കത്ത് എഴുതി ഫലിപ്പിക്കാൻ ദേശത്ത് ഒരു വ്യക്തിക്കു മാത്രമേ സാധിക്കൂ: ആധാരം ആണ്ടിക്ക്.

സംഭവങ്ങൾ ചുരുളുകൾ നിവർന്ന് ശ്രീധരന്റെ മനസ്സിൽ പ്രതിഫലിച്ചു. ആണ്ടിയുടെ അമ്മാളുപരിണയം നാടകം നടന്നുകൊണ്ടിരിക്കെ, പുറത്തു നിന്ന് ചീഞ്ഞ മുട്ടകൊണ്ടുള്ള ഏറു വന്നപ്പോൾ ശ്രീധരൻ പൊട്ടിച്ച പരിഹാസച്ചിരി—അന്നു ചിരിച്ചവനെ ഒന്നു കരയിക്കാൻ ആണ്ടിയെടുത്ത വേലയാണിത്. അതു കുറിക്കു കൊണ്ടിരിക്കുന്നു—കത്തിലെ കയ്യട തന്റേതല്ലെന്നു പറഞ്ഞാൽ അച്ഛൻ വിശ്വസിക്കുകയില്ല.

കോർമീനയിലെ മീനാക്ഷിയമ്മ അസ്വസ്ഥതയോടെ ശ്രീധരന്റെ മുഖത്തേക്കു തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുകയാണ്—അവരുടെ കവിളിലെ പുഞ്ചിരിപ്പൈങ്കിളി പറന്നുപോയിരിക്കുന്നു. ശ്രീധരന്റെ പൊട്ടിക്കരച്ചിലും, കൃഷ്ണൻമാസ്റ്ററുടെ കണ്ണീരും അവരെ തളർത്തിക്കളഞ്ഞു.

ശ്രീധരൻ മുമ്പ്, നായികയ്ക്കെഴുതിയയച്ച പ്രേമലേഖനത്തിലെ വരികളാണ്,

വള്ളിപുള്ളി വിടാതെ ഈ കത്തിൽ വളരെ വിദക്ഷമായി പകർത്തിയിരിക്കുന്നത്. തീയതിയും അഭിസംബോധനയും മാത്രമേ മാറ്റിയിട്ടുള്ളു. ഗോപാലേട്ടന്റെ മരണത്തിനു രണ്ടു ദിവസം മുമ്പുള്ള തീയതിയാണ് കാണുന്നത്. മീനാക്ഷിയമ്മ കൃഷ്ണൻമാസ്റ്ററുടെയടുത്ത് കംപ്ലെയിന്റ് ചെയ്യാൻ ഇത്രയും ദിവസം വൈകിയത്, കന്നിപ്പറമ്പിലെ പുല കഴിയട്ടേ എന്ന ഉദാര മനോഭാവം വെച്ചുകൊണ്ടായിരിക്കണം—

"ഞാൻ ആർക്കും കത്തയച്ചിട്ടില്ല ഇത് ഞാനെഴുതിയതല്ല!" ശ്രീധരൻ ഉറച്ചസ്വരത്തിൽ വാദിച്ചു.

സത്യവാനായ കൃഷ്ണൻമാസ്റ്റർ ശ്രീധരന്റെ മുഖത്തേക്കു സങ്കടത്തോടെ ഒന്നു നോക്കി: "ഇതു നിന്റെ കൈയക്ഷരമാണല്ലോ, ശ്രീധരാ—"

"അല്ല—എന്റെ കൈയക്ഷരം കോപ്പിയടിച്ചതാണ്. ഉണ്ണീരിനായർ മാസ്റ്റർ ട്യൂഷൻ പഠിപ്പിച്ചിരുന്ന ആ കുട്ടിക്ക് ഞാൻ മുമ്പ് അയച്ച കത്ത്, അങ്ങനെത്തന്നെ പകർത്തിവിട്ടിരിക്കയാണ്. ആണ്ടിഗുമസ്തൻ പറ്റിച്ച പണിയാണ്. അന്നു ഞങ്ങൾ അയാളുടെ നാടകം മുടക്കിയതിന്റെ പക വീട്ടാൻ.—ആ പഴയ കത്ത് ഉപയോഗപ്പെടുത്താൻ—കൊടുത്ത് ആ കുട്ടിയുടെ അച്ഛൻ ആണ്ടിഗുമസ്തനെ സഹായിച്ചിട്ടുണ്ടാവണം." ശ്രീധരൻ ഒരു കുറ്റാന്വേഷണവിദക്ഷനെപ്പോലെ ആ പുതിയ പ്രേമലേഖനത്തിന്റെ പശ്ചാത്തലം ഗണിച്ചെടുത്തു സമർത്ഥിച്ചു.

പക്ഷേ, അതെങ്ങനെ തെളിയിക്കും?

"ഇവൻ മുമ്പൊരിക്കൽ ഇങ്ങനെയൊരു കേസുണ്ടാക്കിയവനാണ്." അച്ഛൻ, അന്യായക്കാരി കോർമീനയിലെ മീനാക്ഷിയമ്മയുടെ ഭാഗം ചേർന്നു മൊഴികൊടുക്കുന്നു; വിചാരണചെയ്യപ്പെടുന്ന പ്രതി ഒരു പൂർവ്വശിക്ഷക്കാരനാണെന്ന്.

പെട്ടെന്നാണ് ശ്രീധരന്റെ ദൃഷ്ടി കത്തിലെ അഭിസംബോധനയിൽ തുളഞ്ഞുകയറിയത്. 'പ്രിയപ്പെട്ട സൗധാമിനി' എന്നാണെഴുതിയിരിക്കുന്നത്.

ആത്മരക്ഷയ്ക്കുള്ള ആയുധം വീണുകിട്ടി!

(പുതിയ കത്തിൽ ഒരക്കവും ഒരുവാക്കും മാത്രമാണ് ആണ്ടി മാറ്റി എഴുതിയത്. അതിൽ വാക്കു പിഴച്ചു. ആധാരത്തിന്റെ സൗദാമിനി, സൗധാമിനിയായിപ്പോയി—)

ശ്രീധരൻ മീനാക്ഷിയമ്മയ്ക്ക് ആ അക്ഷരത്തെറ്റു ചൂണ്ടിക്കാണിച്ചു കൊടുത്തു. കോളേജ് വിദ്യാഭ്യാസം സിദ്ധിച്ച്—യുവസാഹിത്യകാരൻകൂടിയായ—ശ്രീധരന് ഒരു പെൺകുട്ടിയുടെ പേരു ശരിക്കെഴുതാൻ അറിഞ്ഞു കൂടാതായിപ്പോയോ?

മീനാക്ഷിയമ്മയുടെ കവിളിലെ പുഞ്ചിരിപ്പക്ഷി ചിറകടിച്ചു പറന്നു. അവർക്കു കാര്യം മനസ്സിലായി. അവരൊരു മജിസ്ട്രേട്ടിന്റെ മകളല്ലേ?

മീനാക്ഷിയമ്മ ശ്രീധരന്റെ മുഖത്തേക്കു നോക്കി ഒരു കുസൃതിച്ചിരി ചിരിച്ചു. കഴിഞ്ഞതെല്ലാം ഒരു തമാശയായിക്കരുതിയാൽ മതി എന്നർത്ഥത്തില്.

മീനാക്ഷിയമ്മ ശ്രീധരന്റെ കൈയിൽനിന്ന് ആ 'സൗധാമിനിക്കത്ത്' വാങ്ങി കഷണംകഷണമായി പിച്ചിച്ചീന്തി, ചുരുട്ടി പറമ്പിലേക്കു വലിച്ചെറിഞ്ഞു. അതു തെങ്ങിൻ ചുവട്ടിലെ എച്ചിലിലകൾക്കിടയിൽ ചെന്നു വീണു.

കൃഷ്ണൻമാസ്റ്ററുടെ മുഖത്തേക്ക് പശ്ചാത്താപം സ്ഫുരിക്കുന്ന ഒരു നോട്ടമയച്ചുകൊണ്ട് മീനാക്ഷിയമ്മ മൊഴിഞ്ഞു: "സർ, ഐ ബെഗ് യുവർ പാർഡൻ ഫോർ ക്രിയേറ്റിംഗ് ദിസ് സീൻ. ഇൻ യുവർ പ്രസന്റ് സ്റ്റേറ്റ് ഓഫ് ബെറീവ്മെന്റ്. പ്ലീസ് ഫൊർഗെറ്റ്

എബൗട്ട് ഇറ്റ്. ദി ബോയ് ഈസ് ഇന്നൊസെൻറ്. സംബഡി ഹാസ് പേ്ലയ്ഡ് എ ഡർട്ടി ട്രിക്ക്.......''

അതുംപറഞ്ഞ് മീനാക്ഷിയമ്മ, ശ്രീധരന്റെ അമ്മയെ കാണാൻ അകത്തേക്കു കടന്നുപോയി.

ശ്രീധരൻ ഒരു ദീർഘനിശ്വാസം വിട്ടു. ആധാരം ആണ്ടിയെപ്പറ്റി ഓർത്തു. 'ആധാരം ആണ്ടി, പഹയാ, നീ അതിരാണിപ്പാടത്തു ജനിച്ചതിനു പകരം അമേരിക്കയിലാണു ജനിച്ചിരുന്നതെങ്കിൽ കള്ളച്ചെക്കെഴുതി നീ ഒരു കോടീശ്വരനായിത്തീരുമായിരുന്നു.....'

അപ്പോൾ ഒരു പച്ച ഫ്ളാനൽത്തലക്കെട്ട് പടിക്കൽ പൊങ്ങിവരുന്നു. ആരാണത്? കിട്ടൻറൈറ്ററലേ്ല?

കിട്ടൻറൈറ്റർതന്നെ. ആൾ ആകപ്പാടെ മെലിഞ്ഞു കോലംകെട്ടു പോയിരിക്കുന്നു. എന്തുപറ്റി കിട്ടൻറൈറ്റർക്ക്?

കിട്ടൻറൈറ്റർരെ കണ്ടപ്പോൾ ശ്രീധരന് ഉള്ളിൽ ചിരിവന്നു. കിട്ടൻറൈറ്ററെ ആളുകൾ ഇപ്പോൾ 'കിട്ടൻമജിസ്ട്രേട്ട്' എന്നാണു വിളിക്കുന്നത്—മൂപ്പർക്ക് ഈ പുതിയ സ്ഥാനപ്പേരു കിട്ടിയതിന്റെ പിന്നിലെ കഥയോർത്തിട്ടാണ് ശ്രീധരൻ ചിരിച്ചുപോയത്.

ഒരുദിവസം രാവിലെ കിട്ടൻറൈറ്റർ, പട്ടണത്തിൽനിന്നും കുറച്ചു ദൂരെയുള്ള ചെമ്മണ്ണൂരിലെ ഒരു സ്നേഹിതനെക്കാണാൻ യാത്രപുറപ്പെട്ടു. ചെമ്മണ്ണൂരിലെത്താൻ പുഴ കടക്കണം. കടവുതോണിയിൽ കയറി. തോണിയിൽ വേറെ യാത്രക്കാരാരുമുണ്ടായിരുന്നില്ല. കടവിറങ്ങാറായപ്പോൾ കിട്ടൻറൈറ്റർ വളരെ ഗൗരവത്തോടെ തോണിക്കാരനോട് ഇങ്ങനെ പറഞ്ഞു: ''എഡോ, മജിസ്ട്രേട്ട് തോണിയിലുണ്ടായിരുന്നോ എന്ന് ആരെങ്കിലും ചോദിച്ചാൽ ഇലെ്ലന്നു പറഞ്ഞേക്കണം. കേട്ടോ.......''

ആ അരുളപ്പാടു കേട്ട തോണിക്കാരൻ പറങ്ങോടൻ ഒന്നു ഞെട്ടിപ്പോയി. വായ്ക്കുടയ്ക്കൽ കൈയുംവെച്ച് ഓച്ഛാനിച്ചു നിന്നുകൊണ്ട് പറങ്ങോടൻ ഉത്തരം മൂളി—''ഓംങ്ഹ്.....''

കടത്തുകൂലിയെപ്പറ്റി മിണ്ടിയതുമില്ല.

നെഞ്ഞത്തും കൈപ്പടങ്ങളിലും സ്വർണ്ണക്കുടുക്കുകൾ മിന്നുന്ന പട്ടു കുപ്പായമിട്ട്, തലയിലൊരു സാൽവയും ചുറ്റിക്കെട്ടി, തോണിയിൽ വന്നു കയറിയ ആളെ കണ്ടപ്പോൾതന്നെ, കക്ഷി ഒരു ഉദേ്യാഗസ്ഥനായിരിക്കുമെന്ന് പറങ്ങോടൻ ഊഹിച്ചിരുന്നു. മജിസ്ട്രേട്ടാണെന്നു കേട്ടപ്പോൾ പറങ്ങോടന്റെ ഉള്ളിലങ്കുരിച്ച വിസ്മയമൊന്നും പറയണ്ട. തന്റെ തോണിയിൽ ഒരു മജിസ്ട്രേട്ട്! പൊറുപ്പിക്കാൻ കഴിഞ്ഞില്ല പറങ്ങോടന്. വഴിയേ പോകുന്ന ആളുകളെ വിളിച്ചുവരുത്തി അവൻ ആ വാർത്ത്, വളരെ സ്വകാര്യമായിത്തന്നെ വിളമ്പിക്കൊടുത്തു: ''മജിസ്ട്രേട്ടെജമാനൻ അങ്ങോട്ടു പോയിട്ടുണ്ട്.''

ഗ്രാമീണരുടെ ജിജ്ഞാസയ്ക്കു തീപിടിച്ചു. അവരിലധികംപേരും, ഒരു മജിസ്ട്രേട്ടിനെ ഇതേവരെ നേരിൽ കണ്ടിട്ടില്ല—

''മൂപ്പരെന്തോ കേസനേ്വഷണത്തിനു നേരിട്ടിറങ്ങിയതായിരിക്കും.'' അവർ തമ്മില്ത്തമ്മില് അഭിപ്രായപ്പെട്ടു.

മജിസ്ട്രേട്ട് മഹാനെ ഒന്നു കണ്ടിട്ടുപോകാം—ചിലർ അവിടെ തങ്ങി നിന്നു.

കിട്ടൻറൈറ്റർ സ്നേഹിതനേയും കണ്ട്, കടവത്തു മടങ്ങിയെത്തിയപ്പോൾ

കൊതിയോടും ആദരവോടും കൂടി കാത്തുനിൽക്കുന്ന ഗ്രാമീണസംഘം.

കിട്ടൻറൈറ്റർ അൽപം അമ്പരന്നു.

അപ്പോൾ ആൾക്കൂട്ടത്തിൽനിന്ന് ഒരപശബ്ദം: "അല്ലാ, ഇത് കിട്ടൻറൈറ്ററല്ലേ?"

കിട്ടൻറൈറ്ററെ നല്ല പരിചയമുണ്ടായിരുന്ന കിഴവൻ കുഞ്ഞുണ്ണി വൈദ്യരുടെ പ്രഖ്യാപനം. "എഡോ കിട്ടാ, നിനക്കെന്നാണ് മജിസ്ത്രേട്ടുദ്യോഗം കിട്ടിയത്?' എന്നൊരു പരിഹാസച്ചോദ്യവും.

കിട്ടൻറൈറ്റർ ഒക്കത്തുനിന്നും പൊടിഡെപ്പിയെടുത്തു തുറന്ന് ഒരു നുള്ളു പൊടി മൂക്കിലേക്കു തള്ളി, മനസ്സാന്നിദ്ധ്യം വരുത്തി, വൈദ്യരെ നേരിട്ടു: "ആരുപറഞ്ഞു ഞാൻ മജിസ്ത്രേട്ടായെന്ന്?"

"നീ തന്നെയല്ലേ ഈ തോണിക്കാരൻ പറങ്ങോടനോടു പറഞ്ഞത്, മജിസ്ത്രേട്ടാണെന്ന്?"

"മജിസ്ത്രേറ്റ് തോണിയിലുണ്ടായിരുന്നോ എന്നു ചോദിച്ചാൽ ഇല്ലെന്നു പറഞ്ഞേക്കണം—ഞാൻ അത്രയേ പറഞ്ഞിട്ടുള്ളൂ."

പറഞ്ഞത് അപ്രകാരമായിരുന്നുവെന്ന് പറങ്ങോടനും തലകുലുക്കി സമ്മതിക്കേണ്ടിവന്നു.

കിട്ടൻറൈറ്റർ ഞെളിഞ്ഞുനിന്നു: "ഞാൻ പറഞ്ഞതു നേരാണ്—മജിസ്ത്രേറ്റ് തോണിയിൽ വന്നിട്ടില്ല."

കിട്ടൻറൈറ്റർ ഒരു നുള്ള് പൊടികൂടി വലിച്ചുകേറ്റി മുഖം കുടഞ്ഞു മൂക്കു ചുളിച്ചുകൊണ്ടു വൈദ്യരേയും ആ മൂഢപ്പരിഷയേയും പുച്ഛ രസത്തോടെ ഒന്നു നോക്കി.

കിട്ടൻറൈറ്റർ വാക്സാമർത്ഥ്യംകൊണ്ട് അന്ന് അങ്ങനെ രക്ഷപ്പെട്ടെങ്കിലും പൊതുജനം വിട്ടില്ല. മജിസ്ത്രേറ്റ് എന്ന പേര് തലയിൽ വെച്ചുകെട്ടിക്കൊടുത്തു.

'ബഞ്ചുമജിസ്ത്രേറ്റ്' എന്നു പറയുംപോലെ. 'തോണിമജിസ്ത്രേറ്റ്' എന്നും ചില രസികന്മാർ കിട്ടൻറൈറ്ററെ വിളിക്കാറുണ്ട്—

കോലായിലെ ബഞ്ചിൽ കൂനിക്കൂടിയിരിക്കുന്ന കിട്ടൻറൈറ്ററെ കണ്ടപ്പോൾ ശ്രീധരനു സഹതാപം തോന്നി. ആൾ ആകപ്പാടെ ശോഷിച്ചു വിളറിയിട്ടുണ്ട്. തലക്കെട്ടഴിച്ചപ്പോൾ പറ്റെ ക്രോപ്പ് ചെയ്ത തലയാണു കണ്ടത്.

മൂപ്പർ ടൈഫോയ്ഡ് പിടിച്ചു കിടപ്പിലായിരുന്നുവത്രേ. ഗോപാലേട്ടൻ മരിച്ചിട്ട്, കന്നിപ്പറമ്പിൽ ഇതേവരെ വരാൻ കഴിയാതെപോയത് അതുകൊണ്ടാണ്. ഇപ്പോഴും നല്ലപോലെ നടക്കാറായിട്ടില്ല.

ഗോപാലന്റെ അന്ത്യനിമിഷങ്ങളെക്കുറിച്ചു കൃഷ്ണൻമാസ്റ്റർ സങ്കടസ്വരത്തിൽ പറഞ്ഞുകേൾപ്പിച്ചപ്പോൾ കിട്ടൻറൈറ്റർ ഒരു വേദാന്തിയുടെ മട്ടിൽ മൊഴിഞ്ഞു: "മാഷ്ട്രരേ, നിത്യരോഗിയായിരുന്ന ഗോപാലൻറൈറ്റർ വാസ്തവത്തിൽ മരിക്കുകയല്ലാ മോക്ഷം പ്രാപിക്കുകയാണുണ്ടായത്—"

കൃഷ്ണൻമാസ്റ്റർ ഒരു ദീർഘശ്വാസംകൊണ്ട് ആ തത്ത്വചിന്തയെ പിന്താങ്ങി.

"എന്നാൽ—" കിട്ടൻറൈറ്റർ അൽപം സ്വരപ്പതർച്ചയോടെ തുടർന്നു: "ആന കുത്തിയാൽ ഏശാത്ത ആരോഗ്യമുള്ളവരെ ഈശ്വരൻ പച്ചയോടെ

കശാപ്പുചെയ്യുന്നതു കണ്ടു സഹിക്കാൻ കഴിയുന്നില്ല—"

"കിട്ടൻ ആരെപ്പറ്റിയാണു പറയുന്നത്?" മാസ്റ്റർ ചോദിച്ചു.

കിട്ടൻറൈറ്റർ കുറച്ചുനേരം ഒന്നും പറയാതെ ദൂരെ ആകാശത്തിലേക്കു തുറിച്ചു നോക്കിക്കൊണ്ടിരുന്നു. പിന്നെ കീഴ്ച്ചുണ്ടു കടിച്ച്, തലയാട്ടിക്കൊണ്ടു ഗദ്ഗദസ്വരത്തിൽ മൊഴിഞ്ഞു: "എന്റെ തുപ്രൻ!"

തുപ്രന്റെ ദുർമ്മരണവാർത്ത കിട്ടൻറൈറ്റർ വിവരിച്ചു കേൾപ്പിച്ചു:

കിട്ടൻറൈറ്ററുടെ പറമ്പിൽ ഒരു പീറ്റത്തെങ്ങ് ഉണങ്ങിത്തുടങ്ങിയിരുന്നു. അതു മുറിച്ചുകളയാൻ തീരുമാനിച്ചു. തുപ്രനു വേറെ ജോലിത്തിരക്കുണ്ടായിരുന്നുവെങ്കിലും 'ലേറ്റർ മൊതലാളി' അക്കാര്യം സൂചിപ്പിച്ചപ്പോൾ തുപ്രൻ ഏറ്റെടുത്ത മറ്റു ജോലികൾ മാറ്റിവെച്ച്, കോടാലിയും കയർച്ചുരുളുമായി ഉടൻ സ്ഥലത്തു വന്നുചേർന്നു.

തെങ്ങിൽ കയറി, മുകളിൽ ഇരിപ്പിടം കെട്ടിയുറപ്പിച്ചു. കുരൽ വെട്ടിത്തുടങ്ങി. തെങ്ങിന്റെ മദ്ധ്യം ഉള്ളിൽ പൊത്തോടിയിരുന്ന വസ്തുത, പാവം തുപ്രൻ മനസ്സിലാക്കിയിരുന്നില്ല. കുരൽ തള്ളിവീഴ്ത്തിയപ്പോൾ തെങ്ങ് നടു പൊട്ടിപ്പിളർന്ന്, കുരലും പകുതിത്തെങ്ങും ഇരിപ്പിടവും തുപ്രനും കോടാലിയും എല്ലാംകൂടി കോലാഹലത്തോടെ കന്മതിലിന്മേൽ വന്നു പതിച്ചു. നെഞ്ചും ചുമലുകളും ചമ്മന്തിയായി, തലമണ്ടയും തകർന്ന്, തുപ്രൻ സിദ്ധികൂടി....

ആ രംഗം ശ്രീധരൻ മനസ്സിൽ കാണുന്നു. തീവണ്ടിയെഞ്ചിൻ കേറിയ എരുമക്കാരത്തിപ്പൊന്നമ്മയെപ്പോലെ, നടുപ്പുറംകൊണ്ടു ബഖല പൊക്കി നട്ടെല്ലു നുറുങ്ങി, കൊമ്പൻസ്രാവുകൾക്കിരയായ അറബി അഹമ്മദിനെപ്പോലെ, കന്മതിലിൽ വീണ് ആനത്തുപ്രൻ അപമൃത്യുവിന്റെ അങ്കക്കളരിയിൽ പ്രദർശനം നടത്തുന്ന ആ രംഗം!.....കാഥികൻ വിരിപ്പിൽ ഇബ്രാഹിമിന്റെ വീട്ടിൽനിന്നു മടങ്ങുമ്പോൾ, റോഡരുകിലെ പറമ്പിലെ പീറ്റത്തെങ്ങിന്റെ മുതുകിൽ ആകാശസവാരിചെയ്യുന്ന തുപ്രനെ അവസാനമായി കണ്ടതും ശ്രീധരൻ അനുസ്മരിച്ചു.

ഗുരുവും രക്ഷിതാവുമായിരുന്ന 'ലേറ്റർ മുതലാളി'യുടെ മുന്നിൽവെച്ചു തന്നെ തുപ്രൻ ചാവാനിടയായ വിധിവൈപരീത്യമോർത്ത്, കൃഷ്ണൻ മാസ്റ്റർ തനിയേ ചിരിച്ചു. അനുജൻ ഒതേനന്റെ മരണത്തെപ്പറ്റി ഏട്ടൻ കോമക്കുറുപ്പ് ചാപ്പനോടു പറഞ്ഞ വാക്കുകൾ (വടക്കൻപാട്ടിൽനിന്ന്) മാസ്റ്റർ പാടിക്കേൾപ്പിച്ചു:

"കൊണ്ടുനടന്നതും നീയേ ചാപ്പാ<br>
കൊണ്ടുപോയ് കൊല്ലിച്ചതും നീയേ ചാപ്പാ......"

# 24. ഭാഗ്യശാലികൾ

“ശ്രീധർ, യു മസ്റ്റ് ലേൺ ഷോർട്ട് ഹാൻഡ്—ടൈപ്പ്റൈറ്റിങ്—ഇറ്റ്വില് ഹെൽപ് യൂ ടു ഗെറ്റ് ഏ ഗുഡ് ജോബ് ആഫ്റ്റർവേർഡ്സ്.....”

ധർമ്മരാജയ്യങ്കാരുടെ ഉപദേശമാണ്.

ഇന്റർ പാസ്സായി തുടർന്നു പഠിച്ചാലും ഇല്ലെങ്കിലും കമ്മേർസ്യൽ വിഷയങ്ങളിൽ പരിശീലനം നേടിവയ്ക്കുന്നത് ഭാവിയിലേക്കു നല്ലതാണെന്ന പട്ടരുടെ അഭിപ്രായം കൃഷ്ണൻമാസ്റ്റർക്കും സ്വീകാര്യമായിത്തോന്നി.

അങ്ങനെ ശ്രീധരൻ, ഗോപാലകൃഷ്ണാ കമ്മേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സായാഹ്നക്ളാസ്സിൽ ചേർന്നു.

(30 കൊല്ലം മുമ്പ് ഷോർട്ട്ഹാൻഡ് പരീക്ഷ പാസ്സായി ഗവൺമെന്റ് സർട്ടിഫിക്കറ്റ് സമ്പാദിച്ച്, ഉത്തരേന്ത്യയിലെ ഒരു യൂറോപ്യൻകമ്പനി ഓഫർ ചെയ്ത 150 ക. ശമ്പളമുള്ള ഉദ്യോഗം തിരസ്കരിച്ച് (കുടുംബത്തെ വിട്ടു പോകാനുള്ള വൈമനസ്യമാണു കാരണം) 10 ക. ശമ്പളത്തിൽ ഒരദ്ധ്യാപകനായി ചേർന്നു നാട്ടിൽത്തന്നെ കൂടിയ അച്ഛന്റെ ഗതി ശ്രീധരൻ ഓർക്കാതിരുന്നില്ല.)

വൈകുന്നേരം ഇൻസ്റ്റിറ്റ്യൂട്ടിൽച്ചെന്ന് ‘അടിപിടി—പടവെട്ട്’ ടൈപ്പ്റൈറ്റർ കീബോർഡ് ശബ്ദിപ്പിച്ചു. ഇൻസ്ട്രക്ടരുടെ ഡിക്റ്റേഷൻ ശ്രദ്ധിച്ചു. ചുവപ്പു വരയിട്ട മിനുസക്കടലാസ് നോട്ടുബുക്കിൽ കൂർത്ത പെൻസിൽകൊണ്ടു ചുരുക്കെഴുത്തിന്റെ വരയും കുറിയും കൊക്കയും കൊളുത്തും വരച്ചുകൂട്ടി. ഇന്റർപരീക്ഷയ്ക്കു വീണ്ടും അപ്പിയർചെയ്യാനുള്ള തീരുമാനവും ഉപേക്ഷിച്ചിരുന്നില്ല. തോറ്റ പാർട്ടിൽ മാത്രം പരീക്ഷയെഴുതി പാസ്സായാൽപ്പോരാ, മൂന്നു പാർട്ടിലും പരീക്ഷയെഴുതി പാസ്സാവണം—എങ്കിൽ മാത്രമേ ബി.ഏ.യ്ക്കു ചേരാനൊക്കൂ.

മുഴുവൻ പരീക്ഷയ്ക്കും പണമടച്ചു.

ഇംഗ്ലീഷും സംസ്കൃതംമലയാളവും ഒരു പ്രശ്നമല്ല. മാത്ത്സിൽ ധർമ്മരാജയ്യങ്കാർ ട്യൂഷൻതന്നു സഹായിച്ചു. ഫിസിക്സും കെമിസ്ട്രിയും ബാക്കി കിടക്കുന്നു.

ഒരുദിവസം വൈകുന്നേരം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു ടൈപ്പിങ്ക്ലാസ്സും കഴിഞ്ഞു താഴെയിറങ്ങി തൊട്ടടുത്തുള്ള ‘മഹാലക്ഷ്മിവിലാസം’ ഹോട്ടലിൽ ഒരു കാപ്പി കുടിക്കാൻ കേറി കാപ്പി കഴിച്ചുകൊണ്ടിരിക്കെ, വെളുത്തു ദീർഘകായനായൊരു യുവാവ് പുഞ്ചിരിതൂകിക്കൊണ്ടു മുമ്പിൽ വന്നു കുത്തിയിരുന്നു.

“മിസ്റ്റർ ചേനക്കോത്തു ശ്രീധരനല്ലേ?” യുവാവിന്റെ ചോദ്യം.

“അതേ. എനിക്കു മനസ്സിലായില്ലല്ലോ?.....”

അയാൾ ചിരിച്ചു തലയാട്ടി. മറുപടി പറഞ്ഞില്ല.

അപ്പോൾ കഴുത്തിൽ രുദ്രാക്ഷമാല കെട്ടിയ കറുത്തു കുറുതായൊരു മദ്ധ്യവയസ്കൻ ബദ്ധപ്പെട്ടു വന്ന് യുവാവിനെ പരിചയപ്പെടുത്തി:

“അറിയില്ലേ? നോവലെഴുത്തുകാരൻ ഗോവിന്ദക്കുറുപ്പ്—പടിഞ്ഞാറെ

കായൽപ്പുളിക്കൽ കോന്തക്കുറുപ്പിന്റെ മരുമകൻ—”

പേരു പറഞ്ഞപ്പോൾ ശ്രീധരനു കഥാനായകനെ പിടികിട്ടി. പട്ടണത്തിൽനിന്നു പത്തുപന്ത്രണ്ടു മൈൽ കിഴക്കുള്ള ഒരുൾനാട്ടിലെ ഒരു പ്രസിദ്ധ ജന്മിത്തറവാട്ടിലെ ഏക അനന്തിരവനും അവകാശിയുമാണ് ഗോവിന്ദക്കുറുപ്പ്. പത്താംക്ളാസ്സിൽ നാലുപ്രാവശ്യം തോറ്റ്, പഠിത്തം നിർത്തി, തറവാട്ടുകാര്യങ്ങൾ നോക്കി നടത്തുകയാണ്. കാരണവർ കോന്തക്കുറുപ്പ് പക്ഷവാതം പിടിച്ചു കിടപ്പിലാണ്. ആയിരക്കണക്കിൽ പറ നെല്ലു പാട്ടം കിട്ടുന്ന വയലുകളും മലകളും ആനകളുമുണ്ട്. അതെല്ലാം നോക്കിനടത്തി സമാധാനത്തോടെ കഴിഞ്ഞാൽ മതിയായിരുന്നു ഗോവിന്ദക്കുറുപ്പിന്. ജാതക ദോഷമെന്നു പറഞ്ഞാൽ മതി—ഒരു നോവലിസ്റ്റ് ആകണമെന്ന മഹാവ്യാധി ഗോവിന്ദക്കുറുപ്പിനെ ബാധിച്ചു.

നാട്ടിൻപുറവും അവിടത്തെ പഴയ നാലുകെട്ടുമാളികയും സാഹിത്യ പ്രവർത്തനത്തിനു പറ്റുകയില്ലെന്ന് ഗോവിന്ദക്കുറുപ്പ് സ്വയം തീരുമാനിച്ചു. ഈരണ്ടുമാസം കൂടുമ്പോളൊരിക്കൽ പട്ടണത്തിലേക്ക് ഒരു സാഹിത്യ തീർത്ഥയാത്ര പുറപ്പെടും. പട്ടണത്തിലെ മികച്ച ഹോട്ടലായ ‘മഹാലക്ഷ്മി വിലാസ’ത്തിൽ ഒരു മുറി വാടകയ്ക്കെടുക്കും. അഞ്ചുപത്തുദിവസം തുടർച്ചയായി താമസിക്കും—നോവലെഴുത്തിന്.

താമസം സകലസുഖസൗകര്യങ്ങളോടുംകൂടി വേണമെന്ന് ഗോവിന്ദക്കുറുപ്പിനു നിർബ്ബന്ധമാണ്. ബലാഗുളുച്യാദി എണ്ണ, ഉപ്പുമാങ്ങാ, ഉമിക്കരി, ഈർക്കിൽക്കെട്ട് മുതലായവ വീട്ടിൽനിന്നു കൂടെ കൊണ്ടുവരും—സഖാവും കാര്യസ്ഥനും ശിങ്കിടിക്കാരനുംകൂടിയായ കുഞ്ഞൻനായരെയും.

പട്ടണത്തിലെത്തിയാൽ ആദ്യത്തെ പോക്ക് പുസ്തകഷാപ്പുകളിലേക്കാണ്. കിട്ടാവുന്ന നോവലുകളും കഥാപുസ്തകങ്ങളും എല്ലാം വാങ്ങിക്കെട്ടി, ഹോട്ടൽമുറിയിൽ നിക്ഷേപിക്കും. പിന്നത്തെ പോക്ക് ശീമമദ്യ വിൽപനശാലയിലേക്കാണ്—വിസ്കി, ബ്രാണ്ടി, വൈൻ തുടങ്ങിയ വിദേശ മദ്യങ്ങൾ വാങ്ങി, പീഞ്ഞപ്പെട്ടിയിലാക്കി, പുസ്തകക്കെട്ടുകൾക്കരികെ പ്രതിഷ്ഠിക്കും—മൂന്നുനാലു ടിൻ ഗോൾഡ് ഫ്ളേക്ക് സിഗരറ്റും.

രാവിലെ ബലാഗുളുച്യാദിയും തേച്ച് ഒരു കുളികഴിച്ച് നല്ലൊരു ബ്രേക്ക് ഫാസ്റ്റും അടിച്ച് നോവലെഴുത്തിനു തയ്യാറെടുക്കും. ആലോചിക്കും. പ്രചോദനം കിട്ടാൻ കൂടെക്കൂടെ ബ്രാണ്ടി സേവിച്ചുകൊണ്ടിരിക്കും. സിഗരറ്റ് പുകയ്ക്കും. മൂന്നുനാലുവരി എഴുതിത്തീർക്കും—എഴുതിയത് ആരെയെങ്കിലും വായിച്ചു കേൾപ്പിക്കണമെന്ന് മൂപ്പർക്കു നിർബ്ബന്ധമാണ്— ഹോട്ടലിന്റെ താഴത്തെ പൊതുഭോജനശാലയിൽ കാപ്പികുടിക്കാൻ വന്നവരിൽ സാഹിത്യകാരന്മാരോ അദ്ധ്യാപകന്മാരോ പുസ്തകവായനക്കാരോ ആരെങ്കിലുമുണ്ടോ എന്ന് അന്വേഷിച്ചു കണ്ടുപിടിക്കാൻ കുഞ്ഞൻനായരെ പറഞ്ഞയയ്ക്കും. അവിടെ ആരെയും കിട്ടിയില്ലെങ്കിൽ ഹോട്ടലിലെ പത്താം നമ്പർ റൂമിൽ സ്ഥിരം താമസക്കാരനും ‘വിശ്വപ്രശസ്ത ഹസ്തരേഖാ ശാസ്ത്രജ്ഞനു’മായ പി. ടി. രാമപ്പണിക്കരെ കുഞ്ഞൻനായർ പിടിച്ചു കൊണ്ടുവരും.

മാന്യാതിഥിക്കു കുടിക്കാനെന്തുവേണം?—ബ്രാണ്ടി, വിസ്കി, വൈൻ, കാപ്പി, ചായ?....കഴിക്കാൻ ഇറച്ചിയോ പച്ചക്കറിയോ? പ്രത്യേകമായി എന്തെങ്കിലും വേണമെങ്കിൽ പുറത്തുനിന്നും വരുത്താം—പറയാൻ മടിക്കണ്ട.....

അങ്ങനെ അതിഥിയെ യഥാവിധി തീറ്റി സംതൃപ്തനാക്കി പിന്നെ ഗോവിന്ദക്കുറുപ്പ്

തന്റെ സാഹിത്യവിഭവം വിളമ്പിക്കൊടുക്കും. നാലുവരി വായിച്ചു കേൾപ്പിച്ച് ഒരു ചോദ്യം: എങ്ങനെയിരിക്കുന്നു?

വന്നവന്, തിന്നതിനു നന്ദി പറയാനൊരവസരം! ഭംഗ്യന്തരേണ—ഒന്നാന്തരം! പൊടിപൊടിച്ചല്ലോ—ചന്തുമേനോന്റെ ഇന്ദുലേഖ ഈ പുതിയ സാഹിത്യപ്പൂച്ചെണ്ടിന്റെ മുമ്പിൽ വെറും ചണ്ടി—

അങ്ങനെ പടിഞ്ഞാറെ കായൽപ്പുളിക്കൽ ഗോവിന്ദക്കുറുപ്പ് എന്ന ഭാവി നോവലിസ്റ്റിന്റെ പട്ടണവാസപരിപാടികളെക്കുറിച്ചു ശ്രീധരൻ പലരിൽ നിന്നും കേട്ടിട്ടുണ്ടായിരുന്നു. പുള്ളിയെ നേരിട്ടു കാണുന്നത് ഇന്നാദ്യമായിട്ടാണ്.

“മിസ്റ്റർ ശ്രീധരൻ, പ്ലീസ്, എന്റെ റൂമിലേക്കു വരൂ—”

ക്ഷണിക്കുന്നതിന്റെ ഉദ്ദേശം ശ്രീധരനു മനസ്സിലായി—ഗോവിന്ദക്കുറുപ്പിന്റെ സാഹിത്യക്കഷായം കുടിപ്പിക്കാൻതന്നെ, അതൊരനുഭവമായിരിക്കും. ശ്രീധരൻ മനസ്സിൽ കരുതി—കൂടാതെ ഒരുമണിക്കൂർനേരം തുടർച്ചയായി കമ്മേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ കുട്ടത്തോടെയുള്ള അടിപിടി–പടവെട്ടു കേട്ടു മരവിച്ച കർണ്ണസിരകൾക്ക്, സാഹിത്യസ്വനം കലർന്ന എന്തും ആശ്വാസമരുളുമെന്ന ഒരു ചിന്തയും ഉദിച്ചു.

അങ്ങനെ ശ്രീധരൻ ഗോവിന്ദക്കുറുപ്പിന്റെകൂടെ ഹോട്ടലിലെ ഒന്നാം നമ്പർ റൂമിലെത്തി.

“മിസ്റ്റർ ശ്രീധരൻ—കുടിക്കാൻ വിസ്കി—ബ്രാണ്ടി?.......”

“ഒന്നും വേണ്ട—ഇപ്പോഴല്ലേ കാപ്പികുടിച്ചത്?”

“അതൊന്നും പറഞ്ഞാൽ പറ്റില്ല. ഇവിടെനിന്ന് എന്തെങ്കിലും കുടിക്കണം—” (കുഞ്ഞൻനായരേ, ആ ചെക്കനെ വിളിക്കൂ—സോഡ കൊണ്ടു വരട്ടെ—)

“വേണ്ട മിസ്റ്റർ കുറുപ്പ്! ഞാൻ ഇതേവരെ മദ്യം കഴിച്ചിട്ടില്ല—”

“എന്നാൽ ആദ്യം കുടിക്കുന്നത് ഇവിടെനിന്നാവട്ടെ—ഹഹ്ഹ—ഹ്ഹ...”

“എന്നെ നിർബ്ബന്ധിക്കരുത്....”

“ആദ്യമായി കുടിക്കുമ്പോൾ എല്ലാവർക്കും അങ്ങനെ ഒരു പേടിയും ശങ്കയും നാണവുമൊക്കെയുണ്ടാവും. നിങ്ങളൊരു സാഹിത്യകാരനല്ലേ?— നിങ്ങളെഴുതിയ കവിതകളും ചെറുകഥകളുമൊക്കെ ഞാൻ വായിച്ചിട്ടുണ്ട്. കുറേമുമ്പ് ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ ‘മിന്നൽപ്പിണർ’ എന്ന ചെറുകഥ എന്റെ മനസ്സിൽ വികാരങ്ങളുടെ മിന്നൽപ്പിണരുകൾ ഉളവാക്കി എന്നു പറഞ്ഞാൽ അതൊരതിശയോക്തിയല്ല. കാഹളത്തിൽ പ്രസിദ്ധപ്പെടുത്തിയ നിങ്ങളുടെ ‘മകനെക്കൊന്ന മദ്യം’ എന്ന കവിതയിലെ ചില വരികൾ ഞാൻ ഹൃദിസ്ഥമാക്കിയിട്ടുണ്ട്—കേൾക്കണോ?

‘പിനാങ്കിൽനിന്നിന്നു തിരിച്ചുവന്നൊരു
തനയനെത്താതൻ ഹര! ഹര! ഹര!....’

ആ ഹരഹരപ്രയോഗത്തിനു കൊടുക്കണം, ഒരുഒരുഒരുഒരുകുപ്പി വിസ്കി. ഹഹഹ്ഹ!”

“മദ്യപാനത്തിനെതിരായി ഞാൻ എഴുതിയ ഒരു കവിതയാണ്, അത്.”

ശ്രീധരൻ ഓർമ്മിപ്പിച്ചു.

“അതെനിക്കറിഞ്ഞുകൂടേ? ചെറുപ്പത്തിൽ നാടുവിട്ടു പിനാങ്കിലേക്കു പോയ മകൻ—

കൊല്ലങ്ങൾക്കുശേഷം അവൻ നല്ലൊരു സമ്പാദ്യവുമായി വീട്ടിൽ തിരിച്ചെത്തുന്നു. അച്ഛൻ മുഴുത്ത കുടിയനാണ്. അയാൾ കള്ളു ഷാപ്പിൽനിന്നു പാതിരയ്ക്കു പുരയിൽ വന്നപ്പോൾ എന്താണു കാണുന്നത്? ഭാര്യയുടെ മുറിയിൽ കിടന്നുറങ്ങുന്ന അപരിചിതനായൊരു യുവാവിനെ— മുമ്പും പിമ്പും നോക്കാതെ അരയിൽ നിന്നു കത്തിയൂരി ഭാര്യയുടെ ജാരന്റെ കഥകഴിച്ചു—കവിതയുടെ ഇതിവൃത്തം അങ്ങനെയല്ലേ?—"

ശ്രീധരന്റെ ഉള്ളിൽ അദ്ഭുതവും അഭിമാനവും കിളർന്നുവന്നു; തന്റെ സാഹിത്യസൃഷ്ടികളെല്ലാം വായിച്ച് ഓർമ്മയിൽ വെച്ചിരിക്കുന്നു. ഈ സഹൃദയൻ.

ഇതേവരെ അജ്ഞാതനായിരുന്ന ഒരാരാധകനെ കണ്ടുകിട്ടിയിരിക്കുന്നു.

ഗോവിന്ദക്കുറുപ്പിനോട് ഒരാത്മീയബന്ധം തോന്നിപ്പോയി.

മുറിക്കൈയൻബനിയൻ ധരിച്ച ഒരു ചെക്കൻ ഓരോ കക്ഷത്തിലും ഈരണ്ടു സോഡാക്കുപ്പികളുമായി മുറിയിലേക്കു വന്നു.

"കുഞ്ഞൻനായരേ—" ഗോവിന്ദക്കുറുപ്പ് ഒരാംഗ്യംകാട്ടി.

കുഞ്ഞൻനായർ ചുമരലമാര തുറന്നു. അലമാരയിൽ പലതരം ശീമ മദ്യക്കുപ്പികൾ അണിനിരത്തിവെച്ചിരിക്കുന്നു. അടുത്തുതന്നെ പുസ്തകക്കെട്ടുകളും.

"വിസ്കിതന്നെ ആയ്ക്കോട്ടെ—" ഗോവിന്ദക്കുറുപ്പു പറഞ്ഞു.

വിസ്കിക്കുപ്പിയും രണ്ടു ഗ്ലാസ്സും മേശപ്പുറത്തു വന്നെത്തി. പിന്നെ കുഞ്ഞൻനായർ അലമാരയുടെ മൂലയിൽനിന്ന് ഒരിലപ്പൊതിയെടുത്തു മേശപ്പുറത്തു വെച്ച് അഴിച്ചു.

ചിക്കൻ ഫ്രൈ!

കുഞ്ഞൻനായർ സോഡ പൊട്ടിച്ചു.

ഗോവിന്ദക്കുറുപ്പ്, വിസ്കിക്കുപ്പി തുറന്ന് ഒരു ഗ്ലാസ്സിലേക്കു പകർന്നു. ഗ്ലാസ്സ് പൊക്കി അളവുനോക്കി താഴെവെച്ച്, സോഡാക്കുപ്പി ചെരിച്ചുപിടിച്ച് ഒരു ചോദ്യം: "സോഡ ജാസ്തി വേണോ?"

"വേണ്ട, കുറച്ചു മതി—"

സാധാരണമര്യാദയോർത്താണ് കുറച്ചു മതിയെന്ന് ശ്രീധരൻ പറഞ്ഞു പോയത്.

അതു കേട്ടു ഗോവിന്ദക്കുറുപ്പു തനിയേ ചിരിച്ചു.

എത്ര നിർബ്ബന്ധിച്ചാലും കുടിക്കുകയില്ല എന്ന ദൃഢനിശ്ചയത്തോടെയാണ് ആദ്യം പെരുമാറിയത്. ഒരു പുനരാലോചന നടത്തി. ഒരു ലക്ഷപ്രഭുകുമാരൻ! തന്റെ ഒരാരാധകൻ! ഒരു സാഹിത്യരസികൻ! ഉദാരമതിയായ ഒരാതിഥേയൻ! സന്തോഷത്തോടെ സൽക്കരിക്കുമ്പോൾ മുഖം കറുപ്പിച്ചു തിരസ്കരിക്കുന്നതിൽ ഒരനൗചിത്യമില്ലേ? അച്ഛനെ ഓർത്തു. മരിച്ചുപോയ ഗോപാലേട്ടനെ ഓർത്തു. മനസ്സാക്ഷിയോടു ചോദിച്ചു....

അരുത് എന്ന മുൻതീരുമാനത്തിൽത്തന്നെ വീണ്ടും എത്തിച്ചേർന്നു.

"എനിക്കു വേണ്ടാ, മിസ്റ്റർ കുറുപ്പ്. ഞാൻ മദ്യപാനത്തിനെതിരെ കവിതയെഴുതിയ ആദർശശാലിയാണ്. എന്റെ ആദർശം ഞാൻതന്നെ വിഴുങ്ങിക്കളയുന്നതു കഷ്ടമാണ്....."

ഗോവിന്ദക്കുറുപ്പ് ഒരു ഫലിതം പറഞ്ഞുകേട്ടപോലെ ചിരിച്ചു തലയാട്ടി.

"മിസ്റ്റർ ശ്രീധരൻ, കവികളും സാഹിത്യകാരന്മാരും പല ആദർശങ്ങളും

സാരോപദേശങ്ങളും എഴുതിപ്പിടിപ്പിക്കും. അതെല്ലാം സ്വന്തം ജീവിതത്തിൽ പകർത്താൻ എത്രപേർക്കു കഴിയും?

ഭീമഘാതകർ കഴുത്തറുക്കവേ
രാമരാമകരുണസ്വരത്തൊടും
കീഴ്മലച്ചു പിടയുന്ന കോഴിയെ
ക്കാണ്മവർക്കു കരൾ പൊട്ടുകില്ലയോ.....?

ഒന്നാന്തരം കോഴിയിറച്ചിയുംകൂട്ടി ഉച്ചയൂണും കഴിച്ച് ഒരേമ്പക്കവുംവിട്ടു പല്ലുകൾക്കിടയിൽ പറ്റിക്കൂടിയ മാംസശ്ശളിക ഒരു തീപ്പെട്ടിക്കോലുകൊണ്ടു കുത്തിയിളക്കി ഇളിച്ചുകാട്ടിക്കൊണ്ടായിരിക്കണം മഹാകവി ആ കുക്കുട വിലാപശ്ലോകം പടച്ചുവിട്ടത്.

ശീമപാചകരറുത്തു വൃത്തിയായ്
രോമമൊക്കെയുമുരിച്ചു നഗ്നമായ്
ഹാ! മസാലയിൽ വറുത്ത കോഴിയെ
ക്കാണ്മവർക്കു കൊതി പൊട്ടുകില്ലയോ?

എന്ന ആശയത്തെ ഒരാദർശക്കുപ്പായമണിയിച്ചു പുറത്തിറക്കിവിട്ടതാണ് ആദ്യം പറഞ്ഞ ഭീമഘാതകശ്ലോകം—"

കഴുത്തോളം സോഡയൊഴിച്ച വിസ്കിഗ്ലാസ്സ് ശ്രീധരന്റെ കൈയിൽ സമർപ്പിച്ചുകൊണ്ട് ഗോവിന്ദക്കുറുപ്പു ചിരിച്ച ചിരിയിൽ ശ്രീധരനും പങ്കുചേർന്നു....

കുറച്ചു കഴിഞ്ഞപ്പോൾ ഗോവിന്ദക്കുറുപ്പ് കുഞ്ഞൻനായരെ നോക്കി ഒരു പ്രത്യേക ആംഗ്യം കാട്ടി.

കുഞ്ഞൻനായർ ഒരു പെട്ടിയിൽനിന്നു വലിയൊരു പുസ്തകം എടുത്തു കൊണ്ടു വന്ന് ഗോവിന്ദക്കുറുപ്പിന്റെ കൈയിൽക്കൊടുത്തു.

നല്ല മേനിക്കടലാസ്സിന്റെ ബൗണ്ട്ബുക്ക്. പുറംചട്ടയിൽ ചുവന്ന അക്ഷരങ്ങളിൽ വലുതായി എഴുതിവെച്ചിരിക്കുന്നു:

നന്ദിനി

(പുതിയ നോവൽ)

ഗ്രന്ഥകർത്താ: പി. കെ. പി. ഗോവിന്ദക്കുറുപ്പ്.

"മിസ്റ്റർ കുറുപ്പ് എഴുതിവരുന്ന പുതിയ നോവലാണോ?" ശ്രീധരൻ വിസ്കി ഒന്നു മോന്തി. ഗ്ലാസ്സ് മേശപ്പുറത്തു വെച്ച് അദ്ഭുതരസം അഭിനയിച്ചുകൊണ്ടു ചോദിച്ചു.

ഉത്തരം നൽകിയതു കുഞ്ഞൻനായരാണ്: "അതേ, ഗോവിന്ദക്കുറുപ്പിന്റെ കടിഞ്ഞൂൽസന്താനം."

"നന്ദിനി—നോവലിന്റെ പേരു നന്നായിട്ടുണ്ട്." ശ്രീധരൻ അഭിനന്ദനം പാസ്സാക്കി.

"ഈ നോവലിനു 'നന്ദിനി' എന്നു പേരിടാൻ തീരുമാനിച്ചതിന്റെ കാരണം അറിയാമോ?" ഗോവിന്ദക്കുറുപ്പ്, ഗോൾഡ് ഫ്ളേക്ക് സിഗരറ്റ്ടിൻ ശ്രീധരന്റെ നേർക്കു നീട്ടി.

ശ്രീധരൻ ഒരു സിഗരറ്റെടുത്തു ചുണ്ടിൽ വെച്ചു. ഗോവിന്ദക്കുറുപ്പ് തീപ്പെട്ടിയുരസിക്കൊടുത്തു.

"ആ പേരിന്റെ പിന്നിൽ മിസ്റ്റർ കുറുപ്പിന്റെ പഴയൊരു പ്രേമകഥ ഒളിച്ചിരിക്കുന്നുണ്ടാവും—" ശ്രീധരൻ പുകവിട്ടുകൊണ്ടു പറഞ്ഞു.

"ഹെയ്—എന്റെ പ്രേമവ്യാപാരങ്ങളൊന്നും ഞാൻ നോവലിൽ പകർത്താറില്ല. ഭാവനയുടെ ജാരസന്താനമാണ്, എന്റെ നന്ദിനി."

ഭാവനയുടെ ജാരസന്താനം! ആ വ്യാഖ്യാനം ശ്രീധരനു പിടിച്ചു.

"ഒരു ചരിത്രസത്യമാണ്, ഈ പേരിടാൻ എന്നെ പ്രേരിപ്പിച്ചത്." ഗോവിന്ദക്കുറുപ്പ് ഗൗരവത്തോടെ പറഞ്ഞു.

"ചരിത്രസത്യമോ? ചിക്കൻഫ്രൈയുടെ ചിറക് അടർത്തിത്തിന്നു കൊണ്ട് ശ്രീധരൻ ചോദിച്ചു.

"കുന്ദലത ഇന്ദുലേഖ ചന്തുമേനോൻ ചരിത്രപ്രസിദ്ധമായ ഈ പദങ്ങളിലെ കേന്ദ്രബിന്ദു എന്താണ്? ചന്തുമേനോന്റെ ഇന്ദുലേഖഅതു പോലെ ഭാവിയിൽ വേറെ ചിലതും പ്രസിദ്ധമായിത്തീരും....."

"ഗോവിന്ദക്കുറുപ്പിന്റെ നന്ദിനി—" കുഞ്ഞൻനായരുടെ പ്രഖ്യാപനം.

(കുഞ്ഞൻനായർ കുടിക്കുകയില്ല. കൂടെക്കൂടെ വെറ്റില മുറുക്കണം. തളിർവെറ്റില, ഇടിച്ച പുകയില, സുഗന്ധമൂലികകൾ ചേർത്തു തയ്യാറാക്കിയ അടയ്ക്കാപ്പൊടി മുതലായവ അടക്കംചെയ്ത ഒരു വെള്ളിച്ചെല്ലം എപ്പോഴും കൂടെ കൊണ്ടു നടക്കും.)

കുഞ്ഞൻനായർ ഒരു വെറ്റിലയെടുത്ത്, നഖംകൊണ്ടു ഞരമ്പു മാന്തിത്തുടങ്ങി.

"കുഞ്ഞൻനായർ മുറുക്കുന്ന വെറ്റിലയ്ക്ക് ഒരു പ്രത്യേക സ്വാദാണ്." ഗോവിന്ദക്കുറുപ്പു ചിരിച്ചുകൊണ്ടു പറഞ്ഞു.

"അതെന്തുകൊണ്ടാണ്? ശ്രീധരൻ ചോദിച്ചു.

"കുഞ്ഞൻനായർതന്നെ പറയും."

"ഇതു മുത്താറിവെറ്റിലയാണ്." കുഞ്ഞൻനായർ തളിർവെറ്റില പൊക്കിക്കാട്ടി തലയാട്ടിക്കൊണ്ടു മൊഴിഞ്ഞു.

"എന്ത്, മുത്താറിവെറ്റിലയോ? അങ്ങനെയുണ്ടോ ഒരു വെറ്റില—"

"മുത്താറിയിൽ സൂക്ഷിച്ചുവെച്ച വെറ്റില—" കുഞ്ഞൻനായർ വിശദീകരിച്ചു: "മുത്താറിയിലിട്ടു സൂക്ഷിച്ചാൽ വെറ്റില ചീത്തയാവുകയില്ല. അതിന്നൊരു പ്രത്യേക സുഗന്ധവും കിട്ടും—"

പുതിയൊരറിവ്.

കുഞ്ഞൻനായർ മുത്താറിവെറ്റില മുറുക്കിക്കൊണ്ടിരിക്കെ ഗോവിന്ദക്കുറുപ്പ് വീണ്ടും ഇന്ദുലേഖാചന്തുമേനോൻ ചർവ്വണം തുടങ്ങി: "കുന്ദലത, ഇന്ദുലേഖ—ചന്തുമേനോൻ......."

"നന്ദിനിഗോവിന്ദക്കുറുപ്പ്......" എന്നു കുഞ്ഞൻനായരും മന്ത്രം ജപിച്ചു.

"ഇനി നമുക്ക് നോവലിലേക്കു പ്രവേശിക്കാം." ഗോവിന്ദക്കുറുപ്പു ഗൗരവത്തിൽ പ്രഖ്യാപിച്ചു.

"ശരി—കേൾക്കട്ടെ."

ആദ്യത്തെ അദ്ധ്യായം പകലിന്റെ വർണ്ണനയോടുകൂടിയാണ് തുടക്കം. 'കർമ്മസാക്ഷി ധർമ്മരശ്മിചൊരിയുന്ന, നിർമ്മലവാസരം....' അങ്ങനെ പോകുന്നു

വർണ്ണന. പ്രാസങ്ങൾകൊണ്ടുള്ള ഒരു പയറ്റുതന്നെ—അതു രണ്ട് പേജ് നിറയെയുണ്ടുതാനും.

ഇടയ്ക്കിടെ വിസ്കി മോന്തിക്കൊണ്ടു ശ്രീധരൻ ശ്രദ്ധിച്ചുകേട്ടു. മൂന്നാം പേജിൽ കഥ തുടങ്ങുന്നു.

"അപ്പുണ്ണിനായർ അകലെയുള്ള ഭാര്യാഗൃഹത്തിലേക്കു പകലേതന്നെ പുറപ്പെട്ടു.."

അത്രത്തോളമേ എഴുതിയിട്ടുള്ളൂ.

"എങ്ങനെയിരിക്കുന്നു?" ആതിഥേയന്റെ ചോദ്യം.

കഷായച്ചണ്ടിപോലെയിരിക്കുന്നു എന്നു പറയാനാണ് തോന്നിയത്. എന്നാൽ, ആ പരമാർത്ഥം തുറന്നു പറയുന്നതെങ്ങനെ? വയലേലകളുടെയും വനഭൂമികളുടെയും ആനകളുടെയും അവകാശിയായ ജന്മിപ്രഭുകുമാരൻ. അദ്ദേഹം സൽക്കരിച്ച വിസ്കിയും ചിക്കൻഫ്രൈയും വിഴുങ്ങിയ തൊണ്ടയിലൂടെ കഷായച്ചണ്ടി പുറത്തുവിടാൻ ഒരു വിമ്മിഷ്ടം. സത്യമേ പറയാവൂ എന്ന സിദ്ധാന്തവും വിലങ്ങടിച്ചു നില്ക്കുന്നു.

'ആപദി കിം കർത്തവ്യം?' പണ്ടെങ്ങോ കേട്ട ഒരു സംസ്കൃതശ്ലോകക്കഷ്ണം തലയോട്ടിയിൽ തേട്ടിവന്നു. കൊല്ലങ്ങൾക്കുമുമ്പു പുത്തൻ ഹൈസ്കൂളിലെ പാരമ്പത്ത് പണ്ഡിതർ ചൊല്ലിക്കേൾപ്പിച്ച സാരോപദേശ ശ്ലോകവും ഓർമ്മവന്നു:

'സത്യം ബ്രൂയാൽ, പ്രിയം ബ്രൂയാൽ

ന ബ്രൂയാൽ സത്യമപ്രിയം—'

അപ്രിയമായ സത്യം പറയരുത്.

കഷായച്ചണ്ടി അപ്രിയമായൊരു സത്യമാണ്.

പിന്നെന്തു ചെയ്യും? കിം കർത്തവ്യം? വാട്ട് ടു ഡു?

മൗനം ഭജിക്കുക. മനസ്സാക്ഷി ഉപദേശിച്ചു.

"പറയൂ മിസ്റ്റർ ശ്രീധരൻ, എങ്ങനെയിരിക്കുന്നു എന്റെ നോവല്?"

ഗോവിന്ദക്കുറുപ്പ് വിടുന്നില്ല. ഗ്ലാസ്സിൽ വീണ്ടും വിസ്കി പകർന്നു. നന്ദിനിയെക്കുറിച്ചുള്ള അഭിനന്ദനം കേൾക്കാൻ കൊതിപൂണ്ടിരിക്കുകയാണ്.

"നോവലിന്റെ തുടക്കമല്ലേ കേട്ടിട്ടുള്ളൂ. മിസ്റ്റർ കുറുപ്പ്—കുറേക്കൂടി എഴുതിക്കഴിഞ്ഞാൽ മാത്രമേ അഭിപ്രായം രൂപവൽക്കരിക്കാൻ പര്യാപ്തമാവൂ..."

"കേട്ടേടത്തോളം എന്തു തോന്നുന്നു?"

ശ്രീധരൻ പാതിയടഞ്ഞ മിഴികളോടെ സ്വൽപനേരം ആലോചിച്ചു. ഒരു സിഗരറ്റുകൂടി പിടിപ്പിച്ചു.

"ആ പകലിന്റെ വർണ്ണന കുറേ നീണ്ടുപോയില്ലേ, മിസ്റ്റർ കുറുപ്പ്?"

ഗോവിന്ദക്കുറുപ്പ് ഗ്ലാസ്സിലെ വിസ്കി ഒരൊറ്റ മോന്തലിന് അകത്താക്കി. ഗ്ലാസ്സ് മേശപ്പുറത്ത് ഒച്ചപ്പെടുത്തി കുത്തിനിർത്തി ഒരു ചിരിചിരിച്ചു: "അങ്ങനെ വരട്ടെ വിമർശനങ്ങൾ."

കുഞ്ഞൻനായർ കുറേക്കൂടി വിസ്കി ഗോവിന്ദക്കുറുപ്പിന്റെ ഗ്ലാസ്സിലേക്ക് ഒഴിച്ചുകൊടുത്തു.

"മിസ്റ്റർ ശ്രീധരൻ, നിങ്ങൾ ശ്രദ്ധിച്ചില്ല, ആ ഖണ്ഡികയുടെ ആരംഭത്തിലൊരിടത്ത് മേഷവാസരമെന്നു രേഖപ്പെടുത്തിയത്. മേടമാസദിവസങ്ങൾക്കു

ദൈർഘ്യം കൂടും....”

“മേഷാദൗ പകലേറീടും

രാവൊന്നത്ര കുറഞ്ഞുപോം—എന്നല്ലേ പ്രമാണം?”

കുഞ്ഞൻനായരുടെ കമന്ററിയാണ്.

“എന്നാൽ ശരി.” ശ്രീധരൻ വഴങ്ങിക്കൊടുത്തു.

“വേറെ വല്ല വൈകല്യങ്ങളും കണ്ടുവോ?” കുഞ്ഞൻനായരുടെ ചോദ്യം: “അകലെയുള്ള ഭാര്യാഗൃഹത്തിലേക്കു പകലേതന്നെ പുറപ്പെട്ടു’ എന്ന പ്രയോഗത്തെപ്പറ്റി എന്തു പറയുന്നു?”

ശ്രീധരൻ പുറത്തേക്കു മിഴിച്ചുനോക്കി. നല്ല ഇരുട്ട്. പകൽ പോയി. രാത്രി വന്നുചേർന്നിട്ട് എത്രയോനേരമായെന്ന പരമാർത്ഥം അപ്പോഴാണു മനസ്സിൽ പതിഞ്ഞത്.

“എന്താണു മിണ്ടാത്തത്?” കുഞ്ഞൻനായർ ഊന്നിച്ചോദിച്ചു.

“പ്രയോഗം നന്നായിട്ടുണ്ട്,” എന്നു മാത്രം പറഞ്ഞ് ശ്രീധരൻ എഴുന്നേറ്റു.

“മിസ്റ്റർ ശ്രീധരൻ പോവുകയാണോ?” ഗോവിന്ദക്കുറുപ്പിന്റെ വാക്കുകൾക്ക് ഇച്ഛാഭംഗത്തിന്റെ ചുവയുണ്ടായിരുന്നു.

“നേരം വളരെ വൈകി, മിസ്റ്റർ കുറുപ്പ്. ഇനി മറ്റൊരവസരത്തിൽ വരാം—”

“വരണം. തീർച്ചയായും വരണം. മിസ്റ്റർ ശ്രീധരനുമായി ദീർഘനേരം സാഹിത്യചർച്ച നടത്താൻ ഒരവസരം കാത്തിരിക്കുകയാണ് ഞാൻ—”

“തേങ്ക് യു മിസ്റ്റർ കുറുപ്പ്—ആൻഡ് തേങ്ക് യു സ്പെഷ്യലി ഫോർ യുവർ സൂപ്പർബ് ട്രീറ്റ്—” ഇഡ്യമേറ്റിക്ക് ഇംഗ്ലീഷിൽ അടിച്ചുവിട്ടു. പിന്നെ തിരിഞ്ഞുനിന്നു കുഞ്ഞൻനായരോട് ഒരു സംശയം ചോദിച്ചു:

“വെറ്റില കേടുവരാതെ സൂക്ഷിക്കാനുള്ള ഒര് സാധനത്തെപ്പറ്റി പറഞ്ഞല്ലോ—അതു നന്നാറിയാണോ?....”

“നന്നാറിയല്ലാ—മുത്താറി—മുത്താറി...” മേൽപോട്ടു നോക്കി വായിലെ മുറുക്കാൻ തുപ്പൽ അല്പം ഞ്ഞുറ്റിത്തെറിപ്പിച്ചുകൊണ്ടു കുഞ്ഞൻനായർ വിളിച്ചുപറഞ്ഞു.

ശരി. മുത്താറിമുത്താറിറാഗി എന്ന് ഇംഗ്ലീഷിൽ പറയും. അമ്മ നല്ല വെറ്റിലമുറുക്കുകാരിയാണ്. ഈ വിദ്യ അമ്മയ്ക്കുപദേശിച്ചുകൊടുക്കണം. വെറ്റില മുത്താറിയിലിട്ടു വച്ചാൽ കേടുവരില്ല—ബീറ്റൽ ലീവ്സ്—ടു ബി—പ്രസർവ്ഡ് ഇൻ റാഗി....

കോണിയിറങ്ങി താഴെയെത്തി—റോഡിലേക്കു തിരിഞ്ഞു.

വീടിനെപ്പറ്റി ഓർത്തു: നേരം വൈകി വീട്ടിലേക്കു ചെല്ലുമ്പോൾ അച്ഛൻ അരികെ വിളിച്ചുവരുത്തി ചോദിക്കും: ശ്രീധരാ, നീ ഇതുവരെ എവിടെയായിരുന്നു?

എന്തു പറയും?

അച്ഛന്റെ അടുത്തേക്കു ചെല്ലുമ്പോൾ മദ്യത്തിന്റെ ചൂരടിക്കും—അപ്പോൾ അച്ഛൻ സംശയിച്ചു വായ പിടിച്ചു മണത്തുനോക്കിയാൽ?— ശ്രീധരൻ കുടിച്ചിരിക്കുന്നു! കടുത്ത കുറ്റം ചെയ്തതു കണ്ടുപിടിച്ചാൽ അച്ഛൻ അടിക്കുകയില്ല—ഒന്നും മിണ്ടാതെ മുഖമുയർത്തി കണ്ണീരൊഴുക്കും—ആ കണ്ണീര് സൾഫ്യൂറിക് ആസിഡ്പോലെ

ശ്രീധരന്റെ കരൾ നീറ്റി ദ്രവിപ്പിക്കും—അമ്മ അങ്ങനെയല്ല—അടുക്കളയിൽ ചോറുണ്ണാനിരിക്കുന്ന പലകയെടുത്തു നെഞ്ഞടിച്ച് ഉറക്കെ നിലവിളിക്കും: ചെക്കൻ റാക്കു കുടിക്കാൻ തുടങ്ങ്യലേ്ലാ! എന്റെ ദൈവമേ!....

കുഴപ്പംതന്നെ. എങ്ങനെ ഇതിനെയെല്ലാം എതിരിടും? കിന്നാരം പറഞ്ഞ് തന്നെ കുടിപ്പിച്ചു വിട്ട ജന്മി പ്രഭുകുമാരൻ ഗോവിന്ദക്കുറുപ്പിനെ ശപിച്ചു. ഓന്റെ നന്ദിനിയും—കർമ്മസാക്ഷി ധർമ്മരശ്മി ചൊരിയുന്ന പകലും—തേങ്ങാപ്പിണ്ണാക്കും.....ബ്ലഡി ഫൂൾ......മടങ്ങിച്ചെന്നു കോണി കേറി അകത്തേക്കു നോക്കി ഉറക്കെ വിളിച്ചുപറയണമെന്നു തോന്നി: ഏയ് നോവലിസ്റ്റ് ആനക്കാരൻകുറുപ്പേ, നിങ്ങളെഴുതിക്കൂട്ടിയതൊക്കെ ആനപ്പിണ്ടിയാണ്—വെറും ആനപ്പിണ്ടി—ഇപ്പോൾ വേണ്ട. വേഗം വീട്ടിലെത്തണം. ഇനി കാണുമ്പോൾ ആ ഘോരസത്യം വെട്ടിത്തുറന്നു പറയും—പറയും—ഈ ശ്രീധരൻ പറയും. സത്യവാനായ ചേനക്കോത്ത് കൃഷ്ണൻമാസ്റ്റർക്കു പിറന്ന മകനാണ് ഈ ശ്രീധരൻ. പടിഞ്ഞാറെ കായൽപ്പുളിക്കൽ ഗോവിന്ദക്കുറുപ്പിന് അതു മനസ്സിലായിട്ടില്ല......

വഴിക്കു കണ്ടെത്തിയ ഒരു മസാലപ്പീടികയുടെ മുമ്പിൽ ചെന്നുനിന്നു. കാലണയ്ക്കു വെള്ളുള്ളി വാങ്ങി—വായിലിട്ടു ചവച്ചു. മദ്യഗന്ധം മാറ്റാൻ പറ്റിയെങ്കിലായി—അങ്ങനെ വെള്ളുള്ളിയും ചവച്ചുകൊണ്ടു നീങ്ങുമ്പോൾ ഒരു പാട്ടു തോന്നി:

വാസനയുള്ള റോസാപ്പൂവേ—

വാടാതെ വാട്ടു ചുമ്മാ

വാടാതെ വാട്ടു ചുമ്മാ….

കന്നിപ്പറമ്പിന്റെ മുന്നിലെ ഇടവഴിയിലെത്തിയപ്പോൾ കാൽമുട്ടുകൾക്കൊരു വിറ. മൂന്നുനാലു പടവുകൾ കേറി കഴുത്തുനീട്ടി ഒന്നെത്തിനോക്കി. കോലായിൽ വിളക്കു രണ്ടെണ്ണം കത്തിച്ചുവെച്ചിട്ടുണ്ടോ?....പതിവുപോലെ അപ്പോൾ കോലായിലെ ഈസിച്ചെയറിൽ അച്ഛനെ കണ്ടില്ല. അല്പം ആശ്വാസമായി....മുറ്റത്ത് ഒരാൾ നില്ക്കുന്നുണ്ടലേ്ലാ—അച്ഛനല്ല....

ധൈര്യപൂർവ്വം പടികേറി മുറ്റത്തെത്തി.

"ആങ്!—ശ്രീധരൻ വന്നലേ്ലാ!..."

കൈയിലൊരു കടലാസും നീട്ടിപ്പിടിച്ചു കരഞ്ഞുകൊണ്ടു നില്ക്കുന്നു, ഹൈക്കുളൂസ് കിട്ടുണ്ണി!

"കിട്ടുണ്ണി എന്തിനാ കരയുന്നത്"

"ഒര് കമ്പി വന്നീർക്കണു—കോളാമ്പീന്നായിരിക്കും—ഒന്നു വായിച്ചാണീ."

മരണവാർത്തയ്ക്കേ കമ്പിയടിക്കു എന്നാണ് കിട്ടുണ്ണിയുടെ വിശ്വാസം.

ശ്രീധരൻ ലാന്തറിനരികെ ചെന്നുനിന്നു കമ്പിസന്ദേശം വായിച്ചു:

കൊളമ്പിൽനിന്നു തന്നെ.

"സീരിയസ്‌ലി ഇൽ സ്റ്റോപ് യുവർ പ്രിസെൻസ് റിക്വയാഡ് അർജന്റ്‌ലി സ്റ്റോപ്പ് സ്റ്റാർട്ട് ഇമ്മീഡിയറ്റ്‌ലി സ്റ്റോപ് സെൻഡിങ് ടു ഹൺഡ്രഡ് സ്റ്റോപ്—പങ്ങൻ."

കിട്ടുണ്ണിയുടെ കോളാമ്പിലെ അമ്മാമടെ കമ്പിയാണ്. കമ്പിയിലെ കാര്യം പറഞ്ഞുകൊടുത്തു. രോഗം കലശലാണ്—കിട്ടുണ്ണി ഉടൻ ചെലേ്ലണ്ടത് അത്യാവശ്യം.

ഉടൻ പുറപ്പെട്ടുകൊള്ളണം. പണം ഇരുനൂറുറുപ്പിക അയയ്ക്കുന്നു...

കമ്പി വായിച്ചുകേട്ടപ്പോൾ കിട്ടുണ്ണിയുടെ വലതുകണ്ണിൽ കണ്ണീരും ഇടതുകണ്ണിൽ പുഞ്ചിരിയും പൊടിഞ്ഞുവരുന്നതായി ശ്രീധരനു തോന്നി.

കിട്ടുണ്ണിയുടെ പങ്ങനമ്മാമ പതിനെട്ടുകൊല്ലം മുമ്പ്, ഒരു ചെത്തുകാരനായി കൊളമ്പിലേക്കു പോയതാണ്. സ്വപ്രയത്നംകൊണ്ടു ധാരാളം കാശു സമ്പാദിച്ചു. ക്രമേണ ഒരു അബ്കാരി കൺട്രാക്ടറായി. ഇപ്പോൾ സ്വന്തമായി നാലഞ്ചു കള്ളുഷാപ്പുകളുണ്ട്. ഒരു ശിങ്കളത്തിപ്പെണ്ണിനെയാണ് കല്യാണം കഴിച്ചിരിക്കുന്നത്. കുട്ടികളില്ല.

കോളാമ്പിലേക്കു പോകാൻ കിട്ടുണ്ണി എത്രയോ കാലമായി ആശിച്ചു കൊണ്ടിരിക്കുന്നു! കോളാമ്പിലെ അമ്മാമ സമ്മതിച്ചില്ല. ഇപ്പോഴിതാ അങ്ങോട്ടു ചെല്ലാൻ അപേക്ഷയും പണവും വന്നിരിക്കുന്നു. ഭാഗ്യശാലി!

“ഞാൻ കോളാമ്പിലെത്തുമ്പോളേക്ക് അമ്മാമ ചാവോ? കിട്ടുണ്ണിയുടെ സംശയം.

“ചാവൂല കിട്ടുണ്ണീ.” ശ്രീധരൻ ഉറപ്പിച്ചു പറഞ്ഞു. നാളെത്തന്നെ വണ്ടി കേറിക്കോ— അവിടെച്ചെന്ന് അമ്മാമന്റെ കള്ളുഷാപ്പും സ്വത്തും പിന്നെ ആ ശിങ്കളത്തിഅമ്മായിയേം ഏറ്റെടുത്തോ—”

അതു കേട്ടപ്പോൾ കിട്ടുണ്ണി ഒരു കഴുതച്ചിരി ചിരിച്ചു. കമ്പി തിരികെ വാങ്ങി മടിയിൽത്തിരുകി. ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയി.

“അമ്മേ, അച്ഛനെവിടെപ്പോയി?” ശ്രീധരൻ വിളിച്ചുചോദിച്ചു.

“നീ അറിഞ്ഞിലേ്ല? അമ്മ അടുക്കളയിൽനിന്നു വിളിച്ചുപറഞ്ഞു: മൂളിപ്പറമ്പിൽ ഗോവിന്ദൻമാഷ്ടറ് മരിച്ചുപോയി—വയ്യിന്നേരത്ത്—അച്ഛൻ അങ്ങോട്ടു പോയിരിക്യാ —”

ഞണ്ടുഗോവിന്ദൻ ചത്തു!

ശ്രീധരൻ ഉറക്കെ ഒരു ചിരി ചിരിച്ചു.

ചത്തത് ഓർത്തിട്ടല്ല ചിരിച്ചത്. ഞണ്ടു ചത്ത മുഹൂർത്തം ഓർത്തിട്ടാണ്— ജീവിതകാലത്ത് ആ മനുഷ്യൻ സകലർക്കും ദ്രോഹമേ ചെയ്തിട്ടുള്ളൂ. മരിക്കുമ്പോൾ അയാൾ ഒരു പുണ്യംചെയ്തു. കന്നിപ്പറമ്പിലെ ശ്രീധരൻ ആദ്യമായി മദ്യപിച്ചു വീട്ടിൽ കേറിവന്ന സമയംനോക്കി ചത്തു—ഞണ്ടേ! നിനക്കു സ്വർഗ്ഗം കിട്ടും (ചിരി)—തിന്നാൻ ധാരാളം സ്വർണ്ണ മത്സ്യങ്ങളുള്ള ഒരു സരസ്സിന്റെ കരയിൽ കളഭച്ചെളി നിറച്ച ഒരു ഗുഹയിൽ നിനക്കു പ്രത്യേകം ഒരു പാർപ്പിടം ദൈവം ഒരുക്കിത്തരും—(ചിരി) നീ ചെയ്ത ഒരൊറ്റ പുണ്യത്തിന്റെ ഫലം...(ചിരി)

“എന്തെടാ, നീ ഓരോന്നു പറഞ്ഞു തന്നെത്താൻ ചിരിക്കുന്നത്? കള്ളു കുടിയന്മാരെപ്പോലെ—” അമ്മ അടുക്കളയിൽനിന്ന് ഉറക്കെ ചോദിച്ചു.

അതു കേട്ടപ്പോൾ കുറേക്കൂടി ഉച്ചത്തിൽ ചിരിച്ചുപോയി.

## 25. ലഹരിയിൽ

പിറ്റേന്ന രാവിലെ ഉണർന്നു കണ്ണുമിഴിച്ചപ്പോൾ ദേഹത്തിന് അസാധാരണമായൊരു ആലസ്യവും തലച്ചോറിൽ വെള്ളപ്പുകപോലെയുള്ള ഒരവ്യക്തതയും ശ്രീധരന് അനുഭവപ്പെട്ടു. ഗോവിന്ദക്കുറുപ്പ് സൽക്കരിച്ച വിസ്കിയുടെ വേലയാണെന്നു ക്രമേണ മനസ്സിലായി.

താഴെ കോലായിൽനിന്ന് അച്ഛൻ ആരോടോ ഉറക്കെ സംസാരിക്കുന്നതു കേട്ടു.

‘മൂളിപ്പറമ്പിൽ ഗോവിന്ദൻ മരിക്കുന്നതുവരെ എന്നോട് വിരോധത്തിലാണു പെരുമാറിയത് എന്നു നിങ്ങൾക്കെല്ലാം അറിയാമല്ലോ. എന്നാൽ എനിക്ക് അവനോട് ഒരു പിണക്കമോ വിരോധമോ തോന്നിയിരുന്നില്ല. പരദൂഷണമാണ് ഗോവിന്ദന്റെ നിത്യത്തൊഴിലെന്നും എനിക്കറിയാം—അതു മനസ്സിന്റെ ഒരു രോഗമാണ്. രോഗികളോട് സഹതാപമല്ലാതെ ആർക്കെങ്കിലും ശത്രുത തോന്നാറുണ്ടോ? ഗോവിന്ദന്റെ മരണവാർത്ത കേട്ടപ്പോൾ ആദ്യം അവിടെ എത്തിയതു ഞാനായിരുന്നു. ആളുകളെ ബോധിപ്പിക്കാൻ അവിടെയൊന്നു കയറിയിറങ്ങുകയല്ലാ ചെയ്തത്. ഗോവിന്ദനെ മുൻസിപ്പൽ ശ്മശാനത്തിലേക്ക് എടുത്തപ്പോൾ കൂടെ ഞാനും പോയി. ഗോവിന്ദന്റെ ചിതയ്ക്ക് തീ കൊളുത്തുന്നതുവരെ ഞാൻ അവന്റെ അരികെയുണ്ടായിരുന്നു. ശവദാഹം കഴിഞ്ഞ് ഇന്നലെ ഇവിടെ മടങ്ങിയെത്തിയപ്പോൾ നേരം പാതിരാ കഴിഞ്ഞിരുന്നു.....”

അച്ഛാ ഞണ്ടുഗോവിന്ദനെ ചുട്ടുതീരുന്നതുവരെ അച്ഛൻ അവിടെ കാത്തു നിന്നത് വളരെ നന്നായി. ശ്രീധരൻ കിടന്നേടത്തുനിന്നു ജ്വല്പിച്ചു തനിയെ ചിരിച്ചു....

“ശ്രീധര്ര്ര്–”

അയൽവീട്ടിലെ മാളികവരാന്തയിൽ നിന്ന് ധർമ്മരാജാ അയ്യങ്കാരുടെ ഓലിയാണ്. (ബ്രേക്ക്ഫാസ്റ്റിനു കോഴിമുട്ടയില്ലാതെ പട്ടർ വിഷമിച്ചു വിളിക്കുകയായിരിക്കും)

അപ്പോൾ ഓർത്തു: സരസ്വതിയംബാൾക്ക് പൂജാപുഷ്പങ്ങൾ ഇന്നു വേണ്ടിവരും. (അഞ്ചു ദിവസം മുമ്പാണ് സരസ്വതിയംബാൾ പറഞ്ഞത്, ഇനി നാലുനാൾക്ക് പൂക്കൾ വേണ്ട എന്ന്. അശുദ്ധിയിലാണ് എന്നു മനസ്സിലായി.)

കോസടിയിൽനിന്നെണീറ്റ്, താഴെ ചെന്നു മുഖത്തു വെള്ളമൊഴിച്ച്, തോട്ടത്തിൽനിന്നു കുറെ പൂക്കളറുത്ത് വാഴയിലക്കുമ്പിളിൽ നിറച്ച് അമ്മയോട് അരഡജൻ കോഴിമുട്ടയും വാങ്ങി പഴയൊരു പൂവട്ടിയിൽ നിക്ഷേപിച്ച്, അയ്യങ്കാരുടെ വീട്ടിലേക്ക് നടന്നു.

അയ്യങ്കാർ കോലായിൽ നിന്നുതന്നെ മുട്ടവട്ടി ഏറ്റുവാങ്ങി: “ഗോ അപ്സ്റ്റേർസ് ശ്രീധർ—സരസ്വതി ഇസ് വൈറ്റിങ് ഫോർ യുവർ ഫ്ളവേഴ്സ് ടു ഓഫർ പൂജ.” അതും പറഞ്ഞ് പട്ടർ അടുക്കളയിലേക്ക് നടന്നു.

സരസ്വതിയംബാൾ മുകളിൽ കോണിക്കരികെ തന്നെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ഋതുസ്നാനം കഴിഞ്ഞ്, ശുദ്ധിയുടെയും—സൗന്ദര്യത്തിന്റെയും—പൂങ്കാവനം പോലെ വിലസുന്ന സരസ്വതിയംബാളെ

കണ്ടപ്പോൾ ശ്രീധരന്റെ മിഴികൾ വണ്ടുകളായി മാറി..... കരളിൽ ഒരു മുഴക്കം. ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ടാണ് മലർക്കുമ്പിൾ കൈയിൽ കൊടുത്തത്.

പൂക്കുമ്പിൾ വാങ്ങിയപ്പോൾ സരസ്വതിയംബാൾ പെട്ടെന്ന മുഖം ചുളിച്ചു ശ്രീധരന്റെ നേർക്ക് അരോചകമായൊരു നോട്ടം വിട്ട് അങ്ങനെ തന്നെ അറച്ചു നിന്നു.

ശ്രീധരന് ചൂളിപ്പോയി.

മദ്യത്തിന്റെ നാറ്റമാണ് സരസ്വതിയംബാളെ അറപ്പിച്ചതെന്ന് ശ്രീധരനു മനസ്സിലായി—നെടുവീർപ്പിന്റെ കൂടെ ബഹിർക്ഷമിച്ച നാറ്റം. ഗോവിന്ദക്കുറുപ്പു സൽക്കരിച്ച വിസ്കിയുടെ ഒടുങ്ങാത്ത വീര്യമാവാം—സരസ്വതിയംബാളുടെ നീണ്ട നാസികയുടെ ഘ്രാണശക്തിയാവാം—മണിക്കൂർ പന്ത്രണ്ടു കഴിഞ്ഞിട്ടും വിസ്കിഗന്ധം തൊണ്ടയിലൂടെ നേരിയമട്ടിൽ തേട്ടിവരുന്നത് അറിയാമായിരുന്നു. ഭാഗ്യംകൊണ്ട് അച്ഛനിൽ നിന്നും സാമർത്ഥ്യംകൊണ്ട് അമ്മയിൽ നിന്നും ഒളിപ്പിച്ചു പിടിക്കാൻ കഴിഞ്ഞ മദ്യപാനരഹസ്യം ഇതാ പരിശുദ്ധയായൊരു അമ്മ്യാരുടെ മൂക്കിനുമുമ്പിൽ വെളിക്കുചാടിയിരിക്കുന്നു.

സരസ്വതിയംബാൾ ഒന്നും മിണ്ടിയില്ല. പക്ഷേ, ആ മൗനഭാവവും ജുഗുപ്സാസൂചകമായ നോട്ടവും ഒരു ഭർത്സനമഹാകാവ്യത്തിന്റെ ഭാഷ്യം നിർമ്മിച്ചു.

ശ്വാസമടക്കിപ്പിടിച്ചുകൊണ്ടു വേഗം കോണിയിറങ്ങി താഴെയെത്തി— അടുക്കളയിൽനിന്ന് ഓമ്ലറ്റ് പൊരിക്കുന്ന മണം പൊങ്ങുന്നുണ്ടായിരുന്നു.

നാലുദിവസം കഴിഞ്ഞു.

ഞായറാഴ്ചയാണ്. രാവിലെ മുനിസിപ്പൽ ലൈബ്രറിയിൽ ചെന്നിരുന്ന 'വൈഡ് വേൾഡ്' മാസിക വായിച്ചു. പുറത്തിറങ്ങിയപ്പോൾ മണി പന്ത്രണ്ടു കഴിഞ്ഞിരുന്നു. മഹാലക്ഷ്മിവിലാസം ഹോട്ടലിന്റെ മുമ്പിലെത്തിയപ്പോൾ ഭാവി നോവലിസ്റ്റ് ഗോവിന്ദക്കുറിപ്പിനെ ഓർത്തു. ചങ്ങാതി നോവൽ പൂർത്തിയാക്കി സ്ഥലംവിട്ടുവോ? അന്നത്തെ സംഭവത്തിനുശേഷം അങ്ങോട്ടു പോയിട്ടില്ല. ഒന്നന്വേഷിച്ചുകളയാം.

കോണികേറി. ഒന്നാംനമ്പർ മുറിയുടെ മുമ്പിൽ ചെന്ന് ഒന്നെത്തി നോക്കി. അകത്ത് ഒരു ട്യൂട്ടോറിയൽക്ലാസ്സ് നടക്കുന്നതുപോലെ തോന്നി.

ചുമരിനടുത്ത് ഒരു മേശയ്ക്കു പിറകിലിരുന്ന കുഞ്ഞൻനായർ നോവൽ പാരായണം നടത്തുന്നു. കസേരകളിലും കട്ടിലിലും നിലത്തു ചുരുട്ടി വെച്ച മെത്തയിലും പല പോസിലും ഇരുന്നുകൊണ്ട് അഞ്ചാറാളുകൾ ശ്രദ്ധിക്കുന്നു—അഥവാ ശ്രദ്ധ നടിക്കുന്നു— ഭാവിനോവലിസ്റ്റ്, പടിഞ്ഞാറെ കായൽപ്പുളിക്കൽ ഗോവിന്ദക്കുറുപ്പ് കള്ളുകുടിച്ചു മത്തായ മലമെരുവിനെപ്പോലെ മേശപ്പുറത്തു തലചായ്ച്ചു കിടക്കുന്നു.

ബീഡിസിഗരറ്റുകുറ്റികൾ നിലത്തു ചിതറിക്കിടന്നിരുന്നു.

ശ്രോതാക്കളെല്ലാം അർദ്ധബോധാവസ്ഥയിലാണ്. ചിലർ മിഴി തുറക്കാതെ ഇടയ്ക്കിടെ മൂളുന്നുണ്ട്. ചിലർ 'ഭേഷ്! ഭേഷ്!' എന്നു ജൽപിക്കുന്നു.

കുഞ്ഞൻനായർ നന്ദിനിയിലെ പകലിന്റെ വർണ്ണന ആവർത്തിക്കുകയാണ്.

ആതിഥേയൻ അബോധാവസ്ഥയിലാണ്. സദസ്യരെല്ലാം അപരിചിതരും. പിന്നെ ഇവിടെ നിൽക്കണോ? ശ്രീധരൻ ശങ്കിച്ചു. കർമ്മസാക്ഷി ധർമ്മരശ്മി ചൊരിയുന്ന നിർമ്മലവാസരത്തിൽ നൃത്തംചെയ്യുന്ന കുഞ്ഞൻ നായരുടെ മിഴികൾ ശ്രീധരനെ

പൊരുളിക്കുന്നുമില്ല—

മുറിയുടെ അറ്റാച്ച്ഡ് ബാത്ത്റൂം കണ്ടപ്പോൾ സുഖമായി ഒരു മൂത്ര വിസർജ്ജനം നടത്തിക്കളയാമെന്നു കരുതി അതിന്റെ വാതിൽ തുറന്നു. അകത്തേക്കു കാലെടുത്തുവെച്ചപ്പോൾ മിഴികളെ എതിരേറ്റത്, ചുമരിനോടു ചേർത്തുവെച്ച വാഷ്ബേസിനിലെ കാഴ്ചയാണ്. ബേസിനിൽ മുറുക്കിത്തുപ്പിയ രക്തക്കുഴമ്പിൽ ആരോ ഒരുപാടു ഛർദ്ദിച്ചു കൂട്ടിയിരിക്കുന്നു. രൂക്ഷമായൊരു നാറ്റവും മൂക്കിലടിച്ചു.

ഒന്നു നോക്കിയതേയുള്ളു. മൂക്കും വായും പൊത്തി മുഖം തിരിച്ചു കളഞ്ഞു. മനംപുരട്ടലുണ്ടായി. ഓക്കാനിക്കാതിരിപ്പാൻ ചങ്കും നെഞ്ചും ഉഴിഞ്ഞുകൊണ്ടു വായനമുറിയിലേക്കു തന്നെ വന്നു.

“ഇതാര്?—ശ്രീധരനോ?—വരു, വരു!.....” കഴുത്തിലെ സ്വർണ്ണം കെട്ടിയ രുദ്രാക്ഷം പിടിച്ചു തിരുമ്മിക്കൊണ്ട് കുഞ്ഞൻനായരുടെ സ്വാഗതവാക്യം.

ഒഴിഞ്ഞുകിടക്കുന്ന ഒരു കസേരയിൽ ശ്രീധരൻ ആസനസ്ഥനായി. എത്ര ശ്രമിച്ചിട്ടും വാഷ്ബേസിനിലെ ഛർദ്ദിവിഭവക്കാഴ്ച തലച്ചോറിൽ ഇടയ്ക്കിടെ തേട്ടിവരുന്നതു തടുക്കാൻ കഴിഞ്ഞില്ല. മദ്യഛർദ്ദിയുടെ പുളിച്ച നാറ്റവും മൂക്കിൽ നിന്നൊഴിഞ്ഞുമാറുന്നില്ല.

“ശ്രീധരാ—സൽക്കാരവിഭവങ്ങളെല്ലാം കലാശിച്ചിരിക്കയാണ്. എന്നാലും ശ്രീധരനെ വെറുതെവിടാൻ പാടില്ലല്ലോ”.

കുഞ്ഞൻനായർ ചുമരലമാര തുറന്നു.

ചുമലിൽ നക്ഷത്രചിഹ്നങ്ങളോടുകൂടിയ കുപ്പായമണിഞ്ഞ ശീമമദ്യക്കുപ്പികൾ, സർവ്വീസിൽനിന്നു പിരിഞ്ഞ മിലിട്ടറി ഉദ്യോഗസ്ഥന്മാരെപ്പോലെ കാണപ്പെട്ടു. (എല്ലാം ഒഴിഞ്ഞ കുപ്പികളാണ്.) കുഞ്ഞൻനായർ ഒരു മൂലയിൽ ഒളിപ്പിച്ചുവെച്ചിരുന്ന ഒരു വെള്ളക്കുപ്പി പുറത്തെടുത്തു—നാടൻ റാക്കിന്റെ കുപ്പി. അതിന്റെ മൂട്ടിൽ കുറച്ചുണ്ടായിരുന്നു.

കുഞ്ഞൻനായർ അതു മുഴുവനും ഒരു ഗ്ലാസ്സിലേക്കു പകർന്ന് ശ്രീധരന്റെ നേർക്കു നീട്ടി.

മനംപുരട്ടൽ മാറ്റാൻ എന്തു വിഷദ്രാവകവും ചങ്കിലൊഴിക്കാൻ വെമ്പിക്കൊണ്ടിരിക്കയായിരുന്നു ശ്രീധരൻ.

ചാരായത്തിൽ സോഡയോ വെള്ളമോ ചേർക്കണമെന്നൊന്നും ചിന്തയുണ്ടായില്ല. ഗ്ലാസ്സിലെ മദ്യം മുഴുവനും ഒറ്റമോന്തലിന് അകത്താക്കി.

“ആളു കേമനാണല്ലോ!” കുഞ്ഞൻനായരുടെ കമ്മന്റടി.

സദസ്യരിൽ ഒന്നുരണ്ടുപേർ കണ്ണുമിഴിച്ച് ശ്രീധരനെ അസൂയയോടെ നോക്കി. നേരിയ പ്രത്യാശയോടെ കുഞ്ഞൻനായരേയും.

“പല്ലിമൂത്രംപോലെ ഒരിറ്റേ കുപ്പിയിൽ ബാക്കിയുണ്ടായിരുന്നുള്ളു.” കുഞ്ഞൻനായർ പിറുപിറുത്ത് ഒഴിഞ്ഞ ഗ്ലാസ്സും കുപ്പിയുമെടുത്ത് അലമാരയിൽ നിക്ഷേപിച്ച് വായന തുടർന്നു:

“അപ്പുണ്ണിനായർ അകലെയുള്ള ഭാര്യാഗൃഹത്തിലേക്കു പകലേതന്നെ പുറപ്പെട്ടു....”

ശ്രീധരൻ തലയാട്ടി. അത്രത്തോളം മുമ്പു കേട്ടിട്ടുണ്ട്. പിന്നെ എന്തു സംഭവിച്ചു?

കുഞ്ഞൻനായർ വായന നിർത്തി: "അത്രയേ എഴുതിയിട്ടുള്ളൂ." പിന്നെ കഴുത്തിലെ രുദ്രാക്ഷം പിടിച്ചു തിരുമ്മിക്കൊണ്ട് ഒരു ചോദ്യം:

"എങ്ങനെയിരിക്കുന്നു ആ പ്രയോഗം?"

ആരും ഉത്തരം പറഞ്ഞില്ല. മദ്യമില്ലെങ്കിൽ പിന്നെ എന്തു ചോദ്യോത്തരം?

ഓരോരുത്തരായി മെല്ലെ എണീറ്റു പുറത്തേക്കു നടന്നു. ശ്രീധരൻ മാത്രം ബാക്കിയായി.

ഭാവിനോവലിസ്റ്റ് ഗോവിന്ദക്കുറുപ്പ് അപ്പോഴും യോഗനിദ്രയിലാണ്.

പാവം അപ്പുണ്ണിനായർ!—ശ്രീധരൻ ഓർത്തു. അയാൾ അകലെയുള്ള ഭാര്യവീട്ടിലേക്ക് ഒരുങ്ങി പുറപ്പെട്ടിട്ട്, പകലുകളും രാത്രികളും എത്രയോ കഴിഞ്ഞു! അയാളെ ഒരു ചുവടുനീക്കാൻ ഗോവിന്ദക്കുറുപ്പിന് ഇനിയും സൗകര്യം കിട്ടിയിട്ടില്ല, ആരാധകരുടെ തിരക്കുകൊണ്ട്.

"ഇനിയും കുറച്ചുദിവസംകൂടി ഇവിടെയുണ്ടായിരിക്കുമോ?"

ശ്രീധരൻ അന്വേഷിച്ചു.

"നാളെ പുലർച്ചയ്ക്കു സ്ഥലംവിടും." കുഞ്ഞൻനായർ 'നോവൽ ബുക്ക്' മടക്കി പെട്ടിയിൽ നിക്ഷേപിച്ചു. "ഇന്നു പുറപ്പെടണമെന്നാണു നിശ്ചയിച്ചിരുന്നത്. സാധിച്ചില്ല. നന്ദിനി വായിച്ചുകേൾക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരുപാട് ആരാധകന്മാർ കേറിവന്നു. എന്തുചെയ്യും? അവരെ നിരാശരാക്കി അയയ്ക്കുന്നതെങ്ങനെ?....."

"അതു നന്ദികേടായിരിക്കും." ശ്രീധരൻ തട്ടിവിട്ടു.

അവിടെ സന്നിഹിതരായവരിൽ ബഹുഭൂരിപക്ഷവും നോവൽവായന കേൾക്കാനല്ല മഹാലക്ഷ്മിവിലാസത്തിലെ ഒന്നാംനമ്പർ മുറിയിൽ ചെന്നാൽ സക്കാത്തിൽ മദ്യം കിട്ടും എന്നു കേട്ടറിഞ്ഞു വന്ന പുള്ളികളാണെന്ന് ശ്രീധരൻ മനസ്സിലാക്കിയിരുന്നു. കുഞ്ഞൻനായർക്കും അതറിയാം. പക്ഷേ, ഇരുവരും അക്കാര്യം അന്യോന്യം പുറത്തുപറഞ്ഞില്ല.

ശ്രീധരൻ എഴുന്നേറ്റു.

"മിസ്റ്റർ ഗോവിന്ദക്കുറുപ്പിന്റെ—ഉം—പള്ളിക്കുറുപ്പു കഴിഞ്ഞാൽ ഞാൻ ഇവിടെ വന്ന വിവരം ഒന്നു പറഞ്ഞേക്കണം. ഇനി ഇവിടെ വരുമ്പോൾ കാണാം—"

"ശ്രീധരൻ തീർച്ചയായും വരണം. ചേനക്കോത്ത് ശ്രീധരന്റെ സാഹിത്യ സൃഷ്ടികളെപ്പറ്റി ഗോവിന്ദക്കുറുപ്പു ദിവസേന പറയാറുണ്ട്."

"വെറി ഗുഡ്!"

കുഞ്ഞൻനായർ വെറ്റിലച്ചെല്ലം മുമ്പിലെടുത്തുവെച്ചു. ഒരു വെറ്റിലയെടുത്തു ഘ്രാണിച്ചു.

മുത്താറിവെറ്റിലയായിരിക്കും. ബീറ്റൽ ലീവ്സ് പ്രസർവ്ഡ് ഇൻ റാഗി....

മഹാലക്ഷ്മിവിലാസം ഹോട്ടലിൽനിന്നിറങ്ങി. റോഡിലെത്തി. ഇനി എങ്ങോട്ടു തിരിയണം? കുറച്ചുനേരം ആലോചിച്ചു. ഈ നിലയിൽ വീട്ടിലേക്കു കേറിച്ചെന്നുകൂടാ. മുനിസിപ്പൽ പാർക്കിൽ ചെന്നിരിക്കാം.

നേരെ പാർക്കിലേക്കു നടന്നു.

പാർക്കിനോടു തൊട്ട ചിറയിൽനിന്ന് മാപ്പിളക്കുളിക്കാർ ചെപ്പുകുടത്തിൽ വെള്ളം

മുക്കി തണ്ണീർപ്പീപ്പവണ്ടിയിൽ നിറയ്ക്കുന്നു. മറ്റൊരു മൂലയിൽ കാക്കകൾ തട്ടിപ്പിടഞ്ഞു കുളിക്കുന്നു.

ഉദ്യാനം വിജനമാണ്.

കാവൽപ്പുരയുടെ കോലായിൽ ഒരാൾ കിടന്നുറങ്ങുന്നു. തോട്ടക്കാരൻ പൊക്കൻ മേസ്തിരിതന്നെ.

പൂച്ചെടികൾ തലകുനിച്ച് അനങ്ങാതെ നിൽക്കുന്നു. ഉറങ്ങുകയായിരിക്കും. ചെടികളുടെ ഉറക്കം ഉച്ചനേരത്താണ്.

സൂര്യകാന്തിപ്പൂക്കൾ മുഖം മലർത്തി നിലകൊള്ളുന്നു. അവ സൂര്യനെ നോക്കി ആനന്ദംകൊള്ളുകയായിരിക്കാം. സൂര്യകാന്തിയുടെ ഉറക്കം രാത്രിയിലാണ്.

കച്ചേരിക്കവി പപ്പുഏട്ടന്റെ സാഹിത്യമൂലയിൽ ഒരു ചെത്തലപ്പട്ടി സുഖമായി കിടന്നുറങ്ങുന്നു. പപ്പുഏട്ടന്റെ സുപ്രസിദ്ധമായ ശുനകക്കവിത—ഓർക്കുമ്പോൾ ചിരിവരുന്നു

‘കന്നിമാസത്തിലെ ശ്വാവും....’

അന്തിമലരിപ്പടർപ്പിൽനിന്ന് ഒരു അരണ ഇഴഞ്ഞുപോകുന്നു. മുനിശാപമേറ്റ കന്യകയാണ്, അരണ. പണ്ട് ഒരു കന്യക എണ്ണമയം തേച്ച് അരയിൽ ഒരൊറ്റമുണ്ടുമായി ആറ്റിൽ കുളിക്കാൻ പോയി. അപ്പോൾ ആറ്റിൽ നിന്നു വെള്ളമെടുക്കാൻ വന്ന ഒരു മാമുനി അവളെക്കണ്ടു മോഹിച്ചു. അവൾ വഴങ്ങിയില്ല. മാമുനി ബലാൽക്കാരമായി അവളുടെ മുണ്ടഴിച്ചു. അവൾ നഗ്നയായി കാട്ടിലേക്ക് ഓടിക്കളഞ്ഞു. അപ്പോൾ കാമാന്ധനായ മാമുനി അവളെ ശപിച്ചു. അവൾ അരണയായിപ്പോയി....ആരാണീ കഥ പറഞ്ഞുതന്നത്? മരിച്ചുപോയ ചാത്തുണ്ണി....

അന്തിമലരി ഒരഭിസാരികയാണ്. അവൾ പകൽ മുഴുവനും കിടന്നുറങ്ങുന്നു. സന്ധ്യയായാൽ അണിഞ്ഞൊരുങ്ങി സുഗന്ധവുംപൂശി ആളുകളെ വശീകരിക്കുന്നു.

അന്തിമലരിപ്പടർപ്പിനടുത്തുള്ള അശോകം പൂത്തുനിൽക്കുന്നതു കാണാനെന്തൊരു ഭംഗി! കന്നിപ്പറമ്പിലെ തോട്ടത്തിൽ ഒരശോകം നട്ടുവളർത്തണം.

അശോകമരത്തണലിലിരുന്നുകൊണ്ട് ഉദ്യാനഭംഗി ആസ്വദിക്കാം.... തെച്ചിയും പിച്ചകവും കെട്ടിപ്പുണർന്നു നിൽക്കുന്ന ഈ നികുഞ്ജത്തിൽ....

ആരാണ് ഗേറ്റ് കടന്നുവരുന്നത്? ഓ, വേദക്കാരൻ ഉപദേശി—മൂപ്പർ വാട്ടർ ടാങ്കിന്റെ ചോട്ടിൽനിന്നു ധ്യാനിക്കാൻ വന്നിരിക്കയാണ്. നട്ടുച്ചയ്ക്ക് വാട്ടർ ടാങ്കിന്റെ കീഴിൽ നല്ല തണുപ്പായിരിക്കും. പ്രാർത്ഥിക്കെടാ ഉപദേശീ. പ്രാർത്ഥിക്ക്, കർത്താവിനെ പ്രാർത്ഥിക്ക്—സ്വർഗ്ഗം കിട്ടും.

ചുട്ടുപൊള്ളുന്ന ഈ നട്ടുച്ചയ്ക്ക്, പാർക്കിൽ ഇപ്പോൾ എത്രപേരുണ്ട്— ഒന്ന്: കാവൽപ്പുരയുടെ കോലായിൽ വാതക്കാലും ചുരുട്ടി കിടന്നുറങ്ങുന്ന തോട്ടക്കാരൻ പൊക്കൻമേസ്തിരി. രണ്ട്: വാട്ടർ ടാങ്കിന്റെ ചോട്ടിൽ കൈയും കെട്ടി മുഖം കുനിച്ച് ഇശോയെ പ്രാർത്ഥിക്കുന്ന ഉപദേശി. മൂന്ന്: തെച്ചിമരത്തിന്റെയും പിച്ചകപ്പടർപ്പിന്റെയും മഞ്ജുനികുഞ്ജത്തിന്റെ ശീതളച്ഛായയിൽ വിശ്രമംകൊള്ളുന്ന മഹാകവി ചേനക്കോത്ത് ശ്രീധരൻ........

ശ്രീധരാ, നീ കുടിച്ചിട്ടുണ്ട്. നല്ല പട്ടച്ചാരായം. അതു സത്യമാണ്. മദ്യം എപ്പോഴും സത്യമേ പറയൂ. യെസ്, ലിക്കർ ആൾവേയ്സ് സ്പീക്സ് ദി ട്രൂത്ത്. കുറ്റം

തെളിയിക്കാൻ പോലീസുകാർ പുള്ളികളെ ഭേദ്യംചെയേ്യണ്ട ആവശ്യമില്ല. അവരെ മദ്യം കുടിപ്പിച്ചാൽ മതി. മദ്യം അകത്തുചെന്നാൽ സത്യം താനേ പുറത്തുവരും. ലിക്കർ ഗോസ് ഇൻ ആൻഡ് ഔട്ട് കംസ് ദി ട്രുത്ത്....

മദ്യമേ, നിനക്ക് ഒരു വ്യക്തിത്വമുണ്ട്. കളവ്, വ്യഭിചാരം മുതലായ ലഘു പാതകങ്ങൾ, കൈയോടെ പിടിച്ചില്ലെങ്കിൽ പിന്നീട് ഒളിപ്പിക്കാൻ കഴിയും. എന്നാൽ മദ്യമേ, നീ അങ്ങനെയല്ല. വാക്കുകളിലൂടെ, നാറ്റത്തിലൂടെ, പെരുമാറ്റത്തിലൂടെ, അല്ലെങ്കിൽ ഛർദ്ദിയിലൂടെ, നീ നിന്റെ വീര്യം പിന്നീടു പുറത്തു വരുത്തും. ഗോവിന്ദക്കുറുപ്പിന്റെ ഹോട്ടൽ ബാത്ത്റൂമിലെ വാഷ്ബേസിനിലെ മദ്യഛർദ്ദിവിഭവം ഓർത്തുപോകുന്നു. അതിനുമുണ്ട്, നാറുന്ന മാലിന്യത്തിന്റെ ഒരു വ്യക്തിത്വം!

മൈനർകുറ്റങ്ങൾ എന്തെല്ലാമാണ്? കളവ്, വ്യഭിചാരം, മദ്യപാനം.... മദ്യപാനം ഒരു കുറ്റമാണോ? ഇസ് ഡ്രിങ്കിങ് ഏ ക്രൈം? അറിഞ്ഞുകൂടാ—ഇസ് ഇറ്റ് ടു ബി പണിഷ്ഡ്? ഡോൺട് നോ....ക്രൈം ആൻഡ് പണിഷ്മെന്റ്. ഹൂ റോട്ട് ഇറ്റ്?—ദി ഗ്രേറ്റ് ഡെസ്റ്റോവിസ്കി—വിസ്കി—വിസ്കി—ഹ ഹ ഹ!.....

ചിറയിൽ കുളിച്ചുകേറി വരുന്ന മന്ദമാരുതന്റെ ചന്ദനശീതളാശേ്ലഷം.... എന്തൊരാനന്ദം! ഒരു പാട്ടുപാടാൻ തോന്നുന്നു. കുട്ടിക്കാലത്ത്, ഓണക്കാലത്ത്, ഇലഞ്ഞിപ്പൊയിലിലെ തെച്ചിക്കാടുകളിൽ കൂട്ടുകാരൊത്തു പൂപറിക്കാൻ പോയപ്പോൾ കേട്ട ഒരു പഴമ്പാട്ട് ഓർമ്മയിൽ തേട്ടിവരുന്നു:

ചെറിയോണം മോന്തിക്ക്—
    ചെറിയോണം മോന്തിക്ക്—
ചെറിയമ്മുപ്പെണ്ണിന്റെ
    മുല രണ്ടും കണ്ടീല!
അച്ഛൻ കരയുന്നു—
    അമ്മ കരയുന്നു—
മച്ചുനൻചെക്കനോ
    പൊട്ടിക്കരയുന്നു.......
വലിയോണം പിറ്റേന്നു—
    പുലരുമ്പം കാണുന്നു—
മുല രണ്ടും മുറ്റത്തെ
    പുളിമരക്കൊമ്പത്ത്!
അച്ഛൻ ചിരിക്കുന്നു
    അമ്മ ചിരിക്കുന്നു
മച്ചുനൻചെക്കനോ?
    ചാടിപ്പിടിക്കുന്നു....

റോഡിൽ എന്താണ് ഒരു കശപിശ?

എഴുന്നേറ്റ് പാർക്കിന്റെ മൂലയിലേക്കു ചെന്നു നോക്കി.

റോഡിലൂടെ ഒരു റിക്ഷാക്കാരൻ ഒഴിഞ്ഞ റിക്ഷയും വലിച്ചുകൊണ്ടു കുതിക്കുന്നു.

മൂന്നാലാളുകൾ ആ കാഴ്ച നോക്കി ചിരിക്കുന്നു.

ആദ്യം ആ തമാശ മനസ്സിലായില്ല. അപ്പോൾ ഒരു ചെറുപ്പക്കാരൻ അങ്ങോട്ട് ഓടിവന്ന്, "എന്തിരത്താ ഇവിടെപ്പം ണ്ടായത്?" എന്ന് അവിടെ കൂടിനിന്നിരുന്ന പൊതുജനത്തോടു ചോദിച്ചു.

ശ്രീധരൻ അവരുടെ ഡയലോഗ് ശ്രദ്ധിച്ചു:

"രക്ഷവണ്ടീക്കേറ്യാല് കൂലി കൊടുക്കൂലാ. പിന്ന രക്ഷക്കാരു കേറ്റ്വോ?"

"ആരെപ്പറ്റ്യാ പറേന്ന്?"

"അതാ നിക്കുന്ന കേളികേട്ട കേളഞ്ചേരിയിലെ കുഞ്ഞിക്കേളു മേലാൻ—"

(ശ്രീധരൻ നോക്കി; മുഷിഞ്ഞ മുണ്ടും ഷർട്ടും ധരിച്ച ഒരു മനുഷ്യൻ. കൈ പൊക്കിപ്പിടിച്ച്, റോഡരികിൽ നിൽക്കുന്നു—ഒരു ചെങ്കൽപ്രതിമ പോലെ—കുഞ്ഞിക്കേളുമേലാൻ!)

"രക്ഷക്കാർക്ക് കൊടുക്കാൻ മേലാന്റെ കയ്യില് പൈസ വേണ്ടേ?"

"കിട്ടുന്ന പൈസ മുഴുവനും റാക്കുഷാപ്പില് കൊടുക്കും. പിന്നെവിട്ന്നാ രക്ഷേക്കേറാൻ പൈസ?"

"രക്ഷേക്കേറണ്ടാന്ന് വിചാരിച്ചാപ്പോരേ?"

"ങ്ആ—അതു നല്ല പുതുമ! പന്ത്രണ്ടു ലൈറ്റ് പിടിപ്പിച്ച പത്രാസ് കാറിൽ പറന്നിരുന്ന മേലാൻ റോഡ്ക്കൂടെ നടന്നുപോകുന്നത് ആള്കള് കണ്ടാൽ ചേപ്രയല്ലേ! പോരെങ്കിൽ പെരിക്കാലും!"

കൂട്ടച്ചിരി.

മേലാൻ അങ്ങനെതന്നെ നിൽക്കുകയാണ്—ഗൗരവം വിടാതെ. ഇടത്തെ മന്തുകാൽ മറച്ചുകൊണ്ട് ഉടുത്ത പഴയ സിൽക്ക് ദോത്തി നിലത്തു മുട്ടുന്നു. വസൂരിക്കല നിറഞ്ഞ മുഖത്ത്, ചത്തുകിടക്കുന്ന കണ്ണു മറയ്ക്കാനുപയോഗിച്ചിരുന്ന കറുത്ത കണ്ണട എവിടെപ്പോയി?

മേലാൻ കുറച്ചു നേരം അങ്ങനെ തരിച്ചുനിന്നു. പിന്നെ പെരിക്കാലും പൊക്കിവെച്ചു മെല്ലെ നീങ്ങി; പാർക്ക് മൂലയോടു തൊട്ട റോഡിലൂടെ വടക്കോട്ട്.

മേലാൻ കടന്നുപോയപ്പോൾ ആ മൂലയിൽനിന്ന് ഒരാൾ പറയുന്നതു കേട്ടു:
"കടലുപോലെ കിടന്നിരുന്ന ഒരു തറവാടു മുഴുവനും കുടിച്ചുവറ്റിച്ച മദ്യപ്പിശാചാണ് അപ്പോകുന്നത്—"

അപ്പറഞ്ഞ ആളെ ശ്രീധരൻ ഒന്നു നോക്കി. വലതുചെന്നിയിൽ കുടുമക്കെട്ടും ഇടതുചുമലിൽ തോർത്തുമുണ്ടുമുള്ള ഒരു വൃദ്ധൻ—അജ്ഞാതനായ ഏതോ ഒരു നാടൻ കാരണവർ.

ആ കാരണവരുടെ വാക്കുകൾ ശ്രീധരന്റെ മങ്ങിയ തലച്ചോറിൽ അസ്ത്രം പോലെ തറച്ചു: 'കടലുപോലെ കിടന്നിരുന്ന ഒരു തറവാടു മുഴുവനും കുടിച്ചു വറ്റിച്ച മദ്യപ്പിശാച്......'

## 26. വനവാസം

ഇന്റർപരീക്ഷാഫലം പുറത്തായി.

ശ്രീധരൻ മൂന്നാംപ്രാവശ്യവും തോറ്റിരിക്കുന്നു.

(ഇത്തവണ പറ്റിച്ചതു ഫിസിക്സാണെന്ന് പിന്നീടറിഞ്ഞു.)

മനസ്സിനെ ബാധിച്ച ഇച്ഛാഭംഗത്തിന്നും ആത്മനിന്ദയ്ക്കും പഴയ കാഠിന്യമുണ്ടായിരുന്നില്ല. പരാജയത്തിന്റെ മുള്ളിനു മൂർച്ച കുറഞ്ഞു വരികയാണ്. (തൊലിക്കട്ടി കൂടിവരുന്നതുകൊണ്ടുമാവാം.)

എന്നാൽ, ശ്രീധരന്റെ ഹൃദയത്തെ ആഴത്തിൽ മുറിവേൽപിച്ച ഒരു സംഭവമുണ്ടായി. പരീക്ഷാഫലം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിവന്നതിന്റെ പിറ്റേന്നാൾ തന്നെ: കുടക്കാൽ ബാലന്റെ മരണം.

ബാലൻ അവശേഷിച്ച ജീവരക്തം മുഴുവനും പുറത്തേക്കു പമ്പു ചെയ്യുംപോലെ ഛർദ്ദിച്ചു മരിച്ചു.

തോറ്റ പരീക്ഷയ്ക്കു വീണ്ടും ഇരിക്കാനും—ഒരുപക്ഷേ, പാസ്സാവാനും—ഇനിയും ചാൻസുണ്ട്. എന്നാൽ, എത്രതന്നെ പരിശ്രമിച്ചാലും മരിച്ച ബാലനെ ഈ ലോകത്തിലേക്കു തിരിച്ചുകൊണ്ടുവരാൻ ഇനി ആർക്കും സാദ്ധ്യമല്ല. അജ്ഞാതമായ അനന്തതയിലേക്കുള്ള മനുഷ്യാനുകോടികളുടെ മഹാപ്രവാഹത്തിൽ ബാലനും മറഞ്ഞു.......

പരീക്ഷയിൽ തോറ്റുവെന്നറിഞ്ഞപ്പോൾ അച്ഛൻ ആദ്യം ഒന്നും പറഞ്ഞില്ല. ശ്രീധരൻ മുഷിഞ്ഞിരുന്നു പാഠങ്ങൾ പഠിച്ച കാര്യം അച്ഛനറിയാം. പട്ടരുടെ ട്യൂഷനും ഉണ്ടായിരുന്നുവല്ലോ. തോറ്റുപോയതു ഭാഗ്യദോഷം കൊണ്ടാണ്. പരീക്ഷയിൽ തോറ്റ നൈരാശ്യംകൊണ്ട് ശ്രീധരൻ എന്തെങ്കിലും സാഹസം പ്രവർത്തിച്ചുകളയുമോ എന്നായിരുന്നു മാസ്റ്ററുടെ ഭയം. അതിനാൽ ശ്രീധരനെ അരികെ വിളിച്ച് ഇപ്രകാരം ഉപദേശിച്ചു:

"നിനക്കിപ്പോൾ ചീത്തക്കാലമണ്—ജാതകവശാൽ. ഉണ്ണിപ്പണിക്കരെക്കൊണ്ടു നിന്റെ ജാതകം പരിശോധിപ്പിച്ചിരുന്നു. ഇപ്രാവശ്യം പരീക്ഷയിൽ വിജയം പ്രയാസമാണെന്ന് ഉണ്ണിപ്പണിക്കർ പ്രവചിച്ചിട്ടുണ്ടായിരുന്നു. അതിനാൽ നീ ബേജാറാവണ്ട—"

അച്ഛന്റെ ജ്യോതിഷത്തിലുള്ള വിശ്വാസം ശ്രീധരനെ രക്ഷിച്ചു. ഉണ്ണിപ്പണിക്കർ പ്രവചിച്ചതിനു വിരുദ്ധമായി ശ്രീധരൻ പരീക്ഷയിൽ ജയിച്ചു പോയിരുന്നുവെങ്കിൽ കൃഷ്ണൻമാസ്റ്റർ വലിയ ബേജാറിലായേനെ. ജ്യോതിശ്ശാസ്ത്രത്തിൽ അത്രകണ്ട് ഉറച്ച വിശ്വാസമുള്ള ആളാണ് കൃഷ്ണൻ മാസ്റ്റർ.

"അച്ഛാ, ഞാൻ കുറച്ചു ദിവസം ഇലഞ്ഞിപ്പൊയിലിൽ പോയി താമസിക്കട്ടേ?" എന്നു ശ്രീധരൻ അനുവാദം ചോദിച്ചപ്പോൾ അച്ഛൻ വിരോധം പറഞ്ഞില്ല.

മനഃസമാധാനം തേടി എവിടെയെങ്കിലും പോയി കുറേദിവസം കഴിച്ചു കൂട്ടണമെന്ന്

ശ്രീധരൻ ആഗ്രഹിച്ചിരുന്നു. അതിനു പറ്റിയ സ്ഥലം ഇലഞ്ഞിപ്പൊയിലാണ്.

അതിരാണിപ്പാടത്തുനിന്നു പെട്ടെന്ന് അപ്രത്യക്ഷനാവാൻ ശ്രീധരനെ പ്രേരിപ്പിച്ചതിന്, നിസ്സാരമാണെങ്കിലും വേറെയുമൊരു കാരണമുണ്ടായിരുന്നു. പരീക്ഷയിൽത്തോറ്റ ജാള്യവുമായി സരസ്വതിയംബാളെ അഭിമുഖീകരിക്കാനുള്ള വൈമനസ്യം—

സരസ്വതിയംബാളും ശ്രീധരനും തമ്മിൽ മാറിമാറി ഒരുതരം ഗുരു ശിഷ്യബന്ധം വളർന്നുപിടിച്ചുവരികയായിരുന്നു.

ഭാവിനോവലിസ്റ്റ് ഗോവിന്ദക്കുറുപ്പു സൽക്കരിച്ച വിസ്കിയുടെ നാറ്റം ശ്രീധരന്റെ വായിൽനിന്നു സരസ്വതിയംബാളുടെ മൂക്കിലേക്കു വിരുന്നു ചെന്ന ആ സംഭവത്തിനുശേഷം കുറേദിവസത്തേക്ക് ശ്രീധരൻ ആ അയ്യങ്കാർ മങ്കയെ കാണാതെ ഒഴിഞ്ഞുമാറി കഴിച്ചുകൂട്ടി. പൂജയ്ക്കുള്ള പൂക്കളറുത്തു കുമ്പിളിൽ നിറച്ചു കോലായത്തിണ്ണയിൽ കൊണ്ടുവെച്ചു മിണ്ടാതെ വലിഞ്ഞുകളയും. ധർമ്മരാജഅയ്യങ്കാരുടെ അടുക്കൽ ട്യൂഷനും പോകാതായി; എല്ലാം പഠിച്ചുതീർത്തു എന്ന നാട്യത്തോടെ.

അങ്ങനെ ഒന്നുരണ്ടാഴ്ച കഴിഞ്ഞു.

ഒരുദിവസം പൂക്കുമ്പിളുമായി ചെന്നപ്പോൾ അയ്യങ്കാർ കുളിക്കാനൊരുങ്ങിക്കൊണ്ടു കോലായിൽ നിൽക്കുന്നു. ശ്രീധരനെ കണ്ടപ്പോൾ അയ്യങ്കാർ പെങ്ങളെ വിളിച്ചു: "സരസ്വതീ, ശ്രീധർ വന്തിരിക്ക്—"

കോണിപ്പടിയിൽ സരസ്വതിയംബാളുടെ കാലൊച്ച ശ്രീധരന്റെ കരളൊന്നു ചലിപ്പിച്ചു.

സരസ്വതിയംബാൾ വാതിൽക്കൽ വന്നു നിൽക്കുന്നു.

"ശ്രീധർ, സരസ്വതി സേസ് ഷീ വാൻട്സ് ടു ലേൺ മലയാളം. യു മസ്റ്റ് ടീച്ച് ഹെർ ടു റീഡ് ആൻഡ് റൈറ്റ് മലയാളം....."

ഗുരു അയ്യങ്കാരുടെ കൽപന—പെങ്ങളെ ശ്രീധരൻ മലയാളം എഴുതാനും വായിക്കാനും പഠിപ്പിച്ചുകൊടുക്കണമെന്ന്.

ശ്രീധരൻ സരസ്വതിയംബാളുടെ മുഖത്തേക്കു സകൗതുകം ഒന്നു നോക്കി. സരസ്വതിയംബാളുടെ മുഖത്ത് ഒരു മന്ദഹാസമുദ്ര.

ശ്രീധരന്റെ കരൾ ആനന്ദംകൊണ്ടു തുടിച്ചുതുടങ്ങി.

(അപ്പോൾ ആ പരിശുദ്ധവിധവയ്ക്ക് അന്നു തന്നോടു തോന്നിയ വെറുപ്പു മാഞ്ഞുപോയിരിക്കുന്നു. പെങ്ങളെ മലയാളം പഠിപ്പിക്കണമെന്ന് അയ്യങ്കാർ സ്വയമേവ പറഞ്ഞതല്ല—അവർ പറയിപ്പിച്ചതായിരിക്കണം—)

"ഓ! റെഡി!"—ശ്രീധരൻ സമ്മതിച്ചു. പിന്നെ ഒരു കുസൃതിച്ചിരിയടക്കിപ്പിടിച്ചു കൂട്ടിച്ചേർത്തു: "ഐ വാൻട് ടു ലേൺ ടമിൾ—ദിസ് വിൽ ബി ഏ ഗുഡ് ഓപ്പർച്യൂനിറ്റി....."

"വെറി ഗുഡ്!"—അയ്യങ്കാർ വായിലെ വെള്ളിച്ചട്ടുകംപോലത്തെ വലിയ പല്ലുകൾ മുഴുവനും വെളിക്കു കാട്ടി ഒന്നിളിച്ചു.

"ദെൻ ബോത്ത് ഓഫ് യൂ കേൻ ഗിവ് മ്യൂച്വൽ ലെസ്സൺസ്—"

അങ്ങനെ മലയാളപഠനത്തിൽ സരസ്വതിയംബാൾ ശ്രീധരന്റെ ശിഷ്യയായി—തമിഴ് പഠനത്തിൽ ശ്രീധരൻ സരസ്വതിയംബാളുടെ ശിഷ്യനായി.

ആ തമിഴത്തിയെക്കൊണ്ട് 'ഴ' യും 'ന' യും ശരിക്ക് ഉച്ചരിപ്പിക്കാൻ കുറച്ചു പ്രയാസം തോന്നി— 'ആന നന്ന നനഞ്ഞുണ്ടാനും നന്ന നനഞ്ഞു' 'ഏഴ്ഴ വാഴപ്പഴം വിഴുങ്ങി' എന്നെല്ലാം ചില വികൃതവാക്യങ്ങൾ കെട്ടിയുണ്ടാക്കി സരസ്വതിയംബാളുടെ നാക്കിനും തൊണ്ടയ്ക്കും ഒരു ലൂബ്രിക്കേഷൻ നടത്തി.

സരസ്വതിയംബാളുടെ തമിഴ്ശിക്ഷണം തത്ത്വപ്രഭാഷണങ്ങളിലൂടെയായിരുന്നു. തിരുക്കുറലും പുറനാനൂറുമെല്ലാം തേട്ടിവരും.

ഒരു തമിഴ്പദ്യശകലം ശ്രീധരനുമറിയാം—പണ്ടു തെരുവുമൂലയിൽ വെച്ച് റാവുത്തർമൗലവി പാടിയത്: 'ആറ്റെയും കാറ്റെയും നമ്പലാം അന്ത....' അതൊന്നു ചൊല്ലി തന്റെ തമിഴ്വിജ്ഞാനം സരസ്വതിയംബാളുടെ മുമ്പിൽ പ്രകടിപ്പിക്കാനൊരുങ്ങി. ഉടൻ നാവടക്കിക്കളഞ്ഞു. ആ പദ്യത്തിന്റെ ഒടുവിലത്തെ വരികൾ ഈ സാഹചര്യത്തിൽ അൽപം അപകടം പിടിച്ചതാണെന്ന് പിന്നീടാണോർത്തത്.

ശ്രീധരൻ ഒരന്യയുവതിയുമായി അടുത്തു പെരുമാറുന്നത് ആദ്യമായിട്ടാണ്.

ഒരിക്കൽ ശ്രീധരൻ ഈ എന്ന തമിഴ് ലിപി ഊ എന്നു തെറ്റിയെഴുതിയപ്പോൾ സരസ്വതിയംബാൾ പെൻസിൽകൊണ്ടു ശ്രീധരന്റെ ചൂണ്ടു വിരലിലൊന്നു ചൊട്ടി. ഗുരുനാഥയുടെ ശിക്ഷ. ആ മൃദുലദണ്ഡനം ശ്രീധരന്റെ കരളിൽ പുതിയൊരു കോരിത്തരിപ്പുളവാക്കി.

സരസ്വതിയംബാൾ പെൻസിൽകൊണ്ടു വിരലിൽ ചൊട്ടിയതിനു പകരം ചൂരൽകൊണ്ടു പുറത്തു പ്രഹരിച്ചിരുന്നുവെങ്കിൽ എന്നു പ്രാർത്ഥിച്ചുപോയി.

മലയാളത്തിൽ സരസ്വതി എന്നെഴുതിക്കൊടുത്തു—പകർത്തുന്നതിന്. ആ വിരലുകൾ നേർത്ത അഗ്നിജ്ജ്വാലകൾപോലെ കടലാസിൽ ചലിക്കുന്നു. തൊട്ടാൽ പൊള്ളുന്ന പ്രതീതി. ആ മുഖം പൂർണ്ണചന്ദ്രനെപ്പോലെ പ്രശാന്തജ്യോതിസ്സു പൊഴിക്കുന്നു....ആ പുണ്യലാവണ്യത്തിൽ നയനപൂജ നടത്തി നിർവൃതിക്കൊള്ളുകയാണ്.....

അങ്ങനെ സരസ്വതിയംബാളുടെ സാന്നിദ്ധ്യം ഹൃദയത്തിൽ ദിവ്യസ്വപ്നങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന നാളുകൾക്കിടയിലാണ് ശ്രീധരൻ വനവാസത്തിന് ഇലഞ്ഞിപ്പൊയിലിലേക്കു പുറപ്പെട്ടത്.

ഇലഞ്ഞിപ്പൊയിലിന്റെ രൂപഭാവങ്ങളിൽ കാലം പല കൈയേറ്റങ്ങളും നടത്തിക്കഴിഞ്ഞിരുന്നു. പണ്ട് രണ്ടു കുന്നുകൾക്കിടയിൽ വ്യാപിച്ചു കിടന്നിരുന്ന ആ കാർഷികസാമ്രാജ്യം മുക്കാലും ക്ഷയിച്ച നിലയിലാണ്. കിഴക്കു ഭാഗത്തെ നെൽവയലുകൾ അന്യരുടെ കൈവശമാണ്. എരണ്ടപ്പക്ഷികൾ വിരുന്നുവരാറുള്ള ചാലി മുക്കാലും ത്തൂർന്ന് അവിടെ ആരോ നെൽക്കൃഷി തുടങ്ങിയിരിക്കുന്നു.

ആറാംകണ്ടത്തിനു മുകളിലെ കാടുകളുടെ ഒരു ഭാഗം പറങ്കിമാവിൻ തോപ്പുകളായി മാറിയിരിക്കുന്നു.

ഇലഞ്ഞിപ്പൊയിൽത്തറവാട്ടുനിലം, നാലു കണ്ടങ്ങളിൽ ചുരുങ്ങിക്കിടക്കുകയാണ്.

പശുക്കളും കാളകളും അയവിറക്കിക്കിടന്നിരുന്ന ആലകൾ അപ്രത്യക്ഷമായി. ആ സ്ഥലത്ത് അപ്പയും തുമ്പയും തൊട്ടാവാടിയും തഴച്ചുവളർന്നു കിടക്കുന്നു.

എന്നാൽ മുറ്റത്തെ ഇലഞ്ഞിമരം പഴയപോലെ ഇപ്പോഴും പുഷ്പവൃഷ്ടി നടത്തിക്കൊണ്ട്

അവിടെ നിലകൊള്ളുന്നുണ്ട്.

ഉച്ചയ്ക്ക് ആറാംകണ്ടത്തിലേക്ക് ഒരു സർക്കീറ്റിനിറങ്ങി.

ആറാംകണ്ടത്തിന്നപ്പുറം പുതിയ പറങ്കിമാന്തോപ്പാണ്. തോപ്പിന്റെ അതിർത്തിയിൽ അതിന്റെ ഉടമസ്ഥൻ കെട്ടിയ മുള്ളുവേലി വഴിമുടക്കി.

ചന്തോമന്റെ മൂലയിലേക്കു ദൃഷ്ടിയയച്ചു. ചന്തോമന്റെയും തിരുമാല വല്യമ്മയുടെയും പ്രേമകഥ ഓർമ്മയിൽ നൃത്തംചെയ്തു.

പ്രേമകഥകൾക്കു പഴക്കമില്ല. (പഴക്കംചെന്നാലും പ്രേമകഥകൾ കേൾക്കാനൊരു പുതുമയുണ്ടാവും. ആരാണതു പറഞ്ഞത്? ജർമ്മൻകവിയായ ഹെന്റിച്ച് ഹീനാണെന്നു തോന്നുന്നു.) പുതിയ മുളങ്കൂട്ടങ്ങൾ വളർന്നു പൊങ്ങി ആ മൂല മൂടിമറഞ്ഞുകാണുന്നു. കരുണാമയിയായ പ്രകൃതി, പച്ചപ്പട്ടുവിതാനങ്ങളോടുകൂടിയ ഒരു കൂറ്റൻ പന്തൽ ചന്തോമന്റെ കുഴിമാടത്തിന്മേൽ കെട്ടിക്കൊടുത്തിരിക്കുന്നു.

മുളങ്കാട്ടിൽനിന്ന് ഒരു മധുരകൂജനം കേൾക്കുന്നു. മൈനക്കിളിയുടെ പ്രേമഗാനമായിരിക്കും.

വേലിക്കരികിലെ ഉണക്കപ്പുല്ലിൽനിന്ന് ഒരു കിരുകിരുപ്പ്. കഴുത്തു തിരിച്ചു നോക്കി. ഒരു സർപ്പം ഇഴഞ്ഞുപോകുന്നു—ഒരുക്കൻ പുല്ലാനി മൂർഖൻ. ചന്തോമന്റെ മൂലയിലെ മുളങ്കൂട്ടത്തിനുള്ളിലേക്കാണ് അത് ഇഴഞ്ഞുപോകുന്നത്. അവിടെയായിരിക്കും അതിന്റെ മാളം. ചന്തോമനും പുല്ലാനിമൂർഖനും ഒരേ മേൽപ്പുരയ്ക്കു കീഴിൽ പാർത്തുവരികയാണ്. ഉണ്ണിക്കുട്ടിയുമുണ്ടായിരിക്കും—മാപ്പിളലഹളയിൽ അഭയാർത്ഥിനിയായി ഇലഞ്ഞിപ്പൊയിലിൽ പാർത്തിരുന്ന അമ്മാളുഅമ്മയുടെ ഓമനമകൻ ഉണ്ണിക്കുട്ടി. ഉണ്ണിക്കുട്ടിക്ക് പുല്ലാനിമൂർഖൻ ഒരു കളിപ്പാട്ടമായിത്തീർന്നിട്ടുണ്ടാവും.

വേലിക്കരികെ ചുവന്ന അരിപ്പൂചെടികൾ പൂത്തുനിൽക്കുന്നു. ഒരു തേനീച്ച അരിപ്പൂവിൽനിന്നു തേൻ ശേഖരിക്കുന്നു. കൗതുകത്തോടെ നോക്കിനിന്നു. മക്ഷികയുടെ മധുചൂഷണപ്രക്രിയ കാണാൻ രസമുണ്ട്. ഒരു തേനീച്ച അതിന്റെ ദേഹത്തിന്റെ പത്തിരട്ടി തൂക്കംവരുന്ന പൂന്തേൻ നിത്യവും ശേഖരിക്കുന്നു. ഒരു റാത്തൽ തേൻ ശേഖരിക്കാൻ തേനീച്ച പൂക്കളിൽനിന്നു തേൻകൂട്ടിലേക്കും തിരിച്ചും 37,000 പ്രാവശ്യം പറക്കുന്നു. ഈ കണക്കു കൃത്യമായി മനസ്സിൽ തങ്ങിനിൽക്കാനെന്താണു കാരണം? അതൊരു മധുര വാർത്തയായതുകൊണ്ട്. മധുരവാർത്തകൾ മറക്കുകയില്ല. ദുഃഖവാർത്തകൾ മറക്കാൻ ശ്രമിക്കണം. പക്ഷേ, കുടക്കാൽബാലന്റെ മരണം, എത്രതന്നെ ശ്രമിച്ചിട്ടും മറക്കാൻ കഴിയുന്നില്ല. പോലീസിന്റെ മർദ്ദനമാണ് ബാലനെ മരണത്തിലേക്കു നയിച്ചത് എന്നോർക്കുമ്പോൾ കരളിൽ സർപ്പംകൊത്തിയ പോലെ ഒരു കടച്ചിൽ അനുഭവപ്പെടുന്നു.

അപ്പോൾ പറങ്കിമാന്തോപ്പിൽനിന്ന് ഒരു കളകളനാദം കേട്ടു. കിളിയുടെ ശബ്ദമല്ല.

ശ്രീധരൻ വേലിക്കരികിലെ ഒടിച്ചുകുത്തിപ്പൂപ്പടർപ്പിൽ ഒളിഞ്ഞു നിന്നു നോക്കി. പടർന്നുപന്തലിച്ചുനിൽക്കുന്ന ഒരു പറങ്കിമാവിന്റെ പച്ചിലക്കൂടാരത്തിൽനിന്ന് ഒരു യക്ഷി പ്രത്യക്ഷപ്പെട്ടു. വെളുത്തുതടിച്ച മദ്ധ്യവയസ്കയായൊരു മാപ്പിളസ്ത്രീ. ആ ഉമ്മച്ചി തലയിൽ തട്ടം എടുത്തിട്ടു. മുഖം തിരിച്ച് എന്തോ പറഞ്ഞു ചിരിച്ചു കൊണ്ട് തോപ്പിലൂടെ കിഴക്കോട്ടു നടന്നുപോയി.

ആ പച്ചിലക്കൂടാരത്തിനുള്ളിൽ അവളുടെ ഗന്ധർവ്വൻ

വിശ്രമിക്കുന്നുണ്ടായിരിക്കണം.

ഉച്ചനേരത്തു കശുമാന്തോപ്പിൽ കുളിർനിഴലുകളുടെ കുത്താട്ടമാണ്. മാവിൽനിന്നു കരിയിലകൾ തുരുതുതെ വീണ് നിലത്തു നല്ല മെത്ത ഒരുക്കിക്കൊടുത്തിരിക്കുന്നു. കാമിനീകാമുകന്മാർക്കു ഗൂഢസമ്മേളനത്തിനു പറ്റിയ രംഗംതന്നെ.

ഇലപ്പഴുതുകളിലൂടെ നേരിയ പുക പറക്കുന്നു.

ഗന്ധർവ്വൻ ഇരുന്നു സുഖമായി ധൂമപാനം നടത്തുകയായിരിക്കും.

അയാളെ ഒന്നു കാണണം. എന്തിനാണു കാണുന്നത്?

ചുമ്മാ ഒന്നു കാണാൻ. മുഖപരിചയമുണ്ടായെന്നുവരില്ല. പുതിയ തലമുറയുടെ പ്രതിനിധിയായിരിക്കും.

കുറേനേരം കാത്തുനിന്നിട്ടും അയാൾ പുറത്തുവരുന്നതു കണ്ടില്ല. പിന്നെ മനസ്സിലായി ഇടതൂർന്നു വളർന്നുനിൽക്കുന്ന കശുമാവുകളുടെ മറവിലൂടെ അയാൾ വടക്കോട്ടു നീങ്ങി, അപ്പുറത്തെ കാട്ടിൽ മറഞ്ഞുവെന്ന്.

ശരിയായ ഗന്ധർവ്വൻ തന്നെ!

'ടങ്ടൺ—ഠങ്ഠൻ—ടങ്ടൺ' പള്ളിയിൽനിന്നു മണിയടിക്കുംപോലെ ഒരു ശബ്ദം. മുഖമുയർത്തി നോക്കി. ആറാംകണ്ടത്തിന്റെ തെക്കുകിഴക്കേ കോണിൽ ഒറ്റപ്പെട്ടുനിൽക്കുന്ന തെങ്ങിൻകുരലിൽനിന്നാണ് ആ മണിമുഴക്കം കേട്ടത്. കറുത്ത സൂര്യകാന്തിപ്പട്ടുനാടപോലെ ഒരുമുഴം നീളത്തിൽ തൂങ്ങിക്കിടക്കുന്ന വാൽ കണ്ടപ്പോൾ മണിമുഴക്കിയ പക്ഷിയെ മനസ്സിലായി—കാക്കത്തമ്പുരാട്ടി!

'കാക്കത്തമ്പുരാട്ടിയെ കണ്ടാൽ കൂക്കിവിളിക്കണം.' പണ്ട് അപ്പു പറഞ്ഞതാണ്. കാക്കത്തമ്പുരാട്ടി അങ്ങനെ അവഹേളിക്കപ്പെടാനിടയായ സംഭവത്തെപ്പറ്റി ഒരു കഥയും അപ്പു പറഞ്ഞുതന്നിരുന്നു.

ഭർത്താവിന്റെ ശാപമേറ്റു കരിങ്കിളിയായിപ്പോയ ഒരന്തർജ്ജനമാണത്രേ കാക്കത്തമ്പുരാട്ടി. ശപിക്കാൻ കാരണം, ആത്തോലമ്മ ഒരു കരിമ്പുലയന്റെ കൂടെ കിടക്കുന്നതു നമ്പൂതിരി കണ്ടുപിടിച്ചു. ഭൂമിയിൽ കാണുന്ന പക്ഷികളോരോന്നും അപ്പുവിന്റെ കഥകളിൽ ശാപമേറ്റ മനുഷ്യസ്ത്രീകളാണ്.

എന്നാൽ, ഇപ്പോൾ അപ്പുവിനെ കണ്ടാലാണു കൂക്കുവിളിക്കേണ്ടത്. കാരണം, അപ്പു നാടുവിട്ട് ഇപ്പോൾ വയനാട്ടിലാണ്. അപ്പുവിന്റെ അച്ഛൻ, മൂരിവണ്ടിക്കാരൻ കള്ളുകുടിയൻ തെയ്യൻ രണ്ടുകൊല്ലം മുമ്പു മരിച്ചു. വയനാട്ടിൽവച്ച് ഒരു കാട്ടാന ചവിട്ടിക്കൊന്നു. അച്ഛൻ മരിച്ചപ്പോൾ അപ്പു, തന്റെ പുരയും പറമ്പും ഒരു മാപ്പിളയ്ക്കു വിറ്റ്, വയനാട്ടിലേക്കു പോയി. അച്ഛൻ വെപ്പാട്ടിയാക്കി വെച്ചുകൊണ്ടിരുന്ന വിധവയായ പപ്പടച്ചെട്ടിച്ചിയുടെകൂടെത്തന്നെയാണത്രെ അപ്പു പാർക്കുന്നത്—എരഫൻ! പപ്പടച്ചെട്ടിക്ക് ഒരു ചായപ്പീടികയുണ്ട്. അതിന്റെ മാനേജരാണത്രേ അപ്പു!....

കാക്കത്തമ്പുരാട്ടി വാലും നീട്ടി വിശ്രമിക്കുന്ന തെങ്ങിന്റെ സവിശേഷത പെട്ടെന്ന് ഓർമ്മവന്നു. ആ ദ്വീപതെങ്ങ് കുട്ടിയായിരുന്നകാലത്ത് ശ്രീധരൻ നട്ടതാണ്. വാത്സല്യനിധിയായിരുന്ന മുത്തച്ഛൻ തിരുവാതിര ഞാറ്റുവേലയിൽ ആറാംകണ്ടത്തിൽ ഒരുക്കിയ ഒരു കുഴിയിൽ കുഞ്ഞന്റെ കൈകൊണ്ട് ഒരു ദ്വീപതെങ്ങിൻതൈ വെപ്പിച്ചു—ആ തെങ്ങു കുലയ്ക്കുന്നതിനുമുമ്പ് മുത്തച്ഛൻ മരിച്ചു.....തെങ്ങിൻകുരലിൽ തുറ്റുനിൽക്കുന്ന കായ്കൾ കണ്ടപ്പോൾ ശ്രീധരന്റെ ഉള്ളിൽ ആനന്ദം കിളർത്തു. മണിമുഴക്കി ആ

തെങ്ങിലേക്ക് തന്റെ ശ്രദ്ധയാകർഷിച്ച കാക്കത്തമ്പുരാട്ടിയെ വാഴ്ത്തിക്കൊണ്ട് ഒരു ഗീതകം രചിക്കണമെന്നും തീരുമാനിച്ചു—

ആറാംകണ്ടത്തിന്റെ പടിഞ്ഞാറേ അതിർത്തിയിലെ പഴയ മതിലും വേലിയുമെല്ലാം പൊളിഞ്ഞുകിടക്കുകയാണ്. മതില് കടന്നുചാടി, നാലു പാടും നോക്കി. പഴയ കാടിന്റെ മദ്ധ്യഭാഗം അങ്ങനെതന്നെ കിടക്കുന്നുണ്ട്. തെച്ചിയും ഞാറയും ഇപ്പോഴും—സമൃദ്ധിയായിട്ടില്ലെങ്കിലും—അങ്ങു മിങ്ങും വളർന്നുനിൽക്കുന്നുണ്ട്. ഒരു തെച്ചിപ്പഴം പറിച്ചുതിന്നു. പണ്ടത്തെ സ്വാദു തോന്നിയില്ല.

ഒറ്റയ്ക്കു കാട്ടിലൂടെ ചുറ്റിനടന്നു. പാറക്കൂട്ടത്തിലെ വെള്ളാരങ്കൽത്തൊത്തുകൾ ഉച്ചവെയിൽ തട്ടി രത്നപ്രഭ വീശിക്കൊണ്ടിരുന്നു. അങ്ങനെ നടന്നു നടന്ന് കുന്നിന്റെ മറ്റേ ചെരിവിലെത്തി. ഒരു മൂലയിൽനിന്ന് ഒരു കണമരം മിഴികളെ തടഞ്ഞുനിർത്തി. എത്രയോ കൊല്ലങ്ങൾ കഴിഞ്ഞിട്ടും മെലിഞ്ഞു നീണ്ട ആ കണമരം ഒരു വഴികാട്ടിയെപ്പോലെ അവിടെത്തന്നെ നിൽക്കുന്നുണ്ട്—അപ്പുവിന്റെ പഴയ പറമ്പിലേക്കു തിരിയേണ്ട അടയാളവൃക്ഷമാണത്.

അപ്പോൾ നാരായണിയെപ്പറ്റി ഓർത്തു:

എല്ലാവരും ഉപേക്ഷിച്ചുപോയ നാരായണി ആ പറമ്പിലെ കുഴിമാടത്തിൽ നിത്യകന്യകയായിത്തന്നെ കിടക്കുന്നുണ്ടായിരിക്കും.

പേരമരത്തിലെ പഴങ്ങൾ മോഷ്ടിക്കാൻ വരുന്ന വാവലുകളെ ആട്ടിയകറ്റാൻ അവൾക്കിപ്പോൾ രാത്രിയിൽ കാവലിരിക്കേണ്ട ആവശ്യമില്ല. ആ പറമ്പും ഫലവൃക്ഷങ്ങളും ഇപ്പോൾ അന്യരുടേതാണല്ലോ!

നാരായണിയുടെ കുഴിമാടം ഒന്നു സന്ദർശിക്കണമെന്നു തോന്നി.

അടുത്തൊരു പാറക്കെട്ടിന്റെ കടയ്ക്കൽനിന്ന് എത്തിനോക്കുന്ന പൊട്ടിക്കക്കുല ദൃഷ്ടിയിൽപ്പെട്ടു. നാരായണിക്കു പ്രിയപ്പെട്ട പഴമാണല്ലോ പൊട്ടിക്ക. പഴങ്ങൾ പറിച്ച് ഒരു പെരിയിലക്കുമ്പിളിലാക്കി കൈയിൽ കരുതി.

പാറക്കെട്ടുകളും കള്ളിമുൾച്ചെടികളും നിറഞ്ഞ പരുക്കൻ നിലങ്ങളിലൂടെ നിരങ്ങി, കുണ്ടനിടവഴിയുടെ മുമ്പിലെത്തി. ഞെരിഞ്ഞൽമുള്ളുകളും കടലാവണക്കിൻചെടികളും കാഞ്ഞിരമരങ്ങളും തൊട്ടാവാടിയും വളർന്ന് ഇടവഴിയുടെ വായ മൂടിക്കിടന്നു. വളരെക്കാലമായി ആൾപ്പെരുമാറ്റമില്ലാത്ത പോലെ. അങ്ങോട്ടു കാലെടുത്തുവയ്ക്കാൻ ആദ്യം ഭയം തോന്നി. എന്നാൽ, നാരായണിയുടെ കുഴിമാടം സന്ദർശിക്കാനുള്ള പരിപാടി മുടക്കരുതെന്നും മനസ്സു മന്ത്രിച്ചു. അങ്ങനെ ദുർഘടം പിടിച്ച ഇടവഴിയിലേക്കിറങ്ങാൻതന്നെ തീരുമാനിച്ചു.

മതിലിലെ മുൾപ്പൊന്തകൾ പിടിച്ചുകറ്റിയും കല്ലും കുഴിയും തപ്പിത്തടഞ്ഞും മെല്ലെ ഒരു പത്തുവാര നീങ്ങിയപ്പോൾ ചെന്നെത്തിയത് മതിലിന്റെ ഒരുവശത്തെ ചെറിയ ഗുഹയുടെ മുമ്പിലേക്കായിരുന്നു. ശ്രീധരൻ ആ ഗുഹയിലേക്കൊന്നു നോക്കിയപ്പോൾ ആ ഗുഹയിൽ ഒരു രാക്ഷസൻ ഇരിക്കുന്നു! ശ്രീധരനെ കണ്ടപ്പോൾ ആ രാക്ഷസൻ ചാടിയെണീറ്റ് ഒരൊറ്റ ഓട്ടം—ഇട വഴിയിലൂടെ താഴോട്ട്!

ശ്രീധരൻ അന്തംവിട്ടു നിന്നുപോയി. കറുത്തുതടിച്ച് അർദ്ധനഗ്നനായ ഒരു മനുഷ്യനാണ് അവിടെനിന്ന് എണീറ്റോടിയത്.

ആ ഗുഹയിൽ കല്ലുകെട്ടിയ ഒരടുപ്പും, അടുപ്പിന്റെമീതെ വലിയൊരു

ചെമ്പുപാത്രവും, ചെമ്പുപാത്രത്തിന്റെ കഴുത്തിൽ ഒരു കുഴലും ഒരുക്കി വെച്ചതു കണ്ടപ്പോൾ കാര്യം മനസ്സിലായി—കള്ളച്ചാരായം വാറ്റുന്ന ഏർപ്പാടാണ്.

അപരിചിതനായ കുപ്പായക്കാരനെ പെട്ടെന്നു മുമ്പിൽ കണ്ടപ്പോൾ സാൾട്ടുകാർ (എക്സൈസ് ഉദ്യോഗസ്ഥന്മാർ) കള്ളവാറ്റു പിടിക്കാൻ ആ ഗൂഢസ്ഥലത്ത് വന്നിരിക്കയാണെന്നു വിചാരിച്ച് ആ തടിയൻ ഓടി രക്ഷപ്പെട്ടതാണ്.

ശ്രീധരൻ തനിയെ ചിരിച്ചുപോയി. പിന്നെ കുറച്ചുകൂടി ചിന്തിച്ചപ്പോൾ ഭയം തോന്നി. അപരിചിതൻ ഒറ്റയ്ക്കാണ് അവിടെ വന്നുപെട്ടിരിക്കുന്നത് എന്ന വസ്തുത ആ രാക്ഷസൻ മനസ്സിലാക്കിയിരുന്നുവെങ്കിൽ കാര്യം അപകടകരമായേനെ—അയാൾ, തന്നെ തല്ലിക്കൊന്ന് അവിടെ കുഴിച്ചിട്ടാൽ ആരറിയാൻപോകുന്നു? പെട്ടെന്നുണ്ടായ പരിഭ്രമംകൊണ്ട് ആ ഭിണ്ണക്കൻ മണ്ടച്ചാർക്കു മുമ്പും പിമ്പും നോക്കാതെ തടിതപ്പാൻ തോന്നിയത് ശ്രീധരന്റെ നല്ലകാലം!

എന്തായാലും അവിടെ നിൽക്കുന്നത് അത്ര പന്തിയല്ല എന്നു ശ്രീധരൻ മനസ്സിലാക്കി. കൂർത്ത കല്ലും മുള്ളും കുണ്ടും കുഴിയും കണക്കാക്കാതെ ധൃതിപ്പെട്ടു കീഴ്പ്പോട്ടിറങ്ങി, അപ്പുവിന്റെ പഴയ പറമ്പിന്റെ മൂലയിലെത്തിച്ചേർന്നു.

പടിക്കലെത്തി. പുരയുടെ കോലായിലിരുന്ന് ഒരു മുസലിയാർ കൊറാൻ വായിക്കുന്നു. പടിക്കലെ പഴയ ചെമ്പരത്തിമരം നിന്നിരുന്ന സ്ഥാനത്ത്, മുളയ്ക്കാനിട്ടിരിക്കുന്ന കുറെ ഉണക്കത്തേങ്ങകളാണു കാണുന്നത്. ഇലഞ്ഞി മരത്തിൽനിന്നു കൊഴിഞ്ഞുവീണ പൂക്കൾ ഒതുക്കുകല്ലിന്മേൽ ചിതറിക്കിടക്കുന്നു.

ശ്രീധരൻ ശങ്കിച്ചുനിന്നു. ആ പറമ്പിലേക്കു കയറണോ? തെക്കേ പറമ്പിലാണ് നാരായണിയുടെ കുഴിമാടം, നാരായണിയെ കഴിച്ചിട്ട സ്ഥലം കാണാനാണു വന്നിരിക്കുന്നത് എന്ന കാര്യം ആ കിഴവൻ മുസല്യാരോടു തുറന്നു പറയാൻ ഒരു വിമ്മിഷ്ടം. മടങ്ങാൻ മനസ്സനുവദിക്കുന്നുമില്ല.

ഒടുവിൽ പടികേറിച്ചെന്നു. (പൊട്ടിക്ക നിറച്ച പെരിയിലക്കുമ്പിൾ ഷർട്ടിനടിയിൽ ഒളിപ്പിച്ചു.)

മുസല്യാർ കൊറാൻ പാരായണം നിർത്തി. മൂക്കത്തെ കണ്ണട നെറ്റിയിലേക്കു മാറ്റി; മുറ്റത്തേക്കു നോക്കി.

"മൊയല്യാർക്ക് എന്നെ മനസ്സിലായിട്ടില്യായിരിക്കും. ഞാൻ ഇലഞ്ഞിപ്പൊയിലിൽ അമ്മാവന്റെ വീട്ടിൽ വന്നതാണ്......" ശ്രീധരൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

മുസല്യാർക്ക് ആളെ മനസ്സിലായി.

"നെന്നെ ചെറുപ്പത്തില് കണ്ടതാ—നിയ്യിപ്പം ആള് ബല്യതായിപ്പോയലേ്ലാ—വാ, വാ. കുത്തിരിക്ക്—എന്ത്ര്ത്തായിനി നെന്റെ പേര്?.....

"ശ്രീധരന്"

"ആങ്—ചീതരൻ—ചീതരൻ—" (മുസല്യാർ കിത്താബ് അടച്ചുവെച്ചു.)

"നിയ്യിപ്പം ന്തേയ് ങ്ങോട്ട് ബന്ന്?"

"ഇപ്പറമ്പിലെ പേരയ്ക്ക തിന്നാനൊരു പൂതി—പണ്ട് അപ്പു ഉണ്ടായിരുന്ന കാലത്ത് പേരയ്ക്ക തിന്നാൻ ഇവിടെ വരുന്നതോർത്തു കേറിയതാണ്."

മുസല്യാർ നൊണ്ണകാട്ടി ചിരിച്ചു.

“പേരക്കമരത്തിമ്മല് ഇപ്പം കായി കൊറവാ—ഉണ്ടാഹണത് പാറ്റാൻ കബൂലാക്കും—നിയെ്യാന്നു ചെന്നു നോക്ക്—മരത്തിമ്മിലുള്ളതൊക്കെ പറിച്ചു തിന്നോ....”

ശ്രീധരൻ തെക്കേപ്പുറമ്പിൽ ചെന്നു നിന്നു.

നാരായണിയുടെ കുഴിമാടം തീരെ മാഞ്ഞുപോയിരിക്കുന്നു. ആ കണ്ടം കിളച്ച് അവിടെ പയർ നട്ടിരിക്കയാണ്. പയർച്ചെടി വളർന്നുനിൽക്കുന്ന ഏതോ വരമ്പിനടിയിലായിരിക്കും. നാരായണി കിടക്കുന്നത്.

പയർപ്പൂക്കളിലൂടെ നാരായണി പുഞ്ചിരിതൂകുകയാണോ?

പേരമരത്തിലേക്കു കണ്ണയച്ചു. അതിന്റെ ഒരു കൊമ്പിൽ സ്വർണ്ണ ഗോളം പോലെ ഒരു പഴം തൂങ്ങിനിൽക്കുന്നു. (ആ പഴം നാരായണിയുടെ പഴയ കുഴിമാടത്തിന്റെ നേർക്കാണോ തൂങ്ങിക്കിടക്കുന്നത്?)

ഷർട്ടിനുള്ളിൽനിന്നും പൊട്ടിക്കയെടുത്ത് ആ വരമ്പിൽ സമർപ്പിച്ചു... അറിയാതെ മിഴികൾ നനഞ്ഞു.

“സ്വന്തകർമ്മവശരായ് തിരിഞ്ഞിടു–
ന്നന്തമറ്റ ബഹുജീവകോടികൾ
അന്തരാളഗതിതന്നിലൊന്നൊടൊ–
ന്നന്തരാ പെടുമണുക്കളാണു നാം—”

# 27. കാലത്തിന്റെ ഒളിയമ്പുകൾ

“നിര്ത്തെടാ— നിര്ത്തെടാ....”

റിക്ഷക്കാരൻ നിർത്തിയില്ല. ഒഴിഞ്ഞ വണ്ടിയുംകൊണ്ട് ഒരോട്ടം വെച്ചു കൊടുത്തു.

കേളഞ്ചേരി മേലാനാണ് കക്ഷി. കൂലി കടംതന്നെ.

നെഞ്ചിൽ തുറന്നുകിടക്കുന്ന പിഞ്ഞിയ ചീനപ്പട്ടുഷർട്ടും നിലത്തിഴയുന്ന പഴയ മാഞ്ചസ്റ്റർ നെയ്ത്തുദോത്തിയും പാതിയടഞ്ഞ ഒറ്റക്കണ്ണുമായി കുഞ്ഞിക്കേളുമേലാൻ ഗമവിടാതെ അവിടെ അങ്ങനെതന്നെ നിന്നു. റിക്ഷക്കാർ വേറെയുമുണ്ടല്ലോ.

എന്നാൽ ആ വർക്ഷക്കാരിൽ, ഒരുത്തനും പിന്നെ ആവഴിക്കു വന്നില്ല— കപ്പല് വെച്ച മേലാൻ ആ മൂലയിലുണ്ടേ എന്ന് മുമ്പേ പോയ റിക്ഷക്കാരൻ സഹജീവികൾക്കു മുന്നറിയിപ്പു നൽകിയിട്ടുണ്ടായിരുന്നു.

മേലാന്റെ ലക്ഷ്യം അടുത്ത റാക്കുഷാപ്പാണ്.

അപ്പോൾ വരുന്നു കിഴവൻ കുഞ്ഞുണ്ണിവൈദ്യർ.

വൈദ്യർ മേലാനെ കണ്ടു വണക്കംഭാവിച്ചു നിന്നു.

“ഒരാറണ ഇങ്ങോട്ടെടുക്ക്.” മേലാന്റെ അരുളപ്പാട്.

വൈദ്യർ മടിക്കുത്തിൽ പരതി. കിട്ടിയ ഒരുറുപ്പികനാണ്യമെടുത്ത് ആദരപൂർവ്വം കൊടുത്തു.

മേലാൻ നാണ്യം കീശയിലിട്ടു. ”ഊംപോയ്ക്കോപിന്നെ, അവിടെയെവിടെയെങ്കിലും റിക്ഷക്കാരെ കണ്ടാൽ ഇങ്ങോട്ടു പറഞ്ഞയയ്ക്ക്—”

വൈദ്യർ മേലാനെ വണങ്ങി മുന്നോട്ടു നടന്നു.

കപ്പലുവെച്ച തറവാട്ടിലെ മേലാനാണ് ഇരക്കുന്നത്. ആറണയ്ക്ക്—ഒരു ദ്രാം റാക്കിന്റെ പൈസയ്ക്ക്—എന്റെ ഭഗവാനേ, ഇതെന്തൊരു മായ! വൈദ്യർ ദൃഷ്ടികൾ മേൽപോട്ടുയർത്തി, കൈകൾ മലർത്തി തനിയെ പറഞ്ഞു.

കാൽമണിക്കൂറു കഴിഞ്ഞു. ഒരു റിക്ഷവണ്ടി എതിർവശത്തുനിന്നു നീങ്ങി വരുന്നു.

“നിര്ത്തെടാ!”

റിക്ഷക്കാരൻ വിനയം നടിച്ചുകൊണ്ടു വാഹനം നിർത്തി, മേലാൻ വണ്ടിയിൽ ചാടിക്കേറി: “വിട്ടോ—റാക്ക് ഷാപ്പിലേക്ക്.”

കൽപ്പിച്ചപോലെ റിക്ഷക്കാരൻ മേലാനെ റാക്ക്ഷാപ്പിന്റെ മുമ്പിലെത്തിച്ചു. മേലാൻ താഴെ ചാടിയിറങ്ങി ഷാപ്പിലേക്ക് ഒരോട്ടം.”കൂലി കണക്കു വെച്ചോ.” എന്നു റിക്ഷക്കാരനോടു വിളിച്ചുപറയാനും മറന്നില്ല.

റിക്ഷക്കാരൻ തനിയേ ചിരിച്ചുകൊണ്ടു വണ്ടിത്തണ്ടും പൊക്കി നീങ്ങി: ”ആ കെളവൻ വൈശ്യേര് വണ്ടിക്കൂലി എട്ടണ മുൻകൂറ് തന്നിട്ടുണ്ട് മേലാനേ. അല്ലെങ്കില് ഈ വണ്ടീക്കേറാനുള്ള യോഗം ഇന്നു മേലാനുണ്ടാക്വാ?”

“ഒരു ദ്രാം.” മേലാൻ ഓർഡർ കൊടുത്തു: “ഒരു പുഴുങ്ങിയ മുട്ടയും കൊണ്ടുവാ.”

ചാരായക്കടക്കാരൻ മുച്ചിറിയിൻ കടുങ്ങോൻ, ഭരണിയിൽനിന്ന് ഒരു ദ്രാം റാക്ക് അളന്ന് ഗ്ലാസ്സിൽ പകർന്ന് മേലാന്റെ കൈയിൽ കൊടുത്തു. പിന്നെ ഒരു സോസറിൽ പുഴുങ്ങിയ മുട്ടയും.

മേലാൻ ഒരൊറ്റവലിക്ക് റാക്കു മുഴുവനും മോന്തി, മുട്ട കടിച്ചു തിന്നുകൊണ്ട് അവിടെത്തന്നെ നിന്നു.

കടുങ്ങോൻ ഉടൻതന്നെ ഒരു ദ്രാം റാക്കുകൂടി ഭരണിയിൽനിന്നെടുത്തു ഗ്ലാസ്സിലൊഴിച്ച് മേലാന്റെ കൈയിലേക്കു നീട്ടി: “ഇത്, എന്റെ വക—ഇതും സേവിച്ച്, വേഗം ഇവിടെനിന്നെറങ്ങിത്തരണം.”

കടുങ്ങോന്റെ വാക്കുകൾ മേലാനെ ചൊടിപ്പിച്ചു. ദാനവും വാങ്ങി ഉടൻ പടിയിറങ്ങണമെന്നാണ് ഈ മുച്ചിറിയൻ കൽപ്പിക്കുന്നത്—അഭിമാനത്തിൽ മുറിവേൽപ്പിക്കുന്ന വാക്കുകൾ—ഒരുനിമിഷം ആലോചിച്ചു റാക്കു വാങ്ങിക്കുടിച്ചു ചിറി തുടച്ചുകൊണ്ട് കടുങ്ങോനെ ഒറ്റക്കണ്ണുകൊണ്ട് ഉഗ്രമായൊന്നു നോക്കി: “എടാ, കേളഞ്ചേരി കുഞ്ഞിക്കേളുമേലാന്ന് നിന്റെ ഓശാരമൊന്നും വേണ്ടാ—” ഉറുപ്പിക നാണ്യം കടുങ്ങോന്റെ മുമ്പിലേക്കു വലിച്ചെറിഞ്ഞ് ഗമയിൽ ഇറങ്ങി നടന്നു.

റാക്കുഷാപ്പുകാരൻ കടുങ്ങോൻ, പൊറുതിമുട്ടിയിട്ടാണ് മേലാനോട് അങ്ങനെ പറഞ്ഞത്. തന്റെ ബിസിനസ്സിനെ ബാധിക്കുന്ന കാര്യമാണ്. റൊക്കം പൈസ കൊടുത്ത് അരയോ ഒന്നോ സേവിച്ച് പിന്നെ മേലാൻ അവിടെത്തന്നെ കുത്തിയിരിക്കും. അവിടെ കുടിക്കാൻ വരുന്നവർ മേലാനെ ശ്രദ്ധിച്ചു സൽക്കരിക്കുന്നില്ലെന്നുകണ്ടാൽ മേലാൻ കൽപിക്കും: “എഡോ, ഒന്നെനിക്കും ഒഴിക്കാൻ പറ.” കേളഞ്ചേരിത്തറവാട്ടുമഹിമയോർത്തു മിക്കവരും മേലാനെ നിരാശപ്പെടുത്തുകയില്ല. മേലാൻ അങ്ങനെ ഒരു കൊതി പേ്രതത്തെപ്പോലെ അവിടെ ചടഞ്ഞിരുന്നുകളയും. ഷാപ്പിൽ മേലാൻ ഇരിപ്പുണ്ടെന്നുകണ്ടാൽ കക്ഷികൾ അങ്ങോട്ടു കേറാതായി. കടുങ്ങോന്റെ കച്ചവടത്തിന് ഉലച്ചിൽ തട്ടി. കുപ്പിക്കു കോർക്കിട്ടപോലെ പഹയൻ ഇരിക്കുന്നു! കടുങ്ങോൻ മനസ്സിൽ പിരാകും. എന്നാൽ, കേളഞ്ചേരിമേലാനോട് എണീറ്റുപോകണമെന്നു പറയാൻ കടുങ്ങോന്റെ നാക്കു പൊങ്ങുകയില്ല. ഇന്ന് അവൻ വെട്ടിത്തുറന്നു പറയുകതന്നെ ചെയ്തു: എന്റെ വഹയായി ഇതും സേവിച്ചു വേഗം സ്ഥലം കാലിയാക്കിത്തരണം.

മേലാൻ റിക്ഷവണ്ടിയുംകാത്തു റോഡരുകിൽത്തന്നെ നിന്നു. അപ്പോൾ കിട്ടൻറൈറ്റർ അവിടെയെത്തി. കിട്ടൻറൈറ്റർ പുകലപ്പൊടി വാങ്ങാനിറങ്ങിയതാണ്. ചെന്നുപെട്ടതു മേലാന്റെ മുമ്പിൽ.

“ഒരാറണയെടുക്ക്.” മേലാൻ കൈനീട്ടി.

“കൈയിൽ ആറണയില്ലലേ്ലാ മേലാനേ......”

“എന്നാൽ മൂന്നരയണ ഉണ്ടോ എന്നു നോക്ക്.” (അരദ്രാം റാക്കിന്റെ പൈസ.)

“കീശയിൽ ആകെ മൂന്നണയേയുള്ളൂ.” കിട്ടൻറൈറ്റർ കരയുന്ന മുഖഭാവത്തോടെ പറഞ്ഞു.

“വേണ്ട—പൊയ്ക്കോ.........”

അരദ്രാം റാക്കിന്റെ വിലയായ മൂന്നരയണയിൽ കുറഞ്ഞ സംഖ്യ കുഞ്ഞിക്കേളുമേലാൻ സ്വീകരിക്കയില്ലെന്ന് കിട്ടൻറൈറ്റർക്കറിയാം—അതു

കേളഞ്ചേരിത്തറവാട്ടുമഹിമയ്ക്കു ചേർന്നതല്ല. മേലാനും ചില തത്ത്വവീക്ഷണങ്ങൾ കൈക്കൊള്ളാറുണ്ട്.

മാറിലെ വെള്ളിരോമങ്ങൾ തലോടിക്കൊണ്ട് മേലാൻ അവിടെത്തന്നെ നിന്നു. പൈസക്കാർ ആരെങ്കിലും വന്നുപെടും—തന്നെ എല്ലാവരും അറിയും. വെളിച്ചപ്പാടിനെ എല്ലാവരും അറിയും. വെളിച്ചപ്പാട് എല്ലാവരേയും അറിയണമെന്നില്ലല്ലോ—

"ഉഗ്രവ്രതൻമുനി വസിക്കുമൊരൂരിൽ......"

ഉച്ചനേരത്ത് ഇലഞ്ഞിപ്പൊയിലിലെ ആറാംകണ്ടത്തിനു മുകളിലെ വനമേഖലയുടെ ഒരു മൂലയിൽ, ഒരു കാട്ടുകുങ്കുമമരത്തിന്റെ കൊമ്പിലിരുന്നു ശ്രീധരൻ, കുമാരനാശാന്റെ 'കുയിലി'ലെ ശ്ലോകങ്ങൾ വായിച്ചു കാണാപ്പാഠമാക്കുകയാണ്—അപ്പോൾ മനസ്സ് അകാരണമായി അതിരാണിപ്പാടത്തേക്കു സഞ്ചരിച്ചു. പിന്നെ സരസ്വതിയംബാളുടെ അടുക്കൽ വിശ്രമിച്ചു.

സരസ്വതിയംബാൾ തന്നെപ്പറ്റി ചിന്തിക്കുന്നുണ്ടായിരിക്കുമോ? ആ ബ്രാഹ്മണവിധവയുടെ മനോഭാവത്തെപ്പറ്റി ഒരെത്തും പിടിയും കിട്ടുന്നില്ല. അവളുടെ മലയാളഗുരുവായിരിക്കുന്നതിലല്ല, അവളുടെ വിനീതശിഷ്യനായി പെരുമാറുന്നതിലാണ് നിഗൂഢമായൊരാനന്ദം അനുഭവപ്പെടുന്നത്. ഉഗ്രവ്രതത്തോടെയിരിക്കുന്ന ഒരു സന്ന്യാസിനിയുടെ ശിക്ഷണത്തിനു വഴങ്ങിക്കൊടുക്കുന്നതിൽ സവിശേഷമായൊരാനന്ദം കണ്ടെത്തിയിരിക്കുന്നു. സരസ്വതിയംബാളുടെ വിശുദ്ധിയോ സൗന്ദര്യമോ വിചിത്രമായ സ്വഭാവമോ എന്താണു തന്നെ ആകർഷിച്ചത്? ഒരു പക്ഷേ, അവയെല്ലാം കൂടിച്ചേർന്ന അവസ്ഥാ വിശേഷമായിരിക്കാം—അന്ന് തന്റെ വായിലെ വിസ്കിനാറ്റമേറ്റപ്പോൾ അവൾ തന്റെനേർക്കു വിട്ട ആ നോട്ടം ഒരു ഭദ്രകാളിയുടേതായിരുന്നു. എന്നാൽ പിന്നീട് അവൾ അതിനെപ്പറ്റി എന്തെങ്കിലും ചോദിക്കുകയോ പറയുകയോ ഉപദേശിക്കുകയോ—ഒന്നു സൂചിപ്പിക്കുകപോലുമോ—ഉണ്ടായിട്ടില്ല. മാത്രമല്ല, അതിനുശേഷം തന്നെ ആദ്യമായി കണ്ടപ്പോൾ അവൾ ഒരു മന്ദഹാസമർപ്പിക്കുകയാണു ചെയ്തത്—അവളുടെ മുഖത്ത് അപൂർവ്വമായി മാത്രം ഉദിക്കാറുള്ള മന്ദഹാസം. താൻ പരീക്ഷയിൽ വീണ്ടും തോറ്റ വിവരം അവൾ അണ്ണനിൽനിന്ന് അറിഞ്ഞിട്ടുണ്ടാവാം, എന്നാൽ അതിനെപ്പറ്റി അവൾ തന്നോടു ചോദിക്കുകയോ പറയുകയോ ചെയ്യില്ലെന്നു നിശ്ചയമാണ്. അങ്ങനെയാണ് അവളുടെ സ്വഭാവം. സരസ്വതിയംബാളെ ഓർക്കുമ്പോൾ ചീത്തവികാരങ്ങളല്ല ഉള്ളിൽ അങ്കുരിക്കുന്നത്. സര സ്വതിയംബാളെ ഒരു സ്ത്രീയായിട്ടല്ല, ഒരു ശക്തിയായിട്ടാണു കാണുന്നത്. ആ ദേവിയുടെ മുമ്പിൽ സ്വയം ബലിയർപ്പിക്കാനുള്ള നിഗൂഢമായൊരു മോഹം......

വീണ്ടും കുയിലിന്റെ പാട്ട്:

വാദാന്തരത്തിൽ വിധി ഗേഹമിയന്ന നിൻ ഹൃദ്—<br>
ഭേദാപഹാരി ഗളകാകളിയാൽ ലഭിപ്പൂ<br>
നാദാനുസന്ധി പരയോഗിസമാധിസൗഖ്യം<br>
വേദാന്തികദ്വയചിദേകരസാവഗാഹം.

സരസ്വതിയംബാളുടെ മനസ്സുപോലെ അർത്ഥം പിടികിട്ടാത്ത ഒരു ശ്ലോകം!

വരാന്തയിൽ സ്ഫടികജാലകങ്ങൾ പിടിപ്പിച്ച മോടികൂട്ടിയ ഒരു ബംഗ്ലാവിന്റെ മുമ്പിലാണ് റിക്ഷക്കാരൻ വേലു, കുഞ്ഞിക്കേളുമേലാനെ ഇറക്കിവിട്ട് ഓടിക്കളഞ്ഞത്; സന്ധ്യമയങ്ങിത്തുടങ്ങുന്ന നേരത്ത്.

വളരെ നയത്തിലാണ് വേലു അപ്പണി പറ്റിച്ചത്. "മേലാൻ ഒന്നിറങ്ങി നിക്ക്വോ— വെളക്ക കത്തിക്കട്ടെ, മെഴുത്തിരീം തീപ്പെട്ടീം സീറ്റിന്നടീലെ പെട്ടീലാണ്....." വേലു വിനയപൂർവ്വം ഉണർത്തിച്ചു.

മദ്യപിച്ച് അർദ്ധബോധാവസ്ഥയിലായിരുന്നെങ്കിലും മേലാൻ കുഴഞ്ഞ കാലുകൾ പൊക്കി എണീറ്റ്, നിരത്തിലിറങ്ങി നിന്നുകൊടുത്തു. ആ തക്കം നോക്കി വേലു വണ്ടിയുംകൊണ്ടു രക്ഷപ്പെട്ടു.

വേലുവിനെ പറഞ്ഞിട്ടെന്താ? കഷ്ടകാലവുംകൊണ്ടാണ് അന്നുച്ചതിരിഞ്ഞപ്പോൾ അവൻ മേലാന്റെ മുമ്പിൽ ചെന്നുപെട്ടത്. ആദ്യം തിരിഞ്ഞോടാൻ ഭാവിച്ചു. പെട്ടെന്നാണു കണ്ടത്, മേലാന്റെ ചീനപ്പട്ടു കുപ്പായക്കീശയിൽ നിന്നു പുറത്തേക്കു തലകാട്ടിക്കിടക്കുന്ന പത്തുറുപ്പിക നോട്ട്! പണം കൈയിലുള്ളപ്പോൾ മേലാൻ ലോഭമില്ലാതെ കൂലികൊടുക്കുന്ന കൂട്ടത്തിലാണ്. അന്നു തീയതി അഞ്ചാണ്. റിസീവറിൽനിന്ന് (കേളഞ്ചേരി റിസീവർ ഭരണത്തിലാണ്—മേലാന് മാസംതോറും നൂറുറുപ്പിക അലവൻസനുവദിച്ചിട്ടുണ്ട്.) അലവൻസ് കിട്ടിയ സന്ദർഭമാണെന്നു മനസ്സിലാക്കി വേലു സന്തോഷിച്ചു. മേലാനെ വണ്ടിയിൽ കയറ്റി. ലക്ഷ്യം അടുത്ത റാക്കുഷാപ്പു തന്നെ. വഴിക്ക് ഒരു സ്റ്റേഷനറിക്കടയുടെ മുന്നിലെത്തിയപ്പോൾ മേലാൻ വേലുവിനോടു പറഞ്ഞു: "എഡോ. ഒരു പാക്ക് ഗോൾഡ് ഫ്ളേക്ക് വാങ്ങ്. ചില്ലറയുണ്ടെങ്കിൽ എടുത്തു കൊടുക്ക്—"

വേലു തന്റെ കൈയിൽനിന്നു പത്തണയെടുത്തു ഗോൾഡ് ഫ്ളേക്ക് സിഗരറ്റ് വാങ്ങിക്കൊടുത്തു.

ആദ്യത്തെ റാക്ക്ഷാപ്പിലെത്തിയപ്പോൾ മേലാൻ താഴെയിറങ്ങി വേലുവിനോടു പറഞ്ഞു: "പോകണ്ട ഇവിടെ നിന്നോ." വേലു കാത്തുനിന്നു. കാൽമണിക്കൂറു കഴിഞ്ഞു. ചാരായവും മോന്തി ചിറി തുടച്ചുകൊണ്ടു മേലാൻ മടങ്ങിവന്നു റിക്ഷയിൽ കേറി.

"ഇനി എങ്ങോട്ടാണ്?" വേലു ചോദിച്ചു.

"മൂന്നിലഞ്ഞിക്കൽഷാപ്പിലേക്ക്." മേലാൻ സിഗരറ്റു പുകച്ചുകൊണ്ടു കൽപിച്ചു.

മൂന്നിലഞ്ഞിക്കൽഷാപ്പിലും കേറിയിറങ്ങി.

"ഇനി അടയ്ക്കാത്തെരുവിലേക്ക്."

ഇതെല്ലാം ഒരു സ്ഥലത്തുനിന്നുതന്നെ കുടിച്ചാൽപ്പോരേ മേലാനേ? വേലു മനസ്സിൽ പറഞ്ഞു. അതു മേലാന്റെ പതിവാണ്. ഓരോ മദ്യക്കടയിലും ചെന്നു കേറുമ്പോൾ പുതിയൊരാവേശം കിട്ടുമത്രേ. വേലുവിനും സന്തോഷം, ദൂരം കൂടുന്തോറും കൂലി ജാസ്തി കിട്ടുമല്ലോ.

അടയ്ക്കാത്തെരുവുഷാപ്പിലും കേറിയിറങ്ങി, കുന്നംമുക്കുഷാപ്പിലേക്ക് ഓടി.

കുനംമുക്കുഷാപ്പിൽനിന്നിറങ്ങിയപ്പോൾ അകത്തുനിന്നു ചീത്തവിളിച്ചു പറയുന്നതു കേട്ടു: "എരപ്പാളി! കുടിച്ച റാക്കിന്റെ പൈസ മുഴുവനും കൊടുക്കാതെ ഇറങ്ങിപ്പോകുന്നു!"

മേലാൻ വളരെ ഗൗരവത്തിലാണ് റിക്ഷയിൽക്കേറി ഇരുന്നത്. അപ്പോൾ വേലു ഒരു പൊള്ളുന്ന സത്യം കണ്ടുപിടിച്ചു: മേലാന്റെ ചീനപ്പട്ടു ഷർട്ടുകീശ ശൂന്യം! ഇനി

എങ്ങോട്ടാണെന്നു ചോദിച്ചില്ല. റിക്ഷക്കൂലി പതിവുപോലെ കടത്തിൽ കലാശിക്കും. സിഗരറ്റിനു പത്തണയും പോയി. പുര പട്ടിണി. ആ ബംഗ്ലാവിന്റെ മുമ്പിലെത്തിയപ്പോൾ വേലു പണി പറ്റിച്ചു. മേലാനെ തെരുവാധാരമാക്കി വിട്ട് മറ്റുതരത്തിൽ അന്നത്തെ അത്താഴത്തിനുള്ള വക സമ്പാദിക്കാൻ ഒരു പരക്കംപാച്ചിൽ പാഞ്ഞു.

വേലു കണ്ടറിഞ്ഞുകൊണ്ടുതന്നെയാണോ ആ ബംഗ്ലാവിന്റെ മുമ്പിൽ മേലാനെ തള്ളിവിട്ടത്?

പന്ത്രണ്ടുകൊല്ലം മുമ്പ്, കുഞ്ഞിക്കേളുമേലാൻ, ഭൂലോകരംഭയായ വെള്ളരിക്കാക്കല്യാണിയെ വെച്ചുപാർപ്പിച്ച ബംഗ്ലാവാണത്.

അർദ്ധബോധാവസ്ഥയിൽ, മേലാൻ ആ ബംഗ്ലാവിലേക്കു മിഴിയയച്ചു. പെട്ടെന്ന് അതിനകത്ത് ഒരു നീലവെളിച്ചം തെളിഞ്ഞുവീശി, പെട്രോമാക്സ് വിളക്കിന്റെ പ്രകാശപൂരം.

കല്യാണിയുടെ തങ്കമെയ്യും പനങ്കുലത്തലമുടിയും ശൃംഗാരപ്പുഞ്ചിരിയും മേലാന്റെ തലച്ചോറിലേക്ക് ഒരു പൊൻകിനാവുപോലെ ഇഴഞ്ഞുവന്നു.

ഇപ്പോഴിവിടെ പാർക്കുന്നത് ഒരു ഗുജറാത്തി മുസ്ലീംസേട്ടുവാണ്. അകത്തു നിന്നു ഗ്രാമഫോൺഗാനം മുഴങ്ങുന്നു:

"തും നെ മുഝ് കോ പ്രേമ് സിഖായാ—

തും നെ മുഝ് കോ......."

(പ്രണയകലഹം നടിച്ചിരുന്ന കല്യാണിയുടെ മുമ്പിൽവെച്ച് നൂറുറുപ്പികയുടെ പച്ചനോട്ട് മേശവിളക്കിന്റെ തീനാളത്തിൽ കാട്ടി ഗോൾഡ് ഫ്ളേക്ക് സിഗരറ്റ് പിടിപ്പിച്ച ആ സംഭവം മേലാന്റെ ചിന്തയിൽ തങ്ങിനിന്നിരുന്നുവോ, എന്തോ!)

മേലാൻ കീശയിൽനിന്നു സ്വർണ്ണനിറമുള്ള ഗോൾഡ്ഫ്ളേക്ക് സിഗരറ്റ് പാക്കറ്റ് പുറത്തെടുത്തു തുറന്നു തപ്പി. കൂടു കാലി. ഓവിലേക്കു വലിച്ചെറിഞ്ഞു.

മേലാൻ ബംഗ്ലാവിന്റെ കൽപടവിൽ പെരിക്കാലെടുത്തുവെച്ചു കുറച്ചു നേരം ആലോചിച്ചു. പിന്നെ ധൈര്യപൂർവ്വം പടവുകൾ കേറി. അടച്ചിട്ട വാതിലിൽ തുടരെത്തുടരെ മുട്ടി.

ഒരു തടിയൻ മാപ്പിള വന്നു ജാലകത്തിലൂടെ എത്തിനോക്കി. നേരിയ ഇരുട്ടിൽ ആളെ മനസ്സിലായില്ല.

"ആരാണത്?"

"ഴ് ഞാൻതന്നെ—കേളഞ്ചേരിയിലെ കുഴ്ഞ്ഞിക്കേളുമേലാൻ."

അതുകേട്ട തടിയൻമാപ്പിള അറിയാതെ ഒന്നു ഞെട്ടിപ്പോയി.

"മേലാന് ഇപ്പെന്താ മേണ്ടേയ്ത്?"

"എനിക്ക് ആ മുറിയിൽ ഒന്നിരിക്കണം."

"ഏതു മുറീല്?"

"എന്റെ കല്യാണി കെടന്ന ആ മുറിയിൽ—"

"ആരെടാ ബീരാനേ, അത്?" അകത്തുനിന്ന് സേട്ട് വിളിച്ചുചോദിച്ചു.

"ഒരു കള്ളുകുടിയനാണ്. മൊതലാളീ."

"ആ ശൈത്താന് രണ്ട് കൊടുത്ത് ബിഡ്."

ബീരാൻ പരുങ്ങിനിന്നു. കുഞ്ഞിക്കേളുമേലാനെ ആ നിലയിൽ കണ്ടപ്പോൾ ബീരാനു സഹതാപം തോന്നി. മേലാന്റെ ഉടുമുണ്ട് അരയിൽനിന്ന് അഴിഞ്ഞു വീഴാൻപോകുന്നു. തല കനംതൂങ്ങി മാറിലേക്കു ചാഞ്ഞുകുത്തിയിട്ടുണ്ട്. എന്നിട്ടും മേലാൻ ഗമവിടുന്നില്ല.

"തൊറക്കെടാ വാതില്!" മേലാൻ വാതിലിൽ ഇടിച്ചുകൊണ്ട് ഇഴഞ്ഞ സ്വരത്തിൽ അമറി.

ബംഗ്ലാവിനകത്തുനിന്ന് ഗ്രാമഫോൺഗാനം ആവർത്തിക്കുന്നു:

"തും നെ മുഝ് കോ പ്രേമ് സിഖായാ—

തും നെ മുഝ് കോ...."

ബീരാൻ പിന്നെയും പരുങ്ങിനിൽപായി. കേളഞ്ചേരിത്തറവാടിനോട് ബീരാനു ചില്ലറ കടപ്പാടുണ്ട്. കുഞ്ഞിക്കേളുമേലാന്റെ അംഗരക്ഷകനായിരുന്ന ഇരുമ്പൻപോക്കരുടെ അളിയനാണ് ബീരാൻ. (ഇരുമ്പൻപോക്കർ ഇപ്പോൾ പക്ഷവാതംപിടിച്ചു കിടപ്പിലാണ്—വലതുഭാഗം മുഴുവനും തളർന്നു പോയിരിക്കുന്നു!) പോക്കർ കേളഞ്ചേരിയിൽനിന്നു തരംപോലെ മോഷ്ടിക്കാറുള്ള സാധനങ്ങൾ സ്വകാര്യമായി വിറ്റു കാശാക്കിക്കൊടുക്കാൻ സഹായിച്ചിരുന്നത് ബീരാനാണ്. കേളഞ്ചേരിവക വലിയൊരുരുളി ബീരാന്റെ പുരയിലെ പത്തായത്തിൽ കാണാം. പണ്ട്, കേളഞ്ചേരിയിൽ കൊല്ലന്തോറും നടത്താറുള്ള പുരകെട്ടടിയന്തിരങ്ങളിൽ, സർവ്വാണിസദ്യയ്ക്കുള്ള കറികൾ സംഭരിക്കാനുപയോഗിച്ചിരുന്ന രണ്ടു വലിയ തോണികൾ കുഞ്ഞിക്കേളുമേലാൻ വെട്ടിമുറിച്ചു വിറകുവിലയ്ക്കു വിറ്റപ്പോൾ ആ തോണിവിറകു വാങ്ങിയതു ബീരാനായിരുന്നു.

"തൊറക്കെടാ വാതില്" മേലാൻ വീണ്ടും ഗർജ്ജിച്ചു.

ബീരാൻ മെല്ലെ വാതിൽ തുറന്നു പുറത്തുവന്ന്, മേലാന്റെ മുണ്ട് അരയിൽ നേരെ ഉടുപ്പിച്ച്, മേലാന്റെ കൈപിടിച്ചു ചെവിയിൽ മന്ത്രിച്ചു: "മേലാനിപ്പപ്പോയ്ക്കോളീ—വെള്ളരിക്കക്കല്യാണി കെടന്ന അറേല് ഇപ്പം സേട്ടൂന്റെ ബീവിയാണ്....."

"എന്നോടു കൽപിക്കാൻ നിയ്യാരാണെടാ!—" മേലാൻ കൈ കുതറിത്തെറിപ്പിച്ചു. ബംഗ്ലാവിലേക്കു വലിഞ്ഞുകേറാൻ ഭാവിച്ചപ്പോൾ ബീരാൻ മേലാനെ കൂട്ടിപ്പിടിച്ചു പൊക്കിയെടുത്തുകൊണ്ടുപോയി നിരത്തിന്റെ ഒരു മൂലയിൽ വിറകുകെട്ടുപോലെ തള്ളിവിട്ടു.

'കിണി—കിണിങ്—കിണിംകിണിങ്....' മണി മുഴക്കിക്കൊണ്ട് ഒരു ജഡ്ക്കവണ്ടി കുതിച്ചുവന്നു. വണ്ടിക്കാരൻ പെട്ടെന്നു കടിഞ്ഞാൺ വലിച്ചു. വണ്ടി ഒന്നു കുലുങ്ങി കുറച്ചൊന്നു പൊങ്ങി. വെള്ളക്കുതിര വായുംപിളർത്തി മുൻകാലുകൾ പൊക്കി ഒരു നൃത്തംവെച്ചു.

കുതിരവണ്ടിയുടെ മുമ്പിൽ ഒരു മനുഷ്യൻ ഉടുതുണിയില്ലാതെ കിടക്കുന്നു.

"ഏതു പണ്ടാരക്കാലനെയാണപ്പാ ഇവിടെ കുടിവെച്ചത്?" —ജഡ്ക്കക്കാരൻ ചോയി ശപിച്ചുകൊണ്ടു താഴെയിറങ്ങി.

"കല്യാണീ, കല്യാണീ—എന്റെ കരളേ!...." കിടക്കുന്ന മനുഷ്യൻ ജൽപിക്കുന്നു.

ചോയി തീപ്പെട്ടിയുരച്ച് കത്തിച്ച് ആളെയൊന്നു നോക്കി—വസൂരിക്കുത്തു നിറഞ്ഞ വെളുത്ത മുഖത്ത് ഒറ്റക്കണ്ണും, നഗ്നമായ പെരിക്കാലും—കേളഞ്ചേരി കുഞ്ഞിക്കേളുമേലാൻ!

“ചോയീ—വണ്ടിവിട്—” ജഡ്ക്കയ്ക്കകത്തുനിന്ന്, നെയ്ത്തുകമ്പനി മുതലാളി കോച്ചാളിനാണുവിന്റെ കൽപ്പന.

“മുതലാളീ, കേളഞ്ചേരിമേലാനിതാ നെരത്തിമ്മല് വീണു കിടക്കുന്നു—” ചോയി സഹതാപസ്വരത്തിൽ വിളിച്ചറിയിച്ചു.

“തണ്ണിയടിച്ച് ബോധമില്ലാതെ കിടക്കുകയായിരിക്കും—പാവം അങ്ങേരെ വണ്ടിയിലെടുത്തിട്—കേളഞ്ചേരിയിൽ കൊണ്ടു വിട്ടേക്കാം...”

ചോയി കുഞ്ഞിക്കേളുമേലാനെ വാരിയെടുത്തു വണ്ടിയിൽ കിടത്തി. വണ്ടിയിലെ കുഷ്യൻമെത്തയിൽ പട്ടുതലയണയെ കെട്ടിപ്പുണർന്നുകൊണ്ട് മേലാൻ അപ്പോഴും ഇഴഞ്ഞ സ്വരത്തിൽ മൊഴിഞ്ഞുകൊണ്ടിരുന്നു: “കല്യാണീ—കല്യാണീ—എന്റെ കരളേ!.....”

ശ്രീധരൻ ഒരു കുളുർമാവിൻകൊമ്പിൽ കേറിയിരുന്ന് തിരുക്കുറൾ പാരായണം ചെയ്യുകയാണ്—ഒരു വലിയ മാന്തോപ്പിന്റെ മദ്ധ്യത്തിൽ—നേരം നട്ടുച്ച.

കാവിവസ്ത്രംകൊണ്ടു ശിരസ്സു മൂടിയ ഒരു രൂപം ദൂരെനിന്നു വരുന്നു. ശ്രീധരൻ തിരുക്കുറൾവായന നിർത്തി ആ രൂപത്തെ സൂക്ഷിച്ചുനോക്കി. പുരുഷനോ സ്ത്രീയോ എന്നു തിരിച്ചറിയാൻ കഴിയുന്നില്ല. അത് ശ്രീധരനിരിക്കുന്ന ചൂതവൃക്ഷത്തിനു നേർക്കാണു നടന്നുവരുന്നത്. വെളുത്ത അഗ്നിനാളംപോലെ പ്രകാശിക്കുന്ന വലിയ വട്ടമുഖം—മുട്ടുവരെയെത്തുന്ന കാവിമുണ്ടുകൊണ്ടു തറ്റുടുത്തിരിക്കുന്നു. കുമ്പളപ്പൂമൊട്ടുകൾപോലെ കണങ്കാലുകൾ മുഴുവനും വെളിക്കു കാണുന്നു. ഒരു കൈയിൽ കമണ്ഡലു, മറ്റേക്കൈയിൽ ചൂരൽദണ്ഡ്. ആ രൂപം മാഞ്ചുവട്ടിലെത്തിയപ്പോൾ ശ്രീധരന്റെയുള്ളിൽ അദ്ഭുതവും ആനന്ദവും ഭയവും സംഘനൃത്തംചെയ്തു—സരസ്വതിയംബാൾ! സരസ്വതിയംബാൾ ഒരു യോഗിനിയായി മാറിയിരിക്കുന്നു. ഒളിച്ചോടിപ്പോയ ശിഷ്യനെ അന്വേഷിച്ച് കാട്ടിലെ മാന്തോപ്പിലേക്കു വന്നിരിക്കയാണ്.

മാഞ്ചുവട്ടിൽനിന്ന് അവർ ശ്രീധരനെ ഒന്നു നോക്കി—ആ മിഴികളിൽ നിന്ന് അഗ്നിനാളങ്ങൾ പുറപ്പെടുന്നു. ആ മുഖം ഭദ്രകാളിയുടേതുപോലെ ഭയങ്കരമായി മാറുന്നു.

ചൂരൽദണ്ഡ് പൊക്കി, ശ്രീധരനോടു മാങ്കൊമ്പിൽനിന്നു താഴെയിറങ്ങാൻ ആംഗ്യംകാട്ടി ആജ്ഞാപിക്കുന്നു.

ശ്രീധരൻ അനുസരണഭാവത്തിൽ താഴെയിറങ്ങി.

“ദേവി, അടിയനെ ശിക്ഷിക്കു—അടിയനെ ശിക്ഷിക്കു..” എന്നു കേണപേക്ഷിച്ചുകൊണ്ട് ശ്രീധരൻ ഉടുപ്പഴിച്ച സരസ്വതിയോഗിനിയുടെ മുമ്പിൽ, പുറം തിരിഞ്ഞു മുട്ടുകുത്തി നിലകൊണ്ടു.

‘ഠേ-ഠേ-ഠേ...’ പുറത്ത് ഉഗ്രമായ ചൂരൽപ്രഹരം. ആ പ്രഹരമോരോന്നും പുറത്തു പതിക്കുമ്പോൾ ശിഷ്യൻ പുതിയൊരാനന്ദംകൊണ്ടു പുളയുന്നു. അടി ഊക്കോടെ പുറത്തും ആസനങ്ങളിലും തുടകളിലും വന്നു വീഴുന്നു. ആനന്ദലഹരിയുടെ ആരോഹണങ്ങൾ! തോലുരിഞ്ഞു പോകുന്നു. ജീവരക്തത്തിന്റെ നനവ് അനുഭവപ്പെടുന്നു... ആ നനവിലൂടെ ഒരു പുളകപ്രളയത്തിൽ മുങ്ങുന്നു...

ശ്രീധരൻ ഉണർന്നു.

കണ്ണുമിഴിച്ചു. ചുറ്റുപാടും ഇരുട്ട്. മാന്തോപ്പെവിടെ? എവിടെ സരസ്വതി യോഗിനിയും

അവരുടെ ചൂരൽദണ്ഡും?

ഇലഞ്ഞിപ്പൊയിൽവീട്ടിലെ തെക്കേ മുറിയിൽ, പത്തായപ്പുറത്ത്, പുൽപായിലാണ കിടക്കുന്നത്. നേരം പാതിര കഴിഞ്ഞിട്ടുണ്ടാവും. പുള്ളുകളുടെ കരച്ചിൽ കേൾക്കുന്നു. നാലാംകണ്ടത്തിലെ നെല്ലിമരത്തിന്റെ മുകളിൽനിന്നായിരിക്കും...

ശ്രീധരൻ പിറ്റേന്ന് ഉച്ചതിരിഞ്ഞപ്പോൾ അതിരാണിപ്പാടത്തേക്കു മടങ്ങി. ഒരുമാസത്തെ വനവാസം പൂർത്തിയാക്കിയിരുന്നു.

കന്നിപ്പറമ്പിലെത്തി. പത്തുമിനിറ്റ് ക്ഷമിച്ചിരുന്നു. അയ്യങ്കാരുടെ വീട്ടിലേക്കു പുറപ്പെട്ടു.

"നീ എങ്ങോട്ടാടാ തിരക്കിട്ടു പോകുന്നത്?" അമ്മ ചോദിച്ചു.

"അയ്യങ്കാർമാഷ്ടറെ കാണാൻ." (സരസ്വതിയംബാളുടെ പൗർണ്ണമിച്ചന്ദ്ര മുഖം ഹൃദയത്തിൽ ഉദിച്ചുപൊങ്ങുന്നു.)

"അവിടെ ആരുല്യ—പട്ടര്ക്ക് മാറ്റംകിട്ടി, തൃച്ചിനാപ്പള്ളിലേക്ക്—പട്ടരും തള്ളയും പെങ്ങളും വീടൊഴിഞ്ഞുപോയി—ഇന്ന് മെയിലിന്നാണ പോയത്..."

ആ പടിക്കലേക്ക് അറിയാതെ നീങ്ങി—വീട് അടച്ചിട്ടിരിക്കുന്നു—മാളിക മുറിയുടെനേർക്കു കണ്ണയച്ചു.

"പോകാം ഭവാനിവിടെനിന്നിനിയിമ്മഹാമ്രം
ശോകാർഹമല്ല മുനിയിസ്സദനം വെടിഞ്ഞു..."

# 28. പരലോകത്തുനിന്ന്

മാസങ്ങൾ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു.

അസ്വസ്ഥതകളുടേയും അൽപപ്രസരിപ്പുകളുടേയും വിഷാദമൂകതയുടേയും ലഘുവിജയങ്ങളുടേയും സ്വപ്നസങ്കൽപങ്ങളുടേയും മർദ്ദനത്തിലും ആശ്ലേഷത്തിലുമായി ശ്രീധരന്റെ ജീവിതവും ചലിച്ചുകൊണ്ടിരുന്നു. കാലവാഹിനിയിലൂടെയുള്ള ഒരു തോണിയാത്രയാണ ജീവിതം. യാത്രാവസാനംവരെ—അല്ലെങ്കിൽ തോണി മുങ്ങുന്നതുവരെ—നിലയ്ക്കാത്ത ചലനമാണ്. ഗതി മന്ദീഭവിക്കാം—ചുഴികളിൽ കുടുങ്ങി കറങ്ങിയേക്കാം—കാറ്റിലും കോളിലും പെട്ടു താഴുകയും പൊങ്ങുകയും ചെരിയുകയും ചാഞ്ചാടുകയും ചെയ്തേക്കാം. ഒഴുക്കിനെതിരായി കുറച്ചുദൂരം കുത്തിനീക്കാൻ കഴിഞ്ഞുവെന്നും വരാം. എന്നാൽ, ആ നൗകയെ ഒരു നിമിഷംപോലും നിശ്ചലമാക്കിനിർത്താൻ സാദ്ധ്യമല്ല.

ലഘുവിജയങ്ങളിൽ ഒന്നായിരുന്നു ടൈപ്പ് റൈറ്റിങ് ഹയർ പരീക്ഷാഫലം. ഒരു മിനിറ്റിൽ തെറ്റുകൂടാതെ 45 വാക്കുകൾ ടൈപ്പ് ചെയ്യാൻ കെൽപുണ്ടെന്നു പ്രഖ്യാപിക്കുന്ന ഒരു ഗവൺമെന്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

അതിരാണിപ്പാടത്തു കൂട്ടുകാരായി ആരുമില്ല. ഇപ്പോഴത്തെ കൂട്ടുകാർ പുസ്തകങ്ങളാണ്. മുനിസിപ്പൽ ലൈബ്രറിയിൽനിന്നു പുസ്തകങ്ങൾ എടുത്തുകൊണ്ടുവന്നു പാതിരവരെ ഇരുന്നു വായിക്കും. ക്ലാസ്സിക് കൃതികളും സഞ്ചാരസാഹിത്യഗ്രന്ഥങ്ങളും കുറെയൊക്കെ വായിച്ചുതീർത്തു. മനശ്ശാസ്ത്രഗ്രന്ഥങ്ങളോട് ഒരു താൽപര്യം ജനിച്ചു. അക്കൂട്ടത്തിൽ, ഹാവ്‌ലോക്ക് എല്ലീസിന്റെ 'സൈക്കോളജി ഓഫ് സെക്സ്' ശ്രദ്ധയിൽപ്പെട്ടു. അതിന്റെ ആദ്യത്തെ വോള്യം ഒരാഴ്ചകൊണ്ടു വായിച്ചു തീർത്തു. നോട്ടുകൾ കുറിച്ചെടുത്തു. രണ്ടും മൂന്നും വോള്യങ്ങൾ ലൈബ്രറിയിൽ കണ്ടില്ല. പുറത്തു പോയിരിക്കയാണെന്ന് ലൈബ്രേറിയൻ പറഞ്ഞു. നാലാം വോള്യം അവിടെ നില കൊള്ളുന്നുണ്ടായിരുന്നു; എടുത്തു.

രാത്രി വായിക്കാനിരുന്നു. ഹാവ്‌ലോക്ക് എല്ലീസ് തുറന്നു. ആദ്യത്തെ ഖണ്ഡിക വായിച്ചപ്പോൾ അൽപം അമ്പരന്നു. ഏടുകൾ മറിച്ചുനോക്കി. തെക്കേ അമേരിക്കയിലെ കരിമ്പുകൃഷിയെപ്പറ്റിയുള്ള ഒരിംഗ്ലീഷ് പുസ്തകത്തിലെ ഏടുകളാണ് ചട്ടയ്ക്കുള്ളിൽ തിരുകിവെച്ചിരിക്കുന്നത്!

ലൈബ്രേറിയനെക്കുറിച്ച് കേട്ട പരാതിയിൽ പതിരില്ലെന്നു ബോദ്ധ്യമായി. പുതുതായി നിയമിതനായ ലൈബ്രേറിയൻ—ഒരു മുസ്ലീം യുവാവ്—ഹാവ്‌ലോക്ക് എല്ലീസിന്റെ മനശ്ശാസ്ത്രഗവേഷണത്തിനു പാത്രമാവാൻ പറ്റിയ ഉഗ്രനായൊരു ഹോമോസെക്ഷ്വല് (സ്വവർക്ഷസംഭോഗ പ്രിയൻ) ആയിരുന്നു. ലൈബ്രേറിയന്റെ വാലാത്തന്മാരായ ശൊങ്കുള്ള പിള്ളർ രാത്രി ലൈബ്രറി അടയ്ക്കാൻനേരത്ത് അവിടെ വിരുന്നുവരും. മാസികകളിൽനിന്നു നല്ല ചിത്രങ്ങളും പുസ്തകങ്ങളിൽനിന്നു രസികൻ ഭാഗങ്ങളടങ്ങിയ ഏടുകളും—ചിലപ്പോൾ മുഴുവൻ പുസ്തകങ്ങളും—ഇസ്കിക്കൊണ്ടു പോകുന്നത് അവർക്കൊരു വിനോദമായിരുന്നു. തന്റെ ഓമനക്കുട്ടന്മാരുടെ മോഷണ

വിനോദങ്ങൾ കണ്ടാലും കണ്ടില്ലെന്നു നടിക്കും, കഥാനായകൻ. കെ. സുകുമാരന്റെ 'ആവല്ലാത്ത നോട്ടം' 'കൊതുക്കളും മന്തുരോഗവു'മായി മാറിയ വസ്തുത ഒരു മെമ്പർ ലൈബ്രേറിയന്റെ മുമ്പിൽ ആക്ഷേപപൂർവ്വം അവതരിപ്പിച്ച സംഭവത്തിനു ദൃക്സാക്ഷിയായിരുന്നു ശ്രീധരൻ.

കരിമ്പുകൃഷിയിൽ താൽപര്യമില്ലാത്തതുകൊണ്ട് പുസ്തകം മാറ്റി വെച്ചു. എന്തെങ്കിലും വായിക്കാൻ ചുവരിലെ പുസ്തകഷെൽഫിൽ പരതിയപ്പോൾ ഷെല്ലിയുടെ കവിതാസമാഹാരം കണ്ണിൽപ്പെട്ടു. എടുത്തു. തുറന്നു നോക്കിയ പേജിൽത്തന്നെ കിടക്കുന്നു 'ലൗ' എന്ന കവിത. ആ പ്രേമകവിതയിലെ ആശയമധു ആവോളം ആസ്വദിച്ചു. അവസാനത്തെ എട്ടു വരികളിൽ ഊറിക്കിടക്കുന്ന തേൻ വീണ്ടും വീണ്ടും നുകർന്നു. ആ വരികൾ ഹൃദിസ്ഥമാക്കി:

I can give not what men call love
But wilt thou accept not
The worship the heart lifts above
And the Heavens reject not—
The desire of the moth for the star
Of the night for the morrow,
The devotion to something afar
From the sphere of our sorrow?
("ലോകർ പേർ പറയുന്ന പ്രേമമെന്നതു നിന-
ക്കേകുവാനശക്തൻ ഞാ, നെന്നിരിക്കിലും ഭദ്രേ!
സ്വീകരിക്കുകയില്ലേയെൻ ഹൃദയോത്സർപ്പണം
സ്വർഗ്ഗവും നിരാകരിക്കാത്തതാമാരാധനം.
പാറ്റയ്ക്കു വിൺതാരയോടുള്ളതാമഭിലാഷം
രാത്രിക്കു പിറ്റെന്നാളോടുള്ളതാമത്യാസക്തി;
ഹാ, വിദൂരതയിലെയൊന്നിനു വേണ്ടി, ശ്ശോക—
ഭൂവിൽനിന്നുയരുന്ന ഭക്തിനിർഭരമോഹം?")

പിറ്റേന്നു വെള്ളിയാഴ്ചയായിരുന്നു.

ഹാവ്ലോക്ക് എല്ലീസിന്റെ കരിമ്പുകൃഷിയുമായി ഉച്ചതിരിഞ്ഞപ്പോൾ മുനിസിപ്പൽ ലൈബ്രറിയിലേക്കു പുറപ്പെട്ടു.

ഇടവഴിയിൽനിന്നു റോഡിലേക്കു കെട്ടിയ കൽപടവുകളെ സമീപിച്ചപ്പോൾ എതിർമുട്ടിയത് ഒരു ചെറുക്കനെയാണ്—നീലഷർട്ടും കീറിയ വെള്ള ട്രൗസറും ധരിച്ച, പത്തുപന്ത്രണ്ടു വയസ്സുള്ള ഒരു ബാലൻ. അവന്റെ മുഖം കണ്ടപ്പോൾ പഴയൊരു സ്മരണ മിഴികളിലൂടെ മിന്നിമറഞ്ഞു.

ആ കുട്ടി, കൽപടവുകളിൽത്തന്നെ തങ്ങിനിന്നു.

"ഞാൻ നിങ്ങളുടെ വീട്ടിലേക്കു വരാൻ പോവ്വായിരുന്നു..."

ശ്രീധരന്റെ മുഖത്തേക്ക് ഒരു ദയനീയനോട്ടം വിട്ടുകൊണ്ട് ആ ബാലൻ മൊഴിഞ്ഞു.

(കശുമാങ്ങയുടെ ആകൃതിയിലുള്ള മുഖം—ചെമ്പൻമിഴികൾ)

"ഉം?—എന്റെ വീട്ടിലേക്കോ?...."

"ആങ്—കന്നിപ്പറമ്പിലേക്ക്....."

"എന്തിന്?"

"നിങ്ങളെ കാണാൻ."

"നീയെവിടുന്നാണ്?"

അവൻ ഒരു ഉൾനാടൻ ഗ്രാമത്തിന്റെ പേരു പറഞ്ഞു.

(വിചാരിച്ചത് ഒത്തുവന്നിരിക്കുന്നു.)

"നിന്റെ പേരെന്താണ്?"

"ഉണ്ണി."

"ഉണ്ണി എന്തിനാണ് എന്നെ കാണാൻ വന്നത്?"

ഉണ്ണി ട്രൗസറിന്റെ കീശയിൽനിന്നു നടു മടക്കിയ ഒരു നോട്ട്ബുക്ക് പുറത്തെടുത്ത് ശ്രീധരന്റെനേർക്ക് നീട്ടി.

"അമ്മുക്കുട്ട്യേടത്തി ഇതു നിങ്ങളുടെ കൈയിൽ തരാൻ എന്നെ ഏൽപിച്ചതാണ്....."

ശ്രീധരൻ നോട്ട്ബുക്ക് വാങ്ങി നോക്കി. ചർക്കയിൽ നൂൽനൂൽക്കുന്ന ഒരു സ്ത്രീയുടെ ചിത്രം ചട്ടമേൽ അച്ചടിച്ചു. പഴയൊരു എക്സർസൈസ് ബുക്ക്. തുറന്നു നോക്കി. കവിതകളുടെ കൈയെഴുത്താണ്—ഏടുകൾ മുഴുവനും മറിച്ചുനോക്കി. (ഉള്ളിൽ കത്തു നിക്ഷേപിച്ചിരിക്കുമെന്ന നേരിയ പ്രതീക്ഷ—നിരാശ.) കൈപ്പട പരിശോധിച്ചു. സ്വല്പം ഇടത്തോട്ടു ചെരിഞ്ഞ ചെറിയ അക്ഷരങ്ങൾ. വയലറ്റ് മഷികൊണ്ടാണ് എഴുതിയിരിക്കുന്നത്—ചില വരികൾ തീരെ തിരിച്ചറിയാൻ കഴിയാത്തവിധം തടിച്ച വരയിട്ടു തടഞ്ഞിരിക്കുന്നു—കവിതകൾക്കൊന്നിനും തലക്കെട്ടു ചാർത്തിയിട്ടില്ല. പൂർത്തിയാക്കാത്ത ചില വരികളും കണ്ടു—അവിടെ നക്ഷത്രചിഹ്നങ്ങളിട്ടിരിക്കുന്നു.

(അപ്പോൾ അമ്മുക്കുട്ടി ഒരു കവയിത്രിയുംകൂടിയാണ്—അതു മനസ്സിലാക്കിയിരുന്നില്ല. കവിതകൾ തെറ്റുതിരുത്തിക്കൊടുക്കാൻ അയച്ചതായിരിക്കും—മൂന്നുകൊല്ലം മുമ്പാണ് അവസാനമായി ആ കൽക്കരിക്കോട്ടയ്ക്കടുത്തുവെച്ചു മുഖത്തോടുമുഖം നോക്കി രണ്ടുവാക്കു സംസാരിച്ചത്. പിന്നെ നേരിട്ടു കാണാനും സല്ലപിക്കാനും സാധിച്ചില്ല. തീവണ്ടിയെഞ്ചിൻ ബലാത്സംഗംചെയ്തു കൊന്ന എരുമക്കാരത്തിയുടെ പ്രേതം വഴി മുടക്കിക്കളഞ്ഞു. നിത്യകടാക്ഷസേചനവും പുഞ്ചിരിപ്രകാശവും സന്ദേശത്തെന്നലുമേൽക്കാതെ ആ പ്രേമവല്ലരി റെയിൽവേയാർഡിലെ കൽക്കരിച്ചാരക്കുമ്പാരത്തിൽവെച്ചുതന്നെ വാടിക്കരിഞ്ഞു മണ്ണടിഞ്ഞുപോയി. ഇപ്പോഴിതാ കവിതകളിലൂടെ പെട്ടെന്നു തളിർത്തുവന്നിരിക്കുന്നു....ട്രെയിനിങ് പൂർത്തിയാക്കി ഉൾനാട്ടിലെ ഏതോ എയ്ഡഡ് സ്കൂളിൽ അദ്ധ്യാപികയായി കഴിയുകയായിരിക്കും.)

"ഉണ്ണിയുടെ അമ്മുക്കുട്ട്യേടത്തി ഇപ്പോൾ ഏതു സ്കൂളിലാണ്?"

ആ ബാലന്റെ മുഖം വിളറി. ചെമ്പൻമിഴികളിൽ നനവുറഞ്ഞു....

"അമ്മുക്കുട്ട്യേടത്തി...മരിച്ചു!..."

മ—രി—ച്ച!—

ഈർച്ചവാൾപ്പല്ലുകൾപോലെ ആ മൂന്നക്ഷരങ്ങൾ കരളിൽ തറച്ചു.

കണ്ണിൽ ഇരുട്ടുകേറുന്നു. കാലുകൾ കഴയ്ക്കുന്നു.

എങ്ങനെയോ പടവുകൾ കേറി. റെയിൽവേ കമ്പിവേലിക്കരികെ ചെന്ന് വേലിയുടെ ഇരുമ്പുകാലും പിടിച്ചുകൊണ്ടു നിന്നു—പിറകെ ഉണ്ണിയും നീങ്ങിവന്നു.

അമ്മുക്കുട്ടിയുടെ അന്ത്യനിമിഷങ്ങളുടെ കഥ കേൾക്കണ്ട എന്നുണ്ടായിരുന്നു. എന്നാൽ, ഉണ്ണി അതെല്ലാം കേൾപ്പിച്ചു—അതു കേൾപ്പിക്കുന്നതിൽ അവനൊരു ചാരിതാർത്ഥ്യമുള്ളതുപോലെ തോന്നി.

ക്ഷയരോഗത്താലാണു മുതിയടഞ്ഞത്. മരിക്കുന്നതിന്റെ മൂന്നു ദിവസം മുമ്പു കവിതാനോട്ട്ബുക്ക് പെട്ടിയിൽനിന്നെടുത്ത് കൊച്ചാങ്ങളയുടെ കൈയിൽ കൊടുത്തു; ഞാൻ മരിച്ചാൽ, ഈ പുസ്തകം നീ അതിരാണിപ്പാടത്തു കന്നിപ്പറമ്പിലെ കവിയുടെ കൈയിലേൽപ്പിക്കണം.

ഉണ്ണി അറുത്തുമുറിച്ചു പറഞ്ഞു: ഞാൻ കൊടുക്കുല.

ഉണ്ണിയെന്താണിങ്ങനെ ശാഠ്യം പിടിക്കുന്നത്?

അമ്മുക്കുട്ട്യേടത്തി മരിക്കുല—അതോണ്ട്തന്നെ—

അമ്മുക്കുട്ട്യേടത്തി ചതിച്ചു... എന്റെ അമ്മുക്കുട്ട്യേടത്തി മരിച്ചു...

ഉണ്ണി തേങ്ങിക്കരഞ്ഞു.

ശ്രീധരൻ ഒരു പ്രേതത്തെപ്പോലെ മുനിസിപ്പൽ ലൈബ്രറിയിലേക്കു നടന്നു. റെയിൽവേ യാർഡിലൂടെത്തന്നെയാണു നീങ്ങിയത്. ക്ലക്കരിക്കുമ്പാരത്തിനടുത്തെത്തിയപ്പോൾ ഊഷ്മളമായൊരു കോരിത്തരിപ്പിൽ ദേഹം വിയർത്തു പോയി—ആ ക്ലക്കരിക്കോട്ട ഒന്നായി കത്തിജ്ജ്വലിക്കുകയാണോ?

ലൈബ്രറിയിൽ ചെന്ന് ഹാവ്ലോക്ക് എല്ലീസിന്റെ കരിമ്പുകൃഷി വിജ്ഞാനീയം ഭദ്രമായി തിരികെ ഏൽപിച്ചു മിണ്ടാതെ ഇറങ്ങിപ്പോന്നു.

ഏകാന്തതയിലിരുന്ന്, നോട്ട്ബുക്കിലെ കവിതകൾ മുഴുവനും ഒന്നു വായിക്കണം. മുനിസിപ്പൽ പാർക്കിലേക്കു നോക്കി. പാർക്കിൽ പതിവിലേറെ ആളുകൾ വന്നുകൂടിയിട്ടുണ്ട്. (വാട്ടർടാങ്കിന്റെ കീഴിലെ പതിവുകാരൻ ഉപദേശി തെരുവുമൂലയിൽ, ബൈബിളും നിവർത്തിപ്പിടിച്ച അഞ്ചാറു പാപികളോടു പ്രസംഗിക്കുന്നതു മുമ്പേ കണ്ടിരുന്നു.) കച്ചേരിക്കവി പപ്പുഏട്ടന്റെ സാഹിത്യസദസ്സിൽനിന്ന് അട്ടഹാസങ്ങളും ഗേ്വഗേ്വവിളികളും പൊങ്ങുന്നു—ഏതോ കവിദുശ്ശാസനവധത്തിന്റെ കൊട്ടിക്കലാശമായിരിക്കും.

നേരെ കടപ്പുറത്തേക്കു നടന്നു. തെക്കെക്കടപ്പുറത്ത്, അഴിമുഖത്തിനടുത്ത്, ഒരു വെണ്മണൽക്കൊട്ടാരമുറ്റത്തു സ്ഥലം പിടിച്ചു.

പരിസരം വിജനമാണ്. അലകൾ ആഴിയുടെ നെടുവീർപ്പുകളായി മാറിയിരിക്കുന്നു. കടലിൽ ദൂരെ ഒരു മീൻതോണി നീങ്ങുന്നു. വലവീശുമ്പോൾ ആ തോണി ഒറ്റച്ചിറകുള്ള പാറ്റയെപ്പോലെ തോന്നുന്നു...

കിഴക്കുഭാഗത്ത്, ചുറ്റും മതിൽക്കെട്ടുകളുള്ള മൂലയിലേക്കു കണ്ണയച്ചു. ഗുജറാത്തികളുടെ

പഴയ ശ്മശാനം അതിന്റെ ഭിത്തികളുടെ വെള്ളനിറം വൃത്തികെട്ട തവിട്ടുനിറമായി മാറിയിട്ടുണ്ട്. പൂപ്പലും പായലും ചുമരിൽ ചില നരകചിത്രങ്ങൾ രചിച്ചുവെച്ചിരിക്കുന്നു. ഇണചേരാനടുക്കുന്ന നഗ്നരായ ആണിന്റെയും പെണ്ണിന്റെയും ഒരു കാർട്ടൂൺപടവും ആരോ കരിക്കട്ടകൊണ്ടു ചുമരിന്റെ മൂലയിൽ വരച്ചുചേർത്തിട്ടുണ്ട്.

ജനിമൃതിസ്മരണകളുണർത്തുന്ന ചുമർചിത്രങ്ങൾ!

ശ്മശാനം ശൂന്യമാണ്.

പട്ടട ശാപ്പിട്ടുകൊണ്ടിരിക്കുന്ന ശ്മശാനത്തെക്കാൾ ഭയം ജനിപ്പിക്കുന്നു. പട്ടിണികിടക്കുന്ന ശ്മശാനം.

കവിതാനോട്ട്ബുക്ക് നിവർത്തി മടിയിൽ വെച്ചു.

ആദ്യത്തെ ഏടിന്റെ കോണിൽ അല്പം എണ്ണ പുരണ്ടുകാണുന്നു. തലമുടിയിഴയിൽനിന്നു പറ്റിയതായിരിക്കും ആ സ്നേഹബിന്ദു.....

വായന തുടങ്ങി:

## I

അല്ലയോ പ്രേമമഞ്ജുമരമേ, യിക്കൊച്ചു
വള്ളിക്കുടിലിൽ വിടർന്നുനില്ക്കുന്നു ഞാൻ,
മൊട്ടായിരുന്നനാൾതൊട്ടു നിൻ ഗാനങ്ങൾ
കേട്ടുകേട്ടാകൃഷ്ടയായ പൂവാണു ഞാൻ.
നിന്നെയും ധ്യാനിച്ചുധ്യാനിച്ചിരിക്കുന്നൊ—
രെന്നെ നീയിന്നിയും കാണുന്നതില്ലയോ?
നിഷ്കിഞ്ചനത്വം കരിനിഴൽവീശുമീ
ശുഷ്കിച്ച വല്ലിയിൽ വന്നു പിറന്നു ഞാൻ.
മുഷ്കാർന്ന മൂർഖസമുദായനീതിതൻ
നിഷ്കർഷയെന്നെ ഞെരുക്കുന്നു നിത്യവും,
ഞാനൊരവർണ്ണപ്രസൂനമായിങ്ങൊരു—
കോണിലൊതുങ്ങിക്കഴിയുന്ന കേഴവാൻ.

## II

ഇന്നലെ രാവി,ലെന്തൊരദ്ഭുത-
സുന്ദരസ്വപ്നം കണ്ടു ഞാൻ!
പ്രാണനായകൻതന്നെയോർത്തു ഞാൻ
ഹാ നിരാശയിലിങ്ങനെ
പാതിയെന്നോലവാതിലും ചാരി-
പ്പാതിരാവു കഴിക്കവെ
വെണ്ണിലാവു നിറഞ്ഞൊഴുകുന്ന
വന്യഭൂമിയിൽ മുന്നിലായ്
മാമരങ്ങൾക്കിടയിലൂടൊരു

താമരപ്പൊയ്ക കണ്ടു ഞാൻ
താമരപ്പൊയ്കതൻ കരയ്ക്കൊരു
പൂമരതകപ്പുൽക്കളം
അക്ഷണം തോന്നിയെന്മിഴികൾക്കു
വൃക്ഷവും മറഞ്ഞങ്ങൊരാൾ
കാഞ്ചനച്ഛത്രം കൈയിലേന്തിയി—
ക്കാമിനിയെ വിളിപ്പതായ്.

എന്നെയും തേടി വന്നുപോയെന്റെ
സുന്ദരസ്വപ്നനായകൻ!
എന്റെ ദേവനെയെന്തുപചാര—
വാക്യമോതി വിളിക്കണം?
എന്റെ ദേവനെയെന്തുപഹാരം—
കൊണ്ടു സൽക്കരിച്ചീടണം?

മന്ദമന്ദമെന്നാശ്രമം വിട്ടു
ചന്ദ്രികയിലിറങ്ങി ഞാൻ
പല്വലത്തിൻ തടത്തിലെപ്പച്ച—
പ്പുല്ലിലൂടെ നടന്നു ഞാൻ.
പിന്നിൽനിന്നു പതുങ്ങി വന്നുടൻ
കണ്ണുപൊത്തിടും നായകൻ.
എന്നെ വന്നു തടുത്തുനിർത്തിടും
മുന്നിൽനിന്നു മനോഹരൻ.
അമ്മുഹൂർത്തമടുത്തടുത്തുപോയ്—
(എന്മനസ്സിന്റെ നേർച്ചകൾ.)
കാലടിവെപ്പിൽ, കാലടിവെപ്പിൽ
കാതരയായിത്തീർന്നു ഞാൻ
കീഴെ നോക്കി നടന്നു ഞാനൊരു
മായികസ്വപ്നവീഥിയിൽ
ചുറ്റി, ഞാനാസ്സരസ്സിനെയൊരു—
വട്ട, മെന്നിട്ടുമെൻ പ്രിയൻ
എത്തിയില്ലെൻ മിഴികൾ പൊത്തുവാൻ—
എത്തിയില്ലന്നെ നിർത്തുവാൻ—
ഖിന്നയായ് മുഖം പൊക്കി നോക്കി ഞാൻ
പിന്നെയെൻ ചുറ്റുപാടിലും
കണ്ടതില്ല ഞാനാത്മനാഥനെ—

കണ്ടതില്ലെൻ മദനനെ.

മാഴ്കിമങ്ങിയൊരെൻ മിഴികള
പ്പൊയ്കയിൽക്കണ്ടു തൽക്ഷണം
അഞ്ചിതം വിറകൊണ്ടു നില്ക്കുന്ന
കാഞ്ചനച്ഛത്രമണ്ഡലം.

വസ്ത്രമൊക്കെയഴിച്ചുവെച്ചുട—
നസ്സരസ്സിലിറങ്ങി ഞാൻ
ഛത്രമണ്ഡലം ലക്ഷ്യമാക്കിയി—
ട്ടിത്തിരിദൂരം നീന്തിവെ
കാഞ്ചനക്കുട പൊയ്കതൻ നീല
നെഞ്ചിലാകെയലിഞ്ഞുപോയ്!
നൂറുനൂറലച്ചാർത്തുകളെന്റെ
നേരെ നോക്കിച്ചിരിക്കയായ്.

നിന്ദിതയായ്ത്തിരിഞ്ഞു നീന്തി ഞാൻ
—എന്തു മായയിതൊക്കെയും!
തീരമേറിത്തിരഞ്ഞു ഞാനെന്റെ
സാരിയും മുറിറൗക്കയും
കണ്ടതില്ല ഞാനെന്റെ വസ്ത്രത്തിൻ
തുണ്ടുപോലുമബ്ഭൂമിയിൽ.
നിന്നു ഞാനാത്മനിന്ദയോടൊരു
ചന്ദനമരച്ഛായയിൽ.
അമ്മരത്തിന്റെ പിന്നിൽനിന്നൊരു
മർമ്മരം കേട്ടു ഞാനിദം:
“കണ്ണടച്ചു നീ നിന്നുകൊള്ളുകി—
പ്പുണ്യവേളയിൽക്കന്യകേ
വന്നിടുന്നു പുടവ നല്കുവാൻ
നിന്നടുത്തു ഞാനോമലേ...”

(പ്രാണനായകാ, നിന്റെ കല്പന
ഞാനനുസരിക്കേണ്ടയോ?)

.................................................
നിർമ്മലപ്രേമസാഗരത്തിന്റെ
യൂർമ്മിപോലൊരാലിംഗനം....

ഞാനുണർന്നുപോയ് നാഥനെങ്ങു പോയ്?
—ആ നളിനിയുമെങ്ങു പോയ്?
മൽക്കരളിനൊരുൾക്കുളിരേകി-
യക്കിനാവും മറഞ്ഞുപോയ്!

## III

പിന്നെയും പിന്നെയുമോമൽപ്ര്തീക്ഷക
ളുന്നിദ്ര്മാക്കുന്നു നേത്ര്പുടങ്ങളെ.
ഒന്നു നീയെൻ കൊച്ചുകുരതൻ വാതില്ക്കൽ
വന്നു മൽപ്പൂജകൾ സ്വീകരിച്ചീടുകിൽ!
പാതിയും കത്തിയെരിഞ്ഞൊരിക്കൈത്തിരി
യൂതിക്കെടുക്കുവാനെങ്കിലുമെത്തുകിൽ!

മഞ്ഞണിപ്പുല്ലിൽച്ചവിട്ടി നനഞ്ഞ നിൻ
മഞ്ജുപാദങ്ങളെൻ കുന്തളത്തുമ്പിനാൽ
കുമ്പിട്ടിരുന്നു തുവർത്തിയതിനുമേൽ
ചുംബിച്ചു ചുംബിച്ചു നിർവൃതിക്കൊള്ളുവാൻ
വെമ്പിത്തുടിക്കുന്നു മാനസം നിത്യവു
മെൻ പ്ര്ാണനായകാ, ഹേ, യുവഗായകാ—

## IV

ഏകയായ്, ഹാ, ഹാ, രാഗമൂകയായവിടുത്തെ-
യാഗമത്തെയും കാത്തു കഴിച്ചു രജനികൾ—
വന്നതില്ലിനിയും നീയെന്നുപഹാരം വാങ്ങാൻ
ഇന്നിതാ നിന്നെത്തേടി സ്വപ്നമായെത്തുന്നു ഞാൻ.

ഗൂഢരാഗയായ്പ്പിമ്പേയർക്കനെത്തേടിപ്പോകും
മൂകസന്ധ്യയെപ്പോലെ മൂഢയാണെന്നാലും ഞാൻ
ദേവ, നിൻ പ്ര്ണയത്തിൻ പാഴ്നിഴൽപാടിൽപ്പോലും
ജീവനർപ്പിപ്പാനെന്നും കാത്തുകാത്തിരിക്കുന്നു.
കാണിക്കവെയ്ക്കാം ഞാനെൻ പ്ര്ണയം പ്ര്ഭോ നിന്റെ
ചേണറ്റ തൃക്കാൽക്കീഴിൽ പ്ര്ാണനോടൊപ്പംതന്നെ.
സ്വീകരിച്ചാലും സ്വാമിൻ, രണ്ടിലൊന്നവിടുന്നു—
ജീവിതം കരിന്തിരികത്താറായ്ക്കാരുണ്യാത്മൻ.

## V

ചുറ്റുപാടും കൂരിരുട്ടാ, ണടച്ചിട്ട

ചെറ്റപ്പുരയ്ക്കകത്തൊറ്റയ്ക്കിരിപ്പു ഞാൻ
പാതവക്കത്തെത്തളിർമാവിൽനിന്നതാ
പാതിരാക്കോകിലംപോലും പറന്നുപോയ്—
ലോകം മുഴുവൻ മയങ്ങി, മരവിച്ചൊ—
രേകാന്തത മാത്രമുണ്ടെന്റെകൂടവെ,
അന്ധകാരത്തിൽ പ്രതിദ്ധ്വനിക്കുന്നപോൽ
ഹന്ത, തോന്നുന്നിതെൻ ശോകാന്തചിന്തകൾ
ആരാദ്ധ്യകാമുകാ, നിന്നെയും കാത്തു, കാ—
ത്തീ രാത്രിയത്രയും തള്ളിക്കഴിച്ചു ഞാൻ.
ഇല്ലാ—വരില്ല നീ, യെന്മുടിക്കെട്ടിലെ
മുല്ലതൻ സൗരഭമൊക്കെയും വാർന്നുപോയ്.
ഓമനേയെന്നു വിളിക്കില്ലയെന്നെ നീ,
വ്യാമോഹമാണു മൽപ്രേമാർദ്രചിന്തകൾ!
ഹാ, മോഘമാണെന്നറിഞ്ഞുകഴിഞ്ഞു ഞാൻ
മാമക മൂകപ്രണയപ്രതീക്ഷകൾ.
എങ്കിലും ദേവ, നിൻ പ്രേമമെന്നെങ്കിലും
എങ്കുടിൽ കാഞ്ചനക്കൊട്ടാരമാക്കിടാം—
കണ്ണുനീർകൊണ്ടു നിൻ കാലടിപ്പാടുക—
ളന്നു ഞാൻ പാടേ കഴുകിപ്പറഞ്ഞിടും:
"ഇന്നു ഞാൻ ധന്യയായ് പൂർണ്ണമെൻ ജീവിതം
പൊന്നുഷസ്താരയെക്കാളുമേ മീതെയായ്
നാഥ, നീ ചുംബിച്ചെടുത്താലുമെന്നുയിർ
നാളത്തെ നൈരാശ്യമേൽക്കാതിരിക്കുവാൻ."

സൂര്യൻ സമുദ്രത്തിൽ മുങ്ങിക്കഴിഞ്ഞിരുന്നു. ചന്ദ്രലേഖ പടിഞ്ഞാറേ ചക്രവാളത്തിൽ തെളിഞ്ഞുവരുന്നു. ആകാശത്തിലൊലിക്കുന്ന ചെഞ്ചായക്കൂട്ടിൽ പഞ്ചമിച്ചന്ദ്രക്കല അദ്ഭുതകരമായൊരു പച്ചനിറം പ്രാപിക്കുന്നു.

കഴുത്തിലെ ആമാട അഴിച്ചുവെച്ച ആകാശം പച്ചക്കല്ലു പതിച്ച പുലിനഖപ്പതക്കമണിഞ്ഞിരിക്കയാണ്.

സന്ധ്യയ്ക്ക് എന്തൊരു സൗന്ദര്യം!

(അന്ധകാരത്തെപ്പുൽകാൻപോകുന്ന സന്ധ്യാദേവി-
ക്കെന്തിനീയഴകൊക്കെക്കൊടുത്തു വിശ്വംഭരൻ?)

സായന്തനസൗന്ദര്യം വിളയുന്നതു വിണ്ണിൽ മാത്രമാണ്. കീഴെ ഭൂമിയിൽനോക്കുന്നേടത്തൊക്കെ അജ്ഞാതഭീകരതയുടെ നിഴലാട്ടങ്ങളാണ്. ശ്മശാനമൂലയിൽനിന്നു പുഴയിലേക്കു ചാഞ്ഞുനിൽക്കുന്ന ഒറ്റത്തെങ്ങിന്റെ ഉണങ്ങിയ കുരൽ അന്തിമയക്കത്തിൽ ഒരു കുറ്റൻ എട്ടുകാലിയായി മാറുന്നു. തെങ്ങിൻനിഴൽ നദീജലത്തിൽ

ഇഴഞ്ഞുകേറുന്ന ഒരു കരിനാഗമായിത്തീരുന്നു...

നോട്ട്ബുക്കിലെ അവസാനത്തെ കവിത മങ്ങിയ വെളിച്ചത്തിലാണു വായിച്ചത്. (വയലറ്റ് ലിപികൾക്ക് പ്രകാശമാനമായൊരു പച്ചനിറം കിട്ടിയപോലെ തോന്നുന്നു.)

## VI

ഹാ, മന്ദംമന്ദം മദീയവിവേകവും
ഹേമന്തരാത്രിയും ഹന്ത പുലർന്നുപോയ്!
രാകേന്ദുബിംബം മറഞ്ഞുപോയ്, മാഞ്ഞുപോയ്
രാഗാന്ധയാമെൻ കിനാവുകളൊക്കെയും.
എന്നന്ത്യനൈരാശ്യദീർഘനിശ്വാസമേ-
റ്റിന്നെവിളക്കിന്റെ നാളംപൊലിഞ്ഞുപോയ്.
മുറ്റുമെൻ ചിത്തമുരുകിയ കണ്ണുനീ-
രിറ്റിറ്റുവീണു നനഞ്ഞതുകാരണം
പ്രേമാർച്ചനയ്ക്കു ഞാൻ സജ്ജീകരിച്ചൊരീ
ധൂമപാത്രത്തിൽ കനലും കരിഞ്ഞുപോയ്.
വാസ്തവികത്വമേ, നിന്റെ വെളിച്ചമെൻ
വാതിൽക്കൽവന്നിട്ടിളിച്ചുകാട്ടുന്നിതാ—
കീടമായ് വർത്തിച്ച ഞാൻ തപശ്ചര്യയാൽ
പാടേ ശലഭപ്പിടയായിതെങ്കിലും
പുത്തൻദിനത്തിൽ ശിഖാഞ്ചലസ്പർശന-
മേറ്റു ഞാൻ പക്ഷം കരിഞ്ഞു മരിക്കണം.
ആകെത്തണുത്തു മരവിച്ചുപോയൊരു
ലോകത്തൊടന്തിമയാത്രചൊല്ലുന്നു ഞാൻ.
ഏകാന്തതമാത്രമിന്നിമേലെന്റെയീ
മൂകസംഗീതം മറക്കാതിരിക്കുകിൽ!

പരിസരം പട്ടുപോലുള്ള ഇരുട്ടു പുതച്ചു മയങ്ങിക്കിടക്കുന്നു.

ചക്രവാളത്തിൽ താഴുന്ന ചന്ദ്രക്കല സമുദ്രത്തിന് ഒരു വെള്ളിപ്പാദസരം കാഴ്ചവയ്ക്കുന്നു.

സമുദ്രത്തിനു മുത്തുക്കുട പിടിച്ചുനിൽക്കുന്ന ആകാശം.

നക്ഷത്രകോടികൾ വെട്ടിത്തിളങ്ങുന്ന അനന്തമായ ആകാശത്തിലേക്കു നോക്കിക്കൊണ്ട് മണൽത്തിട്ടിൽ മലർന്നുകിടന്നു.

(ഭദ്രേ, മറഞ്ഞു നീ ശുക്തികപോലെ, നീ
മുത്തുകളെന്നിൽ സമർപ്പിച്ചു മൂകയായ്—
ശുദ്ധാനുരാഗമിച്ചെപ്പിലൊളിപ്പിച്ചു
മൃത്യുതൻ മായാമണിയറ പൂകി നീ!

എന്നെ നീ വേട്ടു ഹാ, നിർണ്ണയം നിൻ ചിതാ—
വഹ്നിയെസ്സാക്ഷിനിർത്തിക്കൊണ്ടു നിര്മ്മലേ,
(വഞ്ചിക്കയില്ല നീയെന്നെയിബ്ഭൂമിയിൽ
സഞ്ചരിച്ചീടുന്ന സുന്ദരിയല്ല നീ!)
എത്തിപ്പിടിക്കില്ല നിൻമാനസം മൃത്യു
ഭിത്തിക്കുമപ്പുറം മറ്റൊരു കാമുകൻ—
വർത്തിച്ചിട്ടുമിപ്രപഞ്ചത്തിലെന്നുടെ
നിത്യപ്രണയിനി, നീ മാത്രമായിനി.
കാണുന്നു ഞാനിന്നു നിന്മണിമൂക്കുത്തി
വാനിൽത്തിളങ്ങുന്ന താരമോരോന്നിലും—
വർണ്ണരത്നങ്ങളടിയിലൊളിപ്പിച്ചൊ-
രർണ്ണവംതന്നിലായ് നിന്മാനസത്തെയും.
കാലവും ദൂരവും തീണ്ടാത്തൊരാത്യമീയ-
ശാലയിൽ നമ്മളിരുവരും മാത്രമായ്—
സൗരയൂഥങ്ങൾക്കപരിയായ നൂറുനൂ-
റായിരം കോടിയുഗങ്ങൾക്കമപ്പുറം
ശബ്ദപ്രകാശനിശ്ശൂന്യമാമദ്ഭുത
സ്തബ്ധതയിങ്കിലും ചെന്നിരുന്നങ്ങനെ,
സല്ലപിച്ചീടാം നമുക്കിനി നിൻ പ്രേമ-
വല്ലകിതൻ നിത്യനിസ്വനത്തോടുമെ
.........................................................
.........................................................
ഞാനിക്കടൽക്കാറ്റിലൂടെ നിൻ നിർമ്മല-
പ്രാണന്റെയാശ്ലേഷമേൽക്കുകയായിടാം.)

## 29. പ്രശ്നങ്ങൾ

“അതിനു ഞാനെന്തുവേണമെന്നാണു രാമാ, നീ പറയുനത്?”

“മാട്ടറ് ചിരുതേനെ വിളിച്ച്‌വരുത്തി ഒന്നു ചോയിക്കണം—മാട്ടറ് ചോയിച്ചാല് പെണ്ണ് നേര് പറയാണ്ടിരിക്കൂല—ആളെ ഒന്നറിയണലേ്ലാ...”

കൃഷ്ണൻമാസ്റ്റർ കണ്ണടച്ചിരുന്ന് മൂർദ്ധാവിലെ കഷണ്ടിവൃത്തം കൈപ്പത്തികൊണ്ടു ചുറ്റിത്തലോടി ധ്യാനിച്ചു. (ഉണ്ണിപ്പണിക്കർ പ്രശ്നം വയ്ക്കുന്നപോലെ.)

ഒരു വിഷമപ്രശ്നംതന്നെ.

ദേശത്തെ പല കുഴഞ്ഞ പ്രശ്നങ്ങൾക്കും പരിഹാരം തേടിക്കൊണ്ട് ആളുകൾ ശരണംപ്രാപിക്കുന്നത് കൃഷ്ണൻമാസ്റ്ററെയാണ്. അച്ഛനും മകനും തമ്മിലുണ്ടായ അകൽച്ച, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വഴക്ക്, അമ്മായിയമ്മപ്പോര്, ജ്യേഷ്ഠാനുജന്മാരുടെ തമ്മിൽത്തല്ല്, പഴയ കുടിപ്പക, ആഭിചാരക്കുറ്റാരോപണം, വാഗ്ദാനലംഘനം, വിവാഹമോചനം മുതലായ അന്യായങ്ങൾക്കും അക്രമങ്ങൾക്കും വഞ്ചനകൾക്കും തർക്കങ്ങൾക്കും നീതിപൂർവ്വമായൊരു തീർപ്പോ അനുരഞ്ജന നടപടിയോ പ്രതീക്ഷിച്ച് അവർ കന്നിപ്പറമ്പിൽ എത്തുന്നു. സത്യത്തിന്റെയും സദാചാരബോധത്തിന്റെയും സമാധാനതത്ത്വത്തിന്റെയും പ്രതീകമാണ് കൃഷ്ണൻമാസ്റ്റർ. കൃഷ്ണൻ മാസ്റ്ററുടെ വിധിക്കുമീതെ അപ്പീലില്ല.

മൂന്നുനാലുമാസം മുമ്പാണ്, കൃഷ്ണൻമാസ്റ്റർ തകർച്ചയുടെ വക്കിലെത്തിയ ഒരു ദാമ്പത്യബന്ധത്തെ തന്റെ വ്യക്തിപ്രഭാവംകൊണ്ടു രക്ഷിച്ചു വളർത്തിയെടുത്തത്.

ചെത്തുകാരൻ നാരായണന്റെ മകൾ മാതുവിനെ സൈക്കിൾ ഷാപ്പുകാരൻ രാരിച്ചൻ വിവാഹംകഴിച്ചു. ബലിഷ്ഠകായനും കോമളനുമായൊരു യുവാവാണ് രാരിച്ചൻ. രാരിച്ചൻ ഇടയ്ക്കിടെ മദ്യപിക്കും. മദ്യപിച്ചാൽ ഭാര്യയെ പിടിച്ചു തല്ലും. ആരെയെങ്കിലും പിടിച്ചു തല്ലിയാൽപ്പോരാ, ഭാര്യയെത്തന്നെ പിടിച്ചു തല്ലണമെന്ന് രാരിച്ചനു നിർബ്ബന്ധമാണ്. ഒന്നുരണ്ടു കൊട്ടുത്തു വിട്ടാലൊന്നും പോരാ—പൊതിരെ തല്ലണം. അതിനെന്തെങ്കിലും കാരണവും കണ്ടുപിടിക്കും. മറ്റു സന്ദർഭങ്ങളിലെല്ലാം സ്നേഹശീലനായൊരു ഭർത്താവിനെപ്പോലെ പെരുമാറുകയുംചെയ്യും.

ഭർത്താവിന്റെ മദ്യപാനത്തെത്തുടർന്നുള്ള മർദ്ദനമുറകൾ പൊറുക്കാതായപ്പോൾ മാതു പിതൃഗൃഹത്തിലേക്ക് ഒളിച്ചോടിപ്പോന്നു.

മകളും രാരിച്ചനുമായുള്ള വൈവാഹികബന്ധം അവസാനിപ്പിക്കാൻ തീരുമാനിച്ചു, നാരായണൻ. വിവരം രാരിച്ചനെ അറിയിച്ചു. രാരിച്ചൻ എതിരു പറഞ്ഞില്ല. ഒരു ദിവസവും നിശ്ചയിച്ചു. നിശ്ചിതദിവസം രാത്രി രാരിച്ചൻ മൂക്കറ്റം മദ്യപിച്ച് രണ്ടുമൂന്നു പോക്കിരിച്ചങ്ങാതിമാരെയും തുണകൂട്ടി ഒരു ജഡ്ക്കവണ്ടിയിൽ ശ്വശുരഗൃഹത്തിലെത്തി. വിവാഹമോചനച്ചടങ്ങു നിർവ്വഹിക്കാനല്ല, മാതുവെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകാൻ.

നാരായണൻ കന്നിപ്പറമ്പിൽ പാഞ്ഞെത്തി, മാസ്റ്ററോടു സങ്കടം പറഞ്ഞു:

മാസ്റ്റർ ഉടനെ ഒന്നങ്ങോട്ടു വരണം. മാസ്റ്റർ വന്നാലേ രക്ഷയുള്ളൂ.

കൃഷ്ണൻമാസ്റ്റർ മടിച്ചുനിന്നില്ല. നേരേ നാരായണന്റെ പുരയിലേക്കു നടന്നു.

അവിടെ പിടിയും വലിയും അടിയും നിലവിളിയും ബഹളവും. കൃഷ്ണൻ മാസ്റ്റർ കടന്നുവരുന്നതു കണ്ടപ്പോൾ രാരിച്ചൻ പരാക്രമം കൈവിട്ട് ഓടി പറമ്പിന്റെ മൂലയിൽപ്പോയൊളിച്ചു. അവന്റെ കൂട്ടുകാർ അമ്പരന്നുനിന്നു.

മാസ്റ്റർ ആരോടും ഒന്നും പറയാതെ 'വാ മോളേ' എന്നു മാതുവിനെ വിളിച്ച്, അവളുടെ കൈപിടിച്ച് അവളെ കന്നിപ്പറമ്പിലേക്കു കൂട്ടിക്കൊണ്ടു പോന്നു.

പിറ്റേന്നു രാരിച്ചനെ ആളയച്ചുവരുത്തി.

കൃഷ്ണൻമാസ്റ്ററുടെ ഒരു പൂർവ്വവശിഷ്യനായിരുന്നു രാരിച്ചൻ. മാസ്റ്ററുടെ ചൂരലിന്റെ ചൂട് രാരിച്ചന്റെ ഓർമ്മയിൽ തങ്ങിക്കിടന്നിരുന്നു—പഴയ ഗുരുഭക്തിയോടൊപ്പം.

"നീ ഇനി കള്ളുകുടിച്ച് ഇവളെ തല്ലുമോ?"—ഉഗ്രമായ ചോദ്യം.

"ഇല്ല സേർ......"

"എന്റെ കാലുതൊട്ടു സത്യംചെയ്യ്—"

രാരിച്ചൻ ഗുരുവിന്റെ പാദംതൊട്ടു സത്യംചെയ്തു.

"മേളേ, ഇനി നീ രാരിച്ചന്റെകൂടെ പൊയ്ക്കോ—" മാസ്റ്റർ മാതുവിന്റെ മൂർദ്ധാവിൽ തട്ടി അവളെ അനുഗ്രഹിച്ചു.

അങ്ങനെ ആ ദാമ്പത്യത്തിനു പുതിയൊരു ജീവൻ കിട്ടി. രാരിച്ചൻ ഇപ്പോഴും ഇടയ്ക്കു കുടിക്കാറുണ്ട്. മാതുവിനെ ചിലപ്പോൾ അടിക്കാറുമുണ്ട്. എന്നാൽ കള്ളുകുടിച്ചു വന്നാൽ മാതുവിനെ തൊടുകയില്ല. കൃഷ്ണൻ മാസ്റ്ററും അത്രയേ ഉദ്ദേശിച്ചിരുന്നുള്ളൂ.

ആണുങ്ങൾ ഇടയ്ക്കു മദ്യപിക്കുന്നത് ഒരു കുറ്റമല്ല. പിന്നെ ദാമ്പത്യബന്ധം തട്ടിയുറപ്പിക്കാൻ ചിലപ്പോൾ പെണ്ണിനെ ഒന്നു തല്ലുന്നതും നല്ലതാണ്. മാസ്റ്റർ തമാശയായി പറയാറുണ്ടായിരുന്നു.

ഇപ്പോൾ കൃഷ്ണൻമാസ്റ്ററുടെ മുമ്പിലിരിക്കുന്ന പ്രശ്നം കുറച്ചു വിഷമം പിടിച്ചതാണ്. വെള്ളവലിക്കാരൻ രാമന്റെ മകൾ ചിരുതയ്ക്കു വയറ്റിലുണ്ടത്രേ—ആണുങ്ങൾ ഒന്നു നോക്കിപ്പോയാലും ഇല്ലെങ്കിലും അവരെ പുലയാട്ടു വിളിച്ചു നടന്നിരുന്ന ചാരിത്രക്കുടമായ ചിരുതയ്ക്കാണ് ഈ കിണ്ടംപിണഞ്ഞിരിക്കുന്നത്!

മദ്യപാനത്തിന്റേതുപോലെ ഗർഭധാരണത്തിന്റേയും ലക്ഷണങ്ങൾ ഉടൻ പുറത്തുചാടും. ചിരുതയ്ക്ക് ഓക്കാനവും ഛർദ്ദിയും അടക്കാൻ കഴിയാതെയായപ്പോൾ ഒരിക്കൽ, അവളുടെ ഇളയമ്മ—രാമന്റെ രണ്ടാമത്തെ ഭാര്യ കുഞ്ഞിപ്പെണ്ണ്—പറമ്പിൻമൂലയിലെ വാഴച്ചുവട്ടിൽവെച്ച് അവളെ പിടിച്ചുപരിശോധിച്ചു—വിചാരണ നടത്തി. ചിരുത മിണ്ടുന്നില്ല. ആളാരാണെടീ? പറ. ചിരുത മിണ്ടുന്നില്ല. കുഞ്ഞിപ്പെണ്ണ് ഭർത്താവിനോടു വിവരം പറഞ്ഞു. രാമൻ ചിരുതയെ വിളിച്ചു ചോദിച്ചു. ചിരുത മിണ്ടുന്നില്ല. കാഞ്ഞിരവടി കൊണ്ടു പൊതിരെ തല്ലി. തൊണ്ടയിൽ തവിട്ടു കുടുങ്ങിയ താറാവിനെപ്പോലെ വാപൊളിച്ചു തലയിളക്കിക്കളിച്ചതല്ലാതെ ചിരുത ശബ്ദിച്ചില്ല.

രാമൻ തോറ്റു.

ചിരുതയ്ക്കു ഗർഭം കുടുങ്ങിയതിലുള്ള അപമാനഭീതിയേക്കാൾ അപ്പണി പറ്റിച്ച ആളെ

അറിയാനുള്ള ഉൽക്കണ്ഠയാണ് രാമന്റെ മനസ്സിൽ മുന്നിട്ടു നിന്നിരുന്നത്. കൊന്നാലും പറയില്ല എന്ന ദൃഢനിശ്ചയത്തോടെയാണ് ചിരുതയുടെ കുത്തിയിരിപ്പ്.

അങ്ങനെയാണ് രാമൻ കൃഷ്ണൻമാസ്റ്ററെ ശരണംപ്രാപിച്ചത്.

വാസ്തവത്തിൽ രാമന് കൃഷ്ണൻമാസ്റ്ററുമായി അടുപ്പമൊന്നുമുണ്ടായിരുന്നില്ല. കൃഷ്ണൻമാസ്റ്ററുമായി മാത്രമല്ല, അതിരാണിപ്പാടത്തെ മറ്റു ജനങ്ങളുമായും രാമനു സമ്പർക്കം കഷ്ടിയായിരുന്നു. രാമൻ വെളുപ്പിനു മുമ്പ് എഴുന്നേറ്റ് തന്റെ ചകിരിത്തുപ്പുകോലും ചുമലിൽ പ്രദർശിപ്പിച്ച് വെള്ളവലിത്തൊഴിലാളികൾ പതിവായി ചെന്നു നിൽക്കാറുള്ള തെരുവുമൂലയിൽ ഹാജർകൊടുക്കും. ആവശ്യക്കാർ അവിടെ വന്നു വിളിച്ചു കൊണ്ടുപോകും. വേലയെടുത്തു കിട്ടിയ കൂലിയുംകൊണ്ട് വൈകുന്നേരം കള്ളുഷാപ്പിൽ കടന്നിരിക്കും. അവിടെനിന്നു പുരയിലെത്തുന്നത് പാതിര കഴിഞ്ഞിട്ടായിരിക്കും. ചില ദിവസങ്ങളിൽ ആവശ്യക്കാർ കുറവായിരിക്കും. രാമൻ തന്റെ ചകിരിക്കോലും പൊക്കിപ്പിടിച്ചുകൊണ്ട് ആ മൂലയിൽ പത്തു പതിനൊന്നുമണി വരെ കാത്തിരിക്കും. പിന്നെ പ്രതീക്ഷിച്ചിട്ടു കാര്യമില്ല. രാമൻ പുരയിലേക്കു മടങ്ങുകയില്ല. നേരെ പുഴക്കരയിലേക്കു നടക്കും. ചൂണ്ടലിട്ടു മീൻ പിടിക്കാൻ. ചൂണ്ടയും നൂൽക്കയർച്ചുരുളും മടിയിൽ കരുതിയിട്ടുണ്ടാകും. അതിന്റെകൂടെ കുറച്ചു പുകയിലയും. രാമന് വെറ്റിലമുറുക്കും ബീഡിവലിയും വേണമെന്നില്ല. എന്നാൽ ഒരുകണ്ടം പുകയില അണപ്പല്ലിനിടയിൽ എപ്പോഴും തിരുകി വെച്ചുകൊണ്ടിരിക്കണം. പുകയില കിട്ടിയില്ലെങ്കിൽ തെങ്ങിന്റെ വേരു പൊട്ടിച്ചെടുത്തു വായിലിട്ടു ചവച്ചു കൊണ്ടിരിക്കും. ചിലപ്പോൾ ഞണ്ടുപിടുത്തമായിരിക്കും. പാന്തത്തിന്റെ തലയ്ക്കൽ ഇര കോർത്തുകെട്ടി വെള്ളത്തിൽ താഴ്ത്തി ഞണ്ടുകളെ ക്ഷണിച്ചുവരുത്തും—കുറ്റൻ പുഴഞണ്ടുകളായിരിക്കും കുടുങ്ങുന്നത്. പിടിച്ചെടുത്ത ഞണ്ടും മീനും വിറ്റു പൈസയാക്കി അതെല്ലാം കള്ളുഷാപ്പിൽ കലാശിപ്പിക്കും. അങ്ങനെ തെരുവുമൂലയും ആരാന്റെ ചുമരുകളും പുഴക്കരയും കള്ളുഷാപ്പുമായി കഴിയുന്ന രാമനെയുണ്ടോ അതിരാണിപ്പാടത്തുകാർ കണ്ടറിയുന്നു? ആ രാമനാണ് കൃഷ്ണൻ മാസ്റ്ററുടെയടുക്കൽ ചിരുതപ്രശ്നവുമായി വന്നു കാത്തിരിക്കുന്നത്. ചിരുതയെ വിളിച്ചുവരുത്തി സ്മാർത്തവിചാരം നടത്തണമെന്നു പറഞ്ഞ് മാസ്റ്ററെ ബുദ്ധിമുട്ടിക്കുന്നത്.

കൃഷ്ണൻമാസ്റ്റർ മൂർദ്ധാവിലെ കഷണ്ടിക്കളത്തിൽ രാശിവെച്ചു കൊണ്ടിരിക്കെ, ഒരാൾ പടികേറിവരുന്നതു കണ്ടു. കാലിന്റെ നെരിയാണി വരെ താഴ്ത്തിയുടുത്ത മൽമുണ്ടും ഇടത്തെ ചുമലിൽ മടക്കിയിട്ട തോർത്തു മുണ്ടും വായിൽ മൂന്നുനാലു പല്ലുകളുടെ പുഞ്ചിരിയുമായി മുറ്റത്തേക്കു വരുന്ന വെളുത്ത ദീർഘകായനായ ആ മനുഷ്യനെ കണ്ടപ്പോൾ കൃഷ്ണൻ മാസ്റ്റർ അരോചകഭാവത്തിൽ മുഖം ചുളിച്ചു. ഇതാ വരുന്നു മറ്റൊരു പ്രശ്നം!

വന്നുകേറിയതു മറ്റാരുമല്ല, നാരദൻ കുണ്ടു.

റിട്ടയർചെയ്ത ചെത്തുകാരനാണ് കുണ്ടു. പ്രായം എൺപതിനടുത്തായെങ്കിലും തൊലിക്കു ചുളിവോ, നട്ടെല്ലിന് ഉലച്ചിലോ പറ്റാത്ത ഒരു പടപ്പ്. ഉന്നൽ യന്ത്രത്തിന്റെ മരമൂടിയുടെ ആകൃതിയിലാണ് മൂപ്പരുടെ തല. വാർണീഷിട്ടപോലെ മിന്നുന്ന കഷണ്ടിയും.

കുണ്ടുവിനു മുതിർന്ന ആൺമക്കൾ എട്ടുപേരുണ്ട്. അവരെയെല്ലാം തെങ്ങു ചാടാൻവിട്ട് അയാളിപ്പോൾ സ്വസ്ഥമായിരിക്കുകയാണ്. പ്രിയപ്പെട്ട ഹോബി ഏഷണികൂട്ടലും പരദൂഷണപ്രചരണവുമാണ്. അവിടെയും ഇവിടെയും ചെന്നു

ചെവിപാർത്തിരുന്ന കേട്ടതും, കൊച്ചുപിള്ളരിൽനിന്നും പണിക്കാരത്തിപ്പെണ്ണുങ്ങളിൽനിന്നും ചികഞ്ഞെടുത്തതുമായ രഹസ്യങ്ങളുടെ കോളുമായി മൂളിപ്പറമ്പിൽ ഗോവിന്ദൻമാസ്റ്ററുടെ അടുക്കലെത്തും. കുണ്ടു അപ്പപ്പോഴായി പെറുക്കിക്കൊണ്ടുവരുന്ന വിഭവങ്ങൾ ഞണ്ട് തന്റെ മാളത്തിൽ സൂക്ഷിക്കും. ഞണ്ടുഗോവിന്ദന്റെ മരണത്തിനുശേഷം കുണ്ടുതാവളം കിട്ടാതെ അലഞ്ഞു നടക്കുകയാണ്.

അതിരാണിപ്പാടത്തുകാർക്കും അയൽപ്രദേശത്തുകാർക്കും കുണ്ടു ഒരു 'പെർസോണാനോൺഗ്രാറ്റാ' (അനഭിമതനായ വ്യക്തി)യാണ്. കാരണം, ഏഷണിക്കാരനെന്നതിനു പുറമേ കുണ്ടു ഒരു കരിനാക്കനുംകൂടിയാണ്. (കുണ്ടുവിന്റെ നാക്കിനു നടുവിൽ ഒരു കറുത്ത പുള്ളിയുണ്ടത്രേ—പാമ്പിന്റെ വിഷസഞ്ചിപോലെ.) കുണ്ടു എന്തെങ്കിലും പുതുമ കണ്ട് ഉപമ പൊട്ടിച്ചാൽ അത് കുറിക്കുകൊള്ളുമെന്നു മാത്രമല്ല, തുളഞ്ഞുകയറുകയും ചെയ്യും. കുണ്ടു ദൂരെനിന്നു വരുന്നതു കണ്ടാൽ തള്ളമാർ കുട്ടികളെ താക്കീതു ചെയ്യും: മക്കളേ, വേഗം അകത്തുപോയിരുന്നോളിൻ, വെടിക്കാരൻ വരുന്നുണ്ട്.

ശ്രീധരന്റെ അമ്മയ്ക്ക് അയാൾ അത്തവും ചതുർത്ഥിയുമായിരുന്നു. എന്തെങ്കിലും അനർത്ഥം സംഭവിക്കും. അങ്ങനെയായിരുന്നു അവരുടെ അനുഭവം. ഒരിക്കൽ അവർ വീടിന്റെ വടക്കെ മുറ്റത്ത്, ഒരു കൊട്ടയിൽ കോഴിക്കുഞ്ഞുങ്ങളെ മൂടിയിട്ടിരിക്കുകയായിരുന്നു. കോഴിക്കുഞ്ഞുങ്ങൾ കൂട്ടത്തോടെ കരഞ്ഞുകൊണ്ടിരുന്നു. അപ്പോഴാണ് വെടിക്കാരന്റെ വരവ്. കുണ്ടു ഉമ്മറത്തു വന്നു നിന്നു. ശബ്ദം ചെവിയോർത്തു: "അപ്പുറത്ത് ആരാണ് കത്തിയണയ്ക്കുന്നത്?"

പിറ്റേന്നുമുതൽ കോഴിക്കുഞ്ഞുങ്ങൾക്കു ളുക്കൽ പിടിച്ചു. ഓരോന്നായി ചത്തുതുടങ്ങി. മൂന്നുദിവസം കഴിഞ്ഞപ്പോൾ ഒമ്പതെണ്ണത്തിൽ രണ്ടെണ്ണം മാത്രം ബാക്കിയായി. രണ്ടിലൊന്നിനെ പിറ്റേന്നു പരുന്തും റാഞ്ചിക്കൊണ്ടു പോയി.

കുണ്ടുവിന്റെ കരിനാക്കിനെ കൃഷ്ണൻമാസ്റ്റർ പോലും ഭയപ്പെട്ടിരുന്നു. കുണ്ടുവിന്റെ കാരിനാക്കിന്റെ വിജയസ്തംഭംപോലെ ഒരു കവുങ്ങ് കന്നിപ്പറമ്പിൽ നിലകൊള്ളുന്നുണ്ട്. കവുങ്ങിന്റെ തടിവണ്ണം കണ്ട ഒരിക്കൽ കുണ്ടു ഒരഭിനന്ദനം തൊടുത്തുവിട്ടു:

"ആനപോലത്തെ കവുങ്ങ്!"

കവുങ്ങ് ആനയെപ്പോലെതന്നെയായി. അടയ്ക്കയില്ല.

ഉർവ്വശീശാപം ഉപകാരമെന്നപോലെ കുണ്ടുവിന്റെ കരിനാക്ക് ഒരിക്കൽ ഒരു കാര്യസിദ്ധിക്കു തരപ്പെടുത്തിയ കഥ ഈർച്ചക്കാരൻ വേലു പറയാറുണ്ടായിരുന്നു. എട്ടൊൻപതുകൊല്ലം മുമ്പാണ്. കുടകിലേക്കു പൊയ്ക്കളഞ്ഞ മുച്ചിറിയൻ കുട്ടായി തുണക്കാരനായി വേലുവിന്റെകൂടെ ഈർച്ചപ്പണിയെടുത്തിരുന്ന കാലം. അവർ മുക്കാലും ഈർന്ന് പൂളു തിരുകിവച്ച തടിമരം എങ്ങനെയോ കുടുങ്ങിപ്പോയി. കെണഞ്ഞു ശ്രമിച്ചിട്ടും വിടർത്താൻ കഴിഞ്ഞില്ല. അപ്പോൾ കുണ്ടു തെണ്ടുചെത്താൻ ആ വഴിക്കു വന്നു. മുച്ചിറിയൻ കുട്ടായിക്ക് പെട്ടെന്നൊരു യുക്തി തോന്നി. കുണ്ടുവിനെക്കൊണ്ട് ഒരു വെടിപൊട്ടിച്ചു നോക്കാമെന്ന്.

"കുടുങ്ങിയല്ലേ്ലാ കുണ്ട്വമ്മാമ!" കുട്ടായി നിസ്സഹായഭാവത്തിൽ ചൂണ്ടിക്കാട്ടി സങ്കടപ്പെട്ടു പറഞ്ഞു.

കുണ്ടു ആ ഏടാകൂടത്തെ ഒന്നു നോക്കി: "തൊറക്കെടി കുത്തിച്ചീ വാതില്—"

ഒരൊറ്റച്ചവിട്ട്!—മരം പിളർന്നുപോയി!

ഒരിക്കൽ കൃഷ്ണൻമാസ്റ്ററുമായി വർത്തമാനം പറഞ്ഞുകൊണ്ടിരിക്കെ, കുണ്ടു മാസ്റ്ററുടെ തങ്കവർണ്ണംകലർന്ന വിശാലമായ പുറം സ്നേഹപൂർവ്വം തലോടിക്കൊണ്ട് എന്തോ പറയാൻ ഭാവിച്ചു.

“പൊട്ടിക്കൊല്ലേ്ല കുണ്ടു—” മാസ്റ്റർ മുഹൂർത്തം നോക്കി ഒരു തട്ടുതട്ടി. വെടി കുണ്ടുവിന്റെ വായിൽത്തന്നെ പുകഞ്ഞുപോയി!

അതിൽപ്പിന്നെ കന്നിപ്പുറമ്പിൽ വരുമ്പോൾ കുണ്ടു കരുതിയിട്ടേ സംസാരിക്കുകയുള്ളു. സംഭാഷണങ്ങളിൽ ഉപമാലങ്കാരങ്ങളൊന്നും തൊടുത്തുവിടാറില്ല.

പൊതുജനം തന്നെ പേടിയോടെ വെറുക്കുന്നുണ്ടെന്നു തികച്ചും മനസ്സിലാക്കിയതുകൊണ്ടോ, കരിനാക്കിന്റെ ബാറ്ററിക്കു ശക്തി കുറഞ്ഞുതുടങ്ങിയതുകൊണ്ടോ എന്തോ, കുണ്ടു ഇപ്പോൾ പഴയപോലെ അധികം വെടി പൊട്ടിക്കാറില്ല. നാക്കിൽ തങ്ങിക്കിടക്കുന്ന വിഷവീര്യം പരദൂഷണത്തിന് ഉപയോഗിച്ചുവരികയാണെന്നു തോന്നുന്നു.

ആ നാരദൻ കുണ്ടുവാണ് കേറിവന്നിരിക്കുന്നത്. വെള്ള വലിക്കാരൻ രാമൻ മകൾ ചിരുതയുടെ ‘കള്ളക്കെറുപ്പ്’ രഹസ്യപ്പൊതി അഴിക്കുന്ന മുഹൂർത്തത്തിൽ ആ വാർത്തയുടെ ഒരു പൊടിയെങ്ങാൻ അയാളുടെ ചെകിട്ടിൽ കുടുങ്ങിയാൽ മതി, വെള്ളവലിക്കാരൻ രാമന്റെ മോള് ചിരുതപ്പെണ്ണ് പെറ്റുകിടക്കുന്നേ എന്ന് നാട്ടു മുഴുവനും പറഞ്ഞു നാറ്റിക്കും...

രാമൻ വാപിളർന്നിരുന്നുപോയി!

കുണ്ടു കോലായിലേക്കു കേറി, അവിടെയിട്ടിരുന്ന ബഞ്ചിൽ സ്ഥലം പിടിച്ചു. തടിച്ച കീഴ്ച്ചുണ്ട് നീട്ടി പകുതി വായും തുറന്നു മൂലയിലിരിക്കുന്ന രാമനെ ഒന്നു തുറിച്ചുനോക്കി. പിന്നെ മാസ്റ്ററുടെ നേർക്കു തിരിഞ്ഞു:

“ആധാരമാണ്ടിയെ നോക്കി പോയതായിരുന്നു.”

(വേറെ കാര്യത്തിനു പോയപ്പോൾ ഒന്നിങ്ങോട്ടു കേറിയതാണെന്നു ബോദ്ധ്യപ്പെടുത്താനായിരുന്നു ആ മുഖവുര)

“എന്നിട്ട് ആണ്ടിയെ കണ്ടില്ലേ്ല?” മാസ്റ്ററുടെ മര്യാദച്ചോദ്യം.

“കണ്ടു—എന്നാൽ, രണ്ടുമൂന്നു ദിവസത്തേക്ക് അവനെ നോക്കണ്ടാ എന്നാണു പറഞ്ഞത്. ഭാരതമാതാ കുമാരന്റെ രജിസ്ട്രാധാരം തയ്യാറാക്കുന്ന തിരക്കാണത്രേ...”

“കുമാരന്ന് എന്താധാരമാണു രജിസ്ട്രാക്കാനുള്ളത്?”

“ആംങ്! മാഷ്ടറ് പുതുമ കേട്ടില്ലേ്ല?” (കുണ്ടുവിന്ന് എല്ലാ വർത്തമാനവും പുതുമയാണ്.) കുണ്ടു നീണ്ടുനിവർന്നിരുന്നു.

“ചത്തുപോയ കുനൻവേലുവിന്റെ പുരയും പറമ്പും, ഭാരതമാതാകുമാരൻ വിലയ്ക്കു വാങ്ങാൻപോകുണു......”

“വളരെ നല്ല കാര്യം!” മാസ്റ്റർ കുമാരനെ അഭിനന്ദിച്ചു. കുണ്ടുവിന് അതത്ര പിടിച്ചില്ല. “ഹ്ഉംമാപ്പളമാര് മാർക്കറ്റില് വലിച്ചെറിഞ്ഞ എല്ലും തോലും പെറുക്കിക്കൊണ്ടുവന്നു സൂപ്പുണ്ടാക്കി വിറ്റുനടന്നിരുന്ന ആ കണ്ണന്റെ മോൻ—അവനിപ്പം വല്യ മൊതലാളിയല്ലേ്ല?... മാളിക തീർക്കാൻപോകുന്നു.” കുണ്ടു വലതുകൈമുട്ടിലെ

തടിച്ച കരുവാളിച്ച തഴമ്പിന്ന താഴെ ഒരുണല് ഞെക്കി ഇളിച്ചുകാട്ടിക്കൊണ്ടു പറഞ്ഞു.

"അപ്പോൾ വേലുവിന്റെ ഭാര്യ കുട്ടിപ്പെണ്ണും അവളുടെ മകൻ അപ്പുട്ടിയും എവിടെപ്പോകും?" മാസ്റ്റർ അന്വേഷിച്ചു.

"അതു വേറൊരു പുതുമ." കുണ്ടു കൈത്തണ്ട ചൊറിഞ്ഞുകൊണ്ടു പറഞ്ഞു: "കണ്ടറാക്കുട്ടറ് കേളുക്കുട്ടി, ആ ചെകുത്താൻചെക്കന്നെ തമിഴ് നാട്ടിലേക്കു പണിക്കുകൊണ്ടുപോയി—ആ ഭദ്രകാളിത്തള്ളയേയും കൊണ്ടു പോകുമത്രേ. അവിടെ കൂലിക്കാർക്കു കഞ്ഞിവെച്ചുകൊടുക്കാൻ..."

"അവർ നന്നായ്വരട്ടെ" മാസ്റ്റർ ആശീർവദിച്ചു.

കുണ്ടു മുഖം ചുളിച്ചു: "ഇപ്പോൾ ആ കേളുക്കുട്ടിയുടെ നിലയെന്താണ്! ഇന്നാളൊരുദിവസം അവൻ തീവണ്ടിയാപ്പീസിൽനിന്നു വരുന്നതു കണ്ടു കുതിരവണ്ടിയിൽ —പട്ടുകുപ്പായം, കസവുവേഷ്ടി, കൈക്ക് പൊന്നിന്റെ വാച്ച്—ഹൊ! ഒന്നും പറയണ്ട— പണ്ട് കല്ലുചെത്തി ചെമ്മണ്ണിൽ കുഴഞ്ഞു നടന്ന ചെക്കൻ!..."

"കുണ്ടു എന്തിനാണിങ്ങനെ വേണ്ടാത്തതു പറയുന്നത്?" മാസ്റ്റർ നരച്ച താടി രോമം തലോടിക്കൊണ്ട് ഉപദേശരൂപത്തിൽ മൊഴിഞ്ഞു: "കേളുക്കുട്ടി നാട്ടുവിട്ട് ഇപ്പോൾ നല്ല നിലയിലെത്തി. നമ്മളുടെ ഈ ദേശം വർക്കത്തു പിടിക്കാത്ത ഒരു മൂലയാണ്. ഈ സ്ഥലം വിട്ടുപോയവരൊക്കെ നന്നായിത്തീർന്നിട്ടുണ്ട്. കുടകിലേക്കു പോയ ആ മുച്ചിറിയൻ കുട്ടായിയുടെ കഥ നോക്കു. അവനിപ്പോൾ കുടകിൽ സ്വന്തം കാപ്പിത്തോട്ടവും മാളിക മനയും പന്നിക്കൂട്ടങ്ങളുമെല്ലാമുണ്ടെന്ന് ഇയ്യിടെ അവിടെ പോയിവന്ന കോരപ്പൻ കൺട്രാക്ടരുടെ റൈറ്റർ ഫൽഗുനൻ പറഞ്ഞു. കുട്ടായിക്ക് അന്നു നാട്ടുവിടാൻ തോന്നിയിരുന്നില്ലെങ്കിൽ, രാത്രി മുഴുവനും കള്ളും കുടിച്ചു തോന്ന്യാസപ്പാട്ടും പാടി അതിരാണിപ്പാടത്ത് ഇന്നും നടക്കുന്നതു കാണാമായിരുന്നു—"

"നാട്ടുവിട്ടുപോയാൽ മാത്രം പോരാ, മാഷ്ടറേ—തലേലെഴുത്തും നന്നാവണം." കുണ്ടു കഷണ്ടിത്തല ചൊറിഞ്ഞുകൊണ്ടു പറഞ്ഞു: "കോളാമ്പീലേക്കു പോയ ആ കിട്ടുണ്ണിച്ചെറുക്കന്റെ ഗതി നോക്കു....."

"ഏയ്! കൊളംബിലെ അമ്മാവന്റെ കള്ളുഷാപ്പും സ്വത്തും നോക്കി നടത്താനായിരുന്നില്ലേ, കിട്ടുണ്ണിയെ അങ്ങോട്ടു കമ്പിയടിച്ചു വിളിപ്പിച്ചിരുന്നത്?"

"കാര്യം അങ്ങനെയൊക്കെത്തന്നെയായിരുന്നു മരിക്കാൻ കാലത്ത്, പങ്ങൻ—പങ്ങൻ എന്റെ ഒരമ്മായീടെ വല്യപ്പന്റെ പിറക്കാത്ത മോനാണ്—മരുമകൻ കിട്ടുണ്ണിയെ കമ്പിയടിച്ചു വരുത്തി. കിട്ടുണ്ണി കോളാമ്പീലെത്തി രണ്ടുദിവസം കഴിഞ്ഞപ്പോൾ പങ്ങൻ മരിച്ചു—പിന്നെ ഒരാഴ്ച കഴിഞ്ഞ് കിട്ടുണ്ണിയും......"

"ഏയ്! കിട്ടുണ്ണിക്കെന്തുപറ്റി?" മാസ്റ്റർ ഉൽക്കണ്ഠയോടെ ചോദിച്ചു.

കിട്ടുണ്ണിയുടെ കഥകഴിഞ്ഞു എന്നൊരാംഗ്യം കാട്ടി, കുണ്ടു.

കൃഷ്ണൻമാസ്റ്റർക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല.

"മരിച്ചു മാഷ്ടറേ, മരിച്ചു—" കുണ്ടു ഇടയ്ക്കൊന്നു നിർത്തി.

"മരിച്ചതല്ല, ആ ചെക്കനെ കൊന്നതാണ്—പങ്ങന്റെ ശിങ്കളത്തിച്ചരക്കിന്റെ ഒളിസേവക്കാരൻ ഒരു തമിഴൻ കൊല്ലിച്ചതാണ്. കിട്ടുണ്ണിയുടെ ഏട്ടൻ പറങ്ങോടനു കോളാമ്പീന്ന് ഒരു സ്നേഹിതൻ സ്വകാര്യമായി എഴുതിയയച്ച ഒരു കത്തിൽനിന്നാണ് ഇതൊക്കെ അറിയുന്നത്........അപ്പോ, നോക്കു, പുതുമ എങ്ങനെയിരിക്കുന്നു?—

കോളാമ്പിലമ്മാമടെ കള്ളുഷാപ്പും മൊതലും കൊതിച്ചു പോയ ആ കുളൂസ്കാരൻ ചെക്കനെ കിട്ടിയത് കുരലിലൊരു കത്തി........'' കുണ്ടു ചങ്കിൽ തൊട്ടുകാട്ടി.

അക്കഥ കേട്ട് കൃഷ്ണൻമാസ്റ്റർ തരിച്ചിരുന്നുപോയി.

കുണ്ടു തലപൊക്കിനോക്കി. ഇടവഴിയിലൂടെ പോകുന്നു, മീശക്കണാരൻ.

കുണ്ടു കണാരനെ കൈകൊട്ടി വിളിച്ചു. കണാരൻ തിരിഞ്ഞുനോക്കി.

''കണാരാ, ഞാൻ ഇന്നലെ പറഞ്ഞതു മറക്കൊലേ്ല; ഈ അമാവാസിക്കു തന്നെ പോയി അതങ്ങട്ട് കഴിച്ചേക്ക്—''

കണാരൻ ഒന്നും മിണ്ടാതെ തലയാട്ടി മുന്നോട്ടു നീങ്ങി.

''ഈ ദേശക്കാർക്ക് അങ്ങനെയൊരുപ്രദവവും കൂടി.......''

കുണ്ടു ശപിച്ചുകൊണ്ടു പറഞ്ഞു.

''എന്താണു കുണ്ടൂ, കാര്യം?'' മാസ്റ്റർ ചോദിച്ചു.

''കണാരന്റെ അച്ഛൻ പളനിപ്പൂശാരി വേലു—അവൻ ഇറങ്ങിനടന്ന് ആളുകളെ പേടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു.....''

''എന്ത്—പൂശാരി വേലു തൂങ്ങിച്ചത്തിലേ്ല, അഞ്ചെട്ടുകൊല്ലം മുമ്പ്?''

''ആഃങ്—ആ മഹാപാപിതന്നെ.'' കുണ്ടു കണ്ണു മിഴിച്ചുകൊണ്ടു പറഞ്ഞു. ''ഇപ്പോൾ അവൻ അതിരാണിപ്പാടത്ത് രാത്രിസർക്കീറ്റ് തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ വെള്ളിയാഴ്ച രാത്രി എന്റെ മുന്നിൽ വന്നു നിന്ന് എന്നെ ഒന്നു പേടിപ്പിച്ചു...ഞാൻ കൊഴമ്പാടത്തുകാവിലെ തിറയും കണ്ടു മടങ്ങുകയായിരുന്നു, പാതിരയ്ക്ക്. കുറേശ്ശെ നിലാവുണ്ടായിരുന്നു. മരക്കച്ചവടം ഭാസ്കരന്റെ വീട്ടിന്റെ മുന്നിലെ ഇടവഴി തിരിഞ്ഞപ്പോൾ ആ മൂക്കിൽ നിൽക്കുന്നു, താടിയും ജടയുമുള്ള ഒരു രൂപം—ചുമലിൽ മയിൽപ്പീലിക്കാവടിയും പിടിച്ചു കൊണ്ട്. ആ മുഖത്തേക്കൊന്നു നോക്കി—കഴുത്തു കുഴഞ്ഞ്, മുഖം ചെരിച്ച്, നാവ് ഒരുമുഴം നീളത്തിൽ പുറത്തേക്കു തൂങ്ങിക്കിടക്കുന്നു! തൂങ്ങിച്ചത്ത പൂശാരി! ഒരു നോക്കു കാണാനേ കഴിഞ്ഞുള്ളൂ. പെട്ടെന്ന് പുകപോലെ മറഞ്ഞുകളഞ്ഞു........ഇന്നലെ ഞാൻ കണാരനെ കണ്ടു കാര്യം പറഞ്ഞു. കണാരാ, നെന്റെ തന്തപ്പൂശാരി അലഞ്ഞു നടക്കാൻ തൊടങ്ങിയിട്ടുണ്ട്. അതു നെക്കും ഈ ദേശത്തിന്നും അനർത്ഥമുണ്ടാക്കും. പേരൂരിലോ തിരുനെല്ലിയിലോ കൊണ്ടുപോയി പിണ്ഡംവെച്ച് അച്ഛന്റെ ഗതിവരുത്ത്—അക്കാര്യമാണ് ഇപ്പോൾ കണാരനെ ഓർമ്മിപ്പിച്ചത്—''

തൂങ്ങിമരിച്ച വേലുപ്പൂശാരിയുടെ പ്രേതം—ദേശത്തെ മറ്റൊരു പ്രശ്നം! കൃഷ്ണൻമാസ്റ്റർ കുമ്പിട്ടിരുന്നു കഷണ്ടി തലോടി.

രാമൻ അപ്പോഴും പകുതി വായും തുറന്ന് മൂലയിൽ മിണ്ടാതെ ഇരിക്കുകയായിരുന്നു.

കുണ്ടു രാമനെ തുറിച്ചുനോക്കി: ''നീയെന്തിനാഡോ, തൊള്ളേം തുറന്നു മിണ്ടാതെ തപ്പാൽപ്പെട്ടിപോലെ മൂലയിൽ കുത്തിയിരിക്കുണു?''

രാമന്റെ വായ കുറേക്കൂടി തുറന്നുപോയി.

# 30. അച്ഛനും അന്തരിച്ചു

ബാഹ്യനിയന്ത്രണഭീഷണിയോടുകൂടാത്ത സ്വേച്ഛാപരമായ ജീവിതചര്യകൾക്കുവേണ്ടിയുള്ള ഒരാശ മുമ്പു ചിലപ്പോഴെല്ലാം മനസ്സിനെ അസ്വസ്ഥമാക്കാറുണ്ടായിരുന്നു. എന്നാൽ ഇച്ഛിച്ച സ്വാതന്ത്ര്യം പെട്ടെന്നു കൈവന്നപ്പോൾ പുതിയൊരു ഭീതിയാണ് ശ്രീധരന് അനുഭവപ്പെടുന്നത്. ഏകാന്തതയിലെ നിസ്സഹായതാബോധം. പുതിയ കർത്തവ്യാനുഷ്ഠാനങ്ങളേയും യൗവനാഭിലാഷങ്ങളെയും പൊരുത്തപ്പെടുത്താൻ കഴിയാത്ത ഒരു വിമ്മിഷ്ടം. ആജ്ഞാപകനും അനുവർത്തകനും താൻതന്നെയെന്നു വരുമ്പോൾ അവലംബിക്കേണ്ടിവരുന്ന നിഷ്ക്രിയമനോഭാവം...... ശാസിക്കാനും ഉപദേശിക്കാനും പ്രോത്സാഹിപ്പിക്കാനും വിലക്കാനും അധികാരവും അവകാശവുമുള്ള മഹദ്വ്യക്തിയുടെ അഭാവം.....

കന്നിപ്പറമ്പിൽ കൃഷ്ണൻമാസ്റ്ററുടെ മരണം പെട്ടെന്നാണു സംഭവിച്ചത്.

തൊടിയിൽ നട്ടുവളർത്തുന്ന ഒരൊട്ടുമാവിൻതൈയ്ക്ക് രാവിലെ വെള്ളമൊഴിച്ചുകൊണ്ടിരിക്കെ ഒന്നു ചുമച്ചു. ആ ചുമ വർദ്ധിച്ചു. നിയന്ത്രിക്കാൻ കഴിഞ്ഞില്ല. നെഞ്ഞത്തു കൈയമർത്തി ചുമച്ചുകൊണ്ടു വന്നു പടിഞ്ഞാറ്റയിലെ തന്റെ കട്ടിലിലെ മെത്തയിലേക്കു വീണു മരണ മടയുകയുംചെയ്തു.

അച്ഛൻ മുമ്പൊരിക്കൽ പറഞ്ഞത് ഓർക്കുന്നു: ദൈവം സൃഷ്ടിച്ചതിനുമേൽ ഒരു മൺതരിപോലും ഉണ്ടാക്കിവയ്ക്കാൻ മനുഷ്യനു കഴിഞ്ഞിട്ടില്ല. ദൈവസൃഷ്ടിയിലെ ഒരു മൺതരിപോലും നശിപ്പിക്കാനും മനുഷ്യനു കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. ഈശ്വരസൃഷ്ടിയിലുള്ളതിനെക്കൊണ്ട് മനുഷ്യൻ ചില കളികളെല്ലാം കളിക്കുന്നു— ആ കളിയെ നാം ജീവിതമെന്നു വിളിക്കുന്നു.

അങ്ങനെ അച്ഛന്റെ ഭൗതികദേഹം പഞ്ചഭൂതങ്ങളിലേക്കുതന്നെ പിന്മാറിയെന്ന് ആദ്ധ്യാത്മികമായി സമാധാനിക്കാം. എന്നാൽ ഒരു സത്യം ഫണമുയർത്തി നിൽക്കുന്നു. കന്നിപ്പറമ്പിലെ കൃഷ്ണൻമാസ്റ്റർ മരിച്ചു. ശ്രീധരന്റെ അച്ഛൻ ഈ ലോകത്തുനിന്നും എന്നെന്നേക്കുമായി അന്തരിച്ചു. അച്ഛനെ ഇനി ഒരിക്കലും—ഒരിക്കലും —കാണുകയില്ല. കോട്ടും തൊപ്പിയും കണ്ണടയും നെറ്റിയിൽ ചന്ദനപ്പൊട്ടും കൈയിൽ കുടയും കാലിൽ ചെരിപ്പുമായി വെളുത്തു കുറുതായ ആ മാന്യദേഹം തലയെടുപ്പോടുകൂടി കന്നിപ്പറമ്പിലെ പടിയിറങ്ങിവരുന്നത് ഇനിയാരും കാണുകയില്ല. ആ ജഡം കഴിഞ്ഞയാഴ്ച മുനിസിപ്പൽ ശ്മശാനത്തിൽ വെണ്ണീറായിക്കഴിഞ്ഞു..... സത്യനിഷ്ഠവും ധർമ്മനിരതവുമായിരുന്ന ആ ജീവിതം അതിരാണിപ്പാടത്തിന്റെ ഐതിഹ്യമായി അവശേഷിച്ചു.....

ചിന്തകൾ കഴിഞ്ഞ കാലങ്ങളിലേക്കെത്തിനോക്കുകയാണ്:

ശ്രീധരൻ പട്ടുകോണകവുമുടുത്തു നടക്കുന്ന കാലം.

കന്നിപ്പറമ്പിലെ തെക്കേമുറ്റത്തെ പൂഴിമണ്ണിൽ ഒറ്റയ്ക്കു കളിക്കുകയാണ്. മുറ്റവരമ്പത്ത്

കടും ചുവപ്പുനിറത്തിൽ പതിറ്റടിപ്പൂക്കൾ വിടർന്നുനിൽക്കുന്നു. അമ്മാള്വമ്മ പച്ചമടൽകൊണ്ടുണ്ടാക്കിത്തന്നെ കാളയുടെ മുളങ്കൊമ്പിൽ ചൂടിക്കയർ കെട്ടി അതിനെ മുറ്റത്തുടെ ഒരു പത്തുചാൽ ചുറ്റിച്ചു. കണ്ടപ്പൻമൂരി നടന്നുതളർന്നിട്ടുണ്ടാവുമെന്നു സ്വയം തീരുമാനിച്ച്, വരിക്ക പ്ലാവിന്റെ വേരിനോടു കെട്ടിയിട്ടു.

'ശ്രീധരാ!.....'

കോലായിൽനിന്ന് അച്ഛന്റെ വിളി.

അച്ഛൻ അപ്പോൾ വിളിച്ചത് അത്ര പറ്റിയില്ല. നടന്നുതളർന്ന കണ്ടപ്പൻ മൂരിക്കു കുറച്ചു പുല്ലും വെള്ളവും കൊടുക്കാൻ പുറപ്പെടുമ്പോഴാണ് ഒരു വിളി.
ശീതരാ....മിണ്ടിയില്ല.

'ശ്രീധരാ, കുഞ്ഞുമോനേ!—' വീണ്ടും വിളിക്കുന്നു.

പെട്ടെന്നൊരു വിചാരമുദിച്ചു: അച്ഛൻ മിഠായി കൊണ്ടുവന്നിട്ടുണ്ടാവും.

'കണ്ടപ്പാ, കുത്തും ചവിട്ടുമൊന്നും കാട്ടാതെ ഇവിടെ അടങ്ങി നിന്നോ—കേട്ടോ—ഞാനിപ്പം വരാം—' കാളയുടെ പുറം തലോടി അതിനെ പറഞ്ഞാശ്വസിപ്പിച്ച്, 'ഓ' എന്ന് ഉറക്കെ വിളികേട്ടതറിയിച്ച് ഓടിച്ചെന്നു.

അച്ഛൻ കോട്ടും തൊപ്പിയും അഴിച്ചുവയ്ക്കാതെ കോലായിൽത്തന്നെ നിൽക്കുന്നു. കൈയിൽ കടലാസുപൊതിയൊന്നും കണ്ടില്ല. നിരാശയോടെ അച്ഛന്റെ മുഖത്തേക്കു നോക്കി.

അച്ഛൻ ഒരു കള്ളപ്പുഞ്ചിരിയോടെ കോലായത്തെമ്പിലേക്കു ചൂണ്ടി.

വലിയൊരു കിണ്ണത്തിൽ നിറച്ച വെള്ളത്തിൽ ഒരു വാത്തു നീന്തിക്കളിക്കുന്നു! പതിറ്റടിപ്പൂവിന്റെ നിറമുള്ള കൊക്കും, വെള്ളവസിപ്പൂവിന്റെ നിറമുള്ള കഴുത്തും, മേടയും ചിറകുകളും പ്രദർശിപ്പിച്ചുകൊണ്ട് കിണ്ണത്തിലെ വെള്ളത്തിൽ നൃത്തംചെയ്യുന്ന വാത്തിനെ കണ്ടപ്പോൾ ശ്രീധരന്റെ മിഴികളും വായും വിടർന്നുപോയി. മകന്റെ മുഖത്തെ അദ്ഭുതാഹ്ളാദം ആസ്വദിക്കുന്ന മട്ടിൽ, അച്ഛൻ സ്വയം താടിയുഴിഞ്ഞുകൊണ്ട് ആ കള്ളപ്പുഞ്ചിരിയോടു കൂടിത്തന്നെ മുഖം ചെരിച്ച് ഒന്നു നോക്കി......

പട്ടുകോണകവുമുടുത്തു നടന്ന നാളുകളിലെ സ്മരണകൾ മിക്കതും കാലത്തിന്റെ മൂടൽമഞ്ഞിൽ മങ്ങിമറഞ്ഞുപോയി. എന്നാൽ, എന്തുകൊണ്ടോ ഓട്ടുകിണ്ണത്തിലെ വെള്ളത്തിൽ വട്ടമിട്ടു നൃത്തംചെയ്യുന്ന വർണ്ണപ്പകിട്ടുള്ള ആ സെല്ലുലോയ്ഡ്വാത്തും കള്ളപ്പുഞ്ചിരിയോടുകൂടിയ അച്ഛന്റെ ആ ചെരിഞ്ഞ നോട്ടവും മനസ്സിൽ തങ്ങിക്കിടക്കുന്നു.

ഒരോണക്കാലം:
രാത്രി കന്നിപ്പറമ്പിലെ പഴയ ഓലപ്പുരയുടെ കോലായമൂലയിൽ പുൽപ്പായിൽ ചമ്രംപടിഞ്ഞിരുന്ന്, കുപ്പിവിളക്കിന്റെ പ്രകാശത്തിൽ നാലാംക്ളാസ്സിലേക്കുള്ള ശ്രീകൃഷ്ണചരിത്രം മണിപ്രവാളശ്ലോകങ്ങൾ ഉരുവിട്ടു പഠിക്കുകയാണ്.

"ചാടായി വന്നു ശകടാസുരൻതാൻ
ചാടാനൊരുമ്പെട്ടു മുകുന്ദഗാത്രേ........"

'ഡ്ണങ്-ഘം-ഠ്ണങ്-ഡ്ണങ്-ഖും-ഖും-ഖും........'

ഒരദ്ഭുതനാദം കർണ്ണങ്ങളെ ഉണർത്തി—ശകടാസുരനെ അവിടെ ചാടാൻ നിർത്തിക്കൊണ്ട് കൗതുകത്തോടെ മുഖമുയർത്തി ശ്രദ്ധിച്ചു.

'റ്ണങ്-റ്ണങ്-ഘ്രും-ഘ്രും-ഡ്ണങ്-ഖും-ഖും-ഖും.........'

ആ മോഹനസ്വരം വീണ്ടും കർണ്ണസിരകളെ കോൾമയിർക്കൊള്ളിക്കുന്നു.

പറമ്പിൽ, പടികെട്ടിയ മതിലിന്റെ മൂലയിലെ വാഴക്കൂട്ടത്തിനിടയിൽ നിന്നാണ് അത് ഒഴുകിവരുന്നത്. പക്ഷിയുടെ പാട്ടാണോ? മണ്ണട്ടയുടെ കരച്ചിലാണോ?...... കിളിയും നിലംപന്നിയുമൊന്നും അങ്ങനെ താളക്രമത്തിൽ തുടർച്ചയായി ചിലയ്ക്കുകയില്ല —പിന്നെ എന്താണീ കേൾക്കുന്നത്?

'ഡ്ണങ്-റ്ണങ്-റ്ണങ്-ഘ്രും-ഖും-ഖും-ഖും.....'

അതാ വാഴക്കൂട്ടങ്ങളുടെ ഇരുട്ടിൽനിന്നു കറുത്തൊരു രൂപം നീങ്ങി വരുന്നു! ശകടാസുരനോ?

ആ രൂപം മുറ്റത്തെത്തിയപ്പോൾ ആളെ മനസ്സിലായി; ആശ്വാസമായി.

കറുത്ത കോട്ടും തൊപ്പിയും ധരിച്ച അച്ഛൻ! നെഞ്ഞത്ത് എന്തോ ഒന്ന് ഏങ്കോണായി പിടിച്ചിരിക്കുന്നു.

അച്ഛൻ ഒരു കള്ളപ്പുഞ്ചിരിതുകിക്കൊണ്ട് ശ്രീധരന്റെ മുമ്പിൽ മുറ്റത്തു വന്നു നിന്ന് ഒരു പ്രകടനം നടത്തി: ഓണവില്ലുകൊട്ടൽ.

ഓണച്ചന്തയിൽ വിൽക്കാൻ കൊണ്ടുവന്ന വില്ലു കണ്ടപ്പോൾ ഒരെണ്ണം വാങ്ങി, മോനു സമ്മാനിക്കാൻ. ശ്രീധരനെ ഒന്നദ്ഭുതപ്പെടുത്താൻവേണ്ടി വാഴക്കൂട്ടങ്ങളുടെ മറവിൽ ഒളിച്ചുനിന്ന് ആദ്യം ഒരു കൊട്ടു കേൾപ്പിച്ചതായിരുന്നു.

ഓണവില്ല് എന്ന ആ നാടൻ വാദ്യോപകരണം ആദ്യമായിട്ടാണ് ശ്രീധരൻ കാണുന്നത്. തെങ്ങിൻപാത്തിയും മുളന്തണ്ടുംകൊണ്ടുണ്ടാക്കിയ ആ ഒഴുക്കൻവാദ്യയന്ത്രത്തിന്റെ മന്ദ്രമധുരസ്വനം ശ്രീധരനെ അദ്ഭുതാനന്ദ പരതന്ത്രനാക്കി.

അന്നു രാത്രി അമ്മ അത്താഴമുണ്ണാൻ വിളിച്ചിട്ടു കൂട്ടാക്കിയില്ല. ഓണ വില്ലുമടിച്ചുകൊണ്ട് മണിക്കൂറുകൾ കഴിച്ചു. ഓണവില്ല് ഒരു തോർത്തു മുണ്ടു കൊണ്ടു മൂടിപ്പുതപ്പിച്ചു തലയ്ക്കൽ വെച്ചിട്ടാണ് അന്ന് ഉറങ്ങാൻ കിടന്നത്....

പിന്നീട് എത്രയോ ഓണങ്ങൾ കഴിഞ്ഞു! ബാല്യവും കൗമാരവും കടന്നു പോയി. പറമ്പിലെ വാഴക്കൂട്ടത്തിൽനിന്ന് ഓണത്തപ്പനെപ്പോലെ അച്ഛൻ പ്രത്യക്ഷപ്പെട്ടതും തൊപ്പിയും കണ്ണടയും ധരിച്ച് തല ചെരിച്ചു പിടിച്ചുകൊണ്ടു മുറ്റത്തു നിന്നു തിരുതകൃതിയായി ഓണവില്ലു കൊട്ടിയതുമായ ആ രംഗം മനസ്സിൽ തങ്ങിനിൽക്കുന്നു. ആദ്യമായി കേട്ട ഓണവില്ലിന്റെ മന്ദ്രമധുര ക്വാണം ഇപ്പോഴും കർണ്ണങ്ങളിൽ മുഴങ്ങുന്നു— പുത്രവാത്സല്യത്തിന്റെ പുതുകീർത്തനഗാനംപോലെ....

"ചേടീഭവന്നിഖിലഖേടീകദംബവന-
വാടീഷു നാകിപടലീ
കോടീരചാരുതരകോടീ മണികിരണ-
കോടീകരംബിതപദാ
പാടീരഗന്ധികുചശാടീ കവിത്വപരി-

പാടീമഗാധിപസുതാ
ഘോടീ കുലാദധികധാടീമുദാരമുഖ-
വീടീരസേന തനുതാം......”

പുലർച്ചയ്ക്കു കോസടിയിൽ ഉറക്കുണർന്നു കിടക്കുമ്പോൾ താഴെനിന്ന് ഭക്തിരസനിഷ്യന്ദിയായ ആ ദേവീസ്തോത്രം ഇനി കേൾക്കുകയില്ല—കേട്ടു കേട്ടു ഹൃദിസ്ഥമാക്കിയ ആ മധുരകീർത്തനം.

പശ്ചാത്താപത്തോടെ ഓർത്തുപോകുന്നു.

ചില സായാഹ്നങ്ങളിൽ ഒറ്റയ്ക്കു കടപ്പുറത്തു ചെന്നിരുന്നു ജീവിത ചിന്തകളിൽ മുഴുകി സമയംപോകുന്നതറിയുകയില്ല.

രാത്രി എട്ടുമണിക്കുമുമ്പായി വീടടങ്ങിക്കൊള്ളണമെന്നാണ് അച്ഛന്റെ കൽപന. നേരം വൈകി ചെല്ലുമ്പോൾ—കന്നിപ്പറമ്പിലെ പടി കേറുമ്പോൾ—ഹൃദയം ഉച്ചത്തിൽ മിടിച്ചുതുടങ്ങും. കോലായിലെ ഈസിച്ചെയറിൽക്കിടന്ന് അച്ഛൻ വായിക്കുന്നുണ്ടാവും. (ഇംഗ്ലീഷ് വ്യാകരണവും ഇഡ്യങ്ങളും സംസ്കൃതസ്തോത്രങ്ങളുമാണ് പ്രിയപ്പെട്ട പാഠവിഷയങ്ങൾ.) മേശവിളക്കിന്റെ പ്രകാശത്തിൽ കണ്ണടച്ചില്ലുകൾ ഇടയ്ക്കിടെ മിന്നിക്കൊണ്ടിരിക്കും.

കള്ളനെപ്പോലെ തലയും താഴ്ത്തി പതുങ്ങിക്കൊണ്ടു കോലായിലേക്കു കേറുന്ന ശ്രീധരനെ കണ്ണടയിലൂടെ ഒന്നു ചെരിഞ്ഞുനോക്കും—ഉഗ്രശാസനയും മൗനശിക്ഷയും കൽപിക്കുന്നതായിരുന്നു ആ നോട്ടം.

ഇന്ന് ആ നോട്ടമൊന്നു കാണാൻ ഹൃദയം നൊമ്പരപ്പെടുന്നു.

രാത്രി കന്നിപ്പറമ്പിലെ പടി കേറുമ്പോൾ കോലായമൂലയിലെ ഈസിച്ചെയറിലേക്ക് ഓർക്കാതെ നോക്കിപ്പോകുന്നു. നെഞ്ചിടിപ്പോടു കൂടി....... കണ്ണടച്ചില്ലിന്റെ മിന്നലില്ല. ശൂന്യത.

ഒഴിഞ്ഞ കസേരയിലേക്കു നോക്കുമ്പോൾ കണ്ണുകൾ നിറയുന്നു.

അച്ഛൻ ഇടയ്ക്കെല്ലാം ശാസിക്കുമ്പോൾ, ശകാരിക്കുമ്പോൾ, അപൂർവ്വമായി അടിശിക്ഷ നൽകുമ്പോൾ, ചില നശിച്ച നിമിഷങ്ങളിൽ അച്ഛനെ ശപിച്ചിരുന്നില്ലേ... അച്ഛന്റെ കാലം കഴിഞ്ഞാൽ സ്വതന്ത്രനായി നടക്കാമല്ലോ എന്ന ഉപരിപ്ലവവിചാരം ഒളിപ്പിച്ചുവെച്ചിരുന്നില്ലേ—ഇല്ലേ—മനസ്സാക്ഷിയോടു ചോദിക്കു—

ആ അപരാധബോധം ഉണർന്നുവരുമ്പോഴത്തെ നൊമ്പരം അനുഭവിക്കു....

കോളേജിൽ സീനിയർ ഇന്റർമീഡിയറ്റ് ക്ളാസ്സിൽ പഠിക്കുന്ന കാലം.

ഒരു ഞായറാഴ്ച രാവിലെ അച്ഛൻ അരികെ വിളിച്ചു പറഞ്ഞു:

‘ശ്രീധരാ, നീ വേഗം കുളിച്ച് ഒരുങ്ങിക്കോ. ഒരു സ്ഥലത്തു പോകാനുണ്ട്. എന്റെ കൂടെ വരണം.’

എങ്ങോട്ടാണ്, എന്തിനാണ് എന്നൊന്നും ചോദിച്ചില്ല. അങ്ങനെ അങ്ങോട്ടു ചോദിക്കാറില്ല. പറഞ്ഞതനുസരിക്കുക—അത്രമാത്രം.

തോർത്തുമുണ്ടും സോപ്പുപെട്ടിയുമെടുത്തു കിണറ്റിൻകരയിലെ ഓലമറക്കുളിമുറിയിലേക്കു പോകുമ്പോൾ അമ്മയോടു ചോദിച്ചു: ‘അച്ഛൻ എന്നെ

എങ്ങോട്ടാണ പുറപ്പെട്ടവിക്കുന്നത്?'

അമ്മ സംഗതി പറഞ്ഞുതന്നു: "സ്ഥലത്തു പുതുതായി മാറ്റംവന്ന ഡിസ്ത്രിക്ട് മുൻസിഫ് അച്ഛന്റെ ഒരു പൂർവ്വവിദ്യാർത്ഥിയാണത്രേ. അദ്ദേഹത്തെ ചെന്നു കാണാനാണ പോകുന്നത്.'

'അതിന്ന ഞാനെന്തിനാണ കൂടെപ്പോകുന്നത്?'

'എനിക്കറിഞ്ഞുകൂടാ—നെന്നെ മയിശേ്രട്ടന് ഒന്നു കാണിക്കാനായിരിക്കും. നെക്കൊരുദ്യോഗം കിട്ടാൻ...' അമ്മ ഗൗരവത്തോടെ പറഞ്ഞു.

അച്ഛന്റെ കൂടെ ഒരുങ്ങിപ്പുറപ്പെട്ടു. വഴിക്കുവെച്ച് അച്ഛൻ ഉപദേശിച്ചു. മുൻസിഫിന്റെ അടുത്തേക്കാണ പോകുന്നത്. അവിടെച്ചെന്നാൽ ആദരവോടും അച്ചടക്കത്തോടുംകൂടി പെരുമാറണം. കുഞ്ഞിരാമൻ എന്റെ പഴയ സ്റ്റുഡൻറാണെങ്കിലും ഇപ്പോൾ ഉന്നതാധികാരത്തിലിരിക്കുന്ന ഒരു ഗവൺമെന്റുദ്യോഗസ്ഥനാണെന്ന് ഓർമ്മവേണം. ഉത്തരം പറയുമ്പോൾ സേർ എന്നു കൂട്ടിച്ചേർക്കണം. ഇരിക്കാൻ പറഞ്ഞാലും ഇരിക്കരുത്. വെറുതെ നിൽക്കുമ്പോൾ കൈനഖം കടിക്കരുത്. മുൻസിഫ് ഇംഗ്ലീഷിൽ എന്തെങ്കിലും ചോദിച്ചാൽ പരിഭ്രമിച്ചു മിഴിച്ചു മിണ്ടാതെ നിൽക്കരുത്. ഗ്രാമർ തെറ്റിയാലും സാരമില്ല. നല്ല ഉച്ചാരണശുദ്ധിയോടെ ഉടൻ ഉത്തരം കൊടുക്കണം—ചോദ്യം മനസ്സിലായില്ലെങ്കിൽ 'ഐ ബെഗ് യുവർ പാർഡൺ സേർ' എന്നു വളരെ പൊളൈറ്റായി പറയണം...

നല്ലൊരു കുടുക്കുമസാലയിലാണ പെട്ടിരിക്കുന്നത്.

അങ്ങനെ അച്ഛനും മകനും കുഞ്ഞിരാമൻമുൻസിഫിന്റെ ഗൃഹത്തിലെത്തി.

വേലക്കാരൻ അകത്തുനിന്ന് എത്തിനോക്കി അന്വേഷിച്ചു: 'ആരാണെന്നാണ പറയേണ്ടത്?'

അച്ഛൻ ഒരുകഷണം കടലാസിൽ പേരെഴുതിക്കൊടുത്തയച്ചു.

വേലക്കാരൻ തിരിച്ചുവന്ന് അറിയിച്ചു: 'അകത്തേക്കു ചെല്ലാൻ പറഞ്ഞിരിക്കുന്നു.'

തളത്തിൽ ഒരു തുണിക്കസേരയിൽക്കിടന്ന് 'ഹിന്ദു' പത്രം വായിക്കുകയായിരുന്നു മുൻസിഫ്. മൽമുണ്ടും മുറിക്കൈയൻഷർട്ടും ധരിച്ച വെളുത്തു മെലിഞ്ഞൊരു മദ്ധ്യവയസ്കൻ.

കൃഷ്ണൻമാസ്റ്ററെ കണ്ടപ്പോൾ പൂർവ്വശിഷ്യൻ ആദരവോടെ എഴുന്നേറ്റു കൈകൂപ്പി.

'യൂ സിറ്റ് ഡൗൺ, സിറ്റ് ഡൗൺ.' മാസ്റ്റർ ആംഗ്യംകാട്ടി പറഞ്ഞു. അരികെ കണ്ട കൈയില്ലാത്ത കസേരയിൽ ആസനസ്ഥനായി.

മുൻസിഫ് തന്റെ ഒഴിഞ്ഞ തുണിക്കസേര ചൂണ്ടിക്കാട്ടി വിനയത്തോടെ പറഞ്ഞു. 'സേർ ഇവിടെയിരിക്കു.'

മാസ്റ്റർ സ്വൽപം ശങ്കിച്ചു. പിന്നെ ഓൾറൈറ്റ് എന്നും പറഞ്ഞ് മുൻസിഫിന്റെ തുണിക്കസേരയിലേക്കു മാറി ഇരുന്നു. ശ്രീധരന്റെ മുഖത്തേക്ക് അർത്ഥഗർഭമായൊന്നു നോക്കി: 'ഗുരുഭക്തി എന്താണെന്നു കണ്ടു പഠിക്ക്.'

മുൻസിഫ് കൈയില്ലാക്കസേരയിൽ ഒതുങ്ങിയിരുന്നു.

'ദിസ് ഈസ് മൈ സൺ, ഹി ഈസ് സ്റ്റഡിയിങ് ഇൻ സീനിയർ ഇന്റർമീഡ്യറ്റ് —' മകനെ മുൻസിഫിനു പരിചയപ്പെടുത്തിക്കൊടുത്തു. (മുൻസിഫായിത്തീർന്ന ശിഷ്യനെപ്പറ്റി അഭിമാനിക്കുന്നപോലെ, ഇന്റർമീഡ്യറ്റിൽ പഠിക്കുന്ന മിടുക്കനായ

മകനെപ്പറ്റിയും അഭിമാനമുണ്ടെന്ന ഒരു ഭാവം ആ പരിചയപ്പെടുത്തലിൽ പ്രകടമായിരുന്നു.)

‘കുട്ടിയുടെ പേരെന്താണ്?’ മുൻസിഫ് ശ്രീധരന്റെ നേർക്ക് തിരിഞ്ഞ് വളരെ സൗമ്യമായ മലയാളത്തിൽ ചോദിച്ചു.

‘ശ്രീധരൻ, സേർ.’ (ആദ്യമോ ഒടുവിലോ സേർ പറയേണ്ടത് എന്നൊരു സംശയം.)

മാസ്റ്ററും പഴയ ശിഷ്യനും പലതും അന്യോന്യം അന്വേഷിച്ചറിഞ്ഞു. പഴയ കാലത്തെ ചില സംഭവങ്ങൾ അനുസ്മരിച്ച് പലതും സംസാരിച്ചു.

‘നൗ ലെറ്റ് മീ ഹ്യർ, യു സേ അലക്സാണ്ടർ.’

മാസ്റ്റർ മുഖത്തു കൃതിമഗൗരവം വരുത്തി പഴയ ശിഷ്യനോടു കൽപിച്ചു.

അതു കേട്ടു മുൻസിഫ് കണ്ണിറുക്കിക്കൊണ്ടു കുറേനേരം ചിരിച്ചു.

‘സേർ, വെവ്വന്നെവർ ഐ കം എക്രോസ് അലക്സാൻഡർ യുവർ വാഷർ മെൻ അപ്പിയർ ബിഫോർ മീ....”

അതു കേട്ട് കൃഷ്ണൻമാസ്റ്റർ പൊട്ടിപ്പൊട്ടിച്ചിരിച്ചു.

അവർ ചിരിക്കാൻ കാര്യമെന്തെന്ന് ശ്രീധരനു പിടികിട്ടിയില്ല.

കർട്ടൻ തൂക്കിയിട്ട വാതിൽപ്പടിക്കു മുകളിൽ ചുമരിൽ കണ്ണാടിക്കൂട്ടിലാക്കി തറച്ചുവച്ച വലിയൊരു പടത്തിലേക്കു ശ്രീധരന്റെ ദൃഷ്ടി പതിഞ്ഞു. കുടുമ കെട്ടിവച്ച് കാതിൽ വെള്ളിക്കടുക്കനിട്ട് കറുത്തുമെലിഞ്ഞ അർദ്ധനഗ്നനായൊരു കിഴവൻ സിംഹാസനംപോലുള്ള ഒരു ഗംഭീരൻ കസേരയിൽ കുനിയിരുന്നു തുറിച്ചു നോക്കുന്നു...മുൻസിഫിന്റെ തന്തയായിരിക്കും, ശ്രീധരൻ ഊഹിച്ചു.

‘ശ്രീധരൻ, നൗ യു ഗോ ഔട്ട് ആൻഡ് ഹേവ് ഏ ലുക്ക് അറ്റ് ദി ബ്യൂട്ടി ഫൾ ഫ്ളവർ ഗാർഡൻ—" അച്ഛൻ ശ്രീധരനെ നോക്കി പറഞ്ഞു.

ശ്രീധരൻ അനുസരണഭാവത്തിൽ പുറത്തേക്കു നീങ്ങി. സംഗതി മനസ്സിലായി. അച്ഛനു ശിഷ്യൻ മുൻസിഫിനോട് എന്തോ പ്രൈവറ്റായി സംസാരിക്കാനുണ്ട്—മകന്റെ കാര്യംതന്നെയായിരിക്കും.

ശ്രീധരൻ തോട്ടത്തിലെ റോസ്പൂക്കളുടെ വർണ്ണകൗതുകം നോക്കിക്കൊണ്ടു സമയംകഴിച്ചു.

മുൻസിഫിന്റെ വീട്ടിൽനിന്നു മടങ്ങുമ്പോൾ വഴിക്കുവച്ച് അച്ഛൻ പറഞ്ഞു: “ശ്രീധരാ, നീ ബി. ഏ. പാസ്സായാൽ ഉടനെ നിനക്കു കോർട്ടിൽ ഒരു ഉദ്യോഗം ഉറച്ചു. കുഞ്ഞിരാമൻ വെറും ബി. ഏ. യാണ്. കോർട്ടിൽ ഒരു ക്ളർക്കായിച്ചേർന്ന്, ബുദ്ധിസാമർത്ഥ്യംകൊണ്ടും സ്ഥിരപരിശ്രമംകൊണ്ടും സേവനശുഷ്കാന്തികൊണ്ടും മേലധികാരികളായ വെള്ളക്കാരുടെ പ്രീതി സമ്പാദിച്ച് വേഗം ഉയർന്നു മുൻസിഫായി—യോഗമുണ്ടെങ്കിൽ നിനക്കും...’

അച്ഛൻ പറഞ്ഞതു പൂർത്തിയാക്കിയില്ല.

ശ്രീധരൻ ആ സമസ്യ മനസ്സിൽ പൂരിപ്പിച്ചു: ‘ശ്രീധരൻമുൻസിഫ്’. (നടുക്കോ ഒടുവിലോ ബി. ഏ. ചേർക്കേണ്ടത് എന്നൊരു സംശയം.)

‘നീ വെയിൽകൊണ്ടു നടക്കണ്ടാ —അച്ഛന്റെ കുടയുടെ തണലിൽ നടന്നോ—’

പിന്നിൽ നീങ്ങുന്ന മകനെ അരികെച്ചേർത്തു നടത്തി.

അങ്ങനെ റോഡിലൂടെ നീങ്ങുമ്പോൾ ശ്രീധരൻ ചോദിച്ചു.

"അച്ഛനും മുൻസിഫും ഒരു അലക്സാണ്ടറുടെ കാര്യം പറഞ്ഞു ചിരിച്ചതെന്തിനായിരുന്നു?'

'ഓ, അതു പഴയൊ"രു സംഭവമാണ്.' അച്ഛൻ ഓർത്തു തനിയെ ചിരിച്ചുകൊണ്ടു പറഞ്ഞു: കുഞ്ഞിരാമൻ—മുൻസിഫ്—എന്റെ ക്ളാസ്സിലെ മിടുക്കനായ ഒരു കുട്ടിയായിരുന്നു. പക്ഷേ, അവന്റെ ഇംഗ്ലീഷുച്ചാരണം മോശമായിരുന്നു. ചിലപ്പോൾ അബദ്ധവും —'അലക്സ്സാൻഡർ സെൽക്കർക്ക്' എന്ന ഇംഗ്ലീഷ് പദ്യത്തിലെ അലക്സ്സാൻഡറെ 'അലസ്കാൻഡർ' എന്നേ കുഞ്ഞിരാമൻ ഉച്ചരിക്കയുള്ളൂ. എത്ര പഠിപ്പിച്ചാലും കുഞ്ഞിരാമന്റെ നാക്കിൽ നിന്ന് അലസ്കാൻഡറേ വരൂ. ഒടുവിൽ ഞാനൊരു സൂത്രം പറഞ്ഞു കൊടുത്തു. അലക്കുകാരെ ഓർത്ത് ഉച്ചരിക്കാൻ. 'അലക്ക്—സാൻഡർ—' കുഞ്ഞിരാമൻ ഒപ്പിച്ചു വിജയിച്ചു—അതു സൂചിപ്പിച്ചു കൊണ്ടാണ് മുൻസിഫ് പറഞ്ഞത്, അലക്സാൻഡറെ കാണുമ്പോൾ മുമ്പിൽ മാസ്റ്ററുടെ അലക്കുകാർ ഹാജരാകാറുണ്ടെന്ന്...'

അങ്ങനെ ശിഷ്യൻ അലസ്കാൻഡർ കുഞ്ഞിരാമൻ മുൻസിഫായി— താൻ ഉത്തുംഗപ്രതീക്ഷകൾ നിക്ഷേപിച്ചിരുന്ന മകൻ ശ്രീധരനോ?

ഒന്നുമായില്ല—ഇന്റർപരീക്ഷപോലും പൂർത്തിയാക്കിയില്ല—

ആ ചിന്ത മനസ്സിലേൽപ്പിച്ച വിഷാദഭാരം പുറത്തുകാട്ടാതെ അച്ഛൻ കൊണ്ടു നടന്നു....ആ ഭാരം മനസ്സിലൊതുക്കിക്കൊണ്ടുതന്നെ ഒന്നും മിണ്ടാതെ മരണമടയുകയുംചെയ്തു.

'കന്നിപ്പറമ്പിലെ കൃഷ്ണൻമാസ്റ്ററുടെ മകൻ' എന്ന മാന്യമായൊരു അഡ്രസ്സ് മാത്രമുണ്ട്, ശ്രീധരന്.....

മറ്റൊരു സംഭവം:

കോളേജിൽ പഠിക്കുന്നകാലത്തു തന്നെ.

അതിരാണിപ്പാടത്തെ ആശാരി വേലായുധന്റെ മൂത്ത ഭാര്യ മാളൂക്കുട്ടി അപസ്മാരദണ്ണമിളകിക്കിടക്കുന്നു. പുരയിൽ ഇളയവൾ—ചെറിയമ്മു—മാത്രമേയുള്ളൂ. വേലായുധൻ, റെയിൽവേ കൺട്രാക്ടർ കൃഷ്ണൻകുട്ടി തീർപ്പിച്ച പുതിയ മാളികവീട്ടിന്റെ കുറ്റപൂജഅടിയന്തരത്തിനു പോയിരിക്കയാണ്. അടിയന്തരം കഴിഞ്ഞു പാതിരയ്ക്കേ ആശാരി മടങ്ങിയെത്തുകയുള്ളൂ.

ആശാരിച്ചി ചെറിയമ്മു കന്നിപ്പറമ്പിൽ വന്നു സങ്കടം പറഞ്ഞു:

'മാളൂക്കുട്ട്യേടത്തി കുറുക്കന്റെ ദണ്ണെളകിക്കിടക്കാണ്...ഓലോട്, ഒന്നു ചെന്നു പറയാൻ ആരുല്യാ.....'

കൃഷ്ണൻമാസ്റ്റർ ശ്രീധരനെ വിളിച്ചു. ശ്രീധരൻ മാളികമുറിയിലിരുന്നു പഠിക്കുകയായിരുന്നു. സമയം എട്ടുമണി.

'മോനേ, വേലായുധന്റെ ആശാരിച്ചി ഹിസ്റ്റീരിയ ഇളകിക്കിടക്കുകയാണ്. കൺട്രാക്ടർ കൃഷ്ണൻകുട്ടിയുടെ വീടിന്റെ കുറ്റപൂജയ്ക്കു പോയിരിക്കയാണ് ആശാരി. നീ അവിടെപ്പോയി ആശാരിയെക്കണ്ടു വിവരം പറയണം. വേഗം പൊയ്ക്കോ—പാവം

ആശാരിച്ചി......'

കുറ്റപൂജ നടക്കുന്ന പുതിയ വീട്ടിലേക്ക്—അതും ആ ഏഭ്യൻ കൃഷ്ണൻ കുട്ടിയുടെ വീട്—കേറിച്ചെല്ലാൻ ശ്രീധരനു നന്നേ വൈമനസ്യമുണ്ടായിരുന്നു. അച്ഛന്റെ കൽപനയല്ലേ?—പാവം ആശാരിച്ചിയും!

അതിരാണിപ്പാടത്തുനിന്ന് രണ്ടുമൈൽ ദൂരെ റെയിൽപ്പാതയ്ക്കടുത്താണ് കൺട്രാക്ടർ കൃഷ്ണൻകുട്ടി പണിതീർപ്പിച്ച കൂറ്റൻ മാളികഭവനം. കൃഷ്ണൻകുട്ടിയുടെ ഫാദർ ഇൻ ലാ കമ്പപ്പള്ളേൻ ചാപ്പുണ്ണി അധികാരിയുടെ മേൽനോട്ടത്തിൽ കുറ്റപൂജയടിയന്തരം ഗംഭീരമായി നടക്കുന്നു. പണിയെടുത്ത് ആശാരിമാർക്കു സാധാരണ അവകാശങ്ങൾക്കും ദാനങ്ങൾക്കും പുറമേ ഓരോ വെള്ളിക്കോൽ—ശുദ്ധവെള്ളികൊണ്ടു നിർമ്മിച്ച മുഴക്കോൽ—പ്രത്യേകസമ്മാനമായി നൽകുന്ന ചടങ്ങു നടക്കുമ്പോഴാണ് ശ്രീധരൻ സ്ഥലത്തെത്തിയത്. പടിക്കൽ കാത്തുനിന്നു. കുറച്ചു കഴിഞ്ഞ് ആൾക്കൂട്ടത്തിൽനിന്നു വേലായുധനാശാരിയെ വിളിച്ചുവരുത്തി വിവരം പറഞ്ഞു.

വെള്ളിക്കോലും കക്ഷത്തിൽ വെച്ച്, ആശാരി, അപസ്മാരപ്പണിക്കരുടെ പുരയിലേക്കോടി. ശ്രീധരൻ അതിരാണിപ്പാടത്തേക്കു മടങ്ങി.

റോഡിൽനിന്നു കന്നിപ്പറമ്പിലേക്കുള്ള ഇടവഴിയിറങ്ങുന്ന കുത്തുകല്ലിനടുത്തെത്തിയപ്പോൾ അവിടെ ഇരുട്ടത്ത് ഒരാൾ അനങ്ങാതെ നിൽക്കുന്നു.

'ശ്രീധരാ—'

അച്ഛൻ!

ഉലക്കയോളം വലുപ്പമുള്ള ഒരു ഓലച്ചൂട്ട് കൈയിൽ പൊക്കിപ്പിടിച്ചിട്ടുണ്ട്.

ശ്രീധരൻ വരുന്നതും നോക്കി നിൽക്കുകയാണ്.

'ചൂട്ടും വെളിച്ചവും ഒന്നുമില്ലാതെയാണ് ഇടവഴിയിലൂടെ നിന്റെ പോക്കെന്നെനിക്കറിയാം—നീ പോയപ്പോഴാണു ഞാൻ ഓർത്തത്, രാവിലെ ഈ ഇടവഴിയിൽ ഞാൻ ഒരിഴയുന്നതിനെ കണ്ടിരുന്നു. സൂക്ഷിക്കണം.......' അച്ഛൻ ചൂട്ടുകത്തിച്ചു.

ശ്രീധരനെ പിന്നിലാക്കി ചൂട്ടു ജ്വലിപ്പിച്ചുകൊണ്ട് അച്ഛൻ മുന്നിൽ നടന്നു. കുനിഞ്ഞുനിന്നു നിലത്തെ ഓരോ അടിയും ചൂട്ടുവീശി സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടാണ് മെല്ലെ നീങ്ങിനീങ്ങി അങ്ങനെ കന്നിപ്പറമ്പിലെത്തിയത്......

ഇമ്മാതിരി നിസ്സാരസംഭവങ്ങൾ സ്മരണകളിൽ കത്തിജ്ജ്വലിച്ചു കാണുന്നതെന്തുകൊണ്ട്?

ഇപ്പോൾ ജീവിതത്തിലെ അജ്ഞേയമായ ഇരുട്ടിൽ അപകടമേഖലകളോടടുക്കുമ്പോൾ ചൂട്ടുമിന്നിച്ചുകാട്ടാൻ ആരുണ്ട്.....

അപ്പോൾ മാറത്തു വലിയൊരു പുസ്തകക്കെട്ടും അടുക്കിപ്പിടിച്ചു കൊണ്ട് ഒരാൾ പടികേറിവരുന്നു. സൂക്ഷിച്ചുനോക്കി. മുനിസിപ്പൽ ബിൽ കലക്ടരാണ്.

പുതിയ ആളാണ്. പഴയ ശങ്കുണ്ണിമേനോനു പകരം വന്ന ഒരു മുസ്ലീം യുവാവ്.

ആകൃതിയിലും ഉടുപ്പിലും നടപ്പിലും —സ്വഭാവത്തിലും —കൃഷ്ണൻ മാസ്റ്ററുടെ തനിപ്പകർപ്പായിരുന്ന ശങ്കുണ്ണിമേനോനെ ഓർത്തു പോയി.

ശങ്കുണ്ണിമേനോനും ഇന്ന് ഈ ലോകത്തിലില്ല. ആ മാന്യൻ തൂങ്ങി മരിച്ചു.

മുനിസിപ്പൽ ആപ്പീസിലെ ഒരു സഹപ്രവർത്തകൻ ആപൽക്കരമായ സാമ്പത്തികക്കുടുക്കിൽപ്പെട്ടപ്പോൾ ശങ്കുണ്ണിമേനോൻ അയാളെ വിശ്വസിച്ചു നികുതിപ്പണമെടുത്തു സഹായിച്ചു. ആ ചങ്ങാതി ചതിച്ചു. പണാപഹരണം, വിശ്വാസവഞ്ചന എന്നീ കുറ്റങ്ങൾ ശങ്കുണ്ണിമേനോന്റെ നേർക്കു തിരിഞ്ഞു — പിരിച്ചുവിടപ്പെട്ടു. ജോലിയും പോകും, ജയിലിൽ കിടക്കേണ്ടിയും വരും എന്നോർത്തപ്പോൾ ആ സാധുമനുഷ്യൻ ആറുമുഴം കയറിൽ ജീവിതമവസാനിപ്പിച്ചു......

നികുതിയടവുനോട്ടീസും കീറിത്തന്ന് ബിൽകലക്ടർ പടിയിറങ്ങിപ്പോയി. ശ്രീധരൻ ആ നോട്ടീസിലേക്കു കണ്ണയച്ചു:

കന്നിപ്പറമ്പിലെ ഓടിട്ട മാളികവീടിനുള്ള നികുതി അറിയിപ്പ്: 'ശ്രീ. ചേനക്കോത്തു കൃഷ്ണന്.'

# 31. അതിരാണിപ്പാടമേ, വിട!

കന്നിപ്പറമ്പിലെ തെക്കേക്കണ്ടത്തിലെ പൂളമരത്തിൽനിന്ന് കാക്കകൾ പൂന്തേൻ കുടിക്കുന്നതും നോക്കി നിൽക്കുകയാണ്, ശ്രീധരൻ—ഇന്നലെ അവസാനമായി അച്ഛൻറെ ബലിപിണ്ഡമുണ്ട കാക്കകൾതന്നെയായിരിക്കും, ചിറകുകൾ തെല്ലൊന്നു വിടർത്തി പൂളക്കൊമ്പിൽ നൃത്തംവെച്ചു കൊണ്ട് ആർത്തിയോടെ മധുപാനംചെയ്യുന്നത്. കൃഷ്ണൻമാസ്റ്ററുടെ പുലകുളിയടിയന്തിരം കഴിഞ്ഞതിൻറെ പിറ്റേന്നാളാണ്.

മനുഷ്യരിലെന്നപോലെ വൃക്ഷങ്ങളിലുമുണ്ട്, ചില വിശിഷ്ട വ്യക്തികൾ—അങ്ങനെ വ്യക്തിപ്രഭാവം പ്രദർശിപ്പിക്കുന്ന ഒരു വൃക്ഷമാണ് ദീർഘായുഷ്മാനായ പൂള(ഇലവ്). പൂളയുടെ കവരങ്ങൾക്കു കലാപരമായൊരു പ്രത്യേകത കാണാം. മേൽപ്പോട്ടോ കോണുകളിലേക്കോ അല്ല അവയുടെ പോക്ക്, മിക്കവാറും ഭൂമിക്കു സമവിതാനത്തിലാണ്. ഒരു നർത്തകൻറെ ഹസ്തമുദ്രപോലെ, വർണ്ണവൈവിധ്യം പുലർത്തുന്ന ജീവിതമാണ്. പൂള ഓരോ ഋതുവിലും മാറിമാറി വേഷംകെട്ടുന്നു. പുതുമഴ കഴിഞ്ഞാൽ നിറയെ തളിർത്തു കാണാം. ശാൽമലിയുടെ കൊഴുത്തു മിനുത്ത പച്ചിലകൾ ശരൽക്കാലക്കാറ്റിൽ നൃത്തംവയ്ക്കുന്നു. ഹേമന്തത്തിൽ ഇലകളെല്ലാം കൊഴിഞ്ഞ്, തടിച്ചു തുടുത്ത പവിഴത്താലങ്ങൾ പോലുള്ള ദളങ്ങളോടു കൂടിയ വലിയ പൂക്കൾ പ്രദർശിപ്പിച്ചു നിലകൊള്ളുന്നു. കുളിരും മഞ്ഞും കലർന്ന ശിശിരപ്പുലരികളിൽ പൂളയുടെ നഗ്നമായ നരച്ച കവരങ്ങളിൽ കൽക്കരിയുടെ നിറമുള്ള കാക്കകൾ വന്നിരുന്നു പവിഴത്താലങ്ങളിൽനിന്നു തേൻ കവർന്നു കുടിക്കുന്നതു കൗതുകകരമായൊരു കാഴ്ചയാണ്. രണ്ടു മാസം കഴിഞ്ഞു വസന്തമായാൽ, ശിഖരങ്ങളിൽ മരതകമണികൾപോലുള്ള ഉന്നക്കായ്കൾ തൂങ്ങിനിൽക്കുന്നതു കാണാം. പിന്നെ വേനൽക്കാലത്തു കായ്കൾ ഉണങ്ങിപ്പൊട്ടി അന്തരീക്ഷത്തിൽ പഞ്ഞിപ്പുഞ്ചിരി വാരിവിതറുന്നു...

'മ്ങേയേം....ഊം....'—ഒരു ദയനീയരോദനം. ശ്രദ്ധിച്ചു: പടിഞ്ഞാറേ പറമ്പിൽനിന്നാണ്. കുട്ടാപ്പുവിൻറെ പഴയ പുരത്തറമൂലയിൽനിന്ന്—പാമ്പിൻറെ വായിൽപ്പെട്ട തവളയുടെ പ്രാണരോദനമാണ്.....

കുട്ടാപ്പുവിൻറെ അശ്രീകരംപിടിച്ച പുരത്തറയും കൊച്ചിനിലവും കൊല്ലങ്ങൾ കഴിഞ്ഞിട്ടും അങ്ങനെതന്നെ സ്ഥിതിചെയ്യുന്നു. തറയും ചുറ്റുപാടുമുള്ള നിലവും കാടുമൂടിക്കിടക്കുകയാണ്. അപ്പയും തുമ്പയും തൊട്ടാവാടിയും പന്നച്ചെടികളും—കുട്ടാപ്പു പറമ്പുപരിശോധനയ്ക്കു വന്നിട്ട് എത്രയോ മാസങ്ങളായി! എന്തുപറ്റി കുട്ടാപ്പുവിന്? —ക്ഷയരോഗം മൂർച്ഛിച്ചു തീരെ കിടപ്പിലായോ, അല്ല കാഞ്ഞുപോയോ?

'മ്ങ്യാം'—തവളയുടെ നിലവിളിയുടെ ഊക്കും ഈണവും ക്ഷയിച്ചു വരുന്നു; പാമ്പു തവളയെ പകുതിയും വിഴുങ്ങിക്കളഞ്ഞിട്ടുണ്ടാവും...

കുട്ടാപ്പുവിൻറെ പറമ്പിൻമൂലയിൽ പന്നച്ചെടിപ്പടർപ്പുകൾക്കിടയിൽ പനിച്ചകപ്പൂക്കൾ വിടർന്നുനിൽക്കുന്നു. ഇളംമഞ്ഞനിറമുള്ള ദളങ്ങളും ഉള്ളിൽ കടുത്ത ഊതനിറത്തിലുള്ള വൃത്തവും ചേർന്നു കാണാൻ നല്ല ചേലുള്ള പനിച്ചകപ്പൂക്കൾ പറിക്കുമ്പോൾ

സൂക്ഷിക്കണം. പൂവിന്റെ മുട്ടിൽ ഒരു പിൻ കുഷ്യൻ പ്രതിഷ്ഠിച്ചിട്ടുണ്ട്. കുട്ടിക്കാലത്തു പനിച്ചകപ്പൂക്കൾ പറിച്ച് ഇതളുകളുടെ കീഴ്ഭാഗത്തെ സൂര്യകാന്തിപ്പൊട്ട് ഇരുമ്പുമോതിരംകൊണ്ടു പ്രസ്സ് ചെയ്തു ചെറിയ വട്ടുകളാക്കി നെറ്റിയിൽ പറ്റിച്ചു നടക്കാറുണ്ടായിരുന്നത് ഓർത്തുപോയി......

'പ്ഥും-കു...പ്ഥും-കു...പ്ഥും-കു.'

തോടിന്റെ വടക്കേക്കരയിലെ ഈർച്ചക്കാരൻ വേലുമൂപ്പരുടെ പുരമുറ്റത്തു നിന്നാണ് ആ പറയടിയും കുക്കിവിളിയും കേട്ടത്. സംഗതി മനസ്സിലായി. വേലുമൂപ്പരുടെ മകൻ ദാമോദരന്റെ ഭാര്യ മാണിക്യം പത്തും തികഞ്ഞ വയറുമായി നീങ്ങുന്നതു കാണാറുണ്ടായിരുന്നു. മാണിക്യം പ്രസവിച്ചു! പേററിയിപ്പാണ് അക്കേട്ടത്. പെരുമട്ടൽകൊണ്ടു നിലത്തു തല്ലലും കുക്കി വിളിയും. ആൺകുഞ്ഞാണ്—അതിന്റെ സൂചനയാണ് ആ കുക്കിവിളി—പിറന്നതു പെൺകുഞ്ഞാണെങ്കിൽ കുക്കിവിളിയുണ്ടാവുകയില്ല. വെറും തല്ലു മാത്രം—മിണ്ടാതെ മൂന്നുപ്രാവശ്യം.

അങ്ങനെ ഈർച്ചക്കാരൻ വേലുമൂപ്പർ ഇന്നൊരു മുത്തച്ഛനായി. പടച്ചി ഉണ്ണൂലിയമ്മ ഒരു മുത്തശ്ശിയായി.

ഏഴു പെറ്റ ഉണ്ണൂലിത്തള്ളയ്ക്കു രണ്ടെണ്ണത്തിനെ മാത്രമേ കൗമാരദശ കഴിഞ്ഞു കിട്ടിയുള്ളൂ. ബാലനും ദാമോദരനും. ബാലൻ നാടുവിട്ടു പൊയ്ക്കളഞ്ഞു. ഒരു വിവരവും ഇല്ല. ദാമോദരൻ വെള്ളക്കാരുടെ ബാങ്കിലെ പ്യൂണാണ്. ('മെസ്സഞ്ചർ' എന്നാണതേ്ര ഔദേ്യാഗികനാമം.) മാറത്ത് ബാങ്കിന്റെ പേർ ചുവന്ന ലിപികളിൽ തുന്നിപ്പിടിപ്പിച്ച കാക്കി യൂനിഫോറവും, പച്ച റാലി സൈക്കിളുമൊക്കെയുണ്ട് ദാമോദരന്. യൂനിഫോറമണിഞ്ഞു വിലസാനുള്ള ഭാഗ്യം കിട്ടിയ ആദ്യത്തെ അതിരാണിപ്പാടത്തുകാരനാണ് ദാമോദരൻ.

അപ്പോൾ കണ്ടു ആരോ കന്നിപ്പറമ്പിലെ പടികേറി വരുന്നത്. സൂക്ഷിച്ചു നോക്കി: ശങ്കുണ്ണിക്കമ്പൗണ്ടർ.

തടിച്ചു മുണ്ടനായ ശങ്കുണ്ണിക്കമ്പൗണ്ടറുടെ ഉടുപ്പിനും നടപ്പിനും പഴയ കാലത്തേതിൽനിന്ന് ഒരു മാറ്റവും വന്നിട്ടില്ല. കുടവയറിനും ഷർട്ടിന്നും മീതേ മൽമുണ്ടു ചുറ്റി രണ്ടു കൈയും അസാരം പൊക്കി അകറ്റിപ്പിടിച്ചു ധൃതിയോടെ ആടിയാടിക്കൊണ്ടാണ് മുറ്റത്തു വന്നത്. എന്നാൽ കമ്പൗണ്ടറുടെ തടിച്ചുവീർത്ത വട്ടമുഖത്തിന് ആകപ്പാടെ ഒരു നിറമാറ്റം സംഭവിച്ചിട്ടുണ്ട്. ഇരു കവിളത്തും കൺപോളകൾക്കു കീഴെയും വൃത്തികെട്ട ഒരു കറുപ്പു ബാധിച്ചിരിക്കുന്നു; ചില സ്ത്രീകളുടെ മുഖത്തു പിടിപെടാറുള്ള കരിമംഗല്യം പോലെ.

ശങ്കുണ്ണിക്കമ്പൗണ്ടർ ഇന്നലെ അച്ഛന്റെ പുലകുളിയടിയന്തിരത്തിനു മറ്റ് അയൽപക്കക്കാരോടൊപ്പം സന്നിഹിതനായിരുന്നുവെന്നു മാത്രമല്ല, കുമ്പയ്ക്കു മീതേ ഒരു തോർത്തും ചുറ്റിക്കെട്ടി സദ്യയ്ക്കു വിളമ്പാൻ സഹായിക്കുകയും ചെയ്തിരുന്നു. മൂപ്പർ ഇപ്പോൾ ഇങ്ങോട്ടു വന്നതിന്റെ ഉദ്ദേശമെന്തായിരിക്കും?

മുറ്റത്തേക്കു ചെന്നു കമ്പൗണ്ടറെ ലോഗ്യഭാവത്തിൽ സ്വീകരിച്ച് ഇരിക്കാൻ കോലായിലേക്കു ക്ഷണിച്ചു.

കമ്പൗണ്ടർ ഈസിച്ചെയറിൽ ആസനസ്ഥനായി.

"ശ്രീധരന്റെ വലേ്യട്ടനിലേ്ല ഇവിടെ?" മൂക്കും മുറിമീശയും ചുളിച്ചു

പിടപ്പിച്ചുകൊണ്ട് കമ്പൗണ്ടറുടെ ചോദ്യം. (മുറിമീശ മുക്കാലും നരച്ചിരിക്കുന്നു.)

"വലേ്യട്ടനിവിടെയില്ല. രാവിലെ പുറത്തേക്കെങ്ങോട്ടോ പോയിരിക്കയാണ്."

(അച്ഛൻറെ മരണവാർത്തയ്ക്ക് ശ്രീധരൻറെ കമ്പി കിട്ടിയ അന്ന് തമിഴ്നാട്ടിൽനിന്നു പുറപ്പെടാൻ കഴിഞ്ഞില്ല കുഞ്ഞപ്പുവിന്. വണ്ടികിട്ടിയില്ല. മൂന്നാം ദിവസമാണ് കന്നിപ്പറമ്പിൽ വന്നുചേർന്നത്.)

"കൃഷ്ണൻമാസ്റ്ററുടെ പുലകുളിയടിയന്തിരം കേമമായി നടത്തിയതു നന്നായി." കമ്പൗണ്ടർ അഭിനന്ദിച്ചു.

"അച്ഛനുവേണ്ടി ഇനിയൊന്നും നടത്തേണ്ടിവരില്ലല്ലോ!" ശ്രീധരൻ വിഷാദത്തോടെ പറഞ്ഞു.

കമ്പൗണ്ടർ കുറച്ചുനേരം മൗനംപൂണ്ടിരുന്നു. പിന്നെ എന്തോ ഗൗരവമുള്ള കാര്യം സംസാരിക്കാനുള്ളതുപോലെ ശ്രീധരനെ അരികിലേക്ക് ആംഗ്യംകാട്ടി വിളിച്ചു.

"നിൻറെ വലേ്യട്ടൻ കുഞ്ഞപ്പുവിൻറെ പ്ലാനെന്താണെന്നു നീ അറിഞ്ഞോ്വാ?" (കമ്പൗണ്ടർ മൂന്നുപ്രാവശ്യം മൂക്കും മീശയും പിടപ്പിച്ചു.)

"ഞാനൊന്നും അറിഞ്ഞില്ല."

"തറവാട്ടുസ്വത്തു ഭാഗിച്ച് ഇഷ്ടൻറെ ഓഹരിയും വാങ്ങി തമിളത്തിപ്പെണ്ണിനെയും കുട്ടിയെയും കൂട്ടി പിനാംഗിലേക്കു പോകാനാണു പരിപാടി. മനസ്സിലായോ?"

ശ്രീധരൻ ഒന്നും മിണ്ടിയില്ല.

"തറവാട്ടുസ്വത്തെന്നു പറയാൻ നിങ്ങൾക്കെന്താണുള്ളത്, ഈ പറമ്പും പുരയുമല്ലാതെ—ഇതു വിറ്റാൽ നീയും അമ്മയും എങ്ങോട്ടു പോകും? അതു കൊണ്ടു നീ ഒരിക്കലും അതിനു സമ്മതിക്കരുത്—"

ശ്രീധരൻ ആലോചിച്ചു. ശകുനിക്കമ്പൗണ്ടർ എന്തെങ്കിലുമൊരു കാര്യം സദുദ്ദേശ്യത്തോടെ ചെയ്തതായി കേട്ടിട്ടില്ല. പിന്നെ ഇങ്ങനെ ഉപദേശിക്കുന്നതിൻറെ പൊരുളെന്തായിരിക്കും?

"എന്താണു നീയൊന്നും മിണ്ടാത്തത്?"

ശ്രീധരൻ പിന്നെയും മൗനം കൈക്കൊണ്ടു.

കമ്പൗണ്ടർ ഉപദേശം തുടർന്നു: "ഇനി അഥവാ സ്വത്തു ഭാഗിക്കണമെന്ന് കുഞ്ഞപ്പു നിർബ്ബന്ധംപിടിക്കയാണെങ്കിൽ ഈ പുരയും പറമ്പും ആർക്കെങ്കിലും പണയംകൊടുത്ത് കുഞ്ഞപ്പുവിൻറെ അവകാശം തീർത്ത് അവനെ പുറത്താക്കുന്നതാണു നല്ലത്. മനസ്സിലായോ?"

ശ്രീധരനു മനസ്സിലായി കമ്പൗണ്ടറുടെ ദുർബ്ബുദ്ധി. കന്നിപ്പറമ്പും പുരയും ആദ്യം പണയക്കടത്തിൽപ്പെടുത്തി, പിന്നെ തഞ്ചത്തിൽ തട്ടിയെടുക്കണം. അതായിരിക്കും പ്ലാൻ.

"നിനക്ക് ഉപദേശം തരാൻ ആരുമില്ല. അതുകൊണ്ട് കാര്യമൊക്കെ എന്നെ ഏൽപിച്ചാൽ ഞാൻ സഹായിക്കാം. കൃഷ്ണൻമാസ്റ്ററെ ഓർത്തിട്ടാണ് ഞാനിതു പറയുന്നത്. മനസ്സിലായോ?"

ശ്രീധരൻ ഒന്നു ചിരിച്ചു. പിന്നെ സൗമ്യമായി മറുപടി കൊടുത്തു:

"കമ്പൗണ്ടറേ, അലോഗ്യമൊന്നും തോന്നരുത്. കമ്പൗണ്ടർ എൻറെ ഭാഗം

വക്കാലത്തുപിടിക്കാനൊന്നും വരണ്ട, എന്റെ കാര്യം ഞാൻതന്നെ നോക്കിക്കൊള്ളാം..”

കമ്പൗണ്ടറുടെ മുഖം കരിക്കലംപോലെ വീർത്തു. ശ്രീധരനെ ഒന്നു തുറിച്ചു നോക്കി.

“നീ അത്രയ്ക്കായോ?—“ ആ നോട്ടത്തിൽ അവജ്ഞയും ഭീഷണിയും അടങ്ങിയിരുന്നു.

“എന്റെ കാര്യം നോക്കാൻമാത്രം ഞാനായിട്ടുണ്ട്. കമ്പൗണ്ടർ ഇപ്പോൾ അത്രയും മനസ്സിലാക്കിയാൽ മതി....” ശ്രീധരൻ ദൃഢസ്വരത്തിൽ പറഞ്ഞു.

കമ്പൗണ്ടർ ഈസിച്ചെയറിൽനിന്നെണീറ്റ് കരിക്കലംകൊണ്ടു ശ്രീധരനെ ഒന്നുഴിഞ്ഞു ദുർമ്മന്ത്രം ജപിക്കുംപോലെ മൊഴിഞ്ഞു.

“അമ്മയും മോനും ഇവിടുന്നിറങ്ങേണ്ടിവരും —”

“അച്ഛൻ എന്നെന്നേക്കുമായി ഇവിടെനിന്നിറങ്ങിപ്പോയി. പിന്നെ ഇവിടെ നിന്നിറങ്ങിപ്പോവുന്നതിൽ അമ്മയും മോനുമെന്തിനു സങ്കടപ്പെടുന്നു?”

ശ്രീധരന്റെ വാക്കുകൾ കേട്ടു കമ്പൗണ്ടർ പുച്ഛരസ്വരത്തിൽ ചുണ്ടുകൾ കോട്ടി ഒരു ചിരി ചിരിച്ചു: “ഹ്ഹും! നമുക്കു കാണാം.”

രണ്ടു കൈയും പൊക്കിയകറ്റിപ്പിടിച്ചു കുമ്പയും കുലുക്കിക്കൊണ്ടു കമ്പൗണ്ടർ ധൃതിയോടെ ഇറങ്ങി നടന്നു.

പിറ്റേന്നു രാവിലെ ശ്രീധരൻ അച്ഛന്റെ ഡയറികൾ എടുത്തു നോക്കുകയായിരുന്നു.

കൃഷ്ണൻമാസ്റ്റർ നിത്യവും മുടങ്ങാതെ ഡയറിയെഴുതിയിരുന്നു. നിസ്സാരസംഭവങ്ങൾപോലും ഡയറിയിൽ കുറിച്ചുവയ്ക്കും. എത്രയോ വർഷങ്ങളായി തുടർന്നുവരുന്ന പതിവാണ് മരണത്തിന്റെ തലേന്നാൾ പോലും ഡയറിയിലെ ദിനസരിക്കുറിപ്പുകൾ പൂർത്തിയാക്കിവെച്ചിരുന്നു. കുറിപ്പുകളെല്ലാം ഇംഗ്ലീഷിലാണെഴുതുക. പഴയ ചങ്ങാതിമാരെ കണ്ടുമുട്ടിയതും, പുതുമഴ പെയ്തതും, കുട്ടിമാളു ‘പുറത്താ’യതും, ചെരിപ്പിന്റെ വാറ് അറ്റു റിപ്പേർചെയ്തതുമെല്ലാം ഡയറിയിൽ കാണാം. ഒടുവിലത്തെ ഡയറിക്കുറിപ്പിൽ ശ്രീധരനെ സംബന്ധിച്ച ഒരു കാര്യവും നോട്ടു ചെയ്തു വെച്ചിരുന്നു: ‘ഗേവ് ശ്രീധർ ഫോർ അനാസ് ഫോർ ഹെയർ - കട്ട്.’ (ശ്രീധരന് തലമുടി വെട്ടിക്കാൻ നാലണ കൊടുത്തു...)

അപ്പോൾ കണ്ടു, കുഞ്ഞപ്പുവിനെ മുമ്പിൽ നടത്തിക്കൊണ്ടു ശങ്കുണ്ണിക്കമ്പൗണ്ടറും, പിന്നാലെ ആധാരം ആണ്ടിയും കന്നിപ്പറമ്പിലെ പടികേറിവരുന്നത്.

ഡയറി അടച്ചുവെച്ചു.

ആധാരം ആണ്ടിയെ അവരുടെകൂടെ കണ്ടപ്പോൾ ശ്രീധരന് കാര്യം ഏതാണ്ടു മനസ്സിലായി.

വലേ്യട്ടൻ കുഞ്ഞപ്പു തലയുംതാഴ്ത്തി നേരെ അകത്തേക്കു പോയി. കമ്പൗണ്ടർ കോലായിലേക്കു കേറാൻ അല്പം ശങ്കിച്ചു. ആണ്ടി കന്നിപ്പറമ്പിലെ തെങ്ങുകളുടെ കുരലിലേക്കു കണ്ണയച്ചുകൊണ്ടു നടുമുറ്റത്തു തന്നെ തങ്ങിനിന്നു.

“കമ്പൗണ്ടർ ഇങ്ങോട്ടു കേറിയിരിക്കു—” കോലായിലെ കസേര ചൂണ്ടിക്കാട്ടി ശ്രീധരൻ ക്ഷണിച്ചു.

കമ്പൗണ്ടർ കോലായിൽ കേറി കൈയില്ലാത്ത കസേരയിൽ കുമ്പയും തള്ളിച്ചുകൊണ്ട് ഇരുന്നു.

"ആണ്ടിഗൃഹസ്ഥനെന്താണ് വന്നകാലിൽ നില്ക്കുന്നത്?—" കോലായിൽ അവശേഷിച്ച ഇരിപ്പിടമായ ബഞ്ചിലേക്കു ചൂണ്ടിക്കാട്ടി ആധാരത്തേയും സ്വാഗതം ചെയ്തു.

"വേണ്ട കുട്ടീ—ഞാനിവിടെ നിന്നോളാം." ആണ്ടി ഒരൊഴിഞ്ഞ ചിരി ചിരിച്ചു. (വായിൽ പല്ലൊന്നുമില്ല.)

ആണ്ടി ഒഴിഞ്ഞുമാറിയതിന്റെ കാരണം ശ്രീധരനറിയാം. ആണ്ടിക്കു ചന്തി ആധാരമാക്കി കുത്തിയിരിക്കാൻ വയ്യ. എരിപൊരിക്കൊള്ളുന്ന മൂലക്കുരുവിന്റെ ഉപദ്രവം! ഉടുമുണ്ടിന്റെ മൂട്ടിൽ അതിന്റെ വൃത്തികെട്ട രക്തമുദ്ര ഉറുപ്പികവട്ടത്തിൽ പതിഞ്ഞുകാണാനുണ്ടായിരുന്നു.

കമ്പൗണ്ടർ അകത്തേക്കു നോക്കി വിളിച്ചു: "കുഞ്ഞപ്പൂ, എഡോ കുഞ്ഞപ്പൂ—ഇങ്ങോട്ടു വാ, കോലായിൽ വന്ന് ഇരിക്ക്—"

വല്യേട്ടൻ വൈമനസ്യത്തോടെയാണെങ്കിലും പുറത്തേക്കു വന്നു കോലായുടെ ഇറമ്പിൽ, ത്തൂണോടുചേർന്ന്, മുട്ടുമടക്കിയിരുന്ന് ഒരു ബീഡി കൊളുത്തി.

കമ്പൗണ്ടർ ഉടനെ കാര്യത്തിലേക്ക് പ്രവേശിച്ചു:

"ങ്ഹും —ശ്രീധരാ, നീ എന്തു വിചാരിക്കുന്നു?" (മീശയും മൂക്കും അവയുടെ കളികളിച്ചു.)

"കമ്പൗണ്ടർ ചോദിച്ചതിന്റെ അർത്ഥംമനസ്സിലായില്ല!" ശ്രീധരന് ഒരു പാവത്തെപ്പോലെ പറഞ്ഞു.

"ഇന്നലെപ്പറഞ്ഞ കാര്യംതന്നെ—കുഞ്ഞപ്പുവിനു തറവാട്ടുമുതല് ഭാഗിച്ച് അതിന്റെ ഓഹരി ഉടന് കിട്ടണം."

കുഞ്ഞപ്പുവിന്റെ വക്കാലത്തുമായി കമ്പൗണ്ടർ ആധികാരികമായിത്തന്നെയാണ് ഇപ്പോൾ സംസാരിക്കുന്നത്.

"ഭാഗിക്കണം. ഉടനെതന്നെ കാര്യം നടത്തണം." ശ്രീധരൻ ഗൗരവം നടിച്ചുകൊണ്ടു പറഞ്ഞു.

കമ്പൗണ്ടർ അത്ര പ്രതീക്ഷിച്ചിരുന്നില്ല. എറിഞ്ഞുവീഴ്ത്താൻ കല്ലും, പിടിച്ചുകെട്ടാൻ കയറുമൊക്കെ കരുതിക്കൊണ്ടാണു വന്നിരിക്കുന്നത്—അതെല്ലാം വെറുതെയായി.

(ആണ്ടി മുഖംചുളിച്ചു മിണ്ടാതെ നില്ക്കുകയാണ്. മൂലക്കുരുവിന്റെ പുകച്ചിൽകൊണ്ടോ പണ്ട് പണിക്കരുടെ എഴുത്തുപള്ളിയിൽവെച്ച് 'അമ്മാളു പരിണയം' നാടകം അരങ്ങേറിയപ്പോൾ കിട്ടിയ കെട്ട മുട്ടയുടെ നാറ്റം ഓർക്കുന്നതുകൊണ്ടോ എന്നു നിശ്ചയമില്ല.)

തെല്ലുനേരത്തെ മൗനത്തിനുശേഷം കമ്പൗണ്ടർ കുമ്പ തലോടിക്കൊണ്ടു ചോദിച്ചു: "ശരി, നിന്റെ ഭാഗം വാദിക്കാൻ ആരാണ്?"

"ഇതിൽ വാദ്രപതിവാദത്തിന്റെ കാര്യമൊന്നുമില്ലല്ലോ—തറവാട്ടു സ്വത്തു ഭാഗിക്കണം. അത്രതന്നെ—"

"ശരി—" കമ്പൗണ്ടർ ഒന്നു മുന്നോട്ടാഞ്ഞ്, മൂന്നു വിരലുകൾ പൊക്കിക്കാട്ടി; "പുരയും

പറമ്പും മൂന്നോഹരി; മാസ്റ്ററുടെ ഭാര്യയ്ക്കും രണ്ടു മക്കൾക്കും തുല്യമായ മൂന്നോഹരി. സമ്മതമല്ലേ? —"

"നിയമപ്രകാരം അങ്ങനെതന്നെയാണല്ലോ വേണ്ടത്—"

"ശരി."

കമ്പൗണ്ടർ ആണ്ടിയെ വിളിച്ച് അളക്കാൻ ഒരു മുളങ്കോലുണ്ടാക്കിക്കൊണ്ടുവരാൻ കല്പിച്ചു.

"അളക്കലും പിടിക്കലുമൊക്കെ എന്തിനാണ്?" ശ്രീധരൻ ഇടയിൽക്കടന്നു ചോദിച്ചു.

"പുരയുടെ മൂന്നിലൊന്നും പറമ്പിന്റെ മൂന്നിലൊന്നും അളന്നു കണക്കാക്കി അതിർത്തിവരയ്ക്കണം — കുഞ്ഞപ്പുവിന്റെ അവകാശം."

"നിങ്ങളുടെ കക്ഷിക്കു പുരയുടെയും പറമ്പിന്റെയും കഷണമോ, അല്ല പണമോ, ഏതാണു വേണ്ടത്?" ശ്രീധരൻ ഗൗരവത്തോടെ അന്വേഷിച്ചു.

കമ്പൗണ്ടർ കുറഞ്ഞൊന്ന് ആലോചിച്ച് മൂക്കും മീശയുംകൊണ്ടു സർക്കസ് കളിച്ചു.

പണം മതി എന്നുവച്ചോ —എന്താ, കൊടുക്കാൻ റൊക്കം പണം നിന്റെ കൈയിലുണ്ടോ?"

"തൽക്കാലം ഇല്ല."

"പിന്നെ പുരയും പറമ്പും പണയംകൊടുക്കണം, അല്ലേ? —എടോ, അതു തന്നെയല്ലേ ഞാനിന്നലെ നിന്നോടു പറഞ്ഞത്?"

കമ്പൗണ്ടർ വിജയഭാവത്തിൽ കുടവയറൊന്നമർത്തിത്തലോടി.

"പണം കിട്ടാൻ വേറെയും വഴിയുണ്ടല്ലോ!"

"എന്തു വഴി?"

"പുരയും പറമ്പും വിറ്റു മാറണം—"

കമ്പൗണ്ടർ കരിക്കലവും താങ്ങി എന്തോ ആലോചിക്കുകയാണ്.

ശ്രീധരൻ വിഷാദത്തോടെ കന്നിപ്പറമ്പിന്റെ വേലിക്കലേക്കു മിഴിച്ചു നോക്കി. വായിൽ വിലങ്ങനെ ഒരു ഇല്ലിമുള്ളും പിടിച്ച് ഒരു കാക്ക വേലി മേൽനിന്നു വടക്കേപ്പറമ്പിലെ അയനിപ്പിലാവിന്റെ മുകളിലേക്കു പറന്നു പോയി.

അച്ഛന്റെ ബലിപിണ്ഡം വിഴുങ്ങിയ, പൂളപ്പൂവിലെ തേൻകുടിച്ച, കാക്ക തന്നെയായിരിക്കണം, വേലിയിൽനിന്ന് ഇല്ലിമുള്ളും വായിലാക്കി പറന്നു പോയത്. അയനിപ്പിലാവിന്റെ കുരലിൽ കൂടുകെട്ടാൻ—കാക്ക പുതിയ കൂടു കെട്ടുന്നു —ഇവിടെ ഒരു തറവാടു തകരുന്നു.....

"കുഞ്ഞപ്പുവിന് എന്തെങ്കിലും പറയാനുണ്ടോ?" കമ്പൗണ്ടറുടെ ചോദ്യം ശ്രീധരനെ ചിന്തയിൽനിന്നുണർത്തി.

കുഞ്ഞപ്പുവിന് ഒന്നും പറയാനില്ല—

കാര്യം അന്ന് അങ്ങനെ കലാശിച്ചു.

കന്നിപ്പറമ്പും വീടും വില്ക്കാൻ തീരുമാനിച്ചു.

ആധാരം ആണ്ടി, കന്നിപ്പറമ്പിലെ കുഴിക്കൂറുചമയങ്ങളുടെ കണക്കെടുത്തുകൊണ്ട് തൊടിയിൽ ചുറ്റിനടക്കുകയാണ്. ശ്രീധരനും അരികെ ചെന്നു നിന്നു. കണക്കു

ശരിയാണോ എന്നു പരിശോധിക്കാനല്ല —പട്ടിക തയ്യാറാക്കുന്നതിന്റെ മട്ടും മാതിരിയും വെറുതെയൊന്നു മനസ്സിലാക്കാൻ വേണ്ടി.

തെങ്ങുകളുടെ കണക്കു കുറിക്കുകയാണ്.

യൗവനദശയിലുള്ള തെങ്ങുകൾ 'തെങ്ങ്' എന്ന ഒറ്റപ്പേരിൽ എഴുന്നു നില്ക്കുന്നു. ബാക്കിയെല്ലാം 'മരംതയ്യ്', 'കുടംതയ്യ്', 'കിളിപ്രായം', 'പീറ്റ' എന്നീ ഇനങ്ങളിൽ ചാഞ്ഞുകിടക്കുന്നു.

പിന്നെ മറ്റു മരങ്ങൾ. ഫലവൃക്ഷങ്ങൾക്കു മാത്രമേ അംഗീകാരമുള്ളൂ — കന്നിപ്പറമ്പിന്റെ തെക്കുപടിഞ്ഞാറേ മൂലയിൽ മുമ്പ് വലിയൊരു പേരമരമുണ്ടായിരുന്നു. (ശ്രീധരൻ ചെറുപ്പത്തിൽ പേരയ്ക്ക കടിച്ചുതിന്നുകൊണ്ട് അതിന്റെ കൊമ്പിൽ കുതിരസവാരി നടത്താറുണ്ടായിരുന്നു.) ആ മരം നശിച്ചുപോയി. ആ സ്ഥലത്ത് ഒരു പേരക്കിടാവു വളർന്നുവരുന്നുണ്ട്. ഇളം മഞ്ഞനിറത്തിലുള്ള ഇലകൾ കലാപരമായി വിലസുന്നതും, ഇനിയും കവരങ്ങൾ പൊടിച്ചിട്ടില്ലാത്തതുമായ ഒരു സസ്യപിഞ്ഛിക — ആണ്ടി അതിന് ചൂലിന്റെ വിലപോലും കല്പിക്കുന്നില്ല.

റോസ് ചെടി, മുല്ലപ്പടർപ്പ്, മാതളത്തൈ മുതലായവയ്ക്കൊന്നും കുഴിക്കുറു ചമയപ്പട്ടികയിൽ സ്ഥാനമില്ല. എല്ലാം പുല്ല്! അശോകത്തെച്ചി, പാരിജാതം, ചെമ്പരുത്തി തുടങ്ങിയവയെല്ലാം തള്ളിക്കളയേണ്ട പടുചെടികളത്രേ!

തോട്ടത്തിലെ നീലച്ചെമ്പരുത്തിയിൽ മൂന്നു പൂക്കൾ പട്ടുക്കുടപിടിച്ചു നില്ക്കുന്നു. മാതളം പുഷ്പിച്ചിരിക്കുന്നു. നല്ല പവിഴമണികൾപോലുള്ള മലരുകൾ.

കിണറ്റിൻകരയിലെ ചീനവേലിമേൽ പടർത്തിയ വള്ളികളിൽ മണിപ്പൂങ്കുലകൾ വിലസുന്നു. (മാതളക്കുരുവിനും മണിപ്പൂവിനും ഒരേ നിറമാണ്: പത്മരാഗക്കല്ലിന്റെ നിറം...)

കന്നിപ്പറമ്പിന്റെ നാളത്തെ ഉടമസ്ഥൻ ഈ പൂച്ചെടികളെല്ലാം പിഴുതെറിഞ്ഞ്, നിലം കിളച്ച്, കുഴികൾ കുത്തി, അവിടെ തെങ്ങിൻതൈയോ കവുങ്ങിൻതൈയോ നട്ടു എന്നുവരാം—ചീനവേലിമേൽ കയ്പവള്ളി പടർത്തും — അതോർത്തപ്പോൾ ശ്രീധരന്റെ നെഞ്ചിൽ ഒരു നൊമ്പരം അരിച്ചുകയറി. നിത്യവും വെളുപ്പിനും വയ്യിട്ടും, കിണറ്റിൽനിന്നു സ്വന്തം കൈകൊണ്ടു വെള്ളംകോരി സ്നേഹത്തോടെ നട്ടുനനച്ചുവളർത്തിയ ചെടികളാണ്. അവ തളിരും പൂവുമണിയുന്നത് എത്ര കൗതുകത്തോടെയാണു നിരീക്ഷിച്ചത്!

ആംഗ്ലേയകവി വേർഡ്സ്വർത്തിന്റെ വരികൾ ഓർത്തു:

Long have I loved what I behold
The night that calms, the day that cheers
The common growth of mother earth
Suffices me —her tears, her mirth
Her humblest mirth and tears.
(ശാന്തിയേകുന്നതാം രാത്രിയുമാഹ്ളാദ-
സന്ദായകമായ വാസരകാലവും

മാതൃഭ്രമണ്ണിൽപ്പൊടിച്ചുവളരുന്ന
സാധാരണങ്ങളാം സസ്യജാലങ്ങളും
സ്നേഹംപുലർത്തുന്നിതെന്നിൽ പ്രകൃതിയിൽ
മേവുന്ന സർവ്വവും സ്നേഹിച്ചിടുന്നു ഞാൻ—
പൃഥ്വിതന്നശ്രുവും ഹർഷപ്രസരവും
മാത്രം മതിയെൻ ഹൃദയം നിറയ്ക്കുവാൻ....)

ആണ്ടിഗുമസ്തൻ തൊടിയിലെ മാവുകളുടെ കണക്കെടുക്കുകയാണ്. മൂന്നുനാലു വിളർത്ത ഇലകൾ മാത്രമുള്ള ഒരു മാന്തൈ കുനിഞ്ഞുനിന്നു പരിശോധിച്ച് അതു പിടിക്കുമോ നശിക്കുമോ, പട്ടികയിൽ കൊള്ളിക്കണോ തള്ളണോ എന്നു സംശയിച്ചു നില്ക്കുകയാണ്...

ശ്രീധരന്റെ മിഴിയില്നിന്ന് ഒരിറ്റു കണ്ണീർ ആ മാന്തൈത്തടത്തിൽ പതിച്ചത്, ആണ്ടിഗുമസ്തൻ കണ്ടില്ല—മരണത്തിന്റെ കുറച്ചു നിമിഷങ്ങൾക്കു മുമ്പ് അച്ഛൻ നീർപകർന്നുകൊടുത്ത ഒട്ടുമാവാണത്.

കന്നിപ്പറമ്പും ഓടിട്ട മാളികവീടും 1100 ക.യ്ക്ക് (ആയിരത്തിഒരുനൂറ് ഉറുപ്പിക മാത്രം) വില്പനനടത്താനുള്ള ഏർപ്പാടുകൾ പൂർത്തിയായി.

കച്ചേരിയിൽ ആധാരം രജിസ്റ്റർചെയ്യാൻ നിശ്ചയിച്ച തീയതിയുടെ തലേന്നാൾ ഉച്ചയ്ക്ക് ശങ്കുണ്ണിക്കമ്പൗണ്ടറും ആധാരം ആണ്ടിയും കന്നിപ്പറമ്പിലേക്കു കേറി വന്നു.

പിറ്റേന്നാളത്തെ രജിസ്റ്ററിന്റെ കാര്യത്തെപ്പറ്റി എന്തോ സംസാരിക്കാനാണ് അവർ വന്നത് എന്നാണ് ശ്രീധരൻ കരുതിയത്.

വലേയട്ടൻ കുഞ്ഞപ്പു തെക്കേ അകത്തു കിടന്നുറങ്ങുകയായിരുന്നു.

കമ്പൗണ്ടർ കോലായിലെ ഈസിച്ചെയറിൽ ആക്കംപൂണ്ട് ആസനസ്ഥനായി.

"നാളെ രജിസ്റ്റർ കഴിഞ്ഞാൽപ്പിന്നെ സമയം കിട്ടില്ല—ഇപ്പോൾതന്നെ അതങ്ങട്ട് കഴിച്ചേക്കാം—" കമ്പൗണ്ടർ കുമ്പയുഴിഞ്ഞുകൊണ്ടു പറഞ്ഞു.

ശ്രീധരനു സംഗതി മനസ്സിലായില്ല. ആധാരമെല്ലാം എഴുതി തയ്യാറാക്കിക്കഴിഞ്ഞു. ഇനിയെന്തു ചടങ്ങാണ് കഴിക്കാനുള്ളത്? ശ്രീധരൻ അന്വേഷണ ഭാവത്തിൽ കമ്പൗണ്ടറുടെ കരിമുഖത്തേക്കു നോക്കി.

"വീട്ടുസാമാനങ്ങൾ ഓഹരിവയ്ക്കണം." കമ്പൗണ്ടർ മൂക്കും മീശയും ഊക്കിൽ ചലിപ്പിച്ചു.

ശ്രീധരൻ അതിനെപ്പറ്റി ചിന്തിച്ചിരുന്നില്ല. അജ്ഞത! ഇളിഭ്യന്റെ മട്ടിലൊന്നു ചിരിച്ചു.

"കുഞ്ഞപ്പു, എഡോ കുഞ്ഞപ്പൂ!" കമ്പൗണ്ടർ അകത്തേക്കു നോക്കി ഉച്ചത്തിൽ വിളിച്ചു: "നീ ഇവിടെ വന്ന് ഇരിക്ക്."

ആധാരം ആണ്ടി ഒരു മുറിപ്പെൻസിൽ ചെത്തിക്കൂർപ്പിച്ചുകൊണ്ട് നില്ക്കുകയായിരുന്നു. വലേയട്ടൻ കുഞ്ഞപ്പു കണ്ണുതിരുമ്മിക്കൊണ്ട് കോലായിലേക്കു വന്നു.

പതിവുപോലെ കോലായത്തെമ്പത്ത് തൂണിനരികെ മുട്ടുമടക്കിയിരുന്ന് ഒരു ബീഡി കത്തിച്ചു.

ശ്രീധരന്റെ മനോഗതി ഏതാണ്ടിങ്ങനെയായിരുന്നു. വീട്ടുസാമാനങ്ങൾ

എനിക്കാവശ്യമില്ല. എല്ലാം വലേ്യട്ടൻ എടുത്തുകൊള്ളട്ടെ. പിന്നെ ഓഹരി വയ്ക്കേണ്ട കാര്യമില്ലല്ലോ. ഉത്തരക്ഷണത്തിൽ മറ്റൊരു വിചാരമുദിച്ചു. ഇതെല്ലാം കമ്പൗണ്ടറും ആധാരവും തട്ടിയെടുക്കും. വലേ്യട്ടനും കിട്ടുകയില്ല—അതു പാടില്ല—ഓഹരി കണക്കാക്കി വാങ്ങി അതിരാണിപ്പാടത്തെ സാധുകുടുംബങ്ങൾക്കു ദാനം ചെയ്യണം....

കമ്പൗണ്ടർ ആണ്ടിയെനോക്കി ഒരാംഗ്യം കാട്ടി. ആണ്ടി അകത്തുകടന്നു കട്ടിലുകൾ, മേശകൾ, പെട്ടികൾ തുടങ്ങിയ കനത്ത സാമാനങ്ങളുടെ പട്ടിക തയ്യാറാക്കി. അതിനുശേഷം ചെറിയ സാമാനങ്ങൾ പെറുക്കിക്കൊണ്ടുവന്നു കോലായിൽ നിരത്തിവെച്ചുതുടങ്ങി. ഉരലും അമ്മിയുമൊഴികെ ഇളകുന്ന സകലമുതലുകളും കോലായിൽ ഹാജരാക്കിയിട്ടുണ്ട്. ചിരവിയും ചെമ്പും കിണ്ണവും കോളാമ്പിയും പുട്ടുകുറ്റിയും പാളക്കയറും ഒന്നും ഒഴിവാക്കിയിട്ടില്ല.

ശ്രീധരനു വിഷമവും സങ്കടവും തോന്നി—നാണവും, എല്ലാം ഉള്ളിലൊതുക്കി.

ആണ്ടി വഹകൾക്കു വില കണക്കുകൂട്ടി, ഓരോന്ന് എണ്ണിയും നിരക്കിയും നീക്കിയും ഓഹരി ഒപ്പിക്കുകയാണ്.

വലേ്യട്ടൻ കുഞ്ഞപ്പു കാൽമുട്ടുകൾക്കുമീതെ കൈകൾ ചുറ്റിപ്പിടിച്ചു മുഖം കുനിച്ചു മൂകനായിരിക്കുന്നു.

ഊം—നടക്കട്ടെ. ശ്രീധരൻ മനസ്സിൽ കരുതി. എല്ലാറ്റിനും കണക്കു വേണം. 'ആറ്റിൽ തുകിലും അളന്നു തുകണം' —അച്ഛൻ പറഞ്ഞ കഥ ഓർമ്മവന്നു.

മക്കത്തു പോയ പെരുമാളെപ്പറ്റിയുള്ള ഐതിഹ്യമാണ്. ചേരമാൻ പെരുമാളുടെ കെട്ടിലമ്മയ്ക്കു കോവിലകം കാര്യസ്ഥനിൽ മോഹം ജനിച്ചു. ധർമ്മനിഷ്ഠനും, രാജഭക്തനുമായിരുന്ന കാര്യസ്ഥൻ സ്വാമിപത്നിയുമായുള്ള അവിഹിതവേഴ്ചയ്ക്കു വശംവദനായില്ല. കെട്ടിലമ്മയുടെ കാമാഗ്നി പ്രതികാരമായി മാറി. ചിരട്ടകൊണ്ടു മാറിലുരച്ചു മുലകളിൽ മാന്തലിന്റെ പാടുകളുണ്ടാക്കി ചോരയൊലിപ്പിച്ചു കരഞ്ഞുകൊണ്ടു കെട്ടിലമ്മ ഭർത്താവിന്റെ മുമ്പിൽ ചെന്നു നിന്നു.

'ഇതെന്താണ്?' രാജാവ് പരിഭ്രമത്തോടെ ചോദിച്ചു.

'അങ്ങയുടെ കോവിലകംകാര്യസ്ഥനോടു ചോദിക്കൂ.'—കെട്ടിലമ്മ തേങ്ങിക്കരഞ്ഞു.

കോപാന്ധനായ രാജാവ് ഉടൻ കാര്യസ്ഥനെ ആളയച്ചുവരുത്തി. വിചാരണപോലും നടത്താതെ വധശിക്ഷ വിധിച്ചു. ശിക്ഷനടത്താൻ മന്ത്രിയോടു കല്പിച്ചു.

കുറ്റവാളിയുടെ കഴുത്തുവെട്ടുന്നതിന് ആരാച്ചാർ കാര്യസ്ഥനെ പുഴക്കരയിലെ പാറക്കെട്ടിൽ കൊണ്ടുചെന്നു നിർത്തി.

'അവസാനത്തെ ആഗ്രഹമെന്തെങ്കിലും അറിയിക്കാനുണ്ടോ?' മന്ത്രി ചോദിച്ചു.

'എന്റെ ഇന്നുവരെയുള്ള ശമ്പളം മുഴുവനും ഇവിടെ കൊണ്ടുവന്നു തരണം.' കാര്യസ്ഥൻ ആഗ്രഹമറിയിച്ചു.

ധാന്യക്കണക്കിലായിരുന്നു ശമ്പളം. കാര്യസ്ഥനു ശമ്പളമായി കൊടുക്കാനുള്ള നെല്ലു മുഴുവനും അളന്ന് പാറപ്പുറത്തു കുമ്പാരമാക്കി വെച്ചു കൊടുത്തു.

കാര്യസ്ഥൻ മുളനാഴികൊണ്ട് തന്റെ നെല്ല് അളന്നുതുടങ്ങി. അളന്ന നെല്ല്

പുഴവെള്ളത്തിലേക്കു പാറ്റിയെറിഞ്ഞുകൊണ്ടിരുന്നു. അങ്ങനെ അളന്നും കളഞ്ഞും നെല്ല് തീരാറായപ്പോൾ കാര്യസ്ഥൻ അവിടെ കൂടിനിന്നിരുന്ന മാലോകരോടായി ഇങ്ങനെ പറഞ്ഞു: 'ആറ്റിൽ തൂകിലും അളന്നു തൂകണം.'

പിന്നെ ആരാച്ചാരുടെ കൊലവാളിനു കഴുത്തു കുനിച്ചുകൊടുക്കുന്നതിനുമുമ്പ്, കൊട്ടാരത്തിന്റെനേർക്കു നോക്കി ഇങ്ങനെ വിളിച്ചു പറഞ്ഞു: 'പെണ്ചൊല്ലു കേട്ട പെരുമാളേ, മക്കത്തു പോയി തൊപ്പിയിട്.'

കാലമേറെച്ചെല്ലുന്നതിനുമുമ്പ് കെട്ടിലമ്മയുടെ വ്യഭിചാരശീലം കണ്ടു പിടിക്കപ്പെട്ടു. അപ്പോൾ കാര്യസ്ഥന്റെ അവസാനവാക്കുകൾ അസ്ത്രം പോലെ രാജാവിന്റെ കരളിൽ തറച്ചു: 'പെണ്ചൊല്ലു കേട്ട പെരുമാളേ, മക്കത്തു പോയി തൊപ്പിയിട്.'

അങ്ങനെ പെണ്ണിന്റെ വാക്കു വിശ്വസിച്ച് ശുദ്ധാത്മാവായ കാര്യസ്ഥനെ കഴുവേറ്റിയ മഹാപിഴ തീർക്കാനാണത്രേ ചേരമാൻപെരുമാൾ കേരളം വിട്ടു കപ്പലുകേറി മക്കത്തു പോയി തല മൊട്ടയടിച്ച്, സുന്നത്തുകഴിച്ച്, തൊപ്പിയിട്ടു മാപ്പിളയായത്.

ആണ്ടി അപ്പോഴും വീട്ടുസാമാനങ്ങൾ മൂന്നായി വീതിക്കുന്ന പ്രക്രിയ തുടർന്നുകൊണ്ടിരുന്നു. കമ്പൗണ്ടർ കുമ്പ തലോടിക്കൊണ്ട് ഇടയ്ക്കിടെ ചില നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

ശ്രീധരന്റെ അമ്മ അർദ്ധബോധാവസ്ഥയിൽ പടിഞ്ഞാറ്റയിലെ നിലത്ത്, ചാവുവിളക്കു വെച്ചിരുന്നതിനടുക്കെ കിടക്കുകയാണ്.

വലേ്യട്ടൻ കുഞ്ഞപ്പു പുറം വളച്ചു കാലുകൾക്കിടയിൽ തലവെച്ച ഗർഭസ്ഥശിശുവിനെപ്പോലെ നിലകൊള്ളുന്നു.

കന്നിപ്പറമ്പിലെ 'വീട്ടുമുതലോരിവെയ്ക്കുന്നു' എന്ന വാർത്ത അതിരാണിപ്പാടം മുഴുവനും പരന്നു. അയൽപക്കക്കാർ കുറച്ചുപേർ —ആണും പെണ്ണും —മുറ്റത്തും വേലിക്കലുമായി ചുറ്റിപ്പറ്റി നിന്നു. അവർ ചിലപ്പോൾ തമ്മിൽതമ്മിൽ കുശുകുശു പറയുന്നുണ്ടെങ്കിലും ഉറക്കെ അഭിപ്രായം പ്രകടിപ്പിക്കുകയോ കമ്പൗണ്ടറുടേയും ആണ്ടിയുടേയും മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്ന 'ഓരിവയ്ക്ക'ലിൽ ഇടപെടുകയോ ചെയ്യുന്നില്ല. കൃഷ്ണൻമാസ്റ്റർ ചത്തുപോയി. ഇനി തള്ളയും മോനും നാളെ ഈ ദേശം വിട്ടുപോകും. കുഞ്ഞപ്പുവും കൊങ്ങുനാട്ടിലേക്കുതന്നെ മടങ്ങും. ദേശത്തു നാളെയും കാണേണ്ടവരാണ് കമ്പൗണ്ടറും ആണ്ടിയും. അവരെ പിണക്കാൻ പാടില്ല എന്നൊരു മനോഭാവമായിരിക്കാം അവരെ അടക്കിനിർത്തിയത്...

"എരപ്പൻ—അടുക്കളേലെ ചട്ടീം കലോം ഓരിവെക്കുന്ന്—ആ തമിളത്തിപ്പൊലാടിച്ചിക്ക് കൊണ്ടോയി നക്കാൻ കൊടുക്കാൻ—പെറുക്കി—ഹമുക്ക്!... ആ നല്ല മനിച്ചന്റെ തൊള്ളേലെ മണ്ണ് ഒണങ്ങീറ്റില്ല. അപ്പളേക്കും തോന്ന്യലേ്ലാ ഈ ചെറ്റക്ക് ആ പാവം തള്ളേനേം മോനേം കുടിയെറക്കാൻ —യോഗ്യനായ കെട്ടണൻമാട്ടർക്കുണ്ടായ മോനാണ് ഈ തോട്ടിപ്പറേൻ എന്ന് ആരേയ് പറഞ്ഞ്... ഥൂപ്പ്!"

വാക്കുകൾ പടക്കംപൊട്ടിക്കുംപോലെ കന്നിപ്പറമ്പിൽ വന്നു വീണു. കുട്ടാപ്പുവിന്റെ പറമ്പിൻമൂലയിൽനിന്നാണ് അതു പുറപ്പെടുന്നത്. തോട്ടിൻകരയിലെ ഈർച്ചക്കാരൻ വേലുമൂപ്പരുടെ ഭാര്യ പടച്ചി ഉണ്ണൂലിയമ്മ, തടിച്ചു പൊക്കംകൂടിയ ആ തള്ള പകുതിയും നരച്ചു ചകിരിത്തുപ്പുപോലെയായ തലമുടി അഴിച്ചിട്ടു നില്ക്കുന്നു. കൈയിലൊരു കൊട്ടു വാളുമുണ്ട്. മരുമകൾ മാണിക്യത്തിന്റെ പേറ്റുകുളിക്ക് വെള്ളംകാച്ചാൻ

വാതംകൊല്ലിയും മറ്റു പച്ചിലകളും കുട്ടാപ്പുവിന്റെ വളർത്തുകാട്ടിൽനിന്നരിഞ്ഞെടുക്കുന്നതിനിടയ്ക്കാണ്, കുഞ്ഞപ്പുവിന്റെ നേർക്ക് ഈ ശകാരവർഷം തകർക്കുന്നത്......

ശ്രീധരൻ ചിന്തിക്കുകയാണ്: അടുക്കളസാമാനങ്ങളെല്ലാം ഓഹരി വെച്ചു കഴിഞ്ഞാൽ പിന്നെയുള്ളതു പുസ്തകങ്ങളാണ്. പുസ്തകങ്ങളൊക്കെ തന്റേതാണെങ്കിലും അവ വാങ്ങാൻ വിലകൊടുത്തത് അച്ഛനാണല്ലോ! അവ കൃഷ്ണൻമാസ്റ്ററുടെ മൊതലായി കണക്കാക്കണമെന്ന് കമ്പൗണ്ടറും ആധാരവും വാദിക്കുകയാണെങ്കിൽ!....

“ഈ മകാപാപി അനുപവിക്കും! കിട്ട്യേതൊക്കെ മ്ണുങ്ങി. പിന്നെ ആ തമിളത്തിക്കുത്തിച്ചി ഇവനെ ചൂലെടുത്തു തച്ച് പൊറത്താക്കും. ഈ മകാപാപി നെരത്തിമ്മക്കെടന്ന് പുഴുത്തു ചാവും...”

ഉണ്ണൂലിയമ്മയുടെ ശാപവാക്കുകൾ ചീനപ്പടക്കംപോലെ വന്നു പതിച്ചു.

ആണ്ടി ഓഹരിയൊപ്പിക്കുന്നതു പൂർത്തിയാക്കാതെ എണീറ്റ് കക്കൂസിലേക്ക് ഒരു പാച്ചൽ പാഞ്ഞു. ആണ്ടി കക്കൂസിലേക്കോടുന്നത് ഉണ്ണൂലിയമ്മ കണ്ടു.

“അതാ ഒരു കൊസ്രാങ്കൊള്ളി പാഞ്ഞുവരുന്നു—ഇനി, തണ്ടാസ്സ് ഓരിവെയ്ക്കാനായിരിക്കും. എഡോ, ആണ്ടിമയിശേ്രട്ടേ, തണ്ടാസ്സ് മൂന്നോരിയാക്കി അടീലത്തെ ഓരി ആ തോട്ടിപ്പറേൻ കുഞ്ഞപ്പൂന് കൊടുക്ക്....” അര മണിക്കൂർനേരം കക്കൂസിൽ കഴിച്ചുകൂട്ടിയതിനുശേഷമാണ് ആണ്ടി മടങ്ങിയത്.

വീട്ടുസാമാനങ്ങൾ ഓഹരിവെച്ച് തന്റെ കൃത്യം നിർവ്വഹിച്ച സംതൃപ്ത നാട്യത്തോടെ ആണ്ടി കീശയിൽനിന്ന് ഒരുകഷണം ചുരുട്ടെടുത്ത്, കുഞ്ഞപ്പുവിന്റെ കൈയിൽനിന്നു തീപ്പെട്ടി വാങ്ങി ചുരുട്ടു കത്തിച്ചു. കുഞ്ഞപ്പുവിനോട് എന്തോ കുശുകുശുപ്പറഞ്ഞു.

“എല്ലാം കഴിഞ്ഞോ ആണ്ടിഗ്ഗുമസ്താ?” ശ്രീധരൻ ചോദിച്ചു.

കഴിഞ്ഞു എന്ന് ആണ്ടി കൈയും കലാശവും കാണിച്ചു.

അപ്പോൾ പുസ്തകങ്ങൾ രക്ഷപ്പെട്ടു. കുഴിക്കുറു ചമയപ്പെട്ടികയിൽ റോസ് ചെടികൾക്കും മുല്ലപ്പടർപ്പിനും പുല്ലുവില. വീട്ടുമുതലുകളുടെ കൂട്ടത്തിൽ ഷേക്സ്പിയറുടെയും കാളിദാസന്റെയും കുമാരനാശാന്റെയും ശങ്കരാചാര്യരുടെയും കൃതികൾക്ക് അട്ടപ്പുകല്ലിന്റെ വിലപോലും കണ്ടില്ലായിരിക്കാം—

ആണ്ടിയുടെ നോട്ടത്തിൽപ്പെടാതെപോയ ഒരു വസ്തു ശ്രീധരൻ കണ്ടു പിടിച്ചു: കോലായിലെ ഇറയിൽ തൂങ്ങിക്കിടക്കുന്ന മരംകൊണ്ടുണ്ടാക്കിയ ഭസ്മത്തട്ട്.

അതു ചൂണ്ടിക്കാട്ടി ശ്രീധരൻ ചോദിച്ചു: “ആണ്ടിഗ്ഗുമസ്താ, ഇതെങ്ങനെ ഭാഗിക്കും?”

ആണ്ടി നൊണ്ണുകാട്ടി ഒരിളിഭ്യച്ചിരി ചിരിച്ചു.

“അച്ഛൻ തൊട്ട ഭസ്മം അമ്മയ്ക്കും എനിക്കും ഇരിക്കട്ടെ—തട്ട് വല്യേട്ടനെടുത്തോട്ടെ...” ശ്രീധരൻ ഉറക്കെപ്പറഞ്ഞു: “എന്താ വല്യേട്ടനൊന്നും മിണ്ടാത്തത്?”

കാൽമുട്ടുകൾക്കിടയിൽനിന്നു കുഞ്ഞപ്പുവിന്റെ മുഖം മെല്ലെ ഉയർന്നു—ഇറയിലെ ഭസ്മത്തട്ടിലേക്കും പിന്നെ ശ്രീധരന്റെ മുഖത്തേക്കും ഒന്നു നോക്കി—ഇരുവരുടെയും മിഴികൾ ഇടഞ്ഞു.

വലേ്യട്ടന്റെ ചുവന്ന കണ്ണുകൾ നനയുന്നതും, വലേ്യട്ടൻ കീഴ്ച്ചുണ്ടു കടിച്ചു വികാരങ്ങൾ അമർത്തുന്നതും ശ്രീധരൻ സൂക്ഷിച്ചു.

—പെട്ടെന്ന് ഒരു തേങ്ങിക്കരച്ചിലോടെ വലേ്യട്ടൻ, കൈകൊണ്ടു മുഖം പൊത്തിക്കളഞ്ഞു....

വലേ്യട്ടൻ വികാരാധീനനാവാൻ കാരണമെന്ത്?

ഭസ്മത്തട്ടിൽ അച്ഛന്റെ കൈ പൊങ്ങുന്നതു കണ്ടുവോ?

അനുജന്റെ മിഴികളിലൂടെ അച്ഛന്റെ നോട്ടത്തിന്റെ മിന്നലാട്ടമുണ്ടായോ?

എന്തുതന്നെയായാലും അച്ഛന്റെ ചോരയല്ലേ, ശ്രീധരൻ?......

"കമ്പോണ്ട്ടേ്ര, ഒന്നും ഓരിവെക്കേണ്ട—എനിക്കൊന്നും വേണ്ട—പുരയും പറമ്പും ഒന്നും വേണ്ട—ഞാനെന്റെ പാടുംകൊണ്ടു പൊയ്ക്കോളാം..." കുഞ്ഞപ്പു മുറ്റത്തേക്കു മിഴിച്ചുനോക്കിക്കൊണ്ടു ഗദ്ഗദസ്വരത്തിൽ മൊഴിഞ്ഞു.

ശകുനിക്കമ്പൗണ്ടർ കസേരയിൽനിന്ന് ഒരു ചാട്ടംചാടി: "അങ്, അങ്—ഇതു നല്ല പുതുമ! —കാര്യങ്ങളൊക്കെ കച്ചേരിപ്പടിക്കലെത്തിച്ചിട്ട് ഈ ഹമുക്കു പറയുന്നതു കേട്ടില്ലേ!....എടോ, നിനക്കൊന്നും വേണ്ടെങ്കിൽ വേണ്ട —നീയിവിടെ മിണ്ടാണ്ടിരുന്നാ മതി..."

കുഞ്ഞപ്പു തല വീണ്ടും കാൽമുട്ടുകളിലൊളിപ്പിച്ചു മിണ്ടാതെയിരുന്നു—ഇടയ്ക്കിടെ തേങ്ങിക്കരയുന്നുണ്ടായിരുന്നു.

ശ്രീധരൻ ഒന്നും പറഞ്ഞില്ല.

കുഞ്ഞപ്പുവിൽ—ഏതു മനുഷ്യനിലും—ഒളിഞ്ഞുകിടക്കുന്ന സാത്വിക ഭാവം ഒന്നു പിടഞ്ഞുണർന്നതാണ്. അതു ക്ഷണികമാണ്. പൊട്ടിച്ചൂട്ടു പോലെ അതു കെട്ടണഞ്ഞുപോകും....

വിദ്േരാഹവാസനയുള്ള ഒരു വ്യക്തിയല്ല വലേ്യട്ടൻ. കുഞ്ഞപ്പു—ചില്ലറ വികൃതികൾ ഒരു വിനോദമാക്കി ബഡായികാട്ടി നടക്കും —വാനരനെപ്പോലെ—ആ വാനരന്റെ കഴുത്തിൽ കുടുക്കിട്ടു പിടിച്ചിരിക്കയാണ് ശങ്കുണ്ണിക്കമ്പൗണ്ടറും ആധാരം ആണ്ടിയും....ആ പാശവലയത്തിൽനിന്നും പുറത്തേക്കു കുതിച്ചുചാടാൻ കുരങ്ങു വിചാരിച്ചാൽ സാദ്ധ്യമല്ല....

രജിസ്ത്രാപ്പീസിൽനിന്ന് ഉച്ചയ്ക്ക് പന്ത്രണ്ടുമണിക്ക് തന്റെ ഓഹരിപ്പണവും ഒപ്പിട്ടുവാങ്ങി, കുഞ്ഞപ്പു ആരോടും മിണ്ടാതെ ഒരുമണിക്കുള്ള മെയിൽവണ്ടിക്കുതന്നെ സ്ഥലംവിട്ടു—തമിഴത്തിപ്പൊണ്ടാട്ടിയെയും കൊളന്തയെയുംകൂട്ടി, പിനാംഗിലേക്കു കപ്പൽകയറാൻ ഒരുങ്ങിക്കൊണ്ട്.

ആധാരമെഴുത്തുകൂലി, പലവകച്ചെലവ് ഓഹരിക്കമ്മീഷൻ ആദിയായ കണക്കുകളുടെ പട്ടിക തയ്യാറാക്കി ആണ്ടി കാത്തിരുന്നു —രാത്രിയായിട്ടും കുഞ്ഞപ്പുവിന്റെ നിഴൽപോലുമില്ല...അങ്ങനെ ആണ്ടി, അണ്ടികളഞ്ഞ അണ്ണാനെപ്പോലെയായി.

ദല്ലാൾപ്പണം, കമ്മീഷൻ ഫീസ് മുതലായവയ്ക്കു പുറമേ സൗജന്യമായി നല്ലൊരു തുകയും തട്ടിയെടുക്കാമെന്നു കരുതി കാത്തിരുന്ന ശങ്കുണ്ണിക്കമ്പൗണ്ടർക്കും മനസ്സിലായി, കുണ്ടിൽച്ചാടിയെന്ന്.

കമ്പൗണ്ടർ ആലോചിച്ചു: കുഞ്ഞപ്പുവിനെ പിടിക്കാൻ തമിഴ്നാട്ടിലേക്ക് ഒരു

പോക്കുപോയാലോ?—വേണ്ട—വണ്ടിക്കൂലി നഷ്ടപ്പെടും. അതായിരിക്കും ഫലം. തമിളത്തിയെയും ചെക്കനെയുംകൂട്ടി ആ ഹബൂജാല് കപ്പല്ല കേറീട്ടുണ്ടാവും.

അങ്ങനെ കന്നിപ്പറമ്പ് ഭാഗംപിരിവുവ്യാപാരം നടത്തിയതിന്റെ ഫീസായി അതിരാണിപ്പാടത്തെ 'ശങ്കുണ്ണി ആൻഡ് ആണ്ടി അറ്റോർണിക്കമ്പനി'ക്ക്, കുഞ്ഞപ്പുവിന്റെ ഓഹരിയിൽക്കിട്ടിയ ചട്ടികലംചെമ്പു കോളാമ്പികൾ കൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു.

ശ്രീധരൻ പുറപ്പെടുകയാണ്.

കൈയിൽ സൂക്ഷിക്കുവാൻ കരുതിയിരുന്ന ചെറിയ തുകൽസഞ്ചി തുറന്നു. അതിലെ വസ്തുക്കൾ പുറത്തെടുത്തു വീണ്ടും പരിശോധിച്ചു.

ഒരു കണ്ണട.

അച്ഛന്റെ പഴയ കണ്ണട. സത്യത്തെയും നന്മയെയും മാത്രം ദർശിച്ച മിഴികൾക്കു സാക്ഷ്യംവഹിച്ച ചില്ലുകളാണ്—ശ്രീധരന്റെ ഭാവി ജീവിതത്തിനു നേർവഴി കാട്ടിക്കൊടുക്കും.

ഒരു തൂവൽ.

തെരുവുമൂലയിലെ പെറ്റിഷൻ റൈറ്റർ ഹാഷിം മുൻഷി പണ്ടു സമ്മാനിച്ച പക്ഷിത്തൂവൽ.

(ഹാഷിംമുൻഷി ഇന്ന് കടപ്പുറത്തെ പള്ളിശ്മശാനത്തിൽ മണ്ണിനടിയിലാണ്—തെരുവുമൂലയിൽ, പീടികമാളികയിൽ, മുൻഷിയുടെ പഴയ എഴുത്തുമുറിയുടെ ജാലകത്തിനരികെ പുതിയൊരു ബോർഡാണു തൂങ്ങിക്കിടക്കുന്നത്:

'ശ്രീ ജ്യോതിഷാലയം'

ജ്യോത്സ്യൻ: പനച്ചിക്കാട്ടു കുട്ടൻപണിക്കർ.)

ആ മഹാൻ സമ്മാനിച്ച തൂവൽ ശ്രീധരന്റെ ജീവിതത്തൊഴിലിന്റെ ചിഹ്നമായിരിക്കട്ടെ—

ഒരു നോട്ട് ബുക്ക്!

അമ്മുക്കുട്ടിയുടെ കവിതാനോട്ട്ബുക്ക്! ശ്രീധരനെ സ്നേഹിച്ചിരുന്ന ഒരു സാധുപെൺകുട്ടിയുടെ പരിശുദ്ധകരസ്പർശമേറ്റ കടലാസുതുണ്ടുകൾ.

ഒരുകെട്ടു കടലാസ്.

ശ്രീധരന്റെ സ്വന്തം കവിതകളുടെ കൈയെഴുത്തുപ്രതികൾ.

അങ്ങനെ അച്ഛന്റെ പഴയ കണ്ണടയും, ഹാഷിംമുൻഷിയുടെ തൂവലും, അമ്മുക്കുട്ടിയുടെ കവിതാനോട്ട്ബുക്കും, സ്വന്തം കവിതകളുടെ കരടുകോപ്പികളും തുകൽസഞ്ചിയിൽത്തന്നെ നിക്ഷേപിച്ച്, തൂക്കിയെടുത്ത്, വിധവയായ അമ്മയേയുംകൂട്ടി കന്നിപ്പറമ്പിലെ പടിയിറങ്ങി.

കരിയിലകളും പയനിൻപൂക്കളും വേലിയിൽനിന്നു വഴുതിവീണ ഇല്ലിമുള്ളുകളും വെള്ളമണലും ഇടകലർന്ന ഇടവഴിയിലൂടെ തലയുയർത്തിക്കൊണ്ടു നടന്നു.

അമ്മയേയുംകൂട്ടി ആദ്യം ഇലഞ്ഞിപ്പൊയിലിലേക്ക്...

പിന്നെ അമ്മയെ ഇലഞ്ഞിപ്പൊയിലിൽ വിട്ട് ഒറ്റയ്ക്കു ബോംബെയിലേക്ക്...

....പിന്നെ....പിന്നെ —വിശാലമായ ലോകത്തേക്ക്........

# മർമ്മരങ്ങൾ

# മർമ്മരങ്ങൾ I

പതിനായിരം ഗ്യാലൻ കൊള്ളുന്ന ആ കൂറ്റൻ പെടേ്രാൾടാങ്കിലേക്ക് ശ്രീധരൻ വീണ്ടുമൊന്നു നോക്കി.

അത്രയും എണ്ണയുടെ വീര്യംകൊണ്ടു ബഹുദൂരം ഓടുന്ന ആയിരമായിരം വാഹനങ്ങൾ മനസ്സിൽ കാണുന്നു.

അതിരാണിപ്പാടത്തെപ്പറ്റിയുള്ള സ്മരണകളും ഗ്യാലൻകണക്കിൽത്തന്നെ. മൂന്നു നാലു ദശാബ്ദങ്ങൾ പിറകിലേക്ക് വികാരവീര്യത്തോടെ മനസ്സിനെ നയിക്കുന്ന ആയിരമായിരം സ്മരണകൾ!

വിധവയായ അമ്മയേയുംക്കൂട്ടി കന്നിപ്പറമ്പിലെ പടിയിറങ്ങിയിട്ട്——അതിരാണിപ്പാടത്തോടു വിടവാങ്ങിയിട്ട്——മൂന്നു ദശാബ്ദങ്ങൾ കഴിഞ്ഞു. പിന്നെ ഒരിക്കലും ഇങ്ങോട്ടു തിരിഞ്ഞുനോക്കിയിട്ടില്ല——മനപ്പൂർവ്വം —— ഒരു ദൃഢപ്രതിജ്ഞയോടെ എന്നു തന്നെ പറയാം——ഇങ്ങോട്ടു വരാതിരുന്നതാണ്.

മൂന്നുനാലു ദശാബ്ദങ്ങൾക്കു മുമ്പുള്ള അതിരാണിപ്പാടം അന്തരിച്ചു പോയി. മുന്നിൽക്കാണുന്നതു പുതിയൊരു ലോകമാണ്.

അച്ഛൻ പറയാറുണ്ടായിരുന്നു: ഈ ഭൂലോകം ഒരു മഹാശ്മശാനമാണ്. തലമുറകളിലായി മരിച്ചു മണ്ണടിഞ്ഞവരുടെ പടലങ്ങൾക്കുമീതെയാണ് നമ്മൾ പാർക്കുന്നത്. നമ്മൾക്കുശേഷം പിറകിലുള്ളവർ നമ്മുടെ മീതെ അവരുടേതായ ഒരു ലോകം പടുത്തുയർത്തും. കുറേക്കാലം കഴിയുമ്പോൾ അതിനുമീതെ മറ്റൊരു ലോകം സ്ഥലം പിടിക്കും.... ശ്മശാനങ്ങൾക്കു മീതെ ശ്മശാനങ്ങൾ!

മനുഷ്യൻ ജനിക്കുന്നതു ശ്മശാനങ്ങൾ പടുത്തുയർത്താനാണോ എന്നു ചോദിച്ചുപോവും.

ശ്രീധരൻ മെല്ലെ അതിരാണിപ്പാടത്തിന്റെ വലയത്തിലേക്കു നീങ്ങി. സ്ഥലത്തെപ്പറ്റി ഒരു ലക്കും കിട്ടുന്നില്ല——പഴയ മുക്കുകളും മൂലകളുമൊക്കെ മറഞ്ഞുപോയി. തോടുകളും ഇടവഴികളും തൂർന്നും——തൂർത്തും——പറമ്പു കളോടു ചേർത്തും പുതിയ മണ്ഡലങ്ങളായിത്തീർന്നിരിക്കുന്നു.

മണിപ്പൂവിന്റെ നിറമുള്ള മനോഹരമായ പൂക്കൾ പ്രദർശിപ്പിച്ചുകൊണ്ടു വേലിക്കരികെ പുതിയജാതി ചെടികൾ തലയുയർത്തി നില്ക്കുന്നു. ശീമക്കൊന്നയാണതേ്ര. ഒരു വൈദേശികസസ്യാതിഥി —— ഭംഗിക്കു വേണ്ടിയല്ല, പച്ചിലവളത്തിനുവേണ്ടിയാണ് ഈ വിദേശച്ചെടികൾ വളർത്തുന്നത്. വളരെ നല്ലത്...

കടുംനിറത്തിലുള്ള പച്ചയും ചുവപ്പും പെയിന്റടിച്ച ജാലകങ്ങളോടു കൂടിയ ഒരു ഗൃഹത്തിൽനിന്നു റേഡിയോസംഗീതം പൊങ്ങുന്നു. അത് ഒരു മുസ്ലീംവീടാണെന്നു തോന്നുന്നു —— (അതിരാണിപ്പാടത്തു പണ്ട് ഒരൊറ്റ മാപ്പിളപ്പുരയും ഉണ്ടായിരുന്നില്ല.)

ഈർച്ചക്കാരൻ മുച്ചിറിയൻകുട്ടായിയുടെ പാതിരാപ്പാട്ടും അപൂർവ്വം ചില പെട്ടിപ്പാട്ടുകളും (ഗ്രാമഫോൺ) കേട്ട് ആനന്ദിച്ചവരായിരുന്നു. ഇവിടത്തെ പൂർവ്വികർ.

ഗ്രാമഫോൺപേടകത്തിന്റെ കോളാമ്പിക്കുഴലിനു മുമ്പിൽ തലയും ചെരിച്ച് 'യജമാനന്റെ സ്വരം' ശ്രദ്ധിക്കുന്ന നായയുടെ ചിത്രം, ഇന്നത്തെ പിക്കാസോവിന്റെ സമാധാനപ്രാവിനെപ്പോലെ പ്രസിദ്ധമായിരുന്ന അന്ന്.

പഴയ കാലത്തെ പാർപ്പിടങ്ങളുടെയും മാർക്ഷങ്ങളുടെയും മൂലസ്ഥാനങ്ങൾ കണ്ടുപിടിക്കാൻ കണ്ണുംചിമ്മി കുറച്ചുനേരം ഓർത്തുനോക്കേണ്ടിയിരിക്കുന്നു.

താഴ്പുര മാത്രം ഓടുമേഞ്ഞ പഴയൊരു വീടു കാണുന്നു. ഈർച്ചക്കാരൻ വേലുമൂപ്പരുടെ പുരയായിരിക്കണം അത്. പറമ്പിന്റെ തെക്കു ഭാഗത്തുണ്ടായിരുന്ന പഴയ തോടിന്റെ അഡ്രസ്സില്ല. സിമന്റുപൂശിയ കന്മതിൽ പൊങ്ങി നില്ക്കുന്നത് അവിടെയായിരിക്കണം——തൊട്ടടുത്ത പറമ്പിന്റെ ഭദ്രമായ അതിർത്തിരേഖ.

വേലുമൂപ്പരുടെ മുറ്റത്തേക്കു തിരിഞ്ഞു.

ചാണകം മെഴുകിയുണങ്ങിയ മുറ്റം——ചേടിമണ്ണു പൂശി, ഇളം റോസ് നിറം വിലസുന്ന തിണ്ടുകൾ. മുറ്റത്തിന്റെ കോണിൽ ഒരു ചെമ്പരത്തിമരം നിറയെ പൂത്തുനില്ക്കുന്നു... താരതമ്യേന വലിയ പരിവർത്തനമൊന്നും വന്നുചേർന്നിട്ടില്ലാത്ത പറമ്പും പുരയും.

കോലായിൽ ഒരു കസേരയിൽ മുറ്റത്തേക്കു മിഴിച്ചുനോക്കിക്കൊണ്ടിരിക്കുന്ന അർദ്ധനഗ്നനായ മുതുകിഴവൻ, വേലുമൂപ്പർതന്നെയല്ലേ?——അദ്ഭുതം! വേലുമൂപ്പർ ഇപ്പോഴും ജീവിച്ചിരിക്കുന്നു!

കോലായിൽ കെട്ടിത്തൂക്കിയ പുതിയൊരു തൊട്ടിലിനരികെയാണ് കിഴവൻ ഇരിക്കുന്നത്; തൊട്ടിലാട്ടിക്കൊടുക്കാൻ തക്കവണ്ണം.

തൊട്ടിൽ കണ്ടപ്പോൾ ഇംഗർസോളിന്റെ ഒരു കവിതയിലെ ആശയം മനസ്സിൽ തേട്ടി വന്നു:

ഓരോ തൊട്ടിലുമാടുമ്പോഴുള്ളിൽ
ചോദിക്കുന്നു,'ണ്ടെവിടുന്ന്?'
ഓരോ പട്ടടമഞ്ചവും നീങ്ങുമ്പോൾ
ആരായുന്നു, 'ണ്ടെങ്ങോട്ട്?'.....

മെല്ലെ നടുമുറ്റത്തേക്കു നീങ്ങിച്ചെന്നു.

വേലുമൂപ്പർ മിഴിച്ചുനോക്കുന്നു.

ശ്രീധരൻ ലോഗ്യഭാവത്തിൽ ഒരു പുഞ്ചിരിതൂകി.

വേലുമൂപ്പരുടെ മുഖത്ത് ഒരു പ്രതികരണവും കണ്ടില്ല.

വേലുമൂപ്പർക്ക് ആളെ മനസ്സിലായിട്ടുണ്ടാവില്ല——എങ്ങനെ മനസ്സിലാവാനാണ്?——മുപ്പത്തഞ്ചുകൊല്ലം മുമ്പു കണ്ട പയ്യനല്ലേ?

ആ തുറിച്ച നോട്ടം അങ്ങനെതന്നെ.

'എന്നെ ഓർക്കുന്നുണ്ടോ?' ശ്രീധരൻ മുഖമാട്ടിക്കൊണ്ടു ചോദിച്ചു.

കിഴവൻ കസേരയിൽനിന്ന് ഒന്നു ചലിച്ചു...

"മോളേ, മോളേ —— ആരാണു മുറ്റത്തേക്കു വന്നത്? എന്നു നോക്ക്....." മുറ്റത്തേക്കു മിഴിച്ചുനോക്കിക്കൊണ്ടുതന്നെ അകത്തേക്കു വിളിച്ചു ചോദിക്കുന്നു.

വേദനാജനകമായ വസ്തുത പുറത്തുവന്നു——വേലുമൂപ്പർ അന്ധനാണ്.

സാരിചുറ്റിയ ഒരു ചെറുപ്പക്കാരി വാതില്ക്കൽ വന്ന് ഒന്നെത്തിനോക്കി.

“എനിക്കറിഞ്ഞുകൂടാ മുത്തപ്പാ——പുതിയൊരാളാണ്.”

അങ്ങനെ മൊഴിഞ്ഞുകൊണ്ട് ആ ചെറുപ്പക്കാരിയും വാതില്ക്കൽ നിന്നു മിഴിച്ചുനോക്കുന്നു.

ശ്രീധരന് ആകപ്പാടെ ഒരു വല്ലായ്മ തോന്നി.

“ഞാൻ——ഞാൻ——ഇവിടെ പണ്ടു കന്നിപ്പറമ്പിൽ പാർത്തിരുന്ന കൃഷ്ണൻ മാസ്റ്ററുടെ മകനാണ്...” ശ്രീധരൻ അല്പം പതർച്ചയോടെ സ്വയം പരിചയപ്പെടുത്തി. ചത്ത മിഴികൾക്കപ്പുറത്തെ പഴയ ഓർമ്മ സഞ്ചിയിൽ പരതുകയാണ് വേലുമൂപ്പർ...

“കൃഷ്ണമ്മേഷ്ട്രേ മോനോ...ആര്——ആര്?——ശ്രീദരങ്കുട്ട്യോ?......”

“അതെ——ശ്രീധരൻകുട്ടിതന്നെ...”

“എന്റെ മോനേ..വാ, വാ. ഇങ്ങോട്ടു കോലായിക്കേറിക്കുത്തിരിക്ക്...നീ പോയിട്ട് എത്തറ ആണ്ടറുതി കഴിഞ്ഞു...മോളേ, ഒരു പായിങ്ങെടുത്തോ....”

ചെറുപ്പക്കാരി ഒരു പുൽപ്പായെടുത്തു കൊണ്ടുവന്ന് കോലായിത്തിണ്ണയിനരികെ നിവർത്തിയിട്ടു——വാ തുറന്നു നില്ക്കുന്ന വലിയൊരു നരിയുടെ വർണ്ണചിത്രമുള്ള പുത്തൻപുല്പായ.

നരിയുടെ വായിൽത്തന്നെ ഇരുന്നു.

“മോനേ, എനിക്കു കണ്ണു കണ്ടുകൂടാ. നാലഞ്ചുകൊല്ലമായി ഇരുട്ടിലാണ്...നീയൊന്നിങ്ങോട്ടു നീങ്ങിയിരിക്ക്—— നിന്നെ ഞാനൊന്നു നോക്കട്ടെ.”

വേലുമൂപ്പർ രണ്ടു കൈയും നീട്ടി വായുവിൽ തപ്പി.

ശ്രീധരൻ ആദരപൂർവ്വം മുഖം കസേരയ്ക്കരികിലേക്കു പാകത്തിൽ നീട്ടിക്കൊടുത്തു.

വേലുമൂപ്പരുടെ ശുഷ്കിച്ച കൈ ശ്രീധരന്റെ പരന്നു തള്ളിനില്ക്കുന്ന കവിളുകളിലും താടിയെല്ലിലും മേൽച്ചുണ്ടിലെ വരമീശയിലും വീതിയുള്ള നെറ്റിയിലും ഇടതൂർന്നു വളർന്ന മിനുത്ത തലമുടിയിലും വാത്സല്യപൂർവ്വം അരിച്ചരിച്ചു നീങ്ങി...

വേലുമൂപ്പർക്കു തൃപ്തിയായി. പിന്നെ എന്തോ ഓർത്ത് ഒരു നെടുവീർപ്പയച്ചു....

ആ നേത്രക്കണ്ണാടിയിൽ പ്രതിഫലിച്ചു നീങ്ങുന്ന രംഗങ്ങളെന്തായിരിക്കും?

“ഞാനൊരു പാപിയാണു മോനെ——” നിർജ്ജീവനേത്രങ്ങൾ മിഴിച്ചു കൊണ്ടു വേലുമൂപ്പർ പറഞ്ഞുതുടങ്ങി——തന്റെ ജീവിതകഥ——തനിയെ പറഞ്ഞുപോവുകയാണ്; കേൾക്കാനൊരു പുതിയ ആളെക്കിട്ടിയപ്പോൾ.

ഉണ്ണൂലിയമ്മ ഏഴു പെറ്റിട്ടുണ്ടായിരുന്നു. ഏഴും ആൺകുഞ്ഞുങ്ങൾ. രണ്ടെണ്ണമൊഴികെ ബാക്കിയെല്ലാം ശിശുപ്രായത്തിൽത്തന്നെ മരിച്ചുപോയി. മുതിർന്നവരിൽ മൂത്തവൻ ബാലൻ നാടുവിട്ടു പൊയ്ക്കളഞ്ഞു. ഇപ്പോൾ എവിടെയെങ്കിലും ജീവിച്ചിരിപ്പുണ്ടോ എന്നുതന്നെ നിശ്ചയമില്ല പിന്നെയുണ്ടായിരുന്നത് ദാമോദരനാണ്——എട്ടാംതരംവരെ പഠിച്ചു. വെള്ളക്കാരുടെ ബാങ്കിൽ പിയൂൺപണിയും കിട്ടി. കല്യാണം കഴിച്ചു. ഒരാൺകുട്ടിയുണ്ടായി. വേലുക്കുട്ടി——വേലുക്കുട്ടിക്ക് ആറുമാസം തികയുന്നതിനുമുമ്പ് ദാമോദരൻ സൈക്കിൾ ആക്സിഡന്റിൽ അകാലമൃത്യുവടഞ്ഞു. ബാങ്കുകാർ നല്ലൊരു തുക വേലുവിന്റെ വിധവയ്ക്കും കുഞ്ഞിനും സംഭാവന ചെയ്തു. വേലുക്കുട്ടി വളർന്നു——പഠിച്ചു. പത്താംക്ളാസ് പാസ്സായി. അച്ഛന്റെ പഴയ ബാങ്കിൽത്തന്നെ ക്ളാർക്കുജോലി കിട്ടി. അപ്പോൾ മുത്തശ്ശി ഉണ്ണൂലിയമ്മയ്ക്ക് ഒരു മോഹം: വേലുക്കുട്ടി

വിവാഹംകഴിച്ചുകാണാൻ. അമ്മാവന്റെ മകൾ റെഡിയായിട്ടുണ്ടായിരുന്നു. അങ്ങനെ പതിനെട്ടാം വയസ്സിൽ വേലുക്കുട്ടി അമ്മാവന്റെ മകൾ ശാരദയെ വിവാഹംകഴിച്ചു. ആ വിവാഹം കാണാൻ മാത്രമേ ഉണ്ണൂലിയമ്മയ്ക്കു യോഗമുണ്ടായുള്ളൂ —— ഒരു മാസംകഴിഞ്ഞ് ഉണ്ണൂലിയമ്മ മരിച്ചു. ശാരദ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. പ്രസവത്തിൽതന്നെ മരിച്ചു. ആ പെൺകുഞ്ഞ് —— സുഭദ്ര —— വളർന്നു. സുഭദ്രയ്ക്കു രണ്ടു വയസ്സുള്ളപ്പോൾ വേലുക്കുട്ടി പാമ്പുകടിയേറ്റു മരിച്ചു. വേലുക്കുട്ടി അയ്യായിരം ഉറുപ്പികയ്ക്ക് ലൈഫ് ഇൻഷ്വർ ചെയ്തിട്ടുണ്ടായിരുന്നു. ആ തുകകൊണ്ടു വേലുമൂപ്പർ, ചെറിയതോതിൽ ഒരു മരക്കച്ചവടം തുടങ്ങി. അപ്പോഴാണ് കണ്ണു കാണാതായത്. കണ്ണുചികിത്സയ്ക്കു കുറെ പണം ചെലവായി. മരക്കച്ചവടവും മതിയാക്കേണ്ടിവന്നു...നെയ്ത്തു കമ്പനിവേലക്കാരനായി, വടക്കു നിന്നു കുഞ്ഞമ്പു എന്നൊരു ചെറുപ്പക്കാരൻ ഇവിടെ ഊണുകഴിച്ചു താമസിച്ചിരുന്നു. നെയ്ത്തുകാരൻ കുഞ്ഞമ്പു കഴിഞ്ഞകൊല്ലം സുഭദ്രയെ കല്യാണം കഴിച്ചു. സുഭദ്ര രണ്ടാഴ്ച മുമ്പേ പ്രസവിച്ചു —— ഒരു പെൺകുഞ്ഞിനെ. ആ കുഞ്ഞാണ് തൊട്ടിലിൽ ഉറങ്ങിക്കിടക്കുന്ന ബിന്ദു. നാലാംതലമുറയെ തൊട്ടിലാട്ടിക്കൊണ്ടു മുതുമുത്തച്ഛൻ വേലുമൂപ്പർ കോലായിലിരിക്കുന്നു.

പരമ്പരയിൽ ആണ്മക്കളില്ല. വേലുമൂപ്പരുടെ മരണത്തോടുകൂടി ആ മക്കത്തായ കുടുംബം കണ്ണിയറ്റുപോകും——തൊണ്ണൂറു വയസ്സുചെന്ന വേലുമൂപ്പരുടെ മനോവ്യഥയുടെ കാരണം അതാണ്!...

കുമ്പളങ്ങപോലത്തെ തലയും, തരിപ്പഞ്ചസാര വിതറിയിട്ടപോലെ നരച്ച കുറ്റിരോമങ്ങൾ നിറഞ്ഞ മുഖവും, പുകയിലപോലത്തെ തൊലിയുമുള്ള വേലുമൂപ്പരെ കാണുമ്പോൾ, വിദൂരതയിൽനിന്നു മറ്റൊരു രൂപം ശ്രീധരന്റെ ഓർമ്മയിലേക്കിഴഞ്ഞുവരുന്നു. കന്നിപ്പറമ്പിന്റെ പടിഞ്ഞാറെത്തൊടിയിൽ —— കുട്ടാപ്പുവിന്റെ പുരത്തറ പൊങ്ങിവന്നതിനും മുമ്പ് —— ഗുഹപോലെയുള്ള കുടിലിൽ, പള്ളവരെ നീണ്ടുകിടക്കുന്ന വെള്ളത്താടിയോടുകൂടി കുത്തിയിരിക്കുന്ന മുതുകിഴവൻ —— പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തെ വിത്തായിരുന്നു, ആ താടിക്കാരൻ —— ആ വിത്ത് മുളപൊട്ടാതെ മണ്ണടിഞ്ഞു പോയി! ഇതാ കുത്തിയിരിക്കുന്നു, മറ്റൊരു വ്യക്തി —— തൊണ്ണൂറുവർഷത്തെ ജീവിതവും കണ്ട, നാളെയോ മറ്റെന്നാളോ, പനമൂട്ടിൽത്തറവാടിന്റെ പേരോടു കൂടി കുഴിച്ചുമൂടപ്പെടാനിരിക്കുന്ന വേലു!....

തൊട്ടിലിലെ ബിന്ദു ഉണർന്നു കരഞ്ഞു.

ചക്കച്ചകിണിപോലത്തെ തലമുടിയോടുകൂടിയ ഒരു തള്ള കോലായിലേക്കു വന്നു തൊട്ടിലിൽനിന്നു കുഞ്ഞിനെയെടുത്തുകൊണ്ടു പോയി: ബിന്ദുവിന്റെ മുതുമുത്തശ്ശി —— ദാമോദരന്റെ വിധവ, മാണിക്യം!

വേലുമൂപ്പർ പെട്ടെന്നു പഴയ സ്വപ്നങ്ങളിൽനിന്നു തട്ടിപ്പിടഞ്ഞുണർന്നു.

"നിയ്യ്, ഏതോ ഒടുങ്ങ്യനാട്ടിലാണെന്നു കേട്ടിരുന്നല്ലോ... നിയ്യിപ്പെല്ലവിടെയാണ്?..."

"ഇപ്പോൾ ദൽഹിയിലാണ് ——" ശ്രീധരൻ ആദരപൂർവ്വം പറഞ്ഞു.

"അതെവിട്യാ?"

"വളരെ വടക്ക്."

"കാശീന്നും ഒക്കെ ദൂര്യാണോ?"

ആണ്—— കൊറെ ദൂരെ ——"

"ഗോസായിമാരുടെ നാട്, അലേ്ല?"

(ശ്രീധരൻ ഗോസായിവേഷത്തിലാണോ എന്നു വേലുമൂപ്പർ വിചാരിച്ചിരുന്നുവോ എന്തോ!)

"ആണ്——അവിടെ ഗോസായിമാരെയും കാണാം——ഹിന്ദുസ്ഥാനിക്കാരുടെ നാടാണ്——ഇന്ത്യാരാജ്യത്തിന്റെ തലസ്ഥാനം."

"നെക്ക് ഇപെ്ലന്താണ് അവിടെ പണി?"

ശ്രീധരൻ ഒന്നു പരുങ്ങി. എന്തു പറയണം?

പറഞ്ഞാൽ വേലുമൂപ്പർക്ക് മനസ്സിലാകുമോ? പറയേണ്ട ആവശ്യമുണ്ടോ? കളവുപറയാനും മനസ്സ് അനുവദിക്കുന്നില്ല....

ഒരു ന്യായം മനസ്സിലുദിച്ചു: ഒളിച്ചുവെക്കുന്നതും കളവു പറയുന്നതും രണ്ടും രണ്ടാണലേ്ലാ.

(ശ്രീധരൻ ഇപ്പോൾ എം. പി. യാണ്——പാർലമെന്റംഗം.)

അപ്രിയമല്ലാത്തൊരു സത്യം——അസാരം മായം ചേർത്ത ഒരു പരമാർത്ഥം——വേലുമൂപ്പരുടെ മുമ്പിൽ അവതരിപ്പിച്ചു:

"അവിടെ വിശേഷിച്ചു പണിയൊന്നുമില്ല....."

# മർമ്മരങ്ങൾ II

അതെ, എം. പി. യാണ്.

ഭാരതത്തിലെ നാല്പതുകോടി പ്രജകളിൽനിന്ന ദൽഹിയിലെ പരമോന്നത നിയമനിർമ്മാണസഭാമന്ദിരത്തിൽ സ്ഥാനം ലഭിച്ച അഞ്ഞൂറു സാമാജികന്മാരിലൊരാൾ——അഞ്ചുലക്ഷം വോട്ടർമാർ തിരഞ്ഞെടുത്തു ലോകസഭയിലേക്കയച്ച ജനപ്രതിനിധി——പ്രധാനമന്ത്രിയുടെ അത്ര അധികാരമില്ലെങ്കിലും പ്രധാനമന്ത്രിയെക്കാൾ അവകാശങ്ങൾ പുലർത്തുന്ന എം.പി. (സഭയിൽ എം. പി. മാർക്ക് പ്രധാനമന്ത്രിയെ വിചാരണ ചെയ്യാം. മന്ത്രിയുടെ ചോദ്യങ്ങൾക്ക് എം. പി. സമാധാനം പറയണമെന്നില്ല.)

എം. പി. യുടെ മുകളിൽ രണ്ടുപേരേയുള്ളു: സർവ്വേശ്വരനും സ്പീക്കറും.

ഇതെല്ലാം തെല്ലും അഹംഭാവത്തോടെയല്ല ശ്രീധരൻ ഓർത്തുപോയത്——വേലുമൂപ്പരെ ഒന്ന കളിപ്പിക്കാൻവേണ്ടിയുമല്ല എം. പി. പാസ് കീശയിൽ ഒളിപ്പിച്ചുവെച്ചത്. വാസ്തവം പറഞ്ഞാൽ, തൊണ്ണൂറുചെന്ന ആ മാന്യ വൃദ്ധന്റെ മുന്നിൽ സ്വയം ഒരു ബാലനെപ്പോലെയാണ് തോന്നിയത്. താൻ പ്രശസ്തിയും സ്ഥാനമാനങ്ങളും നേടിയിട്ടുണ്ടാവാം——എന്നാൽ തൊണ്ണൂറിന്റെ പ്രായം അങ്ങനെ കരസ്ഥമാക്കാവുന്നതല്ലലേ്ലാ——ഈ ദേശത്തെ വെള്ളവും ചാരവും പച്ചിലവളവുമുൾക്കൊണ്ട്, ഈ അന്തരീക്ഷത്തിന്റെ ഇരുട്ടും വെളിച്ചവും ചെത്തവും ചൂരും മാത്രമേറ്റുകൊണ്ടു വളർന്ന ഒരു മനുഷ്യവൃക്ഷമാണു മുന്നിൽ. (പണ്ടു കന്നിപ്പറമ്പിന്റെ വടക്കേത്തൊടിയിലുണ്ടായിരുന്ന അയനിപ്പിലാവുപോലെ——) ഈ പെരുമരം പൊഴിക്കുന്ന മർമ്മരങ്ങൾ മൂത്ത സത്യങ്ങളുടേതായിരിക്കും. അനുഭവജ്ഞാനത്തിന്റെ അമൂല്യമന്ത്രങ്ങളായിരിക്കും...

ക്കുറ്റൻസ്ഫടികമകുടമണിഞ്ഞ പാർലമെന്റിന്റെ ലോകസഭാഗർഭഗൃഹത്തിൽ, പച്ചക്കുഷ്യൻസീറ്റിൽ ഞെളിഞ്ഞിരിക്കുന്നതിനേക്കാൾ അഭിമാനവും ഉന്മേഷവും തോന്നുന്നില്ലേ്ല, ഈ മാന്യവൃദ്ധന്റെ കാലക്കൽ——വെള്ളരിക്കയും നേ്ലക്കതിരും കെട്ടിത്തൂക്കിയ ഇറയ്ക്കു കീഴിൽ——പുല്ലുപായിൽ പടിഞ്ഞിരിക്കുന്നതിൽ?

'പോയിന്റ് ഓഫ് ഓർഡർ' പേടിക്കേണ്ട ——ചോദ്യം ചോദിക്കാൻ റൂളും വകുപ്പും ഉദ്ധരിക്കേണ്ട——സമയനിയന്ത്രണത്തിനുള്ള മണിയടി ശ്രദ്ധിക്കേണ്ട...

"അപ്പളേ, പണി ഒന്നുംല്യാതെ പിന്നെങ്ങനെ കഴിഞ്ഞുകൂട്ടും?" ചെയറിൽനിന്നുള്ള ചോദ്യം.

(ശ്രീധരൻ ഗോസായിയായിരിക്കുമെന്ന സംശയം മൂപ്പരുടെ ഉള്ളിൽക്കിടന്നു കളിക്കുന്നുണ്ടാവണം.)

"ഹർജി ടൈപ്പ് ചെയ്യും..." പെട്ടെന്ന് ഒരു പിടിവള്ളി കിട്ടി.

"ആങ്——അത് നേര് —— നിയ്യ് പണ്ടു ടൈപ്പച്ചടിക്കുന്നതു പടിച്ചു പാസ്സായിട്ടുണ്ടലേ്ലാ——" വേലുമൂപ്പർ ഓർത്തു തലയാട്ടിക്കൊണ്ടു ശരിവച്ചു.

(സത്യമാണ്: ബോംബെയിൽ ആദ്യകാലത്ത് ഉപജീവനത്തിനുതകിയത് ടൈപ്പിസ്റ്റിന്റെ തൊഴിലായിരുന്നു.)

"നെന്റെ അമ്മ ഇപ്പളും ല്യേ?"

"ഇല്ല, അമ്മ മരിച്ചിട്ടു പതിനൊന്നു കൊല്ലം കഴിഞ്ഞു...."

അതു കേട്ട് വേലുമൂപ്പർ സഹതാപത്തോടെ തലയാട്ടി.

"നെന്റെ അമ്മ കുട്ടിമാളു ഇദ്ദേശക്കാർക്ക് ഒരു താങ്ങും തണലും ആയിരുന്നു. നെന്റെ അമ്മന്റെ കൈകൊണ്ടു കിട്ടിയ കഞ്ഞിന്റെ വെള്ളം ഞങ്ങളാരും ഒരു കാലത്തും മറക്കുലാ....."

(ദാനശീലയായിരുന്ന അമ്മയെ കഞ്ഞിവെള്ളത്തിലൂടെയെങ്കിലും അതിരാണിപ്പാടത്തുകാർ ഓർക്കുന്നുണ്ട്. നന്ദി!)

"നെന്റെ കല്യാണം കഴിഞ്ഞോ?"

"കഴിഞ്ഞു."

"എത്തറ കുട്ടികളായി?"

"നാല്."

"ആണ് എത്തറെ?"

"രണ്ടാണ് —— രണ്ടു പെണ്ണും."

വേലുമൂപ്പർ ഒന്നു മന്ദഹസിച്ച്, സന്തോഷം പ്രകടിപ്പിച്ചു.

"മോളെ...." വാതിലിനുനേർക്കു മുഖംതിരിച്ചു വിളിച്ചു: "കൊറച്ചു കാപ്പികാച്ചിക്കൊണ്ട്വാ."

"എനിക്കിപ്പോ കാപ്പി വേണ്ട——" ശ്രീധരൻ പറഞ്ഞു.

"ങ്ഊം? എന്താ? സാദ്ദുക്കളെ കാപ്പി കുടിക്കുലേ?"

"എനിക്ക് ഊണുകഴിക്കണം——ഇവിടുന്നുതന്നെ—— അതുകൊണ്ട് ഇപ്പോൾ കാപ്പി വേണ്ട."——ശ്രീധരൻ കളങ്കംകൂടാതെ പറഞ്ഞു.

ആതിഥ്യം സ്നേഹത്തോടെ ആവശ്യപ്പെടുകയാണെന്ന് വേലുമൂപ്പർക്ക് മനസ്സിലായി: സന്തോഷം!

ആ കുടുംബം സമ്പന്നമല്ല—— ദരിദ്രവുമല്ല—— ഒരുനേരത്തെ ആഹാരം തരാൻ അവർക്കു കഴിയും——വൈകുന്നേരംവരെ ഈ 'ഹൗസി'ൽ ഇരിക്കാൻ തന്നെയാണു തീരുമാനിച്ചിട്ടുള്ളത്——പലതും ചോദിച്ചറിയാനുണ്ട്. പാർലമെന്റിൽ ചോദിക്കാൻ തയ്യാറാക്കുന്ന ചോദ്യങ്ങളെക്കാൾ ജീവിതസ്പർശിയായ ചോദ്യങ്ങൾ ——

"ഞങ്ങള് തിന്നുന്നതിലൊരോരി നെനക്കും തരാം."

വേലുമൂപ്പർ ചിരിച്ചുകൊണ്ടു പറഞ്ഞു.

"അതു മതി. എന്നെ വിരുന്നുകാരനായി കണക്കാക്കണ്ട...പണ്ട് ഉണ്ണൂലിയമ്മ ഉണ്ടാക്കിത്തന്നെ തേങ്ങാച്ചോറ് ഞാനെത്ര തിന്നതാണ് ഈ പുരയിൽ നിന്ന്!......"

വേലുമൂപ്പരുടെ നിർജ്ജീവനയനങ്ങൾ വിടർന്നു. ഒരു നെടുവീർപ്പ്——

"എന്റെ ഉണ്ണൂലി...ഓള് പോയപ്പം എന്റെ കരളിന്റെ വെളിച്ചം പോയി...." ആ വെളുത്ത ശിരസ്സ് ആടിക്കൊണ്ടിരുന്നു. വാക്കുകൾക്ക് ഒരു വിറ.

കസേരക്കൈ തൊട്ടുഴിഞ്ഞുകൊണ്ട് വേലുമൂപ്പർ വിഷാദത്തോടെ കുറച്ചുനേരം

മൗനംഭജിച്ചു....

പതിനാലുകൊല്ലം മുമ്പു തന്നെ വിട്ടുപോയ ജീവിതസഖിക്കു സ്മരണ പൂജ നടത്തുകയാണ് തൊണ്ണൂറുചെന്ന ആ വൃദ്ധൻ.

ശ്രീധരനും ഓർക്കുകയാണ് ഇരുനിറത്തിൽ തടിച്ചു നെടുത്തായ ആ തള്ളയെപ്പറ്റിത്തന്നെ. തഴച്ച തലമുടി ചിലപ്പോൾ പിറകിലഴിച്ചിട്ട്, ചിലപ്പോൾ മൂർദ്ധാവിൽ കെട്ടിവച്ചും ഒരു കീറത്തോർത്തും മാറത്തു ചാർത്തി എന്തിനും തയ്യാട്ടുത്തുകൊണ്ടു വരുന്ന ആ വരവ് ഒരിക്കലും മറക്കുകയില്ല— 'പടച്ചി ഉണ്ണൂലി' എന്നൊരു പേരു കിട്ടിയിരുന്നുവെങ്കിലും വാസ്തവത്തിൽ അവരൊരു ശുദ്ധഗതിക്കാരിയായിരുന്നു. അലിവുള്ള മനസ്സ്; അനീതി കണ്ടാൽ ആളും തരവും നോക്കാതെ എതിർക്കുന്ന സ്വഭാവം — വായ്ത്തലകൊണ്ടു കൊത്തിത്തറയ്ക്കാനും, മറുതലകൊണ്ടു മിനുസപ്പെടുത്താനും വശമുള്ള ഒരു കൊടുവാളായിരുന്നു ഉണ്ണൂലിയമ്മയുടെ നാക്ക്.

അതിരാണിപ്പാടത്തെ ആ വീരവനിതയെ ഒടുവിൽ കണ്ട രംഗം മനസ്സിൽ തങ്ങിനില്ക്കുന്നു. ശങ്കുണ്ണിക്കമ്പൗണ്ടറും ആധാരം ആണ്ടിയും വലേ്യട്ടൻ കുഞ്ഞപ്പുവിന്റെ വക്കാലത്തുപിടിച്ച് കന്നിപ്പറമ്പിലെ വീട്ടുമൊതല് ഓഹരി വെക്കുന്ന തിരക്ക്. അയൽപക്കക്കാർ ഉള്ളാലെ നോക്കി രസിച്ചു കൊണ്ടിരിക്കെ, കുടുംബബന്ധം കൊത്തിയറക്കുന്ന ആ ക്രൂരതയ്ക്കെതിരായി സ്വരമുയർത്തിയത് ഉണ്ണൂലിയമ്മ മാത്രമായിരുന്നു. 'ഈ മകാപാപി അനുപവിക്കും....ഈ മകാപാപി നെരത്തിമ്മെക്കെടന്നു പുഴ്ത്തു ചാവും' എന്ന് ആയമ്മ കുഞ്ഞപ്പുവിനെ ശപിച്ചതു കുറച്ചു കടുപ്പമായിപ്പോയെങ്കിലും....

ഉണ്ണൂലിയമ്മയുടെ ശാപമേറ്റിട്ടല്ലെങ്കിലും, വലേ്യട്ടൻ കുഞ്ഞപ്പുവിന്റെ പിൽക്കാലജീവിതം ദയനീയമായിത്തന്നെയാണു കലാശിച്ചത്. തമിഴത്തി ഭാര്യയേയും മകനെയും കൂട്ടി പിനാംഗിലേക്കു കപ്പൽകയറി. കപ്പലിൽവെച്ചു കുട്ടിക്കു ദണ്ഡംപിടിച്ചു. കടൽച്ചൊരുക്കും ബാധിച്ചു—ഛർദ്ദിച്ചു ഛർദ്ദിച്ചു മരിച്ചു. ശവം കടലിലെറിയേണ്ടിവന്നു. പിനാംഗിലെത്തി. ഭർത്താവും ഭാര്യയും റബ്ബർത്തോട്ടത്തിൽ കൂലിക്കാരായിച്ചേർന്നു. ആറുമാസംചെല്ലുന്നതിനു മുമ്പ് കാലാവസ്ഥ പറ്റാതിരുന്നതുകൊണ്ടോ ദുഷ്കാലംകൊണ്ടോ എന്തോ, കുഞ്ഞപ്പുവും രോഗബാധിതനായി—ഇന്ത്യയിലേക്കു മടങ്ങാൻതന്നെ തീരുമാനിച്ചു. അങ്ങനെ പിനാംഗിലെ സമ്പാദ്യത്തിൽ അവശേഷിച്ചത് കപ്പൽക്കമ്പനിക്കാർക്കു കൊടുത്തു. പിച്ചക്കാരുടെ മട്ടിലാണ് ഇരുവരും തമിഴ്നാട്ടിൽ തിരിച്ചെത്തിയത്. പിന്നെ രണ്ടുകൊല്ലം കഴിഞ്ഞ്, ദാരിദ്ര്യത്തിലും രോഗത്തിലും വലഞ്ഞുകൊണ്ട് തമിഴ്നാട്ടിൽവെച്ചുതന്നെ മരണമടയുകയും ചെയ്തു.

വലേ്യട്ടൻ കുഞ്ഞപ്പുവിന്റെ മരണവാർത്ത നാലുമാസം കഴിഞ്ഞിട്ടാണ് ശ്രീധരന്റെ അടുക്കലെത്തിയത്.

"പ്രിയപ്പെട്ട ശ്രീധരാ,

ഞാൻ കിടപ്പിലാണ്. എനിക്കു നിന്നെയൊന്നു കാണണം.

എന്നു വലേ്യട്ടൻ."

(കുത്തിവരച്ചൊരൊപ്പും)

വലേ്യട്ടന്റെ വികൃതമായ വലിയ കയ്യടയിലുള്ള ആ രണ്ടു വരിക്കത്തും, 'ഫിറ്റർ മിസ്റ്റർ കുഞ്ഞപ്പു ഇന്നലെ രാത്രി പരലോകം പ്രാപിച്ച വിവരം വ്യസനപൂർവ്വം

അറിയിച്ചുകൊള്ളുന്നു' എന്ന് അജ്ഞാതനാമാവായൊരു മലയാളി എഴുതിക്കൊടുത്ത ചാവറിയിപ്പുകുറിപ്പും ഒരുമിച്ചാണ് കൈയിൽ വന്നുചേർന്നത് — വലേ്യട്ടൻ മരിച്ച് നാലുമാസം കഴിഞ്ഞിട്ട്.

അന്ന് ഉത്തരേന്ത്യയിലായിരുന്നു. ആർഷഭാരതത്തിന്റെ ആത്മാവിനെ അനേ്വഷിച്ചുകൊണ്ട് ഹിമാലയതപോവനങ്ങളിലും യമുനാഗംഗാതീരങ്ങളിലും പുണ്യക്ഷേത്രപരിസരങ്ങളിലും, ലക്ഷ്യമില്ലാതെ അലഞ്ഞുനടക്കുകയായിരുന്നു.

വലേ്യട്ടൻ മരിച്ച ദിവസം എവിടെയായിരുന്നുവെന്നറിയാൻ ഡയറി പരിശോധിച്ചു. അദ്ഭുതം തോന്നി, ആ രാത്രി പ്രേതലോകത്തിലായിരുന്നു. അതേ, പ്രേതലോകത്തിൽ!

ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരനുഭവം!

ബനാറസ്സിലെ ഒരു സാരായിൽ (സത്രം) മുറിയെടുത്തു കൂടിയിരിക്കയാണ്, ഒരാഴ്ച കാശിയിൽ കഴിച്ചുകൂട്ടാൻ. അന്നു സന്ധ്യകഴിഞ്ഞപ്പോൾ സത്രത്തിൽനിന്നു പുറത്തിറങ്ങി. ഒരു ഭയ്യന്റെ പലഹാരക്കടയിൽനിന്നു പൂരിയും ഭാജിയും ഗറംധൂത്തും (ചൂടുപാൽ) വാങ്ങിക്കഴിച്ച് ഒരു നടത്തത്തിനു നദീതീരത്തേക്കു തിരിച്ചു.

ഗംഗാതീരത്തെ ക്ഷേത്രത്തിൽനിന്ന് അത്താഴപ്പൂജയുടെ വാദ്യസംഗീതവും മണിയടിയും കീർത്തനങ്ങളും മുഴങ്ങുന്നുണ്ടായിരുന്നു. അങ്ങനെ ചുറ്റിനടന്നു ഹരിശ്ചന്ദ്രഘട്ടത്തിലെത്തി.

ലോകത്തിലെ ഏറ്റവും തിരക്കുള്ള ശ്മശാനമാണ്, ഹരിശ്ചന്ദ്രഘട്ടം—പുരാണത്തിലെ ഹരിശ്ചന്ദ്രരാജാവ് സത്യം പാലിക്കാൻ ചുടലകാത്ത പുണ്യസ്ഥലമാണത്രേ. കാശിയുടെ മൂന്നുനാലുമൈൽ ചുറ്റളവിൽ മരിച്ച ഹിന്ദുക്കളുടെ ശവങ്ങൾ ഗംഗാതീരത്തെ ഹിരശ്ചന്ദ്രഘട്ടത്തിലോ, മണി കർണ്ണികാഘട്ടത്തിലോ വന്നുചേരുന്നു. വിറകു വാങ്ങാനും പുണ്യഘട്ടത്തിന്റെ പരലോകചുങ്കം കൊടുക്കാനും കൈയിൽ കാശില്ലാത്ത പാവങ്ങളാണെങ്കിൽ പരേതന്റെ കഴുത്തിലും കാലിലും വലിയ കല്ലുകെട്ടി ഗംഗയുടെ നടുവിൽ കൊണ്ടുപോയി ആഴ്ത്തിക്കളയും. മറ്റു കക്ഷികളെ ഇവിടെവച്ചു ദഹിപ്പിക്കും.

ഹരിശ്ചന്ദ്രഘട്ടം ശ്മശാനഭൂമിക്ക് ഒരു കൊപ്പരക്കളത്തിന്റെയത്ര വിസ്താരമേയുള്ളൂ. അതിനാൽ അടുത്തടുത്തു ചിത്രകൾ കൂട്ടി ശവദാഹം നിർവ്വഹിക്കേണ്ടി വരുന്നു.

അപ്പോൾ അവിടെ പല കോണുകളിലായി അഞ്ചു ചിതകൾ ജ്വലിക്കുന്നുണ്ടായിരുന്നു. ദീർഘകായനായൊരു ഭയ്യൻ കൈയിലൊരു നീണ്ട കോലും പിടിച്ച് ചിതകളിലെ ശവം ഇടയ്ക്കിടെ കുത്തിയിളക്കിക്കൊണ്ടിരുന്നു. വെള്ളത്തുണിയിൽ മൂടിപ്പൊതിഞ്ഞ കുറെ ശവങ്ങൾ — വെയിറ്റിങ് ലിസ്റ്റിൽ — ഒരു മൂലയിൽ കൂട്ടിയിട്ടിരുന്നു.

'അദ്ധ്യാത്മവിദ്യാലയ' ത്തിലേക്ക് നോക്കിനിന്നുപോയി.

ചുടലയിൽനിന്നു നദിയിലേക്കുള്ള പടവുകൾക്കരികെ കെട്ടിപ്പൊക്കിയ മതിൽത്തിണ്ണയിൽ കേറിയിരുന്ന്, പട്ടടകളിൽ അഗ്നിയുടെയും വായുവിന്റെയും ദ്വന്ദ്വനൃത്തങ്ങൾ വീക്ഷിച്ചു.

ചിതയിലെരിയുന്ന ജഡങ്ങളും മൂലയിൽ കൂട്ടിയിട്ട ഭാണ്ഡങ്ങളുമെല്ലാം ഇന്നലവരെ മനുഷ്യരായിരുന്നു. ഉണ്ണുകയും ഉറങ്ങുകയും വിവാഹംകഴിക്കുകയും സന്തത്യുൽപാദനം നടത്തുകയും സുഖിക്കുകയും ദുഃഖിക്കുകയും പ്രേമിക്കുകയും നിരാശപ്പെടുകയും ഒക്കെ ചെയ്ത മനുഷ്യർ — ജീവിത സ്വാദനുഭവിച്ചുതുടങ്ങിയ യുവതീയുവാക്കന്മാരും വിരക്തിവന്ന

വൃദ്ധന്മാരും കന്യകകളും വിധവകളും ഗർഭിണികളും ശുദ്ധാത്മാക്കളും വഞ്ചകന്മാരും പണ്ഡിതന്മാരും പാമരന്മാരുമൊക്കെ അക്കൂട്ടത്തിൽ കാണും. അവരെയെല്ലാം ഒരേ ലേബലൊട്ടിച്ച്, പരലോകത്തേക്കുള്ള പാർസലുകൾപോലെ മൂലയിൽ കൂട്ടിയിട്ടിരിക്കയാണ്.

ഗംഗയിലേക്കു നോക്കി. കത്തിപ്പടരുന്ന ചിതകളുടെ ഉജ്ജ്വല പ്രതിഫലനങ്ങൾ! —മൃത്യുവിനു നിറപറദീപങ്ങൾ കാഴ്ചവെച്ചപോലെ —

നദിയിൽനിന്നു കുളർമാരുതൻ വീശിക്കൊണ്ടിരുന്നു.

തിണ്ണയിൽ മലർന്നുകിടന്നു പലതും ചിന്തിച്ചു: പൗരാണിക കാലംതൊട്ട് ഇന്നേവരെ എത്ര കോടി ശവങ്ങൾ ഈ ചുടലക്കളത്തിൽക്കിടന്നു വെന്തു വെണ്ണീറായിട്ടുണ്ടാവും!...ഇനി എത്രകോടി വരാനിരിക്കുന്നു!....

കണ്ണുകൾ മയങ്ങി അങ്ങനെയങ്ങനെ ഉറങ്ങിപ്പോയതറിഞ്ഞില്ല....

എപ്പോഴോ മിഴി തുറന്നപ്പോൾ പരിസരത്തെക്കുറിച്ചു പെട്ടെന്ന് ഒരു ബോധവും കിട്ടിയില്ല. മുമ്പിൽക്കാണുന്ന അഗ്നിമണ്ഡലങ്ങൾ കത്തിയെരിയുന്ന ചിതകളാണെന്നു മനസ്സിലായി. കാശിയിലെ ഹരിശ്ചന്ദ്രഘട്ടം ചുടലയിലെ മതിൽത്തിണ്ണയിലാണു കിടക്കുന്നതെന്നും ഓർത്തു.

സമയത്തെപ്പറ്റി ഒരു നിർണ്ണയവുമില്ല. മണി പത്താവാം—പന്ത്രണ്ടാവാം— പുലരാറായെന്നുംവരാം....

മൂലയിലെ ശവഭാണ്ഡക്കുമ്പാരത്തിന്റെ വണ്ണം ചുരുങ്ങിയിട്ടുണ്ട്. അടുപ്പുകൾ അഞ്ചും ശക്തിയോടെ എരിഞ്ഞുകൊണ്ടിരിക്കുന്നു—പക്ഷേ, ദേഹണ്ഡക്കാരനെ കാണാനില്ല.

സൂക്ഷിച്ചുനോക്കിയപ്പോൾ ഭയ്യനെ കണ്ടുകിട്ടി. ആ പാവം പണിയെടുത്തു തളർന്ന് കിടന്നുറങ്ങുകയാണ്, ശവക്കുമ്പാരത്തിനടുത്തുതന്നെ —അവിടെ ഒരു റാന്തലും മിന്നുന്നുണ്ട്...

ആരോ ആർത്തിയോടെ വെള്ളം കുടിക്കുന്നതുപോലെ ഒരു ശബ്ദം ഇടയ്ക്കിടെ കേൾക്കുന്നു—ഗംഗയിലെ അലകൾ ശ്മശാനപ്പടവുകളിൽ വന്നടിക്കുന്ന ശബ്ദമാണെന്നു മനസ്സിലായി...

താമസിക്കുന്ന സത്രം രണ്ടുമൈൽ ദൂരെയാണ്. രാത്രി അസമയത്ത് ഒറ്റയ്ക്കു സഞ്ചരിക്കുന്നത് ആപൽക്കരമാണ്. ഇവിടെ ശവങ്ങൾ മനുഷ്യനെ ഉപദ്രവിക്കുകയില്ല. വഴിക്കു ചില പിശാചുക്കളുണ്ടാകും—മനുഷ്യപ്പിശാചുക്കൾ, കാഷായവേഷക്കാരല്ലാത്ത ആളുകളെ ഒറ്റയ്ക്കു കണ്ടാൽ ആ മനുഷ്യപ്പിശാചുക്കൾ വെറുതെ വിടുകയില്ല. കക്ഷിയുടെ പാന്റിന്റെ കീശയിൽ നാലണ്വണയേയുള്ളൂ എന്ന വസ്തുത അവന്റെ കഥകഴിച്ചതിനു ശേഷമേ മനസ്സിലാവുകയുള്ളൂ....ഗംഗയുടെ അഗാധഹ്രദത്തിലേക്ക് ഒരു ശവംകൂടി....

തിണ്ണയിൽത്തന്നെ കണ്ണുംമിഴിച്ചു കിടന്നു.

എത്രനേരം അങ്ങനെ കഴിച്ചുകൂട്ടും? ഒരു നിശ്ചയവുമില്ല.

നിമിഷങ്ങൾ യുഗങ്ങളായിട്ടാണു നീങ്ങുന്നത്.

മലർന്നുകിടന്നു മുകളിലേക്കു നോക്കി...

തെളിഞ്ഞ ആകാശം. നക്ഷത്രകോടികൾ മിന്നുന്ന വിശാലമായ നീലാകാശം.

സൃഷ്ടിയുടെ അനന്തവിസ്തൃതിയിൽ, ഊഹിക്കാൻപോലും കഴിയാത്ത ഉയരങ്ങളിലെ

മായാമേഖലകളിൽ എന്തെല്ലാം നടക്കുന്നു!

പരാശക്തിയുടെ വലിയ വർക്ക്ഷോപ്പിലേക്കു നോക്കിക്കൊണ്ടു കിടന്നു ചിന്തിച്ചു.

കോടികോടി നക്ഷത്രങ്ങൾ — അവ വിഹായസ്സിൽ സ്ഥിതിചെയ്യുന്നത് ഒരേ വിതാനത്തിലല്ല — ഉയരെ — ഉയരെ — ഉയരെ...അനേകം നിലകളിലായി അനന്തതയിലേക്കു വ്യാപിച്ചുകിടക്കുന്ന അദ്ഭുതമണ്ഡലങ്ങൾ — അവിടേക്കുള്ള ദൂരമോ?

ആധുനികജ്യോതിശ്ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഒന്നളന്നു നോക്കട്ടെ — കാലവും ദൂരവുമായി ഒരു കളിനടത്തി സമയംകഴിക്കാം...

ഒരു സെക്കൻഡിൽ 1,87,000-ൽപ്പരം മൈലുകൾ സഞ്ചരിക്കുന്ന പ്രകാശരശ്മിയെ അളവുകോലായിപ്പിടിക്കാം. ആ രശ്മിക്ക് ചന്ദ്രഗോളത്തിലെത്താൻ ഒന്നിൽച്ചില്വാനം സെക്കൻഡ് സമയം മതി. പിന്നെ അഞ്ചു മണിക്കൂറു കൊണ്ട് അതു സൗരയൂഥം കടക്കുന്നു. സൗരയൂഥത്തിനുമപ്പുറം, ആദ്യത്തെ നക്ഷത്രവിതാനത്തിലെ, ഏറ്റവും താഴെയുള്ള നക്ഷത്രത്തിലെത്താൻ നാലു വർഷം വേണം. ആ നക്ഷത്രസംസ്ഥാനത്തിന്റെ ഒരറ്റത്തുനിന്നു മറ്റേയറ്റത്തെത്താൻ 80,000 വർഷങ്ങൾ സഞ്ചരിക്കണം. പിന്നെ ഒരു ശൂന്യമണ്ഡലം—അതിന്നപ്പുറം—ഇരുപതു ലക്ഷം വർഷങ്ങൾക്കകലെ — ആന്ദ്രേമിദാ എന്ന നക്ഷത്രരാജ്യം. ആന്ദ്രേമിദായ്ക്കുമപ്പുറം കോടിക്കണക്കിൽ ഉഡു മണ്ഡലങ്ങൾ— അവയിൽ ഏറ്റവും വലുത്, ഓരോ പിടാരത്തിലും കോടിക്കണക്കിൽ നക്ഷത്രങ്ങൾ പ്രകാശിക്കുന്ന പതിനായിരം പിടാരങ്ങളോടുകൂടിയ ഹെർക്കുലീസ് എന്ന നക്ഷത്രസാമ്രാജ്യം! ആ നക്ഷത്രസാമ്രാജ്യം കിടക്കുന്നതോ, മുപ്പതുകോടി പ്രകാശവർഷങ്ങൾക്കകലെ! —തീർന്നില്ല — അതിനപ്പുറവുമുണ്ട്.....തല ചുറ്റുന്നു.

ഞാൻ കാണുന്ന ചില നക്ഷത്രങ്ങളുടെ രശ്മികൾ, 18,000 മുതൽ 1,84,000 കൊല്ലങ്ങൾകൊണ്ടാണു ഭൂമിയിലെത്തിയത്—ബാഹ്യാകാശത്തിൽ ഒരു പാണ്ടുപോലെ കാണുന്ന ആകാശഗംഗ (milky Way)പതിനായിരം കോടി നക്ഷത്രങ്ങളുടെ പ്രകാശസൂചനയാണ്. ആകാശഗംഗയിൽനിന്ന് ഭൂമിയിലേക്കുള്ള ദൂരമോ — 50,000 പ്രകാശവർഷങ്ങൾ!

ഞാൻ കാണുന്ന നക്ഷത്രങ്ങളിൽ എത്രയോ എണ്ണം ലക്ഷമോ കോടിയോ കൊല്ലങ്ങൾക്കുമുമ്പു കെട്ടണഞ്ഞുപോയവയായിരിക്കും! പതിനായിരമോ ലക്ഷമോ കോടിയോ കൊല്ലങ്ങൾക്കുമുമ്പു രൂപമെടുത്ത നക്ഷത്രങ്ങളുടെ രശ്മികൾ ഭൂമിയിലെത്താൻ ലക്ഷക്കണക്കിലോ, കോടിക്കണക്കിലോ കൊല്ലങ്ങൾ ഇനിയും കഴിയേണ്ടിവരും. അതായത്, ഞാൻ കാണുന്ന നക്ഷത്രങ്ങളിൽ എത്രയോ എണ്ണം ഇന്ന് ഇല്ലാത്തവയത്രേ— പിറകെപിറകെ പിറന്ന താരങ്ങളെ ഞാൻ കാണുന്നുമില്ല. ഇല്ലാത്തതിനെ ഞാൻ കാണുന്നു. ഉള്ളതിനെ ഞാൻ കാണുന്നില്ല. ഇതുതന്നെയല്ലേ ആർഷഭാരതത്തിലെ ദാർശനികർ പറയുന്ന മായാപ്രപഞ്ചം?....

ചിതയിൽനിന്നു ചില പൊട്ടലും ചീറ്റലും കേൾക്കുന്നു — തലയോടു കരിഞ്ഞു പൊട്ടുകയായിരിക്കും ഗർഭിണിയുടെ വീർത്തവയർ പിള്ളയോടു കൂടി പൊരിയുകയായിരിക്കും....

നിമിഷങ്ങൾ യുഗങ്ങളായിത്തന്നെ നീങ്ങിക്കൊണ്ടിരിക്കുന്നു— നീങ്ങുന്നുണ്ടോ? കാലം സ്തബ്ധമായിപ്പോയോ? ഒന്നും മനസ്സിലാവുന്നില്ല... എന്നാൽ, ജീവിതത്തിൽ കഴിഞ്ഞ ചില സംഭവങ്ങൾ ഓർക്കാൻ കഴിയുന്നുണ്ട്....പരസ്പരബന്ധമില്ലാത്ത

സ്വപ്നങ്ങൾപോലെ അവ മനസ്സിലൂടെ ഇഴഞ്ഞുപോകുന്നു.

(ആ സമയത്ത് ആയിരം മൈൽ അകലെ തമിഴ്നാട്ടിലെ ഒരു പട്ടണ മൂലയിൽ വലേ്യട്ടൻ കുഞ്ഞപ്പു, ഭൗതികദേഹം വെടിഞ്ഞു പേ്രത്രലോകത്തിലേക്കുള്ള പ്രയാണം ആരംഭിച്ചുകഴിഞ്ഞിരുന്നു.)

യുഗങ്ങൾ—യുഗങ്ങൾ—യുഗങ്ങൾ..

ചിത എരിഞ്ഞണയരുതേ എന്നു പ്രാർത്ഥിച്ചു.

—ശവപ്പന്തങ്ങളുടെ വെളിച്ചമാണ് ഇവിടെ ആശ്വാസമരുളുന്നത്— അവ കെട്ടടങ്ങിയാൽ ഇരുട്ട് ഇഴഞ്ഞുകേറും—കോടാനുകോടി ആത്മാക്കൾ ഇഴുകിക്കൂടിയ ഇരുട്ട്...

ബഹിരാകാശത്തിന്റെ അഗാധമണ്ഡലങ്ങളിലേക്ക് വീണ്ടും കണ്ണയച്ചു. ആ നക്ഷത്രങ്ങളുടെ നീക്കത്തിന്റെ സൂച്യഗ്രദൂരംപോലും കോടാനുകോടി നാഴികകളായിരിക്കും...എയിൻസ്റ്റീന്റെ ഫോർത്ത് ഡയമെൻഷൻ തിയറി ശരിക്കും ഗ്രഹിക്കാൻ കഴിയുന്നുണ്ട്... ഐഹികപാരത്രികസമരേഖകൾ കൂട്ടിമുട്ടുകയാണ്...അനന്തതയുമായി അടുത്ത സമ്പർക്കം പുലർത്തുകയാണ്... പേ്രതലോകത്തിൽ വിഹരിക്കുകയാണ്...

‘ഗംഗാമായീകീജെയ്....’

ദൂരെനിന്ന് ഒരാരവം. മനുഷ്യശബ്ദമാണ്!

ഹാ! മനുഷ്യശബ്ദം എത്ര മധുരം!

ബ്രാഹ്മമുഹൂർത്തത്തിൽ, ഗംഗയുണർത്താൻ, പാണ്ഡകളുടെ വരവാണ് — പുഷ്പാലംകൃതകുംഭമെഴുന്നള്ളിച്ച്, ‘ഗംഗാമായീ-കീ-ജെയ്’ എന്ന ആർപ്പുവിളിയോടുകൂടി....

മതിൽത്തിണ്ണയിൽനിന്നു മെല്ലെ എഴുന്നേറ്റ് ഗംഗയിലിറങ്ങി മുഖത്തു വെള്ളം തളിച്ച് നേരേ സത്രത്തിലേക്കു നടന്നു....

“എന്റെ ഉണ്ണൂലീ—എന്റെ ഉണ്ണൂലീ—നേരാണ്—ഓളെ തൊളേളല് കാരമുള്ളായിരുന്നു — ന്നാലോ, ഓളെ കരളില് ഒര് തേങ്കൂട്ടം ഉണ്ടായിരുന്നു....”

വേലുമൂപ്പരുടെ ഉണ്ണൂലിമന്ത്രം ശ്രീധരനെ, കാശിയിൽനിന്ന് വേലുമൂപ്പരുടെ കോലായിലേക്കുണർത്തി.

# മർമ്മരങ്ങൾ III

“കന്നിപ്പറമ്പും വീട്ടുമൊതലും ഓരിവെച്ചത് ഇന്നലെക്കഴിഞ്ഞോണം തോന്നുന്നു.” വേലുമൂപ്പർ തലയാട്ടിക്കൊണ്ടു തുടർന്നു.

ശ്രീധരനും ഓർക്കുകയാണ്. മുപ്പത്തിനാലു കൊല്ലം മുമ്പു നടന്ന ഭാഗം പിരിവുരംഗം മനസ്സിൽ തങ്ങിക്കിടക്കുന്നുണ്ട്.

“ആ ദുഷ്ടൻ ശങ്കുണ്ണിക്കമ്പോണ്ട്റും ആണ്ടിയുമാണ് കുഞ്ഞപ്പുവിനെക്കൊണ്ട് ആ കടുംകൈ ചെയ്യിച്ചത്.”

വേലുമൂപ്പർ ശ്രീധരന്റെ അന്തർഗ്ഗതംതന്നെയാണ് പ്രതിദ്ധ്വനിപ്പിക്കുന്നത്.

“എന്നിട്ട് അവരിപ്പോളെവിടെ?” വേലുമൂപ്പർ കൈമലർത്തിപ്പിടിച്ചു തലയാട്ടിക്കൊണ്ടു ചോദിച്ചു. “ശങ്കുണ്ണിക്കു ഗതികിട്ടിയോ?—നാട്ടുകാരെല്ലാരും അവനെ വെറുത്തു. പറ്റിക്കാൻ ആരെയും കിട്ടാതെ ശങ്കുണ്ണി ഉഴന്നു നടന്നു. തീറ്റിപ്പോറ്റാൻ ഭർത്താവിന് ആവതില്ലാതായപ്പോൾ ശങ്കുണ്ണിയുടെ ഓള് മൈതിലി മറ്റൊരാണിന്റെകൂടെ ഒളിച്ചുപോയി. തന്റെ പെണ്ണിനെ കട്ടുകൊണ്ടു പോയ പോക്കിരിയോടു പകരംചോദിക്കാൻ ശേഷിയില്ലാതെ കമ്പോണ്ട്റ് മുറിമീശയും ചുളിച്ചു കുമ്പയും ഉഴിഞ്ഞുകൊണ്ടു മിണ്ടാതെയിരുന്നു. ഒടുക്കം ദണ്ണംപിടിച്ച്, പഷ്ണീംകിടന്ന് ഒരു കുട്ടിയും തിരിഞ്ഞുനോക്കാനില്ലാതെ റെയിൽവേഗേറ്റുപുരയിൽക്കിടന്നു ചത്തു. ചെത്തലപ്പട്ടിയെപ്പോലെ...”

ശ്രീധരൻ എല്ലാംകേട്ടു. ഒന്നും മിണ്ടിയില്ല.

“ആണ്ടിയുടെ സ്ഥിതിയോ! ക്ഷയംപിടിച്ച്, കൊരച്ചുകൊരച്ചു ചോര തുപ്പി ആണ്ടിയും മരിച്ചു...”

ആധാരം ആണ്ടിയുടെ അന്ത്യനിമിഷങ്ങളെപ്പറ്റി കേട്ടപ്പോൾ ശ്രീധരന് അൽപം അനുകമ്പയാണു തോന്നിയത്. കമ്പൗണ്ടറെപ്പോലെ അത്ര ദുഷ്ടനായിരുന്നില്ല ആണ്ടി. ആളുകളെ പിന്നിൽനിന്നു കടിച്ചുമാന്തി ഉപദ്രവിക്കുന്ന ഒരു ചെന്നായയായിരുന്നു. ശങ്കുണ്ണിക്കമ്പൗണ്ടർ. ഉപജീവനത്തിനുവേണ്ടിയാണ് ആണ്ടി പല സൂത്രങ്ങളും പയറ്റിയിരുന്നത്. കമ്പൗണ്ടറെപ്പോലെ ഒരു ജോലിയുമെടുക്കാതെ അന്യന്റെ ഇറച്ചിയും ചോരയും മാന്തിപ്പറിച്ചു ഭക്ഷിച്ചു പള്ളയും വീർപ്പിച്ചു നടക്കുകയല്ല ചെയ്തിരുന്നത്. ഇരപിടിക്കാനുള്ള എല്ലാ ദുസ്സാമർത്ഥ്യങ്ങളും വശമാക്കിയിരുന്ന ഒരു കുറുക്കനായിരുന്നു ആണ്ടി—അതിനുംപുറമേ, പലതരത്തിൽ രേഖകൾ രചിക്കാനും, പല സ്വരത്തിൽ ഓലിയിടാനും വൈദഗ്ദ്ധ്യം നേടിയ ഒരു കലാകാരനുംകൂടിയായിരുന്നു — ആ കലാകാരന്റെ ദയനീയമായ അന്ത്യം ഓർത്തപ്പോൾ ശ്രീധരനു സഹതപിക്കാതിരിപ്പാൻ കഴിഞ്ഞില്ല.

ആധാരം ആണ്ടിയെപ്പറ്റി ചിന്തിച്ചപ്പോൾ, പണിക്കരുടെ സ്കൂളിൽ വെച്ച് അരങ്ങേറിയ ‘അമ്മാളുപരിണയം’ നാടകവും, മനസ്സിൽ തിരശ്ശീല നീങ്ങി കാണാറായി. കൃഷ്ണൻമാസ്റ്ററുടെ വേഷംകെട്ടി രംഗത്തുവന്ന ആശാരി മാധവനെയും അനുസ്മരിച്ചുപോയി.

“ആ ആശാരിമാധവൻ ഇപ്പോഴെവിടെയാണ്?” വേലുമൂപ്പരോടു ചോദിച്ചു.

വേലുമൂപ്പർ കുറച്ചുനേരം ആലോചിച്ചു.

“ഏതു മാധവനാശാരിയാണ്? പൽഗുനൻമുതലാളിയുടെ പുരപ്പണിക്കു വന്നു പിന്നെ ഇവിടെ താമസമാക്കിയ മാധവനാശാരിയാണോ?”

(കോരപ്പൻകൺട്രാക്ടരുടെ കൂടെയുണ്ടായിരുന്ന ഫൽഗുനൻറൈറ്റർ, പിന്നീട് ഒരു മുതലാളിയായെന്നും, അതിരാണിപ്പാടത്തു മറ്റൊരു ആശാരി മാധവൻകൂടി രംഗപ്രവേശം ചെയ്തിരുന്നുവെന്നും മനസ്സിലായി.)

“പണ്ടു ഭാസ്കരൻമുതലാളിയുടെ ഫർണിച്ചർപുരയിൽ പണിയെടുത്തിരുന്ന ആശാരി മാധവനെപ്പറ്റിയാണു ഞാൻ ചോദിക്കുന്നത്.” ശ്രീധരൻ വിശദീകരിച്ചു.

“ഓഹോ! ആ ജഗല് മാധവൻ, അല്ലേ?” വേലുമൂപ്പൻ തനിയേ ചിരിച്ചു. പിന്നെ അവന്റെ കഥ പറഞ്ഞു.

മരക്കച്ചവടം ഭാസ്കരൻമുതലാളിയുടെ ഫർണിച്ചർപുരയിലെ മുതലുകൾ കുറേശ്ശെക്കുറേശ്ശെ അതിരാണിപ്പാടത്തെ മറ്റൊരു മൂലയിലേക്കു മായാജാലത്താലെന്നപോലെ നീങ്ങിക്കൊണ്ടിരുന്നതു മുതലാളി അറിഞ്ഞില്ല. ഫർണിച്ചർനിർമ്മാണം നഷ്ടത്തിലാണെന്നു മനസ്സിലായപ്പോൾ ഭാസ്കരൻ മുതലാളി ആ ഏർപ്പാടു മതിയാക്കി. ആശാരി മാധവനെ പിരിച്ചയച്ചു. മാധവൻ ഒരുമാസം വെറുതെ ഇരുന്നു. പിന്നെ ഒരു കുഞ്ഞിരാമൻമുതലാളിയുമായി കൂറുചേർന്നാണെന്നും പറഞ്ഞ് ‘നേഷണൽ ഫർണിച്ചർ വർക്ക്സ്’ എന്ന പേരിൽ ഒരു ഷാപ്പു തുറന്ന്, തെക്കുനിന്ന് അഞ്ചെട്ട് ആശാരിമാരേയും കൊണ്ടുവന്ന് വലിയതോതിൽ ഫർണിച്ചർനിർമ്മാണമാരംഭിച്ചു. പുതിയ മോഡലിലുള്ള ചൂരൽക്കസേരകൾ, കണ്ണാടി അലമാരകൾ, ഡ്രായറുകൾ, മേശകൾ, കട്ടിലുകൾ തുടങ്ങിയ നാനാതരം ഗൃഹോപകരണങ്ങൾ അവിടെ നിറയെ ഉണ്ടായിരുന്നു. അങ്ങനെ ക്രമേണ പഴയ ആശാരി മാധവൻ പുതിയ മാധവൻമുതലാളിയായി. ഒരു കൊല്ലം കഴിഞ്ഞപ്പോൾ ഒരു ഫർണിച്ചർ കുറിയും തുടങ്ങി. നറുക്കുകിട്ടിയാൽ പിന്നെ പണം അടയ്ക്കണ്ടാ — അങ്ങനത്തെ ഒരു ഭാഗ്യക്കുറി—ആദ്യത്തെ നറുക്കു കിട്ടിയത് പാണൻ അപ്പുവിനായിരുന്നു. മൂന്നുറുപ്പിക മാത്രം അടച്ച പാണന് അറുപതുറുപ്പിക വിലയുള്ള വലിയൊരു വീട്ടിക്കട്ടിൽ! ആ കട്ടിൽ രണ്ടു മാപ്പിളമാരെക്കൊണ്ടു തലയിലെടുപ്പിച്ച്, അതിരാണിപ്പാടം ഒന്നു പ്രദക്ഷിണംവച്ചുകൊണ്ടാണ് പാണക്കുടിലിൽ എത്തിച്ചുകൊടുത്തത്, മാധവൻമുതലാളി. മാസക്കുറിക്കു പുറമേ ഒരാഴ്ച കുറിയും ആരംഭിച്ചു — നാനാഭാഗത്തുനിന്നും ആളുകൾ തുരുതുരെ നേഷണൽ ഫർണിച്ചർ കുറിയിൽ ചേർന്നുതുടങ്ങി. ആറുമാസത്തോളം അങ്ങനെ വ്യാപാരവും കുറിയും ജോറായി നടന്നു. പിന്നെ ഒരു നറുക്കെടുപ്പു നാളിൽ ഫർണിച്ചർഷാപ്പ് തുറന്നുകണ്ടില്ല. മാധവൻമുതലാളിയും പണിക്കാരും പോയ വഴിയില്ല. ആളുകൾ രണ്ടുമൂന്നുദിവസം കാത്തിരുന്നു. പിന്നെ അവർ ബഹളം കൂട്ടി ഷാപ്പു കുത്തിപ്പൊളിച്ചു. അതിനകത്ത് രണ്ടുമൂന്നു മരക്കഷണങ്ങളും അഞ്ചാറു പ്രായത്തുണ്ടുകളും കുറെ മുള്ളാണികളും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

“ആശാരി മാധവനെ പിന്നെ പിടികിട്ടിയോ?” ശ്രീധരൻ ചോദിച്ചു.

“എങ്ങനെ പിടികിട്ടാനാണ്?” വേലുമൂപ്പർ കൈമലർത്തി. പിന്നെ വിഷാദസ്വരത്തിൽ പറഞ്ഞു: “ആർക്കും പിടിക്കാൻ കഴിയാത്ത ഒരു സ്ഥലത്തേക്ക്

അവൻ പോയി...”

“എന്ത്?....അയേ്യാ, കഷ്ടം!” ശ്രീധരൻ സഹതാപത്തോടെ പറഞ്ഞു പോയി—ആശാരി മാധവൻ ആത്മഹത്യചെയ്തുവെന്നാണ് മനസ്സിലാക്കിയത്.

“ആ പഹയൻ ആശാരി മാധവൻ പോയി പട്ടാളത്തിൽ ചേർന്നു.”— വേലുമൂപ്പർ വിശദീകരിച്ച് ഒരു ചിരിചിരിച്ചു.

കാക്കിയൂണിഫോറമണിഞ്ഞ് ഉളിപിടിച്ചു തഴമ്പിച്ച കൈയിൽ തോക്കുമായി, കവാത്തെടുക്കുന്ന ആശാരി മാധവന്റെ ചിത്രം ഓർത്തപ്പോൾ ശ്രീധരനും ചിരിച്ചുപോയി.

ആ സമയത്ത് ഒരു യുവാവ് അങ്ങോട്ടു കേറിവന്നു — കാക്കി നിറത്തിലുള്ള നീളൻ കാൽസ്രായും വെള്ളഷർട്ടും ധരിച്ച ഒരു കൃശഗാത്രൻ— കൈയിലൊരു കടലാസ് പൊതിയുമുണ്ടായിരുന്നു. കാലൊച്ചകൊണ്ട് ആരോ ഒരാൾ കോലായിലേക്കു വന്നിട്ടുണ്ടെന്നു വേലുമൂപ്പർ മനസ്സിലാക്കി: “ആരാണത്?”

“ഞാനാണ് — കുഞ്ഞിരാമൻ.”

വേലുമൂപ്പരുടെ മുഖത്ത് ഒരരോചകഭാവം മുദ്രിതമായി—

‘ഊം’ എന്നൊന്നു മൂളി. പിന്നെ മൗനം ഭജിച്ചു—

കുഞ്ഞിരാമൻ അകത്തേക്കു കടന്നുപോയി—അഞ്ചു നിമിഷം കഴിഞ്ഞു വീണ്ടും പുറത്തേക്കു വന്നു.

“മുത്തപ്പാ, ഞാൻ പോട്ടേ?”

“ഉം.” വേലുമൂപ്പർ ഗൗരവഭാവത്തിൽ വീണ്ടും മൂളി.

കുഞ്ഞിരാമൻ ശ്രീധരനെ ആകപ്പാടെയൊന്നുനോക്കി—നൈലോൺ ബുഷ്ഷർട്ടും, സിൽക്ക് ദോത്തിയും ധരിച്ച പുൽപ്പായിൽ ചമ്രം പടിഞ്ഞിരിക്കുന്ന ഈ വിദ്വാൻ എവിടുന്നു വന്നു എന്ന അർത്ഥത്തിലായിരുന്നു ആ നോട്ടം.

കുഞ്ഞിരാമൻ പടിയിറങ്ങിപ്പോയി.

(കുഞ്ഞിരാമന്റെ ഇടത്തെ മണിക്കണ്ടത്തിൽ മിന്നിക്കൊണ്ടിരുന്ന റിസ്റ്റ്വാച്ച്, സ്മഗ്ൾഡ് വസ്തുവാണെന്നു ശ്രീധരനു മനസ്സിലായി.)

“ആ ചെക്കൻ പോയോ?” വേലുമൂപ്പർ ശ്രീധരനോടു ചോദിച്ചു.

“പോയി—അവനേതാണ്?”

“അസത്ത് ചെക്കൻ — അവനെ മൂരിയിറച്ചി നാറും.” വേലുമൂപ്പർ മൂക്കു ചുളിച്ചുകൊണ്ടു പറഞ്ഞു.

“ഏതാണ് ആ ചെറുപ്പക്കാരൻ?” ശ്രീധരൻ വീണ്ടും ചോദിച്ചു.

“ഇവടത്തെ സുപദ്രേന്റെ അമ്മാമനാണ് —എട്ടാംതരംവരെ പഠിച്ചിട്ടുണ്ട് — ചെക്കന്റെ പണിയെന്താണെന്നു കേക്കണോ—ചൂടിക്കമ്പനി സായ്പിന്റെ ബങ്കളാവിലെ കുസ്നിക്കാരൻ—മൂരിയെറച്ചീം പന്നിയെറച്ചീം ഒക്കെ വെക്കുന്ന പണി—ഓനെ തൊട്ടാൽ കുളിക്കണം—കൊട്ടീമ്പി—”

വേലുമൂപ്പർ തനി യാഥാസ്ഥിതികനാണ്. ആണുങ്ങൾ ആരാന്റെ അടുക്കളെപ്പണിയെടുക്കുന്നത്—അതും മൂരിമാംസവും പന്നിമാംസവും വെച്ചൊരുക്കുന്ന പണി—അതിമേ്ലച്ഛമാണെന്നാണ് വേലുമൂപ്പരുടെ വിശ്വാസം. സുഭദ്രയുടെ

അമ്മാമനായിപ്പോയതുകൊണ്ടാണ്—അല്ലെങ്കിൽ 'സായ്പിന്റെ ചൊക്ര' കുഞ്ഞിരാമനെ പുരയിൽ കയറ്റുകയില്ലായിരുന്നു വേലുമൂപ്പർ.

"കുസ്സിപ്പണി അത്ര മോശമാണോ?" ശ്രീധരൻ ചോദിച്ചു: "ഒരു പണിയുമില്ലാതെ വെറുതെയിരിക്കുന്നതിനെക്കാൾ നല്ലതല്ലേ എന്തെങ്കിലുമൊരു പണിക്കു പോകുന്നത്?"

ശ്രീധരന്റെ ന്യായവാദം വേലുമൂപ്പരെ ഇളക്കിയില്ല. പള്ള പയിക്കുന്നതു പൊറുപ്പിക്കാൻ കഴിയുന്നില്ലെന്നുവെച്ച്, ആരെങ്കിലും തണ്ടാസിൽ പോയി അമേദ്ധ്യം ഭക്ഷിക്കാറുണ്ടോ എന്നായിരുന്നു മൂപ്പരുടെ മറുചോദ്യം.

അച്ഛൻ ഒരിക്കൽ ഉപദേശിച്ചതന്നത് ശ്രീധരൻ ഓർത്തു. ഒരു തൊഴിലും നീചമല്ല. മനുഷ്യൻ ചെയ്യുന്ന ഏതൊരു തൊഴിലിനും അതിന്റേതായ മാന്യതയുണ്ട്—തോട്ടിവേലയ്ക്കുപോലും! ഒരു തൊഴിലും ചെയ്യാതെ വെറുതെയിരിക്കുന്നവനെയാണ് നീചനെന്നു വിളിക്കേണ്ടത്.

താൽക്കാലികാവശ്യത്തിനു കുറച്ചു കാശു സമ്പാദിക്കാൻ, ബംഗാളിലെ ഒരു കുറ്റിക്കാട്ടിൽ നട്ടപ്രവെയിലത്തു വേലയെടുത്ത വസ്തുത ശ്രീധരൻ ഓർത്തുനോക്കുകയാണ്.

സ്ഥലങ്ങൾ സന്ദർശിച്ചുകൊണ്ട്, അവിടവിടെ ഇറങ്ങിയും തങ്ങിയും ട്രെയിനിൽ സഞ്ചരിക്കുകയായിരുന്നു—ആർഷഭാരതത്തിന്റെ ആത്മാവിനെ അന്വേഷിച്ചുകൊണ്ടുള്ള ആദ്യത്തെ യാത്രതന്നെ. കാശിയിൽനിന്നു യാത്ര തുടർന്നു. കൽക്കത്തയിലേക്ക്. അങ്ങനെ ബർദ്വാനിലെത്തി—ഗതിമുട്ടി. പേർസിൽ അഞ്ചാറണയേ ബാക്കിയുള്ളു — ബർദാനിൽനിന്ന് ക്ലക്കത്തയിലേക്കുള്ള ട്രെയിൻചാർജിനു പണം തികയുകയില്ല—കഥകളും ലേഖനങ്ങളും കവിതകളും പ്രസിദ്ധപ്പെടുത്തിയ വാരികയിൽനിന്നുള്ള പ്രതിഫലം മണിയോർഡർചെയ്തയച്ചത് കിട്ടണമെങ്കിൽ കൽക്കത്തയിലെത്തിച്ചേരണം.

ബർദാനിൽനിന്നു കൽക്കത്തയിലേക്കുള്ള അറുപതുമൈല് ദൂരം കാൽനടയായി സഞ്ചരിക്കാൻതന്നെ തീരുമാനിച്ചു. ടിൻപെട്ടിയും കൈയിൽ തൂക്കി നടന്നു. അരയണയ്ക്കു പുഴുങ്ങിയ കടല വാങ്ങി ഭക്ഷിച്ചു. പച്ചവെള്ളം കുടിച്ചു. ഉച്ചയ്ക്ക് മന്ദമാരുതനേറ്റു മരത്തണലിൽ കിടന്നുറങ്ങി.... അങ്ങനെ വൈകുന്നേരം ഏതോ ഒരു ഗ്രാമത്തിലെത്തി.

'ഇവിടെ അടുത്തെവിടെയെങ്കിലും ധർമ്മസത്രമുണ്ടോ?' റോഡിലൂടെ പോകുന്ന ഒരു ബംഗാളിയുവാവിനോടു ചോദിച്ചു.

പാന്റും ഷർട്ടും ഷൂസും ധരിച്ച്, കൈയിൽ ഒരു പെട്ടിയും തൂക്കി നടന്നു പോകുന്ന അപരിചിതന്റെ ഇംഗ്ലീഷിലുള്ള ചോദ്യത്തിന് ആ ബംഗാളി, ബംഗാളിയിലാണു മറുപടി പറഞ്ഞത് —മുഖച്ഛായകൊണ്ട് ബംഗാളിയാണെന്നു തെറ്റിദ്ധരിച്ചതാവാം.

'എനിക്കു ബംഗാളി അറിഞ്ഞുകൂടാ—അടുത്തെവിടെയെങ്കിലും ധർമ്മസത്രമുണ്ടോ എന്നു ദയവായി പറഞ്ഞുതരുമോ?' ശ്രീധരൻ ഇംഗ്ലീഷിൽത്തന്നെ വീണ്ടും ചോദിച്ചു.

ആ ബംഗാളിയുവാവ് ശ്രീധരനെ ആപാദചൂഡം ഒന്നു നോക്കി. 'ഒരു ഫർലോങ് അകലെ ഒരു ടി. ബി. യുണ്ട്.' അയാൾ ഇംഗ്ലീഷിൽ പറഞ്ഞു.

'ടി. ബി. യിൽ താമസിക്കാൻ വാടക കൊടുക്കണ്ടേ?'

'വേണം.'

'എന്റെ കൈയിൽ പൈസയില്ല—ധർമ്മസത്രമുണ്ടോ എന്നാണറിയേണ്ടത്.'

‘നിങ്ങളെങ്ങോട്ടാണ പോകുന്നത്?’

‘കൽക്കത്തയ്ക്ക്.’

‘കാൽനടയായിട്ടോ?’

‘അതെ, കാൽനടയായിട്ട്.’

‘ജോലിയന്വേഷിച്ചാണോ കൽക്കത്തയ്ക്ക പോകുന്നത്?’

‘അല്ല ——എന്നാലും തൽക്കാലാവശ്യത്തിനു കുറച്ചു കാശു കിട്ടാൻ എന്തു ജോലിചെയ്യാനും ഒരുക്കമാണ്.’

‘നിങ്ങൾക്ക് എന്തു ജോലിയാണ് വശമുള്ളത്?’

‘സ്റ്റെനോഗ്രാഫറുടെയോ ക്ളാർക്കിന്റെയോ ടൈപ്പിസ്റ്റിന്റെയോ ജോലി ചെയ്യാം. ശിപായിപ്പണിയെടുക്കാം. വേണമെങ്കിൽ വീട്ടുവേലയും ചെയ്യാം — രണ്ടുമൂന്നു ദിവസത്തേക്കു മാത്രം...’

‘അങ്ങനെ രണ്ടുമൂന്നു ദിവസത്തേക്കു മാത്രമായി ക്ളാർക്കിന്റെയോ ശിപായിയുടെയോ പണി കിട്ടാൻ പ്രയാസമാണ്. കൂലിപ്പണിക്കേ അങ്ങനെ ആളുകളെ വയ്ക്കുകയുള്ളു.’

‘കൂലിപ്പണിയെടുക്കാനും ഒരുക്കമാണ്.’ ശ്രീധരൻ ഞെളിഞ്ഞുനിന്നു പറഞ്ഞു.

അതു കേട്ട് ആ ബംഗാളി തനിയെ ചിരിച്ചു. പരിഹാസമോ, അനുകമ്പയോ!

അയാൾ കുറച്ചുനേരം എന്തോ ആലോചിച്ചുകൊണ്ടു നിന്നു.

‘ഞാനൊന്നു ശ്രമിച്ചുനോക്കാം—എന്റെ കൂടെവരൂ.’

ആ ബംഗാളിയുവാവ് ശ്രീധരനെ കൂട്ടിക്കൊണ്ടുപോയത് ഒരു ഫർലോങ് അകലെയുള്ള ടി. ബി. യിലേക്കുതന്നെയായിരുന്നു.

ടി. ബി. യുടെ വരാന്തയിൽ, പൈപ്പും വലിച്ചുകൊണ്ട് ഒരു കുടവയറൻ ബംഗാളിബാബു ഇരിക്കുന്നുണ്ടായിരുന്നു.

ശ്രീധരനെ കൂട്ടിക്കൊണ്ടുപോയ യുവാവും ആ മാന്യനും തമ്മിൽ ബംഗാളിയിൽ എന്തൊക്കെയോ സംഭാഷണങ്ങൾ നടന്നു.

ബംഗാളിബാബു ശ്രീധരനെ ആകപ്പാടെയൊന്നു നോക്കി. പിന്നെ ഇംഗ്ലീഷിൽ അരുളിച്ചെയ്തു: ‘നിങ്ങൾക്കു ഞാനൊരു പണിതരാം—നിലം അളക്കാൻ ചങ്ങല പിടിച്ചുകൊടുക്കുന്ന ജോലി — ദിവസക്കൂലി രണ്ടുറുപ്പിക —സമ്മതമാണോ?’

ബംഗാളിയുവാവ് ടി. ബി. ബാബുവിനെ ശ്രീധരനു പരിചയപ്പെടുത്തി: ‘സർവ്വേ ഉദ്യോഗസ്ഥനാണ്. സമീപപ്രദേശത്തെ കുറ്റിക്കാടുകൾ റീസർവ്വേ ചെയ്യാൻ വന്നിരിക്കയാണ്.’

‘റെഡി.’ ശ്രീധരൻ സമ്മതിച്ചു.

‘എന്നാൽ ഇന്നു രാത്രി നിങ്ങൾക്കെന്റെകൂടെ ഇവിടെത്തന്നെ താമസിക്കാം. നാളെ രാവിലെ കൃത്യം ഏഴുമണിക്കു ജോലിക്കു ഹാജരാകണം.’

‘തേങ്ക് യു സേർ.’

രാത്രി പൊറുപ്പിക്കാൻ സൗജന്യമായി ഒരിടം കിട്ടി. കൽക്കത്താ യാത്രച്ചെലവിന്റെ കാശു നേടിക്കൊടുക്കുന്ന ഒരു പീസ്‌വർക്കിന്റെ വാഗ്ദാനവും.

ശ്രീധരൻ സമാധാനത്തോടെ കിടന്നുറങ്ങി.

പിറ്റേന്നു രാവിലെ, ഒന്നരമൈൽ ദൂരെയുള്ള കുറ്റിക്കാട്ടിലേക്കു സർവേ്വ ജോലിക്കാരുടെകൂടെ പുറപ്പെട്ടു.

ജോലിക്കാരിറങ്ങി—അളവുചങ്ങല പിടിച്ചുകൊടുത്തു. വെയിലത്ത്, കല്ലുകരടുകാഞ്ഞിരക്കുറ്റിയും മുള്ളുമുരടുമൂർഖപ്പാമ്പും നിറഞ്ഞ നിലങ്ങളിലൂടെ നിരങ്ങി. മാർക്കുചെയ്ത സ്ഥലങ്ങളിൽ കൽക്കുറ്റിയും മരക്കുറ്റിയും അടിച്ചുതാഴ്ത്തി. വിയർപ്പിൽ കുളിച്ചു — ഒരുപാടു വെള്ളം കുടിച്ചു.

ഒരിടത്തു വഴുതിവീണു. കാൽമുട്ടിന് അസാരം പരിക്കുപറ്റി. എന്നാലും ആത്മാർത്ഥതയോടെ ജോലിചെയ്തുവെന്നതിൽ ഒരാനന്ദം തോന്നി.

സന്ധ്യയ്ക്കു ജോലികഴിഞ്ഞു ടി. ബി. യിലേക്കുതന്നെ മടങ്ങി. സർവേ്വ ബാബു പേർസ് തുറന്ന് ഒരഞ്ചുറുപ്പികനോട്ടെടുത്തു ശ്രീധരന്റെനേർക്കു നീട്ടി.

ദിവസക്കൂലി രണ്ടുറുപ്പികയാണ്. പിന്നെ ഈ അഞ്ചുറുപ്പികയെന്തിന്? — ആരുടെയും സൗജന്യം ആവശ്യമില്ല —

ശ്രീധരൻ പണം വാങ്ങാതെ ശങ്കിച്ചുനിന്നു.

'നിങ്ങളുടെ വേജസ്.'—ബംഗാളിബാബു അഞ്ചുറുപ്പികനോട്ട് ശ്രീധരന്റെ കൈയിലേക്കു പിന്നെയും നീട്ടി.

'ദിവസക്കൂലിയല്ലേ —ബാക്കി തരാൻ എന്റെ കൈയിൽ ചില്ലറയില്ല.'

സർവേ്വയർ ബാബു ചിരിച്ചു: 'കൂലി നിശ്ചയിക്കേണ്ടതു ഞാനാണല്ലോ —ഇത് ഒരു ദിവസത്തെ കൂലിയായോ രണ്ടു ദിവസത്തെ കൂലിയായോ എങ്ങനെ വേണമെങ്കിലും നിങ്ങൾക്കു സ്വീകരിക്കാം—നാളെ രാവിലെതന്നെ നിങ്ങൾക്ക് കല്ക്കത്തയ്ക്കു പുറപ്പെടുകയുംചെയ്യാം —'

ശ്രീധരൻ പിന്നെ ഒന്നും പറഞ്ഞില്ല. അദ്ധ്വാനത്തിന്റെ പ്രതിഫലം വാങ്ങി കീശയിലിട്ടു.

'ഇനി നിങ്ങൾ എന്റെ കൂലിക്കാരനല്ല —എന്റെ അതിഥിയാണ്.' ബംഗാളി ബാബു ചിരിച്ചുകൊണ്ട് ശ്രീധരന്റെ കൈപിടിച്ച്, അരികെ ഇരുത്തി.

അന്നു രാത്രി ആ ബംഗാളിമാന്യന്റെകൂടെയാണ് അത്താഴം കഴിച്ചത്.

സർവേ്വയർ ഘോസ് ഒരു സാഹിത്യരസികനായിരുന്നു. അത്താഴം കഴിഞ്ഞു കവിത ചൊല്ലിത്തുടങ്ങി. ടാഗോറിന്റെ കവിതകൾ. ഒറിജിനൽ ബംഗാളിയിൽ ആദ്യമായി കേട്ടത് ഘോസിന്റെ കണ്ഠത്തിലൂടെയായിരുന്നു.

പിറ്റേന്നു രാവിലെ ഒരു കാളവണ്ടിയിൽ കയറി അടുത്ത റെയിൽവേ സ്റ്റേഷനിലെത്തി. അവിടെനിന്നു കൽക്കത്തയ്ക്കു ട്രെയിൻ കയറി. പേർസിൽ ഒരുറുപ്പികയുമായിട്ടാണ് ഹൗറാസ്റ്റേഷനിലിറങ്ങിയത്...

"ആ ആശാരി മാധവൻ അങ്ങനെ ആളെ്വളെ പറ്റിച്ചുപോയെങ്കിലും, ഒരു കാര്യംകൊണ്ട് ഓനോട് എനിക്ക് ഇഷ്ടായിരുന്നു!"

വേലുമൂപ്പരുടെ വാക്കുകൾ ശ്രീധരനെ കൽക്കത്തയിൽനിന്നു വേലുമൂപ്പരുടെ കോലായിലേക്കു വിളിച്ചു.

"ഉം? ആശാരി മാധവൻ എന്താണ്, ഒരു നല്ലകാര്യം ചെയ്തത്?"

വേലുമൂപ്പർ എന്തോ തനിയേ ഓർത്തു ചിരിച്ചുകൊണ്ടു പറഞ്ഞു.

“ഇന്നാട്ടിലേക്കുവെച്ച് ഏറ്റവും വലിയ ഈറ്റേനായ ഭാസ്കരൻ മുതലാളിയെ പറ്റിക്കാൻ ആ ആശാരി മാധവനു മാത്രമേ സാധിച്ചിട്ടുള്ളൂ— അതു കൊണ്ടാണ് എനിക്ക് അവനോട് ഇപ്പോഴും ഒരിഷ്ടം തോന്നുന്നത്—”

“ഭാസ്കരൻമുതലാളി ഇപ്പോഴുമുണ്ടോ?—” ശ്രീധരൻ ചോദിച്ചു. (ഭാസ്കരൻമുതലാളിയെ ഓർത്തപ്പോൾ, അയാളുടെകൂടെ ജഡ്ക്കവണ്ടിയിൽ സഞ്ചരിക്കാറുള്ള തലയിൽ വെള്ളച്ചിറകുകളോടുകൂടിയ ആ കുറ്റൻ അറബിയും അന്തരംഗത്തിലേക്കു പറന്നുവന്നു.)

“ഭാസ്കരൻമുതലാളി മരിച്ചിട്ട് പതിനഞ്ചു കൊല്ലം കഴിഞ്ഞു.” വേലു മൂപ്പർ കൈക്കണക്കുകൂട്ടി പറഞ്ഞു.

## മർമ്മരങ്ങൾ IV

ഭാസ്കരന്മുതലാളി കോമളനും മോടിയിൽ വസ്ത്രധാരണം ചെയ്യുന്ന ഒരു പരിഷ്കാരിയും പണക്കാരനും വികൃതമായ ലൈംഗികസ്വഭാവം പുലർത്തുന്ന ഒരു പുള്ളിയുമാണെന്ന് ശ്രീധരൻ അക്കാലത്തു മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. കുടക്കാൽ ബാലന്റെ മരണത്തിന് ഭാസ്കരൻ മുതലാളിയുടെ കൈ പിന്നിൽനിന്നു പ്രവർത്തിച്ചിട്ടുണ്ടെന്ന പരമാർത്ഥവും ശ്രീധരന്റെ മനസ്സിൽ പതിഞ്ഞുകിടന്നിരുന്നു. തെറ്റിദ്ധാരണകൊണ്ടാവാം—ആശാരി മാധവന്റെ ഏഷണികൊണ്ടാവാം — എങ്ങനെയായാലും ഭാസ്കരൻമുതലാളിയെ ഒരു ഘാതകനായിട്ടേ ഓർക്കാൻ കഴിയുന്നുള്ളു.

ഭാസ്കരൻമുതലാളി മരിച്ച സാഹചര്യത്തെക്കുറിച്ച് വേലുമൂപ്പർ പറഞ്ഞത് കുറഞ്ഞൊരാശ്ചര്യത്തോടുകൂടിയാണു കേട്ടത്. ഭാസ്കരൻ മുതലാളിയുടേതുപോലെതന്നെ ലൈംഗികസ്വഭാവമുണ്ടായിരുന്ന ഒരു മുസ്ലീം പ്രമാണി, ഭാസ്കരൻമുതലാളി ലൈംഗികാവശ്യത്തിനു കൈവശം വച്ചു കൊണ്ടിരുന്ന ഒരു നായർബാലനെ അപഹരിക്കാൻ തുനിഞ്ഞു. ചേങ്ങരയിലെ ഒരു പീടികമാളികക്ളബ്ബിൽവെച്ചു രണ്ടു മുതലാളിമാരും തമ്മിൽ ശണ്ഠയായി. അന്നു രാത്രി ഭാസ്കരൻമുതലാളി വീട്ടിലെത്തിയില്ല. വഴിക്കു വെച്ചു മുസ്ലീംമുതലാളിയുടെ സേവകനായിരുന്ന ഒരു പോക്കിരിമാപ്പിള ഭാസ്കരൻമുതലാളിയെ കുത്തിക്കൊന്നു. പോലീസ് കേസ് എടുത്തുവെങ്കിലും തെളിവില്ലെന്ന കാരണത്താൽ കോടതി പ്രതിയെ വെറുതെവിട്ടു. പ്രതിയെ പിന്നിൽനിന്നു സഹായിക്കാൻ പണക്കാരനായ മുസ്ലീംപ്രമാണി ഉണ്ടായിരുന്നു. കൊലചെയ്യപ്പെട്ട ഭാസ്കരൻമുതലാളിയെ ആരും തിരിഞ്ഞു നോക്കിയില്ല. കാരണം, സ്വാർത്ഥതയുടെ മൂർത്തീകരണമായിരുന്നു ഭാസ്കരൻ മുതലാളി. സ്വന്തം ഭാര്യയെപ്പോലും ഒരു വേലക്കാരിയായിട്ടാണു കരുതിയത്. പുറമേ കാണുമ്പോൾ വലിയ മുതലാളി — വീട്ടിൽ ദിവസച്ചെലവിനു പന്ത്രണ്ടണ ഭാര്യയുടെ കൈയിൽ കൊടുക്കും. ഒരൊറ്റക്കാശുപോലും കൂടുതൽ ചെലവാക്കിപ്പോകരുതെന്നാണ് ഭർത്താവെന്നു പറയുന്ന ആ മനുഷ്യന്റെ കർശനമായ കൽപന. പാണ്ടികശാലയിലെ തന്റെ ആപ്പീസ് മുറിയിൽ രണ്ടു ക്ളാർക്കുമാർ ജോലിചെയ്യുന്നുണ്ട്. മുതലാളിയുടെ മേശപ്പുറത്ത് ഒരു ഫാനുണ്ട്—റിവോൾവിങ് ഫാനാണ്—ഉഷ്ണംകൊണ്ട് ക്ളാർക്കുമാർ വിയർത്തൊലിക്കുന്നുണ്ടാവും. മുതലാളി, ഫാനിൽനിന്നുള്ള കാറ്റ് തന്റെനേർക്കുമാത്രം വീശുന്നമട്ടിൽ ഫാൻ സ്ഥിരപ്പെടുത്തിവയ്ക്കും—ഫാനിന്റെ കാറ്റിന്റെ നേരിയൊരലപോലും തന്റെ കണക്കപ്പിള്ളമാർക്കു കിട്ടരുതെന്ന ദുർബ്ബുദ്ധിയോടെ. ഒരൊറ്റക്കാശ് ധർമ്മംകൊടുക്കുകയില്ല. ഈശ്വരൻ ശിക്ഷിച്ച മഹാപാപികളാണ് പിച്ചക്കാർ; അവർക്കെന്തെങ്കിലും കൊടുക്കുന്നത്, ദൈവഹിതത്തിനെതിരായ ഒരു കർമ്മമായിരിക്കുമെന്നാണ് ഭാസ്കരൻമുതലാളിയുടെ ന്യായവാദം. എന്നാൽ, തന്റെ വികൃതമായ ലൈംഗികാഭിലാഷം സാധിപ്പിക്കാൻ എത്ര പണം ധൂർത്തടിക്കാനും അയാൾ മടിച്ചിരുന്നില്ല...ഒടുവിൽ ആ ജീവിതം എങ്ങനെ അവസാനിച്ചു? റോട്ടു വക്കിൽ, ഒരു കുത്തിക്കൊലപേർതമായി അവസാനിച്ചു.

ഭാസ്കരൻമുതലാളിയുടെ അന്ത്യമോർത്തപ്പോൾ ശ്രീധരൻ സഹതപിച്ചില്ല; സന്തോഷിച്ചതുമില്ല—ഓരോ മനുഷ്യനും ഓരോ തരത്തിൽ ജീവിതം നയിക്കുന്നു. അഗാധമായി ചിന്തിച്ചുനോക്കിയാൽ ഓരോ മനുഷ്യനും സ്വാർത്ഥിയാണ് — സ്വാർത്ഥവും ത്യാഗവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളത്രേ. ഒരാൾ സ്വീകരിക്കുന്ന ജീവിതതത്ത്വവീക്ഷണമായിരിക്കയില്ല മറ്റൊരാളുടേത്. എന്നാൽ, ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ എല്ലാ മനുഷ്യരും സ്വന്തം മനസ്സംതൃപ്തിയും സുഖവും ലക്ഷ്യമാക്കിക്കൊണ്ടു തന്നെയാണ് ജീവിതം നയിക്കുന്നത്. സ്വാർത്ഥികളെന്നും ലുബ്ധന്മാരെന്നും പറഞ്ഞു നാം പുച്ഛിച്ചുതള്ളുന്നവർ നമ്മെക്കാൾ സംതൃപ്തിയും സുഖവും അനുഭവിക്കുന്ന വ്യക്തികളായിരിക്കും. തൃപ്തിയും ആനന്ദവും കേവലം ആപേക്ഷികഭാവങ്ങളാണല്ലോ!

സ്വാർത്ഥിയായിരുന്ന ഭാസ്കരൻമുതലാളിയെപ്പറ്റി കേട്ടപ്പോൾ, പതിനേഴുകൊല്ലം മുമ്പ് മദ്ധ്യാഫ്രിക്കയിൽവെച്ചു കണ്ട ഡമ്മാനിയെ ഓർത്തു പോയി.

ന്യാസാലന്റിലെ കുബേരനായൊരു ഇന്ത്യൻ വ്യാപാരിയായിരുന്നു സിന്ധിക്കാരനായ ഡമ്മാനി. ബ്ലാൻടയറിലെ വലിയൊരു തുണിക്കടയുടെ ഉടമ, ന്യാസാലന്റിലെ പല പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഡമ്മാനിയുടെ സ്ഥാപനത്തിന്റെ ശാഖകളുണ്ടായിരുന്നു.

ആ കുബേരവണിക്കിന്റെ പിശുക്കിനെപ്പറ്റി പറഞ്ഞുകേട്ട കഥകൾ, വെറും കെട്ടുകഥകളാണെന്നേ ആദ്യം കരുതിയിരുന്നുള്ളു. ഒരുദിവസം ആ മനുഷ്യനെ റോഡിൽവച്ചു നേരിട്ടു കാണാനിടയായി — നട്ടുച്ചനേരത്ത് — ഇരുനിറത്തിൽ ചടച്ച് കഷ്ടിച്ച് അഞ്ചടിപ്പൊക്കമുള്ള ഒരു മനുഷ്യക്കോലം. പഴയൊരു ദോത്തിയും ജൂബ്ബയുമാണ് വേഷം. കൈയിലൊരു മുഷിഞ്ഞ തുണിസ്സഞ്ചിയും തൂക്കിപ്പിടിച്ചിട്ടുണ്ട്. മൂപ്പർ പച്ചക്കറിമാർക്കറ്റിൽനിന്നും മടങ്ങുകയാണ്. ഉച്ചകഴിഞ്ഞാൽ മാർക്കറ്റിൽ ഉണങ്ങിയും ചീഞ്ഞും ബാക്കിയായ പച്ചക്കറികൾ തുച്ഛവിലയ്ക്കു കിട്ടും. ആ പച്ചക്കറിയും വില പേശി വാങ്ങി വീട്ടിലേക്കു മടങ്ങുകയാണ് ഡമ്മാനിഭായ്.

അതിരാണിപ്പാടത്തെ ഭാസ്കരൻമുതലാളി ദിവസച്ചെലവിന്റെ പൈസ — പന്ത്രണ്ടണയാണെങ്കിലും—ഭാര്യയുടെ കൈയിൽ ഏൽപിക്കുകയായിരുന്നു പതിവ്. ബ്ലാൻടയറിലെ ഡമ്മാനിക്ക് ഭാര്യയെ അത്രപോലും വിശ്വാസമില്ല. പുഴുക്കുത്തിയ ഗോതമ്പും കുപ്പയിലെറിഞ്ഞുകളയേണ്ടുന്ന തർക്കാരിയും താൻതന്നെ മാർക്കറ്റിൽനിന്നു വാങ്ങിക്കൊടുക്കും.

തന്റെ വലിയ മൊത്തവ്യാപാരഷാപ്പിൽ ഇറക്കുന്ന ജവുളിക്കെട്ടുകളുടെ പൊതിച്ചിലിന്റെ പഴയ പത്രക്കടലാസുകൾ ഒരു കഷണംപോലും കളയാതെ ഡമ്മാനി സൂക്ഷിച്ചുവയ്ക്കും. ആഴ്ചയിലൊരിക്കൽ ആ കടലാസുകളെല്ലാം കെട്ടിയെടുത്തു തെരുവിൽ കൊണ്ടുപോയി തൂക്കിവിറ്റു കാശാക്കും.

ഇന്ത്യൻ വ്യാപാരിഭായികളുമായി സൊള്ളാൻ ഡമ്മാനി തെരഞ്ഞെടുക്കുന്ന സമയം വൈകുന്നേരം നാലുമണിയായിരിക്കും. വൈകുന്നേരത്തെ ചായ അങ്ങനെ അന്യന്റെ കടയിൽനിന്നും തരപ്പെടുത്തും. ചായയുടെ വില മൂന്നുകാശ് ലാഭിച്ചുവെന്നു മനസ്സിൽ കണക്കുകൂട്ടിവയ്ക്കുകയുംചെയ്യും. തുണിവ്യാപാരംകൊണ്ടു ദിവസേന നൂറുകണക്കിൽ പവൻ ലാഭം കിട്ടിവരുന്നുണ്ടായിരുന്നുവെങ്കിലും ഇങ്ങനെ ചീഞ്ഞ പച്ചക്കറി

വാങ്ങിയും, പഴങ്കടലാസു പെറുക്കി വിറ്റും സക്കാത്തു ചായകുടിച്ചും നേടുന്ന നക്കാപ്പിച്ചക്കാശുകളാണ് ഡമ്മാനിക്ക് യഥാർത്ഥസംതൃപ്തിയും സന്തുഷ്ടിയും നൽകിയിരുന്നത്.

ഡമ്മാനിക്ക് ഒരൊറ്റ മകനേ ഉണ്ടായിരുന്നുള്ളൂ. ആ കുട്ടിക്കുവേണ്ടിയാണ് ഡമ്മാനി ഇങ്ങനെ കഷ്ടപ്പെട്ടു സമ്പാദിച്ചുകൂട്ടുന്നതെന്നു ജനങ്ങൾ കരുതി. ആ ബാലൻ ഒരു മോട്ടോറപകടത്തിൽപ്പെട്ട് അകാലമൃത്യുവടഞ്ഞു. ഡമ്മാനിയുടെ സ്വഭാവത്തിനു മാറ്റംവന്നില്ല—ഡമ്മാനി കുറേക്കൂടി നികൃഷ്ടമായ ഈറ്റത്തരങ്ങൾക്കൊരുമ്പെടുകയാണുണ്ടായത്.

ഡമ്മാനിയുടെ ആത്മസന്തുഷ്ടി അമ്മട്ടിലായിരുന്നു.

അഞ്ചാറു വർഷങ്ങൾക്കു മുമ്പു ഡമ്മാനി മരിച്ചു. ഡമ്മാനിയുടെ വമ്പിച്ച ബാങ്കുനിക്ഷേപങ്ങളും സ്വത്തുക്കളുമെല്ലാം ഡത്ത്ഡ്യൂട്ടിയായി സർക്കാർ ഖജാനയിൽ ലയിച്ചു.

ഡമ്മാനിയുടെ ജീവിതം ഒരു പരാജയമായിരുന്നുവോ? ജീവിതലക്ഷ്യം നേടിയ ഒരു സംതൃപ്തിയോട്ടുകൂടിത്തന്നെയായിരിക്കണം, കിഴവൻ ഡമ്മാനി അന്ത്യശ്വാസം വലിച്ചത്.

ഡമ്മാനിയെപ്പറ്റി ഓർത്തപ്പോൾ ബ്ലാൻടയറിലെതന്നെ മറ്റൊരു മഹാപുരുഷനായിരുന്ന മി. സോമനും സ്മരണയിലുദിച്ചു.

ആറടി പൊക്കവും ചക്കിൻകുറ്റിയുടെ വണ്ണവുമുള്ള ഒരു കുറ്റൻ മനുഷ്യൻ, നിറം തനിക്കറുപ്പ്, ചോരക്കണ്ണുകൾ, ഉഗ്രസ്വരം—സോമൻ ബ്വാന * കണ്ണുമിഴിച്ച് ഒന്നു നോക്കിയാൽ ഏതു വമ്പൻ കാപ്പിരിയും ചൂളിപ്പോകും. അങ്ങനത്തെ ആജ്ഞാശക്തിയുള്ള ഒരു ഗംഭീരപുരുഷൻ.

സോമൻ മലയാളിയാണ്.

കാൽനൂറ്റാണ്ടിനുമുമ്പ്, കൈയിൽ ചില്ലറക്കാശുമായി ആഫ്രിക്കയിൽ കപ്പലിറങ്ങിയ ഒരു വീരസാഹസികനായിരുന്നു സോമൻ. സ്വപ്രയത്നം കൊണ്ടും സാമർത്ഥ്യംകൊണ്ടും ഉയർന്നുയർന്ന് ബ്ലാൻടയറിലെ പൗരമുഖ്യനായിത്തീർന്നു. സോമൻബ്വാനയ്ക്കു സ്വന്തം ചായത്തോട്ടങ്ങളുണ്ട്. സർക്കാർ ലേലംചെയ്യുന്ന പുകയില മുഴുവനും വാങ്ങി മൊത്തവ്യാപാരം നടത്തുന്നു. ന്യാസാത്തടാകക്കരയിൽ സുഖവാസബംഗ്ലാവുണ്ട്. പക്ഷി ശിക്കാറിനു സ്വന്തമായി ഒരു വളർത്തുകാടുണ്ട്—എന്നാൽ സോമൻ ഒറ്റപ്പെട്ട ഒരു മനുഷ്യനാണ്. സോമൻ സമൂഹത്തെ വെറുത്തതോ, സമൂഹം സോമനെ ഒറ്റപ്പെടുത്തിയതോ എന്തോ, നിശ്ചയമില്ല. സ്ഥലത്തെ ഇന്ത്യൻ വ്യാപാരികൾ അദ്ദേഹത്തെ വർജ്ജിച്ചു. (അസൂയകൊണ്ടായിരിക്കാം.) വെള്ളവർഗ്ഗക്കാർ ഉള്ളുകൊണ്ട് അദ്ദേഹത്തെ പുച്ഛിച്ചു. (കറുത്ത മനുഷ്യനായതു കൊണ്ടാവാം.)

ആ ആഫ്രിക്കൻനഗരത്തിലുണ്ടായിരുന്ന കുറച്ചു മലയാളികളും ആ മനുഷ്യനുമായി അടുപ്പംപുലർത്താനിഷ്ടപ്പെട്ടില്ല.

നാട്ടുകാരായ കാപ്പിരികൾ അദ്ദേഹത്തെ ഭയപ്പെട്ടു.

സോമൻ ആരെയും കൂസാതെ തന്നിഷ്ടക്കാരനായി—ഒറ്റയാനായി—വളരെ അന്തസ്സിൽത്തന്നെ ജീവിച്ചു. മി. സോമന്റെ അതിഥിയായി ന്യാസാ തടാകക്കരയിലെ അദ്ദേഹത്തിന്റെ സുഖവാസബംഗ്ലാവിൽ ഒരു രാത്രി കഴിച്ചതും ആ ഒറ്റയാൻ തന്റെ

ജീവിതവേദാന്തം വ്യാഖ്യാനിച്ചു കേൾപ്പിച്ചതും ശ്രീധരൻ അനുസ്മരിച്ചു.

ഇളംചൂടും നേരിയ നിലാവുമുള്ള രാത്രി — തടാകത്തിലെ കൊച്ചലകൾ നിലാവിന്റെ മൂടുപടമണിഞ്ഞു നൃത്തംചെയ്യുന്നു. വെണ്മണൽക്കരയിൽ താലവൃക്ഷങ്ങളുടെ കരിങ്കോലങ്ങൾ അണിനിരന്നു കാണുന്നു. ബംഗ്ളാവിന്റെ പിൻപുറത്തുനിന്നും ചില പൈശാചികസ്വരങ്ങളുയരുന്നു. ന്യാസാ തടാകത്തിലെ ഹിപ്പോ(നീർക്കുതിര)കളുടെ മോങ്ങലും മുക്രയുമാണ് — ആ ജന്തുക്കളുടെ മൊണപ്പുകാലമാണിപ്പോൾ — അവ കരയിൽ കേറിവന്ന് കുത്താട്ടുകയും കലഹിക്കുകയും ഇണചേരുകയും ചെയ്യുന്ന കോലാഹലമാണ്...

ബംഗ്ളാവിന്റെ വരാന്തയിലിട്ട ചൂരൽക്കസേരകളിലിരുന്ന് ഇരുവരും വിസ്കി കുടിക്കുകയായിരുന്നു. ആഫ്രിക്കയെപ്പറ്റി പലതും പറഞ്ഞു കേൾപ്പിച്ചശേഷം മി. സോമൻ വിഷയം മാറ്റി.

'മി. ശ്രീധർ, ഇവിടത്തെ ജനങ്ങളിൽനിന്ന്—വിശേഷിച്ചും മലയാളികളിൽനിന്ന് — നിങ്ങൾ എന്നെപ്പറ്റി പലതും കേട്ടിട്ടുണ്ടായിരിക്കും....'

(ശരിയാണ്—വിശേഷിച്ചും മിസ്റ്റർ സോമന്റെ സ്വകാര്യജീവിതത്തിലെ ഏടാകൂടങ്ങൾ: സോമൻ പത്തുകൊല്ലം മുമ്പ് സുന്ദരിയും വിധവയും എട്ടു വയസ്സുള്ളൊരു പെണ്കിടാവിന്റെ മാതാവുമായ മിശ്രവർഗ്ഗക്കാരിയെ വിവാഹം ചെയ്തു— ഒമ്പതുകൊല്ലം കഴിഞ്ഞു. തള്ളയുടെ രക്തപ്രസാദം മങ്ങിയപ്പോൾ അവളെ പുറംതള്ളി (മരിക്കുന്നതുവരെ മാന്യമായ നിലയിൽ മാസച്ചെലവു നൽകാൻ ഏർപ്പാടുചെയ്തുകൊണ്ടുതന്നെ.) മധുരപ്പതിനേഴിലെത്തിയ പിറക്കാമകളെ സ്വീകരിച്ചു. പറങ്കിരക്തം തുടിക്കുന്ന ആ പെൺകിടാവ്, പകൽ സോമനെ 'ഡാഡീ', 'ഡാഡീ' എന്നു വിളിച്ച് ഐസ്ക്രീം ഭക്ഷിച്ചു നേരംപോക്കുന്നു—രാത്രി നൈറ്റ്ഗൗണും ധരിച്ച് ഡാഡിയുടെ കൂടെ കിടന്നുറങ്ങുന്നു.)

ഒരുകവിൾ വിസ്കി ഇറക്കിക്കൊണ്ട് മി. സോമൻ തുടർന്നു:

"ഞാൻ അന്യന്റെ മുതൽ തട്ടിപ്പറിച്ചിട്ടില്ല—അന്യന്റെ ഭാര്യയെ അപഹരിച്ചിട്ടില്ല —ബലാൽക്കാരമായി ഒരു പെണ്ണിനെയും ഞാൻ അനുഭവിച്ചിട്ടില്ല — സമൂഹത്തിന്റെ ഉപദേശംകൊണ്ടോ സഹായംകൊണ്ടോ അല്ല ഞാൻ ഈ നിലയിലെത്തിയത് ഞാൻ അദ്ധ്വാനിച്ചു നേടിയ പണം കൊണ്ടു ഞാൻ എന്റെ ഇഷ്ടംപോലെ ജീവിക്കുന്നു. സമുദായത്തോട് ഞാനെന്തു കുറ്റം ചെയ്തു....അവരെന്തിന് എന്നെ അകറ്റിനിർത്തുന്നു? ഞാൻ ഒരാളെയും ആശ്രയിച്ചിട്ടില്ല —എന്റെ സമ്പത്തും കഴിവും നശിക്കുമ്പോൾ — അന്യനെ ആശ്രയിക്കാതെ 'ജീവിക്കാൻ സാദ്ധ്യമല്ല എന്ന ഘട്ടം വരുമ്പോൾ......'

മി. സോമൻ ഒരു പെഗ്ഗ് വിസ്കി വിഴുങ്ങി. ഗ്ലാസ്സ് മേശപ്പുറത്തു ശക്തിയോടെ കുത്തിനിർത്തിക്കൊണ്ട് അരയിൽനിന്ന് ഒരു റിവോൾവർ പുറത്തെടുത്തു.

'എല്ലാം വിറ്റാലും ഇവനെ ഞാൻ കൈവിടുകയില്ല—അന്യനെ ആശ്രയിക്കേണ്ടിവരുമെന്ന അന്ത്യഘട്ടത്തിൽ ഇവൻ എന്നെ രക്ഷിച്ചുകൊള്ളും— എന്റെ ശവത്തിനടുത്ത് ഇവനും ഉണ്ടായിരിക്കും......'

"കത്തയച്ച് തമ്മില് ലോഗ്യായിട്ടാണോ നെന്റെ കല്യാണം കഴിഞ്ഞത്......"

ചെയറിൽനിന്നുള്ള ചോദ്യം ശ്രീധരനെ ഉണർത്തി.

ശ്രീധരന്റെ വിവാഹം ഒരു ലൗ മാരേയ്ജ് ആയിരുന്നുവോ എന്നാണ് വേലുമൂപ്പർ ചോദിക്കുന്നത്.

(ആ ചോദ്യത്തോടൊപ്പം ഒരു വഴുപ്പൻ ചിരിയും.)

ശ്രീധരനു കാര്യം മനസ്സിലായി.

നായികക്കു സ്കൂളിലേക്കു കത്തയച്ചതും, അതു പിടിച്ചതും, അച്ഛന്റെ മുമ്പിലെത്തിയതുമായ ആ പഴയ സംഭവത്തെ തോണ്ടിക്കൊണ്ടാണ് കിഴവന്റെ ചോദ്യവും ചിരിയും.

കന്നിപ്പറമ്പിലെ ശ്രീധരൻകുട്ടി, സ്കൂളിലെ ഒരു പെൺകുട്ടിക്കു തോന്ന്യാസക്കത്തയച്ചതും, കുട്ടിയുടെ അച്ഛനും ട്യൂഷൻമാസ്റ്ററും കൃഷ്ണൻ മാസ്റ്ററുടെയടുക്കൽ വന്നു ചീത്ത വിളിച്ചുപറഞ്ഞതും അതിരാണിപ്പാടത്തു പുക്കാറായിക്കഴിഞ്ഞിരുന്നു. നാരദൻ കുണ്ടുവിന് നാക്കിന് മൂർച്ചകൂട്ടാൻ നല്ലൊരു വഹ കിട്ടി. കുണ്ടുവാണ് ആ രസികൻവാർത്ത അതിരാണിപ്പാടത്തിനപ്പുറത്തേക്കും പ്രചരിപ്പിച്ചുവിട്ടത്."

"അങ്ങനെ ലോഗ്യായിട്ടൊന്ന്വല്ലാ കല്യാണം കഴിച്ചത്."

ശ്രീധരൻ വാസ്തവം പറഞ്ഞു.

എന്നാൽ, നായികക്കയച്ച ആ പ്രേമലേഖനത്തിന്റെ പിടച്ചിലിന്റെയും പോക്കിന്റെയും രഹസ്യം വേലുമൂപ്പർ അറിഞ്ഞിട്ടുണ്ടായിരിക്കയില്ല. പന്ത്രണ്ടു വർഷങ്ങൾക്കു ശേഷമാണ് ശ്രീധരൻതന്നെ അതിനെക്കുറിച്ചറിയാനിടയായത്. നായികയുടെ ഒരു സഹപാഠിനിയുടെ സഹോദരനിൽനിന്ന്.

ശ്രീധരന് തപ്പാലിലയച്ച പ്രേമലേഖനം, പോസ്റ്റ്മാൻ നായികയുടെ ക്ളാസ്സിൽ, ടീച്ചറുടെ കൈയിൽ കൊണ്ടുചെന്നു കൊടുത്തു. വൃദ്ധ കന്യകയായ ക്ലാസ്സ്ടീച്ചർ ഉടനെതന്നെ നായികയെ വിളിച്ചു കത്തു കൊടുത്തു. നായിക എഴുത്തുപൊട്ടിച്ചു. പ്രേമലേഖനം! വായിച്ചു. ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു പ്രേമലേഖനം കിട്ടുന്നത്. (അഭിമാനവും ആഹ്ളാദവും അതിന്റെകൂടെ അജ്ഞാതമായൊരു ഭയവും പരിഭ്രമവും അനുഭവപ്പെട്ടിട്ടുണ്ടായിരിക്കണം.) നിഷ്കളങ്കയായ ആ പെൺകുട്ടി ആ അമൂല്യനിധി മറ്റാരും കാണരുത് എന്ന കരുതലോടെ വേഗം ഖദർബ്ലൗസിനുള്ളിൽ തിരുകിയൊളിപ്പിക്കാൻ ശ്രമിച്ചു...

വൃദ്ധകന്യകയായ ക്ളാസ്സദ്ധ്യാപികയുടെ പൊൻമാൻമിഴികൾ അവിടെ പതിച്ചു. സംശയം തോന്നി. നായികയെ വിളിച്ച കത്ത് നിർബന്ധിച്ചു തിരികെ വാങ്ങി — വായിച്ചു — ലൗലെറ്റർ!

വൃദ്ധകന്യക, നായികയുടെ ട്യൂഷൻമാസ്റ്റർ അഷ്ടവക്രൻ ഉണ്ണീരി നായരുടെ കൈയിൽ കത്ത് ഏല്പിച്ചു. മേൽനടപടികൾക്കുവേണ്ടി.

അങ്ങനെയായിരുന്നു ശ്രീധരൻ, ജീവിതത്തിൽ ആദ്യമായെഴുതിയ പ്രേമലേഖനത്തിന്റെ തകിടംമറിച്ചൽ...നായിക പിന്നീട് വിദ്യാഭ്യാസം മതിയാക്കി. വിവാഹിതയായി, മാതാവായി, മുത്തശ്ശിയായി. മലയായിലെവിടെയോ ഭർത്താവോടൊത്തു ജീവിക്കുന്നു. (ശുഭാശംസകൾ!)

അന്ന് അങ്ങനെ സംഭവിച്ചിരുന്നില്ലെങ്കിൽ....

ശ്രീധരന്റെ ആ പ്രേമലേഖനം, നായിക തന്റെ കഞ്ചുകത്തിനടിയിലെ നെഞ്ചിലൊളിപ്പിച്ച ആ നിർണ്ണായക മുഹൂർത്തത്തിൽ വൃദ്ധകന്യകയായ കളാസ്സ്ടീച്ചറുടെ വിഷാദനേത്രങ്ങൾ മറ്റെവിടെയോ ആയിരുന്നുവെങ്കിൽ!

കാലത്തിന്റെ ഒളിയമ്പല്ലേ ആ കാകനേത്രങ്ങളെ നായികയുടെ നെഞ്ചിലേക്കു തിരിച്ചുവിട്ടത്?......

അവസരങ്ങളുടെ ഊടും മോഹങ്ങളുടെ പാവുംകൊണ്ടു നെയ്തെടുത്ത ഒരു മൂടുപടമല്ലേ, ജീവിതം?

* ബാന-യജമാനൻ-മുതലാളി

# മർമ്മരങ്ങൾ V

ആ പേർമലേഖനാപവാദം പെരുപ്പിച്ച നാട്ടു മുഴുവനും കൊട്ടിയറീച്ചു നടന്ന നാരദൻ കുണ്ടുവിനെപ്പറ്റി വേലുമൂപ്പരോടു വീണ്ടും ചോദിച്ചു.

വേലുമൂപ്പർ എല്ലാം വിസ്തരിച്ചു കേൾപ്പിച്ചു:

നാരദൻ കുണ്ടുവിന്റെ വാർദ്ധക്യം അയാളുടെ ആരോഗ്യത്തെ ബാധിച്ചിരുന്നില്ല—വായിൽ മൂന്നുനാലു പല്ലുകൾ പോയതൊഴിച്ചാൽ. മൂപ്പർ നല്ലപോലെ തിന്നും. പരദൂഷണപ്രചരണത്തിനാണെങ്കിലും ദിവസവും മൂന്നു നാലുമൈൽ നടക്കുകയുംചെയ്യും.

ആൺമക്കൾ എട്ടുപേരും, പിതാവിന് ഒരിക്കലും ഒരു ബുദ്ധിമുട്ടും വരുത്തരുതെന്നു പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പേരക്കുട്ടികളെയും കളിപ്പിച്ച് തിന്നും കുടിച്ചും സ്വസ്ഥമായി പുരയിലിരുന്നാൽ മതി. എന്നാൽ തന്ത വീട്ടിൽ അടങ്ങിയിരിക്കുകയില്ല. രാവിലെ കഞ്ഞിയും കുടിച്ച് അലക്കിയ മൽമുണ്ടും താഴ്ത്തിയുടുത്ത് ചുമലിൽ രണ്ടാംമുണ്ടും മടക്കിച്ചാർത്തി തെണ്ടാനിറങ്ങും. പ്രവർത്തനരംഗങ്ങൾ അതിരാണിപ്പാടത്തുനിന്നും അകലെയുള്ള മേഖലകളിലേക്കും വ്യാപിച്ചിരിക്കയാണ്.

എന്തെങ്കിലും ആഘോഷമോ അടിയന്തിരമോ നടക്കുന്ന വീട് അന്വേഷിച്ചറിഞ്ഞ് നേരേ കേറിച്ചെല്ലും—ക്ഷണമില്ലെങ്കിലും വൃത്തിയായി വസ്ത്രധാരണം ചെയ്ത് യോഗ്യന്റെ മട്ടിൽ കേറിവരുന്ന അതിഥിയെ ഗൃഹനാഥൻ അവഗണിക്കുന്നതെങ്ങനെ? മുൻപന്തിയിൽത്തന്നെ സീറ്റു കിട്ടും. വിവാഹ സദ്യയാണെങ്കിൽ വിഷമം ഒട്ടുമില്ല. വരന്റെ ആൾക്കാർ കരുതും, വധുവിന്റെ വീട്ടുകാർ ക്ഷണിച്ചു വന്ന മാന്യനാണെന്ന്—വധുവിന്റെ കൂട്ടർ മറിച്ചും.

എന്നാൽ, ഒരിക്കൽ ഒരു സദ്യയ്ക്കു കുണ്ടുവിനെ കൈയോടെ പിടിച്ചു കളഞ്ഞു. രാമുണ്ണിമാസ്റ്ററുടെ മകളുടെ വിവാഹ അടിയന്തിരത്തിൽ— കരിനാക്കൻ കുണ്ടുവിനെ കരുതിക്കൂട്ടിത്തന്നെ രാമുണ്ണിമാസ്റ്റർ ക്ഷണിച്ചിരുന്നില്ല — (വരന്റെ കൂട്ടർ വടക്ക് ദൂരെ മൂക്കളശ്ശേരിക്കാരാണ്.) സദ്യ വിളമ്പാറായപ്പോൾ കുണ്ടുവുണ്ട് അന്തസ്സിൽ ഇരിക്കുന്നു, മുൻപന്തിയിൽ, ഇലയ്ക്കു മുൻപിൽ. രാമുണ്ണിമാസ്റ്റർക്കു ശുണ്ഠികയറി. മാനമര്യാദയൊന്നും നോക്കാതെ നേരെ കുണ്ടുവിന്റെ അടുക്കൽ ചെന്നു: ഹേയ്, നിങ്ങളെ ആരും ക്ഷണിച്ചിട്ടില്ലല്ലോ—എണീക്കണം......'

കുണ്ടു അന്തസ്സിൽ അവിടെത്തന്നെ ഇരുന്നു. സ്വല്പം ഗൗരവത്തോടെ മറുപടികൊടുത്തത് ഇങ്ങനെയായിരുന്നു: 'ക്ഷണിക്കാത്തത് എന്റെ കുറ്റമാണോ?'

പാമ്പിന്റെ വായിൽ വിഷം മൂക്കുംപോലെയായിരുന്നുവത്രേ കുണ്ടുവിന്റെ കരിനാക്കിന്റെ വില—മാസങ്ങൾ കൂടുമ്പോൾ ഒരിക്കലെങ്കിലും ഒന്നു പിരാകിക്കൊത്തണം.

അങ്ങനെ വിഷം മൂർച്ഛിച്ചിരുന്ന കാലത്താണ് കുണ്ടുവിന്റെ മരണം സംഭവിച്ചത്.

ഒരുദിവസം രാവിലെ കുണ്ടു കഞ്ഞിയും കുടിച്ച് ഉടുത്തൊരുങ്ങി സർക്കീറ്റിനു പുറപ്പെട്ടു നില്ക്കുകയായിരുന്നു. കുണ്ടുവിന്റെ ഒടുവിലത്തെ മകൻ അയ്യപ്പുട്ടിയുടെ ആറുമാസം

പ്രായം ചെന്ന ആൺകുഞ്ഞിനെ കോലായിൽ ഒരു തടുക്കിൽ പോറ്റിക്കിടത്തിയിട്ടുണ്ടായിരുന്നു. ആ പൈതൽ, പിറന്ന കോലത്തിൽ മലർന്നുകിടന്നുകൊണ്ട് ശരേ എന്നു മേല്പോട്ടു മൂത്രമൊഴിച്ചപ്പോൾ ആ കാഴ്ച കുണ്ടുവിന്റെ കണ്ണിൽ പൂത്തിരി കത്തിച്ചു — നാക്കിൽ തീപ്പൊരി വീണു.

'ചെക്കൻ പകല് പൂക്കുറ്റി കത്തിക്കുന്നേ്വാ?' വെടിപൊട്ടി.

'ഠപ്പ്!—' പിറകിൽനിന്ന് പിരടിക്കൊന്നു കിട്ടി — തിരിഞ്ഞുനോക്കി:

അയ്യപ്പുട്ടി!

(തന്റെ അരുമക്കുഞ്ഞിന്റെ മർമ്മംനോക്കി തന്ത വെടിപൊട്ടിച്ചപ്പോൾ അടുത്തു നിന്നിരുന്ന അയ്യപ്പുട്ടിക്കു സഹിച്ചില്ല—കൊടുത്തു തന്തയ്ക്ക് ഒരു പിരടിത്തിരിപ്പൻ — താൻ ചെയ്തുപോയ അവിവേകമോർത്ത് ഉത്തരക്ഷണത്തിൽ പശ്ചാത്തപിക്കുകയും ചെയ്തു.)

എന്തോ കഠിനവേദനയേറ്റപോലെ പൈതൽ കരച്ചിലും തുടങ്ങി.

കുണ്ടു അന്നു പുറത്തിറങ്ങിയില്ല. അതേ വേഷത്തിൽ, മുറിയിൽക്കടന്ന്, പായിൽ ഒരു കിടത്തം കിടന്നു. മൂന്നുദിവസത്തേക്കെണീറ്റില്ല. നാലാംദിവസം മരിച്ചു — ആ കിടപ്പിൽത്തന്നെ.

കുണ്ടുവിന് എന്തുപറ്റി? പശ്ചാത്താപത്തിന്റെയും ആത്മനിന്ദയുടെയും മൂർച്ഛയിൽ ആളു മരിക്കുമോ?

കുണ്ട്വമ്മാമന്റെ മരണകാരണം വേലുമൂപ്പർ വ്യാഖ്യാനിച്ചത് ഇങ്ങനെയാണ്: "വെഷഹാരേ്യള് കടിച്ച പാമ്പിനെക്കൊണ്ടുതന്നെ വെഷം കൊത്തിയെടുപ്പിക്കാറില്ലേ? പാമ്പ് വെഷം കൊത്തിയെടുത്താല് കടിയേറ്റ ആളുടെ വെഷം എറങ്ങും—കടിച്ച പാമ്പ് അവിടെത്തന്നെ കെടന്നു ചാവേം ചെയ്യും—അതുപോലെ കുണ്ട്വമ്മാമൻ ഓർക്കാതെ സ്വന്തം പേരക്കുഞ്ഞിനെ ഒന്നു കൊത്തിപ്പോയി—പിന്നെ വെഷം അയാളുതന്നെ വലിച്ചെടുത്തു കുഞ്ഞിന്റെ കരച്ചിലിന്റെ ദണ്ണം മാറി—കുണ്ട്വമ്മാമൻ ചാവേം ചെയ്തു….."

വേലുമൂപ്പർ പറഞ്ഞതിൽ എന്തെങ്കിലും പൊരുൾ കാണുമോ?

സ്വന്തം പേരക്കുഞ്ഞിനെ പിരാകിപ്പൊട്ടിച്ചുപോയതിനാലുള്ള മനോവേദനയും, സ്വന്തം മകന്റെ കൈകൊണ്ടു തല്ലു കിട്ടിയതിനാലുള്ള മാനഹാനിയും കിഴവനെ ആകെ കുഴച്ചുകളഞ്ഞിട്ടുണ്ടായിരിക്കണം. സ്വയംപ്രത്യായന ശക്തികൊണ്ട് ആ മനുഷ്യൻ തന്നെത്താൻ ശപിച്ചു മരിച്ചതായിരിക്കുമോ?

നാക്കിൽ വിഷവീര്യമുള്ള നാരദൻ കുണ്ടുവിനെക്കുറിച്ചുള്ള കഥകൾ കേട്ടപ്പോൾ, ദേഹത്തിൽ കാന്തശക്തിയുള്ളൊരു മനുഷ്യനെക്കണ്ടത് ശ്രീധരൻ ഓർത്തു.

ഖാർത്തുമിൽനിന്നു ഷെല്ലാളിലേക്ക് — സുഡാനിൽനിന്ന് ഈജിപ്തിലേക്ക്— സഞ്ചരിക്കുമ്പോഴാണ് ആ വിചിത്രമനുഷ്യനെ കണ്ടത്. വാഡീഹൽഫയിൽനിന്നു ഷെല്ലാളിലേക്ക് നൈൽനദിയിലൂടെയുള്ള കപ്പൽയാത്രയിൽ.

'എസ്. എസ്. തീബ്സ്' എന്ന നൈൽക്കപ്പലിലെ ഒന്നാംനമ്പർ ക്യാബിനിലെ രണ്ടു ബർത്തുകളിൽ, താഴത്തെ ബർത്ത് ശ്രീധരന്റെപേരിലും മുകളിലത്തെ ബർത്ത് 'മി. സേൽ' എന്നൊരാളുടെ പേരിലും റിസർവ്വ് ചെയ്തു വെച്ചിട്ടുണ്ടായിരുന്നു.

ആരാണീ സേൽ? അറബിയോ ഏഷ്യക്കാരനോ? ശ്രീധരൻ സംശയിച്ചു.

പെട്ടിഭാണ്ഡങ്ങളുമായി ക്യാബിനിലേക്കു കടന്നുവന്ന സഹയാത്രികനെ ശ്രീധരൻ

സൂക്ഷിച്ചുനോക്കി. വെള്ളക്കാരനാണ്. ദൃഢമായ അസ്ഥിഘടനയോടുകൂടിയ മെലിഞ്ഞുനീണ്ട ദേഹവും. കൂർത്ത മുഖവുമുള്ള ഒരു മദ്ധ്യവയസ്കൻ(ഇപ്പോൾ ഓർത്തുനോക്കുമ്പോൾ നാരദൻ കുണ്ടുവിന്റെ ഒരിംഗ്ലീഷ് പതിപ്പ് — ) പരിചയപ്പെട്ടു. സൂയസ്കനാൽപ്രദേശത്തെ ഒരു ബ്രിട്ടീഷ് സൈനികത്താവളമായ ഫൈയ്യിദ്ദിലെ ഒരുദ്യോഗസ്ഥനാണ് — ഒരുമാസത്തെ അവധിയിൽ സുഡാനിൽ ഒരുല്ലാസയാത്ര നടത്തി, ജോലി സ്ഥലത്തേക്കു മടങ്ങുകയാണ് —പേർ മി. സേൽ.

ഷെല്ലാളിലേക്കു കപ്പലിൽ രണ്ടുദിവസം യാത്രചെയ്യണം. മിസ്റ്റർ സേൽ തന്റെ അപ്പർബർത്തിൽക്കിടന്നു പുസ്തകം വായിച്ചുകൊണ്ടാണ് സദാസമയവും കഴിച്ചുകൂട്ടിയത്. ഡിറ്റക്ടീവ്നോവലുകൾ തുടരെത്തുടരെ വായിച്ചു തള്ളിക്കൊണ്ടിരുന്നു.

ശ്രീധരൻ നൈൽക്കരയിലേക്കു നോക്കിയിരുന്നു നേരംപോക്കി. മറ്റേതോ ഗോളത്തിലെ വിചിത്രനിലംപോലെ തോന്നി പരിസരങ്ങളിലെ പ്രകൃതി—ഒരു ചെടിയോ പുല്ക്കൊടിയോ കാണാത്ത വരണ്ടു ചുളിഞ്ഞ പരുക്കൻ മഞ്ഞ നിലങ്ങൾ അനന്തതയിലേക്കു വ്യാപിച്ചുകിടക്കുന്നു. ഇടയ്ക്കു കറുത്ത മേട്ടുകൾ കാഴ്ചയിൽ മുളച്ചുവരും. ചില മേട്ടുകളുടെ ചെരിവിൽ കൂറ്റൻ പെട്ടികളുടെ ആകൃതിയിലുള്ള ചെളിമൺകുടിലുകൾ തുറ്റുനില്ക്കുന്നത് കാണാം—മരുഭൂമിയിലെ ശുഷ്കിച്ച ജനപദങ്ങൾ!

ഡിറ്റക്ടീവ് നോവൽവായനയിൽ മുഴുകിയിരിക്കുന്ന മിസ്റ്റർ സേൽ ഇടയ്ക്കിടെ തന്റെ മാളികബർത്തിൽനിന്നു കീഴ്പോട്ടു വലിഞ്ഞുവരുന്നതും, താഴെ നിക്ഷേപിച്ചിരുന്ന തന്റെ വലിയ തുകൽപ്പെട്ടി തുറന്ന് എന്തോ പരിശോധന നടത്തി, പെട്ടി വീണ്ടും അടച്ചുപൂട്ടി മുകളിലേക്കുതന്നെ വലിഞ്ഞു കേറിപ്പോകുന്നതും ശ്രീധരന്റെ ശ്രദ്ധയിൽപ്പെട്ടു. ഇങ്ങനെ അയാൾ രണ്ടു മൂന്നുതവണ ഇറങ്ങലും, പെട്ടിപരിശോധനയും, കയറ്റവും ആവർത്തിച്ചപ്പോൾ ശ്രീധരന്റെ ജിജ്ഞാസ ഉണർന്നു. എന്താണീ മനുഷ്യൻ തിരഞ്ഞു കളിക്കുന്നത്? ഒരിക്കൽ അയാൾ നിലത്തിറങ്ങി പെട്ടി പരിശോധന നടത്തുമ്പോൾ ശ്രീധരൻ ഒളിഞ്ഞുനോക്കി. പെട്ടിയിൽ കുത്തനെ വെച്ചിരുന്ന ഒരു ടൈംപീസിലേക്കാണ് അയാളുടെ നോട്ടം — സമയം നോക്കുകയാണ്.

ഇയാൾക്ക് ഒരു റിസ്റ്റ്വാച്ച് വാങ്ങി കെട്ടിക്കൂടേ? ഒരു ടൈംപീസ് — അതും പെട്ടിയിൽ അടച്ചുവെച്ച് — കൊണ്ടുനടന്ന് ഇങ്ങനെ ഇറങ്ങിയും കേറിയും ബുദ്ധിമുട്ടുന്നതെന്തിനാണ്? — സമയമറിയാൻ സഹയാത്രികനായ ഇന്ത്യക്കാരനോട് ഒന്നു വിളിച്ചുചോദിക്കുകയേ വേണ്ടൂ. തന്റെ അമൂല്യമായ ടൈംപീസ് സൂചിപ്പിക്കുന്ന സമയത്തിൽ മാത്രമേ ഈ വെള്ളക്കാരനു വിശ്വാസമുള്ളു എന്നാണോ?

കുറച്ചുകൂടി ചിന്തിച്ചപ്പോൾ ആ ഇംഗ്ലീഷുകാരന്റെ പെരുമാറ്റത്തിൽ ശ്രീധരന് അദ്ഭുതം തോന്നിയില്ല — യാഥാസ്ഥിതികരായ ഇംഗ്ലീഷുകാരുടെ സ്വഭാവമാണ്. അപരിചതരോട്—വിശേഷിച്ചും അന്യവർഷക്കാരോട് — ലഘുവായ ഒരു ഓബ്ലിഗേഷൻപോലും ആവശ്യപ്പെടുകയില്ല. അന്തസ്സു പാലിക്കുന്നത് അങ്ങനെയാണ് — അതു മനസ്സിലാക്കാം. എന്നാൽ സമയമറിയാൻ സൗകര്യത്തിന് ഒരു വാച്ചു വാങ്ങി കൈയിൽ കെട്ടുന്നതിനു പകരം, ഈ മിലിട്രി ഉദ്യോഗസ്ഥൻ പഴയൊരു ടൈംപീസ് പെട്ടിയിൽ വെച്ചുപുലർത്തുന്നതിന്റെ പൊരുൾ എത്രതന്നെ ആലോചിച്ചിട്ടും പിടികിട്ടിയില്ല.

അവസരം കിട്ടുമ്പോൾ അയാളോടു നേരിട്ടു ചോദിക്കാമെന്നു കരുതിയിരുന്നു.

കപ്പലിലെ ഡൈനിങ്സലൂണിൽനിന്നു ലഞ്ചുംകഴിഞ്ഞു ക്യാബിനിലേക്കു മടങ്ങുമ്പോൾ മിസ്റ്റർ സേലിനോടു തുറന്നു ചോദിച്ചു: 'ക്ഷമിക്കണം മിസ്റ്റർ സേൽ — ഒരു സംശയം ചോദിച്ചുകൊള്ളട്ടെ — താങ്കൾ പെട്ടിയിൽ വെച്ച ഒരു ടൈംപീസിൽനിന്ന് ഇടയ്ക്കിടെ സമയംനോക്കുന്നതു ഞാൻ കാണുകയുണ്ടായി—ഒരു റിസ്റ്റ് വാച്ച് ഉപയോഗിച്ചുകൂടേ?....അതല്ലേ കൂടുതൽ സൗകര്യം?'

മിസ്റ്റർ സേൽ പുഴുപ്പല്ലുകൾ കാട്ടി ഒരു പുഞ്ചിരിതൂകി. പിന്നെ പതിഞ്ഞ സ്വരത്തിൽ ഉരിയാടി:

'ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ എന്തോ!—കാന്തശക്തിയുള്ള ഒരസാധാരണശരീരമാണ് എന്റേത്—വാച്ച് കൈയ്ക്കു കെട്ടിയാൽ അതിന്റെ ചലനം ഉടൻ നിന്നുപോകും — അതുകൊണ്ടാണ് ഞാൻ ഒരു ടൈംപീസ് വാങ്ങി പെട്ടിയിൽ സൂക്ഷിച്ചിരിക്കുന്നത്........'

ദേഹത്തിൽ കാന്തശക്തിയുള്ള മനുഷ്യൻ! ശ്രീധരനു വിശ്വസിക്കാൻ കഴിഞ്ഞില്ല.

സംഗതി ഒന്നു പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ച് ശ്രീധരൻ തന്റെ റിസ്റ്റ് വാച്ച് അഴിച്ച് ആ വെള്ളക്കാരന്റെ കൈയ്ക്കു കെട്ടാനൊരുങ്ങിയപ്പോൾ അയാൾ വിലക്കി:

'വേണ്ട മിസ്റ്റർ — നിങ്ങളുടെ വാച്ച് കേടുവരുത്തണ്ടാ — ഞാൻ കാട്ടിത്തരാം......'

അയാൾ തന്റെ വലിയ തോൽപ്പെട്ടിതുറന്നു — (തുറന്നപ്പോൾ ടൈംപീസിലെ സമയവും ഒന്നു നോക്കി.) മൂലയിൽ തപ്പി ഒരു തവുക്ക പുറത്തെടുത്തു.

മി. സേലിന്റെ കരസ്പർശമേറ്റപ്പോൾ തവുക്കയുടെ സൂചി പരിഭ്രമിച്ചു പരക്കംപാച്ചിൽ തുടങ്ങി.......അയസ്കാന്തമനുഷ്യൻതന്നെ!

നാക്കിൽ വിഷവീര്യമുള്ള നാരദൻ കുണ്ടു മരിച്ചു—അതിരാണിപ്പാടത്തു വെച്ചു കുണ്ടു അജ്ഞാതകാരണത്താൽ മരിച്ചു; ഒരു പന്തീരാണ്ടു കഴിഞ്ഞപ്പോഴായിരിക്കണം താൻ സുഡാനിലെ നൈൽക്കപ്പലിൽവെച്ച് ആ അയസ്കാന്തമനുഷ്യൻ മി. സേലിനെ കണ്ടുമുട്ടിയത്—മി. സേൽ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ അതോ സ്വയം ഷോക്കേറ്റു മരിച്ചിരിക്കുമോ?

വേലുമൂപ്പർ എന്തോ ചിന്തിച്ചു മൗനംപൂണ്ടിരിക്കുകയാണ്. വേലുമൂപ്പരുടെ ചുണ്ടിൽ ആ കുസൃതിച്ചിരി മായാതെ കിടക്കുന്നു. ഷ്ക്കോളിപ്പടിക്കുന്ന പെങ്കുട്ടിക്കു തോന്ന്യാസക്കത്തയച്ചു കേസുണ്ടാക്കി നാട്ടുനാറ്റിച്ച ചെക്കനല്ലേ മുന്നിലിരിക്കുന്നത് എന്ന കുസൃതിച്ചിന്തതന്നെയായിരിക്കണം കിഴവന്റെ ചുണ്ടിൽ തഞ്ചിക്കളിക്കുന്ന പുഞ്ചിരിയുടെ ഉറവിടം....പത്തിരുപതു വയസ്സുള്ള ശീദരങ്കുട്ടി എന്ന പയ്യനെയല്ലേ വേലുമൂപ്പർക്കു മനസ്സിൽ കാണാൻ കഴിയൂ—

ശ്രീധരന്റെ ചുണ്ടിലും ഒരു കുസൃതിച്ചിരി വിടർന്നു—മറ്റൊന്നാലോചിച്ചുകൊണ്ട്.

മനസ്സിൽ പറഞ്ഞു: വേലുമൂപ്പരേ, ആ തോന്ന്യാസക്കത്തയച്ചതിനെക്കാൾ രസകരമായ ഒരു തോന്ന്യാസം ശീദരങ്കുട്ടി നടത്തിയതു നിങ്ങളറിഞ്ഞിട്ടില്ല—അറിയുകയുമില്ല—യൗവനാരംഭത്തിലാദ്യമായി—ഈ അതിരാണിപ്പാടത്തുവെച്ച്—ശീദരങ്കുട്ടി ഒരു പെൺകുട്ടിയെ ചുംബിച്ച മഹാരഹസ്യം—ശീദരങ്കുട്ടിയെ അറിയുന്നതുപോലെ ആ പെൺകുട്ടിയേയും നിങ്ങൾക്കറിയാം — ജാനു!

തെങ്ങുചെത്താൻ തെക്കുനിന്ന് അതിരാണിപ്പാടത്തു വന്നു പാർത്തിരുന്ന കുട്ടർ

മിക്കവരും മദ്യനിരോധനനിയമം നടപ്പായതോടുകൂടി കുലത്തൊഴിൽ മുട്ടി നാട്ടിലേക്കുതന്നെ മടങ്ങിപ്പോയെന്നും, ചുരുക്കം ചിലർ മറ്റു ചില ബിസിനസ്സുമായി ഇവിടെത്തന്നെ പറ്റിക്കൂടിയെന്നും, അവരും കാലക്രമേണ ചിന്നിച്ചിതറിപ്പോയെന്നും നിങ്ങൾ പറയുകയുണ്ടായി — (അക്കൂട്ടത്തിൽ ജാനുവും)

അവളിപ്പോളെവിടെ?

തനിക്കറിയണ്ടാ—

കുട്ടിക്കാലത്ത് ആദ്യമായി സൂക്ഷിച്ചുനോക്കിയ സൂര്യോദയക്കാഴ്ചയും, യൗവനാരംഭത്തിൽ ആദ്യമായി ചുംബിച്ച കന്യകയുടെ മുഖവും ജീവിതത്തിലൊരിക്കലും മറക്കുകയില്ല —

ആ പരിശുദ്ധചിത്രത്തിനു പരിക്കേൽപിക്കുന്ന ചിന്തകൾ എന്തിനു ക്ഷണിച്ചുവരുത്തുന്നു?....

അവൾ അന്യന്റെ ഭാര്യയായിട്ടുണ്ടാവാം.....

അമ്മയായിട്ടുണ്ടാവാം — അമ്മായിയമ്മ ചമഞ്ഞിട്ടുണ്ടാവാം —

മുത്തശ്ശിയായി മാറിയിരിക്കാം—

പ്രേമക്കുഴപ്പത്തിൽപ്പെട്ട് ഏതോ ഒരുത്തന്റെകൂടെ ഒളിച്ചോടിപ്പോയിട്ടുണ്ടാവാം –

പ്രേമവഞ്ചിതയായി ഒടുവിൽ ആത്മഹത്യചെയ്തുവെന്നുംവരാം—

വിധവയായിട്ടുണ്ടാവാം — അഥവാ വൃദ്ധകന്യകയായി ജീവിക്കുന്നുണ്ടാവാം..........

എന്നോ മരിച്ചു മണ്ണടിഞ്ഞുപോയിരിക്കാം......

സ്ത്രീയുടെ ജീവിതം ഒരു പൂവള്ളിയാണ്. ആ വള്ളി വളർന്നും തളർന്നും, പലതിലും ചുറ്റിപ്പടർന്നും, തളിർത്തും പൂത്തും, ഇഴഞ്ഞും ചാഞ്ചാടിയും ഒടുവിൽ ഇലകൾ കൊഴിഞ്ഞ് എവിടെ വീണു മണ്ണടിയുന്നുവെന്ന് ആർക്കറിയാം!

അവൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ:

വായിൽ മുൻവരിയിൽ ഒന്നുരണ്ടു പല്ലു കൊഴിഞ്ഞ്, കവിളൊട്ടി, തല നരച്ച്, തൊലി ചുക്കിച്ചുളിഞ്ഞ കോലമായിരിക്കും കാണുക.

കാണണ്ട.

തേനിൽ മുക്കിയ പറങ്കിമുളകുപോലുള്ള ചുണ്ടുകളും, തേങ്ങാപ്പൂളു പോലുള്ള പല്ലുകളും, പ്രണയക്കിക്കിളിയിൽ പിടഞ്ഞു നൃത്തംചെയ്യുന്ന കുപ്പിവളക്കൈകളും അങ്ങനെതന്നെ കരളിൽ എന്നും കളിയാടിക്കൊണ്ടിരിക്കണം

(മാന്തളിർമേനിയാളായ—മധുരപ്പതിനേഴുകാരിയായ—ജാനൂ,— നിനക്ക് ഒരു ഫ്ളയിങ് കിസ്സ്!)

# മർമ്മരങ്ങൾ VI

അതിരാണിപ്പാടത്തുകാരനായിരുന്നില്ലെങ്കിലും ഇപ്രദേശക്കാരുടെ ഇഷ്ടനായിരുന്ന കിട്ടൻറൈറ്റർ പരലോകം പ്രാപിച്ചിട്ട് ഇരുപത്തൊന്നു കൊല്ലമായെന്നു വേലുമൂപ്പരിൽനിന്നും ഗ്രഹിക്കാൻ കഴിഞ്ഞു.

നാൽപത്തഞ്ചുവയസ്സുവരെ കിട്ടൻറൈറ്റർ ജോലിക്കൊന്നും പോകാതെ പട്ടുകുപ്പായവും പൊടിഡബ്ബിയും ചില്ലറ കുസൃതിവിനോദങ്ങളുമായി, അലസനായി, അവിവാഹിതനായി മാന്യമഹാജനങ്ങളുടെ തണലിൽ കഴിഞ്ഞു കൂടി—പിന്നെ റൈറ്റർക്കു പെട്ടെന്നൊരു മാറ്റം സംഭവിച്ചു. പ്രേമത്തിൽ തല കുടുങ്ങി. രണ്ടു കൊച്ചുകുട്ടികളുടെ മാതാവും വിധവയുമായ ഒരു ഹിന്ദി അദ്ധ്യാപികയായിരുന്നു കഥാനായിക. റെഡിമേഡ് സന്താനങ്ങളോടുകൂടി ഹിന്ദി വാദ്ധ്യാരിണിയെ രജിസ്റ്റർവിവാഹം കഴിച്ചു (കഴിക്കേണ്ടിവന്നു). ഹിന്ദി വാദ്ധ്യാരിണി ഭർത്താവിൽ ചില ബാഹ്യപരിവർത്തനങ്ങൾ വരുത്തി. കിട്ടൻറൈറ്റർ പട്ടുവസ്ത്രമുപേക്ഷിച്ചു, ഖദർധാരിയായി—ഖദർമുണ്ട്, ഖദർ ജുബ്ബാ—കാവിനിറത്തിലുള്ള ഖദർഷാളുകൊണ്ട് ഒരു ബംഗാളിപ്പുതയും.

ഹിന്ദിവാദ്ധ്യാരിണി മൂന്നു കൊല്ലംകൊണ്ടു നാലു പെൺകുട്ടികളെ പ്രസവിച്ചുകൊടുത്തു (ഒന്ന് ഇരട്ടപ്രസവമായിരുന്നു.)

രണ്ടാംലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടകാലത്ത് കിട്ടൻറൈറ്റർ കോളടിച്ചു. മിലിട്രി ടിമ്പർ സപ്ലൈ കോൺട്രാക്റ്റർ. നീളവും വണ്ണവും കാണുന്ന ഏതു മരത്തിനും ഡിമാന്റുള്ള കാലം. വീട്ടി, തേക്ക് മുതലായ മുന്തിയജാതി മരങ്ങൾക്ക് സ്വർണ്ണവില — ആയിടയ്ക്കാണ്, കിട്ടൻറൈറ്റർക്ക് പുതിയൊരു പേരുകിട്ടിയത്: 'കർമ്മൂസ് കൺട്രാക്റ്റർ' — മൂപ്പർ, മിലിട്രിക്കു സപ്ലൈചെയ്യുന്ന തടിമരങ്ങളുടെകൂടെ രണ്ടറ്റത്തും വീട്ടിമരവട്ടുകൾ വിദക്ഷമായി ഒട്ടിച്ചുവച്ച് വലിയൊരു കർമ്മൂസ് (പപ്പായ), വീട്ടിത്തടിയായി പാസ്സാക്കിയെടുപ്പിച്ചുവെന്നാണു പറയപ്പെടുന്നത്.

ടിമ്പർസപ്ലൈയ്ക്കു പുറമേ പനങ്കുരുശേഖരണവും തുടങ്ങി. പറമ്പുകളിലും കാട്ടുമൂലകളിലും വീണുകിടന്നിരുന്ന പനങ്കുരു, പിള്ളർ പെറുക്കി ചാക്കിലാക്കി കൺട്രാക്റ്റർമുതലാളിയുടെ ടിമ്പർഡിപ്പോയിൽ ചൊരിഞ്ഞിട്ടുകൊടുക്കും—കുറുക്കൻ കാഷ്ഠിച്ച കുരുവുംകൂടി—കുരുവൊന്നിന്ന് ഒരു കാശ് എന്ന തോതിൽ റൊക്കം പൈസ കൊടുക്കും—കിട്ടൻ റൈറ്റർ പനങ്കുരു പീഞ്ഞപ്പെട്ടികളിൽ നിറച്ചു കയറ്റിയയയ്ക്കും—മിലിട്രി ഡിപ്പോകളിലേക്ക്—(മിലിട്രി ഉടുപ്പുകൾക്കു ബട്ടൺസ് ഉണ്ടാക്കാനാണത്രേ പനങ്കുരു.)

ഇത്തരം ബിസിനസ്സുകൾക്കു പുറമേ ചില്ലറ സമുദായസേവനങ്ങളും നടത്തിയിരുന്നു—മിശ്രവിവാഹപ്രചരണസഭയുടെ ഖജാൻജിയായി തെരഞ്ഞെടുക്കപ്പെട്ടു കിട്ടൻറൈറ്റർ.

അങ്ങനെ നാൽപത്തഞ്ചുവർഷം നിഷ്ക്രിയമായി, നിഷ്പ്രഭമായി തുടർന്നുനിന്ന ജീവിതം നാലഞ്ചുകൊല്ലംകൊണ്ടു കത്തിപ്പടർന്ന് ഉജ്ജ്വലമായിത്തീർന്നു.

ഒരുദിവസം കിട്ടൻറൈറ്റർ തന്റെ ഏറ്റവുമടുത്ത മാന്യസുഹൃത്തുക്കളിൽ ചിലരെ വീട്ടിലേക്കു ക്ഷണിച്ചു—സദ്യയുണ്ണാൻ.

ആരാന്റെ ചോറും ചായയും കമ്പൂലാക്കി നടക്കുകയല്ലാതെ, ഒരു കുട്ടിക്കും ഒരാപ്പ് ചായ വാങ്ങിക്കൊടുക്കാത്ത കിട്ടൻറൈറ്റർ ഇങ്ങനെ ഒരു ധാരാളിത്തത്തിനു വട്ടംകൂട്ടിയപ്പോൾ സ്നേഹിതന്മാർ അദ്ഭുതപ്പെട്ടു. മിലിട്രി കോൺട്രാക്ടിൽ എന്തോ വലിയൊരു കോളടിച്ചത് ആഘോഷിക്കാനായിരിക്കും എന്നു ചിലർ ഊഹിച്ചു. വീട്ടിൽ ക്ഷണിച്ചുവരുത്തി, കുറച്ചു നാരങ്ങാ വെള്ളവും കൊടുത്തു പിരിച്ചയയ്ക്കുമോ എന്നു കിട്ടൻറൈറ്ററെ നല്ലപോലെ അറിയുന്ന ചില ചങ്ങാതിമാർ സംശയിക്കാതെയുമിരുന്നില്ല.

എന്നാൽ സുഹൃത്തുക്കളുടെ സംശയവും ഭയവും അസ്ഥാനത്തായെന്നു തെളിഞ്ഞു— വിഭവസമൃദ്ധമായൊരു സദ്യതന്നെയാണ് വീട്ടിൽ ഒരുക്കിവെച്ചിരുന്നത്. ഓലൻ, കാളൻ, അവിൽ, എരിശ്ശേരി, പുളിശ്ശേരി, ശർക്കരയുപ്പേരി, പൂവൻപഴം, വലിയപപ്പടം, പാൽപായസം.......

അതിഥികൾ കിട്ടൻറൈറ്ററെ മനസ്സാ അഭിനന്ദിച്ചുകൊണ്ട് വിഭവങ്ങൾ യഥേഷ്ടം തട്ടിവിട്ടു.

അതിഥികൾ, സദ്യ കഴിഞ്ഞ് അൽപമൊന്നു വിശ്രമിക്കാനിരിക്കുമ്പോൾ ഒരു ഗോൾഡ്ഫ്ളേക്ക് സിഗരറ്റും വലിച്ചുകൊണ്ട് രാമുണ്ണിമാസ്റ്റർ ഒരു ചോദ്യം:
'കിട്ടൻറൈറ്ററേ, സദ്യ ബഹുകേമമായി— നന്ദിയും അഭിനന്ദനവും— ഒരു സംശയംമാത്രം — ഞങ്ങൾക്ക് ഇങ്ങനെയൊരു ഫീസ്റ്റ് നൽകിയതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?.....

'കാരണമുണ്ട്, മാഷ്ടേ.' കിട്ടൻറൈറ്റർ ഡബ്ബിയിൽനിന്നു പൊടിയെടുത്തു നല്ലൊരു വലി പാസ്സാക്കി മൂക്കു തട്ടിക്കുടഞ്ഞുകൊണ്ട് അതിഥികളെല്ലാവരും കേൾക്കെ, അൽപം വിഷാദസ്വരത്തിൽ ഇങ്ങനെ മൊഴിഞ്ഞു:

'എന്റെ വയസ്സായ അമ്മ ദണ്ണംപിടിച്ചു കിടപ്പിലാണ്. ഞാൻ കോരുപ്പണിക്കരുടെ അടുക്കൽ പോയി ഒരു പ്രശ്നംവെപ്പിച്ചു. അമ്മയ്ക്കു വലിയ അരിഷ്ടകാലമാണ്, സൂക്ഷിക്കണം എന്നു പണിക്കർ പറഞ്ഞു. ഒരു പരിഹാരവും കണ്ടു: നീചാന്നദാനം....അതാണിപ്പോൾ നടത്തിയത് — അമ്മയുടെ ദണ്ഡംമാറാൻ ഇനി നിങ്ങളെല്ലാവരും ചേർന്ന് ഒന്നു പ്രാർത്ഥിക്കണം.....'

ഒരുദിവസം രാവിലെ മദിരാശിയിലെ ഒരു ഹോട്ടൽമുറിയിൽ മരിച്ചു കിടക്കുന്നു, മിലിട്രി കോൺട്രാക്ടർ മിസ്റ്റർ പി. പി. കൃഷ്ണൻ. ഹൃദയസ്തംഭനം — ഒരു പുതിയ കോൺട്രാക്ടിനു ടെന്റർകൊടുക്കാൻ തലേന്നാൾ രാത്രി മദിരാശിയിലെത്തിയതായിരുന്നു കിട്ടൻറൈറ്റർ.

അങ്ങനെ അപൂർവ്വസിദ്ധികളുള്ള ഒരു രസികനും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

അകത്തുനിന്നു കുഞ്ഞിന്റെ കരച്ചിൽ, ബിന്ദുവിന്റെ കരച്ചിൽ!

ശ്രീധരൻ ഓർത്തുനോക്കുകയാണ്. മാണിക്യം ഒരാൺകുഞ്ഞിനെ കടിഞ്ഞൂൽപെറ്റ അറിയിപ്പ് — നിലത്ത് പെരുമട്ടൽ തല്ലിക്കൊണ്ടുള്ള കുക്കിവിളി —മുപ്പത്തിനാലു കൊല്ലങ്ങൾക്കപ്പുറത്തുനിന്ന് ഇഴഞ്ഞുവരുന്നു. ഇപ്പോഴിതാ ആ കുഞ്ഞിന്റെ പേരക്കുഞ്ഞിന്റെ കരച്ചിൽ കാതിൽ മുഴങ്ങുന്നു.

കാലത്തിന്റെ കാഹളംവിളികൾ....

അപ്പോൾ ഒരു വിചിത്രവേഷം പടികേറിവരുന്നതു കണ്ടു— മുറ്റത്തെത്തി. നെറ്റിയിൽ

വിലങ്ങനെ വീതിയിൽ മൂന്നു ഭസ്മരേഖകളും, മദ്ധ്യത്തിൽ വലിയൊരു ചന്ദനതിലകവും (തിലകത്തിലൊരു സിന്ദൂരപ്പൊട്ടും) ചാർത്തി, വലതുകൈയിൽ കണ്ണാടിക്കൂട്ടിലാക്കിയ സുബ്രഹ്മണ്യസ്വാമിയുടെ ചെറിയൊരു പടം പ്രതിഷ്ഠിച്ച ഒരു ഭസ്മത്താലവും പിടിച്ച്, തോളിൽ ഒരുക്കൻ പൊക്കണസ്സഞ്ചിയുംതൂക്കി കക്ഷത്തിൽ ഒരു മയിൽപ്പീലിക്കോലും പ്രദർശിപ്പിച്ചുകൊണ്ട് ഒരു കാഷായവേഷക്കാരൻ.

അയാൾ മിണ്ടാതെ വന്ന്, സുബ്രഹ്മണ്യത്താലം കോലായത്തെമ്പിൽ നിക്ഷേപിച്ച്, കക്ഷത്തിലെ മയിൽപ്പീലിക്കോലും അരികെ കിടത്തിവെച്ച് പൊക്കണത്തിൽനിന്ന് ഒരു ശംഖു പുറത്തെടുത്ത് വായിൽ കുത്തിനിർത്തി കവിളും വീർപ്പിച്ച് 'ഫ്ഭ്രഹ്ഹ്ഹും ം ം ം ം ം ം' 'ഫ്ഭ്രഹ്ഹ്ഹും ം ം ം ം' 'ഫ്ഭ്രഹ്ഹ്ഹ'—ദിക്കുകൾ മുഴക്കിക്കൊണ്ടു മൂന്നു വിളി.

വേലുമൂപ്പർ കസേരയിൽനിന്നു പിടഞ്ഞെണീറ്റ് ശംഖനാദം മുഴക്കിയ കോണിലേക്കു മുഖം തിരിച്ചു ഭക്തിപൂർവ്വം കൈകൂപ്പിനിന്നു. പിന്നെ അകത്തേക്കു മുഖംതിരിച്ചു വിളിച്ചുപറഞ്ഞു: "മോളേ, സ്വാമിക്ക് എന്തെങ്കിലും കൊടുക്ക്......"

ശ്രീധരൻ 'സ്വാമി'യെ സൂക്ഷിച്ചുനോക്കി. വെളുത്തുതടിച്ച ഒരു യുവകോമളൻ. അയാൾ തനിയെ കൺമിഴികൾ ചുഴറ്റിക്കൊണ്ടിരുന്നു. ലഹരിയിൽ മുങ്ങിയപോലുള്ള മിഴികൾ.

ആ മനുഷ്യനെന്താണിങ്ങനെ കണ്ണിന്റെ കൃഷ്ണമണികൾ ഉരുട്ടിക്കളിക്കുന്നത്?

ചക്കച്ചകിണിത്തലച്ചി മാണിക്യം പുറത്തേക്കു വന്ന് ഒരഞ്ചുനയാ പൈസാനാണ്യം സുബ്രഹ്മണ്യത്താലത്തിൽ പൊലിച്ച് കൈത്തലം മലർത്തിക്കാട്ടി. സ്വാമി, താലത്തിൽനിന്ന് ഒരുനുള്ളു ഭസ്മം കക്ഷിയുടെ കൈവെള്ളയിൽ ഇട്ടുകൊടുത്തു. മാണിക്യം ഭക്തിയോടെ ഭസ്മം നെറ്റിയിൽ പൂശി, അടുക്കളയിലേക്കുതന്നെ പോയി.

സ്വാമി, കണ്മിഴികൾ ചുഴറ്റിക്കൊണ്ട് പീലിക്കോലെടുത്തു കക്ഷത്തിലിറുക്കി സുബ്രഹ്മണ്യത്താലവും പൊക്കിയെടുത്തു തിരിഞ്ഞുനടന്നു.

— ഒന്നും മിണ്ടാതെ!

"ആ രാമൻചെക്കൻ പോയോ?" വേലുമൂപ്പർ പതുക്കെ ചോദിച്ചു.

"ഏതു രാമൻചെക്കൻ?" (ശ്രീധരൻ മിഴിച്ചുനോക്കി.)

"സുബ്രഹ്മണ്യസ്വാമീനെ എഴുന്നള്ളിച്ചുവന്ന ചെക്കൻ" വേലുമൂപ്പർ വിശദീകരിച്ചു.

"ആങ്—പോയി." പീലിക്കോൽ പടിക്കൽ മറയുന്നതു നോക്കിക്കൊണ്ട് ശ്രീധരൻ അറിയിച്ചു.

വേലുമൂപ്പരുടെ 'സ്വാമി' പെട്ടെന്നു 'രാമൻചെക്ക'നായി മാറിയതിന്റെ പൊരുൾ പിടികിട്ടിയില്ല.

"ഓൻ ഏതാണെന്നറിയേ്യാ?" വേലുമൂപ്പർ മുഖം വെട്ടിച്ചുകൊണ്ടു ചോദിച്ചു.

"മനസ്സിലായില്ല; അതിരാണിപ്പാടത്തുകാരനാണോ?"

"ആങ്—അതിരാണിപ്പാടത്തു പിറന്നോൻതന്നെ—ഇപ്പം ദൂരെ എവിടേ്യാ ആണ്. മാസത്തിലൊരിക്കൽ സുബ്രഹ്മണ്യസ്വാമീനേം എഴുന്നള്ളിച്ച് ഇവിടെ കേറിവരും......"

"ആരുടെ മോനാണ്?" അതിരാണിപ്പാടത്തെ ചില പഴയ വ്യക്തികളെ ഓർത്തുകൊണ്ട് ശ്രീധരൻ അന്വേഷിച്ചു.

"തന്തയില്ലാതെ പെറന്ന ചെക്കനാണ്."

ശ്രീധരന് ഒരെത്തും പിടിയും കിട്ടിയില്ല.

"ശീദരക്കുട്ടിക്ക് ഓർമ്മ്ണ്ടോ, കള്ളുകുടിയൻ വെള്ളവലിക്കാരൻ രാമനേം—രാമന്റെ മോള്. ചിരുതേനേം?......"

(ചിരുത! പതിവ്രതചമഞ്ഞു നടന്നിരുന്ന പന്നിമുഖിയായ ചിരുത!....)

"ആ ചിരുതേന്റെ മോനാണ്—കള്ളക്കെറപ്പത്തിലുണ്ടായതാണ്—അച്ചെക്കൻ ചെറുമൻ വെളുത്തഅയ്യപ്പന്റെ വിത്താണെന്ന ദേശക്കാർക്കൊക്കെ അറിയാം. അതു പുറത്തുപറയാൻ പറ്റേ്വാ? അതുകൊണ്ടു ക്ഷയം പിടിച്ചു ചത്തുപോയ ചന്തുന്റെ പേരും പറഞ്ഞാണ് ചിരുതപ്പെണ്ണിന്റെ പേറും തളീം കുളീം ഒക്കെക്കഴിച്ചുകൂട്ടേ്യത്....ചിരുത പിന്നെ പളനിപ്പൂ ശാരിച്ചിയായി, ചെക്കനേംകൊണ്ടു നാടുതെണ്ടലായിരുന്നു. ഓള് ചത്തിട്ട് അഞ്ചാറ് കൊല്ലമായി........ഇപ്പം ചെക്കൻ ഒറ്റയ്ക്ക തെണ്ടലാണ്, പളനി സ്വാമീന്റെ ചിത്േരാം എഴുന്നള്ളിച്ച്. ശംഖും വിളിച്ചോണ്ട്........"

ശ്രീധരൻ ഓർത്തുനോക്കി. തെല്ലുമുമ്പേ പടിയിറങ്ങിപ്പോയ കാഷായ വസ്ത്രക്കാരനെ. ചെറുമൻ വെളുത്തഅയ്യപ്പന്റെ തത്സ്വരൂപം!

പണ്ട് കൽക്കരിച്ചാരം കോൺട്രാക്ടരായിരുന്ന വെളുത്തഅയ്യപ്പൻ ഇതാ പളനിയാണ്ടവന്റെ ഏജന്റായി വേഷംകെട്ടി അതിരാണിപ്പാടത്തു ചുറ്റിനടക്കുന്നു.....!

"രാമൻ പൊട്ടനാണോ?—എന്താണ് ഒന്നും മിണ്ടാതെ പോയത്?" ശ്രീധരൻ ഒരു സംശയം ചോദിച്ചു.

"പൊട്ടനൊന്ന്വല്ലാ....." വേലുമൂപ്പർ തലയാട്ടി: "ഓൻ എപ്പളും മൗന വ്രതക്കാരനാണ്—മിണ്ടൂല്ല—കള്ളപ്പൂശാരിയാണ്. കിട്ടുന്ന പൈസയ്ക്ക് കഞ്ചാവു വാങ്ങി വലിക്കും—എപ്പളും കഞ്ചാവുംവലിച്ചു കണ്ണുംമിഴിച്ചു നടക്കും......"

"അങ്ങനെയാണെങ്കിൽ ആ കഞ്ചാവുവലിക്കാരൻ കള്ളപ്പൂശാരിക്ക് എന്തിനാണ് പൈസ കൊടുത്തത്?" ശ്രീധരൻ ചോദിച്ചു.

"അതു വേറെ കാര്യം—" വേലുമൂപ്പർ ഭക്തി സ്ഫുരിക്കുന്ന ഗൗരവ സ്വരത്തിൽ പറഞ്ഞു: "ഓന്റെകൂടെ പളനി സുബ്രഹ്മണ്യസ്വാമിയില്ലേ്?—സ്വാമിയെ ആട്ടിപ്പറഞ്ഞയയ്ക്കാൻ പാടുണ്ടോ?....."

വേലുമൂപ്പരുടെ തത്ത്വശാസ്ത്രമോർത്ത് ശ്രീധരൻ തനിയെ ചിരിച്ചു പോയി.

"ഊണ കാലായി—" മാണിക്യം വാതില്ക്കൽ വന്നുനിന്ന് അറിയിച്ചു.

ഡിന്നര് റെഡി!

കോലായിൽ വേലുമൂപ്പരുടെ അരികെത്തന്നെ, പുൽപ്പായിൽ ശ്രീധരനും ഉണ്ണാനിരുന്നു.

പറമ്പിലെ വാഴയിൽനിന്നു മുറിച്ചു കൊണ്ടുവന്ന കുമ്പിലയിൽ തുമ്പപ്പൂ പോലത്തെ ചോറു വിളമ്പി.

ഊണിന്, പ്രതീക്ഷിച്ചതിലുമേറെ വിഭവങ്ങൾ വരുന്നതു കണ്ട് ശ്രീധരന് കുറച്ചൊരദ്ഭുതം തോന്നാതിരുന്നില്ല.

വടക്കൻപാട്ടിൽ പറഞ്ഞപോലെ മാണിക്യം,

"പൊൻപോലെ നാലു കറി വിളമ്പി

മഴവെള്ളംപോലെ ഉരുക്കുനെയ്യും!......"

(പളുങ്കുകുപ്പിയിലെ ഉരുക്കുനെയ്യ് വേലുമൂപ്പരുടെ നിത്യാഹാര വസ്തുവാണെന്നു തോന്നുന്നു.)

ഒരു പരിപ്പുകറി, ചക്കക്കുരുവും മുരിങ്ങയിലയുംകൊണ്ടൊരു കൂട്ടുകറി, ചേമ്പുവിത്തുകൊണ്ട് ഒരു മുഴുത്തകറി, ചെമ്മീൻകൊണ്ട് ഒരു മുളകുകറി. അങ്ങനെ നാലുകൂട്ടം കറികൾ! കൂർക്കൽ(ചീവക്കിഴങ്ങ്)കൊണ്ടൊരു മെഴുക്കു പെരട്ടി, അയക്കുറമത്സ്യം വറുത്തത്, പപ്പടം, മാങ്ങാച്ചമ്മന്തി—പിന്നെ കറിവേപ്പിലയും ഇഞ്ചിയും ചതച്ചു കലക്കിയ കൊഴുത്ത പച്ചമോരും (ഒരു ചെറിയ പിഞ്ഞാണക്കുടത്തിൽ).

പുൽപ്പായിൽ ചമ്രംപടിഞ്ഞിരുന്ന് ഉണ്ണുമ്പോൾ, ശ്രീധരൻ ഡൽഹിയിൽ നിത്യേനയെന്നോണം കിട്ടിവരാറുള്ള വിരുന്നു സൽക്കാരങ്ങൾ ഓർത്തു: വിദേശ എംബസികളിലെ പാർട്ടികൾ — അശോകാഹോട്ടലിലെ ഡിന്നറുകൾ!—മന്ത്രിമാരുടെയും വ്യവസായപ്രമുഖന്മാരുടെയും സർക്കാർ കോൺട്രാക്ടർമാരുടെയും ധനാഢ്യരുടെയും മന്ദിരങ്ങളിലെ അത്താഴവിരുന്നുകൾ — അങ്ങനെ പലതും. ആ സൽക്കാരങ്ങളെല്ലാം വാസ്തവത്തിൽ വിശപ്പടക്കാനുള്ളവയല്ല. ആതിഥേയന്റെ പ്രമാണിത്തവും ധാരാളിത്തവും പ്രദർശിപ്പിക്കാനുള്ള ഏർപ്പാടുകളാണ്. വിശിഷ്ടവിഭവങ്ങൾകൊണ്ടുള്ള വിനോദപരിപാടികളാണ്—മേലേക്കിട ഹോട്ടലുകളിലെ ഡിന്നറിൽ പാവം അതിഥി, എറ്റിക്കെറ്റിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിക്കൊള്ളണം — ഒച്ചപ്പെടുത്തി ചവയ്ക്കാൻ പാടില്ല. രുചിയുടെ ലഹരി പുറത്തറിയിക്കുന്ന സീൽക്കാരമോ, സംതൃപ്തിയുടെ ജേയ്‌വിളിയായ ഏമ്പക്കമോ സഭ്യേതരമത്രേ — ഉറക്കെ സംസാരിക്കുന്നതുപോലും നിഷിദ്ധമാണ്......വയറ്റിനുമീതെ നാപ്കിൻ കവചവും കെട്ടി, കത്തി –മുള്ള് – കരണ്ടി ആയുധങ്ങളും കൈയിലേന്തി, പ്ലേറ്റിലെ വിഭവങ്ങളെ, ഓരോന്നായി സാവധാനം വധിച്ചുകൊള്ളണം.....

ഇവിടെ വേലുമൂപ്പരുടെ കോലായിലിരുന്ന് നാടൻകറികൾ കൂട്ടിക്കുഴച്ച് ചോറു വാരിയുണ്ണുമ്പോൾ വിശപ്പ് വിശിഷ്ടഭോജ്യങ്ങളിൽ നിർവ്വാണം പ്രാപിക്കുന്നതു ശരിക്കും അനുഭവപ്പെടുന്നു.

വേലുമൂപ്പർ ഉണ്ണുന്നത് കൗതുകത്തോടെ വീക്ഷിച്ചു. ഇലയിൽ വിളമ്പുന്ന പദാർത്ഥങ്ങളെന്താണെന്നു മാണിക്യം മുൻകൂട്ടി പറഞ്ഞു കേൾപ്പിച്ചിട്ടുണ്ടായിരുന്നു. കിഴവൻ ഓരോ പദാർത്ഥവും തപ്പിത്തപ്പി എടുത്തു വായിലിട്ട്, 'വാക്യം രസാത്മകം കാവ്യം' എന്നുച്ചരിക്കുംപോലെ ചവച്ചുകൊണ്ട് തലയാട്ടിയും കണ്ണുരുട്ടിയും നല്ലപോലെ അടിച്ചുവിടുന്നുണ്ട്. വയസ്സ് തൊണ്ണൂറോടടുത്തിട്ടും വേലുമൂപ്പരുടെ വയറ്റിനും വായ്ക്കും തെല്ലും കോട്ടംതട്ടിയിട്ടില്ല. നല്ല തീറ്റകൊണ്ടാണ് വേലുമൂപ്പർ തന്റെ ആരോഗ്യം നിലനിർത്തുന്നതെന്ന് ശ്രീധരനു ബോദ്ധ്യമായി.

ഊണുകഴിഞ്ഞു താഴത്തെ കോലായത്തെമ്പിൽ കൊണ്ടുവെച്ചിരുന്ന കിണ്ടിയിലെ വെള്ളമെടുത്തു കൈകഴുകി.

ശ്രീധരൻ ഒരു സിഗരറ്റു വലിക്കാൻ പറമ്പിലേക്കു പോയി. (വേലുമൂപ്പരുടെ മുമ്പിലിരുന്നു പുകവിടാൻ എന്തോ ഒരു മനഃപ്രയാസം.) പുകവലിയും കഴിഞ്ഞു കോലായിൽ മടങ്ങിവന്നപ്പോൾ വേലുമൂപ്പർ വെറ്റിലച്ചെല്ലം മുമ്പിലെടുത്തുവെച്ച് ചെറിയൊരുരലിൽ അടയ്ക്ക കുത്തിച്ചതയ്ക്കുകയായിരുന്നു.

"ഊണു കേമമായി —ഇത്രയൊന്നും ഒരുക്കേണ്ടിയിരുന്നില്ല." ശ്രീധരൻ തന്റെ

അഭിനന്ദനവും നന്ദിയും ചുരുങ്ങിയ വാക്കുകളിൽ നിവേദിച്ചു.

"മോനേ, നെനക്കുവേണ്ടി ഇവിടെ വിശേഷിച്ചൊന്നും ഉണ്ടാക്കീട്ടില്ല — ഒരു ചേമ്പിന്റെ കൂട്ടാനല്ലാതെ—ഇതെല്ലാം ഇവിടെ നിത്യാം പതിവുള്ളതാണ്."

ബഡായിപറയുന്ന ആളല്ല, വേലുമൂപ്പർ.

"തിന്നു തറവാട്ടു മുടിച്ചു എന്നു പറയാറുണ്ട്—അതു വെറുതെ പറേണതാണ്—തീറ്റകൊണ്ട് ഒരു തറവാടും മുടിഞ്ഞുപോയിട്ടില്ല." ഉരലിലിടിച്ചു കൊണ്ടു വേലുമൂപ്പർ തുടർന്നു: "എന്നാലും നമ്മളെ ആളേ്വാള്ക്ക് ഒരു സൊഭാവമുണ്ട്. തിന്നാതെ കുടിക്കാതെ എന്നും അരിഷ്ടിച്ചു കഴിയും—ഉള്ളതെല്ലാം കുഞ്ഞുകുട്ട്യോളുക്ക് വേണ്ടി നാളേക്ക് കരുതിവെക്കും—ആ കുഞ്ഞുകുട്ട്യോള് വലുതാവുമ്പം അവരും അവരുടെ കുഞ്ഞു കുട്ട്യോള്ക്ക വേണ്ടി പള്ളേം മുറുക്കിക്കെട്ടി അരപ്പഷ്ണിയായി ജീവിക്കും — അങ്ങനെ കരുതിക്കൂട്ടിയുള്ള അരിഷ്ടിച്ചുകഴിയലും കഷ്ടപ്പാടും തലമുറകളായി തുടർന്നുപോകും — നല്ലതനുഭവിക്കാൻ യോഗമില്ലാതെ — പട്ടര് വെറ്റില തിന്ന കഥപോലെ."

ശ്രീധരനു രസംപിടിച്ചു: "പട്ടര് വെറ്റില തിന്ന കഥയെന്താണ്?"

വേലുമൂപ്പർ ചെല്ലത്തിൽ തപ്പി ഒരു വെറ്റിലയെടുത്തു മുഖത്തേക്കുയർത്തി ഘ്രാണിച്ചു ശുദ്ധി പരിശോധിച്ചു. പിന്നെ അതിന്റെ മൂക്കും വാലും നുള്ളി ഞരമ്പുകൾ തെരുങ്ങിക്കൊണ്ട് ആ കഥ കേൾപ്പിച്ചു:

പട്ടര് സ്വാമി ഒരുകെട്ടു നല്ല വെറ്റില വാങ്ങി. രാവിലെ മുറുക്കാനൊരുങ്ങി വെറ്റിലക്കെട്ടഴിച്ചു പരിശോധിച്ചപ്പോൾ കെട്ടിൽ ഏറ്റവും അടിയിലെ വെറ്റില അല്പം ചീഞ്ഞതായിക്കണ്ടു. ഇന്ന് ഇതു തിന്നുതീർത്തേക്കാം എന്നും പറഞ്ഞ് അന്നത്തെ മുറുക്ക് അതുകൊണ്ടു കഴിച്ചു. പിറ്റേന്നു മുറുക്കാനിരുന്നപ്പോൾ അടിയിലത്തെ വെറ്റില പഴുത്തുവരുന്നതായിക്കണ്ടു. ഇന്ന് ഇതു തിന്നുതീർത്തേക്കാം എന്നും പറഞ്ഞ് അന്ന് അതു സാപ്പിട്ടു. മൂന്നാംദിവസവും സ്ഥിതി അതുതന്നെ. കെട്ടിലെ ഒടുവിലത്തെ വെറ്റിലയ്ക്കാണ് ആദ്യം പഴപ്പുപിടിക്കുക എന്നു മനസ്സിലാക്കാത്ത പട്ടർ അന്നും ചീഞ്ഞ വെറ്റിലതന്നെ തിന്നു. അതങ്ങനെ തുടർന്നു—പട്ടരുടെ ഒരു യോഗം! നല്ലൊരുകെട്ടു വെറ്റില വാങ്ങി, മാസം മുഴുവനും ചീഞ്ഞ വെറ്റില തിന്നു കഴിയേണ്ടിവന്നു.

സദ്യപോലതന്നെ സരസമായ ഒരു ആഫ്റ്റർ ഡിന്നർ സ്റ്റോറിയും!

# മർമ്മരങ്ങൾ VII

ഊണിനു മോരു പകർന്നുവെച്ച ചിത്രപ്പണികളോടുകൂടിയ വർണ്ണപ്പിഞ്ഞാണക്കുടം ശ്രീധരന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചിട്ടുണ്ടായിരുന്നു. അത് ഒരു പഴയ ചൈനീസ് ഫ്ളവർവാസാണെന്നു മനസ്സിലായി — അദ്ഭുതകരമായൊരു കലാവസ്തു. അതിന്റെ പ്രാചീനമഹിമയും കലാ മൂല്യവുമൊന്നുമറിയാതെ വേലുമൂപ്പരുടെ വീട്ടുകാർ അതിനെ അടുക്കളപ്പാത്രമാക്കിയിരിക്കയാണ്.

ഈ പഴയ ചൈനീസ് ആർട്ട്പീസ് ഇവിടെ എങ്ങനെ വന്നു?

വേലുമൂപ്പരോടുതന്നെ ചോദിക്കാം:

“ഇവിടെ ഊണിനു മോരു നിറച്ചുവെച്ച ആ പിഞ്ഞാണപ്പാത്രം കാണാൻ നല്ല ചേലുണ്ട്.....അത് എവിടുന്നു കിട്ടി?”

വേലുമൂപ്പർ ചത്ത മിഴികൾ ചലിപ്പിച്ച്, ആലോചിച്ചു.

“ചെറകുള്ള നാഗത്തിന്റെ കഴുത്തും ഒടലും ഉള്ള ആ പിഞ്ഞാണക്കുടുക്കയാണോ?”

“അതേ, ആ പാത്രംതന്നെ.”

“ഓ, —അതോ? അതു പണ്ട് എന്റെ മോൻ മരിച്ചുപോയ ദാമോദരൻ ഏതോ ഒരു മാപേ്ലനോട് ഒരുറുപ്യക്കു കച്ചോടാക്യതാണ് —കേളഞ്ചേരിയിലെ നെലയറയീന്ന് ആരോ കട്ടോണ്ടു പോയതാണ്......”

ഊഹിച്ചതുപോലെതന്നെ.

നൂറ്റാണ്ടുകൾക്കുമുമ്പ് ചീനയിലെ ഏതോ അജ്ഞാതകലാകാരൻ നിർമ്മിച്ച ആ കൗതുകവസ്തു കപ്പൽകേറി കേരളത്തിലെത്തി—പിന്നെ കേളഞ്ചേരിയിലെ നിലയറയിൽ ചെന്നുചേർന്നു. കുറേക്കാലം അവിടെ മറഞ്ഞുകിടന്നു....ഇപ്പോഴിതാ വേലുമൂപ്പരുടെ അടുക്കളയിലെ മോർക്കുടമായി മാറിയിരിക്കുന്നു. ആ കലാവസ്തുവിന്റെ തലയിലെഴുത്ത്!

“കേളഞ്ചേരീല് പണ്ട് എന്തൊക്കെ അതിശോള്ള സാധനങ്ങളുണ്ടായിരുന്നു!” വേലുമൂപ്പർ കഴിഞ്ഞ കാലങ്ങളിലേക്കു മനക്കണ്ണോടിക്കുകയാണ്: മോനേ, ഞാനെന്റെ കണ്ണോണ്ടു കണ്ടതാണ്—കേളഞ്ചേരിയിലെ പടിഞ്ഞാറ്റമുറീന്റെ മുമ്പില്ല കെട്ടിത്തൂക്യ പൊന്നിന്റെ വെള്ളരിക്കീം നെല്ലക്കതിരും........”

വേലുമൂപ്പർ വർണ്ണിച്ചുതുടങ്ങി: ഏഴു കടലിനപ്പുറത്തെ നാട്ടുകളിൽ നിന്നു കപ്പൽ കേറി വന്ന രസമണികളും പളുങ്കുമാലവിളക്കുകളും (ശരറാന്തൽ) പാക്കിൽ (മച്ച്) തൂങ്ങിക്കിടന്നിരുന്നു. നിലയറയിൽ പൊന്നിന്റെ അമ്മിയും അമ്മിക്കുട്ടിയും, മരതകക്കല്ലിന്റെ വെറ്റിലയും, മാണിക്യക്കല്ലിന്റെ അടയ്ക്കയും മറ്റുമുണ്ടായിരുന്നു. കട്ടും കവർന്നും പെറുക്കിവിറ്റും എല്ലാം പലവഴിക്കു മറഞ്ഞുപോയി. രസമണിയുടെ സ്ഥാനത്ത് ഇപ്പോൾ കാണുന്നത് വേട്ടാളൻകൂടാണ്—പളുങ്കുമാലവിളക്കുകൾക്കു പകരം വണ്ണാത്തൻ വല. നിലയറയിൽ കരിങ്ങാണിയും പെരുച്ചാഴിയും....... കുഞ്ഞിക്കേളുമേലാൻ മണ്ണിനടിയിലുമായി.

കുഞ്ഞിക്കേളുമേലാന്റെ അന്ത്യകാലത്തെപ്പറ്റി വേലുമൂപ്പർ വിവരിച്ചു കേൾപ്പിച്ചു:

പെരിക്കാലും ഒറ്റക്കണ്ണുമായി, മാന്യന്മാരോട് ഇരന്നുനടന്നു. പിന്നെപ്പിന്നെ കുഞ്ഞിക്കേളുമേലാൻ ആളും തരവും നോക്കാതെ കണ്ടവരോടെല്ലാം പൈസ ചോദിച്ച് റോഡിൽ നിരങ്ങിത്തുടങ്ങി —മുഷിഞ്ഞു കീറിപ്പറിഞ്ഞ വേഷത്തിൽ. അങ്ങനെ അഞ്ചാറുകൊല്ലം കഴിഞ്ഞപ്പോൾ എണീറ്റുനടക്കാനും ശേഷിയില്ലാതായി.

കേളഞ്ചേരി തറവാട്ടുപറമ്പ് ബാക്കിയുണ്ട് — അത് ആർക്കും വില്ക്കാൻ പാടില്ല എന്നാണു പറയുന്നത്. മേലാന്റെ ആരോഗ്യം മാത്രമേ ക്ഷയിച്ചിരുന്നുള്ളൂ; ബുദ്ധി ക്ഷയിച്ചിരുന്നില്ല. ആലോചിച്ചു: തറവാട്ടിൽ തനിക്കുള്ള അവകാശം തീറെഴുതിക്കൊടുക്കുന്നത് ആർക്കെങ്കിലും തടയാൻ കഴിയുമോ? അവകാശം വാങ്ങാൻ ആരെങ്കിലുമുണ്ടോ എന്ന തിരച്ചിലായി പിന്നെ. പട്ടണത്തിലെ ഒരു പുതിയ പണക്കാരൻ മുതലാളിക്ക് കേളഞ്ചേരിപ്പറമ്പിന്റെ നേർക്ക് ഒരു കണ്ണുണ്ടായിരുന്നു. അവകാശം എഴുതിവാങ്ങിയാൽ സ്വത്തു കൈവശപ്പെടുത്താൻ കുഞ്ഞിക്കേളുമേലാന്റെ മരണംവരെ കാത്തിരിക്കേണ്ടിവരും. മേലാൻ കുഴിയിലേക്കു കാലും നീട്ടി ഇരിക്കയാണെന്ന് മുതലാളി മനസ്സിലാക്കി റിസ്കെടുക്കാൻതന്നെ തീരുമാനിച്ചു.

മുതാലാളിക്ക് മേലാന്റെ സ്വഭാവം നല്ലപോലെ അറിയാമായിരുന്നു. സ്വത്തു തീറു കൊടുക്കാമെന്നു പറഞ്ഞ് പലരോടും അഡ്വാൻസ് സംഖ്യ പറ്റും..... ആർക്കും എഴുതിക്കൊടുക്കുകയുമില്ല—അതിനാൽ മേലാൻ അഡ്വാൻസ് ആവശ്യപ്പെട്ടപ്പോൾ മുതലാളി ഒരു കാശും കൊടുത്തില്ല. ആധാരങ്ങളെല്ലാം എഴുതി തയ്യാറാക്കി, പിറ്റേന്നു കച്ചേരിയിൽ വെച്ച് റജിസ്റ്റർ ചെയ്യുമ്പോൾ മുഴുവൻ പണവും കൊടുത്തു തീർക്കുന്നതാണെന്നു പറഞ്ഞു മേലാനെ മടക്കിയയച്ചു.

എങ്ങനെയെങ്കിലും അന്നുരാത്രി പുലർത്താനുള്ള വെപ്രാളത്തോടും തൊണ്ട നനയ്ക്കാൻ ഒരു തുള്ളി മദ്യം കിട്ടാത്ത വെറിയോടും കൂടി മേലാൻ മോന്തിനേരത്ത് കേളഞ്ചേരിയിലേക്ക് മടങ്ങുകയായിരുന്നു. പടിപ്പുരയുടെ മുന്നിലെ ഇടവഴിയിലെത്തി. പടി കേറിയില്ല. ഒരു നിലവിളിയോടുകൂടി തിരിഞ്ഞ് ഒരു മരണപ്പാച്ചൽ — തൊട്ടടുത്ത പറമ്പിലെ പേറ്റിച്ചി പാറുവിന്റെ പുരയിലേക്ക് —കോലായിൽ കേറി — അവിടെ മറിഞ്ഞു വീണു..... മരിച്ചു.

അങ്ങനെ, പണ്ടു കപ്പലുവെച്ച കേൾവികേട്ട കേളഞ്ചേരിത്തറവാട്ടിലെ കുഞ്ഞിക്കേളുമേലാൻ ഇരുപതുവർഷങ്ങളോളം തെരുവിൽ ഇരന്നുപെറുക്കി നടന്ന് ഒടുവിൽ പൊരിക്കാലും ചായ്ച്ച്, ഒറ്റക്കണ്ണുമടച്ച്, പേറ്റിച്ചി പാറുവിന്റെ ക്ലിപ്പുരയുടെ കോലായിൽ ജീവിതമവസാനിപ്പിച്ചു.

കേളഞ്ചേരിപ്പടിപ്പുരയിൽനിന്ന് കുഞ്ഞിക്കേളുമേലാൻ പേടിച്ചു പാഞ്ഞതിന്റെ കാരണമെന്ത്?

(കേളഞ്ചേരിയിലെ സർപ്പത്താൻ—വേലുമൂപ്പരുടെ നിഗമനമാണ്.)

'പാമ്പ്' 'പാമ്പ്' എന്നു നിലവിളിച്ചുകൊണ്ടാണത്രെ മേലാൻ അഭയം തേടി പാറുവിന്റെ കോലായിലേക്ക് പാഞ്ഞു കേറിയത്.

തന്റെ ജന്മാവകാശം ഒരന്യജാതിക്കാരന് തീറുകൊടുത്ത് കേളഞ്ചേരിത്തറവാട്ടിലേക്കു കേറിച്ചെന്ന മേലാനെ പടിപ്പുരയിൽ എതിരേറ്റത്, കനൽക്കട്ടക്കണ്ണുകളും മിന്നിച്ച പടം വിടർത്തി നില്ക്കുന്ന സർപ്പമാണ്! തറവാട്ടിനു തുരങ്കംവെച്ചു വരുന്ന ചതിയന്റെനേർക്ക് 'ഫൂ!' എന്നൊരാട്ടു വെച്ചുകൊടുത്തു

സർപ്പത്താൻ!

കേളഞ്ചേരിയിലെ സർപ്പത്തെ മേലാൻ ആദ്യമായിട്ടാണ കാണുന്നത്. ഒരാൾപ്പൊക്കത്തിൽ പടംവിടർത്തി നില്ക്കുന്ന അതിന്റെ വിശ്വരൂപവും, പെട്ടെന്നുണ്ടായ ഉഗ്രമായ ഊത്തും, മേലാന്റെ പ്രാണന്റെ മുക്കാൽ ഭാഗവും പറപ്പിച്ചു. പിന്നീട് അതോർത്തപ്പോഴുണ്ടായ ഭയം ജീവന്റെ ബാക്കിഭാഗവും അപഹരിച്ചു.....

കുഞ്ഞിക്കേളുമേലാൻ!

പന്ത്രണ്ടു ലൈറ്റുകളുടെ പ്രകാശപ്പൊലിമയോടെ കാഹളവും വിളിച്ചു പന്തം കൊളുത്തിപ്പടപോലെ മേലാന്റെ മോട്ടോർകാർ ഇരമ്പിക്കൊണ്ടു വരുമ്പോൾ റോഡിൽനിന്ന് ആളുകൾ ഓടിമറഞ്ഞിട്ടുണ്ട്; രക്ഷപ്പെടാൻ വർഷങ്ങൾക്കുശേഷം അതേ റോഡിൽനിന്ന് ആളുകൾ ഓടിയൊളിച്ചു; കീറിയ ചീനപ്പട്ടുഷർട്ടും, മുഷിഞ്ഞുപിഞ്ഞിയ മാഞ്ചസ്റ്റർ ധോത്തിയും ധരിച്ച്, മന്ദം കാലും വലിച്ചിഴച്ച്, ഒറ്റക്കണ്ണും പ്രകാശിപ്പിച്ചുകൊണ്ട്, പൈസ ഇരക്കാൻ നടക്കുന്ന മേലാന്റെ പിടിയിൽനിന്നു രക്ഷപ്പെടാൻ.....

All the world is a stage and all the men and women merely Players.

(മന്നിടമാകെയിങ്ങോരരങ്ങിതിൽ

പെണ്ണുമാണും നടീനടന്മാർ മാത്രം....)

എന്നു മഹാകവി ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട്. എന്നാൽ ലക്ഷപ്രഭുവായും പിന്നീടു പിച്ചക്കാരനായും അതേ ജീവിതവേദിയിൽ ഒരു മനുഷ്യനു വേഷം കെട്ടേണ്ടിവരിക! ഷേക്സ്പിയർപോലും അങ്ങനെയൊരു കളി വിഭാവനം ചെയ്തിട്ടുണ്ടാവില്ല.....

"ഇനി വേറൊരു കഥ—" വേലുമൂപ്പർ വീണ്ടുമൊരു മുറുക്കിനു വട്ടംകൂട്ടി വെറ്റില തപ്പിക്കൊണ്ടു പറഞ്ഞു:

"കേളഞ്ചേരിയിലെ പൊളിഞ്ഞ പടിപ്പുരേന്റെ പൊറംതിണ്ണേല് പഴന്തുണീം വിരിച്ച് അന്തി ഒറങ്ങാൻ ഒരു പിച്ചക്കാരൻ വന്നുകൂടീട്ടുണ്ടെന്നു കേട്ടു. അയാളാരാണെന്നോ? —കേളഞ്ചേരി കുഞ്ഞിക്കേളുമേലാന്റെ അളിയൻ കുട്ടപ്പൻ—ബാങ്ക് മൊതലാള്യായിരുന്ന രാമന്റെ മൂത്ത മകൻ — കുഞ്ഞിക്കേളു അളിയന്റെ പാരമ്പര്യം പൊലർത്താൻ ആ പടിപ്പൊരേല് പറ്റിക്കൂടീരിക്യാണ് മൂപ്പര്....."

ശ്രീധരൻ അതിരാണിപ്പാടത്തേക്കു വരുന്നവഴിക്ക് പട്ടണത്തെരുവിൽ ഒരു മനുഷ്യക്കഴുകനെ കണ്ടു.

'വെള്ളക്കാരത്തിയെ കല്യാണംകഴിച്ച കുട്ടപ്പനാണ് അപ്പോണത്' എന്ന് ആരോ തമ്മിൽ പറയുന്നതു കേട്ടപ്പോൾ പഴയ ഓർമ്മകളോടെ ആ മനുഷ്യനെ വീണ്ടുമൊന്നു നോക്കി—കഴുകന്റെ കണ്ണുകളും കഴുകന്റെ മൂക്കും കഴുകന്റെ കഷണ്ടിത്തലയുമുള്ള നെടുതായ ഒരു മനുഷ്യക്കോലം. വാതംപിടിച്ച കാലുകൾ നിലത്തു മെല്ലെ നിരക്കിനീക്കി വിറയ്ക്കുന്ന കൈകൾ വായുവിൽ പരത്തിപ്പിടിച്ചുകൊണ്ടു നീങ്ങുകയാണ്.

ജീവിതവേദിയിൽ ഇരട്ടവേഷം കെട്ടേണ്ടിവന്ന മറ്റൊരു നടൻ!

രംഗങ്ങൾ ഓരോന്നായി ഓർക്കുകയാണ്:

ബാങ്കർ രാമൻ കേൾവികേട്ട തറവാട്ടുകാരനായിരുന്നു. പ്രഗല്ഭനായ ധനവ്യവസായിയായിരുന്നു. നിയമജ്ഞനായിരുന്നു. ആദർശശാലിയായിരുന്നു. സമുദായപരിഷ്കർത്താവായിരുന്നു. പത്രപ്രവർത്തകനായിരുന്നു. വെള്ളക്കാരുടെ

വൈതാളികനായിരുന്നു.

പ്രമേഹവും അന്ധമായ പുത്രവാത്സല്യവുമായിരുന്നു രാമനെ ബാധിച്ചിരുന്ന രണ്ടു രോഗങ്ങൾ. രാമൻ ആൺമക്കളെ മതിമറന്നു ലാളിച്ചു. സ്നേഹിച്ചു. അവർ തന്നേക്കാൾ മിടുക്കന്മാരാണെന്ന ഒരു വിശ്വാസം രാമനിൽ എങ്ങനെയോ കടന്നുകൂടിയിട്ടുണ്ടായിരുന്നു. ആ വിശ്വാസം മക്കളുടെ ദുർവൃത്തികൾക്കു മറപിടിച്ചു. മക്കളുടെ ധൂർത്തിൽ രാമൻ മഹത്ത്വം ദർശിച്ചു.

രാമൻ മിതവ്യയശീലനായിരുന്നു. മദ്യപിക്കുകയില്ല. പുകവലിക്കുകയില്ല. സദാചാരവിരുദ്ധപ്രവണതകളുമില്ല. എന്നാൽ, പുത്രന്മാർ—വിശേഷിച്ചും മൂത്ത രണ്ടുപേർ—ആവക വിഷയങ്ങളിൽ ബഹുമിടുക്കന്മാരായിരുന്നു.

രാമൻ എല്ലാക്കാര്യത്തിലും ബഹുകണിശക്കാരനായിരുന്നു. എള്ളു കീറി കണക്കുപറയും. ഒരിക്കൽ ഒരു മാന്യനുമായുള്ള പണമിടപാടിന്റെ കാര്യത്തിൽ രാമൻ ഇങ്ങനെ അണപൈസക്കണക്കിൽ ഉറച്ചുനിന്നപ്പോൾ, ആ മാന്യൻ രാമനോടു ചോദിച്ചു. 'മിസ്റ്റർ രാമൻ, നിങ്ങളിങ്ങനെ ഒരു കാശിനുവേണ്ടി വാശിപിടിക്കുന്നു. നിങ്ങളുടെ മകൻ കുട്ടിരാമൻ പണം വാരിയെറിയുന്നതു നിങ്ങൾ പൊറുപ്പിക്കുന്നു. ഇതെന്തു മര്യാദ?.......''

ആ മാന്യന്റെ വാക്കുകൾ രാമനു തീരെ രസിച്ചില്ല. സ്വല്പം ഗൗരവത്തോടെയായിരുന്നു മറുപടി: 'കുട്ടിരാമനു പണക്കാരനായൊരച്ഛനുണ്ട്. അതുകൊണ്ട് അവൻ ഇഷ്ടംപോലെ കളിക്കട്ടെ—എന്റെ നില അതല്ലല്ലോ—''

രാമന്റെ മൂത്തമകൻ കുട്ടപ്പന്റെ വിവാഹം: കേളഞ്ചേരിയിലെ കുഞ്ഞിക്കേളുമേലാന്റെ ഏകസഹോദരിയായ മാധവിയാണു വധു. ബാൻഡ്‌വാദ്യ കോലാഹലങ്ങളോടെയാണ് ആ വൈവാഹികഘോഷയാത്ര പട്ടണത്തെരുവിലൂടെ കടന്നുപോയത്. രാത്രി ഗംഭീരമായ പാട്ടുകച്ചേരി — വർണ്ണോജ്ജ്വലമായ വെടിക്കെട്ടുകൾ.

വിവാഹം കഴിഞ്ഞതിന്റെ മൂന്നാംമാസം കുട്ടപ്പൻ വിദ്യാഭ്യാസത്തിനു യൂറോപ്പിലേക്കു പുറപ്പെട്ടു. രാമനും കുടുംബാംഗങ്ങളും ബന്ധുവർഗ്ഗങ്ങളും പൗരപ്രമാണികളും ചേർന്നു റെയിൽവേസ്റ്റേഷനിൽവെച്ചു കുട്ടപ്പനു ഗംഭീരമായ യാത്രയയപ്പു നല്കി.

യൂറോപ്പിൽ രണ്ടു വർഷം പൂർത്തിയാക്കുന്നതിനുമുമ്പ് കുട്ടപ്പൻ അവിടെ നിന്ന് ഒരു വെള്ളക്കാരിയെ വിവാഹം കഴിച്ചു. വിവരത്തിന് അച്ഛനൊരു കത്തയച്ചു.

ബാങ്കർ രാമൻ ആ കത്തു വലിയൊരു വാർത്തയായി തന്റെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. വെള്ളക്കാരി മദാമ്മയെ വിവാഹംകഴിച്ച വീരൻ!

മകന് ഒരു വെള്ളക്കാരി ഭാര്യയെക്കൂടി പുലർത്താനുള്ളതിനാൽ യൂറോപ്പിലെ ചെലവിനു കൂടുതൽ പണം അയച്ചുകൊടുത്തു.

കുട്ടപ്പൻ മദാമ്മയേയുംകൂട്ടി നാട്ടിലേക്കു മടങ്ങി. ഇന്ത്യയിൽ കപ്പലിറങ്ങി. ട്രെയിനിൽ പട്ടണത്തിലെത്തി. റെയിൽവേസ്റ്റേഷനിൽവെച്ചു രാമനും കുടുംബാംഗങ്ങളും ബന്ധുവർഗ്ഗങ്ങളും പൗരപ്രമാണികളും ചേർന്നു ഗംഭീരമായ സ്വീകരണം സംഘടിപ്പിച്ചു. പൂമാലകളും പൂച്ചെണ്ടുകളും കൊണ്ടൊരു പൂരക്കളി!

രാമൻ മദാമ്മ സ്നുഷയ്ക്കു ഷെയ്ക്ക് ഹാൻഡ് കൊടുത്തു: ഹൗ ഡു യു ഡു?

മദാമ്മ ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ബാങ്കർ രാമൻ ഒരു വെള്ളക്കുഞ്ഞിന്റെ

മുത്തപ്പൻ. ഗ്രാൻഡ്പാ.

മൂന്നുകൊല്ലം കഴിഞ്ഞു.

മദാമ്മ കുട്ടപ്പനുമായി പിണങ്ങിപ്പിരിഞ്ഞു. കുഞ്ഞിനെയുംകൊണ്ടു ബിലാത്തിയിലേക്കുതന്നെ മടങ്ങിപ്പോയി.

കുട്ടപ്പൻ വിശേഷിച്ചൊന്നും സംഭവിച്ചില്ലെന്നമട്ടിൽ ഏഴരക്കൊല്ലം മുമ്പു വിട്ടേച്ചുപോയ മാധവിയെ കൂട്ടിക്കൊണ്ടുവന്നു പഴയ മധുവിധു തുടർന്നാസ്വദിച്ചു.

രാമൻ കുട്ടപ്പനെ കൺഗ്രാജുലേറ്റ് ചെയ്തു: ഗുഡ് ബോയ്!

രാമന്റെ രണ്ടാമത്തെ മകൻ കുട്ടിരാമൻ ഒരു യൂറോപ്യൻബാങ്കിലെ കാഷ്യറായി—രാമൻ തന്റെ സകലസ്വത്തുക്കളും ജാമ്യംകൊടുത്തിട്ടാണ് മകനു വെള്ളക്കാരുടെ ബാങ്കിൽ ഉദ്യോഗം തരപ്പെടുത്തിയത്. ഒരു കൊല്ലം കഴിഞ്ഞപ്പോൾ കുട്ടിരാമൻ അതേ ബാങ്കിൽ കൂടുതൽ വരുമാനമുള്ള മറ്റൊരുദ്യോഗം കരസ്ഥമാക്കി: കമ്മീഷൻ ബ്രോക്കർ. സ്വർണ്ണാഭരണങ്ങളുടെ പണയത്തിന്മേൽ ബാങ്കിൽനിന്നു വലിയ സംഖ്യ കടം വാങ്ങാൻ കക്ഷികളെ ഉണ്ടാക്കുക. പലിശയിനത്തിൽ ബാങ്കിനു വലിയ വരുമാനം പ്രതീക്ഷിക്കാവുന്ന ഒരു പദ്ധതി. നാട്ടിന്റെ നാനാമൂലകളിൽനിന്നും സ്വർണ്ണ ഉരുപ്പടികൾ ബാങ്കിലേക്കു നീങ്ങിത്തുടങ്ങി. നാട്ടുകാരുടെ പൊൻപണ്ടങ്ങളുടെ ഉള്ളുകള്ളികൾ വെള്ളക്കാരായ ബാങ്കുമേധാവികൾക്കു നിശ്ചയമുണ്ടായിരുന്നില്ല. ബ്രോക്കർ കുട്ടിരാമനായിരുന്നു അവരുടെ ഉപദേശകൻ. കുട്ടിരാമന്റെ ജനസ്വാധീനതയും ചുറുചുറുക്കും കാര്യശേഷിയും വെള്ളക്കാർക്കു ബോദ്ധ്യമായി. വലിയ ജന്മികളെയും നാടുവാഴിത്തമ്പുരാക്കന്മാരെയും ബാങ്കിലെ ഇടപാടുകാരാക്കാൻ കുട്ടിരാമനു കഴിഞ്ഞു. അങ്ങനെ ലക്ഷക്കണക്കിൽ ഇടപാടുകൾ നടന്നു. പണയസംഖ്യകൾ പെരുകുംതോറും കുട്ടിരാമന്റെ കമ്മീഷനും കുതിച്ചുകയറി.

എന്നാൽ, തങ്ങളുടെ മൂക്കിനു മുമ്പിൽവെച്ച് കുട്ടിരാമൻ നടത്തിക്കൊണ്ടിരുന്ന വഞ്ചനകൾ കണ്ടുപിടിക്കാൻ ബാങ്ക്മേധാവികൾക്കു സാധിച്ചില്ല. അങ്ങനെ കുട്ടിരാമനും—പിറകിൽ ഒരു ഗൂഢസംഘവും—തുടർച്ചയായി നടത്തിക്കൊണ്ടിരുന്ന അപഹരണത്തിന്റെ മൂല്യം എട്ടുകൊല്ലംകൊണ്ടു പത്തുലക്ഷം കവിഞ്ഞു. ഇനി മതി. തുടർന്നാൽ കണ്ടുപിടിക്കപ്പെടാനിടയുണ്ട് എന്നു കുട്ടിരാമനും മറവിൽ പ്രവർത്തിച്ചിരുന്ന കൂട്ടുകാരും തീർച്ചപ്പെടുത്തി. കവർന്നെടുത്ത തുക നികത്താൻ കഴിയാത്തവണ്ണം ഭാരിച്ചതായിരുന്നു. തുക എങ്ങനെയെങ്കിലും നികത്തണം. അതിനെന്തു മാർഗ്ഗമെന്നായി പിന്നത്തെ ആലോചന. വിരുതനായ കുട്ടിരാമൻ ഒരു പരിപാടി ആസൂത്രണംചെയ്തു. ജർമ്മനിയിൽ പോയി അവിടത്തെ ചില സുഹൃത്തുക്കളുടെ ഒത്താശയോടെ ഇന്ത്യൻ കറൻസിനോട്ടുകൾ വ്യാജമായി നിർമ്മിക്കുക. പ്രിന്റ് ചെയ്ത നോട്ടുകൾ പുതിയ മോട്ടോർ ടയറുകളിൽ അടക്കംചെയ്ത് ടയറുകൾ ഇന്ത്യയിൽ ഇറക്കുമതിചെയ്യുക.

ബാങ്കിലേക്കുള്ള പത്തുലക്ഷത്തിനു പുറമേ, പോക്കറ്റ്മണിക്ക് ഒരു പത്തുലക്ഷം വേറെയും അടിക്കണമെന്ന് കുട്ടിരാമന്റെ സിൽബന്തികൾ ഉപദേശിച്ചു.

കുട്ടിരാമൻ ബാങ്കിൽനിന്നു മൂന്നുമാസത്തെ അവധിയെടുത്തു, യൂറോപ്യൻ പര്യടനത്തിന്.

റെയിൽവേസ്റ്റേഷനിൽവെച്ച്, രാമന്റെയും കുടുംബാംഗങ്ങളുടെയും ബന്ധുവർഗ്ഗങ്ങളുടെയും പൗരപ്രമാണികളുടെയും വക ഗംഭീരമായ യാത്രയയപ്പ്.

കുട്ടിരാമൻ ബുദ്ധിപൂർവ്വം ആസൂത്രണംചെയ്ത പരിപാടി വിജയകരമായി പര്യവസാനിക്കുമായിരുന്നു. രണ്ടുമാസത്തെ സമയംകൂടി കിട്ടിയിരുന്നുവെങ്കിൽ—വിധി ഇടങ്കോലിട്ടു.

കുട്ടിരാമൻ ശീമയ്ക്കു കപ്പൽകയറിയ സന്ദർഭത്തിൽ ബാങ്കിൽ പെട്ടെന്നു പരിശോധന നടന്നു. ശുദ്ധസ്വർണ്ണമായി അപ്രൂവ്ചെയ്ത് സേഫിൽ സൂക്ഷിച്ചിരുന്ന പണയപ്പണ്ടങ്ങളുടെ ചെമ്പു പുറത്തായി. അധികവും മുക്കുപണ്ടങ്ങളാണ്. തോട, കാപ്പ് മുതലായ പൊൻപണ്ടങ്ങൾ കട്ടി സ്വർണ്ണമായിട്ടാണു കണക്കുവെച്ചിരിക്കുന്നത്. മുഴുവനും കട്ടിസ്വർണ്ണമായി തൂക്കം കണക്കാക്കി ഒന്നരലക്ഷം ഉറുപ്പിക കടംകൊടുത്ത ഒരുരുപ്പടിയും വലിയൊരു സേഫിൽ പൂട്ടിവെച്ചിട്ടുണ്ടായിരുന്നു: ആനയുടെ നെറ്റിപ്പട്ടം!............

ലണ്ടനിൽ കപ്പലിറങ്ങിയപ്പോൾ കുട്ടിരാമനെ സ്വീകരിക്കാനെത്തിയതു പോലീസായിരുന്നു.

കുട്ടിരാമനെ അറസ്റ്റ്ചെയ്ത് ഇന്ത്യയിലേക്കു കൊണ്ടുവന്നു. കൈകളിൽ ഇരുമ്പിന്റെ വീരശൃംഖലയണിഞ്ഞ് യൂണിഫോറം ധരിച്ച അകമ്പടിക്കാരോടുകൂടി സ്റ്റേഷനിലിറങ്ങിയ 'ലണ്ടൻകുട്ടിരാമനെ' സ്വീകരിക്കാൻ ഒരു നായിച്ചാത്തനുമില്ല.

അന്നുരാത്രി കുട്ടിരാമൻ കിടന്നുറങ്ങിയത് ടൗൺ പോലീസ് സ്റ്റേഷനിലെ ലോക്കപ്പുമുറിയിൽ—

കുട്ടിരാമൻ വിചാരണചെയ്യപ്പെട്ടു: വിശ്വാസവഞ്ചന, കൃതിമം...... പണാപഹരണം തുടങ്ങിയ ഒട്ടേറെ ചാർജ്ജുകൾ! ബാങ്കിൽനിന്നും അപഹരിക്കപ്പെട്ട ആകെത്തുക പതിനഞ്ചുലക്ഷം!

കുട്ടിരാമന്റെ കേസ് വിചാരണ ആരംഭിച്ച ദിവസംതന്നെ ബാങ്കർ രാമൻ കിടപ്പിലായി.

(നാട്ടുഭരിക്കുന്ന വെള്ളക്കാരന്റെ ഒരു സ്ഥാപനത്തെ, അവിടത്തെ ഉദ്യോഗസ്ഥനായിരുന്നുകൊണ്ട്, പതിനഞ്ചുലക്ഷം ഉറുപ്പിക തോല്പിച്ച ഒരിന്ത്യാക്കാരൻ വേറെയുണ്ടോ? രാമൻ തന്റെ പുത്രന്റെ ബുദ്ധിസാമർത്ഥ്യത്തെയോർത്ത് ഉള്ളാലെ അഭിമാനംകൊണ്ടിരുന്നുവോ എന്തോ!)

കേസുവിചാരണകഴിഞ്ഞ്, ഒന്നരക്കൊല്ലത്തെ തടവുശിക്ഷ കിട്ടി. കുട്ടിരാമൻ ജയിലിൽ പോയതും, കൊടുങ്കാറ്റിൽ കടലാസുകുടിലുകൾ പോലെ തന്റെ ബാങ്കുകൾ പൊളിഞ്ഞു പാറിപ്പോയതും ഉദ്യോഗം കിട്ടാൻ കുട്ടിരാമൻ ജാമ്യം കെട്ടിയ തന്റെ സ്വത്തുക്കൾ ജപ്തിചെയ്തു ലേലത്തിൽ വിറ്റു പോയതും മറ്റും കാണാനിടവരാതെ, 'കുട്ടിരാമന്റെ പണക്കാരനായ അച്ഛനായി' ത്തന്നെ ആ മാന്യവൃദ്ധൻ എന്നെന്നേക്കുമായി കണ്ണടച്ചു.

അച്ഛന്റെ പണം ചെലവുചെയ്ത്, സൂട്ടും കോട്ടും ടൈയും ധരിച്ച് ലഞ്ചും ഡിന്നറുമായി യൂറോപ്യൻമട്ടിൽ ജീവിച്ചുശീലിച്ച കുട്ടപ്പന്റെ കാര്യം വിഷമത്തിലായി.

കുട്ടപ്പൻ മാധവിയെ വീണ്ടും ഉപേക്ഷിച്ച് (മാധവി കുട്ടപ്പനെ ഉപേക്ഷിച്ചു പോയതാണോ എന്നും അറിഞ്ഞുകൂടാ) ഗ്രാമത്തിലെ തറവാട്ടുഭവനത്തിൽ ഒറ്റയ്ക്കു താമസം തുടങ്ങി.

വിസ്കിയും ബ്രാണ്ടിയും കുടിക്കാൻ വകയില്ല—നാടൻചാരായത്തിലേക്കു തിരിഞ്ഞു. സൂട്ടും കോട്ടും പോയി—മുണ്ടുടുത്തു. വരുമാനമൊന്നുമില്ല—പറമ്പിലെ മരങ്ങൾ മുറിച്ചു

വിറ്റുതുടങ്ങി—മരങ്ങൾ തീർന്നപ്പോൾ വീട്ടിലെ മരസ്സാമാനങ്ങളിൽ കൈവെച്ചു. പത്തായം വിറ്റു. അലമാരകൾ വിറ്റു. പെട്ടികൾ വിറ്റു. കസേരകൾ വിറ്റു. ഒടുവിൽ കട്ടിലും വിറ്റു. അങ്ങനെ വീടു കാലിയായപ്പോൾ ജാലകങ്ങൾ നീക്കിയെടുത്തു കൊണ്ടുപോയി വിറ്റു കള്ളുകുടിച്ചു. വീടിനു വാതിലെന്തിന്—സൂക്ഷിക്കാൻ അവിടെ വല്ലതുമുണ്ടെങ്കിലല്ലേ—വാതിലുകളും കുത്തിയടർത്തിക്കൊണ്ടുപോയി വിറ്റു. അഞ്ചാറു ദിവസത്തേക്കു കള്ളുകുടിക്കാനുള്ള വക കിട്ടി. അതും കഴിഞ്ഞു മോന്തായം നോക്കിക്കിടന്നപ്പോൾ ഒരു ചിന്ത ഉദിച്ചു: മോന്തായത്തിലെന്തിനാണ് ഇത്രയധികം കഴുക്കോലുകൾ—ഓടുകൾ നീക്കി കഴുക്കോലുകൾ തട്ടിപ്പൊളിച്ചെടുത്തു. പത്തുദിവസത്തെ കഴിച്ചിലിനുള്ള വഹ. കഴുക്കോലുകൾ പോയപ്പോൾ ഉത്തരത്തിന്റെ ആവശ്യമില്ലാതായി. പട്ടിണി പ്രശ്നത്തിനും ഒരുത്തരം.......അങ്ങനെ ചുമരുകൾ മാത്രം ബാക്കിയായ ആ പുരയിൽ നിലത്തുകിടന്ന കാലിനു വാതം പിടിച്ചു.........മഴക്കാലം കുട്ടപ്പനെ പുറത്തേക്കു പായിച്ചു..........

കുട്ടപ്പൻ പട്ടണത്തിലെത്തി. ഒരു പുതിയ കൈത്തൊഴിലിൽ പ്രവേശിച്ചു. പരിശീലനം ആവശ്യമില്ലാത്ത ഒരു കൈത്തൊഴിൽ—യാചന!

കഷണ്ടിത്തല പൊക്കിപ്പിടിച്ച്, കണ്ണുകൾ മിഴിച്ച്, ആരെയോ പിടിക്കാൻ ഭാവിക്കുന്നപോലെ കൈകൾ വളച്ചുകാട്ടി, വാതക്കാലുകൾ നിരക്കിക്കൊണ്ട് തെരുവീഥിയിലൂടെ നീങ്ങുമ്പോൾ ആ ഗൃദ്ധ്രദൃഷ്ടികൾ പഴയ പരിചയക്കാരെ ദൂരെനിന്നു കണ്ടുപിടിക്കും....'മിസ്റ്റർ ഗോപീ!....' 'മിസ്റ്റർ ജോർജ്....' 'മിസ്റ്റർ കുഞ്ഞിക്കണ്ണൻ!.....'

വിളിച്ചുനിർത്തുകയാണ്, പൈസ ചോദിക്കാൻ.

കുട്ടപ്പൻ വിറയ്ക്കുന്ന കൈകൾ വായുവിൽ തുഴഞ്ഞ് അരിച്ചരിച്ച് ഇരയുടെ സ്ഥലത്തെത്താൻ കുറച്ചുനേരം പിടിക്കും. അപ്പോഴേക്കും മിസ്റ്റർ ഗോപിയും മിസ്റ്റർ ജോർജും മിസ്റ്റർ കുഞ്ഞിക്കണ്ണനും മിസ്റ്റർ മറ്റുപേരും സൗകര്യംപോലെ തടിതപ്പിക്കഴിഞ്ഞിട്ടുണ്ടാവും.

മണവാട്ടിചമഞ്ഞ കേളഞ്ചേരിയിലെ മാധവിയെയും കൂട്ടി ബാൻഡ് വാദ്യകോലാഹലത്തോടെ തന്റെ വിവാഹഘോഷയാത്ര നീങ്ങിയ അതേ തെരുവിലൂടെ —മദാമ്മയുമൊത്ത് മോട്ടോർകാറുകളുടെ അകമ്പടിയോടുകൂടി ശ്രീവിലാസം ബംഗ്ളാവിലേക്ക് എഴുന്നള്ളിയ അതേ തെരുവിലൂടെ—കഴുത്തും നീട്ടി കൈകൾ വിറപ്പിച്ച് മുക്കാലും മരവിച്ച കാലുകൾ നിരക്കി ഓലിയിട്ടുകൊണ്ട് ഇരക്കാൻ നടക്കുന്ന കുട്ടപ്പൻ......

"കുട്ടപ്പനിവിടെ നെരത്ത്മ്മല് എരന്നുപെറുക്കി നടക്കുമ്പം; കുട്ടപ്പന്റെ മദാമ്മപ്പെണ്ണ് ഓളെ ജാതിക്കാരനൊരു വെള്ളക്കാരനെത്തന്നെ കല്യാണോം കഴിച്ച് കുശാലായിക്കഴിയാണ് ബീലാത്തില്......"

വേലുമൂപ്പരുടെ വാക്കുകൾ, കുട്ടപ്പൻ പിച്ചതെണ്ടി നിരങ്ങുന്ന പട്ടണത്തെരുവിൽനിന്ന് ശ്രീധരനെ ബിലാത്തിയിലേക്കു പറപ്പിച്ചു...... യൂറോപ്പിനെപ്പറ്റി ഓർത്തു... സ്വിറ്റ്സർലന്റിനെ ഓർത്തു....ഇന്റർലേക്കൻ പട്ടണത്തിലെ എൽമർഹോട്ടലിനെ ഓർത്തു.... 'വിവാഹമോ നിത്യ വിയോഗമോ'—തന്റെ ജീവിതത്തിലെ വിധിനിർണ്ണായകമായ ആ വൈകാരികനിമിഷത്തെ ഓർത്തു....എമ്മയെ ഓർത്തു......

# മർമ്മരങ്ങൾ VIII

ചാരനിറത്തിലുള്ള സൂട്ടും സിന്ദൂരച്ചോപ്പൻ നെക്ക് ടൈയും ധരിച്ച്, മാൻതോൽച്ചട്ടയിട്ട ഒരു ഇന്ത്യൻ സൂട്ട്കേസും കൈയിൽ ളുക്കിക്കൊണ്ട് ശ്രീധരൻ ഇന്റർലേക്കനിലെ 'എൽമർ ഹോട്ടലി'ന്റെ സ്വീകരണമുറിയിലേക്കു കടന്നുചെന്നു.

റിസപ്ഷൻ റൂമിലെ ഉയർന്ന മണ്ഡപത്തിലിരിക്കുന്ന കണ്ണടക്കാരിയായ തടിച്ച തൈക്കിഴവി വിദേശീയനായ അതിഥിയെ കൗതുകത്തോടെ വീക്ഷിച്ചു.

'ഐ വാൻട് അക്കൊമ്മൊഡേഷൻ പ്ലീസ്' ശ്രീധരൻ ഇംഗ്ലീഷിൽ അറിയിച്ചു.

'യെസ്, മോസ്യൂ.' കണ്ണടക്കാരി കൗതുകവീക്ഷണം മതിയാക്കി, ഹാളിന്റെ മൂലയിലേക്കു പരതിനോക്കി ഒരു പരിചാരികയെ ആംഗ്യം കാട്ടി വിളിച്ചു.

'സൗത്ത് അമേരിക്കൻ?....' പുഞ്ചിരിളുകിക്കൊണ്ട് കണ്ണടക്കാരിയുടെ ചോദ്യം.

(അതിഥിയുടെ നിറവും മുഖപ്രകൃതിയും കണ്ടപ്പോൾ കണ്ണടക്കാരിക്കു തോന്നി, തെക്കേ അമേരിക്കക്കാരനാണെന്ന്.)

'നോ, നോ.' ശ്രീധരൻ തലയാട്ടി നിഷേധിച്ചു: 'ഇന്ത്യൻ.'

'അമേരിക്കൻ?'

(തള്ള അമേരിക്കയെ വിടുന്നില്ല—അമേരിക്കനിന്ത്യൻ—റെഡ് ഇന്ത്യൻ — ആണോ എന്നാണു ചോദിക്കുന്നത്)

'നോ മാഡം—റിയൽ ഇൻഡ്യൻ....ഹിൻഡു,'

ഹിൻഡു എന്നു കേട്ടപ്പോൾ തള്ള, മനസ്സിലായി എന്ന ഭാവത്തിൽ നരച്ച തലകുലുക്കി; യുവർ പാസ്പോർട്ട്, പ്ലീസ്.'

അപ്പോഴേക്കു പരിചാരിക അടുത്തെത്തി. കണ്ണടക്കാരി അവളോടു ജർമ്മൻഭാഷയിൽ എന്തോ പറഞ്ഞു.

പരിചാരിക ശ്രീധരന്റെ കൈയിൽനിന്നു മാൻതോൽപ്പെട്ടി ഏറ്റുവാങ്ങി.

ശ്രീധരൻ, കോട്ടിന്റെ അടിക്കീശയിൽനിന്നു പാസ്പോർട്ട് പുറത്തെടുത്തു.

സമൃദ്ധമായ സ്വർണ്ണത്തലമുടിയും നെല്ലിക്കാക്കണ്ണുകളുമുള്ള പരിചാരിക അവിടെത്തന്നെ നില്ക്കുകയാണ്.

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പുതിയ പാസ്പോർട്ടിന്റെ കറുത്ത പുറംചട്ടയിൽ സ്വർണ്ണമഷിയിൽ മുദ്രിതമായ അശോകസ്തംഭത്തിലേക്ക് ആ പെൺകിടാവു മിഴിച്ചുനോക്കുന്നു.

കണ്ണടക്കാരി പാസ്പോർട്ട് വാങ്ങി, സന്ദർശകന്റെ സ്വിസ് വിസയും, താമസക്കാലാവധിയും രേഖപ്പെടുത്തിയതു ശരിയാണോ എന്നു പരിശോധിച്ച്, പിന്നെ ആയമ്മയെപ്പോലെതന്നെ തടിച്ച ഒരു പുസ്തകമെടുത്ത് മുമ്പിൽ മലർത്തിവെച്ചു: ഹോട്ടൽ രജിസ്റ്റർ.

അതിഥി വിദേശപൗരനായതുകൊണ്ട് രജിസ്റ്ററിൽ കൂടുതൽ കോളങ്ങൾ

പൂരിപ്പിക്കാനുണ്ടായിരുന്നു.

പരിചാരികപ്പെൺകിടാവിന്റെ നോട്ടം ശ്രീധരന്റെ മുഖത്തേക്കുതന്നെ. എന്തോ ബാധയേറ്റപോലെയുണ്ടായിരുന്നു അവളുടെ ഭാവചലനങ്ങൾ.

ഈ കറുത്ത മനുഷ്യനെക്കണ്ട് അവൾ ഭയന്നുപോയോ?

രജിസ്റ്ററിലെ കോളങ്ങൾ പൂരിപ്പിക്കുന്നതിനിടയിൽ ശ്രീധരൻ അവളെ ഒന്നു നോക്കി. കത്തിജ്ജ്വലിക്കുന്ന ആ മുഖം മുമ്പെവിടെയോ കണ്ടപോലെ തോന്നി. അസംഭവ്യം. ഉത്തരസ്വിറ്റ്സർലണ്ടിലെ ഈ പെൺകിടാവിനെ മുമ്പു കണ്ടുമുട്ടാൻ ഒരുതരത്തിലും ഇടയില്ല.—ക്രമേണ ഓർമ്മവന്നു—സിനിമയിൽ കണ്ട മുഖമാണ്....നടി ഗ്രേറ്റാഗാർബോ....

ഗ്രേറ്റാഗാർബോവിന്റെ സഹോദരിയായിരിക്കുമോ ഈ സുന്ദരി?

രജിസ്റ്റർ പൂരിപ്പിക്കുന്ന ചടങ്ങു കഴിഞ്ഞു.

പെൺകിടാവ് അങ്ങനെതന്നെ നില്ക്കുകയാണ്—ഒരു പ്രതിമപോലെ.

കണ്ണടക്കാരി അവളോടു ജർമ്മൻഭാഷയിൽ എന്തോ പരുഷമായി പറഞ്ഞു. ശകാരമായിരിക്കുമോ?

ഏതോ കിനാവിൽനിന്നു ഞെട്ടിയുണർന്നപോലെ ആ പെൺകിടാവ് നരച്ച മിഴികൾ പിടപ്പിച്ച് അതിഥിയുടെ മുഖത്തേക്കു നോക്കി മധുരോദാര സ്വരത്തിൽ മൊഴിഞ്ഞു: പ്ലീസ്—കം—വിത്ത്—മീ...”

അവൾ പെട്ടിയും തൂക്കിപ്പിടിച്ച് അല്പം മാറിനിന്ന് അതിഥിയോടു മുമ്പിൽ നടക്കാൻ ആംഗ്യം കാട്ടി.

ഇരുവരും നടന്നു.

അവൾ മുകളിലേക്കുള്ള കോണിപ്പടി ചൂണ്ടിക്കാട്ടി.

രോമപ്പരവതാനി വിരിച്ച പടവുകൾ കയറി.

ഒന്നാമത്തെ നിലയിൽ എട്ടാംനമ്പർ റൂമാണ് പുതിയ അതിഥിക്കനുവദിച്ചിരിക്കുന്നത്.

അവൾ മുറി തുറന്നു. മാൻതോൽപ്പെട്ടി സ്റ്റാൻഡിനു മീതെ നിക്ഷേപിച്ചു. പിന്നെ എന്തു ചെയ്യണമെന്നോ പറയണമെന്നോ നിശ്ചയമില്ലാത്ത മട്ടിൽ പരുങ്ങിനില്പായി.

ആ പരിചാരികയുടെ പെരുമാറ്റം ആകപ്പാടെ ശ്രീധരന് അത്ര പിടിച്ചില്ല. അവൾ മുഖത്ത് ഒരു മന്ദഹാസലേശംപോലും പ്രകടിപ്പിക്കുന്നില്ല. യൂറോപ്യൻ ഹോട്ടലുകളിലെ പരിചാരികമാർ അതിഥികളോട് എപ്പോഴും പ്രസന്നഭാവത്തോടും ആദരവോടുംകൂടി പെരുമാറുന്നവരായിരിക്കും. ഇവൾക്ക് ആദരവിനു കുറവില്ല—കുറച്ചധികമായി തോന്നുന്നുമുണ്ട്—എന്നാൽ, പ്രസന്ന ഭാവം പരുങ്ങലിലാണ്.

‘യൂ ഇൻഡ്യൻ?...’ നെല്ലിക്കാക്കണ്ണുകൾ മെല്ലെ വിടർത്തി നേരിയൊരു ഭയത്തോടെയായിരുന്നു ആ ചോദ്യം.

(ഒന്നു സംസാരിക്കാനെങ്കിലും തോന്നിയല്ലോ!)

‘യെസ്—ഐ ആം ഇൻഡ്യൻ—’ ശ്രീധരൻ ഗൗരവത്തോടെ മറുപടി പറഞ്ഞു.

‘കമ്മിംഗ് ഫ്രം—ഇൻഡ്യാ?’ (ഇന്ത്യയിൽനിന്നാണോ വരുന്നത്?)

‘യെസ്—കമിംഗ് ഫ്രം ഇൻഡ്യാ—‘

അവൾ വീണ്ടും തറപ്പിച്ചുനോക്കുകയാണ്: കറുത്ത കവിളെല്ലുകൾ ലേശം

തള്ളിനില്ക്കുന്ന പരന്ന മുഖത്തേക്ക്....കറുത്തുമിനുത്ത തലമുടിയിലേക്ക്—കറുത്ത കൃഷ്ണമണികൾ മിന്നുന്ന മിഴികളിലേക്ക്—പൊക്കം കുറഞ്ഞ നാസികയിലേക്ക്—വെളുത്ത ദന്തനിരകളിലേക്ക്—ഇൻഡ്യൻ!

വീണ്ടും ഒരു സ്വപ്നത്തിൽനിന്നുണർന്നപോലെ അവൾ മൊഴിഞ്ഞു:

'ഐ ആം ദി ചേമ്പർമെയ്ഡ്.'(ഞാൻ അറപരിചാരികയാണ്.)

'വെറി ഗുഡ്—വ്വാട്ട് ഷാൽ ഐ കാൾ യു—ചേമ്പർമെയ്ഡ്?

'മൈ നേം ഇസ് എമ്മാ, (എന്റെ പേര് എമ്മാ എന്നാണ്.)

'വെറി ഗുഡ്.'

'ഡിന്നർ ഇസ് ആറ്റ് എയറ്റ്, ഡൗൺ ഇൻ—ദി—ഡൈനിംഗ് ഹാൾ—(അത്താഴം എട്ടുമണിക്കാണ്— താഴത്തെ ഭക്ഷണശാലയിൽ.)

(വാക്കുകൾ ആലോചിച്ചു തപ്പിപ്പിടിച്ച്, അസാരം നിർത്തി നിർത്തിക്കൊണ്ടാണു സംസാരം)

'വെറി ഗുഡ്.'

അവൾ ഉപചാരപൂർവ്വം തലകുനിച്ച്, മുറിയിൽനിന്നു പുറത്തേക്കു പോയി.

ഒരിക്കലും ചിരിക്കാത്ത പരിചാരിക.

ശ്രീധരന് വാതിലടച്ച്, ഉടുപ്പു മാറ്റി ഒന്നു വിശ്രമിക്കാൻ ജാലകത്തിനരികെയിട്ട സിംഹാസനംപോലെയുള്ള കുഷ്യൻകസേരയിൽ ഇരുന്നു.

സ്ഫടികജാലകത്തിലൂടെ ഹിമഗിരികൾ തെളിഞ്ഞുകാണുന്നു: ബെർണീസ് ആൽപ്സ് നിരകൾ! ദൂരെ വാംഗർനല്പ്, ലാറ്റർ ബ്രണ്ണൻ എന്നീ ഗിരികളും ഒയ്ഗർ, മോംഷ് തുടങ്ങിയ ഗിരിശൃംഗങ്ങളും വിലസുന്നു. അവയ്ക്കിടയിലെവിടെയോ ആണ് ശ്രീധരൻ സന്ദർശിക്കാനെത്തിയിരിക്കുന്ന ജങ്ഫ്രാ—പതിനോരായിരത്തിൽപ്പരം അടി പൊക്കമുള്ള ഹിമമകുടം.

അന്തരീക്ഷത്തിന്റെ ഭാവപ്പകർച്ചയനുസരിച്ച് ആ ഹിമഗിരികൾ ചിലപ്പോൾ വളരെ അകലെയായും, ചിലപ്പോൾ അടുത്തായും മിഴികൾക്കു തോന്നും.

മൂടൽമഞ്ഞും മേഘങ്ങളും ഹിമസ്തംഭങ്ങൾ ഇടിഞ്ഞുവീണ് തകരുമ്പോൾ അതിൽനിന്നു പൊങ്ങുന്ന വെള്ളപ്പുകപോലെയുള്ള രേണുപടലങ്ങളും ഇടകലർന്ന അന്തരീക്ഷത്തിലൂടെ ദൂരെയുള്ള ഹിമഗിരിശൃംഖലകൾ പലതരം മായാചിത്രങ്ങൾ മാറിമാറി പ്രദർശിപ്പിക്കുന്നു. ആഴിയിൽ അണി നിരന്നുനില്ക്കുന്ന പായക്കപ്പലുകളും, പണിതീരാത്ത പളുങ്കുകൊട്ടാരങ്ങളും, വീടുപണിയാൻ ആകാശമുറ്റത്തു സംഭരിച്ച കുമ്മായക്കുമ്പാരങ്ങളും അങ്ങനെ പലതും അവിടെക്കാണുന്നു. സായാഹ്ന സൂര്യന്റെ ചെങ്കതിരുകൾ ഏതോ ഒരു ഗിരിമുകളിൽ പറ്റിനില്ക്കുന്ന മേഘപാളിയിൽ ഒളിവീശുന്നു. മഞ്ഞുമലയുടെ തലയ്ക്കു തീപിടിച്ചപോലെ തോന്നുന്നു —മലയുടെ കവിളത്തു വലിയൊരു ഹിമപ്പാറ വെട്ടിത്തിളങ്ങുന്നു......

ഇന്നു പ്രസന്നമായൊരു ദിവസമായിരുന്നു. നാളെയും ഇങ്ങനെയൊരു തെളിഞ്ഞ ദിവസമായിത്തീരട്ടെ എന്നു പ്രാർത്ഥിച്ചു. കാരണം, ഹിമവർഷമോ കാർമൂടലോ ഉള്ള ദിവസമാണെങ്കിൽ ജങ്ഫ്രാസന്ദർശനം നിരാശാജനകമായിരിക്കും. ഹിമഗിരിവണ്ടിയിലിരുന്നുകൊണ്ട് ഇരുപാടുമുള്ള ഹിമപ്പാടങ്ങളുടെ ഭംഗിയോ ഐസ് പിരമിഡുകളുടെ അവിസ്മരണീയഗാംഭീര്യമോ അധോലോകത്തിലെ മായാവിലാസങ്ങളോ

ആസ്വദിക്കാൻ അവസരം കിട്ടുകയില്ല....മൂടൽമഞ്ഞിന്റെയും മഴച്ചാറലിന്റെയും ഹിമരേണുക്കളുടെയും നരച്ച യവനിക പ്രപഞ്ചം മുഴുവനും മറപിടിച്ചുനില്ക്കുന്ന കാഴ്ചയും കണ്ടു തിരിച്ചുപോരേണ്ടിവരും; അറുപത്തഞ്ചു ഫ്രാങ്കും ഒരു ദിവസവും നഷ്ടപ്പെടുത്തിക്കൊണ്ട്.

വീണ്ടും ഹിമഗിരികളിലേക്കു നോക്കിക്കൊണ്ടിരുന്നു. കുറച്ചുമുമ്പ് മലമുകളിൽ കണ്ട മായികതീക്കുണ്ഡം കെട്ടണഞ്ഞുപോയി. ആ ഹിമപ്പാറ മാത്രം അവിടെ ഒരു കണ്ണുനീർത്തുള്ളിപോലെ കാണപ്പെടുന്നു — അതു മെല്ലെ കീഴ്പോട്ടു നിരങ്ങി വരുന്നുണ്ടോ? ഹിമസ്തംഭത്തിൽനിന്ന് അടർന്നു വീണ കൂറ്റൻ ഖണ്ഡമായിരിക്കും......

എട്ടുമണിയായപ്പോൾ ഭക്ഷണക്കാര്യം ഓർമ്മവന്നു.

ഉടുപ്പുമാറ്റി, താഴത്തെ ഡൈനിങ് സലൂണിലേക്കു നടന്നു.

എൽമർ ഹോട്ടലിൽ അന്ന് അതിഥികൾ കുറവായതുകൊണ്ടോ ഉള്ളവരിൽത്തന്നെ പലരും വൈകി അത്താഴം കഴിക്കുന്നവരായതുകൊണ്ടോ എന്തോ ഭക്ഷണശാലയിൽ അപ്പോൾ നാലഞ്ചാളുകളെയേ കണ്ടുള്ളു.

ഒരൊഴിഞ്ഞ മേശയ്ക്കു പിറകിൽ ചെന്നിരുന്നു.

ബെയറർ അത്താഴം വിളമ്പുന്നതിനു പ്രാരംഭമായി, മേശപ്പുറത്തു മെനു കാർഡ് സമർപ്പിച്ചു. ജർമ്മൻഭാഷയിൽ അച്ചടിച്ച വലിയൊരു കാർഡ്.

അപ്പോൾ ഭംഗിയായി ഉടുത്തൊരുങ്ങിയ ഒരു വെള്ളത്തരുണി വന്ന് ശ്രീധരന്റെ മേശയ്ക്കെതിരെ സ്ഥലം പിടിച്ചു.

തീജ്ജ്വാലത്തലമുടിയും നെല്ലിക്കാക്കണ്ണുകളും —എമ്മ!

അവൾ ഡ്യൂട്ടി കഴിഞ്ഞ്, പരിചാരികയുടെ യൂനിഫോറം മാറ്റി പരിഷ്കൃത വേഷത്തിൽ വന്നിരിക്കയാണ്.

'മേഐഹെൽപ്പ് യൂ?'(ഞാൻ നിങ്ങളെ സഹായിക്കട്ടെ?)

ജർമ്മൻഭാഷയിലുള്ള വിഭവവിവരണപ്പട്ടികയിലേക്കു മിഴിച്ചുനോക്കിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ അതിഥിയുടെ കൈയിൽനിന്ന് ആ മെനുകാർഡ് വാങ്ങി, അവൾ വിനീതഭാവത്തിൽ മൊഴിഞ്ഞു.

'തേങ്ക് യു.'

അവൾ കാർഡിൽ കണ്ണോടിക്കാതെ, ബെയററോട് എന്തൊക്കെയോ പറഞ്ഞു.

'ബെയറർ മടങ്ങിപ്പോയി.'

'എമ്മയും ഡിന്നറിനു വന്നിരിക്കയാണോ?' ശ്രീധരൻ ചോദിച്ചു.

'അല്ല, എനിക്ക് ഇവിടെ അതിഥികളുടെകൂടെയിരുന്നു ഭക്ഷണം കഴിക്കാൻ പാടില്ല. ഞാൻ വന്നിരിക്കുന്നത് നിങ്ങൾ ഭക്ഷണം കഴിക്കുന്നതു കാണാനാണ്.'

അവൾ ഒരു മന്ദഹാസം തൂകി. ആദ്യമായി അവളുടെ മുഖത്ത് അവതരിച്ചുകണ്ട മന്ദഹാസം! (അവളുടെ ചെറിയ പല്ലുകൾ നിരയൊത്തവയാണെങ്കിലും അവയുടെ നിറം അനാകർഷകമായിത്തോന്നി. പുഴുങ്ങിയ ചെമ്മീനിന്റെ ഇളംമഞ്ഞനിറം.)

ബെയറർ വലിയൊരു ട്രേ നിറയെ വിഭവങ്ങളുമായി തിരിച്ചുവന്നു.

വിഭവങ്ങൾ കണ്ടപ്പോൾ ശ്രീധരന് അദ്ഭുതം തോന്നി. ഒരു പേ്ലറ്റിൽ ചപ്പാത്തിയുമുണ്ട്!

ഇവിടെ ചപ്പാത്തിയും കിട്ടുമോ? ശ്രീധരൻ ചോദിച്ചു.

'ഈ ഇന്ത്യൻഭക്ഷണം ഞാൻ സ്പെഷ്യലായി ഉണ്ടാക്കിയതാണ്.' അവൾ ക്ഷമാപണഭാവത്തിൽ മൊഴിഞ്ഞു.

'വെറി ഗുഡ്!"

ശ്രീധരന് പിന്നെ മനസ്സിൽ പറഞ്ഞു: ജർമ്മൻപെൺകിടാവേ, ഇന്ത്യൻ ഭക്ഷണം! അങ്ങനെയൊന്നില്ല. പഞ്ചാബികൾ റൊട്ടി മാത്രം ഭക്ഷിക്കുന്നു. ബംഗാളികളും കേരളീയരും ചോറു മാത്രം ഭക്ഷിക്കുന്നു. മദ്ധ്യേന്ത്യക്കാർ റൊട്ടിയും ചോറും ഭക്ഷിക്കുന്നു. ഇന്ത്യൻവിഭവങ്ങളും വ്യത്യസ്തരീതിയിലാണ്. കാശ്മീർ മുതൽ കന്യാകുമാരിവരെയുള്ള ജനങ്ങളുടെ ആഹാര പദാർത്ഥങ്ങളുടെ പാചകരീതി മുഴുവനും പഠിക്കണമെങ്കിൽ നിനക്കു രണ്ടു വർഷത്തെ കോഴ്സ് വേണ്ടിവരും.......

ഇന്ത്യൻ ഇനമായ ചപ്പാത്തിക്കു പുറമേ മികച്ച പല യൂറോപ്യൻ വിഭവങ്ങളും ഉണ്ടായിരുന്നു. കേവ്യർ (മീൻമുട്ട), ആസ്പരാഗസ്, വെളുത്ത വീഞ്ഞ് മുതലായ സ്പെഷ്യൽ ഇനങ്ങളും, വിഭവങ്ങൾ ഓരോന്നായി അവൾതന്നെ വിളമ്പിത്തന്നു. അത്താഴം കഴിഞ്ഞെഴുന്നേറ്റു.

'നിങ്ങൾ ഒന്നുലാത്താൻ പോകുന്നില്ലേ?' അവൾ ചോദിച്ചു. അത്താഴം കഴിഞ്ഞാൽ ശ്രീധരന് ഒരു നടത്തമുണ്ട്. അതു മനസ്സിലാക്കിയപോലെയായിരുന്നു അവളുടെ ചോദ്യം.

'നടക്കാൻ പോകുന്നുണ്ട്.' ശ്രീധരൻ ഒരു സിഗരറ്റ് പിടിപ്പിച്ചുകൊണ്ടു പറഞ്ഞു.

'മേ ഐ കം വിത്ത് യൂ?' (ഞാനും വരട്ടെയോ നിന്റെകൂടെ?)

വിരോധം പറഞ്ഞില്ല. ഇന്റർലേക്കനിലെ റോഡുകളും വീഥികളും പാർക്കുകളും തടാകക്കരയിലേക്കുള്ള ഊടുപാതകളും അറിയാവുന്ന ഒരു ഗൈഡ് കൂടെയുണ്ടാകുന്നത് ഒരു രക്ഷയാണ്.

ബെർണീസ് ആൽപ്സ് താഴ്വാരത്തിൽ, തൂൺ, ബ്രയൻസ് എന്നീ രണ്ടു തടാകങ്ങൾക്കിടയിൽ കിടക്കുന്ന ഇന്റർലേക്കൻ പട്ടണം യൂറോപ്പിലെ പ്രഖ്യാതമായൊരു സുഖവാസകേന്ദ്രമാണ്. സന്ദർശകരുടെ സ്വർഗ്ഗഭൂമിയാണ്— തെരുവുകൾ എപ്പോഴും സന്ദർശകരെക്കൊണ്ടു നിറഞ്ഞിരിക്കും. ഇന്റർ ലേക്കനിലെ കെട്ടിടങ്ങളിൽ പകുതിയും ഹോട്ടലുകളാണ്. ഷാപ്പുകൾ മിക്കവയും കൗതുകവസ്തുക്കളുടെ വില്പനശാലകളാണ്. മലമുകളിൽ പാർക്കുന്ന ഗ്രാമീണർ, മരത്തിലും, ലോഹത്തിലും ശിലയിലും കൊത്തിയുണ്ടാക്കിയ വിചിത്രവസ്തുക്കൾ, സന്ദർശകരുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കുന്നു. അവയ്ക്കു പുറമേ, സ്വിസ്സ് വാച്ചുകളും കുക്കുക്ലോക്കുകളും ബൈനോക്കുലർസ്, ദൂരക്കണ്ണാടി മുതലായ ഉപകരണങ്ങളുടെ പ്രദർശന വില്പനക്കടകളും മുഴത്തിനു മൂന്നുവീതം കാണാം.

തെരുവുകളിലെ ബഹളത്തിൽനിന്നു വിട്ടുമാറി, സ്വൈരമായും ശാന്തമായും സായന്തനസഞ്ചാരം നിർവ്വഹിക്കാൻ ശ്രീധരനെ അവൾ നയിച്ചത് ആർ നദീതീരത്തേക്കായിരുന്നു.

ഇന്റർലേക്കനിൽ ഈ ഋതുവിൽ സൂര്യാസ്തമയം പത്തുമണിക്കാണ്.

വിചിത്രാകൃതിയിലുള്ള മരപ്പാലങ്ങൾകൊണ്ടലങ്കരിച്ച ആർനദി. അപ്പുറം പൈൻകാടുകൾ നിറഞ്ഞ കുന്നിൻചെരുവുകൾ — അകലെ മഞ്ഞുമലയുടെ മായികപ്രദർശനം.

അവൾ ഇന്ത്യയെപ്പറ്റി ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു. ഇന്ത്യ ഇപ്പോഴും സന്ന്യാസിമാരുടേയും മഹാരാജാക്കന്മാരുടേയും മാത്രം നാടാണെന്നാണ് അവളുടെ ധാരണ.

ആളുകൾ തെരുവുകളിൽ സഞ്ചരിക്കുന്നത് ആനപ്പുറത്തു സവാരി ചെയ്തുകൊണ്ടാണെന്നുപോലും അവൾ ധരിച്ചുവെച്ചിരിക്കുന്നു. രാമായണ കാലത്തെയും കാളിദാസന്റെ കാലത്തെയും ഇന്ത്യയാണ് അവളുടെ ഇന്ത്യ.

ശ്രീധരൻ അവളുടെ ചോദ്യങ്ങൾക്കു മിതമായ വാക്കുകളിൽ ഉത്തരം നല്കി. ഇടയ്ക്കു ചില ആദ്ധ്യാത്മികവിഷയങ്ങളും കടന്നുവീഴും. ശ്രീധരന്റെ സംഭാഷണം അവൾക്ക് ഉപനിഷൽസൂക്തങ്ങളായിത്തോന്നിയിട്ടുണ്ടാവണം.

പെട്ടെന്ന് ഇരുട്ടും തണുത്ത കാറ്റും അന്തരീക്ഷത്തെ അലങ്കോലപ്പെടുത്തി. മഞ്ഞുപെയ്യാനുള്ള പുറപ്പാടാണ്; വേഗം ഹോട്ടലിലേക്കു മടങ്ങി.

അന്നുരാത്രി അതിഭയങ്കരമായ തണുപ്പ്. ഇവിടെ കാലാവസ്ഥ എപ്പോഴും തകിടം മറിഞ്ഞുകൊണ്ടിരിക്കും. ഇന്റർലേക്കനിൽ ഹിമവർഷമുണ്ടായില്ല. അടുത്ത മലമ്പ്രദേശങ്ങളിലും, ബെർണിയർ ആൽപ്സ് ഗിരിപ്രാന്തങ്ങളിലും കടുത്ത ഹിമവർഷമുണ്ടായതായി പിറ്റേന്ന് അറിയാൻ കഴിഞ്ഞു.

പിറ്റേന്നു മങ്ങിയ കാലാവസ്ഥ. അങ്ങനെ ജങ്ഫ്രാസന്ദർശനം അന്നു തരപ്പെട്ടില്ല.

ബ്രേക്ക് ഫാസ്റ്റും കഴിഞ്ഞ്, ക്യാമറയും ചുമലിൽ തൂക്കി ഒറ്റയ്ക്കു ഇന്റർ ലേക്കൻപരിസരങ്ങളിൽ ചുറ്റിനടന്നു. വൈകുന്നേരമായപ്പോൾ അന്തരീക്ഷം തെളിഞ്ഞു. സൂര്യൻ ദർശനം നല്കി.

അത്താഴത്തിനിരുന്നപ്പോൾ അവൾ മുമ്പിൽ ഹാജരായി. ബെയറർ വലിയ ട്രേയിൽ വിഭവങ്ങൾ കൊണ്ടുവന്നു. അത്താഴം കഴിഞ്ഞ് ഉലാത്താനിറങ്ങിയപ്പോൾ അവളുടെ അഭ്യർത്ഥന: 'മേ ഐ കം വിത്ത് യൂ?'

അന്നു ബ്രയൻസ് തടാകക്കരയിലേക്കാണു പോയത്.

തടാകക്കരയിൽ ആപ്പിൾമരങ്ങളും പെയർമരങ്ങളും നിറയെ പൂത്തു പരിമളംപൊഴിക്കുന്ന നടപ്പാതകളിലൂടെ ഇന്ത്യൻ പുരാണകഥകൾ പറഞ്ഞു കൊണ്ട് ശ്രീധരനും അദ്ഭുതവികാരങ്ങളോടെ അതെല്ലാം ശ്രദ്ധിച്ചുകൊണ്ട് അവളും ചുറ്റിനടന്നു.

മലകയറ്റത്തിനു പ്രതികൂലമായ കാലാവസ്ഥയുമായിട്ടാണ് മൂന്നാം ദിവസവും പിറന്നത്. അന്നു പകൽ മലഞ്ചെരുവുകളിൽ ചുറ്റിനടന്നു. ആർ നദിയുടെ പാലം കടന്നു. കുന്നിൻചെരിവിൽ കൂർത്ത മേൽപ്പുരയോടുകൂടിയ മരവീടുകളും നിറപ്പകിട്ടും കലാവിലാസവും കലർന്ന പൂങ്കാവനങ്ങളും കണ്ടു. ആ കുടിലുകളിൽ പെണ്ണുങ്ങൾ തുണിയിൽ ചിത്ര വേലകൾ (എംബ്രോയിഡറി) ചെയ്യുന്നു. സ്വിറ്റ്സർലണ്ടിലെ പാരമ്പര്യമായൊരു കുടിൽ വ്യവസായമാണ് ലേസ് നിർമ്മാണവും തയ്യൽച്ചിത്രവേലകളും.

ദൂരെ മലകൾ അവിടവിടെ തകരത്തകിടുകൾകൊണ്ടു ദ്വാരമടച്ച മേൽപ്പുരകൾപോലെ കാണുന്നുണ്ടായിരുന്നു.

നാലാംദിവസവും നിരാശാജനകമായിരുന്നു.

അന്ന് അത്താഴത്തിനുശേഷമുള്ള നടത്തം പട്ടണത്തിലെ പാർക്കിലേക്കായിരുന്നു. നടപ്പാതകളുടെ ഇരുവശങ്ങളിലും പിടിപ്പിച്ച കുറിയ പ്ലാറ്റൻ മരങ്ങൾ നിറയെ തളിർത്തുനില്ക്കുന്നതു കണ്ടപ്പോൾ കേരളത്തിലെ വെള്ളിലക്കാടുകളെ ഓർത്തുപോയി.

പൊക്കത്തിൽ പീലിവിടർത്തി നില്ക്കുന്ന സിഡാ മരങ്ങൾ കണ്ടപ്പോൾ കവുങ്ങുകൾ കണ്ണിലുദിച്ചു.

നിറംമാറിക്കൊണ്ടിരിക്കുന്ന പൂക്കളോട്ടുകൂടിയ മഗ്നോളിയാമരങ്ങൾ അന്തരീക്ഷത്തിൽ വീരാളിപ്പട്ടു നിവർത്തിപ്പിടിച്ചിരുന്നു. അവയ്ക്കിടയിൽ, ശുവെള്ളപ്പൂക്കൾകൊണ്ടു വൈവാഹികമൂടുപടം ചാർത്തി, നാണംകുണുങ്ങി നില്ക്കുന്ന പെയർമരങ്ങളും ഉണ്ടായിരുന്നു —

എമ്മ ജർമ്മൻകാരിയാണ്. ജന്മസ്ഥലം, ബാൽ—(ബാസൽ). അച്ഛൻ ഹോങ്കോങ്ങിലെ വലിയൊരു ഹോട്ടലുടമയാണ്. അച്ഛന്റെ ഏക സന്താനമാണ് എമ്മ. ചെറുപ്പകാലത്തുതന്നെ മാതാവു മരിച്ചു. അച്ഛൻ പിന്നെ വിവാഹം ചെയ്തിട്ടില്ല. സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞ ഉടനെ എമ്മയെ അച്ഛൻ സ്വിറ്റ്സർലണ്ടിലെ മോണ്ട്രൂവിലെ കുലീനറി (പാചകവിദ്യ) കോളേജിൽ ചേർത്തു. അവിടെ അഞ്ചുവർഷം പഠിച്ചു. ലോകത്തിലെ സകല രീതിയിലുമുള്ള ഭക്ഷണപദാർത്ഥങ്ങളും പാകംചെയ്യുന്നതിൽ പരിശീലനം നേടി. ഹോട്ടൽ നടത്തിപ്പിനെപ്പറ്റിയും പഠിച്ചു. ഇനി, ഡിപ്ലോമ കിട്ടാൻ ഏതെങ്കിലും വലിയൊരു ഹോട്ടലിൽ ഒരുവർഷത്തെ അപ്രണ്ടീസ് കോഴ്സ് പൂർത്തിയാക്കണം. അപ്രണ്ടീസ് കോഴ്സിനുവേണ്ടി എൽമർ ഹോട്ടലിൽ ചേർന്നിരിക്കയാണ്. മുറി ശുത്തുവാരുക, പാത്രം കഴുകുക, കുസ്നിപ്പണി ചെയ്യുക, വിഭവങ്ങളൊരുക്കുക, വിളമ്പുക, അതിഥികളെ പരിചരിക്കുക, മെനു തയ്യാറാക്കുക, സ്റ്റുവേർഡായി നില്ക്കുക, റിസപ്ഷൻ കൗണ്ടറിലും ക്യാഷ് കൗണ്ടറിലും ജോലിചെയ്യുക, മാനേജരുടെ പ്രാതിനിധ്യം വഹിക്കുക. അങ്ങനെ ഒരു വലിയ ഹോട്ടലിനെസ്സംബന്ധിച്ച സകല വിഷയങ്ങളിലും പ്രായോഗികപരിശീലനം നേടണം—ഇവിടെ ചേർന്നിട്ട് മൂന്നുമാസമായി — നാലുദിവസമായി ചേംബർമെയിഡിന്റെ ഡ്യൂട്ടിയിലാണ്.

ഈ വസ്തുതകളെല്ലാം അവൾ ഇങ്ങോട്ടു വിളമ്പിത്തന്നതല്ല. ആർ നദീതീരത്തിലൂടെയും, പാർക്കിലെ നടക്കാവുകളിലൂടെയും ഉലാത്തുമ്പോൾ, ശ്രീധരൻ പ്രത്യേകം പ്രത്യേകം ചോദിച്ചപ്പോൾ ഒരു ദുഃഖസത്യംപോലെ മൊഴിഞ്ഞതാണ്. ആശയങ്ങൾ പ്രകടിപ്പിക്കാൻ ഇംഗ്ലീഷ് വാക്കുകൾ തെറ്റിപ്പോകുമോ എന്ന ആശങ്കയോടെ, അസാരം ജർമ്മൻചുവയുള്ള ഉച്ചാരണത്തോടെ മെല്ലെ നിർത്തിനിർത്തിക്കൊണ്ടു പറഞ്ഞൊപ്പിച്ചതാണ് — വിദേശ പാചകംപോലെ ഇംഗ്ലീഷ് ഭാഷണവും അവൾ പഠിച്ചുണ്ടാക്കി വരികയാണ്.

എന്നാൽ ചോദിക്കാതെതന്നെ ചില വസ്തുതകൾ അവൾ വെളിപ്പെടുത്തുകയുണ്ടായി.

എമ്മയുടെ പിതാവ് ഇന്ത്യയുടെ—ആദ്ധ്യാത്മികഭാരതത്തിന്റെ— ഒരാരാധകനാണ്. ഇന്ത്യയെസ്സംബന്ധിച്ച് — വിശേഷിച്ചും വേദേതിഹാസങ്ങൾ, ഉപനിഷത്തുകൾ, സംസ്കൃതനാടകങ്ങൾ എന്നിവയെസ്സംബന്ധിച്ച്— ജർമ്മൻഭാഷയിലുള്ള അനേകം ഗ്രന്ഥങ്ങൾ അവരുടെ ഹോം ലൈബ്രറിയിലുണ്ട്. ചെറുപ്പംമുതല്ക്കേ അവൾക്ക് ആ ഗ്രന്ഥങ്ങളിൽ താൽപര്യം ജനിച്ചു. കൂടെ പിതാവിന്റെ പ്രേരണയും. മഹർഷിമാരും, മാനുകൾ മേയുന്ന തപോവനങ്ങളും അവളുടെ മനസ്സിൽ മായികരംഗങ്ങൾ സൃഷ്ടിച്ചു. 'ലോകത്തിലെ സകലഗ്രന്ഥങ്ങൾ നശിച്ചാലും ദൈവമേ, ശാകുന്തളം നശിക്കരുതേ' എന്നു പ്രാർത്ഥിച്ച ജർമ്മൻ മഹാകവിയെ അവൾ മനസാ അഭിനന്ദിച്ചു. ഇന്ത്യ ഒരു സ്വപ്നലോകമായി അവളുടെ അന്തരംഗത്തിൽ സ്ഥലം പിടിച്ചു. അവൾ

ജർമ്മനിയും സ്വിറ്റ്സർലണ്ടും വിട്ടു പുറത്തു പോയിട്ടില്ല. ഇന്ത്യ കണ്ടിട്ടില്ല. മാത്രമല്ല, ഒരിന്ത്യക്കാരനെ നേരിട്ടു കാണുന്നത് ഇതാദ്യമായിട്ടാണ്.

(ഭസ്മനിറത്തിലുള്ള വേഷത്തിന്റെയും, കഴുത്തിലെ സിന്ദൂരരേഖയുടേയും, മാൻതോൽപ്പെട്ടിയുടേയും ഉള്ളിൽ ഒരിന്ത്യൻസന്ന്യാസിയെയും ആ ജർമ്മൻപെൺകിടാവു ദർശിച്ചിട്ടുണ്ടായിരിക്കണം.)

അഞ്ചാംദിവസം പിറന്നത് ഉന്മേഷജനകമായ അന്തരീക്ഷത്തോടു കൂടിയായിരുന്നു. ജങ്ഫ്രാ ഹിമക്കൊട്ടാരം സന്ദർശിക്കാൻ രാവിലെ പുറപ്പെട്ടു.

ലാറ്റർ ബ്രണ്ണൻമൗണ്ടൻ റെയിൽവേസ്റ്റേഷനിലേക്കുള്ള സാധാരണ ട്രെയിൻ പിടിക്കാൻ, ഇന്റർലേക്കൻ ഓസ്റ്റ് സ്റ്റേഷനിലേക്ക് ഒരു ടാക്സി ഓർഡർചെയ്തു.

അപ്പോൾ കൈയിലൊരു കൊട്ടയും താങ്ങിപ്പിടിച്ചുകൊണ്ട് ഓടിവരുന്നു. ആ പരിചാരിക.

കൊട്ട ശ്രീധരന്റെനേർക്കു നീട്ടി.

'ഇതെന്താണ് എമ്മാ?'

'ദിസ് ഈസ് സംതിങ് ഫോർ യു ടു ഈറ്റ് ദേർ......' അവൾ ദൂരെ മലമുകളിലേക്കു ചൂണ്ടിക്കാട്ടി.

'വൈ്വൽ ഐ ആം വിത്ത് ജങ്ഫ്രാ?' (ഞാൻ ജങ്ഫ്രായുടെ കൂടെയാവുമ്പോൾ, അല്ലേ?)

ശ്രീധരൻ പറഞ്ഞതുകേട്ട് അവൾ മഞ്ഞപ്പല്ലുകൾ കാട്ടി മന്ദഹസിച്ചു.

(ജർമ്മൻഭാഷയിൽ ജങ്ഫ്രാ എന്നതിന്റെ അർത്ഥം കൊച്ചുകന്യക എന്നാണ്.)

ആ പുൽക്കൊട്ടയിൽ നിറയെ പലഹാരങ്ങളും പഴങ്ങളും മറ്റു തീൻപണ്ടങ്ങളുമാണ്.

ആ പലഹാരക്കൊട്ട അവൾതന്നെ ടാക്സിയിൽ എടുത്തു വെച്ചു.

'തേങ്ക് യൂ!'

# മർമ്മരങ്ങൾ IX

ജങ്ഫ്രാസന്ദർശനം അവിസ്മരണീയമായൊരനുഭവമായിരുന്നു. മലമേടുകളും മഞ്ഞരുവികളും ഹിമപ്പാടങ്ങളും തുരങ്കശൃംഖലകളും ഹിമ സ്തംഭപാദങ്ങളും കടന്ന്, 'വൈറ്റർഹോൺ', 'ഫിയെഷർഹോൺ' തുടങ്ങിയ ബെർണിയർ ആൽപ്സ് ഗിരിശൃംഗങ്ങൾക്കിടയിലൂടെ, മോംഛ് പർവ്വതത്തിന്റെ ഉദരത്തിലൂടെ പതിനോരായിരത്തിൽപ്പരം അടി പൊക്കത്തിൽക്കിടക്കുന്ന ജങ്ഫ്രാ ഹിമപീഠത്തിലേക്ക് —യൂറോപ്പിന്റെ മോന്തായത്തിലേക്ക് — നിരങ്ങിക്കയറിക്കൊണ്ടുള്ള വൈദ്യുത റെയിൽവണ്ടിയാത്ര.

വഴിക്ക്, ഹിമപ്രദേശങ്ങളിലെ മുയൽജാതിയിലുള്ള മർമോട്ട് എന്ന ജന്തു മഞ്ഞിൽ മാളങ്ങൾ തുരക്കുന്നതു കണ്ടു. ഹിമപ്പാടങ്ങളിൽ പോളാർനായ്ക്കളെയും, ആ നായ്ക്കളെ കെട്ടിവലിക്കുന്ന ചക്രങ്ങളില്ലാത്ത കലപ്പവണ്ടികളും കണ്ടു. പതിനോരായിരം അടി ഉയരത്തിൽ ഹിമച്ചുഴലിക്കാറ്റിൽ ചിറകടിച്ചു നൃത്തംചെയ്യുന്ന 'ചഫ്' എന്നു വിളിക്കുന്ന മലങ്കാക്കകളെയും കണ്ടു.....

ലോകത്തിൽ ഏറ്റവും പൊക്കത്തിൽ സ്ഥിതിചെയ്യുന്ന റെയിൽവേസ്റ്റേഷനായ 'ജങ്ഫ്രാജോച്ചി'ന്റെ പ്ലാറ്റ്ഫോറത്തിലെ കാഴ്ചത്തിണ്ണയിലിരുന്ന് ആൽപ്സ് നിരകളുടെ ആകാശദർശനം നടത്തി—സ്റ്റേഷനിൽ നിന്നു പിന്നെയും 364 അടി പൊക്കത്തിൽ ജങ്ഫ്രാ, മോംഛ് എന്നീ ഗിരി ശൃംഗ ദ്വന്ദ്വങ്ങൾക്കിടയിൽ പ്രകൃതി കെട്ടിയ ഹിമപ്പാറത്തിണ്ണയിലേക്ക് ഇലക്ട്രിക് ലിഫ്റ്റിൽ കയറി, അരിമാവു കുഴച്ചുവച്ചതുപോലെയുള്ള അവിടത്തെ മഞ്ഞിലൂടെ നടന്നു. യൂറോപ്പിന്റെ മോന്തായത്തിന്റെയും മൂർദ്ധന്യബിന്ദുവിലെ സ്വിസ്സ് പതാകനാട്ടിയ ഹിമക്കൂനയിൽ ഒന്നു ചവിട്ടി മടങ്ങി.....സ്റ്റേഷന്റെ അടിയിൽ നിർമ്മിച്ച വിശാലമായ നിലയറയിലേക്കിറങ്ങിച്ചെന്ന് നിലയറയിൽ, ഉരുക്കുപോല ഉറച്ച ഹിമപ്പാറയിൽ വെട്ടിയുണ്ടാക്കിയ അദ്ഭുതകരമായ ഐസ് കൊട്ടാരം കണ്ടു—കൊട്ടാരത്തിനുള്ളിൽ ഐസ്പാറയിൽ പണിതു വെച്ച കൗതുകകരമായ ബീർക്കടയും, മോട്ടാർകാറുകളും മറ്റും കണ്ടു..... നിലയറയിലെ തണുപ്പ് പൂജ്യത്തിൽനിന്നും 15 ഡിഗ്രി താഴെയാണെന്നറിഞ്ഞപ്പോൾ—കൊടുംതണുപ്പിന്റെ കഠാരിക്കുത്തേറ്റു കാതിൽനിന്നും മൂക്കിൽ നിന്നും രക്തം കിനിഞ്ഞു കട്ടപിടിച്ചു കണ്ടപ്പോൾ പേടിച്ച്, ഓടി, സ്റ്റേഷനിൽത്തന്നെ അഭയംപ്രാപിച്ചു. ലോകത്തിലെ ഏറ്റവും പൊക്കത്തിലുള്ള സ്റ്റേഷന്റെ വെയിറ്റിങ്റൂമിലിരുന്ന്, എമ്മയുടെ പലഹാരക്കൊട്ട അഴിച്ചു — അപ്പങ്ങളും, അടകളും, കേക്കുകളും, സാന്റ്വിച്ചസ്സും, പഴങ്ങളും.....ആ തീൻ പണ്ടങ്ങൾ മിക്കവയും നാക്കിനു പുത്തരിയാണ്—പേരും അറിഞ്ഞുകൂടാ. കേക്കും, ആപ്പിൾ ചേർത്തുണ്ടാക്കിയ റൊട്ടിയും (ആപ്പിൾ ക്രെസോണ്) മാത്രം തിരിച്ചറിഞ്ഞു — ഒരു കുപ്പിയിൽ വെള്ളവീഞ്ഞും ഉണ്ടായിരുന്നു.

യൂറോപ്പിന്റെ മോന്തായത്തിലിരുന്ന്, ആ വിഭവങ്ങൾ മുഴുവനും ആർത്തിയോടെ ഭക്ഷിച്ചു. എമ്മയ്ക്കു മനസാ നന്ദിപറഞ്ഞു.

ജങ്ഫ്രാസന്ദർശനം കഴിഞ്ഞു വൈകുന്നേരം ഹോട്ടലിൽ ചെന്നു കേറിയപ്പോൾ,

സ്വീകരണമുറിയിലെ ഉയർന്ന മണ്ഡപത്തിലിരിക്കുന്ന കണ്ണടക്കാരി ഒരു സന്തോഷവാർത്ത അറിയിച്ചു. 'ഹോട്ടലിൽ പുതിയ അതിഥികളായി ഒരിന്ത്യൻ ദമ്പതികൾ വന്നിട്ടുണ്ട്—ഒമ്പതാംനമ്പർ മുറിയിലാണു താമസിക്കുന്നത്.

ഇന്ത്യക്കാരെന്നു കേട്ടപ്പോൾ സന്തോഷം തോന്നി —നേരെ ഒമ്പതാം നമ്പർ റൂമിലേക്കു ചെന്നു. പരിചയപ്പെടാൻ.

ഇന്ത്യക്കാരല്ല, സിലോൺകാരാണ്—കൊളംബിലെ ഒരുയർന്ന റെയിൽവേ ഉദ്യോഗസ്ഥനായ മിസ്റ്റർ എർബർട്ടും പത്നിയും. അവർ വിശുദ്ധ വർഷാഘോഷത്തിൽ സംബന്ധിക്കാൻ റോമിൽ പോയി. അതു കഴിഞ്ഞു മദ്ധ്യയൂറോപ്യൻ പര്യടനത്തിനു പുറപ്പെട്ടുവന്നിരിക്കയാണ്. ഇന്ത്യക്കാരല്ലെങ്കിലും, ഇന്ത്യയുടെ തൊട്ടയൽപക്കക്കാരായ എർബർട്ട് ദമ്പതികളെ യൂറോപ്പിൽ കണ്ടുമുട്ടിയതിൽ സന്തോഷം തോന്നി.

അന്ന്, അത്താഴത്തിനിരുന്നപ്പോൾ പ്രഭാഷണവിഷയം രാമായണകഥയായിരുന്നു —സീതാപഹരണം. രാമായണത്തിലെ ലങ്ക സിലോണാണെന്നു പറഞ്ഞുകേട്ടപ്പോൾ അവൾ അദ്ഭുതപ്പെട്ടു. രാക്ഷസന്മാരുടെ നാടായ സിലോണ്!

(എർബർട്ട് ദമ്പതികൾ രാക്ഷസന്മാരുടെ വർഗ്ഗത്തിൽപ്പെട്ടവരാണെന്നും അവൾ ഉള്ളിൽ കരുതിയിട്ടുണ്ടാവണം.)

ഹിമക്കാറ്റും മഴച്ചാറലും ഉണ്ടായതിനാൽ അന്നു നടക്കാനിറങ്ങിയില്ല.

പിറ്റേന്ന് ലാറ്റർബ്രൂണ്ണത്തടുത്തുള്ള ട്രമ്മൽബാച്ചിലെ നർത്തകിയെ കാണാൻ പോയി.

ട്രമ്മൽബാച്ച് മലയുടെ ഉദരത്തിലെ അദ്ഭുതകരമായൊരു ജലപാതമാണ്, ഈ നർത്തകി, വെള്ളച്ചാട്ടത്തെ മലയുടെ ഉള്ളിൽ പല മൂലകളിലേക്കും പതനങ്ങളിലേക്കും തിരിച്ചുവിട്ട് വളവുകളിലും തിരിവുകളിലും വർണ്ണോജ്ജ്വലങ്ങളായ വൈദ്യുതവിളക്കുകൾ ഒളിപ്പിച്ചുവെച്ചിരുന്നു. നാനാ വർണ്ണങ്ങളിലുള്ള വെളിച്ചം വെള്ളച്ചാട്ടത്തിന്റെ മർമ്മസ്ഥാനങ്ങളിൽ വീഴുമ്പോൾ വെള്ളച്ചാട്ടം രത്നവിഭൂഷിതയായൊരു നർത്തകിയായും, രക്തം ഛർദ്ദിക്കുന്ന ഘോരപിശാചികയായും ശുഭ്രവെള്ളവസ്ത്രം ധരിച്ച യക്ഷിയായും വ്യത്യസ്ത രംഗങ്ങളിൽ നൃത്തംചെയ്യുന്നതു കാണാം. ജലപാതത്തിന്റെ ശബ്ദം ഓർക്കെസ്ട്രാപോലെയും, ഗർജ്ജനംപോലെയും, വിലാപംപോലെയും കാതുകളിൽ മുഴങ്ങിക്കേൾക്കാം.

അന്ന് അത്താഴത്തിനിരുന്നപ്പോൾ അവളോടു പറഞ്ഞു. 'നാളെ ഞാൻ പോവുകയാണ്.'

അവൾ ഇടിവെട്ടേറ്റപോലെ നിന്നു.

'യൂ ഗോയിങ്?....' അവൾ നെടുവീർപ്പിന്റെ സ്വരത്തിൽ ചോദിച്ചു.

'അതെ, ഞാൻ പോവുകയാണ്— തിരിച്ചു ജനീവയിലേക്ക്. പിന്നെ, പാരീസ്, ലണ്ടൻ. ലണ്ടനിൽനിന്നു നേരെ ഇന്ത്യയിലേക്ക്.'

അവൾ ശ്രീധരന്റെ യാത്രാപരിപാടി ശ്രദ്ധിച്ചിരുന്നുവോ എന്തോ!

'യൂ ഗോയിങ്?... അവൾ വീണ്ടും കിനാവിൽനിന്നെന്നപോലെ മൊഴിഞ്ഞു.

'യെസ്. ഐ ഹാവ് ടു ഗോ.' (എനിക്കു പോകാതെ കഴിയുമോ?)

ശ്രീധരന്റെ വാക്കുകൾ അവളുടെ കാതിൽ പതിഞ്ഞില്ലെന്നു തോന്നുന്നു.

'യൂ ഗോയിങ്?.....'. ഒരു മന്ത്രംപോലെ അവൾ ആ വാക്കുകൾ ഉരുവിട്ടു കൊണ്ടിരുന്നു.

'ഹോട്ടലിലെ എന്റെ ബില്ല്. ശരിപ്പെടുത്തിവെയ്ക്കാൻ പറയണം.'

അവൾ ഒന്നും മിണ്ടിയില്ല.

'എന്താ, സുഖമില്ലേ? '

'എനിക്ക് എന്തോ, തലചുറ്റുന്നു....ഞാൻ —പോട്ടെ.'

അവൾ എഴുന്നേറ്റു പുറത്തേക്കു പോയി.

ശ്രീധരൻ ഒറ്റയ്ക്ക് ആറ്റുവക്കിലേക്കു നടന്നു.

മഞ്ഞുമൂടിയ മലകളിലേക്ക് നോക്കി കുറച്ചുനേരം അങ്ങുമിങ്ങും ചുറ്റി നടന്നു. ഹിമക്കാറ്റു വീശിയപ്പോൾ വേഗം ഹോട്ടലിലേക്കുതന്നെ മടങ്ങി.

ഇന്റർലേക്കനിലെ ഒടുവിലത്തെ രാത്രിയാണ്.

എട്ടാംനമ്പർ മുറിയിൽ ശ്രീധരൻ അജ്ഞാതമായൊരു വിഷാദത്തോടെ മണിക്കൂറുകൾ കഴിച്ചു....ആ ജർമ്മൻ പെൺകിടാവിന്റെ പെരുമാറ്റമാണ് ശ്രീധരനെ അസ്വസ്ഥനാക്കിയത്. അതു പുതിയൊരനുഭവമായിരുന്നു.

പുറത്ത് മഞ്ഞുപെയ്യുന്നുണ്ടായിരുന്നു.

ഇന്റർലേക്കനിൽ വന്നുചേർന്നിട്ട് ആറു ദിവസമായി—ചില സായാഹ്നങ്ങളിലെ നടത്തിലും, അത്താഴമേശയ്ക്കിരിക്കുമ്പോഴും ആ ജർമ്മൻ പെൺകിടാവിന്റെ സാന്നിദ്ധ്യമുണ്ടായിട്ടുണ്ട്. അപ്പോൾ പല വിഷയങ്ങളെക്കുറിച്ചും സംസാരിച്ചിട്ടുണ്ട്. എന്നാൽ, മാൻതോൽപ്പെട്ടിയും തൂക്കി ഇവിടെ കേറിവന്ന നിമിഷം മുതൽ ഈ നിമിഷംവരെ അവളെ ഒരു കാമിനിയായി സങ്കല്പിക്കാൻപോലും തനിക്കു കഴിഞ്ഞിട്ടില്ല. ഈ ആറു നാളുകൾക്കിടയിൽ ഒരിക്കൽപ്പോലും അവളുടെ നേർക്ക് നേരിയൊരു ചാപല്യം താൻ കാണിച്ചിട്ടില്ല — കാണിക്കാൻ തോന്നിയിട്ടുമില്ല —

ഇന്ത്യൻയുവാവിന്റെ കറുപ്പുവർണ്ണം ആ ജർമ്മൻപെൺകിടാവിനെ ആകർഷിച്ചിരുന്നുവെന്നു തോന്നുന്നു. ഒരിക്കൽ അവൾ ചോദിക്കുകയുണ്ടായി. എല്ലാ ഇന്ത്യക്കാരും ഇങ്ങനത്തെ സൺബൺട് നിറമുള്ളവരാണോ? (ബ്ലേക്ക് എന്നോ ഡാർക്ക് എന്നോ അല്ല അവൾ ഈ തൊലി നിറത്തെ വിശേഷിപ്പിച്ചത് സൺബൺട് (വെയിലേറ്റു കരിഞ്ഞ വർണ്ണം) എന്ന മാന്യ സംജ്ഞയാണ് ഉപയോഗിച്ചത്.)

അവളുടെ നിഷ്കളങ്കമായ ചില ചോദ്യങ്ങൾ ശ്രീധരനെ വിഷമിപ്പിക്കാറുണ്ടായിരുന്നു. അതിലൊന്നാണ് ഈ തൊലിനിറപ്രശ്നം.

തൊലിയുടെ വെളുപ്പുനിറംകൊണ്ടു യൂറോപ്യനെ തിരിച്ചറിയാം. മഞ്ഞ നിറംകൊണ്ടു ചീനനെയും—കാപ്പിരികളൊക്കെ കറുപ്പാണ് —എന്നാൽ ഇന്ത്യക്കാരനെ തിരിച്ചറിയുന്ന തൊലിനിറമെന്ത്?

യൂറോപ്യനേക്കാൾ തുടുത്ത ആപ്പിൾത്തൊലിനിറമുള്ള പഞ്ചാബികളുണ്ട്. ചീനക്കാരന്റെ മഞ്ഞനിറമുള്ള ആസ്സാമികളും ബംഗാളികളുമുണ്ട്. ശ്രീധരനെക്കാൾ നിറമുള്ള (എന്നു പറഞ്ഞാൽ കൂടുതൽ കറുത്ത്) കേരളീയരുണ്ട്. കാപ്പിരിയെ തോല്പിക്കുന്ന കല്ക്കരിക്കറുപ്പന്മാരായ തമിഴരുണ്ട്. ഈ വസ്തുതകളെല്ലാം ആ ജർമ്മൻപെൺകിടാവിനെ

പറഞ്ഞു മനസ്സിലാക്കുന്നതെങ്ങനെ?

അതിനാൽ വലിയൊരു തത്ത്വചിന്ത—ഒരുപനിഷദ്വാക്യം— ആവിഷ്കരിക്കുന്ന ഭാവത്തിൽ അവളോടരുളിച്ചെയ്തു: 'മനുഷ്യരുടെ എല്ലാ നിറങ്ങളും നല്കി സൃഷ്ടികർത്താവ് അനുഗ്രഹിച്ചത് ഇന്ത്യക്കാരെ മാത്രമാണ്.'

തൊലിനിറത്തിൻ്റെ കാര്യത്തിലെന്നപോലെ ദേഹപ്രകൃതിയിലും ആചാരവിശ്വാസങ്ങളിലും അനുഷ്ഠാനങ്ങളിലും ഭാഷയിലും ഭക്ഷണരീതിയിലും വേഷവിധാനത്തിലും പെരുമാറ്റത്തിലും പരസ്പരം പൊരുത്തമില്ലാത്ത ഒരു കൂട്ടം ആളുകൾ ബംഗാൾ ഉൾക്കടലിൻ്റെയും അറബിക്കടലിൻ്റെയും ഹിമാലയപർവ്വതത്തിൻ്റെയും കന്യാകുമാരിമുനമ്പിൻ്റെയും വലയത്തിൽ പാർക്കുന്നു; അവരെ ഇന്ത്യക്കാർ എന്നുവിളിക്കുന്നു. ഈ പരമാർത്ഥം തുറന്നുപറയുന്നതെങ്ങനെ?

എമ്മാ, തനി ഇന്ത്യക്കാരൻ പരബ്രഹ്മംപോലെ ഒരു സങ്കല്പം മാത്രമാണ്. ഇന്ത്യയിൽ തൊലിനിറമല്ല കാര്യം; തൊലിക്കട്ടിയാണ് — ആനത്തോൽ പുതച്ച ഒരു മൂപ്പരാണ് ഹിന്ദുക്കളുടെ പരമദൈവം എന്നും പറയാൻ തോന്നി. പറഞ്ഞില്ല.

ഇന്ത്യക്കാരൻ എന്ന ആ പരബ്രഹ്മത്തെയാണ് ശ്രീധരനിൽ ആ ജർമ്മൻപെൺകിടാവ് കണ്ടെത്തിയിരിക്കുന്നത്. ആരാധനാഭാവത്തിലും കവിഞ്ഞ എന്തോ ഒന്നാണ് അവളുടെ തലയ്ക്കുപിടിച്ചിരിക്കുന്നത്. എന്നാൽ, ഈ ജർമ്മൻപെൺകിടാവിനോട് തനിക്കിങ്ങനെ പ്രണയശുഷ്കമായൊരു മനോഭാവത്തിനു കാരണമെന്ത്?

ശ്രീധരൻ വീണ്ടും വീണ്ടും ചിന്തിക്കുകയാണ്.

യൂറോപ്പിലെ മറ്റു പരിഷ്കൃതനഗരങ്ങളിൽ മൂന്നുനാലുമാസം ചുറ്റിയടിച്ചിട്ടാണ് ഇൻ്റർലേക്കനിൽ എത്തിയിരിക്കുന്നത്. സന്ന്യാസിയായിട്ടൊന്നുമല്ല നാടുകൾ ചുറ്റിസ്സഞ്ചരിച്ചത്. ബ്ലാൻടയറിലെ സോമൻബാനയുടെ ജീവിത തത്ത്വശാസ്ത്രം ഓർത്തു പറഞ്ഞാൽ, ആർക്കും ഒരു ദോഷവും ചെയ്യാതെ, അന്യൻ്റെ മുതൽ അപഹരിക്കാതെ, ബലാൽക്കാരമായി ഒരു സുഖവും തട്ടിയെടുക്കാൻ മുതിരാതെ, മിതമായിട്ടാണെങ്കിലും കൈയിലെ സ്വന്തം പണം കൊണ്ട് പലതും അനുഭവിച്ചിട്ടുണ്ട്........ നവംനവങ്ങളായ അനുഭൂതികൾക്കു വേണ്ടി. എന്നാൽ, ഇൻ്റർലേക്കനിലെ ഈ ജർമ്മൻ പെൺകിടാവിൻ്റെ മുമ്പിൽ ഇങ്ങനെ സന്യാസം സ്വീകരിക്കാൻ തോന്നിയത് എന്തുകൊണ്ട്? ഇന്ത്യക്കാരൻ്റെ ആത്മീയഭാവം' അഹം ബ്രഹ്മാസ്മി' എന്ന 'ഈഗോ'—ഈ ജർമ്മൻ പെൺകിടാവിൻ്റെ മുമ്പിൽ പ്രദർശിപ്പിക്കാനുള്ള ഒരന്തഃപ്രേരണയാണോ? അല്ലെങ്കിൽ, പ്രഥമവീക്ഷണത്തിൽത്തന്നെ അവളെ ഒരു കൊച്ചുസഹോദരിയായി—മറ്റൊരു നാരായണിയായി—നിനച്ചു പോയോ? ആ പെരുമാറ്റം ക്രമേണ അവളിൽ ഒരു ശിഷ്യയെ—താൻ പറയുന്നതെല്ലാം വേദവാക്യമായി വിശ്വസിക്കുന്ന ഒരു വിനീതശിഷ്യയെ—കണ്ടെത്താൻ സഹായിച്ചുവോ?—പണ്ട് സരസ്വതിയംബാളിൽ ഒരു ഗുരുവിനെ കണ്ടെത്തിയതുപോലെ...........

പിറ്റേന്നു രാവിലെ ഏഴുമണിക്ക് ഉണർന്നു.

ഡൈനിങ്ഹാളിൽ പോയി ബ്രേക്ക് ഫാസ്റ്റ് കഴിച്ചു.

രാവിലെ ജനീവയിലേക്കു മടങ്ങുകയാണെന്നും ഹോട്ടൽ വിടുകയാണെന്നും ബിൽ ശരിപ്പെടുത്തിവയ്ക്കണമെന്നും തലേന്നു രാത്രിതന്നെ ഹോട്ടൽമാനേജരെ അറിയിച്ചിട്ടുണ്ടായിരുന്നു.

എമ്മയെ അവിടെയെങ്ങും കണ്ടില്ല.

മുറിയിൽ ചെന്ന് സൂട്ട്കേസുമെടുത്തു താഴെയിറങ്ങി. കന്നടക്കാരിയുടെ കൗണ്ടറിനടുക്കൽച്ചെന്നു ബില്ലു വാങ്ങി. ബില്ലിലെ സംഖ്യ കണ്ടപ്പോൾ അദ്ഭുതം തോന്നി. ഇത്ര തുച്ഛമാണോ എൽമർ ഹോട്ടലിലെ ചെലവ്?

വീണ്ടും നോക്കി. എമ്മയെ അവിടെയെങ്ങും കണ്ടില്ല. അന്വേഷിച്ചപ്പോൾ ഡ്യൂട്ടിയിലല്ലെന്നു കന്നടക്കാരി പറഞ്ഞു.

ബില്ലിലെ സംഖ്യ കൊടുത്തു കന്നടക്കാരിയോടു യാത്ര പറഞ്ഞ്, ഒരു ടാക്സിക്ക് ഓർഡർ കൊടുത്തു. സൂട്ട്കേസും തൂക്കി, നീങ്ങാൻ ഭാവിച്ചപ്പോൾ ഒരു പരിചാരിക ഓടിവന്ന് അറിയിച്ചു: മോസ്യുവിനോടു കുറച്ചു നിമിഷം കാത്തുനില്ക്കാൻ പറഞ്ഞു, ഒമ്പതാം നമ്പറിലെ ഇന്ത്യൻദമ്പതികൾ —മോസ്യുവിനെ യാത്രയാക്കാൻ അവർ റെയിൽവേസ്റ്റേഷൻവരെ വരുന്നുണ്ട്.

ഓ, സിലോൺദമ്പതികൾ! മിസ്റ്റർ എർബർട്ടും പത്നിയും. അവരോട് ഇന്നലെ രാത്രി യാത്രപറഞ്ഞു പിരിഞ്ഞതാണല്ലോ........

സിലോൺദമ്പതികളുടെ വരവും പാർത്തിരിക്കാൻ നിന്നില്ല. പെട്ടിയും തൂക്കി വാതിൽക്കൂടിനടുത്തേക്കു നടന്നു.

എൽമർഹോട്ടൽക്കെട്ടിടത്തിലേക്കുള്ള പ്രവേശം റോഡരുകിൽനിന്നാണ്. റോഡിൽനിന്നു നീണ്ടൊരിടനാഴി. ഇടനാഴിയുടെ അറ്റത്ത് നാലുപാളികളോടു കൂടിയ തിരിയുന്ന ഒരു വാതിൽക്കൂട് (റിവോൾവിങ് ട്രാപ്പ് ഡോർ). വാതിൽക്കൂടു തിരിച്ചു കടന്നുചെല്ലുന്നത് സ്വീകരണമുറിയിലേക്കാണ്. സ്വീകരണമുറിയുടെ ഇരുവശത്തും മുകളിലേക്കുള്ള കോണിപ്പടവുകൾ നിലകൊള്ളുന്നു. മുറിയുടെ മദ്ധ്യത്തിൽ, വാതിൽക്കൂടിനഭിമുഖമായി ഉയർന്ന മണ്ഡപത്തിൽ കന്നടക്കാരി ഇരിക്കുന്നു.

വാതിൽക്കൂടു തിരിച്ചു. ഇടനാഴിയിലേക്കു കാലെടുത്തുവെച്ചു. ഉത്തരക്ഷണത്തിൽ വാതിൽ ഒന്നുകൂടി തിരിഞ്ഞു. തീജ്ജ്വാലത്തലമുടി......എമ്മ!

ഒരു കൈകൊണ്ടു മാൻതോൽപ്പെട്ടി തട്ടിപ്പറിച്ചു മറ്റേ കൈ ശ്രീധരന്റെ മാറിലേക്കുനീട്ടി. പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ മൊഴിഞ്ഞു —' ഡോൺട് —ഗോ......'

പോകരുത്!—അതൊരു വിലാപമായിരുന്നു—ഒരഭ്യർത്ഥനയായിരുന്നു — ഒരാജ്ഞയായിരുന്നു.

നരച്ച മിഴികളിൽനിന്ന്, ആലിപ്പഴംപോലെ അശ്രുക്കൾ അടർന്നു വീഴുന്നുണ്ടായിരുന്നു........

ഒന്നു നോക്കി.......

ജീവിതത്തിലെ നിർണ്ണായകമായൊരു മുഹൂർത്തം—വൈകാരികത്വവും പ്രജ്ഞാപരത്വവും സമയക്കൊടുമുടിയുടെ സൂചിമുനയിൽ നിന്നുകൊണ്ട് അന്യോന്യം വഴിമാറിക്കൊടുക്കാതെ പടപൊരുതുകയാണ്........

ജീവിതം മുഴുവനും ഒരു കണ്ണിമയിൽ പ്രതിഫലിച്ചുകാണുന്നു.

മുഖമുയർത്തി നോക്കി. രണ്ടു പാതകൾ; ഇടനാഴിക്കു മുമ്പിൽ. സ്റ്റേഷൻറോഡ്..... ഓസ്റ്റ് സ്റ്റേഷൻ–ജനീവാ–പാരീസ്–ലണ്ടൻ, പിന്നെ ബോംബൈ–കേരളം.

വാതിൽക്കൂടിനു പിറകിൽ: എൽമർ ഹോട്ടൽ.... ബാസൽ... ഹോങ്കോങ്?...

സ്വതന്ത്രനാണ്; എന്തു തീരുമാനവുമെടുക്കാം.......

ജങ്ഫ്രാ ഹിമഗിരിയും സഹ്യാദ്രിയും........കൂർത്ത മേൽപ്പുരയോടു കൂടിയ പള്ളികളും, പൊൻതാഴികക്കുടമണിഞ്ഞ അമ്പലങ്ങളും. ആപ്പിൾത്തോപ്പുകളും കുരുമുളകുതോട്ടങ്ങളും......പൈൻമരക്കാടുകളും തെങ്ങിൻ തോപ്പുകളും...... ആർനദിയും ഭാരതപ്പുഴയും.......

തീജ്ജ്വാലത്തലമുടിയും ചാരമിഴികളുമുള്ള സഹധർമ്മിണി. ചെമ്പൻ മുടിയും തൊലികളഞ്ഞ ചെമ്മീനിന്റെ നിറവുമുള്ള കുഞ്ഞുങ്ങളും.........

ആ ചിത്രമോർത്തപ്പോൾ ഒരുൾക്കിടിലം. മാറിലെ തീജ്ജ്വാലത്തലമുടി കരളിൽ കുടുങ്ങാനനുവദിച്ചുകൂടാ........

പിന്നെയുമൊരു ചാഞ്ചല്യം.......

അചന്റെ വാക്കുകൾ തലച്ചോറിൽ പ്രതിദ്ധ്വനിച്ചു: “വഞ്ചകനായി ജീവിക്കുന്നതിനേക്കാൾ ഭേദം ഘാതകനായി മരിക്കുന്നതാണ്........’

ഇപ്പോഴും വ്യക്തമായി ഓർക്കുന്നു: കടുംതവിട്ടുനിറത്തിലുള്ളൊരു സൂട്ടും കൈതപ്പൂനിറത്തിലുള്ളൊരു ടൈയുമാണ് ധരിച്ചിരുന്നത്....

കൈതപ്പൂവിൽ പറ്റിക്കേറുന്ന സ്വർണ്ണനാഗത്തെയെന്നപോലെ, മാറിൽ നിന്ന് ആ കൈ മെല്ലെ എടുത്തുമാറ്റി, മറ്റേ കൈയിൽനിന്നും മാൻതോൽപ്പെട്ടി പിടിച്ചെടുത്തു.....

പടിക്കൽനിന്ന് ടാക്സി ശക്തിയായി ഹോണടിക്കുന്നു.... മടക്ക യാത്രയുടെ ശംഖനാദം. ജനീവാ—പാരിസ്—ലണ്ടൻ. പിന്നെ ഇന്ത്യ......കേരളം.

(അപ്പോൾ നാലായിരം മൈൽ അകലെ, ഫ്രഞ്ച്മാഹിയിൽ, കരി നീലത്തലമുടിയും കറുത്തുവിരിഞ്ഞ മിഴികളുമുള്ള ഒരു മലയാളിപ്പെൺ കിടാവ്, അടുത്ത ശ്രീകൃഷ്ണക്ഷേത്രത്തിലേക്കു നോക്കിക്കൊണ്ട്, ഭാവിവരനെ സ്വപ്നംകാണുന്നുണ്ടായിരുന്നു!)

വാതിൽക്കുട് ഒന്നു കരഞ്ഞു.

വാതിൽ തിരിഞ്ഞു: മിസ്റ്റർ എർബർട്ട്.

വാതിൽ വീണ്ടും തിരിഞ്ഞു: മിസ്സിസ് എർബർട്ട്!

‘വെരി സോറി, മിസ്റ്റർ ശ്രീധർ! വി വേർ ഏ ബിറ്റ് ലേയ്റ്റ്.....’ മിസ്റ്റർ എർബർട്ട് കഴുത്തിലെ കറുത്ത ടൈക്കുരുക്കു പിടിച്ചു നേരെയാക്കിക്കൊണ്ടു ക്ഷമാപണസ്വരത്തിൽ പറഞ്ഞു.

ശ്രീധരൻ മനസ്സിൽ മൊഴിഞ്ഞു: അല്ല, മിസ്റ്റർ എർബർട്ട്, നിങ്ങൾ തക്ക സമയത്തുതന്നെ എത്തി.

സിലോൺദമ്പതികളും ഇന്ത്യൻയുവാവും ഇടനാഴിയിലൂടെ റോഡിലേക്കു നടന്ന് ടാക്സിയിൽ കയറി.........

‘ഇന്റർലേക്കൻ ഓസ്റ്റ്—’ ശ്രീധരൻ ഡ്രൈവർക്കു സ്ഥലനിർദ്ദേശം കൊടുത്തു.

ടാക്സി ഇളകി.

എൽമർ ഹോട്ടലിന്റെ പടിവാതിൽക്കൽ, ഹോട്ടലിലെ ഒരു പരിചാരിക വന്നു നില്ക്കുന്നത് സിലോൺദമ്പതികൾ ശ്രദ്ധിച്ചിരിക്കയില്ല.

ശ്രീധരൻ ഇടങ്കണ്ണിട്ടൊന്നു നോക്കി.

തീജ്ജ്വാലത്തലമുടി! കവിളിൽ രണ്ടു ഹിമക്കട്ടകൾ! നീരണിഞ്ഞു നിശ്ചലങ്ങളായ നരച്ച മിഴികളിൽനിന്നുള്ള ആ നോട്ടം:

അന്യഥാ കരുതിയാർദ്രനാര്യ നീ
സന്നസൈര്യയെയഹോ! ത്യജിക്കൊലാ!
ധന്യയാം എളിയശിഷ്യ, യീ പദം
തന്നിൽ നിത്യപരിചാര്യയൊന്നിനാൽ
......................................................................'

ട്രെയിൻ ഇന്റർലേക്കൻ ഓസ്റ്റ് സ്റ്റേഷനിൽനിന്നു നീങ്ങി. സിലോൺ ദമ്പതികൾ ബൈബൈ പറഞ്ഞു...........

'വി വിൽ മീറ്റ് ഇൻ കൊളംബോ—' മിസ്റ്റർ എർബർട്ട് വിളിച്ചു പറഞ്ഞു.

'വി വിൽ മീറ്റ് ഇൻ കേരളാ.' വാതിലിനു പുറത്തേക്കു തലയിട്ടുകൊണ്ട് ശ്രീധരനും വിളിച്ചുപറഞ്ഞു.

ട്രെയിൻ ദൂരെയെത്തിയിട്ടും സിലോൺദമ്പതികൾ കൈയുറുമാൽ വീശി ശുഭയാത്ര ആശംസിച്ചുകൊണ്ടിരുന്നു.

ആ കൈയുറുമാലുകൾ ഇന്റർലേക്കൻ സ്മരണകളെ മായ്ച്ചുകളഞ്ഞിരുന്നുവെങ്കിൽ!

പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു.

ഒരു നിമിഷനേരത്തേക്ക്, ലോകത്തിൽവെച്ച് ഏറ്റവും നിർഘൃണനായ മനുഷ്യനായി അഭിനയിക്കുവാൻ തനിക്കെങ്ങനെ കഴിഞ്ഞു എന്നോർത്ത് അദ്ഭുതപ്പെട്ടു.

വീണ്ടും ചഞ്ചലചിന്തകൾ:

താൻ സ്വതന്ത്രനാണ്. ഇന്ത്യയിലേക്കു മടങ്ങിപ്പോകേണ്ട ആവശ്യമൊന്നുമില്ല. തന്റെ ഹൃദയം ആർക്കും പണയപ്പെടുത്തിയിട്ടല്ല ഇന്ത്യയിൽ നിന്നു പുറപ്പെട്ടത്—ജീവിതം യൂറോപ്പിൽത്തന്നെ തുടർന്നാലെന്താണ്?

പുറത്ത് ത്തുൺതടാകത്തിന്റെ കാഴ്ച! ഇന്റർലേക്കന്റെ വലയത്തിൽത്തന്നെയാണ് ഇപ്പോഴും..... ത്തുൺസ്റ്റേഷനിലിറങ്ങി, എൽമർ ഹോട്ടലിലേക്കു തന്നെ തിരിച്ചുപോയാലോ? ഛീ! ആ സിലോൺ ദമ്പതികൾ കണ്ടാൽ!......

പെട്ടെന്ന്, എന്തുകൊണ്ടോ ഇന്റർലേക്കൻ ഒരു മഹാശ്മശാനമായിത്തോന്നി പന്ത്രണ്ടുകൊല്ലം മുമ്പത്തെ കാശിയിലെ ഹരിശ്ചന്ദ്രഘട്ടത്തിലെ രംഗം മനസ്സിലേക്കിഴഞ്ഞുവന്നു..... മഞ്ഞുമലകൾ വെള്ളത്തുണിയിൽ പൊതിഞ്ഞ ശവങ്ങളുടെ കുമ്പാരമായും, തീജ്ജ്വാലത്തലമുടി കത്തിയെരിയുന്ന ചിതയായും കാണുന്നു.....

ആ ചിതയിൽ താനും ജീവനോടെ ദഹിച്ചുപോകുമായിരുന്നു.... രക്ഷപ്പെട്ടു.

'നോ (വയ്യ.) എന്നു വെട്ടിത്തുറന്നു പറയാനുള്ള മനക്കരുത്ത്—ജീവിത വിജയത്തിനാവശ്യമായ ആദ്യത്തെ ആയുധം അതാണ്!'

ആ ഉപദേശം തന്ന സിൽഹിനെ ഓർത്തു: ജനീവയിൽവെച്ചു പരിചയപ്പെട്ട ജർമ്മൻകാരൻ, ഹെർ സിൽഹ്—മിക്കവാറും പരാജയ ജീവിയായി കഴിഞ്ഞുകൂടുന്ന കിഴവൻ സിൽഹ്! കൈയിൽ എപ്പോഴും രണ്ടു ശീലക്കുടകൾകൊണ്ടു നടക്കുന്ന, കരയുന്ന മുഖഭാവമുള്ള സിൽഹ്! (പെട്ടെന്നു മഴയത്തു പെട്ടുപോകുന്ന പരിചയക്കാർക്കു നല്കി സഹായിക്കാനാണ്, കൈയിലെ എക്സ്ട്രാ കുട.) സിൽഹ് പണ്ട് ഒരു

പണക്കാരനായിരുന്നു. പൈതൃകമായി ലഭിച്ച പണം ചോദിക്കുന്നവർക്കെല്ലാം കടം കൊടുത്തും, വിഷമം നടിക്കുന്ന സുഹൃത്തുക്കളെ സഹായിച്ചും ഒടുവിൽ സിൽഹ് ഈ നിലയിലെത്തി—'നോ' എന്നു വെട്ടിത്തുറന്നു പറയാനുള്ള മനക്കരുത്തിന്റെ തത്ത്വം മനസ്സിലാക്കിയപ്പോഴേക്കും അതിന്റെ ആവശ്യമില്ലാതെ സിൽഹ് പാപ്പരായിക്കഴിഞ്ഞിരുന്നു.

ആ മനക്കരുത്താണ് തന്നെ രക്ഷിച്ചത്.

എൽമർഹോട്ടലിലെ ആ കെണിവാതിൽക്കുട്ടിനടുക്കൽവെച്ച്, ആ മുഹൂർത്തത്തിൽ മനസ്സിനെ അങ്ങനെ നിയന്ത്രിച്ചിരുന്നില്ലെങ്കിൽ ജീവിതം മറ്റൊരു പാതയിലേക്കു വഴുതിപ്പോകുമായിരുന്നില്ലേ?

ഓർത്തുനോക്കി: കേരളം വിട്ടിട്ട് മാസങ്ങൾ പതിന്നാലു കഴിഞ്ഞിരിക്കുന്നു.......

രാത്രിയുടെ അന്ത്യയാമത്തിൽ—നേരിയ ഇരുളും കുളിരും മൂടൽമഞ്ഞും ഉറഞ്ഞുകൂടിയ അന്തരീക്ഷത്തിൽ കൈത്തോട്ടുവക്കിലെ തേക്കു യന്ത്രത്തിന്റെ താളാത്മകനൃത്തം...വിശാലമായ വയലിനു പിറകിലെ വലിയ കവുങ്ങിൻതോപ്പിൽ പുലരിപ്പൊൻവെയിൽ പരന്നു വീശുമ്പോൾ ഏതോ ആയിരംകാൽമണ്ഡപക്ഷേത്രത്തിൽ പെട്ടെന്നു വിളക്കുകൊളുത്തിയപോലുള്ള ആ ദർശനം...കുരോട്ടുമേഞ്ഞ പഴയ ഭഗവതിക്കാവും, കരിഞ്ഞ തുളസിച്ചെടിയുടെ കോലത്തിലുള്ള കൽവിളക്കും, നൂറ്റാണ്ടുകളുടെ മർമ്മരം പൊഴിക്കുന്ന അരയാലും, ഇടിഞ്ഞുപൊളിഞ്ഞ ആൽത്തറയും, ആൽത്തറയിൽ ഭാണ്ഡവും തലയ്ക്കുവെച്ചു കിടന്നുറങ്ങുന്ന കാഷായവസ്ത്രക്കാരനും, തൊട്ടടുത്ത പുൽക്കണ്ടത്തിൽ വാലാട്ടിമേയുന്ന പുള്ളിപ്പയ്യും, ഇലകൾ കൊഴിഞ്ഞ പൂളമരക്കൊമ്പത്തു വിശ്രമിക്കുന്ന ചക്കിപ്പരുന്തും ചേർന്ന കുഗ്രാമമൂലയിലെ മദ്ധ്യാഹ്നരംഗം....അമ്പലക്കുളത്തിൽനിന്നു കുളിച്ചുകേറി ഈറൻ വാർകുന്തൽ പിറകിൽ പരത്തിയിട്ട് കാട്ടുകുങ്കുമപ്പൂക്കൾ ചിതറിക്കിടക്കുന്ന ഊടുപാതയിലൂടെ നടന്നുപോകുന്ന അല്പാംശുകയായ നാടൻ പെൺകിടാവ്...തെങ്ങിൻതോപ്പിലെ പീലിത്തിരുമുടികൾക്കിടയിലൂടെ ദർശനം തരുന്ന സിന്ദൂരസന്ധ്യാംബരം.....മുളങ്കൂട്ടങ്ങളുടെ മറവിലൂടെ മെല്ലെ പൊന്തിവരുന്ന തിരുവാതിരപ്പൂന്തിങ്കൾ....ബാല്യകാലംമുതൽക്കേ അന്തരംഗത്തിൽ പതിഞ്ഞുകിടക്കുന്ന ഈ കേരളീയചിത്രങ്ങളെ, ജങ്ഫ്രാ ഹിമശൃംഗത്തിനു മറയ്ക്കാൻ കഴിയുമോ? ആർനദിയിൽ ഒഴുക്കിക്കളയാൻ കഴിയുമോ?.... ബ്രയൻസ് സരസ്സിൽ മുക്കിക്കളയാൻ കഴിയുമോ?....

(ട്രെയിൻ ട്ടുണിൽനിന്ന് സ്വിസ്സ് തലസ്ഥാനമായ ബേണിലേക്കു കുതിക്കുകയാണ്.......)

ആറുമാസക്കാലം നീണ്ടുനിന്ന ആദ്യത്തെ ഭാരതപര്യടനം കഴിഞ്ഞു നാട്ടിലേക്കു മടങ്ങുമ്പോൾ, കേരളത്തിന്റെ അതിർത്തിയിലെ വലിയ സ്റ്റേഷനിലെ പ്ലാറ്റ്ഫോറത്തിൽനിന്ന് ഒരു വിളി കേട്ടു. 'വെള്ളം വെള്ളം—' ഉള്ളം കുളിർത്തുപോയി—(ദ്രാവിഡഭാഷാപദങ്ങളിൽ മലയാളത്തിന്റെ മാത്രം ശുദ്ധസമ്പത്താണ്, വെള്ളം.) ദാഹമില്ലായിരുന്നുവെങ്കിലും വെള്ളംവാങ്ങി കുടിച്ചു. മലയാളമണ്ണിലെ പച്ചവെള്ളത്തിന്റെ മാധുര്യം!

(ട്രെയിൻ ബേണിൽനിന്ന് മോന്ത്രൂസ്റ്റേഷനിലെത്തി........ (മോന്ത്രൂവിൽ എവിടെയോ ഒരു കലിനറി കോളേജുണ്ട്) പിന്നെ തടാകക്കരയിലൂടെ ജനീവയുടെ നേർക്കു

കുതിക്കുകയാണ്, ശ്രീധരൻ എന്ന പ്രേമഘാതകനെയും വഹിച്ചുകൊണ്ട്.)

യൂറോപ്യൻ പര്യടനം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയിട്ട് ഒരു വർഷത്തിലേറെയായി. ഒരുദിവസം തപ്പാൽ വന്നപ്പോൾ, കൂട്ടത്തിൽ, ഹെൽവേഷ്യ (സ്വിസ്സ്) തപ്പാൽമുദ്ര പതിച്ച ഒരു നീല ലക്കോട്ടു കിടക്കുന്നതു കണ്ടു. കത്തിലെ അഡ്രസ്സ് കണ്ടപ്പോൾ അദ്ഭുതം തോന്നി. മൂന്നുവരി!

മിസ്റ്റർ ശ്രീധരൻ,
(ഗ്രാമത്തപ്പാലാപ്പീസിന്റെ പേര്)
ഇന്ത്യ.
കവർ പൊളിച്ചു.
തടിച്ച വെള്ളക്കത്തുകടലാസിൽ ഒരു വരി:

Still Remembering You. —Emma.
(ഇപ്പോഴും ഓർത്തുകൊണ്ടിരിക്കുന്ന —എമ്മ.)

മറുപടി അയച്ചില്ല.
ഈ ഇന്ത്യൻയുവാവിനെ പ്രേമഘാതകനായിത്തന്നെ എന്നും ഓർത്താൽ മതി.

പിന്നെയും ഒരു വർഷം കഴിഞ്ഞു.
ജീവിതത്തിൽ, സൗമ്യവും ശുദ്ധവുമായ പുതിയൊരദ്ധ്യായത്തിന്റെ — വിവാഹത്തിന്റെ — ഫ്രഞ്ചുമാഹിയിൽ, ശ്രീകൃഷ്ണക്ഷേത്രത്തിനടുത്ത്, ഭാവിവരനെ സ്വപ്നംകണ്ടുകൊണ്ടു കഴിഞ്ഞിരുന്ന, കരിനീലത്തലമുടിയും കറുത്തുവിരിഞ്ഞ മിഴികളുമുള്ള അപരിചിതയായ ആ മലയാളിപ്പെൺകിടാവിനെ വധുവായി സ്വീകരിക്കുന്ന പുണ്യദിനത്തിന്റെ — തലേന്നാൾ രാത്രി, മേലിൽ ജീവിതത്തിൽ ആവശ്യമില്ലാത്ത പല കത്തുകളും (കവിതകളും) നശിപ്പിക്കാൻ എടുത്തുവെച്ചകൂട്ടത്തിൽ ഹെൽവേഷ്യയിൽനിന്നുള്ള ആ ഒറ്റവരിക്കത്തും ഉണ്ടായിരുന്നു. എടുത്തു തീയിലിട്ടു.

തടിച്ച വെള്ളക്കടലാസ് ആളിക്കത്തിയപ്പോൾ, തീജ്ജ്വാലത്തലമുടിയെ അവസാനമായി ഒരു നോക്കു കണ്ടു.......

ജീവിതം വിചിത്രമായൊരു തെരുവീഥിയാണ്. ഒത്തുചേരലുകളെക്കാൾ ഒഴിഞ്ഞുകൊടുക്കലുകളുടെയും അകന്നുമാറലുകളുടെയും തെറ്റിപ്പിരിയലുകളുടെയും തിക്കും തിരക്കുമാണ് ആ തെരുവിൽ നടക്കുന്നത്....

“ശീദരങ്കുട്ടി എണീറ്റു പോയോ?” വേലുമൂപ്പരുടെ ചോദ്യം ശ്രീധരനെ ഉണർത്തി.

“ഞാൻ ഇവിടെത്തന്നെ ഉണ്ട്.” മിഴികൾ പിടപ്പിച്ചുകൊണ്ട് ശ്രീധരൻ മറുപടി പറഞ്ഞു.

“മോനേ, എന്റെ കണ്ണൊന്നു മാളിപ്പോയി —എനിക്ക് ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് ഒരൊറക്കോണ്ട്.............”

വേലുമൂപ്പര് കസേരയിലിരുന്നു മയങ്ങുകയായിരുന്നു, ശ്രീധരൻ യൂറോപ്പിൽ

സഞ്ചരിക്കുമ്പോൾ.

"വേലുമൂപ്പർ അകത്തുപോയി കിടന്നുറങ്ങിക്കോളൂ, നേരം മൂന്നുമണിയായി. ഇനി ഞാനും പോട്ടെ."

ശ്രീധരൻ വാച്ചിൽ നോക്കിക്കൊണ്ടു പറഞ്ഞു.

# മർമ്മരങ്ങൾ X

ഇനി വേലുമൂപ്പരോടു വിടവാങ്ങണം.

ഈ വീട്ടിൽനിന്നു രുചിയും വെടിപ്പുമുള്ള ആഹാരം വയറുനിറയെ കഴിച്ചു. വേലുമൂപ്പരുടെ മുഖത്തുനിന്നു കരൾനിറയെ കഥകളും കിട്ടി. എത്ര വിലകൊടുത്താലും വേറൊരിടത്തുനിന്നും ലഭിക്കാവുന്നതല്ല ഈ വിഭവങ്ങൾ.

വേലുമൂപ്പർക്ക് എന്തെങ്കിലും സമ്മാനിക്കാതെ ഇവിടുന്നു മുട്ടുംതട്ടി എണീറ്റുപോകുന്നത് ഉചിതമല്ലെന്നു തോന്നി. പണം കൊടുത്താൽ കിഴവൻ സ്വീകരിക്കുമോ? ഉണ്ട് ചോറിനു വലിവാങ്ങുന്നതു ചേപ്രയാണെന്നു വിചാരിക്കുന്നവരാണ് ഇക്കൂട്ടർ. 'പനമൂട്ടിൽതറവാട് വല്യ തറവാടൊന്നും അല്ല — അത് എരപ്പായിട്ടും ല്യ — പയിച്ചു കേറിവരുന്നോർക്ക് ഒരു പിടി വറ്റു കൊടുക്കാൻ പടച്ചോനെത്തിച്ചിട്ട് ഇന്നേവരെ ഇവിടെ കൊഴങ്ങീട്ടില്യ —' എന്നു സംഭാഷണങ്ങൾക്കിടയിൽ ഒരിക്കൽ വേലുമൂപ്പർ അർത്ഥഗർഭമായി പറഞ്ഞതും അനുസ്മരിച്ചു.

ഊണിനു മോർ പകർന്നുവെച്ച പഴയ ചീനപ്പിഞ്ഞാണക്കുടത്തിൽ ശ്രീധരന്റെ കൊതി കുടുങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ആ ചൈനീസ് ആന്റിക്കിന്റെ അമൂല്യത വീട്ടുകാർക്ക് അറിഞ്ഞുകൂടാ — പറഞ്ഞുകൊടുത്താലും മനസ്സിലാവുകയില്ല. നാളെയോ മറ്റന്നാളോ ആ കലാവസ്തു വീണുടഞ്ഞാൽ കുപ്പയിലേക്കു വലിച്ചെറിഞ്ഞുകളയും. അതിന്റെ ഉടഞ്ഞ കഷണങ്ങൾക്കുപോലും വില കിട്ടുമെന്ന വസ്തുത ഇവിടെയുള്ളവർക്കു വിവരമില്ല. ദൽഹിയിലോ ബോംബെയിലോ ആന്റിക്ക് ക്യൂരിയോഷാപ്പിൽ ഇതു ചെന്നു ചേർന്നാൽ, എന്തു വിലകൊടുത്തും വാങ്ങാൻ അമേരിക്കൻ സന്ദർശകർ തയ്യാറായിരിക്കും. എന്നാൽ അങ്ങനെ വിറ്റു കാശുണ്ടാക്കാനല്ല തന്റെ ഉദ്ദേശ്യം; സ്വന്തമാക്കാനാണ്. ആഫ്രിക്കയിൽ നിന്നും ഈജിപ്തിൽനിന്നും ഇറ്റലി, സ്വിറ്റ്സർലണ്ട് തുടങ്ങിയ യൂറോപ്യൻരാജ്യങ്ങളിൽനിന്നും താൻ ശേഖരിച്ച കൗതുകവസ്തുക്കളുടെ കൂട്ടത്തിൽ ഈ ചൈനീസ് വാസിനു പ്രഥമസ്ഥാനം ലഭിക്കും........

ശ്രീധരൻ പ്ലപായിൽനിന്ന് എഴുന്നേറ്റു.

കിഴവൻ മുതു കുനിച്ചു കണ്ണും ചിമ്മി വീണ്ടും ഉറക്കംതൂങ്ങുകയാണ്.

ശ്രീധരൻ ഒന്നു ചുമച്ച് ഒച്ചയനക്കി: "വേലുമൂപ്പരോട് ഒന്നു ചോദിച്ചോട്ടെ?"

കിഴവൻ കണ്ണുകൾ മിഴിച്ച്, കഴുത്തുപൊക്കി: "എന്താ മോനേ?.....".

"ഇവിടെയുള്ള ആ മോർപ്പിഞ്ഞാണക്കുടം എനിക്കു തരേ്വാ?"

കിഴവൻ ആലോചിച്ചുനോക്കി — പിന്നെ പതുക്കെ ചിരിച്ചു:

"ആ പഴേ പാത്രം നെനക്കു വേണങ്കില് നിയ്യ് എടുത്തോ......."

"വെറുതേ വേണ്ട — വില തരാം......" ശ്രീധരൻ സങ്കോചത്തോടെ സമർത്ഥിച്ചു.

"വെലേം കിലേം ഒന്നും വേണ്ട കുട്ടീ — നെനക്ക് അതിനോട് ഒര്ഷ്ക്ക് തോന്നീട്ടുണ്ടെങ്കില് എടുത്തുകൊണ്ടുപൊയ്ക്കോ — സന്തോഷം......."

"അതല്ല ഞാൻ പറയുന്നത്......." പിന്നെ എന്തു പറയണമെന്നു നിശ്ചയമില്ലാതെ

ശ്രീധരൻ പരുങ്ങി.

"ആ ചീനപ്പാത്രം ആരും കാണാതെ ഇവിടുത്തെ അടുക്കളയിൽ കിടന്നതുകൊണ്ടാണ് — ആവശ്യക്കാരുടെ കണ്ണിൽ പെട്ടിരുന്നുവെങ്കിൽ അവർ എന്തു വിലകൊടുത്തും വാങ്ങിക്കൊണ്ടു പോകുമായിരുന്നു........"

"ആ പാത്രത്തിനെന്താണ് അത്രയ്ക്കൊരതിർപ്പ്?"

ചൈനീസ് ആന്ററിക്കിന്റെ അമൂല്യസ്വഭാവം വേലുമൂപ്പരെ പറഞ്ഞു മനസ്സിലാക്കുന്നതെങ്ങനെ?

"ഇത്, ദൽഹിയിലോ ബോംബെയിലോ എത്തിച്ചാൽ, അമേരിക്കൻ സായിപ്പുമാരുടെ കണ്ണിൽ പെട്ടാൽ, അവർ നല്ല വിലകൊടുത്തു വാങ്ങിക്കൊണ്ടുപോകും. അമ്മാതിരി പാത്രങ്ങൾ ഇപ്പോൾ കിട്ടുകയില്ല. അതു കൊണ്ടുതന്നെ......"

വേലുമൂപ്പർ നല്ലൊരു ഫലിതം കേട്ടപോലെ ചിരിച്ചു:

"നെനക്കത് ഗോസായിമാരുടെ നാട്ടില് കൊണ്ടുപോയി വിറ്റു പൈസ ആക്കാൻ കഴിയേങ്കില്, നെന്റെ സാമർത്ഥ്യംപോലെ നിയ്യ് ചെയ്തോ — എനിക്കൊന്നും തരണ്ട.....ഞാൻ പറഞ്ഞില്ലേ...... എന്റെ മോൻ ദാമോദരൻ അതു പണ്ട് ഒരു മാപ്പേലനോട് ഒരുറുപ്യയ്ക്ക് കച്ചോടാക്യതാണ്. ബാങ്കിലെ സായിവിന് ക്രിസ്സ്മസ്സിന് കാഴ്ചവെക്കാൻ കരുതിവെച്ചതായിരുന്നു. അപ്പോളാണ് ഓൻ സൈക്കിളുമുട്ടി മരിച്ചത്— പിന്നെ ആ പിഞ്ഞാണക്കുടുക്ക പത്തായത്തിന്റെ മൂലേല് കെടക്കായിരുന്നു— മൂന്നാലുമാസം മുമ്പാണ് മാണിക്യം അതു പൊറത്തെടുത്തത്......."

വേലുമൂപ്പർ അകത്തേക്കു മുഖം തിരിച്ചു വിളിച്ചു: "മോളേ......."

"എന്താ അച്ഛാ—" മാണിക്യം വിളികേട്ടു.

"ആ നാഗത്തലേള്ള ചീനക്കോപ്പ കഴുകിത്തുടച്ച് ഇങ്ങോട്ടെടുത്തോ."

"എന്തിനാണച്ഛാ?"

"നമ്മളെ ശ്രീദരങ്കുട്ടിക്ക് ആ ചീനക്കോപ്പെന്റെ മോളില് ഒര് കണ്ണ് — ഓൻ കൊണ്ടോയിക്കോട്ടെ....."

(അകത്തുനിന്നു ചിരി — പെണ്ണുങ്ങളുടെ അടക്കിപ്പിടിച്ച പരിഹാസച്ചിരി.)

പിഞ്ഞാണക്കുടം കഴുകിത്തുടച്ച് കോലായിലെ പ്ലപായിൽ — നരിയുടെ വായിൽത്തന്നെ—കൊണ്ടുവന്നുവെച്ചു. ചക്കച്ചകിണിത്തലച്ചി, മാണിക്യം.

ഇന്ത്യൻകടുവയുടെ വായിൽ ചൈനീസ് ഡ്രാഗൺ! — നല്ലൊരു കാഴ്ച.

വേലുമൂപ്പർ കോട്ടുവായിടുന്നു.

"വേലുമൂപ്പർ കൈയൊന്നിങ്ങോട്ടു കാണിക്കണം."

"എന്തിനാണു മോനേ, എന്തെങ്കിലും തരാനാണോ?" വേലുമൂപ്പർ കൈയനക്കാതെ ചോദിച്ചു.

"എന്നെ ഇപ്പോൾ ഒരു പഴേ സാമാനക്കച്ചവടക്കാരനായി കരുതിയാൽ മതി—" ശ്രീധരൻ ആദരവോടെ അറിയിച്ചു. "ഈ പാത്രത്തിന്നു ചെറിയൊരു വില വേലുമൂപ്പർ എന്റെ കൈയിൽനിന്നു സ്വീകരിക്കണം — അല്ലെങ്കിൽ എനിക്ക് ഇതുവേണ്ട....."

വേലുമൂപ്പർ കുറച്ചുനേരം ആലോചിച്ചു.

"നിയ്യിങ്ങനെ നിർബ്ബന്ധം പിടിച്ച് പറയാണെങ്കില് ഒരുറുപ്യ തന്നേക്ക്....."

“ഒരുറുപ്പിക — അല്ലെങ്കിൽ രണ്ടുറുപ്പിക —എത്രയായാലും ഞാൻ മനസ്സറിഞ്ഞു തരുന്നതു വേലുമൂപ്പർ സ്വീകരിക്കണം.......”

വേലുമൂപ്പർ കൈനീട്ടി.

ശ്രീധരൻ പേഴ്സ് തുറന്ന്, നൂറുറുപ്പികയുടെ പുതിയ ചെറിയ ഒറ്റനോട്ടെടുത്ത്, നാലാക്കി മടക്കി വേലുമൂപ്പരുടെ കൈയിൽ സമർപ്പിച്ചു.

(കിട്ടിയതു പത്തിന്റെ നോട്ടാണെന്നു കിഴവൻ കരുതിയിട്ടുണ്ടാവണം!)

വേലുമൂപ്പർ നോട്ടു മടിയിൽ തിരുകിവെച്ചു.

“ഒരു കഷണം പഴേ കടലാസ് തരേ്വാ? — ഈ പാത്രം ഒന്നു പൊതിയാൻ...”

“മോളേ!.....” വേലുമൂപ്പർ വിളിച്ചു: “ഒര് കണ്ടം കടലാസ് കൊണ്ടക്കൊടുക്ക് — പിഞ്ഞാണക്കുടുക്ക പൊതിയാൻ....”

മാണിക്യം അടുക്കളയിൽ തിരഞ്ഞു കിട്ടിയ ഒരുകഷണം ന്യൂസ്പേപ്പർ എടുത്തുകൊണ്ടുവന്നു. പീടികയിൽ നിന്ന് ഉപ്പോ മുളകോ മറ്റോ പൊതിഞ്ഞു കെട്ടികൊണ്ടുവന്ന കടലാസ്സാണ്—രണ്ടുമാസം പഴക്കംചെന്ന ഒരു മലയാള ദിനപ്പത്രം. പത്രത്തിൽ വെറുതെയൊന്നു കണ്ണോടിച്ചപ്പോൾ ഒരു മൂലയിൽ തന്റെ പേർ കിടക്കുന്നതു കണ്ടു. പാർലമെന്റിലെ ചോദേ്യാത്തരങ്ങൾ! ശ്രീധരൻ എം. പി. ലോകസഭയിൽ ചോദിച്ച ഒരു ചോദ്യം:

“കേരളത്തിൽനിന്ന് അമേരിക്കയിലേക്കു കയറ്റിയയച്ച തവളക്കാലുകളുടെ എണ്ണം എത്ര?”

“അവയ്ക്ക് എത്ര ഡോളർ വില കിട്ടി?”

(ബന്ധപ്പെട്ട മന്ത്രിയുടെ മറുപടിയും.)

തവളക്കയറ്റുമതിയെപ്പറ്റി ശ്രീധരൻ പാർലമെന്റിൽ ചോദിച്ച ചോദ്യത്തിന്റെ പേ്രരണ പഴയ അതിരാണിപ്പാടം സ്മരണകളായിരുന്നു. ചെറുപ്പത്തിൽ കന്നിപ്പറമ്പിൽ മഴക്കാലങ്ങളിലെ രാത്രികളിൽ, തോടുകളിൽ നടക്കുന്ന തവളകളുടെ പാട്ടുകച്ചേരികൾ ഉറക്കിന് എന്തൊരുന്മേഷമാണ് ഒരുക്കിക്കൊടുത്തിരുന്നത്! കാലം വരുത്തിയ മാറ്റങ്ങൾ! ആ ഭേകഭാഗവതർമാർ ഐസുകുപ്പായമിട്ട് അമേരിക്കയിലേക്കു കപ്പൽകയറി ഡോളറുകളായി മാറി തിരിച്ചുവരുന്നു!

“ഇനി ഞാൻ പോയിവരട്ടെ” ശ്രീധരൻ യാത്രചോദിച്ചു.

“മോനേ, ഇനി നിന്നെ എപ്പളാണ് കാണ്ആ?—” വേലുമൂപ്പർ ശ്രീധരന്റെ കൈപിടിച്ചു മറ്റേ കൈകൊണ്ടു ശ്രീധരന്റെ പുറത്തു തലോടിക്കൊണ്ട് തെല്ലൊരു തൊണ്ടയിടർച്ചയോടെ മൊഴിഞ്ഞു: “ഞാൻ അങ്ങു ലോകത്തേക്ക് ശീട്ടും വാങ്ങി കാത്തിരിക്യാണ്.......”

ശ്രീധരനും സ്വല്പം വികാരാധീനനായി.

താൻ ഇനി വരുമ്പോൾ ഒരുപക്ഷേ, കോലായിലെ ഈ കസേര (അടുത്തുള്ള തൊട്ടിലും) ഇവിടെ കണ്ടില്ലെന്നുവരാം — അത് ഓർത്തപ്പോൾ സങ്കടം തോന്നി.

“വേലുമൂപ്പർ ഇനിയും വളരെക്കാലം ആരോഗ്യത്തോടെ ജീവിക്കും...... ഞാൻ വന്നു കാണും.....” ശ്രീധരൻ വികാരം ഒതുക്കിക്കൊണ്ട് ആദരവോടെ ആശംസയരുളി.

“എന്റെ മോൻ നന്നായിവരട്ടെ” വേലുമൂപ്പർ ശ്രീധരന്റെ മൂർദ്ധാവിൽ കൈവെച്ച്

അനുഗ്രഹിച്ചു.

ചൈനീസ് ക്യൂറിയോവാസ്, ന്യൂസ്പേപ്പറിൽ പൊതിഞ്ഞു കക്ഷത്തിൽ വെച്ച്, കന്മതിലുകളും മരവേലികളും ചീനവേലികളും മറപിടിച്ചുനില്ക്കുന്ന പുരയിടങ്ങൾക്കരികിലെ ഇടുങ്ങിയ നടപ്പാതകളിലൂടെ, ചുറ്റിവളഞ്ഞു റോഡിനുനേർക്കു നീങ്ങി.

ഒരു പറമ്പിൻമൂലയിൽ പുതിയൊരുജാതി പന്നച്ചെടി വളർന്നു മൂടിക്കിടക്കുന്നതു കണ്ടു — നാട്ടുകാർ 'കമ്മ്യൂണിസ്റ്റ് അപ്പ' എന്നു നാമകരണം ചെയ്ത കാട്ടുചെടിയാണ്. പച്ചനിറമുള്ള ഇലകളും പല്ലിമുട്ടപോലുള്ള വെളുത്ത ചെറിയ കായ്കളുമുള്ള ഈ ചെടിക്ക് ഒരു ചോപ്പൻപേരു നല്കിയതിന്റെ കാരണം, അത് ഏതു രാജ്യത്തെ മണ്ണിലും, എത്ര വരണ്ട കാലാവസ്ഥയിലും, അരണ്ട ചുറ്റുപാടിലും വേരൂന്നി സംഘംചേർന്നു വളർന്നു സ്ഥലം പിടിച്ചെടുക്കുമെന്നതാണ്.

മിസ്റ്റർ ശീമക്കൊന്നപോലെതന്നെ ഈ സഖാവ് അപ്പയും അതിരാണിപ്പാടത്തു വിദേശീയനായ വരുത്തനാണ്.

റോഡിലെത്തിച്ചേർന്നു.

ധാന്യം പൊടിക്കുന്ന മില്ലുകളും, മോട്ടോർ വർക്ക്ഷാപ്പുകളും മറ്റും ശബ്ദിക്കുന്ന റോഡരികിൽ പുതിയൊരു റസ്റ്റാറന്റ്—ചുവന്ന കുപ്പിയുടെ കൂറ്റൻ ചിത്രത്തോടുകൂടിയ വലിയൊരു അലൂമിനിയം ബോർഡ് റസ്റ്റാറന്റിന്റെ വാതില്ക്കൽ കുത്തിനിർത്തിയിട്ടുണ്ട്. കൊക്കൊക്കോലാ പാനീയത്തിന്റെ പരസ്യം!

പണ്ട് കുതിരബിരിയാണി ബയിക്കാറുണ്ടായിരുന്ന ഭാരതമാതാ ഈ പരിസരത്തിലെവിടെയോ ആയിരുന്നുവെന്നു തോന്നുന്നു. ഭാരതമാതായും പോയി. കുതിരബിരിയാണിയും പോയി—ഇപ്പോൾ ടാഷ്കെന്റും, പേർഷ്യൻ പുലാവും കൊക്കൊക്കോലയും മറ്റുമാണ്.

കൊക്കൊക്കോല പഴയ അതിരാണിപ്പാടത്ത് അവതരിച്ചതിൽ അദ്ഭുതം തോന്നിയില്ല. ഈജിപ്തിലെ മഞ്ഞമരുഭൂവിന്റെ മൂലയിൽ ഒറ്റപ്പെട്ടുനില്ക്കുന്ന കൂറ്റൻ സ്ഫിങ്ക്സ് പ്രതിമയുടെ മുമ്പിൽ — ഒരു ചെടിയോ പുൽക്കൊടിയോ പൊടിക്കാത്ത വരണ്ട മണൽപ്പരപ്പിൽ — ദാഹാർത്തരായ സന്ദർശകരെ മോഹവലയത്തിലേക്കു മാടിവിളിച്ചുകൊണ്ട് ഒരുക്കൻ ബോർഡ് പതിനാറു വർഷം മുമ്പു കണ്ടത് ആ സ്ഫിങ്ക്സ് പ്രതിമയോടൊപ്പം ഇപ്പോഴും ഓർമ്മയിൽ പതിഞ്ഞുകിടപ്പുണ്ട്. ഇതേ പരസ്യം.

ടൈറ്റ് പാന്റ്സും, ഇരുണ്ട എട്ടുകാലിച്ചിത്രങ്ങൾ നിറയെ അച്ചുകുത്തിയ ടെറിലിൻ സ്ലാക്ക് ഷർട്ടും ധരിച്ച്, നെറ്റിക്കുമീതെ ചെറിയൊരു കുരിയാറ്റക്കൂടുമായി ഒരു പയ്യൻ ഏതോ പുതിയ അമേരിക്കൻ റോക്ക് ആൻഡ് റോൾ ട്യൂണിൽ ചൂളംവിളിച്ചു തലയാട്ടിക്കൊണ്ട് എതിരേ വന്നു. (കൊക്കൊക്കോല കുടിക്കാനിറങ്ങിയതായിരിക്കും.) ശ്രീധരനെ കണ്ടപ്പോൾ, പയ്യൻ അവിടെ തങ്ങിനിന്നു. ചൂളംവിളി നിർത്തി, പാന്റിന്റെ പോക്കറ്റിൽ കൈതിരുകി തല ചെരിച്ച് ചുണ്ടുകൾ കോട്ടി ഒരു നോട്ടം — ഹൂ ഈസ് ദിസ് ഗൈ? ഇവനാരെടാ?

ഊറാമ്പുലിക്കുപ്പായക്കാരൻ പയ്യൻ ചോദിച്ചാൽ പറയേണ്ട ഉത്തരം ശ്രീധരൻ മനസ്സിൽ ഒരുക്കിവെച്ചു: അതിരാണിപ്പാടത്തെ പുതിയ തലമുറയുടെ കാവൽക്കാരാ, അതിക്രമിച്ചു കടന്നതു പൊറുക്കൂ—പഴയ കൗതുക വസ്തുക്കൾ തേടിനടക്കുന്ന ഒരു പരദേശിയാണു ഞാൻ.








**എസ്. കെ. പൊറ്റെക്കാട്ടിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച മറ്റു കൃതികൾ**

**നോവൽ**
ഒരു തെരുവിന്റെ കഥ
ഒരു ദേശത്തിന്റെ കഥ
വിഷകന്യക
കുരുമുളക്

**യാത്രാവിവരണം**
പാതിരാസൂര്യന്റെ നാട്ടിൽ
കാപ്പിരികളുടെ നാട്ടിൽ
ബാലിദ്വീപ്
യൂറോപ്പിലൂടെ
ലണ്ടൻ നോട്ട്ബുക്ക്
സിംഹഭൂമി
സഞ്ചാരസാഹിത്യം (രണ്ടു വാല്യം)

**ചെറുകഥ**
എസ്.കെ. പൊറ്റെക്കാട്ടിന്റെ കഥകൾ
'ഒട്ടക'വും മറ്റ് പ്രധാന കഥകളും
പൊറ്റെക്കാട്ടിന്റെ കഥകൾ
എസ്.കെ. പൊറ്റെക്കാട്ടിന്റെ
കഥകൾ സമ്പൂർണ്ണം (2 വാല്യം)

ഏറ്റവും
പുതിയ സാംസ്കാരിക
വാർത്തകൾക്ക്
www.dcbooks.com

പുസ്തകശാല
നിങ്ങളുടെ വിരൽത്തുമ്പിൽ
www.onlinestore.dcbooks.com

പുസ്തകവാർത്തകൾ
നിങ്ങളെ തേടിവരും
ലൈക്ക് ചെയ്യൂ
/dcbooks

എപ്പോഴും നിങ്ങളോടൊപ്പം
9846133336
customercare@dcbooks.com
www.support.dcbooks.com

# ഒരു ദേശത്തിന്റെ കഥ

## എസ്. കെ. പൊറ്റെക്കാട്ട്

അതിരാണിപ്പാടം-സത്യവും ധർമ്മവും ജീവിതശാസ്ത്രമാക്കിയ കൃഷ്ണൻമാസ്റ്റർ, തലമുറകളായി ഐശ്വര്യത്തിലും പ്രതാപത്തിലും വർത്തിച്ച കേളഞ്ചേരി തറവാടിനെ നശിപ്പിക്കുകയും സ്വയം നശിക്കുകയും ചെയ്ത കുഞ്ഞിക്കേളുമേലാൻ, കോരൻ ബട്ട്ളർ, കുളൂസ് പറങ്ങോടൻ, പെരിക്കാലൻ അയ്യപ്പൻ, ആധാരം ആണ്ടി, ശകുനിക്കമ്പൗണ്ടർ, മീശക്കണാരൻ, കൂനൻവേലു, ഞണ്ടുഗോവിന്ദൻ, തടിച്ചി കുങ്കിച്ചിയമ്മ, വെള്ളക്കൂറ കുഞ്ഞിരാമൻ, കുടക്കാൽ ബാലൻ-ഇവരെല്ലാം അതിരാണിപ്പാടത്തെ വെള്ളവും വളവുമുൾക്കൊണ്ട്, ആ അന്തരീക്ഷത്തിന്റെ ഇരുട്ടും വെളിച്ചവുമേറ്റ് വളർന്ന മനുഷ്യരാണ്. ശ്രീധരനും അവരിലൊരാൾതന്നെ. ഒരു ദേശത്തിന്റെയും അവിടെ ജീവിച്ച തലമുറയുടെയും ഹൃദയത്തുടിപ്പുകൾ പൊറ്റെക്കാട്ടിന്റെ ആത്മകഥാപരമായ ഈ നോവലിൽ വശ്യസുന്ദരമായി ഇതൾ വിരിഞ്ഞു നിൽക്കുന്നു.

**ജ്ഞാനപീഠപുരസ്കാരവും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ച കൃതി**

കവർ ഡിസൈൻ: **റെജി ഹരിപ്പാട്**

ഡിസി ബുക്സ്

www.dcbooks.com

നോവൽ